# പൗലൊസ് എഴുതിയ
# സുവിശേഷം:
# റോമാലേഖനം

**ബോബ് ഉട്ട്ലി**
ഹെർമന്യൂട്ടിക്സ് പ്രൊഫസർ
(വേദപുസ്തക വ്യാഖ്യാനം)

*സ്റ്റഡി ഗൈഡ് കമന്ററി സീരീസ്*
*പുതിയ നിയമം, വാല്യം 5*

# ഉള്ളടക്കം


കമന്ററിയിൽ ഉപയോഗിച്ചിരിക്കുന്ന ചുരുക്കെഴുത്തുകൾ ..................... 7

ഗ്രന്ഥകാരനിൽ നിന്ന് ഒരു വാക്ക്: ഈ കമന്ററി എങ്ങനെ നിങ്ങളെ സഹായിക്കും? ..................... 9

ഉത്തമ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗദർശി: തെളിയിക്കപ്പെടാവുന്ന

സത്യത്തിനുവേണ്ടിയുള്ള ഒരു വ്യക്തിപരമായ അന്വേഷണം ..................... 11

വ്യാഖ്യാനം

റോമാ ലേഖനത്തിന് ഒരു ആമുഖം ..................... 19

റോമർ 1 .....................24

റോമർ 2 .....................63

റോമർ 3 ..................... 79

റോമർ 4 .....................99

റോമർ 5 .....................112

റോമർ 6 ..................... 131

റോമർ 7 .....................143

റോമർ 8 .....................157

റോമർ 9 ..................... 186

റോമർ 10 .....................212

റോമർ 11 .....................224

റോമർ 12 ..................... 237

റോമർ 13 .....................254

റോമർ 14 ..................... 273

റോമർ 15 .....................286

റോമർ 16 ..................... 301

അനുബന്ധം ഒന്ന്: ഗ്രീക്ക് വ്യാകരണ പദങ്ങളുടെ ഹ്രസ്വ നിർവചനം ..................... 316

അനുബന്ധം രണ്ട്: പാഠ നിരൂപണം (Textual Criticism) ..................... 325

അനുബന്ധം മൂന്ന്: പദസൂചിക ..................... 329

അനുബന്ധം നാല്: വിശ്വാസ പ്രമാണ പ്രഖ്യാപനം ..................... 338

# റോമാലേഖനത്തിലെ
# പ്രത്യേക പഠനവിഷയങ്ങളുടെ ഉള്ളടക്കം


ദൈവപുത്രൻ, 1:1 ... 26

ആദിമസഭയുടെ *കെറിഗ്മാ*, 1:2 ... 27

അയയ്ക്കുക (*അപ്പോസ്റ്റെല്ലോ - αποστελλω*), 1:2 ... 29

വിശുദ്ധന്മാർ, 1:3 ... 30

ദൈവത്തിന്റെ പിതൃത്വം, 1:4 ... 31

ദൈവിക നാമങ്ങൾ, 1:4 ... 32

മശിഹാ, 1:4 ... 35

ജഡം (*സാർക്സ് - σαρξ*), 1:5 ... 36

ബോബിന്റെ സുവിശേഷവിഹിത മുൻവിധികൾ, 1:6 ... 38

പഴയനിയമത്തിൽ വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസം, വിശ്വസ്തത, 1:6 ... 39

വിളിക്കപ്പെട്ട, 1:7 ... 43

പുതിയനിയമത്തിൽ “ആത്മാവ്”, 1:10 ... 44

രക്ഷ, 1:16 ... 47

നീതി, 1:17 ... 48

“സത്യം” പൗലൊസിന്റെ എഴുത്തുകളിൽ,1:18 ... 52

ദൈവം മനുഷ്യനെന്ന നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു, 1:18 ... 53

അറിയുക, 1:19 ... 54

നശിപ്പിക്കുക, പാഴാക്കുക, ദുഷിപ്പിക്കുക, 1:22 ... 56

ഹൃദയം, 1:24 ... 57

എന്നേക്കും (ഗ്രീക്ക് പ്രയോഗം), 1:25 ... 58

ആമേൻ, 1:25 ... 58

സ്വവർഗ്ഗരതി, 1:26 ... 59

പുതിയനിയമത്തിലെ ദുർഗുണങ്ങളും സത്ഗുണങ്ങളും, 1:26 ... 60

*ഹൂപെർ”* സംയുക്തത്തിന്റെ ഉപയോഗം പൗലൊസിന്റെ രചനകളിൽ, 1:30 ... 61

മാനസാന്തരം, 2:4 ... 65

വംശീയത, 2:11 ... 69

പ്രശംസിക്കൽ, 2:17 ... 74

പരിശോധനയ്ക്കുള്ള ഗ്രീക്ക് പദങ്ങളും മറ്റ് അർത്ഥസൂചനകളും, 2:18 ... 74

നീക്കം വരിക, അസാധുവാകുക (*കറ്റാർഗെഒ*), 3:3 ... 81

തേജസ്സ്, 3:23 ... 88

ഒരുവന്റെ രക്ഷയെ സംബന്ധിച്ചുള്ള പുതിയ നിയമ തെളിവ്, 3:24 ... 89

മറുവില/വീണ്ടെടുക്കുക, 3:24 ... 89

പൗരസ്ത്യ സാഹിത്യം, 3:27 ... 94

ഏകദൈവ വിശ്വാസം, 3:30 ... 95

വിശ്വാസം, വിശ്വസിക്കുക, അഥവാ ആശ്രയം, 4:5 ... 102

മുദ്ര, 4:11 ..... 105
ഉറപ്പ്, 4:16 ..... 108
സമാധാനം (വിവിധ അർത്ഥങ്ങളിൽ), 5:1 ..... 114
നില്പ് (*ἵστημι*), 5:2 ..... 115
ഉറപ്പ്, 5:3 ..... 116
കഷ്ടത (Tribulation), 5:3 ..... 118
ക്രിസ്തീയ വളർച്ച, 5:4 ..... 119
വിശ്വാസികൾ കഷ്ടതയനുഭവിക്കുന്നതെന്തുകൊണ്ട്?, 5:4 ..... 120
ദൈവരാജ്യത്തിൽ വാഴുക, 5:17 ..... 127
സ്നാനം, 6:3 ..... 134
വിശുദ്ധീകരണം, 6:4 ..... 135
മുദ്ര (*τυπος*), 6:17 ..... 140
ദൈവത്തോടുള്ള പൗലൊസിന്റെ സ്തുതി, പ്രാർത്ഥന, നന്ദികരേറ്റൽ, 7:25 ..... 155
യേശുവും ആത്മാവും, 8:9 ..... 163
ത്രിത്വം, 8:11 ..... 165
വിശ്വാസികളുടെ അവകാശം, 8:17 ..... 169
പ്രകൃതി വിഭവങ്ങൾ, 8:18 ..... 171
പ്രത്യാശ, 8:25 ..... 174
സ്ഥിരോത്സാഹത്തിന്റെ ആവശ്യകത, 8:25 ..... 175
ആത്മാവിന്റെ ആളത്വം, 8:27 ..... 177
ആദ്യജാതൻ, 8:29 ..... 179
തിരഞ്ഞെടുപ്പും/മുൻനിയമ നവും ദൈവശാസ്ത്രപരമായ സന്തുലനത്തിന്റെ ആവശ്യകതയും, 8:33 ..... 181
ആർക്കി (*αρχη*), 8:38 ..... 184
മനസ്സാക്ഷി, 9:1 ..... 189
മധ്യസ്ഥ പ്രാർത്ഥന, 9:3 ..... 190
ശാപം (അനാതെമാ), 9:3 ..... 192
യിസ്രായേൽ (നാമം), 9:4 ..... 193
നിയമം/ഉടമ്പടി, 9:4 ..... 194
ദൈവം മനുഷ്യനെന്ന നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു, 9:13 ..... 198
ആർദ്രസ്നേഹം (ഹേസെദ്), 9:15 ..... 200
ശേഷിപ്പ്: മൂന്ന് അർത്ഥത്തിൽ, 9:27 ..... 204
ദൈവിക നാമങ്ങൾ, 9:29 ..... 205
മൂലക്കല്ല്, 9:33 ..... 209
അറിയുക, 10:2 ..... 214
കീഴ്പ്പെടൽ (*ὑποτασσο*), 10:3 ..... 215
രക്ഷയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു ക്രിയാ കാലങ്ങൾ, 10:4 ..... 216
ഏറ്റുപറച്ചിൽ, 10:9 ..... 218
കർത്താവിന്റെ നാമം, 10:9 ..... 219

പ്രകാശനം, 10:18 ........ 222

പിന്മാറ്റം (*അഫിസ്റ്റീമി - αφιστημι*), 11:21 ........ 231

മർമ്മം, 11:25 ........ 234

വിശുദ്ധം, 12:1 ........ 239

ഇപ്പോഴുള്ള യുഗവും വരുവാനുള്ള യുഗവും, 12:2 ........ 240

ദൈവത്തിന്റെ ഇഷ്ടം (*തെലീമാ - θελημα*), 12:2 ........ 241

പുതുക്കുക, 12:2 ........ 242

പുതിയ നിയമ പ്രവചനം, 12:6 ........ 244

ഔദാര്യം/ആത്മാർത്ഥത (*ἁπλοτες*), 12:8 ........ 247

*കൊയ്നോനിയ* (*κοινονια*), 12:13 ........ 250

അധികാരം (*εξουσια*), 13:1 ........ 256

മാനുഷിക ഭരണകൂടം, 13:1 ........ 257

മോശെയുടെ ന്യായപ്രമാണം സംബന്ധിച്ച് പൗലൊസിന്റെ കാഴ്ചപ്പാട്, 13:8 ........ 262

പുറപ്പാട് 20 ന്റെ കുറിപ്പുകൾ, 13:9 ........ 263

ബലഹീനത, 14:1 ........ 276

വിശ്വാസികൾ അന്യോന്യം വിധിക്കണമോ, 14:13 ........ 280

ദൈവരാജ്യം, 14:17 ........ 282

ആത്മിക വർദ്ധന വരുത്തുക, 15:2 ........ 288

വർദ്ധിച്ചുവരുക (*περισσευω*), 15:13 ........ 292

വിശപ്പ്, 15:26 ........ 297

ബൈബിളിലെ സ്ത്രീകൾ, 16:1 ........ 303

സഭ, 16:1 ........ 305

ആളത്വമുള്ള ദുഷ്ടത, 16:19 ........ 310

നിത്യമായ, 16:25 ........ 314

# കമന്ററിയിൽ ഉപയോഗിച്ചിരിക്കുന്ന ചുരുക്കെഴുത്തുകൾ

| | |
|---|---|
| AB | ആങ്കർ ബൈബിൾ കമന്ററി, എഡി. വില്യം ഫോക്സ്വെൽ ആൽബ്രൈറ്റ് & ഡേവിഡ് നോയൽ ഫ്രീഡ്മാൻ |
| ABD | ആങ്കർ ബൈബിൾ ഡിക്ഷണറി (6 വാല്യങ്ങൾ), എഡി. ഡേവിഡ് നോയൽ ഫ്രീഡ്മാൻ |
| AKOT | അനലെറ്റിക്കൽ കീ ടു ദ ഓൾഡ് ടെസ്റ്റമെന്റ്, ജോൺ ജോസഫ് ഓവെൻസ് |
| ANET | എൻഷ്യന്റ് നീയർ ഈസ്റ്റേൺ ടെക്സ്റ്റ്സ്, ജെയിംസ് ബി. പ്രിറ്റ്ചാർഡ് |
| BAGD | എ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആൻഡ് ഏർളി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ, വാൾട്ടർ ബാവുർ, രണ്ടാം പതിപ്പ് by എഫ്. ഡബ്ല്യു. ഗിൻഗ്രിച്ച് & ഫ്രെഡ്റിക്ക് ഡാങ്കർ |
| BDB | എ ഹീബ്രു ആൻഡ് ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ് by എഫ്. ബ്രൗൺ, എസ്. ആർ. ഡ്രൈവർ & സി. എ. ബ്രിഗ്സ് |
| BHS | ബിബ്ലിയാ ഹെബ്രെയ്ക്കാ സ്റ്റട്ട്ഗാർട്ടെൻസിയാ, GBS, 1997 |
| IDB | ദ ഇന്റർപ്രെട്ടേഴ്സ് ഡിക്ഷണറി ഓഫ് ദ ബൈബിൾ (4 വാല്യങ്ങൾ), എഡി. ജോർജ്ജ് എ. ബട്ട്രിക് |
| ISBE | ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയാ (5 വാല്യങ്ങൾ), എഡി. ജെയിംസ് ഓർ |
| JB | ജെറുസലേം ബൈബിൾ |
| JPSOA | ദ ഹോളി സ്ക്രിപ്ചേഴ്സ് അക്കോർഡിംഗ് ടു ദ മസോറെറ്റിക് ടെക്സ്റ്റ്: എ ന്യൂ ട്രാൻസ്ലേഷൻ (ദ ജ്യൂവിഷ് പബ്ലിക്കേഷൻ സൊസൈറ്റി ഓഫ് അമേരിക്ക) |
| KB | ദ ഹീബ്രു ആൻഡ് അരാമായിക് ലെക്സിക്കൺ ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ് by ലഡ്‌വിഗ് കോഹ് ലർ, വാൾട്ടർ ബോംഗാർട്ട്നർ |
| LAM | ദ ഹോളി ബൈബിൾ ഫ്രം എൻഷ്യന്റ് ഈസ്റ്റേൺ മാനുസ്ക്രിപ്റ്റ്സ് (ദ പെഷീത്താ) by ജോർജ് എം. ലാംസാ |
| LXX | സെപ്റ്റ്വജിന്റ് (Greek-English) by Zondervan, 1970 |
| MOF | എ ന്യൂ ട്രാൻസ്ലേഷൻ ഓഫ് ദ ബൈബിൾ by ജയിംസ് മോഫറ്റ് |
| MT | മസോറെറ്റിക് ഹീബ്രു ടെക്സ്റ്റ് |
| NAB | ന്യൂ അമേരിക്കൻ ബൈബിൾ ടെക്സ്റ്റ് |
| NASB | ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിൾ |
| NEB | ന്യൂ ഇംഗ്ലീഷ് ബൈബിൾ |
| NET | NET ബൈബിൾ: ന്യൂ ഇംഗ്ലീഷ് ട്രാൻസ്ലേഷൻ, സെക്കന്റ് ബീറ്റാ എഡിഷൻ |

# ഗ്രന്ഥകാരനിൽ നിന്ന് ഒരു വാക്ക്
# ഈ കമന്ററി എങ്ങനെ നിങ്ങളെ സഹായിക്കും?

ദൈവത്തിൽ നിന്നുള്ള സന്ദേശം നമ്മുടെ കാലത്ത് ഗ്രഹിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുവാൻ കഴിയും വിധം പുരാതന ദൈവനിശ്വാസീയ എഴുത്തുകാരനെ മനസ്സിലാക്കുവാൻ ശ്രമിക്കുന്ന യുക്തിപരവും ആത്മീയവുമായ പ്രക്രിയയാണ് വേദപുസ്തക വ്യാഖ്യാനം.

ആത്മീയ പ്രക്രിയ നിർണ്ണായകമാണെങ്കിലും നിർവചിക്കാൻ ബുദ്ധിമുട്ടുള്ളതാണ്. അതിൽ ദൈവത്തോടുള്ള കീഴ്പ്പെടുത്തിക്കൊടുക്കലും തുറന്ന മനഃസ്ഥിതിയും ഉൾപ്പെടുന്നു. (1) അവനു വേണ്ടിയും (2) അവനെ അറിയുവാനും (3) അവനെ സേവിക്കുവാനും ഉള്ള ഒരു ദാഹമുണ്ടായിരിക്കണം. ഈ പ്രക്രിയയിൽ പ്രാർത്ഥന, ഏറ്റുപറച്ചിൽ, ജീവിതശൈലിയുടെ മാറ്റത്തിനുള്ള ഒരുക്കം എന്നിവ അടങ്ങിയിരിക്കുന്നു. വ്യാഖ്യാന പ്രക്രിയയിൽ ആത്മാവ് നിർണ്ണായകമാണെങ്കിലും എന്തുകൊണ്ട് ആത്മാർത്ഥയും ഭക്തിയുമുള്ള വിശ്വാസികൾ ബൈബിളിനെ വ്യത്യസ്ത നിലയിൽ മനസ്സിലാക്കുന്നു എന്നത് ഒരു മർമ്മമാണ്.

യുക്തിപരമായ പ്രക്രിയ വിശദീകരിക്കുവാൻ എളുപ്പമാണ്. നാം വേദഭാഗത്തോട് സ്ഥിരത കാണിക്കുന്നവരും മര്യാദ പുലർത്തുന്നവരും നമ്മുടെ വ്യക്തിപരമോ സഭാപരമോ ആയ മുൻവിധികളാൽ സ്വാധീനിക്കപ്പെടാത്തവരും ആയിരിക്കേണം. നാമെല്ലാവരും ചരിത്രപരമായി രൂപപ്പെടുത്തപ്പെട്ടവരാണ്. നാം ആരും നേരെയുള്ള മധ്യവർത്തികളായ വ്യാഖ്യാതാക്കളല്ല. ഈ കമന്ററിയിൽ, നമ്മുടെ മുൻധാരണകളെ അതിജീവിക്കുവാൻ നമ്മെ സഹായിക്കും വിധം രൂപകല്പന ചെയ്യപ്പെട്ട മൂന്ന് വ്യാഖ്യാന തത്വങ്ങൾ അടങ്ങിയ ശ്രദ്ധാപൂർവ്വമുള്ള യുക്തിപരമായ പ്രക്രിയ വാഗ്ദാനം ചെയ്യുന്നു.

#### ഒന്നാം തത്വം

ഒന്നാം തത്വം, പുസ്തകം രചിക്കപ്പെട്ട ചരിത്ര പശ്ചാത്തലവും അതിന്റെ രചനയ്ക്ക് ഹേതുവായ പ്രത്യേക ചരിത്ര സംഭവവും ശ്രദ്ധിക്കുക എന്നതാണ്. യഥാർത്ഥ എഴുത്തുകാരന് ഒരു ഉദ്ദേശ്യവും, വിനിമയം ചെയ്യുവാൻ ഒരു സന്ദേശവും ഉണ്ടായിരുന്നു. യഥാർത്ഥ, പുരാതന, ദൈവശ്വാസീയ എഴുത്തുകാരന് ഒരിക്കലും ലഭിക്കാത്ത ഒരു അർത്ഥം നമുക്ക് ആ ഭാഗത്തു നിന്ന് ലഭിക്കാൻ സാധ്യമല്ല. അവന്റെ ഉദ്ദേശ്യം ആണ് – നമ്മുടെ ചരിത്രപരവും വൈകാരികവും, സാംസ്കാരികവും, വ്യക്തിപരവും സഭാവിഭാഗപരവുമായ ആവശ്യം അല്ല – താക്കോൽ. പ്രായോഗികത വ്യാഖ്യാനത്തിന്റെ അഭിവാജ്യഘടകമാണ്. എന്നിരുന്നാലും പ്രായോഗികതയ്ക്ക് ശരിയായ വ്യാഖ്യാനം ഉണ്ടാകേണം. ഓരോ വേദപുസ്തക ഭാഗത്തിനും ഒരൊറ്റ അർത്ഥമേ ഉണ്ടായിരിക്കയുള്ളൂ എന്ന കാര്യം മനസ്സിലാക്കിയിരിക്കണം. ഈ അർത്ഥമാണ് യഥാർത്ഥ എഴുത്തുകാരൻ, പരിശുദ്ധാത്മാവിന്റെ കർത്തൃത്വത്തിൻ കീഴിൽ തന്റെ കാലത്ത് വിനിമയം ചെയ്യാൻ ആഗ്രഹിച്ചത്. ഈ ഒറ്റ അർത്ഥത്തിന് വ്യത്യസ്ത സംസ്കാരങ്ങളിലും സാഹചര്യങ്ങളിലും സാധ്യമായ നിരവധി പ്രായോഗികതകൾ കണ്ടേക്കാം. ഈ പ്രായോഗികതകൾ യഥാർത്ഥ എഴുത്തുകാരന്റെ കേന്ദ്ര സത്യവുമായി ബന്ധമുള്ളതായിരിക്കേണം. ഇക്കാരണത്താൽ ഈ പഠന, മാർഗ്ഗ നിർദ്ദേശക വ്യാഖ്യാനം രൂപപ്പെടുത്തിയിരിക്കുന്നത് വേദപുസ്തകത്തിലെ ഓരോ പുസ്തകത്തിനും മുഖവുര നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ്.

#### രണ്ടാം തത്വം

രണ്ടാമത്തെ തത്വം സാഹിത്യ യൂണിറ്റുകൾ തിരിച്ചറിയുക എന്നതാണ്. ഓരോ വേദപുസ്തക ഗ്രന്ഥവും ഒരു ഐക്യതയുള്ള രേഖയാണ്. മറ്റുള്ളവയെ ഒഴിവാക്കി സത്യത്തിന്റെ ഒരു വശം മാത്രം വേർതിരിക്കുവാൻ വ്യാഖ്യാതാക്കൾക്ക് ഒരു അവകാശവുമില്ല. അതിനാൽ, നാം ഓരോ സാഹിത്യ യൂണിറ്റും വ്യാഖ്യാനിക്കുന്നതിനും മുമ്പ് പുസ്തകത്തിന്റെ ആകമാന ഉദ്ദേശ്യം മനസ്സിലാക്കുവാൻ ശ്രമിക്കണം. ഒറ്റയൊറ്റ ഭാഗങ്ങൾക്ക് – അധ്യായങ്ങൾ, ഖണ്ഡികകൾ അല്ലെങ്കിൽ വാക്യങ്ങൾ – മുഴുയൂണിറ്റിനും ഇല്ലാത്ത അർത്ഥം ഉണ്ടായിരിക്കാൻ സാധ്യമല്ല. വ്യാഖ്യാനം മുഴുവൻ ഭാഗത്തിന്റെയും അനുമാനപരമായ വ്യാഖ്യാനത്തിൽ നിന്ന് ചെറിയ ഭാഗങ്ങളുടെ വ്യവസ്ഥാപിതമായ വ്യാഖ്യാനത്തിലേക്കു നീങ്ങുന്നതായിരിക്കേണം. അതിനാൽ ഓരോ സാഹിത്യ യൂണിറ്റിന്റെയും ഘടന ഖണ്ഡിക തിരിച്ച് വിശകലനം ചെയ്യുന്നതിന് പഠിതാവിനെ സഹായിക്കുവാൻ രൂപകല്പന ചെയ്തതാണ് ഈ പഠന, മാർഗ്ഗ നിർദ്ദേശക വ്യാഖ്യാനം. ഖണ്ഡിക, അധ്യായം, വിഭജനങ്ങൾ എന്നിവ ദൈവനിശ്വാസീയമല്ല, മറിച്ച് ചിന്താ ഘടകങ്ങൾ തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നവയാണ്.

ഖണ്ഡികാതലത്തിൽ വ്യാഖ്യാനിക്കുന്നതാണ് – വാചകമോ, വാക്യവിഭാഗമോ, പ്രയോഗമോ അല്ലെങ്കിൽ പദമോ അല്ല – വേദപുസ്തക എഴുത്തുകാരൻ ഉദ്ദേശിച്ച അർത്ഥം പിന്തുടരുന്നതിനുള്ള താക്കോൽ. ഖണ്ഡികകൾ ഒരു ഏകീകൃത വിഷയത്തിൽ അടിസ്ഥാനപ്പെട്ടതായിരിക്കും. അതിനെ ചിന്താവിഷയമെന്നോ വിഷയാധിഷ്ഠിത വാചകമെന്നോ വിളിക്കാം. ഖണ്ഡികയിലെ ഓരോ വാക്കും പ്രയോഗവും വാക്യഭാഗവും വാചകവും ഏതെങ്കിലു

മൊരു നിലയിൽ ഈ ഏകീകൃത വിഷയത്തോടു ബന്ധപ്പെട്ടിരിക്കും. അവ അതിനെ പരിമിതപ്പെടുത്തുകയോ, വിശദീകരിക്കുകയോ, വിശാലമാക്കുകയോ, ചോദ്യം ചെയ്യുകയോ ചെയ്യുന്നു. ശരിയായ വ്യാഖ്യാനത്തിനുള്ള ഒരു യഥാർത്ഥ താക്കോൽ, ബൈബിൾ ഗ്രന്ഥത്തിന്റെ ഭാഗമായിട്ടുള്ള ഓരോ സാഹിത്യ യൂണിറ്റിലൂടെയും ഉള്ള യഥാർത്ഥ എഴുത്തുകാരന്റെ ചിന്തയെ ഖണ്ഡിക-പ്രതി-ഖണ്ഡികയായി പിന്തുടരുക എന്നതാണ്. ആധുനിക ഇംഗ്ലീഷ് പരിഭാഷകളെ താരതമ്യം ചെയ്തുകൊണ്ട് അതു ചെയ്യുവാൻ പഠിതാവിനെ സഹായിക്കുന്നതിനു രൂപകല്പന ചെയ്തതാണ് ഈ പഠന, മാർഗ്ഗനിർദ്ദേശക വ്യാഖ്യാനം. ഈ പരിഭാഷകൾ തിരഞ്ഞെടുക്കാൻ കാരണം അവ വ്യത്യസ്ത പരിഭാഷാ സിദ്ധാന്തങ്ങൾ പ്രയോജനപ്പെടുത്തിയിരിക്കുന്നു എന്നതാണ്.

1. യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയുടെ ഗ്രീക്ക് പതിപ്പ് പരിഷ്കരിച്ച നാലാം പതിപ്പാണ് (UBS[4]). ആധുനിക വേദപുസ്തക പണ്ഡിതന്മാരാണ് ഖണ്ഡിക തിരിച്ചിട്ടുള്ളത്.
2. ന്യൂ കിംഗ് ജയിംസ് വേർഷൻ (NKJV), ടെക്സ്റ്റസ് റിസപ്റ്റസ് എന്ന ഗ്രീക്ക് കയ്യെഴുത്തു പാരമ്പര്യം അടിസ്ഥാനമാക്കിയുള്ള പദാനുപദ ആക്ഷരിക വിവർത്തനമാണ്. അതിന്റെ ഖണ്ഡികാ വിഭജനം മറ്റു പരിഭാഷകളേക്കാൾ ദൈർഘ്യമുള്ളതാണ്. ആ ദൈർഘ്യമുള്ള ഘടകം ഏകീകൃത വിഷയങ്ങൾ മനസ്സിലാക്കുവാൻ പഠിതാവിനെ സഹായിക്കും.
3. ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ (NRSV) പരിഷ്കരിച്ച പദാനുപദ പരിഭാഷയാണ്. താഴെയുള്ള രണ്ട് ആധുനിക പരിഭാഷകൾക്കിടയിലുള്ള ഒരു തലത്തിൽ നിൽക്കുന്നതാണിത്. അതിന്റെ ഖണ്ഡികാ വിഭജനം, വിഷയങ്ങൾ തിരിച്ചറിയാൻ വളരെ സഹായകരമാണ്.
4. ടുഡെയ്സ് ഇംഗ്ലീഷ് വേർഷൻ (TEV) യുണൈറ്റഡ് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച ഒരു ഡൈനമിക് ഇക്വലന്റ് പരിഭാഷയാണ്. ആധുനിക വായനക്കാരന് അല്ലെങ്കിൽ പ്രസംഗകന് ഗ്രീക്ക് പതിപ്പിന്റെ അർത്ഥം ഗ്രഹിക്കാൻ സഹായിക്കുന്ന രീതിയിൽ ബൈബിൾ പരിഭാഷപ്പെടുത്തുവാൻ ശ്രമിക്കുകയാണത്. പലപ്പോഴും, പ്രത്യേകിച്ചും സുവിശേഷങ്ങളിൽ, അത് ഖണ്ഡിക വിഭജിക്കുന്നത് NIV യിൽ എന്ന പോലെ വിഷയത്തെക്കാളുപരി സംഭാഷകന്റെ അടിസ്ഥാനത്തിലാണ്. വ്യാഖ്യാതാവിന്റെ ഉദ്ദേശ്യത്തിന് ഇതു സഹായകരമല്ല. USB[4] ഉം TEV യും ഒരേ ഉദ്ദേശ്യത്തോടെയാണ് പ്രസിദ്ധീകരിക്കപ്പെട്ടത് എന്നത് താല്പര്യജനകമാണ്. എങ്കിലും അവയുടെ ഖണ്ഡികാ വിഭജനം വ്യത്യാസമുള്ളതാണ്.
5. ന്യൂ ജെറുസലേം ബൈബിൾ (NJB) ഫ്രഞ്ച് കത്തോലിക്കാ പരിഭാഷ അടിസ്ഥാനമാക്കിയുള്ള ഡൈനമിക് ഇക്വലന്റ് പരിഭാഷയാണ്. യൂറോപ്യൻ കാഴ്ചപ്പാടിൽ നിന്നുള്ള ഖണ്ഡികാ വിഭജനത്തിന് വളരെ സഹായകരമാണിത്.
6. പഠനത്തിനുപയോഗിച്ചിരിക്കുന്നത് 1995 ലെ അപ്ഡേറ്റഡ് ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിളാണ്. (NASB). അത് പദാനുപദ തർജ്ജമയാണ്. ഈ ഖണ്ഡികാ വിഭജനത്തിനനുസരിച്ചാണ് വാക്യ-പ്രതി-വാക്യ വ്യാഖ്യാനം.
7. മലയാളം പരിഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച പഴയ പതിപ്പാണ് (OV).

**മൂന്നാം തത്വം**

മൂന്നാം തത്വം, വേദപുസ്തക വാക്കുകൾക്ക് അഥവാ പ്രയോഗങ്ങൾക്ക് ഉണ്ടായിരിക്കാൻ സാധ്യതയുള്ള അർത്ഥ വ്യാപ്തി (സെമാന്റിക് ഫീൽഡ്) ഗ്രഹിക്കുന്നതിനായി വിവിധ പരിഭാഷകൾ വായിക്കുക എന്നതാണ്. പലപ്പോഴും ഒരു ഗ്രീക്ക് പ്രയോഗമോ പദമോ നിരവധി നിലകളിൽ മനസ്സിലാക്കുവാൻ കഴിയും. ഈ വ്യത്യസ്ത പരിഭാഷകൾ ഈ വിധം അർത്ഥതലങ്ങൾ വെളിപ്പെടുത്തുകയും ഗ്രീക്ക് കയ്യെഴുത്തു പ്രതിയിലെ വ്യത്യാസങ്ങൾ തിരിച്ചറിയാനും വിശദീകരിക്കുവാനും സഹായിക്കുകയും ചെയ്യും. ഇത് ഉപദേശത്തെ ബാധിക്കുകയില്ല. മറിച്ച് യഥാർത്ഥ പുരാതന എഴുത്തുകാരൻ രേഖപ്പെടുത്തിയ യഥാർത്ഥ പാഠത്തിലേക്ക് മടങ്ങിച്ചെല്ലുന്നതിനു ശ്രമിക്കുവാൻ നമ്മെ സഹായിക്കും.

തന്റെ വ്യാഖ്യാനങ്ങളെ പരിശോധിക്കുന്നതിന് ഒരു എളുപ്പവഴി ഈ വ്യാഖ്യാനം പഠിതാവിനു നൽകുന്നു. അത് കൃത്യമായിരിക്കാൻ ഉദ്ദേശിച്ചുള്ളതല്ല. മറിച്ച് വിശദവിവരം നൽകുന്നതിനും ചിന്തയെ ഉദ്ദീപിപ്പിക്കുന്നതിനും വേണ്ടിയുള്ളതാണ്. പലപ്പോഴും മറ്റു സാധ്യമായ വ്യാഖ്യാനങ്ങൾ നമ്മെ സങ്കുചിത ചിന്താഗതിക്കാരും കടുംപിടുത്തക്കാരും സഭാവിഭാഗ ചിന്താഗതിക്കാരും ആകാതിരിപ്പാൻ സഹായിക്കും. പുരാതന പാഠത്തിന് എത്രയധികം ദുർഗ്രഹമായിരിക്കാൻ കഴിയും എന്നു തിരിച്ചറിയുന്നതിനുള്ള വിശാലമായ വ്യാഖ്യാന സാധ്യതകൾ വ്യാഖ്യാതാക്കൾക്കുണ്ടായിരിക്കണം. ബൈബിളിനെ തങ്ങളുടെ ഏക സത്യസ്രോതസ്സായി അവകാശപ്പെടുന്ന ക്രിസ്ത്യാനികൾക്കിടയിൽപോലും പരസ്പര ധാരണ ഇല്ല എന്നത് ഞെട്ടിപ്പിക്കുന്നതാണ്.

പുരാതന പാഠങ്ങളുമായി മല്ലിടുവാൻ എന്നെ പ്രേരിപ്പിക്കുക വഴി എന്റെ ചരിത്രപരമായ രൂപപ്പെടുത്തലിനെ അതിജീവിക്കുന്നതിന് ഈ തത്വങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്. അതു നിങ്ങൾക്കും അനുഗ്രഹമായിത്തീരും എന്നാണ് എന്റെ പ്രതീക്ഷ.

ബോബ് ഉട്ട്ലി
ഈസ്റ്റ് ടെക്സാസ് ബാപ്റ്റിസ്റ്റ് യൂണിവേഴ്സിറ്റി
ജൂൺ, 27, 1996

# ഉത്തമ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗദർശി: തെളിയിക്കപ്പെടാവുന്ന സത്യത്തിനുവേണ്ടിയുള്ള ഒരു വ്യക്തിപരമായ അന്വേഷണം

നമുക്കു സത്യം അറിയാൻ കഴിയുമോ? അതിനെ എവിടെ കണ്ടെത്താം? യുക്തിപരമായി അതിനെ വിലയിരുത്താമോ? ഒരു അത്യന്തിക ആധികാരം എന്നൊന്നുണ്ടോ? നമ്മുടെ ജീവിതങ്ങൾക്ക്, നമ്മുടെ ലോകത്തിന് വഴികാട്ടാൻ കഴിയുന്ന ആത്യന്തിക സത്യങ്ങളുണ്ടോ? ജീവിതത്തിന് അർത്ഥമുണ്ടോ? നാം എങ്ങോട്ടാണു സഞ്ചരിക്കുന്നത്? ഈ ചോദ്യങ്ങൾ - ബുദ്ധിയുള്ള സകല മനുഷ്യരും മനനം ചെയ്യുന്ന ചോദ്യങ്ങൾ - കാലാരംഭം മുതൽ മനുഷ്യബുദ്ധിയെ വേട്ടയാടിക്കൊണ്ടിരിക്കുന്നു (സഭാ. 1:13–18; 3:9–11). എന്റെ ജീവിതത്തിന്റെ ഒരു സമഗ്ര കേന്ദ്രത്തിനുവേണ്ടിയുള്ള എന്റെ വ്യക്തിപരമായ അന്വേഷണം ഞാൻ ഓർക്കുന്നു. എന്റെ കുടുംബങ്ങളിൽ പ്രധാനപ്പെട്ട ചിലരുടെ സാക്ഷ്യത്തിലൂടെ ചെറുപ്രായത്തിൽ തന്നെ ഞാൻ ഒരു ക്രിസ്തുവിശ്വാസിയായി തീർന്നു. ഞാൻ വളർന്നുവന്നപ്പോൾ എന്നെക്കുറിച്ചും എന്റെ ലോകത്തെക്കുറിച്ചുമുള്ള ചോദ്യങ്ങളും വളർന്നു. ഞാൻ വായിച്ചറിയുകയും അഭിമുഖീകരിക്കുകയും ചെയ്ത അനുഭവങ്ങൾക്ക് അർത്ഥം നൽകുവാൻ ലളിതമായ സാംസ്കാരികവും മതപരവുമായ പറഞ്ഞു പഴകിയ ഉത്തരങ്ങൾക്കു കഴിഞ്ഞില്ല. അത് ആശയക്കുഴപ്പത്തിന്റെയും അന്വേഷണത്തിന്റെയും ആഗ്രഹങ്ങളുടെയും പലപ്പോഴും ഞാൻ ജീവിക്കുന്ന വികാരശൂന്യവും കഠിനവുമായ ലോകത്തിൽ നിസ്സഹായതയുടെയും കാലഘട്ടമായിരുന്നു.

ഈ ആത്യന്തിക ചോദ്യങ്ങൾക്ക് ഉത്തരമുണ്ടെന്ന് പലരും അവകാശപ്പെട്ടിട്ടുണ്ടെങ്കിലും അന്വേഷണങ്ങൾക്കും വിലയിരുത്തലുകൾക്കുമൊടുവിൽ, അവരുടെ ഉത്തരങ്ങൾ (1) വ്യക്തിപരമായ തത്വ ശാസ്ത്രങ്ങളുടെയും (2) പുരാതന കെട്ടുകഥകളുടെയും (3) വ്യക്തിപരമായ അനുഭവങ്ങളുടെയും (4) മനഃശാസ്ത്രപരമായ ആസൂത്രണങ്ങളുടെയും അടിസ്ഥാനത്തിലുള്ളവയാണെന്നു ഞാൻ കണ്ടെത്തി. എനിക്ക് ഒരളവിലുള്ള വിലയിരുത്തൽ, ചില തെളിവുകൾ, എന്റെ ലോക വീക്ഷണവും ആർജ്ജവ കേന്ദ്രവും ജീവിക്കാനുള്ള കാരണവും അടിസ്ഥാനമിടുന്നതിന് ചില കാര്യകാരണങ്ങൾ വേണ്ടിയിരുന്നു.

ഈ കാര്യങ്ങൾ ഞാൻ എന്റെ ബൈബിൾ പഠനത്തിൽ കണ്ടെത്തി. അതിന്റെ വിശ്വാസീയതയ്ക്ക് തെളിവുകൾ ഞാൻ അന്വേഷിക്കാനാരംഭിച്ചു. അതു ഞാൻ കണ്ടെത്തിയത്: (1) ബൈബിളിന്റെ ചരിത്രപരമായ വിശ്വാസീയത പുരാവസ്തു ഗവേഷണങ്ങളാൽ തെളിയിക്കപ്പെട്ടത്, (2) പഴയ നിയമ പ്രവചനങ്ങളുടെ കൃത്യത, (3) 1600 ൽപ്പരം വർഷങ്ങൾകൊണ്ട് എഴുതപ്പെട്ട വേദപുസ്തക സന്ദേശങ്ങളുടെ ഐക്യത; (4) ബൈബിളുമായി ബന്ധപ്പെട്ടതിലൂടെ ജീവിതത്തിന് സമൂല പരിവർത്തനം സംഭവിച്ചവരുടെ സാക്ഷ്യങ്ങൾ എന്നിവയിലൂടെയാണ്. ക്രിസ്ത്യാനിത്വം വിശ്വാസത്തിനും അനുഷ്ഠാനത്തിനുമുള്ള ഒരു ഏകീകൃത സംവിധാനമെന്ന നിലയിൽ മനുഷ്യജീവിതത്തിലെ സങ്കീർണ്ണമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കഴിവുണ്ട്. ഇത് ഒരു യുക്തിസഹമായ ചട്ടക്കൂട് നൽകുന്നുവെന്നു മാത്രമല്ല, വേദപുസ്തക വിശ്വാസത്തിന്റെ അനുഭവവേദ്യമായ വശം എനിക്ക് വൈകാരിക സന്തോഷവും സ്ഥിരതയും നൽകുകയും ചെയ്യുന്നു.

എന്റെ ജീവിതത്തിന്റെ സമഗ്രമായ കേന്ദ്രം ഞാൻ കണ്ടെത്തിയെന്നു ഞാൻ ചിന്തിച്ചു. അതായത് തിരുവെഴുത്തുകളിലൂടെ ഗ്രഹിക്കാവുന്ന ക്രിസ്തു. അതൊരു ബുദ്ധിപരമായ അനുഭവവും ഒരു വൈകാരിക വിടുതലുമായിരുന്നു. എന്നിരുന്നാലും ഈ പുസ്തകത്തിന്റെ എത്രയധികം വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ നിലവിലുണ്ടെന്നുള്ള - മിക്കപ്പോഴും ഒരേ സഭയ്ക്കും ഒരേ ആശയമുള്ള പ്രസ്ഥാനങ്ങൾക്കും ഉള്ളിൽ തന്നെ - അറിവ് എനിക്കുണ്ടായപ്പോൾ എനിക്കുണ്ടായ ഞെട്ടൽ ഞാൻ ഇപ്പോഴുമോർക്കുന്നു. ബൈബിളിന്റെ ദൈവനിശ്വാസീയതയും വിശ്വാസീയതും ഉറപ്പിക്കുന്നത് അവസാനമല്ല, ആരംഭം മാത്രമാണ്. ബൈബിളിന്റെ ആധികരികതയും വിശ്വാസീയതയും അവകാശപ്പെടുന്നവർ തന്നെ തിരുവെഴുത്തിലെ പ്രയാസകരമായ ഭാഗ്യങ്ങൾക്ക് നൽകുന്ന വിഭിന്നവും പരസ്പര വിരുദ്ധവുമായ വ്യാഖ്യാനങ്ങളെ ഞാനെങ്ങനെ വിലയിരുത്തുകയും തിരസ്കരിക്കുകയും ചെയ്യും?

ഈ ദൗത്യം എന്റെ ജീവിതലക്ഷ്യവും വിശ്വാസ തീർത്ഥാടനവുമായിത്തീർന്നു. ക്രിസ്തുവിലുള്ള എന്റെ വിശ്വാസം (1) വലിയ സമാധാനവും സന്തോഷവും എനിക്കു നൽകി. എന്റെ സംസ്കാരത്തിന്റെ (അത്യന്താധുനികം) അപേക്ഷികത (2) പരസ്പരം പോരടിക്കുന്ന മതസംവിധാനത്തിന്റെ (ലോകമതങ്ങൾ) കടുംപിടു ത്തം; (3) സഭാപരമായ ചേർച്ചയില്ലായ്മ എന്നിവയുടെ മധ്യത്തിൽ ചില ആത്യന്തിക സത്യങ്ങൾക്കായി എന്റെ മനസ്സ് വാഞ്ഛിച്ചു. പുരാതന സാഹിത്യത്തിന്റെ വ്യാഖ്യാനത്തിനുതകുന്ന വിലയുള്ള സമീപനങ്ങൾക്കായുള്ള എന്റെ അന്വേഷണത്തിൽ, ഞാൻ എന്റെ സ്വന്തം ചരിത്രപരവും, സാംസ്കാരികവും സഭാവിഭാഗീയതാപരവും അനുഭവപരവുമായ മുൻവിധികൾ കണ്ട് അത്ഭുതപ്പെട്ടുപോയി. ഞാൻ പലപ്പോഴും എന്റെ സ്വന്തം വീക്ഷണങ്ങളെ ശക്തിപ്പെടുത്താനാണ് ബൈബിൾ വായിച്ചിരുന്നത്. എന്റെ സ്വന്തം അരക്ഷിതാവസ്ഥയെയും അപര്യാപ്തതകളെയും ഉറപ്പിച്ചുകൊണ്ട് മറ്റുള്ളവരെ ആക്രമിക്കുന്നതിനുള്ള പ്രമാണമായി ഞാനതിനെ ഉപയോഗിച്ചു. ഈ തിരിച്ചറിവ് എനിക്കെത്ര വേദനാജനകമായിരുന്നെന്നോ?

സമ്പൂർണ്ണമായി എനിക്ക് വസ്തുനിഷ്ഠമാകാൻ കഴിഞ്ഞില്ലെങ്കിലും എനിക്ക് ബൈബിളിന്റെ ഒരു നല്ല വായനക്കാരനാകാൻ കഴിയുമായിരുന്നു. എന്റെ മുൻവിധികളെ തിരിച്ചറിയുകയും അവയുടെ സാന്നിധ്യം അംഗീകരിക്കുകയും ചെയ്യുന്നതിലൂടെ അവയെ പരിമിതപ്പെടുത്താൻ എനിക്കു കഴിയും. ഇനിയും ഞാൻ അവയിൽ നിന്നും സ്വതന്ത്രനായിട്ടില്ല. എങ്കിലും എന്റെ ബലഹീനതയെ ഞാൻ നേരിട്ടു കഴിഞ്ഞു. വ്യാഖ്യാതാവ് പലപ്പോഴും നല്ല വേദപുസ്തക വായനയുടെ ഏറ്റവും വലിയ ശത്രുവായിരിക്കും!

എന്റെ ബൈബിൾ പഠനത്തിലേക്ക് ഞാൻ കൊണ്ടുവന്ന ചില മുൻധാരണകൾ ഞാനിവിടെ എഴുതുന്നു. നിങ്ങൾക്കും എന്നോടൊപ്പം അവ പരിശോധിക്കാൻ അതു സഹായകമാകും.

## I. മുൻധാരണകൾ

A. ബൈബിൾ മാത്രമാണ് ഏക സത്യദൈവത്തിന്റെ ദൈവശ്വാസീയ സ്വയ–വെളിപ്പാട് എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഒരു പ്രത്യേക പശ്ചാത്തലത്തിൽ ഒരു മാനുഷിക എഴുത്തുകാരനിലൂടെ രചന നിർവഹിച്ച യഥാർത്ഥ ദൈവിക എഴുത്തുകാരന്റെ (പരിശുദ്ധാത്മാവ്) ഉദ്ദേശ്യത്തിന്റെ വെളിച്ചത്തിൽ അതു വ്യാഖ്യാനിക്കപ്പെടണം.

B. ബൈബിൾ സാധാരണ ജനത്തിനുവേണ്ടി – സകല മനുഷ്യർക്കും വേണ്ടി – എഴുതിയതാണെന്നു ഞാൻ വിശ്വസിക്കുന്നു! നമ്മോടു വ്യക്തമായി സംസാരിക്കുന്നതിനായി ദൈവം തന്നെത്തന്നെ ഒരു ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽ ഒതുക്കി നിർത്തി. ദൈവം സത്യത്തെ മറച്ചു വയ്ക്കുന്നില്ല. നാം ഗ്രഹിക്കണമെന്നവനാഗ്രഹിക്കുന്നു. അതിനാൽ അത് നമ്മുടെ കാലഘട്ടത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കപ്പെടേണം. ബൈബിൾ ആദ്യം വായിക്കുകയോ കേൾക്കുകയോ ചെയ്തവർക്ക് അത് ഏതർത്ഥത്തിൽ മനസ്സിലായോ അതേ അർത്ഥത്തിൽ വേണം നാമും മനസ്സിലാക്കാൻ. അത് സാധാരണ മനുഷ്യമനസ്സുകൾക്ക് മനസ്സിലാകുന്നതും സാധാരണ മാനുഷിക ആശയവിനിമയ രീതികളും സാങ്കേതങ്ങളും ഉപയോഗിക്കുന്നതുമാണ്.

C. ബൈബിളിന് ഒരു ഏകീകൃത സന്ദേശവും ഉദ്ദേശ്യവും ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതിൽ പ്രയാസമേറിയതും വൈരുദ്ധ്യമുള്ളതുമായ ഭാഗങ്ങളുണ്ടെങ്കിലും അത് പരസ്പര വിരുദ്ധമല്ല. അതുകൊണ്ട് ബൈബിളിന്റെ ഏറ്റവും മികച്ച വ്യാഖ്യാതാവ് ബൈബിൾ തന്നെയാണ്.

D. ഓരോ വേദഭാഗത്തിനും (പ്രവചനം ഒഴികെ) യഥാർത്ഥ ദൈവനിശ്വാസീയ എഴുത്തുകാരന്റെ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ, ഒരു അർത്ഥം, ഒരൊറ്റ അർത്ഥം, മാത്രമേ ഉള്ളൂ എന്നു ഞാൻ വിശ്വസിക്കുന്നു. യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തെക്കുറിച്ചു കൃത്യമായി നാം മനസ്സിലാക്കി എന്നു നമുക്കൊരിക്കലും ഉറപ്പിക്കാൻ കഴിയുകയില്ലെങ്കിലും പല തെളിവുകളും ഇതിലേക്കു വിരൽ ചൂണ്ടുന്നതായുണ്ട്.

1. സന്ദേശത്തെ വെളിപ്പെടുത്താൻ തിരഞ്ഞെടുത്ത സാഹിത്യരൂപം
2. എഴുത്തിനു പ്രേരണ നൽകിയ ചരിത്ര പശ്ചാത്തലം/അഥവാ പ്രത്യേക സന്ദർഭം
3. മുഴുവൻ ഗ്രന്ഥത്തിന്റെയും ഒപ്പം ഓരോ സാഹിത്യ ഘടകത്തിന്റെയും സാഹിത്യ സന്ദർഭം
4. മുഴു സന്ദേശത്തോടും ബന്ധപ്പെട്ടിരിക്കുന്ന സാഹിത്യ ഘടകത്തിന്റെ പാഠ രൂപകല്പന (രൂപരേഖ)
5. സന്ദേശം വിനിമയം ചെയ്യുന്നതിനുപയോഗിച്ച പ്രത്യേക വ്യാകരണ സവിശേഷതകൾ
6. സന്ദേശം വിനിമയം ചെയ്യുന്നതിനു തിരഞ്ഞെടുത്ത പദങ്ങൾ
7. സമാന്തര വേദഭാഗങ്ങൾ

ഈ ഓരോ മേഖലകളെയും കുറിച്ചുള്ള നമ്മുടെ പഠനം, ഒരു വേദഭാഗത്തിന്റെ പഠനത്തിൽ നമ്മുടെ ലക്ഷ്യമായിത്തീരുന്നു. നല്ല വേദപുസ്തക വായനയ്ക്കുള്ള എന്റെ രീതി ഞാൻ വിവരിക്കുന്നതിന് മുമ്പ്, ഇന്ന് ഉപയോഗിച്ചുകാണുന്നതും വ്യാഖ്യാനത്തിൽ ധാരാളം വൈരുധ്യം ഉളവാകാൻ കാരണമാകുന്നതും അതുകൊണ്ടു തന്നെ ഒഴിവാക്കേണ്ടതുമായ അനുയോജ്യമല്ലാത്ത രീതികൾ പറഞ്ഞു വയ്ക്കാൻ ഞാനാഗ്രഹിക്കുന്നു.

## II. അനുയോജ്യമല്ലാത്ത രീതികൾ

A. ബൈബിൾ ഗ്രന്ഥങ്ങളുടെ സാഹിത്യ സന്ദർഭം അവഗണിച്ച്, എഴുത്തുകാരന്റെ ഉദ്ദേശ്യത്തോടോ വിശാലമായ സന്ദർഭത്തോടോ ബന്ധമില്ലാതെ ഓരോ വാചകവും വാക്യഭാഗവും ഓരോ വാക്കും സത്യ പ്രസ്താവന എന്ന നിലയിൽ വ്യാഖ്യാനിക്കുന്നത്. ഇതിനെ പലപ്പോഴും "വാക്യത്തെളിവ് കണ്ടെത്തൽ" എന്നു വിളിക്കാറുണ്ട്.

B. പുസ്തകത്തിന്റെ ചരിത്ര പശ്ചാത്തലം അവഗണിച്ച് പാഠത്തിന്റെ യാതൊരു പിന്തുണയും ഇല്ലാത്തതോ അല്പംമാത്രം ഉള്ളതോ ആയ അനുമാന ചരിത്ര പശ്ചാത്തലം പകരം ഉപയോഗിക്കുന്നത്.

C. പുസ്തകത്തിന്റെ ചരിത്ര പശ്ചാത്തലം അവഗണിച്ച് ആധുനിക വ്യക്തിഗത ക്രിസ്ത്യാനിക്കെഴുതിയതെന്ന മട്ടിൽ പ്രഭാതത്തിലെ വർത്തമാന പത്രം പോലെ വായിക്കുന്നത്.

D. പുസ്തകത്തിന്റെ ചരിത്രപരമായ പശ്ചാത്തലം അവഗണിച്ച്, ആദ്യത്തെ കേഴ്വിക്കാരോ യഥാർത്ഥ എഴുത്തുകാരനോ അർത്ഥമാക്കാത്ത തത്വശാസ്ത്രപരവും/ദൈവശാസ്ത്രപരവുമായ അർത്ഥം ലഭിക്കുമാറ് ആലങ്കാരിക വ്യാഖ്യാനം നടത്തുന്നത്.

E. യഥാർത്ഥ സന്ദേശത്തെ അവഗണിച്ച് യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം, പുസ്തകത്തിന്റെ സന്ദേശം, എന്നിവയുമായി ഒരു ബന്ധമില്ലാതെ ഒരുവന്റെ സ്വന്തം ദൈവശാസ്ത്രം, ഇഷ്ട ഉപദേശം, അല്ലെങ്കിൽ

സമകാലിക വിഷയങ്ങൾ എന്നിവ പകരം വയ്ക്കുന്നത്. ഈ പ്രതിഭാസത്തെ തുടർന്ന് പലപ്പോഴും കണ്ടു വരുന്നത് ഒരു പ്രസംഗകന്റെ അധികാരം സ്ഥാപിക്കുന്നതിനായി ഒരു വേദഭാഗം വായിക്കുക എന്നതാണ്. ഇതിനെ "വായനക്കാരന്റെ പ്രതികരണം" (വേദഭാഗം - എന്നെ സംബന്ധിച്ച് - എന്ത് അർത്ഥമാക്കുന്നു" വ്യാഖ്യാനം) എന്നു വിളിക്കാറുണ്ട്.

സകല എഴുതപ്പെട്ട മാനുഷിക ആശയ വിനിമയത്തിലും പരസ്പരം ബന്ധിതമായ കുറഞ്ഞത് മൂന്ന് ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്.




പഴയകാലത്ത്, വ്യത്യസ്ത വായനാ സങ്കേതങ്ങൾ മൂന്ന് ഘടകങ്ങളിൽ ഒന്നിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്നു. എന്നാൽ ബൈബിളിന്റെ നിസ്തുലമായ ദൈവനിശ്വാസീയത ഉറപ്പിക്കാൻ, കൂടുതൽ പരിഷ്കരിച്ച ഒരു ചിത്രം കൂടുതൽ സഹയകരമാകും.




സത്യത്തിൽ ഈ മൂന്നു ഘടകങ്ങളും വ്യാഖ്യാനപ്രക്രിയയിൽ ഉൾപ്പെടുത്തപ്പെടേണം. വിലയിരുത്തലിന്റെ ഉദ്ദേശ്യത്തിനായി എന്റെ വ്യാഖ്യാനം ആദ്യത്തെ രണ്ടു ഘടകങ്ങളിലാണ് ശ്രദ്ധയൂന്നുന്നത്: യഥാർത്ഥ എഴുത്തുകാരനും എഴുതപ്പെട്ട വേദഭാഗവും. ഞാൻ നിരീക്ഷിച്ച ദുരുപയോഗത്തിനെതിരായിട്ടാണ് ഞാൻ പ്രതികരിക്കുന്നത്, (1) വേദഭാഗത്തെ ആലങ്കാരികമാക്കുക അഥവാ ആത്മീയവത്കരിക്കുക, (2) "വായനക്കാരന്റെ പ്രതികരണ" വ്യാഖ്യാനം (അതെനിക്ക്-എന്ത്-അർത്ഥമാക്കുന്നു). ഓരോ ഘട്ടത്തിലും ദുരുപയോഗം സംഭവിക്കുന്നുണ്ട്. നാം എല്ലായ്പ്പോഴും നമ്മുടെ പ്രേരണകൾ, മുൻധാരണകൾ, സങ്കേതങ്ങൾ, പ്രായോഗികതകൾ എന്നിവ പരിശോധിക്കേണം. വ്യാഖ്യാനത്തിന് ഒരതിരും, ഒരു പരിമിതിയും ഒരു മാനദണ്ഡവുമില്ലെങ്കിൽ നാമെങ്ങനെ അവയെ പരിശോധിക്കും? ഇവിടെയാണ് എഴുത്തുകാരന്റെ ഉദ്ദേശ്യവും വേദഭാഗത്തിന്റെ ഘടനയും, സാധ്യമായ മൂല്യവത്തായ വ്യാഖ്യാനത്തിന്റെ വ്യാപ്തിയെ പരിമിതപ്പെടുത്തുന്നതിനായി ചില മാനദണ്ഡങ്ങൾ എനിക്കു നൽകുന്നത്.

ഈ അനുയോജ്യമല്ലാത്ത വായനാ സങ്കേതങ്ങളുടെ വെളിച്ചത്തിൽ ശരിയായ വേദപുസ്തക വായനയ്ക്കും, വിലയിരുത്തലും സ്ഥിരതയും ഒരളവുവരെ പ്രദാനം ചെയ്യുന്ന വ്യാഖ്യാനത്തിനും സഹായകരമായ ചില സമീപനങ്ങൾ എന്തെല്ലാമാണ്?

### III. നല്ല വേദപുസ്തക വായനയ്ക്ക് സാധ്യമായ സമീപനം

ഈ ഘട്ടത്തിൽ ഞാൻ ചർച്ച ചെയ്യുന്നത് പ്രത്യേക സാഹിത്യരൂപങ്ങൾ വ്യാഖ്യാനിക്കുന്നതിനുള്ള പ്രത്യേക സങ്കേതങ്ങളെക്കുറിച്ചല്ല, മറിച്ച് വേദപുസ്തകത്തിലെ എല്ലാത്തരത്തിലുമുള്ള സാഹിത്യരൂപങ്ങൾക്കു ബാധകമായ പൊതു വ്യാഖാന തത്വങ്ങളെക്കുറിച്ചാണ്. സാഹിത്യ രീതിക്കുള്ള പ്രത്യേക വ്യാഖ്യാന സമീപനം സംബന്ധിച്ചുള്ള ഒരു നല്ല ഗ്രന്ഥമാണ് ഗോർഡൻ ഫീയും ഡഗ്ലസ് സ്റ്റുവാർട്ടും എഴുതി സോണ്ടർവൻ പ്രസിദ്ധീകരിച്ച *How to Read the Bible for All Its Worth.*

എന്റെ രീതി ശാസ്ത്രം പ്രാരംഭമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് നാലു വ്യക്തിഗത വായനാചക്രത്തിലൂടെ ബൈബിളിനെ പ്രകാശിപ്പിക്കുവാൻ പരിശുദ്ധാത്മാവിനെ അനുവദിക്കുന്നതിലാണ്. ഇത് ആത്മാവിനെയും വേദഭാഗത്തെയും വായനക്കാരനെയും രണ്ടാം തരക്കാരായിട്ടല്ല, ഒന്നാം തരക്കാരായി നിലനിർത്തുന്നു. ഇത് വായനക്കാരനെ അനാവശ്യമായി വ്യാഖ്യാതാക്കളാൽ സ്വാധീനിക്കപ്പെടുന്നതിൽ നിന്നും സംരക്ഷിക്കുന്നു. "ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളുടെ മേൽ ഏറെ വെളിച്ചം വിതറുന്നു" എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ഇത് പഠന സഹായികളെ വിലകുറച്ചു കാണിക്കുന്ന ഒരഭിപ്രായമല്ല, മറിച്ച് അവയുടെ ഉപയോഗത്തിനുള്ള യോഗ്യമായ സമയത്തിനുവേണ്ടിയുള്ള അപേക്ഷയാണ്.

നമ്മുടെ വ്യാഖ്യാനങ്ങളെ വേദഭാഗത്തു നിന്നു തന്നെ പിന്തുണയ്ക്കുവാൻ നമുക്കു കഴിഞ്ഞിരിക്കണം. മൂന്നു മേഖലകൾ കുറഞ്ഞ പക്ഷം പരിമിതമായ വിലയിരുത്തലെങ്കിലും പ്രദാനം ചെയ്യുന്നു.

1. യഥാർത്ഥ എഴുത്തുകാരന്റെ
    a. ചരിത്ര പശ്ചാത്തലം
    b. സാഹിത്യപരമായ സന്ദർഭം
    c. സാഹിത്യ രൂപം
2. യഥാർത്ഥ എഴുത്തുകാരന്റെ തിരഞ്ഞെടുപ്പ്
    a. വ്യാകരണ ഘടനകൾ
    b. സമകാലിക കൃതികളിലെ ഉപയോഗം
    c. സാഹിത്യ രൂപം
3. പ്രായോഗികത സംബന്ധിച്ച നമ്മുടെ അറിവ്
    a. പ്രസക്ത സമാന്തര വേദഭാഗങ്ങൾ
    b. ഉപദേശങ്ങൾ തമ്മിലുള്ള ബന്ധം (വൈരുദ്ധ്യം)

നമ്മുടെ വ്യാഖ്യാനത്തിനു പിന്നിലുള്ള കാരണങ്ങളും യുക്തിയും പറയുവാൻ നമുക്കു കഴിയേണം. വിശ്വാസത്തിനും ആചരണത്തിനുമുള്ള നമ്മുടെ ഏക ഉറവിടമാണ് ബൈബിൾ. ദുഃഖകരമെന്നു പറയട്ടെ, ക്രിസ്ത്യാനികൾ പലപ്പോഴും അതെന്താണു പഠിപ്പിക്കുന്നതെന്നും ഊന്നിപ്പറയുന്നതെന്നും ഉള്ളതിനെ സംബന്ധിച്ച് ഏകാഭിപ്രായക്കാരല്ല. വേദപുസ്തകത്തിന്റെ ദൈവശ്വാസീയത അവകാശപ്പെടുകയും ചെയ്യുന്നതെന്ന കാര്യത്തിൽ ഐക്യതയിൽ എത്താൻ കഴിയാതിരിക്കുകയും ചെയ്യുന്നത് സ്വയം-പരാജയപ്പെടുത്തുന്നതിനു തുല്യമാണ്.

തുടർന്ന് വരുന്ന വ്യാഖ്യാന ഉൾക്കാഴ്ചകൾ നൽകുന്ന നാലു വായനാ ആവൃത്തി രൂപപ്പെടുത്തിയിരിക്കുന്നു.

### A. ഒന്നാം വായനാ ആവൃത്തി

1. ഒറ്റയിരുപ്പിൽ പുസ്തകം വായിക്കുക. തികച്ചും വ്യത്യസ്തമായ പരിഭാഷാ സിദ്ധാന്തമുപയോഗിക്കുന്ന വ്യത്യസ്തമായ പരിഭാഷയിൽ വീണ്ടും വായിക്കുക.
    a. പദാനുപദം (NKJV, NASB, NRSV)
    b. ഡൈനമിക് ഇക്വലന്റ് (TEV, JB)
    c. സംഗ്രഹം (ലിവിംഗ് ബൈബിൾ, ആംപ്ലിഫൈഡ് ബൈബിൾ)
2. മുഴുഗ്രന്ഥത്തിന്റെയും കേന്ദ്ര ഉദ്ദേശ്യം തേടുക. വിഷയം തിരിച്ചറിയുക.
3. കേന്ദ്ര ഉദ്ദേശ്യം അല്ലെങ്കിൽ വിഷയം വ്യക്തമായി വെളിപ്പെടുത്തുന്ന ഒരു സാഹിത്യഘടകം, ഒരു അധ്യായം, ഒരു ഖണ്ഡിക, അല്ലെങ്കിൽ ഒരു വാക്യം വേർതിരിച്ചെടുക്കുക.
4. മുന്നിട്ടു നിൽക്കുന്ന സാഹിത്യരൂപം തിരിച്ചറിയുക
    a. പഴയ നിയമം
        (1) എബ്രായ വിവരണം
        (2) എബ്രായ കാവ്യം (ജ്ഞാന സാഹിത്യം, സങ്കീർത്തനം)
        (3) എബ്രായ പ്രവചനം (ഗദ്യം, കാവ്യം)
        (4) നിയമ സംഹിത
    b. പുതിയ നിയമം
        (1) വിവരണങ്ങൾ (സുവിശേഷങ്ങൾ, അപ്പൊസ്തല പ്രവൃത്തികൾ)
        (2) ഉപമകൾ (സുവിശേഷങ്ങൾ)
        (3) എഴുത്തുകൾ/ലേഖനങ്ങൾ
        (4) വെളിപ്പാടു സാഹിത്യം

### B. രണ്ടാം വായനാ ആവൃത്തി

1. മുഴുഗ്രന്ഥവും വീണ്ടും വായിക്കുക, പ്രധാന വിഷയങ്ങൾ കണ്ടെത്താൻ ശ്രമിക്കുക.
2. പ്രധാന വിഷയങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും അവയുടെ ഉള്ളടക്കം ലളിതമായ പ്രസ്താവനകളിൽ രേഖപ്പെടുത്തുകയും ചെയ്യുക.
3. നിങ്ങളുടെ ഉദ്ദേശ്യ പ്രസ്താവനയും വിശാല രൂപരേഖയും പഠന സഹായിയുമായി ഒത്തുനോക്കുക.

### C. മൂന്നാം വായനാ ആവൃത്തി

1. മുഴുഗ്രന്ഥവും വീണ്ടും വായിക്കുക, പുസ്തകത്തിൽ നിന്നു തന്നെ രചനയിലേക്കു നയിച്ച ചരിത്ര പശ്ചാത്തലവും പ്രത്യേക സന്ദർഭവും കണ്ടെത്തുക.
2. വേദപുസ്തക ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള ചരിത്ര ഘടകങ്ങൾ രേഖപ്പെടുത്തുക.
    a. എഴുത്തുകാരൻ
    b. എഴുതിയ കാലം
    c. സ്വീകർത്താക്കൾ
    d. എഴുതാനുള്ള പ്രത്യേക കാരണം
    e. രചനോദ്ദേശ്യവുമായി ബന്ധപ്പെട്ട സാംസ്കാരിക പശ്ചാത്തലത്തിന്റെ വശങ്ങൾ
    f. ചരിത്ര ആളുകളുടെയും സംഭവങ്ങളുടെയും പരാമർശം
3. നിങ്ങൾ വ്യാഖ്യാനിക്കുന്ന വേദപുസ്തകഗ്രന്ഥത്തിന്റെ ആ ഭാഗത്തിന്റെ ഖണ്ഡികാ നിലവാരത്തി

ലുള്ള രൂപരേഖ  തയ്യാറാക്കുക. എല്ലായ്പ്പോഴും സാഹിത്യ ഘടകം തിരിച്ചറിഞ്ഞുവേണം രൂപരേഖ തയ്യാറാക്കാൻ. ഇതൊരു പക്ഷേ അനേക അധ്യായങ്ങളോ ഖണ്ഡികകളോ കാണും. ഇത് യഥാർത്ഥ എഴുത്തുകാരന്റെ യുക്തിയും പാഠരൂപകല്പനയും പിന്തുടരുവാൻ നിങ്ങളെ സഹായിക്കും.

4. പഠന സഹായികൾ ഉപയോഗിച്ച് നിങ്ങൾ രേഖപ്പെടുത്തിയ ചരിത്ര പശ്ചാത്തലം പരിശോധിക്കുക

### D. നാലാം വായനാ ആവൃത്തി

1. വീണ്ടും നിരവധി പരിഭാഷകളിൽ പ്രത്യേക സാഹിത്യ ഘടകം വായിക്കുക.
   a. പദാനുപദം (NKJV, NASB, NRSV)
   b. ഡൈനമിക് ഇക്വലന്റ് (TEV, JB)
   c. സംഗ്രഹം (ലിവിംഗ് ബൈബിൾ, ആംപ്ലിഫൈഡ് ബൈബിൾ)
2. സാഹിത്യ അഥവാ വ്യാകരണ ഘടനകൾ ശ്രദ്ധിക്കുക.
   a. ആവർത്തിക്കുന്ന പ്രയോഗങ്ങൾ, എഫെ. 1:6, 12, 13)
   b. ആവർത്തിക്കുന്ന വ്യാകരണ ഘടകങ്ങൾ, റോമ. 8:31
   c. വിരുദ്ധ ആശയങ്ങൾ
3. താഴെക്കാണുന്ന കാര്യങ്ങൾ രേഖപ്പെടുത്തുക
   a. പ്രാധാന്യമുള്ള പദങ്ങൾ
   b. അസാധാരണ പദങ്ങൾ
   c. സുപ്രധാന വ്യാകരണ ഘടനകൾ
   d. പ്രത്യേകമായി പ്രയാസമുള്ള വാക്കുകൾ, വാക്യഭാഗങ്ങൾ, വാചകങ്ങൾ
4. പ്രസക്തമായ സമാന്തര ഭാഗങ്ങൾ അന്വേഷിക്കുക
   a. താഴെപ്പറയുന്നവ ഉപയോഗിച്ച് തങ്ങളുടെ വിഷയത്തെ സംബന്ധിച്ച് വ്യക്തമായി പഠിപ്പിക്കുന്ന ഭാഗങ്ങൾ നോക്കുക.
      (1) "വ്യവസ്ഥാപിത ദൈവശാസ്ത്ര" ഗ്രന്ഥങ്ങൾ
      (2) റഫറൻസ് ബൈബിളുകൾ
      (3) കൺകോഡൻസുകൾ
   b. നിങ്ങളുടെ വിഷയത്തിനുള്ളിൽ സാധ്യതയുള്ള വിരുദ്ധ ജോഡികൾ കണ്ടെത്തുക. അനേക വേദപുസ്തക സത്യങ്ങളും വിരുദ്ധജോഡികളായിട്ടാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്: ഇത്തരം വേദപുസ്ത സംഘർഷങ്ങളെ വാക്യത്തെളിവായി എടുക്കുന്നതിൽ നിന്നാണ് അനേക സഭാ വിഭാഗ ഭിന്നതകളും ഉണ്ടായിട്ടുള്ളത്. വേദപുസ്തകം മുഴുവനും ദൈവനിശ്വാസീയമാണ്. നമ്മുടെ വ്യാഖ്യാനത്തിന് തിരുവെഴുത്തടിസ്ഥാനത്തിലുള്ള സന്തുലനം നൽകുന്നതിന് നാം അതിന്റെ പൂർണ്ണമായ സന്ദേശം കണ്ടെത്തേണ്ടതാണ്.
   c. അതേ പുസ്തകത്തിൽ അതേ എഴുത്തുകാരനിൽ അല്ലെങ്കിൽ അതേ സാഹിത്യരൂപത്തിൽ ഉള്ള സമാന്തരങ്ങൾ കണ്ടെത്തുക; വേദപുസ്തകത്തിന്റെ എഴുത്തുകാരൻ ഒരൊറ്റ വ്യക്തി– പരിശുദ്ധാത്മാവ്– ആകയാൽ ബൈബിൾ തന്നെയാണ് അതിന്റെ ഏറ്റവും നല്ല വ്യാഖ്യാതാവ്.
5. ചരിത്ര പശ്ചാത്തലവും സന്ദർഭവും സംബന്ധിച്ച നിങ്ങളുടെ നിരീക്ഷണങ്ങൾ പരിശോധിക്കുവാൻ പഠന സഹായികൾ ഉപയോഗിക്കുക
   a. പഠന ബൈബിളുകൾ
   b. ബൈബിൾ എൻസൈക്ലോപീഡിയകൾ, ഹാൻഡ് ബുക്കുകൾ, ഡിക്ഷ്ണറികൾ
   c. വേദപുസ്തക പ്രവേശികകൾ
   d. ബൈബിൾ കമന്ററികൾ (ഈ ഘട്ടത്തിൽ നിങ്ങളുടെ വ്യക്തിപരമായ പഠനത്തെ സഹായിക്കുവാനും തിരുത്തുവാനും മുമ്പും ഇപ്പോഴുമുള്ള വിശ്വാസ സമൂഹത്തെ അനുവദിക്കുക)

## IV. വേദപുസ്തക വ്യാഖ്യാനത്തിന്റെ പ്രായോഗികത

ഈ ഘട്ടത്തിൽ നാം പ്രായോഗികതയിലേക്കു കടക്കുകയാണ്. വേദഭാഗത്തെ അതിന്റെ യഥാർത്ഥ പശ്ചാത്തലത്തിൽ മനസ്സിലാക്കുവാൻ നിങ്ങൾ സമയം എടുത്തു. ഇനി നിങ്ങളതു നിങ്ങളുടെ ജീവിതത്തിൽ നിങ്ങളുടെ സംസ്കാരത്തിൽ പ്രായോഗികമാക്കണം. "യഥാർത്ഥ വേദപുസ്തക എഴുത്തുകാരൻ തന്റെ കാലഘട്ടത്തോടു സംസാരിച്ച കാര്യം മനസ്സിലാക്കി ആ സത്യം നമ്മുടെ കാലഘട്ടത്തോടു സംസാരിക്കുന്നതാണ്" വേദപുസ്തക അധികാരം എന്നാണ് എന്റെ നിർവചനം.

സമയത്തിലും യുക്തിയിലും യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തിന്റെ വ്യാഖ്യാനത്തെ തുടർന്ന് പ്രായോഗികത ഉണ്ടായിരിക്കണം. ഒരു വേദഭാഗം അതിന്റെ കാലഘട്ടത്തോട് എന്താണു സംസാരിച്ചതെന്നു മനസ്സിലാക്കാതെ അതിനെ നമ്മുടെ കാലഘട്ടത്തിൽ പ്രായോഗികമാക്കുവാൻ നമുക്കു കഴിയുകയില്ല. ഒരു വേദഭാഗത്തിന് അതിനൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു അർത്ഥം ഇപ്പോഴുണ്ടാകുക സാധ്യമല്ല.

ഖണ്ഡികാ തലത്തിലേക്കുള്ള (വായനാ ആവൃത്തി 3) നിങ്ങളുടെ വിശദമായ രൂപരേഖയാണ് നിങ്ങളുടെ മാർഗ്ഗദർശി. പ്രായോഗികത പദ തലത്തിലല്ല, ഖണ്ഡികാ തലത്തിലാണ് രൂപപ്പെടുത്തേണ്ടത്. സന്ദർഭാടിസ്ഥാനത്തിൽ മാത്രമേ വാക്കുകൾക്ക് അർത്ഥമുള്ളൂ. വാക്യ ഭാഗങ്ങൾക്കും സന്ദർഭാടിസ്ഥാനത്തിൽ മാത്രമേ അർത്ഥമുള്ളൂ; വാചകങ്ങൾക്കും സന്ദർഭാടിസ്ഥാനത്തിൽ മാത്രമേ അർത്ഥമുള്ളൂ. വ്യാഖ്യാന പ്രക്രിയയിൽ ഇടപെടുന്ന ഏക

ദൈവനിശ്വാസീയ വ്യക്തി യഥാർത്ഥ എഴുത്തുകാരൻ മാത്രമാണ്. അവൻ നയിക്കുന്നിടത്തേക്ക് പരിശുദ്ധാത്മാവിന്റെ പ്രകാശനത്താൽ മാത്രം നാം പിന്തുടരേണം. എന്നാൽ പ്രകാശനം ദൈവനിശ്വാസീയത അല്ല. "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്നു പറയണമെങ്കിൽ നാം യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തിൽ നിൽക്കേണം. പ്രായോഗികത, വ്യക്തമായും മുഴുവൻ വേദഭാഗത്തിന്റെയും, പ്രത്യേക സാഹിത്യ ഘടകത്തിന്റെയും ഖണ്ഡികാതലത്തിലുള്ള ആശയ വികാസത്തിന്റെയും ബന്ധത്തിലായിരിക്കണം.

നമ്മുടെ കാലഘട്ടത്തിലെ വിഷയങ്ങൾ ബൈബിളിനെ വ്യാഖ്യാനിക്കുവാൻ അനുവദിക്കരുത്. ബൈബിൾ സംസാരിക്കട്ടെ. ഇതിന് നാം വേദഭാഗത്തിൽ നിന്നും തത്വങ്ങൾ കണ്ടെത്തണം. വേദഭാഗം തത്വത്തെ പിന്തുണയ്ക്കുന്നുവെങ്കിൽ അത് വിലയുള്ളതാണ്. നിർഭാഗ്യവശാൽ മിക്കപ്പോഴും നമ്മുടെ തത്വങ്ങൾ "നമ്മുടെ" തത്വങ്ങൾ – വേദഭാഗത്തിന്റെ തത്വങ്ങൾ അല്ല – ആയി മാറാറുണ്ട്.

ബൈബിൾ പ്രായോഗികമാക്കുമ്പോൾ, ഒരൊറ്റ അർത്ഥം മാത്രമേ വേദഭാഗത്തെ സംബന്ധിച്ച് സാധുതയുള്ളൂ (പ്രവചനത്തിലൊഴികെ) എന്ന കാര്യം നാം ഓർത്തിരിക്കേണം. ആ അർത്ഥം, യഥാർത്ഥ എഴുത്തുകാരൻ തന്റെ കാലത്തെ ഒരു പ്രതിസന്ധിയോട് അഥവാ ആവശ്യത്തോട് പ്രതികരിക്കുമ്പോൾ ഉളവാകുന്ന ഉദ്ദേശ്യത്തോടു ബന്ധപ്പെട്ടതായിരിക്കും. ഈ ഒരൊറ്റ അർത്ഥത്തിൽ നിന്ന് അനേക പ്രായോഗികതകൾ ഉരുത്തിരിയാൻ സാധ്യതയുണ്ട്. പ്രായോഗികത സ്വീകർത്താവിന്റെ ആവശ്യത്തിനടിസ്ഥാനപ്പെട്ടതായിരിക്കുമെങ്കിലും അത് യഥാർത്ഥ എഴുത്തുകാരന്റെ അർത്ഥവുമായി ബന്ധപ്പെട്ടതായിരിക്കേണം.

## V. വ്യാഖ്യാനത്തിന്റെ ആത്മിക വരം

ഇതുവരെയും ഞാൻ ചർച്ച ചെയ്തത് വ്യാഖ്യാനത്തിലും പ്രായോഗിതകയിലും ഉൾക്കൊണ്ടിരിക്കുന്ന യുക്തിപരവും പാഠപരവുമായ പ്രക്രിയയെക്കുറിച്ചായിരുന്നു. ഇനി വ്യാഖ്യാനത്തിന്റെ ആത്മിക വശത്തെക്കുറിച്ച് ഹ്യസ്വമായി ചിന്തിക്കാം. എന്നെ സംബന്ധിച്ച് താഴെപ്പറുയന്ന കാര്യങ്ങൾ സഹായകമാണ്.

A. ആത്മാവിന്റെ സഹായത്തിനായി പ്രാർത്ഥിക്കുക (ഒ.നോ. 1 കൊരി. 1:26–2:16)
B. വ്യക്തിപരമായ പാപമോചനത്തിനും അറിവുള്ള പാപത്തിൽ നിന്നുള്ള വിടുതലിനായും പ്രാർത്ഥിക്കുക (ഒ.നോ. 1 യോഹ. 1:9)
C. ദൈവത്തെ അറിയുന്നതിനുള്ള വർദ്ധിച്ച ആഗ്രഹത്തിനായി പ്രാർത്ഥിക്കുക (ഒ.നോ. സങ്കീ. 19:1–14; 42:1 മുതൽ; 119:1 മുതൽ)
D. ഏതു പുതിയ ഉൾക്കാഴ്ചയും ഉടൻ നിങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കുക
E. താഴ്മയും പഠിപ്പിക്കപ്പെടാനുള്ള മനസ്സും ഉള്ളവരായിരിക്കുക

യുക്തിപരമായ പ്രക്രിയയും പരിശുദ്ധാത്മാവിന്റെ ആത്മിക നേതൃത്വവും തമ്മിലുള്ള സന്തുലനം സൂക്ഷിക്കുക വളരെ പ്രയാസമാണ്. ഇതു രണ്ടും സന്തുലനപ്പെടുത്തുവാൻ താഴെക്കൊടുത്തിരിക്കുന്ന ഉദ്ധരണികൾ എന്നെ സഹായിച്ചിട്ടുണ്ട്.

A. ജയിംസ് ഡബ്ല്യൂ. സൈറിന്റെ *സ്ക്രിപ്ച്ചർ ടിസ്റ്റിംഗ്*, പേ. 17–18

"പ്രകാശനം ദൈവജനത്തിന്റെ മനസ്സിലാണു വരുന്നത് – ആത്മികോന്നതിയിൽ നിലനിൽക്കുന്നവർക്കല്ല. വേദപുസ്തക ക്രിസ്ത്യാനിത്വത്തിൽ 'ഗുരു' കുലത്തിൽ പെട്ടവരില്ല, പ്രത്യേക പ്രകാശനം ഉള്ളവരില്ല. സകല വ്യാഖ്യാനവും കടന്നുവരേണ്ടതരത്തിൽ പെട്ട പ്രത്യേക ജനവിഭാഗവുമില്ല. അതുകൊണ്ട് പരിശുദ്ധാത്മാവ് ജ്ഞാനം, അറിവ്, ആത്മിക വിവേചനം എന്നിവയ്ക്കുള്ള പ്രത്യേക വരങ്ങൾ നൽകുമ്പോൾ അവൻ ഈ വരപ്രാപ്തരായ വിശ്വാസികളെ തന്റെ വചനം വ്യാഖ്യാനിക്കുന്നതിനുള്ള ഏക ആധികാരിക വ്യാഖ്യാതാക്കളായി നിയമിക്കുകയല്ല ചെയ്യുന്നത്. അതിനാൽ ദൈവവചനം പഠിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ വിധിക്കുവാനും വിവേചിക്കുവാനുമുള്ള ഉത്തരവാദിത്വം അവന്റെ ജനത്തിൽ ഓരോരുത്തർക്കും, ദൈവം പ്രത്യേക വരങ്ങൾ നൽകപ്പെട്ടിട്ടുള്ളവർക്കുപോലും, ഉള്ളതാണ്. ചുരുക്കത്തിൽ ഈ പുസ്തകത്തിൽ ഉടനീളം ഞാൻ നടത്തിയിട്ടുള്ള നിഗമനം, ബൈബിൾ സകല മനുഷ്യർക്കുമുള്ള ദൈവത്തിന്റെ സത്യവെളിപ്പാടും, അതു സംസാരിക്കുന്ന സകല വിഷയങ്ങളെ സംബന്ധിച്ചുള്ള നമ്മുടെ ആത്യന്തിക അധികാരവും, അതൊരു സമ്പൂർണ്ണ കർമ്മമല്ല, മറിച്ച് എല്ലാ സംസ്കാരങ്ങളിലുമുള്ള സാധാരണ ജനത്തിന് നന്നായി മനസ്സിലാക്കാൻ കഴിയുന്നതുമാണ് എന്ന വസ്തുതാണ്."

B. ബർണാഡ് റാമിന്റെ *പ്രൊട്ടസ്റ്റന്റ് ബിബ്ലിക്കൽ ഇന്റർപ്രട്ടേഷൻ,* പേ. 75 ൽ കിർക്കെഗാഡിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്:

കിർക്കെഗാഡ് പറഞ്ഞിരിക്കുന്നത് ബൈബിളിന്റെ വ്യാകരണപരവും പദപഠനപരവും ചരിത്രപരവുമായ പഠനം ആവശ്യമായിരിക്കുമ്പോൾ തന്നെ, യഥാർത്ഥ വേദപുസ്തക വായനയോടുള്ള ബന്ധത്തിൽ അതു പ്രാഥമിക കാര്യം മാത്രമാണ്. "ദൈവവചനം എന്ന നിലയിൽ ബൈബിൾ വായിക്കുന്നതിന് ഒരുവന് അത്, ഹൃദയത്തിൽ നിന്ന്, തള്ളവിരലിൽ എഴുന്നേറ്റു നിന്ന്, ആകാംക്ഷാഭരിതനായി, ദൈവത്തോടു സംസാരിച്ചുകൊണ്ട് വായിക്കേണം. ചിന്താശൂന്യമായോ, അലക്ഷ്യമായോ, ബുദ്ധിപരമായോ തൊഴിലിനോടു ബന്ധപ്പെട്ടോ ബൈബിൾ വായിക്കുന്നത്, ദൈവചനമെന്ന നിലയിലുള്ള ബൈബിൾ വായനയല്ല. ഒരു പ്രണയ ലേഖനം വായിക്കുന്നതുപോലെ അതു വായിക്കുമ്പോഴാണ് ദൈവവചനം എന്ന നിലയിൽ അവനതു വായിക്കുന്നത്."

C. സി.എച്ച്. റോവ്ലി *ദ റലവൻസ് ഓഫ് ദ ബൈബിൾ, പേ. 19*

"ബൈബിളിനെക്കുറിച്ചുള്ള ബുദ്ധിപരമായ അറിവിന് അത് എത്ര പൂർണ്ണമായിരുന്നാലും, അതിന്റെ മുഴു സമ്പത്തും കൈവശപ്പെടുത്താൻ കഴിയുകയില്ല. അത്തരം അറിവിനെ അതു നിരാകരിക്കുന്നില്ല, കാരണം അറിവ് പൂർണ്ണമാകുവാൻ അതാവശ്യമാണ്. എന്നിരുന്നാലും അതു പൂർത്തീകരണത്തിലെ ത്തുവാൻ ഈ പുസ്തകത്തിലെ ആത്മീയ നിക്ഷേപത്തെക്കുറിച്ചുള്ള ഒരു ആത്മിക ജ്ഞാനത്തിലേക്കതു നയിക്കേണം. ആത്മിക ജ്ഞാനത്തിന് കേവലം ബുദ്ധിപരമായ ജാഗ്രതയെക്കാൾ കൂടുതലായ ഒന്ന് ആവശ്യമായിരിക്കുന്നു. ആത്മിക കാര്യങ്ങൾ ആത്മികമായി വിവേചിക്കേണ്ടതാണ്; അതിനാൽ വേദ പുസ്തക പഠിതാവിന് ആത്മീയമായി സ്വീകരിക്കുന്നതിനുള്ള ഒരു മനോഭാവവും ദൈവത്തിന് തന്നെ ത്താൻ കീഴ്പ്പെടുത്തിക്കൊടുക്കുന്നതിനുവേണ്ടി അവനെ കണ്ടെത്തുവാനുള്ള ഒരു ആകാംക്ഷയും ഉണ്ടായിരിക്കേണം. എങ്കിൽ മാത്രമേ അവന് തന്റെ ശാസ്ത്രീയ പഠനത്തിനപ്പുറമായി സകല ഗ്രന്ഥങ്ങ ളിലും വിശിഷ്ടമായ ഈ ഗ്രന്ഥത്തിന്റെ സമ്പന്നമായ അവകാശം പ്രാപിക്കാൻ കഴിയൂ."

## VI. ഈ വ്യാഖ്യാനത്തിന്റെ രീതി

*പഠന മാർഗ്ഗനിർദ്ദേശക വ്യാഖ്യാനം* താഴെപ്പറയുന്ന മാർഗ്ഗങ്ങളിൽ നിങ്ങളുടെ വ്യാഖ്യാന പ്രക്രിയയെ സഹായിക്കുവാൻ രൂപകല്പന ചെയ്തിട്ടുള്ളതാണ്.

A. ഓരോ പുസ്തകത്തിന്റെയും മുഖവുരയായി ഹ്രസ്വമായ ചരിത്ര രൂപരേഖ. "വായനാ ആവൃത്തി 3" നിങ്ങൾ പൂർത്തിയാക്കിയ ശേഷം ഈ വിവരം പരിശോധിക്കുക

B. ഓരോ അദ്ധ്യായത്തിന്റെയും ആരംഭത്തിൽ പശ്ചാത്തല ഉൾക്കാഴ്ചകൾ കാണാവുന്നതാണ്. സാഹിത്യ ഘടകങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നതെങ്ങനെയെന്നു കാണാൻ ഇതു നിങ്ങളെ സഹായിക്കും.

C. ഓരോ അദ്ധ്യായത്തിന്റെ അല്ലെങ്കിൽ പ്രധാന സാഹിത്യഘടകത്തിന്റെ ആരംഭത്തിൽ ഖണ്ഡികാ വിഭജനവും അവയുടെ തലക്കെട്ടും നിരവധി ആധുനിക പരിഭാഷകളിൽ നിന്നുള്ളതു ചേർത്തിരിക്കുന്നു.

1. The United Bible Society Greek text, fourth edition revised(UBS4)
2. The New American Standard Bible, 1995 Update (NASB)
3. The New King James Version (NKJV)
4. The New Revised Standard Version (NRSV)
5. Today's English Version (TEV)
6. The Jerusalem Bible (JB)

ഖണ്ഡികാ വിഭജനം ദൈവനിശ്വാസീയമല്ല. അവ സന്ദർഭാടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതാണ്. വ്യത്യസ്ത പരിഭാഷാ സിദ്ധാന്തങ്ങളും ദൈവശാസ്ത്ര വീക്ഷണങ്ങളും അടിസ്ഥാനമാക്കിയിട്ടുള്ള നിരവധി ആധുനിക പരിഭാഷകൾ താരതമ്യപ്പെടുത്തുക വഴി, യഥാർത്ഥ എഴുത്തുകാരന്റെ ആശയത്തിന്റെ ഘടന വിശകലനം ചെയ്യാൻ നമുക്കു കഴിയും. ഓരോ ഖണ്ഡികയിലും ഒരു പ്രധാന സത്യം ഉൾക്കൊണ്ടിരിക്കും. ഇതിനെ "വിഷയ വാചകം" എന്നോ "പാഠത്തിന്റെ കേന്ദ്ര ആശയം" എന്നോ വിളിക്കാം. ഈ ഏകീകൃത ചിന്തയാണ് ശരിയായ നിലയിലുള്ള ചരിത്രപരവും വ്യാകരണപരവുമായ വ്യാഖ്യാനത്തിന്റെ താക്കോൽ. ഒരു ഖണ്ഡികയിൽ കുറഞ്ഞ ഒരു ഭാഗത്തു നിന്നു ഒരുവൻ വ്യാഖ്യാനിക്കുകയോ പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ അരുത്. ഒപ്പം തന്നെ ഓരോ ഖണ്ഡി കയും അതിനു ചുറ്റുമുള്ള ഖണ്ഡികകളോട് ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യവും മറക്കരുത്. അക്കാരണത്താലാണ് മറ്റു ഗ്രന്ഥത്തിന്റെയും ഖണ്ഡികാ തലത്തിലുള്ള രൂപരേഖ സുപ്രധാനമായിരിക്കുന്നത്. യഥാർത്ഥ ദൈവനിശ്വാസീയ എഴുത്തുകാരൻ അവതരിപ്പിക്കുന്ന വിഷയത്തിന്റെ യുക്തിപരമായ ഒഴുക്കിനെ പിന്തുടരുവാൻ നമുക്കു കഴിഞ്ഞിരി ക്കണം.

D. ബോബിന്റെ കുറിപ്പുകൾ വ്യാഖ്യാനത്തിന്റെ പദാനുപദ സമീപനത്തെയാണ് പിന്തുടരുന്നത്. ഇത് യഥാർത്ഥ എഴുത്തുകാരന്റെ ചിന്തയെ പിന്തുടരുവാൻ നമ്മെ നിർബന്ധിക്കുന്നു.
ഈ കുറിപ്പുകൾ വിവിധ മേഖലകളിൽ നിന്നുള്ള വിവരങ്ങൾ പ്രദാനം ചെയ്യുന്നു.

1. സാഹിത്യ സന്ദർഭം
2. ചരിത്രപരവും സാസ്കാരികവുമായ ഉൾക്കാഴ്ചകൾ
3. വ്യാകരണ വിവരങ്ങൾ
4. പദ പഠനങ്ങൾ
5. പ്രസക്ത സമാന്തര വേദഭാഗങ്ങൾ

E. വ്യാഖ്യാനത്തിലെ പ്രത്യേക ഘട്ടങ്ങളിൽ, നിരവധി ആധുനിക പരിഭാഷകളിൽ നിന്നുള്ള ഭാഗങ്ങളും കൊടുക്കുന്നുണ്ട്.

1. "ടെക്സ്റ്റസ് റിസപ്റ്റസ്" ലെ കയ്യെഴുത്തു പ്രതികൾ പിന്തുടരുന്ന ന്യൂ കിംഗ് ജയിംസ് വേർഷൻ (NKJV)
2. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷന്റെ പരിഷ്കരിച്ച പതിപ്പായ പദാനുപദ പരിഭാഷ, ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ (NRSV)
3. അമേരിക്കൻ ബൈബിൾ സൊസൈറ്റിയുടെ ഡൈനമിക് ഇക്വലന്റ് പരിഭാഷയായ ടുഡെയ്സ് ഇംഗ്ലീഷ് വേർഷൻ (TEV)
4. ഫ്രെഞ്ച് കത്തോലിക്ക ഡൈനമിക് ഇക്വലന്റ് പരിഭാഷയെ അടിസ്ഥാനമാക്കിയുള്ള ജറുസലേം ബൈബിൾ (JB)

F. ഗ്രീക്ക് വായിക്കാൻ കഴിയാത്തവർക്ക് ഇംഗ്ലീഷ് പരിഭാഷകൾ താരതമ്യപ്പെടുത്തുന്നത്, പാഠഭാഗത്തിലെ പ്രശ്നങ്ങൾ തിരിച്ചറിയാൻ സഹായിക്കും

1. കയ്യെഴുത്തു പ്രതിയിലെ വ്യത്യാസങ്ങൾ
2. പദങ്ങളുടെ പകരം അർത്ഥങ്ങൾ
3. വ്യാകരണപരമായി പ്രയാസമുള്ള പാഠഭാഗവും ഘടനയും
4. ദുർഗ്രഹമായ പാഠഭാഗങ്ങൾ

ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇംഗ്ലീഷ് പരിഭാഷകൾക്കു കഴിയില്ലെങ്കിലും, അവയെ ആഴവും കൂടുതൽ ഗഹവുമായ പഠന മേഖലകളായി ചൂണ്ടിക്കാണിക്കുവാൻ അവയ്ക്കു കഴിയും.

G. ഓരോ അധ്യായത്തിന്റെയും അവസാനം, ആ അധ്യായത്തിലെ പ്രധാന വ്യാഖ്യാന വിഷയങ്ങളെ ലക്ഷ്യമാക്കാനുദ്ദേശിച്ചുള്ള പ്രസക്തമായ ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ നൽകിയിട്ടുണ്ട്.

# റോമാലേഖനത്തിന് ഒരു ആമുഖം

## പ്രാരംഭ പ്രസ്താവനകൾ

A. അപ്പൊസ്തലനായ പൗലൊസിന്റെ ഉപദേശപരമായ ഗ്രന്ഥങ്ങളിൽ ഏറ്റവും വ്യവസ്ഥാപിതവും യുക്തിപരവുമായ ഗ്രന്ഥമാണ് റോമാലേഖനം. റോമിലെ സാഹചര്യങ്ങളാൽ അതു സ്വാധീനിക്കപ്പെട്ടിരുന്നു എന്നതിനാൽ അതൊരു "സന്ദർഭാനുസരണ" രേഖയാണ്. ലേഖനമെഴുതുന്നതിന് പൗലൊസിനെ പ്രേരിപ്പിച്ച എന്തോ ഒന്നു സംഭവിച്ചു. എന്നിരുന്നാലും പൗലൊസിന്റെ രചനകളിലെ ഏറ്റവും നിഷ്പക്ഷമായതാണത്; അതിൽ പ്രശ്നത്തോടിടപെടുന്ന പൗലൊസിന്റെ മാർഗ്ഗം (ഒരുപക്ഷേ യെഹൂദവിശ്വാസികളും ജാതീയ നേതൃത്വത്തിനുമിടയിൽ സംഭവിച്ച ഭിന്നത, ഒ.നോ. 14:1–15:13) സുവിശേഷത്തിന്റെയും ദൈനംദിന ജീവിതത്തിലുള്ള അതിന്റെ പ്രായോഗികതയുടെയും വ്യക്തമായ അവതരണമായിരുന്നു.

B. ഗലാത്യലേഖനത്തിലെ സത്യങ്ങളുടെ ദൈവശാസ്ത്രപരമായ വികാസമാണ് റോമർ. റോമാലേഖനത്തിന്റെ വികാസം ഒരു സംക്ഷിപ്ത ചാക്രിക ലേഖനത്തിലാക്കിയതാണ് എഫെസ്യലേഖനം. പൗലൊസിന്റെ സുവിശേഷം മാറുന്നില്ല. പക്ഷേ അവതരണ രീതി മാറുന്നു.

C. റോമാ ലേഖനത്തിലെ പൗലൊസിന്റെ സുവിശേഷ അവതരണം എല്ലാ കാലഘട്ടത്തിലെയും സഭാജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്.
   1. എ.ഡി. 386 ൽ റോമ. 13:13–14 വായിച്ച് അഗസ്റ്റിൻ രക്ഷിക്കപ്പെട്ടു.
   2. മാർട്ടിൻ ലൂഥറിന്റെ രക്ഷയെ സംബന്ധിച്ചുള്ള അറിവ് 1513 ൽ സമൂല പരിവർത്തനത്തിനു വിധേയമായത് അദ്ദേഹം സങ്കീ. 31:1 നെ റോമർ 1:17 മായി താരതമ്യപ്പെടുത്തിയപ്പോഴാണ് (ഒ.നോ. ഹബ. 2:4).
   3. ജോൺ വെസ്ലി 1738 ൽ ഒരു മെന്നോനൈറ്റ് മീറ്റിംഗിനടുത്തുകൂടി പോകുമ്പോൾ, അന്നത്തെ പ്രസംഗകൻ വരാതിരുന്നതിനാൽ പകരം റോമാലേഖനത്തിനു മാർട്ടിൻ ലൂഥർ എഴുതിയ മുഖവുര ഒരാൾ വായിക്കുന്നതു കേട്ടതിനെത്തുടർന്നാണു മാനസാന്തരപ്പെട്ടത്.

D. റോമാലേഖനം മനസ്സിലാക്കുന്നതു ക്രിസ്ത്യാനിത്വത്തെ മനസ്സിലാക്കുകയാണ്! യേശുവിന്റെ ജീവിതത്തെയും ഉപദേശങ്ങളെയും എല്ലാക്കാലത്തുമുള്ള സഭയ്ക്കാവശ്യമുള്ള അടിസ്ഥാന സത്യങ്ങളാക്കി ലേഖനം രൂപപ്പെടുത്തുന്നു. അതിനെക്കുറിച്ചു മാർട്ടിൻ ലൂഥർ പറഞ്ഞത്, "പുതിയ നിയമത്തിലെ മുഖ്യഗ്രന്ഥവും നിർമ്മല സുവിശേഷവും" എന്നാണ്.

E. ഞാൻ എപ്പോഴും പുതിയ വിശ്വാസികളെ എല്ലാദിവസവും ബൈബിൾ വായിച്ചാരംഭിക്കാൻ ഉപദേശിക്കാറുണ്ട്. മൂന്നു പുതിയനിയമ ഗ്രന്ഥങ്ങൾ വായിച്ചാരംഭിക്കാനാണു ഞാൻ നിർദ്ദേശിക്കാറുള്ളത്:
   1. യോഹന്നാന്റെ സുവിശേഷം, യേശുവിനെ മനസ്സിലാക്കുവാൻ
   2. റോമാലേഖനം, സഭയിൽ പ്രാവർത്തികമാകുന്ന യേശുവിന്റെ ഉപദേശങ്ങൾ മനസ്സിലാക്കുവാൻ
   3. 1 യോഹന്നാൻ, ദൈനംദിന ജീവിതത്തിൽ സുവിശേഷപ്രകാരം എങ്ങനെ ജീവിക്കണമെന്നു മനസ്സിലാക്കുവാൻ

## എഴുത്തുകാരൻ

പൗലൊസാണ് നിശ്ചയമായും എഴുത്തുകാരൻ. അവന്റെ പതിവായ വന്ദനം 1:1 ൽ കാണാം. പൗലൊസിന്റെ "ജഡത്തിലെ ശൂലം" കാഴ്ചക്കുറവാണെന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളതിനാൽ അവൻ തനിയെ അല്ല ഈ ലേഖനം എഴുതിയത്, മറിച്ച് തെർത്തൊാസ് എന്ന എഴുത്തുകാരന്റെ സഹായത്താലാണ് (ഒ.നോ. 16:22).

## എഴുതിയ കാലം

A. റോമാലേഖനത്തിന്റെ രചന നിർവഹിച്ചിരിക്കാൻ സാധ്യതയുള്ളത് എ.ഡി. 56–58 ആണ്. കൃത്യമായി തീയതി നിശ്ചയിക്കാവുന്ന ചുരുക്കം ചില പുതിയനിയമ ഗ്രന്ഥങ്ങളിൽ ഒന്നാണിത്. അപ്പൊ. പ്രവൃ. 20:2 മുതലുള്ള ഭാഗത്തെ റോമ. 15:17 മുതലുള്ള ഭാഗവുമായി താരതമ്യപ്പെടുത്തിയാണിതു സാധിക്കുന്നത്. പൗലൊസ് യെരൂശലേമിലേക്കു യാത്ര തിരിക്കുന്നതിനു തൊട്ടുമുമ്പ്, മൂന്നാം മിഷനറി യാത്രയുടെ അവസാനത്തിൽ കൊരിന്തിൽ വച്ചായിരിക്കാം ഈ ലേഖനം എഴുതിയിട്ടുണ്ടാവുക.

B. പൗലൊസിന്റെ ലേഖനങ്ങളുടെ കാലക്കണക്കു സംബന്ധിച്ച് എഫ്. എഫ്. ബ്രൂസും മുറേ ഹാരിസും നൽകുന്ന വിവരങ്ങളിൽ ചെറിയ മാറ്റങ്ങൾ വരുത്തി ചുവടെ ചേർക്കുന്നു.

| | ഗ്രന്ഥം | തീയതി | സ്ഥലം | പ്രവൃ. യോടുള്ള ബന്ധം |
|---|---|---|---|---|
| 1. | ഗലാത്യർ | 48 | സിറിയയിലെ അന്തോക്യ | 14:28; 15:2 |
| 2. | 1 തെസ്സലൊനീക്യർ | 50 | കൊരിന്ത് | 18:5 |
| 3. | 2 തെസ്സലൊനീക്യർ | 50 | കൊരിന്ത് | |
| 4. | 1 കൊരിന്ത്യർ | 55 | എഫെസൊസ് | 19:20 |
| 5. | 2 കൊരിന്ത്യർ | 56 | മക്കദോന്യ | 20:2 |
| 6. | റോമർ | 57 | കൊരിന്ത് | 20:3 |
| 7–10. | കാരാഗൃഹ ലേഖനങ്ങൾ | | | |
| | കൊലൊസ്യർ | 60 ന്റെ ആരംഭം | | |
| | എഫെസ്യർ | 60 ന്റെ ആരംഭം | റോം | |
| | ഫിലേമോൻ | 60 ന്റെ ആരംഭം | | |
| | ഫിലിപ്പിയർ | 62 ന്റെ അവസാനം – 63 | | 28:30–31 |
| 11–13. | നാലാം മിഷനറി യാത്ര | | | |
| | 1 തിമൊഥെയൊസ് | 63 (അല്ലെങ്കിൽ | മക്കദോന്യ | |
| | തീത്തൊസ് | 63 അതിനു ശേഷം | എഫെസൊസ് (?) | |
| | 2 തിമൊഥെയൊസ് | 63 പക്ഷേ 64 നുമുമ്പ്) | റോം | |

# സ്വീകർത്താക്കൾ

റോമിലുള്ളവർക്കാണ് എഴുതിയതെന്ന് ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. റോമിലെ സഭ ആരാണു സ്ഥാപിച്ച തെന്നു നമുക്കറിയില്ല.

A. പെന്തെക്കോസ്തുനാളിൽ യെരൂശേലേം സന്ദർശിച്ചയാളുകൾ രക്ഷിക്കപ്പെടുകയും റോമിൽ മടങ്ങിയെത്തി സഭ ആരംഭിക്കുകയും ചെയ്തിരിക്കാൻ സാധ്യതയുണ്ട് (ഒ.നോ. പ്രവൃ. 2:10).

B. സ്തെഫാനൊസിന്റെ മരണത്തെത്തുടർന്ന് യെരൂശലേമിൽ ഉണ്ടായ പീഡന സമയത്ത് പലായനം ചെയ്ത ശിഷ്യന്മാരായിരിക്കാം സഭയാരംഭിച്ചത് (ഒ.നോ. പ്രവൃ. 8:4).

C. പൗലൊസിന്റെ മിഷനറി യാത്രയിൽ രക്ഷിക്കപ്പെട്ടവർ റോമിൽ എത്തിയിരിക്കാം. പൗലൊസ് ഒരിക്കലും ഈ സഭ സന്ദർശിച്ചിട്ടില്ല, എങ്കിലും അതിനായി വാഞ്ഛിച്ചിരുന്നു (ഒ.നോ. പ്രവൃ. 19:21). അവനവിടെ ധാരാളം സ്നേഹിതരുണ്ടായിരുന്നു (ഒ.നോ. റോമ. 16) "സ്നേഹോപഹാരവുമായി" യെരൂശലേമിലേക്കുള്ള യാത്രയ്ക്കു ശേഷം സ്പെയിനിലേക്കുള്ള യാത്രാമദ്ധ്യേ (ഒ.നോ. റോമ. 15:28) റോം സന്ദർശിക്കാനായിരുന്നു അവന്റെ പദ്ധതി എന്നു വ്യക്തം. മെഡിറ്ററേനിയനു കിഴക്കുള്ള തന്റെ ശുശ്രൂഷ അവസാനിച്ചതായി പൗലൊസിനു തോന്നിയിരുന്നു. അവൻ പുതിയ പ്രവർത്തന മേഖല തേടി (ഒ.നോ. റോമ. 15:20–23,28). കൊരിന്തിൽ നിന്നു പൗലൊസിന്റെ ലേഖനവുമായി പോയത് ആ ഭാഗത്തേക്കു സഞ്ചരിച്ച ശുശ്രൂഷകയായ ഫേബ ആണ് (ഒ.നോ. റോമ. 16:1).

ഒന്നാം നൂറ്റാണ്ടിൽ കൊരിന്തിലെ ഒരു ഇടുങ്ങിയ തെരുവിലിരുന്ന് ഒരു യെഹൂദ കൂടാരപ്പണിക്കാരൻ എഴുതിയ ഈ എഴുത്ത് എന്തുകൊണ്ടാണ് ഇത്രയും വിലമതിക്കപ്പെടുന്നത്? മാർട്ടിൻ ലൂഥർ ഇതിനെ "പുതിയ നിയമത്തിലെ മുഖ്യഗ്രന്ഥവും നിർമ്മല സുവിശേഷവും" എന്നു വിളിച്ചു. ഈ ഗ്രന്ഥത്തിന്റെ മൂല്യം നിലകൊള്ളുന്നത്, ജാതികളുടെ അപ്പൊസ്തലൻ എന്നു വിളിക്കപ്പെടുന്നവനും ക്രിസ്ത്യാനിത്വം സ്വീകരിച്ച റബിയുമായ തർസൊസിലെ ശൗൽ സുവിശേഷത്തിനു നൽകുന്ന ആഴത്തിലുള്ള വിശദീകരണമാണിത് എന്നതിലാണ്. പൗലൊസിന്റെ മിക്ക ലേഖനങ്ങളും പ്രാദേശിക സാഹചര്യങ്ങളുടെ നിറം കലർന്നതാണെങ്കിൽ റോമാലേഖനം അങ്ങനെയല്ല. അതൊരു അപ്പൊസ്തലന്റെ വിശ്വാസത്തിന്റെ വ്യവസ്ഥാപിത അവതരണമാണ്.

സഹവിശ്വാസീ, "വിശ്വാസം" എന്നതിനെ സൂചിപ്പിക്കുവാൻ ഇന്നുപയോഗിക്കുന്ന സാങ്കേതിക പദങ്ങൾ മിക്കതും ("നിതീകരണം" "കണക്കിടൽ," "ദത്തെടുപ്പ്," "വിശുദ്ധീകരണം") റോമാലേഖനത്തിൽ നിന്നും വന്നതാണെന്നു നിങ്ങൾക്കറിയാമോ? ഗലാത്യലേഖനത്തിലെ സത്യങ്ങളുടെ ദൈവശാസ്ത്രപരമായ വികസനമാണിത്. ഇന്നു നമ്മുടെ ജീവിതങ്ങളെക്കുറിച്ചുള്ള ദൈവഹിതം നാം ഒരുമിച്ച് അന്വേഷിക്കുമ്പോൾ ഈ വിസ്മയാവഹമായ ലേഖനം ദൈവം നമുക്കു തുറന്നുതരുവാൻ പ്രാർത്ഥിക്കുക.

# ഉദ്ദേശ്യം

A. സ്പെയിനിലേക്കുള്ള തന്റെ മിഷനറിയാത്രയ്ക്ക് റോമിലെ സഭയിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള ഒരു അഭ്യർത്ഥന. കിഴക്കൻ മെഡിറ്ററേനിയൻ പ്രദേശങ്ങളിലെ തന്റെ അപ്പൊസ്തലിക വേല തീർന്നതായി

പൗലൊസ് കണ്ടു (ഒ.നോ. 15:20–23, 28).

B. റോമിലെ സഭയിൽ വിശ്വസിക്കുന്ന യെഹൂദന്മാരും വിശ്വസിക്കുന്ന ജാതികളും തമ്മിലുള്ള പ്രശ്നത്തെ പരിഹരിക്കുവാൻ. റോമിൽ നിന്നും സകല യെഹൂദന്മാരെയും പുറത്താക്കുകയും പിന്നീടവർ മടങ്ങിവരികയും ചെയ്തതിനെത്തുടർന്നാകാം ഈ സംഭവവികാസങ്ങൾ. ആ സമയംകൊണ്ട് യെഹൂദ ക്രിസ്തീയ നേതാക്കളുടെ സ്ഥാനത്ത് ജാതീയ ക്രിസ്തീയ നേതാക്കൾ അവരോധിക്കപ്പെട്ടിരുന്നു.

C. റോമിലെ സഭയ്ക്കു തന്നെ പരിചയപ്പെടുത്തുന്നതിന്. യെരൂശലേമിൽ യഥാർത്ഥമായി മാനസാന്തരപ്പെട്ട യെഹൂദന്മാരിൽ നിന്നും (ഒ.നോ. പ്രവൃ. 15 ലെ യെരൂശലേം കൗൺസിൽ) ശരിയായ മാനസാന്തരമില്ലാത്ത യെഹൂദന്മാരിൽ നിന്നും (ഗലാത്യർ, 2 കൊരി. 3, 10–13 ലെ യെഹൂദമതവാദികൾ), സുവിശേഷത്തെ തങ്ങളുടെ സിദ്ധാന്തങ്ങളുടെ തത്വശാസ്ത്രങ്ങളുമായി (അതാ. ജ്ഞാനവാദം) കൂട്ടിക്കുഴയ്ക്കാൻ ശ്രമിച്ച ജാതികളിൽ നിന്നും വളരെ എതിർപ്പുകൾ പൗലൊസ് നേരിട്ടിരുന്നു.

D. യേശുവിന്റെ പഠിപ്പിക്കലുകളോട് കൂട്ടിച്ചേർക്കുവാൻ മടിക്കാത്ത അപകടകാരിയായ നവീനോപദേശക്കാരനാണ് പൗലൊസ് എന്ന് ആരോപിക്കപ്പെട്ടിരുന്നു. പഴയനിയമവും യേശുവിന്റെ ഉപദേശങ്ങളും (സുവിശേഷങ്ങൾ) ഉപയോഗിച്ചുകൊണ്ട് തന്റെ സുവിശേഷം എത്രമാത്രം സത്യമാണെന്ന് തെളിയിച്ച് വ്യവസ്ഥാപിതമായി തന്റെ വിശ്വാസത്തെ സാധൂകരിക്കുന്നതിനുള്ള പൗലൊസിന്റെ മാർഗ്ഗമാണ് റോമാലേഖനം.

# ലഘു രൂപരേഖ

A. മുഖവുര (1:1–17)
  1. അഭിവാദനം (1:1–7)
    a. എഴുത്തുകാരൻ (1–5)
    b. ലക്ഷ്യസ്ഥാനം (6–7a)
    c. വന്ദനം (7b)
  2. സന്ദർഭം (1:8–15)
  3. വിഷയം (1:16–17)

B. ദൈവിക നീതിയുടെ ആവശ്യകത (1:18–3:20)
  1. ജാതീയ ലോകത്തിന്റെ അധഃപതനം (1:18–32)
  2. യെഹൂദന്റെ അഥവാ ജാതീയ ധാർമ്മികവാദിയുടെ കാപട്യം (2:1–16)
  3. യെഹൂദന്റെ ന്യായവിധി (2:17–3:8)
  4. സാർവ്വലൗകിക കുറ്റപത്രം (3:9–20)

C. എന്താണ് ദൈവിക നീതി (3:21–8:39)
  1. വിശ്വാസത്താൽ മാത്രമുള്ള നീതി (3:21–31)
  2. നീതിയുടെ അടിസ്ഥാനം: ദൈവത്തിന്റെ വാഗ്ദത്തം (4:1–25)
    a. അബ്രഹാമിന്റെ ശരിയായ നില്പ് (4:1–5)
    b. ദാവീദ് (4:6–8)
    c. പരിച്ഛേദനയോടുള്ള അബ്രഹാമിന്റെ ബന്ധം (4:9–12)
    d. അബ്രഹാമിനോടുള്ള ദൈവിക വാഗ്ദത്തം (4:13–25)
  3. നീതി പ്രാപിക്കൽ (5:1–21)
    a. വിഷയപരമായ വശം: അർഹിക്കാത്ത സ്നേഹം, സമാനതയില്ലാത്ത സന്തോഷം (5:1–5)
    b. ലക്ഷ്യപരമായ അടിസ്ഥാനം: ദൈവത്തിന്റെ അത്ഭുത സ്നേഹം (5:6–11)
    c. ആദാം/ക്രിസ്തു നിഴലും പൊരുളും: ആദാമിന്റെ ലംഘനം, ദൈവത്തിന്റെ ദാനം (5:12–21)
  4. ദൈവിക നീതി വ്യക്തിപരമായ നീതിയായി പരിണമിക്കണം (6:1–7:25)
    a. പാപത്തിൽ നിന്നു സ്വാതന്ത്ര്യം (6:1–14)
      (1) സാധ്യതയുള്ള എതിർപ്പ് (6:1–2)
      (2) സ്നാനത്തിന്റെ അർത്ഥം (6:3–14)
    b. സാത്താന്റെ അടിമ അല്ലെങ്കിൽ ദൈവത്തിന്റെ അടിമ: നിങ്ങളുടെ തിരഞ്ഞെടുപ്പ് (6:15–23)
    c. ന്യായപ്രമാണത്തോടുള്ള മനുഷ്യന്റെ വിവാഹം (7:1–6)
    d. ന്യായപ്രമാണം നല്ലത്, പക്ഷേ പാപം നന്മയെ തടയുന്നു (7:7–14)
    e. വിശ്വാസിയിൽ നന്മയും തിന്മയും തമ്മിലുള്ള നിത്യ പോരാട്ടം (7:15–25)
  5. ദൈവിക നീതിയുടെ ദൃശ്യമായ ഫലങ്ങൾ (8:1–39)
    a. ആത്മാവിലുള്ള ജീവിതം (8:1–17)
    b. സൃഷ്ടിയുടെ വീണ്ടെടുപ്പ് (8:18–25)
    e. ആത്മാവിന്റെ നിരന്തര സഹായം (8:26–30)
    d. വിശ്വാസത്താലുള്ള നീതീകരണത്തിന്റെ നിയമപരമായ വിജയം (8:31–39)

D. സകല മനുഷ്യർക്കും വേണ്ടിയുള്ള ദൈവികോദ്ദേശ്യം (9:1–11:32)
  1. യിസ്രായേലിന്റെ തിരഞ്ഞെടുപ്പ് (9:1–33)
    a. വിശ്വാസത്തിന്റെ യഥാർത്ഥ അവകാശികൾ (9:1–13)
    b. ദൈവത്തിന്റെ പരമാധികാരം (9:14–26)
    c. ജാതികളും ഉൾപ്പെടുന്ന ദൈവത്തിന്റെ സാർവ്വലൗകിക പദ്ധതി (9:27–33)
  2. യിസ്രായേലിന്റെ രക്ഷ (10:1–21)
    a. ദൈവിക നീതി x മാനുഷിക നീതി (10:1–13)
    b. ദൈവിക കരുണയ്ക്ക് സന്ദേശകരെ ആവശ്യമുണ്ട്. ലോകമ മിഷനറി പ്രവർത്തനത്തിനുള്ള ആഹ്വാനം (10:14–18)
    c. യിസ്രായേലിന്റെ ക്രിസ്തുവിൽ തുടരുന്ന അവിശ്വാസം (10:19–21)
  3. യിസ്രായേലിന്റെ പരാജയം (11:1–36)
    a. യെഹൂദാ ശേഷിപ്പ് (11:1–10)
    b. യെഹൂദന്റെ സ്പർദ്ധ (11:11–24)
    c. യെഹൂദന്റെ താല്ക്കാലിക അന്ധത (11:25–32)
    d. പൗലൊസിന്റെ സ്തുതി (11:33–36)

E. ദൈവിക നീതി എന്ന ദാനത്തിലെ ഫലം (12:1–15:13)
  1. സമർപ്പണത്തിനുള്ള ആഹ്വാനം (12:1–2)
  2. വരങ്ങളുടെ ഉപയോഗം (12:3–8)
  3. വിശ്വാസികൾക്ക് മറ്റു വിശ്വാസികളോടുള്ള ബന്ധം (12:9–21)
  4. രാജ്യത്തോടുള്ള ബന്ധം (13:1–7)
  5. അയൽക്കാരോടുള്ള ബന്ധം (13:8–10)
  6. നമ്മുടെ കർത്താവിനോടുള്ള ബന്ധം (13:11–14)
  7. സഹ സഭാംഗങ്ങളുമായുള്ള ബന്ധം (14:1–12)
  8. മറ്റുള്ളവരുടെമേലുള്ള നമ്മുടെ സ്വാധീനം (12:13–23)
  9. ക്രിസ്തുസാദൃശ്യത്തിലുള്ള ബന്ധം (15:1–13)

F. ഉപസംഹാരം (15:14–33)
  1. പൗലൊസിന്റെ വ്യക്തിപരമായ പദ്ധതികൾ (15:14–29)
  2. പ്രാർത്ഥനയ്ക്കുള്ള അപേക്ഷ (15:30–33)

G. പിൻകുറിപ്പ് (16:1–27)
  1. വന്ദനങ്ങൾ (16:1–24)
  2. ആശീർവാദം (16:25–27)

## ഒന്നാം വായന (പേജ് 14 കാണുക)

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും, വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്. വേദപുസ്തകം മുഴുവനായി ഒറ്റയിരുപ്പിൽ വായിക്കുക. മുഴുവൻ ഗ്രന്ഥത്തിന്റെയും കേന്ദ്രചിന്താവിഷയം നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

1. മുഴു ഗ്രന്ഥത്തിന്റെയും വിഷയം
2. സാഹിത്യ രൂപം

## രണ്ടാം വായന (പേജ് 14 കാണുക)

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും, വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്. വേദപുസ്തകം മുഴുവനായി രണ്ടാം തവണയും ഒറ്റയിരുപ്പിൽ വായിക്കുക. പ്രധാന വിഷയങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും വിഷയം ഒറ്റ വാചകത്തിൽ വിവരിക്കുകയും ചെയ്യുക.

1. ഒന്നാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
2. രണ്ടാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
3. മൂന്നാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
4. നാലാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
5. ആദിയായവ

# റോമർ 1

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം*

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| അഭിവാദനം | വന്ദന അഭിവാദനം | അഭിവാദനം | അഭിവാദനം | അഭിസംബോധന |
| 1:1-7 | 1:1-7 | 1:1-6 | 1:1 | 1:1-2 |
| | | | 1:2-6 | |
| | | | | 1:3-7 |
| | | 1:7a | 1:7a | |
| | | 1:7b | 1:7b | |
| റോമ സന്ദർശിക്കാനുള്ള പൗലൊസിന്റെ വാഞ്ഛ | റോമ സന്ദർശിക്കാനുള്ള വാഞ്ഛ | നന്ദി കരേറ്റൽ | നന്ദികരേറ്റലിന്റെ പ്രാർത്ഥന | നന്ദികരേറ്റലും പ്രാർത്ഥനയും |
| 1:8-15 | 1:8-15 | 1:19-23 | 1:8-12 | 1:8-15 |
| | | | 1:13-15 | |
| സുവിശേഷത്തിന്റെ ശക്തി | നീതിമാൻ വിശ്വാസത്താൽ ജീവിക്കും | ലേഖനത്തിന്റെ വിഷയം | സുവിശേഷത്തിന്റെ ശക്തി | വിഷയം അവതരിപ്പിക്കുന്നു |
| 1:16-17 | 1:16-17 | 1:16-17 | 1:16-17 | 1:16-17 |
| മനുഷ്യകുലത്തിന്റെ കുറ്റം | അനീതിയുടെമേൽ ദൈവത്തിന്റെ കോപം | പാപത്തിന്മേൽ ദൈവത്തിന്റെ കോപം | മനുഷ്യകുലത്തിന്റെ കുറ്റം | ജാതികൾക്കെതിരായി ദൈവത്തിന്റെ പ്രതികാരം |
| 1:18-23 | 1:18-32 | 1:18-23 | 1:18-23 | 1:18-23 |
| 1:24-32 | | 1:24-25 | 1:24-25 | 1:24-25 |
| | | 1:26-27 | 1:26-27 | 1:26-27 |
| | | 1:28-32 | 1:28-32 | 1:28-32 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

---

* ദൈവനിശ്വാസീയമല്ലെങ്കിലും ഖണ്ഡികവിഭജനങ്ങൾ എഴുത്തുകാരന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നതിനും അനുവർത്തിക്കുന്നതിനുമുള്ള താക്കോലാണ്. ഓരോ ആധുനിക പരിഭാഷയും ഖണ്ഡിക തിരിച്ച് വിഷയ സംഗ്രഹം നടത്തിയിരിക്കുന്നു. ഓരോ ഖണ്ഡികയ്ക്കും ഒരു കേന്ദ്ര വിഷയം, സത്യം അഥവാ ചിന്തയുണ്ട്. ഓരോ പരിഭാഷയും ആ വിഷയത്തെ തനതായ രീതിയിൽ എടുത്തു കാണിക്കുന്നു. നിങ്ങൾ ആ വചനം വായിക്കുമ്പോൾ ഏതു പരിഭാഷയാണ് നിങ്ങളുടെ വിഷയഗ്രാഹ്യത്തിനും വാക്യവിഭജനത്തിനും യുക്തമായതെന്ന് നിങ്ങളോടു തന്നെ ചോദിക്കുക.

ഓരോ അദ്ധ്യായത്തിലും ആദ്യമായി നാം വേദപുസ്തകം വായിക്കുകയും വിഷയങ്ങൾ (ഖണ്ഡികകൾ) തിരിച്ചറിയുവാൻ ശ്രമിക്കുകയും വേണം. അതിനുശേഷം നമ്മുടെ അറിവിനെ നവീന വിവർത്തനങ്ങളുമായി താരതമ്യം ചെയ്യുക. യഥാർത്ഥ ലേഖകന്റെ യുക്തിയും പ്രകടനവും മനസ്സിലാക്കിക്കൊണ്ട് തന്റെ ഉദ്ദേശ്യത്തെ മനസ്സിലാക്കുമ്പോൾ മാത്രമാണ് നമുക്ക് വേദപുസ്തകം മനസ്സിലാക്കുവാൻ കഴിയുന്നത്. മൂലകൃതിയുടെ എഴുത്തുകാരൻ മാത്രമാണ് ദൈവനിശ്വാസീയ എഴുത്തുകാരൻ. വായനക്കാർക്ക് സന്ദേശം മാറ്റുവാനോ നവീകരിക്കുവാനോ അവകാശമില്ല. ദൈവനിശ്വാസീയമായ സത്യം തങ്ങളുടെ കാലഘട്ടത്തിലും ജീവിതത്തിലും പ്രാവർത്തികമാക്കേണ്ടത് വേദപുസ്തകം വായിക്കുന്നവരുടെ ഉത്തരവാദിത്വമാണ്.

**എല്ലാ സാങ്കേതിക പദപ്രയോഗങ്ങളും ചുരുക്കരൂപങ്ങളും, ഒന്നും രണ്ടും മൂന്നും അനുബന്ധങ്ങളിൽ പൂർണ്ണമായി വിശദീകരിച്ചിട്ടുണ്ട്.**

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# പശ്ചാത്തല ഉൾക്കാഴ്ചകൾ

A. വാ. 1-7 ലേഖനത്തിന്റെ മുഖവുരയാണ്. പൗലൊസിന്റെ ലേഖനങ്ങളിൽ കാണുന്ന ഏറ്റവും ദൈർഘ്യമുള്ള മുഖവുര ഇതാണ്. തന്നെക്കുറിച്ച് വ്യക്തിപരമായി അറിയാത്തതും തന്നെക്കുറിച്ച് തെറ്റായ വിവരങ്ങൾ കേട്ടിട്ടുള്ളതുമായ ഒരു സഭയ്ക്ക് തന്നെയും തന്റെ ദൈവശാസ്ത്രത്തെയും പരിചയപ്പെടുത്തുവാൻ പൗലൊസ് ശ്രമിക്കുകയാണ്.

B. വാ. 8-12 നന്ദി കരേറ്റലിന്റെ പ്രാരംഭ പ്രാർത്ഥനയാണ്. ഇത് ഗ്രീക്ക് കത്തുകളുടെ പൊതുവായും പൗലൊസിന്റെ എഴുത്തുകളുടെ പ്രത്യേകമായും ഉള്ള സവിശേഷതയാണ്.

C. വാ. 16-17 ലേഖനത്തിന്റെ വിഷയമാണ്.

D. വാ. 18 മുതൽ 3:20 വരെ ആദ്യത്തെ സാഹിത്യഘടകവും പൗലൊസിന്റെ സുവിശേഷത്തിന്റെ ആദ്യത്തെ പോയിന്റുമാണ്. സകല മനുഷ്യരും (3 ഗ്രൂപ്പ്) നഷ്ടപ്പെട്ടവരും രക്ഷ ആവശ്യമുള്ളവരുമാണ് (ഒ.നോ. ഉല്പ. 3).
   1. അസാന്മാർഗ്ഗികളായ ജാതികൾ
   2. സന്മാർഗ്ഗികളായ ജാതികൾ
   3. യെഹൂദന്മാർ

E. റോമ. 1:8-3:20 ഉല്പ. 3 നെ പ്രതിഫലിപ്പിക്കുന്നു. (എന്നാൽ റബ്ബിമാർ ഈ വേദഭാഗമല്ല ഉല്പ. 6 ആണ് പാപത്തിന്റെ ഉറവിടമായി ഉയർത്തിക്കാട്ടുന്നത് എന്നാണ് അതിശയകരം). മനുഷ്യൻ ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടത് ദൈവവുമായി കൂട്ടായ്മ ആചരിക്കുന്നതിനുവേണ്ടിയാണ് (ഒ.നോ. ഉല്പ. 1:26-27). എന്നാൽ മനുഷ്യൻ പ്രകാശനവും അധികാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും വാഗ്ദത്തവും തിരഞ്ഞെടുത്തു. ചുരുക്കത്തിൽ മനുഷ്യൻ ദൈവിക പുകഴ്ചയ്ക്കു പകരം സ്വന്തം പുകഴ്ച തിരഞ്ഞെടുത്തു (നിരീശ്വരവാദ മനുഷ്യത്വം).

   ഈ പ്രതിസന്ധി ദൈവം അനുവദിച്ചു. ദൈവിക സ്വരൂപത്തിൽ ആയിരിക്കുന്നത് ഉത്തരവാദിത്വമുള്ളവനായിരിക്കുന്നതും ധാർമ്മികമായ കണക്കു ബോധിപ്പിക്കേണ്ടതും സ്വമേധയാ സ്വതന്ത്രമാകുന്നത് അനന്തരഫലങ്ങൾ ഉളവാക്കുന്നതുമാണ്. ദൈവം തന്റെ തിരഞ്ഞെടുപ്പിനാലും അവരുടെ തിരഞ്ഞെടുപ്പിനാലും മനുഷ്യനെ വേർതിരിക്കുന്നു (ഉടമ്പടി ബന്ധം). സ്വയത്തെ അതിന്റെ സകല അനന്തരഫലങ്ങളോടും കൂടെ തിരഞ്ഞെടുക്കുവാൻ അവൻ മനുഷ്യരെ അനുവദിക്കുന്നു. ദൈവം ദുഃഖിച്ചു (ഒ.നോ. ഉല്പ. 6:5-7). എങ്കിലും മനുഷ്യൻ സകല അവകാശങ്ങളും അതു നൽകുന്ന സകല അനന്തരഫലങ്ങളും ഉള്ള സ്വതന്ത്ര ധാർമ്മിക വ്യക്തികളാണ്. “ദൈവം അവരെ ഏല്പിച്ചുകളഞ്ഞു” (ഒ.നോ. 1:24, 26, 28) എന്ന ആവർത്തിച്ചുള്ള പ്രയോഗം ആ സ്വാതന്ത്ര്യത്തിന്റെ അംഗീകാരമാണ്. അല്ലാതെ ദൈവം മനഃപൂർവ്വം ഉപേക്ഷിക്കുന്നതല്ല. ഇതു ദൈവം തിരഞ്ഞെടുത്തതല്ല. ഇതല്ല ദൈവം വിഭാവനം ചെയ്ത ലോകം (ഒ.നോ. ഉല്പ. 3:22; 6:5-7, 11-13).

F. 1:8-3:20 ന്റെ ദൈവശാസ്ത്ര സംക്ഷിപ്തം 3:21-31 ൽ കാണാം. സുവിശേഷത്തിന്റെ ‘സദ്വാർത്ത’ യുടെ ആദ്യ ദൈവശാസ്ത്ര പോയിന്റാണിത്. സകല മനുഷ്യരും പാപം ചെയ്ത് ദൈവിക പാപക്ഷമ ആവശ്യമുള്ളവരായിരിക്കുന്നു. ആത്മാർത്ഥ കൂട്ടായ്മയിലേക്കു മടങ്ങിച്ചെല്ലുന്നതിന് ഒരു വഴി ദൈവം കൃപയോടെ നൽകിയിരിക്കുന്നു (അതാ. ഏദെൻ അനുഭവം, ഉല്പ. 1-2 നെ വെളി. 21-22 മായി താരതമ്യം ചെയ്യുക).

G. പൗലൊസിന്റെ സുവിശേഷ അവതരണത്തിന്റെ ഈ ആദ്യ സാഹിത്യ ഘടകത്തിൽ സാത്താനെയോ പൈശാചിക ശക്തികളെയോ കുറിച്ചു സൂചിപ്പിക്കാതെ വീണുപോയ മനുഷ്യവർഗ്ഗത്തെ അവരുടെ മത്സരത്തിനും പാപത്തിനും ഉത്തരവാദികളായി വിവരിച്ചിരിക്കുന്നത് താല്പര്യജനകമാണ് (ഒ.നോ. റോമ. 1:18-3:20). ഈ ഭാഗം തീർച്ചയായും ഉല്പ. 3 ന്റെ ദൈവശാസ്ത്രം പ്രതിഫലിപ്പിക്കുന്നു എങ്കിലും ആളത്തമുള്ള ഒരു പരീക്ഷകനെ ഒഴിവാക്കിയിരിക്കുന്നു. വീണ്ടും സാത്താനെ പഴിചാരുവാൻ വീണുപോയ മനുഷ്യവർഗ്ഗത്തെ ദൈവം അനുവദിക്കുന്നില്ല (ഒ.നോ. ഉല്പ. 1:26; 5:1,3; 9:6). അവർക്ക് തിരഞ്ഞെടുപ്പിനുള്ള അവകാശവും അധികാരവും കടപ്പാടും ഉണ്ട്. ആദാമിൽ കൂട്ടായും വ്യക്തിപരമായ പാപത്തിൽ വ്യക്തിപരമായും തങ്ങളുടെ തിരഞ്ഞെടുപ്പുകളുടെ ഉത്തരവാദിത്വം അവർക്കു തന്നെയാണ് (ഒ.നോ. 3:23).

# പദ ശൈലി പഠനം

**റോമർ 1:1–6**

**[1]ദൈവം തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെക്കുറിച്ചു വിശുദ്ധരേഖകളിൽ [2]തന്റെ പ്രവാചകന്മാർ മുഖാന്തരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത സുവിശേഷത്തിന്നായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനും യേശുക്രിസ്തുവിന്റെ ദാസനുമായ പൌലൊസ് [3]റോമയിൽ ദൈവത്തിന്നു പ്രിയരും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ എല്ലാവർക്കും എഴുതുന്നതു: [4]നമ്മുടെ പിതാവായ ദൈവ ത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ. [5]ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽനിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴു ന്നേല്ക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയി ക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ [6]ഞങ്ങൾ അവന്റെ നാമത്തിന്നായി സകലജാതികളുടെയും ഇടയിൽ വിശ്വാസത്തിന്നു അനുസരണം വരുത്തേണ്ടതിന്നു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചതു.**

**1:1 "തന്റെ പുത്രനും"** സുവിശേഷത്തിന്റെ കേന്ദ്ര സന്ദേശം കന്യകയായ മറിയയിൽ ജനിച്ച നസറേത്തിലെ യേശു എന്ന വ്യക്തിയെക്കുറിച്ചുള്ളതാണ്. പഴയ നിയമത്തിൽ രാജ്യം, രാജാവ്, മശിഹാ എന്നിവരെ "പുത്രൻ' എന്നു വിളിച്ചിരുന്നു (ഒ.നോ. 2 ശമൂ. 7:14; ഹോശേ. 11:1; സങ്കീ. 2:7; മത്താ. 2:15).

പഴയ നിയമത്തിൽ ദൈവം തന്റെ ദാസന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും സംസാരിച്ചു. യേശു ദൈവ ത്തിന്റെ ഒരു ദാസനായിരുന്നില്ല. അവനൊരു കുടുംബാംഗമായിരുന്നു (ഒ.നോ. എബ്രാ. 1:1–2; 3:6; 5:8; 7:28). ഈ പുസ്തകത്തിൽ പൗലൊസ് ക്രിസ്തുശാസ്ത്രത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഏക ഭാഗം ഇതാണെന്നത് അതിശയ കരമാണ്. റോമർ ഒരു സമ്പൂർണ്ണ വ്യവസ്ഥിത ദൈവശാസ്ത്രമല്ല.

## പ്രത്യേക പഠനവിഷയം: ദൈവപുത്രൻ

പുതിയനിയമത്തിലെ യേശുവിന്റെ പ്രധാനപ്പെട്ട സ്ഥാനപ്പേരുകളിൽ ഒന്നാണിത്. ഇതിന് തീർച്ചയായും ദൈവികമായ ലക്ഷ്യാർത്ഥങ്ങളുണ്ട്. ഇത് യേശുവിനെ "പുത്രനായി" അഥവാ "എന്റെ പുത്രനായി" ഉൾക്കൊ ള്ളുകയും ദൈവത്തെ "പിതാവ്" എന്ന് അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. ഇത് പുതിയനിയമത്തിൽ 124 പ്രാവശ്യത്തിലധികം കാണുന്നു. "മനുഷ്യപുത്രൻ" എന്ന് യേശു സ്വയമെടുത്ത നാമത്തിനുപോലും ദാനീ. 7:13–14 ൽ ഒരു ദൈവിക ലക്ഷ്യാർത്ഥമുണ്ട്.

പഴയനിയമത്തിൽ "പുത്രൻ" എന്ന പേരിന് നാല് പ്രത്യേക വിഭാഗങ്ങളെ സൂചിപ്പിക്കാൻ കഴിയും.

1. ദൂതന്മാർ (സാധാരണയായി ബഹുവചനത്തിൽ, ഒ.നോ. ഉല്പ. 6:2; ഇയ്യോ. 1:6; 2:1)
2. യിസ്രായേലിന്റെ രാജാവ് (ഒ.നോ. 2 ശമൂ. 7:14; സങ്കീ. 2:7; 89:26–27)
3. യിസ്രായേൽജനം മുഴുവനായി (പുറ. 4:22–23; ആവ. 14:1; ഹോശേ. 11:1; മലാഖി 2:10)
4. യിസ്രായേല്യ ന്യായാധിപന്മാർ (സങ്കീ. 82:6)

രണ്ടാമത്തെ ഉപയോഗമാണ് യേശുവിനോടു ബന്ധപ്പെട്ടിരിക്കുന്നത്. ഈ വിധത്തിൽ "ദാവീദിന്റെ പുത്രനും" "ദൈവത്തിന്റെ പുത്രനും" 2 ശമൂ. 17; സങ്കീ. 2 & 89 എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. യിസ്രായേലിന്റെ "അഭിഷിക്ത പദവി" കളിലൊന്നായ അന്ത്യകാല രാജാവ് എന്ന അർത്ഥത്തിലൊഴികെ പഴ യനിയമത്തിൽ മശിഹായെപ്പറ്റി ഒരിക്കലും "ദൈവപുത്രൻ" എന്നു ഉപയോഗിച്ചിട്ടില്ല. എന്നിരുന്നാലും ചാവു കടൽ ചുരുളുകളിൽ മശിഹാ സൂചകമായ സ്ഥാനപ്പേരുകൾ സാധാരണമാണ് *(ഡിക്ഷണറി ഓഫ് ജീസസ് ആന്റ് ദി ഗോസ്പൽസ്* ലെ പ്രത്യേക പരാമർശങ്ങൾ കാണുക. പേജ് 770). അതുപോലെ തന്നെ പഴയനിയ മകാലത്തിനും പുതിയനിയമ കാലത്തിനും മധ്യത്തിലുള്ള രണ്ട് യെഹൂദ്യ വെളിപ്പാട് കൃതികളിൽ "ദൈവപു ത്രൻ" എന്നത് മശിഹാ സൂചകമായ സ്ഥാനപ്പേരാണ് (ഒ.നോ. 2 എസ്ദ്രാസ് 7:28; 13:32,37,52; 14:9; 1 ഹാനോക്ക് 105:2).

ഇത് യേശുവിനെ സൂചിപ്പിക്കുന്നതിനാൽ ഇതിന്റെ പുതിയനിയമ പശ്ചാത്തലം വിവിധ വിഭാഗങ്ങളിലായി വളരെ നന്നായി സംക്ഷേപിച്ചിട്ടുണ്ട്.

1. അവന്റെ പൂർവ്വാസ്തിക്യം (ഒ.നോ. 1:1–18)
2. അവന്റെ നിസ്തുലമായ (കന്യക) ജനനം (മത്തായി 1:23; ലൂക്കൊ. 1:31–35)
3. അവന്റെ സ്നാനം (മത്താ. 3:17; മർക്കൊ. 1:11; ലൂക്കൊ. 3:22. സ്വർഗ്ഗത്തിൽ നിന്നുള്ള ദൈവത്തിന്റെ ശബ്ദം രണ്ടാം സങ്കീർത്തനത്തിലെ രാജാവിനെയും യെശയ്യാവ് 53 ലെ കഷ്ടതയനുഭവിക്കുന്ന ദാസ നെയും ഒരുമിപ്പിക്കുന്നു)
4. സാത്താനാലുള്ള അവന്റെ പരീക്ഷണം (മത്താ. 4:1–11; മർക്കൊ. 1:12,13; ലൂക്കൊ. 4:1–13. തന്റെ പുത്ര ത്വത്തെ സംശയിക്കുന്നതിന് അഥവാ കുറഞ്ഞപക്ഷം ക്രൂശു കൂടാതെ തന്റെ ലക്ഷ്യം പൂർത്തീകരി

ക്കുന്നതിന് അവൻ പരീക്ഷിക്കപ്പെട്ടു

5. അസ്വീകാര്യ ഏറ്റുപറച്ചിലുകാരാലുള്ള അവന്റെ സ്ഥിരീകരണം
   a. ഭൂതങ്ങൾ (മർക്കൊ. 1:23–25; ലൂക്കൊ. 4:31–37,41; മർക്കൊ. 3:11–12; 5:7)
   b. അവിശ്വാസികൾ (മത്താ. 27:43; മർക്കൊ. 14:61; യോഹ. 19:7)
6. തന്റെ ശിഷ്യന്മാരാലുള്ള അവന്റെ ഉറപ്പാക്കൽ
   a. മത്തായി 14:33; 16:16
   b. യോഹന്നാൻ 1:34,49; 6:69; 11:27
7. അവന്റെ സ്വയം ഉറപ്പാക്കൽ
   a. മത്തായി 11:25–27
   b. യോഹന്നാൻ 10:36
8. ദൈവത്തെ പിതാവെന്ന നിലയിൽ കുടുംബസംബന്ധിയായ ദൃഷ്ടാന്തത്തിന്റെ ഉപയോഗം
   a. ദൈവത്തെ സൂചിപ്പിക്കുന്നതിനുള്ള "അബ്ബാ" എന്ന ഉപയോഗം
      1) മർക്കൊസ് 14:36
      2) റോമർ 8:15
      3) ഗലാത്യർ 4:6
   b. ദൈവത്തോടുള്ള തന്റെ ബന്ധത്തെ വിവരിക്കുന്നതിനുവേണ്ടിയുള്ള അവന്റെ പിതാവെന്ന (പാറ്റീർ-***πατηρ***) ആവർത്തിച്ചുള്ള ഉപയോഗം

ചുരുക്കത്തിൽ പഴയനിയമവും അതിന്റെ വാഗ്ദത്തങ്ങളും വിഭാഗങ്ങളും അറിയാവുന്നവർക്ക് "ദൈവപുത്രൻ" എന്ന സ്ഥാനപ്പേരിന് മഹത്തായ ദൈവശാസ്ത്രപരമായ അർത്ഥമുണ്ട്. എന്നാൽ പുതിയനിയമ എഴുത്തുകാർക്ക് അത് ഉപയോഗിക്കുന്നതിൽ വൈമനസ്യമുണ്ടായിരുന്നു. കാരണം ജാതികളുടെ ഇടയിൽ "ദൈവങ്ങൾ" സ്ത്രീകളെ ഭാര്യമാരായി എടുത്ത് അവരിൽ "രാക്ഷസന്മാർ" ജനിക്കുന്നതിനെക്കുറിച്ചുള്ള വിശ്വാസം നിലനിന്നിരുന്നതിനാൽ ഈ ഉപയോഗത്തെക്കുറിച്ച് അവർക്ക് സന്ദേഹമുണ്ടായിരുന്നു.

**1:2 "വിശുദ്ധ രേഖകളിൽ തന്റെ പ്രവാചകന്മാർ മുഖാന്തരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത"** ഈ ക്രിയ ഭൂതകാല മധ്യമ (ഡിപ്പോണന്റ്) സൂചകമാണ്. പൗലൊസിന്റെ ലേഖനങ്ങളിൽ മാത്രമേ ഇതുപയോഗിച്ചിട്ടുള്ളൂ. (ഇവിടെയും 2 കൊരി. 9:5 ലും). സുവിശേഷം ദൈവത്തിന് വൈകി വന്ന ചിന്തയല്ല, മറിച്ച് അവന്റെ നിത്യവും സോദ്ദേശ്യപരവുമാ പദ്ധതിയാണ് (ഉ.നോ. ഉല്പ. 3:5; 12:3; പുറ. 19:5; യെശ. 53; സങ്കീ. 118; മർക്കൊ. 10:45; ലൂക്കൊ. 2:22; പ്രവൃ. 2:23; 3:18; 4:28; തീത്തൊ. 1:2). പ്രവൃത്തികളിലെ ആദ്യ പ്രസംഗങ്ങൾ (*കെറിഗ്മ*) യേശുവിനെ പഴയനിയമ വാഗ്ദത്തങ്ങളുടെയും പ്രവചനങ്ങളുടെയും നിവൃത്തിയായി അവതരിപ്പിക്കുന്നു.

രണ്ടു പൊതുവായ രീതിയിലാണ് പഴയ നിയമത്തെ പുതിയ നിയമത്തിൽ പരമാർശിക്കുന്നത്.

1. "എഴുതിയിരിക്കുന്നു" (അഥവാ "എഴുത്തുകളിൽ" 2 തിമൊ. 3:16; 2 പത്രൊ. 3:16).
2. തിരുവെഴുത്ത് (ത്തുകൾ)

പ്രവാചകന്മാരോടു ബന്ധപ്പെടുത്തിയും അതിനെ പരമാർശിക്കുന്നു. യെഹൂദ മനസ്സിൽ പ്രവാചകന്മാരാണ് തിരുവെഴുത്തുകൾ എഴുതിയത്.

1. "ന്യായപ്രമാണവും പ്രവാചകന്മാരും" മത്തായി 5:17–18; ലൂക്കൊ. 24:44 ലും കാണുക.
2. "പ്രവചനം" ലൂക്കൊ. 24:27
3. "പ്രവാചകന്മാരുടെ എഴുത്തുകൾ" മത്താ. 26:56; റോമ. 16:26 (റോമ. 1:26 ൽ 'പ്രവാചകന്മാർ' എന്നു പറഞ്ഞിരിക്കുന്നു).
4. "തിരുവെഴുത്തിലെ പ്രവചനം" 2 പത്രൊ. 1:20

"വിശുദ്ധ" അഥവാ "തിരു" നാമവിശേഷണം ചേർത്തിട്ടുള്ള രണ്ടു സംഭവങ്ങൾ ഉണ്ട്.

1. "വിശുദ്ധ രേഖകൾ" മറുഭാഗത്ത് "പ്രവാചകന്മാർ" എന്നും പറയുന്നു (റോമ. 1:1)
2. "തിരുവെഴുത്ത്" 2 തിമൊ. 3:14,16

## പ്രത്യേക പഠന വിഷയം: ആദിമ സഭയുടെ *കെറിഗ്മാ*

A. പഴയ നിയമത്തിൽ ദൈവം ചെയ്തിരിക്കുന്ന വാഗ്ദത്തങ്ങൾ യേശു മശിഹായുടെ വരവിൽ നിവൃത്തിയായിരിക്കുന്നു (പ്രവൃ. 2:30; 3:19,24; 10:43; 26:6–7,22; റോമ. 1:2–4; 1 തിമൊ. 3:16; എബ്രാ 1:1–2; 1 പത്രൊ. 1:10–12, 2 പത്രൊ. 1:18–19).

B. ദൈവം യേശുവിനെ അവന്റെ സ്നാനത്തിൽ മശിഹാ ആയി അഭിഷേകം ചെയ്തു (പ്രവൃ. 10:38).

C. യേശു സ്നാനത്തിനു ശേഷം ഗലീലയിൽ തന്റെ ശുശ്രൂഷ ആരംഭിച്ചു (പ്രവൃ. 10:37).

D. ദൈവശക്തിയാൽ നന്മ ചെയ്യുന്നതും വീര്യപ്രവൃത്തികൾ ചെയ്യുന്നതും അവന്റെ ശുശ്രൂഷയുടെ സവിശേഷതകളായിരുന്നു (മർക്കൊ 10:45; പ്രവൃ. 2:22; 10:38).

E. ദൈവത്തിന്റെ നിത്യനിർണ്ണയത്തിനനുസരിച്ച് മശിഹാ ക്രൂശിക്കപ്പെട്ടു (മർക്കൊ. 10:45; യോഹ. 3:16; പ്രവൃ. 2:23; 3:13–15,18; 4:11; 10:39; 26:23; റോമ. 8:34; 1 കൊരി. 1:17–18; 15:3; ഗലാ. 1:4; എബ്രാ. 1:3; 1 പത്രൊ. 1:2,19; 3:18; 1 യോഹ. 4:10).

F. അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽക്കുകയും തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനാകയും ചെയ്തു (പ്രവൃ. 2:24,31–32; 3:15,26; 10:40–41; 17:31; 26:23; റോമ. 8:34; 10:9; 1 കൊരി. 15:4–7, 12 മുതൽ; 1 തെസ്സ. 1:10; 1 തിമൊ. 3:16; 1 പത്രൊ. 1:2; 3:18,21).

G. ദൈവം യേശുവിനെ ഉയർത്തുകയും "കർത്താവ്" എന്ന നാമം നൽകുകയും ചെയ്തു (പ്രവൃ. 2:25–29, 33–36; 3:13; 10:36; റോമ. 8:34; 10:9; 1 തിമൊ. 3:16; എബ്രാ 1:3; 1 പത്രൊ. 3:22).

H. ദൈവത്തിന്റെ പുതിയ സമൂഹത്തിന്റെ രൂപീകരണത്തിനായി അവൻ പരിശുദ്ധാത്മാവിനെ നൽകി (പ്രവൃ. 1:8; 2:14–18,38–39; 10:44–47; 1 പത്രൊ. 1:12).

I. അവൻ ന്യായവിധിക്കും സകലത്തിന്റെയും യഥാസ്ഥാപനത്തിനുമായി വീണ്ടും വരും (പ്രവൃ. 3:20–21, 10:42; 17:31; 1 കൊരി. 15:20–28; 1 തെസ്സ. 1:10).

J. സന്ദേശം കേൾക്കുന്ന എല്ലാവരും മാനസാന്തരപ്പെട്ട് സ്നാനം ഏൽക്കണം (പ്രവൃ. 2:21,38; 3:19; 10:43,47–48; 17:30; 26:20; റോമ. 1:17; 10:9; 1 പത്രൊ. 3:21).

പുതിയ നിയമത്തിലെ വ്യത്യസ്ത എഴുത്തുകാർ അവരുടെ പ്രസംഗങ്ങളുടെ ഒരു ഭാഗം മാത്രം നല്കുകയോ അല്ലെങ്കിൽ മറ്റു വിശദാംശങ്ങൾക്ക് ഊന്നൽ നൽകുകയോ ചെയ്തിരിക്കുന്നുവെങ്കിലും ഇതാണ് ആദിമ സഭയുടെ പ്രസംഗങ്ങളുടെ ആകമാന രൂപരേഖ. മർക്കൊസിന്റെ സുവിശേഷം പൂർണമായും കെറിഗ്മാ സംബന്ധിച്ച പത്രൊസിന്റെ രീതി പിന്തുടരുന്നു. മർക്കൊസ് റോമിലെ പത്രൊസിന്റെ പ്രസംഗങ്ങളെ എഴുതപ്പെട്ട സുവിശേഷമാക്കി മാറ്റിയതായി പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നു. മത്തായിയും ലൂക്കൊസും മർക്കൊസിന്റെ അടിസ്ഥാന ഘടനയെ പിന്തുടരുന്നു.

▣ **"സുവിശേഷത്തിനായി"** ഈ സന്ദർഭത്തിൽ *എയിസ്* എന്ന ഗതിയുടെ ഉപയോഗം (വാ. 5 ലും) പൗലൊസിന്റെ "ഗതിയുടെ ഉപയോഗം (വാ. 5 ലും) പൗലൊസിന്റെ "വിളി"യുടെയും (വാ. 2) "വേർതിരിക്കലിന്റെയും" ഉദ്ദേശ്യം വെളിപ്പെടുത്തുന്നു.

"നല്ലത്" (*എയു*) "സന്ദേശം" (*ആൻഗെലോസ്*) എന്നീ പദങ്ങളുടെ സംയുക്തമാണു സുവിശേഷം. ദൈവത്തിന്റെ വാഗ്ദത്ത മശിഹയോടു (ഒ.നോ. വാ. 3–4) ബന്ധപ്പെട്ട് പുതിയ ഉടമ്പടിയിൽ (ഒ.നോ. യിരെ. 31:31–34; യെഹെ. 36:22–32) വെളിപ്പെടുത്തിയിരിക്കുന്ന ഉപദേശങ്ങളെ വിശദീകരിക്കുന്ന പദമാണത്. അത് "തന്റെ പുത്രനെക്കുറിച്ചുള്ള" സുവിശേഷമാണ് (വാ. 1,2).

ഇതു പൗലൊസിന്റെ സുവിശേഷമല്ല, ദൈവത്തിന്റെ സുവിശേഷമാണ് (ഒ.നോ. 15:16; മർക്കൊ. 1:14; 2 കൊരി. 11:7; 1 തെസ്സ. 2:2,8,9; 1 പത്രൊ. 4:17). പൗലൊസ് ഒരു നവീനോപദേശം പറയുന്നവനോ സംസ്കാരങ്ങളെ കൂട്ടിയിണക്കുന്നവനോ അല്ല, മറിച്ച് തനിക്കു ലഭിച്ച സത്യം പ്രഖ്യാപിക്കുന്നവനാണ് (ഒ.നോ. പ്രവൃ. 9; 1 കൊരി. 1:18–25).

▣ **"വേർതിരിച്ചു"** താൻ പൂർവ്വകാലത്ത് ദൈവത്താൽ വേർതിരിക്കപ്പെടുകയും (ഒ.നോ. യിരെ. 1:5; ഗലാ. 1:15) ഇപ്പോഴും ആ അവസ്ഥയിൽ തുടരുകയും ചെയ്യുന്നു എന്നു സൂചിപ്പിക്കുന്ന പൂർണ്ണ കർമ്മിണി അപൂർണ്ണ ക്രിയയാണിത്. "പരീശൻ" എന്നതിനുള്ള അരാമ്യ പദത്തിന്റെ ദ്വയാർത്ഥ പ്രയോഗമാണിത്. അവരെപ്പോലെ പൗലൊസും യെഹൂദ നിയമവാദത്തിന് വേർതിരിക്കപ്പെട്ടവനായിരുന്നു (ഫിലി. 3:5, ദമസ്കൊസ് റോഡിൽ വച്ച് യേശുവിനെ കണ്ടുമുട്ടുന്നതിന് മുമ്പ്) എന്നാൽ ഇപ്പോൾ അവൻ സുവിശേഷത്തിനുവേണ്ടി വേർതിരിക്കപ്പെട്ടിരിക്കുന്നു.

ഇത് "വിശുദ്ധം" എന്ന എബ്രായപദത്തോടു ബന്ധപ്പെട്ടിരിക്കുന്നു (BDB 872), അതിനർത്ഥം "ദൈവിക ഉപയോഗത്തിനായി വേർതിരിക്കപ്പെട്ടത്" എന്നാണ് (ഒ.നോ. പുറ. 19:6; 1 പത്രൊ. 2:5). "വിശുദ്ധൻ," "വിശുദ്ധീകരിക്കുക," "വേർതിരിക്കുക" എന്നീ പദങ്ങളെല്ലാം "വിശുദ്ധം" (*ഹാഗിയോസ്*) എന്ന ഗ്രീക്കു മൂലപദത്തിൽ നിന്നും വന്നിട്ടുള്ളത്.

▣ **"യേശുക്രിസ്തുവിന്റെ"**

**NASB, TEV, NJB, REB** **"ക്രിസ്തുയേശു"**
**NKJV, NRSV** **"യേശുക്രിസ്തു"**

"ക്രിസ്തുയേശു" എന്നത് കൂടുതൽ അസാധാരണമാകയാൽ അതായിരിക്കണം മൂലഗ്രന്ഥത്തിലുള്ളത് (ഒ.നോ. MSS P[10], B) UBS[4] അതിന് B റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു. എങ്കിലും മറ്റെ രൂപത്തിനും നല്ല സാക്ഷികളുണ്ട് (ഒ.നോ. MSS, P[26] , ℵ, A, D, G കൂടാതെ മിക്ക ആദിമ സഭാപിതാക്കന്മാരും).

പാഠനിരൂപണത്തിന്റെ നിഗമനങ്ങൾക്കായി അനുബന്ധം 2 കാണുക. മിക്ക പാഠ വ്യതിയാനങ്ങളും ഇവിടെ കാണുന്നതുപോലെ ഗ്രീക്കുപദത്തിന്റെ അടിസ്ഥാന അർത്ഥത്തെ ബാധിക്കാത്തവയാണ്.

▣ **"അപ്പൊസ്തലനും"** ഇത് അവന്റെ തിരഞ്ഞെടുപ്പല്ല, ദൈവത്തിന്റേതാണ് (ഒ.നോ. പ്രവൃ. 9:15; ഗലാ. 1:15;

എഫെ. 3:7). ഈ പ്രയോഗത്തിലൂടെ തന്റെ ആത്മിക യോഗ്യതകളും അധികാരവും താൻ ഒരിക്കലും കണ്ടിട്ടില്ലാത്ത സഭയെ പൗലൊസ് അറിയിക്കുന്നു (1 കൊരി. 1:1; 2 കൊരി. 1:1; ഗലാ. 1:1; എഫെ. 1:1; കൊലൊ. 1:1; 1 തിമൊ. 1:1; തീത്തൊ. 1:1 എന്നിവിടങ്ങളിലെപ്പോലെ). 1:6 ലെ പ്രത്യേക പഠന വിഷയം: വിളിക്കപ്പെട്ട കാണുക.

## പ്രത്യേക പഠന വിഷയം: അയയ്ക്കുക (*അപ്പോസ്റ്റെല്ലോ - αποστελλω*)

ഇത് "അയയ്ക്കുക" എന്നതിനുള്ള സാധാരണ ഗ്രീക്കു പദമാണ് (*അപ്പോസ്റ്റെല്ലോ* - ***αποστελλω***)). ഈ പദത്തിനു ദൈശാസ്ത്രപരമായ നിരവധി ഉപയോഗങ്ങളുണ്ട്.

1. റബ്ബിമാർ ഇത് ഒരുവന്റെ ഔദ്യോഗിക പ്രതിനിധിയായി അയയ്ക്കപ്പെടുന്ന ഒരുവനെ വിളിക്കുവാൻ ഉപയോഗിച്ചു. ഇംഗ്ലീഷിലെ "അംബാസിഡർ" പോലെ (ഒ.നോ. 2 കൊരി. 5:20)
2. സുവിശേഷങ്ങൾ ഈ പദം പിതാവിനാൽ അയയ്ക്കപ്പെട്ട യേശുവിന് ഉപയോഗിച്ചു. യോഹന്നാനിൽ ഈ പദത്തിന് മശിഹൈക അർത്ഥം കൈവന്നു (ഒ.നോ. മത്താ. 10:40; 15:24; മർക്കൊ. 9:37, ലൂക്കൊ. 9:48 വിശേഷാൽ യോഹ. 4:34; 5:24,30,36,37,38; 6:29,38,39,40,57; 7:29; 8:42; 10:36; 11:42; 17:3,8,18,21,23,25; 20:21). യേശു വിശ്വാസികളെ അയയ്ക്കുന്നതിനും ഇതുപയോഗിച്ചു (ഒ. നോ. യോഹ. 17:18; 20:21).
3. പുതിയ നിയമത്തിൽ ഇത് ശിഷ്യന്മാർക്കുവേണ്ടി ഉപയോഗിച്ചു.
   a ശിഷ്യഗണത്തിലെ ഉൾവലയത്തിലുള്ള പന്തിരുവർ (ഒ.നോ. ലൂക്കൊ. 6:13; പ്രവൃ. 1:21–22)
   b. ഒരു പ്രത്യേക കൂട്ടം അപ്പൊസ്തലിക സഹായികളും സഹപ്രവർത്തകരും
      (1) ബർബാസ് (ഒ. നോ. പ്രവൃ. 14:4,14)
      (2) അന്ത്രോനിക്കൊസും യുനീയാവും (ഒ.നോ. റോമ. 16:7)
      (3) അപ്പൊല്ലോസ് (ഒ.നോ. 1 കൊരി. 4:6–9)
      (4) കർത്താവിന്റെ സഹോദരനായ യാക്കോബ് (ഒ.നോ. ഗലാ. 1:19)
      (5) സിലാനൊസും തിമൊഥെയൊസും (ഒ.നോ. 1 തെസ്സ. 2:6)
      (6) തീത്തൊസിനെ ആകാം (ഒ.നോ. 2 കൊരി. 8:23)
      (7) എപ്പഫ്രൊദിത്തൊസിനെ ആകാം (ഒ.നോ. ഫിലി. 2:25)
   c. സഭയിൽ തുടന്നുകൊണ്ടിരുന്ന ഒരു വരം (ഒ.നോ. 1 കൊരി. 12:28–29; എഫെ. 4:11)
4. ക്രിസ്തുവിന്റെ പ്രതിനിധി എന്ന നിലിൽ നിനക്കു ലഭിച്ച ദൈവദത്തമായ അധികാരത്തെ ഊന്നിപ്പറയുന്നതിനുള്ള മാർഗമെന്ന നിലയിൽ പൗലൊസ് തന്റെ മിക്ക ലേഖനങ്ങളിലും ഈ പേർ ഉപയോഗിച്ചു (ഒ.നോ. റോമ. 1:1; 1 കൊരി 1:1; 2 കൊരി 1:1; ഗലാ. 1:1; എഫെ. 1:1; കൊലൊ. 1:1; 1 തീമൊ 1:1; 2 തിമൊ 1:1; തീത്തൊ. 1:1)

▣ **"ദാസനുമായ"** ഈ ആശയം

1. യേശു കർത്താവ് എന്നതിനോടു ചേർന്നു പോകുന്നതോ
2. ഒരു പഴയനിയമ ബഹുമാനസൂചക പദവിയോ (ഒ.നോ. മോശെ – സംഖ്യ. 12:7; യോശു. 1:1; യോശുവ – യോശു. 24:29; ദാവീദ് – സങ്കീർത്തനങ്ങൾ (തലക്കെട്ടുകൾ); യെശ. 42:1,19; 52:13) ആകാം.

▣ **"പൗലൊസ്"** പൗലൊസിന്റെ കാലത്തെ മിക്ക യെഹൂദന്മാർക്കും രണ്ട് ഒന്നാം പേരുകൾ ഉണ്ടായിരുന്നു. ഒന്ന് യെഹൂദ നാമവും മറ്റേത് റോമൻ നാമവും (ഒ.നോ. പ്രവൃ. 13:9). പൗലൊസിന്റെ യെഹൂദ നാമം ശൗൽ ആയിരുന്നു. യിസ്രായേലിന്റെ പുരാതന രാജാവിനെപ്പോലെ അവനും ബെന്യാമീൻ ഗോത്രക്കാരനായിരുന്നു (ഒ.നോ. റോമ. 11:1; ഫിലി. 3:5). അവന്റെ റോമൻ നാമം പൗലൊസ് എന്നായിരുന്നു. അർത്ഥം "ചെറിയവൻ." ഇതു സൂചിപ്പിക്കുന്നത്

1. അവന്റെ ചെറിയ ആകാരം – രണ്ടാം നൂറ്റാണ്ടിലെ അകാനോനിക ഗ്രന്ഥമായ *പൗലൊസിന്റെ പ്രവൃത്തികളിൽ* തെസ്സലൊനിക്യയെക്കുറിച്ചുള്ള "പൗലൊസും തെക്‌ലയും" എന്ന അദ്ധ്യായത്തിൽ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.
2. താൻ സഭയെ ഉപദ്രവിച്ചിരുന്നതിനാൽ വിശുദ്ധന്മാരിൽ ഏറ്റവും ചെറിയവനാണു താനെന്ന തന്റെ ചിന്താഗതി (ഒ.നോ. 1 കൊരി. 15:9; എഫെ. 3:8; 1 തിമൊ. 1:15).
3. അവന്റെ ജനനത്തിൽ മാതാപിതാക്കൾ അവന് നൽകിയ പേര്. ഇതായിരിക്കാം കൂടുതൽ അനുയോജ്യം.

**1:3 "റോമയിൽ"** പൗലൊസ് അല്ല ഈ സഭ ആരംഭിച്ചത്. ആരാണെന്ന് ആർക്കുമറിയില്ല (മുഖവുര കാണുക). ഇതിനോടകം സ്ഥാപിക്കപ്പെട്ട ഒരു സഭയ്ക്ക് തന്നെ പരിചയപ്പെടുത്തുന്ന കത്താണ് റോമാലേഖനം. പൗലൊസ് പ്രസംഗിച്ച സുവിശേഷത്തിന്റെ ഏറ്റവും വികസിത രൂപമാണ് റോമാലേഖനം. ലേഖനത്തിലുടനീളം താൻ പരാമർശിക്കുന്ന (പ്രത്യേകിച്ച് അദ്ധ്യായം 9–11) യെഹൂദാ, ജാതീയ വിശ്വാസികൾ തമ്മിൽ നിലനിൽക്കുന്ന സംഘർഷത്തിനിടയിലും ആ പ്രാദേശിക സാഹചര്യം ലേഖനത്തെ സ്വാധീനിച്ചിട്ടില്ല.

▣ **"ദൈവത്തിനു പ്രിയരും"** യേശുവിനെക്കുറിച്ച് ഈ പദം കൂടെക്കൂടെ ഉപയോഗിക്കുന്നുണ്ട് (ഒ.നോ. മത്താ.

3:17; 17:5). ഇവിടെയിത് റോമിലെ സഭയെ സൂചിപ്പിക്കുന്നു. തന്റെ പുത്രനിൽ ആശ്രയം വെയ്ക്കുന്നവരോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ ആഴത്തെ ഇതു വെളിപ്പെടുത്തുന്നു. ഇത്തരത്തിലുള്ള കൈമാറ്റം എഫെ. 1:20 ലും (യേശുവിനെ പ്രതിയുള്ള ദൈവത്തിന്റെ പ്രവൃത്തികൾ) എഫെ. 2:5–6 ലും (വിശ്വാസികളെ പ്രതിയുള്ള യേശുവിന്റെ പ്രവൃത്തികൾ) കാണാം.

**▣ "വിളിക്കപ്പെട്ട വിശുദ്ധന്മാരും"**
**NASB** **"വിശുദ്ധന്മാർ എന്ന നിലയിൽ വിളിക്കപ്പെട്ട"**
**NKJV, NRSV, NJB "വിശുദ്ധന്മാരാകാൻ വിളിക്കപ്പെട്ട"**
**TEV** **"തന്റെ സ്വന്തജനമാകാൻ വിളിക്കപ്പെട്ട"**

"വിശുദ്ധന്മാർ" എന്ന പദം പാപരഹിതാവസ്ഥയെയല്ല ക്രിസ്തുവിലുള്ള വിശ്വാസിയുടെ സ്ഥാനത്തെയാണു പരാമർശിക്കുന്നത് (6:4 ലെ പ്രത്യേക പഠനവിഷയം കാണുക). ക്രമാനുഗത ക്രിസ്ത്യാനുരൂപ്യത്തെയും അതു വിവരിക്കുന്നു. ഫിലി. 4:21 ൽ ഒഴികെ മറ്റെല്ലായിടത്തും ഈ പദം ബഹുവചനമാണ്. എങ്കിലും അവിടെയും അത് കൂട്ടായിട്ടുള്ളതാണ്. ക്രിസ്ത്യാനി ആയിരിക്കുക എന്നത് ഒരു സമൂഹത്തിന്റെ, ഒരു കുടുംബത്തിന്റെ, ഒരു ശരീരത്തിന്റെ അംഗമായിരിക്കുക എന്നതാണ്.

പൗലൊസ് ഒരു അപ്പൊസ്തലനാകാൻ വിളിക്കപ്പെട്ടു എന്നു വാ. 1 സൂചിപ്പിക്കുന്നു. വാ. 7 ൽ വിശ്വാസികൾ "യേശുക്രിസ്തുവിന്നായി വിളിക്കപ്പെട്ടിരിക്കുന്നു" എന്നു കാണുന്നു. വാ. 23 ൽ വിശ്വാസികളെ "വിശുദ്ധന്മാർ" എന്നു വിളിക്കുന്നു. ഈ വിളി ദൈവം മുൻകയ്യെടുത്ത മുൻഗണന എന്ന സത്യത്തെ പ്രസ്താവിക്കുന്നതിനുള്ള പുതിയനിയമ ശൈലിയാണ് (1:6 ലെ പ്രത്യേക പഠനവിഷയം കാണുക). വീണുപോയ മനുഷ്യന് തന്നെത്താൻ വിളിക്കുവാൻ കഴിയുകയില്ല (ഒ.നോ. 3:9–13; യെശ. 53:6; 1 പത്രൊ. 2:25). ദൈവം എല്ലായ്പോഴും മുൻകയ്യെടുക്കുന്നു (ഒ.നോ. യോഹ. 6:44, 65; 15:16). അവൻ എല്ലായ്പോഴും ഉടമ്പടി കൊണ്ടുവരുന്നു (9:4 ലെ പ്രത്യേക പഠനവിഷയം കാണുക). നമ്മുടെ രക്ഷയെ സംബന്ധിച്ചും (നമ്മുടെമേൽ കണക്കിടുന്ന നീതി അഥവാ നിയമപരമായ നിൽപ്പ്) നമ്മുടെ ഫലപ്രദമായ ശുശ്രൂഷയ്ക്കും (ഒ.നോ. 1 കൊരി. 12:7,11) ക്രിസ്തീയ ജീവിതത്തിനും ഉള്ള വശങ്ങളെ സംബന്ധിച്ചും ഇതു സത്യമാണ്. താഴെക്കാണുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠന വിഷയം: വിശുദ്ധന്മാർ

*കാദാഷ്* എന്ന എബ്രായ പദത്തിന്റെ തത്തുല്യ ഗ്രീക്കു പദമാണിത്. അതിനർത്ഥം യഹോവയുടെ പ്രത്യേക ഉപയോഗത്തിനായി ഒരു വ്യക്തിയെ, വസ്തുവിനെ, ഒരു സ്ഥലത്തെ, വേർതിരിക്കുക എന്നാണ് (BDB 871). "പവിത്രം" എന്ന ആശയമാണിതിനുള്ളത്. യഹോവ തന്റെ പ്രകൃതി (സൃഷ്ടിക്കപ്പെടാത്ത നിത്യ ആത്മാവ്), സ്വഭാവം (ധാർമ്മിക പൂർണ്ണത) എന്നിവയാൽ മനുഷ്യനിൽനിന്നും വേർപെട്ടിരിക്കുന്നു. മറ്റുള്ള സകലത്തെയും അളക്കുകയും വിധിക്കുകയും ചെയ്യാനുള്ള മാനദണ്ഡമാണവൻ. അവൻ അതീന്ദ്രിയനായ വിശുദ്ധൻ ആണ്.

ദൈവം മനുഷ്യനെ കൂട്ടായ്മയ്ക്കായി സൃഷ്ടിച്ചു എങ്കിലും വീഴ്ച (ഉല്പ. 3) വിശുദ്ധനായ ദൈവത്തിനും പാപിയായ മനുഷ്യനുമിടയിൽ ബന്ധുത്വപരവും ധാർമ്മികവുമായ തടസ്സം സൃഷ്ടിച്ചു. വിവേചന ശക്തിയുള്ള തന്റെ സൃഷ്ടിയെ യഥാസ്ഥാനപ്പെടുത്തുന്നത് ദൈവം തിരഞ്ഞെടുത്തു. അതിനാൽ തന്റെ ജനത്തോട് "വിശുദ്ധരാകുക" എന്ന് അവൻ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു (ഒ.നോ. ലേവ്യ. 11:44; 19:2; 20:7,26; 21:8). യഹോവയുമായുള്ള വിശ്വാസ ബന്ധത്തിലൂടെ, അവനിലുള്ള ഉടമ്പടി സ്ഥാനം മുഖാന്തരവും തുടർമാനമായ വിശുദ്ധജീവിതം മുഖാന്തരവും അവർ വിശുദ്ധരായിത്തീരുന്നു (ഒ.നോ. മത്താ. 5:48).

ഈ വിശുദ്ധ ജീവിതം സാധ്യമാകുന്നത്, യേശുവിന്റെ ജീവിതവും പ്രവൃത്തിയും മുഖാന്തരം വിശ്വാസികൾ പൂർണ്ണമായി അംഗീകരിക്കപ്പെടുകയും പാപക്ഷമ പ്രാപിക്കുകയും ചെയ്യുന്നതിലൂടെയും അവരുടെ മനസ്സിലും ഹൃദയത്തിലും പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഉണ്ടാകുന്നതിലൂടെയും ആണ്. ഇതു വൈരുധ്യാത്മക സാഹചര്യം സൃഷ്ടിക്കുന്നു.

1. ക്രിസ്തുവിന്റെ നീതി കണക്കിടുന്നതിനാൽ വിശുദ്ധാരുന്നു
2. പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്താൽ വിശുദ്ധരായി ജീവിക്കുവാൻ വിളിക്കപ്പെടുന്നു

വിശ്വാസികൾ "വിശുദ്ധർ" (*ഹാഗിയോയി*) ആയിരിക്കുന്നതിനു കാരണം (1) പരിശുദ്ധനായവന്റെ (പിതാവ്) <u>ഇഷ്ടം</u>; (2) പരിശുദ്ധ പുത്രന്റെ (യേശു) <u>പ്രവൃത്തി</u>; (3) പരിശുദ്ധാത്മാവിന്റെ <u>സാന്നിധ്യം</u> എന്നിവയാണ്.

പുതിയ നിയമം എല്ലായ്പ്പോഴും വിശുദ്ധന്മാർ എന്ന ബഹുവചനമാണ് ഉപയോഗിക്കുന്നത് (ഒരു പ്രാവശ്യം ഫിലി. 4:21 ൽ ഒഴികെ; അവിടെയും സന്ദർഭം സൂചിപ്പിക്കുന്നത് ബഹുവചനമാണ്). രക്ഷിക്കപ്പെടുക എന്നാൽ ഒരു കുടുംബത്തിന്റെ, ഒരു ശരീരത്തിന്റെ, ഒരു കെട്ടിടത്തിന്റെ ഭാഗമായിത്തീരുക എന്നാണ്! വേദപുസ്തക വിശ്വാസം ആരംഭിക്കുന്നത് വ്യക്തിപരമായ അംഗീകരണത്തോടെയാണ് എങ്കിലും, ഫലം ഒന്നിച്ചുള്ള കൂട്ടായ്മയാണ്. ക്രിസ്തുവിന്റെ ശരീരത്തിന്റെ (സഭ, 1 കൊരി. 12:7) ആരോഗ്യം, വളർച്ച, സുഗമമായ മുന്നേറ്റം എന്നിവയ്ക്കായി നാമോരോരുത്തരും വരപ്രാപ്തരായിരിക്കുന്നു (ഒ.നോ. 1 കൊരി. 12:11). നാം രക്ഷിക്കപ്പെട്ടത് സേവിക്കാനാണ്! വിശുദ്ധി ഒരു കുടുംബസ്വഭാവമാണ്!

**1:4 "നമ്മുടെ പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും"** പൗലൊസ് പതിവായി രണ്ടു നാമങ്ങൾക്കും ഒരു ഗതി തന്നെ ഉപയോഗിക്കുന്നു (ഒ.നോ. 1 കൊരി. 1:3; 2 കൊരി. 1:3; ഗലാ. 1:3; എഫെ. 1:2; ഫിലി. 1:2; 2 തെസ്സ. 1:2; 1 തിമൊ. 1:2; 2 തിമൊ. 1:2; തീത്തൊ. 1:4). ത്രിത്വത്തിലെ ഈ രണ്ട് ആളത്വങ്ങളെ വ്യാകരണപരമായി ബന്ധിപ്പിക്കുന്ന പൗലൊസിന്റെ ഒരു രീതിയാണിത്. യേശുവിന്റെ ദൈവത്വത്തെയും പിതാവിനോടുള്ള സമത്വത്തെയുമാണിത് പ്രഖ്യാപിക്കുന്നത്.

## പ്രത്യേക പഠന വിഷയം: ദൈവത്തിന്റെ പിതൃത്വം

I. പഴയ നിയമം
- A. സ്രഷ്ടാവെന്ന നിലയിൽ ദൈവം പിതാവാണ് എന്ന സൂചന
  1. ഉല്പ. 1:26-27
  2. മലാ. 2:10
  3. പ്രവൃ. 17:28
- B. പിതാവ് എന്ന വിവിധ അർത്ഥത്തിൽ സൂചിപ്പിച്ചിരിക്കുന്ന സാദൃശ്യമാണ്
  1. യിസ്രായേലിന്റെ പിതാവ് (തിരഞ്ഞെടുപ്പിലൂടെ)
     - a. "പുത്രൻ" - പുറ. 4:22; ആവ. 14:1; 39:5; യെശ. 1:2; 63:16; 64:8; യിരെ. 3:19; 31:20; ഹോശേ. 1:10; 11:1; മലാ. 1:6
     - b. "ആദ്യജാതൻ" - പുറ. 4:22; യിരെ. 31:9
  2. യിസ്രായേൽ രാജാവിന്റെ പിതാവ് (മശിഹൈക)
     - a. 2 ശമൂ. 7:11-16
     - b. സങ്കീ. 2:7; പ്രവൃ. 13:33; എബ്രാ. 1:5; 5:5
     - c. ഹോശേ. 11:1; മത്താ. 2:15
  3. സ്നേഹിക്കുന്ന പിതാവ്/മാതാവ് എന്ന സാദൃശ്യം
     - a. പിതാവ് (സാദൃശ്യം)
       - (1) മകനെ വഹിക്കുന്നു - ആവ. 1:31
       - (2) ശിക്ഷിക്കുന്നു - ആവ. 8:5; സദൃ. 3:12
       - (3) കരുതുന്നു (ഉദാ. പുറപ്പാട്) - ആവ. 32:1
       - (4) ഉപേക്ഷിക്കുകയില്ല - സങ്കീ. 27:10
       - (5) സ്നേഹിക്കുന്നു - സങ്കീ. 103:13
       - (6) സ്നേഹിതൻ/വഴികാട്ടി - യിരെ. 3:4
       - (7) സൗഖ്യദായകൻ/ക്ഷമിക്കുന്നവൻ - യിരെ. 3:22
       - (8) കരുണ കാണിക്കുന്നവൻ - യിരെ. 31:20
       - (9) പരിശീലിപ്പിക്കുന്നവൻ - യോശേ. 11:14
       - (10) പ്രത്യേക പുത്രൻ - മലാ. 3:17
     - b. മാതാവ് (സാദൃശ്യം)
       - (1) ഒരുകാലത്തും ഉപേക്ഷിക്കുകയില്ല - സങ്കീ. 27:10
       - (2) മുലകുടിപ്പിക്കുന്ന അമ്മയെപ്പോലെ - യെശ. 49:15; 66:9-13; ഹോശേ. 11:4

I. പുതിയ നിയമം
- A. ത്രിത്വം (മൂവരെയും പരാമർശിച്ചിരിക്കുന്ന വേദഭാഗങ്ങൾ)
  1. സുവിശേഷങ്ങൾ
     - a. മത്താ. 3:16-17; 28:19
     - b. യോഹ. 14:26
  2. പൗലൊസ്
     - a. റോമ. 1:4-5; 5:1,5; 8:1-4,8-10
     - b. 1 കൊരി. 2:8-10; 12:4-6
     - c. 2 കൊരി. 1:21; 13:14
     - d. ഗലാ. 4:4-6
     - e. എഫെ. 1:3-14,17; 2:18; 3:14-17; 4:4
     - f. 1 തെസ്സ. 1:2-5
     - g. 2 തെസ്സ. 2:13
     - h. തീത്തൊ. 3:4-6
  3. പത്രൊസ് - 1 പത്രൊ. 1:2
  4. യൂദാ - വാ. 20-21

B. യേശു

1. യേശു "ഏകജാതൻ" എന്ന നിലയിൽ – യോഹ. 1:18; 3:16,18; 1 യോഹ. 4:9
2. യേശു "ദൈവപുത്രൻ" എന്ന നിലയിൽ – മത്താ. 4:13; 14:33; 16:16; ലൂക്കൊ. 1:32,35; യോഹ. 1:34,49; 6:69; 11:27
3. യേശു പ്രിയപുത്രൻ എന്ന നിലയിൽ – മത്താ. 3:17; 17:5
4. പിതാവിനെ *അബ്ബാ* എന്ന് യേശു വിളിക്കുന്നത് – മർക്കൊ. 14:36
5. തനിക്കും നമുക്കും ദൈവത്തോടുള്ള ബന്ധം സൂചിപ്പിക്കുന്നതിനായി യേശു **സർവ്വനാമങ്ങൾ** ഉപയോഗിക്കുന്നത് – യോഹ. 1:18; 3:16,18; 1 യോഹ. 4:9
    a. "എന്റെ പിതാവ്" യോഹ. 5:18; 10:30,33; 19:7; 20:17
    b. "ഞങ്ങളുടെ പിതാവ്" മത്താ. 6:9,14,26

C. ദൈവവും മനുഷ്യനുമായുള്ള ആഴമായ ബന്ധം വിവരിക്കുന്നതിനുപയോഗിച്ചിരിക്കുന്ന അനേക കുടുംബപരമായ സാദൃശ്യങ്ങളിൽ ഒന്ന്

1. ദൈവം പിതാവെന്ന നിലയിൽ
2. വിശ്വാസികൾ
    a. ദൈവത്തിന്റെ പുത്രന്മാർ
    b. മക്കൾ
    c. ദൈവത്തിൽനിന്നു ജനിച്ചവർ
    d. വീണ്ടും ജനിച്ചവർ
    e. ദത്തെടുക്കപ്പെട്ടവർ
    f. വിളിച്ചുചേർത്തവർ
    g. ദൈവത്തിന്റെ കുടുംബം

▣ **"കർത്താവായ"** യെഹൂദ മതത്തിൽ ദൈവത്തിന്റെ ഉടമ്പടി നാമമായ യഹോവ അതിപരിശുദ്ധമായിരുന്നതിനാൽ റബ്ബിമാർ ഈ ഭാഗം വായിക്കുമ്പോൾ യഹോവയുടെ നാമം വൃഥാ എടുക്കുന്നതിലൂടെ പത്തു കല്പന ലംഘിക്കും എന്നു ഭയന്ന് (ഒ.നോ. പുറ. 20:7; ആവ. 5:11) അതിനു പകരം "കർത്താവ്" (*അഡോൺ*) എന്ന പദം ഉപയോഗിച്ചു വന്നു. പുതിയനിയമ എഴുത്തുകാർ യേശുവിനെ "കർത്താവ്" (*കൂറിയോസ്*) എന്ന് ദൈവശാസ്ത്രപരമായ സന്ദർഭങ്ങളിൽ വിളിക്കുമ്പോൾ അവന്റെ ദൈവത്വത്തെയാണവർ ഊന്നിപ്പറയുന്നത് (ഒ.നോ. പ്രവൃ. 2:36; റോമ. 10:9-13; ഫിലി. 2:6-11).

# പ്രത്യേക പഠന വിഷയം: ദൈവിക നാമങ്ങൾ

A. *ഏൽ* (BDB 42, KB 48)

1. ദൈവത്തിനുള്ള പൊതുവായ പുരാതന നാമത്തിന്റെ യഥാർത്ഥ അർത്ഥം നിശ്ചയമില്ല, എങ്കിലും അനേക പണ്ഡിതന്മാർ വിശ്വസിക്കുന്നത് അത് "ബലവാനായിരിക്കുക" അഥവാ "ശക്തനായിരിക്കുക" എന്നർത്ഥമുള്ള അക്കോഡിയൻ മൂലത്തിൽ നിന്നും ഉണ്ടായതാണെന്നാണ് (ഒ.നോ. ഉല്പ. 17:1; സംഖ്യ 23:19; ആവ. 7:21; സങ്കീ. 50:1)
2. കനാന്യ ദേവഗണത്തിൽ ഉന്നതദേവൻ *ഏൽ* ആണ് (റാഷ് ശമ്രാ പാഠങ്ങൾ)
3. ബൈബിളിൽ *ഏൽ* സാധാരണയായി മറ്റു പദങ്ങളുമായി സംയോജിപ്പിച്ചാണ് പറയാറുള്ളത്. ഈ സംയുക്തങ്ങൾ ദൈവത്തിന്റെ സ്വഭാവത്തെ വിശേഷിപ്പിക്കുന്ന മാർഗ്ഗമായി മാറി.
    a. *ഏൽ-എല്യോൻ* (അത്യുന്നത ദൈവം, BDB 42 & 909), ഉല്പ. 14:18-22; ആവ. 32:8; യെശ. 14:14
    b. *ഏൽ-രോയി* ("കാണുന്ന ദൈവം," അഥവാ "സ്വയം വെളിപ്പെടുത്തുന്ന ദൈവം" BDB 42 & 909), ഉല്പ. 16:13
    c. *ഏൽ-ഷദ്ദായി* ("സർവ്വശക്തനായ ദൈവം," "സർവ്വാശ്വാസങ്ങളുടെയും ദൈവം" അഥവാ "പർവതങ്ങളുടെ ദൈവം" BDB 42 & 994), ഉല്പ. 17:1; 35:11; 43:14; 49:25; പുറ. 6:3
    d. *ഏൽ-ഒലാം* (നിത്യനായ ദൈവം, BDB 42 & 761), ഉല്പ. 21:33. ഈ നാമം ദാവീദിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തവുമായി ദൈവശാസ്ത്രപരമായി ബന്ധപ്പെട്ടിരിക്കുന്നു, 2 ശമൂ. 7:13,16
    e. *ഏൽ-ബെരീത്ത്* ("ഉടമ്പടിയുടെ ദൈവം", BDB 42 & 136), ന്യായാ. 9:46
4. *ഏൽ* നെ തുല്യനായി ചിത്രീകരിച്ചിരിക്കുന്നു:
    a. യഹോവ, സങ്കീ. 85:8; യെശ. 42:5 ൽ
    b. *എലോഹീം*, ഉല്പ. 46:3; ഇയ്യോ. 5:8 ൽ "ഞാൻ *ഏൽ* ആകുന്നു; നിന്റെ പിതാവിന്റെ *ഏൽ* തന്നേ"
    c. *ഷദ്ദായി*, ഉല്പ. 49:25 ൽ
    d. "തീക്ഷ്ണത" പുറ. 34:14; ആവ. 4:24; 5:9; 6:15 ൽ

e. "കരുണ" ആവ. 4:31; നെഹെ. 9:31 ൽ
f. "വലിയവനും ഭയങ്കരനും" ആവ. 7:21; 10:17; നെഹെ. 1:5; 9:32; ദാനീ. 9:4 ൽ
g. "ജ്ഞാനം" 1 ശമൂ. 2:3 ൽ
h. "എന്റെ ബലമുള്ള സങ്കേതം" 2 ശമൂ. 22:33 ൽ
i. "എന്റെ പ്രതികാരകൻ" 2 ശമൂ. 22:48 ൽ
j. "പരിശുദ്ധൻ" യെശ. 5:16 ൽ
k. "ശക്തി" യെശ. 10:21 ൽ
l. "എന്റെ രക്ഷ" യെശ. 12:2 ൽ
m. "മഹത്വവും വല്ലഭത്വും" യിരെ. 32:18 ൽ
n. "പ്രതികാരകൻ" യിരെ. 51:56 ൽ

5. ദൈവത്തിനു പഴയ നിയമത്തിൽ കാണുന്ന എല്ലാ പ്രധാന പേരുകളുടെയും സംയുക്തം യോശുവ 22:22 കാണാം (*ഏൽ, എലോഹീം, യഹോവ,* ആവർത്തിച്ചിരിക്കുന്നു)

B. *എല്യോൻ* (BDB 751, KB 832)

1. ഇതിന്റെ അടിസ്ഥാന അർത്ഥം "ഉയർന്നത്," "ഉന്നതമായത്" അഥവാ "ഉയർത്തപ്പെട്ടവൻ" (ഒ.നോ. ഉല്പ. 40:17; 1 രാജാ. 9:8; 2 രാജാ. 18:17; നെഹെ. 3:25; യിരെ. 20:2; 36:10; സങ്കീ. 18:13).
2. ഇത് ദൈവത്തിന്റെ മറ്റനേക നാമങ്ങൾക്ക് സമാന്തരമായി ഉപയോഗിച്ചിരിക്കുന്നു
   a. *എലോഹീം* – സങ്കീ. 47:1–2; 73:11; 107:11
   b. *യഹോവ* – ഉല്പ. 14:22; 2 ശമൂ. 22:14
   c. *ഏൽ-ഷദ്ദായി* – സങ്കീ. 91:1,9
   d. *ഏൽ* – സംഖ്യ. 24:16
   e. *ഏലാ* – ദാനീയേൽ 2–6, എസ്രാ 4–7 ലും മിക്കപ്പോഴും ഉപയോഗിച്ചിരിക്കുന്നു, ദാനീ. 3:26; 4:2; 5:18,21 ൽ *ഇല്ലായിർ* ("ഉന്നത ദൈവം" എന്നതിനുള്ള അരാമ്യ പദം) എന്നതിനോടു ചേർത്ത്.
3. യിസ്രായേല്യരല്ലാത്തവരും ഈ പദം പലപ്പോഴും ഉപയഗിച്ചിട്ടുണ്ട്.
   a. മൽക്കീസേദെക്ക്, ഉല്പ. 14:18–22
   b. ബിലെയാം, സംഖ്യ. 24:16
   c. മോശെ, ജാതികളെക്കുറിച്ചു പറയുമ്പോൾ, ആവ. 32:8
   d. ജാതികൾക്കുവേണ്ടി എഴുതിയ ലൂക്കൊസിന്റെ സുവിശേഷം ഗ്രീക്കു സമാനപദമായ *ഹുപ്സിസ്റ്റോസ്* ഉപയോഗിക്കുന്നു (ഒ.നോ. 1:32,35,76; 6:35; 8:28; പ്രവൃ. 7:48; 16:17)

C. *എലോഹീം* (ബഹുവചനം), *എലോഹ്* (ഏകവചനം) പ്രധാനമായും കവിതയിൽ ഉപയോഗിക്കുന്നു (BDB 43, KB 52)

1. പഴയ നിയമത്തിനു വെളിയിൽ ഈ പദം കാണുന്നില്ല.
2. ഇത് യിസ്രായേലിന്റെ ദൈവത്തെയോ ജാതികളുടെ ദേവന്മാരെയോ സൂചിപ്പിക്കുന്നു (ഒ.നോ. പുറ. 12:12; 20:3). അബ്രാഹാമിന്റെ കുടുംബം ബഹുദൈവ വിശ്വാസികളായിരുന്നു (ഒ.നോ. യോശു. 24:2).
3. ഇത് യിസ്രായേല്യ ന്യായാധിപന്മാരെ സൂചിപ്പിക്കുന്നു (ഒ.നോ. പുറ. 21:6; സങ്കീ. 82:6).
4. *എലോഹീം* എന്ന പദം ഇതര ആത്മീയ ജീവികൾക്കും (ദൂതന്മാർ, പിശാചുക്കൾ) ആവർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട് (ആവ. 32:8; സങ്കീ. 8:5; ഇയ്യോ. 1:6; 38:7).
5. ബൈബിളിൽ ദൈവത്തിനുള്ള ആദ്യ നാമമാണിത് (ഒ.നോ. ഉല്പ. 1:1). ഉല്പ. 2:4 ൽ അത് യഹോവയോടു ചേർത്തു പറയുന്നു. അത് അടിസ്ഥാനപരമായി (ദൈവശാസ്ത്രപരമായി) ദൈവത്തെ സ്രഷ്ടാവ്, പരിപാലകൻ, ഈ ഗ്രഹത്തിലെ മുഴുവൻ ജീവന്റെയും ദാതാവ് എന്നീ നിലയിൽ അവതരിപ്പിക്കുന്നു (ഓ.നോ. സങ്കീ. 104).

   *ഏൽ* എന്നതിന്റെ പര്യായമായിട്ടും ഇതുപയോഗിക്കുന്നു (ഒ.നോ. ആവ. 32:15–19). യഹോവയ്ക്കു സമാന്തരമായിട്ടും ഉപയോഗിക്കുന്നു – സങ്കീർത്തനം 14 (*എലോഹിം*) സങ്കീ. 53 (യഹോവ) എന്നിവ ദൈവിക നാമങ്ങളിലെ വ്യത്യാസം ഒഴികെ ഒരുപോലെയാണ്.
6. ഇതു ബഹുവചനവും, ഇതര ദേവന്മാർക്കുവേണ്ടി ഉപയോഗിക്കുന്നതുമാണെങ്കിലും മിക്കപ്പോഴും യിസ്രായേലിന്റെ ദൈവത്തെയാണ് കുറിക്കുന്നത്. ഇതു ബഹുവചനമാണെങ്കിലും സാധാരണയായി ഏകദൈവ സൂചന നൽകുന്നതിനായി ഇതിനോടൊപ്പം ഏകവചന ക്രിയയാണുപയോഗിക്കാറുള്ളത്.
7. യിസ്രായേല്യർ അല്ലാത്തവരും ദൈവത്തിന്റെ പേരായി ഈ പദം ഉദ്ധരിച്ചിട്ടുണ്ട്.
   a. മൽക്കീസേദെക്ക്, ഉല്പ. 14:18–22
   b. ബിലെയാം, സംഖ്യ. 24:2
   c. മോശെ, ജാതികളെക്കുറിച്ചു പറയുമ്പോൾ, ആവ. 32:8
8. യിസ്രായേലിന്റെ ഏക ദൈവത്തിന്റെ നാമം ബഹുവചനമാണെന്നത് അസാധാരണമാണ്. ഉറപ്പായ നിഗമനത്തിലെത്താനാവില്ലെങ്കിലും അതു സംബന്ധിച്ച സിദ്ധാന്തങ്ങൾ ഇവയാണ്.

a. എബ്രായ ഭാഷയിൽ ഊന്നലിനുവേണ്ടി ബഹുവചനം ഉപയോഗിക്കുന്നതു സാധാരണമാണ്. ഇതിനോട് ഏറ്റവും അടുത്തു നിൽക്കുന്നത് എബ്രായയിലെ പിൽക്കാല വ്യാകരണ സവിശേഷതയായ "ഔന്നത്യത്തിന്റെ ബഹുവചനം" ആണ്. ഒരു സങ്കല്പത്തെ ഉയർത്തി കാണിക്കാൻ ബഹുവചനം ഉപയോഗിക്കുന്ന രീതിയാണിത്.

b. ദൈവം സ്വർഗ്ഗത്തിൽ തന്റെ ആജ്ഞയ്ക്കു കീഴ്പ്പെടുന്നവരോടൊപ്പം നടത്തുന്ന ദൂത ആലോചന സഭയെ ആകാം ഇതു സൂചിപ്പിക്കുന്നത് (ഓ. നോ. 1 രാജാ. 22:19–23; ഇയ്യോ. 1:6; സങ്കീ. 82:1; 89:5,7).

c. മൂന്നു ആളത്വങ്ങളിലുള്ള ഏകദൈവം എന്ന പുതിയനിയമ വെളിപ്പാടിനെയും ഇതു സൂചിപ്പിക്കാൻ സാധ്യതയുണ്ട്. ഉല്പ. 1:1 ൽ ദൈവം സൃഷ്ടിക്കുന്നു; ഉല്പ. 1:2 ൽ ആത്മാവ് പരിവർത്തിക്കുന്നു; പുതിയ നിയമത്തിൽനിന്നും യേശുവാണ് സൃഷ്ടിയിൽ ദൈവത്തിന്റെ മധ്യവർത്തി (ഒ.നോ. യോഹ. 1:3,10; റോമ. 11:36; 1 കൊരി. 8:6; കൊലൊ. 1:15; എബ്രാ. 1:2; 2:10).

D. യഹോവ (BDB 217, KB 394)

1. ദൈവത്തെ ഉടമ്പടി-നിർമ്മാതായ ദൈവം എന്ന നിലയിൽ പരാമർശിക്കുന്ന നാമമാണിത്; ദൈവം രക്ഷകനും വീണ്ടെടുപ്പുകാരനും! മനുഷ്യൻ ഉടമ്പടി ലംഘിക്കുന്നു, എന്നാൽ ദൈവം തന്റെ വചനം, വാഗ്ദത്തം, ഉടമ്പടി എന്നിവയോടു വിശ്വസ്തത പുലർത്തുന്നു (ഒ.നോ. സങ്കീ. 103).

ഈ നാമം ആദ്യമായി ഉപയോഗിക്കുന്നത് ഉല്പ. 2:4 ൽ എലോഹീമിനോടു ചേർത്താണ്. ഉല്പത്തി 1–2 ൽ രണ്ട് സൃഷ്ടിപ്പിൻ വിവരണങ്ങളില്ല, മറിച്ച് രണ്ട് ഊന്നലുകളാണുള്ളത്: (1) ദൈവം പ്രപഞ്ച സ്രഷ്ടാവ് (ഭൗതികം) എന്ന നിലയിൽ; (2) ദൈവം മനുഷ്യന്റെ സ്രഷ്ടാവ് എന്ന നിലയിൽ. മനുഷ്യന്റെ ഉന്നതപദവിയും ഉദ്ദേശ്യവും സംബന്ധിച്ച പ്രത്യേക വെളിപ്പാടും ആ അതുല്യ പദവിയോടു ചേർന്നു വന്ന പാപ പ്രശ്നവും മത്സരവും ഉല്പത്തി 2:4–3:24 ൽ ആരംഭിക്കുന്നു.

2. ഉല്പത്തി 4:26 ൽ "ആ കാലത്ത് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. എങ്കിലും, പുറ. 6:3 സൂചിപ്പിക്കുന്നത് ആദിമ ഉടമ്പടി ജനത (ഗോത്രപിതാക്കന്മാരും അവരുടെ കുടുംബങ്ങളും) ദൈവത്തെ *എൽ-ഷദ്ദായി* എന്നു മാത്രമേ അറിഞ്ഞിരുന്നുള്ളു എന്നാണ്. യഹോവ എന്ന നാമം ഒരു പ്രാവശ്യം മാത്രമേ വിശദീകരിച്ചിട്ടുള്ളു. അത് പുറ. 3:13–16 ൽ, പ്രത്യേകിച്ച് വാ. 14 ൽ ആണ്. എങ്കിലും മോശെയുടെ എഴുത്തുകൾ മിക്കപ്പോഴും വാക്കുകളെ വ്യാഖ്യാനിക്കുന്നത് സർവസാധാരണമായ പദവിന്യാസമുപയോഗിച്ചാണ് അല്ലാതെ പദവ്യുത്പത്തി അനുസരിച്ചല്ല (ഒ.നോ. ഉല്പ. 17:5; 27:36; 29:13–35). ഈ നാമത്തിന്റെ അർത്ഥം സംബന്ധിച്ച് ധാരാളം സിദ്ധാന്തങ്ങളുണ്ട് (1DB, vol 2, pp. 409 - 11 ൽ നിന്നെടുത്തത്).

a. "ആഴമായ സ്നേഹം കാണിക്കുക" എന്നർത്ഥമുള്ള ഒരു അറബി മൂലപദത്തിൽ നിന്നും.

b. "ഊതുക" എന്നർത്ഥമുള്ള അറബി മൂലപദത്തിൽ നിന്നും (യഹോവ കൊടുങ്കാറ്റിന്റെ ദേവനായി)

c. "സംസാരിക്കുക" എന്നർത്ഥമുള്ള ഉഗാറിറ്റ് (കനാന്യ) മൂലപദത്തിൽ നിന്നും

d. "നിലനിർത്തുന്നവൻ" അല്ലെങ്കിൽ "സ്ഥാപിക്കുന്നവൻ" എന്നർത്ഥമുള്ള ഒരു ഫൊയ്നീഷ്യൻ പ്രയോഗത്തിൽനിന്നും

e. "ആയിരിക്കുന്നവൻ," അല്ലെങ്കിൽ "സന്നിഹിതനായിരിക്കുന്നവൻ" എന്നർത്ഥമുള്ള എബ്രായ *ഖാൽ* ൽ നിന്നും

f. "ഹേതുവായിരിക്കുന്നവൻ" എന്നർത്ഥമുള്ള എബ്രായ *ഹിഫിൽ* ൽനിന്നും

g. "ജീവിക്കുക" എന്നർത്ഥമുള്ള ഒരു എബ്രായ മൂലത്തിൽനിന്നും (ഉദാ. ഉല്പ. 3:20), അർത്ഥം "എന്നേക്കും-ജീവിക്കുന്ന, ജീവനുള്ള-ഏകൻ"

h. പുറ. 3:13–16 ലെ സന്ദർഭത്തിൽ നിന്നും ഒരു അപൂർണ്ണ രൂപം പൂർണ്ണ അർത്ഥത്തിൽ ഉപയോഗിക്കുന്നത്, "ഞാൻ ആയിരിക്കുന്നതുപോലെ എന്നെന്നേക്കും ആയിരിക്കും" അല്ലെങ്കിൽ "ഞാൻ എക്കാലവും ആയിരുന്നതുപോലെ തുടർന്നും ആയിരിക്കും" (cf. J. Wash Watts, *A Survey of Syntax in the Old Testament*, p. 67). യഹോവ എന്ന പൂർണ്ണനാമം മിക്കപ്പോഴും ചുരുക്കെഴുത്തായിട്ടോ അല്ലെങ്കിൽ മൂലരൂപത്തിലോ ഉപയോഗിച്ചിരിക്കാനാണു സാധ്യത.

(1) *യാഹ്* (ഉദാ. ഹല്ലേലു-യാഹ്, BDB 219, ഒ.നോ. പുറ. 15:2; 17:16; സങ്കീ. 89:9; 104:35)

(2) *യാഹു* (പേരിന്റെ അവസാനം "യാവ്", ഉദാ. യെശയ്യാവ്)

(3) യോ (പേരിന്റെ ആരംഭത്തിൽ "യോ", ഉദാ. യോശുവ, യോവേൽ)

3. പിൽക്കാല യെഹൂദ മതത്തിൽ ഈ ഉടമ്പടി നാമം അതിപരിശുദ്ധമായിത്തീർന്നതിനാൽ (നാലക്ഷര നാമം) നാം പുറ. 20:7; ആവ. 5:11; 6:13 ലെ കല്പന ലംഘിക്കപ്പെട്ടാലോ എന്നു ഭയന്ന് യിസ്രായേല്യർ ഇത് ഉച്ചരിക്കുവാൻ മടിച്ചു. അതുകൊണ്ട് അതിനു പകരമായി "ഉടമസ്ഥൻ", "യജമാനൻ," "ഭർത്താവ്," "കർത്താവ്" എന്നീ അർത്ഥങ്ങളുള്ള *അഡോൺ*, അഥവാ *അഡോണായി* (എന്റെ കർത്താവ്) എന്ന പദം ഉപയോഗിച്ചു. പഴയ നിയമം വായിച്ചുവരുമ്പോൾ യഹോവ എന്ന നാമം വരുന്നിടത്ത് അവർ "കർത്താവ്" എന്നു വായിച്ചു. ഇക്കാരണത്താലാണ് ഇംഗ്ലീഷ് പരിഭാഷകളിൽ യഹോവ എന്ന

തിനു പകരം LORD എന്നുപയോഗിച്ചിരിക്കുന്നത്.

4. *ഏൽ* എന്ന നാമത്തിന്റെ കാര്യത്തിലെന്നപോലെ, യഹോവ എന്ന നാമത്തിനും യിസ്രായേലിന്റെ ഉടമ്പടി ദൈവത്തിന്റെ ചില സ്വഭാവസവിശേഷതകൾ ഉയർത്തിക്കാണിക്കുന്നതിനായി മറ്റു പദങ്ങൾ ചേർത്ത് സംയുക്ത നാമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അനേക സംയുക്തനാമങ്ങൾ പറയാവുന്നതാണെങ്കിലും, ചിലത് ഇവിടെ ചേർക്കുന്നു.
   a. *യഹോവ-യിരേ* (യഹോവ കരുതിക്കൊള്ളും, BDB 217 & 906), ഉല്പ. 22:14
   b. *യഹോവ-റോഫേക്കാ* (യഹോവ നിന്റെ സൗഖ്യദായകൻ, BDB 217 & 950, *ഖാൽ* ഘടകം), പുറ. 15:26
   c. *യഹോവ-നിസ്സി* (യഹോവ എന്റെ കൊടി, BDB 217 & 651), പുറ. 17:15
   d. *യഹോവ-മെക്കാദിഷ്ക്കേം* (യഹോവ നിന്നെ വിശുദ്ധീകരിക്കുന്നവൻ, BDB 217 & 872, *പിയേൽ* ഘടകം), പുറ. 31:13
   e. *യഹോവ-ശാലോം* (യഹോവ സമാധാനം, BDB 217 & 1022), ന്യായാ. 6:24
   f. *യഹോവ-സബാവോത്ത്* (സൈന്യങ്ങളുടെ യഹോവ, BDB 217 & 878), 1 ശമൂ. 1:3,11; 4:4; 15:2; മിക്കപ്പോഴും പ്രവാചക പുസ്തകങ്ങളിൽ
   g. *യഹോവ-രോ'യി* (യഹോവ എന്റെ ഇടയൻ, BDB 217 & 944, *ഖാൽ* ഘടകം), സങ്കീ. 23:1
   h. *യഹോവ-സിദ്ക്കെനു* (യഹോവ നമ്മുടെ നീതി, BDB 217 & 841), യിരെ. 23:6
   i. *യഹോവ-ശമ്മാ* (യഹോവ അവിടെ, BDB 217 & 1027), യെഹെ. 48:35

▣ **"യേശു"** *യേശു* എന്ന അരാമ്യ പദം എബ്രായ പദമായ *യോശുവ*യ്ക്കു തുല്യമാണ്. "യഹോവ," "രക്ഷ" എന്നീ രണ്ട് എബ്രായപദങ്ങളുടെ സംയുക്തമാണത്. "യഹോവ രക്ഷിക്കുന്നു" എന്നോ, "യഹോവ വിടുവിക്കുന്നു" എന്നോ "യഹോവ രക്ഷയാകുന്നു" എന്നോ ആണർത്ഥം. മത്താ. 1:21,25 ൽ ഈ അർത്ഥ സൂചന കാണാം.

▣ **"ക്രിസ്തു"** *മശിഹാ* (BDB 603) എന്ന എബ്രായ പദത്തിന്റെ ഗ്രീക്കു തർജ്ജമയാണിത്. അർത്ഥം "അഭിഷിക്തൻ." പഴയനിയമത്തിൽ നിരവധി നേതാക്കൾ (പ്രവാചകന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ) ദൈവിക തിരഞ്ഞെടുപ്പിന്റെയും സജ്ജമാക്കലിന്റെയും അടയാളമായി അഭിഷേകം ചെയ്യപ്പെട്ടിരുന്നു. യേശു ഈ മൂന്ന് അഭിഷിക്ത പദവികളും അലങ്കരിച്ചിരുന്നു (ഒ.നോ. എബ്രാ. 1:2-3).

നീതിയുടെ പുതിയ യുഗം കൊണ്ടുവരുന്നതിനായി ദൈവം ഒരു പ്രത്യേക "അഭിഷിക്തനെ" അയയ്ക്കുമെന്ന് പഴയ നിയമം പ്രവചിച്ചു. യേശു അവന്റെ പ്രത്യേക "ദാസൻ," "പുത്രൻ," "മശിഹാ" ആണ്.

## പ്രത്യേക പഠനവിഷയം: മശിഹാ

ദാനീയേൽ 9:6 നെക്കുറിച്ചുള്ള എന്റെ വ്യാഖ്യാന കുറിപ്പിൽ നിന്നും എടുത്തിട്ടുള്ളതാണിത്. ഈ വാക്യം വ്യാഖ്യാനിക്കുന്നതിനുള്ള പ്രയാസത്തിനു കാരണം മശിഹാ അഥവാ അഭിഷിക്തനോടു ബന്ധപ്പെട്ട് നിലനിന്നിരുന്ന വ്യത്യസ്ത അർത്ഥങ്ങളാണ് (BDB 603):

1. യെഹൂദരാജാക്കന്മാർക്ക് ഉപയോഗിച്ചു (ഉദാ. 1 ശമൂ. 2:10; 12:3)
2. യെഹൂദ പുരോഹിതന്മാർക്ക് ഉപയോഗിച്ചു (ഉദാ. ലേവ്യ. 4:3,5)
3. കോരെശിന് ഉപയോഗിച്ചു (ഉദാ. യെശ. 45:1)
4. #1, #2 എന്നിവ സങ്കീ. 110 ലും സെഖ. 4 ലും ഒരുമിച്ചു വന്നിരിക്കുന്നു
5. നീതിയുടെ പുതിയയുഗം സ്ഥാപിക്കുവാനുള്ള ദൈവത്തിന്റെ പ്രത്യേക ദാവീദ്യ രാജാവിനെ സൂചിപ്പിക്കുവാൻ
   a. യെഹൂദാ വംശം (ഓ. നോ. ഉല്പ. 49:10)
   b. യിശ്ശായി ഗൃഹം (ഓ. നോ. 2 ശമൂ. 7)
   c. സാർവ്വലൗകിക ഭരണം (ഓ. നോ. സങ്കീ. 2; യെശ. 9:6; 11:1-5; മീഖാ 5:1-4 മുതൽ)

താഴെക്കൊടുത്തിരിക്കുന്ന കാരണങ്ങളാൽ "അഭിഷിക്തൻ" നസറയനായ യേശുവാണെന്നു ഞാൻ വ്യക്തിപരമായി വിശ്വസിക്കുന്നു.

1. ആധ്യായം 2-ൽ, നാലാം സാമ്രാജ്യകാലത്ത് സ്ഥാപിതമാകുന്ന നിത്യരാജ്യത്തെ പരിചയപ്പെടുത്തുന്നു
2. 7:13 ൽ നിത്യരാജത്വം നല്കപ്പെടുന്ന "ഒരു മനുഷ്യപുത്രനെ" അവതരിപ്പിക്കുന്നു
3. വീണുപോയ ലോക ചരിത്രത്തിന്റെ അന്ത്യത്തിലേക്കു വിരൽചൂണ്ടുന്ന 9:24 ലെ വീണ്ടെടുപ്പിൻ സൂചന
4. പുതിയനിയമത്തിൽ യേശു ദാനീയേലിന്റെ പുസ്തകം ഉപയോഗിക്കുന്നത് (ഓ. നോ. മത്താ. 24:15; മർക്കൊ. 13:14).

▣ **"കൃപയും സമാധാനവും ഉണ്ടാകട്ടെ"** ഇതു പൗലൊസിന്റെ പതിവായ പ്രാരംഭ അനുഗ്രഹവാചകമാണ്. ഗ്രീക്കുകാരുടെ പരമ്പരാഗത വന്ദനമായ "വന്ദനം" (*ഖാറെയ്ൻ*) ക്രിസ്തീയ പദമായ "കൃപ" (*ഖാറിസ്*) എന്നിവ

യുടെ ദ്വയാർത്ഥ പ്രയോഗമാണിത്. പൗലൊസ് ഈ ഗ്രീക്കുപദത്തെ പരമ്പരാഗത എബ്രായ അഭിവാദനമായ "ഷാലോം" അഥവാ "സമാധാന"വുമായി ബന്ധിപ്പിക്കുകയായിരുന്നിരിക്കാം.

**1:5**

| | |
|---|---|
| **NASB, NKJV, NRSV** | **"ജഡം അനുസരിച്ച്"** |
| **TEV** | **"അവന്റെ മനുഷ്യത്വം സംബന്ധിച്ച്"** |
| **NJB** | **"മനുഷ്യ പ്രകൃതി അനുസരിച്ച്"** |

ഇത് പ്രവചന നിവൃത്തിയും യേശുവിന്റെ മനുഷ്യത്വത്തെ ഉറപ്പിക്കുന്നതും ആണ്. ഒന്നാം നൂറ്റാണ്ടിലെ മത മണ്ഡലങ്ങൾ അവന്റെ മനുഷ്യത്വത്തെ നിഷേധിച്ചിരുന്നു (ഒ.നോ. 1 യോഹ. 1:1–4; 4:1–3). പൗലൊസ് "ജഡം" (*സാർക്സ്-σαρξ*) എന്ന പദം നിഷേധാത്മക അർത്ഥത്തിൽ (ഒ.നോ. 2:28; 9:3) എല്ലായ്പ്പോഴും ഉപയോഗിച്ചിരുന്നില്ല എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. എന്നിരുന്നാലും "ജഡം" എന്നത് "ആത്മാവിന്" എതിരായിട്ടുള്ളത് എന്ന നിലയിലാണ് പൗലൊസ് ഉപയോഗിച്ചിരിക്കുന്നത് (ഒ.നോ. 6:19; 7:5,18,25; 8:3–9,12,13; 1 കൊരി. 5:5; 2 കൊരി. 1:17; 11:18; ഗലാ. 3:3; 5:13,16,17–19,24; 6:8; എഫെ. 2:3; കൊലൊ. 2:11,13,18,23).

*കാറ്റാ* (അനുസരിച്ച്) എന്ന ഈ വ്യാകരണ നിർമ്മിതിയും ഒപ്പം accusative ന്റെ ഉപയോഗവും താഴെ വീണ്ടും കാണാം (ആത്മാവു സംബന്ധിച്ച്). യേശു മനുഷ്യനും (ജഡം സംബന്ധിച്ച്) ദൈവവും (ആത്മാവു സംബന്ധിച്ച്) ആണ്. ജഡധാരണത്തിന്റെ ഉപദേശം നിർണ്ണായകമാണ് (ഒ.നോ. 1 യോഹ. 4:1–3). ഇത് യേശുവിന്റെ സ്വയം തിരഞ്ഞെടുത്ത പേരായ "മനുഷ്യപുത്രൻ" (ഒ.നോ. സങ്കീ. 8:4; യെഹെ. 2:1 (മാനുഷികം), ദാനീ. 7:13 (ദൈവികം) എന്നതിന്റെ സൂചനയുമാകാം.

## പ്രത്യേക പഠനവിഷയം: ജഡം (*സാർക്സ് - σαρξ*)

ഗലാതൃലേഖനത്തിലും അതിന്റെ ദൈവശാസ്ത്ര വികസനമായ റോമാലേഖനത്തിലും പൗലൊസ് ഇത് കൂടെക്കൂടെ ഉപയോഗിക്കുന്നുണ്ട്. പദത്തിന്റെ വ്യത്യസ്ത അർത്ഥസൂചന സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഐക്യമില്ല. അർത്ഥങ്ങൾ പരസ്പരം കവിഞ്ഞുകിടക്കുന്നു എന്നതിൽ സംശയമില്ല. പദത്തിന്റെ അർത്ഥവ്യാപ്തി മനസ്സിലാക്കാനുള്ള ഒരു ശ്രമം മാത്രമാണ് താഴെക്കാണുന്നത്.

A. മനുഷ്യ ശരീരം, യോഹ. 1:14; റോമ. 2:28; 1 കൊരി. 5:5; 7:28; 2 കൊരി. 4:11; 7:5; 12:7; ഗലാ. 1:16; 2:16,20; 4:13; ഫിലി. 1:22; കൊലൊ. 1:22,24; 2:5; 1 തിമൊ. 3:10
B. മനുഷ്യ സന്തതി, യോഹ. 3:6; റോമ. 1:3; 4:1; 9:3,5,8; 11:14; 1 കൊരി. 10:18; ഗലാ. 4:23,29
C. മനുഷ്യ വ്യക്തി, റോമ. 3:20; 7:5; 8:7–8; 1 കൊരി. 1:29; 2 കൊരി. 10:3; ഗലാ. 2:16; 5:24
D. മാനുഷികമായി സംസാരിക്കുക, യോഹ. 8:15; 1 കൊരി. 1:26; 2 കൊരി. 1:12; 5:16; 10:2; ഗലാ. 6:12
E. മാനുഷിക ബലഹീനത, റോമ. 6:19; 7:18; 8:5–6,9; 2 കൊരി. 10:4; ഗലാ. 3:3; 5:13,16,19–21; കൊലൊ. 2:18
F. വീഴ്ചയുടെ ഫലത്തോടു ബന്ധപ്പെട്ട് മനുഷ്യവർഗ്ഗത്തിനു ദൈവത്തോടുള്ള ശത്രുത്വം, റോമ. 7:14; 13:14; 1 കൊരി. 3:1,3; എഫെ. 2:3; കൊലൊ. 2:18; 1 പത്രൊ. 2:11; 1 യോഹ. 2:16

▣ **"ദാവീദിന്റെ സന്തതയിൽ നിന്നു ജനിക്കയും"** 2 ശമൂ. 7 ലെ പ്രവചനത്തോട് ഇതു ബന്ധപ്പെട്ടിരിക്കുന്നു. മശിഹാ ദാവീദിന്റെ രാജവംശത്തിൽ പെട്ടവനും (ഒ.നോ. യെശ. 9:7; 11:1,10; യിരെ. 23:5; 30:9; 33:15) യെഹൂദാ ഗോത്രത്തിൽ നിന്നുള്ളവനും (ഒ.നോ. ഉല്പ. 49:4–12; യെശ. 65:9) ആയിരിക്കണം. മത്തായി സുവിശേഷത്തിൽ പല പ്രാവശ്യം യേശു ദാവീദിന്റെ സന്തതിയാണെന്നു പ്രസ്താവിച്ചിരിക്കുന്നു (ഒ.നോ. 1:6; 9:27; 12:23; 15:22; 20:30, 31; 21:9,15; 22:42). അത് ദാവീദ്യ രക്ഷകൻ വരുമെന്ന യെഹൂദ പ്രതീക്ഷയെ പ്രതിഫലിപ്പിക്കുന്നു.

പൗലൊസ് യേശുവിനെ സംബന്ധിച്ച ഈ വസ്തുത ഊന്നിപ്പറയുന്നില്ല എന്നത് ആശ്ചര്യകരമാണ്. ഇവിടെയും 2 തിമൊ. 2:8 ലും മാത്രമാണവൻ അക്കാര്യം സൂചിപ്പിക്കുന്നത്; രണ്ടു ഭാഗങ്ങളും ആദിമസഭയുടെ വിശ്വാസ പ്രമാണ വാചകത്തിൽ നിന്നുള്ള ഉദ്ധരണിയാകാം. NIDNTT വാല്യം 3, പേജ് 61 ൽ ആദിമസഭയുടെ ക്രിസ്തു ശാസ്ത്ര വിശ്വാസപ്രമാണങ്ങൾ/പാട്ടുകൾ/പ്രാർത്ഥനാ ക്രമങ്ങൾ പ്രതിഫലിപ്പിക്കുന്ന നിരവധി പുതിയനിയമ ഭാഗങ്ങളുടെ പട്ടിക നിരത്തുന്നുണ്ട് (ഉദാ. റോമ. 1:3–4; 8:34; 1 കൊരി. 15:3–4; ഫിലി. 2:6–11; 1 തിമൊ. 3:16; 2 തിമൊ. 2:8; 1 പത്രൊ. 3:18–20).

▣ **"ഉയിർത്തെഴുന്നേല്ക്കയാൽ"** പിതാവാം ദൈവം യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്പിച്ചതിലൂടെ അവന്റെ ജീവിതത്തെയും സന്ദേശത്തെയും ഉറപ്പിച്ചു (ഒ.നോ. 4:24; 6:4,9; 8:11; പ്രവൃ. 2:31–33). യേശുവിന്റെ ദൈവത്വവും (ഒ.നോ. യോഹ. 1:1–14; കൊലൊ. 1:15–19; ഫിലി. 2:6–11; എബ്രാ. 1:2–3) ഉയിർത്തെഴുന്നേൽപ്പും (ഒ.നോ. 4:25; 10:9–13; 1 കൊരി. 15) ക്രിസ്ത്യാനിത്വത്തിന്റെ രണ്ടു തൂണുകളാണ്.

▣ യേശുവിന്റെ അനുസരണമുള്ള മാതൃകാജീവിതത്തിന് ദൈവം പ്രതിഫലം നൽകി ഉയിർപ്പിച്ചെന്നു പഠിപ്പിക്കുന്ന "ദത്തെടുക്കൽ വാദം" (അഡോപ്ഷനിസം) എന്ന ദുരുപദേശത്തെ പിന്തുണയ്ക്കുവാൻ ഈ വാക്യം ഉപയോഗിക്കുന്നുണ്ട്. അവൻ എല്ലായ്പ്പോഴും ദൈവമായിരുന്നില്ല, ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചപ്പോൾ അവൻ ദൈവമാകുകയായിരുന്നു. യോഹ. 1, 17 അധ്യായങ്ങളിൽ നിന്നും ഇതു തികച്ചും അസത്യമാണെന്ന്

വ്യക്തമായിരിക്കുമ്പോൾ തന്നെ യേശുവിന്റെ ഉയിർത്തെഴുന്നേല്പിൽ ദൈവം അവന്റെമേൽ എന്തോ ഒന്ന് നൽകി. ദൈവത്തിന് എങ്ങനെ പ്രതിഫലം നൽകാൻ കഴിയും എന്നു വിശദീകരിക്കുക പ്രയാസമാണെങ്കിലും അതാണു സംഭവിച്ചത്. യേശു പിതാവുമായി നിത്യമഹത്വം പങ്കുവച്ചിരുന്നെങ്കിലും അവനെ ഭരമേല്പിച്ച വീണ്ടെടുപ്പിൻ വേല പൂർണ്ണ തോതിൽ നിവർത്തിച്ചതിനാൽ അവന്റെ പദവി ഏതോ നിലയിൽ കൂടുതൽ സമ്പന്നമായി. ഉയിർത്തെഴുന്നേൽപ്പ്, നസറേത്തിലെ യേശുവിന്റെ ജീവിതം, മാതൃക, ഉപദേശം, ബലി എന്നിവയ്ക്കുള്ള പിതാവിന്റെ അംഗീകാരമായിരുന്നു. നിത്യദൈവവും സമ്പൂർണ്ണ മനുഷ്യനും, പൂർണ്ണതയുള്ള രക്ഷകനും യഥാസ്ഥാനവും പ്രതിഫലവും പ്രാപിച്ചവനും നിസ്തുലനായ പുത്രനും ആണ് അവൻ! അനുബന്ധം മൂന്ന്: അഡോപ്ഷനിസം കാണുക.

■ **"വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ച്"**

**NASB, NKJV**
**NRSV** **"വിശുദ്ധിയുടെ ആത്മാവിനനുസരിച്ച്"**
**TEV** **"ദൈവിക വിശുദ്ധി സംബന്ധിച്ച്"**
**NJB** **"ആത്മാവിന്റെ ക്രമപ്രകാരം, വിശുദ്ധിയുടെ ആത്മാവ്"**

ചില തർജ്ജമകളിൽ Spirit (ആത്മാവ്) എന്നതിലെ 'S' വലിയക്ഷരം ഉപയോഗിച്ച് പരിശുദ്ധാത്മാവിനെയും ചെറിയക്ഷരം 's' ഉപയോഗിച്ച് യേശുവിന്റെ മനുഷ്യാത്മാവിനെയും സൂചിപ്പിക്കുന്നു. പിതാവാം ദൈവം ആത്മാവായിരിക്കുന്നതുപോലെ യേശുവും ആത്മാവാണ്. പുരാതന എബ്രായ, ഗ്രീക്കു പാഠങ്ങളിൽ വലിയക്ഷരമോ ചിഹ്നങ്ങളോ അധ്യായ, വാക്യ വിഭജനങ്ങളോ ഇല്ലാതിരുന്നതിനാൽ ഇതെല്ലാം പാരമ്പര്യ ചിന്തകളോ പരിഭാഷകരുടെ വ്യാഖ്യാനങ്ങളോ ആണ്. വാ. 5 നെ വീക്ഷിക്കാൻ മൂന്നു മാർഗ്ഗങ്ങളുണ്ട്.

1. യേശുവിന്റെ രണ്ടു പ്രകൃതികളായ മനുഷ്യൻ, ദൈവം എന്നിവയെ സൂചിപ്പിക്കുന്നു.
2. മനുഷ്യൻ, ഉയിർത്തെഴുന്നേറ്റ കർത്താവ് എന്ന അവന്റെ ഭൗമിക ജീവിതത്തിലെ രണ്ടു ഘടകങ്ങളെ സൂചിപ്പിക്കുന്നു.
3. "യേശുക്രിസ്തു കർത്താവ്" എന്നതിനു സമാന്തരം

■ **"ദൈവപുത്രൻ എന്നു ശക്തിയോടെ"** പുതിയനിയമ എഴുത്തുകാർ യേശുവിനെ "ദൈവപുത്രൻ" (ഒ.നോ. മത്താ. 4:3) എന്ന പേരുപയോഗിച്ച് കൂടെക്കൂടെ വിളിച്ചിരുന്നില്ല. ഇതിനു കാരണം ഗ്രീക്ക് പുരാണങ്ങളിലെ തെറ്റായ അർത്ഥങ്ങളായിരുന്നു (കന്യകാ ജനനത്തെ സംബന്ധിച്ചും ഇതു ശരിയാണ്). ഈ ആശയം "അതുല്യമായ, ഒരിനത്തിലെ ഒന്ന്" (*മോണോഗെനെസ്*, ഒ.നോ. യോഹ. 1:18; 3:16,18; 1 യോഹ. 4:9) എന്ന പദത്തിൽ സൂചിപ്പിച്ചിരിക്കുന്നു. അങ്ങനെ അതിനർത്ഥം "യേശു, ഏക സത്യദൈവപുത്രൻ" എന്നായി. 1:3 ലെ പ്രത്യേക പഠന വിഷയം കാണുക. പുതിയ നിയമത്തിൽ പിതാവാം ദൈവത്തോടും പുത്രനായ യേശുവിനോടും ബന്ധപ്പെട്ട രണ്ടു ധ്രുവങ്ങളുണ്ട്.

1. അവർ സമത്വമുള്ളവരാണ് (ഒ.നോ. യോഹ. 1:1; 5:18; 10:30; 14:9; 20:28; 2 കൊരി. 4:4; ഫിലി. 2:6; കൊലൊ. 1:15; എബ്രാ. 1:3). എങ്കിലും
2. അവർ വ്യത്യസ്ത ആളത്വങ്ങളാണ് (ഒ.നോ. മർക്കൊ. 10:18; 14:36; 15:34).

പൗലൊസ് ഒന്നുകിൽ ആദിമ ക്രിസ്തുശാസ്ത്ര വിശ്വാസ പ്രമാണം ഉദ്ധരിക്കുകയോ അല്ലെങ്കിൽ സങ്കീ. 2:6,7 ലെയോ 110:1 ലെയോ യഹോവയുടെ മശിഹൈക രാജാവിനെക്കുറിച്ച് പരമാർശിക്കുകയോ ചെയ്യുന്നു (ഒ.നോ. പ്രവൃ. 2:34–36). അങ്ങനെ ചെയ്യുന്നതിലൂടെ അവൻ "ദൈവപുത്രൻ എന്നു ശക്തിയോടെ" എന്ന പ്രയോഗത്തെ ഊന്നിപ്പറയുന്നു (NIDNTT, Vol. 2, p. 79). ആ പ്രയോഗം അവന്റെ ജനനത്തിലോ സ്നാനത്തിലോ അല്ല അവന്റെ ഉയിർത്തെഴുന്നേല്പിലാണു ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതേസമയം ദത്തെടുക്കൽ വാദ ക്രിസ്തുശാസ്ത്രം (പദസൂചിക കാണുക) ഈ വാക്യമെടുത്ത് തങ്ങളുടെ വാദത്തെ സാധൂകരിക്കാൻ ഉപയോഗിക്കുന്നു. വേദപുസ്തക വ്യാഖ്യാനത്തിന്റെ ഈ വാക്യത്തെളിവു രീതിയിൽ ഒരുവന് തങ്ങൾ പറയുന്നതെന്തും സാധൂകരിക്കാൻ ബൈബിളിനെ ഉപയോഗിക്കാം (വേദപുസ്തക വ്യാഖ്യാനം സംബന്ധിച്ച വിശദീകരണത്തിനു കാണുക: www.freebiblecommentary.org).

**1:6 "ഞങ്ങൾ"** തന്റെ ഇതര ലേഖനങ്ങളിൽ ചെയ്യുന്നതുപോലെ പൗലൊസ് മറ്റാരുടെയും പേരു പറയുന്നില്ല. ഈ ഒന്നാമത്തെ പ്രയോഗം പൗലൊസിന്റെ ദമസ്കോസ് റോഡിലെ മാനസാന്തരത്തെയും നിയോഗത്തെയും സൂചിപ്പിക്കുന്നു (ഒ.നോ. പ്രവൃ. 9). അത് "ഞങ്ങൾ" എന്ന പത്രാധിപ ഉപയോഗത്തെ ശക്തമായി സൂചിപ്പിക്കുന്നു.

■

**NASB, NRSV** **"സകലജാതികളുടെയും ഇടയിൽ"**
**NKJV** **"സകലദേശങ്ങളുടെയും ഇടയിൽ"**
**TEV** **"സകലദേശങ്ങളിലെയും ജനങ്ങൾ"**
**NJB** **"സകലജാതീയ രാജ്യങ്ങൾക്കും"**

ഇതു സാർവ്വലൗകിക സുവിശേഷമാണ്. ഉല്പ. 3:15 ലെ ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ വാഗ്ദത്തത്തിൽ സകലമനുഷ്യരും ഉൾപ്പെടുന്നു. യേശുവിന്റെ പാപപരിഹാരമരണം ആദാമിന്റെ വീഴ്ച സംഭവിച്ച സകല സന്തതിയെയും ഉൾക്കൊള്ളുന്നു. (ഒ.നോ. 5:18; യോഹ. 1:29; 3:16; 4:42; 6:33,51; 1 കൊരി. 15:22; 2 കൊരി. 5:19; എഫെ. 2:11–3:13; 1 തിമൊ. 2:4; 4:10; തീത്തൊ. 2:11; എബ്രാ. 2:9; 2 പത്രൊ. 3:9; 1 യോഹ. 2:2; 4:14). പൗലൊസ്

തന്റെ പ്രത്യേക വിളിയെ ജാതികളോടു സുവിശേഷം പ്രസംഗിക്കുന്നതിനുള്ളതായി കണ്ടു (ഒ.നോ. പ്രവൃ. 9:15; 22:21; 26:17; റോമ. 11:13; 15:16; ഗലാ. 1:16; 2:29; എഫെ. 3:2,8; 1 തിമൊ. 2:7; 2 തിമൊ. 4:17)

## പ്രത്യേക പഠനവിഷയം: ബോബിന്റെ സുവിശേഷവിഹിത മുൻവിധികൾ

ഈ വിഷയത്തിൽ ഞാൻ മുൻവിധിയുള്ളവനാണെന്ന് വായനക്കാരായ നിങ്ങളോട് എനിക്കു സമ്മതിച്ചേ തീരൂ. എന്റെ വ്യവസ്ഥിതി ദൈവശാസ്ത്രം കാൽവിനിസമോ യുഗവാദമോ അല്ല. മറിച്ച് ശ്രേഷ്ഠനിയോഗ സുവിശേഷീകരണമാണ് (ഒ.നോ. മത്താ. 28:18–20; ലൂക്കൊ. 24:46–47; പ്രവൃത്തി. 1:8). സകല മാനവരാശി യുടെയും വീണ്ടെടുപ്പിനായി ഒരു നിത്യപദ്ധതി ദൈവത്തിനുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു (ഒ.നോ. ഉല്പ. 3:15; 12:3; പുറ. 19:5–6; യിരെ. 31:31–34; യെഹെ. 18; 36:22–39; പ്രവൃ. 2:23; 3:18; 4:28; 13:29; ഗലാ. 3:28–29; കൊലൊ. 3:11). യേശു ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന മർമ്മമെങ്കിലും ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു (ഒ.നോ. എഫെ. 2:11–3:13). യിസ്രായേലല്ല, പുതിയ നിയമ സുവിശേഷമാണ് തിരുവെഴുത്തിന്റെ താക്കോൽ.

ഈ മുൻധാരണ, എന്റെ തിരുവെഴുത്തിന്റെ വ്യാഖ്യാനങ്ങൾക്ക് നിറം പകരുന്നു. അതിലൂടെയാണ് ഞാൻ സകല വേദഭാഗങ്ങളും വായിക്കുന്നത്. അത് തീർച്ചയായും ഒരു മുൻവിധിയാണ് (സകല വ്യാഖ്യാതാക്കൾക്കും അതുണ്ട്). എന്നാൽ അത് തിരുവെഴുത്താധാരമായ മുൻധാരണകളാണ്.

▣ **"വിശ്വാസത്തിനു അനുസരണം"** ആക്ഷരിക ഗ്രീക്കു പ്രയോഗം "അനുസരണത്തിനു വേണ്ടി" (*eis*) എന്നാണ് സുവിശേഷത്തിന്

1. മാനസാന്തരത്തിന്റെയും വിശ്വാസത്തിന്റെയും സത്വര അനുസരണവും
2. ക്രിസ്ത്യാനുരൂപ്യത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ജീവിതശൈലി അനുസരണവും ഉണ്ട്

സുവിശേഷം ഒരു കൃപാദാനമാണ്, എന്നാൽ അതു പ്രതീക്ഷിക്കുന്ന ഒരു ഫലമുണ്ട്. പഴയനിയമം പോലെ ഒരു ഉടമ്പടിയാണ് പുതിയനിയമം. രണ്ടും വിശ്വാസം/അനുസരണം ആവശ്യപ്പെടുന്നു. രണ്ടിനും നേട്ടങ്ങളും ഉത്തരവാദിത്വങ്ങളും പ്രതീക്ഷകളും ഉണ്ട് (അതാ. എഫെ. 1:4; 2:10). ഇത് ഒരു പ്രവൃത്തിയുടെ നീതിയല്ല, മറിച്ച് പ്രവൃത്തിയുടെ സ്ഥിരീകരണമാണ് (ഒ.നോ. യാക്കോബ്, 1 യോഹന്നാൻ). നിത്യജീവന് ദൃശ്യമായ സവിശേഷത കളുണ്ട്.

▣

**NASB, NJB** **"വിശ്വാസത്തിന്റെ അനുസരണം"**
**NKJV** **"വിശ്വാസത്തിന് അനുസരണത്തിനായി"**
**NRSV** **"വിശ്വാസത്തിന്റെ അനുസരണം വരുത്തേണ്ടതിന്"**
**TEV** **"വിശ്വസിക്കുവാനും അനുസരിക്കുവാനും"**

റോമാ ലേഖനത്തിലെ താക്കോൽ പദമായ "വിശ്വാസ"ത്തിന്റെ ആദ്യ ഉപയോഗമാണിത് (4:5 ലെ പ്രത്യേക പഠനവിഷയം കാണുക). ഈ അദ്ധ്യായത്തിലും പുസ്തകത്തിലും മൂന്നു വ്യത്യസ്ത നിലകളിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ട്.

1. വാക്യം 6. യേശുവിനോടും ക്രിസ്തീയ ജീവിതത്തോടും ബന്ധപ്പെട്ടിരിക്കുന്ന സത്യങ്ങളുടെ അഥവാ ഉപദേശ ങ്ങളുടെ സംഹിതയ്ക്ക് ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. പ്രവൃ. 6:7; 13:8; 14:22; 16:5; റോമ. 14:1; 16:26; ഗലാ. 1:23; 6:10; യൂദാ 3,20).
2. വാക്യം 8. യേശുവിലുള്ള വ്യക്തിപരമായ ആശ്രയത്തെ സൂചിപ്പിക്കുന്നു. "വിശ്വസിക്കുക," "വിശ്വാസം", "ആശ്രയം" എന്നീ പദങ്ങളെല്ലാം ഒരു ഗ്രീക്കുപദത്തിന്റെ (*പിസ്റ്റിസ്/പിസ്റ്റെയുഓ*) പരിഭാഷയാണ്. സുവിശേഷം ഒരേ സമയം ആശയപരവും (ഉപദേശം) ആളത്തപരവുമാണ് (ഒ.നോ. വാ. 16; യോഹ. 1:12; 3:16). 4:5 ലെ പ്രത്യേക പഠനവിഷയം കാണുക.
3. വാക്യം 17. വിശ്വാസീയത, കൂറ്, വിശ്വാസയോഗ്യം എന്നീ പഴയനിയമ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. ഇതാണ് ഹബ. 2:4 ന്റെ അർത്ഥം. പഴയ നിയമത്തിൽ വിശ്വാസത്തിന്റെ വികസിത ഉപദേശം കാണുന്നില്ല എങ്കിലും വിശ്വാസ ജീവിതങ്ങളുടെ ഉദാഹരണങ്ങൾ ഒന്നിനു പുറകെ ഒന്നായി കാണാം (ഒ.നോ. അബ്രാ ഹാം, ഉല്പ. 15:6). പൂർണ്ണ വിശ്വാസമായിരുന്നില്ല മറിച്ച് പോരാടുന്ന വിശ്വാസമായിരുന്നു (ഒ.നോ. എബ്രാ. 11). മാനവരാശിയുടെ പ്രത്യാശ, ശരിയായി പ്രവർത്തിക്കുന്നതിനോ വിശ്വസിക്കുന്നതിനോ ഉള്ള അവരുടെ കഴിവിലല്ല മറിച്ച് ദൈവത്തിന്റെ സ്വഭാവത്തിലാണ് നിലകൊള്ളുന്നത് (ഒ.നോ. 3:24; 6:23; എഫെ. 2:8–9). ദൈവം മാത്രമാണു വിശ്വസ്തൻ (ഒ.നോ. മലാ. 3:6). രക്ഷാ സംഭവം എന്നു വിളിക്കാവുന്ന പ്രവൃത്തികളുടെ ഒരു പരമ്പര തന്നെയുണ്ട്.
   a. മാനസാന്തരം (ഒ.നോ. 2:4; മർക്കൊ. 1:15; ലൂക്കൊ. 13:3,5; പ്രവൃ. 3:16,19; 20:21).
   b. വിശ്വാസം (ഒ.നോ. 1:16; യോഹ. 1:12; 3:16; പ്രവൃ. 16:31, സ്നാനം നമ്മുടെ വിശ്വാസത്തിന്റെ പരസ്യ

പ്രഖ്യാപനമാണ്).

c. അനുസരണം (ഒ.നോ. 2:13; 2 കൊരി. 9:13; 10:15; 1 പത്രൊ. 1:2,22).

d. സ്ഥിരോത്സാഹം (ഒ.നോ. 2:7; ലൂക്കൊ. 18:1; 2 കൊരി. 4:1, 16; ഗലാ. 6:9; 2 തെസ്സ. 3:13).

ഇവയാണ് പുതിയ ഉടമ്പടിയുടെ വ്യവസ്ഥകൾ. ക്രിസ്തുവിലൂടെയുള്ള ദൈവിക വാഗ്ദാനത്തെ നാം സ്വീകരിക്കുകയും വിശ്വസിക്കുകയും തുടർമാനമായി സ്വീകരിക്കുകയും വിശ്വസിക്കുകയും വേണം (ഒ.നോ. വാ. 16; യോഹ. 1:17).

# പ്രത്യേക പഠനവിഷയം:

## പഴയനിയമത്തിൽ വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസം, വിശ്വസ്തത (אמן)

I. പ്രാരംഭ പ്രസ്താവന

പുതിയ നിമയത്തിലെ വളരെ നിർണ്ണായകമായ ഈ ദൈവശാസ്ത്ര ആശയം പഴയനിയമത്തിൽ വ്യക്തമായി നിർവചിക്കപ്പെട്ടിട്ടില്ല എങ്കിലും തെരഞ്ഞെടുക്കപ്പെട്ട ചില പ്രത്യേക വേദഭാഗങ്ങളിലും വ്യക്തികളിലും പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്.

പഴയനിയമ ഇടകലരൽ

1. വ്യക്തിയും സമൂഹവും
2. വ്യക്തിപരമായ കണ്ടുമുട്ടലും ഉടമ്പടിയുടെ അനുസരണവും

വിശ്വാസം എന്നത് വ്യക്തിപരമായ കണ്ടുമുട്ടലും ദൈനംദിന ജീവിതശൈലിയുമാണ്. ഒരു ശബ്ദകോശമുപയോഗിച്ചുള്ള പഠനത്തെക്കാൾ (അതായത് പദപഠനത്തെക്കാൾ) ഒരു വ്യക്തിയിൽ അത് വിവരിക്കുന്നതാണ് ഏറെയെളുപ്പം.

1. അബ്രഹാമും അവന്റെ സന്തതിയും
2. ദാവീദും യിസ്രായേലും

എന്നിവയിലൂടെ ഈ വ്യക്തിപരമായ വിഷയം വളരെ നന്നായി വിശദീകരിക്കാനാവും.

ഈ വ്യക്തികൾ ദൈവത്തെ കണ്ടുമുട്ടുകയും അവരുടെ ജീവിതം സ്ഥിരമായി വ്യത്യാസപ്പെടുകയും ചെയ്തു (പൂർണ്ണതയുള്ള ജീവിതമല്ല, പിന്നെയോ വിശ്വാസത്തിൽ തുടരുന്ന അവസ്ഥ). പരിശോധന അവരുടെ വിശ്വാസത്തിന്റെ ബലവും ബലഹീനതയും വെളിപ്പെടുത്തി, എങ്കിലും വിശ്വാസമർപ്പിക്കുന്ന ഉറ്റബന്ധം കാലങ്ങളെ അതിജീവിച്ചു നീണ്ടു നിന്നു. അത് പരിശോധിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്തു, എങ്കിലും അത് അവരുടെ ഭക്തിയിലൂടെയും ജീവിതശൈലിയിലൂടെയും തെളിയിക്കപ്പെട്ടുകൊണ്ട് തുടർന്നു വന്നു.

II. ഉപയോഗിച്ചിരിക്കുന്ന മൂല പദം

A. אמן (BDB 52)

1. ക്രിയ

a. *ഖാൽ* മൂലപദം – പിൻതാങ്ങുക, പോഷിപ്പിക്കുക (അതാ. 2 രാജാ. 10:1, 5; എസ്ഥേർ 2:7, ദൈവശാസ്ത്രപരമല്ലാത്ത ഉപയോഗം)

b. *നിഫാൽ* മൂലപദം – തീർച്ചപ്പെടുത്തുക അഥവാ ഉറപ്പിക്കുക, സ്ഥാപിക്കുക, നിശ്ചയിക്കുക, വിശ്വസ്തരായിരിക്കുക അഥവാ വിശ്വാസയോഗ്യതയുള്ളതായിരിക്കുക

(1) മനുഷ്യരുടെ, യെശ. 8:2; 53:1; യിരെ. 40:14

(2) വസ്തുക്കളുടെ, യെശ. 22:23

(3) ദൈവത്തിന്റെ, ആവ. 7:9,12; യെശ. 49:7; യിരെ. 42:5

c. *ഹിഫിൽ* മൂലപദം – ഉറച്ചുനിൽക്കുക, വിശ്വസിക്കുക, ആശ്രയിക്കുക

(1) അബ്രഹാം ദൈവത്തെ വിശ്വസിച്ചു, ഉല്പ. 15:6

(2) മിസ്രയീമിലുള്ള യിസ്രായേല്യർ വിശ്വസിച്ചു, പുറ. 4:31; 14:31 (ആവർത്തനത്തിൽ നിരാകരിച്ചിരിക്കുന്നു, 1:32)

(3) യഹോവ മോശെയിലൂടെ സംസാരിച്ചുവെന്നു യിസ്രായേല്യർ വിശ്വസിച്ചു, പുറ. 19:9; സങ്കീ. 106:12, 24

(4) ആഹാസ് ദൈവത്തിൽ ആശ്രയിച്ചില്ല, യെശ. 7:9

(5) അത്/അവനിൽ വിശ്വസിക്കുന്ന ഏവനും, യെശ. 28:16

(6) ദൈവത്തെക്കുറിച്ചുള്ള സത്യം വിശ്വസിക്കുക, യെശ. 43:10-12

2. നാമം (പുല്ലിംഗം) – വിശ്വസ്തത (അതാ. ആവ. 32:20; യെശ. 25:1; 26:2)

3. ക്രിയാവിശേഷണം – സത്യമായും, വാസ്തവമായും, ഞാൻ അംഗീകരിക്കുന്നു, അത് അങ്ങനെ ആയിരിക്കട്ടെ (ഒ. നോ. ആവ. 27:15–26; 1 രാജാ. 1:36; 1 ദിന. 16:36; യെശ. 65:16; യിരെ. 11:5; 28:6). ഇത് പഴയ നിയമത്തിലെയും പുതിയനിയമത്തിലെയും പ്രാർത്ഥനയിലെ "ആമേൻ" ആണ്.

B. אמת (BDB 54) സ്ത്രീലിംഗ നാമം, ഉറപ്പ്, വിശ്വസ്തത, സത്യം

1. മനുഷ്യരുടെ, യെശ. 10:20; 42:3; 48:1
2. ദൈവത്തിന്റെ, പുറ. 34:6; സങ്കീ. 117:2; യെശ. 38:18,19; 61:8
3. സത്യത്തിന്റെ, ആവ. 32:4; 1 രാജാ. 22:16; സങ്കീ. 33:4; 98:3; 100:5; 119:30; യിരെ. 9:4; സെഖ. 8:16

C. אמונה (BDB 53). ഉറപ്പ്, സ്ഥിരത, വിശ്വസ്തത

1. കൈകളുടെ, പുറ. 17:12
2. കാലങ്ങളുടെ, യെശ. 33:6
3. മനുഷ്യരുടെ, യിരെ. 5:3; 7:28; 9:2
4. ദൈവത്തിന്റെ, സങ്കീ. 40:11; 88:12; 89:2,3,6,9; 119:138

III. ഈ പഴയനിയമ ആശയത്തെ പൗലൊസ് ഉപയോഗിച്ച വിധം

A. ദമസ്കോസിന്റെ പടിവാതിൽക്കലെ തന്റെ യേശുവുമായുള്ള കൂടിക്കാഴ്ചയിൽ പഴയനിയമത്തെപ്പറ്റിയും യഹോവയെപ്പറ്റിയും തനിക്കു ലഭിച്ച പുതിയ അറിവിനെ പൗലൊസ് അടിസ്ഥാനപ്പെടുത്തുന്നു (ഒ. നോ. പ്രവൃ. 9:22; 26).

B. אמן മൂലപദമുപയോഗിക്കുന്ന രണ്ട് പ.നി. താക്കോൽ വചനങ്ങളിലാണ് താൻ തന്റെ പുതിയ അറിവിന് പഴയനിയമ പിന്തുണ കണ്ടെത്തിയത്.

1. ഉല്പ. 15:6 – അനുസരണയുള്ള ഒരു വിശ്വാസജീവിതത്തിന് അബ്രാഹാമിനെ പ്രേരിപ്പിച്ചതും (ഉല്പ. 12–22) ദൈവം മുൻകയ്യെടുത്തു നടത്തിയെതുമായ (ഉല്പ. 12) അബ്രഹാമിന്റെ വ്യക്തിപരമായ കൂടിക്കാഴ്ച. റോമർ 4 ലും ഗലാത്യർ 3 ലും പൗലൊസ് ഇതിനെക്കുറിച്ചു സൂചിപ്പിക്കുന്നു.

2. യെശ. 28:16 – അതിൽ വിശ്വസിക്കുന്നവർ (അതായത്, ദൈവത്തിന്റെ പരിശോധിക്കപ്പെട്ടതും ഉറപ്പായി സ്ഥാപിക്കപ്പെട്ടിരിക്കുന്നതുമായ മൂലക്കല്ല്) ഒരുനാളും
   a. റോമ. 9:33, "ലജ്ജിച്ചുപോകയില്ല" അഥവാ "നിരാശപ്പെടുകയില്ല"
   b. റോമ. 10:11, മേൽപറഞ്ഞതുതന്നെ

3. ഹബ. 2:4 – വിശ്വസ്തനായ ദൈവത്തെ അറിയുന്നവർ വിശ്വസ്തമായ ജീവിതം നയിക്കേണം (ഒ. നോ. യിരെ. 7:28). റോമ. 1:17 ലും ഗലാ. 3:11 ലും പൗലൊസ് ഈ വേദഭാഗം ഉപയോഗിക്കുന്നു (എബ്രാ. 10:38 കൂടി കാണുക).

VI. പഴയനിയമ ആശയത്തെ പത്രൊസ് ഉപയോഗിച്ച വിധം

A. പത്രൊസ് സംയോജിപ്പിക്കുന്നു

1. യെശ. 8:14 – 1 പത്രൊ. 2:8 (തടങ്ങൽപാറ)
2. യെശ. 28:16 – 1 പത്രൊ. 2:6 (മൂലക്കല്ല്)
3. സങ്കീ. 111:22 – 1 പത്രൊ. 2:7 (തള്ളിക്കളഞ്ഞ കല്ല്)

B. യിസ്രായേലിനെപ്പറ്റി വിവരിക്കുന്നതിനുപയോഗിച്ച "തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും" എന്ന അതുല്യമായ ഭാഷ താഴെപ്പറയുന്ന വചനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതാണ്

1. ആവ. 10:15; യെശ. 43:21
2. യെശ. 61:6; 66:21
3. പുറ. 19:6; ആവ. 7:6

ക്രിസ്തുവിലുള്ള സഭയുടെ വിശ്വാസത്തെ സൂചിപ്പിക്കുവാൻ ഇപ്പോൾ ഇത് ഉപയോഗിക്കുന്നു

V. ഈ ആശയത്തെ യോഹന്നാൻ ഉപയോഗിച്ച വിധം

A. അതിന്റെ പുതിയനിയമ ഉപയോഗം

"വിശ്വസിക്കുക" എന്ന പദം (പിസ്റ്റെയോ-*πιστευω*) എന്ന ഗ്രീക്കുപദത്തിൽ നിന്നുമുള്ളതാണ്, ഇത് "വിശ്വസിക്കുക" "വിശ്വാസം" "ആശ്രയം" എന്നിങ്ങനെയും പരിഭാഷപ്പെടുത്താം. ഉദാഹരണത്തിന്, ഇതിന്റെ നാമരൂപം യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നില്ല. എന്നാൽ ക്രിയ മിക്കപ്പോഴും

ഉപയോഗിക്കപ്പെട്ടിരിക്കുന്നു. യോഹ. 2:23-25 ൽ പുരുഷാരത്തിന് മശിഹായെന്ന നിലയിൽ നസറായനായ യേശുവിനോടുള്ള സമർപ്പണത്തിന്റെ വിശ്വാസീയതയിൽ ഉറപ്പില്ലായ്മയുണ്ട്. "വിശ്വസിക്കുക" എന്ന പദത്തിന്റെ ഉപരിപ്ലവമായ ഉപയോഗത്തിനുള്ള മറ്റ് ഉദാഹരണങ്ങൾ യോഹ. 9:31-39 ലും പ്രവൃ. 8:13, 18-24 ലും കാണാം. യഥാർത്ഥ വേദപുസ്തക വിശ്വാസമെന്നത് പ്രാഥമിക പ്രതികരണത്തിലുമുപരിയായ ഒന്നാണ്. അതിനെത്തുടർന്ന് ഉറപ്പായും ഒരു ശിഷ്യത്വത്തിന്റെ പ്രക്രിയ ഉണ്ടാകേണം (ഒ. നോ. മത്താ. 13:20-22, 31-32).

B. ഗതികളോടൊപ്പം ഇതിന്റെ ഉപയോഗം

1. *എയിസ്* (**εις**) അർത്ഥം "അതിലേക്ക്" ഈ അതുല്യമായ ഘടന വിശ്വാസികൾ യേശുവിൽ അവരുടെ വിശ്വാസം/ആശ്രയം അർപ്പിക്കുന്നതിനെ ഊന്നിപ്പറയുന്നു
   a. അവന്റെ നാമത്തിൽ (യോഹ. 1:12; 2:23; 3:18; 1 യോഹ. 5:13)
   b. അവനിൽ (യോഹ. 2:11; 3:15,18; 4:39; 6:40; 7:5,31,39,48; 8:30; 9:36; 10:42; 11:45,48; 17:37,42; മത്താ. 18:6; പ്രവൃ. 10:43; ഫിലി. 1:29; 1 പത്രൊ. 1:8)
   c. എന്നിൽ (യോഹ. 6:35; 7:38; 11:25,26; 12:44,46; 14:1,12; 16:9; 17:20)
   d. പുത്രനിൽ (യോഹ. 3:36; 9:35; 1 യോഹ. 5:10)
   e. യേശുവിൽ (യോഹ. 12:11; അപ്പൊ. 19:4; ഗലാ. 2:16)
   f. വെളിച്ചത്തിൽ (യോഹ. 12:36)
   g. ദൈവത്തിൽ (യോഹ. 14:1)
2. *എൻ* - **εν** അർത്ഥം, യോഹ. 3:15; മർക്കൊ. 1:15; പ്രവൃ. 5:14 എന്നീ വാക്യങ്ങളിലേതുപോലെ "ഇൽ"
3. *എപി* - **επι** അർത്ഥം, മത്താ. 27:42; പ്രവൃ. 9:42; 11:17; 16:31; 22:19; റോമ. 4:5,24; 9:33; 10:11; 1 തിമൊ. 1:16; 1 പത്രൊ. 2:6 എന്നീ വാക്യങ്ങളിലേതുപോലെ "ഇൽ" അല്ലെങ്കിൽ "മേൽ"
4. ഗലാ. 3:6; പ്രവൃ. 18:8; 27:25; 1 യോഹ. 3:23; 5:10 എന്നിവിടങ്ങളിലേതുപോലെ ഗതികൂടാതെയുള്ള, പ്രതിഗ്രാഹിക വിഭക്തി.
5. *ഹോട്ടി* - **ὀτι** അർത്ഥം, "അതു വിശ്വസിക്കുക," എന്തു വിശ്വസിക്കണമെന്ന സൂചന നൽകുന്നു
   a. യേശു ദൈവത്തിന്റെ പരിശുദ്ധനാണ് (യോഹ. 6:69)
   b. യേശു ഞാനാകുന്നവൻ ആണ് (യോഹ. 8:24).
   c. യേശു പിതാവിലും പിതാവ് യേശുവിലും (യോഹ. 10:38)
   d. യേശു ക്രിസ്തുവാണ് (യോഹ. 11:27; 20:31)
   e. യേശു ദൈവപുത്രനാണ് (യോഹ. 11:27; 20:31).
   f. യേശു പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് (യോഹ. 11:42; 17:8,21).
   g. യേശുവും പിതാവും ഒന്നാണ് (യോഹ. 14:10-11).
   h. യേശു പിതാവിൽ നിന്നു വന്നു (യോഹ. 16:27,30)
   i. പിതാവിന്റെ ഉടമ്പടിയുടെ നാമമായ "ഞാനാകുന്നവൻ" എന്നതിനോട് യേശു തന്നെത്താൻ താദാത്മ്യപ്പെടുത്തുന്നു (യോഹ. 8:24; 13:9)
   j. നാം അവനോടുകൂടെ ജീവിക്കും (റോമ. 6:8)
   k. യേശു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു (1 തെസ്സ. 4:14)

IV. ഉപസംഹാരം

ഒരു ദൈവിക വചനത്തോടോ/ വാഗ്ദത്തോടോ ഉള്ള മാനുഷിക പ്രതികരണമാണ് വേദപുസ്തക വിശ്വാസം. ദൈവം എപ്പോഴും മുൻകൈയെടുക്കുന്നു (അതാ. യോഹ. 6:44, 65), എന്നാൽ ഈ ദൈവിക ആശയവിനിമയത്തിന്റെ ഭാഗം മാനുഷിക പ്രതികരണത്തിന്റെ അനിവാര്യതയാണ്.

A. ആശ്രയം

B. ഉടമ്പടിയുടെ അനുസരണം

വേദപുസ്തക വിശ്വാസം

1. ഒരു വ്യക്തിപരമായ ബന്ധമാണ് (പ്രാഥമിക വിശ്വാസം)
2. ദൈവിക സത്യങ്ങളുടെ ഒരു ഉറപ്പാക്കൽ (ദൈവിക വെളിപ്പാടിലുള്ള വിശ്വാസം)
3. അതിനോടുള്ള ഒരു അനുയോജ്യമായ അനുസരണ പ്രതികരണം (ദൈനംദിന വിശ്വാസം)

> വേദപുസ്തക വിശ്വാസം സ്വർഗ്ഗത്തിലേക്കുള്ള ഒരു പ്രവേശന ടിക്കറ്റോ ഇൻഷുറൻസ് പോളിസിയോ അല്ല. അതൊരു വ്യക്തിപരമായ ബന്ധമാണ്. ഇതാണ് സൃഷ്ടിയുടെയും മനുഷ്യവർഗ്ഗം ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിന്റെയും ഉദ്ദേശ്യം (ഒ. നോ. ഉല്പ. 1:26–27). "അടുത്ത സ്നേഹബന്ധം" ആണ് വിഷയം. ദൈവം ആഗ്രഹിക്കുന്നത് ഒരു പ്രത്യേക ദൈവശാസ്ത്രത്തിനുള്ള വിശ്വാസമല്ല, പിന്നെയോ കൂട്ടായ്മയാണ്! വിശുദ്ധനായ ദൈവത്തോടുള്ള കൂട്ടായ്മയ്ക്ക് മക്കൾ കുടുംബ "സ്വഭാവം" കാണിക്കേണ്ടത് അനിവാര്യമാണ് (അതാ. വിശുദ്ധി, ഒ. നോ. ലേവ്യ. 19:2; മത്താ. 5:48; 1 പത്രൊ. 1:15–16). വീഴ്ച (ഒ. നോ. ഉല്പ. 3) അനുകൂലമായി പ്രതികരിക്കുന്നതിനുള്ള നമ്മുടെ കഴിവിനെ ബാധിച്ചു. അതുകൊണ്ട് ദൈവം, നമുക്ക് ഒരു "പുതിയ ഹൃദയവും പുതിയ ആത്മാവും" നൽകിക്കൊണ്ട് (ഒ. നോ. യെഹെ. 36:27–38) നമുക്കുവേണ്ടി പ്രവർത്തിച്ചു. ഇവ വിശ്വാസത്തിലൂടെയും അനുതാപത്തി ലൂടെയും അവനോട് കൂട്ടായ്മ ആചരിക്കുവാനും അവനെ അനുസരിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു!
>
> ഇവ മൂന്നും നിർണ്ണായകമാണ്. ഇവ മൂന്നും പാലിക്കപ്പെടേണ്ടതാണ്. ലക്ഷ്യം ദൈവത്തെ അറിയുക എന്നതും (ഗ്രീക്ക്, എബ്രായ അർത്ഥങ്ങളിൽ) നമ്മുടെ ജീവിതത്തിൽ അവന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുകയെന്നതുമാണ്. വിശ്വാസത്തിന്റെ ലക്ഷ്യം എന്നെങ്കിലും സ്വർഗ്ഗം പ്രാപിക്കുക എന്നതല്ല, പിന്നെയോ ഓരോ ദിവസവും ക്രിസ്തുതുല്യമായി ജീവിക്കുക എന്നതാണ്.
>
> മനുഷ്യന്റെ വിശ്വസ്തത ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനമല്ല (പഴയനിയമം) മറിച്ച് ഫലമാണ് (പുതിയനിയമം): അവന്റെ വിശ്വസ്തതയിലുള്ള മനുഷ്യന്റെ വിശ്വാസം; അവന്റെ വിശ്വാസയോഗ്യതയിലുള്ള മനുഷ്യന്റെ ആശ്രയം. ദൈവം തുടങ്ങിവെച്ചതും ക്രിസ്തുവിൽ വെളിപ്പെട്ടതുമായ കൃപയോടും കരുണയോടും മനുഷ്യർ പ്രാരംഭമായും തുടർച്ചയായും പ്രതികരിക്കണമെന്നുള്ളതാണ് പുതിയനിയമ രക്ഷാ വീക്ഷണത്തിന്റെ കാതൽ. അവൻ സ്നേഹിച്ചു, അവൻ അയച്ചു, അവൻ ലഭ്യമാക്കിയിരിക്കുന്നു; നാം വിശ്വാസത്തിലും വിശ്വസ്തതയിലും പ്രതികരിക്കേണം (ഒ. നോ. എഫെ. 2:8,9,10)!
>
> തന്നെ അവിശ്വസ്ത ലോകത്തിന് വെളിപ്പെടുത്തിക്കൊടുപ്പാനും അവരെ തന്നിലുള്ള വ്യക്തിപരമായ വിശ്വാസത്തിലേക്കു കൊണ്ടുവരുവാനുമാണ് വിശ്വസ്തനായ ദൈവം വിശ്വസ്തരായ ഒരു ജനത്തെക്കുറിച്ച് ആഗ്രഹിക്കുന്നത്.

▣ **"വരുത്തേണ്ടതിന്"** ഒരു സോദ്ദേശ്യ സന്ദർഭത്തിൽ *എയിസ്* ന്റെ രണ്ടാമത്തെ ഉപയോഗമാണിത് (ഒ.നോ. വാ. 1). സുവിശേഷം യേശുവിലുള്ള വിശ്വാസത്തിലൂടെ മനുഷ്യരിൽ ദൈവിക സ്വരൂപം പുനഃസ്ഥാപിക്കുന്നു. ദൈവത്തിന്റെ യഥാർത്ഥ ഉദ്ദേശ്യത്തെയാണിതു വെളിപ്പെടുത്തുന്നത്. അതായത്, അവന്റെ സ്വഭാവം വെളിപ്പെടുത്തുന്ന ജനവുമായുള്ള അവന്റെ ആഴമായ കൂട്ടായ്മ (ഒ.നോ. വാ. 7).

▣ **"കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചത്"** ക്രിസ്തുവിലൂടെ രക്ഷാദാനം മാത്രമല്ല അതിനോടു ബന്ധപ്പെട്ട് ജാതികളുടെ അപ്പൊസ്തലൻ എന്ന വിളിയും പ്രാപിച്ചതായി പൗലൊസ് ഊന്നിപ്പറയുന്നു. ഇതെല്ലാം ദമസ്കൊസ് റോഡിലെ സംഭവത്തിൽ ഒരുമിച്ചുണ്ടായതാണ് (ഭൂതകാല കർത്തരി സൂചകം, ഒ.നോ. പ്രവൃ. 9:1–22; 22:13–16; 26: 9–18). അത് അവന്റെ മികവുകൊണ്ടു ലഭിച്ചതല്ല. സോദ്ദേശ്യപരമായ കൃപയാണ്!

"കൃപ," "അപ്പൊസ്തലത്വം" എന്നിവ "അപ്പൊസ്തലത്വം എന്ന വരം" എന്ന നിലയിൽ ഒറ്റ ഘടകമായി എടുക്കാനുള്ള സാധ്യതയുണ്ട് (NET, Note #13). വിവിധങ്ങളായ പരിഭാഷകൾ *പുതിയ നിയമം 26 പരിഭാഷകളിൽ* (പേജ് 646) എന്ന ഗ്രന്ഥത്തിൽ വായിക്കാൻ കഴിയും.

**1:7**

**NASB, NKJV "യേശുക്രിസ്തുവിനാൽ വിളിക്കപ്പെട്ട"**
**NRSV "യേശുക്രിസ്തുവിലാകുവാൻ വിളിക്കപ്പെട്ട**
**TEV "യേശുക്രിസ്തുവിലാകുവാൻ ദൈവം വിളിച്ച"**
**NJB "യേശുക്രിസ്തുവിലാകുവാൻ അവനാൽ വിളിക്കപ്പെട്ട"**

1. "വിളിക്കപ്പെട്ടവർ" അഥവാ "ഒരുമിച്ചുകൂട്ടപ്പെട്ടവർ" എന്നർത്ഥമുള്ള "സഭ" എന്ന പദത്തിന്റെ ദ്വയാർത്ഥ പ്രയോഗമാകാം.
2. ദൈവിക തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള പരാമർശമാകാം (ഒ.നോ. റോമ. 8:29–30; 9:1 മുതൽ; എഫെ. 1:4, 11; 3:21; 4:1, 4).
3. റിവൈസ്ഡ് ഇംഗ്ലീഷ് ട്രാൻസ്ലേഷനിൽ "നിങ്ങൾ വിളികേട്ട് യേശുക്രിസ്തുവിലായി" എന്നാണ്.

NRSV, TEV, JB എന്നിവ ഈ പ്രയോഗത്തെ മനസ്സിലാക്കുന്നതും ഈ വിധത്തിലാണ്. താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

# പ്രത്യേക പഠന വിഷയം: വിളിക്കപ്പെട്ട

വിശ്വാസികളെ തങ്കലേക്കു വിളിക്കുന്നതിനും തിരഞ്ഞെടുക്കുന്നതിനും ആകർഷിക്കുന്നതിനും ദൈവം എല്ലായ്പ്പോഴും മുൻകയ്യെടുക്കുന്നു (ഒ.നോ. യോഹ. 6:44, 65; 15:16; 1 കൊരി. 1:12; എഫെ. 1:4–5,11). "വിളി" എന്ന പദം നിരവധി ദൈവശാസ്ത്ര അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

A. ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയിലൂടെയും ആത്മാവിന്റെ പാപബോധം ഉളവാക്കലിലൂടെയും ദൈവം തന്റെ കൃപയാൽ പാപികളെ രക്ഷയിലേക്കു വിളിക്കുന്നു (അതാ. *ക്ലീറ്റോസ്-**κλητος*** ഒ.നോ. റോമ. 1:6–7; 9:24 അത് 1 കൊരി. 1:1–2; 2 തിമൊ. 1:9; 2 പത്രൊ. 1:10 എന്നിവയോട് ദൈവശാസ്ത്ര പരമായി സമാനതയുള്ളതാണ്).

B. പാപികൾ രക്ഷിക്കപ്പെടുവാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നു (അതാ. *എപ്പിക്കാലെയോ-**επικαλεω***, ഒ.നോ. പ്രവൃ. 2:21; 22:16; റോമ. 10:9–13). ഈ പ്രസ്താവന ഒരു യെഹൂദ ആരാധനാ ശൈലിയാണ്.

C. വിശ്വാസികൾ ക്രിസ്തുതുല്യ ജീവിതം നയിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു (അതാ. *ക്ലീസിസ്-**κλησις*** ഒ.നോ. 1 കൊരി. 1:26; 7:20; എഫെ. 4:1; ഫിലി. 3:14; 2 തെസ്സ. 1:11; 2 തിമൊ. 1:9).

D. വിശ്വാസികൾ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്നു (ഒ.നോ. പ്രവൃ. 13:2; 1 കൊരി. 12:4–7; എഫെ. 4:1).

▣ **"നിങ്ങളും"** ദൈവകൃപയുടെ പരമമായ ഉദാഹരണമാണ് പൗലൊസ് (അതാ. ദൈവസഭയെ ഉപദ്രവിച്ചവൻ) എങ്കിലും അവന്റെ വായനക്കാരും അർഹതയില്ലാത്തവർക്കു ലഭിക്കുന്ന ദൈവകൃപയുടെ ഉദാഹരണങ്ങളാണ്.

**റോമർ 1:8–15**

**[8]നിങ്ങളുടെ വിശ്വാസം സർവ്വലോകത്തിലും പ്രസിദ്ധമായിരിക്കുന്നതിനാൽ ഞാൻ ആദ്യം തന്നേ എന്റെ ദൈവത്തിന്നു യേശുക്രിസ്തുമുഖാന്തരം നിങ്ങൾക്കെല്ലാവർക്കും വേണ്ടി സ്തോത്രം ചെയ്യുന്നു. [9]ഞാൻ ഇടവിടാതെ നിങ്ങളെ ഓർത്തുകൊണ്ടു ദൈവേഷ്ടത്താൽ എപ്പോൾ എങ്കിലും നിങ്ങളുടെ അടുക്കൽ വരുവാൻ സാധിക്കേണ്ടതിന്നു [10]എന്റെ പ്രാർത്ഥനയിൽ എപ്പോഴും യാചിക്കുന്നു എന്നുള്ളതിന്നു അവന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷഘോഷണത്തിൽ ഞാൻ എന്റെ ആത്മാവിൽ ആരാധിക്കുന്ന ദൈവം എനിക്കു സാക്ഷി. [11]നിങ്ങളുടെ സ്ഥിരീകരണത്തിന്നായി ആത്മികവരം വല്ലതും നിങ്ങൾക്കു നല്കേണ്ടതിന്നു, [12]അതായതു നിങ്ങൾക്കും എനിക്കും ഒത്തൊരുമിച്ചുള്ള വിശ്വാസത്താൽ നിങ്ങളോടുകൂടെ എനിക്കും ആശ്വാസം ലഭിക്കേണ്ടതിന്നു ഞാൻ നിങ്ങളെ കാണ്മാൻ വാഞ്ഛിക്കുന്നു. [13]എന്നാൽ സഹോദരന്മാരേ, എനി ക്കുശേഷം ജാതികളിൽ എന്നപോലെ നിങ്ങളിലും വല്ല ഫലവും ഉണ്ടാകേണ്ടതിന്നു നിങ്ങളുടെ അടുക്കൽ വരുവാൻ പലപ്പോഴും ഭാവിച്ചു എങ്കിലും ഇതുവരെ മുടക്കം വന്നു എന്നു നിങ്ങൾ അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു. [14]യവനന്മാർക്കും ബർബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു. [15]അങ്ങനെ റോമയിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ എന്നാൽ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു.**

**1:8 "നിങ്ങളുടെ വിശ്വാസം സർവ്വലോകത്തിലും പ്രസിദ്ധമായിരിക്കുന്നതിനാൽ"** ഈ സത്യത്തിന് റോമ. 16:19 സൂചന നൽകുന്നുണ്ട്. ഇത് റോമൻ ലോകത്തെ സൂചിപ്പിക്കുന്ന ഒരു പൗരസ്ത്യ അത്യുക്തിയാണ് (ഒ.നോ. 1 തെസ്സ. 1:8).

▣ **"ആദ്യം"** ഈ സന്ദർഭത്തിൽ "ആദ്യം" എന്നതിന് "ആരംഭം മുതൽ" അല്ലെങ്കിൽ "ഞാൻ ആരംഭിക്കണം" (J.B.Philips) എന്ന അർത്ഥമാണുള്ളത്.

▣ **"എന്റെ ദൈവത്തിനു യേശുക്രിസ്തു മുഖാന്തരം ... സ്തോത്രം ചെയ്യുന്നു"** പൗലൊസ് സാധാരണയായി യേശുക്രിസ്തുവിലൂടെയാണ് ദൈവത്തോടു പ്രാർത്ഥിക്കുന്നത്. ദൈവത്തെ സമീപിക്കുന്നതിനുള്ള നമ്മുടെ ഏകവഴി യേശുവാണ്! 7:25 ലെ പ്രത്യേക പഠന വിഷയം: പൗലൊസിന്റെ സ്തുതിയുടെയും നന്ദി കരേറ്റലിന്റെയും പ്രാർത്ഥന കാണുക.

▣ **"നിങ്ങൾക്കെല്ലാവർക്കും വേണ്ടി"** വാ. 7 ലെപ്പോലെ "എല്ലാവരും" എന്ന പദത്തിന്റെ ഉപയോഗം, നീറോയുടെ പ്രഖ്യാപനത്തെത്തുടർന്ന് റോമിൽ നിന്നു പലായനം ചെയ്യേണ്ടിവന്ന വിശ്വസിക്കുന്ന യെഹൂദാ നേതാക്കളും അവർക്കു പകരം ചില വർഷങ്ങളിലേക്കു ചുമതലയേറ്റെടുത്ത വിശ്വസിക്കുന്ന ജാതീയ നേതാക്കളും തമ്മിലുള്ള അസൂയയെയും ഭിന്നതയെയും പ്രതിഫലിപ്പിക്കുന്നു. റോമ. 9:11 ഇതേ വിഷയത്തെ പ്രതിഫലിപ്പിക്കുന്നു.

ഇതിൽ റോമ. 14:1–15:13 ലെ "ബലഹീനരും" "ശക്തരും" ഉൾപ്പെട്ടിരിക്കുന്നു. റോമിലെ സഭയിലെ എല്ലാവരെയും ദൈവം സ്നേഹിക്കുന്നു. അവൻ അവരെ തുല്യമായി സ്നേഹിക്കുന്നു!

**1:9**

**NASB** **"എത്രമാത്രം ഇടവിടാതെ"**
**NKJV, NRSV "നിർത്താതെ"**
**NJB** **"തുടർമാനമായി ഓർത്തുകൊണ്ട്"**
**NIV** **"എത്ര സ്ഥിരമായി"**

പൗലൊസിന്റെ സ്ഥിരതയുള്ളതും അടിയന്തിര സ്വഭാവമുള്ളതുമായ പ്രാർത്ഥന എന്ന ഈ വിഷയം (ഒ.നോ. 1 തെസ്സ. 1:2; 2:13; 2 തിമൊ. 1:3) സഭാ നേതാക്കൾ ഗൗരവമായി അനുവർത്തിക്കേണ്ട ഒരു മാതൃകയാണ് (ഒ.നോ. 1 തെസ്സ. 5:17). പ്രാർത്ഥന ശക്തമായ ആത്മിക വാതിൽ തുറക്കും. നാം ചോദിക്കാത്തതുകൊണ്ട് നമുക്കു ലഭിക്കുന്നില്ല (യാക്കോ. 4:2).

▣ **"ദൈവേഷ്ടത്താൽ... നിങ്ങളുടെ അടുക്കൽ വരുവാൻ സാധിക്കേണ്ടതിന്"** ഇത് വാ. 12 നും 15:31 നും സമാന്തരമാണ്. തന്റെ ജീവിതവും യാത്രാ പദ്ധതികളും തന്റെ പദ്ധതികളല്ല, മറിച്ച് ദൈവത്തിന്റേതാണെന്ന് പൗലൊസ് അറിഞ്ഞിരുന്നു (ഒ.നോ. പ്രവൃ. 18:21; 1 കൊരി. 4:19; 16:7). 12:2 ലെ പ്രത്യേക പഠനവിഷയം കാണുക.

വിശ്വാസികളുടെ പ്രാർത്ഥനയ്ക്ക് ദൈവഹിതത്തെ സ്വാധീനിക്കാൻ കഴിയും എന്നതും ശ്രദ്ധിക്കുക.

▣ **"എങ്കിലും"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനാപരമായ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒരു **ഒന്നാംതരം സോപാധിക വാചകമാണ്.** സ്പെയിനിലേക്കുള്ള യാത്രയിൽ റോം സന്ദർശിക്കാനായിരുന്നു പൗലൊസിന്റെ പ്ലാൻ (ഒ.നോ. 15:22-24). ഒരു പക്ഷേ ദീർഘനാളുകൾ താമസിക്കുവാൻ അവനു പദ്ധതിയില്ലായിരുന്നു. മറ്റാരും പ്രവർത്തിച്ചിട്ടില്ലാത്ത പുതിയ പ്രവർത്തന സ്ഥലങ്ങളിൽ ശുശ്രൂഷിക്കാനാണ് പൗലൊസ് ഇഷ്ടപ്പെട്ടത് (ഒ.നോ. 15:20; 2 കൊരി. 10: 15,16). റോമാ ലേഖനത്തിന്റെ ഉദ്ദേശ്യങ്ങളിലൊന്ന് ഒരുപക്ഷേ സ്പെയിനിലേക്കുള്ള തന്റെ മിഷനറിയാത്രയ്ക്ക് ഫണ്ട് സ്വരൂപിക്കുക എന്നതുമായിരിക്കാം (ഒ.നോ 15:24).

▣ **"എന്റെ പ്രാർത്ഥനയിൽ എപ്പോഴും യാചിക്കുന്നു"** പൗലൊസ് അല്ല ഈ സഭ സ്ഥാപിച്ചത് എങ്കിലും മറ്റു സഭകൾക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നതുപോലെ അവൻ തുടർമാനമായി അവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു (ഒ.നോ. 2 കൊരി. 11:28). 9:3 ലെ പ്രത്യേക പഠനവിഷയം: മധ്യസ്ഥ പ്രാർത്ഥന കാണുക. എങ്കിലും അ. 16 ൽ വ്യക്തമാക്കുന്നതുപോലെ പൗലൊസിന് റോമാ സഭയിൽ ധാരാളം സ്നേഹിതരും സഹപ്രവർത്തകരും ഉണ്ടായിരുന്നു.

**1:10 "എന്റെ ആത്മാവിൽ"** മനുഷ്യജീവൻ (അതാ. ശ്വാസം, എബ്രായാ *റുആഹ്,* BDB 924, ഒ.നോ. ഉല്പ. 6:17; 7:15,28) എന്ന അർത്ഥത്തിൽ മനുഷ്യാത്മാവിനെ സൂചിപ്പിക്കുവാൻ (ഒ.നോ. 8:5,10,16; 12:11) *പ്ന്യുമാ* (***πνευμα***) എന്ന പദം ഉപയോഗിക്കുന്നതിന്റെ ഉത്തമോദാഹരണമാണിത്.

## പ്രത്യേക പഠനവിഷയം: പുതിയനിയമത്തിൽ ആത്മാവ് (*πνευμα*)

"ആത്മാവ്" എന്നതിനുള്ള ഗ്രീക്കു പദം വിവിധ നിലകളിൽ പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പ്രാതിനിധ്യ സ്വഭാവമുള്ള ചില വകഭേദങ്ങളും ഉദാഹരണങ്ങളും ഇതാ.

A. ത്രിയേക ദൈവത്തിന്
   1. പിതാവിന് (ഒ.നോ. യോഹ. 4:24)
   2. പുത്രന് (ഒ.നോ. റോമ. 8:9-10; 2 കൊരി. 3:17; ഗലാ. 4:6; 1 പത്രൊ. 1:11)
   3. പരിശുദ്ധാത്മാവിന് (ഒ.നോ. മർക്കൊ. 1:11; മത്താ. 3:16; 10:20; യോഹ. 3:5,6,8; 7:39; 14:17; പ്രവൃ. 2:4; 5:9; 8:29,35; റോമ. 1:4; 8:11,16; 1 കൊരി. 2:4,10,11,13,14; 12:7)

B. മാനുഷിക പ്രാണന്
   1. യേശുവിന്റെ (ഒ.നോ. മർക്കൊ. 8:12; യോഹ. 11:33,38; 13:21)
   2. മനുഷ്യകുലത്തിന്റെ (ഒ.നോ. മത്താ. 22:43; പ്രവൃ. 7:59; 17:16; 20:22; റോമ. 1:9; 8:16; 1 കൊരി. 2:11; 5:3-5; 7:34; 15:45; 16:18; 2 കൊരി. 2:13; 7:13; ഫിലി. 4:23; കൊലൊ. 2:5)

C. ആത്മിക മണ്ഡലത്തിന്
   1. ആത്മിക ജീവികൾ
      a. നല്ലവർ (അതാ. ദൂതന്മാർ, ഒ.നോ. പ്രവൃ. 23:8-9; എബ്രാ. 1:14)
      b. ദുഷ്ടതയുള്ള (അതാ. പൈശാചിക, ഒ.നോ. മത്താ. 8:16; 10:1; 12:43,45; പ്രവൃ. 5:16; 8:7; 16:16; 19:12-21; എഫെ. 6:12)
      c. ഭൂതങ്ങൾ (ഒ.നോ. ലൂക്കൊ. 24:37)
   2. ആത്മിക വിവേചനം (ഒ.നോ. മത്താ. 5:3; 26:41; യോഹ. 3:6; 4:23; പ്രവൃ. 18:25; 19:21; റോമ. 2:29; 7:6; 8:4,10; 12:11; 1 കൊരി. 14:37)

3. ആത്മിക കാര്യങ്ങൾ (ഒ.നോ. യോഹ. 6:63; റോമ. 2:29; 8:2,5,9,15; 15:27; 1 കൊരി. 9:11; 14:12)
4. ആത്മിക വരങ്ങൾ (ഒ.നോ. 1 കൊരി. 12:1; 14:1)
5. ആത്മാവിന്റെ പ്രചോദനം (ഒ.നോ. മത്താ. 22:43; ലൂക്കൊ. 2:27; എഫെ. 1:17)
6. ആത്മിക ശരീരം (ഒ.നോ. 1 കൊരി. 15:44-45)

D. വകതിരിക്കുന്നു
1. ലോകത്തിന്റെ മനോഭാവത്തെ (ഒ.നോ. റോമ. 8:15; 11:8; 1 കൊരി. 2:12)
2. മനുഷ്യന്റെ ചിന്താപ്രക്രിയയെ (ഒ.നോ. പ്രവൃ. 6:10; റോമ. 8:6; 1 കൊരി. 4:2)

E. ഭൗതിക മണ്ഡലത്തിന്
1. കാറ്റ് (ഒ.നോ. മത്താ. 7:25,27; യോഹ. 3:8; പ്രവൃ. 2:2)
2. ശ്വാസം (ഒ.നോ. പ്രവൃ. 17:25; 2 തെസ്സ. 2:8)

ഈ പദം അതിന്റെ അപ്പോഴത്തെ സന്ദർഭമനുസരിച്ച് വ്യാഖ്യാനിക്കേണ്ടതാണെന്നു വ്യക്തമാകുന്നു. നമുക്കു പരിഗണിക്കാവുന്ന വിവിധ അർത്ഥങ്ങളാണിതിനുള്ളത്: (1) ഭൗതിക ലോകം; (2) അദൃശ്യ ലോകം; (3) ഈ ഭൗതിക ലോകത്തിലും ആത്മിക മണ്ഡലത്തിലും ഉള്ള വ്യക്തികൾ.

ചരിത്രത്തിന്റെ ഈ ഘട്ടത്തിൽ പരമാധികാരിയെന്ന നിലയിൽ പ്രവർത്തിക്കുന്ന ത്രിയേക ദൈവത്തിന്റെ ഭാഗമാണ് പരിശുദ്ധാത്മാവ്. നന്മയായതും വിശുദ്ധമായതും നേരായതും സത്യമായതും എല്ലാം അവനോടു ബന്ധപ്പെട്ടിരിക്കുന്നു. അവന്റെ സാന്നിധ്യവും വരങ്ങളും ശുശ്രൂഷയും സുവിശേഷത്തിന്റെ വ്യാപ്തിക്കും ദൈവ രാജ്യത്തിന്റെ വിജയത്തിനും നിർണ്ണായകമായ ഘടകമാണ് (ഒ.നോ. യോഹ. 14, 16). അവൻ പാപബോധം വരുത്തുകയും, ബോധ്യം വരുത്തുകയും പ്രേരിപ്പിക്കുകയും സ്നാനപ്പെടുത്തുകയും സകല വിശ്വാസികളെയും വളർച്ചയിലേക്കു നയിക്കുകയും ചെയ്യുന്നു (ഒ.നോ. യോഹ. 16:8-11).

▣ **"ദൈവം എനിക്കു സാക്ഷി"** പൗലൊസ് ദൈവനാമത്തിൽ ഒരു ആണയിടുന്നു (ഒ.നോ. 9:1; 2 കൊരി. 1:23; 11:10-11, 31; 12:19; ഗലാ. 1:20; 1 തെസ്സ. 2:5). തന്റെ സത്യസന്ധത ഊന്നിപ്പറയുന്നതിനുള്ള യെഹൂദ രീതിയാണ് പൗലൊസ് അവലംബിക്കുന്നത്.

**1:11 "നിങ്ങളുടെ സ്ഥിരീകരണത്തിനായി"** ഇത് *ഹിസ്റ്റീമി* (*ἵστημι*) എന്ന പദത്തിന്റെ **ഭൂതകാല കർമ്മണി അപൂർണ്ണ ക്രിയയാണ്.** പദത്തിന് മൂന്നു അർത്ഥങ്ങളുണ്ട്.

1. സ്ഥിരപ്പെടുത്തുക. റോമ. 1:11; 16:25; 1 തെസ്സ. 3:13; 2 പത്രൊ. 1:12
2. ശക്തീകരിക്കുക, ലൂക്കൊ. 22:32; 1 തെസ്സ. 3:2; 2 തെസ്സ. 2:17; 3:3; യാക്കോ. 5:8; വെളി. 3:2
3. ഉറപ്പുള്ള തീരുമാനം എടുക്കുന്നതിനുള്ള സെമിറ്റിക് ശൈലി, ലൂക്കൊ. 9:51

5:2 ലെ പ്രത്യേക പഠന വിഷയം കാണുക.

▣ **"ആത്മിക വരം വല്ലതും നിങ്ങൾക്കു നൽകേണ്ടതിന്"** "ആത്മികവരം" എന്ന പ്രയോഗം ആത്മിക ഉൾക്കാഴ്ച അഥവാ അനുഗ്രഹം (ഒ.നോ. 11:29; 15:27) എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. താൻ ജാതികളുടെ അപ്പൊസ്തലനായി പ്രത്യേകം വിളിക്കപ്പെട്ടവനാണെന്ന് പൗലൊസ് തന്നെത്തന്നെ മനസ്സിലാക്കുന്നു (ഒ.നോ. വാ.15).

**1:12** ക്രിസ്തീയ കൂട്ടായ്മയുടെ ലക്ഷ്യം ഇതാണ്. ആത്മിക വരങ്ങൾ വിശ്വാസികളെ ഒരു ശുശ്രൂഷാസമൂഹമായി ഒരുമിച്ചു നിർത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ്. വിശ്വാസികൾക്കു വരങ്ങൾ നൽകപ്പെട്ടിരിക്കുന്നതു പൊതു പ്രയോജനത്തിനാണ് (ഒ.നോ. 1 കൊരി. 12:7). എല്ലാ വരങ്ങളും കാലിക പ്രസക്തമാണ്. എല്ലാ വരങ്ങളും ആത്മാവിനാൽ നൽകപ്പെട്ടിരിക്കുന്നു (ഒ.നോ. 1 കൊരി. 12:11). എല്ലാ വിശ്വാസികളും പൂർണ്ണസമയ ശുശ്രൂഷകരായി വിളിക്കപ്പെടുകയും വരങ്ങൾ നൽകപ്പെടുകയും ചെയ്തിരിക്കുന്നു (ഒ.നോ. എഫെ. 4:11-12). പൗലൊസ് അപ്പൊസ്തലിക അധികാരത്തെക്കുറിച്ചുള്ള തന്റെ ബോധ്യം വ്യക്തമായി പ്രസ്താവിച്ചിരിക്കുമ്പോൾ തന്നെ സമൂഹത്തിന്റെ മുഴുവനായുള്ള പരസ്പര ശുശ്രൂഷയെയും ഊന്നിപ്പറഞ്ഞിരിക്കുന്നു. വിശ്വാസികൾക്ക് അന്യോന്യം ആവശ്യമുണ്ട്! വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരമാണ്.

▣ **"ഞാൻ നിങ്ങളെ കാണ്മാൻ വാഞ്ഛിക്കുന്നു"** 15:23 നു സമാന്തരമായിട്ടാണിത്. റോമിലെ വിശ്വാസികളെ കാണുവാൻ പൗലൊസ് ദീർഘവർഷങ്ങളായി വാഞ്ഛിക്കുന്നു (ഒ.നോ. പ്രവൃ. 19:21).

**1:13 "നിങ്ങളിലും വല്ല ഫലവും ഉണ്ടാകേണ്ടതിന്ന്"** ഈ സന്ദർഭത്തിൽ "ഫലം" ആത്മാക്കളെ സൂചിപ്പിക്കുന്നു. എങ്കിലും യോഹ. 15:18; ഗലാ. 5:22 എന്നിവിടങ്ങളിൽ അത് ക്രിസ്തീയ പക്വതയെയാണു കാണിക്കുന്നത്. മത്തായി 7 ൽ "ഫലംകൊണ്ടു നിങ്ങളെ തിരിച്ചറിയാം" എന്നു പറയുന്നുണ്ടെങ്കിലും ഫലം എന്ന പദത്തിന്റെ നിർവചനം അവിടെ പറയുന്നില്ല.

മികച്ച സമാന്തരം ഫിലി. 1:22 ആകാം, അവിടെ ഇതേ പദം പൗലൊസ് കാർഷിക സാദൃശ്യമായി ഉപയോഗിച്ചിരിക്കുന്നു.

▣ **"ഇതുവരെ മുടക്കം വന്നു"** ഇതൊരു കർമ്മണി ക്രിയയാണ്. ഇതേ പ്രയോഗം 1 തെസ്സ. 2:18 ൽ കാണുന്നു,

അവിടെ സാത്താനാണ് മധ്യവർത്തി. തന്റെ ജീവിതം ദൈവത്താൽ നയിക്കപ്പെടുന്നതാണെന്നു പൗലൊസ് വിശ്വസിച്ചിരുന്നു എങ്കിലും സാത്താൻ തടസ്സങ്ങൾ സൃഷ്ടിക്കാറുണ്ട്. രണ്ടും ശരിയാണ് (ഒ.നോ. ഇയ്യോ. 1–2; ദാനീ. 10). 15:22 ൽ ഇതേ പദത്തിന്റെ ഉപയോഗം സൂചിപ്പിക്കുന്നത് ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത (എന്നാൽ വഴി അടഞ്ഞത്) കിഴക്കൻ മെഡിറ്ററേനിയൻ പ്രദേശത്തെ പൗലൊസിന്റെ മിഷനറി വേലയെക്കുറിച്ചായിരിക്കാം.

▣ **"നിങ്ങൾ അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു"** സുപ്രധാന പ്രസ്താവനകൾ അവതരിപ്പിക്കുന്നതിനായി പൗലൊസ് ഉപയോഗിക്കുന്ന ഒരു ശൈലിയാണിത് (ഒനോ. 11:25; 1 കൊരി. 10:1; 12:1; 2 കൊരി. 1:8; 1 തെസ്സ. 4:13). യേശുവിന്റെ "ആമേൻ, ആമേൻ" എന്നതിന്റെ സമാനമായ രചനോദ്ദേശ്യമാണിതിനും ഉള്ളത്.

**1:14 "യവനന്മാർക്കും"** മെഡിറ്റേറിയൻ കടലിനു ചുറ്റുപാടും പാർക്കുന്ന പരിഷ്കൃതരും സാംസ്കാരികമായി ഉന്നതി പ്രാപിച്ചവരുമായ ജനത്തെയാണിതു സൂചിപ്പിക്കുന്നത്. മഹാനായ അലക്സാണ്ടറും അവന്റെ പിൻഗാമികളും അന്ന് അറിയപ്പെട്ടിരുന്ന ലോകത്തെ യവനായ സംസ്കാരം കൊണ്ടു നിറച്ചു. പിന്നീടു വന്ന റോമാക്കാർ ഗ്രീക്കു സംസ്കാരത്തെ സാംശീകരിച്ചു.

▣ **"ബർബ്ബരന്മാർക്കും"** ഈ പദം (*ഒനോമാറ്റോപോയിയ-**ονοματοποεια***) വിദ്യാവിഹീനരും അപരിഷ്കൃതരുമായ ജനത്തെ വിശേഷിച്ച് വടക്കുള്ളവരെ സൂചിപ്പിക്കുന്നു. ഗ്രീക്കു സംസാരിക്കാത്തവരെ സൂചിപ്പിക്കുന്നു. ഗ്രീക്കു സംസാരിക്കാത്തവരെ സൂചിപ്പിക്കുന്ന പദമാണിത്. ഗ്രീക്കുകാർക്കും റോമാക്കാർക്കും അവരുടെ സംസാരം "ബർബർബർ എന്നാണു തോന്നുന്നത്.

▣ **"ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും"** ഇത് "ബർബരന്മാർ" എന്നതിന്റെ ഗ്രീക്കു പാഠത്തിന്റെ സമാന്തരമായിരിക്കാൻ സാധ്യതയുണ്ട്. എന്നാൽ അങ്ങനെ ആയിരിക്കണമെന്നുമില്ല. സകല ജനസമൂഹത്തെയും വ്യക്തികളെയും സൂചിപ്പിക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗമാകാം ഇത്.

▣ **"ഞാൻ കടക്കാരൻ ആകുന്നു"** പൗലൊസ് ഈ പദം റോമാലേഖനത്തിൽ നിരവധി പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.

1. പൗലൊസ് സകല ജാതികളോടും സുവിശേഷം പ്രസംഗിക്കാൻ കടപ്പെട്ടിരിക്കുന്നു (ഇവിടെ).
2. പൗലൊസ് "ജഡത്തിന്" കടക്കാരനല്ല (8:12)
3. ജാതീയ സഭ യെരൂശലേമിലെ മാതൃസഭയെ സഹായിക്കാൻ കടപ്പെട്ടിരിക്കുന്നു (15:27)

### റോമർ 1:16–17

**[16]സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദന്നും പിന്നെ യവനനും അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ. [17]അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിന്നായിക്കൊണ്ടും വെളിപ്പെടുന്നു. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നു എഴുതിയിരിക്കുന്നുവല്ലോ.**

**വാ. 16–17** മുഴുലേഖനത്തിന്റെയും ചിന്താവിഷയമാണ് വാ. 16–17. ഈ വിഷയം 3:21–31 ൽ വിശദീകരിക്കുകയും സംഗ്രഹിക്കുകയും ചെയ്തിരിക്കുന്നു.

**1:16**

**NASB, NRSV** **"സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല"**
**NKJV** **"ക്രിസ്തുവിന്റെ സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല"**
**TEV** **"എനിക്ക് സുവിശേഷത്തിൽ സമ്പൂർണ്ണ വിശ്വാസമുണ്ട്"**
**NJB** **"സുവാർത്തയെക്കുറിച്ച് എനിക്ക് ലജ്ജയില്ല"**

മർക്കൊസ് 8:38; ലൂക്കൊ. 9:26 ലെ യേശുവിന്റെ വാക്കുകളെ പൗലൊസ് സൂചിപ്പിക്കുകയാകാം. സുവിശേഷത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് അല്ലെങ്കിൽ അതിന്റെ ഫലമായുണ്ടാകുന്ന പീഡനത്തെക്കുറിച്ച് അവനു ലജ്ജയില്ല (ഒ.നോ. 2 തിമൊ. 1:12, 16,18).

1 കൊരി. 1:23 ൽ യെഹൂദന്മാർക്ക് സുവിശേഷം ലജ്ജയാണെന്നു പറഞ്ഞിരിക്കുന്നു. കാരണം അത് കഷ്ടപ്പെടുന്ന മശിഹായെ ചിത്രീകരിക്കുന്നു. അത് ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിനെ പ്രഖ്യാപിക്കുന്നതിനാൽ ഗ്രീക്കുകാർക്കും അത് ലജ്ജയാണ്.

▣

**NASB** **"വിശ്വസിക്കുന്ന ഏവനും"**
**NKJV** **"വിശ്വസിക്കുന്ന ഏവനും വേണ്ടി"**
**NRSV** **"വിശ്വാസമുള്ള ഏവനും"**
**TEV** **"വിശ്വസിക്കുന്ന എല്ലാവർക്കും"**
**NJB** **"വിശ്വാസമുള്ള എല്ലാവർക്കും"**

സുവിശേഷം സകല മനുഷ്യർക്കും ഉള്ളതാണ് ("ഏവനും," "ആരും," "എല്ലാവരും" എന്നീ പദങ്ങൾ ഞാൻ

എത്രയധികം ഇഷ്ടപ്പെടുന്നു. 1:5 ലെ കുറിപ്പ് #6 കാണുക. എങ്കിലും സ്വീകരിക്കപ്പെടുന്നതിനുള്ള വ്യവസ്ഥകളിലൊന്ന് വിശ്വസിക്കുക എന്നത് (ഒ.നോ. അപ്പൊ. പ്രവൃ. 16:30–31). മറ്റേത് മാനസാന്തരമാണ് (ഒ.നോ. മർക്കൊ. 1:15; പ്രവൃ 3:16,19; 20:21). ദൈവം ഉടമ്പടി മുഖാന്തരം മനുഷ്യവർഗ്ഗത്തോട് ഇടപെടുന്നു (9:4ലെ പ്രത്യേക പഠനവിഷയം കാണുക). അവൻ എല്ലായ്പോഴും മുൻകയ്യെടുക്കുകയും അജണ്ട നിശ്ചയിക്കുകയും ചെയ്യുന്നു (ഒനോ. യോഹ. 6:44–65). എന്നിരുന്നാലും പരസ്പരം ബാധകമായ അനേക വ്യവസ്ഥകളുണ്ട് (1:5ലെ കുറിപ്പ് #4 കാണുക).

"വിശ്വസിക്കുക" എന്ന് ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്ന പദത്തെ "വിശ്വാസം" അഥവാ "ആശ്രയം" എന്നും പരിഭാഷപ്പെടുത്താം. ഇംഗ്ലീഷ്/മലയാളം പദത്തെക്കാൾ വിശാലമായ അർത്ഥ വ്യാപ്തി ഗ്രീക്കുപദത്തിനുണ്ട്. രക്ഷിക്കുന്ന വിശ്വാസം തുടർമാന വിശ്വാസമാണ് (ഒ.നോ. 1 കൊരി. 1:18; 15:2; 2 കൊരി. 2:15; 1 തെസ്സ. 4:14). 10:4 ലെ പ്രത്യേക പഠന വിഷയം കാണുക.

"വിശ്വാസം" എന്നതിനുള്ള ഈ ഗ്രീക്കുപദത്തിനു പിന്നിലുള്ള എബ്രായ പദം യഥാർത്ഥത്തിൽ അർത്ഥമാക്കുന്നത് ഒരു ഉറച്ച നില്പിനെ അല്ലെങ്കിൽ ഒരു മനുഷ്യൻ പെട്ടെന്ന് ചലിക്കപ്പെടാതിരിക്കുന്നതിനായി കാലുകൾ അല്പം അകത്തി ഉറച്ചു നിൽക്കുന്നതിനെയാണ്. വിപരീതമായ പ.നി. സാദൃശ്യം "എന്റെ കാലുകൾ കുഴഞ്ഞ ചേറ്റിൽ" (സങ്കീ. 40:2), "എന്റെ കാലുകൾ ഏകദേശം ഇടറി" (സങ്കീ. 73:2) എന്നതാണ്. ബന്ധപ്പെട്ട എബ്രായ മൂല പദങ്ങളായ *എമുൻ, എമുനാഹ്, ആമാൻ* എന്നിവ വിശ്വസ്തനും കൂറുള്ളവനും വിശ്വസിക്കാവുന്നവനുമായ ഒരുവനെ സൂചിപ്പിക്കുവാൻ ഉപയോഗിക്കാവുന്നതാണ്. രക്ഷിക്കുന്ന വിശ്വാസം, വിശ്വസ്തരായിരിക്കുവാനുള്ള വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ കഴിവിനെയല്ല, ദൈവത്തിന്റെ കഴിവിനെയാണ് പ്രതിഫലിപ്പിക്കുന്നത്. വിശ്വാസികളുടെ പ്രത്യാശ തങ്ങളുടെ കഴിവുകളിലല്ല, ദൈവത്തിന്റെ സ്വഭാവത്തിലും വാഗ്ദത്തങ്ങളിലുമാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. അത് അവന്റെ വിശ്വാസയോഗ്യതയും അവന്റെ വിശ്വസ്തതയും അവന്റെ വാഗ്ദത്തങ്ങളുമാണ്. 1:5 ലെ പഠന വിഷയം കാണുക.

■ **"ആദ്യം യെഹൂദനും"** ഇതിന്റെ കാരണം 2:9–10 ലും 3:1–20 ലും ചുരുക്കമായി വിവരിക്കുകയും 9–11 അധ്യായങ്ങളിൽ പൂർണ്ണമായി വികസിപ്പിക്കുകയും ചെയ്തിരിക്കുന്നു. മത്താ. 10:6; 15:24; മർക്കൊ. 7:27; യോഹ. 4:22 എന്നീ വേദഭാഗങ്ങളിലെ യേശുവിന്റെ വാക്കുകളെയാണത് പിന്തുടരുന്നത്. റോമാ സഭയിലെ വിശ്വസിക്കുന്ന യെഹൂദന്മാരും ജാതീയ നേതൃത്വവും തമ്മിലുള്ള അസൂയയോടു ബന്ധപ്പെട്ടതാകാം ഇത്.

■ **"രക്ഷ"** പഴയ നിയമത്തിൽ എബ്രായ പദം (*യാഷോ*) പ്രാഥമികമായി സൂചിപ്പിക്കുന്നത് ശാരീരിക വിടുതലിനെയാണ് (ഒ.നോ. യാക്കോ. 5:15). എന്നാൽ പുതിയ നിയമത്തിൽ ഗ്രീക്കു പദം (*സോഡ്സോ* – ***σοζω***) പ്രാഥമികമായി സൂചിപ്പിക്കുന്നത് ആത്മീയ വിടുതലിനെയാണ് (ഒ.നോ. 1 കൊരി. 1:18, 21). റോബർട്ട് ബി. ഗിർഡിൽസ്റ്റോണിന്റെ *സിനോനിംസ് ഓഫ് ദ ഓൾഡ് ടെസ്റ്റ്മെന്റ്* പേജ് 124–126 കാണുക.

# പ്രത്യേക പഠന വിഷയം: രക്ഷ (പഴയ നിയമ പദം)

ഈ പദത്തിന് (BDB 447) നിരവധി അർത്ഥ സൂചനകളുണ്ട്.

1. ക്ഷേമം, ഐശ്വര്യം, ഇയ്യോ. 30:15
2. ശാരീരികവും ആത്മികവുമായ തലങ്ങൾ ഉൾക്കൊള്ളുന്ന ദൈവിക രക്ഷ
   a. ഉല്പ. 49:18
   b. ആവ. 32:15
   c. സങ്കീ. 3:2,8; 22:1; 35:3; 62:2; 69:29; 70:5; 78:22; 80:3; 89:26; 91:16; 106:4; 140:7
   d. യെശ. 12:2; 33:2; 51:6,8; 52:7,10; 56:1; 59:11; 60:18; 62:1
3. ശാരീരികവും ആത്മികവുമായ വിടുതൽ എന്ന ആശയം യോനാ. 29:9–10 ൽ വ്യക്തമായി കാണാം.
4. സന്തോഷിക്കുക" എന്നത് പലപ്പോഴും യഹോവയുടെ രക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു, 1 ശമു. 2:1; യെശ. 25:9; 26:1; സങ്കീ. 9:14; 13:5; 35:9.

രക്ഷയിൽ യഹോവ തന്റെ മനുഷ്യ സൃഷ്ടിയുമായി യഥാർത്ഥമായി ഉദ്ദേശിച്ചിരുന്ന കൂട്ടായ്മയുടെ നടപ്പാക്കൽ ഉൾപ്പെട്ടിരിക്കുന്നു. അതിൽ വ്യക്തിപരവും സാമൂഹികവുമായ പൂർണ്ണത ഉൾപ്പെട്ടിരിക്കുന്നു!

**1:17 "ദൈവത്തിന്റെ നീതി"** ഈ സന്ദർഭത്തിൽ ഈ പ്രയോഗം സൂചിപ്പിക്കുന്നത് (1) ദൈവത്തിന്റെ സ്വഭാവം, (2) അവൻ എങ്ങനെ ആ സ്വഭാവം പാപികളായ മനുഷ്യവർഗത്തിനു നൽകുന്നു എന്നിവയാണ്. ജറുസലേം ബൈബിൾ പരിഭാഷയിൽ "ഇതാണ് ദൈവത്തിന്റെ നീതി വെളിപ്പെടുത്തുന്നത്" എന്നു കാണുന്നു. ഇതു വിശ്വാസിയുടെ സാന്മാർഗിക ജീവിതശൈലിയെ സൂചിപ്പിക്കുമ്പോൾ തന്നെ, അത് പ്രാഥമികമായി നീതിയുള്ള ന്യായാധിപതിയുടെ മുമ്പിലുള്ള അവന്റെ നിയമപരമായി നില്പിനെ സൂചിപ്പിക്കുന്നു. വീണുപോയ, പാപികളായ, മനുഷ്യവർഗ്ഗത്തിന്മേലുള്ള ഈ കണക്കിടൽ നവീകരണ കാലത്തിനുശേഷം "വിശ്വാസംമൂലം കൃപയാലുള്ള നീതീകരണം" എന്നറിയപ്പെട്ടു (.ഒ.നോ. 2 കൊരി. 5:21; ഫിലി. 3:9). ഈ വാക്യമാണ് മാർട്ടിൻ ലൂഥറിന്റെ ജീവിതത്തെയും ദൈവ

ശാസ്ത്രത്തെയും മാറ്റിമറിച്ചത്.

എങ്കിലും നീതീകരണത്തിന്റെ ലക്ഷ്യം വിശുദ്ധീകരണം, ക്രിസ്തുതുല്യത അഥവാ ദൈവത്തിന്റെ നീതി സ്വഭാവം ആണ് (ഒ.നോ. റോമ. 8:28-29; ഗലാ. 4:19; എഫെ. 1:4; 2:10; 4:13; 1 തെസ്സ. 3:13; 4:3; 1 പത്രൊ. 5:15). നീതീകരണം ഒരു നിയമപരമായ പ്രഖ്യാപനം മാത്രമല്ല, വിശുദ്ധ ജീവിതത്തിനുവേണ്ടിയുള്ള ഒരു ആഹ്വാനം കൂടിയാണ്. മനുഷ്യനിലുള്ള ദൈവിക സ്വരൂപം പ്രവർത്തനക്ഷമമാംവിധം പുനഃസ്ഥാപിക്കപ്പെടേണ്ടതുണ്ട് (ഒ.നോ. 2 കൊരി. 5:21).

## പ്രത്യേക പഠനവിഷയം: നീതി

"നീതി" എന്നത് ഒരു വേദപുസ്തക വിദ്യാർത്ഥി തീർച്ചയായും വ്യക്തിപരവും വിശാലവുമായ ഒരു പഠനം നടത്തേണ്ട വളരെ പ്രധാനപ്പെട്ട ഒരു ആശയമാണ്.

പഴയനിമയത്തിൽ ദൈവത്തിന്റെ സ്വഭാവത്തെ "നീതിയുള്ളവൻ" എന്നോ "നീതിമാൻ" എന്നോ വിവരിച്ചിരിക്കുന്നു (BDB 841). കെട്ടിടം പണിയിൽ ഭിത്തികളുടെയും മതിലുകളുടെയും വളവില്ലായ്മ നിർണ്ണയിക്കുന്നതിനുപയോഗിച്ചിരുന്ന നദിക്കരയിൽ വളരുന്ന ഓടകൊണ്ടുള്ള ഉപകരണത്തിൽ നിന്നും (മുഴക്കോൽ) ഉണ്ടായതാണ് മെസോപൊട്ടേമിയൻ പദപ്രയോഗം. തന്റെ സ്വന്തം സ്വഭാവത്തെപ്പറ്റി ദൃഷ്ടാന്തപരമായി പറയുന്നതിനാണ് ദൈവം ഈ പദപ്രയോഗം തെരഞ്ഞെടുത്തത്. സകലത്തെയും അളക്കുന്ന നിവരെയുള്ള വശം (മുഴക്കോൽ) അവനാണ്. ഈ ആശയം ദൈവത്തിന്റെ നീതിയെയും ന്യായംവിധിക്കുവാനുള്ള അവന്റെ അവകാശത്തെയും പ്രഖ്യാപിക്കുന്നു.

മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടു (ഒ.നോ. ഉല്പ. 1:26-27; 5:1,3; 9:6). ദൈവത്തോടുള്ള കൂട്ടായ്മക്കുവേണ്ടിയാണ് മനുഷ്യവർഗ്ഗം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സകല സൃഷ്ടിയും ദൈവത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും പരസ്പര പ്രവർത്തനത്തിന്റെ വേദി അഥവാ പശ്ചാത്തലമാണ്. തന്റെ ഉന്നതമായ സൃഷ്ടിയായ മനുഷ്യവർഗ്ഗം തന്നെ അറിയുവാനും സ്നേഹിക്കുവാനും സേവിക്കുവാനും തന്നെപ്പോലെ ആയിരിക്കുവാനും ദൈവം ആഗ്രഹിച്ചു. മനുഷ്യവർഗ്ഗത്തിന്റെ ആത്മാർത്ഥത പരീക്ഷിക്കപ്പെട്ടു (ഒ.നോ. ഉല്പ. 3) എന്നാൽ ആദിമ ദമ്പതികൾ ആ പരീക്ഷയിൽ തോറ്റു. ഇത് ദൈവത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും മധ്യത്തിലുള്ള ബന്ധത്തിന്റെ വേർപിരിയലിനിടയാക്കി (ഉല്പ. 3; റോമ. 5:12-21).

കൂട്ടായ്മ നന്നാക്കി യഥാസ്ഥാനപ്പെടുത്തുമെന്നു ദൈവം വാഗ്ദത്തം ചെയ്തു (ഒ.നോ. ഉല്പ. 3:15). അവൻ ഇത് തന്റെ സ്വന്തം ഹിതത്തിലൂടെയും സ്വന്ത പുത്രനിലൂടെയും ചെയ്യുന്നു. ലംഘനത്തിനു പരിഹാരം വരുത്തുവാൻ മനുഷ്യർ പ്രാപ്തരല്ലായിരുന്നു (ഒ.നോ. റോമ. 1:18-3:20).

വീഴ്ചയ്ക്കു ശേഷം, വീണ്ടെടുപ്പിനു വേണ്ടിയുള്ള ദൈവത്തിന്റെ ഒന്നാമത്തെ പടി, അവന്റെ ക്ഷണവും മനുഷ്യവർഗ്ഗത്തിന്റെ അനുതാപത്തോടും വിശ്വസ്തതയോടും അനുസരണത്തോടുമുള്ള പ്രതികരണവും അടിസ്ഥാനപ്പെടുത്തിയുള്ള ഉടമ്പടിയുടെ ആശയമായിരുന്നു. വീഴ്ച നിമിത്തം മനുഷ്യർ അനുഗുണമായ പ്രവൃത്തിക്ക് പ്രാപ്തരല്ലായിരുന്നു (ഒ.നോ. റോമ. 3:21-31; ഗലാ. 3). ഉടമ്പടി ലംഘകരായ മനുഷ്യരുടെ വീണ്ടെടുപ്പിന് ദൈവം താൻ തന്നെ മുൻകയ്യെടുക്കേണ്ടിയിരുന്നു. അവൻ ഇത് താഴെക്കാണുന്ന പ്രകാരം ചെയ്തു.

1. ക്രിസ്തുവിന്റെ പ്രവൃത്തിയിലൂടെ മനുഷ്യവർഗ്ഗത്തെ നീതിമാന്മാരെന്ന് പ്രഖ്യാപിക്കുക (അതായത് നിയമപരമായ നീതി).
2. ക്രിസ്തുവിന്റെ പ്രവൃത്തിയിലൂടെ മനുഷ്യവർഗ്ഗത്തിന് നീതി സൗജന്യമായി കൊടുക്കുക (അതായത്, (ആരോപിക്കപ്പെട്ട നീതി)
3. മനുഷ്യവർഗ്ഗത്തിനിടയിൽ നീതിയെ (അതായത്, ക്രിസ്തുവിന്റെ സാദൃശ്യം, ദൈവത്തിന്റെ സ്വരൂപത്തിന്റെ വീണ്ടെടുക്കൽ) ഉളവാക്കുന്ന ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ ലഭ്യമാക്കുക.

എന്നിരുന്നാലും ഉടമ്പടി സംബന്ധമായ ഒരു പ്രതികരണം ദൈവമാവശ്യപ്പെടുന്നു. ദൈവം പ്രഖ്യാപിക്കുന്നു (അതായത് സൗജന്യമായി നൽകുന്നു). എന്നാൽ മനുഷ്യൻ താഴെപ്പറയുന്ന വിധങ്ങളിൽ തീർച്ചയായും പ്രതികരിക്കുകയും പ്രതികരിച്ചുകൊണ്ടിരിക്കുകയും വേണം.

1. അനുതാപം
2. വിശ്വാസം
3. ജീവിതശൈലിയായ അനുസരണം
4. സ്ഥിരോത്സാഹം

അതുകൊണ്ട് നീതി ദൈവവും അവന്റെ അത്യുന്നത സൃഷ്ടിയും തമ്മിലുള്ള ഉടമ്പടിപരവും പരസ്പരവുമായ ഒരു പ്രവൃത്തിയാണ്. ദൈവത്തിന്റെ സ്വഭാവത്തിന്റെയും ക്രിസ്തുവിന്റെ പ്രവൃത്തിയുടെയും ആത്മാവിന്റെ ബലപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ ഇവയോട് ഓരോ വ്യക്തിയും തീർച്ചയായും വ്യക്തിപരമായും തുടർമാനമായും ശക്തമായി പ്രതികരിക്കണം. ഈ ആശയത്തെ "വിശ്വാസത്താലുള്ള നീതീകരണം" എന്നു വിളിക്കുന്നു. ഈ ആശയം സുവിശേഷങ്ങളിൽ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട് എങ്കിലും ഈ പദപ്രയോഗങ്ങളിലല്ല. "നീതി" എന്ന ഗ്രീക്ക് പദപ്രയോഗം വിവിധ രൂപങ്ങളിൽ 100-ലധികം തവണ ഉപയോഗിക്കുന്ന പൗലൊസാണ് ഇത് പ്രായോഗികമായി നിർവചിച്ചിട്ടുള്ളത്.

പരിശീലനം നേടിയ ഒരു യെഹൂദ ഗുരുവെന്ന നിലയിൽ, സെപ്റ്റജിന്റിൽ ഉപയോഗിച്ചിരിക്കുന്ന *സെദക്ക്* എന്ന എബ്രായ പദത്തിന്റെ അർത്ഥത്തിൽ -ഗ്രീക്ക് സാഹിത്യ അർത്ഥത്തിലല്ല - *ഡിക്കായിയോസുനീ (δικαιοσυνη)* എന്ന പദം പൗലൊസ് ഉപയോഗിക്കുന്നു. ഗ്രീക്ക് ലിഖിതങ്ങളിൽ *ഡിക്കായിയോസുനീ* എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെയും സമൂഹത്തിന്റെയും പ്രതീക്ഷകളോടു യോജിച്ച ഒരു വ്യക്തി എന്ന നിലയിലാണ്. എബ്രായ അർത്ഥത്തിൽ ഇത് ഉടമ്പടിയുടെ ആശയത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. യഹോവ നീതിയും ധാർമ്മികതയും സാന്മാർഗ്ഗികതയും ഉള്ള ദൈവമാണ്. തന്റെ ജനം തന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. വീണ്ടെടുക്കപ്പെട്ട മനുഷ്യവർഗ്ഗം ഒരു പുതിയ സൃഷ്ടിയായി ത്തീരുന്നു. ഈ പുതുക്കം ദൈവികതയുടെ ഒരു പുതിയ ജീവിതശൈലിക്ക് ഇടയാക്കുന്നു (നീതീകരണത്തിന്റെ റോമൻ കത്തോലിക്കാ വിവക്ഷ). യിസ്രായേൽ, മതേതരത്വമെന്നും (സാമൂഹിക നിയമങ്ങൾ) വിശുദ്ധമെന്നും (ദൈവത്തിന്റെ ഹിതം) കാര്യങ്ങളെ വ്യക്തമായി വേർതിരിക്കാനാവാത്ത ദൈവിക ഭരണത്തിൻ കീഴിലുള്ള ഒരു രാജ്യമായിരുന്നതിനാൽ ഈ വ്യത്യാസം "നീതി" (/ന്യായം, സമൂഹത്തോടുള്ള ബന്ധത്തിൽ), "നീതി" (മതവിശ്വാസത്തോടുള്ള ബന്ധത്തിൽ) എന്നിങ്ങനെ തർജ്ജമ ചെയ്യാവുന്ന എബ്രായ, ഗ്രീക്ക് പദങ്ങളാൽ വെളിപ്പെടുത്തിയിരിക്കുന്നു.

വീണുപോയ മനുഷ്യവർഗ്ഗം ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് വീണ്ടെടുക്കപ്പെട്ടിരിക്കുന്നുവെന്നതാണ് യേശുവിന്റെ സുവിശേഷം (നല്ല വാർത്ത). ഇത് സാധ്യമാക്കപ്പെട്ടിരിക്കുന്നത് പിതാവിന്റെ സ്നേഹം, കരുണ, കൃപ, പുത്രന്റെ ജീവൻ, മരണം, പുനരുത്ഥാനം, ആത്മാവിന്റെ സുവിശേഷത്തോടുള്ള അനുനയിപ്പിക്കലും അടുപ്പിക്കലും എന്നിവയിലൂടെയാണ്. നീതീകരണം ദൈവത്തിന്റെ സൗജന്യമായ പ്രവൃത്തിയാണ്. എന്നാൽ ഇത് ദൈവികതയിൽ വെളിപ്പെടണം (അഗസ്റ്റിന്റെ നിലപാട്. ഇത് സുവിശേഷത്തിന്റെ സൗജന്യദാനം എന്ന നവീകരണ ചിന്തയിലും സ്നേഹത്തിന്റെയും വിശ്വസ്തതയുടെയുമായ രൂപാന്തരപ്പെട്ട ജീവിതം എന്ന റോമർ കത്തോലിക്കാ ചിന്തയിലും പ്രതിഫലിക്കുന്നു). നവീകരണ കർത്താക്കൾക്ക് "ദൈവത്തിന്റെ നീതി" എന്ന പദപ്രയോഗം ഒരു ഒബ്ജക്ടീവ് ജെനിറ്റീവ് ആണ്. (അതായത് പാപികളായ മനുഷ്യവർഗ്ഗത്തെ ദൈവത്തിന് സ്വീകാര്യതയുളവരാക്കി വർഗ്ഗത്തെ ദൈവത്തിന് സ്വീകാര്യതയുള്ളവരാക്കി മാറ്റുന്ന പ്രവൃത്തി [സ്ഥാനീയ വിശുദ്ധീകണം] ആണ് അതേ സമയം കത്തോലിക്കർക്ക് ഇത് അധികം ദൈവത്തെപ്പോലെയാകുന്ന പ്രക്രിയയായ ഒരു സബ്ജക്ടീവ് ജെനറ്റീവ് ആണ് [അനുഭവസംബന്ധമായ പുരോഗമന വിശുദ്ധീകരണം] യഥാർത്ഥത്തിൽ ഇത് തീർച്ചയായും രണ്ടുമാണ്).

എന്റെ വീക്ഷണത്തിൽ, ഉല്പത്തി 4 മുതൽ വെളിപ്പാട് 20 വരെയുള്ള മുഴുവൻ ബൈബിളും ദൈവത്തിന്റെ ഏദെനിലെ കൂട്ടായ്മയുള്ള വീണ്ടെടുക്കലിന്റെ രേഖയാണ്. വേദപുസ്തകം ആരംഭിക്കുന്നത് ഭൗമിക പശ്ചാത്തലത്തിലെ ദൈവവും മനുഷ്യനുമായുള്ള കൂട്ടായ്മയിലാണ് (ഉല്പത്തി 1-2) അതുപോലെ തന്നെ വേദപുസ്തകം അവസാനിക്കുന്നതും അതേ പശ്ചാത്തലത്തിൽ ആണ് (വെളിപ്പാട് 21-22). ദൈവത്തിന്റെ സ്വരൂപവും ഉദ്ദേശ്യവും പുനഃസ്ഥാപിക്കപ്പെടും.

മേൽപ്പറഞ്ഞ ചർച്ചകൾ രേഖയാക്കുവാൻ ഗ്രീക്ക് പദസമൂഹങ്ങളെ വിശദീകരിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന പുതിയ നിയമ വാക്യങ്ങൾ ശ്രദ്ധിക്കുക.

1. ദൈവം നീതിമാനാണ് (പലപ്പോഴും ന്യായാധിപനെന്ന നിലയിൽ ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു)
   a. റോമ. 3:26
   b. 2 തെസ്സ. 1:5-6
   c. 2 തിമൊ. 4:8
   d. വെളി. 16:5
2. യേശു നീതിമാനാണ്
   a. പ്രവൃ. 3:14; 7:52; 22:14 (മശിഹായെന്ന സ്ഥാനപ്പേര്)
   b. മത്താ. 27:19
   c. 1 യോഹ. 2:1; 29; 3:7
3. തന്റെ സൃഷ്ടിക്കായുള്ള ദൈവത്തിന്റെ ഹിതം നീതിയാണ്
   a. ലേവ്യ. 19:2
   b. മത്താ. 5:48 (ഒ.നോ. 5:17-20)
4. നീതി ലഭ്യമാക്കുന്നതിനും ഉളവാക്കുന്നതിനുമുള്ള ദൈവത്തിന്റെ മാർഗ്ഗം
   a. റോമ. 3:21-31
   b. റോമ. 4
   c. റോമ. 5:6-11
   d. ഗലാ. 3:6-14
   e. ദൈവത്താൽ നൽകപ്പെട്ടു
      1) റോമ. 3:24; 6:23
      2) 1 കൊരി. 1:30
      3) എഫെ. 2:8-9

f. വിശ്വാസത്താൽ സ്വീകരിച്ചു
   1) റോമ. 1:17; 3:22,26; 4:3,5,13; 9:30; 10:4,6,10
   2) 2 കൊരി. 5:21
g. പുത്രന്റെ പ്രവൃത്തികളിലൂടെ
   1) റോമ. 5:21
   2) 2 കൊരി. 5:21
   3) ഫിലി. 2:6-11

5. തന്റെ അനുഗാമികൾ നീതിമാന്മാരിയിക്കണമെന്നാണ് ദൈവത്തിന്റെ ഹിതം
   a. മത്താ. 5:3-48; 7:24-27
   b. റോമ. 2:13; 5:1-5; 6:1-23
   c. 1 തിമൊ. 6:11
   d. 2 തിമൊ. 2:22; 3:16
   e. 1 യോഹ. 3:7
   f. 1 പത്രൊ. 2:24
6. ദൈവം നീതിയാൽ ലോകത്തെ വിധിക്കും
   a. പ്രവൃ. 17:31
   b. 2 തിമൊ. 4:8

നീതി ദൈവത്തിന്റെ ഒരു പ്രത്യേകതയാണ്, ക്രിസ്തുവിലൂടെ പാപികളായ മനുഷ്യവർഗ്ഗത്തിന് സൗജന്യമായി നൽകപ്പെട്ടു. അത്

1. ദൈവത്തിന്റെ ഒരു കല്പനയാണ്
2. ദൈവത്തിന്റെ ഒരു ദാനമാണ്
3. ക്രിസ്തുവിന്റെ ഒരു പ്രവൃത്തിയാണ്

എന്നാൽ ഇത് നീതിമാനായിക്കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയും ഊർജ്ജസ്വലമായും ഉറപ്പായും പിന്തുടരേണ്ടതും ഒരു ദിനത്തിൽ, രണ്ടാം വരവിൽ, പൂർത്തിയാക്കപ്പെടേണ്ടതുമാണ്. രക്ഷയിൽ ദൈവത്തോടുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നാൽ മരണത്തിലോ *പറൂസിയ* യിലോ ഒരു മുഖാമുഖ കണ്ടുമുട്ടൽ വരെ പുരോഗമിക്കുന്നതുമാകുന്നു.

ഈ ചർച്ച ഉപസംഹരിക്കുന്നതിന് ഇവിടെയൊരു നല്ല ഉദ്ധരണിയുണ്ട്. ഇത് എടുത്തിരിക്കുന്നത് IVP പ്രസിദ്ധീകരിച്ച *ഡിക്ഷണറി ഓഫ് പോൾ ആന്റ് ഹിസ് ലെറ്റേഴ്സിൽ* നിന്നുമാണ്.

"കാൽവിൻ ലൂഥറിനെക്കാളധികം ദൈവത്തിന്റെ നീതിയുടെ ബന്ധുത്വപരമായ ഘടകത്തിന് ഊന്നൽ കൊടുക്കുന്നു. ദൈവത്തിന്റെ നീതിയെപ്പറ്റിയുള്ള ലൂഥറിന്റെ വീക്ഷണം കുറ്റവിമോചനത്തിന്റെ ഘടകം ഉൾക്കൊള്ളുന്നതായി കാണുന്നു. നമ്മിലേക്കുള്ള ദൈവത്തിന്റെ നീതിയുടെ വിനിമയം അഥവാ പകരപ്പെടൽ എന്ന മഹത്തരമായ സ്വഭാവത്തെ കാൽവിൻ ഊന്നിപ്പറയുന്നു" (പേ. 834).

എന്റെ അഭിപ്രായത്തിൽ ദൈവത്തോടുള്ള വിശ്വസികളുടെ ബന്ധത്തിന് മൂന്നു ഘടകങ്ങളുണ്ട്.

1. സുവിശേഷം ഒരു വ്യക്തിയാണ് (പൗരസ്ത്യ സഭകളും കാൽവിനും ഊന്നിപ്പറയുന്നത്)
2. സുവിശേഷം സത്യമാണ് (ലൂഥറിന്റെയും അഗസ്റ്റിന്റെയും ഊന്നിപ്പറയൽ)
3. സുവിശേഷം ഒരു വ്യത്യാസപ്പെട്ട ജീവിതമാണ് (കത്തോലിക്കരുടെ ഊന്നിപ്പറയൽ)

ഒരു ആരോഗ്യകരവും ശക്തവുമായ വേദപുസ്തകാടിസ്താനത്തിലുള്ള ക്രിസ്ത്യാനിത്വത്തിന് ഇവയെല്ലാം ഒരുമിച്ചുണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും ഒന്നു അധികമായി ഊന്നിപ്പറയുകയോ മൂല്യശോഷണം വരുത്തുകയോ ചെയ്താൽ പ്രശ്നങ്ങളുണ്ടാകും.

നാം യേശുവിനെ സ്വാഗതം ചെയ്യണം!
നാം സുവിശേഷം വിശ്വസിക്കണം!
ക്രിസ്താനുരൂപ്യം നാം പിന്തുടരണം!

▣

**NASB, NKJV** **"വിശ്വാസത്തിൽ നിന്നും വിശ്വാസത്തിലേക്ക്"**
**NRSV** **"വിശ്വാസം ഹേതുവായും വിശ്വാസത്തിനായിക്കൊണ്ടും"**
**TEV** **"അത് ആദിമുതൽ അവസാനം വരെ വിശ്വാസത്താൽ"**
**NJB** **"വിശ്വാസം എങ്ങനെ വിശ്വാസത്തിലേക്കു നയിക്കുന്നു എന്ന് അതു കാണിക്കുന്നു"**

ഈ പ്രയോഗത്തിന് രണ്ട് **ഗതി** ഉണ്ട്. *(ഏക്, എയിസ് - ἐκ, εἰς)*, അവ ഒരു മാറ്റത്തെ ആഥവാ വികാസത്തെ കാണിക്കുന്നു. അവൻ ഇതേ രീതി 2 കൊരി. 2:16 ലും *അപോ, എയിസ് (ἀπο, εἰς)* 2 കൊരി. 3:18 ലും ഉപയോഗിക്കുന്നു. ക്രിസ്ത്യാനിത്വം എന്നത് ഒരു സ്വഭാവവും ജീവിതശൈലിയുമായി വളരാൻ ഉദ്ദേശിച്ചു നൽകുന്ന ദാനമാണ്.

ഈ പ്രയോഗം പരിഭാഷപ്പെടുത്താവുന്ന വിവിധ സാധ്യതകളുണ്ട്. വില്യംസ് പുതിയ നിയമം അതിനെ “വലിയ വിശ്വാസത്തിലേക്കു നയിക്കുന്ന വിശ്വാസത്തിന്റെ മാർഗ്ഗം” എന്നു തർജ്ജമ ചെയ്തിരിക്കുന്നു. മുഖ്യമായ ദൈവ ശാസ്ത്രപരമായ വിഷയം:

1. വിശ്വാസം ദൈവത്തിൽ നിന്നു വരുന്നു (വെളിപ്പെടുത്തപ്പെട്ടത്)
2. മനുഷ്യവർഗ്ഗം പ്രതികരിക്കുകയും തുടർമാനം പ്രതികരിക്കുകയും വേണം.
3. വിശ്വാസം ഭക്തിനിർഭര ജീവിതമെന്ന ഫലമുളവാക്കണം.

ഒരു കാര്യം നിശ്ചയമാണ്. ക്രിസ്തുവിലുള്ള “വിശ്വാസ”മാണ് നിർണ്ണായകം (ഒ.നോ. 5:1; ഫിലി. 3:9). രക്ഷ എന്ന ദൈവിക ദാനത്തിന്റെ വ്യവസ്ഥ വിശ്വാസപ്രതികരണമാണ് (ഒ.നോ. മർക്കൊ. 1:15; യോഹ. 1:12; 3:16; പ്രവൃ. 3:16,19; 20:21). 1:5; 4:5; 10:4 എന്നീ ഭാഗങ്ങളിലെ പ്രത്യേക പഠനവിഷയങ്ങൾ കാണുക.

▣

**NASB “എന്നാൽ നീതിയുള്ള മനുഷ്യൻ വിശ്വാസത്താൽ ജീവിക്കും.”**
**NKJV “നീതിമാൻ വിശ്വാസത്താൽ ജീവിക്കും”**
**NRSV “നീതിയുള്ളവൻ വിശ്വാസത്താൽ ജീവിക്കും”**
**TEV “ദൈവവുമായി കാര്യങ്ങൾ ശരിയാക്കിയവൻ വിശ്വാസം മുഖാന്തരം ജീവിക്കും”**
**NJB “നേരുള്ള മനുഷ്യൻ വിശ്വാസം മുഖാന്തരം ജീവൻ കണ്ടെത്തും”**

ഇത് ഹബ. 2:4 ൽ നിന്നുള്ള ഉദ്ധരണിയാണ്. എങ്കിലും മസോററ്റിക് പതിപ്പിൽ നിന്നോ സെപ്റ്റ്വജിന്റിൽ നിന്നോ എടുത്തിട്ടുള്ളതല്ല. പഴയനിയമത്തിൽ “വിശ്വാസം” എന്നതിന് “വിശ്വാസയോഗ്യത,” “വിശ്വസ്തത” അഥവാ “കൂറ്” തുടങ്ങിയ വിശാലമായ ആലങ്കാരിക അർത്ഥങ്ങളുണ്ട് (1:5 ലെ പ്രത്യേക പഠനവിഷയം കാണുക). രക്ഷാ കരമായ വിശ്വാസം ദൈവത്തിന്റെ വിശ്വസ്തതയിൽ അടിസ്ഥാനപ്പെട്ടതാണ് (ഒ.നോ. 3:5; 21,22,25,26). എങ്കിലും മാനുഷിക വിശ്വസ്ത, ഒരുവൻ ദൈവിക ദാനത്തിൽ ആശ്രയിച്ചു എന്നതിന്റെ തെളിവാണ്. ഇതേ പഴയ നിയമ ഭാഗം ഗലാ. 3:11 ലും എബ്രാ. 10:38 ലും ഉദ്ധരിച്ചിട്ടുണ്ട്. അടുത്ത സാഹിത്യഘടകമായ റോമ. 1:18–3:20 ദൈവ ത്തോടുള്ള വിശ്വസ്തതയുടെ വിപരീതാവസ്ഥ വെളിപ്പെടുത്തുന്നു.

പ്രയോഗത്തിന്റെ അവസാന ഭാഗത്തെ നിരവധി ആധുനിക വ്യാഖ്യാതാക്കൾ മനസിലാക്കുന്നതെങ്ങനെയെന്ന് നോക്കുന്നതു സഹായകരമാണ്.

1. വോഗൻ: “വിശ്വാസത്തിൽ ആരംഭിച്ച് വിശ്വാസത്തിൽ അവസാനിക്കുന്നു”
2. ഹോഡ്ജ്: “വിശ്വാസത്താൽ മാത്രം”
3. ബാരറ്റ്: “വിശ്വാസത്താൽ അല്ലാതെ മറ്റൊന്നിന്റെയും അടിസ്ഥാനത്തിലല്ല”
4. ക്നോക്സ്: “വിശ്വാസം ആദ്യവും അവസാനവും”
5. സ്റ്റാഗ്: “നീതിമാൻ വിശ്വാസത്തിൽ നിന്നുകൊണ്ട് ജീവിക്കും”

**റോമർ 1:18–23**

**[18]അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു. [19]ദൈവത്തെക്കുറിച്ചു അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. [20]അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യ ലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ. [21]അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. [22]ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി; [23]അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു.**

**1:18** വാ. 16–17 ലെ വിഷയ സംബന്ധിയായ വാക്യത്തിൽ *ഗാർ* (for) മൂന്നുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. അത് സുവിശേഷത്തെക്കുറിച്ചുള്ള പൗലൊസിന്റെ ഒന്നാമത്തെ പോയിന്റിനെ അവതരിപ്പിക്കുന്നു (1:18–3:31). അതായത് രക്ഷയ്ക്കായി ദൈവശക്തിയാണ് സുവിശേഷം (1:16–17).

▣ **“സത്യത്തെ തടുക്കുന്ന മനുഷ്യരുടെ”** ഇത് മനുഷ്യന്റെ അജ്ഞതയെല്ല മനഃപ്പൂർവ്വമായ തിരസ്കരണത്തെ യാണു സൂചിപ്പിക്കുന്നത് (ഒ.നോ. വാ. 21, 32; യോഹ. 3:17–21). ഈ പ്രയോഗത്തിന്റെ അർത്ഥം താഴെപ്പറയുന്നവ ആയിരിക്കാം.

1. അവർ സത്യം അറിഞ്ഞെങ്കിലും അതിനെ നിരസിച്ചു
2. അവർ സത്യത്തെ നിരസിക്കുന്നുവെന്ന് അവരുടെ ജീവിത ശൈലി വെളിപ്പെടുത്തുന്നു
3. അവരുടെ ജീവിതവും വാക്കുകളും മറ്റുള്ളവർ സത്യം അറിയാനും അതിനെ സ്വീകരിക്കാനും ഇടയാക്കു ന്നില്ല.

## പ്രത്യേക പഠനവിഷയം “സത്യം” പൗലൊസിന്റെ എഴുത്തുകളിൽ

ഈ പദത്തിന്റെയും അതിന്റെ രൂപങ്ങളുടെയും പൗലൊസിന്റെ ഉപയോഗം, പഴയനിയമ പദമായ *എമെറ്റ്* ൽ നിന്നും വന്നതാണ്. അതിനർത്ഥം “വിശ്വാസയോഗ്യമായ” അഥവാ “വിശ്വസ്തമായ” (BDB 53) എന്നാണ്. ഇടക്കാല യെഹൂദ സാഹിത്യത്തിൽ അത് ഭോഷ്കിന് എതിരായ സത്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കപ്പെട്ടു. ഏറ്റവും അനുയോജ്യമായ സമാന്തരം ചാവുകടൽ ചുരുളുകളിലെ “സ്തോത്ര ഗീതങ്ങൾ” ആണ്. അവിടെ അത് വെളിപ്പെടുത്തപ്പെട്ട ഉപദേശങ്ങളെ സൂചിപ്പിക്കുന്നു. എസ്സേന്യ സമൂഹത്തിലെ അംഗങ്ങൾ “സത്യത്തിന്റെ സാക്ഷികൾ” ആയി മാറി.

പൗലൊസ് ഈ പദം യേശുക്രിസ്തുവിന്റെ സുവിശേഷത്തെ പരാമർശിക്കുന്നതിനുള്ള മാർഗമായി ഉപയോഗിക്കുന്നു.

1. റോമ. 1:18,25; 2:8–20; 3:7; 15:8
2. 1 കൊരി. 13:6
3. 2 കൊരി. 4:2; 6:7; 11:10; 13:8
4. ഗലാ. 2:5,14; 5:7
5. എഫെ. 1:13; 6:14
6. കൊലൊ. 1:5,6
7. 2 തെസ്സ. 2:10,12,13
8. 1 തിമൊ. 2:4; 3:15; 4:3; 6:5
9. 2 തിമൊ. 2:15,18,25; 3:7,8; 4:4
10. തീത്തൊ. 1:1,4

തന്റെ സംസാരത്തിന്റെ കൃത്യതയെ വെളിപ്പെടുത്തുന്നതിനുള്ള മാർഗമായും ഈ പദം പൗലൊസ് ഉപയോഗിക്കുന്നു

1. പ്രവൃ. 26:25
2. റോമ. 9:1
3. 2 കൊരി. 7:14; 12:6
4. എഫെ. 4:25
5. ഫിലി. 1:18
6. 1 തിമൊ. 2:7

പൗലൊസ് 1 കൊരി. 5:8 ൽ തന്റെ ഉദ്ദേശ്യത്തെയും എഫെ. 4:24; 5:9; ഫിലി. 4:8 ൽ തന്റെ ജീവിതശൈലിയെയും സൂചിപ്പിക്കാൻ ഈ പദം ഉപയോഗിക്കുന്നു. അവൻ ചില സമയത്ത് ആളുകളെ സൂചിപ്പിക്കാനും ഇതുപയോഗിക്കുന്നു.

1. ദൈവം, റോമ. 3:4 (ഒ.നോ. യോഹ. 3:33; 17:17)
2. യേശു, എഫെ. 4:21 (യോഹ. 14:6നു സമം)
3. അപ്പൊസ്തലിക സാക്ഷികൾ, തീത്തൊ. 1:13
4. പൗലൊസ്, 2 കൊരി. 6:8

പൗലൊസ് മാത്രമേ ക്രിയാരൂപം ഉപയോഗിക്കുന്നുള്ളൂ. (*അലീതെയുഓ*-***αληθευω***, ഗലാ. 4:16; എഫെ. 4:15). അവിടെയത് സുവിശേഷത്തെ സൂചിപ്പിക്കുന്നു. കൂടുതൽ പഠനത്തിന് *ന്യൂ ഇന്റർനാഷണൽ ഡിക്ഷനറി ഓഫ് ന്യൂടെസ്റ്റ്മെന്റ് തിയോളജി,* വാല്യം 3, പേ. 784–902 (എഡി. കൊളിൻ ബ്രൗൺ) കാണുക.

▣ **“ദൈവത്തിന്റെ കോപം”** വാ. 18–23, പൗലൊസിന്റെ കാലത്തെ ജാതീയ ലോകത്തെ ചിത്രീകരിക്കുന്നു. ജാതീയ ലോകത്തെ സംബന്ധിച്ച പൗലൊസിന്റെ സവിശേഷമായ ചിത്രീകരണം യെഹൂദ സാഹിത്യത്തിലും (ഒ.നോ. ശലോമോന്റെ ജ്ഞാനം 13:1 മുതൽ; അരിസ്റ്റിയാസിന്റെ ലേഖനം 134–138), ഗ്രീക്ക്, റോമൻ ധർമ്മശാസ്ത്ര രചനകളിലും കാണാം. ദൈവസ്നേഹത്തെക്കുറിച്ചു നമ്മോടു പറയുന്ന അതേ ബൈബിൾ തന്നെ അവന്റെ കോപത്തെയും വെളിപ്പെടുത്തുന്നു (ഒ.നോ. വാ. 23–32; 2:5,8; 3:5; 4:15; 5:9; 9:22; 12:19; 13:45).

കോപം, സ്നേഹം എന്നിവ ദൈവത്തിനു നൽകിയിരിക്കുന്ന മാനുഷിക പദങ്ങളാണ്. വിശ്വാസികൾ പ്രതികരിക്കുകയും ജീവിക്കുകയും ചെയ്യണമെന്നു ദൈവം ആവശ്യപ്പെടുന്ന ഒരു വഴി ഉണ്ടെന്നുള്ള സത്യമാണ് അവ വെളിപ്പെടുത്തുന്നത്. ദൈവഹിതത്തിന്റെ (ക്രിസ്തുവിന്റെ സുവിശേഷം) മനഃപ്പൂർവ്വമായ നിരസനം ഭൗമികവും ഇവിടത്തെ സന്ദർഭത്തിൽ അന്ത്യകാല സംബന്ധിയായതുമായ (ഒ.നോ. 2:5) അനന്തരഫലങ്ങൾ ഉളവാക്കും. എങ്കിലും ദൈവത്തെ പ്രതികാരദാഹിയായി കാണരുത്. ന്യായവിധി അവന്റെ “അപൂർവ്വക്രിയ” (ഒ.നോ. യെശ. 28:21 മുതൽ) ആണ്. സ്നേഹമാണവന്റെ സ്വഭാവം, ആവ. 5:9 നെ 5:10; 7:9 മായി താരതമ്യപ്പെടുത്തുക. അവനിൽ നീതിയും കരുണയുമാണ് മുന്നിട്ടു നിൽക്കുന്നത്. എന്നാൽ സകലരും ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ട

താണ് (ഒ.നോ. സഭാ. 12:13-14; ഗലാ. 6:7), ക്രിസ്തീയ വിശ്വാസികൾ പോലും (ഒ.നോ. 14:10-12; 2 കൊരി. 5:10).

## പ്രത്യേക പഠനവിഷയം:
## ദൈവം മനുഷ്യനെന്ന നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു
### (മനുഷ്യരൂപാരോപണ ഭാഷ)

I ഇത്തരത്തിലുള്ള ഭാഷ പഴയ നിയമത്തിൽ സാധാരണയായിരുന്നു (ചില ഉദാഹരണങ്ങൾ)

A. ഭൗതിക ശരീരഭാഗങ്ങൾ

1. കണ്ണുകൾ - ഉല്പ. 1:4, 31; 6:8; പുറ. 33:17; സംഖ്യ. 14:14; ആവ. 11:12; സെഖ. 4:10
2. കൈകൾ - പുറ. 15:17; സംഖ്യ. 11:23; ആവ. 2:15
3. ഭുജം - പുറ. 6:6; 15:16; സംഖ്യ. 11:23; ആവ. 4:34; 5:15
4. ചെവികൾ - സംഖ്യ. 11:18; 1 ശമൂ. 8:21; 2 രാജാ. 19:16; സങ്കീ. 5:1; 10:17; 18:6
5. മുഖം - പുറ. 32:30; 33:11; സംഖ്യ. 6:25; ആവ. 34:10; സങ്കീ. 114:7;
6. വിരൽ - പുറ. 8:19; 31:18; ആവ. 9:10; സങ്കീ. 8:3
7. ശബ്ദം - ഉല്പ. 3:8,10; പുറ. 15:26; 19:19; ആവ. 26:17; 27:10
8. കാൽ - പുറ. 24:10; യെഹെ. 43:7
9. മനുഷ്യരൂപം - പുറ. 24:9-11; സങ്കീ. 47; യെശ. 6:1; യെഹെ. 1:26
10. യഹോവയുടെ ദൂതൻ - ഉല്പ. 16:7-13; 22:11-15; 31:11,13; 48:15-16; പുറ. 3:4,13-21; 14:19; ന്യായാ. 2:1; 6:22-23; 13:3-22

B. ശാരീരിക പ്രവർത്തനങ്ങൾ

1. സൃഷ്ടിപ്പിന്റെ മുഖാന്തരമായി സംസാരിക്കുന്നു - ഉല്പ. 1:3,6,9,11,14,20,24,26
2. ഏദെനിൽ നടക്കുന്നു (അതാ. നടക്കുന്ന ഒച്ച) - ഉല്പ. 3:8; 18:33; ഹബ. 3:15
3. നോഹയുടെ പെട്ടകത്തിന്റെ വാതിൽ അടെച്ചു - ഉല്പ. 7:16
4. യാഗം മണക്കുന്നു - ഉല്പ. 8:21; ലേവ്യ. 26:31; ആമോ. 5:21
5. ഇറങ്ങി വരുന്നു - ഉല്പ. 11:5; 18:21; പുറ. 3:8; 19:11,18,20
6. മോശെയെ അടക്കുന്നു - ആവ. 34:6

C. മാനുഷിക വികാരങ്ങൾ (ചില ഉദാഹരണങ്ങൾ)

1. അനുതാപം/ദുഃഖം - ഉല്പ. 6:6,7; പുറ. 32:14; ന്യായാ. 2:18; 1 ശമൂ. 15:29,35; ആമോ. 7:3,6
2. കോപം - പുറ. 4:14; 15:7; സംഖ്യ. 11:10; 12:9; 22:22; 25:3,4; 32:10,13,14; ആവ. 6:5; 7:4; 29:20
3. തീക്ഷ്ണത - പുറ. 20:5; 34:14; ആവ. 4:24; 5:9; 6:15; 32:16,21; യോശു. 24:19
4. അറപ്പ്/വെറുപ്പ് - ലേവ്യ. 20:23; 26:30; ആവ. 32:19

D. കുടുംബ പദങ്ങൾ (ചില ഉദാഹരണങ്ങൾ)

1. പിതാവ്
   a. യിസ്രായേലിന്റെ - പുറ. 4:22; ആവ. 14:1; 39:5
   b. രാജാവിന്റെ - 2 ശമൂ. 7:11-16; സങ്കീ. 2:7
   c. പിതാവിന്റെ പ്രവൃത്തികളുടെ സാദൃശ്യങ്ങൾ - ആവ. 1:31; 8:5; 32:1; സങ്കീ. 27:10; സദൃ. 3:12; യിരെ. 3:4,22; 31:20; ഹോശേ. 11:1-4; മലാ. 3:17
2. പിതാവ്/ മാതാവ് - ഹോശേ. 11:1-4
3. മാതാവ് - സങ്കീ. 27:10 (മുലകൊടുക്കുന്ന മാതാവിന്റെ സാദൃശ്യം); യെശ. 49:15; 66:9-13
4. വിശ്വസ്ത യൗവന കാന്തൻ - ഹോശേയ 1-3

II. ഇത്തരം ഭാഷാ പ്രയോഗത്തിന്റെ കാരണങ്ങൾ

A. ദൈവത്തിന് തന്നെത്തന്നെ മനുഷ്യർക്കു വെളിപ്പെടുത്താൻ ആവശ്യമായി വന്നു. ദൈവത്തെ പുരുഷനായി ചിത്രീകരിക്കുന്നത് കേവലം മനുഷ്യരൂപാരോപണം മാത്രമാണ്; കാരണം ദൈവം ആത്മാവാകുന്നു.

B. ദൈവം മനുഷ്യജീവിതത്തിലെ ഏറ്റവും അർത്ഥവത്തായ വസ്തുതകൾ മാത്രമെടുത്ത്, വീണുപോയ മനുഷ്യവർഗ്ഗത്തിന് തന്നെത്തന്നെ വെളിപ്പെടുത്തുന്നതിനായി അവയെ ഉപയോഗിച്ചു (പിതാവ്, മാതാവ്, രക്ഷകർത്താവ്, കാന്തൻ).

C. ആവശ്യമായിരുന്നെങ്കിലും ദൈവം തന്നെത്തന്നെ ഏതെങ്കിലും ഭൗതിക രൂപത്തിൽ പരിമിതപ്പെടുത്താനാഗ്രഹിച്ചില്ല (ഒ. നോ. പുറ. 20; ആവ. 5).

D. ആത്യന്തിക മനുഷ്യരൂപാരോപണം യേശുവിന്റെ ജഡധാരണമാണ്! ദൈവം ശാരീരികവും, സ്പർശിക്കാവുന്നതുമായ രൂപമെടുത്തു (ഒ. നോ. 1 യോഹ. 1:1-3). ദൈവത്തിന്റെ സന്ദേശം ദൈവത്തിന്റെ വചനം ആയി മാറി (ഒ. നോ. യോഹ. 1:1-18).

■ **"വെളിപ്പെടുന്നു"** സുവിശേഷം വെളിപ്പെട്ട സത്യം ആയിരിക്കുന്നതുപോലെ (വാ. 17) തന്നെയാണ് ദൈവത്തിന്റെ കോപവും! രണ്ടും മനുഷ്യൻ കണ്ടെത്തിയതോ അവന്റെ യുക്തിക്കനുസരിച്ചുള്ളതോ ആയ പ്രവർത്തിയല്ല.

**1:19 "ദൈവത്തെക്കുറിച്ച് അറിയാകുന്നത് അവർക്ക് വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ"** സകല മനുഷ്യർക്കും സൃഷ്ടിയിൽ നിന്നും ദൈവത്തെക്കുറിച്ചു ചിലതറിയാം (ഒ.നോ. വാ. 20; ഇയ്യോ. 12:7-10; സങ്കീ. 19:1-6 പ്രകൃതിയിലൂടെ). തിയോളജിയിൽ ഇതിനെ "പ്രകൃതിയിലെ വെളിപ്പാട്" എന്നു വിളിക്കുന്നു. ഇതു പൂർണ്ണമല്ല എങ്കിലും തിരുവെഴുത്തിലൂടെയോ ആത്യന്തികമായ യേശുവിലൂടെയോ ദൈവത്തിന്റെ "പ്രത്യേക വെളിപ്പാടി" നെക്കുറിച്ച് ഒരിക്കലും അറിഞ്ഞിട്ടില്ലാത്തവരെ ദൈവം ന്യായം വിധിക്കുന്നതിന്റെ അടിസ്ഥാനം ഇതാണ് (ഒ.നോ. സങ്കീ. 19:7-14; കൊലൊ. 1:15; 2:9).

"അറിയുക" എന്ന പദം രണ്ടർത്ഥത്തിൽ പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്: (1) പഴയനിയമ അർത്ഥത്തിൽ ആഴമായ വ്യക്തിപരമായ ബന്ധം (ഒ.നോ. ഉല്പ. 4:1; യിരെ. 1:5); (2) ഗ്രീക്ക് അർത്ഥത്തിൽ ഒരു വസ്തുവിനെ സംബന്ധിച്ച വസ്തുതകൾ (ഒ.നോ. വാ. 21). സുവിശേഷം എന്നത് ഒരേ സമയം നാം സ്വീകരിക്കേണ്ട ഒരു വ്യക്തിയും ആ വ്യക്തിയെ സംബന്ധിച്ച് നാം സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യേണ്ടതായ ഒരു സന്ദേശവുമാണ്. ഈ വാക്യത്തിൽ രണ്ടാമത്തെ അർത്ഥത്തിൽ മാത്രമാണിത് ഉപയോഗിച്ചിരിക്കുന്നത്.

## പ്രത്യേക പഠനവിഷയം: അറിയുക

**(ആവർത്തനപുസ്തകം മാതൃകയാക്കിക്കൊണ്ട്)**

"അറിയുക" എന്നതിനുള്ള എബ്രായ പദം (ബി.ഡി.ബി 393) *ഖ്വാൽ* ന് അനവധി അർത്ഥങ്ങളുണ്ട്.

1. നന്മതിന്മകളെ അറിയുക - ഉല്പ. 3:22; ആവ. 1:39; യെശ. 7:14-15; യോനാ 4:11
2. അറിവിലൂടെ അറിയുക - ആവ. 9:2, 3, 6; 18:2
3. അനുഭവത്തിലൂടെ അറിയുക - ആവ. 3:19; 4:35; 8:2, 3, 5; 11:2; 20:20; 31:13; യോശു. 23:14
4. പരിഗണിക്കുക - ആവ. 4:39; 11:2; 29:16
5. വ്യക്തിപരമായി അറിയുക
   a. ഒരു വ്യക്തി - ഉല്പ. 29:5; പുറ. 1:8; ആവ. 22:2; 33:9
   b. ഒരു ദേവൻ - ആവ. 11:28; 13:2, 6, 13; 28:64; 29:26; 32:17
   c. യഹോവ - ആവ. 4:35, 39; 7:9; 29:6; യെശ. 1:3; 56:10-11
   d. ലൈംഗികമായി - ഉല്പ. 4:1, 17, 25; 24:16; 38:26
6. ഒരു തൊഴിൽ വൈദഗ്ധ്യം അല്ലെങ്കിൽ ജ്ഞാനം - യെശ. 29:11, 12; ആമോ. 5:16
7. ജ്ഞാനികളായിരിക്കുക - ആവ. 29:4; സദൃ. 1:2; 4:1; യെശ. 29:24
8. ദൈവിക ജ്ഞാനം
   a. മോശെയുടെ - ആവ. 34:10
   b. യിസ്രായേലിന്റെ - ആവ. 31:21, 27, 29

**1:20** ഈ വാക്യം ദൈവത്തെ സംബന്ധിച്ച് മൂന്നു വസ്തുതകൾ പരാമർശിക്കുന്നു.

1. അവന്റെ അദൃശ്യ ലക്ഷണങ്ങൾ (അവന്റെ സ്വഭാവം, ഒ.നോ. കൊലൊ. 1:15; 1 തിമൊ. 1:17; എബ്രാ. 11:27)
2. അവന്റെ നിത്യശക്തി (പ്രകൃതിയുടെ സൃഷ്ടിപ്പിൽ കാണപ്പെടുന്നത്, ഒ.നോ. സങ്കീ. 19:1-6)
3. അവന്റെ ദൈവിക പ്രകൃതി (അവന്റെ പ്രവൃത്തികളിലും സൃഷ്ടിപ്പിൻ ഉദ്ദേശ്യത്തിലും കാണുന്നവ, ഒ. നോ. ഉല്പ. 1-2)

■ **"ദിവ്യത്വവുമായി"** *തെയിയോറ്റീസ്* (**θειοτης**) എന്നത് "ദൈവിക പ്രൗഢി" എന്നു പരിഭാഷപ്പെടുത്താം. ഇത് യേശുവിൽ പരമായി ദർശിക്കാം. അവൻ അതുല്യമായ നിലയിൽ ദൈവിക സ്വരൂപം വഹിച്ചു (ഒ.നോ. 2 കൊരി. 4:4; എബ്രാ. 1:3). മനുഷ്യരൂപത്തിലുള്ള സമ്പൂർണ്ണ ദൈവിക വെളിപ്പാടാണ് അവൻ (കൊലൊ. 1:19; 2:9). സുവിശേഷത്തിന്റെ അത്ഭുതകരമായ സത്യം, വീണുപോയ മനുഷ്യവർഗത്തിന് ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം ക്രിസ്തുസാദൃശ്യം പങ്കിടാമെന്നതാണ് (ഒ.നോ. എബ്രാ. 12:10; 1 യോഹ. 3:2). മനുഷ്യനിലുള്ള ദൈവിക സ്വരൂപം (ഒ.നോ. ഉല്പ. 1:26-27) പുനഃസ്ഥാപിക്കപ്പെട്ടു (*തെയിയോസ്*-**θειος**, ഒ.നോ. 2 പത്രൊ. 1:3-4).

■ **"ലോകസൃഷ്ടി മുതൽ"** *അപ്പോ* എന്ന ഗതി, ഭൗമിക അർത്ഥത്തിലാണുപയോഗിച്ചിരിക്കുന്നത്. സമാനമായ പ്രയോഗം മർക്കൊ. 10:6; 13:19; 2 പത്രൊ. 3:4 ൽ കാണാം. അദൃശ്യനായ ദൈവം ഇപ്പോൾ

1. ഭൗതിക സൃഷ്ടിയിൽ (ഈ വാക്യം)
2. തിരുവെഴുത്തിൽ (സങ്കീ. 19, 119)
3. ആത്യന്തികമായി യേശുവിൽ (ഒ.നോ. യോഹ. 14:9) വെളിപ്പെട്ടിരിക്കുന്നു.

■

**NASB "അവൻ നിർമ്മിച്ചവയിലൂടെ വ്യക്തമായി കാണപ്പെടുകയും മനസിലാക്കപ്പെടുകയും ചെയ്യുന്നു"**
**NKJV "നിർമ്മിക്കപ്പെട്ടവയിലൂടെ വ്യക്തമായി കാണപ്പെടുകയും മനസ്സിലാക്കപ്പെടുകയും ചെയ്യുന്നു"**

**NRSV “അവൻ നിർമ്മിച്ച വസ്തുക്കളിലൂടെ മനസ്സിലാക്കപ്പെടുകയും കാണപ്പെടുകയും ചെയ്യുന്നു”**
**NJB “സൃഷ്ടിക്കപ്പെട്ട വസ്തുക്കളെക്കുറിച്ചുള്ള മനസിന്റെ അറിവിലൂടെ വ്യക്തമായി കാണപ്പെടുന്നു”**

*നോയിഓ* (***νοεω***, ഒ.നോ. മത്താ. 15:17), *കത്തോറാഓ* (***καθοραω***) (രണ്ടും വർത്തമാനകാല കർമ്മണി) എന്നീ പദങ്ങളുടെ സംയുക്തം, ഒരു യഥാർത്ഥ ധാരണയെ സൂചിപ്പിക്കുന്നു. ദൈവം രണ്ടു ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്: (1) പ്രകൃതി (ഒ.നോ. സങ്കീ. 19:1-6); (2) തിരുവെഴുത്ത് (ഒ.നോ. സങ്കീ. 19:7-14). അവ രണ്ടും മനുഷ്യനു മനസ്സിലാക്കാൻ കഴിയുന്നവയും ഒരു പ്രതികരണം ആവശ്യപ്പെടുന്നവയുമാണ് (ഒ.നോ. ജ്ഞാനം, 13:1-9).

■ **“അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ”** ഇത് ആക്ഷരികമായി “നിയമപരമായി പ്രതിരോധിക്കാനാവാത്തത്” എന്നാണ്. ഗ്രീക്കു പദം (അ+അപ്പോലോഗെയോമായി - ***α+απολογεομαι***) പുതിയ നിയമത്തിൽ ഇവിടെയും 2:1 ലും മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. 1:18-3:20 ന്റെ ദൈവശാസ്ത്രപരമായ ഉദ്ദേശ്യം സകല മാനവജാതിയുടെയും ആത്മികമായി നഷ്ടപ്പെട്ട അവസ്ഥയെ വെളിപ്പെടുത്തുക എന്നതാണ് എന്നോർക്കുക. മനുഷ്യർ നിങ്ങൾക്കു ലഭിച്ച ജ്ഞാനത്തിന് ഉത്തരവാദികളാണ്. അവർക്ക് അറിയാവുന്നതോ അല്ലെങ്കിൽ അറിയാൻ കഴിവുള്ളതോ ആയ കാര്യങ്ങൾക്കു മാത്രമേ ദൈവം മനുഷ്യരോടു കണക്കു ചോദിക്കുകയുള്ളൂ (ഒ.നോ. 4:15; 5:13).

**1:21 “അവർ ദൈവത്തെ അറിഞ്ഞിട്ടും”** മനുഷ്യൻ മതപരമായി മുന്നേറുന്നില്ല - അവർ ദുഷ്ടതയിലേക്കാണു മുന്നേറുന്നത്. ഉല്പത്തി 3 മുതൽ മനുഷ്യവർഗം അധഃപതനത്തിലേക്കാണു പൊയ്ക്കൊണ്ടിരിക്കുന്നത്. അന്ധകാരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

■ **“അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദികാണിക്കുകയോ ചെയ്യാതെ”** വാ. 23,24 ലെ ജാതീയ വിഗ്രഹാരാധനയുടെ ദുരന്തമാണിത് (ഒ.നോ. യിരെ. 2:9-13). വിശ്വാസികൾ ക്രിസ്തുതുല്യ ജീവിതത്തിലൂടെ ദൈവത്തെ “മഹത്വപ്പെടുത്തുന്നു” (ഒ.നോ. മത്താ. 5:16; റോമ. 12:1-2; 1 കൊരി. 6:20; 10:31; ഫിലി. 1:20; 1 പത്രൊ. 4:11). വീണുപോയ, അന്ധത ബാധിച്ച, ലോകത്തിന് തന്റെ സ്വഭാവം പ്രതിബിംബിപ്പിക്കുന്ന/വെളിപ്പെടുത്തുന്ന ഒരു ജനത്തെ യഹോവയ്ക്ക് ആവശ്യമുണ്ട്.

■ **“തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി”** ഒലാക്ക് എം. മോർലിയുടെ *ദ ന്യൂ ടെസ്റ്റ്മെന്റ്; എ. ന്യൂട്രാൻസ്ലേഷനിൽ* “മറിച്ച് അവർ അവനെക്കുറിച്ചുള്ള വിലകുറഞ്ഞ ഊഹാപോഹങ്ങളിൽ വ്യാപൃതരാകുകയും അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുട്ടിൽ തപ്പിത്തടയുകയും ചെയ്തിരിക്കുന്നു” എന്ന് തർജ്ജമ ചെയ്തിരിക്കുന്നു. മനുഷ്യ സംവിധാനങ്ങൾ ആത്മിക മറുതലിപ്പിന്റെയും അഹന്തതയുടെയും സ്മാരകങ്ങളാണ് (ഒ.നോ. വാ. 22; കൊലൊ. 2:16-23).

“വ്യർത്ഥം” എന്നു തർജ്ജമ ചെയ്തിരിക്കുന്ന പദം സെപ്റ്റ്വജിന്റിൽ ഉപയോഗിച്ചിരിക്കുന്നത് യിസ്രായേലിന്റെ അയൽരാജ്യങ്ങളുടെ “വ്യർത്ഥമായ,” “നിലനിൽപ്പില്ലാത്ത” വിഗ്രഹങ്ങളെ സൂചിപ്പിക്കുന്നതിനാണ്. സെപ്റ്റ്വജിന്റിൽ അവഗാഹമുള്ള എബ്രായ ചിന്തകനാണ് പൗലൊസ്. സെപ്റ്റ്വജിന്റിലെ ഗ്രീക്കു പദങ്ങൾ ഗ്രീക്ക് ശബ്ദതാരാവലിയെക്കാളധികം പുതിയനിയമ എഴുത്തുകാർക്ക് വഴികാട്ടിയായിത്തീർന്നിട്ടുണ്ട്.

രണ്ടു ക്രിയകളും ഭൂതകാല കർമ്മണി സൂചകങ്ങളാണ്. കർമ്മണി പ്രയോഗം സൂചിപ്പിക്കുന്നത്, അവരുടെ ജ്ഞാനമില്ലായ്മയും ശരിയായ പ്രതികരണമില്ലായ്മയും ദൈവം അവരുടെ ഹൃദയത്തിനു മറയിട്ടതുകൊണ്ടാണ് എന്നാണോ? അതോ അവർ വെളിച്ചത്തെ നിരസിച്ചതാണോ അവരുടെ ഹൃദയം കഠിനപ്പെടാൻ കാരണം (ഒ.നോ. 10:12-16; 2 രാജാ. 17:15; യിരെ. 2:5; എഫെ. 4:17-19)? പുറപ്പാടിൽ ഫറവോനോടു ബന്ധപ്പെട്ടുള്ള അതേ ദൈവശാസ്ത്രപരമായ ചോദ്യമാണിത്.

| ദൈവം അവന്റെ ഹൃദയം കഠിനമാക്കി | ഫറവോൻ തന്റെ ഹൃദയം കഠിനമാക്കി |
|---|---|
| പുറ. 4:21 | പുറ. 8:15 |
| 9:12 | 8:32 |
| 10:20 | 9:34 |
| 11:10 | |
| 14:4 | |
| 14:8 | |
| 14:17 | |

9:35 ൽ കഠിനമാക്കിയത് ദൈവമോ ഫറവോനോ ആകാം. ഇതാണ് ദൈവിക പരമാധികാരത്തിന്റെയും മാനുഷിക സ്വതന്ത്ര ഇച്ഛയുടെയും മർമ്മം.

■ **“ഹൃദയം”** മുഴു വ്യക്തിത്വത്തെയും സൂചിപ്പിക്കുന്ന പഴയനിയമ അർത്ഥത്തിലാണിത് ഉപയോഗിച്ചിരിക്കുന്നത്. എങ്കിലും ഇത് പലപ്പോഴും ചിന്ത, വികാര പ്രക്രിയയെ സൂചിപ്പിക്കുന്നതിനുള്ള മാർഗ്ഗം കൂടിയാണ്. 1:24 ലെ പ്രത്യേക പഠന വിഷയം കാണുക

**1:22**

| | |
|---|---|
| **NASB, NKJV** | **"ജ്ഞാനികൾ എന്നു നടിച്ചുകൊണ്ട് അവർ മൂഢരായിപ്പോയി"** |
| **NRSV** | **"ജ്ഞാനികൾ എന്നവകാശപ്പെട്ടുകൊണ്ട് അവർ മൂഢരായിപ്പോയി"** |
| **TEV** | **"തങ്ങൾ ജ്ഞാനികൾ എന്നവർ പറയുന്നു, എന്നാൽ അവർ മൂഢരാണ്"** |
| **NJB** | **"തങ്ങളെത്തന്നെ തത്വജ്ഞാനികൾ എന്നവർ എത്രയധികം വിളിച്ചുവോ അത്രയധികം ബുദ്ധിശൂന്യരായി അവർ തീർന്നു"** |

പ്രശ്നം, മനുഷ്യവർഗ്ഗത്തിന്റെ അഹന്തയും സ്വന്ത ജ്ഞാനത്തിലുള്ള ആത്മവിശ്വാസവുമാണ് (ഒ.നോ. 1 കൊരി. 1:18–31; കൊലൊ. 2:8–23). ഇത് ഉല്പ. 3 ലേക്ക് എത്തി നിൽക്കുന്നു. ജ്ഞാനം വേർപാടും ന്യായവിധിയും കൊണ്ടുവരുന്നു. മാനുഷിക ജ്ഞാനം എപ്പോഴും തെറ്റാണെന്നല്ല, പക്ഷേ അതല്ല ആത്യന്തികം!

**1:23** ദൈവിക സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ മനപ്പൂർവ്വമായ അജ്ഞത (ഒ.നോ. ഉല്പ. 1:26–27; 5:1,3; 9:6) ദൈവത്തെ താഴെപ്പറയുന്ന ഭൗമിക വിഗ്രഹങ്ങളോടു സമമാക്കി.

1. മൃഗങ്ങൾ (മിസ്രയീം)
2. പ്രകൃതി ശക്തികൾ (പേർഷ്യ)
3. മനുഷ്യരൂപങ്ങൾ (ഗ്രീസ്/റോം) – വിഗ്രഹങ്ങൾ! ദൈവത്തിന്റെ സ്വന്തജനം പോലും ഇതു ചെയ്തു (ഒ.നോ ആവ. 4:15–24).

ഈ പഴയ പാപത്തിന്റെ ചില പുതിയ രൂപങ്ങൾ:

1. പരിസ്ഥിതി വാദം (ഭൂമി മാതാവ്)
2. നവയുഗ പൗരസ്ത്യചിന്ത (മിസ്റ്റിസിസം, സ്പിരിചലിസം, ഒക്കൾട്ട്)
3. നിരീശ്വരവാദ മനുഷ്യവാദം (മാർക്സിസം, ഉട്ടോപ്യനിസം, പുരോഗമന ആശയവാദം, രാഷ്ട്രീയത്തിലോ വിദ്യാഭ്യാസത്തിലോ ഉള്ള ആത്യന്തിക വിശ്വാസം)
4. പ്രകൃതി ചികിത്സ (ആരോഗ്യവും ആയുർദൈർഘ്യവും)
5. വിദ്യാഭ്യാസം

▣ **"തേജസ്"** 3:23 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ക്ഷയമുള്ള മനുഷ്യൻ"** താഴെക്കാണുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: നശിപ്പിക്കുക, പാഴാക്കുക, ദുഷിപ്പിക്കുക (*ΦΘΕΙΡΩ*)

*ഫ്തെയിറോ* (***φθειρω***) എന്ന ഈ പദത്തിന്റെ അടിസ്ഥാന അർത്ഥം നശിപ്പിക്കുക, പാഴാക്കുക, ദുഷിപ്പിക്കുക, വഷളാക്കുക എന്നെല്ലാമാണ്. താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഈ പദം ഉപയോഗിക്കാം.

1. സാമ്പത്തിക അധഃപതനം (2 കൊരി. 7:2 സാധ്യത)
2. ശാരീരിക നാശം (ഒ.നോ. 1 കൊരി. 3:17എ)
3. ധാർമ്മിക അധഃപതനം (ഒ.നോ. റോമ. 1:23; 8:21; 1 കൊരി. 15:33,42,50; ഗലാ. 6:8; വെളി. 19:2)
4. ലൈംഗികമായി നശിപ്പിക്കൽ (ഒ.നോ. 2 കൊരി. 11:3)
5. നിത്യനാശം (ഒ.നോ. 2 പത്രൊ. 2:12,19)
6. മനുഷ്യരുടെ നശിച്ചുപോകുന്ന പിതൃപാരമ്പര്യങ്ങൾ (ഒ.നോ. കൊലൊ. 2:22; 1 കൊരി. 3:17ബി)

ഈ പദം പലപ്പോഴും അതിന്റെ നിഷേധാത്മക എതിർപദത്തിന്റെ അതേ സന്ദർഭത്തിൽ ഉപയോഗിക്കാറുണ്ട് (ഒ.നോ. റോമ. 1:23; 1കൊരി. 9:25; 15:50, 53). നമ്മുടെ ഭൂമിയിലെ ഭൗതിക ശരീരങ്ങളും നമ്മുടെ സ്വർഗീയ നിത്യശരീരങ്ങളും തമ്മിലുള്ള സമാന്തര വൈരുധ്യം ശ്രദ്ധിക്കുക.

1. ദ്രവത്വമുള്ളത് X അദ്രവത്വമുള്ളത്, 1 കൊരി. 15:42,50
2. അപമാനം X തേജസ്സ്, 1 കൊരി. 15:43
3. ബലഹീനത X ശക്തി, 1 കൊരി. 15:43
4. പ്രാകൃത ശരീരം X ആത്മിക ശരീരം, 1 കൊരി. 15:44
5. ഒന്നാം ആദാം X ഒടുക്കത്തെ ആദാം, 1 കൊരി. 15,45
6. മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ X സ്വർഗ്ഗീയന്റെ പ്രതിമ, 1 കൊരി. 15:49

**റോമർ 1:24–25**

**[24]അതുകൊണ്ടു ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്ത ശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്നു അശുദ്ധിയിൽ ഏല്പിച്ചു. [25]ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു; അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ.**

**1:24,26,28 "ദൈവം... അവരെ ഏല്പിച്ചു"** സാധ്യമായ ഏറ്റവും കഠിന ന്യായവിധിയാണിത്. "വീണുപോയ മനുഷ്യവർഗ്ഗം അവരുടെ വഴിക്കുപോകട്ടെ" എന്നു ദൈവം പറയുന്നതുപോലെയാണ് (ഒ.നോ. സങ്കീ. 81:12; ഹോശേയ 4:17; പ്രവൃ. 7:42. ഈ ദൈവശാസ്ത്ര വിഷയത്തിൽ നിരവധി പ.നി. ഭാഗങ്ങൾ ഉദ്ധരിക്കുന്നുണ്ട്). വാ. 23–32, ജാതീയ ലോകത്തെയും അതിന്റെ മതസംവിധാനത്തെയും (നമ്മുടെയും) ദൈവം നിരസിച്ചതിനെ (താൽക്കാലിക കോപം) വിവരിക്കുന്നു. ജാതീയ മതത്തിന്റെ സവിശേഷ ലൈംഗിക അധഃപതനവും ചൂഷണവും ആയിരുന്നു, ഇപ്പോഴും ആകുന്നു.

**1:24 "ഹൃദയങ്ങളിലെ"** താഴെയുള്ള പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠന വിഷയം: ഹൃദയം

ഗ്രീക്കു പദമായ *കാർഡിയ*, എബ്രായ പദമായ *ലേബ്* (BDB 523)നെ സൂചിപ്പിക്കുവാൻ പുതിയ നിയമത്തിലും സെപ്റ്റ്വജിന്റിലും ഉപയോഗിച്ചിരിക്കുന്നു. വിവിധ നിലകളിൽ അതുപയോഗിച്ചിരിക്കുന്നു (ഒ.നോ. Bauer, Arndt, Gingrich and Danker, *A Greek-English Lexicon*, pp. 403-404)

1. ഭൗതിക ജീവിതത്തിന്റെ കേന്ദ്രം, ഒരു വ്യക്തിയെ സൂചിപ്പിക്കുന്ന സാദൃശ്യം (ഒ.നോ. പ്രവൃ. 14:17; 2 കൊരി. 3:2–3; യാക്കോ. 5:5)
2. ആത്മിക ജീവിതത്തിന്റെ കേന്ദ്രം (അതാ. സാന്മാർഗികം)
   a. ദൈവം ഹൃദയത്തെ അറിയുന്നു (ഒ.നോ. ലൂക്കൊ. 16:15; റോമ. 8:27; 1 കൊരി. 14:25; 1 തെസ്സ. 2:14; വെളി. 2:23)
   a. മനുഷ്യന്റ ആത്മീയ ജീവിതത്തിനുപയോഗിച്ചിരിക്കുന്നു (ഒ.നോ. മത്താ. 15:18–19; 18:35; റോമ. 6:17; 1 തിമൊ. 1:5; 2 തിമൊ. 2:22; 1 പത്രൊ. 1:22)
3. ചിന്താ ജീവിതത്തിന്റെ കേന്ദ്രം (അതാ. ബൗദ്ധികം, ഒ.നോ. മത്താ. 13:15; 24:48; പ്രവൃ. 7:23; 16:14; 28:27; റോമ. 1:21; 10:6; 16:18; 2 കൊരി. 4:6; എഫെ. 1:18; 4:18; യാക്കോ. 1:26; 2 പത്രൊ. 1:19; വെളി. 18:7; ഹൃദയം മനസ്സിന്റെ പര്യായമായി – 2 കൊരി. 3:14–15; ഫിലി. 4:7)
4. ഇച്ഛയുടെ കേന്ദ്രം (അതാ. ഇഷ്ടം, പ്രവൃ. 5:4; 11:23; 1 കൊരി. 4:5; 7:37; 2 കൊരി. 9:7)
5. വികാരങ്ങളുടെ കേന്ദ്രം (ഒ.നോ. മത്താ. 5:28; പ്രവൃ. 2:26,37; 7:54; 21:13; റോമ. 1:24; 2 കൊരി. 2:4; 7:3; എഫെ. 6:22; ഫിലി. 1:7).
6. ആത്മാവിന്റെ പ്രവർത്തനങ്ങളുടെ അതുല്യസ്ഥാനം (ഒ.നോ. റോമ. 5:5; 2 കൊരി. 1:22; ഗലാ. 4:6 (അതാ. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ, എഫെ. 3:17)).
7. ഹൃദയം എന്നത് മുഴുവ്യക്തിത്വത്തെയും സൂചിപ്പിക്കുന്നതിനുള്ള സാദൃശ്യമായി ഉപയോഗിക്കുന്നു (ഒ.നോ. മത്താ. 23:37; ആവ. 6:5 ന്റെ ഉദ്ധാരണി). ചിന്തകൾ, പ്രേരണകൾ, പ്രവൃത്തികൾ എന്നിവ വ്യക്തി ഏതു തരത്തിലുള്ളവനാണെന്നു വെളിപ്പെടുത്തുവാനുള്ള ഹൃദയത്തിന്റെ മാർഗ്ഗങ്ങളാണ്. ഈ പദങ്ങൾക്ക് പഴയനിയമത്തിൽ ചില ശ്രദ്ധേയമായ ഉപയോഗങ്ങൾ കാണാം.
   a. ഉല്പ. 6:6; 8:21, "അതു അവന്റെ ഹൃദയത്തിനു ദുഃഖമായി"; ഹോശേ. 11:8–9 കൂടി കാണുക
   b. ആവ. 4:29; 6:5, "പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും"
   c. ആവ. 10:16 "ഹൃദയത്തിന്റെ പരിച്ഛേദന"; റോമർ 2:29
   d. യെഹെ. 18:31–32 "ഒരു പുതിയ ഹൃദയം"
   e. യെഹെ. 36:26 "ഒരു പുതിയ ഹൃദയം" Vs "കല്ലായുള്ള ഹൃദയം"

**1:25 "ദൈവത്തിന്റെ സത്യത്തെ അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു"** ഇതിനെ വിവിധ നിലകളിൽ മനസ്സിലാക്കാം.

1. മനുഷ്യൻ സ്വയം ദൈവത്വം കല്പിച്ചത് (ഒ.നോ. 2 തെസ്സ. 2:4,11)
2. താൻ നിർമ്മിച്ചതിനെ – വിഗ്രഹങ്ങൾ – മനുഷ്യൻ ആരാധിച്ചത് (ഒ.നോ. യെശ. 44:20; യിരെ. 13:25; 16:19) സകലത്തെയും സൃഷ്ടിച്ച യഹോവയെ ആരാധിക്കുന്നതിനും പകരം (ഒ.നോ. വാ. 18–23)
3. സുവിശേഷ സത്യത്തെ മനുഷ്യവർഗം സമ്പൂർണ്ണമായി നിരസിച്ചത് (ഒ.നോ. യോഹ. 14:17; 1 യോഹ. 2:21,27). രണ്ടാമത്തേതാണ് സന്ദർഭത്തിനു കൂടുതൽ യോജിച്ചത്.

▣ **"ഭജിച്ചു ആരാധിച്ചു"** മനുഷ്യന് എന്നും ദേവന്മാരുണ്ടായിരിക്കും. സകല മനുഷ്യരും തങ്ങൾക്ക് അതീതനായ ഒരുവൻ, ഒരു സത്യം അല്ലെങ്കിൽ ഒരു വസ്തു ഉണ്ടെന്ന് വിശ്വസിക്കുന്നു.

▣ **"അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ"** പൗലൊസ് തന്റെ സവിശേഷ രീതിയായ യെഹൂദ സ്തുതിയിലേക്ക് പെട്ടെന്നു പ്രവേശിക്കുന്നു (ഒ.നോ. റോമ. 9:5; 2 കൊരി. 11:31). പൗലൊസ് എഴുതുമ്പോൾ തന്നെ പ്രാർത്ഥിക്കുകയും ചെയ്യുന്നു (ഒ.നോ. 9:5; 11:36; 15:33; 16:27).

▣ **"എന്നേക്കും"** താഴെയുള്ള പ്രത്യേക പഠന വിഷയം കാണുക.

## പ്രത്യേക പഠനവിഷയം: എന്നേക്കും (ഗ്രീക്ക് പ്രയോഗം)

ഒരു ഗ്രീക്ക് ശൈലി പ്രയോഗമാണ് "എന്നേക്കും" (ഒ.നോ. ലൂക്കൊ. 1:33; 1:55; യോഹ. 6:58; 8:35; 12:34; 14:16; റോമ. 1:25; 11:36; 16:27; 2 കൊരി. 9:9; ഗലാ. 1:5; 1 തിമൊ. 1:7) അത് എബ്രായ *ഒലാം* നെ പ്രതിഫലിപ്പിക്കുന്നു. റോബർട്ട് ഗിർഡിൽസ്റ്റോണിന്റെ *സിനോനിംസ് ഓഫ് ദ ഓൾഡ് ടെസ്റ്റ്മെന്റ്* (പേജ് 319–321), പ.നി. പ്രത്യേക പഠനവിഷയം: എന്നേക്കും (*ഒലാം*) എന്നിവ കാണുക. അതിനോടു ബന്ധപ്പെട്ട മറ്റു പ്രയോഗങ്ങളാണ് "ഒരുനാളും" (മത്താ. 21:19 [മർക്കൊ. 11:14]; യോഹ. 13:8), "എന്നേക്കും തലമുറ തലമുറയായി" (എഫെ. 3:21). "എന്നേക്കും" തലമുറതലമുറയായി" (എഫെ. 3:21). "എന്നേക്കും" എന്നതിനുള്ള ഈ ഗ്രീക്കുപ്രയോഗങ്ങൾ തമ്മിൽ ഒരു വ്യത്യാസവുമില്ല. "കാലങ്ങൾ" എന്നത് റബിനിക്കൽ വ്യാകരണ നിർമ്മിതിയിൽ "സംപൂജ്യ ബഹുവചനം" എന്നു വിളിക്കപ്പെടുന്ന ആലങ്കാരിക ബഹുവചന രൂപമായിരിക്കാം. അല്ലെങ്കിൽ അതു സൂചിപ്പിക്കുന്നത് "ദുഷ്ടതയുടെ കാലം," "വരുവാനുള്ള കാലം" അല്ലെങ്കിൽ "നീതിയുടെ കാലം" എന്നിങ്ങനെയുള്ള നിരവധി യെഹൂദ കാലങ്ങൾ എന്ന ആശയത്തെയാകാം.

▣ **"ആമേൻ"** താഴെയുള്ള പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: ആമേൻ

I. പഴയ നിയമം
   A. "ആമേൻ" എന്ന പദം
      1. "സത്യം" (*എമെത്ത്*, BDB 49)
      2. "സത്യമുള്ള അവസ്ഥ" (*എമുൻ, എമുനാഹ്*, BDB 53)
      3. "വിശ്വാസം" അഥവാ "വിശ്വസ്തത"
      4. "ആശ്രയം" (*ഢമൻ,* BDB 52)
      എന്നിവയ്ക്കുള്ള എബ്രായ പദത്തിൽനിന്നും വന്നതാണ്.
   B. അതിന്റെ വ്യുൽപത്തി ഒരു വ്യക്തിയുടെ സ്ഥിരതയോടെയുള്ള ശാരീരിക നിൽപ്പിനെ സൂചിപ്പിക്കുന്നു. സ്ഥിരതയില്ലാത്ത, വഴുതിപ്പോകുന്ന (ഒ. നോ. ആവ. 28:64–67; 38:16; സങ്കീ. 40:2; 73:18; യിരെ. 23:12) അല്ലെങ്കിൽ ഇടറുന്ന (ഒ. നോ. സങ്കീ . 73:2) ഒരുവൻ എന്നതാണ് അതിന്റെ വിപരീതം. ഈ ആക്ഷരിക ഉപയോഗത്തിൽനിന്നും വിശ്വസ്തനായ, കൂറുള്ള, വിശ്വസിക്കാൻ കൊള്ളാവുന്ന (ഒ. നോ. ഉല്പ. 15:16; ഹബ. 2:4) എന്ന ആലങ്കാരിക വിശേഷണം രൂപംകൊണ്ടു.
   C. പ്രത്യേക ഉപയോഗങ്ങൾ
      1. ഒരു തൂണ്, 2 രാജാ. 18:16 (1 തിമൊ. 3:15)
      2. ഉറപ്പ്, പുറ. 17:12
      3. നേരെയുള്ള, പുറ. 17:12
      4. സ്ഥിരത, യെശ. 33:6; 34:5–7
      5. സത്യമായ, 1 രാജാ. 10:6; 17:24; 22:16; സദൃ. 12:22
      6. ഉറപ്പുള്ള, 2 ദിന. 20:20; യെശ. 7:9
      7. വിശ്വസിക്കാവുന്ന (തോറാ), സങ്കീ. 119:43,142,151,168
   D. പഴയനിയമത്തിൽ മറ്റു രണ്ടു എബ്രായ പദങ്ങൾ സജീവ വിശ്വാസത്തിന് ഉപയോഗിക്കുന്നുണ്ട്
      1. *ബാത്താഖ്* (BDB 105), ആശ്രയം
      2. *യ്രാ* (BDB 431), ഭയം, ബഹുമാനം, ആരാധന (ഒ. നോ. ഉല്പ. 22:12)
   E. ആശ്രയം അഥവാ വിശ്വസനീയത എന്ന അർത്ഥത്തിൽനിന്നും, മറ്റൊരുവന്റെ സത്യമോ വിശ്വസനീയമോ ആയ ഒരു പ്രസ്താവനയെ സ്ഥിരീകരിക്കുന്നതിനുള്ള ഒരു ആരാധനാപരമായ ഒരു ഉപയോഗം രൂപംകൊണ്ടു (ഒ. നോ. ആവ. 27:25–26; നെഹെ. 8:6; സങ്കീ. 41:13; 70:19; 89:52; 106:48).
   F. ഈ പദം മനസ്സിലാക്കുന്നതിനുള്ള ദൈവശാസ്തരപരമായ താക്കോൽ, ഈ പദം മനുഷ്യന്റെ വിശ്വസ്തതയെയല്ല, യഹോവയുടെ വിശ്വസ്തതയെയാണു കുറിക്കുന്നത് എന്നതാണ് (ഒ. നോ. പുറ. 34:6; ആവ. 32:4; സങ്കീ. 108:4; 115:1; 117:2; 138:2). വീണുപോയ മനുഷ്യകുലത്തിന്റെ ഏക പ്രത്യാശ, യഹോവയുടെയും അവന്റെ വാഗ്ദത്തങ്ങളുടെയും കരുണാപൂർവ്വമുള്ള, വിശ്വസ്തമായ,

ഉടമ്പടി വിശ്വസ്തതയാണ്. യഹോവയെ അറിയുന്നവർ അവനെപ്പോലെ ആകണം (ഒ. നോ. ഹബ. 2:4). ദൈവം മനുഷ്യനിൽ തന്റെ സ്വരൂപത്തെ പുനഃസ്ഥാപിക്കുന്നതിന്റെ ചരിത്രവും രേഖയുമാണ് ബൈബിൾ (ഒ. നോ. ഉല്പ. 1:26-27). രക്ഷ, ദൈവവുമായി ആത്മാർത്ഥ ബന്ധം പുലർത്തുന്നതിനുള്ള മനുഷ്യന്റെ കഴിവിനെ യഥാസ്ഥാനപ്പെടുത്തുന്നു. അതിനായിട്ടാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

II. പുതിയ നിയമം

A. ഒരു പ്രസ്താവനയുടെ വിശ്വാസ്യത സംബന്ധിച്ചുള്ള ഉപസംഹാര പ്രാർത്ഥനാക്രമ ഉറപ്പിക്കൽ എന്ന നിലയിൽ "ആമേൻ" എന്ന പദത്തിന്റെ ഉപയോഗം പുതിയനിയമത്തിൽ സാധാരണമാണ് (ഒ. നോ. 1 കൊരി. 14:16; 2 കൊരി. 1:20; വെളി. 1:7; 5:14; 7:12).

B. പ്രാർത്ഥനയുടെ ഉപസംഹാരം എന്ന നിലയിൽ ഈ പദത്തിന്റെ ഉപയോഗം പുതിയനിയമത്തിൽ സാധാരണമാണ് (ഒ. നോ. റോമ. 1:25; 9:5; 11:36; 16:27; ഗലാ. 1:5; 6:18; എഫെ. 3:21; ഫിലി. 4:20; 2 തെസ്സ. 3:18; 1 തിമൊ. 1:17; 6:16; 2 തിമൊ. 4:18).

C. സുപ്രധാന പ്രസ്താവനകളെ അവതരിപ്പിക്കുന്നതിനായി ഈ പദം ഉപയോഗിച്ചത് (യോഹന്നാനിൽ മിക്കപ്പോഴും ഇരട്ടിപ്പിൽ) യേശു മാത്രമാണ് (ഒ. നോ. ലൂക്കൊ. 4:24; 12:37; 18:17,29; 21:32; 23:43)

D. വെളി. 3:14 ൽ ഇത് യേശുവിനുള്ള ഒരു പേരായി ഉപയോഗിക്കപ്പെട്ടു (ഒരുപക്ഷേ യെശ. 65:16 ൽ യഹോവയ്ക്കുള്ള ഒരു നാമം)

E. വിശ്വസ്തത അഥവാ വിശ്വാസം, വിശ്വസനീയത അഥവാ ആശ്രയം എന്ന ആശയം, ഗ്രീക്കു പദങ്ങളായ പിസ്റ്റോസ് അഥവാ പിസ്റ്റിസ് വെളിപ്പെടുത്തിയിരിക്കുന്നു. ഇവയെ "ആശ്രയം," "വിശ്വാസം," "വിശ്വസിക്കുക" എന്നു പരിഭാഷപ്പെടുത്താം.

**റോമർ 1:26-27**

**[26]അതുകൊണ്ടു ദൈവം അവരെ അവമാനരാഗങ്ങളിൽ ഏല്പിച്ചു; അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. [27]അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ടു അന്യോന്യം കാമം ജ്വലിച്ചു ആണോടു ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന്നു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നേ പ്രാപിച്ചു.**

**1:26-27** സൃഷ്ടിയിലുള്ള ദൈവിക ഉദ്ദേശ്യത്തിൽ നിന്നും (വർദ്ധിച്ചു പെരുകുക) അകന്നുള്ള ജീവിതത്തിന്റെ ഒരുദാഹരണമാണ് സ്വവർഗ്ഗ രതി. അതൊരു പാപവും ഒരു മുഖ്യ സാംസ്കാരിക പ്രശ്നവുമാണ്.

1. പഴയനിയമത്തിൽ (ഒ.നോ. ലേവ്യ. 18:22; 20:13; ആവ. 23:18)
2. ഗ്രീക്ക് - റോമൻ ലോകത്തിൽ (ഒ.നോ. 1 കൊരി. 6:9; 1 തിമൊ. 1:10)
3. നമ്മുടെ കാലഘട്ടത്തിലും

ഉല്പത്തി 1-3 ന്റെ സമ്പൂർണ്ണ പശ്ചാത്തലത്തിൽ വീണുപോയ ജീവിതത്തിന്റെ ഒരുദാഹരണമായിട്ടാകാം സ്വവർഗ്ഗരതിയെ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. മനുഷ്യവർഗ്ഗം ദൈവിക സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ് (ഒ.നോ. ഉല്പ. 1:26-27; 5:1,3; 9:6). മനുഷ്യൻ ആണും പെണ്ണുമായിട്ട് സൃഷ്ടിക്കപ്പെട്ടത് (ഒ.നോ. ഉല്പ. 1:27), ദൈവത്തിന്റെ കല്പന വർദ്ധിച്ചു പെരുകുവാനാണ് (ഒ.നോ. ഉല്പ. 1:28; 9:1,7). മനുഷ്യന്റെ വീഴ്ച (ഉല്പ. 3) ദൈവിക പദ്ധതിയെയും ഹിതത്തെയും തകിടം മറിച്ചു. സ്വവർഗ്ഗരതി വ്യക്തമായ ലംഘനമാണ്. എന്നിരുന്നാലും ഇതു മാത്രമല്ല ഈ സന്ദർഭത്തിൽ സൂചിപ്പിച്ചിരിക്കുന്ന ഏക പാപം (ഒ.നോ. വാ. 29-31). സകല പാപങ്ങളും ദൈവത്തിൽ നിന്നുള്ള മനുഷ്യന്റെ വേർപാടിനെ സൂചിപ്പിക്കുന്നതും ശിക്ഷയ്ക്ക് അർഹമായതുമാണ്. സകല പാപവും പ്രത്യേകിച്ച് ജീവിതശൈലീ പാപങ്ങൾ, ദൈവം വെറുക്കുന്നവയാണ്.

## പ്രത്യേക പഠനവിഷയം: സ്വവർഗ്ഗരതി

സ്വവർഗ്ഗരതിയെ അനുയോജ്യമായ പകരം ജീവിതശൈലിയായി അംഗീകരിക്കുന്നതിന് ആധുനിക സംസ്കാരിക സമ്മർദ്ദം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വേദപുസ്തകം അതിനെ നാശകരമായ ജീവിതശൈലിയായും തന്റെ സൃഷ്ടിക്കുവേണ്ടിയുള്ള ദൈവിക പദ്ധതിയോടു വേർപെട്ട - കുറ്റം വിധിക്കുന്നു.

1. വർദ്ധിച്ചു പെരുകുവിൻ എന്ന ഉല്പ. 1 ലെ കല്പനയെ അതു ലംഘിക്കുന്നു
2. അതിന്റെ സവിശേഷത ജാതീയ ആരാധനയും സംസ്കാരവുമാണ് (ഒ.നോ. ലേവ്യ. 18:22; 2:13; റോമ. 1:26-27; യൂദാ 7)
3. ദൈവത്തിൽ നിന്നകന്ന് സ്വയ കേന്ദ്രീകൃത അവസ്ഥയെ അതു വെളിപ്പെടുത്തുന്നു (ഒ.നോ. 1 കൊരി. 6:9-10)

എങ്കിലും ഈ ഭാഗം വിടുന്നതിന് മുമ്പ്, മറുതലിക്കുന്ന സകല മനുഷ്യർക്കും ദൈവം നൽകുന്ന പാപക്ഷമയും സ്നേഹവും ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ പ്രത്യേക പാപത്തോട് പകയും പരുക്കൻ മട്ടിലും ഇടപെടുവാൻ ക്രിസ്തീയ വിശ്വാസിക്ക് ഒരവകാശവുമില്ല, പ്രത്യേകിച്ചും നാമെല്ലാം പാപം ചെയ്യുന്നവരാണ് എന്നതിന്റെ വെളിച്ചത്തിൽ. പകയോടുകൂടിയ കുറ്റപ്പെടുത്തലിനെക്കാൾ പ്രാർത്ഥന, കരുതൽ, സാക്ഷീകരണം, സഹാനുഭൂതി എന്നിവ ഈ മേഖലയിൽ കൂടുതൽ ഗുണം ചെയ്യും. നാമനുവദിച്ചാൽ ദൈവവചനവും അവന്റെ ആത്മാവും കുറ്റം വിധിച്ചുകൊള്ളും. ഇതു മാത്രമല്ല, സകല ലൈംഗിക പാപങ്ങളും ദൈവത്തിനു മ്ലേച്ഛമാണ്. അവ ന്യായവിധിക്കു കാരണമാകുകയും ചെയ്യും. മനുഷ്യവർഗ്ഗത്തിന്റെ ക്ഷേമത്തിനും സന്തോഷത്തിനും സ്ഥിരതയുള്ള സമൂഹത്തിനും വേണ്ടി ദൈവത്തിൽ നിന്നു മനുഷ്യനു ലഭിച്ച ദാനമാണ് ലൈംഗികത. എന്നാൽ ഈ ശക്തവും ദൈവദത്തവുമായ അഭിലാഷം പലപ്പോഴും മത്സരസ്വഭാവമുള്ളതും സ്വയകേന്ദ്രീകൃതവും സുഖാന്വേഷണപരവും 'എന്തു-വില-കൊടുത്തും-എനിക്കു-കൂടുതൽ' ജീവിതവും ആയി മാറിപ്പോയി (ഒ.നോ. റോമ. 8:1-8; ഗലാ. 6:7-8).

**റോമർ 1:28-32**

**[28]ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിന്നു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്‌വാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു. [29]അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബുദ്ധിയും നിറഞ്ഞവർ; അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ, [30]കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, [31]നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ. [32]ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദക്കയും കൂടെ ചെയ്യുന്നു.**

**1:28-31** ഗ്രീക്കിൽ ഇത് ഒറ്റവാചകമാണ്. മത്സരികളും വീഴ്ച സംഭവിച്ചവരും സ്വതന്ത്ര ചിന്തയുള്ളവരുമായ മനുഷ്യവർഗത്തിന്റെ സ്വഭാവത്തെയാണതു ചിത്രീകരിക്കുന്നത് (ഒ.നോ. റോമ. 13:13; 1 കൊരി. 5:11; 6:9; ഗലാ. 5:19-21; എഫെ. 5:5; 1 തിമൊ. 1:10; വെളി. 21:8).

ദൈവത്തിൽ നിന്നും അകന്നുള്ള നിലനിൽപ്പ് തിരഞ്ഞെടുത്തതാണ് മനുഷ്യവർഗത്തിന്റെ പാപം. നരകം ആ നിലനിൽപ്പിനെ എന്നേക്കുമുള്ളതാക്കി തീർത്തു. സ്വാതന്ത്ര്യം ഒരു ദുരന്തമാണ്. മനുഷ്യവർഗത്തിനു ദൈവത്തെ ആവശ്യമുണ്ട്. അവനെ കൂടാതെ അവർ നഷ്ടപ്പെട്ടവരും അപ്രാപ്തരും സാക്ഷാത്കാരം കണ്ടെത്താത്തവരുമാണ്. നിത്യനരകത്തിന്റെ ഏറ്റവും മോശം ഭാഗം എന്നത് ദൈവത്തിന്റെ അസാന്നിധ്യമാണ്.

▣ **"നികൃഷ്ട ബുദ്ധി"** വീണുപോയ മനുഷ്യൻ സ്വാതന്ത്ര്യം എന്നു പറയുന്നത് സ്വയ-ആരാധനയാണ്. "എന്തും ഏതും എനിക്കുവേണ്ടി!" കർമ്മണി പ്രയോഗത്തിലെ മധ്യവർത്തി, 1:24,26,28 ൽ ദൈവമാണെന്നു പ്രസ്താവിച്ചിരിക്കുന്നുവെങ്കിലും ഈ സന്ദർഭത്തിന് ഉല്പ. 1-3 നോടുള്ള ബന്ധം നിമിത്തം, മനുഷ്യവർഗം ജ്ഞാനത്തെയും സ്വയത്തെയും തിരഞ്ഞെടുത്തതാണ് പ്രശ്നത്തിന് കാരണം. തന്റെ സൃഷ്ടി അതിന്റെ തിരഞ്ഞെടുപ്പിന്റെ, അതിന്റെ സ്വന്തം സ്വാതന്ത്ര്യത്തിന്റെ, ദുരന്തഫലം അനുഭവിക്കാൻ ദൈവം അനുവദിച്ചു.

▣ **"നിറഞ്ഞവർ"** ഇതൊരു പൂർണ്ണകാല കർമ്മിണി അപൂർണ്ണക്രിയയാണ്. മനുഷ്യവർഗ്ഗം അവർ എന്തിലാശ്രയിച്ചോ അതിനാൽ നിറയപ്പെടുകയും അതിന്റെ സ്വഭാവത്തിലാകുകയും ചെയ്തു. സകല മനുഷ്യഹൃദയത്തിലും ഒരു കറുത്ത (ദുഷ്ടമായ *യെറ്റ്സെർ*) നായും ഒരു വെളുത്ത (നല്ല *യെറ്റ്സെർ*) നായും ഉണ്ടെന്ന് റബ്ബിമാർ പറയുമായിരുന്നു. കൂടുതൽ പോഷണം ലഭിക്കുന്നത് ഏറ്റവും വലുതായിത്തീരും.

**1:29-31** ദൈവത്തെക്കൂടാതെയുള്ള ജീവിതത്തിന്റെ ഫലവും ലക്ഷണങ്ങളുമാണിവ. ബൈബിളിലെ ദൈവത്തെ നിരസിക്കുന്നതു തിരഞ്ഞെടുത്ത വ്യക്തികളുടെയും സമൂഹങ്ങളുടെയും സ്വഭാവ സവിശേഷതകളാണിവ. പൗലൊസ് നൽകുന്ന പാപത്തിന്റെ നിരവധി പട്ടികകളിൽ ഒന്നാണിത് (ഒ.നോ. 1 കൊരി. 5:11; 6:9; 2 കൊരി. 12:20; ഗലാ. 5:19-21; എഫെ. 4:31; 5:3-4; കൊലൊ. 3:5-9).

# പ്രത്യേക പഠന വിഷയം: പുതിയ നിയമത്തിലെ ദുർഗുണങ്ങളും സത്ഗുണങ്ങളും

ദുർഗുണങ്ങളുടെയും സത്ഗുണങ്ങളുടെയും പട്ടികകൾ പു.നി.ൽ സാധാരണയായി കാണാം. മിക്കപ്പോഴും അവ റബ്ബിമാരുടെയും (യവനായ) സംസ്കാരത്തിന്റെയും പട്ടികകളെ പ്രതിഫലിപ്പിക്കുന്നുണ്ട്. വിപരീത സ്വഭാ

വങ്ങളുടെ പുതിയ നിയമ പട്ടികകൾ താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ കാണാം.

| | | ദുർഗുണങ്ങൾ | സത്ഗുണങ്ങൾ |
|---|---|---|---|
| 1. | പൗലൊസ് | റോമ. 1:28-32 | ........ |
| | | 1 കൊരി. 13:13 | റോമ. 12:9-21 |
| | | 1 കൊരി. 5:9-11 | ........ |
| | | 1 കൊരി. 6:10 | 1 കൊരി. 6:6-9 |
| | | 2 കൊരി. 12:20 | 2 കൊരി. 6:4-10 |
| | | ഗലാ. 5:19-21 | ഗലാ. 5:22-23 |
| | | എഫെ. 4:25-32 | ........ |
| | | എഫെ. 5:3-5 | ........ |
| | | ........ | ഫിലി. 4:8-9 |
| | | കൊലൊ. 3:5,8 | കൊലൊ. 3:12-14 |
| | | 1 തിമൊ. 1:9-10 | ........ |
| | | 1 തിമൊ. 6:4-5 | ........ |
| | | 2 തിമൊ. 2:22എ, 23 | 2 തിമൊ. 2:22ബി, 24 |
| | | തീത്തൊ. 1:7; 3:3 | തീത്തൊ. 1:8-9; 3:1-2 |
| 2. | യാക്കോബ് | യാക്കോ. 3:15-16 | യാക്കോ. 4:7-11 |
| 3. | പത്രൊസ് | 1 പത്രൊ. 4:3 | 1 പത്രൊ. 4:7-11 |
| | | 2 പത്രൊ. 1:9 | 2 പത്രൊ. 1:5-8 |
| 4. | യോഹന്നാൻ | വെളി. 21:8; 22:15 | ........ |

**1:30 "ഗർവിഷ്ഠന്മാർ"** ഇത് *ഹൂപ്പറീഫാനൂസ്* (***ὑπερηφανους***, താഴെ C, #3 കാണുക) ആണ്.

# പ്രത്യേക പഠനവിഷയം: *ഹൂപെർ"* സംയുക്തത്തിന്റെ ഉപയോഗം പൗലൊസിന്റെ രചനകളിൽ

ഗ്രീക്ക് ഗതിയായ (preposition) *ഹൂപെർ* (***ὑπερ***) ഉപയോഗിച്ച് പുതിയ വാക്കുകൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രത്യേക ആനന്ദം തന്നെ പൗലൊസിനുണ്ടായിരുന്നു. അതിന്റെ അടിസ്ഥാന അർത്ഥം 'മുകളിൽ' അഥവാ 'മേൽ' എന്നാണ്. സംബന്ധികാ വിഭക്തിക്കൊപ്പം ഉപയോഗിക്കുമ്പോൾ "അതിനു പകരമായി" എന്ന അർത്ഥം വരും. "കുറിച്ച്" "സംബന്ധിച്ച്" - *പെരി* (***περι***)എന്നതിനു സമാനമായി - എന്നീ അർത്ഥങ്ങളുണ്ട് (ഒ.നോ. 2 കൊരി. 8:23; 2 തെസ്സ. 2:1). പ്രതിഗ്രാഹികാ വിഭക്തിക്കൊപ്പം ഉപയോഗിക്കുമ്പോൾ 'മുകളിൽ' 'മീതെ' അഥവാ അപ്പുറം എന്നീ അർത്ഥങ്ങൾ ലഭിക്കും (A.T. Robertson, *A Grammar of the Greek New Testament in the Light of Historical Research*, pp. 625-633). ഒരു ആശയത്തെ ഉറപ്പിക്കാൻ പൗലൊസ് ആഗ്രഹിക്കുമ്പോൾ അവൻ ഒരു സംയുക്തത്തിൽ ഈ ഗതി ചേർത്തുപയോഗിക്കുന്നു. സംയുക്തങ്ങളിൽ പൗലൊസ് ഈ പദം പ്രത്യേകമായി ഉപയോഗിച്ചിരിക്കുന്നതിന്റെ പട്ടിക താഴെക്കൊടുത്തിരിക്കുന്നു.

A. *അപാക്സ് ലെഗോമെനോൻ* (***λεγαμενον***, പു.നി.ൽ ഒരിക്കൽ മാത്രം).
1. *ഹൂപെറാക്മോസ്* (***ὑπερακμος***), നല്ല പ്രായം കഴിഞ്ഞയാൾ, 1 കൊരി. 7:36
2. *ഹൂപെറൗക്സാനോ* (***ὑπεραυξανω***), അത്യധികം വർദ്ധിപ്പിക്കുക, 2 തെസ്സ. 1:3
3. *ഹൂപ്പെർബായിനോ* (***ὑπερβαινω***), അതിക്രമിച്ചു കടക്കുക, 1 തെസ്സ. 4:6
4. *ഹൂപെർകെയിനോ* (***ὑπερκεινω***), അപ്പുറം 2 കൊരി. 10:16
5. *ഹൂപെറെക്റ്റെയിനോ* (***ὑπερεκτεινω***), അധികം നീട്ടിയത്, 2 കൊരി. 10:14
6. *ഹൂപെറെന്റുംഗ്ഖാനോ* (***ὑπερεντυγχανω***), മധ്യസ്ഥത ചെയ്യുക, റോമ. 8:26
7. *ഹൂപെർനിക്കാഓ* (***ὑπερνικαω***), അത്യധികം വിജയാളിയായ, റോമ. 8:37
8. *ഹൂപെർപ്ലിയോനാഡ്സോ* (***ὑπερπλεονζω***), അത്യധികം സമൃദ്ധിയായി, 1 തിമൊ. 1:14
9. *ഹൂപെറുപ്സോഓ* (***ὑπερυψοω***), അത്യുന്നതിയിലേക്ക് ഉയർത്തുക, ഫിലി. 2:9
10. *ഹൂപെർഫ്രോനെഓ* (***ὑπερφρονεω***), മഹത്തായ ചിന്തകൾ ഉണ്ടായിരിക്കുക, റോമ. 12:3

B. പൗലൊസിന്റെ എഴുത്തുകളിൽ മാത്രം ഉപയോഗിക്കുന്ന പദങ്ങൾ
1. *ഹൂപെറായ്റോമായി* (***ὑπεραιρομαι***), ഒരുവനെ ഉയർത്തുക, 2 കൊരി. 12:7; 2 തെസ്സ. 2:4
2. *ഹൂപെർബല്ലോന്റോസ്* (***ὑπερβαλλοντως***), അളക്കാനാവാത്തത്, അത്യധികമായി, 2 കൊരി.

11:23 (ക്രിയാവിശേഷണം ഇവിടെ മാത്രം, എന്നാൽ ക്രിയ 2 കൊരി. 3:10; 9:14; എഫെ. 1:19; 2:7; 3:19 ൽ കാണാം.

3. *ഹൂപെർബോലി* (***ὑπερβολη***), തോരാത്ത അമ്പെയ്ത്ത്, അസാധാരണ ആയുധധാരണം, റോമ. 7:13; 1 കൊരി. 12:31; 2 കൊരി. 1:8; 4:7,17; 22:7; ഗലാ. 1:13
4. *ഹൂപെറെക്പെരിസ്സൂ* (***ὑπερεκπερισσου***), എല്ലാ അളവിനുമപ്പുറം, എഫെ. 3:20; 1 തെസ്സ. 3:10; 5:13
5. *ഹൂപെർലിയാൻ* (***ὑπερλιαν***), ഉന്നതമായ അളവിൽ അഥവാ പരമോന്നതമായ, 2 കൊരി. 11:5; 12:11
6. *ഹൂപെറോഖി* (***ὑπεροχη***), പ്രഥമഗണനീയം, അതിശ്രേഷ്ഠത, 1 കൊരി. 2:1; 1 തിമൊ. 2:2
7. *ഹൂപെർപെരിസ്സെയുഓ* (***ὑπερπερσσευω***), അത്യന്തവർദ്ധന, റോമ. 5:20 (മധ്യപ്രയോഗം, സമൃദ്ധിയായ നിറവ്, കവിഞ്ഞൊഴുകുന്ന അവസ്ഥ, 2 കൊരി. 7:4)

C. പൗലൊസ് ഉപയോഗിച്ചിട്ടുള്ളവയും ഇതര പു.നി. എഴുത്തുകാർ അപൂർവ്വമായി ഉപയോഗിച്ചിട്ടുള്ള വയും

1. *ഹൂപെറാനോ* (***ὑπερανω***), അത്യധികം ഉന്നതം, എഫെ. 1:21; 4:10; എബ്രാ. 9:5
2. *ഹൂപെറെഖോ* (***ὑπερεχω***), മികവാർന്ന സർവ്വോത്കൃഷ്ടമായ, റോമ. 13:1; ഫിലി. 2:3; 3:8; 4:7; 1 പത്രൊ. 2:13
3. *ഹൂപെറീഫാനോസ്* (***ὑπερηηανος***), ഗർവിഷ്ടമായ അഥവാ ധിക്കാരപരമായ, റോമ. 1:30; 2 തിമൊ. 3:2; ലൂക്കൊ. 1:51; യാക്കോ. 4:6; 1 പത്രൊ. 5:5

വലിയ തീഷ്ണതയുള്ള മനുഷ്യനായിരുന്നു പൗലൊസ്; അവനെ സംബന്ധിച്ച് വസ്തുക്കളും ആളുകളും നല്ലതായിരിക്കുമ്പോൾ അവർ വളരെ നല്ലവരും അവർ മോശമായിരിക്കുമ്പോൾ വളരെ മോശവുമായിരിക്കും. ഈ *ഗതി* (preposition) പാപത്തെയും സ്വയത്തെയും ക്രിസ്തുവിനെയും സുവിശേഷത്തെയും സംബന്ധിച്ച അവന്റെ ഉയർന്ന വികാരങ്ങളെ വെളിപ്പെടുത്താൻ അവനെ സഹായിച്ചു.

**1:32 "ഈ വക പ്രവർത്തിക്കുന്നവൻ മരണയോഗ്യൻ"** ഈ പ്രസ്താവന മോശെയുടെ ന്യായപ്രമാണത്തെ പ്രതിഫലിപ്പിക്കുന്നു. റോമ. 6:16,21,23; 8:6,13 ൽ അതു സംഗ്രഹിച്ചിരിക്കുന്നു. മരണം ദൈവിക ഹിതത്തിനും ദൈവിക ജീവനും എതിരായിട്ടുള്ളതാണ് (ഒ.നോ. യെഹെ. 18:32; 1 തിമൊ. 2:4; 2 പത്രൊ. 3:9).

▣ **"പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കുകയും കൂടെ ചെയ്യുന്നു"** ദുരിതം കൂട്ട് ഇഷ്ടപ്പെടുന്നു. വീണുപോയ മനുഷ്യവർഗം മറ്റുള്ളവരുടെ പാപങ്ങളെ, "എല്ലാവരും അതു ചെയ്യുന്നു" എന്ന ഒഴികഴിവായി ഉപയോഗിക്കുന്നു. സംസ്കാരങ്ങൾക്ക് അതിന്റെ മാത്രം സവിശേഷതയായ പാപങ്ങൾ ഉണ്ട്.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. പൗലൊസ് റോമാസഭയ്ക്ക് എഴുതിയത് എന്തുകൊണ്ടാണ് ?
2. എന്തുകൊണ്ടാണ് റോമാലേഖനം ക്രിസ്ത്യാനിത്വത്തിന്റെ സുപ്രധാനമായ ദൈവശാസ്ത്ര പ്രസ്താവനയായിരിക്കുന്നത്?
3. 1:18–3:20 ന് നിങ്ങളുടെ വാക്കുകളിൽ രൂപരേഖ ഉണ്ടാക്കുക.
4. സുവിശേഷം ഒരിക്കലും കേട്ടിട്ടില്ലാത്തവരെ ക്രിസ്തുവിൽ വിശ്വസിക്കാത്ത കാരണത്താൽ തള്ളിക്കളയുമോ?
5. "പ്രകൃതിയിലെ വെളിപ്പാടും" "പ്രത്യേക വെളിപ്പാടും" തമ്മിലുള്ള വ്യത്യാസം വിവരിക്കുക.
6. ദൈവത്തെ കൂടാതെയുള്ള മനുഷ്യജീവിതം വിവരിക്കുക.
7. വാ. 24–27 സ്വവർഗ്ഗരതി എന്ന വിഷയത്തെക്കുറിച്ചുള്ളതാണോ?

# റോമർ 2

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ദൈവത്തിന്റെ നീതി പൂർവ്വമായ ന്യായ വിധി | നീതിപൂർവ്വമായ ദൈവിക ന്യായ വിധി | യെഹൂദൻ ന്യായ വിധിക്കു കീഴിൽ | ദൈവിക ന്യായവിധി | ദൈവത്തിന്റെ പ്രതി കാരത്തിൽ നിന്ന് യെഹൂദന് ഒഴിവില്ല |
| 2:1–16 | 2:1–16 | 2:1–11 | 2:1–16 | 2:1–11 |
| യെഹൂദനും ന്യായപ്രമാണവും | ജാതികളെപ്പോലെ യെഹൂദനും കുറ്റക്കാർ | ന്യായവിധിയുടെ അടിസ്ഥാനം | യെഹൂദനും ന്യായപ്രമാണവും (2:17–3:8) | ന്യായപ്രമാണം അവരെ രക്ഷിക്ക യില്ല |
| | | 2:12–16 | | 2:12–16 |
| 2:17–3:8 | 2:17–24 | 2:17–24 | 2:17–24 | 2:17–24 |
| | പരിച്ഛേദന നിഷ്പ്രയോജനം | | | പരിച്ഛേദന അവരെ രക്ഷിക്കയില്ല |
| | 2:25–29 | 2:25–29 | 2:25–29 | 2:25–29 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## റോമർ 2:1–30:20 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. 2,3 അധ്യായങ്ങൾ 1:18 ൽ ആരംഭിച്ച സാഹിത്യ ഘടകത്തിന്റെ പൂർത്തീകരണമാണ്. ഈ ഭാഗം പ്രതിപാദി ക്കുന്നത്
   1. സകല മനുഷ്യരുടെയും നഷ്ടാവസ്ഥ
   2. പാപത്തിന്മേലുള്ള ദൈവിക ന്യായവിധി
   3. വ്യക്തിപരമായ വിശ്വാസവും മാനസാന്തരവും മുഖാന്തരം ക്രിസ്തുവിലൂടെയുള്ള ദൈവികനീതി മനു ഷ്യൻ പ്രാപിക്കേണ്ടതിന്റെ ആവശ്യകത

B. അധ്യായം 2 ൽ ദൈവിക ന്യായവിധി സംബന്ധിച്ച് ഏഴു പ്രമാണങ്ങൾ കാണാം
   1. വാ. 2, സത്യം അനുസരിച്ച്
   2. വാ. 5, പെരുകുന്ന കുറ്റം
   3. വാ. 6,7, പ്രവൃത്തി അനുസരിച്ച്
   4. വാ. 11, മുഖപക്ഷം നോക്കുന്നില്ല

5. വാ. 13, ജീവിതശൈലി
6. വാ. 16, മനുഷ്യഹൃദയത്തിന്റെ രഹസ്യങ്ങൾ
7. വാ. 17–29, പ്രത്യേക ജാതീയ സമൂഹങ്ങൾ ഇല്ല

C. 2:1–17 ൽ ആരെയാണ് സംബോധന ചെയ്യുന്നത് എന്നതിനെച്ചൊല്ലി വ്യാഖ്യാതാക്കളുടെ ഇടയിൽ വളരെയധികം ചർച്ചകൾ നടക്കുന്നുണ്ട്. 2:12–29 യെഹൂദനെക്കുറിച്ചാണെന്നു വ്യക്തമാണ്. വാ. 1–17ന് രണ്ട് ലക്ഷ്യങ്ങളുണ്ട്: സെനെക്കയെപ്പോലെയുള്ള ധാർമ്മിക ജാതികളോടും (സാമൂഹിക നിയമങ്ങൾ) യെഹൂദ ജാതിയോടും (മോശൈക ന്യായപ്രമാണം) സംസാരിക്കുന്നു.

D. 1:18–21 ൽ, സൃഷ്ടിയിലൂടെ മനുഷ്യന് ദൈവത്തെ അറിയാൻ കഴിയുമെന്നു പൗലൊസ് പ്രസ്താവിക്കുന്നു. 2:14–15ൽ സകല മനുഷ്യർക്കും ദൈവദത്തമായ ഒരു ആന്തരിക ധാർമ്മിക മനസ്സാക്ഷി ഉണ്ടെന്നും പൗലൊസ് പ്രസ്താവിക്കുന്നു. ഈ രണ്ടു സാക്ഷികൾ, സൃഷ്ടിയും മനസ്സാക്ഷിയും ആണ് സകല മനുഷ്യരെയും ന്യായംവിധിക്കാനുള്ള ദൈവിക അടിസ്ഥാനം. പഴയനിയമവും സുവിശേഷ സന്ദേശവും അറിയാത്തവരും ഇതിനു കീഴിൽ വരും. മനുഷ്യർ തങ്ങൾക്കു ലഭിച്ച പ്രകാശത്തിനനുസരിച്ചു ജീവിക്കാതിരുന്നാൽ അവർ അതിന് ഉത്തരവാദികളായിരിക്കും.

**റോമർ 2:1–11**

**1അതുകൊണ്ടു വിധിക്കുന്ന ഏതു മനുഷ്യനുമായുള്ളോവേ, നിനക്കു പ്രതിവാദം പറവാൻ ഇല്ല;
അന്യനെ വിധിക്കുന്നതിൽ നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു; വിധിക്കുന്ന നീ അതുതന്നേ
പ്രവർത്തിക്കുന്നുവല്ലോ. 2എന്നാൽ ആ വക പ്രവർത്തിക്കുന്നവരുടെ നേരെ ദൈവത്തിന്റെ വിധി
സത്യാനുസരണമായിരിക്കുന്നു എന്നു നാം അറിയുന്നു. 3ആവക പ്രവർത്തിക്കുന്നവരെ വിധിക്കയും
അതു തന്നേ പ്രവർത്തിക്കയും ചെയ്യുന്ന മനുഷ്യാ, നീ ദൈവത്തിന്റെ വിധിയിൽനിന്നു തെറ്റി ഒഴിയും
എന്നു നിനെക്കുന്നുവോ? 4അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു
അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?
5എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള
വിധി വെളിപ്പെടുന്ന കോപദിവസത്തേക്കു നിനക്കു തന്നേ കോപം ചരതിച്ചുവെക്കുന്നു. 6അവൻ
ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും. 7നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത
പൂണ്ടു തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്കു നിത്യജീവനും, 8ശാഠ്യം പൂണ്ടു സത്യം
അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്കു കോപവും ക്രോധവും കൊടുക്കും. 9തിന്മ
പ്രവർത്തിക്കുന്ന ഏതു മനുഷ്യാത്മാവിന്നും കഷ്ടവും സങ്കടവും ആദ്യം യെഹൂദന്നും പിന്നെ യവനന്നും
വരും. 10നന്മ പ്രവർത്തിക്കുന്ന ഏവന്നും മഹത്വവും മാനവും സമാധാനവും ആദ്യം യെഹൂദന്നും പിന്നെ
യവനന്നും ലഭിക്കും. 11ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ലല്ലോ.**

**2:1**

**NASB** **"വിധിക്കുന്ന ഏവനുമായുള്ളോവേ നിനക്കു പ്രതിവാദം പറവാൻ ഇല്ല"**
**NKJV** **"വിധിക്കുന്ന നീ ആരായാലും ഹേ മനുഷ്യാ, നിനക്ക് ഒഴികഴിവില്ല"**
**NRSV** **"മറ്റുള്ളവരെ വിധിക്കുന്ന നീ ആരായാലും നിനക്കു പ്രതിവാദം പറവാൻ ഇല്ല"**
**TEV** **"നീ ആരായാലും നിനക്ക് ഒരു ഒഴികഴിവുമില്ല. എന്നിട്ടും നീ മറ്റുള്ളവരെ വിധിക്കുന്നു"**
**NJB** **"അതുകൊണ്ട് നീ ആരായിരുന്നാലും നീ വിധിക്കുന്നുവെങ്കിൽ നിനക്ക് ഒരു ഒഴികഴിവുമില്ല"**

ഇത് ആക്ഷരികമായി "നിയമപരമായ പ്രതിരോധം ഇല്ല" എന്നാണ് (ഒ.നോ. 1:20). അതിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നതിനായി അത് ഗ്രീക്കുവാചകത്തിൽ ആദ്യം ചേർത്തിരിക്കുന്നു. വാ. 1–16 സ്വയനീതിക്കാരായ യെഹൂദ മതവാദികളോടും ഗ്രീക്കു ധാർമ്മിക വാദികളോടും ബന്ധപ്പെട്ടിരിക്കുന്നുവെന്നു തോന്നുന്നു. മറ്റുള്ളവരെ വിധിക്കുന്നതിലൂടെ അവർ തങ്ങളെത്തന്നെ കുറ്റംവിധിക്കുന്നു.

ഇതേ പ്രയോഗം തന്നെ 1:20 ൽ ഉപയോഗിച്ചിരിക്കുന്നു, എങ്കിലും സർവ്വനാമം "അവർ" എന്നാണ്; ഇവിടെ "നീ" ആണ്. പൗലൊസ് വ്യത്യസ്ത ഗ്രൂപ്പുകളിലുള്ള പാപികളെ/മത്സരികളെയാണ് അഭിസംബോധന ചെയ്യുന്നതെന്നു വ്യക്തം. അതിലൊരു ഗ്രൂപ്പിൽ അവനൊരിക്കൽ തീക്ഷ്ണതയുള്ള അംഗമായിരുന്നു. രണ്ടു പ്രശ്നങ്ങളാണുള്ളത്.

1. ദൈവിക ന്യായത്തെ നിരസിക്കയും വളച്ചൊടിക്കയും ചെയ്യുന്നു.
2. അതിനെ ഒരു കൂട്ടം നിയമാവലികളാക്കി മാറ്റുകയും മറ്റുള്ളവരെ വിധിക്കുന്നവരും സ്വയനീതിക്കാരും ആയി മാറുകയും ചെയ്യുന്നു.

അധ്യായം 1 ലെ "അവർ", 2:1–8 ൽ "നീ" ആയി മാറുന്നതും ശ്രദ്ധിക്കുക. യെഹൂദന്മാരിൽ നിന്നും ഗ്രീക്കുകാരിൽ നിന്നും അത് 2:9–11 ൽ "ഏതു മനുഷ്യാത്മാവിനും" എന്ന നിലയിൽ സാർവ്വലൗകികമാക്കപ്പെടുന്നു. വ്യത്യസ്ത സമൂഹങ്ങൾ ഉണ്ടെങ്കിലും (രണ്ടോ മൂന്നോ സമൂഹങ്ങൾ) അവസാനം അതൊരു വ്യത്യാസവും വരുത്തുന്നില്ല. എല്ലാവരും ന്യായവിധിയിൻ കീഴിലാണ് (ഒ.നോ. 3:23).

**2:2 "ദൈവത്തിന്റെ വിധി"** ഈ സത്യം സംബന്ധിച്ച് ബൈബിൾ വളരെ വ്യക്തമാണ്. സകല മനുഷ്യരും ജീവൻ എന്ന ദാനത്തിന് ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടതാണ് (ഒ.നോ. വാ. 5–9; മത്താ. 25:31–46; വെളി. 20:11 –15). ക്രിസ്തീയ വിശ്വാസികൾ പോലും ക്രിസ്തുവിന്റെ മുമ്പിൽ നിലനിൽക്കേണ്ടതാണ് (ഒ.നോ. 14:10–12; 2 കൊരി. 5:10).

▣ **"നാം അറിയുന്നു"** ഈ സർവ്വനാമം സഹയെഹൂദന്മാരെയാകാം സൂചിപ്പിക്കുന്നത്; എങ്കിലും ക്രിസ്തീയ വിശ്വാസികളെയും അതു സൂചിപ്പിക്കുവാൻ സാധ്യതയുണ്ട്. വാ. 2–4 ൽ പൗലൊസ് ഡയാട്രൈബ് എന്നു വിളിക്കുന്ന സാധാരണ ടെക്നിക് ആയ ചോദ്യവും ഉത്തരവും എന്ന രീതിയിലേക്കു മടങ്ങിവരുന്നു (അതാ. വാ. 1–11,17–29).

ഒരു സാങ്കല്പിക വ്യക്തിക്കു മുമ്പിൽ സത്യം അവതരിപ്പിക്കുന്ന രീതിയാണത്. ഹബക്കൂക്ക്, മലാഖി, റബ്ബിമാർ എന്നിവരും ഗ്രീക്ക് തത്വജ്ഞാനികളും (സോക്രട്ടീസ്, സ്റ്റോയിക്കുകൾ തുടങ്ങിയവർ) ഈ രീതി ഉപയോഗിച്ചിട്ടുണ്ട്.

"നാം അറിയുന്നു" എന്ന പ്രയോഗം റോമറിൽ അനേക പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 2:2; 3:19; 7:14; 8:22,28). അധ്യായം 1 ലെ അസാന്മാർഗ്ഗിക ജാതികളിൽ നിന്നു വ്യത്യസ്തമായി തന്റെ കേഴ്വിക്കാർക്ക് ജ്ഞാനത്തിന്റെ കുറെ അളവ് ലഭിച്ചിട്ടുണ്ടെന്ന് പൗലൊസ് അനുമാനിക്കുന്നു.

**2:3** പൗലൊസിന്റെ ചോദ്യത്തിന്റെ വ്യാകരണരൂപം "ഇല്ല" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു.

▣ **"മനുഷ്യാ"** ഇത് വാ. 1 ലെ അതേ ശൈലിയോടു യോജിക്കുന്നു. 9:20 ൽ അത് യെഹൂദന്മാരെ സൂചിപ്പിക്കുന്നു.

▣ **"നീ നിനയ്ക്കുന്നുവോ"** ഇത് ഗ്രീക്കു ക്രിയ ആയ *ലോഗിഡ്സോമായി* (***λογιζομαι***) ആണ്. പൗലൊസ് കൂടെക്കൂടെ ഇതുപയോഗിക്കുന്നു (റോമ. 2:3,26; 3:28; 4:3,4,5,6,8,9,10,11,22,23,24; 6:11; 8:18,36; 9:8; 14:14; ഗലാ. 3:6; 1,2 കൊരിന്ത്യരിൽ 10 പ്രാവശ്യം; ഫിലിപ്പിയ ലേഖനത്തിൽ 2 പ്രാവശ്യം). 4:3 ലെയും 8:18 ലെയും കുറിപ്പു കാണുക.

**2:4** ഗ്രീക്കിൽ ഇതും ഒരു ചോദ്യമാണ്.

▣ **"നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു"** ദൈവവുമായി വിശ്വാസ–ഉടമ്പടി ബന്ധത്തിന് മാനസാന്തരം നിർണ്ണായക ഘടകമാണ് (ഒ.നോ. മത്താ. 3:2; 4:17; മർക്കൊ. 1:15; 6:12; ലൂക്കൊ. 13:3,5; പ്രവൃ. 2:38; 3:16,19; 20:21). എബ്രായ പദത്തിനർത്ഥം പ്രവൃത്തികളുടെ മാറ്റം എന്നും ഗ്രീക്കിൽ മനസിന്റെ മാറ്റം എന്നുമാണ്. ഒരുവന്റെ സ്വയ–കേന്ദ്രീകൃതമായ ആസ്തികൃത്തിൽ നിന്നും ദൈവത്താൽ അറിയപ്പെട്ടതും നിയന്ത്രിക്കപ്പെട്ടതുമായ ജീവിതത്തിലേക്കു മാറുന്നതിനുള്ള ഒരുക്കമാണ് മാനസാന്തരം. സ്വയത്തിന്റെ മുൻഗണനയിൽ നിന്നും ബന്ധനത്തിൽ നിന്നുമുള്ള മാറ്റം അതാവശ്യപ്പെടുന്നു. അടിസ്ഥാനപരമായി അതൊരു പുതിയ മനോഭാവവും പുതിയ ലോകവീക്ഷണവും പുതിയ യജമാനനും ആണ്. തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട ആദാമിന്റെ വീഴ്ച സംഭവിച്ച ഓരോ പൈതലും മാനസാന്തരപ്പെടണമെന്നത് ദൈവത്തിന്റെ ഇഷ്ടമാണ് (ഒ.നോ. യെഹെ. 18:21,23,32; 2 പത്രൊ. 3:9).

മാനസാന്തരത്തിലേക്കുള്ള വ്യത്യസ്ത ഗ്രീക്കു പദങ്ങൾ ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്ന പുതിയ നിയമ വേദഭാഗം 2 കൊരി. 7:8–11 ആണ്.

1. *ലുപെയോ* (***λυπεω***), "ദുഃഖം" വാ. 8 (2 പ്രാവശ്യം), വാ. 9 (3 പ്രാവശ്യം), വാ. 10 (2 പ്രാവശ്യം), വാ.11
2. *മെറ്റാമെലോമായി* (***μεταμελομαι***), "അനുതാപം" വാ. 8 (2 പ്രാവശ്യം)
3. *മെറ്റാനോയിയ* (***μετανοια***), "മാനസാന്തരം" വാ. 9,10

യഥാർത്ഥ മാനസാന്തരത്തിന് (*മെറ്റാനോയെഓ*–***μετανοεω***) എതിരായ വ്യാജമാനസാന്തരം (*മെറ്റാമെലോമായി*–***μεταμελομαι***) ഒ.നോ. യൂദാ, മത്താ. 27:3 & ഏശാവ്, എബ്രാ. 12:16–17.

ശരിയായ മാനസാന്തരം ദൈവശാസ്ത്രപരമായി താഴെപ്പറയുന്നവയോടു ബന്ധപ്പെട്ടിരിക്കുന്നു.

1. പുതിയ ഉടമ്പടിയുടെ വ്യവസ്ഥകൾ സംബന്ധിച്ചുള്ള യേശുവിന്റെ പ്രസംഗം (ഒ.നോ. മത്താ. 4:17; മർക്കൊ. 1:15; ലൂക്കൊ. 13:3,5).
2. പ്രവൃത്തിയിലെ അപ്പൊസ്തലിക പ്രസംഗങ്ങൾ (*കെറിഗ്മാ*, പ്രവൃ, 3:16,19; 20:21)
3. ദൈവത്തിന്റെ പരമാധികാര ദാനം (ഒ.നോ. പ്രവൃ. 5:31; 11:18; 2 തിമൊ. 2:25)
4. നാശം (ഒ.നോ. 2 പത്രൊ. 3:9)

മാനസാന്തരം എന്നത് വേണമെങ്കിൽ തിരഞ്ഞെടുക്കേണ്ട ഒന്നല്ല.

## പ്രത്യേക പഠനവിഷയം: മാനസാന്തരം

മാനസാന്തരം (വിശ്വാസത്തോടൊപ്പം) എന്നത് പഴയ നിയമത്തിലെയും (*നാഖാം*, BDB 636, ഉദാ. 13:12; 32:12,14; *ഷുവ്*, BDB 996, ഉദാ. 1 രാജാ. 8:47; യെഹെ. 14:6; 18:30) പുതിയ നിയമത്തിലെയും ഉടമ്പടി വ്യവസ്ഥയായിരുന്നു.

1. യോഹന്നാൻ സ്നാപകൻ (മത്താ. 3:2; മർക്കൊ. 1:4; ലൂക്കൊ. 3:3,8)

2. യേശു (മത്താ. 4:17; മർക്കൊ. 1:15; ലൂക്കൊ. 5:32; 13:3,5; 15:7; 17:3)
3. പത്രൊസ് (പ്രവൃ. 2:38; 3:19; 8:22; 11:18; 2 പത്രൊ. 3:19)
4. പൗലൊസ് (പ്രവൃ. 13:24; 17:30; 20:21; 26:20; റോമ. 2:4; 2 കൊരി. 2:9–10)

എന്നാൽ എന്താണ് മാനസാന്തരം? അതു ദുഃഖമാണോ? പാപം നിർത്തുന്നതാണോ അത്? ഈ ആശയത്തിന്റെ വ്യത്യസ്ത അർത്ഥങ്ങൾ മനസിലാക്കാൻ സഹായിക്കുന്ന പുതിയ നിയമത്തിലെ മികച്ച വേദഭാഗം 2 കൊരി. 7:8–11 ആണ്; അവിടെ പരസ്പര ബന്ധമുള്ളതും എന്നാൽ വ്യത്യസ്തവുമായ മൂന്നു ഗ്രീക്കു പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

1. "ദുഃഖം" (*ലുപീ-λυπη* ഒ.നോ. വാ. 8 [രണ്ടു പ്രാവശ്യം], വാ. 9 [3 പ്രാവശ്യം], വാ. 10 [2 പ്രാവശ്യം], വാ. 11). അതിനർത്ഥം ദുഃഖം അല്ലെങ്കിൽ വിഷമം; അതിന് ദൈവശാസ്ത്രപരമായി പ്രത്യേക അർത്ഥമില്ല.
2. "മാനസാന്തരം" (*മെറ്റാനോയെഓ-μετανοεω*, ഒ.നോ. വാ. 9,10. "ശേഷം," "മനസ്സ്" എന്നീ പദങ്ങളുടെ സംയുക്തമാണത്. അതു സൂചിപ്പിക്കുന്നത്, ഒരു പുതിയ മനസ്സ്, ഒരു പുതിയ ചിന്താരീതി, ജീവിതത്തോടും ദൈവത്തോടുമുള്ള ഒരു പുതിയ മനോഭാവം എന്നിവയെയാണ്. ഇത് ശരിയായ മാനസാന്തരമാണ്.
3. "അനുതാപം" (*മെറ്റാമെലോമായി-μεταμελομαι*, ഒ.നോ. വാ. 8 [2 പ്രാവശ്യം], വാ. 10). "ശേഷം," "കരുതൽ" എന്നീ പദങ്ങളുടെ സംയുക്തം. മത്താ. 27:3 ൽ യൂദായെക്കുറിച്ചും എബ്രാ. 12:16–17 ൽ ഏശാവിനെക്കുറിച്ചും ഉപയോഗിച്ചിരിക്കുന്നു. പ്രവൃത്തിയെക്കുറിച്ചുള്ള ദുഃഖമല്ല ഇത്, മറിച്ച് അനന്തരഫലത്തെച്ചൊല്ലിയുള്ള ദുഃഖമാണ്.

മാനസാന്തരവും വിശ്വാസവും ഉടമ്പടിയുടെ വ്യവസ്ഥയായ പ്രവൃത്തികളാണ് (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 2:38,41; 3:16,19; 20:21). ദൈവം മാനസാന്തരം നൽകുന്നു എന്നു സൂചിപ്പിക്കുന്ന ചില വേദഭാഗങ്ങൾ ഉണ്ട് (ഒ.നോ. പ്രവൃ. 5:31; 11:18; 2 തിമൊ. 2:25). എന്നാൽ മിക്ക വേദഭാഗങ്ങളും ഇതിനെ കാണുന്നത് ദൈവത്തിന്റെ സൗജന്യ രക്ഷാദാനത്തോടു മനുഷ്യൻ കാണിക്കേണ്ട അനിവാര്യമായ ഉടമ്പടി പ്രതികരണമായിട്ടാണ്.

മാനസാന്തരത്തിന്റെ പൂർണ്ണ അർത്ഥം ഗ്രഹിക്കുവാൻ എബ്രായ, ഗ്രീക്കു പദങ്ങളുടെ നിർവചനം ആവശ്യമാണ്. എബ്രായ പദം ആവശ്യപ്പെടുന്നത് "പ്രവൃത്തിയുടെ മാറ്റം" ആണെങ്കിൽ ഗ്രീക്ക് പദം ആവശ്യപ്പെടുന്നത് "മനസ്സിന്റെ മാറ്റം' ആണ്. രക്ഷിക്കപ്പെട്ട വ്യക്തിക്ക് ഒരു പുതിയ മനസ്സും ഹൃദയവും ലഭിക്കുന്നു. അവൻ വ്യത്യസ്തമായി ചിന്തിക്കുകയും വ്യത്യസ്തമായി ജീവിക്കുകയും ചെയ്യുന്നു. "അതിൽ എനിക്കെന്തു കിട്ടും?" എന്നതിനു പകരം "ദൈവഹിതം എന്താണ്" എന്നു ചോദ്യം മാറുന്നു. മാനസാന്തരം എന്നത് മങ്ങിപ്പോകുന്ന ഒരു വികാരമോ അല്ലെങ്കിൽ സമ്പൂർണ്ണ പാപരഹിതാവസ്ഥയോ അല്ല, മറിച്ച് വിശ്വാസിയെ ക്രമാനുഗതമായി ഒരു വിശുദ്ധനാക്കി രൂപാന്തരപ്പെടുത്താൻ കഴിയുന്ന പരിശുദ്ധനായവനുമായുള്ള പുതിയ ബന്ധമാണ്.

▣ **"അവന്റെ ദയ, ക്ഷമ, ദീർഘശക്തി എന്നിവയുടെ ഐശ്വര്യം"** മനുഷ്യർ മിക്കപ്പോഴും ദൈവത്തിന്റെ കൃപ, കരുണ, ക്ഷമ എന്നിവയെ തെറ്റിദ്ധരിക്കുകയും അവയെ മാനസാന്തരത്തിനുള്ള അവസരമായി കാണാതെ പാപം ചെയ്യുന്നതിനുള്ള ഒഴികഴിവാക്കിത്തീർക്കയും ചെയ്യുന്നു (ഒ.നോ. 2 പത്രൊ. 3:9).

പൗലൊസ് മിക്കപ്പോഴും ദൈവത്തിന്റെ സത്ഗുണങ്ങളെ "അതിന്റെ ധനം" എന്നു വിശദീകരിക്കാറുണ്ട് (ഒ. നോ. 9:23; 11:33; കൊലൊ. 1:27; എഫെ. 1:7,18; 2:4,7; 3:8,16; ഫിലി. 4:19).

"ക്ഷമ" എന്ന നാമരൂപം പു.നി.ൽ രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. രണ്ടും ഈ സാഹിത്യഘടകത്തിൽ പൗലൊസ് ആണ് ഉപയോഗിച്ചിട്ടുള്ളത് (1:18–3:31). ഇവിടെയും 3:25 ലും ("പൊറുമ"). രണ്ടും പാപികളോടുള്ള ദൈവത്തിന്റെ ക്ഷമയെയാണ് സൂചിപ്പിക്കുന്നത്.

▣

| | |
|---|---|
| **NASB** | **"നിസ്സാരമായി ചിന്തിക്കുന്നുവോ"** |
| **NKJV, NRSV,** | |
| **TEV, REB** | **"നിന്ദിക്കുന്നുവോ"** |
| **NJB** | **"അവഗണിക്കുന്നുവോ"** |
| **NIV** | **"നിന്ദ കാണിക്കുന്നുവോ"** |
| **NET** | **"നിന്ദ ഉള്ളവനായിരിക്കുന്നുവോ"** |

ഇംഗ്ലീഷ് പരിഭാഷകൾ താരതമ്യപ്പെടുത്തിയാൽ വ്യാഖ്യാതാക്കൾക്ക് ക്രിയയുടെ ഗൂഢാർത്ഥത്തെക്കുറിച്ച് വ്യക്തമായിട്ടുണ്ടെന്നു മനസിലാക്കാം. മനപ്പൂർവ്വം നിരസിക്കുന്നതിനുള്ള ശക്തമായ പദമാണിത്. അതിന്റെ ഉപയോഗം കാണുക.

1. യേശുവിന്റെ വാക്കുകൾ, മത്താ. 6:24; 18:10
2. പൗലൊസ്, 1 കൊരി. 11:22; 1 തിമൊ. 4:12; 6:2

3. എബ്രായ ലേഖനം (യേശുവിനെക്കുറിച്ച്), 12:2
4. പത്രൊസ്, 2 പത്രൊ. 2:10
5. പ്രവൃ. 13:41 ലെ നാമരൂപം

**2:5–9** ഈ വാക്യങ്ങൾ (1) വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ ശാഠ്യം, (2) ദൈവത്തിന്റെ കോപവും ന്യായവിധിയും എന്നിവയെക്കുറിച്ച് വിവരിക്കുന്നു.

**2:5 "കാഠിന്യം"** നാമരൂപം പുതിയ നിയമത്തിൽ ഇവിടെ മാത്രമേ കാണുന്നുള്ളൂ. യിസ്രായേലിനെക്കുറിച്ച് ഇതേ രീതിയിൽ പുറ. 32:9; 33:3,5; 34:9; ആവ. 9:6,13,27 എന്നീ ഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ട്. (എബ്രാ. 3:8,15; 4:7 കാണുക).

▣ **"ഹൃദയം"** 1:24 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"കോപദിവസം"** പഴയനിയമത്തിൽ ഇതിനെ "യഹോവയുടെ നാൾ" (ഒ.നോ. യോവേൽ, ആമോസ്) എന്നു വിളിച്ചിരിക്കുന്നു. ഇത് ന്യായവിധി ദിവസം അല്ലെങ്കിൽ വിശ്വാസികളെ സംബന്ധിച്ച് പുനരുത്ഥാന ദിവസം എന്ന ആശയമാണ്. മനുഷ്യവർഗം തനിക്കു ദാനമായി ലഭിച്ച ജീവിതത്തിനു ദൈവത്തോടു കണക്കു ബോധിപ്പിക്കേണം (ഒ.നോ. മത്താ. 25:31–46; വെളി. 20:11–15).

പാപികൾ സ്വയം ("നീ", "നിനക്കു തന്നേ") കോപം സംഗ്രഹിച്ചു വെയ്ക്കുകയാണെന്ന കാര്യം ശ്രദ്ധിക്കുക. ചില സന്ദർഭങ്ങളിൽ, ഈ സംഗ്രഹിക്കപ്പെട്ട കോപം വെളിപ്പെടുത്തുവാനും അതിന്റെ പൂർത്തീകരണത്തിലെത്തുവാനും ദൈവം അനുവദിക്കുന്നു എന്നുമാത്രം.

ദൈവത്തെ വിവരിക്കാനുപയോഗിക്കുന്ന സകല മാനുഷിക വാക്കുകളുംപോലെ കോപവും ദൈവത്തിനു ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നതാണ് (മനുഷ്യരൂപാരോപണപരമായി, 1:18 ലെ പ്രത്യേക പഠനവിഷയം കാണുക). ദൈവം നിത്യനും വിശുദ്ധനും ആത്മാവും ആണ്. മനുഷ്യൻ പരിമിതിയുള്ളവനും പാപിയും ശരീരമുള്ളവനുമാണ്. നമുക്കു കോപം ജ്വലിച്ചാലെന്നപോലെ ദൈവം വൈകാരികമായി കോപിക്കുന്നില്ല. ബൈബിൾ അവനെ അവതരിപ്പിക്കുന്നത് പാപികളെ സ്നേഹിക്കുന്നവനും അവർ മാനസാന്തരപ്പെടാൻ ആഗ്രഹിക്കുന്നവനും എന്ന നിലയിലാണ്. എങ്കിലും മനുഷ്യന്റെ മത്സരത്തോട് സ്ഥിരമായ എതിർപ്പ് അവനിൽ സ്ഥിതിചെയ്യുന്നു. ദൈവം ആളത്വമുള്ളവനാണ്. അവൻ പാപത്തെ വ്യക്തപരമായി കാണുന്നു, നാം നമ്മുടെ പാപങ്ങൾക്ക് വ്യക്തിപരമായി ഉത്തരവാദികളാണ്.

ദൈവകോപത്തെക്കുറിച്ച് ഒരു ചിന്തകൂടി. ബൈബിളിൽ അത് സമയത്തിലും (കാലികം, ഒ.നോ. 1:24,26,28) സമയത്തിന്റെ അന്ത്യത്തിലും (അന്ത്യകാലസംബന്ധിയായ, ഒ.നോ. 2:5–8) നടക്കുന്നതാണ്. യിസ്രായേൽ ജനം ന്യായംവിധിക്കപ്പെടാതെ അവരുടെ ഭാവി അനുഗ്രഹിക്കപ്പെടുന്നതിനുവേണ്ടി വർത്തമാനകാലത്തിൽ മാനസാന്തരപ്പെടുന്നതിനായി പ്രവാചകന്മാർ യിസ്രായേലിനു മുന്നറിയിപ്പു നൽകിയ ഒരു മാർഗമായിരുന്നു യഹോവയുടെ നാൾ (ന്യായവിധി ദിവസം, ഒ.നോ. ആവ. 27–28). പ.നി. പ്രവാചകന്മാർ മിക്കപ്പോഴും അവരുടെ കാലഘട്ടത്തിലെ ഒരു പ്രതിസന്ധി എടുത്ത് അതിനെ അന്ത്യകാല ഭാവിയിലേക്ക് വിരൽ ചൂണ്ടാനുപയോഗിച്ചു.

**2:6** സങ്കീ. 62:12 (ഒ.നോ. മത്താ. 16:27) ൽ നിന്നുള്ള ഉദ്ധരണി ആണിത്. മനുഷ്യർ സ്വന്തപ്രവൃത്തികൾക്ക് ഉത്തരവാദികളും ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടവരുമാണെന്നുള്ളത് (ഒ.നോ. ഇയ്യോ. 34:11; സദൃ. 24:12; സഭാ. 12:14; യിരെ. 17:10; 32:19; മത്താ. 16:27; 25:31–46; റോമ. 2:6; 14:12; 1 കൊരി. 3:8; ഗലാ. 6:7–10; 2 തിമൊ. 4:14; 1 പത്രൊ. 1:17; വെളി. 2:23; 20:12; 22:12). എന്നുള്ളത് സാർവ്വലൗകികമായ തത്വമാണ് (2:1 ലെ കുറിപ്പ്, രണ്ടാം ഖണ്ഡിക കാണുക). വിശ്വാസികളും തങ്ങളുടെ ജീവിതത്തെക്കുറിച്ചും ക്രിസ്തുവിനുവേണ്ടിയുള്ള ശുശ്രൂഷയെക്കുറിച്ചും കണക്കു ബോധിപ്പിക്കേണ്ടതാണ് (ഒ.നോ. 2 കൊരി. 5:10) വിശ്വാസികൾ രക്ഷിക്കപ്പെട്ടത് പ്രവൃത്തികളാൽ അല്ല മറിച്ച് പ്രവൃത്തികൾക്കുവേണ്ടിയാണ് (ഒ.നോ. എഫെ. 2:8–10 (പ്രത്യേകിച്ച് 2:14–26); യാക്കോബ്; 1 യോഹന്നാൻ). സ്നേഹം, ശുശ്രൂഷ, നിസ്വാർത്ഥത എന്നിവയുള്ള രൂപാന്തരപ്പെട്ടതും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഒരു ജീവിതമാണ് യഥാർത്ഥ രക്ഷയുടെ തെളിവ്.

2:7 വാ. 7 ലും വാ. 8 ലും വിവരിക്കുന്ന വ്യക്തികൾ തമ്മിൽ ഒരു വൈരുധ്യം പ്രകടമാണ്.

▣

**NASB** **"നല്ല പ്രവൃത്തിക്കു വേണ്ട സ്ഥിരത പൂണ്ട് തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക്; നിത്യജീവൻ"**

**NKJV** **"നന്മ ചെയ്യുന്നതിൽ ക്ഷമയോടെ തുടർന്നുകൊണ്ട് തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് നിത്യജീവൻ"**

**NRSV** **"ക്ഷമയോടെ നന്മ ചെയ്തുകൊണ്ട് തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് അവൻ നിത്യജീവൻ നൽകും"**

**TEV** **"ചില മനുഷ്യർ നന്മ ചെയ്യുന്നതും തേജസ്സും മാനവും അക്ഷയജീവനും അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു; അവർക്കു ദൈവം നിത്യജീവൻ നൽകും"**

**NJB** **"എല്ലായ്പ്പോഴും നന്മ ചെയ്തുകൊണ്ട് സൽകീർത്തിയും മാനവും അക്ഷയതയും അന്വേഷിച്ചവർക്ക് നിത്യജീവൻ ഉണ്ടായിരിക്കും"**

കൊർന്നേല്യൊസിനെപ്പോലെയുള്ള ആളുകളെയാണിതു സൂചിപ്പിക്കുന്നത് (ഒ.നോ. പ്രവൃ. 10:34–35). ഈ വേദഭാഗം നീതിക്കായി പ്രവർത്തിക്കുന്നതിനെ സംബന്ധിച്ചാണെന്നു തോന്നിയേക്കാം (മാനുഷിക പ്രയത്നത്താൽ നീതി പ്രാപിക്കുക), എങ്കിലും അങ്ങനെയായാൽ അത് റോമാലേഖനത്തിന്റെ പ്രധാന ആശയത്തിന് എതിരായിരിക്കും. ഒന്നുകിൽ വാ. 1–16 അല്ലെങ്കിൽ വാ. 1–11 ഒരു ഖണ്ഡികയാണെന്ന് ഓർക്കുക. മുഴുഭാഗത്തിന്റെയും ദൈവശാസ്ത്രവാദം ദൈവം വ്യക്തികളെ ആദരിക്കുന്നില്ല (വാ. 11) എന്നും എല്ലാവരും പാപം ചെയ്തു എന്നുമാണ് (വാ. 12). ആളുകൾ അവർക്കു ലഭിച്ച വെളിച്ചത്തിനനുസരിച്ച് ജീവിച്ചാൽ (ജാതികൾക്ക് പ്രകൃതിയിലുള്ള വെളിപ്പാടും, യെഹൂദന്മാർക്കു പ്രത്യേക വെളിപ്പാടും, ഒ.നോ. 10:5) അവർക്ക് ദൈവവുമായി ശരിയായ ബന്ധത്തിൽ തുടരാം. എങ്കിലും 3:9–18, 23 സംഗ്രഹം സൂചിപ്പിക്കുന്നത് ആരും ഇതുവരെയും അങ്ങനെ ആയിട്ടില്ല, ആകാൻ കഴിയുന്നതുമല്ല എന്നാണ്.

ഒരു വിശ്വാസിയുടെ രൂപാന്തരപ്പെട്ട ഭക്തിനിർഭരജീവിതം, അവന്റെ പ്രാരംഭ വിശ്വാസ പ്രതികരണത്തെ സ്ഥിരീകരിക്കുന്നതും വിലയിരുത്തുന്നതുമായി കാണുവാൻ കഴിയും. രൂപാന്തരപ്പെട്ട ജീവിതം, ഉള്ളിൽ വസിക്കുന്ന ദൈവാത്മാവിന്റെ തെളിവാണ് (ഒ.നോ. വാ. 10,13; മത്താ. 7; എഫെ. 2:8–10; യാക്കോ. 2:14–26; 1 യോഹന്നാൻ). 8:25 ലെ പ്രത്യേക പഠന വിഷയം: സ്ഥിരോത്സാഹത്തിന്റെ ആവശ്യകത കാണുക.

▣ **"നിത്യജീവൻ"** യോഹന്നാന്റെ എഴുത്തുകളിലെ സവിശേഷ പ്രയോഗമാണിത്. സമവീക്ഷണ സുവിശേഷങ്ങളിൽ അപൂർവമായി മാത്രമേ ഇതുപയോഗിച്ചിട്ടുള്ളൂ. പൗലൊസ് ഇതു ദാനീ. 12:2 ൽ നിന്നും എടുത്തതാകാം. (ഒ.നോ. തീത്തൊ. 1:2; 3:7). അവിടെയിത് പുതിയ യുഗത്തിലെ ജീവിതം, അതായത് ദൈവത്തോടുള്ള കൂട്ടായ്മയിൽ കഴിയുന്ന പുനരുത്ഥാന ജീവൻ, ആയിട്ടാണ് വിവക്ഷിക്കുന്നത്. അവൻ ആദ്യമായിട്ട് ഗലാ. 6:8 ലാണ് അതു പയോഗിച്ചിരിക്കുന്നത്. റോമാലേഖനത്തിലെ ഉപദേശപരമായ ഭാഗത്തുള്ള സാധാരണ വിഷയമാണത് (ഒ.നോ. 2:7; 5:21; 6:22,23). ഇടയലേഖനങ്ങളിൽ പല പ്രാവശ്യം അതു കാണുന്നുണ്ട് (ഒ.നോ. 1 തിമൊ. 1:16; തീത്തൊ. 1:2; 3:7).

**2:8**

| | |
|---|---|
| **NASB** | **"സ്വാർത്ഥപരമായ അഭിലാഷപൂർത്തിക്കുവേണ്ടി ശ്രമിക്കുന്നവർക്ക്"** |
| **NKJV, NRSV** | **"സ്വയത്തിനുവേണ്ടി അന്വേഷിക്കുന്നവർക്ക്"** |
| **TEV** | **"മറ്റാളുകൾ സ്വാർത്ഥരാണ്"** |
| **NJB** | **"അസൂയയിൽനിന്നും പ്രവർത്തിക്കുന്നവർക്ക്"** |

പദത്തിന്റെ യഥാർത്ഥ അർത്ഥം "കൂലിക്കു പ്രവർത്തിക്കുക" (ഒ.നോ. തോബിത്ത് 2:11) എന്നാണ്. *ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കണിൽ,* ലൂവ് & നിഡാ (വാല്യം 2, പേജ് 104) ഈ പദത്തിന്റെ രണ്ട് ഉപയോഗങ്ങൾ കൊടുത്തിരിക്കുന്നു.

1. "സ്വാർത്ഥ ലക്ഷ്യം" റോമ. 2:8, "മറ്റൊരാളെക്കാൾ മികച്ചതായിരിക്കാനുള്ള ആഗ്രഹം." ഇവിടെ ഇതാണു യോജിക്കുന്നത്.
2. "പക" ഫിലി. 1:17 പരിഭാഷാ സാധ്യത, "മത്സരമനോഭാവം" (ഒ.നോ. 2 കൊരി. 12:20; ഗലാ. 5:20; ഫിലി. 2:3; യാക്കോ. 3:14,16).

▣ **"സത്യം അനുസരിക്കാതെ"** "സത്യം" (*അലെതെയിയ-ἀλήθεια*) എന്ന പദം സത്യസന്ധത, വിശ്വാസയോഗ്യത എന്നീ നിലകളിലുള്ള എബ്രായ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (*എമെത്ത്*). ഈ സന്ദർഭത്തിൽ അതിന് ബൗദ്ധികമായതല്ല, സാന്മാർഗികമായ ഊന്നലാണുള്ളത്. കാണുക, 1:8 ലെ പ്രത്യേക പഠനവിഷയം: "സത്യം" പൗലൊസിന്റെ എഴുത്തുകളിൽ.

**2:9 "ഏതു മനുഷ്യാത്മാവിനും"** റോമാലേഖനത്തിന്റെ ഈ പ്രാരംഭ അദ്ധ്യായങ്ങളിൽ "ദുർവാർത്ത"യുടെയും (മനുഷ്യവർഗത്തിന്റെ നഷ്ടപ്പെട്ട അവസ്ഥയും ദൈവത്തിന്റെ മുഖപക്ഷമില്ലാത്ത ന്യായവിധിയും) "സദ്വാർത്ത" യുടെയും (മാനസാന്തരപ്പെടുകയും വിശ്വസിക്കുകയും ചെയ്യുന്നവർക്ക് ക്രിസ്തുവിലൂടെ സമ്പൂർണ്ണ പാപമോചനത്തിന്റെയും സൗജന്യ രക്ഷയുടെയും ദൈവിക വാഗ്ദാനം) സാർവ്വ ലൗകികതയെ സൂചിപ്പിക്കുന്നതിനായി "എല്ലാം" അല്ലെങ്കിൽ "ഓരോ" എന്നു തർജ്ജമ ചെയ്യാവുന്ന *പാസ്* (**πας**) എന്ന ഗ്രീക്കു പദം പൗലൊസ് ഉപയോഗിക്കുന്നു.

ഈ സന്ദർഭം ഒരു ആഗോള ന്യായവിധിയെയും അതിന്റെ അനന്തരഫലത്തെയും ശക്തമായി ധ്വനിപ്പിക്കുന്നു. ഈ സത്യം, നീതിമാന്മാരുടെയും ദുഷ്ടന്മാരുടെയും പുനരുത്ഥാനം ആവശ്യപ്പെടുന്നു (ഒ.നോ. ദാനീ. 12:2; യോഹ. 5:28–29; പ്രവൃ. 24:15).

വാ. 6–11 ഒരു പരിച്ഛേദമാണെങ്കിൽ, വാ. 8–9 ദുഷ്ടത പ്രവർത്തിക്കുന്നവരുടെ മേലുള്ള ന്യായവിധി സൂചിപ്പിക്കുന്ന താക്കോൽ വാക്യങ്ങളാണ്.

**2:9–10 "ആദ്യം യെഹൂദനും"** ഊന്നലിനുവേണ്ടി ഇത് ആവർത്തിച്ചിരിക്കുന്നു. അവസരം ആദ്യം യെഹൂദനാണ് കാരണം അവർക്ക് ദൈവിക വെളിപ്പാടു ലഭിച്ചു (ഒ.നോ. 1:16; മത്താ. 10:6; 15:24; യോഹ. 4:22; പ്രവൃ. 3:26; 13:46) മാത്രമല്ല അവർക്കു ദൈവിക വെളിപ്പാടു നൽകിയിരിക്കുന്നതിനാൽ (ഒ.നോ. 9:4–5) ന്യായവിധിയിലും അവർ ഒന്നാമതായിരിക്കും (ഒ.നോ. വാ. 9–11).

**2:11**

| | |
|---|---|
| **NASB, NKJV** | **"ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ല"** |
| **NRSV** | **"കാരണം ദൈവം മുഖപക്ഷം കാണിക്കുന്നില്ല"** |
| **TEV** | **"കാരണം ഒരേ നിലവാരത്തിൽ എല്ലാവരെയും ന്യായം വിധിക്കുന്നു"** |
| **NJB** | **"ദൈവത്തിന്റെ പക്കൽ പക്ഷപാതം ഇല്ല"** |

ആക്ഷരികമായി ഇത് "മുഖം ഉയർത്തുക" എന്നാണ്. പഴയ നിയമത്തിലെ നിയമവ്യവസ്ഥയിൽ നിന്നുള്ള ഒരു സാദൃശ്യമാണത് (ഒ.നോ. ലേവ്യ. 19:15; ആവ. 10:17; 2 ദിന. 19:7; പ്രവൃ. 10:34; ഗലാ. 2:6; എഫെ. 6:9; കൊലൊ. 3:25; 1 പത്രൊ. 1:17). താൻ ആർക്കുവേണ്ടിയാണ് നീതി നടത്തുന്നതെന്ന് ന്യായാധിപൻ കണ്ടാൽ പക്ഷപാതത്തിനു സാധ്യതയുണ്ട്. അതിനാൽ തന്റെ മുമ്പിൽ നിൽക്കുന്നവന്റെ നേരെ അവൻ മുഖമുയർത്താൻ പാടില്ല.

## പ്രത്യേക പഠനവിഷയം: വംശീയത

I. ആമുഖം

A. വീണുപോയ മനുഷ്യവർഗ്ഗം തന്റെ സമൂഹത്തിനുള്ളിൽ സാർവ്വലൗകികവമായി പ്രകടിപ്പിക്കുന്നതാണിത്. അനേക നിലകളിൽ ഒരു ആധുനിക പ്രതിഭാസമാണ് വംശീയത. എന്നാൽ ദേശീയത (അഥവാ ഗോത്രപരത) കൂടുതൽ പുരാതനമാണ്.

B. ദേശീയ ബാബേലിലാണാരംഭിച്ചത് (ഉല്പത്തി 11), വംശങ്ങൾ ഉരുത്തിരിഞ്ഞ നോഹയുടെ മൂന്നു പുത്രന്മാരോടു ബന്ധപ്പെട്ടാണ് അത് ആദ്യം ഉളവായത് (ഉല്പത്തി 10). എന്നാൽ മനുഷ്യവർഗ്ഗം ഒരൊറ്റ ഉറവിടത്തിൽ നിന്നാണുണ്ടായതെന്ന് തിരുവചനം വ്യക്തമാക്കുന്നു (ഒ.നോ. ഉല്പ. 1–3; പ്രവൃ. 17:24–26).

C. വംശീയത അനേക മുൻവിധികളിൽ ഒന്നു മാത്രമാണ്. മറ്റുള്ളവയിൽ ചിലത് (1) വിദ്യാഭ്യാസ ഗർവ്വ്; (2) സാമൂഹിക സാമ്പത്തിക അഹന്ത; (3) സ്വയനീതിയുടെ മതനിയമവാദം; (4) കർക്കശ രാഷ്ട്രീയ ചായ്‌വുകൾ.

II. വേദപുസ്തക വീക്ഷണം

A. പഴയനിയമം

1. ഉല്പത്തി 1:27 – മനുഷ്യവർഗ്ഗം, ആണും പെണ്ണുമായി ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു. അതാണവരെ അതുല്യരാക്കിയത്. അത് ഓരോരുത്തർക്കുമുള്ള വിലയും മാന്യതയും കാണിക്കുന്നു (ഒ.നോ. യോഹ. 3:16).
2. ഉല്പത്തി 1:11–25 – "അതതു തരം" എന്ന പ്രയോഗം പത്തു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. വംശീയ വേർതിരിവിനെ പിന്തുണയ്ക്കുവാൻ ഈ വാക്യം ഉപയോഗിക്കാറുണ്ട്. എന്നാൽ സന്ദർഭത്തിൽ നിന്നും മനസ്സിലാകുന്നത് ഇതു മൃഗങ്ങൾക്കും സസ്യങ്ങൾക്കുമാണ് മനുഷ്യർക്കല്ല ഉപയോഗിച്ചിരിക്കുന്നതെന്നാണ്.
3. ഉല്പത്തി 9:18–27 – വംശീയ മേധാവിത്വത്തെ പിന്തണയ്ക്കുവാൻ ഇതുപയോഗിച്ചിട്ടുണ്ട്. എന്നാൽ ദൈവം കനാനെ ശപിച്ചില്ല എന്ന കാര്യം ഓർക്കേണ്ടതാണ്. അവന്റെ പിതാമഹനായ നോഹയാണ്, ലഹരി വിട്ടുണർന്നശേഷം അവനെ ശപിച്ചത്. അവന്റെ ആണയെ/ശാപത്തെ ദൈവം ഉറപ്പിച്ചതായി ബൈബിൾ രേഖപ്പെടുത്തിയിട്ടില്ല. അവനങ്ങനെ ചെയ്തെങ്കിൽ പോലും അത് കറുത്ത വർഗ്ഗക്കാരെ സ്വാധീനിച്ചിട്ടില്ല. കനാൻ പലസ്തീനിലെ നിവാസികളുടെ പിതാവായിരുന്നു; ഈജിപ്തിലെ ചുവർചിത്രങ്ങൾ അവർ കറുത്തവരെല്ലെന്നും തെളിയിക്കുന്നു.
4. യോശുവ 9:23 – ഒരു വംശം മറ്റൊരു വംശത്തെ സേവിക്കുമെന്നു തെളിയിക്കാൻ ഇതുപയോഗിക്കുന്നു. എങ്കിലും സന്ദർഭത്തിനനുസരിച്ച്, ഗിബെയോന്യർ യെഹൂദന്മാരുടെ അതേ വംശത്തിൽ പെട്ടവരാണെന്നു മനസ്സിലാക്കാം.
5. എസ്രാ 9–10; നെഹെ. 13 – ഇവ പലപ്പോഴും വംശീയ അർത്ഥത്തിൽ ഉപയോഗിക്കപ്പെടാറുണ്ടെങ്കിലും സന്ദർഭം വ്യക്തമാക്കുന്നത് വിവാഹം നിഷിദ്ധമായിരിക്കുന്നത് വംശീയ കാരണങ്ങളാലല്ല (അവരും നോഹയുടെ അതേ പുത്രന്റെ സന്തതികളാണ്, ഉല്പത്തി 10), മറിച്ച് മതപരമായ കാരണങ്ങളാലാണെന്നാണ്.

B. പുതിയ നിയമം

1. സുവിശേഷങ്ങൾ

a. യേശു അനേക സന്ദർഭങ്ങളിൽ യെഹൂദന്മാരും ശമര്യരും തമ്മിലുള്ള വംശീയ വിദ്വേഷത്തെ ഉപയോഗിച്ചിട്ടുണ്ട്. വംശീയ വിദ്വേഷം അനാവശ്യമാണെന്നാണ് ഇതിനർത്ഥം.

(1) നല്ല ശമര്യക്കാരന്റെ ഉപമ (ലൂക്കൊ. 10:25–37).
(2) കിണറ്റിങ്കലെ സ്ത്രീ (യോഹ. 4)
(3) നന്ദിയുള്ള കുഷ്ഠരോഗി (ലൂക്കൊ. 17:7–19)

b. സുവിശേഷ സകല മാനവജാതിക്കും വേണ്ടി

(1) യോഹന്നാൻ 3:16

(2) ലൂക്കൊസ് 24:46-47
(3) എബ്രായർ 2:9
(4) വെളിപ്പാട് 14:6

c. ദൈവരാജ്യത്തിൽ സകലമനുഷ്യരും ഉൾപ്പെടും
(1) ലൂക്കൊ. 13:29
(2) വെളിപ്പാട് 5

2. അപ്പൊസ്തല പ്രവൃത്തികൾ
a. ദൈവത്തിന്റെ സാർവ്വലൗകിക സ്നേഹത്തെയും സുവിശേഷത്തിന്റെ സാർവ്വലൗകിക സന്ദേശത്തെയും കുറിച്ചുള്ള വ്യക്തമായ വേദഭാഗമാണ് പ്രവൃത്തികൾ 10.
b. പ്രവൃത്തി. 11 ൽ പത്രൊസിന്റെ പ്രവൃത്തികൾ എതിർക്കപ്പെട്ടുവെങ്കിലും പ്രവൃ. 15 ലെ യെരുശലേം കൗൺസിൽ വരെ ഈ പ്രശ്നം പരിഹരിക്കപ്പെട്ടില്ല. ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാരും ജാതികളും തമ്മിലുള്ള സംഘർഷം വളരെ കടുത്തതായിരുന്നു.

3. പൗലൊസ്
a. ക്രിസ്തുവിൽ അതിർവരമ്പുകളില്ല
(1) ഗലാ. 3:26-28
(2) എഫെ. 2:11-22
(3) കൊലൊ. 3:11

b. ദൈവത്തിനു മുഖപക്ഷമില്ല
(1) റോമർ 2:11
(2) എഫെസ്യർ 6:9

4. പത്രൊസും യാക്കോബും
a. ദൈവത്തിനു മുഖപക്ഷമില്ല, 1 പത്രൊ. 1:17
b. ദൈവത്തിന് മുഖപക്ഷമില്ലാത്തതിനാൽ അവന്റെ ജനവും മുഖപക്ഷം കാണിക്കരുത്, യാക്കോബ് 2:1

5. യോഹന്നാൻ
a. വിശ്വാസികളുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ച ഏറ്റവും ശക്തമായ പ്രസ്താവനകളിലൊന്ന് 1 യോഹ. 4:20 ൽ കാണുന്നു.

III. ഉപസംഹാരം

A. വംശീയത അല്ലെങ്കിൽ ഏതു വിധത്തിലുള്ള മുൻവിധികളും ദൈവമക്കൾക്കും ഒട്ടും തന്നെ അനുയോജ്യമല്ല. 1964 ൽ ക്രിസ്ത്യൻ ലൈഫ് കമ്മീഷനുവേണ്ടി ന്യൂ മെക്സിക്കോയിലെ ഗ്ലോറിയെറ്റയിൽ ഹെൻലി ബാർനെറ്റ് ചെയ്ത പ്രസംഗത്തിൽ നിന്നുമുള്ള ഒരു ഉദ്ധരണി ഇതാ.

"വംശീയത ദുരുപദേശമാണ്, കാരണം അതു വേദപുസ്തകത്തിനു നിരക്കാത്തതും അക്രൈസ്തവവും ആണ്. അശാസ്ത്രീയമാണെന്ന കാര്യം പറയുകയും വേണ്ട."

B. ഈ പ്രശ്നം ക്രിസ്ത്യാനികൾക്ക്, നഷ്ടപ്പെട്ട ലോകത്തോടുള്ള തങ്ങളുടെ ക്രിസ്തുതുല്യമായ സ്നേഹവും ക്ഷമയും തിരിച്ചറിവും വെളിപ്പെടുത്തുവാൻ അവസരം നൽകുന്നു. ഈ വിഷയത്തിലുള്ള ക്രിസ്തീയ വിസമ്മതം അവരുടെ പക്വതയില്ലായ്മയെ വെളിപ്പെടുത്തുകയും വിശ്വാസിയുടെ വിശ്വാസം, ഉറപ്പ്, വളർച്ച എന്നിവയെ മുരടിപ്പിച്ചുകളയുവാൻ ദുഷ്ടന് അവസരം നൽകുകയും ചെയ്യുന്നു. നഷ്ടപ്പെട്ടവർ ക്രിസ്തുവിലേക്കു വരുന്നതിന് അതു തടസ്സമായി നിൽക്കുന്നു.

C. എനിക്കെന്തു ചെയ്യാൻ കഴിയും? (ഈ ഭാഗം "വംശീയ ബന്ധങ്ങൾ" എന്ന പേരിൽ ക്രിസ്ത്യൻ ലൈഫ് കമ്മീഷൻ പ്രസിദ്ധീകരിച്ച ഒരു ലഘുലേഖയിൽ നിന്നും എടുത്തിട്ടുള്ളതാണ്).

**"വ്യക്തിപരമായ നിലയിൽ"**

★ വംശീയ വിഷയം പരിഹരിക്കുന്നതിനോടുള്ള ബന്ധത്തിൽ നിങ്ങളുടെ ഉത്തരവാദിത്തം അംഗീകരിക്കുക.
★ മറ്റു വംശത്തിൽ പെട്ടവരോടു ചേർന്ന് പ്രാർത്ഥിക്കുകയും വചനം പഠിക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്യുന്നതിലൂടെ നിങ്ങളുടെ വംശീയ മുൻവിധി ഒഴിവാക്കാൻ ഉത്സാഹിക്കുക.
★ വംശീയ വിദ്വേശം ജ്വലിപ്പിക്കുന്നവരോടു പ്രത്യേകിച്ചും നിങ്ങളുടെ വ്യക്തിപരമായ ബോധ്യം വെളിപ്പെടുത്തുക.

**"കുടുംബജീവിതത്തിൽ"**

★ മറ്റു വംശക്കാരോടുള്ള മനോഭാവം വികസിപ്പിക്കുന്നതിൽ കുടുംബസ്വാധീനത്തിന്റെ പ്രാധാന്യം തിരിച്ചറിയുക.
★ വീടിനു വെളിയിൽ കേൾക്കുന്ന വംശീയ വിഷയങ്ങളെക്കുറിച്ചു മക്കളും മാതാപിതാക്കളുമായി സംസാരിക്കുന്നതിലൂടെ ക്രിസ്തീയ മനോഭാവം വികസിപ്പിക്കുവാൻ ശ്രമിക്കുക.
★ മറ്റു വംശങ്ങളിൽ പെട്ട ആളുകളോടുള്ള ബന്ധത്തിൽ ക്രിസ്തീയ മാതൃക കാണിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധാലുക്കളായിരിക്കണം.

★ വംശീയ രേഖകൾക്കപ്പുറത്തേക്ക് കുടുംബസൗഹൃദം നീട്ടുന്നതിനുള്ള അവസരങ്ങൾ തേടുക.

**"നിങ്ങളുടെ സഭയിൽ"**

★ വംശീയതയോടു ബന്ധപ്പെട്ട വേദപുസ്തക സത്യങ്ങൾ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിലൂടെ മുഴുവൻ സമൂഹത്തിനും മാതൃകയായിരിപ്പാൻ സഭയെ പ്രചോദിപ്പിക്കുവാൻ കഴിയും.

★ സഭയിലൂടെയുള്ള ആരാധന, കൂട്ടായ്മ, ശുശ്രൂഷകൾ എന്നിവ സകലർക്കും സംബന്ധിക്കാവുന്നതായിരിക്കണം; പുതിയനിയമ സഭകളിൽ വംശീയ അതിർവരമ്പുകൾ ഇല്ലായിരുന്നു (എഫെ. 2:11-12; ഗലാ. 3:26-29).

**"ദൈനംദിന ജീവിതത്തിൽ"**

★ തൊഴിൽ മേഖലയിൽ വംശീയ വേർതിരിവ് ഇല്ലാതാക്കുവാൻ സഹായിക്കുക.

★ തുല്യ അവകാശവും അവസരങ്ങളും ഉറപ്പാക്കുന്നതിന് എല്ലാത്തരത്തിലുമുള്ള സാമൂഹിക സംഘടനകളിലൂടെ പ്രവർത്തിക്കുക. ഓർമ്മിക്കുക, ആളുകളെയല്ല ആക്രമിക്കേണ്ടത്, വംശീയ പ്രശ്നത്തെയാണ്. പരസ്പരം മനസ്സിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യം, കൈപ്പ് സൃഷ്ടിക്കുന്നതായിരിക്കരുത്.

★ ബുദ്ധിപരമെന്നു തോന്നിയാൽ പൊതുജനത്തിന്റെ വിദ്യാഭ്യാസത്തിനായും വംശീയ സഹവർത്തിത്വം പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾക്കുവേണ്ടിയും സമൂഹത്തിൽ അഭിപ്രായ സമന്വയം ഉളവാക്കുക എന്ന ഉദ്ദേശ്യത്തോടെ താല്പര്യമുള്ള പൗരന്മാരുടെ ഒരു പ്രത്യേക കമ്മറ്റി രൂപീകരിക്കുക.

★ വംശീയ നീതിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിയമങ്ങൾ പാസ്സാക്കുന്നതിനായി നിയമനിർമ്മാണ സഭയെയും നിയമസഭാ സാമാജികരെയും പിന്തുണയ്ക്കുകയും രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി മുൻവിധിയെ ചൂഷണം ചെയ്യുന്നവരെ എതിർക്കുകയും ചെയ്യുക.

★ വിവേചനം കൂടാതെ നിയമം നടപ്പാക്കുന്ന ഉദ്യോഗസ്ഥന്മാരെ അഭിനന്ദിക്കുക.

★ അതിക്രമത്തെ അപലപിക്കുകയും നിയമത്തെ മാനിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക; നിയമ സംവിധാനങ്ങൾ വിവേചനത്തെ പ്രോത്സാഹിപ്പിക്കുന്നവരുടെ കയ്യിലെ ഉപകരണങ്ങളായി തീരാതിരിക്കുവാൻ ഒരു ക്രിസ്തീയ പൗരനെന്ന നിലയിൽ സാധ്യമായതെല്ലാം ചെയ്യുക.

★ സകല മാനുഷിക ബന്ധങ്ങളിലും ക്രിസ്തുവിന്റെ ആത്മാവും മനസ്സും വെളിപ്പെടുത്തുക.

**റോമർ 2:12-16**

**[12]ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണം കൂടാതെ നശിച്ചുപോകും; ന്യായപ്രമാണം ഉണ്ടായിട്ടു പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും. [13]ന്യായ
പ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ; ന്യായപ്രമാണം ആചരിക്കുന്നവരത്രേ
നീതീകരിക്കപ്പെടുന്നതു. [14]ന്യായപ്രമാണമില്ലാത്ത ജാതികൾ ന്യായപ്രമാണത്തിലുള്ളതു സ്വഭാവത്താൽ ചെയ്യുമ്പോൾ ന്യായപ്രമാണമില്ലാത്ത അവർ തങ്ങൾക്കു തന്നേ ഒരു ന്യായപ്രമാണം ആകുന്നു.
[15]അവരുടെ മനസ്സാക്ഷികൂടെ സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തുംകൊണ്ടു അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തി തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു; [16]ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ
എന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നേ.**

2:12 **"ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ ഒക്കെയും"** ആളുകൾ പഴയനിയമമോ സുവിശേഷമോ കേട്ടിട്ടില്ല എന്നിരുന്നാലും ദൈവം സകലമനുഷ്യരെയും ഉത്തരവാദികളായി പിടിക്കും. സകല മനുഷ്യർക്കും സൃഷ്ടിയിൽ നിന്നും (ഒ.നോ. 1:19-20; സങ്കീ. 19:1-6) അവന്റെ സഹജമായ ധാർമ്മിക ബോധത്തിൽ നിന്നും (ഒ. നോ. 2:14-15). ദൈവത്തെക്കുറിച്ച് അറിവു ലഭിച്ചിട്ടുണ്ട്. എന്നാൽ എല്ലാവരും തങ്ങൾക്കു ലഭിച്ച വെളിച്ചത്തെ മനപ്പൂർവ്വം ലംഘിച്ചു എന്നതാണ് ദുരന്തം (ഒ.നോ. 1:21-23; 3:9,19,23; 11:32; ഗലാ. 3:22).

▣ **"ന്യായപ്രമാണം"** "ന്യായപ്രമാണം" എന്നതിന് വിവേചക ഭേദം ഇല്ല. വ്യാകരണ ഘടന സാധാരണയായി നാമരൂപത്തിന്റെ ഗുണത്തെ ഊന്നിപ്പറയുന്നു. എന്നിരുന്നാലും റോമാലേഖനത്തിൽ പൗലൊസ് "ന്യായപ്രമാണം" ഉപയോഗിക്കുന്നത് നിരവധി വ്യത്യസ്ത കാര്യങ്ങൾക്കാണ്.

1. റോമൻ നിയമം
2. മോശൈക ന്യായപ്രമാണം
3. മനുഷ്യന്റെ പൊതുവായ സാമൂഹിക ധാർമ്മിക സങ്കല്പം

വിവേചക ഭേദകമല്ല, സന്ദർഭമാണ് ഏതെന്നു നിശ്ചയിക്കുന്നത്. ഈ സന്ദർഭം വ്യക്തമാക്കുന്നത് സകല മനുഷ്യർക്കും തങ്ങളുടെ ഹൃദയത്തിൽ ദൈവത്തെക്കുറിച്ചുള്ള അവന്റെ പ്രകൃതിയിലെ വെളിപ്പാടിനെ സംബ

ഡിച്ച് ഒരു അറിവ് ഉണ്ടെന്നാണ് (ഒ.നോ. വാ.15).

**2:13 "ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ"** "കേൾക്കുന്നവർ" എന്ന പദം സൂചിപ്പിക്കുന്നത് (1) റബ്ബിമാരുടെ കീഴിൽ ന്യായപ്രമാണം പഠിക്കുന്നവർ എന്ന അർത്ഥത്തിൽ റബ്ബിമാർ ഉപയോഗിക്കുന്ന പദം അല്ലെങ്കിൽ (2) സിനഗോഗിൽ തിരുവെഴുത്തുകൾ വായിക്കുന്നത് കേൾക്കുന്നവർ. ഓർക്കുക, കൊയ്നേ ഗ്രീക്കിൽ എഴുതുന്ന എബ്രായ ചിന്തകരാണ് പു.നി. എഴുത്തുകാർ. അതിനാൽ വിശകലനം ഗ്രീക്ക് ശബ്ദതാരാവലിയിലല്ല സെപ്റ്റ്വജിന്റിൽ ആണ് ആരംഭിക്കേണ്ടത്.

"നീതിമാൻ" അല്ലെങ്കിൽ "നീതീകരിക്കപ്പെട്ടവൻ" (*ഡികി-δικι* എന്നതിന്റെ വിവിധ രൂപങ്ങൾ) എന്നത് പൗലൊസിന്റെ ദൈവശാസ്ത്രത്തിലെ നിർണായക പദമാണ് (ഒ.നോ. 3:4,20,24,26,28,30; 4:2,5; 5:19; 6:7; 8:30,33). "നീതിമാൻ," "നീതീകരിക്കുക," "നീതീകരണം" "നിരപ്പാകുക," "നീതി" എന്നീ പദങ്ങളെല്ലാം *ഡികായിയോസ്* എന്ന പദത്തിൽ നിന്നുണ്ടായതാണ്. 1:17ലെ പ്രത്യേക പഠനവിഷയം: നീതി കാണുക. എബ്രായയിൽ (*റ്റ്സദാഗ്,* BDB 843) അത് യഥാർത്ഥത്തിൽ സൂചിപ്പിക്കുന്നത് ഭിത്തികൾ, വേലികൾ തുടങ്ങിയ വസ്തുക്കളെ അളക്കുന്നതിനുപയോഗിക്കുന്ന നേരെയുള്ളതും നീളം കൂടിയതുമായ (15-20 അടി) ഓടത്തണ്ടിനെയാണ്. ഇത് ന്യായവിധിയുടെ മാനദണ്ഡം എന്ന നിലയിൽ ആലങ്കാരികമായി ദൈവത്തെ സൂചിപ്പിക്കുന്നതിനുള്ള പദമായിത്തീർന്നു.

പൗലൊസിന്റെ എഴുത്തുകളിൽ ഈ പദത്തിന് രണ്ട് ഊന്നലുകളാണുള്ളത്. ഒന്ന്, ദൈവത്തിന്റെ നീതി, ക്രിസ്തുവിലുള്ള വിശ്വാസത്താൽ പാപികളായ മനുഷ്യവർഗത്തിനു സൗജന്യമായി നൽകുന്നു. ഇതിനെ പലപ്പോഴും കണക്കിടുന്ന നീതി അല്ലെങ്കിൽ ഫൊറൻസിക് നീതി എന്നു വിളിക്കുന്നു. ഇത് നീതിമാനായ ദൈവമുമ്പാകെയുള്ള ഒരുവന്റെ നിയമപരമായ നില്പിനെ കാണിക്കുന്നു. ഇതാണ് പൗലൊസിന്റെ പ്രസിദ്ധമായ "വിശ്വാസത്താൽ കൃപമൂലുള്ള നീതീകരണം" എന്ന വിഷയത്തിന്റെ അടിസ്ഥാനം.

രണ്ട്, പാപിയായ മനുഷ്യനെ തന്റെ സ്വരൂപത്തിലേക്ക് (ഒ.നോ. ഉല്പ. 1:26-27) മടക്കി കൊണ്ടുവരുന്നതിനുള്ള ദൈവിക പ്രവൃത്തി അല്ലെങ്കിൽ മറ്റൊരു രീതിയിൽ പറഞ്ഞാൽ ക്രിസ്തുവിന്റെ സാദൃശ്യം അവനിലുളവാക്കുക. ഈ വാക്യം - മത്താ. 7:24; ലൂക്കൊ. 8:21; 11:28; യോഹ. 13:17; യാക്കോ. 1:22-23,25 എന്നിവ പോലെ - വിശ്വാസികളെ കേവലം കേൾക്കുന്നവരായി മാത്രം ഇരിക്കാതെ പ്രവർത്തിക്കുന്നവരായിരിക്കാൻ ആഹ്വാനം ചെയ്യുന്നു. കണക്കിടപ്പെട്ട നീതി (നീതീകരണം) നീതിപൂർവ്വമായ ജീവിതത്തിന് (വിശുദ്ധീകരണം) കാരണമായിത്തീരണം. ദൈവം പാപികളോടു ക്ഷമിക്കുകയും അവരെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. പൗലൊസിന്റെ ഉപയോഗം നിയമപരവും ധാർമ്മികവുമാണ്. പുതിയ നിയമം മനുഷ്യന് ഒരു നിയമപരമായ നില്പ് നൽകുന്നതോടൊപ്പം ഭക്തിനിർഭര ജീവിതശൈലി ആവശ്യപ്പെടുകയും ചെയ്യുന്നു. അത് സൗജന്യമാണ് പക്ഷേ വിലയുള്ളതാണ്.

▣ **"ന്യായപ്രമാണം ആചരിക്കുന്നവരത്രേ"** ദൈവം ഒരു പുതിയ അനുസരണ ജീവിതശൈലി ആവശ്യപ്പെടുന്നു (ഒ.നോ. ലേവ്യ. 18:5; മത്താ. 7:24-27; 2:14-28). വിവിധ നിലകളിൽ ഈ ആശയം എബ്രായ പദമായ *ഷേമ* യുടെ അനുകരണമാണ് (BDB 1033). അതിനർത്ഥം ചെയ്യുന്നതിനുവേണ്ടി കേൾക്കുക എന്നാണ് (ഒ.നോ. ആവ. 5:1; 6:4; 9:1; 20:3; 27:9-10).

**2:14**

**NASB** **"ന്യായപ്രമാണമില്ലാത്ത ജാതികൾ ന്യായപ്രമാണത്തിലെ കാര്യങ്ങൾ സ്വഭാവത്താൽ ചെയ്യുമ്പോൾ, ന്യായപ്രമാണമില്ലാത്ത അവർ തങ്ങൾക്കു തന്നേ ഒരു ന്യായപ്രമാണം ആകുന്നു"**

**NKJV** **"ന്യായപ്രമാണമില്ലാത്ത ജാതികൾ, ന്യായപ്രമാണത്തിലടങ്ങിയിരിക്കുന്ന കാര്യങ്ങൾ പ്രകൃത്യാ ചെയ്യുമ്പോൾ, ന്യായപ്രമാണമില്ലെങ്കിലും അവർ തങ്ങൾക്കു തന്നേ ഒരു ന്യായപ്രമാണമാകുന്നു"**

**NRSV** **"ന്യായപ്രമാണം സ്വന്തമല്ലാത്ത ജാതികൾ ന്യായപ്രമാണം ആവശ്യപ്പെടുന്നവ സഹജവാസനയാൽ ചെയ്യുമ്പോൾ, ന്യായപ്രമാണമില്ലെങ്കിലും അവർ അവർക്കു തന്നെ ന്യായപ്രമാണമാകുന്നു"**

**TEV** **"ജാതികൾക്കു ന്യായപ്രമാണമില്ല, എങ്കിലും അവർ എപ്പോഴെങ്കിലും സ്വന്ത ഇച്ഛയാൽ ന്യായപ്രമാണം കല്പിക്കുന്ന കാര്യങ്ങൾ ചെയ്യുന്നുവെങ്കിൽ, അവർക്ക് ന്യായപ്രമാണമില്ലെങ്കിലും അവർ തങ്ങൾക്കു തന്നേ ഒരു ന്യായപ്രമാണം ആകുന്നു"**

**NJB** **"ഉദാഹരണമായി, ന്യായപ്രമാണത്തെക്കുറിച്ച് ഒരിക്കലും കേട്ടിട്ടില്ലാത്ത ജാതികൾ, സഹജബുദ്ധിയാൽ ന്യായപ്രമാണം കല്പിക്കുന്നതു ചെയ്യാൻ പ്രേരിപ്പിക്കപ്പെടുമ്പോൾ, യഥാർത്ഥമായി ന്യായപ്രമാണം അവരുടെ പക്കൽ ഇല്ലെങ്കിലും അവർ ന്യായപ്രമാണം ആകുന്നു എന്നു പറയാവുന്നതാണ്"**

എല്ലാ സംസ്കാരങ്ങൾക്കും ഒരു ആന്തരിക സാന്മാർഗ്ഗിക പ്രമാണം, ഒരു സാമൂഹിക നിയമം ഉണ്ട്. അവർ തങ്ങൾക്കു ലഭിച്ച വെളിച്ചത്തിന് ഉത്തരവാദികളാണ് (ഒ.നോ. 1 കൊരി. 9:21). അവർ അവരുടെ സംസ്കാരത്തിന്റെ വെളിച്ചത്തിൽ ജീവിച്ചാൽ ദൈവവുമായി ശരിയായ ബന്ധത്തിലാണ് എന്നു സൂചിപ്പിക്കുകയല്ല ഈ വാക്യത്തിന്റെ ഉദ്ദേശ്യം, മറിച്ച് ദൈവത്തെക്കുറിച്ചുള്ള തങ്ങളുടെ ആന്തരിക അറിവിന് അവർ ഉത്തരവാദികളാണ് എന്നാണ്.

**2:15 "അവരുടെ മനസാക്ഷികൂടെ സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തുകൊണ്ട്"** എല്ലാവരുടെയും ഉള്ളിൽ ഒരു ആന്തരിക സാന്മാർഗ്ഗിക ശബ്ദമുണ്ട്. എന്നാൽ ആത്മാവിനാൽ പ്രകാശിപ്പിക്കപ്പെട്ട തിരുവെഴുത്തുകൾ മാത്രമേ പൂർണ്ണമായി ആശ്രയിക്കാവുന്നതായിട്ടുള്ളൂ. വീഴ്ച നമ്മുടെ മനസ്സാക്ഷിയെ സ്വാധീനിച്ചു. എങ്കിലും സൃഷ്ടിയും (1:18-20) ഈ ആന്തരിക സാന്മാർഗിക നിയമവും

(2:14-15) മാത്രമാണ് ചില മനുഷ്യർക്ക് ആകെയുള്ള ദൈവത്തെക്കുറിച്ചുള്ള അറിവ്. "മനസ്സാക്ഷി' (*സുനെയ്ഡീസിസ്-συνειδησις*) എന്നതിനുള്ള ഗ്രീക്കു പാദത്തിന് തുല്യമായ എബ്രായപദമില്ല. നന്മതിന്മകളെക്കുറിച്ചുള്ള ആന്തരിക സാന്മാർഗ്ഗികബോധം എന്ന ഗ്രീക്ക് സങ്കല്പം പലപ്പോഴും സ്റ്റോയിക് തത്വചിന്തകന്മാർ ചർച്ച ചെയ്തിരുന്നു. പൗലൊസ് തർസ്സൊസിലെ തന്റെ പ്രാരംഭ വിദ്യാഭ്യാസ കാലത്ത് ഗ്രീക്കു തത്വചിന്തകന്മാരെ പരിചയപ്പെട്ടിരിക്കാം (അവൻ പ്രവൃ. 17:28 ൽ ക്ലീന്തസിനെയും 1 കൊരി. 15:33 ൽ മെനാൻഡറിനെയും തീത്തൊ. 1:12ൽ എപ്പിമെസിഡസിനെയും ഉദ്ധരിച്ചിട്ടുണ്ട്). അവന്റെ ജന്മനഗരം ഗ്രീക്ക് പ്രഭാഷണകലയുടെയും തത്വചിന്തയുടെയും മികവുറ്റ കലാലയങ്ങൾകൊണ്ടു പ്രസിദ്ധമായിരുന്നു.

**2:16 "നാളിൽ"** 2:5 ന്റെ കുറിപ്പ് കാണുക.

▣ **"യേശുക്രിസ്തു മുഖാന്തരം"** യേശു ന്യായാധിപനായല്ല വന്നത് (ഒ.നോ. യോഹ. 3:17-21). അവൻ ദൈവത്തെ പിതാവായി വെളിപ്പെടുത്തുന്നതിനും പാപപരിഹാരമായി മരിക്കുന്നതിനും വിശ്വാസികൾക്ക് പിന്തുടരാൻ ഒരു മാതൃക നൽകുന്നതിനുമാണ് വന്നത്. ആളുകൾ യേശുവിനെ നിരസിക്കുമ്പോൾ അവർ തങ്ങളെത്തന്നെ ന്യായം വിധിക്കുകയാണ്.

എന്നിരുന്നാലും, യേശു ന്യായവിധിയിൽ പിതാവിന്റെ പ്രതിനിധിയായി പ്രവർത്തിക്കുമെന്നും പുതിയ നിയമം പഠിപ്പിക്കുന്നു (ഒ.നോ. യോഹ. 5:22,27; പ്രവൃ. 10:42; 17:31; 2 തിമൊ. 4:1). യേശു ന്യായാധിപനും രക്ഷകനും എന്നിവ തമ്മിലുള്ള സംഘർഷം യോഹന്നാന്റെ സുവിശേഷത്തിൽ കാണാം (ഒ.നോ. 3:17-21 – 9:39).

▣ **"ദൈവം മനുഷ്യരുടെ രഹസ്യങ്ങളെ... ന്യായം വിധിക്കുന്ന"** ദൈവം സകല ആളുകളുടെയും രഹസ്യങ്ങൾ അറിയുന്നു (ഒ.നോ. 1 ശമൂ. 2:7; 16:7; 1 രാജാ. 8:39; 1 ദിന. 28:9; 2 ദിന. 6:30; സങ്കീ. 7:9; 44:21; 139:1-6; സദൃ. 15:11; 21:2; യിരെ. 11:20; 17:10; 20:12; ലൂക്കൊ. 15:16; പ്രവൃ. 1:24; 15:8; റോമ. 8:27; വെളി. 2:23). പിതാവ് പുത്രന്റെ മധ്യസ്ഥതയിലൂടെ പ്രേരണയെയും പ്രവൃത്തിയെയും നിയമപരിധിക്കുള്ളിൽ കൊണ്ടുവരും (ഒ.നോ. മത്താ. 25:31-46; വെളി. 20:11-15).

▣ **"എന്റെ സുവിശേഷ പ്രകാരം"** സന്ദർഭത്തിൽ നിന്നും ഇത് യേശുക്രിസ്തുവിന്റെ വെളിപ്പാടിനെക്കുറിച്ചുള്ള പൗലൊസിന്റെ പ്രസംഗത്തെയാണു പരാമർശിക്കുന്നതെന്നു മനസിലാക്കാം. "എന്റെ" എന്ന സർവ്വനാമം തന്നിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന സുവിശേഷത്തിന്റെ കാര്യവിചാരകത്വത്തെക്കുറിച്ചുള്ള പൗലൊസിന്റെ അറിവിനെ ധ്വനിപ്പിക്കുന്നു (ഒ.നോ. 16:25; 1 കൊരി. 15:1; ഗലാ. 1:11; 1 തിമൊ. 1:11; 2 തിമൊ. 2:8). അത് അവന്റേതു മാത്രമായിരിക്കുന്നില്ല, എങ്കിലും ജാതികളുടെ അപ്പൊസ്തലനെന്ന നിലയിൽ, യേശുവിനെക്കുറിച്ചുള്ള സത്യം ഗ്രീക്ക്-റോമൻ ലോകത്ത് പ്രചരിപ്പിക്കുവാനുള്ള ബൃഹത്തായ ഉത്തരവാദിത്വത്തിന്റെ ബോധ്യം അവന് അനുഭവപ്പെട്ടിരുന്നു.

### റോമർ 2:17-24

**[17]നീയോ യെഹൂദൻ എന്നു പേർകൊണ്ടും ന്യായപ്രമാണത്തിൽ ആശ്രയിച്ചും [18]ദൈവത്തിൽ
പ്രശംസിച്ചും ന്യായപ്രമാണത്തിൽനിന്നു പഠിക്കയാൽ അവന്റെ ഇഷ്ടം അറിഞ്ഞും ഭേദാഭേദങ്ങൾ
വിവേചിച്ചും [19]ജ്ഞാനത്തിന്റെയും സത്യത്തിന്റെയും സ്വരൂപം ന്യായപ്രമാണത്തിൽനിന്നു നിനക്കു
ലഭിച്ചതുകൊണ്ടു [20]നീ കുരുടർക്കു വഴി കാട്ടുന്നവൻ, ഇരുട്ടിലുള്ളവർക്കു വെളിച്ചം, മൂഢരെ പഠിപ്പി
ക്കുന്നവൻ, ശിശുക്കൾക്കു ഉപദേഷ്ടാവു എന്നു ഉറെച്ചുമിരിക്കുന്നെങ്കിൽ--[21]ഹേ, അന്യനെ
ഉപദേശിക്കുന്നവനേ, നീ നിന്നെത്തന്നേ ഉപദേശിക്കാത്തതു എന്തു? മോഷ്ടിക്കരുതു എന്നു പ്രസംഗി
ക്കുന്ന നീ മോഷ്ടിക്കുന്നുവോ? [22]വ്യഭിചാരം ചെയ്യരുതു എന്നു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ?
വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ? [23]ന്യായപ്രമാണത്തിൽ പ്രശംസിക്കുന്ന
നീ ന്യായപ്രമാണലംഘനത്താൽ ദൈവത്തെ അപമാനിക്കുന്നുവോ? [24]"നിങ്ങൾനിമിത്തം ദൈവത്തിന്റെ
നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലോ.**

**2:17 "ന്യായപ്രമാണം"** വാ. 17 മുതൽ യെഹൂദനെക്കുറിച്ചു പരാമർശിക്കുന്നതിനാൽ "ന്യായപ്രമാണം" എന്ന പദം ഈ സന്ദർഭത്തിൽ മോശൈക ന്യായപ്രമാണത്തെ സൂചിപ്പിക്കുന്നു. ഇത് പരിച്ഛേദനയെക്കുറിച്ചു പറയുന്ന വാ. 25 നാൽ സ്ഥിരീകരിക്കപ്പെടുന്നു.

▣ **"ദൈവത്തിൽ പ്രശംസിച്ചും"** അനേക യെഹൂദന്മാർ പ്രശംസിക്കുന്നത് (1) അബ്രാഹാമിൽ നിന്നുള്ള അവരുടെ വംശപാരമ്പര്യത്തിലും (2) ദൈവത്താൽ അംഗീകരിക്കപ്പെടുന്നതിനുള്ള മാർഗ്ഗമെന്ന നിലയിൽ മോശൈക ന്യായപ്രമാണത്തിന്റെ വ്യക്തിപരമായ ആചരണത്തിലും. എങ്കിലും അവരുടെ സ്വയ-നീതീകരണ നിയമവാദം അവരെ ദൈവത്തിൽ നിന്ന് അകറ്റിക്കളഞ്ഞു (ഒ.നോ. മത്താ. 5:20; ഗലാ. 3). എന്തൊരു ദുഃഖകരമായ വൈരുധ്യം!

പ്രശംസിക്കുക എന്ന ആശയം പൗലൊസ് 1 കൊരിന്ത്യരിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. യിസ്രായേലിന്റെയും യവനരുടെയും ധിക്കാരപരമായ ബൗദ്ധികത പൗലൊസ് അഭിമുഖീകരിച്ചിട്ടുണ്ട്. ഒരു ജഡത്തിനും ദൈവസന്നിധിയിൽ പ്രശംസിക്കാനാവില്ല എന്നതാണ് അടിസ്ഥാന രേഖ.

## പ്രത്യേക പഠനവിഷയം: പ്രശംസിക്കൽ

*കൗഖാഓമായി* (***καυχαομαι***), *കൗഖീമാ* (***καυχημα***), *കൗഖീസിസ്* (***καυχησις***) എന്നീ ഗ്രീക്കു പദങ്ങൾ പൗലൊസ് 35 പ്രാവശ്യവും പുതിയ നിയമത്തിന്റെ ബാക്കി ഭാഗങ്ങളിൽ 2 പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ട് (രണ്ടും യാക്കോബിൽ). അത് ഏറ്റവും അധികം കാണുന്നത് 1, 2 കൊരിന്ത്യരിലാണ്.

പ്രശംസിക്കുന്നതിനോടു ബന്ധപ്പെട്ട് രണ്ടു പ്രധാന സത്യങ്ങളുണ്ട്.

★ ഒരു ജഡത്തിനും ദൈവസന്നിധിയിൽ പ്രശംസിക്കാനാവില്ല (ഒ.നോ. 1 കൊരി. 1:29; എഫെ. 2:9).

★ വിശ്വാസികൾ കർത്താവിൽ പ്രശംസിക്കണം (ഒ.നോ. 1 കൊരി. 1:31; 2 കൊരി. 10:17; അത് യിരെ. 9:23-24 ന്റെ സൂചനയാണ്).

അതിനാൽ യോഗ്യമായതും അയോഗ്യമല്ലാത്തതുമായ പ്രശംസ ഉണ്ട് (അഹന്ത).

A. യോഗ്യമായത്
1. തേജസ്സിന്റെ പ്രത്യാശയിൽ (ഒ.നോ. റോമ. 4:2)
2. കർത്താവായ യേശുവിലൂടെ ദൈവത്തിൽ (ഒ.നോ. റോമ. 5:11)
3. കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ (അതാ. പൗലൊസിന്റെ മുഖ്യവിഷയം, ഒ.നോ. 1 കൊരി. 1:17-18; ഗലാ. 6:14)
4. പൗലൊസ് പ്രശംസിക്കുന്നത്
    a. പ്രതിഫലം വാങ്ങാതെ ചെയ്യുന്ന തന്റെ ശുശ്രൂഷയിൽ, (ഒ.നോ. 1 കൊരി. 9:15; 2 കൊരി. 10:12)
    b. ക്രിസ്തുവിൽ നിന്നു ലഭിച്ച അധികാരത്തിൽ (ഒ.നോ. 2 കൊരി. 10:8,12)
    c. മറ്റുള്ളവരുടെ പ്രയത്നത്തിൽ താൻ പ്രശംസിക്കാതിരിക്കുന്നതിൽ (കൊരിന്തിലുള്ള ചിലർ ചെയ്യുന്നതുപോലെ ഒ.നോ. 2 കൊരി. 10:15)
    d. അവന്റെ വംശീയ പൈതൃകത്തിൽ (കൊരിന്തിലുള്ള മറ്റുള്ളവർ ചെയ്യുന്നതുപോലെ, ഒ.നോ. 2 കൊരി. 11:17; 12:1,5,6).
    e. അവന്റെ സഭകളിൽ
        1) കൊരിന്ത് (2 കൊരി. 7:4,14; 8:24; 9:2; 11:10)
        2) തെസ്സലൊനീക്യ (ഒ.നോ. 2 തെസ്സ. 1:4)
        3) ദൈവത്തിന്റെ ആശ്വാസത്തിലും വിടുതലിലും ഉള്ള അവന്റെ ഉറപ്പിൽ (ഒ.നോ. 2 കൊരി. 1:12)

B. യോഗ്യമല്ലാത്തത്
1. യെഹൂദ പൈതൃകത്തോടുള്ള ബന്ധത്തിൽ (ഒ.നോ. റോമ. 2:17,23; 3:27; ഗലാ. 6:13)
2. കൊരിന്ത്യ സഭയിലുള്ള ചിലരുടെ പ്രശംസ
    a. മനുഷ്യരിൽ (ഒ.നോ. 1 കൊരി. 3:21)
    b. ജ്ഞാനത്തിൽ (ഒ.നോ. 1 കൊരി. 4:7)
    c. സ്വാതന്ത്ര്യത്തിൽ (ഒ.നോ. 1 കൊരി. 5:6)
3. ദുരുപദേഷ്ടാക്കൾ കൊരിന്തിലെ സഭയിൽ പ്രശംസിക്കാൻ ശ്രമിച്ചു (ഒ.നോ. 2 കൊരി. 11:12)

**2:18 "വിവേചിച്ചും"** ഇത് *ഡോക്കിമാഡ്സോ* (***δοκιμαζω***) എന്ന ഗ്രീക്കു പദത്തിന്റെ വർത്തമാനകാല കർത്തരി സൂചകരൂപമാണ്. പരിശോധന എന്നതിനെക്കുറിച്ചുള്ള താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: പരിശോധനയ്ക്കുള്ള ഗ്രീക്കു പദങ്ങളും മറ്റ് അർത്ഥസൂചനകളും

ഒരു ഉദ്ദേശ്യത്തോടെ ഒരുവനെ പരിശോധിക്കുക എന്ന ആശയമുള്ള രണ്ട് ഗ്രീക്കു പദങ്ങളുണ്ട്.

1. *ഡോക്കിമാഡ്സോ (**δοκιμαζω**), ഡോക്കിമിയോൻ (**δοκιμιον**), ഡോക്കിമാസിയ (**δοκιμασια**).* ഒരു വസ്തു യഥാർത്ഥമാണോ എന്നറിയുന്നതിന് (ആലങ്കാരികമായി ഒരു വ്യക്തിയെയും) തീകൊണ്ട് ശോധന ചെയ്യുന്നതിനുപയോഗിക്കുന്ന ലോഹസംസ്കരണ പദമാണിത്. തീ ശരിയായ ലോഹത്തെ വെളിപ്പെടുത്തുകയും കീടത്തെ ഉരുക്കിക്കളയുകയും ചെയ്യുന്നു (ശുദ്ധീകരിക്കുന്നു). ഈ ഭൗതിക പ്രക്രിയ, ദൈവവും/അല്ലെങ്കിൽ സാത്താനും/അല്ലെങ്കിൽ മനുഷ്യനും മറ്റുള്ളവരെ ശോധന ചെയ്യുന്നു എന്നതിനുള്ള ശക്തമായ ശൈലിയായി മാറി. ഈ പദം അംഗീകരിക്കാനുള്ള ഉദ്ദേശ്യത്തോടെ പരിശോധിക്കുക എന്ന സാധകാത്മ അർത്ഥത്തിൽ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ.
   ഇവയെ പരിശോധിക്കുന്നതായി പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു:

a. കാള – ലൂക്കൊ. 14:19
b. നമ്മെത്തന്നെ – 1 കൊരി. 11:28
c. നമ്മുടെ വിശ്വാസം – യാക്കോ. 1:3
d. ദൈവത്തെപ്പോലും – എബ്രാ. 3:9

ഈ പരിശോധനയുടെ ഫലം സാധകാത്മകമെന്ന് അനുമാനിക്കപ്പെടുന്നു (ഒ.നോ. റോമ. 1:28; 14:22; 16:10; 2 കൊരി. 10:18; 13:3; ഫിലി. 2:27; 1 പത്രൊ. 1:7) അതിനാൽ പദം സൂചിപ്പിക്കുന്നത് ഒരുവൻ പരിശോധിക്കപ്പെട്ട് അംഗീകരിക്കപ്പെടുന്നു എന്നാണ്.

a. കൊള്ളാവുന്നവനെന്ന്
b. നല്ലവനെന്ന്
c. സത്യമായതെന്ന്
d. വിലയുള്ളതെന്ന്
e. ബഹുമാനയോഗ്യമെന്ന്

2. *പെയിറാഡ്സോ (**πειραζω**), പെയിറാസ്മുസ് (**πειρασμυς**)*

കുറ്റം കണ്ടെത്തുക, അഥവാ നിരസിക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള പരിശോധനയെ സൂചിപ്പിക്കുന്നു. മരുഭൂമിയിൽ വച്ച് യേശുവിനുണ്ടായ പരീക്ഷയോടു ബന്ധപ്പെട്ട് മിക്കപ്പോഴും ഉപയോഗിക്കപ്പെട്ടിരിക്കുന്നു.

a. യേശുവിനെ കുടുക്കുവാനുള്ള ശ്രമത്തെ സൂചിപ്പിക്കുന്നു (ഒ.നോ. മത്താ. 4:1; 16:1; 19:3; 22:18,35; മർക്കൊ. 1:13; ലൂക്കൊ. 4:38; എബ്രാ. 2:18).
b. ഈ പദം (*പെയിറാഡ്സോൺ-**πειραζον***) സാത്താന്റെ പേരായി ഉപയോഗിച്ചിരിക്കുന്നു (മത്താ. 4:3; 1 തെസ്സ. 3:5)
c. ദൈവത്തെ പരീക്ഷിക്കരുത് എന്ന മുന്നറിയിപ്പായി യേശു ഇതുപയോഗിച്ചു (ഒ.നോ. മത്താ. 14:7; ലൂക്കൊ. 4:12 [അഥവാ ക്രിസ്തുവിനെ, ഒ.നോ. 1 കൊരി. 10:9]). പരാജയപ്പെട്ട ഒന്ന് ചെയ്യുന്നതിനുള്ള ശ്രമത്തെ സൂചിപ്പിക്കുന്നതിനും ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. പ്രവൃ. 9:20; 20:21; എബ്രാ. 11:29). വിശ്വാസികൾക്കുണ്ടാകുന്ന പരീക്ഷകളെയും പരിശോധനകളെയും സൂചിപ്പിക്കുവാനും ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. 1 കൊരി. 7:5; 10:9,13; ഗലാ. 6:1; 1 തെസ്സ. 3:5; എബ്രാ. 2:18; യാക്കോ. 1:2,13,14; 1 പത്രൊ. 4:12; 2 പത്രൊ. 2:9). ഒരു പ്രത്യേക സമയത്തും സ്ഥലത്തും വെളിപ്പെടുന്നതിനായി ദൈവം മനുഷ്യന്റെ മൂന്നു ശത്രുക്കളെ അനുവദിച്ചിരിക്കുന്നു (അതാ. ലോകം, ജഡം, പിശാച്).

**2:18–20** യെഹൂദ നേതാക്കന്മാർ തങ്ങളുടെ മാർഗ്ഗമാണ് (അവരുടെ യെഹൂദ മതവിഭാഗം) ശരിയായ മാർഗ്ഗമെന്നും ദൈവത്തിങ്കലേക്കുള്ള ഏക മാർഗമെന്നും വിശ്വസിച്ചിരുന്നു. മതസംബന്ധമായ വിഷയങ്ങളിൽ സത്യഗുരുക്കന്മാർ തങ്ങളാണെന്ന് അവർ ഉറച്ചിരുന്നു (ഒ.നോ. മത്താ. 15:14). പദവി ഉത്തരവാദിത്തം കൊണ്ടുവരുന്നു (ഒ.നോ. ലൂക്കൊ. 12:48).

അവരുടെ ആത്മവിശ്വാസത്തോടു ബന്ധപ്പെട്ട സമാന്തര പ്രയോഗങ്ങൾ ശ്രദ്ധിക്കുക (ഒ.നോ. മത്താ. 15:14; 23: 16,24; ലൂക്കൊ. 6:39)

1. കുരുടർക്കു വഴികാട്ടി, വാ. 20
2. ഇരുട്ടിലുള്ളവർക്കു വെളിച്ചം, വാ. 20
3. മൂഢരെ പഠിപ്പിക്കുന്നവൻ, വാ. 20
4. ശിശുക്കൾക്ക് ഉപദേഷ്ടാവ്, വാ. 20
5. ജ്ഞാനത്തിന്റെയും സത്യത്തിന്റെയും സ്വരൂപമായ ന്യായപ്രമാണം ലഭിച്ചവൻ, വാ. 19

▣ **"എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. ഈ വ്യവസ്ഥ വാ. 20 വരെ നീളുന്നു എങ്കിലും ഉപസംഹരിക്കുന്നില്ല. അതിനാൽ TEV അതിനെ പരിഭാഷപ്പെടുത്തുന്നത് യേശുവിനു പറയാൻ കഴിയുന്ന പ്രഖ്യാപനങ്ങൾ എന്ന നിലയിലാണ്. യെഹൂദന്മാർ അവരുടെ വംശപാരമ്പര്യത്തിലും, പാരമ്പര്യങ്ങളിലും, രക്ഷ നേടാൻ സഹായിക്കുന്ന പ്രവൃത്തികളിലും ആശ്രയിച്ചിരുന്നു (ഒ.നോ. മത്താ. 3:9; യോഹ. 8:33,37,39).

**2:21–24** ഒരുവൻ വ്യക്തിപരമായ അനുസരമത്തിൽ ആശ്രയിക്കുന്നുവെങ്കിൽ, ആ അനുസരണം പൂർണ്ണമായിരിക്കണം (ഒ.നോ. മത്താ. 3:20,48; ഗലാ. 3:10 ഇത് ആവ. 27:26 ൽ നിന്നുള്ള ഉദ്ധരണിയാണ്; യാക്കോ. 2:10). വീണുപോയ മനുഷ്യവർഗ്ഗത്തെ സംബന്ധിച്ച് ഇത് അസാധ്യമാണ്. വാ. 21–23 ൽ പൗലൊസ് യെഹൂദ വായനക്കാരോട്/ കേഴ്വിക്കാരോട് ആലങ്കാരികമായ വാഗ്ചാതുരിയോടെ ചോദ്യങ്ങൾ ചോദിക്കുന്നു.

**2:22** വാ. 22–23 ൽ പൗലൊസ് എന്തിനെയാണ് സൂചിപ്പിക്കുന്നതെന്നു ഗ്രഹിക്കാൻ ബുദ്ധിമുട്ടുണ്ട്. വിവരണം പൗലൊസിന്റെ കാലത്തെ മിക്ക യെഹൂദന്മാർക്കും യോജിക്കുന്നതല്ലാത്തതിനാൽ ഈ പാപങ്ങൾ ആത്മീയ അർത്ഥത്തിൽ, മത്താ. 5:20–48 ൽ യേശു ന്യായപ്രമാണത്തെ വ്യാഖ്യാനിച്ച രീതിയിൽ എടുക്കാനുള്ള സാധ്യതയേ കാണു

ന്നുള്ളൂ. *എ തിയോളജി ഓഫ് ദ ന്യൂ ടെസ്റ്റമെന്റിൽ* ജോർജ്ജ് ലാഡ് പറയുന്നു, "പൗലൊസ് സൂചിപ്പിക്കുന്നത്, ദൈവത്തിന് അർഹമായ മഹത്വം കവർന്നുകളയുന്ന ആത്മീയ വ്യഭിചാരത്തെക്കുറിച്ചും തങ്ങളുടെ സഹജീവിക ളുടെമേൽ തങ്ങളെത്തന്നെ ന്യായാധിപതിയും കർത്താവുമായി ഉയർത്തിക്കൊണ്ട് ദൈവത്തിനു മാത്രം ചെയ്യേണ്ട ആരാധനയെ അശുദ്ധമാക്കുന്നതിനെക്കുറിച്ചുമാണ്" (പേ. 505)

**2:22 "വിഗ്രഹങ്ങളെ വെറുക്കുന്ന"** ദുർഗന്ധം നിമിത്തം ഒന്നിൽ നിന്നും അകന്നുപോകുക എന്നതാണ് ഈ പദ ത്തിന്റെ മൂല അർത്ഥം.

▣ **"ക്ഷേത്രം കവർച്ച ചെയ്യുന്നുവോ?"** എന്താണു സൂചിപ്പിക്കുന്നതെന്ന് ചരിത്രപരമായി വ്യക്തമല്ല, എങ്കിലും വിഗ്രഹാരാധനയോടു ബന്ധപ്പെട്ടതായിരിക്കാനാണു സാധ്യത.

**2:23 "പ്രശംസിക്കുന്നു"** 2:17 ലെ പ്രത്യേക പഠനവിഷയം: പ്രശംസിക്കൽ കാണുക.

**2:24** ഇത് യെശ. 52:5 ന്റെ സെപ്റ്റജിന്റിൽ നിന്നുള്ള ഉദ്ധരണിയാണ്. ഉടമ്പടി പാലിക്കുന്നതിന് യിസ്രായേലി നുള്ള ദൈവിക അനുഗ്രഹം (ഒ.നോ. ആവ. 27–28) ലോകത്തിനു മുമ്പാകെയുള്ള സാക്ഷ്യമായിട്ടാണ് ദൈവം ഉദ്ദേശിച്ചത്. എങ്കിലും യിസ്രായേൽ ഒരിക്കലും ഉടമ്പടി പാലിച്ചില്ല, അതിനാൽ ദൈവിക ന്യായവിധി മാത്രമേ ലോകം കണ്ടുള്ളൂ (ഒ.നോ. യെഹെ. 36:22–32). ലോകത്തെ യഹോവയിലുള്ള വിശ്വാസത്തിലേക്കു നയിക്കുന്ന (ഒ.നോ. ഉല്പ. 12:3; എഫെ. 2:11–3:13) പുരോഹിത രാജത്വമായിട്ടാണ് യിസ്രായേൽ വിളിക്കപ്പെട്ടത് (ഒ.നോ. പുറ. 19:5–6). 1:5 ലെ പ്രത്യേക പഠനവിഷയം: ബോബിന്റെ സുവിശേഷവിഹിത മുൻവിധികൾ കാണുക.

**റോമർ 2:25–29**

**[25]നീ ന്യായപ്രമാണം ആചരിച്ചാൽ പരിച്ഛേദന പ്രയോജനമുള്ളതു സത്യം; ന്യായപ്രമാണലംഘി യായാലോ നിന്റെ പരിച്ഛേദന അഗ്രചർമ്മമായിത്തീർന്നു. [26]അഗ്രചർമ്മി ന്യായപ്രമാണത്തിന്റെ നിയമങ്ങ ളെ പ്രമാണിച്ചാൽ അവന്റെ അഗ്രചർമ്മം പരിച്ഛേദന എന്നു എണ്ണുകയില്ലയോ? [27]സ്വഭാവത്താൽ അഗ്ര ചർമ്മിയായവൻ ന്യായപ്രമാണം അനുഷ്ഠിക്കുന്നു എങ്കിൽ അക്ഷരവും പരിച്ഛേദനയുമുള്ള ന്യായപ്രമാണ ലംഘിയായ നിന്നെ അവൻ വിധിക്കയില്ലയോ? [28]പുറമെ യെഹൂദനായവൻ യെഹൂദനല്ല; പുറമെ ജഡത്തിലുള്ളതു പരിച്ഛേദനയുമല്ല; [29]അകമെ യെഹൂദനായവനത്രേ യെഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന; അവന്നു മനുഷ്യരാലല്ല ദൈവത്താൽ തന്നേ പുകഴ്ച ലഭിക്കും.**

**2:25 "പരിച്ഛേദന"** പൗലൊസ് ഇപ്പോഴും ചോദ്യോത്തര രീതി അവലംബിക്കുന്നു. കുറഞ്ഞ പക്ഷം ഞങ്ങൾ പരി ച്ഛേദന ഏറ്റവരല്ലോ (ഒ.നോ. ഉല്പ. 17:10–11) എന്ന ചോദ്യം ഒരുവൻ ഉയർത്തിയേക്കാം. ഞങ്ങൾ അബ്രഹാമിന്റെ വംശത്തിലുള്ളവരാണ്. യെഹൂദന്മാർ വിലമതിക്കുന്ന ഈ അവകാശവാദത്തെ പൗലൊസ് വ്യക്തമായും ശക്ത മായും ഖണ്ഡിക്കുന്നു (ഒ.നോ. മത്താ. 3:7–10; യോഹ. 8:31–59).

ഫെലിസ്ത്യർ ഒഴികെ യിസ്രായേലിന്റെ അയൽക്കാരെല്ലാം പരിച്ഛേദന ഏറ്റവരായിരുന്നു. ആ പ്രവൃത്തി അല്ല പ്രാധാന്യമർഹിക്കുന്നത്; സ്വീകരിക്കുന്നവന്റെ തുടർമാനമായ വിശ്വാസമാണ് വിലയുള്ളത് (ഒ.നോ. വാ. 26–27; ആവ. 10:16; 30:6). എല്ലാ മതചടങ്ങുകളെ സംബന്ധിച്ചും ഇതു സത്യമാണ്. മതവിശ്വാസികളായ ആളുകൾക്ക് ദൈവിക ഉടമ്പടിയുടെ അനുഗ്രഹങ്ങൾ വേണം, പക്ഷേ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ അവർക്കു വയ്യ.

**2:25–26 "...ച്ചാൽ... ച്ചാൽ... എങ്കിൽ"** സാധ്യമായ ഭാവി പ്രവൃത്തിയെ സൂചിപ്പിക്കുന്ന മൂന്ന് മൂന്നാംതര സോപാ ധിക വാചകങ്ങൾ ഇവിടെയുണ്ട്. അധ്യായം 2 ലെ പൗലൊസിന്റെ വാദത്തിന്റെ താക്കോൽ അനുസരണമാണ് (ഒ.നോ. ഗലാ. 3). അനുസരണം രക്ഷയുടെ ഫലമാണ്. എന്നാൽ കൃപയാണ് അടിസ്ഥാനം (ഒ.നോ. എഫെ. 2:8–10).

**2:26–27** ചില ജാതികൾ തങ്ങൾക്കു ലഭിച്ച വെളിച്ചത്തോടു പ്രതികരിച്ചു എന്ന പ്രത്യാശ ഈ വാക്യങ്ങൾ പുലർത്തുന്നു (വാ. 26 ൽ വ്യാകരണം "അതേ" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു). ഇതിന് ഏറ്റവും സാധ്യത യുള്ള വേദപുസ്തക മാതൃക പ്രവൃ. 10 ലെ കൊർന്നേല്യൊസ് ആണ്. എങ്കിലും അവൻ ഈ വാക്യത്തിനു പൂർണ്ണമായും യോജിക്കുന്നില്ല, കാരണം അവൻ ദൈവഭക്തനും പ്രാദേശിക സിനഗോഗിൽ ആരാധിച്ചുവന്നിരുന്ന വനും ആയിരുന്നു.

യെഹൂദനു രക്ഷ ആവശ്യമാണ് എന്നതു സംബന്ധിച്ച പൗലൊസിന്റെ വാദത്തെ പിന്തുണയ്ക്കുന്നതാണ് യഥാർത്ഥത്തിൽ ഈ വാക്യങ്ങൾ. ക്രിസ്തുവിനെ കൂടാതെ സകല മനുഷ്യരും ആത്മികമായി മരിച്ചവരാണ് എന്ന സംക്ഷിപ്തമാണ് റോമ. 3:23. സൃഷ്ടിയിൽ നിന്നും ആന്തരിക ധാർമ്മിക ബോധത്തിൽ നിന്നും തങ്ങൾക്കു ലഭിച്ച വെളിച്ചത്തിനനുസരിച്ച് ജീവിക്കുന്ന ജാതികൾ ഉണ്ടെങ്കിൽ അവർക്ക് ക്രിസ്തുവിനോട് പ്രതികരിക്കാൻ അവസരം ദൈവം പ്രദാനം ചെയ്യും – ഏതെങ്കിലും വിധത്തിൽ, ഏതെങ്കിലും മാർഗത്തിൽ, എപ്പോഴെങ്കിലും.

**2:28–29 "യെഹൂദനല്ല... അത്രേ യെഹൂദൻ"** ഇത് അതീവ പ്രാധാന്യമുള്ള ഒരു ചർച്ചയാണ്, കാരണം ചില ആധുനിക ദൈവശാസ്ത്ര സമൂഹങ്ങൾ പഴയനിയമ ദൈവജനത്തെ പുതിയ നിയമ ദൈവജനത്തിൽ നിന്നും വേർതിരിക്കുവാനോ മാറ്റിനിർത്താനോ ശ്രമിക്കാറുണ്ട്. ഒരൊറ്റ ഉടമ്പടിയും ഒരൊറ്റ ജനതയുമേയുള്ളൂ (ഒ.നോ.

റോമ. 9:6; ഗലാ. 3:7–9, 29; 6:16; 1 പത്രൊ. 3:6). പുതിയ ഉടമ്പടി പഴയതിന്റെ വികസിത രൂപവും പൂർത്തീകരണവു മാണ്. ദൈവത്തിന്റെ ജനം എല്ലായ്പ്പോഴും അങ്ങനെയായിരിക്കുന്നത് വിശ്വാസത്താലാണ്, വംശപാരമ്പര്യത്താ ലല്ല. "ഹൃദയ ജനം" ആണുള്ളത്, ആചാര, വംശീയ ജനമല്ല. പിതൃത്വമല്ല, വിശ്വാസമാണ് താക്കോൽ. ഉടമ്പടി ചിഹ്നമല്ല, ഉടമ്പടി മനസ്സാണ് അടയാളം.

▣ **"ജഡം"** 1:3 ലെ പ്രത്യേക പഠനവിഷയം കാണുക.

**2:29** ഉടമ്പടി അടയാളമായ പരിച്ഛേദന (ഒ.നോ. ഉല്പ. 17:14). ദൈവത്തോടുള്ള ഒരുവന്റെ തുറന്ന മനഃസ്ഥിതി യുടെ പഴയനിയമ സാദൃശ്യമാണ്. വിവിധ നിലകളിൽ അത് ആലങ്കാരികമായി വികസിപ്പിച്ചിരിക്കുന്നു.

1. ഹൃദയ പരിച്ഛേദന (ഒ.നോ. ആവ. 10:16; 30:6; യിരെ. 4:4; 9:24–25)
2. ചെവിയുടെ പരിച്ഛേദന (ഒ.നോ. യിരെ. 6:10)
3. അധര പരിച്ഛേദന (ഒ.നോ. പുറ. 6:12,30)

ന്യായപ്രമാണം ഒരിക്കലും ബാഹ്യമായ കോഡ് എന്ന് ഉദ്ദേശിക്കപ്പെട്ടിട്ടില്ല. യഹോവയുടെ സ്വഭാവവും അബ്ര ഹാമിന്റെ സന്തതികളോടുള്ള വാഗ്ദത്തവും വെളിപ്പെടുത്തുന്ന തരത്തിൽ യഹോവയോട് ദിനം തോറും ബന്ധം പുലർത്തുന്ന രൂപാന്തരപ്പെട്ട ജീവിതമാണത്. 13:9 ലെ പ്രത്യേക പഠന വിഷയം: ന്യായപ്രമാണത്തെക്കുറിച്ചുള്ള പൗലൊസിന്റെ വീക്ഷണം കാണുക.

▣

**NASB** **"അക്ഷരത്താലല്ല, ആത്മാവിനാലുള്ള ഹൃദയ പരിച്ഛേദന"**
**NKJV** **"അക്ഷരത്തിലല്ല, ആത്മാവിലുള്ള ഹൃദയ പരിച്ഛേദന"**
**NRSV** **"ഹൃദയത്തിന്റെ വിഷയമാണത് – അത് ആത്മികമാണ്, ആക്ഷരികമല്ല"**
**TEV** **"അത് ദൈവാത്മാവിന്റെ പ്രവൃത്തിയാണ്, എഴുതപ്പെട്ട പ്രമാണത്തിന്റേതല്ല"**
**NJB** **"ഹൃദയത്തിൽ – അക്ഷരത്തിന്റേതല്ല, ആത്മാവിന്റേതായ ഒന്നാണ്"**

ഗ്രീക്കിൽ ഈ പ്രയോഗം ദുർഗ്രഹമാണ്. ചില പരിഭാഷകൾ ഇതിനെ ആക്ഷരികത്തിനെതിരായ ആത്മികം എന്നു മനസ്സിലാക്കുന്നു (ഒ.നോ. NRSV, ദി ന്യൂ റ്റ്വന്റിയത്ത് സെഞ്ചുറി ന്യൂ ടെസ്റ്റ്മെന്റ്, ക്നോക്സ് ട്രാൻസ്ലേഷൻ, ന്യൂ ബെർക്ക്ലി വേർഷൻ). മറ്റു പരിഭാഷകൾ ഇതിനെ പരിശുദ്ധാത്മാവിനു (ഒ.നോ. 7:6; 2 കൊരി. 3:6 എന്നിവിട ങ്ങളിൽ സമാന വാചക ഘടന കാണുന്നു) വിപരീതമായി എഴുതപ്പെട്ട പ്രമാണം എന്നു മനസ്സിലാക്കുന്നു (ഒ. നോ. NASB, NKJV, NEB, NIV, TEV). *ദ ജെറോം ബിബ്ലിക്കൽ കമന്ററി* പേ. 299, 2 കൊരി. 3:6 ന്റെ അടിസ്ഥാ നത്തിൽ നിർദ്ദേശം വയ്ക്കുന്നത് ഇത് പഴയ ഉടമ്പടിയെയും പുതിയ ഉടമ്പടിയെയും പരമാർശിക്കുന്നതിനുള്ള പൗലൊസിന്റെ ആലങ്കാരിക/സാഹിത്യപരമായ രീതിയാണെന്നാണ്. ആദ്യത്തേതിന്റെ സവിശേഷത ബാഹ്യ അടയാളവും രണ്ടാമത്തേതിന്റേത് ആത്മാവിന്റെ പുതിയ യുഗത്തിൽ പരിശുദ്ധാത്മാവിനാൽ നൽകപ്പെടുന്ന ആന്ത രികമായ പുതിയ മനസ്സും പുതിയ ആത്മാവും ആണ്.

ചില ജാതികൾ ന്യായപ്രമാണത്തിൽ നിന്നും വേർപെട്ട് ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുമായിരിക്കും എന്ന വസ്തുതയാണ് പൗലൊസ് ചർച്ച ചെയ്യുന്നത്. ഇത് ശരിയാണെങ്കിൽ, ദൈവമക്കൾ എന്നതിൽ ശാരീരിക പരിച്ഛേദന ഏറ്റവരെക്കാൾ (ഉദാ. ഗലാത്യർ) കൂടുതൽ ആളുകൾ ഉൾപ്പെട്ടിട്ടുണ്ടാകും. ദൈവിക കുടുംബം വംശീയ യെഹൂദന്മാരെക്കാൾ വിശാലമായതാണ് (ഒ.നോ. ഉല്പ. 3:15; 12:3; പുറ. 19:5). ഇയ്യോബ്, മൽക്കീസേദെക്ക്, യിത്രോ, കാലേബ്, രാഹാബ്, രൂത്ത് എന്നിവർ വംശപരമായി യെഹൂദരല്ല. എഫ്രയീം, മനശ്ശെ ഗോത്രങ്ങൾ പോലും പാതി മിസ്രയീമ്യരാണ് (ഒ.നോ. ഉല്പ. 41:50–52)

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യെഹൂദന്മാരുടെ അവിശ്വസ്തത എങ്ങനെയാണ് ദൈവിക വാഗ്ദത്തത്തെ ബാധിക്കുന്നത് (3:3–4)?
2. യെഹൂദനായിരിക്കുന്നതുകൊണ്ട് ദൈവമുമ്പാകെ എന്തെങ്കിലും നേട്ടമുണ്ടോ (3:1–8)?
3. എന്താണ് ഡയാട്രൈബ്?
4. വാ. 5–8 ൽ കാണുന്ന ഡയാട്രൈബിന്റെ വിഷയമെന്താണ്?
5. നീതീകരണം പ്രവൃത്തിയാലല്ല, വിശ്വാസം മൂലം കൃപയാലാണെങ്കിൽ ഒരുവൻ എങ്ങനെ ജീവിക്കുന്നു എന്നതു വിഷയമാണോ (3:8)?
6. എന്താണ് സമ്പൂർണ്ണ വഴിതെറ്റൽ എന്ന ദൈവശാസ്ത്ര ആശയം (3:10–18)?
7. മോശൈക ന്യായപ്രമാണത്തിന്റെ അല്ലെങ്കിൽ പൊതുവിലുള്ള പ്രമാണത്തിന്റെ ഉദ്ദേശ്യമെന്താണ്?
8. മനുഷ്യന്റെ നഷ്ടപ്പെട്ട അവസ്ഥ വിവരിക്കുന്ന അ. 1–3 ൽ സാത്താനെക്കുറിച്ചു പരമാർശിക്കാത്തതെന്തു

കൊണ്ട്?

9. പഴയനിയമ വാഗ്ദത്തങ്ങൾ സോപാധികമാണോ അതോ നിരുപാധികമാണോ?
10. (1) യെഹൂദനല്ലാത്തവരുടെയും (2) യെഹൂദന്മാരുടെയും ജീവിതത്തിൽ മോശൈക ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യമെന്താണ്?
11. 1:18–3:20 ൽ ഖണ്ഡികാപരമായുള്ള പൗലൊസിന്റെ വാദങ്ങളുടെ രൂപരേഖ നിങ്ങളുടെ സ്വന്തം വാക്കുകളിൽ തയ്യാറാക്കുക.

# റോമർ 3

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യെഹൂദനും ന്യായപ്രമാണവും | ദൈവത്തിന്റെ വിധിയെ ന്യായീകരിക്കുന്നു | യെഹൂദന്റെ വിശേഷത | യെഹൂദനും ന്യായപ്രമാണവും | ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അവരെ രക്ഷിക്കയല്ല |
| 3:1–8 | 3:1–8 | 3:1–8 | 3:1–4 | 3:1–8 |
| | | | 3:5–6 | |
| | | | 3:7–8 | |
| നീതിമാൻ ആരുമില്ല | എല്ലാവരും പാപം ചെയ്തു | എല്ലാവരും കുറ്റക്കാർ | ഒരു മനുഷ്യനും നീതിമാനല്ല | എല്ലാവരും കുറ്റക്കാർ |
| 3:9–20 | 3:9–20 | 3:9–18 | 3:9–18 | 3:9–18 |
| | | 3:19–20 | 3:19–20 | 3:19–20 |
| വിശ്വാസത്താൽ നീതീകരണം | വിശ്വാസത്താൽ ദൈവിക നീതീകരണം | യഥാർത്ഥ നീതീകരണം | എങ്ങനെയാണ് ദൈവം മനുഷ്യനെ നിരപ്പിക്കുന്നത് | ദൈവിക ന്യായവിധിയുടെ വെളിപ്പാട് |
| 3:21–26 | 3:21–26 | 3:21–26 | 3:21–26 | 3:21–26 |
| | പ്രശംസ ഒഴിവാക്കി | പ്രശംസ ഒഴിവാക്കപ്പെട്ടു | | വിശ്വാസം ചെയ്യുന്നത് |
| 3:27–31 | 3:27–31 | 3:27–31 | 3:27–31 | 3:27–31 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## പശ്ചാത്തല ഉൾക്കാഴ്ചകൾ

A. "വാ. 1–8, മുൻഭാഗങ്ങളോടു ബന്ധപ്പെട്ട ഉള്ളടക്കമാണ് എങ്കിലും പൗലൊസ് ഡയാട്രൈബ് (ഒരു എതിർവാദമുന്നയിക്കുന്നയാളെ സങ്കല്പിക്കുന്നത്) എന്ന സാഹിത്യ സങ്കേതം ഉപയോഗിക്കുന്നതിനാൽ അവന്റെ യുക്തി പിന്തുടരുവാൻ പ്രയാസമാണ്.

B. ചില യെഹൂദന്മാർ 2:17–29 നോട് പ്രതികരിക്കുന്ന വിധം പൗലൊസ് പ്രതീക്ഷിക്കുന്നുവെന്നു തോന്നുന്നു. അതിനാൽ അവരുടെ എതിർന്യായത്തിന് അവൻ മറുപടി നൽകുന്നു (Corley, Vaughan, *Ramans*, pp. 37-39) .

1. ഒന്നാമത്തെ ചോദ്യം, യെഹൂദനു യാതൊരു വിശേഷതയുമില്ലയോ? (വാ. 1–2)

2. രണ്ടാമത്തെ ചോദ്യം, ചില യെഹൂദന്മാർ അവിശ്വസ്തരായിത്തീർന്നതുകൊണ്ട് ദൈവവചനം നിഷ്ഫലമായി തീർന്നോ? (വാ. 3–4)

3. മൂന്നാമത്തെ ചോദ്യം, ദൈവം തന്റെ സ്വഭാവത്തെ വെളിപ്പെടുത്താൻ യെഹൂദന്മാരെ ഉപയോഗിച്ചെങ്കിൽ യെഹൂദന്മാർ ഇപ്പോഴും നിയമപരമായി ഉത്തരവാദികളാണോ (വാ. 5–8)?

C. ഉപസംഹാരം 2:11 ലേക്കു മടങ്ങിപ്പോകുന്നു. ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ല. സകല മനുഷ്യരും തങ്ങൾക്കു ലഭിച്ച വെളിച്ചത്തിൽ നിന്നും (പ്രകൃതിയിലെ വെളിപ്പാട്/പ്രത്യേക വെളിപ്പാട്) അകന്നു ജീവിച്ചതിന് ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടതാണ്.

D. വാ. 9–18 ൽ യെഹൂദന്റെ പാപത്തെ പ്രഖ്യാപിക്കുന്ന പ.നി. ഉദ്ധരണികളുടെ പരമ്പര തന്നെ കാണാം.

E. വാ. 19–20, യിസ്രായേലിന്റെ ആത്മിക അവസ്ഥയും പഴയനിയമത്തിന്റെ ഉദ്ദേശ്യവും സംഗ്രഹിക്കുന്നു (ഒ. നോ. ഗലാ. 3)

F. വാ. 2–31, 1:18–3:20 ന്റെ സംക്ഷിപ്തമാണ്. സുവിശേഷത്തിന്റെ ഒന്നാമത്തെ ദൈവശാസ്ത്ര പോയിന്റാണത് (ഹ്രസ്വ രൂപരേഖ കാണുക, പേ. 2)

# പദ, ശൈലീ പഠനം

**റോമർ 3:1–8**

**[1]എന്നാൽ യെഹൂദന്നു എന്തു വിശേഷത? അല്ല, പരിച്ഛേദനയാൽ എന്തു പ്രയോജനം? സകല വിധത്തിലും വളരെ ഉണ്ടു; [2]ഒന്നാമതു ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നതു തന്നേ. [3]ചിലർ വിശ്വസിച്ചില്ല എങ്കിൽ അവരുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തതെക്കു നീക്കം വരുമോ? [4]ഒരുനാളും ഇല്ല. "നിന്റെ വാക്കുകളിൽ നീ നീതീകരി ക്കപ്പെടുവാനും, നിന്റെ ന്യായവിസ്താരത്തിൽ ജയിപ്പാനും" എന്നു എഴുതിയിരിക്കുന്നതുപോലെ ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്ക്കു പറയുന്നവർ എന്നേ വരൂ. [5]എന്നാൽ നമ്മുടെ അനീതി ദൈവത്തിന്റെ നീതിയെ പ്രസിദ്ധമാക്കുന്നു എങ്കിൽ നാം എന്തു പറയും? ശിക്ഷ നടത്തുന്ന ദൈവം നീതിയില്ലാത്തവൻ എന്നോ?—ഞാൻ മാനുഷരീതിയിൽ പറയുന്നു—ഒരുനാളുമല്ല; [6]അല്ലെങ്കിൽ ദൈവം ലോകത്തെ എങ്ങനെ വിധിക്കും? [7]ദൈവത്തിന്റെ സത്യം എന്റെ ഭോഷ്ക്കിനാൽ അവന്റെ മഹത്വത്തിനായി അധികം തെളിവായി എങ്കിൽ എന്നെ പാപി എന്നു വിധിക്കുന്നതു എന്തു? [8]നല്ലതു വരേണ്ടതിന്നു തീയതു ചെയ്ക എന്നു പറയരുതോ? ഞങ്ങൾ അങ്ങനെ പറയുന്നു എന്നു ചിലർ ഞങ്ങളെ ദുഷിച്ചുപറയുന്നുവല്ലോ. ഇവർക്കു വരുന്ന ശിക്ഷാവിധി നീതിയുള്ളതു തന്നേ.**

**3:1 "യെഹൂദനു എന്തു വിശേഷത?"** പൗലൊസ് തുടർന്നു തന്റെ സന്ദേശം വിനിമയം ചെയ്യുന്നതിനായി ഡയാട്രൈബ് അഥവാ എതിർവാദം ഉന്നയിക്കുന്ന ഒരു സാങ്കല്പിക വ്യക്തിയെ ഉപയോഗിക്കുന്ന സങ്കേതം ഉപയോഗിക്കുന്നു. യെഹൂദാജനത്തിന്റെ വിശേഷതകളുടെ പട്ടികയ്ക്ക് 3:12; 9:4–5 കാണുക. പൗലൊസ് ഈ ഖണ്ഡിക 9–11 അധ്യായങ്ങളിൽ വികസിപ്പിക്കുന്നുണ്ട്.

**3:2 "ഒന്നാമത്"** 1:8 ൽ "ആദ്യം" എന്ന പദം പൗലൊസ് ഉപയോഗിക്കുന്നുണ്ട്, എങ്കിലും രണ്ടാമത്തേത് എന്താണെന്ന് അവിടെ പറയുന്നില്ല. ഇവിടെയും അങ്ങനെതന്നെ ഉപയോഗിച്ചിരിക്കുന്നു. പൗലൊസിന്റെ എഴുത്തുകൾ തീക്ഷ്ണത നിറഞ്ഞതും ഒപ്പം പറഞ്ഞുകൊടുത്ത് എഴുതിക്കുന്നതുമാകയാൽ പലപ്പോഴും അവന്റെ വ്യാകരണ രീതികൾ അപൂർണമായിരുന്നു.

▣ **"ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നു"** ദൈവത്തിന്റെ അരുളപ്പാടുകൾ ലഭിക്കുക എന്നത് കഠിനമായ ഉത്തരവാദിത്വവും അതോടൊപ്പം ഉന്നതമായ സൗഭാഗ്യവുമാണ് (ഒ.നോ. 9:4–5). അവർ ദൈവകൃപയുടെ ഗൃഹവിചാരകന്മാരായിരുന്നു (ഭൂതകാല കർമ്മണി പ്രയോഗം, ഒ.നോ. 1 തെസ്സ. 2:4).

*ലോഗിയോൺ* (***λογιον*** – അരുളപ്പാടുകൾ) എന്ന പദമാണ് ദൈവത്തിൽ നിന്നുള്ള വചനത്തെ സൂചിപ്പിക്കുവാൻ സെപ്റ്റ്വജിന്റിൽ ഉപയോഗിച്ചിരിക്കുന്നത് (ഒ.നോ. സംഖ്യ. 24:4,16; ആവ. 33:9; സങ്കീ. 107:11; 119:67; യെശ. 5:24; 28:13). അത് പഴയനിയമത്തെ സൂചിപ്പിക്കുന്നു. ഇതേ അർത്ഥത്തിലാണ് പുതിയ നിയമത്തിലും അതുപയോഗിച്ചിട്ടുള്ളത് (ഒ.നോ. പ്രവൃ. 7:38; എബ്രാ. 5:12; 1 പത്രൊ. 4:11).

**3:3**

**NASB, NKJV "ചിലർ വിശ്വസിച്ചില്ല"**
**NRSV, NJB "ചിലർ അവിശ്വസ്തരായി"**
**TEV "അവരിൽ ചിലർ അവിശ്വസ്തരായി എങ്കിൽ എന്ത്"**

ഇത് സൂചിപ്പിക്കുന്നത് ഒന്നുകിൽ വ്യക്തികളായ യെഹൂദന്റെ (1) അവിശ്വസ്തതയോ (2) യഹോവയിലുള്ള വ്യക്തി പരമായ വിശ്വാസത്തിന്റെ കുറവോ ആകാം. ദൈവത്തിന്റെ നിരുപാധികമായ വാഗ്ദത്തങ്ങളും (അതാ. വീണു പോയ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ്) മനുഷ്യൻ പ്രതികരിക്കുമെന്ന സോപാധിക ആജ്ഞയും തമ്മിൽ ബുദ്ധി പരമായി ബന്ധിപ്പിക്കുന്നതു പ്രയാസകരമാണ്. 9:4 ലെ പ്രത്യേക പഠനവിഷയം: ഉടമ്പടി കാണുക. എങ്കിലും ഇതൊരു വേദപുസ്തക വൈരുദ്ധ്യമാണ് (ഒ.നോ. 3:4–5). ദൈവം വിശ്വസ്തനാണ്, അവന്റെ ജനം അങ്ങനെ അല്ലെങ്കിലും (ഒ.നോ. ഹോശേ. 1, 3; 2 തിമൊ. 2:13).

▣ **"എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനാപരമായ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒരു ഒന്നാംതരം സോപാധിക വാചകമാണ്. വാ. 5, 7 എന്നിവയും ഒന്നാംതരം സോപാധിക വാചകങ്ങളാണ്.

വാ. 3 ന്റെ വ്യാകരണം "ഇല്ല" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു.

▣ **"നീക്കം വരിക"** താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠന വിഷയം: നീക്കം വരിക, അസാധുവാകുക (*കറ്റാർഗെയോ*)

ഇത് (*കറ്റാർഗെയോ*-**καταργεω**) പൗലൊസിന്റെ ഇഷ്ട പദങ്ങളിലൊന്നാണ്. അവൻ കുറഞ്ഞത് 25 പ്രാവശ്യം ഇതുപയോഗിച്ചിട്ടുണ്ട്. എങ്കിലും അതിന് വിശാലമായ അർത്ഥതലങ്ങളാണുള്ളത്.

A. അതിന്റെ അടിസ്ഥാന പദോല്പത്തി മൂലം *ആർഗോസ്* (**αργος**) ൽ നിന്നാണ്. അതിനർത്ഥം
   1. നിഷ്ക്രിയമായ
   2. അലസമായ
   3. ഉപയോഗിക്കാത്ത
   4. ഉപയോഗ ശൂന്യമായ
   5. പ്രവർത്തന രഹിതമായ

B. *കാറ്റാ* (**κατα**) ചേർന്ന സംയുക്തം താഴെക്കാണുന്ന കാര്യങ്ങൾ സൂചിപ്പിക്കാനുപയോഗിക്കുന്നു
   1. നിഷ്ക്രിയത്വം
   2. ഉപയോഗശൂന്യത
   3. അസാധുവാക്കിയ കാര്യം
   4. നീക്കിക്കളഞ്ഞ കാര്യം
   5. പൂർണ്ണമായും പ്രവർത്തന രഹിതമായ കാര്യം

C. ലൂക്കൊസിൽ ഒരു പ്രാവശ്യം ഇത് ഫലമില്ലാത്തതും തൽഫലമായി ഉപയോഗശൂന്യവുമായ വൃക്ഷത്തെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. ലൂക്കൊ. 13:7)

D. പൗലൊസ് പ്രാഥമികമായ രണ്ടുരീതിയിൽ ഇതിനെ ആലങ്കാരികമായി ഉപയോഗിക്കുന്നു
   1. മനുഷ്യന് ശത്രുതയുള്ള പ്രവർത്തന രഹിതമായ കാര്യങ്ങളെ ദൈവം നീക്കുന്നു
      a. മനുഷ്യന്റെ പാപപ്രകൃതി – റോമ. 6:6
      b. ദൈവത്തിന്റെ "സന്തതിയുടെ" വാഗ്ദത്തത്തോടുള്ള ബന്ധത്തിൽ മോശൈക ന്യായപ്രമാണം – റോമ. 4:14; ഗലാ. 3:17; 5:4,11; എഫെ. 2:15
      c. ആത്മിക ശക്തികൾ – 1 കൊരി. 15:24
      d. "അധർമ്മമൂർത്തി" – 2 തെസ്സ. 2:8
      e. ശാരീരിക മരണം – 1 കൊരി. 15:26; 2 തിമൊ. 1:16; (എബ്രാ. 2:14)
   2. ദൈവം പുതിയതിനുവേണ്ടി പഴയതിനെ (നിയമത്തെ) നീക്കുന്നു
      a. മോശൈക ന്യായപ്രമാണത്തോടു ബന്ധപ്പെട്ടവ – റോമ. 3:3,31; 4:14; 2 കൊരി. 3:7,11,13,14
      b. ന്യായപ്രമാണത്തെക്കുറിച്ച് വിവാഹസാദൃശ്യം ഉപയോഗിക്കുന്നു – റോമ. 7:2,6
      c. ഈ കാലത്തിലെ കാര്യങ്ങൾ – 1 കൊരി. 13:8,10,11
      d. ഈ ശരീരം – 1 കൊരി. 6:13
      e. ഈ കാലത്തിലെ പ്രമാണികൾ – 1 കൊരി. 1:28; 2:6

ഈ വാക്ക് നിരവധി വ്യത്യസ്ത മാർഗ്ഗങ്ങളിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നു എങ്കിലും അതിന്റെ മുഖ്യ അർത്ഥം ഒന്നിനെ ഉപയോഗശൂന്യവും ഇല്ലായ്മയും അസാധുവും പ്രവർത്തനരഹിതവും ശക്തിഹീനവും ആക്കുക എന്നതാണ്. അതുകൊണ്ട് അത് നിലനിൽക്കുന്നില്ലെന്നോ നശിപ്പിക്കപ്പെട്ടെന്നോ ഉന്മൂലനം ചെയ്യപ്പെട്ടെന്നോ അർത്ഥമില്ല.

▣ **"ദൈവത്തിന്റെ വിശ്വസ്തത"** ഈ സത്യം (ഒ.നോ. 1 കൊരി. 1:9; 10:13; 2 കൊരി. 1:18) താഴെപ്പറയുന്ന ദൈവിക

കാര്യങ്ങളിലുള്ള മനുഷ്യന്റെ ആശ്രയത്തിന്റെ അടിസ്ഥാനമാണ് (ഒ.നോ. ആവ. 7:9; യെശ. 49:7).

1. മാറ്റമില്ലാത്ത സ്വഭാവം
2. നിത്യമായ വാഗ്ദത്തങ്ങൾ

അവൻ തന്നെത്തന്നെ സൃഷ്ടിയിലും വെളിപ്പാടിലും ഉടമ്പടിയിലും മശിഹായിലും വെളിപ്പെടുത്തിയിരിക്കുന്നു. മനുഷ്യന്റെ അവിശ്വസ്തതയുടെ മധ്യത്തിലും അവൻ വിശ്വസ്തനായി പാർക്കുന്നു (ഒ.നോ. 2 തിമൊ. 2:13)!

**3:4**

**NASB** **"ഒരിക്കലും അങ്ങനെ ആകാതിരിക്കട്ടെ"**
**NKJV, TEV** **"തീർച്ചയായും ഇല്ല"**
**NRSV** **"ഒരു കാരണവശാലും ഇല്ല"**
**NJB** **"അത് അസംബന്ധമായിരിക്കും"**

ഇത് അനുവാദക ക്രിയാരൂപത്തിന്റെ അപൂർവ്വ ഉപയോഗമാണ്. ഒരു ആഗ്രഹം വെളിപ്പെടുത്തുന്നതോ അല്ലെങ്കിൽ ഒരു പ്രാർത്ഥനയോ ആയ ഈ പ്രയോഗം "ഒരിക്കലും അങ്ങനെ ആകാതിരിക്കട്ടെ" എന്നു പരിഭാഷപ്പെടുത്താം. ഇതൊരു എബ്രായ ശൈലിയെ സൂചിപ്പിക്കുന്നതാകാം. "അതിശയിപ്പിക്കുന്ന അവിശ്വാസം" എന്ന ഈ പ്രയോഗം പൗലൊസ് കൂടെക്കൂടെ ഉപയോഗിക്കുന്നുണ്ട്. കാരണം അവന്റെ സാഹിത്യസങ്കേതം ഡയാട്രൈബ് ആണ് (ഒ.നോ. 3:4,6,31; 6:2,15; 7:7,13; 9:14; 11:1; 1 കൊരി. 6:15; ഗലാ. 2:17; 3:21; 6:14). നിഗമനം എന്നു കരുതാവുന്ന ഒന്നിനെ ശക്തമായി നിഷേധിക്കുന്നതിനുള്ള പൗലൊസിന്റെ മാർഗ്ഗമാണിത്.

സാങ്കല്പിക എതിരാളിയുടെ ചോദ്യങ്ങളെയും പ്രസ്താവനകളെയും നിഷേധിക്കുന്നതിന് പൗലൊസ് ഉപയോഗിക്കുന്ന സാഹിത്യ മാർഗ്ഗങ്ങൾ ശ്രദ്ധിക്കുക.

1. "ഒരു നാളും ഇല്ല" വാ. 4,6
2. "ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്കു പറയുന്നവർ എന്നേ വരൂ," വാ. 4
3. "ഞാൻ മനുഷ്യരീതിയിൽ പറയുന്നു," വാ. 5
4. "ഞങ്ങൾ അങ്ങനെ പറയുന്നു എന്ന് ചിലർ ഞങ്ങളെ ദുഷിച്ചുപറയുന്നുവല്ലോ," വാ. 8

▣ **"എഴുതിയിരിക്കുന്നതുപോലെ"** ആക്ഷരികമായി "എഴുതപ്പെട്ടതും തുടർന്നു എഴുതപ്പെട്ടിരിക്കുന്നതും പോലെ" ഇത് പൂർണ്ണ കർമ്മണി സൂചകമാണ്. തിരുവെഴുത്തിന്റെ ദൈവനിശ്വാസീയതയെ ഊന്നിപ്പറയുന്നതിനുള്ള ഒരു സാങ്കേതിക ശൈലിയായി ഇതു മാറി (ഒ.നോ. മത്താ. 5:17-19). സങ്കീ. 51:4 ന്റെ സെപ്റ്റ്വജിന്റിൽ നിന്നുള്ള ഉദ്ധരണിയെയാണിത് ചൂണ്ടിക്കാണിക്കുന്നത്.

▣ **"ദൈവം സത്യവാൻ സകല മനുഷ്യരും ഭോഷ്കു പറയുന്നവർ എന്നേവരൂ"** ഇതൊരു വർത്തമാന കാല മധ്യ വിധിരൂപമാണ്. വിഷയത്തിന്റെ തുടർസ്വഭാവത്തിലാണിത് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്; അതായത് ദൈവം സത്യവാനും വിശ്വസ്തനും (1:18 ലെ പ്രത്യേക പഠനവിഷയം കാണുക) മനുഷ്യൻ അവിശ്വസ്തരും ഭോഷ്കു പറയുന്നവരും. ഇത് സങ്കീ. 116:11 ന്റെ സൂചനയും ഇയ്യോ. 32:2; 40:8 ൽ ഇയ്യോബ് പഠിച്ച പാഠത്തിനു സമാനവുമാണ്.

*പാസ്* (**πας**-എല്ലാം, ഓരോ) എന്ന ഗതിയുടെ ഉപയോഗത്തിലൂടെ പൗലൊസ് പ്രതിപാദിക്കുന്ന പാപാവസ്ഥയുടെ സാർവ്വലൗകികത്വം ഈ അദ്ധ്യായത്തിൽ ശ്രദ്ധിക്കുക (വാ. 4,9,12,20,23,24). ഒപ്പം സകലർക്കുമുള്ള രക്ഷയുടെ സാർവ്വലൗകിക വാഗ്ദാനവും നൽകപ്പെടുന്നു എന്നതിൽ ദൈവത്തിനു സ്തോത്രം (ഒ.നോ. 3:22)!

**3:5-6** ഈ വാക്യങ്ങളിൽ പൗലൊസ് ഉന്നയിക്കുന്ന വാദം ലോകത്തെ സന്ധിക്കുന്നതിനുള്ള തന്റെ മാർഗ്ഗമെന്ന നിലയിൽ ദൈവം യിസ്രായേലിനെ പ്രത്യേകമായി തിരഞ്ഞെടുത്തതിനോടു ബന്ധപ്പെട്ടുള്ളതാണ് (ഒ.നോ. ഉല്പ. 12:3; പുറ. 19:5-6). പഴയ നിയമത്തിൽ "തിരഞ്ഞെടുപ്പ്" ശുശ്രൂഷയെ പരമാർശിക്കുന്നതാണ്. അല്ലാതെ പ്രത്യേക പദവിയെ അല്ല. ദൈവം അവരുമായി ഒരു ഉടമ്പടി ചെയ്തു. അവൻ വിശ്വസ്തനായിരുന്നു. അവർ അവിശ്വസ്തരായി (ഒ.നോ. നെഹെ. 9). അവിശ്വസ്തരായ യിസ്രായേല്യരെ ദൈവം ന്യായം വിധിച്ചു എന്ന വസ്തുത അവന്റെ നീതിക്കു തെളിവാണ്.

യിസ്രായേലിനെക്കുറിച്ച് ഉദ്ദേശിച്ചിരുന്നത് അവർ ജാതികളെ ബന്ധിക്കുന്നതിനുള്ള ഒരു മാർഗം എന്ന നിലയിലായിരുന്നു. അവർ പരാജയപ്പെട്ടു (ഒ.നോ. 3:24)! സാർവ്വലൗകിക രക്ഷ എന്ന ദൈവികോദ്ദേശ്യം (ഒ.നോ ഉല്പ. 3:15) യിസ്രായേലിന്റെ പരാജയത്താൽ ബാധിക്കപ്പെട്ടില്ല. വാസ്തവത്തിൽ, തന്റെ ആദ്യ ഉടമ്പടിയോടുള്ള ദൈവത്തിന്റെ വിശ്വസ്തത റോമ. 9-11 ൽ സ്ഥിരീകരിച്ചിരിക്കുന്നു. അവിശ്വസിച്ച യിസ്രായേലിനെ തള്ളിക്കളഞ്ഞു എങ്കിലും ഒരു വിശ്വസിക്കുന്ന യിസ്രായേൽ ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതി പൂർത്തീകരണത്തിലെത്തിക്കും.

വാ. 5-6 ലെ പൗലൊസിന്റെ ഡയാട്രൈബിന്റെ സമാന്തരം വാ. 7-8ൽ കാണാം.

**3:5 "എന്നാൽ നമ്മുടെ അനീതി ദൈവത്തിന്റെ നീതിയെ പ്രസിദ്ധമാക്കുന്നു"** "നമ്മുടെ" എന്ന ഈ സർവ്വനാമം, സകല യെഹൂദന്മാരെയും സൂചിപ്പിക്കുന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. 1:17 ലെ പ്രത്യേക പഠന വിഷയം കാണുക.

▣ **"എങ്കിൽ"** എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനുവേ

ണ്ടിയുള്ളതോ ആയ ഒന്നാം തരം സോപാധിക വാചകമാണിത്. വാ. 3, വാ. 7 എന്നിവയും ഒന്നാം തരം സോപാധിക വാചകങ്ങളാണ്.

▣ **"നാം എന്തുപറയും"** പൗലൊസ് ഇപ്പോഴും ഡയാട്രൈബ് ഉപയോഗിക്കുന്നു (ഒ.നോ. 3:5; 7:7; 8:31; 9:14,39). ഒരു സാങ്കല്പിക പ്രതിവാദിയെ ഉപയോഗിച്ചുകൊണ്ട് തന്റെ വാദമുഖത്തെ പൗലൊസ് വ്യക്തമാക്കുന്നു (ഒ.നോ. മലാ. 1:2,6,7,12,13; 2:14,17 [2 പ്രാവശ്യം] 3:7, 13,14).

▣

**NASB "(ഞാൻ മനുഷരീതിയിൽ പറയുന്നു)"**
**NKJV "(ഞാൻ മനുഷ്യനെപ്പോലെ സംസാരിക്കുന്നു)"**
**NRSV "(ഞാൻ മാനുഷിക വഴിയിൽ സംസാരിക്കുന്നു)"**
**TEV "(ഞാൻ ഇവിടെ ഒരു മനുഷ്യൻ സംസാരിക്കുന്നതുപോലെ സംസാരിക്കുന്നു)"**
**NJB "-ഒരു മാനുഷിക സാദൃശ്യം ഉപയോഗിച്ചാൽ-"**

പൗലൊസ് തന്റെ ദൈവശാസ്ത്ര വാദത്തിൽ മിക്കപ്പോഴും മാനുഷിക യുക്തി ഉപയോഗിക്കാറുണ്ട് (ഒ.നോ. 6:19; 1 കൊരി. 9:8; ഗലാ. 3:15). ഇവിടെ അത്, സാങ്കല്പിക പ്രതിവാദിയുടെ വാദങ്ങളെ തള്ളിക്കളയുന്നതിനുള്ള മാർഗ്ഗമായിട്ടാണ് ഉപയോഗിക്കുന്നത്.

**3:7-8** വാ. 5 നും വാ. 7 നും തമ്മിൽ ഒരു സമാന്തരത്വം വ്യക്തമാണ് (രണ്ടും *എയ് ഡെ* (*ει δε*) ൽ ആണാരംഭിക്കുന്നത്) പൗലൊസ് ഒന്നുകിൽ

1. ഒരു സാങ്കല്പിക പ്രതിവാദിയെ ഉപയോഗിക്കുന്ന ഡയാട്രൈബ് എന്ന ടെക്നിക് ഉപയോഗിക്കുന്നതു തുടരുന്നു (ഒ.നോ. 3:5,7; 7:7; 8:31; 9:14,30) അല്ലെങ്കിൽ
2. തന്റെ വിശ്വാസത്താൽ-മാത്രമുള്ള-നീതീകരണ പ്രസംഗത്തിനെതിരായ വിമർശനത്തെ തള്ളിക്കളയുന്നു (ഒ.നോ. വാ. 8)

ആരോപണത്തിനു വിശദീകരണം നൽകുകയോ മറുപടി പറയുകയോ ചെയ്യാതെ ആരോപണത്തെ കുറ്റപ്പെടുത്തുകയാണു പൗലൊസ് ചെയ്യുന്നത്. വിശ്വാസത്താലുള്ള അർഹതയില്ലാത്തതും സൗജന്യവുമായ നീതീകരണം നിയമരാഹിത്യത്തിലേക്കോ അല്ലെങ്കിൽ കൂടുതൽ അവിശ്വസ്തമായ അനുസരണക്കേടിലേക്കോ നയിക്കും എന്നതായിരിക്കാം അതിനെതിരായ ആരോപണം. സൗജന്യകൃപ, പുതിയ ആത്മാവും നന്ദിയുള്ള ജീവിതവും മുഖേന ക്രിസ്തുസാദൃശ്യ ജീവിതത്തിലേക്കു നയിക്കുമെന്നു പൗലൊസ് വിശ്വസിച്ചു. യെഹൂദന്മാരും ഗ്രീക്ക് ധാർമ്മിക വാദികളും പൗലൊസും എല്ലാം അവരുടെ വിശ്വാസികളിൽ നിന്നും ധാർമ്മിക ജീവിതം പ്രതീക്ഷിച്ചു. എന്നാൽ അതുണ്ടാകുന്നത് ഒരു ബാഹ്യമായ നിയമസംഹിതയോടു താദാത്മ്യപ്പെടുന്നതിലൂടെയല്ല, മറിച്ച് ഒരു പുതിയ ഹൃദയം, പുതിയ മനസ്സ്, പുതിയ ആത്മാവ് എന്നിവ ലഭിക്കുന്നതിലൂടെയാണ് (ഒ.നോ. യിരെ. 31:31-34; യെഹെ. 36:22-36).

**3:7 "അവന്റെ മഹത്വം"** 3:23 ന്റെ കുറിപ്പ് കാണുക.

▣ **"അധികം"** 15:13 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്.

**റോമർ 3:9-18**

**[9]ആകയാൽ എന്തു? നമുക്കു വിശേഷതയുണ്ടോ? അശേഷമില്ല; യെഹൂദന്മാരും യവനന്മാരും ഒരുപോലെ പാപത്തിൻ കീഴാകുന്നു എന്നു നാം മുമ്പെ തെളിയിച്ചുവല്ലോ; [10]"നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. [11]ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. [12]എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻപോലും ഇല്ല. [13]അവരുടെ തൊണ്ട തുറന്ന ശവക്കുഴി; നാവുകൊണ്ടു അവർ ചതിക്കുന്നു; സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ടു. [14]അവരുടെ വായിൽ ശാപവും കൈപ്പും നിറഞ്ഞിരിക്കുന്നു. [15]അവരുടെ കാൽ രക്തം ചൊരിവാൻ ബദ്ധപ്പെടുന്നു. [16]നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ടു. [17]സമാധാനമാർഗ്ഗം അവർ അറിഞ്ഞിട്ടില്ല. [18]അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല" എന്നിങ്ങനെ എഴുതിയിരിക്കുന്നുവല്ലോ.**

**3:9 "നമുക്കു വിശേഷതയുണ്ടോ?"** ഈ ഘട്ടത്തിലെ വ്യാകരണം ദുർഗ്രഹമാണ്. ഈ ഭാഗത്തെ പ്രധാന സത്യം സകല മനുഷ്യരും ദൈവകൃപ ആവശ്യമുള്ളവരാണെന്നതാണ് (ഒ.നോ. 3:9,19,23; 11:32; ഗലാ. 3:22). എങ്കിലും ഇവിടുത്തെ പ്രത്യേക പരാമർശം യെഹൂദനെക്കുറിച്ചാണോ (പൗലൊസും അവന്റെ വംശക്കാരും ഒ.നോ. TEV, RSV), അതോ ക്രിസ്ത്യാനികളെക്കുറിച്ചാണോ (പൗലൊസും ദൈവകൃപയിൽ നിന്നും അകന്നുപോയ അവന്റെ സഹവിശ്വാസികളും) എന്നു വ്യക്തമല്ല. യെഹൂദനും ചില മെച്ചങ്ങളുണ്ട് (ഒ.നോ. വാ. 1-2; 9:4-5). എങ്കിലും ഈ മെച്ചങ്ങൾ അവരെ കൂടുതൽ ഉത്തരവാദിത്തങ്ങൾ ഉള്ളവരാക്കിത്തീർക്കുന്നു (ഒ.നോ. ലൂക്കൊ. 12:48). സകല മനുഷ്യരും ആത്മികമായി നഷ്ടപ്പെട്ടവരും ദൈവകൃപ ആവശ്യമുള്ളവരുമാണ്.

"വിശേഷത" എന്ന പദത്തെ ഒരു ചെറിയ കൂട്ടം പണ്ഡിതന്മാർ കർമ്മണി പ്രയോഗമായിട്ടാണ് മനസ്സിലാക്കുന്നത് അതായത് "അത്യധികം ഉന്നതം" അല്ലെങ്കിൽ "ഒരു നേട്ടവുമില്ലാത്ത."

പൗലൊസിന്റെ ലേഖനങ്ങളിൽ പ്രാദേശികമായി ഏറ്റവും നിഷ്പക്ഷമായതാണ് റോമാ ലേഖനം എന്നു പറയാറുണ്ട്. പൗലൊസിന്റെ മിക്ക ലേഖനങ്ങളും ഒരു പ്രാദേശിക ആവശ്യത്തെ അല്ലെങ്കിൽ പ്രതിസന്ധിയെ പരിഗണിക്കുന്നതാണ് (സാന്ദർഭിക രേഖകൾ). എന്നിരുന്നാലും റോമാ സഭയിലെ വിശ്വാസികളായ യെഹൂദാ നേതൃത്വവും വിശ്വാസികളായ ജാതീയ നേതൃത്വവും തമ്മിൽ നിലനിന്നിരുന്ന അസൂയ ആയിരിക്കാം 1-3, 9-11 അധ്യായങ്ങളുടെ പശ്ചാത്തലം.

▣ **"യെഹൂദന്മാരും യവനന്മാരും ഒരുപോലെ പാപത്തിൻ കീഴിലാകുന്നു എന്നു നാം മുമ്പെ തെളിയിച്ചുവല്ലോ"** ഈ ക്രിയ (ഭൂതകാല മധ്യ (ഡിപോണന്റ്) സൂചകം) പുതിയ നിയമത്തിൽ ഇവിടെ മാത്രമേ കാണുന്നുള്ളൂ. പൗലൊസ് 1:18-2:29 ലെ തന്റെ വാദം തുടരുകയാണ്.

▣ **"പാപത്തിൻകീഴ്"** പൗലൊസ് "പാപത്തെ" വീണുപോയ മനുഷ്യവർഗ്ഗത്തിന്റെമേലുള്ള ഒരു ക്രൂരനായ ഊഴിയ വിചാരകനായി ചിത്രീകരിക്കുന്നു (*Jerome Bible commentary* P. 300) (ഒ.നോ. 6:16:23).

**3:10-18 "എഴുതിയിരിക്കുന്നുവല്ലോ"** വാ. 4 ലും ഈ പ്രയോഗം കാണാം. മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ, മനുഷ്യന്റെ വീഴ്ചയെ ഊന്നിപ്പറയുന്നതിനായി മനുഷ്യശരീരത്തിന്റെ സാദൃശ്യങ്ങൾ ഉപയോഗിച്ചിട്ടുള്ള പഴയനിയമ ഉദ്ധരണികളാണ്.

1. വാ. 10-12, സഭാ. 7:20; അഥവാ സങ്കീ. 14:1-3
2. വാ. 13, സങ്കീ. 5:9; 140:3
3. വാ. 14, സങ്കീ. 10:7
4. വാ. 15-17, യെശ. 59:7-8; സദൃ. 1:16
5. വാ. 18, സങ്കീ. 36:1

പൗലൊസ് യെശ. 53:6 ഉപയോഗിക്കുന്നില്ല എന്നത് അതിശയകരമാണ്.

**റോമർ 3:19-20**

**[19]ന്യായപ്രമാണം പറയുന്നതു എല്ലാം ന്യായപ്രമാണത്തിൻ കീഴുള്ളവരോടു പ്രസ്താവിക്കുന്നു എന്നു നാം അറിയുന്നു. അങ്ങനെ ഏതു വായും അടഞ്ഞു സർവ്വലോകവും ദൈവസന്നിധിയിൽ ശിക്ഷാ യോഗ്യമായിത്തീരേണ്ടതത്രേ. [20]അതുകൊണ്ടു ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നതു.**

**3:19 "ന്യായപ്രമാണം"** ഈ സന്ദർഭത്തിൽ ഇത് മുഴുവൻ പഴയ നിയമ ത്തെയും ആണു സൂചിപ്പിക്കുന്നത് (ഒ. നോ. വാ. 21). കാരണം വാ. 10-18 ൽ കാണുന്ന ഉദ്ധരണികൾ പഞ്ചഗ്രന്ഥത്തിനു പുറത്തുനിന്നുള്ളവയാണ്. "പാപം" എന്നതു സൂചിപ്പിച്ചതു പോലെ തന്നെ അവൻ "ന്യായപ്രമാണത്തെ" യും ആളത്തപരമായി പരാമർശിക്കുന്നു (ഒ.നോ. 6:16-23).

▣ **"ന്യായപ്രമാണത്തിൻ കീഴുള്ളവരോട്"** ഇത് യെഹൂദന്മാരെയും യെഹൂദ മതാനുസാരികളെയും മാത്രമാണ് സൂചിപ്പിക്കുന്നത്. ഉപയോഗിച്ചിരിക്കുന്ന പ.നി. ഉദ്ധരണികളിൽ നിരവധി എണ്ണം ജാതികളെ അവരുടെ യഥാർത്ഥ പശ്ചാത്തലത്തിലാണ് പരമാർശിച്ചിരിക്കുന്നതെന്ന് ഓർക്കണം. സകല മനുഷ്യരും പാപികളാണ് (ഒ.നോ. 3:23).

▣ **"നാം അറിയുന്നു"** 2:2 ന്റെ കുറിപ്പു കാണുക.

▣

**NASB** **"ഏതു വായും അടഞ്ഞും സർവ്വലോകവും ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടതും ആകേണ്ടതിന്"**

**NKJV** **"ഏതു വായും തടയപ്പെട്ട് സർവ്വലോകവും ദൈവമുമ്പാകെ കുറ്റക്കാരും ആകേണ്ടതിന്"**

**NRSV** **"ഏതു വായും നിശബ്ദമാക്കപ്പെട്ട് മുഴുലോകവും ദൈവത്തോട് കണക്കു ബോധിപ്പിക്കുമാറ് നിൽക്കേണ്ടതിന്"**

**TEV** **"സകല മാനുഷിക ഒഴികഴിവുകളും നിർത്തലാക്കപ്പെടേണ്ടതിനും മുഴുലോകത്തെയും ദൈവിക ന്യായവിധിക്കു കീഴിൽ കൊണ്ടുവരേണ്ടതിനും"**

**NJB** **"എന്നാലത് എല്ലാവരെയും നിശബ്ദരാക്കുവാനും മുഴുലോകത്തെയും ദൈവിക ന്യായവിധിക്കു യോഗ്യരാക്കിത്തീർക്കേണ്ടതിനുമത്രെ"**

ഇതാണ് 3:23 ൽ സംഗ്രഹിച്ചിരിക്കുന്ന 1:18-3:20 വരെയുള്ള ഭാഗത്തിന്റെ മുഖ്യവിഷയം.

▣ **"ഏതു വായും"** സകല മനുഷ്യവർഗ്ഗത്തെയും സൂചിപ്പിക്കുകന്ന നിരവധി പ്രയോഗങ്ങൾ വാ. 19-20 ൽ ഉണ്ട്

1. "ഏതു വായും," വാ. 19
2. "സർവ്വലോകവും," വാ. 19
3. "ഒരു ജഡവും," വാ. 20

**3:20 "അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല"** സങ്കീ. 143:2 ന്റെ ഒരു സൂചനയാണിത് (ഇയ്യോ. 4:17; 9:2; 25:4; സങ്കീ. 130:3; സദൃ. 20:9; സഭാ. 7:20; 1 രാജാ. 8:46; 2 ദിന. 6:36 എന്നിവയും കാണുക). എങ്കിലും അതിനോടൊപ്പം ഒരു പ്രാരംഭ വാചകവും ചേർത്തിട്ടുണ്ട്. പൗലൊസിന്റെ സുവിശേഷത്തിന്റെ ഒരു മുഖ്യഘടകമാണിത് (ഒ.നോ. ഗലാ. 2:16; 3:11). സമർപ്പിതനായ ഒരു പരീശൻ എന്ന നിലയിൽ, ആന്തരിക സമാധാനം നൽകാൻ മതതീക്ഷ്ണതയ്ക്കും മികച്ച പ്രകടനത്തിനുമുള്ള കഴിവില്ലായ്മയെപ്പറ്റി പൗലൊസ് നന്നായി അറിഞ്ഞിരുന്നു.
"ജഡം" എന്നതിന് 1:3 ലെ പ്രത്യേക പഠന വിഷയം കാണുക.

▣
**NASB,**
**NRSV** **"ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രെ വരുന്നത്"**
**NKJV** **"ന്യായപ്രമാണം പാപത്തെക്കുറിച്ചുള്ള ജ്ഞാനമാണ്"**
**TEV** **"ന്യായപ്രമാണം ചെയ്യുന്നത് മനുഷ്യനെ അവൻ ചെയ്ത പാപത്തെക്കുറിച്ച് അറിവു നൽകുക എന്നതാണ്"**
**NJB** **"ന്യായപ്രമാണം ആകെ ചെയ്യുന്നത്, എന്താണു പാപകരം എന്നോടു നമ്മോടു പറയുകയാണ്"**

ഇതാണ് പഴയ നിയമത്തിന്റെ ഉദ്ദേശ്യങ്ങളിലൊന്ന്. 13:9 ലെ പ്രത്യേക പഠനവിഷയം കാണുക. വീണുപോയ മനുഷ്യവർഗ്ഗത്തിനു രക്ഷ നൽകുവാൻ ഒരിക്കലും ന്യാപ്രമാണത്തെക്കുറിച്ച് ഉദ്ദേശിച്ചിട്ടില്ല. അതിന്റെ ഉദ്ദേശ്യം പാപാവസ്ഥയെ വെളിപ്പെടുത്തുകയും സകല മനുഷ്യരെയും യഹോവയുടെ കരുണയിലേക്ക് ഓടിച്ചെല്ലുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക എന്നതാണ് (ഒ.നോ. 4:15; 5:13,20; 7:7; ഗലാ. 3:19–22, 23–29).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യെഹൂദന്മാരുടെ അവിശ്വസ്തത എങ്ങനെയാണ് ദൈവിക വാഗ്ദത്തത്തെ ബാധിക്കുന്നത് (3:3–4)?
2. യെഹൂദനായിരിക്കുന്നതുകൊണ്ട് ദൈവമുമ്പാകെ എന്തെങ്കിലും നേട്ടമുണ്ടോ (3:1–8)?
3. വാ. 5–8 ലെ ഒരു സാങ്കല്പിക പ്രതിവാദിയെ ഉപയോഗിക്കുന്നതിന്റെ (ഡയാട്രൈബ്) ആശയം എന്താണ്?
4. നീതീകരണം പ്രവൃത്തിയാലല്ല, വിശ്വാസം മൂലം കൃപയാലാണെങ്കിൽ ഒരുവൻ എങ്ങനെ ജീവിക്കുന്നു എന്നതു വിഷയമാണോ (3:8)?
5. എന്താണ് സമ്പൂർണ്ണ വഴിതെറ്റൽ (കാൽവിൻ) എന്ന ദൈവശാസ്ത്ര ആശയം (ഒ.നോ. 3:10–18)?
6. മോശൈക ന്യായപ്രമാണത്തിന്റെ അല്ലെങ്കിൽ പൊതുവിലുള്ള പ്രമാണത്തിന്റെ ഉദ്ദേശ്യമെന്താണ് (ഒ.നോ. 3:20; ഗലാ. 3:24–25)?
7. മനുഷ്യന്റെ നഷ്ടപ്പെട്ട അവസ്ഥ വിവരിക്കുന്ന അ. 1–3 ൽ സാത്താനെക്കുറിച്ചു പരമാർശിക്കാത്തതെന്തുകൊണ്ട്?

# റോമർ 3:21–31 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. റോമർ 3:21–31
   1. 1:18–3:20 ന്റെ കാലാനുസൃത സംഗ്രഹം
   2. 1:16–17 ന്റെ വിപുലീകരണം
   3. അ. 4–8 നുള്ള മുഖവുര (പ്രത്യേകാൽ 3:28)

B. വിശ്വാസം മൂലം കൃപയാലുള്ള നീതീകരണ ഉപദേശത്തിന്റെ കാലാനുസൃത സംഗ്രഹം നവീകരണ കർത്താക്കളാണ് വേർതിരിച്ചു മനസിലാക്കിയത്.
   1. മാർട്ടിൻ ലൂഥർ "ലേഖനത്തിന്റെയും മുഴുബൈബിളിന്റെയും മുഖ്യവിഷയവും കേന്ദ്രസ്ഥാനവും"
   2. ജോൺ കാൽവിൻ, "ക്രിസ്തുവിലുള്ള ദൈവിക നീതിയെ ഇത്രയും അടിസ്ഥാനപരമായി മുന്നോട്ടുവയ്ക്കുന്ന മറ്റൊരു വേദഭാഗവും ബൈബിളിലില്ല"

C. സുവിശേഷ വിഹിത ക്രിസ്ത്യാനിത്വത്തിന്റെ ദൈവശാസ്ത്രപരമായ സത്തയാണിത്. ഈ സന്ദർഭം മന

സ്സിലാക്കുന്നത് ക്രിസ്ത്യാനിത്വം ഒരു വാക്യത്തിൽ ഒതുക്കിയിരിക്കുന്നതുപോലെ സുവിശേഷം രണ്ടു ഖണ്ഡിക സംഗ്രഹത്തിലൊതുക്കിയിരിക്കുന്നതാണിത്. പൗലൊസിന്റെ സുവിശേഷ അവതരണത്തിന്റെ ഹൃദയവും ആത്മാവും ആണിത്.

മൂന്ന് വ്യാഖ്യാന ചോദ്യങ്ങൾ ഇവയാണ്

1. "ന്യായപ്രമാണം" എന്ന പദത്തിന്റെ അർത്ഥം എന്താണ്?
2. "ദൈവത്തിന്റെ നീതി" എന്ന പ്രയോഗത്തിന്റെ അർത്ഥമെന്താണ്?
3. "വിശ്വാസം," "വിശ്വസിക്കുക" എന്നീ പദങ്ങളുടെ അർത്ഥമെന്താണ്?

D. വാ. 21 ലെ "എല്ലാവർക്കും" (ഒ.നോ. വാ. 29), വാ. 24 ലെ "സൗജന്യം" (ഒ.നോ. 5:15,17; 6:23) എന്ന പദത്തിനുമായി ഞാൻ ദൈവത്തിനു നന്ദി പറയുന്നു.

# പദ, ശൈലീ പഠനം

**റോമർ 3:21–26**

**21ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നേ, ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു. 22അതിന്നു ന്യായപ്രമാണവും പ്രവാചകന്മാരും സാക്ഷ്യം പറയുന്നു. 23ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു, 24അവന്റെ കൃപയാൽ ക്രി സ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൌജന്യമായത്രേ നീതീകരിക്കപ്പെടുന്ന തു. 25വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ, 26താൻ നീതിമാനും യേശുവിൽ വിശ്വസിക്കു ന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന്നു ഇക്കാലത്തു തന്റെ നീതിയെ പ്രദർ ശിപ്പിപ്പാൻ തന്നേ അങ്ങനെ ചെയ്തതു.**

**3:21 "ഇപ്പോഴോ"** പൗലൊസ് പഴയ ഉടമ്പടിയെ പുതിയ ഉടമ്പടിയോടും പഴയ യുഗത്തെ നീതിയുടെ പുതിയ യുഗത്തോടും താരതമ്യപ്പെടുത്തുന്നു. ആ നിലയ്ക്ക് ഇത് "ഇക്കാലത്ത്" എന്നതിനു സമാന്തരമാണ് (ഒ.നോ. വാ. 26; "എന്നാൽ ഇപ്പോൾ" 6:22; "ഇപ്പോഴോ" 7:22).

▣

**NASB** **"ദൈവത്തിന്റെ നീതി"**
**NKJV,**
**NRSV** **"ദൈവത്തിന്റെ നീതി"**
**TEV** **"ആളുകളെ തന്നോടു നിരപ്പിക്കുന്ന ദൈവത്തിന്റെ വഴി"**
**NJB** **"ദൈവത്തിന്റെ രക്ഷാകരമായ നീതി"**

"നീതി" എന്നതിനോടു ചേർന്ന് വിവേചകഭേദകം ഇല്ല. ഇതു ദൈവത്തിന്റെ സ്വഭാവത്തെ അല്ല സൂചിപ്പിക്കുന്നത്, മറിച്ച് പാപികളായ മനുഷ്യരുടെമേൽ തന്റെ പാപക്ഷമയും അംഗീകാരവും കണക്കിടുന്നതിനുള്ള ദൈവത്തിന്റെ മാർഗ്ഗത്തെയാണ്. ഇതേ പ്രയോഗം റോമ. 1:16–17 ലെ ദൈവശാസ്ത്ര വിഷയത്തിൽ ഉപയോഗിച്ചിട്ടുണ്ട്. വ്യക്തമായി വെളിപ്പെടുത്തപ്പെട്ട പ്രവർത്തനരീതി, ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് (ഒ.നോ. വാ. 22, 24–26).

ഈ പദവും (*ഡിക്കായിയോസൊനീ*-***δικαιοσυνη***) അതിന്റെ വകഭേദങ്ങളും (2:13 ന്റെ കുറിപ്പു കാണുക) ഈ സന്ദർഭത്തിൽ കൂടെക്കൂടെ ഉപയോഗിച്ചിരിക്കുന്നു എന്ന വസ്തുത അതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. (ഒ.നോ. 1:17; 3:5,21,25,26; 4:3,5,6,9,11,13,22; 5:17,21; 6:13,16,18,19,20; 8:10; 9:28,30,31; 10:3,4,5,6,10,17). ഗ്രീക്ക് പദം ഒരു പഴയ നിയമ നിർമ്മാണ സാദൃശ്യത്തിൽ നിന്നും (*റ്റ്സദാക്ക്*) വന്നതാണ്. "ഒരു നിലവാരം" അല്ലെങ്കിൽ "അളവുകോൽ" (1:17 ലെ പ്രത്യേക പഠനവിഷയം കാണുക). അളവുകോൽ ദൈവം തന്നെയാണ്. ഈ പദം വീണുപോയ മനുഷ്യവർഗ്ഗത്തിന് ക്രിസ്തുവിലൂടെ സൗജന്യമായി നൽകപ്പെട്ട ദൈവിക സ്വഭാവത്തെ വെളിപ്പെടുത്തുന്നു (ഒ.നോ. അധ്യായം 4; 2 കൊരി. 5:21). തങ്ങളുടെ ആവശ്യം അംഗീകരിച്ച് ദൈവിക ദാനത്തെ സ്വീകരിക്കുന്നത് അഹങ്കാരികളും സ്വയ-കേന്ദ്രീകൃതരുമായ മനുഷ്യർക്ക് - വിശേഷിച്ച് നിയമവാദികളും മതതല്പരരുമായവർക്ക് - അപമാനകരമാണ്.

▣ **"ന്യായപ്രമാണം കൂടാതെ"** ഈ പ്രാരംഭ അദ്ധ്യായങ്ങളിൽ പൗലൊസ് പരാമർശിക്കുന്നത് മോശൈക ന്യായപ്രമാണത്തെക്കുറിച്ചാണോ (NASB) അതോ പൊതുവായ പ്രമാണത്തെക്കുറിച്ചാണോ (NRSV, TEV, NJB, NIV) എന്നു നിർണ്ണയിക്കുക പ്രയാസകരമാണ്. ഈ സന്ദർഭത്തിൽ യെഹൂദ ന്യായപ്രമാണമാണ് പൗലൊസിന്റെ വാദഗതിക്ക് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. സകലമനുഷ്യരും ആന്തരികമോ ബാഹ്യമോ ആയ രേഖകൾ ലംഘിച്ചു. വീണുപോയ മനുഷ്യവർഗ്ഗം എന്ന നിലയിലുള്ള നമ്മുടെ പ്രശ്നങ്ങൾ എന്നത് നമുക്ക് നമ്മുടെ സ്വാർത്ഥവും സ്വയകേന്ദ്രീകൃത ആഗ്രഹങ്ങളുമായ പ്രമാണങ്ങളല്ലാതെ മറ്റൊരു പ്രമാണവും ആവശ്യമില്ല എന്നതാണ് (ഒ.

നോ. ഉല്പ. 3). അതാണ് ആധുനിക പാശ്ചാത്യ വ്യക്തിവാദത്തിന്റെ സവിശേഷത.

■ **"എല്ലാവർക്കും"** സുവിശേഷം സകല മനുഷ്യർക്കും ഉള്ളതാണ് (ഒ.നോ. വാ. 24; യെശ. 53:6; യെഹെ. 18:23,32; യോഹ. 3:16,17; 4:42; 1 തിമൊ. 2:4; 4:10; തീത്തൊ. 2:11; 2 പത്രൊ. 3:9; 1 യോഹ. 2:1; 4:14). എത്ര ശ്രേഷ്ഠമായ സത്യം! ഇത് തിരഞ്ഞെടുപ്പ് എന്ന വേദപുസ്തകസത്യത്തെ സന്തുലനപ്പെടുത്തിയിരിക്കുന്നു. ദൈവിക തിരഞ്ഞെടുപ്പ് നിർണ്ണയം എന്ന ഇസ്ലാമിക അർത്ഥത്തിലോ, ചിലരെ എന്ന കാൽവിനിസ്റ്റിക് തീവ്ര ചിന്താഗതിയിലോ എടുക്കാതെ ഉടമ്പടി അർത്ഥത്തിൽ വേണം എടുക്കാൻ. പഴയ നിയമ തിരഞ്ഞെടുപ്പ് ഒരു പദവിക്കുവേണ്ടിയല്ല, ശുശ്രൂഷയ്ക്കു വേണ്ടിയായിരുന്നു! വീണുപോയ മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കാമെന്നു ദൈവം വാഗ്ദത്തം ചെയ്തു (ഒ.നോ. ഉല്പ. 3:15). ദൈവം യിസ്രായേലിലൂടെ സകല മനുഷ്യവർഗ്ഗത്തെയും വിളിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്തു (ഒ.നോ. ഉല്പ. 12:3; പുറ. 19:5–6). ദൈവം തിരഞ്ഞെടുക്കുന്നത് ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരമാണ്. രക്ഷയിൽ ദൈവമാണ് എല്ലായ്പോഴും മുൻകയ്യെടുക്കുന്നത് (ഒ.നോ. യോഹ. 6:44,65). ദൈവശാസ്ത്രപരമായി അഗസ്റ്റിനും കാൽവിനും ഊന്നിപ്പറഞ്ഞിരുന്ന മുൻനിയമന ഉപദേശം സംബന്ധിച്ച് ശക്തമായ വേദപുസ്തക ഭാഗങ്ങളാണ് എഫെസ്യർ 1, റോമർ 9 അധ്യായങ്ങൾ.

ദൈവം വിശ്വാസികളെ തിരഞ്ഞെടുക്കുന്നത് രക്ഷയ്ക്കായിട്ടു മാത്രമല്ല (നീതീകരണം) വിശുദ്ധീകരണത്തിനുംകൂടി വേണ്ടിയാണ് (ഒ.നോ. എഫെ. 1:4; കൊലൊ. 1:12). ഇത് ബന്ധപ്പെട്ടിരിക്കുന്നത്:

1. ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനം (ഒ.നോ. 2 കൊരി. 5:21)
2. തന്റെ മക്കളിൽ അവന്റെ സ്വഭാവം പുനരുല്പാദിപ്പിക്കാനുള്ള ദൈവത്തിന്റെ ആഗ്രഹം (ഒ.നോ. റോമ. 8:28–29; ഗലാ. 4:19; എഫെ. 2:10).

തന്റെ മക്കളെക്കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹം ഒരിക്കൽ സ്വർഗ്ഗവും എന്നാൽ ഇപ്പോൾ ക്രിസ്തുസാദൃശ്യവും ആണ്.

മുൻനിയമനത്തിന്റെ ലക്ഷ്യം വിശുദ്ധിയാണ് (എഫെ. 1:4) പദവിയല്ല! ദൈവത്തിന്റെ വിളി ആദാമ്യ സന്തതയിലെ തിരഞ്ഞെടുക്കപ്പെട്ട ചിലർക്കു മാത്രമുള്ളതല്ല, മറിച്ച് എല്ലാവർക്കുമുള്ളതാണ്. ദൈവത്തിന്റെ സ്വന്തസ്വഭാവത്തിനുള്ള വിളിയാണത് (ഒ.നോ. 1 തെസ്സ. 5:23; 2 തെസ്സ. 2:13). മുൻനിയമനത്തെ വിശുദ്ധ ജീവിതത്തിനു പകരം ഒരു ദൈവശാസ്ത്ര സിദ്ധാന്തമാക്കി മാറ്റുന്നതാണ് മാനുഷിക ദൈവശാസ്ത്ര സംവിധാനത്തിന്റെ ദുരന്തം. പലപ്പോഴും നമ്മുടെ ദൈവശാസ്ത്ര സംഘങ്ങൾ വേദപുസ്തക ഭാഗങ്ങളെ വളച്ചൊടിക്കാറുണ്ട്. 8:33 ലെ പ്രത്യേക പഠനവിഷയം: തെരഞ്ഞെടുപ്പും/മുൻനിയമനവും ദൈവശാസ്ത്ര സന്തുലനത്തിന്റെ ആവശ്യകതയും കാണുക.

■ **"വിശ്വസിക്കുന്ന"** യേശു മരിച്ചത് സകല മനുഷ്യർക്കും വേണ്ടിയാണ്. സാംഗത്യപരമായി എല്ലാവർക്കും രക്ഷിക്കപ്പെടുവാൻ കഴിയും. മനുഷ്യന്റെ വ്യക്തിപരമായ സ്വീകരണം (വർത്തമാനകാല അപൂർണ്ണക്രിയ, 10:4 ലെ പ്രത്യേക പഠനവിഷയം കാണുക) ആണ് യേശുവിന്റെ നീതിയെ അവർക്കു സംഗതമാക്കി തീർക്കുന്നത് (ഒ.നോ. 1:16; യോഹ. 1:12; 3:16; 20:31; റോമ. 10:9–13; 1 യോഹ. 5:13). നീതി കണക്കിടുന്നതിന് രണ്ട് മാനദണ്ഡങ്ങൾ ബൈബിളിൽ കാണാം: വിശ്വാസവും മാനസാന്തരവും (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 3:16,19; 20:31; 1:5 ന്റെ കുറിപ്പ് കാണുക). ഈ ഭാഗം വളരെ വ്യക്തമായി രക്ഷയുടെ സാർവ്വലൗകിക വാഗ്ദാനം വെളിപ്പെടുത്തുന്നു എങ്കിലും എല്ലാവരും രക്ഷിക്കപ്പെടുന്നില്ല എന്നതാണ് ദുന്തവും മർമ്മവും.

■ **"യേശുക്രിസ്തുവിങ്കലെ വിശ്വാസത്താൽ"** ഇത് ആക്ഷരികമായി "യേശുക്രിസ്തുവിന്റെ വിശ്വാസത്താൽ" എന്നാണ്. ഗലാ. 2:16 ലും ഫിലി. 3:9 ലും ഇതു കാണാം. റോമ. 3:23; ഗലാ. 2:16,20; 3:22 എന്നിവിടങ്ങളിൽ സമാന്തര പ്രയോഗമുണ്ട്. ഇതിനർത്ഥം.

1. യേശുവിന്റെ വിശ്വാസം അഥവാ വിശ്വസ്തത (കർത്തൃനിഷ്ഠമായ സംബന്ധിക)
2. യേശു നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രമായി (വസ്തുനിഷ്ഠമായ സംബന്ധിക)

ഗലാ. 2:16 ലെ സമാനമായ വ്യാകരണ ഉപയോഗം രണ്ടാമത്തേതാണ് ഏറ്റവും അനുയോജ്യം എന്നു തെളിയിക്കുന്നു. ദൈവിക നീതീകരണത്തിന്റെ പ്രധാന ഭാഗത്തെ ഇതു കാണിക്കുന്നു. ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ സൗജന്യ ദാനത്തെ (ഒ.നോ. 4:5; 6:23) ഒരുവന്റെ ജീവിതത്തിൽ പ്രവർത്തന ക്ഷമമാക്കുന്നത് ദൈവത്തിന്റെ നീതിയാണ്. അത് പക്ഷേ വിശ്വാസത്താൽ/വിശ്വസിച്ച്/ആശ്രയിച്ച് അംഗീകരിക്കുകയും (ഒ.നോ. എഫെ. 2:8–9) ദൈനംദിന ജീവിതത്തിൽ ജീവിക്കുകയും വേണം (ഒ.നോ. എഫെ. 1:4; 2:10).

■ **"വെളിപ്പെട്ടു വന്നിരിക്കുന്നു"** ഈ പ്രയോഗം 1:17 നു സമാനമാണ്. എങ്കിലും ക്രിയാകാലം വ്യത്യസ്തമാണ്. ഇവിടെ ക്രിയ ഇങ്ങനെ തർജ്ജമ ചെയ്യാം: "വ്യക്തമായി വെളിപ്പെട്ടു വരികയും തുടർന്നും വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു." ഇത് പൂർണ്ണ കർമ്മണി സൂചകമാണ്. അതേസമയം 1:17 ലെ സമാന്തരപദം വർത്തമാന കാല കർമ്മണി സൂചകമാണ്. ദൈവം പഴയ നിയമത്തിലും (ഒ.നോ. അധ്യായം 4) യേശുവിലും സുവിശേഷത്തെ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു.

**3:22 "ന്യായപ്രമാണവും പ്രവാചകന്മാരും സാക്ഷ്യം പറയുന്നു"** എബ്രായ കാനോന്റെ മൂന്ന് വിഭജനങ്ങളിൽ (ന്യായപ്രമാണം, പ്രവാചകന്മാർ, എഴുത്തുകാർ) രണ്ടെണ്ണമാണ് ഇവിടെ പരാമർശിക്കുന്നത്. ഈ രണ്ടെണ്ണം മുഴു പഴയ നിയമത്തെയും പരാമർശിക്കുവാൻ ഉപയോഗിക്കാറുണ്ട് (3:19 ന്റെ കുറിപ്പു കാണുക; മത്താ. 5:17). സുവിശേഷം പ്രാഥമിക രൂപത്തിൽ പഴയ നിയമത്തിൽ അടങ്ങിയിരിക്കുന്നു എന്ന് ഇതു വ്യക്തമാക്കുന്നു (ഒ.നോ.

ലൂക്കൊ. 24:27,44; പ്രവൃ. 10:43). അത് പിന്നീടുണ്ടായ ചിന്തയോ, പ്ലാൻ 'ബി' യോ അല്ലെങ്കിൽ അവസാന നിമിഷം രൂപം കൊടുത്ത പദ്ധതിയോ അല്ല (ഒ.നോ. 1:2)). 3:23-26 ഗ്രീക്കിൽ ഒരു വാചകമാണ്.

**3:23 "ഒരു വ്യത്യാസവുമില്ല"** മനുഷ്യനു (യെഹൂദനും ജാതിക്കും) രക്ഷ പ്രാപിക്കുവാൻ ഒരൊറ്റ മാർഗ്ഗവും ഒരൊറ്റ വ്യക്തിയും മാത്രമേയുള്ളൂ (ഒ.നോ. യോഹ. 10:1-2,7; 11:25; 10:46). ക്രിസ്തുവിലുള്ള വിശ്വാസത്താൽ ആർക്കും ഏവർക്കും രക്ഷ പ്രാപിക്കാൻ കഴിയും (ഒ.നോ. 1:16; 4:11,16; 10:4,12; ഗലാ. 3:28; കൊലൊ. 3:11).

▣

**NASB,**
**NKJV, NRSV "എല്ലാവരും പാപം ചെയ്ത് ... ഇല്ലാത്തവരായി"**
**TEV "സകല മനുഷ്യരും പാപം ചെയ്യുകയും ... അകന്നുപോകുകയും ചെയ്തു"**
**NJB "പാപം ചെയ്യുകയും നഷ്ടമാക്കുകയും ചെയ്തു"**

ഇത് 1:18-3:20 ന്റെ സംഗ്രഹമാണ്. സകല മനുഷ്യർക്കും ക്രിസ്തുവിനാൽ രക്ഷിക്കപ്പെടേണ്ട ആവശ്യമുണ്ട് (ഒ.നോ. 3:9,19; 11:32; ഗലാ. 3:22; യെശ. 53:6). "പാപം ചെയ്തു" എന്നത് ഭൂതകാല കർത്തരി സൂചകമാണ്. അതേസമയം "ഇല്ലാത്തവരായി തീർന്നു" എന്നത് വർത്തമാനകാല മധ്യ സൂചകവുമാണ്. അർത്ഥം "ഇല്ലാത്തവ രായി തുടർന്നുകൊണ്ടേയിരിക്കുന്നു." ഈ പ്രയോഗം സൂചിപ്പിക്കുന്നത് (1) ആദാമിലൂടെ മനുഷ്യന്റെ സമൂഹപര മായ വീഴ്ച (ഒ.നോ. 5:12-21), (2) അവന്റെ തുടർമാനമായ മത്സര പ്രവൃത്തി. ആധുനിക ഇംഗ്ലീഷ് പരിഭാഷക ളൊന്നും തന്നെ പ്രത്യേകമായി ഈ വ്യത്യാസം എടുത്തു കാണിക്കുന്നില്ല.

ഈ വാക്യം, നേരിട്ട് വാ. 24 നോടല്ല, ദൈവശാസ്ത്രപരമായി വാ. 21 നോടാണു ബന്ധപ്പെട്ടിരിക്കുന്നത്.

▣ **"ദൈവതേജസ്സ്"** മനുഷ്യൻ ദൈവിക സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവനാണ് (ഒ.നോ. ഉല്പ. 1:26-27). ഇതര സൃഷ്ടിജാലങ്ങളുടെ കാര്യത്തിൽ അങ്ങനെയല്ല. മനുഷ്യൻ തേജസ്സുള്ള ദൈവവുമായ കൂട്ടായ്മ ആചരിക്കുകയും അവന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുകയും ചെയ്യേണ്ടവരായിരുന്നു! പാപം ആ സ്വരൂപത്തിനു കേടു വരുത്തി, എന്നാൽ ക്രിസ്തുവിന്റെ മരണത്തിലൂടെയുള്ള ദൈവത്തിന്റെ കൃപയും വിശ്വാസിയുടെ വിശ്വാസവും ആ സ്വരൂ പത്തെ പുനഃസ്ഥാപിച്ചു (ഒ.നോ. കൊലൊ. 3:10).

പഴയ നിയമത്തിൽ "തേജസ്സ്" (*കാബോദ്*) എന്നതിനുള്ള സർവ്വസാധാരണമായ പദത്തിന്റെ മൂലപദം ഒരു വാണിജ്യപദമാണ് (തുലാസിനെ പരാമർശിക്കുന്നത്). അർത്ഥം, "കനമുള്ളത്." താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: തേജസ്സ് (ഡോക്സാ-*δοξα*)

"തേജസ്സ്" എന്ന വേദപുസ്തക ആശയം നിർവ്വചിക്കുക എളുപ്പമല്ല. വിശ്വാസികളുടെ മഹത്വം/തേജസ്സ് എന്നത് സുവിശേഷവും ദൈവത്തിലുള്ള മഹത്വവും മനസ്സിലാക്കുക എന്നതാണ് (ഒ. നോ. 1:29-31; യിരെ. 9:23-24).

പഴയ നിയമത്തിൽ "തേജസ്സ്" (*കാബോദ്* BDB 217) എന്നതിനുള്ള സർവ്വസാധരണമായ എബ്രായപദം ഒരു തുലാസിനോടു ബന്ധപ്പെടുന്ന വാണിജ്യസംബന്ധമായ പദമായിരുന്നു ("കനമുള്ളത്"). കനമുള്ളത് വിലയുള്ളതും മൂല്യവത്തുമായിരിക്കും. മിക്കപ്പോഴും ദൈവത്തിന്റെ മഹത്വത്തെ പ്രകടിപ്പിക്കുന്നതിനായി ഈ പദത്തോടൊപ്പം പ്രകാശത്തെയും ചേർത്തു പറഞ്ഞിരുന്നു (ഒ. നോ. പുറ. 13:21-22; 24:17; യെശ. 4:5; 60:1-2). അവൻ മാത്രമാണ് യോഗ്യനും ബഹുമാന്യനും. വീണുപോയ മനുഷ്യവർഗ്ഗത്തിന് ദർശിക്കുവാൻ കഴിയാത്ത വണ്ണം അവൻ തേജസ്സേറിയവനാണ് (ഒ. നോ. പുറ. 33:17-23; യെശ. 6:5). ക്രിസ്തു മുഖാന്തരം മാത്രമേ യഹോവയെ ശരിയായി അറിയുവാൻ കഴികയുള്ളു (ഒ. നോ. യിരെ. 1:14; മത്താ. 17:2; എബ്രാ. 1:3; യാക്കോ. 2:1).

"തേജസ്സ്" എന്ന പദം ഏതാണ്ട് അവ്യക്തമാണ്.

1. ഇത് "ദൈവത്തിന്റെ നീതിക്ക്" സമാന്തരമാകാം
2. ഇത് ദൈവത്തിന്റെ "പരിശുദ്ധി" യെയും "പൂർണ്ണത"യെയും സൂചിപ്പിക്കുന്നതാകം
3. ഇത് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതും പിന്നീട് പാപത്തിലൂടെ മലിനമാക്കപ്പെട്ടതുമായ ദൈവത്തിന്റെ സ്വരൂ പത്തെ സൂചിപ്പിക്കുന്നതാകാം (ഒ. നോ. ഉല്പ. 1:26-27; 5:1; 9:6). തന്റെ ജനത്തോടുകൂടെയുള്ള യഹോവ യുടെ സാന്നിദ്ധ്യത്തെ (മേഘം) സൂചിപ്പിക്കുന്നതിന് ഇത് ആദ്യമായി ഉപയോഗിച്ചു (ഒ. നോ. പുറ. 16:7, 10; ലേവ്യ. 9:23; സംഖ്യ. 14:10).

**3:24 "അവന്റെ കൃപയാൽ... സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്"** ഇത് വർത്തമാനകാല കർമ്മണി അപൂർണ്ണക്രിയയാണ്. ഇവിടെയാണ് സുവിശേഷം ആരംഭിക്കുന്നത്. നീതി നൽകുന്ന ദൈവകൃപ (ഒ.നോ. 5:15-17; 6:23; എഫെ. 2:8-9). "നീതികരിക്കുക" എന്ന ഗ്രീക്കു പദം (*ഡിക്കായിയോഓ-**δικαιοω***) "നീതി" എന്നതി നുള്ള അതേ മൂലപദത്തിൽ നിന്നും വന്നിട്ടുള്ളതാണ് (*ഡിക്കായിയോസുനി-**δικαιοτσυνη***). 1:17 ലെ പ്രത്യേക പഠനവിഷയം കാണുക). ദൈവമാണ് എല്ലായ്പ്പോഴും മുൻകയ്യെടുക്കുന്നത് (ഒ.നോ. യോഹ. 6:44, 65).

വാ. 24-25 ൽ രക്ഷയെ വിശദീകരിക്കുവാൻ മൂന്നു സാദൃശ്യങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

1. "നീതീകരിക്കപ്പെടുക" എന്നത് "ഒരു ശിക്ഷയും നൽകപ്പെട്ടില്ല" എന്നർത്ഥമുള്ള കോടതി ഭാഷയാണ്; ഒരുവനെ കുറ്റവാളിയല്ല എന്നു പ്രഖ്യാപിക്കുന്നതാണത്.
2. "വീണ്ടെടുപ്പ്" എന്ന പദം" "തിരികെ വാങ്ങി" അല്ലെങ്കിൽ "സ്വതന്ത്രനാക്കി" എന്നർത്ഥം വരുന്ന അടിമച്ചന്തയിലെ പദമാണ്.
3. "പ്രായശ്ചിത്തം" എന്നത് യാഗസംബന്ധമായ പദവും മറയ്ക്കുന്ന സ്ഥലം അല്ലെങ്കിൽ പരിഹാരം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നതുമാണ്. പാപപരിഹാരദിനത്തിൽ യാഗരക്തം തളിക്കപ്പെടുന്ന സ്ഥലമായ നിയമപെട്ടകത്തിന്റെ മേൽമൂടിയെയാണതു സൂചിപ്പിക്കുന്നത് (ഒ.നോ. ലേവ്യ. 16; എബ്രാ. 9:5).

## പ്രത്യേക പഠനവിഷയം: ഒരുവന്റെ രക്ഷയെ സംബന്ധിച്ചുള്ള പുതിയനിയമ തെളിവ്

ഇത് യേശുവിലുള്ള പുതിയ ഉടമ്പടിയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് (യിരെ. 31:31-34; യെഹെ. 36:22-38).

1. പിതാവിന്റെ സ്വഭാവം (യോഹ. 3:16), പുത്രന്റെ പ്രവൃത്തി (2 കൊരി. 5:21), ആത്മാവിന്റെ ശുശ്രൂഷ (റോമ. 8:41-16) എന്നിവ അടിസ്ഥാനമാക്കി. മനുഷ്യന്റെ പ്രവൃത്തിയിന്മേലല്ല അനുസരണത്തിനു തക്ക കൂലിയല്ല, വെറുമൊരു പ്രമാണവുമല്ല.
2. ഇത് ഒരു ദാനമാണ് (റോമർ 3:24; 6:23; എഫെ. 2:5,8,9)
3. ഇത് ഒരു പുതിയ ജീവിതമാണ്, ഒരു പുതിയ കാഴ്ചപ്പാടാണ് (യാക്കോബ്, 1 യോഹന്നാൻ)
4. ഇത് ഒരു അറിവും (സുവിശേഷം) കൂട്ടായ്മയും (യേശുവിലും യേശുവിനോടുമുള്ള വിശ്വാസം) ഒരു പുതിയ ജീവിതശൈലിയുമാണ് (ആത്മവിനാൽ നയിക്കപ്പെടുന്ന ക്രിസ്താനുരൂപ്യം). മൂന്നുമാണ് ഏതെങ്കിലും ഒന്നു മാത്രമല്ല.
5. 1 യോഹ. 2:3-3:3 ന്റെ പശ്ചാത്തല ഉൾക്കാഴ്ച C യിൽ ശരിയായ രക്ഷയുടെ പരിശോധനകൾ കാണുക.

▣ **"സൗജന്യമായി"** പൗലൊസ് ഈ ആശയം നിരവധി പ്രാവശ്യം വ്യത്യസ്തപദങ്ങൾ ഉപയോഗിച്ച് വെളിപ്പെടുത്തുന്നുണ്ട്.

1. *ഡോറെയാൻ* (**δωρεαν**), ക്രിയാവിശേഷണം, "സൗജന്യമായി"
2. *ഡോറെയാ* (**δωρεα**), നാമം, "സൗജന്യദാനം"
3. *ഡോറൊൻ* (**δωρον**), നാമം, "ദാനം" (ഒ.നോ. എഫെ. 2:8)
4. *ഖാരിസ്മാ* (**χαρισμα**), നാമം, "സൗജന്യകടം" അഥവാ "സൗജന്യ ആനുകൂല്യം" (ഒ.നോ. 1:11; 5:15,16; 6:23; 11:29; 12:6).
5. *ഖാരിസോമായി* (**χαρισομαι**), ക്രിയ, "സൗജന്യ ആനുകൂല്യമായി നൽകുക" (ഒ.നോ. 8:32)
6. *ഖാറിസ്* (**χαρις**), നാമം "സൗജന്യ ആനുകൂല്യം" അഥവാ "സൗജന്യവരദാനം" (ഒ.നോ. 4:4, 16; 11:5,6; എഫെ. 2:5,8).

▣ **"ക്രിസ്തുയേശുവിലെ വീണ്ടെടുപ്പുമൂലം"** നമ്മുടെ രക്ഷ പ്രവർത്തനക്ഷമമാകുന്നത് യേശുവിന്റെ പ്രായശ്ചിത്ത മരണവും ഉയിർത്തെഴുന്നേല്പും മുഖാന്തരമാണ്. വേദപുസ്തകം ഊന്നൽ നൽകുന്നത് എത്രമാത്രം കൊടുത്തു എന്നോ ആർക്കു കൊടുത്തു എന്നുള്ളതിലോ (അഗസ്റ്റിൻ) അല്ല മറിച്ച് പാപരഹിതനായ പകരക്കാരനാൽ മനുഷ്യവർഗ്ഗം പാപത്തിന്റെ കുറ്റത്തിൽനിന്നും ശിക്ഷയിൽ നിന്നും വിടുവിക്കപ്പെട്ടു എന്നുള്ളതിലാണ് (ഒ. നോ. യോഹ. 1:29,36; 2 കൊരി. 5:21; 1 പത്രൊ. 1:19).

ഈ വാക്യം ഉല്പ. 3:15 നു കൊടുക്കേണ്ട വിലയും വെളിപ്പെടുത്തുന്നു. യേശു വീണുപോയ മനുഷ്യവർഗത്തിന്റെ സ്ഥാനത്ത് ശാപം വഹിച്ചു (രക്ഷ സൗജന്യമായിരിക്കാം. പക്ഷേ തീർച്ചയായും വിലയില്ലാത്തതല്ല).

## പ്രത്യേക പഠന വിഷയം: മറുവില/ വീണ്ടെടുക്കുക

**I. പഴയ നിയമം**

A. പ്രാഥമികമായി രണ്ട് എബ്രായ പദങ്ങളാണ് ഈ ആശയം വിനിമയം ചെയ്യുന്നത്

1. *ഗാൽ* (BDB 145, I) അടിസ്ഥാനപരമായ അർത്ഥം "ഒരു വി ലകൊടുത്ത് സ്വതന്ത്രമാക്കുക." പദ

ത്തിന്റെ മറ്റൊരു രൂപമായ *ഗോ'എൽ* ഒരു ആളത്ത മധ്യസ്ഥതയെ – സാധാരണയായി കുടുംബാംഗം – സൂചിപ്പിക്കുന്നു (അതാ. ചാർച്ചക്കാരനായ വീണ്ടെടുപ്പുകാരൻ). വസ്തുക്കൾ, മൃഗങ്ങൾ, നിലം (ഒ.നോ. ലേവ്യ. 25,27) എന്നിവയെ അല്ലെങ്കിൽ ചാർച്ചക്കാരെ (ഒ.നോ. രൂത്ത് 4:15; യെശ. 29:22) തിരികെ വാങ്ങാനുള്ള അവകാശം എന്ന ഈ സാംസ്കാരിക വസ്തുത, യഹോവ മിസ്രയീമിൽ നിന്നും യിസ്രായേലിനെ വിടുവിച്ചതിനോട് ദൈവശാസ്ത്രപരമായി ബന്ധിച്ചിരിക്കുന്നു (ഒ.നോ. പുറ. 6:6; 15:13; സങ്കീ. 74:2; 77:15; യിരെ. 31:11). അവൻ "വീണ്ടെടുപ്പുകാരൻ" ആയിത്തീർന്നു (ഒ.നോ. ഇയ്യോ. 19:25; സങ്കീ. 19:14; 78:35; സദൃ. 23:11; യെശ. 41:14; 43:14; 44:6,24; 47:4; 48:17; 49:7,26; 54:5,8; 59:20; 60:16; 63:16; യിരെ. 50:34).

2. *പാദാഹ്* (BDB 804), അർത്ഥം "വിടുവിക്കുക" അഥവാ "രക്ഷിക്കുക"
   a. ആദ്യജാതന്റെ വീണ്ടെടുപ്പ് (ഒ.നോ. പുറ. 13:13,14; സംഖ്യ. 18:15–17)
   b. ശാരീരിക വീണ്ടെടുപ്പിനെ ആത്മിക വീണ്ടെടുപ്പുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു (സങ്കീ. 49:7,8,15)
   c. യഹോവ യിസ്രായേലിനെ പാപത്തിൽ നിന്നും മത്സരത്തിൽ നിന്നും വീണ്ടെടുക്കും (സങ്കീ. 130:7–8).

B. ദൈവശാസ്ത്ര സങ്കല്പത്തിൽ അനേക അനുബന്ധ വിഷയങ്ങൾ അടങ്ങിയിരിക്കുന്നു
1. ഒരു ആവശ്യം, അടിമത്തം, നഷ്ടപ്പെടൽ, തടങ്കൽ എന്നിവയുണ്ട്
   a. ശാരീരികം
   b. സാമൂഹികം
   c. ആത്മിക (ഒ.നോ. സങ്കീ. 130:8)
2. സ്വാതന്ത്ര്യം, വിടുതൽ, യഥാസ്ഥപാനം എന്നിവയ്ക്ക് ഒരു വില കൊടുക്കണം
   a. യിസ്രായേൽ രാഷ്ട്രത്തിന്റെ (ഒ.നോ. ആവ. 7:8)
   b. വ്യക്തികളുടെ (ഒ.നോ. ഇയ്യോ. 19:25–27; 33:28)
3. ഒരു മധ്യസ്ഥനായും ഉപകാരിയായും പ്രവർത്തിക്കണം
   *ഗാൽ* ൽ ഇത് സാധാരണയായി കുടുംബാംഗമോ അടുത്ത ചാർച്ചക്കാരനോ ആയിരിക്കും (അതാ. *ഗോ'എൽ,* BDB 145).
4. യഹോവ പലപ്പോഴും തന്നെത്തന്നെ കുടുംബ സംബന്ധപദമുപയോഗിച്ചു വിവരിച്ചിട്ടുണ്ട്
   a. പിതാവ്
   b. ഭർത്താവ്
   c. അടുത്ത ചാർച്ചക്കാരൻ/പ്രതികാരകൻ
   യഹോവയുടെ വ്യക്തിപരമായ മാധ്യസ്ഥത്താലാണ് വീണ്ടെടുപ്പു സാധിച്ചത്; ഒരു വില കൊടുത്ത് വീണ്ടെടുപ്പു സാധിച്ചു

II. പുതിയ നിയമം

A. ദൈവശാസ്ത്ര ആശയം വിനിമയം ചെയ്യുന്ന നിരവധി പദങ്ങളുണ്ട്
1. *അഗോറാഡ്സോ* (***αγοραζω***, ഒ.നോ. 1 കൊരി. 6:20; 7:23; 2 പത്രൊ. 2:1; വെളി. 5:9; 14:3–4). ഒരു കാര്യത്തിനുവേണ്ടി വിലകൊടുത്തതിനെ സൂചിപ്പിക്കുന്ന വാണിജ്യപദമാണിത്. നാം രക്തത്താൽ വാങ്ങപ്പെട്ടവരും അതിനാൽ സ്വന്തജീവിതത്തിന്മേൽ നിയന്ത്രണമില്ലാത്തവരുമാണ്. നാം ക്രിസ്തുവിനുള്ളവരാണ്.
2. *എക്സാഗൊറാഡ്സോ* (***ϵξαγοραζω***, ഒ.നോ. ഗലാ. 3:13; 4:5; എഫെ. 5:16; കൊലൊ. 4:5). ഇതും വാണിജ്യപദമാണ്. നമുക്കു പകരമായുള്ള യേശുക്രിസ്തുവിന്റെ മരണത്തെയാണിതു സൂചിപ്പിക്കുന്നത്. പാപിയായ മനുഷ്യന് പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തിയിൽ അടിസ്ഥാനപ്പെട്ട ന്യായപ്രമാണത്തിന്റെ (അതാ. മോശൈക ന്യായപ്രമാണം, ഒ.നോ. എഫെ. 21:14–16; കൊലൊ. 2:14) "ശാപം" യേശു വഹിച്ചു. നമുക്കെല്ലാവർക്കും വേണ്ടി (ഒ.നോ. മർക്കൊ. 10:45; 2 കൊരി. 5:21) അവൻ ശാപം വഹിച്ചു (ഒ.നോ. ആവ. 21:23). യേശുവിൽ, ദൈവത്തിന്റെ നീതിയും സ്നേഹവും പൂർണ്ണ പാപക്ഷമ, അംഗീകാരം, പ്രവേശനം എന്നിവയുമായി സമന്വയിപ്പിക്കപ്പെട്ടു.
3. *ലുഓ* (***λυω***) "സ്വതന്ത്രമാക്കുക"
   a. *ലുട്രോൺ* (***λυτρον***), "കൊടുത്തവില" (ഒ.നോ. മത്താ. 20:28; മർക്കൊ. 10:45). താൻ കടക്കാരനല്ലാത്ത പാപക്കടം കൊടുത്തുകൊണ്ട് ലോക രക്ഷകനായുള്ള തന്റെ വരവിന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ച് യേശുവിന്റെ തന്നെ വായിൽ നിന്നു പുറപ്പെട്ട ശക്തമായ വാക്കുകളാണിവ (ഒ.നോ. യോഹ. 1:29)
   b. *ലുട്രോഓ* (***λυτροω***), "വിട്ടയയ്ക്കുക"
      (1) യിസ്രായേലിനെ വീണ്ടെടുക്കുക (ലൂക്കൊ. 24:21)
      (2) വീണ്ടെടുക്കുന്നതിനായി സ്വയം ഏല്പിച്ചുകൊടുക്കുകയും ഒരു ജനത്തെ ശുദ്ധീകരിക്കുകയും (തീത്തൊ. 2:14)

(3) പാപരഹിത പകരക്കാരനാകുക (1 പത്രൊ. 1:18-19)

c. *ലുട്രോസിസ്* (***λυτρωσις***), "വീണ്ടെടുപ്പ്," "വിടുതൽ" അല്ലെങ്കിൽ "വിമോചനം"

(1) യേശുവിനെക്കുറിച്ചുള്ള സെഖര്യാവിന്റെ പ്രവചനം, ലൂക്കൊ. 1:68

(2) യേശുവിനെച്ചൊല്ലി ഹന്നാ ദൈവത്തെ സ്തുതിക്കുന്നത്, ലൂക്കൊ. 2:38

(3) യേശു ഒരിക്കലായി കഴിച്ച ശ്രേഷ്ഠ യാഗം, എബ്രാ. 9:12

4. *അപ്പോലുട്രോസിസ്* (***απολυτροσις***)

a. രണ്ടാം വരവിങ്കലെ വീണ്ടെടുപ്പ് (ഒ.നോ. പ്രവൃ. 3:19-21)

(1) ലൂക്കൊ. 21:28

(2) റോമ. 8:23

(3) എഫെ. 1:14; 4:30

(4) എബ്രാ. 9:15

b. ക്രിസ്തുവിന്റെ മരണത്തിലുള്ള വീണ്ടെടുപ്പ്

(1) റോമ. 3:24

(2) 1 കൊരി. 1:30

(3) എഫെ. 1:7

(4) കൊലൊ. 1:14

5. *ആന്റിലുട്രോൺ* (***αντιλυτρον***, ഒ.നോ. 1 തിമൊ. 2:6). യേശുവിന്റെ ക്രൂശിലെ പാപപരിഹാര മരണത്താലുള്ള വിമോചനത്തോടു ബന്ധപ്പെട്ടുള്ള നിർണ്ണായക വേദഭാഗമാണിത് (തീത്തൊ. 2:14 പോലെ). അവനാണ് ഏക അംഗീകരിക്കപ്പെട്ട യാഗം, "എല്ലാവർക്കും" വേണ്ടി മരിച്ചവൻ (ഒ. നോ. യോഹ. 1:29; 3:16-17; 4:42; 1 തിമൊ. 2:4; 4:10; തീത്തൊ. 2:11; 2 പത്രൊ. 3:9; 1 യോഹ. 2:2; 4:14)

B. പുതിയനിയമത്തിലെ ദൈവശാസ്ത്ര ആശയം

1. മനുഷ്യവർഗ്ഗം പാപത്തിന് അടിമപ്പെട്ടിരിക്കുന്നു (ഒ.നോ. യോഹ. 8:24; റോമ. 3:10-18; 6:23)
2. മനുഷ്യവർഗ്ഗത്തിന്റെ പാപ അടിമത്തം പഴയ നിയമ മോശൈക ന്യായപ്രമാണത്തിലും (ഒ.നോ. ഗലാ. 3) യേശുവിന്റെ ഗിരിപ്രഭാഷണത്തിലും (ഒ.നോ. മത്താ. 5-7) വെളിപ്പെടുത്തിയിരിക്കുന്നു. മാനുഷിക പ്രയത്നം ഒരു മരണവിധിയായി തീർന്നു (ഒ.നോ. കൊലൊ. 2:14)
3. ദൈവത്തിന്റെ നിഷ്കളങ്ക കുഞ്ഞാടായ യേശു വന്ന് നമ്മുടെ സ്ഥാനത്തു മരിച്ചു (ഒ.നോ. യോഹ. 1:29; 2 കൊരി. 5:21). നാം ദൈവത്തെ സേവിക്കേണ്ടതിന് നാം പാപത്തിൽ നിന്നും വിലയ്ക്കു വാങ്ങപ്പെട്ടു (ഒ.നോ. റോമ. 6)
4. യഹോവയും യേശുവും നമുക്കുവേണ്ടി പ്രവർത്തിക്കുന്ന "അടുത്ത ചാർച്ചക്കാരൻ" എന്ന ധ്വനി യാണുള്ളത്. ഇതിലൂടെ കുടുംബസാദൃശ്യം തുടരുകയാണ് (അതാ. പിതാവ്, ഭർത്താവ്, പുത്രൻ, സഹോദരൻ, അടുത്ത ചാർച്ചക്കാരൻ).
5. വീണ്ടെടുപ്പ് സാത്താനു കൊടുത്ത ഒരു വിലയല്ല (മധ്യകാല ദൈവശാസ്ത്രം) മറിച്ച് ദൈവവചന വും ദൈവനീതിയും നിരപ്പിലാകുകയും അതിനോട് ദൈവസ്നേഹവും ക്രിസ്തുവിലെ സമ്പൂർണ്ണ ദാനവും ഒത്തുചേരുകയും മനുഷ്യ മത്സരം ക്ഷമിക്കുകയും മനുഷ്യനിലെ ദൈവിക സാദൃശ്യം സമ്പൂർണ്ണ കൂട്ടായ്മയിൽ പൂർണ്ണമായി പ്രവർത്തന ക്ഷമമാകുകയും ചെയ്തു.
6. വീണ്ടെടുപ്പിന് ഒരു ഭാവികാല വശം കൂടിയുണ്ട് (ഒ.നോ. റോമ. 8:23; എഫെ. 1:14; 4:30). അതിൽ നമ്മുടെ പുനരുത്ഥാന ശരീരങ്ങളും ത്രിയേക ദൈവവുമായുള്ള ആഴമായ ബന്ധവും ഉൾപ്പെട്ടിരി ക്കുന്നു. നമ്മുടെ പുനരുത്ഥാന ശരീരം അവന്റേതിനു തുല്യമായിരിക്കും (ഒ.നോ. 1 യോഹ. 3:2). അവനൊരു ഭൗതിക ശരീരമുണ്ട്, പക്ഷേ ദൃശ്യതലത്തിന് അതീതമായ നിലയിലാണെന്നു മാത്രം. 1 കൊരി. 15:12-19 ഉം 1 കൊരി. 15:35-58 ഉം തമ്മിലുള്ള വൈരുദ്ധ്യം വിശദീകരിക്കുക പ്രയാസമാ ണ്. തീർച്ചയായും ഭൗതികമായ ഭൗമിക ശരീരവും സ്വർഗ്ഗീയമായ ആത്മികശരീരവും അവിടെയു ണ്ടായിരിക്കും. യേശുവിനു രണ്ടും ഉണ്ടായിരുന്നു.

**3:25 "വിശ്വസിക്കുന്നവർക്ക്"** ഇവിടെ വീണ്ടും, യേശുവിന്റെ പാപപരിഹാര മരണത്തിലൂടെ ഏവർക്കും എല്ലാ വർക്കും വ്യക്തിപരമായ നേട്ടത്തിനുള്ള പ്രവർത്തന രീതി കാണാം. (ഒ.നോ. 1:17; 3:22,25,26,27,28,30).

ഈ പ്രയോഗം 3-ാം നൂറ്റാണ്ടിലെ വലിയക്ഷര കയ്യെഴുത്തു പ്രതിയായ A യിൽ നിന്നും (ക്രിസോസ്റ്റം ഉപ യോഗിച്ചിരുന്ന ഗ്രീക്ക് പാഠത്തിലും) 12-ാം നൂറ്റാണ്ടിലെ ഒരു വലിയക്ഷര കയ്യെഴുത്തു പ്രതിയിൽ നിന്നും (2127) ഒഴിവാക്കിയിരിക്കുന്നു. മറ്റെല്ലാ പുരാതന ഗ്രീക്കു കയ്യെഴുത്തു പ്രതികളിലും അതുണ്ട്. ചിലതിൽ വിശ്വാസത്തോ ടുകൂടെ വിവേചക ഭേദകം (ഒ.നോ. കയ്യെഴുത്തു പ്രതികൾ $P^{40}$, B, $C^3$, $D^3$ ) ഉപയോഗിച്ചിരിക്കുന്നു. ചിലതിൽ ഇല്ല (ഒ.നോ. കയ്യെഴുത്തു പ്രതികൾ ℵ, $C^*$, $D^*$, F, G). എങ്കിലും ഇത് അർത്ഥത്തെ ബാധിക്കുന്നില്ല. വിവേചക ഭേദകം ചേർത്തിരിക്കുന്നതിന് $UBS^3$, "B" റേറ്റ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകിയിരിക്കുന്നു.

▣

**NASB "അവന്റെ രക്തത്തിൽ പ്രായശ്ചിത്തമായി"**
**NKJV "അവന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ"**
**NRSV "അവന്റെ രക്തംമൂലം പ്രായശ്ചിത്ത യാഗമായി"**
**TEV "അവന്റെ രക്തത്താൽ അവന്റെ ജനത്തിന്റെ പാപങ്ങൾ ക്ഷമിക്കുന്നതിനുള്ള മാർഗ്ഗമാകേണ്ടതിന്"**
**NJB "നിരപ്പ് നേടിയെടുക്കേണ്ടതിന് തന്റെ ജീവൻ ബലിയർപ്പിക്കുവാൻ"**

ഗ്രീക്ക് - റോമൻ ലോകത്ത് ഈ പദം സൂചിപ്പിച്ചിരുന്നത്, കോപിഷ്ഠനായ ഒരു ദേവനുമായുള്ള ബന്ധം വില കൊടുത്ത് പുനഃസ്ഥാപിക്കുക എന്ന ആശയത്തെയാണ്. എങ്കിലും സെപ്റ്റജിന്റിൽ ഈ ആശയത്തിൽ ഇതുപയോഗിച്ചിട്ടില്ല. സെപ്റ്റജിന്റിലും എബ്രാ. 9:5 ലും ഇത് "കൃപാസനം" (ഒ.നോ. പുറ. 25:21-22; ലേവ്യ. 16:12-15) എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. അതിപരിശുദ്ധ സ്ഥലത്ത് വച്ചിരിക്കുന്ന നിയമപ്പെട്ടകത്തിന്റെ മേൽമൂടിയാണ് കൃപാസനം. അവിടെയാണ് മഹാ പാപപരിഹാരദിവസം ജനത്തിനുവേണ്ടി യാഗരക്തം തളിച്ച് പാപപരിഹാരം വരുത്തുന്നത് (ഒ.നോ. ലേവ്യ. 16). പൗലൊസ് യിസ്രായേലിന്റെ യാഗസംവിധാനത്തിൽ നിന്നുള്ള (അതാ. ലേവ്യ. 1-7) സാദൃശ്യങ്ങളാണുപയോഗിക്കുന്നതെന്നു വ്യക്തമാണ്. ഈ സാദൃശ്യങ്ങൾ (അതാ. പ്രായശ്ചിത്തം, മറുവില, യാഗം) പഴയ നിയമത്തിലെ ദൈവിക അരുളപ്പാടുകളോടുള്ള ബന്ധത്തിൽ മാത്രമേ മനസ്സിലാക്കാൻ കഴിയൂ. പൗലൊസ് തുടർന്ന് സകല മനുഷ്യവർഗ്ഗത്തോടുമുള്ള അവയുടെ പ്രസക്തി വിശദീകരിക്കുന്നു. യഹോവ തന്നെത്തന്നെ സകലർക്കും വെളിപ്പെടുത്തുന്നതിനായി തന്നെ അബ്രഹാമിന്/യിസ്രായേലിന് വെളിപ്പെടുത്തി; സകലരും അവന്റെ സ്വരൂപത്തിലുള്ളവരാണ്; സകലരും മറുതലിച്ചു; സകലർക്കും ക്രിസ്തുവിലുള്ള (യെഹൂദ മശിഹാ) വിശ്വാസത്താൽ രക്ഷിക്കപ്പെടുവാൻ കഴിയും.

ഈ പദത്തെ കാണേണ്ടത് പാപത്തോടുള്ള ദൈവത്തിന്റെ വെറുപ്പ് കുറഞ്ഞു എന്ന അർത്ഥത്തിലല്ല, മറിച്ച് പാപികളോടുള്ള അവന്റെ സാധകാത്മക വീണ്ടെടുപ്പിൽ മനോഭാവത്തെ ഉറപ്പിക്കുന്ന നിലയിലായിരിക്കണം. ഇതിനെക്കുറിച്ചുള്ള ഒരു നല്ല ചർച്ച ജയിംസ് സ്റ്റുവാർട്ടിന്റെ *എ മാൻ ഇൻ ക്രൈസ്റ്റ്* പേ. 214-224 ൽ കാണാം. ഇത് നിർവഹിക്കുന്നതിനുള്ള ഒരു മാർഗ്ഗം, ഈ പദം ക്രിസ്തുവിലുള്ള ദൈവിക പ്രവൃത്തിയെ വെളിപ്പെടുത്തുംവിധം അതിനെ പരിഭാഷപ്പെടുത്തുക എന്നതാണ്, അതായത് "ഒരു പ്രായശ്ചിത്ത യാഗം" അല്ലെങ്കിൽ "പാപപരിഹാര ശക്തി." "അവന്റെ രക്തത്തിൽ" എന്നത് നിഷ്കളങ്ക ദൈവകുഞ്ഞാടിന്റെ പാപപരിഹാര യാഗത്തെ സൂചിപ്പിക്കുന്ന എബ്രായ ശൈലിയാണ് (ഒ.നോ. യോഹ. 1:29). ഈ ആശയം പൂർണ്ണമായി മനസ്സിലാക്കുന്നതിനുള്ള നിർണ്ണായക ഭാഗമാണ് ലേവ്യ. 1-7 ഉം ലേവ്യ. 16 ലെ മഹാ പാപപരിഹാര ദിവസവും. രക്തം സൂചിപ്പിക്കുന്നത് കുറ്റക്കാരനുവേണ്ടി നൽകപ്പെട്ട നിഷ്കളങ്ക ജീവനെയാണ് (ഒ.നോ. യെശ. 52:13-53:12). എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചു (ഒ.നോ. 5:12-21)!

▣

**NASB "അവനെ ദൈവം പരസ്യമായി നിർത്തിയിരിക്കുന്നു"**
**NKJV "അവനെ ദൈവം മുമ്പിൽ വച്ചിരിക്കുന്നു"**
**NRSV "അവനെ ദൈവം മുമ്പോട്ടു കൊണ്ടുവന്നിരിക്കുന്നു"**
**TEV "അവൻ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു"**

*പ്രോറ്റിതീമി* (**προτιθημι**) എന്ന പദത്തിന്റെ ഭൂതകാല മധ്യസൂചകമാണിത് (റോമ. 1:13 ലും എഫെ. 1:9 ലും ഇതിനർത്ഥം "ലക്ഷ്യമാക്കുക" എന്നാണ്. റോമ. 8:28 ലെ നാമരൂപം ക്രിസ്തുവിന്റെ മരണത്തിലൂടെ ദൈവം തന്റെ തന്നെ ഹൃദയവും ഉദ്ദേശ്യവും ആണ് വെളിപ്പെടുത്തിയിരിക്കുന്നത് എന്നാണ് (ഒ.നോ. എഫെ. 1:9; ഗലാ. 3:1). ദൈവത്തിന്റെ നിത്യമായ വീണ്ടെടുപ്പിൻ പദ്ധതിയിൽ (ഒ.നോ. പ്രവൃ. 2:23; 3:18; 4:28; 13:29; 26:22; 1:5 ലെ പ്രത്യേക പഠനവിഷയം) യേശുവിന്റെ യാഗം ഉൾപ്പെട്ടിരിക്കുന്നു (ഒ.നോ. യെശ. 53:10; വെളി. 13:8). 9:11 ന്റെ കുറിപ്പ് കാണുക.

▣

**NASB, NKJV, NRSV "മുമ്പു ചെയ്ത പാപങ്ങളെ അവൻ വിട്ടുകളഞ്ഞു"**
**TEV "മുൻകാലങ്ങളിൽ അവൻ ക്ഷമയുള്ളവനായി ജനത്തിന്റെ പാപങ്ങളെ അവഗണിച്ചു"**
**NJB "പാപങ്ങൾ ശിക്ഷിക്കപ്പെടാതെപോയ കഴിഞ്ഞ കാലങ്ങളിൽ"**

"ശിക്ഷിക്കാതെ വിടുക" എന്നതിനുള്ള പദം *പറേസിസ്* (**παρεσις**) പുതിയ നിയമത്തിൽ ഇവിടെ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ; സെപ്റ്റജിന്റിൽ ഉപയോഗിച്ചിട്ടുമില്ല. ഗ്രീക്ക് പിതാക്കന്മാരും ജെറോമും അതിനെ "ഒരു കടം ഇളച്ചുകൊടുക്കുക" എന്ന ഗ്രീക്ക് ആക്ഷരികാർത്ഥത്തിലാണ് എടുത്തിരിക്കുന്നത് (ഒ.നോ. മോൾട്ടൻ & മില്ലിഗൺ, പേ. 493). എങ്കിലും അതിന്റെ മൂലപദമായ ക്രിയ *പറിയേമി* (**παριεμι**) യുടെ അർത്ഥം "മാറി കടന്നു പോകുക" അല്ലെങ്കിൽ "അയച്ചു വിടുക" എന്നാണ് (ഒ.നോ. ലൂക്കൊ. 11:42).

അതുകൊണ്ട് ചോദ്യമിതാണ്: ക്രിസ്തുവിന്റെ ഭാവി പ്രവൃത്തിയെ മുൻകണ്ടുകൊണ്ട് ദൈവം മുൻകാലത്ത് പാപങ്ങൾ ക്ഷമിക്കുകയായിരുന്നോ? അതോ ക്രിസ്തുവിന്റെ ഭാവി മരണം പാപപ്രശ്നത്തിനു പരിഹാരം വരുത്തും എന്നറിഞ്ഞുകൊണ്ട് അവൻ അവയെ അവഗണിക്കുകയായിരുന്നുവോ? ഫലം ഒന്നുതന്നെയാണ്. ഭൂത, വർത്തമാന, ഭാവി കാലങ്ങളിലെ മനുഷ്യന്റെ പാപം ക്രിസ്തുവിന്റെ യാഗത്താൽ പരിഹരിക്കപ്പെട്ടിരിക്കുന്നു.

ഇത് ക്രിസ്തുവിന്റെ പ്രവൃത്തിയെ മുന്നിലേക്കു നോക്കിക്കൊണ്ടുള്ള ദൈവകൃപയുടെ മുൻകാല പ്രവൃത്തി

യായിരുന്നു (ഒ.നോ. പ്രവൃ. 17:30; റോമ. 4:15; 5:13). ഒപ്പം വർത്തമാന, ഭാവികാല പ്രവൃത്തിയുമാണ് (ഒ.നോ. വാ. 26). ദൈവം പാപത്തെ ലഘുവായി എടുത്തിട്ടില്ല, എടുക്കുന്നുമില്ല, മറിച്ച് അവൻ യേശുവിന്റെ യാഗത്തെ മാനുഷിക മറുതലിപ്പിനുള്ള സമ്പൂർണ്ണവും അന്ത്യവുമായ പരിഹാരമായി സ്വീകരിക്കുകയാണു ചെയ്യുന്നത്. അത് ഇനിമേൽ അവനുമായുള്ള ആഴമായ കൂട്ടായ്മയ്ക്കുള്ള – അതാണ് സൃഷ്ടിയുടെ ഉദ്ദേശ്യം (ഒ.നോ. ഉല്പ. 1:26–27)– തടസ്സമായി നിൽക്കുന്നില്ല .

▣ **"തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ"** ദൈവം തന്റെ സ്വഭാവത്തോടും വചനത്തോടു സത്യസന്ധനായിരിക്കണം (ഒ.നോ. മലാ. 3:6). പഴയനിയമത്തിൽ പാപം ചെയ്യുന്ന ദേഹി മരിക്കണമായിരുന്നു (ഒ.നോ. ഉല്പ. 2:17; യെഹെ. 18:4,20). താൻ കുറ്റക്കാരനെ വെറുതെ വിടുകയില്ല എന്നു ദൈവം പറഞ്ഞു (ഒ.നോ. പുറ. 23:7). വീണുപോയ മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ സ്നേഹം അത്ര വലുതായിരുന്നതിനാൽ അവൻ മനുഷ്യനായിത്തീരുവാനും ന്യായപ്രമാണം നിവർത്തിക്കുവാൻ വീണുപോയ മനുഷ്യന്റെ സ്ഥാനത്ത് മരിക്കുവാനും ഒരുക്കമുള്ളവനായിത്തീർന്നു (ഒ.നോ. 5:12–21). ദൈവത്തിന്റെ സ്നേഹവും നീതിയും യേശുവിൽ കണ്ടുമുട്ടി (ഒ.നോ. വാ. 26).

▣ **"പ്രദർശിപ്പിപ്പാൻ"** *എൻഡെയ്ക്നുമായി* (***ενδεικνυμαι***)(*എൻഡെയ്ക്സിസ്* – ***ενδειξις***, ഒ.നോ. 3:25,26) എന്ന പദം റോമറിൽ അനേക പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ 2:15; 9:17,23; സെപ്റ്റ്വ. പുറ. 9:16). അതിന്റെ അടിസ്ഥാന അർത്ഥം വെളിപ്പെടുത്തുക അല്ലെങ്കിൽ പ്രദർശിപ്പിക്കുക എന്നതാണ്. മനുഷ്യവർഗ്ഗം തന്റെ വീണ്ടെടുപ്പിൻ ഉദ്ദേശ്യം, പദ്ധതി, നീതി എന്നിവ വ്യക്തമായി മനസ്സിലാക്കുവാൻ ദൈവം ആഗ്രഹിച്ചു. ഈ സന്ദർഭം ഒരു വേദപുസ്തക ലോകവീക്ഷണത്തെ കാണിച്ചുതരുന്നു.

1. ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച്
2. ക്രിസ്തുവിന്റെ പ്രവൃത്തിയെക്കുറിച്ച്
3. മനുഷ്യവർഗ്ഗത്തിന്റെ ആവശ്യത്തെക്കുറിച്ച്
4. വീണ്ടെടുപ്പിന്റെ ഉദ്ദേശ്യത്തെക്കുറിച്ച്

നാം മനസ്സിലാക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു! ക്രിസ്ത്യാനിത്വത്തെ ശരിയായി മനസ്സിലാക്കുന്നതിൽ ഈ സന്ദർഭം നിർണ്ണായകമാണ്. ചില വാക്കുകളും പ്രായോഗങ്ങളും ദുർഗ്രഹമോ നിരവധി നിലകളിൽ മനസ്സിലാക്കാവുന്നതോ ആണെങ്കിലും മുഴുവന്റെയും ഊന്നൽ വളരെ വ്യക്തവും ലളിതവുമാണ്. ഈ സന്ദർഭം സുവിശേഷത്തിന്റെ ദൈവശാസ്ത്രപരമായ ഉത്തരധ്രുവ നക്ഷത്രമാണ്.

**3:26** വാ. 25 ലെ "നീതി" എന്ന പദം പദവ്യുല്പത്തിപരമായി വാ. 26 ലെ "നീതിമാൻ," "നീതീകരിക്കുന്നവൻ" എന്നിവയോടു ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം മുഖേന വിശ്വാസികളുടെ ജീവിതത്തിൽ തന്റെ സ്വഭാവം വെളിപ്പെടേണമെന്നു ദൈവം ആഗ്രഹിക്കുന്നു. യേശു നമ്മുടെ നീതി ആയിത്തീർന്നു (ഒ.നോ. 2 കൊരി. 5:21). എങ്കിലും വിശ്വാസികൾ അവന്റെ നീതിയോടും അവന്റെ സാദൃശ്യത്തോടും ഏകീഭവിക്കേണ്ടതാണ് (ഒ.നോ. 8:29; മത്താ. 5:48; ലേവ്യ. 19:2). 1:17 ലെ പ്രത്യേക പഠനവിഷയം കാണുക.

▣

| | |
|---|---|
| **NASB, NKJV, NRSV** | **"യേശുവിൽ വിശ്വാസം ഉള്ളവരെ"** |
| **TEV** | **"യേശുവിൽ വിശ്വസിക്കുന്ന ഏവനെയും"** |
| **NJB** | **"യേശുവിൽ വിശ്വാസം ഉള്ള ഏവനെയും"** |
| **REB** | **"യേശുവിൽ വിശ്വാസം അർപ്പിക്കുന്ന ഏതൊരുത്തനെയും"** |
| **NET** | **"യേശുവിന്റെ വിശ്വസ്തത നിമിത്തം ജീവിക്കുന്നവൻ"** |

ഗ്രീക്ക് പാഠത്തിൽ "യേശുവിന്റെ വിശ്വാസം ഉള്ളവൻ" എന്നാണ്. ഈ ബുദ്ധിമുട്ടിനു കാരണം ധാരാളം സംബന്ധികാ വിഭക്തിയുടെ ഉപയോഗമാണ് (cf. G. B. Caird, *The Language and Imagery of the Bible*, p. 99). മിക്ക ഇംഗ്ലീഷ് പരിഭാഷകളും അതിനെ ഒരു വ്യക്തിയുടെ യേശുവിലുള്ള വിശ്വാസം/വിശ്വസിക്കൽ/ആശ്രയം ആയിട്ടാണു കാണുന്നത്. NET ബൈബിൾ അതിനെ 3:22 ന്റെ പരാമർശമായി കാണുന്നു. എങ്കിലും വാ. 22 താഴെക്കാണുന്ന കാര്യങ്ങളെ പരാമർശിക്കുന്നു.

1. യേശുവിന്റെ വിശ്വസ്തത
2. വിശ്വാസികളുടെ വിശ്വാസം

രക്ഷ എന്നത് നാം സ്വീകരിക്കുന്ന യേശുവിന്റെ വിശ്വസ്തതയുടെ ഫലമാണ് (ഒ.നോ. വാ. 30).

**റോമർ 3:27–30**

**[27]ആകയാൽ പ്രശംസ എവിടെ? അതു പൊയ്പോയി. ഏതു മാർഗ്ഗത്താൽ? കർമ്മമാർഗ്ഗത്താലോ? അല്ല, വിശ്വാസമാർഗ്ഗത്താലത്രേ. [28]അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തികൂടാതെ വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു. [29]അല്ല, ദൈവം യെഹൂദന്മാരുടെ ദൈവം മാത്രമോ? ജാതികളുടെയും ദൈവമല്ലയോ? അതേ ജാതികളുടെയും ദൈവം ആകുന്നു. [30]ദൈവം ഏകനല്ലോ; അവൻ വിശ്വാസംമൂലം പരിച്ഛേദനക്കാരെയും വിശ്വാസത്താൽ അഗ്രചർമ്മികളെയും നീതീകരിക്കുന്നു.**

**3:27 "ആകയാൽ പ്രശംസ എവിടെ"** "പ്രശംസ" എന്നതിനോടു ചേർന്ന് വിവേചക ഭേദകത്തിന്റെ സാന്നിധ്യം യെഹൂദന്റെ ഗർവ്വിനെയാണ് സൂചിപ്പിക്കുന്നത് (ഒ.നോ. 2:17,23). സുവിശേഷം താഴ്മ നല്കുന്നതാണ്. വീണു പോയ മനുഷ്യവർഗ്ഗത്തിന് (യെഹൂദനും ജാതികളും) സ്വയം സഹായിക്കാൻ കഴിവില്ല (ഒ.നോ. എഫെ. 2:8–9). 2:17 ലെ പ്രത്യേക പഠനവിഷയം: പ്രശംസിക്കൽ കാണുക.

എന്റെ മുൻ പ്രസ്താവനയെ വ്യക്തമാക്കുന്നതിന് ഒരു ചെറിയ കുറിപ്പുകൂടെ നല്കട്ടെ. മനുഷ്യന് ദൈവത്തിന്റെ സ്നേഹവും പാപക്ഷമയും അർഹിക്കുവാൻ യോഗ്യതയില്ല എന്നതിന്, അവരുടെ സ്വന്തം രക്ഷയിൽ അവർക്കൊരു പങ്കുമില്ല എന്നർത്ഥമില്ല. ക്രിസ്തുവിലുള്ള ദൈവത്തിന്റെ വാഗ്ദാനം സ്വീകരിക്കുന്നതിന് മനുഷ്യന് തന്റെ പാപം/കുറ്റം സംബന്ധിച്ച് ബോധ്യം ഉണ്ടാകേണ്ടതാണ്. ദൈവം "ഉടമ്പടി"യിലൂടെയാണ് വീണുപോയ മനുഷ്യവർഗ്ഗത്തോട് ഇടപെടുന്നത്. നാം പ്രതികരിക്കുകയും തുടർമാനമായി പ്രതികരിച്ചുകൊണ്ടിരിക്കയും വേണം.

1. മാനസാന്തരം
2. വിശ്വാസം
3. അനുസരണം
4. സ്ഥിരോത്സാഹം

ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ നമുക്കൊരു നിർണ്ണായക പങ്കുവഹിക്കാനുണ്ട്. നാം പ്രതികരിക്കേണ്ടവരാണ്! നാം പ്രതികരിക്കേണം! പരമാധികാരം ഒരു വേദപുസ്തക ഉപദേശമായിരിക്കുന്നതുപോലെ നിർണ്ണായകമാണ് സ്വതന്ത്ര ഇച്ഛയും. ഒരു പൗരസ്ത്യ ഗ്രന്ഥമായ ബൈബിൾ സത്യത്തെ സംഘർഷഭരിത ജോഡികളായിട്ടാണ് അവതരിപ്പിക്കുന്നത്.

# പ്രത്യേക പഠനവിഷയം: പൗരസ്ത്യ സാഹിത്യം

വലിയ ചിത്രം – വേദപുസ്തക വൈരുദ്ധ്യങ്ങൾ

1. ബൈബിളിനെ ദൈവവചനമായി ആശ്രയിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരുവനെന്ന നിലയ്ക്ക് ഈ ഉൾക്കാഴ്ച എനിക്കു വ്യക്തിപരമായി വളരെ സഹായമായിത്തീർന്നു. വേദപുസ്തകത്തെ ഗൗരവമായി എടുക്കാനുള്ള ശ്രമത്തിൽ വ്യക്തമായ ഒരു കാര്യം വ്യത്യസ്ത വേദഭാഗങ്ങൾ സത്യത്തെ വെളിപ്പെടുത്തുന്നത് വ്യവസ്ഥാപിത രീതിയിലല്ല, മറിച്ച് തിരഞ്ഞെടുക്കപ്പെട്ട രീതിയിലാണെന്നാണ്. ഒരു ദൈവനിശ്വാസീയ വേദഭാഗത്തിന് മറ്റൊരു ദൈവനിശ്വാസീയ വേദഭാഗത്തെ അസാധുവാക്കാനോ വിലകുറച്ചു കാണിക്കാനോ കഴികയില്ല. ഒരു പ്രത്യേകഭാഗം ഉദ്ധരിക്കുന്നതിലൂടെയല്ല (വാക്യത്തെളിവ്) മുഴുവൻ തിരുവെഴുത്തും (ചില ഭാഗങ്ങളല്ല, മുഴുവൻ തിരുവെഴുത്തും ദൈവനിശ്വാസീയമാണ്, 2 തിമൊ. 3:16) അറിയുന്നതിലൂടെയാണ് ജ്ഞാനം ലഭിക്കുന്നത്.
2. മിക്ക വേദപുസ്തക സത്യങ്ങളും (പൗരസ്ത്യ സാഹിത്യം) സംഘർഷഭരിതമായ വിരുദ്ധ ജോഡികളുടെ പരമ്പരയായിട്ടാണ് നൽകപ്പെട്ടിരിക്കുന്നത്. (ലൂക്കൊസ് ഒഴികെയുള്ള പുതിയ നിയമ എഴുത്തുകാർ സാധാരണ ഗ്രീക്കിൽ എഴുതുന്ന എബ്രായ ചിന്തകരാണെന്ന കാര്യം ഓർക്കുക. ജ്ഞാന സാഹിത്യവും കാവ്യ സാഹിത്യവും സമാന്തര വരികളായിട്ടാണ് സത്യത്തെ അവതരിപ്പിക്കുന്നത്. എതിർ സമാന്തരത്വം വൈരുധ്യമായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ സമാന്തരത്വം സമാന്തര വേദഭാഗങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്). എന്നിരുന്നാലും രണ്ടും തുല്യനിലയിൽ സത്യമാണ്! നാം വെച്ചുപുലർത്തുന്ന പാരമ്പര്യങ്ങൾക്ക് മുറിവേല്പിക്കുന്നതാണ് ഈ വൈരുദ്ധ്യങ്ങൾ!
   a. മുൻ നിയമനം X മനുഷ്യന്റെ സ്വതന്ത്ര ഇച്ഛ
   b. വിശ്വാസിയുടെ ഭദ്രത X സ്ഥിരോത്സാഹത്തിന്റെ ആവശ്യകത
   c. മൂലപാപം X സ്വമേധാ പാപം
   d. യേശു ദൈവം X യേശു മനുഷ്യൻ
   e. യേശു പിതാവിനോടു സമൻ X യേശു പിതാവിനു കീഴടങ്ങിയിരിക്കുന്നവൻ
   f. ബൈബിൾ ദൈവത്തിന്റെ വചനം X മാനുഷിക രചന
   g. പാപരാഹിത്യം (പൂർണ്ണത, ഒ.നോ. റോമർ 6) X കുറച്ചു പാപം
   h. പ്രാരംഭ തത്സമയ നീതീകരണവും വിശുദ്ധീകരണവും X പുരോഗമന വിശുദ്ധീകരണം
   i. വിശ്വാസത്താലുള്ള നീതീകരണം (റോമർ 4) X പ്രവൃത്തിയാൽ ഉറപ്പിക്കപ്പെട്ട നീതീകരണം (ഒ.നോ. യാക്കോബ് 2:14–26)
   j. ക്രിസ്തീയ സ്വാതന്ത്ര്യം (ഒ.നോ. റോമ. 14:1–23; 1 കൊരി. 8:1–13; 10:23–33) X ക്രിസ്തീയ ഉത്തരവാദിത്വം (ഒ.നോ. ഗലാ. 5:16–21; എഫെ. 4:1)
   k. ദൈവത്തിന്റെ അതീന്ദ്രിയത്വം X അവന്റെ അന്തർഗാമിത്വം
   l. ദൈവം ആത്യന്തികമായി ഗ്രഹിക്കാനാവാത്തവൻ X വചനത്തിലൂടെയും ക്രിസ്തുവിലൂടെയും ഗ്രഹിക്കാവുന്നവൻ

m. രക്ഷയ്ക്കുള്ള പൗലൊസിന്റെ അനവധി സാദൃശ്യങ്ങൾ
(1) ദത്തെടുപ്പ്
(2) വിശുദ്ധീകരണം
(3) നീതീകരണം
(4) വീണ്ടെടുപ്പ്
(5) മഹത്വീകരണം
(6) മുൻനിയമനം
(7) നിരപ്പ്
n. ദൈവരാജ്യം വന്നു കഴിഞ്ഞു X ഭാവി സാക്ഷാത്കാരം
o. മാനസാന്തരം ദൈവിക ദാനം X മാനസാന്തരം രക്ഷയ്ക്ക് കല്പിക്കപ്പെട്ടിരിക്കുന്ന പ്രതികരണം (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 20:21)
p. പഴയ നിയമം ശാശ്വതം X പഴയ നിയമം നീങ്ങുകയും അസാധുവാക്കപ്പെട്ടുകയും ചെയ്തു (ഒ.നോ. മത്താ. 3:17–19 X 5:21–48; റോമർ 7 X ഗലാത്യർ 3)
q. വിശ്വാസികൾ ദാസന്മാർ/അടിമകൾ അഥവാ മക്കൾ/അവകാശികൾ

▣ **"അതു പൊയ്പ്പോയി"** ഈ പദം (*എക്*-**εκ** (വെളിയിൽ) + *ക്ലെയിഓ*-**κλειω** (അടയ്ക്കുക) ഇവിടെയും ഗലാ. 4:17 ലും മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. അതിനർത്ഥം "പുറത്തിട്ടു പൂട്ടി" എന്നാണ്.

▣ **"വിശ്വാസമാർഗ്ഗത്താൽ"** യിരെ. 31:31–34 ലെ (യെഹെ. 36:22–38) ദൈവത്തിന്റെ പുതിയ നിയമം പ്രവൃത്തിയുടെ അടിസ്ഥാനത്തിലല്ല മറിച്ച് അവന്റെ കൃപാകരമായ സ്വഭാവത്തിലും വാഗ്ദത്തത്തിലും ഉള്ള ആശ്രയം/വിശ്വാസം/വിശ്വസിക്കൽ (*പിസ്റ്റിസ്*-**πιστις**) എന്നതിന്റെ അടിസ്ഥാനത്തിലാണ്. പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും ലക്ഷ്യം വീണുപോയ മനുഷ്യവർഗ്ഗത്തെ ദൈവിക സ്വഭാവത്തിലേക്കു രൂപാന്തരപ്പെടുത്തുക എന്നതാണ് (നീതിയുള്ള, അതാ. ലേവ്യ. 19:2; മത്താ. 5:48; റോമ. 8:29).

**3:28 "മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തികൂടാതെ വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു"** ഇത് 3:21–26 ന്റെ സംഗ്രഹവും അ. 4–8 ന്റെ മുൻനിഴലുമാണ് (ഒ.നോ. 2 തിമൊ. 1:9; തീത്തൊ. 3:5). ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയിലുള്ള വിശ്വാസത്തിൽ ലഭിക്കുന്ന സൗജന്യ ദാനമാണ് രക്ഷ (ഒ.നോ. 3:24; 5:15,17; 6:23; എഫെ. 2:8–9). എങ്കിലും പക്വത എന്നത് "എല്ലാറ്റിനും വില കൊടുക്കേണ്ട" അനുസരണത്തിന്റെയും സേവനത്തിന്റെയും ആരാധനയുടെയും ജീവിതമാണ് (ഒ.നോ. ഗലാ. 5:6; എഫെ. 2:10; ഫിലി. 2:12; 1:5 ലെ കുറിപ്പ് കാണുക).

**3:29** ദൈവത്തിന്റെ ഉദ്ദേശ്യം എല്ലായ്പ്പോഴും തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട സകല മനുഷ്യരെയും വീണ്ടെടുക്കുക എന്നതാണ് (ഉല്പ. 1:26,27; 5:1; 9:6). ഉല്പ. 3:15 ലെ വീണ്ടെടുപ്പിൻ വാഗ്ദത്തം ആദാമിന്റെ സന്തതികൾ എല്ലാവർക്കും വേണ്ടിയുള്ളതാണ്. ലോകത്തെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി അവർ അബ്രാഹാമിനെ തിരഞ്ഞെടുത്തു (ഒ.നോ. ഉല്പ. 12:31; പുറ. 19:4–6; യോഹ. 3:16).

ഈ വാക്യം, 3:9 പോലെ, റോമാ സഭയിലെ വിശ്വസിക്കുന്ന യെഹൂദ നേതൃത്വവും വിശ്വസിക്കുന്ന ജാതീയ നേതൃത്വവും തമ്മിലുള്ള സംഘർഷത്തെ പ്രതിഫലിപ്പിക്കുന്നു. നീറോയുടെ ഉത്തരവുപ്രകാരം യെഹൂദന്മാർ റോമാ നഗരം വിട്ടുപോയപ്പോൾ ജാതീയ വിശ്വാസികൾ നേതൃത്വത്തിലേക്കു വരികയാണുണ്ടായത്. അധ്യായം 9–11 ൽ ഇതേ സംഘർഷം വീണ്ടും കാണാം.

**3:30**
**NASB** **"തീർച്ചയായും ദൈവം ഏകനാകയാൽ"**
**NKJV** **"ഏക ദൈവം ഉള്ളതിനാൽ"**
**NRSV** **"ദൈവം ഏകനാകയാൽ"**
**TEV** **"ദൈവം ഏകൻ"**
**NJB** **"ഏക ദൈവം മാത്രമുള്ളതിനാൽ"**

ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനുവേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. ഏകദൈവവിശ്വാസം സത്യമാണെങ്കിൽ, അവൻ സകല ജനത്തിന്റെയും ദൈവമാണ്.

## പ്രത്യേക പഠനവിഷയം: ഏകദൈവവിശ്വാസം

"ഏകദൈവ വിശ്വാസം" (ഏകൻ മാത്രമായ ഏക ദൈവം) എന്നത് ബഹുദൈവവിശ്വാസത്തിലെ "ഉന്നത ദൈവം" എന്നതോ പേർഷ്യൻ ദ്വൈതവാദത്തിലെ (സൊരാഷ്ട്രിയൻ മതം) നല്ല ദേവനോ അല്ല, യിസ്രായേ

ലിനു മാത്രമുള്ള അതുല്യവിശ്വാസമായിരുന്നു ഇത് (അബ്രാഹാം, 2000 ബി.സി). ഇതു കൂടാതെയുള്ള ഏക അപൂർവ്വത മിസ്രയീമിലായിരുന്നു (അഖെനാറ്റെൻ എന്നും അറിയപ്പെട്ടിരുന്ന അമെൻഹോട്ടെപ്പ് നാലാമൻ, ബി.സി. 1367–1350 അഥവാ 1386–1361).

പഴയനിയമത്തിൽ വിവിധ രീതിയിൽ ഈ ആശയം വെളിപ്പെടുത്തിയിട്ടുണ്ട്.

1. "ഞങ്ങളുടെ *ദൈവമായ* യഹോവയെപ്പോലെ ആരുമില്ല," പുറ. 8:10; 9:14; ആവ. 33:26; 1 രാജാ. 8:23
2. "അവനല്ലാതെ മറ്റൊരുത്തനുമില്ല," ആവ. 4:35, 39; 32:39; 1 ശമു. 2:2; 2 ശമൂ. 22:32; യെശ. 45:21 44:6,8; 45:6,21).
3. "യഹോവ ഏകൻ തന്നേ," ആവ. 6:4; റോമ. 3:30; 1 കൊരി. 8:4,6; 1 തിമൊ. 2:5; യാക്കോ. 2:19
4. "നിന്നെപ്പോലെ ഒരുത്തനുമില്ല," 2 ശമൂ. 7:22; യിരെ. 10:6
5. "നീ മാത്രം ദൈവമാകുന്നു," സങ്കീ. 86:10; യെശ. 37:16
6. "എനിക്കു മുമ്പെ ഒരു ദൈവവും ഉണ്ടായിട്ടില്ല. എന്റെ ശേഷം ഉണ്ടാവുകയുമില്ല,'' യെശ. 43:10
7. "മറ്റൊരുത്തനുമില്ല ... ഞാനല്ലാതെ മറ്റൊരുത്തനുമില്ല ... മറ്റൊരുത്തനും ഇല്ല" യെശ. 45:5,6,22
8. "അവനല്ലാതെ വേറൊരു ദൈവവും ഇല്ല," യെശ. 45:14,18
9. "ഞാൻ അല്ലാതെ വേറൊരു ദൈവം ഇല്ല" യെശ. 45:21
10. "ഞാൻ തന്നെ ദൈവം, എന്നെപ്പോലെ ഒരുത്തനുമില്ല" യെശ. 46:9

ഈ നിർണ്ണായക ഉപദേശം പുരോഗമനപരമായ രീതിയിലാണ് വെളിപ്പെടുത്തിയിട്ടുള്ളത് എന്നു സമ്മതിക്കേണ്ടിവരും. ആദ്യകാല പ്രസ്താവനകൾ "കുലദൈവ വിശ്വാസം" അല്ലെങ്കിൽ പ്രായോഗിക ഏക ദൈവ വിശ്വാസം (മറ്റു ദൈവങ്ങളുണ്ട്, പക്ഷേ നമുക്ക് ഒരു ദൈവം മാത്രം, ഒ.നോ. പുറ. 15:11; 20:2–5; ആവ. 3:28; 5:7; 6:4,14; 10:17; 32:12; 1 രാജാ. 8:23; സങ്കീ. 83:18; 86:8; 136:1–2).

ഒരു ഏകത്വത്തിന്റെ സൂചനയുള്ള (തത്വശാസ്ത്രപരമായ ഏകദൈവവിശ്വാസം) ആദ്യ വേദഭാഗങ്ങൾ ആരംഭകാല രചനകളാണ് (ഒ.നോ. പുറ. 8:10; 9:14; ആവ. 4:35,39; 33:26). പൂർണ്ണമായതും പൂർണ്ണതയുള്ളതുമായ അവകാശ വാദങ്ങൾ യെശ. 43–46 ൽ കാണാം (ഒ.നോ. 43:11; 44:6,8; 45:7,14,18,22; 46:5,9).

പുതിയ നിയമം ആവ. 6:4 ന്റെ സൂചന റോമ. 3:30; 1 കൊരി. 8:4,6; എഫെ. 4:6; 1 തിമൊ. 2:5; യാക്കോ. 2:19ൽ നൽകുന്നുണ്ട്. യേശു അതിനെ ഒന്നാമത്തെ കല്പനയായി മത്താ. 22:36–37; മർക്കൊ. 12:29–30; ലൂക്കൊ. 10:27 ൽ സൂചിപ്പിക്കുന്നു. പഴയനിയമവും അതുപോലെ പുതിയ നിയമവും മറ്റു ആത്മിക ജീവികളുടെ യാഥാർത്ഥ്യം പ്രസ്താവിക്കുന്നുണ്ട് (പിശാചുക്കൾ, ദൂതന്മാർ) എങ്കിലും ഒരൊറ്റ സ്രഷ്ടാവ്/വീണ്ടെടുപ്പുകാരനായ ദൈവം മാത്രമേയുള്ളു (യഹോവ, ഉല്പ. 1:1).

വേദപുസ്തക ഏക ദൈവവിശ്വാസത്തിന്റെ പ്രത്യേകത.

1. ദൈവം ഏകനും അതുല്യനുമാണ് (സത്താ മീമാംസ സൂചിപ്പിച്ചിട്ടുണ്ട്, പക്ഷേ വ്യക്തമായി ചിത്രീകരിച്ചിട്ടില്ല).
2. ദൈവ ആളത്തമുള്ളവനാണ് (ഒ.നോ. ഉല്പ. 1:26–27; 3:8)
3. ദൈവം ധാർമ്മികനാണ് (ഒ.നോ. പുറ. 34:6; നെഹെ. 9:17; സങ്കീ. 103:8–10)
4. ദൈവം കൂട്ടായ്മയ്ക്കുവേണ്ടി മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു (ഉല്പ. 1:26–27) (അതാ. #2). അവൻ തീക്ഷ്ണതയുള്ള ദൈവമാണ് (ഒ.നോ. പുറ. 20:2–3)

പുതിയ നിയമത്തിൽ നിന്നും

1. ദൈവത്തിനു മൂന്ന് നിത്യവും ആളത്തപരവുമായ വെളിപ്പെടുത്തലുകളുണ്ട്
2. ദൈവം സമ്പൂർണ്ണമായും മികവാർന്ന നിലയിലും തന്നെത്തന്നെ യേശുവിൽ വെളിപ്പെടുത്തി (ഒ.നോ. യോഹ. 1:1–14; കൊലൊ. 1:15–19; എബ്രാ. 1:2–3)
3. വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനുള്ള ദൈവത്തിന്റെ നിത്യമായ പദ്ധതി തന്റെ ഏക പുത്രനെ യാഗമായി അർപ്പിക്കുക എന്നതായിരുന്നു (യെശ. 53; മർക്കൊ. 10:45; 2 കൊരി. 5:21; ഫിലി. 2:6–11; എബ്രായർ).

▣ **"അവൻ പരിച്ഛേദനക്കാരെയും വിശ്വാസത്താൽ ... നീതീകരിക്കുന്നു"** "നീതീകരിക്കുക" എന്ന ഗ്രീക്കു പദം "നീതി" എന്നർത്ഥമുള്ള അതേ മൂലപദത്തിൽ നിന്നും വന്നതാണ്. 1:17 ലെ പ്രത്യേക പഠനവിഷയം കാണുക. ദൈവത്തോടു നിരപ്പു പ്രാപിക്കുവാൻ ഒരു വഴി മാത്രമേയുള്ളൂ (ഒ.നോ. റോമ. 9:30–32). രക്ഷയ്ക്കുള്ള രണ്ടു മാനദണ്ഡങ്ങൾ വിശ്വാസവും മാനസാന്തരവും ആണ് (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 3:16,19; 20:21; 1:5 ന്റെ കുറിപ്പു കാണുക). ഇത് യെഹൂദനെയും യവനരെയും സംബന്ധിച്ചു ശരിയാണ്).

▣ **"വിശ്വാസം മൂലം ... വിശ്വാസത്താൽ"** ഈ രണ്ടു ഉപവാചകങ്ങൾ തമ്മിൽ സമാന്തരത്വം വ്യക്തമാണ്. ഗതികളായ *എക്, ഡിയാ* (**ἐκ, διά**) എന്നിവ പര്യായങ്ങളായി ഉപയോഗിച്ചിരിക്കുന്നു. ഒരു വ്യത്യാസവും ഉദ്ദേശിച്ചിട്ടില്ല.

**റോമർ 3:31**

**[31]ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബ്ബലമാക്കുന്നുവോ? ഒരുനാളും ഇല്ല; നാം ന്യായപ്രമാണത്തെ ഉറപ്പിക്കുകയത്രേ ചെയ്യുന്നു.**

3:31

**NASB "ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബലമാക്കുന്നുവോ"**
**NKJV "ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ നിരർത്ഥകമാക്കുന്നുവോ"**
**NRSV "ആകയാൽ നാം വിശ്വാസം കൊണ്ട് ന്യായപ്രമാണത്തെ നീക്കിക്കളയുന്നുവോ"**
**NJB "വിശ്വാസം ന്യായപ്രമാണത്തെ അർത്ഥശൂന്യമാക്കുന്നു എന്നാണോ നാം അർത്ഥമാക്കുന്നത്"**

പുതിയ നിയമം പഴയനിയമത്തെ രണ്ടു വ്യത്യസ്ത രീതികളിൽ അവതരിപ്പിക്കുന്നു.

1. അത് ഒരിക്കലും നീങ്ങിപ്പോകാത്ത, ദൈവത്താൽ നൽകപ്പെട്ട വെളിപ്പാടാണ് (ഒ.നോ. മത്താ. 5:17-19; റോമ. 7:12, 14, 18).
2. അതു പഴയതും നീങ്ങിപ്പോയതുമാണ് (ഒ.നോ. എബ്രാ. 8:13)

"ദുർബലമാക്കുക" എന്ന പദം പൗലൊസ് കുറഞ്ഞത് 25 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അത് "അസാധുവും നിഷ്പ്രയോജനവും" അല്ലെങ്കിൽ "ശക്തിഹീനം," "യാതൊരു സ്വാധീനവും ചെലുത്താനാവാത്തത്" എന്നു തർജ്ജമ ചെയ്യാൻ കഴിയും. 3:3 ലെ പ്രത്യേക പഠനവിഷയം കാണുക. പൗലൊസിനെ സംബന്ധിച്ച് ന്യായപ്രമാണം നിത്യജീവൻ നൽകാനാവാത്ത കേവലം ഒരു ശിശുപാലകനും (ഒ.നോ. ഗലാ. 3:23, 24) മനുഷ്യനെ കുറ്റം വിധിക്കാനുള്ള അടിസ്ഥാനവും മാത്രമാണ് (ഒ.നോ. ഗലാ. 3:13; കൊലൊ. 2:14). മോശൈക ന്യായപ്രമാണം "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിനു" തുല്യമായി ഒരു വെളിപ്പാടും അതേസമയം ഒരു ധാർമ്മിക പരീക്ഷയുമായി പ്രവർത്തിക്കുന്നു.

"ന്യായപ്രമാണം" എന്നതുകൊണ്ട് പൗലൊസ് അർത്ഥമാക്കുന്നത് എന്താണെന്നു വ്യക്തമല്ല.

1. യെഹൂദമതത്തിലെ സൽപ്രവർത്തികളുടെ സംവിധാനം
2. ക്രിസ്തുവിലുള്ള രക്ഷയിലേക്ക് ജാതീയ വിശ്വാസികൾക്ക് കടന്നു പോകേണ്ടുന്ന ഒരു ഘട്ടം (ഗലാത്യയിലെ യെഹൂദവാദികൾ)
3. സകല മനുഷ്യരും പരാജയപ്പെട്ട ഒരു നിലവാരം (ഒ.നോ. റോമ. 1:18-3:20; 7:7-25; ഗലാ. 3:1-29)

▣ **"നാം ന്യായപ്രമാണത്തെ ഉറപ്പിക്കയത്രെ ചെയ്യുന്നത്"** മുൻ പ്രയോഗത്തിന്റെ വെളിച്ചത്തിൽ, ഈ പ്രയോഗത്തിന്റെ അർത്ഥമെന്താണ്? ഇതു സൂചിപ്പിക്കുന്നത്

1. ന്യായപ്രമാണം രക്ഷയ്ക്കുള്ള വഴിയല്ല, മറിച്ച് അതൊരു സാന്മാർഗിക വഴികാട്ടിയായി തുടരുന്നു
2. അത് "വിശ്വാസത്താലുള്ള നീതീകരണ" ഉപദേശത്തെ സാക്ഷീകരിക്കുന്നു, 3:21; 4:3; (ഉല്പ. 15:6; സങ്കീ. 32:1-2, 10-11)
3. ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ (മനുഷ്യ മാത്സര്യം, ഒ.നോ. റോമ. 7; ഗലാ. 3) ക്രിസ്തുവിന്റെ മരണത്താൽ സാധിപ്പിച്ചു (8:3-4)
4. വെളിപ്പാടിന്റെ ഉദ്ദേശ്യം മനുഷ്യനിൽ ദൈവിക സാദൃശ്യത്തെ പുനഃസ്ഥാപിക്കുക എന്നുള്ളതാണ്

ന്യായപ്രമാണം നിയമപരമായ നീതിയെ തുടർന്ന് യഥാർത്ഥ നീതി അഥവാ ക്രിസ്തുസാദൃശ്യത്തിലേക്കുള്ള വഴികാട്ടിയായിത്തീർന്നു. 13:9 ലെ പ്രത്യേക പഠനവിഷയം: മോശൈക ന്യായപ്രമാണത്തെക്കുറിച്ചുള്ള പൗലൊസിന്റെ വീക്ഷണം, കാണുക.

നമ്മെ ഞെട്ടിപ്പിക്കുന്ന വൈരുദ്ധ്യം, ന്യായപ്രമാണം ദൈവിക നീതി സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണ്. ദൈവത്തിന്റെ കൃപാദാനം മുഖാന്തരം ക്രിസ്തീയ വിശ്വാസി നീതിയുള്ള ഭക്തിനിർഭര ജീവിതത്തിനുടമയായി. ന്യായപ്രമാണത്തിന്റെ ലക്ഷ്യം സാധൂകരിക്കപ്പെട്ടു, മാനുഷിക പ്രവർത്തനത്താലല്ല, ക്രിസ്തുവിൽ ദൈവത്തിന്റെ കൃപയുടെ സൗജന്യ ദാനത്താൽ. "സ്ഥാപിക്കുക" എന്നതിന് 3:2 ലെ പ്രത്യേക പഠനവിഷയം: "നിൽക്കുക" കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. റോമ. 3:21-31ന് നിങ്ങളുടെ സ്വന്തവാക്കുകളിൽ രൂപരേഖ തയ്യാറാക്കുക

2. എങ്ങനെയാണ് ദൈവം മനുഷ്യന്റെ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിട്ടത് (വാ. 25)?
3. പഴയ നിയമ വിശ്വാസി പാപത്തിൽ നിന്നും എങ്ങനെയാണു രക്ഷിക്കപ്പെട്ടത് (3:25)?
4. യേശുവിലുള്ള വിശ്വാസം എങ്ങനെയാണ് ന്യായപ്രമാണത്തെ ഉറപ്പിക്കുന്നത് (3:31)?

# റോമർ 4

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| അബ്രാഹാമിന്റെ ഉദാഹരണം<br>4:1–12 | അബ്രാഹാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു<br>4:1–4 | അബ്രാഹാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു<br>4:1–8 | അബ്രാഹാമിന്റെ ഉദാഹരണം<br>4:1–8 | അബ്രാഹാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു<br>4:1–8 |
| | ദാവീദ് അതേ സത്യം ആഘോഷിക്കുന്നു<br>4:5–8 | | | പരിച്ഛേദനയ്ക്കു മുമ്പെ നീതീകരിക്കപ്പെട്ടു |
| | അബ്രാഹം പരിച്ഛേദനയ്ക്കു മുമ്പെ നീതീകരിക്കപ്പെട്ടു<br>4:9–12 | 4:9–12 | 4:9–12 | 4:9–12 |
| വാഗ്ദത്തം വിശ്വാസത്താൽ പ്രാപിക്കുന്നു<br>4:13–25 | വാഗ്ദത്തം വിശ്വാസത്താൽ നല്കപ്പെടുന്നു<br>4:13–25 | അബ്രാഹാമിന്റെ സാക്ഷാൽ സന്തതി<br>4:13–15 | ദൈവിക വാഗ്ദത്തം പ്രാപിക്കുന്നു<br>4:13–15 | ന്യാപ്രമാണത്തിന്റെ അനുസരണത്താൽ നീതീകരിക്കപ്പെടുന്നില്ല<br>4:13–17 |
| | | 4:16–25 | 4:16–25 | അബ്രാഹാമിന്റെ വിശ്വാസം ക്രിസ്തീയ വിശ്വാസത്തിന് മാതൃക<br>4:18–25 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## പശ്ചാത്തല ഉൾക്കാഴ്ചകൾ

A. 3:21-31 ൽ വിവരിച്ചിരിക്കുന്ന പൗലൊസിന്റെ ഞെട്ടിപ്പിക്കുന്ന ദൈവശാസ്ത്രം പറയുന്നത്, വീണുപോയ മനുഷ്യവർഗ്ഗം മോശെയുടെ ന്യായപ്രമാണം കൂടാതെ ദൈവത്തിന്റെ സൗജന്യദാനത്താൽ ദൈവത്തോടു നിരന്നതായി പ്രഖ്യാപിക്കപ്പെടുന്നു എന്നാണ്. തീർച്ചയായും യെഹൂദന്മാരുടെ എതിർപ്പ് പൗലൊസ് മനസിൽ കണ്ടിരിക്കണം. തുടർന്ന് പൗലൊസ്, അബ്രാഹാമിന്റെയും ദാവീദിന്റെയും (ഒ.നോ. വാ. 6-8) പഴയ നിയമ ഉദാഹരണങ്ങൾ എടുത്തുകൊണ്ട് തന്റെ സുവിശേഷം കേവലം നൂതന കാര്യമല്ല (ഒ.നോ. 3:21b) എന്നു തെളിയിക്കുന്നു.

B. റോമ. 4, കൃപയാൽ വിശ്വാസത്താലുള്ള നീതീകരണ ഉപദേശത്തിന് മോശെയുടെ ന്യായപ്രമാണത്തിൽ നിന്നും (ഉല്പത്തി - ആവർത്തനം) തെളിവുകൾ അവതരിപ്പിക്കുന്നു. അത് 3:21-31 ൽ സംഗ്രഹിച്ചിരിക്കുന്നു. ഒരു യെഹൂദനെ സംബന്ധിച്ച് മോശെയുടെ എഴുത്തുകളിൽ നിന്നുള്ള ഉദ്ധരണിക്ക് വലിയ ദൈവശാസ്ത്ര മൂല്യമാണുള്ളത്. പ്രത്യേകിച്ച് യെഹൂദ ജാതിയുടെ പിതാവായി അംഗീകരിക്കപ്പെടുന്ന അബ്രാഹാമിനോടു ബന്ധപ്പെട്ട വചനങ്ങൾക്ക്. ദാവീദിനെ വരാനിരിക്കുന്ന മശിഹായുടെ നിഴലായിട്ടാണ് വീക്ഷിക്കുന്നത് (ഒ.നോ. 2 ശമൂ. 7)

C. വിശ്വസിക്കുന്ന യെഹൂദന്മാരും വിശ്വസിക്കുന്ന ജാതികളും തമ്മിൽ റോമാസഭയിൽ നിലനിന്നിരുന്ന സംഘർഷമാകാം ഈ ചർച്ചയുടെയും പശ്ചാത്തലം. യെഹൂദാ ക്രിസ്തീയ നേതാക്കൾ നീറോയുടെ കല്പനയെ തുടർന്ന് (അയാൾ സകല യെഹൂദ ആചാരങ്ങളും നിരോധിച്ചു) റോം വിടുവാൻ നിർബന്ധിതരായിത്തീർന്നിരിക്കാം. ആ ഇടക്കാലത്ത് അവർക്ക് പകരം ജാതീയ ക്രിസ്ത്യാനികൾ നേതൃത്വത്തിൽ വന്നു. യെഹൂദ സംഘം മടങ്ങിവന്നപ്പോൾ നേതൃത്വസ്ഥാനത്ത് ആരായിരിക്കണം എന്നതിനെച്ചൊല്ലി വിവാദം ഉണ്ടായി എന്നനുമാനിക്കാം.

D. വീണുപോയ മനുഷ്യവർഗ്ഗം അവർക്കു ലഭിച്ച വെളിച്ചത്തോടുള്ള ബന്ധത്തിൽ വിശ്വാസത്താൽ കൃപമൂലവും ദൈവത്തോടുള്ള മാനസാന്തരത്താലും എല്ലായ്പ്പോഴും രക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന് റോമ. 4 വെളിപ്പെടുത്തുന്നു (ഉല്പ. 15:6; റോമ. 4:3). അനേക വഴികളിൽ പുതിയ ഉടമ്പടി (സുവിശേഷം, ഒ.നോ. യിരെ. 31:31-34; യെഹെ. 36:22-38) പഴയ ഉടമ്പടിയിൽനിന്നും വ്യത്യാസമുള്ളതല്ല.

E. വിശ്വാസം മൂലം കൃപയാലുള്ള നീതിയുടെ പാത ഗോത്രപിതാക്കന്മാർക്കോ അല്ലെങ്കിൽ യിസ്രായേൽ ജനതയ്ക്കോ മാത്രമുള്ളതല്ല, സകലർക്കും മുമ്പിൽ തുറന്നുകിടക്കുകയാണ്. ഇവിടെ പൗലൊസ് മുമ്പ് ഗലാത്യർ 3 ൽ വികസിപ്പിച്ച ദൈവശാസ്ത്ര വാദം അബ്രാഹാമിനെ ഉപയോഗിച്ച് വികസിപ്പിക്കുകയും വിശദമാക്കുകയും ചെയ്യുന്നു.

F. ഒരു സിവിശേഷ വിഹിത വിശ്വാസിയെന്ന നിലയിൽ റോമ. 3:21-31; 4:1-25; 5:1-21; ഗലാത്യർ 3 എന്നിവ നിർണ്ണായക വേദഭാഗങ്ങളാണെന്ന് ഞാൻ സമ്മതിക്കുന്നു. അത് എനിക്കു മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ ക്രിസ്ത്യാനിത്വത്തെ വിശദീകരിക്കുന്നു. എന്റെ പ്രത്യാശ നിലനില്ക്കുന്നത്
1. ദൈവകൃപയിൽ
2. ക്രിസ്തുവിന്റെ പ്രവൃത്തിയിൽ
3. തിരുവെഴുത്തിന്റെ വിശ്വാസ്യതയിൽ
4. പൗലൊസിന്റെ വ്യക്തമായ എഴുത്തുകളിൽ

**റോമർ 4:1-8**

**1എന്നാൽ നമ്മുടെ പൂർവ്വപിതാവായ അബ്രാഹാം ജഡപ്രകാരം എന്തു പ്രാപിച്ചു എന്നു പറയേണ്ടു? 2അബ്രാഹാം പ്രവൃത്തിയാൽ നീതീകരിക്കപ്പെട്ടു എങ്കിൽ അവന്നു പ്രശംസിപ്പാൻ സംഗതി ഉണ്ടു; ദൈവസന്നിധിയിൽ ഇല്ലതാനും. 3തിരുവെഴുത്തു എന്തു പറയുന്നു? "അബ്രാഹാം ദൈവത്തെ വിശ്വസിച്ചു; അതു അവന്നു നീതിയായി കണക്കിട്ടു" എന്നു തന്നേ. 4എന്നാൽ പ്രവർത്തിക്കുന്നവന്നു കൂലി കണക്കിടുന്നതു കൃപയായിട്ടല്ല കടമായിട്ടത്രേ. 5പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവന്നോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു. 6ദൈവം പ്രവൃത്തികൂടാതെ നീതി കണക്കിടുന്ന മനുഷ്യന്റെ ഭാഗ്യം ദാവീദും വർണ്ണിക്കുന്നതു: 7"അധർമ്മം മോചിച്ചും പാപം മറെച്ചും കിട്ടിയവർ ഭാഗ്യവാന്മാർ. 8കർത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ."**

**4:1 "എന്നാൽ നമ്മുടെ പൂർവ്വപിതാവായ അബ്രാഹാം"** അബ്രാഹാമിന്റെ പേരിന്റെ അർത്ഥം "ബഹുജാതികളുടെ പിതാവ്" (ഒ.നോ. വാ. 16-18) എന്നാണ്. അവന്റെ ആദ്യ പേരായ അബ്രാം എന്നതിന്റെ അർത്ഥം "ബഹുമാന്യനായ പിതാവ്" എന്നാണ്.

ഇവിടെയുപയോഗിച്ചിരിക്കുന്ന സാഹിത്യ സങ്കേതത്തെ ഡയാട്രൈബ് എന്നാണു വിളിക്കുന്നത് (ഒ.നോ. 4:1; 6:1; 7:7; 8:31; 9:14,30). അബ്രാഹാമിനെ (ഉല്പ. 11:27-25:11) ഒരു ഉദാഹരണമായി ഉപയോഗിക്കുന്നതിന്റെ കാരണങ്ങൾ:

1. യെഹൂദന്മാർ വംശപാരമ്പര്യത്തിന് അത്രയധികം സ്ഥാനം കൊടുക്കുന്നു (ഒ.നോ. മത്താ. 3:9; യോഹ. 8:33,37,39).
2. അവന്റെ വ്യക്തിപരമായ വിശ്വാസം ഉടമ്പടി മാതൃകയുടെ ഉദാഹരണമായതിനാൽ (ഒ.നോ. ഉല്പ. 15:6).
3. അവന്റെ വിശ്വാസം മോശൈക ന്യായപ്രമാണം കൊടുക്കുന്നതിനു മുമ്പായതിനാൽ (ഒ.നോ. പുറ. 19–20)
4. ദുരുപദേഷ്ടാക്കൾ അവനെ ഉപയോഗിച്ചിട്ടുള്ളതിനാൽ (അതാ. യെഹൂദമതവാദികൾ, ഓ.നോ. ഗലാത്യ ലേഖനം)

ചില കാരണങ്ങളാൽ പുരാതന പകർപ്പെഴുത്തുകാർ താഴെപ്പറയുന്നവ മാറി മാറി ഉപയോഗിച്ചിരിക്കുന്നു:

1. പൂർവ്വപിതാവ്, കയ്യെഴുത്തു പ്രതികൾ $א^{*,2}$, $א^{*}$, A, $C^{*}$
2. പിതാവ്, കയ്യെഴുത്തു പ്രതികൾ $א^{1}$, $C^{3}$, D, E, G

ഇത് ഒരുപക്ഷേ, അബ്രാഹാം യിസ്രായേൽ ജാതിയുടെ പൂർവ്വ പിതാവ് എന്ന നിലയിലോ (അതായത് ഗോത്ര പിതാവ്, പൗലൊസ് യെഹൂദന്മാരെയാണ് അഭിസംബോധന ചെയ്യുന്നത്) അല്ലെങ്കിൽ അബ്രാഹം ദൈവത്തിൽ വിശ്വസിക്കുന്ന സകലരുടെയും പിതാവ് (യെഹൂദന്മാരുടെയും ജാതികളുടെയും പിതാവ്, 2:28–29) എന്ന നിലയിലോ ആകാം.

▣ **"ജഡം"** 1:3 ലെ പ്രത്യേക പഠനവിഷയം കാണുക.

**4:2 "പ്രവൃത്തിയാൽ നീതീകരിക്കപ്പെട്ടു"** ഇത് ക്രിസ്തുവിലെ വിശ്വാസത്താൽ കൃപയാലുള്ള നീതീകരണത്തിനു നേരെ വിപരീതമാണ്. മാനുഷിക പ്രയത്നത്താൽ (4:4) ഈ രീതിയിൽ രക്ഷ സാധ്യമായിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ ശുശ്രൂഷ ആവശ്യമില്ലാത്തതായേനെ. ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലുള്ള നീതീകരണം ആണ് അബ്രാഹാമിനോടുള്ള ബന്ധത്തിൽ അനേക റബ്ബിമാരും ഊന്നിപ്പറയുന്നത് (ഒ.നോ. ജ്ഞാനം, 10:5; എക്ലീസി. 44:20–21; 1 മക്കാ. 2:52; യോവേൽ 6:19–20; 15:1–2). റബ്ബിമാരുടെ ശിഷ്യനായ പൗലൊസ് ഈ പാഠങ്ങളെക്കുറിച്ച് തികച്ചും ബോധവാനായിരുന്നു.

എന്നിരുന്നാലും ദൈവത്തിന്റെ ഇടമ്പടി പ്രവൃത്തികൾ നിർവഹിക്കുന്നതിൽ വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ കഴിവില്ലായ്മ വ്യക്തമായി പഴയ നിയമം വെളിപ്പെടുത്തുന്നുണ്ട്. അതിനാൽ പഴയ നിയമം ഒരു ശാപം, ഒരു മരണവിധി ആയി മാറി (ഒ.നോ. ഗലാ. 3:13; കൊലൊ. 2:14).

അബ്രാഹാം മോശൈക ന്യായപ്രമാണത്തിനു മുമ്പാണു ജീവിച്ചിരുന്നതെന്ന് യെഹൂദ പണ്ഡിതന്മാർക്ക് അറിയാമായിരുന്നുവെങ്കിലും അവൻ ന്യായപ്രമാണത്തെ പ്രതീക്ഷിക്കുകയും അനുഷ്ഠിക്കുകയും ചെയ്തു എന്നവർ വിശ്വസിച്ചു (ഒ.നോ. എക്ലീസി. 44:20; യോവേൽ 6:9; 15:1–2).

▣ **"എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ് (cf. A. T. Robertson, *Word Pictures*, Vol. 4, p. 350). യഥാർത്ഥത്തിൽ വ്യാജമായതും എന്നാൽ ഒരു ദൈവശാസ്ത്ര നിഗമനത്തിനു സഹായിക്കുന്നതുമായ ഒന്നാംതരം സോപാധിക വാചകത്തിന്റെ മികച്ച ഉദാഹരണമാണിത്.

ജോസഫ് എ. ഫിറ്റ്സ്മിയർ, ആങ്കർ ബൈബിളിൽ (വാല്യം 33, പേജ് 372) പറഞ്ഞത്, ഇത് ഒന്നാം ഭാഗം രണ്ടാം തരവും (അബ്രാഹാം പ്രവൃത്തിയാൽ നീതീകരിക്കപ്പെട്ടു എങ്കിൽ അവൻ "അങ്ങനെയല്ല") രണ്ടാം ഭാഗം ഒന്നാം തരവും ആയ സമ്മിശ്ര സോപാധിക വാചകം ആണെന്നാണ്.

▣ **"അവനു പ്രശംസിപ്പാൻ സംഗതി ഉണ്ട്"** പൗലൊസിന്റെ എഴുത്തുകളിൽ കൂടെക്കൂടെ വരുന്ന വിഷയമാണിത്. പരീശനെന്ന നിലയിലുള്ള അവന്റെ പശ്ചാത്തലം ഈ പ്രശ്നത്തോടിടപെടുവാൻ അവനെ പ്രേരിപ്പിക്കുന്നു (ഒ.നോ. 3:27; 1 കൊരി. 2:29; എഫെ. 2:8,9). 2:17 ലെ പ്രത്യേക പഠനവിഷയം: പ്രശംസിക്കൽ കാണുക.

**4:3**

**NASB, NKJV, NRSV, TEV "അബ്രാഹാം ദൈവത്തെ വിശ്വസിച്ചു"**

**NJB "അബ്രാഹാം ദൈവത്തിൽ വിശ്വാസമർപ്പിച്ചു"**

ഉല്പ. 15:6 ൽ നിന്നുള്ള ഉദ്ധരണിയാണിത്. പൗലൊസ് ഈ അധ്യായത്തിൽ ഇതു മൂന്നു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 4:3,9,22). രക്ഷയെ സംബന്ധിച്ചുള്ള പൗലൊസിന്റെ ദൈവശാസ്ത്രപരമായ അറിവിൽ അതിനുള്ള പ്രാധാന്യത്തെയാണിതു കാണിക്കുന്നത്. "വിശ്വാസം" എന്ന പദം പഴയനിയമത്തിൽ കൂറ്, വിശ്വസ്തത, വിശ്വാസയോഗ്യത എന്നിവയെ കാണിക്കുന്നു. അതു ദൈവിക പ്രകൃതിയുടെ വിവരണമാണ്, നമ്മുടേതല്ല. "ഉറപ്പായിരിക്കുക അഥവാ സ്ഥിരമായിരിക്കുക" എന്നർത്ഥമുള്ള ഒരു എബ്രായ പദത്തിൽനിന്നുമാണ് അതു വന്നത് (*എമുൻ, എമുനാഹ്*). രക്ഷിക്കുന്ന വിശ്വാസം

1. മാനസിക അംഗീകാരം (സത്യങ്ങളുടെ ഗമം)
2. മനപ്പൂർവ്വ സമർപ്പണം (ഒരു തീരുമാനം)
3. സാന്മാർഗ്ഗിക ജീവിതം (ഒരു ജീവിതശൈലി)
4. പ്രാഥമികമായ ഒരു ബന്ധം (ഒരു വ്യക്തിയെ സ്വാഗതം ചെയ്യൽ)

എന്നിവയാകുന്നു.

1:5 ലെ പ്രത്യേക പഠനവിഷയം: പഴയനിയമത്തിൽ വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസം, വിശ്വസ്തത, കാണുക.

അബ്രാഹാമിന്റെ വിശ്വാസം ഒരു ഭാവി മശിഹായിൽ അല്ലായിരുന്നു, മറിച്ച് അവന് ഒരു മകനും സന്തതിയും ഉണ്ടാകും എന്ന ദൈവിക വാഗ്ദത്തത്തിലായിരുന്നു എന്ന കാര്യം ഊന്നിപ്പറയേണ്ടതാണ് (ഒ.നോ. ഉല്പ. 12:2; 15:2–5; 17:4–8; 18:14). അബ്രാഹാം ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അതിനോടു പ്രതികരിച്ചു. അവന് ഈ വാഗ്ദത്തത്തെക്കുറിച്ച് സംശയങ്ങളും പ്രശ്നങ്ങളും ഉണ്ടായിരുന്നു. വാസ്തവത്തിൽ അതു നിവർത്തിയാകാൻ പിന്നെയും 13 വർഷങ്ങൾ എടുത്തു. എന്നിരുന്നാലും അവന്റെ അപൂർണ്ണ വിശ്വാസത്തെ ദൈവം അംഗീകരിച്ചു. തന്നോടും തന്റെ വാഗ്ദത്തങ്ങളോടും പ്രതികരിക്കുന്ന തെറ്റുകളുള്ള മനുഷ്യരോട്, ആ വിശ്വാസം കടുകുമണിയോളം മാത്രം വലിപ്പമുള്ളതായാൽപോലും (ഒ.നോ. മത്താ. 17:20) ചേർന്നു പ്രവർത്തിക്കുവാൻ ദൈവം ഒരുക്കമുള്ളനാണ്.

**4:3,4,5,6,8,9,10,22,23,25**

**NASB, NRSV "അത് അവനു കണക്കിട്ടു"**
**NKJV "അത് അവന്റെ കണക്കിൽ ഇട്ടു"**
**TEV "ദൈവം അവനെ അംഗീകരിച്ചു"**
**NJB "ഈ വിശ്വാസം പരിഗണിക്കപ്പെട്ടു"**

"അത്" സൂചിപ്പിക്കുന്നത് ദൈവിക വാഗ്ദത്തങ്ങളിലുള്ള അബ്രാഹാമിന്റെ വിശ്വാസത്തെയാണ്. "കണക്കിട്ടു" (*ലോഗിഡ്സോമായി-λογιζομαι*, ഒ.നോ. 3:28; അധ്യാ. 4 ൽ 11 പ്രാവശ്യം) എന്നത് "ഒരുവന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു" എന്നർത്ഥം വരുന്ന ബാങ്കിംഗ് പദമാണ് (ഒ.നോ. സെപ്റ്റു. ഉല്പ. 15:6; ലേവ്യ. 7:18; 17:4). ഇതേ സത്യം 2 കൊരി. 5:21; ഗലാ. 3:6 ൽ മനോഹരമായി വെളിപ്പെടുത്തിയിട്ടുണ്ട്. പൗലൊസ് ഉല്പ. 15:6; സങ്കീ. 32:2 എന്നിവ സംയോജിപ്പിച്ചിരിക്കാൻ സാധ്യതയുണ്ട്. കാരണം അവ രണ്ടും ''കണക്കിടുക'' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. പാഠങ്ങൾ സംയോജിപ്പിക്കുക എന്നത് റബ്ബിമാർ ഉപയോഗിച്ചിരുന്ന ഒരു വ്യാഖ്യാന തത്വമായിരുന്നു.

സെപ്റ്റ്വജിന്റിൽ ഈ പദത്തിന്റെ പഴയ നിയമ ഉപയോഗം ഒരു ബാങ്കിംഗ് പദമെന്നതിനേക്കാൾ ദാനീ. 7:10; 12:1 ലെ "പുസ്തകങ്ങൾ" എന്നതിനോടു ബന്ധപ്പെട്ട പുസ്തക സൂക്ഷിപ്പ് പദമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. രണ്ട് ആലങ്കാരിക പുസ്തകങ്ങൾ (ദൈവത്തിന്റെ ഓർമ്മ):

1. ഓർമ്മകളുടെ പുസ്തകം (ഒ.നോ. സങ്കീ. 56:8; 139:16; യെശ. 65:6; മലാ. 3:16; വെളി. 20:12–13)
2. (ഒ.നോ. പുറ. 32:32; സങ്കീ. 69:28; യെശ. 4:3; ദാനീ. 12:1; ലൂക്കൊ. 10:20; ഫിലി. 4:3; എബ്രാ. 12:23; വെളി. 3:5; 13:8; 17:8; 20:15; 21:17)

ദൈവം അബ്രാഹാമിന്റെ വിശ്വാസത്തെ നീതിയായി കുറിച്ചിട്ട പുസ്തകം "ജീവന്റെ പുസ്തകം" ആണ്.

**4:3,5,6,9,10,11,13,22 "നീതിയായി"** ഇത് പഴയ നിയമ പദമായ "അളവുകോൽ" (*റ്റ്സാദാക്*) നെ സൂചിപ്പിക്കുന്നു. ദൈവിക സ്വഭാവത്തെ സൂചിപ്പിക്കാനുപയോഗിക്കുന്ന നിർമ്മാണ സാദൃശ്യമാണിത്. ദൈവം നേരെയുള്ളവനും എല്ലാ മനുഷ്യരും വളഞ്ഞവരുമാണ്. പുതിയ നിയമത്തിൽ ഇത് സ്ഥാനീയ, നിയമപരമായ (ഫൊറൻസിക്) അർത്ഥത്തിൽ ഭക്തിനിർഭര ജീവിത ശൈലിയിലേക്ക് പ്രതീക്ഷയോടെ മുന്നേറിക്കൊണ്ടിരിക്കുന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഓരോ വിശ്വാസിയെ സംബന്ധിച്ചും ദൈവത്തിന്റെ ലക്ഷ്യം തന്റെ സ്വന്ത സ്വഭാവം അവരിൽ ഉളവാക്കുക, മറ്റൊരു രീതിയിൽ പറഞ്ഞാൽ ക്രിസ്തുസാദൃശ്യം എന്നതാണ് (ഒ.നോ. 8:28–29; ഗലാ. 4:19). 1:17 ലെ പ്രത്യേക പഠനവിഷയം: നീതി കാണുക.

**4:5** വിശ്വാസത്തിന്റെ അന്തഃസത്ത എന്നത് വ്യക്തിപരമായ നേട്ടങ്ങളിലോ യോഗ്യതകളിലോ ആശ്രയിക്കാതെ തന്നെത്തന്നെ വെളിപ്പെടുത്തിയ ദൈവത്തോടു പ്രതികരിക്കുന്നതാണ്. നാം ഒരിക്കൽ രക്ഷിക്കപ്പെടുകയും പരിശുദ്ധാത്മാവു നമ്മുടെ ഉള്ളിൽ വസിക്കുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ ജീവിതശൈലിക്കു പ്രാധാന്യമില്ല എന്നിത് സൂചിപ്പിക്കുന്നില്ല. ക്രിസ്തീയ വിശ്വാസത്തിന്റെ ലക്ഷ്യം നാം മരിക്കുമ്പോൾ സ്വർഗ്ഗം ലഭിക്കുന്നതു മാത്രമല്ല, ഇപ്പോൾ ക്രിസ്തുസാദൃശ്യം പ്രാപിക്കുന്നതും കൂടിയാണ്. നാം പ്രവൃത്തികളാൽ അല്ല രക്ഷിക്കപ്പെട്ടതും നീതീകരിക്കപ്പെട്ടതും ശരിയായ നില്പ് പ്രാപിച്ചതും, മറിച്ച് സൽപ്രവൃത്തികൾക്കുവേണ്ടിയാണ് നാം വീണ്ടെടുക്കപ്പെട്ടത് (ഒ.നോ. എഫെ. 2:8–9,10; യാക്കോബ്, 1 യോഹന്നാൻ). ഒരു രൂപാന്തരപ്പെട്ടതും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ജീവിതമാണ് ഒരുവൻ രക്ഷിക്കപ്പെട്ടു എന്നതിന്റെ തെളിവ്. നീതീകരണം വിശുദ്ധീകരണത്തെ ഉളവാക്കേണം!

▣ **"വിശ്വസിക്കുന്നവനോ"** ഇതു വർത്തമാനകാല കർത്തരി ക്രിയാബന്ധമാണ്. താഴെയുള്ള പ്രത്യേക പഠന വിഷയം കാണുക.

## പ്രത്യേക പഠനവിഷയം: വിശ്വാസം, വിശ്വസിക്കുക, അഥവാ ആശ്രയം

**(*പിസ്റ്റിസ്* (πιστις, നാമം) *പിസ്റ്റെയുവോ* (πιστευω, ക്രിയ) *പിസ്റ്റോസ്* (πιστος, നാമവിശേഷണം)**

A. ഇത് വേദപുസ്തകത്തിലെ വളരെ പ്രധാനപ്പെട്ട ഒരു പദമാണ് (ഒ.നോ. എബ്രാ. 11:16). ഇത് യേശു

വിന്റെ ആദ്യകാല പ്രസംഗ വിഷയമായിരുന്നു (ഒ.നോ. മർക്കൊ. 1:15). ഉടമ്പടിയുടെ കുറഞ്ഞത് രണ്ട് പുതിയ വ്യവസ്ഥകളുണ്ട്: മാനസാന്തരവും വിശ്വാസവും (ഒ.നോ. 1:15; പ്രവൃ. 3:16,19; 20:21).

B. പദോത്പത്തി

1. "വിശ്വാസം" എന്ന പദത്തിന് പഴയനിയമത്തിൽ കൂറ്, വിശ്വസ്തത, അഥവാ വിശ്വാസ്യത എന്നൊക്കെയാണർത്ഥം. അത് നമ്മുടെയല്ല ദൈവത്തിന്റെ സ്വഭാവത്തിന്റെ വിശദീകരമാണ്.
2. "ഉറപ്പായിരിക്കുക അഥവാ സ്ഥിരമായിരിക്കുക" എന്നർത്ഥമുള്ള ഒരു എബ്രായപദത്തിൽനിന്നാണിതുണ്ടായത് (*എമുൻ, എമുനാഹ്*). രക്ഷിക്കുന്ന വിശ്വാസം മനസ്സിന്റെ സമ്മതം (സത്യങ്ങൾ), ധാർമ്മിക ജീവിതം (ഒരു ജീവിതശൈലി), അതോടൊപ്പം തന്നെ പ്രാഥമികമായി ഒരു ബന്ധവും (ഒരു വ്യക്തിയെ കൈക്കൊള്ളുന്നത്) ആ വ്യക്തികളോടുള്ള മനപ്പൂർവ്വമായ സമർപ്പണവുമാണ് (ഒരു തീരുമാനം).

C. പഴയനിയമ ഉപയോഗം

അബ്രഹാമിന്റെ വിശ്വാസം ഒരു ഭാവികാല മശിഹായിലായിരുന്നില്ല, പിന്നെയോ തനിക്ക് ഒരു സന്തതിയും പിൻഗാമികളും ഉണ്ടാകുമെന്നുള്ള ദൈവത്തിന്റെ വാഗ്ദത്തത്തിലായിരുന്നുവെന്നുള്ളത് ഊന്നിപ്പറയേണ്ടതാണ് (ഒ. നോ. ഉല്പത്തി 12:2; 15:2-5; 17:4-8; 18:14). ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അബ്രഹാം ഈ വാഗ്ദത്തത്തോട് പ്രതികരിച്ചു. നിവർത്തിക്കുവാൻ പതിമൂന്ന് വർഷങ്ങളെടുത്ത ഈ വാഗ്ദത്തത്തെക്കുറിച്ച് തനിക്ക് അപ്പോഴും സംശയങ്ങളും പ്രശ്നങ്ങളും ഉണ്ടായിരുന്നു. എന്നിരുന്നാലും തന്റെ അപൂർണ്ണമായ വിശ്വാസം ദൈവത്താൽ അംഗീകരിക്കപ്പെട്ടു. കടുകുമണിയോളമേ ഉള്ളുവെങ്കിലും തന്നോടും തന്റെ വാഗ്ദത്തങ്ങളോടും വിശ്വാസത്താൽ പ്രതികരിക്കുന്ന ദുർബലരായ മനുഷ്യരോടൊത്ത് പ്രവർത്തിക്കുവാൻ ദൈവം സന്നദ്ധനാണ്. (ഒ. നോ. മത്താ. 17:20).

D. പുതിയനിയമ ഉപയോഗം

"വിശ്വസിച്ചു" എന്ന പദമുണ്ടായത് "വിശ്വസിക്കുക" "വിശ്വാസം" അഥവാ "ആശ്രയം" എന്നിങ്ങനെ തർജ്ജമ ചെയ്യാവുന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് (*പിസ്റ്റെയുവോ*). ഉദാഹരണത്തിന് യോഹന്നാന്റെ സുവിശേഷത്തിൽ നാമം ഉപയോഗിക്കപ്പെടുന്നില്ല, ക്രിയ കൂടെക്കൂടെ ഉപയോഗിക്കപ്പെടുന്നുണ്ട്. യോഹന്നാൻ 2:23-25ൽ മശിഹായെന്ന നിലയിൽ നസറായനായ യേശുവിനോടുള്ള ജനത്തിന്റെ സമർപ്പണത്തിന്റെ ആത്മാർത്ഥതയെപ്പറ്റി അനിശ്ചിതത്വം കാണുന്നുണ്ട്. "വിശ്വസിക്കുക" എന്ന പദത്തിന്റെ ഉപരിപ്ലവമായ ഇതര ഉപയോഗം യോഹ. 8:31-59; പ്രവൃ. 8:13, 18-24 എന്നീ ഭാഗങ്ങളിലാണ്. ശരിയായ വേദപുസ്തക വിശ്വാസം പ്രാരംഭ പ്രതികരണത്തിലും അപ്പുറമാണ്. അതിനെ തുടർന്ന് ശിഷ്യത്വം എന്ന പ്രക്രിയ ഉണ്ടാകണം (ഒ. നോ. മത്താ. 13:20-22, 31-32).

E. 'ഗതി'യോടൊപ്പം ഇതിന്റെ ഉപയോഗം

1. *എയിസ്* അർത്ഥം "അതിലേക്ക്." ഈ അതുല്യമായ ഘടന, വിശ്വാസികൾ യേശുവിൽ വിശ്വാസം/ആശ്രയം അർപ്പിക്കുന്നതിനെ ഊന്നിപ്പറയുന്നു.
   a. അവന്റെ നാമത്തിൽ (യോഹ. 1:12; 2:23; 3:18; 1 യോഹ. 5:13)
   b. അവനിൽ (യോഹ. 2:11; 3:15,18; 4:39; 6:40; 7:5,31,39,48; 8:30; 9:36; 10:42; 11:45,48; 17:37,42; മത്താ. 18:6; പ്രവൃ. 10:43; ഫിലി. 1:29; 1 പത്രൊ. 1:8)
   c. എന്നിൽ (യോഹ. 6:35; 7:38; 11:25,26; 12:44,46; 14:1,12; 16:9; 17:20)
   d. പുത്രനിൽ (യോഹ. 3:36; 9:35; 1 യോഹ. 5:10)
   e. യേശുവിൽ (യോഹ. 12:11; പ്രവൃ. 19:4; ഗലാ. 2:16)
   f. വെളിച്ചത്തിൽ (യോഹ. 12:36)
   g. ദൈവത്തിൽ (യോഹ. 14:1)
2. *എൻ* അർത്ഥം "ൽ" യോഹ. 3:15; മർക്കൊ. 1:5; പ്രവൃ. 5:14 ലെപ്പോലെ
3. *എപി* അർത്ഥം "ഇൽ" മത്താ. 27:42; പ്രവൃ. 9:42; 11:17; 16:31; 22:19; റോമ. 4:5,24; 9:33; 10:11; 1 തിമൊ. 1:16; 1 പത്രൊ. 2:6 എന്നീ വാക്യങ്ങളിലേതുപോലെ – 'ഉള്ളിൽ' അഥവാ 'മുകളിൽ' എന്നർത്ഥം.
4. ഗലാ. 3:6; പ്രവൃ. 18:8; 27:25; 1 യോഹ. 3:23; 5:10 തുടങ്ങിയ വാക്യങ്ങളിലേതുപോലെ ഗതിയെ കൂടാതെയുള്ള കർമ്മ പദത്തിന്റെ വിഭക്തി.
5. *ഹോട്ടി,* അർത്ഥം "അതു വിശ്വസിക്കുക." എന്തു വിശ്വസിക്കണം എന്നു സൂചിപ്പിക്കുന്നു
   a. യേശു ദൈവത്തിന്റെ പരിശുദ്ധനാണ് (യോഹന്നാൻ 6:69)
   b. യേശു ഞാനാകുന്നവൻ (യോഹന്നാൻ 8:24)
   c. യേശു പിതാവിലും പിതാവ് യേശുവിലും ആകുന്നു (യോഹന്നാൻ 10:38)
   d. യേശുവാണ് മശിഹാ (യോഹന്നാൻ 11:27; 20:31)
   e. യേശു ദൈവത്തിന്റെ പുത്രനാണ് (യോഹന്നാൻ 11:27; 20:31)
   f. യേശു പിതാവിനാൽ അയക്കപ്പെട്ടവനായിരുന്നു (യോഹന്നാൻ 11:42; 17:8,21)
   g. യേശു പിതാവുമായി ഒന്നായിരിക്കുന്നു (യോഹന്നാൻ 14:10-11)
   h. യേശു പിതാവിൽ നിന്നും വന്നു (യോഹന്നാൻ 16:27,30)

i. "ഞാൻ ആകുന്നു" എന്ന പിതാവിന്റെ ഉടമ്പടിയുടെ നാമത്തോട് യേശു തന്നെത്തന്നെ താദാത്മ്യപ്പെടുത്തുന്നു (യോഹന്നാൻ 8:24; 13:19)
j. നാം അവനോടുകൂടെ ജീവിക്കും (റോമർ 6:8)
k. യേശു മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു (1 തെസ്സലൊനീക്യർ 4:14)

▣
**NASB, NKJV "അവന്റെ വിശ്വാസം"**
**NRSV "അത്തരം വിശ്വാസം"**
**TEV, NJB "ഈ വിശ്വാസമാണ്"**

അബ്രാഹാമിന്റെ വിശ്വാസം അവനു നീതിയായി കണക്കിട്ടു. ഇത് അബ്രാഹാമിന്റെ പ്രവൃത്തികളുടെ അടിസ്ഥാനത്തിലല്ല, അവന്റെ പ്രതികരണത്തിന്റെ അടിസ്ഥാനത്തിലാണ്. അവന്റെ പ്രവൃത്തികൾ അവന്റെ വിശ്വാസത്തെ സ്ഥിരീകരിച്ചു (ഒ.നോ. യാക്കോ. 2:14-16).

"കണക്കിടുക" എന്ന പദം ഫീനെഹാസിനെക്കുറിച്ച് സങ്കീ. 106:13 ന്റെ സെപ്റ്റ്വജിന്റിലും ഉപയോഗിച്ചിട്ടുണ്ട്. സംഖ്യ. 25:11-13 ന്റെ സൂചനയാണത്. ഈ സംഭവത്തിൽ കണക്കിടൽ ഫീനെഹാസിന്റെ പ്രവൃത്തിയുടെ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ ഉല്പ. 15:6 ൽ അബ്രാഹാമിന്റേത് അപ്രകാരമല്ലായിരുന്നു!

▣ **"അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു"** ഇതൊരു ഞെട്ടിപ്പിക്കുന്ന പ്രസ്താവനയാണ്! വാ. 3 ൽ അബ്രാഹാമിനെക്കുറിച്ചുള്ള പ്രസ്താവനയ്ക്കു സമാന്തരമാണിത് (ഉല്പ. 15:6). നീതി മാനുഷിക പ്രകടനത്തിന്റെ ഫലമല്ല മറിച്ച് ദൈവിക ദാനമാണ് (3:24 ന്റെ കുറിപ്പു കാണുക). 1:17 ലെ പ്രത്യേക പഠനവിഷയം കാണുക.

**4:6 "പ്രവൃത്തികൂടാതെ"** പൗലൊസ് തന്റെ പഴയ നിയമ ഉദ്ധരണി (ഒ.നോ. സങ്കീ. 32:1-2) കൊടുക്കുന്നതിനു തൊട്ടു മുമ്പ് ഇത് ഉൾപ്പെടുത്തിക്കൊണ്ട് അതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. മനുഷ്യൻ ദൈവവുമായി നിരപ്പാകുന്നത് മതപരമായ ചടങ്ങുകൾകൊണ്ടല്ല, മറിച്ച് ക്രിസ്തുവിന്റെ മധ്യസ്ഥതയാൽ ലഭ്യമാകുന്ന കൃപയിലൂടെയും വ്യക്തിപരമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുമാണ് (ഒ.നോ. 3:21-31; എഫെ. 2:8-10).

▣ **"ദാവീദ്"** അബ്രാഹാം പൂർണ്ണതയുള്ള ഒരു മനുഷ്യനല്ലാതിരുന്നിട്ടും വിശ്വാസത്താൽ ദൈവത്തോടു നിരപ്പു പ്രാപിച്ചതുപോലെയാണ് ദാവീദും (ഒ.നോ. സങ്കീ. 32 & 51). ദൈവം തന്നിലും (പഴയ നിയമം) തന്റെ പുത്രനിലും (പുതിയ നിയമം) വിശ്വാസമർപ്പിക്കുന്ന വീഴ്ച സംഭവിച്ച മനുഷ്യരെ (ഉല്പത്തി 3) സ്നേഹിക്കുകയും അവരോടു ചേർന്നു പ്രവർത്തിക്കുകയും ചെയ്യുന്നു.

**4:7,8** സങ്കീ. 32:1-2 ൽ നിന്നുള്ള ഉദ്ധരണിയാണിത്. വാ. 7 ലെ രണ്ടു ക്രിയാപദങ്ങളും "മോചിച്ചും", "മറെച്ചും" ഭൂതകാല കർമ്മണി പ്രയോഗങ്ങളാണ്. ദൈവമാണ് മധ്യവർത്തി. വാ. 8 ൽ ശക്തമായ ഇരട്ട നിഷേധം കാണാം. "യാതൊരു സാഹചര്യത്തിലും" കണക്കിടാത്ത, മേൽ ചുമത്താത്ത, കണക്കിലെടുക്കാത്ത എന്നാണർത്ഥം. ഈ ഉദ്ധരണിയിലെ മൂന്നു ക്രിയാപദങ്ങൾ ശ്രദ്ധിക്കുക; എല്ലാം പാപത്തിന്റെ മോചനത്തെ സൂചിപ്പിക്കുന്നു.

**4:7 "പാപം മറെച്ചും കിട്ടിയവൻ"** സങ്കീ. 32:1 ൽ നിന്നുള്ള ഉദ്ധരണിയാണിത്. "മറയ്ക്കുക" എന്ന ആശയം യിസ്രായേലിന്റെ യാഗസംബന്ധമായ ചടങ്ങുകളുടെ കേന്ദ്രമായിരുന്നു (അതാ. ലേവ്യ. 1-7). ദൈവം പാപം മറയ്ക്കുന്നതിലൂടെ (ഭൂതകാല കർമ്മണി സൂചകം) അവൻ അതിനെ തന്റെ ദൃഷ്ടിയിൽ നിന്നും മാറ്റുന്നു (ഒ.നോ. യെശ. 38:17; മീഖാ 7:19, ബ്രൗൺ, ഡ്രൈവർ, ബ്രീഗ്സ്, പേജ് 491). ഇതേ ആശയം "മറയ്ക്കുക" (*കാഫാർ*) എന്നതിന് വ്യത്യസ്ത പദമാണ് ഉപയോഗിക്കുന്നതെങ്കിലും മഹാ പാപപരിഹാര ദിനത്തിലെ ചടങ്ങായ, യിസ്രായേലിന്റെ പാപം മറയ്ക്കുന്നതിന് "കൃപാസന"ത്തിന്മേൽ രക്തം തളിക്കുന്നതിനും ഉപയോഗിച്ചിട്ടുണ്ട് (അതാ. ലേവ്യ. 16). സമാനമായ വേദപുസ്തക സാദൃശ്യമാണ് ഒരുവന്റെ പാപങ്ങൾ മായിക്കുക (ഒ.നോ. യെശ. 1:18; 43:25) അല്ലെങ്കിൽ മാഞ്ഞുകിട്ടുക (ഒ.നോ. പ്രവൃ. 3:19; കൊലൊ. 2:14; വെളി. 3:5) എന്നത്.

**4:8 "കർത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ"** സങ്കീ. 32:2 ൽ നിന്നുള്ള ഉദ്ധരണിയാണിത്. "കണക്കിടുക," "മേൽ ചുമത്തുക" അല്ലെങ്കിൽ "ഒരുവന്റെ കണക്കിൽ നിക്ഷേപിക്കുക" എന്നിവയുടെ നെഗറ്റീവാണിത്. ദൈവം വിശ്വാസിയുടെ ആത്മിക ബാങ്ക് അക്കൗണ്ടിൽ പാപത്തിന്റെ കണക്ക് വരവുവെയ്ക്കുന്നില്ല (ഇരട്ട നിഷേധം); അവൻ നീതിയാണു കണക്കിടുന്നത്. ഇത് ദൈവത്തിന്റെ കൃപാസ്വഭാവം, ദാനം, പ്രഖ്യാപനം എന്നിവയുടെ അടിസ്ഥാനത്തിലാണ്, അല്ലാതെ മനുഷ്യന്റെ യോഗ്യത, നേട്ടം, പ്രകടനം എന്നിവയുടെ അടിസ്ഥാനത്തിലല്ല!

**റോമർ 4:9–12**

**[9]ഈ ഭാഗ്യവർണ്ണനം പരിച്ഛേദനെക്കോ? അഗ്രചർമ്മത്തിന്നു കൂടെയോ? അബ്രാഹാമിന്നു വിശ്വാസം നീതിയായി കണക്കിട്ടു എന്നല്ലോ നാം പറയുന്നതു. [10]എങ്ങനെ കണ ക്കിട്ടതു? പരിച്ഛേദനയിലോ? അഗ്രചർമ്മത്തിലോ? പരിച്ഛേദനയിലല്ല. അഗ്രചർമ്മ ത്തിലത്രേ. [11]അഗ്രചർമ്മത്തിൽവെച്ചു ഉണ്ടായിരുന്ന വിശ്വാസനീതിക്കു മുദ്രയായി പരി ച്ഛേദന എന്ന അടയാളം അവന്നു ലഭിച്ചതു അഗ്രചർമ്മത്തോടെ വിശ്വസിക്കുന്നവർ ക്കുംകൂടെ നീതി കണക്കിടപ്പെടുവാന്തക്കവണ്ണം താൻ അവർക്കു എല്ലാവർക്കും പിതാവായിരിക്കേണ്ടതിന്നും [12]പരിച്ഛേദന മാത്രമുള്ളവരല്ല നമ്മുടെ പിതാവായ അബ്രാഹാമിന്നു അഗ്രചർമ്മത്തിൽവെച്ചു ഉണ്ടായിരുന്ന വിശ്വാസത്തെ അനുഗമിക്കു ന്നവരുമായ പരിച്ഛേദനക്കാർക്കു പിതാവായിരിക്കേണ്ടതിന്നും തന്നേ.**

**4:9–12** യെഹൂദ മതവാദികൾ രക്ഷയ്ക്ക് പരിച്ഛേദന അനിവാര്യമാണെന്ന് (ഒ.നോ. ഗലാത്യലേഖനവും പ്രവൃ. 15 ലെ യെരൂശലേം കൗൺസിലും) നിഷ്കർഷിക്കുന്നതിന്റെ അടിസ്ഥാനത്തിലാകാം പൗലൊസ് പരിച്ഛേദനയെ ക്കുറിച്ചുള്ള ചർച്ച ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

റബ്ബിമാരുടെ വ്യാഖ്യാന രീതികളിൽ പ്രഗത്ഭനായ പൗലൊസ് ഉല്പ. 15:6 ലും സങ്കീ. 32:2 ലും സമാനമായ ക്രിയാപദം (എബ്രായ പതിപ്പിലും ഗ്രീക്ക് സെപ്റ്റജിന്റിലും) കാണുന്നതായി മനസ്സിലാക്കിയിരുന്നു. ഇതായിരിക്കാം ദൈവശാസ്ത്രപരമായ ഉദ്ദേശ്യത്തിനായി ഈ വേദഭാഗങ്ങളെ സംയോജിപ്പിക്കാൻ അവനെ പ്രേരിപ്പിച്ചത്.

**4:9** വാ. 9 ലെ ചോദ്യം "അല്ല" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു. ദൈവം സകലയാളുകളെയും ജാതികളെപ്പോലും വിശ്വാസത്താൽ സ്വീകരിക്കുന്നു. ഉല്പ. 15:6 വീണ്ടും ഉദ്ധരിക്കുന്നു. യെഹൂദ ജാതിയുടെ പിതാവായ അബ്രാഹാ മിന്റെമേൽ നീതി കണക്കിട്ടത് മോശെയുടെ ന്യായപ്രമാണത്തിനും (വാ. 13), അവൻ പരിച്ഛേദന ഏല്ക്കുന്നതിനും (ഒ.നോ. ഉല്പ. 17) മുമ്പായിരുന്നു.

**4:10–11 "വിശ്വാസനീതിക്കു മുദ്രയായി പരിച്ഛേദന എന്ന അടയാളം"** അബ്രാഹാമിനെ വിളിക്കുകയും നീതിമാനായി കണക്കിടുകയും ചെയ്തശേഷം ദൈവം അവന് ഉടമ്പടിയുടെ അടയാളമായി പരിച്ഛേദന നല്കി (ഉല്പ. 17:9–14). ഏജിയൻ ദ്വീപുകളിൽ നിന്നു വന്ന ഫെലിസ്ത്യർ ഒഴികെ പുരാതന സമീപപൂർവ്വ ദേശങ്ങളിലെ മുഴുവൻ ആളുകളും പരിച്ഛേദന ഏറ്റിരുന്നു. അവരെ സംബന്ധിച്ച് പരിച്ഛേദന ബാല്യത്തിൽ നിന്നും പുരുഷത്വ ത്തിലേക്കു പ്രവേശിക്കുന്ന ചടങ്ങായിരുന്നു. യെഹൂദജീവിതത്തിൽ അത് ഉടമ്പടി അംഗത്വത്തിലേക്ക് പ്രവേശിക്കു ന്നതും ആൺകുട്ടി ജനിച്ച് എട്ടാം ദിവസം നടത്തുന്നതുമായ മതപരമായ ചടങ്ങായിരുന്നു.

ഈ വാക്യത്തിൽ "മുദ്ര," "അടയാളം" എന്നിവ സമാന്തരവും അബ്രാഹാമിന്റെ വിശ്വാസത്തെ സൂചിപ്പി ക്കുന്നതുമാകുന്നു. "വിശ്വാസനീതിക്ക്" എന്ന സംബന്ധികാ വിഭക്തി വാ. 13ൽ ആവർത്തിച്ചിരിക്കുന്നു. വിശുദ്ധനായ ദൈവത്തോടു നിരപ്പുള്ളവരായി പ്രഖ്യാപിക്കപ്പെടുന്നതിന്റെ താക്കോൽ പരിച്ഛേദനയല്ല, വിശ്വാസമാണ്.

**4:11 "അഗ്രചർമ്മത്തോടെ വിശ്വസിക്കുന്നവർക്കുംകൂടെ ... പിതാവായിരിക്കേണ്ടതിനും"** ഗലാത്യലേഖന ത്തിനുശേഷം എഴുതപ്പെട്ടതാണ് റോമാലേഖനം. (1) തങ്ങളുടെ വംശപാരമ്പര്യത്തിലും (ഒ.നോ. മത്താ. 3:9; യോഹ. 8:33,37,39) (2) മോശൈക ന്യായപ്രമാണത്തിന്റെ (പഴയനിയമ പാരമ്പര്യം അല്ലെങ്കിൽ പില്ക്കാലത്ത് എഴുതപ്പെട്ടതും തൽമൂദ് എന്നു വിളിക്കപ്പെടുന്നതുമായ വായ്മൊഴി പാരമ്പര്യങ്ങൾ) കാലാനുസൃത യെഹൂദ വ്യാഖ്യാനങ്ങൾ പ്രാവർത്തികമാക്കുന്നതിലും ആശ്രയിക്കുന്ന യെഹൂദ പ്രവണതയെക്കുറിച്ച് പൗലൊസ് ബോധവാനായിരുന്നു. അതിനാൽ വിശ്വാസത്താൽ വിശ്വാസികളായിത്തീർന്ന സകലരുടെയും ഉദാത്ത മാതൃകയായി അവൻ അബ്രാഹാമിനെ ഉപയോഗിച്ചു (വിശ്വസിക്കുന്ന അഗ്രചർമ്മികളായ ജാതികളുടെ പിതാവ്, ഒ.നോ. 2:28–29; ഗലാ. 3:29).

▣ **"മുദ്ര"** താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

# പ്രത്യേക പഠനവിഷയം: മുദ്ര

താഴെക്കൊടുത്തിരിക്കുന്നവയെ കാണിക്കുന്നതിനുള്ള പുരാതന രീതിയായിരുന്നു മുദ്ര:

1. സത്യം (ഒ.നോ. 3:33)
2. ഉടമസ്ഥത (ഒ.നോ. യോഹ. 6:27; 2 തിമൊ. 2:19; വെളി. 7:2–3).
3. സുരക്ഷിതത്വം അഥവാ സംരക്ഷണം (ഒ.നോ. ഉല്പ. 4:15; മത്തായി 27:66; റോമ. 15:28; 2 കൊരി. 1:22; എഫെ. 1:13; 4:30).
4. ദൈവികദാനത്തെക്കുറിച്ചുള്ള വാഗ്ദത്തത്തിന്റെ യാഥാർത്ഥ്യത്തെ സംബന്ധിച്ച ഒരു അടയാളവും ആകാം അത് (ഒ.നോ. റോമ. 4:11; 1 കൊരി. 9:2).

ദൈവക്രോധം അവരുടെമേൽ ചൊരിയാതെവണ്ണം ദൈവജനത്തെ വേറിട്ടു നിർത്തുക എന്നതാണ് മുദ്രയുടെ ഉദ്ദേശ്യം. സാത്താന്റെ മുദ്ര, ദൈവകോപത്തിനിരകളായ അവന്റെ ജനത്തെ തിരിച്ചറിയാനുപകരി ക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ "പീഡ" (അതാ. *ത്‌ലിപ്സിസ്-θλιψις*) എല്ലായ്പ്പോഴും അവിശ്വാസി

കൾ വിശ്വാസികളെ ഉപദ്രവിക്കുന്നതും കോപം/ക്രോധം (അതാ. *ഓർഗി* അല്ലെങ്കിൽ *തുമോസ്*-***οργη/θυμος***) എല്ലായ്പ്പോഴും,അവർ മാനസാന്തരപ്പെട്ട് ക്രിസ്തുവിലേക്കു തിരിയുക എന്ന ഉദ്ദേശ്യത്തോടുകൂടി അവിശ്വാസികളുടെമേൽ ചൊരിയുന്ന ദൈവിക ന്യായവിധിയുമാണ്. ന്യായവിധിയുടെ ഈ സാധകാത്മക ഉദ്ദേശ്യം ആവർത്തനം 27-28 ലെ ഉടമ്പടി ശാപത്തിൽ/അനുഗ്രഹത്തിൽ കാണാൻ കഴിയും.

"ജീവനുള്ള ദൈവം" എന്ന പ്രയോഗം "യഹോവ" എന്ന നാമം ഉപയോഗിച്ചുള്ള ഒരു പദവിന്യാസമാണ് (ഒ.നോ. പുറ. 3:14; സങ്കീ. 42:2; 84:2; മത്തായി 16:16). ഇതേ പദവിന്യാസം "യഹോവയാണ" എന്ന വേദപുസ്തക ആണയിലും കാണാൻ കഴിയും.

**4:12 ''അനുഗമിക്കുന്നവരുമായ''** പട്ടാളക്കാർ ഒരുവരിയായി മാർച്ച് ചെയ്യുന്നതിനെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന സൈനിക പദമാണിത് (*സ്റ്റോയിഖെയോ* - ***στοιχεω***) (ഒ.നോ. പ്രവൃ. 21:24; ഗലാ. 5:25; 6:16; ഫിലി. 3:16). വിശ്വസിക്കുന്ന യെഹൂദന്മാരെക്കുറിച്ചാണ് ഈ വാക്യത്തിൽ പൗലൊസ് സംസാരിക്കുന്നത് ("പരിച്ഛേദനക്കാർക്കു പിതാവ്"). ദൈവത്തിലും അവന്റെ വാഗ്ദത്തങ്ങളിലും വിശ്വാസം അർപ്പിക്കുന്ന എല്ലാവരുടെയും പിതാവാണ് അബ്രാഹാം.

ഇരട്ട വിവേചക ഭേദകം (*റ്റോയിസ്* - ***τοις***) നിമിത്തം ഈ രണ്ടാമത്തെ വിഷയം ("അനുഗമിക്കുന്നവരുമായ") കേവലം ഒരു പ്രാവശ്യത്തെ വിശ്വാസത്തെയല്ല, മറിച്ച് ജീവിതശൈലീ വിശ്വാസത്തെയാണ് (വർത്തമാനകാല മധ്യമ (ഡിപോണന്റ്) അപൂർണ്ണക്രിയ) സൂചിപ്പിക്കുന്നതെന്ന് മനസ്സിലാക്കാം. രക്ഷ കേവലം ഒരു തീരുമാനമോ സന്നദ്ധത പ്രകടിപ്പിക്കുന്ന നിമിഷമോ അല്ല, തുടർമാനമായ ബന്ധമാണ്.

**റോമർ 4:13-15**

**[13]ലോകാവകാശി ആകും എന്നുള്ള വാഗ്ദത്തം അബ്രാഹാമിന്നോ അവന്റെ സന്തതിക്കോ ന്യായപ്രമാണത്താലല്ല വിശ്വാസത്തിന്റെ നീതിയാലല്ലോ ലഭിച്ചതു. [14]എന്നാൽ ന്യായപ്രമാണമുള്ളവർ അവകാശികൾ എങ്കിൽ വിശ്വാസം വ്യർത്ഥവും വാഗ്ദത്തം ദുർബ്ബലവും എന്നു വരും. [15]ന്യായപ്രമാണമോ കോപത്തിന്നു ഹേതു വാകുന്നു; ന്യായപ്രമാണം ഇല്ലാത്തേടത്തു ലംഘനവുമില്ല.**

**4:13 "ലോകാവകാശി ആകും"** ഉല്പ. 12:3; 18:18; 22:18; പുറ. 19:5,6 ന്റെ വെളിച്ചത്തിൽ ഈ സാർവ്വലൗകിക പ്രസ്താവന വളരെ പ്രാധാന്യമുള്ളതാണ്. സകല മനുഷ്യരെയും വിളിക്കുന്നതിനായി ദൈവം അബ്രാഹാമിനെ വിളിച്ചു (ഒ.നോ. ഉല്പ. 1:26-17; 3:15)! അബ്രാഹാമും അവന്റെ സന്തതികളും മുഴുലോകത്തിനും വേണ്ടിയുള്ള വെളിപ്പാടിന്റെ മാർഗ്ഗമായിത്തീരേണം. ദൈവരാജ്യം ഭൂമിയിൽ എന്നതിനെ പരാമർശിക്കുന്ന മറ്റൊരു മാർഗ്ഗമാണിത് (മത്താ. 6:10).

▣ **''വാഗ്ദത്തം അബ്രാഹാമിനോ അവന്റെ സന്തതിക്കോ''** അബ്രാഹാമിനു ദൈവം ''ദേശത്തിന്റെയും സന്തതിയുടെയും" വാഗ്ദത്തം നല്കി (ഓ.നോ. ഉല്പ. 12:1-3; 15:1-6; 17:1-8; 22:17-18). പഴയ നിയമം ദേശത്തിൽ (പലസ്തീൻ) ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ പുതിയ നിയമം "സന്തതി"യിൽ ശ്രദ്ധ കേന്ദ്രീകരിച്ചു (യേശു മശിഹാ, ഒ.നോ. ഗലാ. 3:16,19). എങ്കിലും ഇവിടെ "സന്തതി" സൂചിപ്പിക്കുന്നത് വിശ്വാസ ജനതയെയാണ് (ഒ.നോ. ഗലാ. 3:29). സകല വിശ്വാസികളുടെയും വിശ്വാസത്തിനാധാരം ദൈവത്തിന്റെ വാഗ്ദത്തങ്ങളാണ് (ഒ.നോ. ഗലാ. 3:14,17,18,19,21,22,29; 4:28; എബ്രാ. 5:13-18).)

▣ **"ന്യായപ്രമാണത്താലല്ല"** മോശൈക ന്യായപ്രമാണം ഇതുവരെയും വെളിപ്പെടുത്തപ്പെട്ടിരുന്നില്ല. പ്രാധാന്യം സൂചിപ്പിക്കുന്നതിനായി ഈ പ്രയോഗം ഗ്രീക്കു വാചകത്തിന്റെ തുടക്കത്തിലാണ് ചേർത്തിരിക്കുന്നത്. മാനുഷിക യത്നവും ദൈവകൃപയും (ഒ.നോ. 3:21-31) തമ്മിലുള്ള വ്യത്യാസത്തെ ഊന്നിപ്പറയുന്ന വളരെ പ്രധാനപ്പെട്ട പോയിന്റാണിത്. രക്ഷയുടെ മാർഗ്ഗമെന്ന നിലയിൽ ന്യാപ്രമാണത്തെ കൃപ അസാധുവാക്കി (ഒ.നോ. എബ്രാ. 8:7,13). 13:9 ലെ പ്രത്യേക പഠനവിഷയം: മോശൈക ന്യായപ്രമാണത്തെ സംബന്ധിച്ച പൗലൊസിന്റെ വീക്ഷണം കാണുക.

▣ **"എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. തന്റെ യുക്തിപരമായ വാദത്തെ ഉറപ്പിക്കുന്നതിനാണ് പൗലൊസ് ഈ ഞെട്ടിപ്പിക്കുന്ന പ്രസ്താവന പറയുന്നത്. പ്രഭാഷണകലയുടെ ഊന്നൽ നല്കുന്ന ഒന്നാംതരം സാപോധിക വാചകത്തിന്റെ ഉദാഹരണമാണിത്. ഈ പ്രസ്താവന സത്യമാണെന്ന് അവൻ വിശ്വസിക്കുന്നില്ല, മറിച്ച് അതിന്റെ വ്യർത്ഥത ചൂണ്ടിക്കാണിക്കുന്നതിനായി അതു പറയുകയാണ് (ഒ.നോ. വാ. 2).

പരിച്ഛേദനയുടെ ദൃശ്യമായ അടയാളമായ വംശീയ യെഹൂദന്മാരല്ല ലോകത്തിന്റെ അവകാശികൾ, മറിച്ച് ദൈവത്തിന്റെ ഹിതത്തിലും വചനത്തിലും വിശ്വസിക്കുന്നവരാണ് അവകാശികൾ. ശാരീരിക പരിച്ഛേദനയല്ല വിശ്വാസമാണ് യഥാർത്ഥ ഉടമ്പടി അടയാളം (ഒ.നോ. 2:28-29).

▣

**NASB, NKJV** **"വിശ്വാസം വ്യർത്ഥമാക്കപ്പെട്ടു"**
**NRSV** **"വിശ്വാസം അസാധുവാണ്"**
**TEV** **"മനുഷ്യന്റെ വിശ്വാസം ഒന്നുമില്ലാതാകുന്നു"**
**NJB** **"വിശ്വാസം അർത്ഥമില്ലാത്തതാകുന്നു"**

ഇത് *കെനൊഓ* (***κενόω***) എന്ന പദത്തിന്റെ പൂർണ്ണ കർമ്മണി സൂചകമാണ്. "ശൂന്യമാക്കുക," "അടിസ്ഥാന മില്ലാത്തതെന്നു കാണിക്കുക," "ഭോഷ്കാണെന്നു വരുത്തുക" (ഒ.നോ. 1 കൊരി. 1:17) എന്ന അർത്ഥം വരുന്ന ഒരു ശക്തമായ ഗ്രീക്കു പദത്തിന്റെ സ്ഥിരമായ അവസ്ഥയെയാണതു സൂചിപ്പിക്കുന്നത്. പൗലൊസ് ഈ പദം 1 കൊരി. 1:17; 9:15; 2 കൊരി. 9:3; ഫിലി. 2:7 ൽ ഉപയോഗിച്ചിട്ടുണ്ട്.

▣

**NASB** **"വാഗ്ദത്തം റദ്ദാക്കപ്പെട്ടു"**
**NKJV** **"വാഗ്ദത്തം ഒരു പ്രയോജനവുമില്ലാത്തതായി"**
**NRSV** **"വാഗ്ദത്തം വ്യർത്ഥമാണ്"**
**TEV** **"ദൈവിക വാഗ്ദത്തം വിലയില്ലാത്തത്"**
**NJB** **"വാഗ്ദത്തം ഒന്നിനും കൊള്ളാത്തത്"**

ഇതും "ശൂന്യമാക്കുക," "റദ്ദു ചെയ്യുക," "അവസാനിപ്പിക്കുക" ചിലപ്പോൾ "നശിപ്പിക്കുക" അഥവാ "നിർമ്മൂല മാക്കുക" എന്നുപോലും അർത്ഥംവരുന്ന ഒരു ശക്തമായ ഗ്രീക്കു പദത്തിന്റെ സ്ഥിരമായ അവസ്ഥയെ സൂചിപ്പിക്കുന്ന പൂർണ്ണ കർമ്മണി സൂചകമാണ്. ഈ പദവും പൗലൊസ് റോമ. 3:3, 31; 6:6; 7:2,6; 1 കൊരി. 2:6; 13:8; 15:24,26; 2 കൊരി. 3:7; ഗലാ. 5:4; 2 തെസ്സ. 2:8 എന്നീ വാക്യങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഈ വാക്യത്തിൽ ഒരു സമാന്തരത്വം വ്യക്തമാണ്. രക്ഷയ്ക്കു രണ്ടു വഴികളില്ല. കൃപയുടെ പുതിയ ഉടമ്പടി, കർമ്മ മാർഗ്ഗത്തിന്റെ പഴയ ഉടമ്പടിയെ വ്യർത്ഥവും ദുർബ്ബലവും ആക്കിയിരിക്കുന്നു. 3:3 ലെ പ്രത്യേക പഠനവിഷയം: വ്യർത്ഥവും ശൂന്യവും കാണുക.

**4:15 "ന്യായപ്രമാണമോ ... ന്യായപ്രമാണം"** ഈ പദത്തിന്റെ ആദ്യ ഉപയോഗത്തിന് ഗ്രീക്ക് വിവേചകഭേദകം ഉണ്ടെങ്കിലും രണ്ടാമത്തേതിൽ ഇല്ല. ഗ്രീക്ക് വിവേചക ഭേദകത്തിന്റെ സാന്നിധ്യത്തിനോ അസാന്നിധ്യത്തിനോ അത്യധികം പ്രാധാന്യം നല്കുന്നത് അപകടകരമാണെങ്കിലും ഈ സന്ദർഭത്തിൽ പൗലൊസ് രണ്ട് അർത്ഥത്തി ലാണ് ഈ പദങ്ങൾ ഉപയോഗിക്കുന്നതെന്ന് കാണിക്കാൻ അതു സഹായിക്കും.

1. യെഹൂദന്മാർ രക്ഷയ്ക്കുവേണ്ടി ആശ്രയിക്കുന്ന മോശൈക ന്യായപ്രമാണവും അതിന്റെ വാമൊഴിയും
2. പ്രമാണം എന്ന ആശയം പൊതുവിൽ

വിശാല അർത്ഥത്തിൽ ഇതിനോടോ അല്ലെങ്കിൽ സാന്മാർഗ്ഗികതയുടെ സാംസ്കാരിക പ്രമാണത്തോടോ മതപരമായ ചടങ്ങുകളോടോ താദാത്മ്യപ്പെടുകയും അതിന്റെ അനുഷ്ഠാനത്താൽ ദൈവത്താൽ അംഗീകരിക്ക പ്പെടുമെന്നു വിശ്വസിക്കുകയും ചെയ്യുന്ന സ്വയ-നീതിക്കാരായ ജാതികളും ഇതിൽ ഉൾപ്പെടുന്നു.

▣ **"ന്യായപ്രമാണമോ കോപത്തിനു ഹേതുവാകുന്നു"** ഇതൊരു ഞെട്ടിപ്പിക്കുന്ന പ്രസ്താവനയാണ് (ഒ.നോ. 3:20; ഗലാ. 3:10-11; കൊലൊ. 2:14). മോശൈക ന്യായപ്രമാണം ഒരിക്കലും രക്ഷാമാർഗ്ഗമായി ഉദ്ദേശിച്ചിട്ടില്ല (ഒ. നോ. ഗലാ. 3:23-29). ഇത് ഏതൊരു യെഹൂദനെ സംബന്ധിച്ചും (നിയമവാദിയെ സംബന്ധിച്ചും) മനസ്സിലാക്കാനോ അംഗീകരിക്കുവാനോ പ്രയാസമുള്ള സത്യമാണ് എങ്കിലും പൗലൊസിന്റെ വാദത്തിന്റെ അടിസ്ഥാനമാണത്. 13:9 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ന്യായപ്രമാണം ഇല്ലാത്തേടത്ത് ലംഘനവും ഇല്ല"** മനുഷ്യവർഗ്ഗം അവർക്കു ലഭിച്ച വെളിച്ചത്തിന് ദൈവ ത്തോടു കണക്കു ബോധിപ്പിക്കണം. ജാതികൾ ഒരിക്കലും അവർക്കു ലഭിച്ചിട്ടില്ലാത്ത ന്യായപ്രമാണത്താൽ ന്യായം വിധിക്കപ്പെടുകയില്ല. പ്രകൃതിയിയലെ വെളിപ്പാടിനാണ് അവർ കണക്കു ബോധിപ്പിക്കേണ്ടത് (ഒ.നോ. 1:19-20; 2:14-15).

ഇവിടെ പൗലൊസിന്റെ വാദത്തിൽ ഈ സത്യം ഒരു പടികൂടി മുമ്പോട്ടു പോകുന്നു. മോശൈക ന്യായപ്ര മാണം ദൈവത്തെ വ്യക്തമായി വെളിപ്പെടുത്തുന്നതുവരെ അവൻ മനുഷ്യന്റെ ലംഘനങ്ങളെ രേഖപ്പെടുത്തിയി രുന്നില്ല (ഒ.നോ. 3:20,25; 4:15; 5:13,20; 7:5, 7-8; പ്രവൃ. 14:16; 17:30; 1 കൊരി. 15:56).

**റോമർ 4:16-25**

**16അതുകൊണ്ടു കൃപാദാനം എന്നു വരേണ്ടതിന്നു വിശ്വാസത്താലത്രേ അവകാശികൾ ആകുന്നതു;
വാഗ്ദത്തം സകലസന്തതിക്കും, ന്യായപ്രമാണമുള്ളവർക്കു മാത്രമല്ല, അബ്രാഹാമിന്റെ വിശ്വാസമുള്ള
വർക്കുംകൂടെ ഉറപ്പാകേണ്ടതിന്നു തന്നെ. 17മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ
വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും
പിതാവാകേണ്ടതിന്നു തന്നേ. "ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിവെച്ചു" എന്നു
എഴുതിയിരിക്കുന്നുവല്ലോ. 18"നിന്റെ സന്തതി ഇവ്വണ്ണം ആകും" എന്നു അരുളിച്ചെയ്തിരിക്കുന്നതുപോലെ**

**താൻ ബഹുജാതികൾക്കു പിതാവാകും എന്നു അവൻ ആശെക്കു വിരോധമായി ആശയോടെ**
**വിശ്വസിച്ചു. 19അവൻ ഏകദേശം നൂറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും**
**സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. 20ദൈവത്തിന്റെ**
**വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിന്നു**
**മഹത്വം കൊടുത്തു, 21അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി**
**ഉറെച്ചു. 22അതുകൊണ്ടു അതു അവന്നു നീതിയായി കണക്കിട്ടു. 23അവന്നു കണക്കിട്ടു എന്നു എഴുതി**
**യിരിക്കുന്നതു അവനെ വിചാരിച്ചു മാത്രം അല്ല, നമ്മെ വിചാരിച്ചുംകൂടെ ആകുന്നു. 24നമ്മുടെ**
**അതിക്രമങ്ങൾനിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്ന**
**25നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും**
**കണക്കിടുവാനുള്ളതാകയാൽ തന്നേ.**

**4:16** വാ. 14 മുതലുള്ള പൗലൊസിന്റെ വാദത്തിന്റെ മനോഹരമായ സംഗ്രഹമാണിത്.

1. മനുഷ്യൻ വിശ്വാസത്താൽ പ്രതികരിക്കണം
2. ദൈവത്തിന്റെ കൃപാവാഗ്ദത്തങ്ങളോട്
3. വിശ്വാസം അനുവർത്തിക്കുന്ന അബ്രാഹാമിന്റെ സകല സന്തതികൾക്കും (ജാതിയും യെഹൂദനും) വാഗ്ദത്തം ഉറപ്പുള്ളതാണ്
4. വിശ്വാസത്തിനുടമകളായ സകലർക്കും മാതൃകയാണ് അബ്രാഹാം

▣ **"സകല ... എല്ലാവർക്കും"** ഇത് സകല വിശ്വാസികളെയും (ജാതിയും യെഹൂദനും) സൂചിപ്പിക്കുന്നു.

▣

| | |
|---|---|
| **NASB, NRSV, TEV, NIV** | **"ഉറപ്പാകേണ്ടതിന്'** |
| **NKJV** | **"ഉറപ്പ്"** |
| **REB** | **"വാഗ്ദത്തം വ്യർത്ഥമാണ്"** |
| **TEV** | **"വിലയുള്ളത്"** |
| **NET** | **"തീർച്ചയുള്ളത്"** |

താഴെയുള്ള പ്രത്യേക പഠനവിഷയം കാണുക

## പ്രത്യേക പഠനവിഷയം: ഉറപ്പ്

*ബെബായിയോസ്* (***βεβαιος***) എന്ന ഗ്രീക്കു പദമാണിത്. അതിന് മൂന്ന് അർത്ഥതലങ്ങളുണ്ട്.

1. ഉറപ്പുള്ളത്, നിശ്ചയമുള്ളത്, ആശ്രയിക്കാൻ കൊള്ളാകുന്നത് (ഒ.നോ. റോമ. 4:16; 2 കൊരി. 1:7; എബ്രാ. 2:20; 3:6,14; 6:19; 2 പത്രൊ. 1:10,19)
2. വിശ്വാസയോഗ്യമായ ഒന്നിനെ കാണിക്കുന്ന അല്ലെങ്കിൽ സ്ഥാപിക്കുന്ന പ്രക്രിയ (ഒ.നോ. റോമ. 15:8; എബ്രാ. 2:2, Louw and Nida, *Greek-English Lexicon of the New Testment*, Vol. 1, pp. 340,377,670).
3. പാപ്പിറസിൽ അത് നിയമാനുസത ഗ്യാരന്റിക്കുള്ള സാങ്കേതിക പദമായിത്തീർന്നു (cf. Moulton and Milligan, *The Vocabulary of the Greek New Testament*, pp. 107-108).

വാ. 14 ന്റെ വിപരീതമായിരിക്കാം ഇത്, ദൈവിക വാഗ്ദത്തങ്ങൾ ഉറപ്പുള്ളതാണ്!

**4:17–23** പൗലൊസ് വീണ്ടും (1) കൃപാവാഗ്ദത്തങ്ങൾക്ക് ദൈവം മുൻകൈയെടുക്കുന്നതും (2) മനുഷ്യവർഗ്ഗത്തിൽ നിന്നും ആവശ്യപ്പെടുന്ന പ്രാരംഭവും തുടരുന്നതുമായ വിശ്വാസ പ്രതികരണം വെളിപ്പെടുത്തുന്നതിനുമായി അബ്രാഹാമിനെ ഉപയോഗിക്കുന്നു (ഉടമ്പടി, 1:5 ന്റെ കുറിപ്പ് കാണുക). ഉടമ്പടിയിൽ എല്ലായ്പോഴും രണ്ടു കക്ഷികളുടെ പ്രവൃത്തി ഉൾപ്പെടുന്നു.

**4:17 "മരിച്ചവരെ ജീവിപ്പിക്കയും"** ഈ സന്ദർഭത്തിൽ ഇത് അബ്രാഹാമിനും സാറായ്ക്കും തിരികെ കിട്ടിയ ലൈംഗിക ശക്തിയെ സൂചിപ്പിക്കുന്നു (ഒ.നോ. വാ. 19).

▣ **"ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും"** ഈ സന്ദർഭത്തിൽ ഇത് സാറാ യിസ്ഹാക്കിനെ ഗർഭം ധരിച്ചതിനെ സൂചിപ്പിക്കുന്നു, എങ്കിലും ഇത് വിശ്വാസത്തിന്റെ നിർണ്ണായക വശത്തെയും സൂചിപ്പിക്കുന്നു (ഒ. നോ. എബ്രാ. 11:1).

▣ **"ബഹുജാതികൾക്കു പിതാവാക്കിവെച്ചു എന്ന് എഴുതിയിരിക്കുന്നുവല്ലോ"** ഉല്പ. 17:5 ൽനിന്നുള്ള ഉദ്ധരണി ആണിത്. സെപ്റ്റജിന്റിൽ "ജാതികൾ" (Gentiles) എന്നാണ്; ഇവിടെ nations എന്നും. ദൈവം എല്ലായ്പോഴും ആഗ്രഹിച്ചത് അബ്രാഹാമിന്റെ സന്തതികളുടെ മാത്രം വീണ്ടെടുപ്പല്ല, ആദാമിന്റെ സകല സന്തതികളുടെയും വീണ്ടെടുപ്പായിരുന്നു (ഒ.നോ. ഉല്പ. 3:15). അബ്രാമിന്റെ പുതിയ പേരായ അബ്രാഹാമിന്റെ അർത്ഥം

"ബഹുജാതികൾക്കു പിതാവ്" എന്നാണ്. അതിൽ ശാരീരിക സന്തതികളല്ല, വിശ്വാസ സന്തതികളാണ് ഉൾപ്പെട്ടി രിക്കുന്നതെന്ന് ഇപ്പോൾ നമുക്കറിയാം.

**4:18**

**NASB, NKJV "നിന്റെ സന്തതി ഇവ്വണ്ണം ആകും"**
**NRSV "നിന്റെ സന്തതി ഇവ്വണ്ണം അസംഖ്യം ആകും"**
**TEV "നിന്റെ സന്തതി അനേകം ആകും"**
**NJB "നിന്റെ സന്തതി നക്ഷത്രങ്ങൾപോലെ അനേകം ആകും"**

ഒരു മകനെക്കുറിച്ച് ദൈവം അബ്രാഹാമിനു നല്കിയ വാഗ്ദത്തിന്റെ നിശ്ചയത്തെ ഉറപ്പിക്കുന്ന ഉല്പ. 15:5 ൽനിന്നുള്ള ഉദ്ധരണിയാണിത് (വാ. 19–22). ഓർക്കുക യിസ്ഹാക്ക് ജനിച്ചത്

1. വാഗ്ദത്തത്തിന് 13 വർഷത്തിനു ശേഷം
2. അബ്രാഹാം സാറായെ വിട്ടുകൊടുക്കാൻ ശ്രമിച്ചതിനുശേഷം (2 പ്രാവശ്യം, ഒ.നോ. ഉല്പ. 12:10–19; 20:1–7)
3. അബ്രാഹാമിന് സാറായുടെ മിസ്രയീമ്യ ദാസിയായ ഹാഗാറിൽ ഒരു മകൻ ജനിച്ചതിനുശേഷം (ഒ.നോ. ഉല്പ. 16:1–6)
4. സാറായും (ഒ.നോ. ഉല്പ. 18:12) അബ്രാഹാമും (ഒ.നോ. ഉല്പ. 17:17) വാഗ്ദത്തം കേട്ടു ചിരിച്ചതിനുശേഷം

അബ്രാഹാമിനും സാറായ്ക്കും പൂർണ്ണതയുള്ള വിശ്വാസം ഇല്ലായിരുന്നു! രക്ഷയ്ക്ക് ഒരു പൂർണ്ണതയുള്ള വിശ്വാസം ആവശ്യമില്ല, മറിച്ച് ശരിയായ ലക്ഷ്യം (പഴയ നിയമത്തിൽ ദൈവം, പുതിയ നിയമത്തിൽ അവന്റെ പുത്രൻ) മതി എന്നതിനു ദൈവത്തിനു നന്ദി!

▣

**NASB "ആശെക്കു വിരോധമായി ആശയോടെ വിശ്വസിച്ചു"**
**NKJV "ആശെക്കു വിരുദ്ധമായി ആശയിൽ വിശ്വസിച്ചു"**
**NRSV "ആശെക്കു വിരോധമായി ആശിച്ചുകൊണ്ട് അവൻ വിശ്വസിച്ചു"**
**TEV "ആശിക്കുവാൻ യാതൊരു കാരണവും ഇല്ലാതിരുന്നിട്ടും അബ്രാഹം വിശ്വസിക്കുകയും ആശി ക്കുകയും ചെയ്തു"**
**NET "യാതൊരു ആശെക്കും വഴിയില്ലാഞ്ഞിട്ടും അവൻ ആശിക്കുകയും വിശ്വസിക്കുകയും ചെയ്തു"**

"പ്രത്യാശ" സംബന്ധിച്ചുള്ള പ്രത്യേക പഠനവിഷയം 12:12 ൽ കാണാം. പദത്തിന് വിശാലമായ അർത്ഥതല ങ്ങളുണ്ട്. *ദ അനാലിറ്റിക്കൽ ഗ്രീക്ക് ലക്സിക്കൺ റിവൈസ്ഡ്* പേജ് 133 ൽ ഹാരോൾഡ് കെ. മോൾട്ടൻ നിരവധി ഉപയോഗങ്ങളുടെ പട്ടിക നിരത്തുന്നുണ്ട്

1. അടിസ്ഥാന അർത്ഥം, പ്രത്യാശ (ആശ, ഒ.നോ. റോമ. 5:4; പ്രവൃ. 24:15)
2. പ്രത്യാശിക്കുന്ന വസ്തുത (ഒ.നോ. റോമ. 8:24; ഗലാ. 5:5)
3. നായകൻ അല്ലെങ്കിൽ ഉറവിടം (ഒ.നോ. കൊലൊ. 1:27; 1 തിമൊ. 1:1)
4. ആശ്രയം, ഉറപ്പ് (ഒ.നോ. 1 പത്രൊ. 1:21)
5. ഉറപ്പോടുകൂടിയ സുരക്ഷിതത്വം (ഒ.നോ. പ്രവൃ. 2:26; റോമ. 8:20)

ഈ സന്ദർഭത്തിൽ രണ്ട് അർത്ഥത്തിലാണ് പ്രത്യാശ ഉപയോഗിച്ചിരിക്കുന്നത്. മനുഷ്യന്റെ കഴിവിലും ശക്തി യിലുമുള്ള ആശ (ഒ.നോ. വാ. 19–21), ദൈവിക വാഗ്ദത്തങ്ങളിലുള്ള ആശ (ഒ.നോ. വാ. 17).

**4:19 "ഗ്രഹിച്ചിട്ടും"** ഈ പരിഭാഷ കയ്യെഴുത്തു പ്രതികൾ ℵ, A, B, C അനുസരിച്ചാണ്. എന്നാൽ ചില പുരാതന വലിയക്ഷര കയ്യെഴുത്തു പ്രതികൾ ഒരു നെഗറ്റീവ് ഘടകം (*ഔ-αυ*) കൂടി ചേർത്തിരിക്കുന്നു (D, F, G). UBS[4] ന് ഒരു തീരുമാനത്തിൽ എത്താൻ കഴിയുന്നില്ല ("C"റേറ്റിംഗ്). എങ്കിലും ഹ്രസ്വപാഠത്തെ പിന്തുണയ്ക്കുന്നു. NET ബൈബിളും ഹ്രസ്വപാഠത്തെ പിന്തുണയ്ക്കുന്നു.

**4:20** പ്രാരംഭമായി, സാറായിൽ മകൻ ജനിക്കുമെന്ന വാഗ്ദത്തത്തെ അബ്രാഹാം പൂർണ്ണമായി മനസ്സിലാക്കിയില്ല. അബ്രാഹാമിന്റെ വിശ്വാസവും പൂർണ്ണതയുള്ളതായിരുന്നില്ല. ദൈവം അപൂർണ്ണരായ മനുഷ്യരെ സ്നേഹിക്കുന്ന തിനാൽ അവൻ അപൂർണ്ണ വിശ്വാസത്തെ അംഗീകരിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.

▣ **"അവിശ്വാസത്താൽ സംശയിക്കാതെ"** ഇതേ ക്രിയാപദമായ *ഡിയാക്രിനോ* (***διακρινω***) യേശു മത്താ. 21:21; മർക്കൊ. 11:23 ലും ഉപയോഗിച്ചിട്ടുണ്ട്. അബ്രാഹാമിന് ദൈവവചനത്തെ (വാഗ്ദത്തം) ചോദ്യം ചെയ്യാൻ കാരണങ്ങൾ (ഒ.നോ. വാ. 19) ഉണ്ടായിരുന്നു എങ്കിലും അവൻ വിശ്വാസത്തിൽ ശക്തിപ്പെട്ടു.

വാ. 20 ലെ രണ്ടു ക്രിയാപദങ്ങളും ഭൂതകാല കർമ്മണി സൂചകങ്ങളാണ്. കർമ്മണി പ്രയോഗം ദൈവത്തിന്റെ ഇടനിലയെ സൂചിപ്പിക്കുന്നു, എങ്കിലും തന്നെ ശക്തീകരിക്കുവാൻ ദൈവത്തിന്റെ ശക്തിയെ അബ്രാഹം അനുവ ദിക്കേണ്ടിയിരുന്നു (ഉടമ്പടി)!

▣ **"ദൈവത്തിനു മഹത്വം കൊടുത്തു"** 3:23 ലെ പ്രത്യേക പഠനവിഷയം കാണുക.

**4:21 "അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ"** ഇത് പൂർണ്ണ മധ്യ (ഡിപോണന്റ്) സൂചകമാ ണ്. ഭൂതകാലത്തിൽ പൂർത്തീകരിക്കപ്പെട്ട ഒരു പ്രവൃത്തി ഇപ്പോഴും അതേ നിലയിൽ തുടരുന്നു എന്നാണിതിന്റെ അർത്ഥം. വിശ്വാസത്തിന്റെ സത്ത എന്നത്, മനുഷ്യന്റെ പ്രകടനത്തിലല്ല, മറിച്ച് ദൈവത്തിന്റെ സ്വഭാവത്തിലും

വാഗ്ദത്തങ്ങളിലും ഒരുവൻ ആശ്രയിക്കുന്നതാണ് (ഒ.നോ. 16:25; എഫെ. 3:20; യൂദാ 24). വിശ്വാസം ദൈവിക വാഗ്ദത്തങ്ങളിൽ ആശ്രയിക്കുന്നു (ഒ.നോ. യെശ. 55:11).

▣

**NASB** **"പൂർണ്ണമായി ഉറച്ചു"**
**NKJV, NRSV** **"പൂർണ്ണമായി ബോധ്യപ്പെട്ടുകൊണ്ട്"**
**TEV** **"സമ്പൂർണ്ണമായി ഉറപ്പാക്കി"**
**NJB** **"പൂർണ്ണമായി ബോധ്യപ്പെട്ട്"**

ഒരു കാര്യത്തെ സംബന്ധിച്ചോ (ഒ.നോ. ലൂക്കൊ. 1:1; കൊലൊ. 4:12) വ്യക്തിയെ സംബന്ധിച്ചോ (ഒ.നോ. റോമ. 4:21; 14:5) പൂർണ്ണമായ ഉറപ്പിനെ സൂചിപ്പിക്കുന്ന ഭൂതകാല കർമ്മണി അപൂർണ്ണക്രിയയാണിത്. നാമരൂപം പൂർണ്ണ ഉറപ്പിനെ സൂചിപ്പിക്കാൻ കൊലൊ. 2:2; 1 തെസ്സ. 1:5 ലും ഉപയോഗിച്ചിരിക്കുന്നു. ഈ ഉറപ്പ് വിശ്വാസ ത്തിൽ പ്രവർത്തിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ദൈവത്തിന്റെ ഹിതം, വചനം, ശക്തി എന്നിവയിലാണ്!

**4:22** ഉല്പ. 15:6 ന്റെ സൂചനയാണിത് (ഒ.നോ. വാ. 3). ദൈവം തന്റെ സ്വന്ത നീതി എങ്ങനെയാണ് പാപികളായ മനുഷ്യർക്കു നല്കുന്നത് എന്നതു സംബന്ധിച്ച പൗലൊസിന്റെ വാദത്തിന്റെ മുഖ്യ ദൈവശാസ്ത്ര പോയിന്റാണിത്.

**4:23–25** ഈ വാക്യങ്ങൾ ഗ്രീക്കിൽ ഒറ്റ വാചകമാണ്. മുന്നേറ്റം ശ്രദ്ധിക്കുക

1. അബ്രാഹാമിനെ വിചാരിച്ച്, വാ. 23
2. സകല വിശ്വാസികളെയും വിചാരിച്ച്, വാ. 23
3. യേശുവിനെ ഉയിർപ്പിച്ചതിലൂടെ, വാ. 24
4. യേശുവിനെ നമ്മുടെ പാപങ്ങൾക്കായി നല്കി (ഒ.നോ. യോഹ. 3:16), നമ്മുടെ പാപങ്ങൾ മോചിക്കുന്നതിനായി യേശുവിനെ ഉയിർപ്പിച്ചു (നീതീകരണം), വാ. 25

**4:24** അബ്രാഹാമിന്റെ വിശ്വാസം എല്ലാ സത്യവിശ്വാസികൾക്കും പിന്തുടരുന്നതിനുള്ള ഒരു മാതൃകയായിത്തീർന്നു. അബ്രാഹാം ഒരു വാഗ്ദത്ത സന്തതിയെയും സന്തതികളെയും സംബന്ധിച്ച ദൈവിക വാഗദത്തം വിശ്വസിച്ചു (4:5 ലെ പ്രത്യേക പഠനവിഷയം കാണുക). വീണുപോയ മനുഷ്യവർഗ്ഗത്തോടുള്ള സകല ദൈവിക വാഗ്ദത്ത ങ്ങളും യേശു മശിഹാ നിറവേറ്റി എന്ന് പുതിയ നിയമ വിശ്വാസികൾ വിശ്വസിക്കുന്നു.

"സന്തതി" എന്ന പദം ഏകവചനവും ബഹുവചനവുമാണ് (ഒരു മകൻ, ഒരു ജനം). "ഉയിർപ്പിച്ച" എന്നതിന് 8:11 ന്റെ കുറിപ്പ് കാണുക.

▣ **"നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന് ഏല്പിച്ചും"** "ശിക്ഷയ്ക്കായി ഒരുവനെ ഏല്പിച്ചുകൊടുക്കുക" എന്നർത്ഥം വരുന്ന നിയമപദമാണിത്. യെശ. 53:11–12 ന്റെ സെപ്റ്റ്വജിന്റിനെ പ്രതിബിംബിപ്പിക്കുന്ന അത്ഭുതകരമായ ദൈവശാസ്ത്ര പ്രസ്താവനയാണ് വാ. 24.

▣ **"നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്ന"** വാ. 24 ലെ രണ്ടു ഉപവാചകങ്ങൾ സമാന്തരമാണ് (ഒരേ ഗതിയും, രണ്ടും ഭൂതകാല കർമ്മണി സൂചകങ്ങളും). എന്നാലത് ദൈവശാസ്ത്ര കാരണങ്ങളാലല്ല, ശൈലീഭംഗിക്കുവേണ്ടിയാണ് (ഒ.നോ. 5:9–10; 2 കൊരി. 13:4). ഫ്രാങ്ക് സ്റ്റാഗിന്റെ പരിഭാഷ *(New Testament Theology*, p. 97), "നമ്മുടെ അതിക്രമങ്ങൾ നിമിത്തം എല്പിച്ചുകൊടുത്തും നാം നീതിയുള്ളവരായിത്തീരും എന്ന വീക്ഷണത്തിൽ ഉയിർപ്പിച്ചും" നല്ല വിശദീകരണമാണ്. ഈ പരിഭാഷയിൽ "നീതീകരിക്കുക" എന്ന പദത്തിനുള്ള പൗലൊസിന്റെ ഉപയോഗത്തിന്റെ രണ്ടു വശങ്ങൾ അടങ്ങിയിരിക്കുന്നു: (1) നിയമപരമായ (ഫൊറൻസിക്) നില്പ്, (2) ഭക്തിനിർഭര ക്രിസ്തുതുല്യ ജീവിതം! 1:17 ലെ പ്രത്യേക പഠനവിഷയം കാണുക.

യേശുവിന്റെ ഉയിർത്തെഴുന്നേല്പ് പൗലൊസിനെ സംബന്ധിച്ച് കേന്ദ്ര ദൈവശാസ്ത്ര സത്യമാണ് (ഒ.നോ. 1:3–4; 4:24–25; 6:4,9; 7:4; 8:11,34; 10:9; 1 കൊരി. 6:14; 15:3–11, 20–23; 2 കൊരി. 1:9; 4:14; 5:15; 13:4; ഗലാ. 1:1; എഫെ. 2:20; കൊലൊ. 2:12; 1 തെസ്സ. 1:10; 2 തിമൊ. 2:8). കല്ലറ ശൂന്യമാണ്, അല്ലെങ്കിൽ ക്രിസ്ത്യാനിത്വം ഒരു ഭോഷ്കായേനെ.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. റോമാലേഖനത്തിന്റെ ഈ ഭാഗം പ്രാധാന്യമുള്ളതായിരിക്കുന്നതെന്തുകൊണ്ട്?
2. എന്തുകൊണ്ടാണ് പൗലൊസ് അബ്രാഹാമിനെയും ദാവീദിനെയും മാതൃകകളായി ഉപയോഗിക്കുന്നത്?

3. പൗലൊസിന്റെ ഉപയോഗമനുസരിച്ച് താഴെപ്പറയുന്ന താക്കോൽ പദങ്ങൾ നിർവചിക്കുക (നിങ്ങളുടെ സ്വന്തം നിർവചനമല്ല)
   a. "നീതി"
   b. "കണക്കിട്ടു"
   c. "വിശ്വാസം"
   d. "വാഗ്ദത്തം"
4. യെഹൂദന്മാർക്ക് പരിച്ഛേദന അതീവ പ്രാധാന്യമുള്ളതായിരിക്കുന്നതെന്തുകൊണ്ട്(വാ. 9–12)?
5. വാ. 13 ലും 16 ലും പരാമർശിക്കുന്ന "സന്തതി" ആരെ സൂചിപ്പിക്കുന്നു?

# റോമർ 5

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| നീതീകരണത്തിന്റെ ഫലം | വിശ്വാസം കഷ്ടതയിൽ ജയമെടുക്കുന്നു | നീതീകരണത്തിന്റെ അനന്തരഫലങ്ങൾ | ദൈവത്തോട് നിരപ്പ് | വിശ്വാസം രക്ഷ ഉറപ്പാക്കുന്നു |
| 5:1-11 | 5:1-5 | 5:1-5 | 5:1-5 | 5:1-11 |
| | ക്രിസ്തു നമ്മുടെ സ്ഥാനത്ത് | | | |
| | 5:6-11 | 5:6-11 | 5:6-11 | |
| ആദാമും ക്രിസ്തുവും | ആദാമിൽ മരണം ക്രിസ്തുവിൽ ജീവൻ | ആദാമും ക്രിസ്തുവും സാദൃശ്യവും വൈപരീത്യവും | ആദാമും ക്രിസ്തുവും | ആദാമും യേശു ക്രിസ്തുവും |
| 5:12-14 | 5:12-21 | 5:12-14 | 5:12-14b | 5:12-14 |
| | | | 5:14C-17 | |
| 5:15-21 | | 5:15-17 | | 5:15-21 |
| | | 5:18-21 | 5:18-19 | |
| | | | 5:20-21 | |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## പശ്ചാത്തല ഉൾക്കാഴ്ചകൾ

A. വാ. 1-11 ഗ്രീക്കിൽ ഒറ്റ വാചകമാണ്. പൗലൊസിന്റെ അച്ചുതണ്ട് ആശയമായ "വിശ്വാസത്താൽ കൃപമൂലമുള്ള നീതീകരണ" ത്തെ അവ വികസിപ്പിക്കുന്നു (ഒ.നോ. 3:21-4:25).

B. വാ. 1-11 നു സാധ്യമായ രൂപരേഖ ഇതാണ്

| വാക്യങ്ങൾ 1-5 | വാക്യങ്ങൾ 6-8 | വാക്യങ്ങൾ 19-11 |
|---|---|---|
| 1. രക്ഷയുടെ നേട്ടങ്ങൾ | 1. രക്ഷയുടെ അടിസ്ഥാനം | 1. രക്ഷയുടെ ഭാവികാല ഉറപ്പ് |
| 2. നീതീകരണത്തിന്റെ കർത്തൃനിഷ്ഠമായ അനുഭവങ്ങൾ | 2. നീതീകരണത്തിന്റെ വസ്തുനിഷ്ഠമായ അനുഭവങ്ങൾ | 2. നീതീകരണത്തിന്റെ ഭാവികാല ഉറപ്പ് |
| 3. നീതീകരണം | 3. പുരോഗമന വിശുദ്ധീകരണം | 3. മഹത്വീകരണം |
| 4. നരവംശശാസ്ത്രം | 4. ദൈവശാസ്ത്രം | 4. അന്ത്യകാല ശാസ്ത്രം |

C. വാ. 11–21, യേശു രണ്ടാം ആദാം എന്ന നിലയിലുള്ള ചർച്ചയാണ് (ഒ.നോ. 1 കൊരി. 15:21–22,45–49; ഫിലി. 2:6–8). വ്യക്തിപരമായ പാപവും സമൂഹപാപവും എന്ന ദൈവശാസ്ത്ര ആശയങ്ങൾക്ക് അത് ഊന്നൽ നല്കുന്നു. ആദാമിൽ മനുഷ്യവർഗ്ഗത്തിന്റെ (സൃഷ്ടിയുടെയും) വീഴ്ച സംബന്ധിച്ച പൗലൊസിന്റെ വികസിത ആശയം, റബ്ബിമാരുടേതിൽനിന്നും (അവർ തങ്ങളുടെ പാപത്തിന്റെ ഉപദേശം ഉല്പത്തി 6 ൽ നിന്നാണ് വികസിപ്പിച്ചത്) തികച്ചും വിഭിന്നവും അതുല്യവുമാണ്. അതേസമയം സാമൂഹിക പാപത്തെ സംബന്ധിച്ച അവന്റെ വീക്ഷണം റബ്ബിമാരുടേതിനു തുല്യമാണ്. ഇതു കാണിക്കുന്നത് യെരൂശലേമിൽവെച്ച് ഗമാലിയേലിന്റെ കീഴിൽ ശൗൽ പഠിച്ച സത്യങ്ങൾ ദൈവശ്വാസീയതയുടെ കീഴിൽ നിന്നുകൊണ്ട് ഉപയോഗിക്കാനോ മറ്റുള്ളവയ്ക്ക് അനുബന്ധമായി ഉപയോഗിക്കാനോ ഉള്ള പൗലൊസിന്റെ കഴിവിനെയാണ് (ഒ.നോ. പ്രവൃ. 22:3).

ഉല്പത്തി 3 ന്റെ അടിസ്ഥാനത്തിലുള്ള മൂലപാപം എന്ന റിഫോംഡ് ഇവാഞ്ചലിക്കൽ ഉപദേശം അഗസ്റ്റിനും കാൽവിനും രൂപപ്പെടുത്തിയതാണ്. അത് അടിസ്ഥാനപരമായി പ്രസ്താവിക്കുന്നത് മനുഷ്യൻ പാപിയായി ജനിച്ചു എന്നാണ് (സമ്പൂർണ്ണ വഴിതെറ്റൽ). പലപ്പോഴും സങ്കീ. 51:5; 58:3; ഇയ്യോ. 15:14; 25:4 എന്നിവയെ പഴയ നിയമ തെളിവായി എടുക്കാറുണ്ട്. ഇതിനു വിപരീതമായ ദൈവശാസ്ത്ര നിലപാട് മനുഷ്യൻ പുരോഗമനപരമായി, ധാർമ്മികമായി, ആത്മികമായി സ്വന്ത തിരഞ്ഞെടുപ്പുകൾക്കും അന്ത്യവിധിക്കും ഉത്തരവാദികളാണ് എന്നതാണ്. പെലേജിയസും അർമ്മീനിയസുമാണ് ഇതിന്റെ വക്താക്കൾ. അവരുടെ വീക്ഷണത്തിനുള്ള ചില തെളിവുകൾ ആവ. 1:39; യെശ. 7:15; യോനാ 4:11; യോഹ. 9:41; 15:22,24; പ്രവൃ. 17:30; റോമ. 4:15 ൽ കാണാം. ഈ ദൈവശാസ്ത്ര നിലപാടിന്റെ ഊന്നൽ കുട്ടികൾ ധാർമ്മിക ഉത്തരവാദിത്വത്തിനുള്ള പ്രായമാകുംവരെ (റബ്ബിമാരുടെ ചിന്തയിൽ ഇത് ആൺകുട്ടികൾക്ക് 13 വയസ്സും പെൺകുട്ടികൾക്ക് 12 വയസ്സും ആണ്) അവർ നിഷ്കളങ്കരാണ് എന്നതാണ്.

ഇതിനു മധ്യത്തിലുള്ള ഒരു നിലപാട്, സഹജമായ തിന്മയുടെ വാസനയും ധാർമ്മിക ഉത്തരവാദിത്വത്തിനുള്ള പ്രായവും രണ്ടും ശരിയാണെന്നതാണ്! ദുഷ്ടത സാമൂഹികമായുള്ളതു മാത്രമല്ല പാപത്തിനുള്ള വ്യക്തിപരമായ ആഭിമുഖ്യമുള്ള വികസനോന്മുഖമായ ദുഷ്ടത കൂടിയാണ് (അതായത് ദൈവത്തിൽനിന്നും കൂടുതൽ കൂടുതൽ അകന്നു പൊയ്ക്കൊണ്ടിരിക്കുന്ന ജീവിതം). മനുഷ്യവർഗ്ഗത്തിന്റെ ദുഷ്ടത അല്ല വിഷയം (ഒ.നോ. ഉല്പ. 6:5,11–12,13; റോമ. 3:9–18,23) മറിച്ച് എപ്പോൾ, ജനനത്തിലോ, ജീവിതത്തിൽ പിന്നീടോ എന്നതാണ്.

D. വാ. 12 ന്റെ സാംഗത്യം സംബന്ധിച്ച് ധാരാളം സിദ്ധാന്തങ്ങളുണ്ട്

1. എല്ലാ മനുഷ്യരും പാപം ചെയ്യുന്നതു തിരഞ്ഞെടുത്തതുകൊണ്ട് എല്ലാ മനുഷ്യരും മരിക്കുന്നു (പെലേജിയസ്)
2. ആദാമിന്റെ പാപം മുഴുസൃഷ്ടിയെയും ബാധിച്ചതുകൊണ്ട് എല്ലാവരും മരിക്കുന്നു (വാ. 18–19, അഗസ്റ്റിൻ)
3. യഥാർത്ഥത്തിൽ അത് മൂലപാപത്തിന്റെയും സ്വമേധയാ പാപത്തിന്റെയും സംയുക്തമാകാനാണു സാധ്യത.

E. വാ. 12 ൽ ആരംഭിക്കുന്ന "ഇങ്ങനെ" എന്ന പൗലൊസിന്റെ താരതമ്യം വാ. 18 ലാണ് അവസാനിക്കുന്നത്. വാ. 13–17 പൗലൊസിന്റെ രചനകളുടെ സവിശേഷതയായ ഒരു ആനുഷംഗിക (ഇടയ്ക്കു ചേർത്തത്) വാചകമാണ്.

F. പൗലൊസിന്റെ സവിശേഷ അവതരണമായ 1:18–8:39 ഇപ്പോഴും തുടരുന്ന വാദമാണ് എന്ന കാര്യം ഓർക്കുക. ഭാഗങ്ങൾ കൃത്യമായി വ്യാഖ്യാനിക്കുന്നതിനും പഠിക്കുന്നതിനും മുഴുഭാഗത്തെയും കാണേണ്ടതുണ്ട്.

G. അധ്യായം 5 നെക്കുറിച്ചു മാർട്ടിൻ ലൂഥർ പറഞ്ഞിരിക്കുന്നത് "ഈ വിജയാളിയായ വേദഭാഗത്തോടു കിടപിടിക്കുന്ന മറ്റൊരധ്യായം മുഴുബൈബിളിലും കണ്ടെത്തുക പ്രയാസമാണ്" എന്നാണ്.

**റോമർ 5:1–5**

**1വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു. 2നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു; നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു. 3അതു തന്നേ അല്ല, കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു 4നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. 5പ്രത്യാശെക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.**

**5:1 "അതുകൊണ്ട്"** മലയാളത്തിൽ ഈ പദം ഇല്ല. ഇംഗ്ലീഷിൽ ഉണ്ടുതാനും. ഇതു സൂചിപ്പിക്കുന്നത്

1. ഇതുവരെ പറഞ്ഞ ദൈവശാസ്ത്ര വാദഗതികളുടെ സംഗ്രഹമാണിത്
2. ഈ ദൈവശാസ്ത്ര അവതരണത്തിന്റെ അടിസ്ഥാനത്തിലുള്ള നിഗമനമാണിത്

3. പുതിയ സത്യത്തിന്റെ (ഒ.നോ. 5:1; 8:1; 12:1) അവതരണമാണിത്

▣ **"വിശ്വാസത്താൽ"** ദൈവിക ദാനത്തെ സ്വീകരിക്കുന്ന കരമാണ് വിശ്വാസം (ഒ.നോ. വാ. 2; റോമ. 4:1 മുതൽ). വിശ്വാസം വിശ്വാസിയുടെ സമർപ്പണത്തിന്റെ അഥവാ തീരുമാനത്തിന്റെ അളവ് അല്ലെങ്കിൽ തീവ്രതയിൽ അല്ല ശ്രദ്ധ കേന്ദ്രീകരിക്കുന്നത് (ഒ.നോ. മത്താ. 17:20), മറിച്ച് ദൈവത്തിന്റെ സ്വഭാവത്തിലും വാഗ്ദത്തങ്ങളിലുമാണ് (ഒ.നോ. എഫെ. 2:8–9). "വിശ്വാസം" എന്നതിനുള്ള പഴയ നിയമ പദം യഥാർത്ഥത്തിൽ സൂചിപ്പിക്കുന്നത് ഒരുവൻ കാലുറപ്പിച്ചു നില്ക്കുന്ന നിലയെയാണ്. ഇത് കൂറുള്ള, വിശ്വസിക്കാവുന്ന, സത്യസന്ധനായ ഒരുവനെ ആലങ്കാരികമായി സൂചിപ്പിക്കുന്ന പദമായിത്തീർന്നു. വിശ്വാസം വിശ്വസ്തതയിലോ സത്യസന്ധതയിലോ അല്ല ശ്രദ്ധയൂന്നുന്നത് മറിച്ച് ദൈവത്തിന്റെ വിശ്വസ്തതയിലാണ്. 4:5 ലെ പ്രത്യേക പഠനവിഷയം: വിശ്വാസം കാണുക.

▣ **"നീതീകരിക്കപ്പെട്ടിട്ട്"** ഇതൊരു ഭൂതകാല കർമ്മണി അപൂർണ്ണക്രിയയാണ്; ദൈവം വിശ്വാസികളെ നീതീകരിച്ചു. ഗ്രീക്ക് വാചകത്തിൽ പ്രാധാന്യത്തിനായി ഇത് ആദ്യം ചേർത്തിരിക്കുന്നു (വാ. 1–2). വാ. 1–11 ൽ ഒരു സമയ ക്രമമുള്ളതായി തോന്നുന്നു.

1. വാ. 1–5, കൃപയുടെ വർത്തമാനകാല അനുഭവം
2. വാ. 6–8, നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തി
3. വാ. 9–11, നമ്മുടെ ഭാവി പ്രത്യാശയും രക്ഷയുടെ ഉറപ്പും

പശ്ചാത്തല ഉൾക്കാഴ്ച B യിൽ രൂപരേഖ കാണുക

"നീതീകരിക്കപ്പെടുക" (***δικαιω***) എന്ന പദത്തിന്റെ പഴയ നിയമ പശ്ചാത്തലം (പുതിയ നിയമ എഴുത്തുകാർ സാധാരണ ഗ്രീക്കിൽ എഴുതുന്ന എബ്രായ ചിന്തകരായിരുന്നു എന്നോർക്കുക) "നേരെയുള്ള വശം" അഥവാ "അളവുകോൽ" എന്നതാണ്. അത് ദൈവത്തിന്റെ സ്വഭാവത്തെ സൂചിപ്പിക്കാൻ ആലങ്കാരികമായി ഉപയോഗിച്ചുവന്നു. 1:17 ലെ പ്രത്യേക പഠനവിഷയം കാണുക. ദൈവത്തിന്റെ സ്വഭാവമായ വിശുദ്ധിയാണ് ന്യായവിധിയുടെ ഏക മാനദണ്ഡം (ലേവ്യ. 24:22 (സെപ്റ്റജിന്റിൽ); മത്താ. 5:48 ൽ ദൈവശാസ്ത്രപരമായി). യേശുവിന്റെ പ്രായശ്ചിത്ത ബലിമരണത്താൽ (ഒ.നോ. യെശ. 53) വിശ്വാസികൾക്ക് ദൈവമുമ്പാകെ നില്ക്കാൻ ഒരു നിയമപരമായ (ഫൊറൻസിക്) നില്പുണ്ട് (5:2 ന്റെ കുറിപ്പ് കാണുക). ഇതു സൂചിപ്പിക്കുന്നത് വിശ്വാസിയിലെ പാപരാഹിത്യമല്ല, മറിച്ച് ശിക്ഷ ഇളവുചെയ്ത് മാപ്പു നല്കുന്നതിനെയാണ്. മറ്റൊരുവൻ ശിക്ഷ ഏറ്റെടുത്ത് (ഒ.നോ. 2 കൊരി. 5:21) വിശ്വാസികൾക്ക് പാപക്ഷമ നൽകിയതായി പ്രഖ്യാപിക്കപ്പെട്ടു (ഒ.നോ. വാ. 9,10).

▣ **"നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം ദൈവത്തോട്"** യേശുവാണ് ദൈവവുമായി സമാധാനം കൊണ്ടുവരുന്ന മധ്യവർത്തി (*ഡിയാ*-***δια***, ഒ.നോ. വാ. 2,9,11,17,21; ആത്മാവിന്റെ വാ. 5 ൽ). ദൈവവുമായി സമാധാനത്തിനുള്ള ഏക വഴി യേശുക്രിസ്തുവാണ് (ഒ.നോ. യോഹ. 10:7–8; 14:6; പ്രവൃ. 4:12; 1 തിമൊ. 2:5). "കർത്താവായ യേശുക്രിസ്തു" എന്ന പേരിലെ പദങ്ങളുടെ വിശദീകരണത്തിന് 1:4 ന്റെ കുറിപ്പ് കാണുക.

▣ **"നമുക്കു സമാധാനമുണ്ട്"** ഇവിടെ ഗ്രീക്കു പതിപ്പുകളിൽ വ്യത്യാസമുണ്ട്. ക്രിയാപദം ഒന്നുകിൽ വർത്തമാനകാല കർത്തരി അനുബന്ധമോ (*എഖൊമെൻ* - ***εχομεν***, കയ്യെഴുത്തു പ്രതികൾ א*, A, B*, C, D) അല്ലെങ്കിൽ വർത്തമാനകാല കർത്തരി സൂചകമോ (*എഖോമെൻ* - ***εχωμεν***, കയ്യെഴുത്തു പ്രതികൾ א[1], B[2], F, G) ആണ്. ഈ വ്യാകരണ ദുർഗ്രഹത വാ. 1,2,3 ലും കാണാം.

1. ഇത് അനുബന്ധമാണെങ്കിൽ ഇത് "നമുക്കു സമാധാനം അനുഭവിക്കുന്നതു തുടരാം" അല്ലെങ്കിൽ "സനാധാനം അനുഭവിക്കുന്നതു തുടരുക" എന്നു പരിഭാഷപ്പെടുത്താം.
2. ഇതു സൂചകമാണെങ്കിൽ ഇത് "നമുക്കു സമാധാനമുണ്ട്" എന്നു പരിഭാഷപ്പെടുത്താം.

വാ. 1–11 ന്റെ പശ്ചാത്തലം ആഹ്വാനമല്ല, മറിച്ച് വിശ്വാസികൾ ആരായിരിക്കുന്നു എന്നും ക്രിസ്തുവിലൂടെ എന്തു ലഭിച്ചിരിക്കുന്നു എന്നും ഉള്ള പ്രഖ്യാപനമാണ്. അതിനാൽ ക്രിയ വർത്തമാനകാല കർത്തരി സൂചകം ആയിരിക്കാനാണ് സാധ്യത. "നമുക്കു സമാധാനമുണ്ട്" എന്നതിന് UBS[4] "A "റേറ്റിംഗ് (ഉറപ്പുള്ളത്) നല്കുന്നു.

നമ്മുടെ പുരാതന ഗ്രീക്ക് കയ്യെഴുത്തു പ്രതികൾ മിക്കതും തയ്യാറാക്കിയത് ഒരാൾ വായിച്ചുകൊടുക്കുകയും മറ്റനേകർ പകർത്തിയെഴുതുകയും ചെയ്യുന്ന രീതിയിലായിരുന്നു. ഒരേ ഉച്ചാരണമുള്ള പദങ്ങൾ പലപ്പോഴും മാറിപ്പോകാറുണ്ടായിരുന്നു. ഇത്തരം സന്ദർഭങ്ങളിലാണ് രചനാശൈലിയും എഴുത്തുകാരൻ സാധാരണ ഉപയോഗിക്കുന്ന പദങ്ങളും പരിഭാഷയെ സഹായിക്കുന്നത്.

▣ **"സമാധാനം"** താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: സമാധാനം (വിവിധ അർത്ഥങ്ങളിൽ)

ഈ ഗ്രീക്കുപദത്തിന്റെ യഥാർത്ഥ അർത്ഥം "തകർന്നതിനെ ചേർത്തു കെട്ടുക" എന്നാണ്. സമാധാനത്തെക്കുറിച്ചു പുതിയ നിയമം മൂന്നു രീതിയിൽ സംസാരിക്കുന്നു.

1. ക്രിസ്തുവിലൂടെ ദൈവത്തോടുള്ള സമാധാനം സ്ഥാപിക്കുന്നു എന്ന ലക്ഷ്യാധിഷ്ഠിതമായി (ഒ.നോ. കൊലൊ. 1:20)
2. ദൈവവുമായി നമുക്കുള്ള നിരപ്പ് സംബന്ധിച്ച് വിഷയാധിഷ്ഠിതമായി (ഒ.നോ. യോഹ. 14:27; 16:33;

ഫിലി. 4:7).

3. വിശ്വസിക്കുന്ന യെഹൂദനെയും ജാതികളെയും ക്രിസ്തുവിലൂടെ ദൈവം ഒരു ശരീരമായി ഐക്യത പ്പെടുത്തിയത് (ഒ.നോ. എഫെ. 2:14-17; കൊലൊ. 3:15).

*എ ട്രാൻസലേറ്റേഴ്സ് ഹാൻഡ്ബുക്ക് ഓൺ പോൾസ് ലെറ്റർ ടു ദ റോമൻസ്* എന്ന ഗ്രന്ഥത്തിൽ ന്യൂമാനും നിഡായും "സമാധാന"ത്തെക്കുറിച്ച് മികച്ച ഒരു വിശദീകരണം നൽകുന്നുണ്ട് (പേ. 92).

"പഴയനിയമത്തിലും പുതിയ നിയമത്തിലും സമാധാനം എന്ന പദത്തിന് വിശാലമായ അർത്ഥങ്ങളുണ്ട്. അടിസ്ഥാനപരമായി അത് ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ആകമാന സുഖത്തെയാണ് സൂചിപ്പിക്കുന്നത്; അഭിവാദന വാക്കായി യെഹൂദന്മാരുടെ ഇടയിൽ അത് അംഗീകരിക്കപ്പെട്ടിട്ടുപോലുമുണ്ട്. ഈ പദത്തിന് ആഴ മായ അർത്ഥങ്ങളുള്ളതിനാൽ യെഹൂദന്മാർ അതിനെ മശിഹായിലൂടെയുള്ള രക്ഷയെ സൂചിപ്പിക്കാനും ഉപ യോഗിക്കുന്നു. ഈ കാരണത്താൽ, "ദൈവവുമായി ശരിയായ ബന്ധത്തിൽ ആയിരിക്കുക" എന്ന് അർത്ഥമാ ക്കുന്ന പദത്തിന്റെ പര്യായമായും *ഷാലോം* ഉപയോഗിക്കുന്ന ഉദാഹരണങ്ങളുണ്ട്. ഇവിടെ ഈ പദം ഉപയോ ഗിച്ചിരിക്കുന്നത്, ദൈവം മനുഷ്യനെ തന്നോടു നിരപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യനും ദൈവവുമായി സ്ഥാപിക്കപ്പെട്ട ഐക്യബന്ധത്തിന്റെ വിവരണമായിട്ടാണ്" (പേ. 92).

**5:2 "നാം നില്ക്കുന്ന"** ഇത് പൂർണ്ണ കർത്തരി സൂചകമാണ്. ആക്ഷരികമായി "നാം നില്ക്കുകയും തുടർമാന മായി നില്ക്കുകയും ചെയ്യുന്ന" എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ക്രിസ്തുവിൽ വിശ്വാസികളുടെ ദൈവശാ സ്ത്രപരമായ നിലയെയും, ദൈവത്തിന്റെ പരമാധികാരം (ഒ.നോ. 1 കൊരി. 15:1) മനുഷ്യന്റെ സ്വതന്ത്ര ഇച്ഛ (ഒ. നോ. എഫെ. 6:11,13,14) എന്നീ ദൈവശാസ്ത്ര വൈരുധ്യത്തെ സംയോജിപ്പിക്കുന്ന വിശ്വാസത്തിൽ തുടരുവാ നുള്ള അവരുടെ സമർപ്പണത്തെയും ആണ്.

## പ്രത്യേക പഠനവിഷയം: നില്പ് (*ἵστημι*)

ഈ സാധാരണ പദം പുതിയനിയമത്തിൽ നിരവധി ദൈവശാസ്ത്ര അർത്ഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്.

1. സ്ഥാപിക്കുക
   a. പഴയ നിയമ ന്യായപ്രമാണം, റോമ. 3:31
   b. ഒരുവന്റെ സ്വന്ത നീതി, റോമ. 10:3
   c. പുതിയ ഉടമ്പടി, എബ്രാ. 10:9
   d. ഒരു കല്പന, 2 കൊരി. 13:1
   e. ദൈവിക സത്യം, 2 തിമൊ. 2:19
2. ആത്മികമായി എതിർത്തു നില്ക്കുക
   a. പിശാചിനെ, എഫെ. 6:11
   b. ന്യായവിധി നാളിൽ, വെളി. 6:17
3. ഉറച്ചുനിന്നുകൊണ്ട് എതിർക്കുക
   a. സൈനിക സാദൃശ്യം, എഫെ. 6:14
   b. സാധാരണ പൗരന്റെ സാദൃശ്യം, റോമ. 14:4
4. സത്യത്തെ സംബന്ധിച്ച നിലപാട്, യോഹ. 8:44
5. കൃപയിലെ ഒരു നിലപാട്
   a. റോമ. 5:2
   b. 1 കൊരി. 15:1
   c. 1 പത്രൊ. 5:12
6. വിശ്വാസത്തിലെ ഒരു നിലപാട്
   a. റോമ. 11:20
   b. 1 കൊരി. 7:37
   c. 1 കൊരി. 15:1
   d. 2 കൊരി. 1:24
7. ശാഠ്യത്തോടെയുള്ള ഒരു നിലപാട്, 1 കൊരി. 10:12

ഈ പദം പരമോന്നത ദൈവത്തിന്റെ ഉടമ്പടി കൃപയെയും കരുണയെയും വിശ്വാസികൾ വിശ്വാസത്താൽ അതിനോടു പ്രതികരിക്കുകയും ആശ്രയിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെയും വെളിപ്പെടുത്തു ന്നു. രണ്ടും വേദപുസ്തക സത്യങ്ങളാണ്. അവ ഒരുമിച്ച് കൊണ്ടുപോകേണ്ടതാണ്.

▣ **"ഈ കൃപയിലേക്ക്"** ഈ പദം (***χαρις***) അർത്ഥമാക്കുന്നത് ദൈവത്തിന്റെ പിടിച്ചുവെക്കാത്തതും വ്യവസ്ഥ

കൾ ഇല്ലാത്തതും അനർഹർക്കു നല്കുന്നതുമായ സ്നേഹത്തെയാണ് (ഒ.നോ. എഫെ. 2:4-9). പാപികളായ മനുഷ്യവർഗ്ഗത്തിനു വേണ്ടിയുള്ള ക്രിസ്തുവിന്റെ മരണത്തിൽ ഇതു വ്യക്തമായി കാണാൻ കഴിയും (ഒ.നോ. വാ.8).

■ **"നമുക്കു .... പ്രവേശനവും ലഭിച്ചിരിക്കുന്നു"** ഇതു മറ്റൊരു പൂർണ്ണ കർത്തരി സൂചകമാണ്. ഭൂതകാലത്തിൽ പൂർത്തീകരണത്തിലെത്തിയതും ഫലം ഇപ്പോഴും നിലനില്ക്കുന്നതുമായ പ്രവൃത്തിയെ ഇതു സൂചിപ്പിക്കുന്നു.

"പ്രവേശനം" എന്ന പദം (***προσαγογη***, ഒ.നോ. എഫെ. 2:18; 3:12) ആലങ്കാരികമായി ഉപയോഗിക്കപ്പെടുന്നത്

1. രാജസന്നിധിയിലേക്ക് വ്യക്തിപരമായി പ്രവേശിപ്പിക്കുക
2. തുറമുഖത്തേക്ക് സുരക്ഷിതമായി കൊണ്ടുവരിക (ഒ.നോ. 1 പത്രൊ. 3:18)

ഈ പ്രയോഗത്തിൽ ഗ്രീക്കു പ്രതികളിൽ വ്യത്യാസം കാണാം. ചില പുരാതന കയ്യെഴുത്തു പ്രതികളിൽ "വിശ്വാസത്താൽ" (ഒ.നോ. കയ്യെഴുത്തു പ്രതികൾ $\aleph^{*,2}$, C ഒപ്പം ചില പുരാതന ലത്തീൻ, വൾഗേറ്റ്, സിറിയക്, കോപ്റ്റിക് പതിപ്പുകളിലും) എന്നു ചേർത്തിരിക്കുന്നു. മറ്റുള്ളവയിൽ "വിശ്വാസത്താൽ" എന്നതിനൊപ്പം ഒരു ഗതി കൂടി ചേർത്തിരിക്കുന്നു (ഒ.നോ. $\aleph^{1}$, A ഒപ്പം ചില വൾഗേറ്റ് പതിപ്പുകൾ). എങ്കിലും വലിയക്ഷര കയ്യെഴുത്തുപ്രതികളായ B, D, F, G എന്നിവ അവയെല്ലാം വിട്ടുകളഞ്ഞിരിക്കുന്നു. പകർപ്പെഴുത്തുകാർ 5:1 ലെയും 4:16,19,20 ലെയും (2 പ്രാവശ്യം) സമാന്തരത്വം അതേപടി പകർത്തുകയാകാം. "വിശ്വാസത്താൽ" എന്നത് പൗലൊസ് ആവർത്തിക്കുന്ന വിഷയമാണ്.

■ **"ദൈവതേജസ്സിന്റെ"** ദൈവത്തിന്റെ ആളത്തപരമായ സാന്നിധ്യത്തെ സൂചിപ്പിക്കുന്ന ഒരു പഴയ നിയമ ശൈലിയാണ് ഈ പ്രയോഗം. ഇതു സൂചിപ്പിക്കുന്നത്, പുനരുത്ഥാന നാളിൽ യേശു നല്കിയ വിശ്വാസ നീതിയിൽ ദൈവമുമ്പാകെയുള്ള വിശ്വാസിയുടെ നില്പിനെയാണ് (ഒ.നോ. 2 കൊരി. 5:21). ഇതിനെ മിക്കപ്പോഴും "മഹത്വീകരണം" എന്ന ദൈവശാസ്ത്ര പദം ഉപയോഗിച്ചാണു വിളിക്കുന്നത് (ഒ.നോ. വാ. 9-10; 8:30). വിശ്വാസികൾ യേശുവിന്റെ സാദൃശ്യം പങ്കുവെയ്ക്കുന്നു (ഒ.നോ. 1 യോഹ. 3:2; 2 പത്രൊ. 1:4). 3:23 ലെ പ്രത്യേക പഠനവിഷയം: തേജസ്സ് കാണുക.

■ **"പ്രത്യാശയിൽ"** പൗലൊസ് ഈ പദം പലപ്പോഴും വ്യത്യസ്തമായ എന്നാൽ പരസ്പരം ബന്ധപ്പെട്ട അർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ട്. 4:18 ന്റെ കുറിപ്പ് കാണുക. മിക്കപ്പോഴും ഇത് വിശ്വാസിയുടെ വിശ്വാസത്തിന്റെ പൂർത്തീകരണത്തോടു ബന്ധപ്പെട്ടാണ് കാണുന്നത്. ഇതിനെ മഹത്വം, നിത്യജീവൻ, ആത്യന്തിക രക്ഷ, രണ്ടാം വരവ് എന്നിങ്ങനെ വിവരിച്ചിരിക്കുന്നു. പൂർത്തീകരണം ഉറപ്പാണ്, എന്നാൽ അതിന്റെ സമയം ഭാവിയിലുള്ളതും സമയം കൃത്യമായി പറയാൻ കഴിയാത്തതുമാണ്. അതു മിക്കപ്പോഴും "വിശ്വാസം," "സ്നേഹം" എന്നിവയോടു ബന്ധപ്പെട്ടാണിരിക്കുന്നത് (ഒ.നോ. 1 കൊരി. 13:13; ഗലാ. 5:5-6; എഫെ. 4:2-5; 1 തെസ്സ. 1:3; 5:8). പൗലൊസിന്റെ ഉപയോഗത്തിന്റെ ഒരു ഭാഗിക പട്ടിക ഇതാണ്:

1. രണ്ടാം വരവ്, ഗലാ. 5:5; എഫെ. 1:18; തീത്തൊ. 2:13
2. യേശു നമ്മുടെ പ്രത്യാശ, 1 തിമൊ. 1:1
3. വിശ്വാസി ദൈവമുമ്പാകെ കാഴ്ചവെയ്ക്കപ്പെടുന്നു, കൊലൊ. 1:22-23; 1 തെസ്സ. 2:19
4. പ്രത്യാശ സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നു, കൊലൊ. 1:5
5. ആത്യന്തിക രക്ഷ, 1 തെസ്സ. 4:13
6. ദൈവമഹത്വം, റോമ. 5:2; 2 കൊരി. 3:12; കൊലൊ. 1:27
7. രക്ഷയുടെ ഉറപ്പ്, 1 തെസ്സ. 5:8-9
8. നിത്യജീവൻ, തീത്തൊ. 1:2; 3:7
9. ക്രിസ്തീയ പക്വതയുടെ ഫലം, റോമ. 5:2-5
10. സകല സൃഷ്ടിയുടെയും വീണ്ടെടുപ്പ്, റോമ. 8:20-22
11. ദൈവത്തിനുള്ള പേര്, റോമ. 15:13
12. പുത്രത്വത്തിന്റെ പൂർത്തീകരണം, റോമ. 8:23-25
13. പഴയ നിയമ, പുതിയ നിയമ വിശ്വാസികൾക്കുള്ള വഴികാട്ടി എന്ന നിലയിൽ, റോമ. 15:4

## പ്രത്യേക പഠനവിഷയം: ഉറപ്പ്

A. തങ്ങൾ രക്ഷിക്കപ്പെട്ടവരാണെന്നു വിശ്വാസികൾക്ക് അറിയാൻ കഴിയുമോ? (ഒ.നോ. 1 യോഹ. 5:13)? 1 യോഹന്നാനിൽ മൂന്നു പരിശോധനകൾ അഥവാ തെളിവുകൾ ഉണ്ട്.

1. ഉപദേശപരം (വിശ്വാസം) (വാ. 1,15,10; 2:18-25; 4:1-6,14-16; 5:11-12)
2. ജീവിത ശൈലി (അനുസരണം) (വാ. 2-3; 2:3-6; 3:1-10; 5:18)
3. സാമൂഹികം (സ്നേഹം) (വാ. 2-3; 2:7-11; 3:11-18; 4:7-12,16-21)

B. ഉറപ്പ് ഒരു സഭാവിഭാഗ വിഷയമായിത്തീർന്നിരിക്കുന്നു

1. ജോൺ കാൽവിൻ ഉറപ്പിനെ ദൈവിക തിരഞ്ഞെടുപ്പിൽ അടിസ്ഥാനപ്പെടുത്തി. ഇതിനെ സംബ

സ്ഥിച്ച് ജീവിതകാലത്തൊരിക്കലും നമുക്കറിയാൻ കഴികയില്ലെന്നദ്ദേഹം പറഞ്ഞു.

2. ജോൺ വെസ്ലി ഉറപ്പിനെ ആത്മിക അനുഭവത്തിൽ അടിസ്ഥാനപ്പെടുത്തി. അറിയപ്പെടുന്ന പാപങ്ങൾക്കതീതമായി നമുക്കു ജീവിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.
3. റോമൻ കത്തോലിക്കരും ചർച്ച് ഓഫ് ക്രൈസ്റ്റും ആധികാരിക സഭയാണ് ഉറപ്പിന്റെ അടിസ്ഥാനം എന്നു പഠിപ്പിച്ചു. ഒരുവൻ ഏതു സഭയിലാണെന്നതാണ് ഉറപ്പിന്റെ താക്കോൽ.
4. മിക്ക സുവിശേഷ വിഹിതരും ബൈബിളിന്റെ വാഗ്ദത്തത്തിലാണ് ഉറപ്പിനെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. ആത്മാവിന്റെ ഫലവും വിശ്വാസിയുടെ ജീവിതവുമായി അതു ബന്ധപ്പെട്ടിരിക്കുന്നു (ഒ.നോ. ഗലാ. 5:22-23)

C. വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ പ്രാഥമിക ഉറപ്പ് ത്രിയേക ദൈവത്തിന്റെ സ്വഭാവത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നത് എന്നു ഞാൻ ചിന്തിക്കുന്നു.

1. പിതാവാം ദൈവത്തിന്റെ സ്നേഹം
   a. യോഹ. 3:16; 10:28-29
   b. റോമ. 8:31-39
   c. എഫെ. 2:5,8-9
   d. ഫിലി. 1:6
   e. 1 പത്രൊ. 1:3-5
   f. യോഹ. 4:7-21
2. പുത്രനാം ദൈവത്തിന്റെ പ്രവൃത്തികൾ
   a. നമുക്കു പകരമുള്ള മരണം
      1) പ്രവൃ. 2:23
      2) റോമ. 5:6-11
      3) 2 കൊരി. 5:21
      4) 1 യോഹ. 2:2; 4:9-10
   b. മഹാപൗരോഹിത്യ പ്രാർത്ഥന (യോഹ. 17:12)
   c. തുടരുന്ന മദ്ധ്യസ്ഥത
      1) റോമ. 8:34
      2) എബ്രാ. 7:25
      3) 1 യോഹ. 2:1
3. ആത്മാവാം ദൈവത്തിന്റെ ശുശ്രൂഷ
   a. വിളി (യോഹ. 6:44,65)
   b. മുദ്രയിടൽ
      1) 2 കൊരി. 1:22; 5:5
      2) എഫെ. 1:13-14; 4:3
   c. ഉറപ്പു നൽകൽ
      1) റോമ. 8:16-17
      2) 1 യോഹ. 5:7-13

D. എന്നാൽ മനുഷ്യർ ദൈവത്തിന്റെ ഉടമ്പടി ദാനത്തോട് പ്രതികരിക്കണം (പ്രാരംഭമായും തുടർമാനമായും)

1. വിശ്വാസികൾ പാപത്തിൽ നിന്നു തിരിയുകയും (മാനസാന്തരം) യേശുവിലൂടെ ദൈവത്തിലേക്കു തിരിയുകയും വേണം (വിശ്വാസം)
   a. മർക്കൊ. 1:15
   b. പ്രവൃ. 3:16,19; 20:21
2. വിശ്വാസികൾ ക്രിസ്തുവിലുള്ള ദൈവത്തിന്റെ ദാനം സ്വീകരിക്കണം
   a. യോഹ. 1:12; 3:16
   b. റോമ. 5:1 (10:9-13 ലെ സാദൃശ്യത്താലും)
   c. എഫെ. 2:5,8-9
3. വിശ്വാസികൾ വിശ്വാസത്തിൽ തുടരണം
   a. മർക്കൊ. 13:13
   b. 1 കൊരി. 15:2
   c. ഗലാ. 6:9
   d. എബ്രാ. 3:14
   e. 2 പത്രൊ. 1:10
   f. യൂദാ 20-21

g. വെളി. 2:2-3,7,10,17,19,25-26; 3:5,10,11,21

4. വിശ്വാസികൾ 3 പരിശോധനകൾ നേരിടണം
   a. ഉപദേശപരം (വാ. 1,15,10; 2:18-25; 4:1-6,14-16)
   b. ജീവിത ശൈലി (വാ. 2-3; 2:3-6; 3:1-10)
   c. സാമൂഹികം (വാ. 2-3; 2:7-11; 3:11-18; 4:7-12,16-21)

E. ഉറപ്പ് പ്രയാസകരമാണ് കാരണം
1. മിക്കപ്പോഴും വിശ്വാസികൾ വേദപുസ്തകം വാഗ്ദാനം ചെയ്യാത്ത അനുഭവങ്ങൾ ആവശ്യപ്പെടുന്നു
2. മിക്കപ്പോഴും വിശ്വാസികൾ സുവിശേഷം പൂർണ്ണമായി മനസ്സിലാക്കുന്നില്ല
3. മിക്കപ്പോഴും വിശ്വാസികൾ മനപ്പൂർവ്വമായി പാപത്തിൽ തുടരുന്നു (ഒ.നോ. 1 കൊരി. 3:10-15; 9:27; 1 തിമൊ. 1:19-20; 2 തിമൊ. 4:10; 2 പത്രൊ. 1:8-11)
4. ചില വ്യക്തികൾ (അതാ. പൂർണ്ണതാ വാദികൾ) ഒരിക്കലും ദൈവത്തിന്റെ നിരുപാധികമായ സ്വീകരണത്തെയും സ്നേഹത്തെയും അംഗീകരിക്കുകയില്ല
5. വേദപുസ്തകത്തിൽ വ്യാജ ഏറ്റുപറച്ചിലിന്റെ ഉദാഹരണങ്ങളുണ്ട് (ഒ.നോ. മത്താ. 13:3-23; മർക്കൊ. 4:14-20; 2 പത്രൊ. 2:19-20; 1 യോഹ. 2:18-19)

▣ **"പ്രശംസിക്കുന്നു"** വ്യാകരണരൂപം ഈ നിലയിൽ ഗ്രഹിക്കാം: (1) വർത്തമാനകാല മധ്യ (ഡിപോണന്റ്) സൂചകം, "നാം പ്രശംസിക്കുന്നു, (2) വർത്തമാനകാല മധ്യ (ഡിപോണന്റ്) അനുബന്ധം, "നമുക്കു പ്രശംസിക്കാം." ഈ വിഷയത്തിൽ വേദപണ്ഡിതന്മാർ തമ്മിൽ ഐക്യതയില്ല. വാ. 1 ലെ "നമുക്കുണ്ട്" എന്നത് സൂചകമായി എടുത്താൽ പരിഭാഷ ആ നിലയിൽ വാ. 3 വരെ തുടരും.

"പ്രശംസിക്കുക" എന്നതിന്റെ മൂലപദത്തിന് "ആത്മപ്രശംസ" എന്ന അർത്ഥമാണുള്ളത് (NRSV, JB). 2:17 ലെ പ്രത്യേക പഠനവിഷയം കാണുക. വിശ്വാസികൾ തങ്ങളിൽ തന്നേ പ്രശംസിക്കാതെ (ഒ.നോ. 3:27) കർത്താവ് അവർക്കു വേണ്ടി പ്രവർത്തിച്ചതിൽ പ്രശംസിക്കണം (ഒ.നോ. യിരെ. 9:23-24). ഇതേ ഗ്രീക്ക് മൂലപദം വാ. 3 ലും 11 ലും ആവർത്തിച്ചിരിക്കുന്നു.

**5:3**

**NASB** **"ഇതു തന്നേ അല്ല"**
**NKJV** **"അതു തന്നേ അല്ല"**
**NRSV** **"അതു തന്നേ അല്ല"**
**TEV** **"ഒഴിവാക്കിയിരിക്കുന്നു"**
**NJB** **"അതു തന്നേ അല്ല"**

ഈ പദ സംയുക്തം പല പ്രാവശ്യം പൗലൊസ് ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 5:3,11; 8:23; 9:10; 2 കൊരി. 8:19).

▣ **"കഷ്ടത"** താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

# പ്രത്യേക പഠനവിഷയം: കഷ്ടത (Tribulation)

ഈ പദം (*ത്ലിപസിസ്-θλιψις*) പൗലൊസും യോഹന്നാനും ഉപയോഗിക്കുന്നതിൽ ദൈവശാസ്ത്രപരമായ ഒരു വ്യത്യാസം ഉണ്ട്.

A. പൗലൊസിന്റെ ഉപയോഗം (യേശുവിന്റെ ഉപയോഗത്തെ പ്രതിഫലിപ്പിക്കുന്നു)
1. വീഴ്ച സംഭവിച്ച ലോകത്തിലെ പ്രശ്നങ്ങൾ, കഷ്ടതകൾ, തിന്മ
   a. മത്താ. 13:21
   b. റോമ. 5:3
   c. 1 കൊരി. 7:28
   d. 2 കൊരി. 7:4
   e. എഫെ. 3:13
2. അവിശ്വാസികളാൽ ഉളവാകുന്ന പ്രശ്നങ്ങൾ, കഷ്ടതകൾ, തിന്മ
   a. റോമ. 5:3; 8:35; 12:12
   b. 2 കൊരി. 1:4,8; 6:4; 7:4; 8:2,13
   c. എഫെ. 3:13
   d. ഫിലി. 4:14
   e. 1 തെസ്സ. 1:6
   f. 2 തെസ്സ. 1:4

3. അന്ത്യകാല സംബന്ധിയായ പ്രശ്നങ്ങൾ, കഷ്ടതകൾ, തിന്മ
   a. മത്താ. 24:21,29
   b. മർക്കൊ. 13:19,24
   c. 2 തെസ്സ. 1:6–9

B. യോഹന്നാന്റെ ഉപയോഗം
1. യോഹന്നാൻ വെളിപ്പാടു പുസ്തകത്തിൽ *ത്ലിപ്സിസിനും ഓർഗി* (***θλιψις***, ***οργη***) അല്ലെങ്കിൽ തൂമോസ് (***θυμος***, കോപം) തമ്മിൽ വ്യക്തമായ വ്യത്യാസം വയ്ക്കുന്നുണ്ട്. *ത്ലിപ്സിസ്* അവിശ്വാസികൾ വിശ്വാസികളോടു ചെയ്യുന്നതും *ഓർഗി* അല്ലെങ്കിൽ *തൂമോസ്* ദൈവം അവിശ്വാസികളോടു ചെയ്യുന്നതുമാണ്.
   a. *ത്ലിപ്സിസ്* – ***θλιψις***, വെളി. 1:9; 2:9–10,22; 7;14
   b. *ഓർഗി* – ***οργη***, വെളി. 6:16–17; 11:18; 16:19; 19:15
   c. *തൂമൊസ്* – ***θυμος***, വെളി. 12:12; 14:8,10,19; 15:2,7; 16:1; 18:3
2. എല്ലാക്കാലത്തുമുള്ള വിശ്വാസികൾ നേരിടുന്ന പ്രശ്നത്തെ സൂചിപ്പിക്കുവാൻ യോഹന്നാൻ ഈ പദം സുവിശേഷത്തിൽ ഉപയോഗിച്ചിട്ടുണ്ട്. യോഹ. 16:33

**5:3,4 "സഹിഷ്ണുത"** ഇതിനർത്ഥം "സ്വമേധയ," "ക്രിയാത്മകമായ," "സ്ഥിരതയുള്ള," "സഹനമായ" ആളുകളോടും ഒപ്പം സാഹചര്യങ്ങളോടുമുള്ള സഹിഷ്ണുതയെ ഈ പദം സൂചിപ്പിക്കുന്നു. 8:25 ലെ പ്രത്യേക പഠന വിഷയം കാണുക.

▣

| | |
|---|---|
| **NASB** | **"തെളിയിക്കപ്പെട്ട സ്വഭാവം"** |
| **NKJV, NRSV** | **"സ്വഭാവം/സിദ്ധത"** |
| **TEV** | **"ദൈവികാംഗീകാരം"** |
| **NJB** | **"പരിശോധിക്കപ്പെട്ട സ്വഭാവം"** |

ഉല്പ. 23:16; 1 രാജാ. 10:18; 1 ദിന. 28:18 ന്റെ സെപ്റ്റ്വജിന്റിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നത് ലോഹങ്ങളുടെ പരിശുദ്ധിയും യാഥാർത്ഥ്യവും തെളിയിക്കുന്നതിനുള്ള പരിശോധനയെ സൂചിപ്പിക്കാനാണ് (ഒ.നോ. 2 കൊരി. 2:9; 8:2; 9:13; 13:3; ഫിലി. 2:22; 2 തിമൊ. 2:15; യാക്കോ. 1:12). ദൈവത്തിന്റെ പരിശോധന എല്ലായ്പോഴും ശക്തിപ്പെടുത്താനാണ് (ഒ.നോ. എബ്രാ. 12:10–11)! 2:18 ലെ പ്രത്യേക പഠനവിഷയം: പരിശോധന കാണുക.

## പ്രത്യേക പഠന വിഷയം: ക്രിസ്തീയ വളർച്ച

| റോമർ 5:3–4 | ഗലാ. 5:22–23 | യാക്കോ. 1:3–4 | 2 പത്രൊ. 1:5–7 |
|---|---|---|---|
| കഷ്ടത ഉളവാക്കുന്നു | ആത്മാവിന്റെ ഫലം | പരിശോധന ഉളവാക്കുന്നു | ജാഗ്രത ആവശ്യം |
| *സഹിഷ്ണുത | *സ്നേഹം | *സഹിഷ്ണുത | *വീര്യം |
| *സിദ്ധത | *സന്തോഷം | *പക്വത | *പരിജ്ഞാനം |
| *പ്രത്യാശ (ഒ.നോ. വാ. 2) | *സമാധാനം | 1. സ്ഥിരത | *ഇന്ദ്രിയജയം |
| | *ദീർഘക്ഷമ | 2. പൂർണ്ണത | *സ്ഥിരത |
| | *ദയ | | *ഭക്തി |
| | *പരോപകാരം | | *സഹോദര പ്രീതി (*ഫിലഡൽഫിയ*) |
| | *സൗമ്യത | | *സ്നേഹം (*അഗാപ്പെ*) |
| | *ഇന്ദ്രിയ ജയം | | |

▣ **"അറിഞ്ഞ്"** *ഒയിഡാ* (***οιδα***) എന്നതിന്റെ പൂർണ്ണ അപൂർണ്ണക്രിയയാണിത്. അത് രൂപത്തിൽ പൂർണ്ണതയുള്ളതാണെങ്കിലും വർത്തമാനകാലമായി പ്രവർത്തിക്കുന്നതാണ്. വിശ്വാസികൾ കഷ്ടതയോട് ഏറ്റുമുട്ടുമ്പോൾ സുവിശേഷ സത്യങ്ങളെ സംബന്ധിച്ച അവരുടെ അറിവ്, ജീവിതത്തെ സന്തോഷത്തോടും ആത്മവിശ്വാസത്തോടും കൂടെ നേരിടുവാൻ അവരെ സഹായിക്കുന്നു. കാരണം അവരുടെ സന്തോഷം കഷ്ടതയുടെ കാലത്തുപോലും സാഹചര്യങ്ങളിലല്ല അടിസ്ഥാനപ്പെട്ടിരിക്കുന്നത് (ഒ.നോ. ഫിലി. 4:4; 1 തെസ്സ. 5:16,18). വിശ്വാസികൾ കഷ്ടതയിൽ ആണ് പ്രശംസിക്കുന്നത്, അവ ഉള്ളതുകൊണ്ട് അല്ല.

▣
**NASB** "നാം നമ്മുടെ കഷ്ടങ്ങളിലും അത്യധികം പുകഴുന്നു"
**NKJV** "നാം കഷ്ടങ്ങളിലും മഹത്വപ്പെടുന്നു"
**NRSV** "നാം നമ്മുടെ കഷ്ടങ്ങളിലും പ്രശംസിക്കുന്നു"
**TEV** "നാം നമ്മുടെ പ്രശ്നങ്ങളിലും പ്രശംസിക്കുന്നു"
**NJB** "നമ്മുടെ കഷ്ടതകളിലും നമുക്കു പുകഴാം"

ലോകം യേശുവിനെ പകച്ചെങ്കിൽ അവന്റെ ശിഷ്യന്മാരെയും അതു പകയ്ക്കും (ഒ.നോ. മത്താ. 10:22; 24:9; യോഹ. 15:18-21). മാനുഷികമായി പറഞ്ഞാൽ യേശു താൻ അനുഭവിച്ച കഷ്ടങ്ങളാൽ തികഞ്ഞവനായിത്തീർന്നു (ഒ.നോ. എബ്രാ. 5:8). കഷ്ടത ആശ്രയവും പക്വതയും ഉളവാക്കുന്നു. ക്രിസ്തുസാദൃശ്യമാണ് ഓരോ വിശ്വാസിയെക്കുറിച്ചുമുള്ള ദൈവിക പദ്ധതി; കഷ്ടത അതിന്റെ ഭാഗമാണ് (ഒ.നോ. 8:17-19; പ്രവൃ. 14:22; യാക്കോ. 1:2-4; 1 പത്രൊ. 4:12-19).

## പ്രത്യേക പഠന വിഷയം: വിശ്വാസികൾ കഷ്ടതയനുഭവിക്കുന്നതെന്തുകൊണ്ട്?

1. വ്യക്തിപരമായ പാപത്താൽ (ഭൗമിക ന്യായവിധി). എല്ലാ പ്രശ്നങ്ങളും നെഗറ്റീവ് സാഹചര്യങ്ങളും പാപത്തിന്റെ ഫലമാണെന്ന് ഇതിനർത്ഥമില്ല (ഒ.നോ. ഇയ്യോബ്; സങ്കീ. 73; ലൂക്കൊ. 14:1-5; നെഹെ. 9; പ്രവൃ. 5:1-11; 1 കൊരി. 11:29-30; ഗലാ. 6:7)
2. ക്രിസ്തു സാദൃശ്യം വളർത്തുവാൻ (എബ്രാ. 5:8). മാനുഷികമായി പറഞ്ഞാൽ യേശുവിനും വളർച്ച പ്രാപിക്കേണ്ടതുണ്ടായിരുന്നു; അങ്ങനെയെങ്കിൽ അവന്റെ ശിഷ്യന്മാർക്ക് അതാവശ്യമാണ് (ഒ.നോ. റോമ. 5:3-4; 8:28-29; 2 കൊരി. 12:7-10; ഫിലി. 3:10; എബ്രാ. 12:5-12; യാക്കോ. 1:2-4; 1 പത്രൊ. 1:7)
3. ശക്തവും ഫലകരവുമായ സാക്ഷ്യം വളർത്തിയെടുക്കുവാൻ (ഒ.നോ. മത്താ. 5:10-12; യോഹ. 15:18-22; 1 പത്രൊ. 2:18-21; 3:13-17)
4. പുതിയ യുഗത്തിന്റെ പ്രസവ വേദനയുടെ ഒരു അടയാളമായി (ഒ.നോ. മത്താ. 24:6; മർക്കൊ. 13:8).

5:5 **"പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല"** ഇതൊരു പക്ഷേ ഒരു എബ്രായ ശൈലിയുടെ സൂചനയാകാം (ഒ.നോ. ലജ്ജിക്കുക, ഒ.നോ സങ്കീ. 25:3,20; 31:1,17; 119:116; യെശ. 28:16 (റോമ. 9:33 ൽ ഉദ്ധരിച്ചിരിക്കുന്നു) ഫിലി. 1:20).

▣ **"ദൈവത്തിന്റെ സ്നേഹം ... നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു"** ഇത് പൂർണ്ണ കർമ്മണി സൂചകമാണ്; ആക്ഷരികമായി "ദൈവത്തിന്റെ സ്നേഹം പകരുകയും തുടർമാനമായി പകരപ്പെട്ടുകൊണ്ടിരിക്കയും ചെയ്തിരിക്കുന്നു." ഈ ക്രിയാപദം പലപ്പോഴും പരിശുദ്ധാത്മാവിനെക്കുറിച്ച് ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. പ്രവൃ. 2:17,18,33; 10:45 & തീത്തൊ. 3:6 അത് യോവേൽ 2:28-29 നെ പ്രതിഫലിപ്പിക്കുന്നു (യെശ. 32:15).

"ദൈവത്തിന്റെ സ്നേഹം" എന്ന സംബന്ധികാ വിഭക്തി വ്യാകരണപരമായി സൂചിപ്പിക്കുന്നത് (1) ദൈവത്തോടുള്ള നമ്മുടെ സ്നേഹം അല്ലെങ്കിൽ (2) നമ്മോടുള്ള ദൈവത്തിന്റെ സ്നേഹം (ഒ.നോ. യോഹ. 3:16; 2 കൊരി. 5:14). രണ്ടാമത്തേതാണ് സന്ദർഭാനുസരണം ശരിയായത്.

▣ **"നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ"** ഇതൊരു ഭൂതകാല കർമ്മണി അപൂർണ്ണ ക്രിയയാണ്. ദൈവത്തിന്റെ മധ്യവർത്തിത്വത്തെ സൂചിപ്പിക്കാനാണ് മിക്കപ്പോഴും കർമ്മണി പ്രയോഗം ഉപയോഗിക്കുന്നത്. ഇതു സൂചിപ്പിക്കുന്നത് വിശ്വാസികൾക്ക് ഇനി കൂടുതൽ പരിശുദ്ധാത്മാവിന്റെ ആവശ്യമില്ല എന്നാണ്. അവർക്ക് പരിശുദ്ധാത്മാവ് ഉണ്ട് അല്ലെങ്കിൽ അവർ ക്രിസ്ത്യാനികളല്ല (ഒ.നോ. 8:9). പരിശുദ്ധാത്മാവിനെ നൽകുന്നത് പുതിയ യുഗത്തിന്റെയും (ഒ.നോ. യോവേ. 2:28-29) പുതിയ നിയമത്തിന്റെയും (ഒ.നോ. യിരെ. 31:31-34; യെഹെ. 36:22-32) അടയാളമാണ്.

▣ ഈ ഖണ്ഡികയിൽ ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളുടെ സാന്നിധ്യം ശ്രദ്ധിക്കുക.

1. ദൈവം, വാ. 1,2,5,8,10
2. യേശു. വാ. 1, 6,8,9,10
3. പരിശുദ്ധാത്മാവ്, വാ. 5

8:11 ലെ പ്രത്യേക പഠന വിഷയം: ത്രിത്വം കാണുക

**റോമർ 5:6-11**

**[6]നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്ക സമയത്തു അഭക്തർക്കുവേണ്ടി മരിച്ചു.
[7]നീതിമാന്നുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാന്നുവേണ്ടി പക്ഷേ മരിപ്പാൻ
തുനിയുമായിരിക്കും. [8]ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി**

> മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. 9 അവന്റെ രക്തത്താൽ നീതീകരിക്ക പ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽനിന്നു രക്ഷിക്കപ്പെടും. 10 ശത്രുക്കളായിരിക്കുമ്പോൾ തന്നേ നമുക്കു അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും. 11 അത്രയുമല്ല, നമുക്കു ഇപ്പോൾ നിരപ്പു ലഭിച്ചതിന്നു കാരണമായ നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു.

**5:6**

**NASB "നാം നിസ്സഹായരായിരിക്കുമ്പോൾ തന്നേ"**
**NKJV "നാം ബലമില്ലാതായിരിക്കുമ്പോൾ തന്നേ"**
**NRSV "നാം ബലഹീനരായിരിക്കുമ്പോൾ തന്നേ"**
**TEV "നാം നിസ്സഹായരായിരിക്കുന്ന സമയത്തു തന്നേ"**
**NJB "നാം നിസ്സഹായരായിരിക്കുമ്പോൾ"**

ഈ ക്രിയാപദം വർത്തമാനകാല അപൂർണ്ണക്രിയയാണ്. മനുഷ്യവർഗ്ഗത്തിന്റെ വീഴ്ച സംഭവിച്ച ആദാമ്യ പ്രകൃതിയെയാണിതു സൂചിപ്പിക്കുന്നത്. മനുഷ്യർ പാപത്തിനെതിരെ നിസ്സഹായരാണ്. "നാം" എന്ന സർവ്വനാമം വാ. 6b യിലെ "അഭക്തർ," വാ. 8 ലെ "പാപികൾ," വാ. 10 ലെ "ശത്രുക്കൾ" എന്നിവയെ വിശദീകരിക്കുകയും സമാന്തരമായി ഉപയോഗിക്കുകയും ചെയ്തരിക്കുന്നു. വാ. 6,8 എന്നിവ ദൈവശാസ്ത്രപരമായും ഘടനാപരമായും സമാന്തരമാണ്.
സമാന്തരത്വം ശ്രദ്ധിക്കുക.

| | ① | ② | ③ |
|---|---|---|---|
| വാ. 6 | നാം ബലഹീനർ | ക്രിസ്തു അഭക്തർക്കുവേണ്ടി മരിച്ചു | ..... |
| വാ. 8 | നാം പാപികൾ | ക്രിസ്തു നമുക്കു വേണ്ടി മരിച്ചു | ..... |
| വാ. 9 | ..... | അവന്റെ രക്തത്താൽ | നീതീകരിക്കപ്പെട്ടു |
| വാ. 10 | നാം ശത്രുക്കൾ | അവന്റെ പുത്രന്റെ മരണം | നിരപ്പു പ്രാപിച്ചു |

പ്രധാന സത്യങ്ങൾ പ്രാധാന്യത്തിനുവേണ്ടി ആവർത്തിച്ചിരിക്കുന്നു.

1. നമ്മുടെ ആവശ്യം
2. ക്രിസ്തുവിന്റെ ദാനം
3. നമ്മുടെ പുതിയ നില്പ്

▣

**NASB, NRSV "ശരിയായ സമയത്ത്"**
**NKJV "തക്കസമയത്ത്"**
**TEV "ദൈവം തിരഞ്ഞെടുത്ത സമയത്ത്"**
**NJB "അവന്റെ നിയമിക്കപ്പെട്ട നിമിഷത്തിൽ"**

ഇത് ചരിത്രപരമായി സൂചിപ്പിക്കുന്നത്

1. സ്വതന്ത്ര യാത്ര അനുവദിച്ചിരുന്ന റോമൻ സമാധാനം (റോമൻ റോഡുകൾ)
2. സംസ്കാരാന്തര ആശയവിനിയമം അനുവദിച്ച ഗ്രീക്ക് ഭാഷ
3. ഗ്രീക്ക്, റോമൻ ദേവന്മാരുടെ അന്ത്യം പ്രതീക്ഷയും ആത്മീയ ദാഹവുമുള്ള ഒരു ലോകത്തെ ഉളവാക്കിയ സമയം (ഒ.നോ മർക്കൊ. 1:15; ഗലാ. 4:4; എഫെ. 1:10; തീത്തൊ. 1:3)

ദൈവശാസ്ത്രപരമായി ജഡധാരണം മുൻകൂർ തയ്യാറാക്കപ്പെട്ട ഒരു ദൈവിക പദ്ധതിയായിരുന്നു (ഒ.നോ. ലൂക്കൊ. 22:22; പ്രവൃ. 2:23; 3:18; 4:28; എഫെ. 1:11).

**5:6,8,10 "അഭക്തർക്കുവേണ്ടി മരിച്ചു"** ഇതൊരു ഭൂതകാല കർത്തരി സൂചകമാണ്. അത് യേശുവിന്റെ ജീവിതത്തെയും മരണത്തെയും ഒരു ഒറ്റ സംഭവമായി കാണുന്നു. "യേശു താൻ കടംപെട്ടിട്ടില്ലാത്ത കടം കൊടുത്തു തീർത്തു, നാം നമുക്കു കൊടുത്തു തീർക്കാൻ കഴിയാത്ത നിലയിൽ കടം പെട്ടിരിക്കുന്നു" (ഒ.നോ. ഗലാ. 3:13; 1 യോഹ. 4:10).

ക്രിസ്തുവിന്റെ മരണം പൗലൊസിന്റെ എഴുത്തുകളിൽ ആവർത്തിച്ചുവരുന്ന വിഷയമാണ്. യേശുവിന്റെ പ്രായശ്ചിത്ത മരണത്തെ സൂചിപ്പിക്കുവാൻ അവൻ നിരവധി വ്യത്യസ്ത പദങ്ങളും പ്രയോഗങ്ങളും ഉപയോഗിക്കുന്നുണ്ട്.

1. "രക്തം" (ഒ.നോ. 3:25; 5:9; 1 കൊരി. 11:25,27; എഫെ. 1:7; 2:13; കൊലൊ. 1:20)
2. "തന്നെത്താൻ അർപ്പിച്ചു" (ഒ.നോ. എഫെ. 5:2,5)

3. "ഏല്പിച്ചു" (ഒ.നോ. റോമ. 4:25; 8:32)
4. "അറുക്കപ്പെട്ടു" (ഒ.നോ. 1 കൊരി. 5:7)
5. "മരിച്ചു" (ഒ.നോ. റോമ. 5:6; 8:34; 14:9,15; 1 കൊരി. 8:11)
6. "ക്രൂശ്" (ഒ.നോ. 1 കൊരി. 1:17-18; ഗലാ. 5:11; 6:12-14; എഫെ. 2:16; ഫിലി. 2:8; കൊലൊ. 1:20; 2:14)
7. "ക്രൂശീകരണം" (ഒ.നോ. 1 കൊരി. 1:23; 2:2; 2 കൊരി. 13:4; ഗലാ. 3:1)

ഈ സന്ദർഭത്തിൽ ഉപയോഗിച്ചിരിക്കുന്ന *ഹൂപെർ* (***ὑπερ***) എന്ന ഗതി സൂചിപ്പിക്കുന്നത്:

1. പ്രാതിനിധ്യം, 'നമുക്കുവേണ്ടി' അല്ലെങ്കിൽ
2. പ്രാശ്ചിത്തം, നമ്മുടെ സ്ഥാനത്ത്" ആണോ?

സാധാരണയായി *ഹൂപ്പെർ* ന്റെ അടിസ്ഥാന അർത്ഥം - സംബന്ധികാ വിഭക്തിയോടു ചേർന്ന് - "പകരമായി" (Louw and Nida) എന്നാണ്. ഇത് സൂചിപ്പിക്കുന്നത് വ്യക്തികൾക്കു പ്രയോജകീഭവിക്കുന്ന ചില നേട്ടങ്ങളെയാണ് (*The New International Dictionary of New Testament Theology*, Vol. 3, p. 1196). എന്നിരുന്നാലും *ഹൂപെർ* ന് "ആ സ്ഥാനത്ത്" എന്നർത്ഥം വരുന്ന *ആന്റി* (anti) എന്നർത്ഥവുമുണ്ട്. ആ നിലയ്ക്ക് അത് ദൈവശാസ്ത്രപരമായി പ്രായശ്ചിത്ത പകരം മരണത്തെ സൂചിപ്പിക്കുന്നു (ഒ.നോ. മർക്കൊ. 10:45; യോഹ. 11:5; 18:14; 2 കൊരി. 5:14; 1 തിമൊ. 2:6). എം. ജെ. ഹാരിസ് (NIDNTT, Vol. 3, p. 1197) പറയുന്നു. "എന്തുകൊണ്ടാണ് ക്രിസ്തു മരിച്ചത് *ആന്റി ഹീമോൻ* (***αντι ἡμων***, 1 തിമൊ. 2:6 ൽ അതിനോടടുത്തു വരുന്നുണ്ട് - *ആന്റിലുട്രോൺ ഹൂപെർ പാന്റോൺ-**αντιλυτρον ὑπερ παντων***) എന്നു പൗലൊസ് പറയാത്തത്? ഒരുപക്ഷേ അത്, *ആന്റി* എന്നതിനു വിപരീതമായി *ഹൂപെർ* ന് ഒരേ സമയം പ്രാതിനിധ്യത്തെയും പകരം അവസ്ഥയെയും സൂചിപ്പിക്കാൻ കഴിയും എന്നതിനാലാകാം."

> *വേർഡ് സ്റ്റഡീസ്* (വാല്യം 2) ൽ എം. ആർ വിൻസന്റ് പറയുന്നു.
>
> "വേണ്ടി" എന്നർത്ഥമുള്ള ഹൂപെർ (***ὑπερ***) "പകരമായി" എന്നർത്ഥമുള്ള "ആന്റി" എന്നതിനു തുല്യമാണോ എന്നതിനെച്ചൊല്ലി വളരെ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. ക്ലാസിക്കൽ എഴുത്തുകാർ അർത്ഥം പരസ്പരം മാറ്റി ഉപയോഗിച്ചിട്ടുള്ളതിന് ഉദാഹരണങ്ങളുണ്ട്. എന്നിരുന്നാലും ഈ വേദഭാഗം ഉദാഹരണമായി ഉദ്ധരിക്കാൻ കഴിയാത്തവിധം ഇതിന്റെ അർത്ഥം നിശ്ചയിക്കാനാവാത്തതാണ്. ഗതിക്ക് (preposition) മരണം എന്നതിനപ്പുറം ഒരു പ്രാദേശിക അർത്ഥം ഉണ്ട്. ഈ വേദഭാഗങ്ങളൊന്നും തന്നെ ഒരു അന്തിമ തീരുമാനം എന്ന നിലയിൽ എടുക്കാനാവില്ല. ഇതിനെക്കുറിച്ച് പറയാൻ കഴിയുന്ന ഒരു അന്തിമ തീരുമാനം *ഹൂപ്പെർ, ആന്റി* യുടെ അർത്ഥത്തിന് അതിരിടുന്നു എന്നാണ്. *പകരമായി* എന്നത് കൂടുതലായും ഉപദേശപരമായ കാരണങ്ങളാലാണ്. ഭൂരിഭാഗം വേദഭാഗങ്ങളിലും അർത്ഥം, *..ക്കുവേണ്ടി, സ്ഥാനത്ത്* എന്നാണ്. സത്യമായ ഒരു വിശദീകരണം ഇവിടെ ചർച്ചാ വിഷയമായ വേദഭാഗത്തിൽ, അതായത് ക്രിസ്തുവിന്റെ മരണത്തോടു ബന്ധപ്പെട്ട ഈ വാക്യത്തിലും ഗലാ. 3:13; റോമ. 14:15; 1 പത്രൊ. 3:18 ലും *ഹൂപ്പെർ* ന്റെ സവിശേഷത കൂടുതൽ അനിശ്ചിതവും പൊതു ഗതിയുടെ നിലയിലുള്ളതുമാണ് - *ക്രിസ്തു ...വേണ്ടി മരിച്ചു.* ഇതര വേദഭാഗങ്ങളിൽ സ്ഥിരീകരിക്കപ്പെടേണ്ട "വേണ്ടി" എന്ന അർത്ഥമാണത് നൽകുന്നത്" (പേ. 692).

**5:7** ഈ വാക്യം മാനുഷിക സ്നേഹത്തെയും വാ. 8 ദൈവസ്നേഹത്തെയും വെളിപ്പെടുത്തുന്നു.

▣
**NASB, NKJV, TEV "ഒരു നീതിമാനായ മനുഷ്യനുവേണ്ടി"**
**NRSV "ഒരു നീതിമാനായ വ്യക്തിക്കുവേണ്ടി"**
**NJB "ഒരു നല്ല മനുഷ്യനുവേണ്ടി"**

നോഹയും ഇയ്യോബും നീതിമാന്മാർ അല്ലെങ്കിൽ നിഷ്കളങ്ക മനുഷ്യർ ആയിരുന്നു എന്ന അർത്ഥത്തിലാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്. പാപരഹിത വസ്തുതയെയല്ല സൂചിപ്പിക്കുന്നത്. 1:17 ലെ പ്രത്യേക പഠന വിഷയം കാണുക.

**5:8 "നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ"** ദൈവത്തിന്റെ സ്നേഹം വെളിപ്പെട്ടത് "പാപികൾക്കാണ്" ഭക്തിയുള്ളവർക്കോ ഒരു പ്രത്യേക വംശത്തിൽ പിറന്നവർക്കോ അല്ല മത്സരികൾക്കാണ് എന്നതു നമ്മെ ഞെട്ടിപ്പിക്കും. യോഗ്യതയല്ല കൃപയാണ് അടിസ്ഥാന സത്യം! ദൈവം ഇപ്പോഴും മനുഷ്യരോടൊത്തു കൂട്ടായ്മ ആഗ്രഹിക്കുന്നു. അവന്റെ മാറ്റമില്ലാത്ത സ്വഭാവമാണ് നമുക്കു സമാധാനവും പ്രത്യാശയും നൽകുന്നത് (ഒ.നോ. പുറ. 34:6; നെഹെ. 9:17; സങ്കീ. 103:8; 145:8).

▣ **"ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു"** ഇതൊരു വർത്തമാനകാല കർത്തരി സൂചകമാണ് (ഒ.നോ. 3:5). പിതാവു പുത്രനെ അയച്ചു (ഒ.നോ. 8:3,32; 2 കൊരി. 5:19). ദൈവത്തിന്റെ സ്നേഹം കേവലം വൈകാരികമല്ല, മറിച്ച് പ്രവൃത്തി ഉൾപ്പെട്ടതും (ഒ.നോ. യോഹ. 3:16; 1 യോഹ. 4:10) സ്ഥിരതയുള്ളതുമാണ്.

**5:9 "അവന്റെ രക്തത്താൽ"** ക്രിസ്തുവിന്റെ ബലിമരണത്തിന്റെ സൂചനയാണിത് (ഒ.നോ. 3:5; 4:25; മർക്കൊ. 10:45; 2 കൊരി. 5:21). കുറ്റവാളിയുടെ സ്ഥാനത്ത് നിരപരാധിയുടെ ജീവൻ നൽകുന്ന യാഗത്തിന്റെ ഈ ആശയം ലേവ്യ. 1-7 ലേക്കും പുറ. 12 (പെസഹ കുഞ്ഞാട്) ലേക്കും നമ്മെ നയിക്കുന്നതും യെശ. 53:4-6 ൽ ദൈവശാസ്ത്ര

പരമായി യേശുവിനു യോജിക്കുന്നതുമാണ്. എബ്രായലേഖനത്തിൽ അത് ഒരു ക്രിസ്തുശാസ്ത്ര അർത്ഥത്തിൽ വികസിപ്പിച്ചിരിക്കുന്നു (ഒ.നോ. അധ്യായങ്ങൾ 9–10). എബ്രായ ലേഖനം വിവിധ വിഷയങ്ങളെ സംബന്ധിച്ച് പഴയ നിയമത്തെയും പുതിയ നിയമത്തെയും താരതമ്യപ്പെടുത്തുന്നു.

▣ **"നീതീകരിക്കപ്പെട്ട ശേഷമോ"** നീതീകരണം പൂർത്തിയായതും ദൈവത്താൽ നിർവഹിക്കപ്പെട്ടതുമായ ഒരു പ്രവൃത്തിയാണ് എന്ന് ഊന്നിപ്പറയുന്ന ഭൂതകാല കർമ്മണി അപൂർണ്ണ ക്രിയയാണിത്. വാ. 1 ലെ സത്യം പൗലൊസ് ആവർത്തിക്കുകയാണ്. "നീതീകരിക്കപ്പെട്ടു" (വാ. 9), "നിരപ്പിക്കപ്പെട്ടു" (വാ. 10–11) എന്നീ പദങ്ങൾ തമ്മിലുള്ള സമാന്തരത്വവും ശ്രദ്ധിക്കുക.

▣ **"എത്ര അധികമായി"** പൗലൊസിന്റെ ഇഷ്ട പ്രയോഗങ്ങളിൽ ഒന്നാണിത് (ഒ.നോ. വാ. 10,15,17). വിശ്വാസികൾ, അവർ പാപികളായിരുന്നപ്പോൾ തന്നെ ദൈവം അവരെ സ്നേഹിച്ചുവെങ്കിൽ, ഇപ്പോൾ അവർ അവന്റെ മക്കളായി തീർന്നതിനാൽ എത്രയധികം അവരെ സ്നേഹിക്കും (ഒ.നോ 5:10; 8:22).

▣ **"നാം രക്ഷിക്കപ്പെടും"** ഇത് ഭാവികാല കർമ്മണി സൂചകമാണ് (ഒ.നോ. വാ. 10). "മഹത്വീകരണം" എന്നു വിളിക്കപ്പെടുന്ന നമ്മുടെ ആത്യന്തിക രക്ഷയാണിത് (ഒ.നോ. വാ. 2; 8:30; 1 യോഹ. 3:2).

പുതിയ നിയമം രക്ഷയെ എല്ലാ ക്രിയാകാലങ്ങളിലും വിവരിക്കുന്നുണ്ട്.

1. പൂർത്തിയായ പ്രവൃത്തി (ഭൂതകാലം), പ്രവൃ. 15:11; റോമ. 8:24; 2 തിമൊ. 1:9; തീത്തൊ. 3:5
2. വർത്തമാനകാലത്തിൽ ഫലം കാണുന്ന ഭൂതകാല പ്രവൃത്തി (പൂർണ്ണകാലം), എഫെ. 2:5,8
3. പുരോഗമിക്കുന്ന പ്രക്രിയ (വർത്തമാനകാലം), 1 കൊരി. 1:18; 15:2; 2 കൊരി. 2:15; 1 തെസ്സ. 4:14; 1 പത്രൊ. 3:21
4. ഭാവികാല പൂർത്തീകരണം (ഭാവികാലം), റോമ. 5:9,10; 10:9; 10:4 ലെ പ്രത്യേക പഠനവിഷയം കാണുക.

രക്ഷ ഒരു പ്രാഥമിക തീരുമാനത്തിലാണാരംഭിക്കുന്നതെങ്കിലും (ഒ.നോ. 10:9–13; യോഹ. 1:12; 3:16), നിമിഷം തോറുമുള്ള ബന്ധത്തിൽ മുന്നേറി ഒരു ദിവസം പൂർത്തീകരണത്തിലെത്തുന്നതുമാണ്. ഈ ആശയം പലപ്പോഴും മൂന്നു ദൈവശാസ്ത്ര പദങ്ങളാലാണ് വിവരിക്കപ്പെടുന്നത്.

1. നീതീകരണം, അർത്ഥം, "പാപത്തിന്റെ ശിക്ഷയിൽ നിന്ന് വിടുവിക്കപ്പെടുക"
2. വിശുദ്ധീകരണം, അർത്ഥം, "പാപത്തിന്റെ ശക്തിയിൽ നിന്നു വിടുവിക്കപ്പെടുക"
3. മഹത്വീകരണം, അർത്ഥം, "പാപത്തിന്റെ സാന്നിധ്യത്തിൽ നിന്നും വിടുവിക്കപ്പെടുക"

നീതീകരണവും വിശുദ്ധീകരണവും ക്രിസ്തുവിലുള്ള വിശ്വാസത്താൽ വിശ്വാസിക്കു നല്കപ്പെടുന്നതും ദൈവത്തിന്റെ കൃപാകര പ്രവൃത്തിയുമാണെന്നു മനസ്സിലാക്കുന്നതു നല്ലതാണ്. എന്നിരുന്നാലും വിശുദ്ധീകരണം ക്രിസ്തുസാദൃശ്യത്തിലേക്കു വളരുന്ന അനുദിന പ്രക്രിയയാണെന്നും പുതിയ നിയമം പഠിപ്പിക്കുന്നു. ഇക്കാരണത്താൽ ദൈവശാസ്ത്രജ്ഞന്മാർ "സ്ഥാനീയ വിശുദ്ധീകരണം" എന്നും "പുരോഗമന വിശുദ്ധീകരണം" എന്നും അതിനെക്കുറിച്ചു പറയാറുണ്ട്. ഭക്തിനിർഭര ജീവിതത്തോടു ബന്ധപ്പെട്ട സൗജന്യ രക്ഷയുടെ മർമ്മമാണിത്! 6:4 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"കോപത്തിൽനിന്ന്"** ഇതിന്റെ സന്ദർഭം അന്ത്യകാല സംബന്ധിയാണ്. ദൈവത്തിന്റെ വലിയതും യോഗ്യതയില്ലാത്തവർക്കു നൽകുന്നതും സ്വപ്രയത്നത്താൽ നേടിയെടുക്കാൻ സാധിക്കാത്തതുമായ സ്നേഹത്തെക്കുറിച്ച് ബൈബിൾ പറയുന്നു. അതോടൊപ്പം തന്നെ പാപത്തോടും മത്സരത്തോടുമുള്ള അവന്റെ എതിർപ്പിനെയും വ്യക്തമാക്കുന്നു. ദൈവം യേശുക്രിസ്തുവിലൂടെ രക്ഷയ്ക്കും പാപക്ഷമയ്ക്കുമുള്ള ഒരു വഴി ഒരുക്കി, എന്നാൽ അവനെ നിരസിക്കുന്നവർ കോപത്തിൻ കീഴിലാണ് (ഒ.നോ. 1:18–3:20). ഇതൊരു മനുഷ്യരൂപാരോപണപരമായ പ്രയോഗമാണ് (1:18 ലെ പ്രത്യേക പഠനവിഷയം കാണുക). എങ്കിലും ഇതൊരു യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നു. കോപാകുലനായ ഒരു ദൈവത്തിന്റെ കൈകളിൽ വീഴുന്നത് എത്ര ഭയങ്കരം (എബ്രാ. 10:31).

**5:10 "അവന്റെ പുത്രന്റെ മരണത്താൽ"** പാപക്ഷമയുടെ സുവിശേഷം അടിസ്ഥാനപ്പെട്ടിരിക്കുന്നത്

1. ദൈവത്തിന്റെ സ്നേഹം (ഒ.നോ. യോഹ. 3:16)
2. ക്രിസ്തുവിന്റെ പ്രവൃത്തി (8:32; ഗലാ. 1:4; 2:20)
3. ആത്മാവിന്റെ പ്രേരണ (യോഹ. 6:44,65)
4. വ്യക്തിയുടെ വിശ്വാസ/മാനസാന്തര പ്രതികരണം (മർക്കൊ. 1:15; യോഹ. 1:12; പ്രവൃ. 20:21)

ദൈവത്തോടു നിരപ്പു പ്രാപിക്കാൻ മറ്റൊരു വഴിയുമില്ല (ഒ.നോ. 10:1–2,7–8; യോഹ. 14:16; പ്രവൃ. 4:12; 1 തിമൊ. 2:5). രക്ഷയുടെ ഉറപ്പ് അടിസ്ഥാനപ്പെട്ടിരിക്കുന്നത് മനുഷ്യന്റെ പ്രവൃത്തിയിലല്ല, ത്രിയേക ദൈവത്തിന്റെ സ്വഭാവത്തിലാണ് (ഒ.നോ. പുറ. 34:6; നെഹെ. 9:17; സങ്കീ. 103:8; 145:8)! രക്ഷ പ്രാപിച്ചതിനുശേഷമുള്ള മാനുഷിക പ്രവൃത്തികൾ സൗജന്യ രക്ഷയുടെ തെളിവാണ് എന്നതാണ് വൈരുധ്യം (ഒ.നോ. യാക്കോബ്, 1 യോഹന്നാൻ)!

▣ **"നിരപ്പു വന്നു ... നിരന്നശേഷം"** ഇത് ഭൂതകാല കർമ്മണി സൂചകവും ഭൂതകാല കർമ്മണി അപൂർണ്ണക്രിയയും ആണ്. "നിരപ്പു വന്നു" എന്ന ക്രിയയുടെ (ഒ.നോ. 1 കൊരി. 7:11; 2 കൊരി. 5:18,19,20; കൊലൊ. 1:20 കൂടി കാണുക) യഥാർത്ഥ അർത്ഥം "കൈമാറ്റം ചെയ്യുക" എന്നാണ്. ദൈവം നമ്മുടെ പാപത്തിനു പകരമായി യേശുവിന്റെ നീതി കൈമാറ്റം ചെയ്തു (ഒ.നോ. യെശ. 53:4–6) സമാധാനം പുനഃസ്ഥാപിച്ചു (ഒ.നോ. വാ. 1)!

■ **"എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. ദൈവത്തിന്റെ അതുല്യ സൃഷ്ടിയായ മനുഷ്യൻ (ഒ.നോ. ഉല്പ. 1:26–27) ശത്രുക്കളായിത്തീർന്നു! മനുഷ്യന് (ഒ.നോ. ഉല്പ. 3:5) നിയന്ത്രിക്കാനുള്ള ആഗ്രഹമുണ്ട്, ദൈവമാകാനുള്ള ഒരു ആഗ്രഹം!

■ **"അവന്റെ ജീവനാൽ"** ജീവൻ എന്നതിനുള്ള ഈ ഗ്രീക്ക് പദം *സോയ* (*ζοα*) ആണ്. യോഹന്നാന്റെ എഴുത്തുകളിൽ ഈ പദം എല്ലായ്പോഴും പുനരുത്ഥാന ജീവനെ, നിത്യജീവനെ അല്ലെങ്കിൽ ദൈവരാജ്യ ജീവനെ ആണു സൂചിപ്പിക്കുന്നത്. ഇതേ ദൈവശാസ്ത്രപരമായ അർത്ഥത്തിൽ പൗലൊസും ഇതുപയോഗിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിന്റെ ഊന്നൽ, ദൈവം വിശ്വാസികളുടെ പാപമോചനത്തിനുവേണ്ടി അത്രയും വലിയൊരു വില കൊടുത്തുവെങ്കിൽ അവൻ തീർച്ചയായും അതിന്റെ ഫലദായകത്വം തുടരുക തന്നെ ചെയ്യും എന്നാണ്.

"ജീവൻ" താഴെക്കാണുന്ന ഏതെങ്കിലുമൊന്നിനെ സൂചിപ്പിക്കുന്നു

1. യേശുവിന്റെ പുനരുത്ഥാനം (ഒ.നോ. 8:34; 1 കൊരി. 15)
2. യേശുവിന്റെ മധ്യസ്ഥ പ്രവൃത്തി (ഒ.നോ. 8:34; എബ്രാ. 7:25; 1 യോഹ. 2:1)
3. നമ്മിൽ ക്രിസ്തുവിനെ ഉരുവാക്കുന്ന പരിശുദ്ധാത്മാവ് (ഒ.നോ. 8:29; ഗലാ. 4:19)

യേശുവിന്റെ ഭൂമിയിലെ ജീവിതവും മരണവും അവന്റെ പുനരുത്ഥാന ജീവിതവും (സ്വർഗ്ഗാരോഹണം, പ്രവൃ. 1) ആണ് നമ്മുടെ നിരപ്പിന്റെ അടിസ്ഥാനം എന്ന് പൗലൊസ് പ്രസ്താവിക്കുന്നു.

■ **"നാം രക്ഷിക്കപ്പെടും"** പുതിയ നിയമം രക്ഷയെ ഭൂത, വർത്തമാന, ഭാവി കാലങ്ങളിൽ പറയുന്നു. ഇവിടെ ഭാവികാലത്തെ രണ്ടാം വരവിൽ സംഭവിക്കുന്ന നമ്മുടെ ആത്യന്തികവും പൂർത്തീകരിക്കപ്പെട്ടതുമായ രക്ഷയായി പറയുന്നു (ഒ.നോ. 1 യോഹ. 3:2). വാ. 9 ന്റെ കുറിപ്പും 10:13 ലെ പ്രത്യേക പഠനവിഷയവും കാണുക.

**5:11 "അത്രയുമല്ല"** വാ. 3 ന്റെ കുറിപ്പു കാണുക.

■ **"നമുക്കു ഇപ്പോൾ നിരപ്പു ലഭിച്ചതിന്"** പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയെ സൂചിപ്പിക്കുന്ന ഭൂതകാല കർത്തരി സൂചകമാണിത്. വിശ്വാസിയുടെ നിരപ്പ് ("കൈമാറ്റം") വാ. 10 ലും 2 കൊരി. 5:18–21; എഫെ. 2:16–22; കൊലൊ. 1:19–23 ലും ചർച്ച ചെയ്യപ്പെടുന്നു. ഈ സന്ദർഭത്തിൽ "നിരപ്പ്" എന്നത് "നീതീകരണം" എന്നതിന്റെ ദൈവശാസ്ത്രപരമായ പര്യായമാണ്.

■ **"നാം പ്രശംസിക്കയും ചെയ്യുന്നു"** 5:2 ന്റെ കുറിപ്പു കാണുക. ഈ സന്ദർഭത്തിൽ "പ്രശംസിക്കുക" എന്നതിന്റെ മൂന്നാമത്തെ ഉപയോഗമാണിത്.

1. പ്രത്യാശയിൽ പ്രശംസിക്കുന്നു, വാ. 2
2. കഷ്ടങ്ങളിൽ പ്രശംസിക്കുന്നു, വാ. 4
3. നിരപ്പിൽ പ്രശംസിക്കുന്നു, വാ. 11

തെറ്റായ പ്രശംസ 2:17 ലും 23 ലും കാണാം!

**റോമർ 5:12–14**

**12 അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു. 13 പാപമോ ന്യായപ്രമാണംവരെ ലോകത്തിൽ ഉണ്ടായിരുന്നു; എന്നാൽ ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപത്തെ കണക്കിടുന്നില്ല. 14 എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദാമിന്റെ ലംഘനത്തിന്നു തുല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാംമുതൽ മോശെവരെ വാണിരുന്നു.**

**5:12 "അതുകൊണ്ട്"** റോമാലേഖനത്തിൽ നിർണ്ണായക സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ട ധാരാളം "അതുകൊണ്ട്" ഉണ്ട് (ഒ.നോ. 5:1; 8:1; 12:1). അവ എന്തിനോടു ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് വ്യാഖ്യാനപരമായ ചോദ്യം. അവ പൗലൊസിന്റെ സമ്പൂർണ്ണ വാദഗതിയെ പരാമർശിക്കുന്ന മാർഗ്ഗമായിരിക്കാനാണു സാധ്യത. ഇവിടെ കാണുന്നത് ഉല്പത്തിയോടു ബന്ധപ്പെട്ടതാകയാൽ റോമ. 1:18–32 ലേക്ക് മടങ്ങിപ്പോകുന്നതാണെന്ന് ഉറപ്പിക്കാം.

■ **"ഏക മനുഷ്യനാൽ"** ഈ പൊതുപ്രയോഗം (ആക്ഷ. *ഹെനോസ് ആന്ത്രോപൂ*-***ἑνος ανθρωπου***) ആദാമിനെയോ (വാ. 12,13,17,18,19) യേശുവിനെയോ (വാ. 15 [2 പ്രാവശ്യം], 17 [2 പ്രാവശ്യം], 18,19) പ്രതിനിധീകരിക്കാൻ ഉപയോഗിച്ചിരിക്കുന്നു. അവർ ഇരുവരും ഒരു സമൂഹത്തെ അഥവാ കൂട്ടത്തെ (ഏതാ. "അനേകർ" ഒ.നോ. വാ. 15 [2 പ്രാവശ്യം], 19 [2 പ്രാവശ്യം]); "എല്ലാവരും" (ഒ.നോ. 12, 13, 18 [2 പ്രാവശ്യം]) പ്രതിനിധീകരിക്കുന്നു.

■ **"ഏക മനുഷ്യനാൽ പാപവും ... ലോകത്തിൽ കടന്നു"** വാ. 12 ലെ മൂന്നു ക്രിയകളും ഭൂതകാല ക്രിയകളാണ്. ആദാമിന്റെ വീഴ്ച മരണം കൊണ്ടുവന്നു (ഒ.നോ. 1 കൊരി. 15:22). ബൈബിൾ മൂലപാപത്തെക്കുറിച്ച് പറയുന്നില്ല. ദൂതമണ്ഡലത്തിലും പാപം സംഭവിച്ചിട്ടുണ്ട് (ഒ.നോ. ഉല്പത്തി 3 & വെളിപ്പാട് 12:7–9). അതെപ്പോഴാണെന്നും എവിടെ വെച്ചാണെന്നും നിശ്ചയമില്ല (ഒ.നോ. യെശ. 14:12–27; യെഹെ. 28:12–19; ഇയ്യോ. 4:18; മത്താ. 25:41; ലൂക്കൊ. 10:18; യോഹ. 12:31; വെളി. 12:7–9).

ആദാമിന്റെ പാപത്തിൽ രണ്ടു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു (1) ഒരു പ്രത്യേക കല്പനയോടുള്ള അനുസരണക്കേട് (ഒ.നോ. ഉല്പ. 2:16-17), (2) സ്വയ-കേന്ദ്രീകൃതമായ നിഗളം (ഒ.നോ. ഉല്പ. 3:5-6). ഇതിലൂടെ റോമ. 1:18-32 ൽ ആരംഭിച്ച ഉല്പ. 3 നെപ്പറ്റിയുള്ള സൂചന തുടരുന്നു.

പാപത്തെ സംബന്ധിച്ച ദൈവശാസ്ത്രമാണ് പൗലൊസിനെ റബ്ബിമാരുടെ ചിന്തകളിൽ നിന്നും വ്യക്തമായി വേർതിരിക്കുന്നത്. റബ്ബിമാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഉല്പ. 3 ൽ അല്ല, മറിച്ച് അവർ പ്രസ്താവിക്കുന്നത് ഓരോ വ്യക്തിയിലും രണ്ട് "ഇഷ്ടങ്ങൾ" ഉണ്ടെന്നാണ് (*യെറ്റ്സെർ*). അവരുടെ പ്രസിദ്ധമായ റബ്ബിവചനം, "ഓരോ മനുഷ്യന്റെയും ഹൃദയത്തിൽ ഒരു കറുത്ത നായും വെളുത്ത നായും ഉണ്ട്. നിങ്ങൾ ഏറ്റവും കൂടുതൽ തീറ്റിപ്പോറ്റുന്നവ ഏറ്റവും വലുതായിത്തീരും." പൗലൊസ് പാപത്തെ കണ്ടത് വിശുദ്ധനായ ദൈവത്തിനും അവന്റെ സൃഷ്ടിക്കും മധ്യേ ഉയർന്നു നില്ക്കുന്ന ഒരു തടസ്സമായിട്ടാണ്. പൗലൊസ് ഒരു വ്യവസ്ഥിത ദൈവശാസ്ത്രജ്ഞനായിരുന്നില്ല (ഒ.നോ. ജയിംസ് സ്റ്റുവാർഡിന്റെ *എ മാൻ ഇൻ ക്രൈസ്റ്റ്*). അവൻ പാപത്തിന്റെ നിരവധി ഉറവിടങ്ങൾ പറയുന്നുണ്ട് (1) ആദാമിന്റെ വീഴ്ച, (2) സാത്താന്യ പരീക്ഷ, (3) മനുഷ്യന്റെ തുടർമാന മത്സരം (ഒ.നോ. എഫെ. 2:2-3).

ആദാമും യേശുവും തമ്മിലുള്ള ദൈവശാസ്ത്രപരമായ വൈരുദ്ധ്യങ്ങളിലും സമാന്തരങ്ങളിലും സാധ്യമായ രണ്ട് പ്രായോഗികതകളാണുള്ളത്:

1. ആദാം ഒരു യഥാർത്ഥ ചരിത്രപുരുഷനായിരുന്നു
2. യേശു ഒരു യഥാർത്ഥ മനുഷ്യനായിരുന്നു

ഈ രണ്ടു വസ്തുതകളും ദുരുപദേശങ്ങളുടെ നടുവിൽ ബൈബിളിനെ സ്ഥിരീകരിക്കുന്നു. "ഏക മനുഷ്യൻ" അല്ലെങ്കിൽ "ഏകൻ" എന്ന ആവർത്തിച്ചുള്ള ഉപയോഗം ശ്രദ്ധിക്കുക. ആദാമിനെയും യേശുവിനെയും പരാമർശിക്കുന്ന ഈ രണ്ടു മാർഗ്ഗങ്ങൾ ഈ സന്ദർഭത്തിൽ 11 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.

▣ **"പാപത്താൽ മരണവും"** "മൂലപാപം" എന്ന പദം ആദ്യം ഉപയോഗിച്ചത് അഗസ്റ്റിൻ ആണ്. ഉല്പത്തി 3 ൽ കാണുന്ന ആദാമിന്റെയും ഹവ്വായുടെയും തിരഞ്ഞെടുപ്പിന്റെ ഫലത്തെയാണത് വിവരിക്കുന്നത്. അവരുടെ മറുതലിപ്പ് സകല സൃഷ്ടികളെയും ബാധിച്ചു. മനുഷ്യർ താഴെപ്പറയുന്നവയാൽ സ്വാധീനിക്കപ്പെട്ടു.

1. വീഴ്ച സംഭവിച്ച ലോക സംവിധാനം
2. വീഴ്ച സംഭവിച്ച പ്രകൃതം

മൂലപാപം (വാ. 12-14, 16a, 17) വ്യക്തിപരമായ പാപവുമായി (വാ. 12d, 16b) ഒരു പങ്കാളിത്തം സ്ഥാപിക്കുകയും സകല മനുഷ്യരെയും പാപികളാക്കുകയും ചെയ്തു! പാപം "മരണ"ത്തിൽ കലാശിച്ചു (ഒ.നോ. 1:32; 6:13,16,21,23; 7:5,9,10,11,13,24; 8:13).

*ജെറോം ബൈബിൾ കമന്ററി* (പേ. 308), ചരിത്രത്തിൽ മൂന്നു ഘട്ടങ്ങളുണ്ടെന്ന റബ്ബി പാരമ്പര്യത്തെ പരാമർശിക്കുന്നു:

1. ആദാം - മോശെ
2. മോശെ - മശിഹാ
3. മശിഹാ - എസ്ഖാറ്റോൺ

പൗലൊസാണ് ഈ വിഭജനത്തെക്കുറിച്ച് ചിന്തിക്കുന്നതെങ്കിൽ അത്:

1. ആദാം - മോശെ (മൂലപാപം, ന്യായപ്രമാണമില്ല മറിച്ച് മരണം)
2. മോശെ - മശിഹാ (വ്യക്തിപരമായ പാപം, ന്യായപ്രമാണ ലംഘനം)
3. മശിഹാ - (ന്യായപ്രമാണത്തിൽനിന്നു സ്വാതന്ത്ര്യം/കൃപയുടെ പ്രമാണം)

▣ **"എല്ലാവരും പാപം ചെയ്കയാൽ"** ആദാമിൽ സകല മനുഷ്യരും കൂട്ടായി പാപംചെയ്തു (അതായത് പാപവസ്ഥയും പാപവാസനയും പൈതൃകമായി ലഭിച്ചു). ഇക്കാരണത്താൽ ഓരോ വ്യക്തിയും വ്യക്തിപരമായും തുടർമാനമായും പാപം ചെയ്യുന്നതു തിരഞ്ഞെടുത്തു. എല്ലാ മനുഷ്യരും കൂട്ടായും വ്യക്തിപരമായും പാപികളാണെന്ന കാര്യം ബൈബിൾ ഊന്നിപ്പറയുന്നു (ഒ.നോ. 1 രാജാ. 8:46; 2 ദിന. 6:36; സങ്കീ. 14:1-2; 130:3; 143:2; സദൃ. 20:9; സഭാ. 7:20; യെശ. 9:17; 53:6; റോമ. 3:9-18,23; 5:18; 11:32; ഗലാ. 3:22; 1 യോഹ. 1:8-10).

എന്നിരുന്നാലും സാന്ദർഭികമായ ഊന്നൽ (ഒ.നോ. വാ. 15-19) ഒരു പ്രവൃത്തി മരണത്തെയും (ആദാം) ഒരു പ്രവൃത്തി ജീവനെയും (യേശു) ഉളവാക്കുന്നു എന്നതിനാണ് എന്നു പറയേണ്ടിയിരിക്കുന്നു. എങ്കിലും മാനുഷിക ലംഘനം "നഷ്ടാവസ്ഥ"യുടെയും "നീതീകരണ"ത്തിന്റെയും സുപ്രധാന വശമാണെന്ന് വരുമാറ് ദൈവം മനുഷ്യവർഗ്ഗത്തോടുള്ള തന്റെ ബന്ധത്തെ ക്രമീകരിച്ചു. മനുഷ്യർ തങ്ങളുടെ ഭാവി നിശ്ചയിക്കുന്നതിൽ മനപ്പൂർവ്വമായി ഇടപെടുന്നു. അവർ തുടർമാനമായി പാപത്തെ തിരഞ്ഞെടുക്കുകയോ യേശുവിനെ തിരഞ്ഞെടുക്കുകയോ ചെയ്യുന്നു. ഈ രണ്ടു തിരഞ്ഞെടുപ്പുകളെ സ്വാധീനിക്കാൻ അവർക്കു കഴികയില്ല, പക്ഷേ അവർ ഏതിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന് അവർക്ക് സ്വമേധയാ വെളിപ്പെടുത്താൻ കഴിയും.

"ചെയ്കയാൽ" എന്ന തർജ്ജമ സാധാരണമാണെങ്കിലും അതിന്റെ അർത്ഥം മിക്കപ്പോഴും തർക്കസാധ്യതയുള്ളതാണ്. പൗലൊസ് "ആകയാൽ" എന്ന അർത്ഥത്തിൽ *എഫ് ഹോ* (**ἐφ' ὁ**) എന്ന പദം 2 കൊരി. 5:4; ഫിലി. 3:12; 4:10 ൽ ഉപയോഗിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ ഓരോ മനുഷ്യനും ദൈവത്തിനെതിരായ പാപത്തിലും മത്സരത്തിലും വ്യക്തിപരമായി പങ്കാളിയാകുന്നത് തിരഞ്ഞെടുത്തു. ചിലർ അതു ചെയ്തത് പ്രത്യേക വെളിപ്പാടിനെ നിരസിച്ചുകൊണ്ടാണെങ്കിലും എല്ലാവരും പ്രകൃതിയിലെ വെളിപ്പാടിനെ നിരസിച്ചുകൊണ്ടാണതു ചെയ്തത് (ഒ.

നോ. 1:18-3:20).

▣ **"മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു"** ഈ ഖണ്ഡികയുടെ പ്രധാന ഊന്നൽ മരണം എന്ന പാപഫലത്തിന്റെ സാർവ്വലൗകികതയാണ് (ഒ.നോ. വാ. 16-19; 1 കൊരി. 15:22; ഗലാ. 1:10).

1. ആത്മിക മരണം - ഉല്പ. 2:17; 3:1-24; യെശ. 59:2; റോമ. 7:10-11; എഫെ. 2:1; കൊലൊ. 2:13; യാക്കോ. 1:15
2. ശാരീരിക മരണം - ഉല്പ. 3:4-5; 5:1-32
3. നിത്യമരണം - വെളി. 2:11; 20:6,14; 21:8

**5:13-14** ഇതേ സത്യം റോമ. 3:20; 4:15 & പ്രവൃ. 17:30 ലും പഠിപ്പിക്കുന്നുണ്ട്. ദൈവം സത്യവാനാണ്. മനുഷ്യർ അവർക്കു ലഭ്യമായതിനു മാത്രം കണക്കു ബോധിപ്പിച്ചാൽ മതിയാകും. ഈ വാക്യം പ്രകൃതിയിലെ വെളിപ്പാടിനെക്കുറിച്ചല്ല (സങ്കീ. 19:1-6; റോമ. 1:18-23; 2:11-16) പ്രത്യേക വെളിപ്പാടിനെക്കുറിച്ചു (പഴയ നിയമം, യേശു, പുതിയ നിയമം) മാത്രമാണു സംസാരിക്കുന്നത്.

NKJV യിൽ വാ. 12 ലെ താരതമ്യം, വാ. 18-21 ലെ ഉപസംഹാരത്തിൽ നിന്നും ഒരു നീണ്ട ആനുഷംഗിക (ഇടയ്ക്കു ചേർത്തത്) പ്രസ്താവനയാൽ വേർതിരിക്കപ്പെട്ടിരിക്കുന്നതായി കാണാം (ഒ.നോ. വാ. 13-17).

▣

**NASB** **"വരുവാനുള്ളവന്റെ പ്രതിരൂപമായ"**
**NKJV, NRSV**
**TEV** **"വരുവാനുള്ളവന്റെ രൂപമായ ആദാം"**
**NJB** **"വരുവാനുള്ളവന്റെ മുൻരൂപമായിരുന്നു ആദാം"**

ആദാം - ക്രിസ്തു പ്രതിരൂപ ഉപദേശത്തെ (ഒ.നോ. 1 കൊരി. 15:21-22, 45-49; ഫിലി. 2:6-8) വളരെ വ്യക്തമായി ഉറപ്പിക്കുന്ന മാർഗ്ഗമാണിത്. രണ്ടുപേരും ഒരു വംശത്തിന്റെ ആരംഭമെന്ന നിലയിൽ ഒരു പരമ്പരയിലെ ആദ്യത്തെ വ്യക്തികളാണ് (ഒ.നോ. 1 കൊരി. 15:45-49). പുതിയ നിയമം "പ്രതിരൂപം" ("യിസ്രായേൽ" പ്രതിരൂപം എന്ന നിലയിൽ, 1 കൊരി. 10:6 കാണുക) എന്ന നിലയിൽ വിളിക്കുന്ന ഏക പഴയ നിയമ വ്യക്തിയാണ് ആദാം. 6:17 ലെ പ്രത്യേ പഠനവിഷയം: രൂപം (*റ്റുപോസ്*) കാണുക.

▣ **"ആദാമിന്റെ ലംഘനത്തിനു തുല്യമായി പാപം ചെയ്യാത്തവരിലും"** ആദാം ദൈവത്തിന്റെ ഒരു പ്രഖ്യാപിത കല്പനയാണ് ലംഘിച്ചത് (അതാ. ഇല്പ. 2:15-17). ഇതേ വിധത്തിലല്ല ഹവ്വാ പോലും പാപം ചെയ്തത്. ദൈവത്തിൽ നിന്നു നേരിട്ടല്ല, ആദാമിൽ നിന്നാണ് അവൾ വൃക്ഷത്തെക്കുറിച്ച് കേട്ടത്. മനുഷ്യൻ ആദാം മുതൽ മോശെ വരെ ആദാമിന്റെ മത്സരത്താൽ ബാധിക്കപ്പെട്ടു! അവൻ ദൈവത്തിൽനിന്നുള്ള ഒരു പ്രത്യേക കല്പന നിരസിച്ചില്ല, എന്നാൽ ഈ ദൈവശാസ്ത്ര സന്ദർഭത്തിന്റെ ഭാഗമായ 1:18-32 വെളിപ്പെടുത്തുന്നത്, അവർ പ്രകൃതിയിലൂടെ ലഭിച്ച വെളിച്ചത്തെ ലംഘിച്ചതിനാൽ മത്സരത്തിന്/പാപത്തിന് ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടവരാണ് എന്ന സത്യമാണ്. ആദാമിന്റെ പ്രവണത അവന്റെ സകല മക്കളിലേക്കും വ്യാപിച്ചു.

▣

**NASB, NKJV, NJB** **"മരണം വാണു"**
**NRSV** **"മരണം അധികാരം നടത്തി"**
**TEV** **"മരണം ഭരണം നടത്തി"**

മരണം ഒരു രാജാവിനു തുല്യം വാണു (ഒ.നോ. വാ. 17,21). ഈ മരണത്തിനും പാപത്തിനും ഭീകര ഭരണാധികാരി എന്ന നിലയിലുള്ള ആളത്വം കല്പിക്കൽ ഈ അധ്യായത്തിലും 6-ാം അധ്യായത്തിലും കാണാം. മരണത്തിന്റെ വിശ്വവ്യാപക അനുഭവം, മനുഷ്യന്റെ വിശ്വവ്യാപക പാപത്തെ ഉറപ്പിക്കുന്നു. വാ. 17 ലും 21 ലും കൃപയെ ആളത്വപരമാക്കിയിരിക്കുന്നു. കൃപ വാഴുന്നു! മനുഷ്യന് തിരഞ്ഞെടുപ്പിന് അവസരമുണ്ട് (പ.നി. ന്റെ രണ്ടു വഴികൾ, അതാ. മരണം അഥവാ ജീവൻ, ഒ.നോ. ആവ. 11:26; 30:1,19). നിങ്ങളുടെ ജീവിതത്തിൽ ആരാണു വാഴുന്നത്?

**റോമർ 5:15-17**

**[15]എന്നാൽ ലംഘനത്തിന്റെ കാര്യവും കൃപാവരത്തിന്റെ കാര്യവും ഒരുപോലെയല്ല; ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു എങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തുവിന്റെ കൃപയാലുള്ള ദാനവും അനേകർക്കു വേണ്ടി ഏറ്റവും അധികം കവിഞ്ഞിരിക്കുന്നു. [16]ഏകൻ പാപം ചെയ്തതിന്റെ ഫലവും ദാനത്തിന്റെ കാര്യവും ഒരുപോലെയല്ല; ഏകന്റെ പാപം ശിക്ഷാവിധി കല്പിപ്പാൻ ഹേതുവായിത്തീർന്നു. കൃപാവരമോ അനേക ലംഘനങ്ങളെ മോചിക്കുന്ന നീതീകരണവിധിക്കു ഹേതുവായിത്തീർന്നു. [17]ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻനിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.**

**5:15-19** സമാന പദപ്രയോഗങ്ങൾ ഉപയോഗിച്ചു കൊണ്ടു തുടരുന്ന വാദമുഖമാണിത്. NASB, NRSV, TEV എന്നിവ വാ. 18 ൽ ഖണ്ഡിക വിഭജിക്കുന്നു. എന്നിരുന്നാലും USB[4], NKJV, JB എന്നിവ അവയെ ഒറ്റ യൂണി

റ്റായി പരിഭാഷപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തെ വ്യാഖ്യാനിക്കുന്നതിനുള്ള താക്കോൽ, ഖണ്ഡികയിലെ പ്രധാന സത്യം മനസ്സിലാക്കുകയാണ് എന്ന കാര്യം ഓർമ്മിക്കുക.

വാ. 15, 19 ലെ "അനേകർ" എന്ന പദവും വാ. 12, 18 ലെ "എല്ലാവരും" എന്ന പദവും പര്യായങ്ങളാണ്. യെശ. 53:11–12, വാ. 6 എന്നിവയിലും ഇതു ശരിയാണ്. ഈ പദങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ദൈവശാസ്ത്രപരമായ വ്യത്യാസങ്ങളും (കാൽവിന്റെ തിരഞ്ഞെടുക്കപ്പെട്ടവർ X തിരഞ്ഞെടുക്കപ്പെടാത്തവർ) വരുത്തുവാൻ പാടില്ല.

▣ **"കൃപാവരം"** ഈ സന്ദർഭത്തിൽ "കൃപാവരം" എന്നതിന് രണ്ടു വ്യത്യസ്ത ഗ്രീക്കു പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു – *ഖാറിസ്മാ* (***χαρισμα***), വാ. 15,16 (6:23); *ഡോറെയാ/ഡൊറാമാ* (***δορεα***, ***δπραμα***), വാ. 15,16,17 (3:24 ലെ കുറിപ്പ് കാണുക). എങ്കിലും അവ പര്യായങ്ങളാണ്. ഇതാണ് യഥാർത്ഥത്തിൽ രക്ഷയെ സംബന്ധിച്ച സുവാർത്ത. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന ദൈവത്തിന്റെ കൃപാവരം (സൗജന്യദാനം) ആണിത് (ഒ.നോ. 3:24; 6:23; എഫെ. 2:8,9).

▣ **"എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. ആദാമിന്റെ പാപം സകലമനുഷ്യരിലും മരണം കൊണ്ടുവന്നു. വാ. 17 ൽ ഇതിന്റെ സമാന്തരം കാണാം.

▣ **"അധികം കവിഞ്ഞിരിക്കുന്നു"** 15:13 ലെ പ്രത്യേക പഠനവിഷയം കാണുക.

**5:8 "ശിക്ഷാവിധി ... നീതീകരണ വിധം"** ഇതു രണ്ടും ഫൊറൻസിക് (നിയമപരമായ) പദങ്ങളാണ്. പഴയ നിയമം പലപ്പോഴും പ്രവാചകന്റെ സന്ദേശം അവതരിപ്പിക്കുന്നത് കോടതിയിലെ രംഗങ്ങളായിട്ടാണ്. പൗലൊസ് ഈ രൂപം ഉപയോഗിക്കുന്നു (ഒ.നോ. റോമ. 8:1,31–34).

▣ **"എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. ആദാമിന്റെ ലംഘനം സകലമനുഷ്യരുടെയും മരണത്തിനു കാരണമായിത്തീർന്നു.

▣ **"സമൃദ്ധി ലഭിക്കുന്നവർ ... ഏറ്റവും അധികമായി"** വാ. 18–19 കൃത്യമായി ദൈവശാസ്ത്ര സന്തുലിതമല്ല. ഈ പ്രയോഗം റോമ. 1–8 ന്റെ സന്ദർഭത്തിൽ നിന്നു മാറ്റി സാർവ്വലൗകികത്വത്തിനുള്ള (ക്രമേണ സകലരും രക്ഷിക്കപ്പെടും എന്ന സിദ്ധാന്തം) വാക്യത്തെളിവായി എടുക്കുവാൻ കഴികയില്ല. മനുഷ്യർ ക്രിസ്തുവിലൂടെയുള്ള ദൈവിക ദാനം സ്വീകരിക്കണം (വാ. 17b). രക്ഷ സകലർക്കും ലഭ്യമാണ്, എന്നാലത് വ്യക്തിപരമായി സ്വീകരിക്കണം (ഒ.നോ. യോഹ. 1:12; 3:16; റോമ. 10:9–13).

ആദാമിന്റെ ഒരു മത്സര പ്രവൃത്തി സകല മനുഷ്യരുടെയും സമ്പൂർണ്ണ മത്സരത്തിനു വഴിതെളിച്ചു. ഒരു പാപകരമായ പ്രവൃത്തി വലുതാക്കി കാണിച്ചിരിക്കുന്നു. എന്നാൽ ക്രിസ്തുവിൽ ഒരു നീതിയാഗം, അനേക വ്യക്തി പാപങ്ങളും കൂട്ടായ പാപപ്രവൃത്തികളും മറയ്ക്കുവാൻ തക്കവിധം വലിപ്പമുള്ളതാക്കിത്തീർത്തിരിക്കുന്നു. "ക്രിസ്തുവിന്റെ പ്രവൃത്തി ഏറ്റവും അധികമായി" ഊന്നിപ്പറഞ്ഞിരിക്കുന്നു (ഒ.നോ. വാ. 9,10,15,17). കൃപ പെരുകുന്നു!

▣ **"നീതിദാനത്തിന്റെയും ... ജീവനിൽ വാഴും ... ജീവകാരണമായ നീതീകരണവും"** വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ ആത്മീയ ആവശ്യങ്ങൾക്കുള്ള ദൈവത്തിന്റെ ദാനവും കരുതലുമാണ് യേശുക്രിസ്തു (ഒ.നോ. 1 കൊരി. 1:30). ഈ സമാന്തര പ്രയോഗങ്ങളുടെ അർത്ഥം താഴെപ്പറയുന്നവയിൽ ഒന്ന് ആയിരിക്കാം.

1. പാപികളായ മനുഷ്യവർഗ്ഗത്തിന് ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയാൽ ദൈവവുമായി നിരപ്പുവരികയും അത് "ഭക്തിനിർഭര ജീവിതത്തിന്" ഇടയാക്കുകയും ചെയ്തു.
2. ഈ പ്രയോഗം "നിത്യജീവൻ" എന്നതിന്റെ പര്യായമാണ്. ഒന്നാമത്തേതിനെയാണ് സന്ദർഭം പിന്തുണയ്ക്കുന്നത്. "നീതി" സംബന്ധിച്ച പദപഠനത്തിന് 1:17 ലെ പ്രത്യേക പഠനവിഷയം കാണുക.

"വാഴുക" എന്ന ക്രിയാപദം ഈ സന്ദർഭത്തിൽ അനവധി പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു.

1. "മരണം ആദാം മുതൽ മോശെവരെ വാണു," വാ. 14 (ഭൂതകാല കർത്തരി സൂചകം)
2. "മരണം ആ ഏകൻ നിമിത്തം വാണു," വാ. 17 (ഭൂതകാല കർത്തരി സൂചകം)
3. "കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ ... ഏറ്റവും അധികമായി ജീവനിൽ വാഴും," വാ. 17 (ഭാവികാല കർത്തരി സൂചകം)
4. "പാപം മരണത്താൽ വാണു," വാ. 21 (ഭൂതകാല കർത്തരി സൂചകം)
5. "കൃപ വാഴേണ്ടതിന്," വാ. 21 (വർത്തമാനകാല കർത്തരി വിധിരൂപം)
6. "പാപം ... വാഴരുത്," 6:12 (വർത്തമാനകാല കർത്തരി വിധിരൂപം)

കൃപാദാനത്തിന് വിപരീതമായി പൗലൊസ് പാപത്തിനും മരണത്തിനും ആളത്വം കല്പിക്കുന്നത് ദൈവശാസ്ത്ര സത്യം വെളിപ്പെടുത്തുന്നതിനുള്ള ഒരു ശക്തമായ മാർഗ്ഗമാണ്!

## പ്രത്യേക പഠന വിഷയം: ദൈവരാജ്യത്തിൽ വാഴുക

ക്രിസ്തുവിനോടുകൂടെ വാഴുക എന്ന ആശയം "ദൈവരാജ്യം" എന്നു വിളിക്കപ്പെടുന്ന വിശാലമായ ദൈവശാസ്ത്ര വകുപ്പിന്റെ ഭാഗമാണ്. യിസ്രായേലിന്റെ യഥാർത്ഥ രാജാവ് എന്ന നിലയിൽ ദൈവത്തെക്കുറി

ച്ചുള്ള പഴയ നിയമ സങ്കല്പത്തിൽ നിന്നുളവായിട്ടുള്ളതാണിത് (ഒ.നോ. 1 ശമൂ. 8:7). അവൻ പ്രതീകാത്മക മായി യെഹൂദാ ഗോത്രത്തിലെ സന്തതിയിലൂടെയും (ഒ.നോ. ഉല്പ. 49:10) യിശ്ശായി കുടുംബത്തിലൂടെയും (ഒ.നോ. 2 ശമൂ. 7) വാണു.

മശിഹായെ സംബന്ധിച്ചുള്ള പഴയ നിയമ പ്രവചനത്തിന്റെ നിവൃത്തിയാണ് യേശു. അവൻ ബേത്‌ലഹേമിലെ തന്റെ ജഡധാരണത്തിലൂടെ ദൈവരാജ്യം ഉദ്ഘാടനം ചെയ്തു. ദൈവരാജ്യം യേശുവിന്റെ പ്രസംഗത്തിന്റെ നടത്തൂൺ ആയിത്തീർന്നു. അവനിൽ ദൈവരാജ്യം പൂർണ്ണമായി ആഗതമായി (ഒ.നോ. മത്താ. 10:7; 11:12; 12:28; മർക്കൊ. 1:15; ലൂക്കൊ. 10:9,11; 11:20; 16:16; 17:20-21).

എങ്കിലും ദൈവരാജ്യം ഭാവികാല സംബന്ധിയുമാണ് (അന്ത്യകാല ശാസ്ത്രസംബന്ധി). അതു ഇപ്പോൾ ഉണ്ട് എങ്കിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല (ഒ.നോ. മത്താ. 6:10; 8:11; 16:28; 22:1-14; 26:29; ലൂക്കൊ. 9:27; 11:2; 13:29; 14:1-24; 22:16,18). യേശു ഒന്നാമത്തെ പ്രാവശ്യം കഷ്ടപ്പെടുന്ന ദാസനായിട്ടും (ഒ.നോ. യെശ. 52:13-53:12) താഴ്മയുള്ളവനായിട്ടും (ഒ.നോ. സെഖ. 9:9) ആണു വന്നത്. എന്നാൽ അവൻ ഇനി വരുന്നത് രാജാധിരാജാവായിട്ടാണ് (ഒ.നോ. മത്താ. 2:2; 21:15; 27:11-14). "വാഴുക" എന്ന ആശയം തീർച്ചയായും ഈ "രാജ്യ" ദൈവശാസ്ത്രത്തിന്റെ ഭാഗമാണ്. ദൈവം രാജ്യം യേശുവിന്റെ ശിഷ്യന്മാർക്കു നല്കും.

മശിഹായെ സംബന്ധിച്ചുള്ള പഴയ നിയമ പ്രവചനത്തിന്റെ നിവൃത്തിയാണ് യേശു (ലൂക്കൊ. 12:32 കാണുക).

ക്രിസ്തുവിനോടുകൂടെ വാഴുക എന്ന ആശയത്തിന് നിരവധി വശങ്ങളും ചോദ്യങ്ങളുമുണ്ട്:

1. ക്രിസ്തുവിലൂടെ ദൈവം വിശ്വാസികൾക്ക് "രാജ്യം" നൽകിയിരിക്കുന്നു എന്നു പ്രസ്താവിക്കുന്ന വേദഭാഗങ്ങൾ "വാഴുന്ന" കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ടോ (ഒ.നോ. മത്താ. 5:30; ലൂക്കൊ. 12:32)?
2. ഒന്നാം നൂറ്റാണ്ടിലെ യെഹൂദ പശ്ചാത്തലത്തിൽ ശിഷ്യന്മാരോടുള്ള യേശുവിന്റെ യഥാർത്ഥ വാക്കുകൾ സകല വിശ്വാസികളെയും ബാധിക്കുന്നവയാണോ (ഒ.നോ. മത്താ. 19:28; ലൂക്കൊ. 22:28-30)?
3. ഈ ജീവിതത്തിൽ ഇപ്പോൾ വാഴുന്നതിനെക്കുറിച്ചുള്ള പൗലൊസിന്റെ ഊന്നൽ മുകളിൽ പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾക്ക് വിരുദ്ധമാണോ അതോ അതിനു അനുയോജ്യമാണോ (ഒ.നോ. റോമ. 5:17; 1 കൊരി. 4:8)?
4. കഷ്ടതയും വാഴ്ചയും എപ്രകാരമാണ് ബന്ധപ്പെട്ടിരിക്കുന്നത് (ഒ.നോ. റോമ. 8:17; 2 തിമൊ. 2:11-12; 1 പത്രൊ. 4:13; വെളി. 1:9)?
5. വെളിപ്പാടു പുസ്തകത്തിൽ ആവർത്തിക്കുന്ന വിഷയമാണ് തേജസ്കരിക്കപ്പെട്ട ക്രിസ്തുവിന്റെ വാഴ്ചയിൽ പങ്കാളിയാകുക എന്നത്, എന്നാൽ ആ വാഴ്ച
   a. ഭൗമികം, 5:10
   b. സഹസ്രാബ്ദ വാഴ്ച, 20:5,6
   c. നിത്യമായത്, 2:26; 3:21; 22:5; ദാനീ. 7:14,18,27 എന്നീ നിലകളിലാണ്.

## റോമർ 5:18-21

**18അങ്ങനെ ഏകലംഘനത്താൽ സകലമനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏകനീതിയാൽ സകലമനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു. 19ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും. 20എന്നാൽ ലംഘനം പെരുകേണ്ടതിന്നു ന്യായപ്രമാണവും ഇടയിൽ ചേർന്നുവന്നു; എങ്കിലും പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു. 21പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തരം നീതിയാൽ നിത്യജീവന്നായി വാഴേണ്ടതിന്നു തന്നേ.**

**5:18**

**NASB** **"അങ്ങനെ ഏക നീതിപ്രവൃത്തി സകല മനുഷ്യർക്കും ജീവിതത്തിന്റെ നീതീകരണത്തിനു കാരണമായി"**

**NKJV** **"അങ്ങനെ ഒരു മനുഷ്യന്റെ നീതിപ്രവൃത്തിയിലൂടെ സകലമനുഷ്യർക്കും സൗജന്യ ദാനം ലഭിച്ചു"**

**NRSV** **"അങ്ങനെ ഏക മനുഷ്യന്റെ നീതിപ്രവൃത്തി സകലരുടെയും നീതിയിലേക്കും ജീവനിലേക്കും നയിച്ചു"**

**TEV** **"അതേരീതിയിൽ ഒരു നീതിപ്രവൃത്തി സകല മനുഷ്യരെയും സ്വതന്ത്രരാക്കുകയും അവർക്കു ജീവൻ നല്കുകയും ചെയ്തു"**

**NJB** **"അങ്ങനെ ഒരു മനുഷ്യന്റെ സൽപ്രവൃത്തി സകലർക്കും ജീവൻ നല്കുകയും അവരെ നീതീകരിക്കപ്പെട്ടവരാക്കുകയും ചെയ്തു"**

എല്ലാവരും രക്ഷിക്കപ്പെടും (സാർവ്വലൗകികത്വം) എന്നു പറയുകയല്ല ഇവിടെ. റോമാലേഖനത്തിന്റെ സന്ദേശത്തിൽ നിന്നും ഇവിടുത്തെ സന്ദർഭത്തിൽനിന്നും അടർത്തിയെടുത്ത് ഈ വാക്യത്തെ വ്യാഖ്യാനിക്കാൻ കഴികയില്ല. യേശുവിന്റെ ജീവിതം/മരണം/പുനരുത്ഥാനത്തിലൂടെ സകല മനുഷ്യർക്കും സാധ്യമായ രക്ഷയെയാണതു സൂചിപ്പിക്കുന്നത്. മനുഷ്യൻ മാനസാന്തരത്തിലൂടെയും വിശ്വാസത്തിലൂടെയും സുവിശേഷ വാഗ്ദാനത്തോടു പ്രതികരിക്കേണ്ടതുണ്ട് (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 3:16,19; 20:21). ദൈവം എല്ലായ്പോഴും മുൻകയ്യെടുക്കുന്നു (ഒ.നോ. യോഹ. 6:44,65). എന്നാൽ ഓരോ വ്യക്തിയും വ്യക്തിപരമായി പ്രതികരിക്കേണമെന്നും അവൻ നിഷ്കർഷിക്കുന്നു (ഒ.നോ. മത്താ. 11:28-29; യോഹ. 1:12; 3:16; റോമ. 10:9-13). അവന്റെ വാഗ്ദാനം സാർവ്വലൗകികമാണ് (ഒ.നോ. 1 തിമൊ. 2:4,6; 2 പത്രൊ. 3:9; 1 യോഹ. 2:2). എങ്കിലും അനേകർ "ഇല്ല" എന്നു പറയുന്നതാണ് അധർമ്മത്തിന്റെ മർമ്മം.

"നീതിപ്രവൃത്തി" എന്നത് ഒന്നുകിൽ,

1. പിതാവിനെ പൂർണ്ണമായി വെളിപ്പെടുത്തിയ യേശുവിന്റെ സമ്പൂർണ്ണ അനുസരണത്തിന്റെ ജീവിതവും ഉപദേശവും, അല്ലെങ്കിൽ
2. പാപികളായ മനുഷ്യർക്കുവേണ്ടിയുള്ള അവന്റെ മരണം.

ഒരു മനുഷ്യന്റെ ജീവിതം സകലരെയും ബാധിച്ചതുപോലെ (യെഹൂദ സമൂഹപരം, ഒ.നോ. യോശുവ 7) ഒരു നിഷ്കളങ്ക ജീവിതം സകലരെയും ബാധിച്ചു (ലേവ്യ. 1-7, 16). ഈ രണ്ടു വസ്തുതകൾ സമാന്തരമാണ്, പക്ഷേ തുല്യമല്ല. എല്ലാവരും ആദാമിന്റെ പാപത്താൽ ബാധിക്കപ്പെട്ടു, പക്ഷേ എല്ലാവരും യേശുവിന്റെ ജീവിതത്താൽ സാധ്യതാപരമായി മാത്രമേ ബാധിക്കപ്പെട്ടിട്ടുള്ളു. നീതീകരണ ദാനം പ്രാപിക്കുന്ന വിശ്വാസികൾക്കു മാത്രമേ അതു പ്രാപിക്കുവാൻ കഴിഞ്ഞിട്ടുള്ളു. യേശുവിന്റെ പ്രവൃത്തി ഭൂത, വർത്തമാന, ഭാവി കാലങ്ങളിലുള്ള സകല മാനുഷിക പാപങ്ങളെയും ബാധിച്ചു, പക്ഷേ വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന വിശ്വാസികൾക്കു മാത്രം!

**5:18-19 "സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ... സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണവും ... അനേകർ പാപികളായി ... അനേകർ നീതിമാന്മാരായി"** "അനേകർ" എന്ന പദം പരിമിതമായ നിലയിലല്ല, എല്ലാവരെയും ഉൾക്കൊള്ളുന്ന നിലയിലാണെന്നു കാണിക്കുന്ന സമാന്തരമായ പ്രയോഗമാണിത്. ഇതേ സമാന്തരത്വം യെശ. 53:6 ലെ "എല്ലാവരും", 53:11,12 ലെ "പലർ," "അനേകർ" എന്നതിലും കാണാൻ കഴിയും. സകല മനുഷ്യവർഗ്ഗത്തിനുമുള്ള ദൈവത്തിന്റെ രക്ഷയുടെ വാഗ്ദാനം (കാൽവിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും X തിരഞ്ഞെടുക്കപ്പെടാത്തവരും) "അനേകർ" എന്ന പദമുപയോഗിച്ച് ചിലർക്കു മാത്രമായി പരിമിതപ്പെടുത്താനാവില്ല.

രണ്ടു ക്രിയകളുടെ കർമ്മണി പ്രയോഗം ശ്രദ്ധിക്കുക. അവ ദൈവത്തിന്റെ പ്രവൃത്തിയെ പരാമർശിക്കുന്നു. ദൈവിക സ്വഭാവത്തോടുള്ള ബന്ധത്തിലാണ് മനുഷ്യർ പാപം ചെയ്യുന്നത് (ഒരു നിലവാരം ലംഘിക്കപ്പെടുന്നു). അതുപോലെ അവന്റെ സ്വഭാവത്തോടുള്ള ബന്ധത്തിലാണ് അവർ നീതീകരിക്കപ്പെടുന്നതും (അവന്റെ കൃപയുടെ ദാനം).

**5:19 "ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ ... ഏകന്റെ അനുസരണത്താൽ"** പഴയ നിയമ സമൂഹപരം എന്ന ദൈവശാസ്ത്ര ആശയം പൗലൊസ് ഉപയോഗിക്കുന്നു. ഒരു വ്യക്തിയുടെ പ്രവൃത്തി മുഴുസമൂഹത്തെയും ബാധിച്ചു (ഒ.നോ. യോശുവ 7 ലെ ആഖാൻ). ആദാമിന്റെയും ഹവ്വായുടെയും അനുസരണക്കേട് മുഴുസൃഷ്ടിയുടെമേലും ന്യായവിധി കൊണ്ടുവന്നു (ഒ.നോ. ഉല്പ. 3). ആദാമിന്റെ മത്സരത്തിന്റെ ഫലമായി സകല സൃഷ്ടിയും ശാപത്തിൻ കീഴിലായി (ഒ.നോ. 8:18-25). ഭൂമി പഴയതുപോലെ ആയില്ല. മനുഷ്യർ പഴയതുപോലെ ആയില്ല. മരണം ഭൂമിയിലെ സകല ജീവന്റെയും അന്ത്യമായി (ഒ.നോ. ഉല്പ. 5). ദൈവം ആഗ്രഹിച്ച തരത്തിലുള്ള ഭൂമിയല്ല ഇത്!

ഈ സമൂഹപരമായ അർത്ഥത്തിലാണ് യേശുവിന്റെ അനുസരണത്തിൻ പ്രവൃത്തിയായ കാൽവറി, (1) പുതിയ യുഗം, (2) ഒരു പുതിയ ജനം, (3) ഒരു പുതിയ ഉടമ്പടി എന്നിവയ്ക്കു കാരണമായി തീർന്നത്. ഈ പ്രാതിനിധ്യ ദൈവശാസ്ത്രത്തെ "ആദാം-ക്രിസ്തു പ്രതിരൂപം" എന്നു വിളിക്കുന്നു (ഒ.നോ. ഫിലി. 2:6). യേശു രണ്ടാം ആദാമാണ്. വീണുപോയ മനുഷ്യകുലത്തിന്റെ പുതിയ തുടക്കമാണവൻ.

▣ **"നീതിമാന്മാരായിത്തീരും"** 1:17 ലെ പ്രത്യേക പഠനവിഷയം കാണുക.

**5:20**

**NASB** **"ലംഘനം പെരുകേണ്ടതിന് ന്യായപ്രമാണം വന്നുചേർന്നു"**
**NKJV** **"മാത്രമല്ല ലംഘനം വർദ്ധിക്കേണ്ടതിന് ന്യായപ്രമാണം പ്രവേശിച്ചു"**
**NRSV** **"ന്യായപ്രമാണം വരികയും അതിന്റെ ഫലമായി അതിക്രമം വർദ്ധിക്കയും ചെയ്തു"**
**TEV** **"തെറ്റുകൾ വർദ്ധിക്കേണ്ടതിന് ന്യായപ്രമാണവും രംഗപ്രവേശം ചെയ്തു"**
**NJB** **"ന്യായപ്രമാണം വന്നപ്പോൾ അത് വീഴ്ചയ്ക്കുള്ള അവസരങ്ങളും വർദ്ധിപ്പിക്കേണ്ടതിനായിരുന്നു"**

ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം മനുഷ്യവർഗ്ഗത്തെ രക്ഷിക്കുക എന്നതായിരുന്നില്ല മറിച്ച്, സകല മനുഷ്യവർഗ്ഗത്തിന്റെയും ആവശ്യത്തെയും നിസ്സഹായതയെയും തുറന്നു കാണിക്കേണ്ടതിനും (ഒ.നോ. എഫെ. 2:1-3) അങ്ങനെ അവരെ ക്രിസ്തുവിലേക്ക് കൊണ്ടുവരുന്നതിനും വേണ്ടിയായിരുന്നു (ഒ.നോ. 3:20; 4:15; 7:5; ഗലാ. 3:19,23-26). ന്യാപ്രമാണം നല്ലതുതന്നേ, പക്ഷേ മനുഷ്യൻ പാപിയാണ് (ഒ.നോ. റോമ. 7)!

■ **"കൃപ അത്യന്തം വർദ്ധിച്ചു"** ഈ ഭാഗത്ത് പൗലൊസിന്റെ പ്രധാന ഊന്നൽ ഇതാണ്: പാപം കഠിനവും മലിനപ്പെടുത്തുന്നതും ആണെങ്കിലും കൃപ വർദ്ധിക്കുകയും അതിന്റെ ദൈനംദിന സ്വാധീനത്തെക്കാൾ വർദ്ധിക്കയും ചെയ്തു. ഒന്നാം നൂറ്റാണ്ടിലെ ക്ഷീണിച്ച സഭയെ ശക്തീകരിക്കുന്നിനുള്ള ഒരു മാർഗ്ഗമായിരുന്നു ഇത്. അവർ ക്രിസ്തുവിൽ ജയാളികളായിരുന്നു (ഒ.നോ. 5:9–11; 8:31–39; 1 യോഹ. 5:4). എന്നാൽ ഇത് കൂടുതൽ പാപം ചെയ്യുന്നതിനുള്ള ലൈസൻസ് അല്ല! 1:30 ലെ പ്രത്യേക പഠനവിഷയം: പൗലൊസിന്റെ *ഹൂപെർ* സംയുക്ത ങ്ങളുടെ ഉപയോഗം, കാണുക.

**5:21** "പാപ"ത്തെയും "കൃപ"യെയും രാജാക്കന്മാരായി ആളത്വം കല്പിച്ചിരിക്കുന്നു. വിശ്വമരണത്തിന്റെ ശക്തിയാൽ പാപം വാണു (വാ. 14,17). കൃപ യേശുക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയാലും വിശ്വാസിയുടെ വ്യക്തിപരമായ വിശ്വാസത്താലും മാനസാന്തരത്താലും സുവിശേഷത്തോടുള്ള പ്രതികരണത്താലും കണക്കിട പ്പെട്ട നീതിയുടെ ശക്തിയാൽ വാഴുന്നു.

ദൈവത്തിന്റെ പുതിയ ജനവും ക്രിസ്തുവിന്റെ ശരീരവും എന്ന നിലയിൽ വിശ്വാസികൾ ക്രിസ്തുവിനോടു കൂടെ വാഴും (ഒ.നോ. 5:17; 2 തിമൊ. 2:12; വെളി. 22:5). ഇതിനെ ഭൂമിയിലെ അല്ലെങ്കിൽ സഹസ്രാബ്ദത്തിലെ വാഴ്ച ആയി കാണാൻ കഴിയും (ഒ.നോ. വെളി. 5:9–10; 20). രാജ്യം വിശ്വാസികൾക്കു നല്കപ്പെട്ടിരിക്കുന്നു എന്നു പ്രസ്താവിക്കുന്നതിലൂടെ ഇതേ സത്യം ബൈബിൾ സംസാരിക്കുന്നു (ഒ.നോ. മത്താ. 5:3,10; ലൂക്കൊ. 12:32; എഫെ. 2:5–6). 5:17,18 ലെ പ്രത്യേക പഠനവിഷയം: ദൈവരാജ്യം കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്ക ണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാ താവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. ദൈവത്തിന്റെ "നീതി" നിർവചിക്കുക.
2. "സ്ഥാനീയ വിശുദ്ധീകരണം", "പുരോഗമന വിശുദ്ധീകരണം" എന്നിവ തമ്മിലുള്ള ദൈവശാസ്ത്രപരമായ വ്യത്യാസം എന്താണ്?
3. നാം രക്ഷിക്കപ്പെടുന്നത് കൃപയാലാണോ അതോ വിശ്വാസത്താലാണോ (ഒ.നോ. എഫെ. 2:8,9)?
4. ക്രിസ്തീയ വിശ്വാസികൾ കഷ്ടത സഹിക്കുന്നത് എന്തുകൊണ്ട്?
5. നാം രക്ഷിക്കപ്പെട്ടുവോ, അതോ രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവോ, അതോ രക്ഷിക്കപ്പെടുമോ?
6. നാം പാപം ചെയ്യുന്നതുകൊണ്ട് പാപികളായതാണോ, അതോ പാപികളായതുകൊണ്ട് പാപം ചെയ്യുക യാണോ?
7. "നീതീകരിക്കപ്പെട്ടു," "രക്ഷിക്കപ്പെട്ടു," "നിരപ്പിക്കപ്പെട്ടു" എന്നീ പദങ്ങൾ എങ്ങനെയാണ് ഈ അധ്യായ ത്തിൽ ബന്ധപ്പെട്ടിരിക്കുന്നത്?
8. ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഒരു മനുഷ്യന്റെ പാപത്തിന് എന്തുകൊണ്ടാണ് ദൈവം എന്നെ ഉത്തരവാദിയാക്കുന്നത് (വാ. 12–21)?
9. ആദാം മുതൽ മോശെ വരെയുള്ള കാലഘട്ടത്തിലെ പാപം ദൈവം കണക്കിടുന്നില്ലെങ്കിൽ പിന്നെ എന്തു കൊണ്ടാണ് ആ കാലഘട്ടത്തിലെ എല്ലാവരും മരിച്ചത് (വാ. 13–14)?
10. "എല്ലാവരും," "അനേകർ" എന്നീ പദങ്ങൾ പര്യായങ്ങളാണോ (വാ. 18–19; യെശ. 53:6,11–12)?

# റോമർ 6

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| പാപത്തിനു മരിച്ചു ക്രിസ്തുവിൽ ജീവിക്കുന്നു | പാപത്തിനു മരിച്ചു ദൈവത്തിനു ജീവിക്കുന്നു | ക്രിസ്തുവിനോടു കൂടെ മരിക്കുകയും ജീവിക്കുകയും | പാപത്തിനു മരിച്ചു ക്രിസ്തുവിൽ ജീവിക്കുന്നു | സ്നാനം |
| 6:1-11 | 6:1-14 | 6:1-4 | 6:1-4 | 6:1-7 |
| | | 6:5-11 | 6:5-11 | |
| | | | | 6:8-11 |
| | | | | പാപമല്ല വിശുദ്ധിയാണ് യജമാനൻ |
| 6:12-14 | | 6:12-14 | 6:12-14 | 6:12-14 |
| നീതിക്കു ദാസന്മാർ | പാപത്തിന്റെ ദാസ്യത്തിൽനിന്നും ദൈവത്തിന്റെ ദാസന്മാർ | രണ്ട് അടിമത്തങ്ങൾ | നീതിക്കു ദാസന്മാർ | വിശ്വാസി പാപത്തിന്റെ അടിമത്തത്തിൽനിന്നു സ്വതന്ത്രൻ |
| 6:15-23 | 6:15-23 | 6:15-19 | 6:15-19 | 6:15-19 |
| | | | | പാപത്തിന്റെ ശമ്പളവും നീതിയുടെ പ്രതിഫലവും |
| | | 6:20-23 | 6:20-23 | 6:20-23 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## പശ്ചാത്തല ഉൾക്കാഴ്ചകൾ

A. 6:1-8:31 വരെയുള്ള ഭാഗം, പാപത്തോടുള്ള വിശ്വാസിയുടെ ബന്ധത്തെക്കുറിച്ച് പ്രതിപാദിക്കുന്ന (അതാ. നീതീകരണം) ഒരു യൂണിറ്റാണ്. ഇതു വളരെ പ്രധാനപ്പെട്ട വിഷയമാണ്. കാരണം, സുവിശേഷം ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ സൗജന്യ കൃപയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ് (ഒ.നോ. 3:21-5:21). അതുകൊണ്ട് പാപം എങ്ങനെയാണ് വിശ്വാസിയെ ബാധിക്കുന്നത്? 6-ാം അധ്യായം രണ്ടു ചോദ്യങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു, വാ. 1, വാ. 20. വാ. 1, 5:20 നോടു ബന്ധപ്പെട്ടിരിക്കുമ്പോൾ, വാ. 15, 6:14 നോടാണു ബന്ധപ്പെട്ടിരിക്കുന്നത്. ഒന്നാമത്തേത് പാപം ഒരു ജീവിതശൈലി (വർത്തമാനകാലം) എന്ന നിലയിൽ ബന്ധപ്പെട്ടിരിക്കുമ്പോൾ, രണ്ടാമത്തേത് വ്യക്തിപരമായ പാപപ്രവൃത്തിയോടു (ഭൂതകാലം) ബന്ധപ്പെട്ടിരിക്കുന്നു. വാ. 1-14, വിശ്വാസിയുടെ പാപാധിപത്യത്തിൽ നിന്നുള്ള വിടുതലിനെ പ്രതിപാദിക്കുമ്പോൾ, വാ.

15-23 വിശ്വാസികൾ മുമ്പു പാപത്തെ സേവിച്ചതുപോലെ ഇപ്പോൾ ദൈവത്തെ സേവിക്കുന്നതിനുള്ള അവരുടെ സ്വാതന്ത്ര്യത്തെ - പൂർണ്ണമായും മുഴുവനായും പൂർണ്ണഹൃദയത്തോടെയും - പ്രതിപാദിക്കുന്നു.

B. വിശുദ്ധീകരണം എന്നത് (6:4 ലെ പ്രത്യേക പഠനവിഷയം കാണുക)
   1. ഒരു സ്ഥാനം (രക്ഷയിൽ നീതീകരണം കണക്കിട്ടതുപോലെ, ഒ.നോ. 3:21-5:21)
   2. ഒരു പുരോഗതി പ്രാപിക്കുന്ന ക്രിസ്തു സാദൃശ്യം
      a. 6:1-8:39 ഈ സത്യം ദൈവശാസ്ത്രപരമായി വെളിപ്പെടുത്തുന്നു
      b. 12:1-15:13 അത് പ്രായോഗികമായി വെളിപ്പെടുത്തുന്നു (6:4 ലെ പ്രത്യേക പഠനവിഷയം കാണുക)

C. വ്യാഖ്യാതാക്കൾക്ക് പലപ്പോഴും നീതീകരണം, സ്ഥാനീയ വിശുദ്ധീകരണം എന്നീ വിഷയങ്ങളെ അവയുടെ അർത്ഥം ഗ്രഹിക്കുന്നതിനായി വിഭജിക്കേണ്ടിവരാറുണ്ട്. വാസ്തവത്തിൽ അവ കൃപയുടെ ഒരേ സമയം നടക്കുന്ന പ്രവൃത്തികളാണ് (സ്ഥാനീയം, 1 കൊരി. 1:30; 6:11). രണ്ടിന്റെയും പ്രവർത്തനരീതി ഒന്നുതന്നെയാണ് - യേശുവിന്റെ ജീവിതം, മരണം, ഉയിർത്തെഴുന്നേല്പ്/സ്വർഗ്ഗാരോഹണം എന്നിവയിലൂടെ പ്രദർശിപ്പിക്കപ്പെട്ട ദൈവകൃപയും അതു സ്വീകരിക്കുന്നതും (ഒ.നോ. എഫെ. 2:8-9).

D. ദൈവമക്കൾക്ക് ക്രിസ്തുവിൽ സാധ്യമായ പൂർണ്ണ വളർച്ചയെ ഈ അധ്യായം പഠിപ്പിക്കുന്നു (പാപരഹിതാവസ്ഥ, ഒ.നോ. 1 യോഹ. 3:6,9; 5:18). അധ്യായം 7, 1 യോഹ. 1:8-2:1 എന്നിവ വിശ്വാസിയുടെ തുടർമാനമായ പാപാവസ്ഥ എന്ന യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നു.

   പാപക്ഷമ സംബന്ധിച്ച പൗലൊസിന്റെ വീക്ഷണത്തെക്കുറിച്ചുള്ള (അതാ. വിശ്വാസം മൂലം കൃപയാലുള്ള നീതീകരണം) ആശയ സംഘട്ടനം. പുതിയ വിശ്വാസികൾ മോശൈക ന്യായപ്രമാണം അനുസരിക്കുന്നതിലൂടെ ഭക്തിനിർഭര ജീവിതം ഉറപ്പാക്കണമെന്ന് യെഹൂദന്മാർ ആവശ്യപ്പെട്ടു. ചില ആളുകൾ പൗലൊസിന്റെ വീക്ഷണത്തെ പാപം ചെയ്യുന്നതിനുള്ള അനുവാദമായി കണ്ടു എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു (ഒ.നോ. വാ. 1, 15; 2 പത്രൊ. 3:15,16). ബാഹ്യനിയമങ്ങളല്ല, ഉള്ളിൽ വസിക്കുന്ന ആത്മാവാണ് ക്രിസ്തുതുല്യ അനുയായികളെ വാർത്തെടുക്കുന്നതെന്ന് പൗലൊസ് വിശ്വസിച്ചു. വാസ്തവത്തിൽ ഇതാണ് പഴയ ഉടമ്പടിയും (ഒ.നോ. ആവ. 27-28) പുതിയ ഉടമ്പടിയും (ഒ.നോ. യിരെ. 31:31-34; യെഹെ. 36:26-27) തമ്മിലുള്ള വ്യത്യാസം.

E. സ്നാനം എന്നത് നീതീകരണം/വിശുദ്ധീകരണം എന്ന ആത്മിക യാഥാർത്ഥ്യത്തിന്റെ ഭൗതിക പ്രകടനം മാത്രമാണ്. റോമാലേഖനത്തിൽ സ്ഥാനീയ വിശുദ്ധീകരണം (നീതീകരണം), അനുഭവവേദ്യമായ വിശുദ്ധീകരണം (ക്രിസ്തുസാദൃശ്യം) എന്നീ ഇരട്ട ഉപദേശം ഊന്നിപ്പറഞ്ഞിരിക്കുന്നു. അവനോടുകൂടെ കുഴിച്ചിടപ്പെട്ടു (വാ. 4) എന്നത് "അവനോടുകൂടെ ക്രൂശിക്കപ്പെട്ടു" (വാ. 6) എന്നതിനു സമാന്തരമാണ്.

F. ക്രിസ്ത്യാനിയുടെ ജീവിതത്തിൽ പരീക്ഷയെയും പാപത്തെയും ജയിക്കുന്നതിനുള്ള താക്കോൽ
   1. നിങ്ങൾ ക്രിസ്തുവിലാണെന്നറിയുക. അവൻ നിങ്ങൾക്കുവേണ്ടി ചെയ്തത് എന്താണെന്നറിയുക. നിങ്ങൾ പാപത്തിൽനിന്നു സ്വാതന്ത്ര്യമുള്ളവരാണ്. നിങ്ങൾ പാപത്തിനു മരിച്ചവരാണ്!
   2. നിങ്ങളുടെ ദൈനംദിന ജീവിത സാഹചര്യങ്ങളിൽ ക്രിസ്തുവിലുള്ള നിങ്ങളുടെ സ്ഥാനത്തെ എണ്ണുക/കണക്കിടുക.
   3. നിങ്ങൾ നിങ്ങൾക്കുള്ളവരല്ല. നാം നമ്മുടെ യജമാനനെ സേവിക്കണം/അനുസരിക്കണം. ആദ്യം നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി ഏല്പിച്ചു തന്നവനോടുള്ള സ്നേഹവും നന്ദിയും നിമിത്തം നാം സേവിക്കണം/അനുസരിക്കണം.
   4. ക്രിസ്തീയ ജീവിതം എന്നത് പ്രകൃത്യാതീത ജീവിതമാണ്. അത്, രക്ഷപോലെ തന്നേ ക്രിസ്തുവിൽ ദൈവത്തിൽനിന്നുള്ള ദാനമാണ്. അവൻ അതിന് ആരംഭം കുറിക്കുകയും അതിനുള്ള ശക്തി നൽകുകയും ചെയ്യുന്നു. നാം പ്രാരംഭമായും തുടർമാനമായും മാനസാന്തരത്തിലൂടെയും വിശ്വാസത്തിലൂടെയും പ്രതികരിക്കണം.
   5. പാപത്തോടു കളിക്കരുത്. അതിന്റെ പേരിനനുസരിച്ച് അതിനെ മുദ്രകുത്തുക. അതിൽനിന്നും ഒഴിഞ്ഞു നില്ക്കുക. അതിനെ വിട്ട് ഓടിപ്പോകുക. പരീക്ഷയുടെ സ്ഥാനങ്ങളിൽ പ്രവേശിക്കരുത്.
   6. വിശ്വാസിയിലുള്ള പാപം തകർക്കപ്പെടേണ്ട ഒരു അടിമത്തമാണ്. എങ്കിലും അതിന് സുവിശേഷ ജ്ഞാനം, ആത്മാവിന്റെ സാന്നിധ്യം, സമയം, പ്രയത്നം, സ്വമേധയാ തീരുമാനം എന്നിവ ആവശ്യമാണ്.

# പദ ശൈലീ പഠനം

**റോമർ 6:1-7**

**[1]ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തു കൊണ്ടിരിക്ക എന്നോ? [2]ഒരുനാളും അരുതു. പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ? [3]അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ**

**മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? [4]അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാന ത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ. [5]അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. [6]നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. [7]അങ്ങനെ മരിച്ചവൻ പാപത്തിൽനിന്നു മോചനം പ്രാപിച്ചിരിക്കുന്നു.**

**6:1**

**NASB** **"കൃപ വർദ്ധിക്കേണ്ടതിന് നാം പാപത്തിൽ തുടരുക എന്നോ"**
**NKJV** **"കൃപ പെരുകേണ്ടതിന് നാം പാപത്തിൽ തുടരേണമോ"**
**NRSV** **"കൃപ പെരുകേണ്ടതിനുവേണ്ടി നാം പാപത്തിൽ തുടരേണമോ"**
**TEV** **"ദൈവത്തിന്റെ കൃപ വർദ്ധിക്കേണ്ടതിന് നാം പാപത്തിൽ തുടർന്നും ജീവിക്കേണമെന്നോ"**
**NJB** **"കൃപയ്ക്ക് വിശാല സാധ്യത ഉണ്ടാകേണ്ടതിന് നാം പാപത്തിൽ നിലനില്ക്കേണമെന്നാണോ'**

ഇതൊരു വർത്തമാനകാല കർത്തരി ക്രിയാബന്ധമാണ്. ക്രിസ്തീയ വിശ്വാസികൾ പാപത്തിൽ "വസിക്കയോ" പാപത്തെ "ആലിംഗനം ചെയ്കയോ" ചെയ്യാമോ എന്ന ചോദ്യമാണിവിടെ ഉന്നയിക്കുന്നത്. ഇത് 5:20 ലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുന്നു. കൃപയുടെ സാധ്യതയുള്ള ദുരുപയോഗത്തെ നേരിടുന്നതിന് പൗലൊസ് ഒരു സൈദ്ധാന്തിക പ്രതിവാദിയെ ഉപയോഗിക്കുന്നു (ഒ.നോ. 1 യോഹ. 3:6,9; 5:18). ദൈവത്തിന്റെ കൃപയും കരുണയും മറുതലിപ്പിൻ ജീവിതത്തിനുള്ള ലൈസൻസല്ല.

സൗജന്യ രക്ഷ ക്രിസ്തുവിലൂടെയുള്ള ദൈവകൃപയുടെ ദാനം എന്ന പൗലൊസിന്റെ സുവിശേഷം (ഒ.നോ. 3:24; 5:15,17; 6:23) ജീവിതശൈലീ നീതി സംബന്ധിച്ച് അനേക ചോദ്യങ്ങളുയർത്തി. എങ്ങനെയാണ് ഒരു സൗജന്യദാനം സാന്മാർഗ്ഗിക നീതി ഉളവാക്കുന്നത്? നീതീകരണവും വിശുദ്ധീകരണവും വേർപെടുത്താനാവില്ല (ഒ.നോ. മത്താ. 7:24-27; ലൂക്കൊ. 8:21; 11:28; യോഹ. 13:17; റോമ. 2:13; യാക്കോ. 1:22-25; 2:14-16).

ഈ വിഷയത്തെ സംബന്ധിച്ച് പോൾ: *അപ്പോസിൽ ഓഫ് ദ ഹേർട്ട് സെറ്റ് ഫ്രീ* എന്ന ഗ്രന്ഥത്തിൽ നിന്നും എഫ്. എഫ്. ബ്രൂസിനെ ഞാൻ ഉദ്ധരിക്കട്ടെ:

> "വിശ്വാസികളുടെ സ്നാനം, അവരുടെ പഴയ വീണ്ടുംജനനം പ്രാപിക്കാത്ത അവസ്ഥയും ക്രിസ്തുവിലുള്ള അവരുടെ പുതിയ ജീവിതവും തമ്മിലുള്ള അതിർത്തി നിശ്ചയിക്കുന്നു. അത് പഴയ ജീവിതരീതിയോടുള്ള അവരുടെ മരണത്തെ സൂചിപ്പിക്കുന്നതിനാൽ സ്നാനമേറ്റ ഒരു വിശ്വാസി പാപത്തിൽ തുടരുക എന്നത്, സ്വാതന്ത്ര്യം ലഭിച്ച ഒരു അടിമ തന്റെ മുൻകാല ഉടമയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നതുപോലെയോ (ഒ.നോ. റോമ. 6:1-4, 15-23) അല്ലെങ്കിൽ ഒരു വിധവ അവളുടെ മരിച്ചുപോയ ഭർത്താവിന്റെ നിയമത്തിനു കീഴ്പ്പെട്ടിരിക്കുന്നതുപോലെയോ ആണ് (പേജ് 281-282, ഒ.നോ. റോമ. 7:1-6).

ജസിംസ് എസ്. സ്റ്റുവാർട്ട് തന്റെ *എ മാൻ ഇൻ ക്രൈസ്റ്റ്* എന്ന ഗ്രന്ഥത്തിൽ എഴുതുന്നു,

> അപ്പൊസ്തലന്റെ ഇതു സംബന്ധിച്ച ചിന്തയുടെ യുക്തി റോമർ 6 ൽ കാണാം. അവിടെ പൗലൊസ്, അതിശയകരമായ ഊർജ്ജസ്വലതയോടും പ്രയത്നത്തോടും, ക്രിസ്തുവിന്റെ മരണത്തിൽ അവനോട് ചേരുക എന്നു പറഞ്ഞാൽ വിശ്വാസി പാപത്തോട് പൂർണ്ണമായും കഠിനമായും വേർപെടുക എന്നതാണെന്ന് ഹൃദയത്തിലും മനസ്സാക്ഷിയിലും ആഴ്ത്തിയെഴുതുവാൻ ശ്രമിക്കുന്നു." (പേജ് 187-188).

**6:2 "ഒരുനാളും അരുത്"** ഒരു ആഗ്രഹം അല്ലെങ്കിൽ പ്രാർത്ഥനയെ സൂചിപ്പിക്കുന്ന വിധിരൂപം ആണിത്. ഇത് ഒരു സാങ്കല്പിക പ്രതിവാദിയോടു ഉത്തരം പറയുന്ന വിധത്തിലുള്ള പൗലൊസിന്റെ പ്രത്യേകമായ ശൈലിയാണ് (അതായത് എബ്രായ ശൈലി). അവിശ്വാസികളായ മനുഷ്യവർഗ്ഗം കൃപയെ തെറ്റിദ്ധരിക്കുകയും ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നതിലുള്ള പൗലൊസിന്റെ ഞെട്ടലും ഭീതിയും വെളിപ്പെടുത്തുകയാണിവിടെ (ഒ. നോ. 3:4,6).

▣ **"പാപസംബന്ധമായി മരിച്ചവരായ"** "നാം മരിച്ചു" എന്നർത്ഥം വരുന്ന ഭൂതകാല കർത്തരി സൂചകമാണിത്. "പാപം" എന്ന ഏകവചനരൂപം ഈ അദ്ധ്യായത്തിലുടനീളം ഉപയോഗിച്ചിട്ടുണ്ട്. ആദാമിൽനിന്നും ലഭിച്ച നമ്മുടെ "പാപ പ്രകൃതിയെ" ആണിതു സൂചിപ്പിക്കുന്നതെന്നു തോന്നുന്നു (ഒ.നോ. റോമ. 5:12-21; 1 കൊരി. 15:21-22). വിശ്വാസിയുടെ ക്രിസ്തുവിനോടുള്ള പുതിയ ബന്ധത്തെ സൂചിപ്പിക്കുവാൻ മരണമെന്ന ആശയത്തെ ഒരു സാദൃശ്യമായി പൗലൊസ് പലപ്പോഴും ഉപയോഗിക്കുന്നതു കാണാം. അവർ ഇനിമേൽ പാപത്തിന്റെ മേധാവിത്വത്തിന് അടിമകളല്ല.

▣ **"ഇനി അതിൽ ജീവിക്കുന്നത്"** ഇത് ആക്ഷരികമായി "നടക്കുക" എന്നാണ്. ഈ സാദൃശ്യം ഒന്നുകിൽ നമ്മുടെ ജീവിതശൈലീ വിശ്വാസത്തെ (ഒ.നോ. എഫെ. 4:1; 5:2,15) അല്ലെങ്കിൽ ജീവിതശൈലീ പാപത്തെ (ഒ. നോ. വാ. 4; എഫെ. 4:17) ഊന്നിപ്പറയുവാൻ ഉപയോഗിക്കുന്നു. വിശ്വാസികൾക്ക് പാപത്തിൽ സന്തോഷിക്കുവാൻ കഴികയില്ല.

**6:3-4 "സ്നാനം ഏറ്റവരായ നാം ... കുഴിച്ചിടപ്പെട്ടു"** ഒരു ഇതു രണ്ടും ഭൂതകാല കർമ്മണി സൂചകങ്ങളാണ്. ഈ വ്യാകരണ രൂപം മിക്കപ്പോഴും ഉപയോഗിക്കുന്നത് ഒരു ബാഹ്യമധ്യസ്ഥനാൽ നിർവഹിക്കപ്പെട്ട പൂർത്തിയായ പ്രവൃത്തിയെ സൂചിപ്പിക്കുന്നതിനാണ്. ഇവിടെയത് പരിശുദ്ധാത്മാവാണ്. ഈ സന്ദർഭത്തിൽ ഇതു രണ്ടും സമാന്തരമാണ്.

## പ്രത്യേക പഠന വിഷയം: സ്നാനം

കർട്ടിസ് വോഗൻ *പ്രവൃത്തികൾ* പേജ് 28 ൽ താല്പര്യജനകമായ ഒരു ഫുട്ട്നോട്ട് കൊടുത്തിട്ടുണ്ട്.

"സ്നാനം' എന്നതിനുള്ള ഗ്രീക്കു പദം ഒരു പ്രഥമ പുരുഷ വിധിരൂപമാണ്; 'മാനസാന്തരപ്പെടുക' എന്ന പദം ഒരു മധ്യമ പുരുഷ വിധിരൂപവുമാണ്. കൂടുതൽ നേരിട്ടുള്ള മധ്യപുരുഷ കല്പനയിൽനിന്നും 'സ്നാന'ത്തെക്കുറിച്ചുള്ള കുറഞ്ഞ നേരിട്ടുള്ള പ്രഥമപുരുഷ കല്പനയിലേക്കുള്ള ഈ മാറ്റം സൂചിപ്പിക്കുന്നത് പത്രൊസിന്റെ അടിസ്ഥാനപരമായ ഒന്നാമത്തെ കല്പന മാനസാന്തരത്തിനുവേണ്ടിയായിരുന്നു എന്നാണ്.

ഇത് യോഹന്നാൻ സ്നാപകന്റെയും (ഒ.നോ. മത്താ. 3:2) യേശുവിന്റെയും (ഒ.നോ. മത്താ. 4:17) പ്രസംഗ ഊന്നലിനെയാണ് പിന്തുടരുന്നത്. മാനസാന്തരം ഒരു ആത്മിക താക്കോലും, സ്നാനം ഈ ആത്മിക രൂപാന്തരത്തിന്റെ ബാഹ്യപ്രകടനവുമാണ്. പുതിയ നിയമത്തിന് സ്നാനപ്പെടാത്ത വിശ്വാസികളെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. ആദിമ ക്രിസ്ത്യാനിയെ സംബന്ധിച്ച് സ്നാനമെന്നത് വിശ്വാസത്തിന്റെ പരസ്യമായ ഏറ്റുപറച്ചിലായിരുന്നു. അത് രക്ഷയ്ക്കുള്ള യാന്ത്രികമായ പ്രവൃത്തിയല്ല, ക്രിസ്തുവിലുള്ള വിശ്വാസത്തെ പരസ്യമായി പ്രഖ്യാപിക്കുന്നതിനുള്ള അവസരമായിരുന്നു. പത്രൊസിന്റെ രണ്ടാമത്തെ പ്രസംഗത്തിൽ മാനസാന്തരം പരാമർശിക്കപ്പെട്ടിരുന്നു എങ്കിലും സ്നാനം പരാമർശിക്കപ്പെട്ടില്ല എന്ന കാര്യം ഓർക്കേണ്ടതാണ് (ഒ. നോ. 3:19; ലൂക്കൊ. 24:17). യേശു കാണിച്ചുതന്ന മാതൃകയായിരുന്നു സ്നാനം (ഒ.നോ. മത്താ. 3:13-18). സ്നാനം യേശുവിന്റെ കല്പനയായിരുന്നു (ഒ.നോ. മത്താ. 28:19). രക്ഷയ്ക്ക് സ്നാനം ആവശ്യമാണോ എന്ന ആധുനിക ചോദ്യത്തിന് പുതിയ നിയമത്തിൽ വിശദീകരണമില്ല; എല്ലാ വിശ്വാസികളും സ്നാനപ്പെടണമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. എന്നിരുന്നാലും, ഒരുവൻ കൂദാശാപരമായ ചടങ്ങിനെതിരെ ജാഗ്രത പാലിക്കണം! രക്ഷ ഒരു വിശ്വാസ വിഷയമാണ്, അല്ലാതെ ഒരു ശരിയായ സ്ഥലം, ശരിയായ വാക്കുകൾ, ശരിയായ ചടങ്ങ് നടത്തൽ എന്നിവയിലൊതുങ്ങുന്നതല്ല!

▣ **"യേശുക്രിസ്തുവിനോടു ചേരുവാൻ"** *എയ്സ്* (***εις***, ഓട്) എന്ന ഗതിയുടെ ഉപയോഗം മത്താ. 28:19 ലെ ശ്രേഷ്ഠ നിയോഗത്തിനു സമാന്തരമാണ്. അവിടെ പുതിയ വിശ്വാസി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തോട് (*എയ്സ്* - ഓട്) സ്നാനപ്പെടണം. 1 കൊരി. 12:13 ൽ വിശ്വാസികൾ പരിശുദ്ധാത്മാവിനാൽ ക്രിസ്തുവിന്റെ ശരീരത്തോട് സ്നാനത്താൽ ചേർക്കുന്നതിനും ഇതേ ഗതി ഉപയോഗിച്ചിരിക്കുന്നു. *എയ്സ്* (***εις***) ഈ സന്ദർഭത്തിൽ, വാ. 11ലെ *എൻ* (***εν***, ൽ) ന് സമാന്തരമാണ്. അത് വിശ്വാസികളെ സൂചിപ്പിക്കുന്നതിനുള്ള പൗലൊസിന്റെ ഇഷ്ട പ്രയോഗമാണ്. അത് സ്ഥാനത്തെ സൂചിപ്പിക്കുന്ന പ്രയോഗമാണ്. വിശ്വാസികൾ ക്രിസ്തുവിൽ ജീവിക്കുകയും ചരിക്കുകയും അവരുടെ ആസ്തിക്യം ഉറപ്പിക്കുകയും ചെയ്യുന്നു. ഈ ഗതികൾ ആ ആത്മാർത്ഥ ഏകീഭാവത്തെയും, കൂട്ടായ്മയുടെ പരിവൃത്തിയെയും, ഈ മുന്തിരിവള്ളി-കൊമ്പ് ബന്ധത്തെയും സൂചിപ്പിക്കുന്നു. വിശ്വാസികൾ ക്രിസ്തുവിന്റെ മരണത്തോട് ഏകീഭവിക്കുകയും അവന്റെ മരണത്തിലും (ഒ. നോ. വാ. 6; 8:17) പുനരുത്ഥാനത്തിലും (ഒ.നോ. വാ. 5), ദൈവത്തോടും അവന്റെ രാജ്യത്തോടുമുള്ള അവന്റെ അനുസരണത്തോടെയുള്ള സേവനത്തിലും പങ്കാളികളാകുകയും ചെയ്യുന്നു!

▣ **"അവന്റെ മരണത്തിൽ ... അവനോടുകൂടെ കുഴിച്ചിടപ്പെട്ടു"** വെള്ളത്തിൽ മുങ്ങിയുള്ള സ്നാനം മരണത്തെയും അടക്കത്തെയും ചിത്രീകരിക്കുന്നു (ഒ.നോ. വാ. 5 & കൊലൊ. 2:12). യേശു തന്റെ മരണത്തിന്റെ സാദൃശ്യമായി സ്നാനത്തെ ചിത്രീകരിച്ചു (ഒ.നോ. മർക്കൊ. 10:38-39; ലൂക്കൊ. 12:50). ഇവിടത്തെ ഊന്നൽ സ്നാനത്തിന്റെ ഉപദേശത്തിനല്ല, മറിച്ച് ക്രിസ്തുവിന്റെ മരണത്തോടും അടക്കത്തോടുമുള്ള വിശ്വാസിയുടെ പുതിയതും ആഴമേറിയതുമായ ബന്ധത്തെക്കുറിച്ചാണ്. വിശ്വാസികൾ ക്രിസ്തുവിന്റെ സ്നാനത്തോടും അവന്റെ സ്വഭാവത്തോടും, അവന്റെ യാഗത്തോടും, അവന്റെ ദൗത്യത്തോടും ഏകീഭവിക്കുന്നു. പാപത്തിന് വിശ്വാസിയുടെമേൽ ഒരു അധികാരവുമില്ല.

**6:4 "അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു"** ഈ അധ്യായത്തിൽ, പൗലൊസിന്റെ മറ്റെല്ലാ എഴുത്തുകളിലും കാണുന്നതുപോലെ, *സുൻ* (***συν***, കൂടെ) ഉപയോഗിച്ചുള്ള സംയുക്തപദങ്ങൾ ധാരാളം ഉപയോഗിച്ചിട്ടുണ്ട് (ഉദാ. എഫെ. 2:5-6 ൽ മൂന്നെണ്ണം).

1. *സുൻ + താപ്റ്റോ* (***συν+θαπτω***) = ഒരുമിച്ച് അടക്കപ്പെട്ടു, വാ. 4; കൊലൊ. 2:12; വാ. 8 ന്റെ കുറിപ്പ് കാണുക.
2. *സുൻ + ഫുഓ* (***συν+φυω***) = ഒരുമിച്ച് നടപ്പെട്ടു, വാ. 5.
3. *സുൻ + സ്റ്റാവുറോഓ* (***συν+σταυροω***) = ഒരുമിച്ച് ക്രൂശിക്കപ്പെട്ടു, വാ. 6; ഗലാ. 2:20.
4. *സുൻ + ഡ്സാഓ* (***συν+ζαω***) = ഒരുമിച്ച് നിലനില്ക്കുക, വാ. 8; 2 തിമൊ. 2:11 (ഒരുമിച്ചു മരിച്ചു, ഒരുമിച്ചു വാഴുക എന്നതും)

**"നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ"** ഇതൊരു ഭൂതകാല കർത്തരി ക്രിയാബന്ധമാണ്. രക്ഷയുടെ പ്രതീക്ഷിക്കുന്ന ഫലം വിശുദ്ധീകരണമാണ്. വിശ്വാസികൾ ക്രിസ്തുവിലൂടെ ദൈവത്തിന്റെ കൃപ പ്രാപിച്ചതുകൊണ്ടും പരിശുദ്ധാത്മാവിനാൽ വാസം ചെയ്യപ്പെടുന്നതുകൊണ്ടും അവരുടെ ജീവിതം വ്യത്യസ്തമായിരിക്കണം. നമ്മുടെ പുതിയ ജീവിതം (*ഡ്സോയി, ζοη*) നമുക്കു രക്ഷ നൽകുകയില്ല, മറിച്ച് അത് രക്ഷയുടെ ഫലമാണ് (ഒ.നോ. വാ. 16,19; 8:4; 13:13; 14:15; എഫെ. 1:4; 2:8–9,10; യാക്കോ. 2:14–26). ഇത് വേണോ വേണ്ടയോ, വിശ്വാസമോ പ്രവൃത്തിയോ എന്ന ചോദ്യമല്ല, മറിച്ച് പിന്തുടരുന്ന ഒരു ക്രമമാണ്.

## പ്രത്യേക പഠനവിഷയം: വിശുദ്ധീകരണം

പാപികൾ അനുതാപത്തോടും വിശ്വാസത്തോടും യേശുവിങ്കലേക്കു തിരിയുമ്പോൾ തൽക്ഷണം തന്നെ അവർ നീതീകരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു എന്നാണ് പുതിയനിയമം പ്രഖ്യാപിക്കുന്നത്. ഇതാണ് ക്രിസ്തുവിലുള്ള അവരുടെ പുതിയ നില. അവന്റെ നീതി അവരുടെ മേൽ ചുമത്തപ്പെട്ടിരിക്കുകയാണ് (റോമർ 4). അവർ ശരിയായ ബന്ധത്തിലായെന്നും വിശുദ്ധന്മാരെന്നും പ്രഖ്യാപിക്കപ്പെടുന്നു (ദൈവത്തിന്റെ ഒരു നീതീകരണ പ്രവൃത്തി).

എന്നാൽ വിശുദ്ധിയിലും വിശുദ്ധീകരണത്തിലും തുടരുവാനും പുതിയനിയമം വിശ്വാസികളെ ഉത്സാഹിപ്പിക്കുന്നു. ഇത് യേശുക്രിസ്തുവിന്റെ പൂർത്തിയായ പ്രവൃത്തിയിന്മേലുള്ള ഒരു ദൈവശാസ്ത്രപരമായ നിലയും ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിനെപ്പോലെയുള്ള മനോഭാവവും പ്രവൃത്തിയും ഉണ്ടായിരിക്കുന്നതിനുള്ള ഒരു ആഹ്വാനവുമാണ്. രക്ഷ സൗജന്യദാനവും വിലകൊടുക്കേണ്ട ജീവിതശൈലിയുമായിരിക്കുന്നതുപോലെ തന്നെയാണ് വിശുദ്ധീകരണവും.

| പ്രാഥമിക പ്രതികരണം | പുരോഗമനോന്മുഖമായ ക്രിസ്തുസാദൃശ്യം |
|---|---|
| പ്രവൃ. 20:23; 26:18 | റോമർ 6:19 |
| റോമർ 15:16 | 2 കൊരി. 7:1 |
| 1 കൊരി. 1:2–3; 6:11 | എഫെ. 1:14; 2:10 |
| 2 തെസ്സ. 2:13 | 1 തെസ്സ. 3:13; 4:3–4,7; 5:23 |
| എബ്രാ. 2:11; 10:10,14; 13:12 | 1 തിമൊ. 2:15 |
| 1 പത്രൊ. 1:12 | 2 തിമൊ. 2:21 |
| | എബ്രാ. 12:14 |
| | 1 പത്രൊ. 11:15–16 |

**"പിതാവിന്റെ മഹിമയാൽ"** "മഹത്വം" എന്നതിന് 3:23 ലെ പ്രത്യേക പഠനവിഷയം കാണുക. "പിതാവ്" എന്നതിന് 1:7 ലെ പ്രത്യേക പഠനവിഷയം കാണുക.

**"ജീവിച്ചെഴുന്നേറ്റതുപോലെ"** ഈ സന്ദർഭത്തിൽ പുത്രന്റെ വാക്കുകൾക്കും പ്രവൃത്തികൾക്കുമുള്ള പിതാവിന്റെ അംഗീകാരം രണ്ട് വലിയ സംഭവങ്ങളിൽ നൽകപ്പെട്ടിരിക്കുന്നു.

1. മരിച്ചവരിൽനിന്നുമുള്ള യേശുവിന്റെ ഉയിർപ്പ്
2. പിതാവിന്റെ വലതുഭാഗത്തേക്കുള്ള യേശുവിന്റെ ആരോഹണം

ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളും യേശുവിനെ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേല്പിക്കുന്ന പദ്ധതിയിൽ പങ്കാളികളായി. വാ. 9 ലെയും 8:11 ലെയും പഠനക്കുറിപ്പുകൾ കാണുക.

**"ജീവന്റെ പുതുക്കത്തിൽ"** ഇത് അളവിലാണ് അല്ലാതെ സമയത്തിന്റെ അടിസ്ഥാനത്തിലല്ല "പുതിയത്." മശിഹാ കൊണ്ടുവരുന്ന സമൂല പരിവർത്തനത്തെക്കുറിച്ച് ഇതു പുതിയ നയമത്തിൽ വ്യത്യസ്ത നിലകളിൽ സംസാരിക്കുന്നുണ്ട്. ഇത് പുതിയ യുഗമാണ്, ഒ.നോ. യെശയ്യാവ് 40–66.

1. പുതിയ ഉടമ്പടി, ലൂക്കൊ. 22:20; 1 കൊരി. 11:25; 2 കൊരി. 3:6; എബ്രാ. 8:8,13; 9:15
2. പുതിയ കല്പന, യോഹ. 13:34; 1 യോഹ. 2:7,8; 2 യോഹ. വാ. 5
3. പുതിയ സൃഷ്ടി, 2 കൊരി. 5:17; ഗലാ. 6:15
4. ജീവന്റെ പുതുക്കം, റോമ. 6:4
5. ആത്മാവിന്റെ പുതുക്കം, റോമ. 7:6
6. പുതിയ മനുഷ്യൻ, എഫെ. 2:15; 4:24
7. പുതിയ ആകാശവും പുതിയ ഭൂമിയും, 2 പത്രൊ. 3:13; വെളി. 21:1 (ഒ.നോ. യെശ. 66:22)
8. പുതിയ നാമം, വെളി. 2:17; 3:12; 21:2
9. പുതിയ യെരൂശലേം, വെളി. 3:12; 21:2
10. പുതിയ പാട്ട്, വെളി. 5:9; 14:3 (ഒ.നോ. യെശ. 42:10)

**6:5 "എങ്കിൽ"** എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു

വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണിത്. തന്റെ വായനക്കാർ വിശ്വാസികളാണെന്ന സങ്കല്പത്തിലാണ് പൗലൊസ് എഴുതുന്നത്.

▣ **"നാം ഏകീഭവിച്ചവരായെങ്കിൽ"** ഇത് "നാം അവനോട് ഏകീഭവിച്ചു ഏകീഭവിക്കപ്പെട്ടുകൊണ്ടിരിക്കയും" എന്നോ "കൂടെ നടപ്പെട്ടു, നടപ്പെട്ടുകൊണ്ടിരിക്കയും" എന്നോ അർത്ഥം വരുന്ന പൂർണ്ണ കർത്തരി സൂചകമാണ്. ഈ സത്യം ദൈവശാസ്ത്രപരമായി യോഹന്നാൻ 15 നോട് സമാന്തരമാണ്. വിശ്വാസികൾ യേശുവിന്റെ മരണത്തോട് ഏകീഭവിച്ചവരായെങ്കിൽ (ഒ.നോ. ഗലാ. 2:19-20; കൊലൊ. 2:20; 3:3-5) ദൈവശാസ്ത്രപരമായി അവർ അവന്റെ പുനരുത്ഥാന ജീവനോടും ഏകീഭവിക്കും (ഒ.നോ. വാ. 10).

സ്നാനം മരണമെന്ന നിലയിലുള്ള ഈ സാദൃശ്യം സൂചിപ്പിക്കാനുദ്ദേശിക്കുന്നത്

1. നാം പഴയ ജീവിതത്തോടും ഉടമ്പടിയോടും മരിച്ചിരിക്കുന്നു
2. നാം ആത്മാവിന് പുതിയ ഉടമ്പടിക്ക് ജീവിച്ചിരിക്കുന്നു എന്നു കാണിക്കാനാണ്.

അതുകൊണ്ട് ക്രിസ്തീയ സ്നാനം, അവസാന പഴയ നിയമ പ്രവാചകനായിരുന്ന യോഹന്നാൻ സ്നാപകന്റെ സ്നാനത്തിനു തുല്യമല്ല. സ്നാനം എന്നത് പുതിയ വിശ്വാസിയുടെ ക്രിസ്തീയ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുവാൻ ആദിമ സഭയ്ക്കു ലഭിച്ച അവസരമായിരുന്നു. സ്നാനാർത്ഥി ഏറ്റുപറഞ്ഞിരുന്ന ആദിമ സ്നാന വിശ്വാസ പ്രഖ്യാപനം "യേശുവിനെ കർത്താവെന്നു ഞാൻ വിശ്വസിക്കുന്നു" എന്നതായിരുന്നു (ഒ.നോ. റോമ. 10:9-13). ഈ പരസ്യ പ്രഖ്യാപനം മുമ്പ് അനുഭവത്തിൽ ആയ കാര്യത്തെ ഔപചാരിക, ചടങ്ങ് ആക്കി മാറ്റുന്ന ക്രിയയായിരുന്നു. സ്നാനം എന്നത് പാപക്ഷമയ്ക്കോ, രക്ഷയ്ക്കോ അല്ലെങ്കിൽ പരിശുദ്ധാത്മാവിന്റെ വരവിനോ വേണ്ടിയുള്ള യാന്ത്രിക പ്രവൃത്തിയല്ല, മറിച്ച് അവരുടെ പരസ്യ ഏറ്റുപറച്ചിലിനും പ്രഖ്യാപനത്തിനുമുള്ള അവസരം ആയിരുന്നു (ഒ.നോ. പ്രവൃ. 2:38). എന്നിരുന്നാലും അത് ആവശ്യമെങ്കിൽ മതി എന്ന നിലയിലല്ലായിരുന്നു. യേശു അത് കല്പിക്കുകയും (ഒ.നോ. മത്താ. 28:19-20), മാതൃക കാണിക്കുകയും (ഒ.നോ. മത്താ. 3; മർക്കൊ. 1; ലൂക്കൊ. 3) അത് അപ്പൊസ്തലിക പ്രസംഗത്തിന്റെയും നടപടികളുടെയും ഭാഗമാകുകയും ചെയ്തിരുന്നു.

**6:6**

**NASB** **"നമ്മുടെ പഴയ സ്വത്വം അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു"**
**NKJV** **"നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു"**
**NRSV** **"നമ്മുടെ പഴയ സ്വത്വം അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു"**
**TEV** **"നാം ഇത് അറിയുന്നു: നമ്മുടെ പഴയ മനുഷ്യനെ ക്രിസ്തുവിനോടുകൂടെ അവന്റെ ക്രൂശിൽ മരണത്തിനേല്പിച്ചു"**
**NJB** **"നമ്മുടെ പഴയ സ്വത്വങ്ങളെ അവനോടു കൂടെ ക്രൂശിച്ചു എന്നു നാം മനസ്സിലാക്കണം"**

"നമ്മുടെ പഴയ മനുഷ്യൻ ഒരിക്കൽ എന്നേക്കുമായി ആത്മാവിനാൽ ക്രൂശിക്കപ്പെട്ടു" എന്നർത്ഥം വരുന്ന ഭൂതകാല കർമ്മണി സൂചകമാണിത്. കർമ്മണി പ്രയോഗം ഒരു ദൈവിക മദ്ധ്യവർത്തിയെ ആവശ്യപ്പെടുന്നു. ഈ സത്യം വിജയകരമായ ക്രിസ്തീയ ജീവിതത്തിൽ നിർണ്ണായകമാണ്. വിശ്വാസികൾ പാപത്തോടുള്ള അവരുടെ പുതിയ ബന്ധത്തെക്കുറിച്ച് നന്നായി മനസ്സിലാക്കിയിരിക്കണം (ഒ.നോ. ഗലാ. 2:20; 6:14). മനുഷ്യവർഗ്ഗത്തിന്റെ വീഴ്ച സംഭവിച്ച പഴയ പ്രകൃതി (ആദാമ്യ പ്രകൃതി) ക്രിസ്തുവിനോടുകൂടി മരിച്ചു (ഒ.നോ. വാ. 7; എഫെ. 4:22; കൊലൊ. 3:9). വിശ്വാസികൾ എന്ന നിലയിൽ നമുക്കിന്ന് ആദിയിൽ ആദാമിനുണ്ടായിരുന്ന തെരഞ്ഞെടുപ്പിനുള്ള അവകാശം ഉണ്ട്.

▣

**NASB, NKJV** **"പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു"**
**NRSV** **"പാപശരീരം നശിപ്പിക്കപ്പെടേണ്ടതിന്നു"**
**TEV** **"പാപശരീരത്തിന്റെ ശക്തി ഇല്ലാതാകേണ്ടതിന്"**
**NJB** **"പാപശരീരത്തെ നശിപ്പിക്കേണ്ടതിന്"**

"ശരീരം" (*സോമാ-σομα*) എന്ന പദം പൗലൊസ് അനേക സംബന്ധികാ വിഭക്തിയോടൊപ്പം ഉപയോഗിക്കുന്നുണ്ട്.

1. പാപ ശരീരം, റോമ. 6:6
2. ഈ മരണത്തിനധീനമായ ശരീരം, റോമ. 7:24
3. ജഡശരീരം, കൊലൊ. 2:11

ഈ പാപത്തിന്റെയും മത്സരത്തിന്റെയും കാലഘട്ടത്തിലെ ഭൗതിക ജീവിതത്തെക്കുറിച്ചാണ് പൗലൊസ് പറയുന്നത്. യേശുവിന്റെ പുതിയ പുനരുത്ഥാന ശരീരമാണ് നീതിയുടെ പുതിയ യുഗത്തിലെ ശരീരം (ഒ.നോ. 2 കൊരി. 5:17). ഭൗതിക ശരീരമല്ല പ്രശ്നം (ഗ്രീക്ക് തത്വചിന്ത) മറിച്ച് പാപവും മത്സരവുമാണ്. ശരീരം തിന്മയല്ല. നിത്യതയിലെ ഭൗതിക ശരീരം ഉള്ളതായി ക്രിസ്ത്യാനിത്വം ഊന്നിപ്പറയുന്നു (ഒ.നോ. 1 കൊരി. 15). എന്നിരുന്നാലും, ഭൗതിക ശരീരം പരീക്ഷ, പാപം, സ്വയം എനിവയുടെ യുദ്ധക്കളമാണ്.

ഇത് ഭൂതകാല കർമ്മണി അനുബന്ധമാണ്. "നീക്കം വരിക" എന്ന പ്രയോഗം "പ്രവർത്തനക്ഷമം അല്ലാതാക്കി," "ശക്തിയില്ലാതാക്കി," അല്ലെങ്കിൽ "പ്രത്യല്പാദന ക്ഷമമല്ലാതാക്കി" എന്നാണ്. അല്ലാതെ "നശിപ്പിച്ചു" എന്ന് അല്ല. 25 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന ഈ പദം പൗലൊസിന്റെ ഇഷ്ട പ്രയോഗമാണ്. 3:3 ലെ പ്രത്യേക പഠനവിഷയം: നീക്കം വരിക, അസാധുവാകുക (*കറ്റാർഗെഒ*) കാണുക. നമ്മുടെ ഭൗതിക ശരീരം സാന്മാർഗ്ഗികമായി

നിഷ്പക്ഷമാണ്, എങ്കിലും അത് തുടർന്നുപോകുന്ന ആത്മിക യുദ്ധത്തിന്റെ യുദ്ധഭൂമിയാണ് (ഒ.നോ. വാ. 12–13; 5:12–21; 12:1–2).

**6:7 "മരിച്ചവൻ പാപത്തിൽനിന്നു മോചനം പ്രാപിച്ചിരിക്കുന്നു"** ഇതൊരു ഭൂതകാല കർത്തരി അപൂർണ്ണക്രിയയും പൂർണ്ണ കർമ്മണി സൂചകവുമാണ്. അർത്ഥം, "മരിച്ചവൻ പാപത്തിൽനിന്നും മോചനം പ്രാപിച്ചു, പ്രാപിച്ചുകൊണ്ടേയിരിക്കുന്നു" എന്നാണ്. വിശ്വാസികൾ ക്രിസ്തുവിൽ പുതിയ സൃഷ്ടികൾ ആയിരിക്കുന്നതിനാൽ അവർ പാപത്തിന്റെ അടിമത്തത്തിൽനിന്നും വീഴ്ചയിലൂടെ ആദാമിനു ലഭിച്ച പ്രകൃതത്തിന്റെ സ്വാധീനത്തിൽ നിന്നും മോചനം പ്രാപിച്ചു, പ്രാപിച്ചുകൊണ്ടേയിരിക്കുന്നു (ഒ.നോ. 7:1–6).

ഇവിടെ "മോചനം പ്രാപിച്ചു" എന്നു തർജ്ജമ ചെയ്തിരിക്കുന്ന ഗ്രീക്കു പദം, പ്രാരംഭ അധ്യായങ്ങളിൽ എല്ലായിടത്തും "നീതീകരിക്കപ്പെട്ടു" (KJV) എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. ഈ സന്ദർഭത്തിൽ "മോചനം പ്രാപിച്ചു" (NKJV, NRSV) എന്നത് കൂടുതൽ അർത്ഥവത്താണ് (പ്രവൃ. 13:39 ലെ അതിന്റെ ഉപയോഗത്തിനു തുല്യമായി). ഓർക്കുക, നിഘണ്ടുവോ, സ്ഥിരപ്പെടുത്തപ്പെട്ട സാങ്കേതിക നിർവചനങ്ങളോ അല്ല സന്ദർഭമാണ് അർത്ഥം നിശ്ചയിക്കുന്നത്. വാക്കുകൾക്ക് വാചകങ്ങളോടുള്ള ബന്ധത്തിൽ മാത്രമേ അർത്ഥമുള്ളു, അതുപോലെ വാചകങ്ങൾക്ക് ഖണ്ഡികയോടുള്ള ബന്ധത്തിലും.

**റോമർ 6:8–11**

**8നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടു കൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു.**
**9ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന്നു അവന്റെ മേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ. 10അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിന്നു ജീവിക്കുന്നു. 11അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ.**

**6:8 "എങ്കിൽ"** എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണിത്. വിശ്വാസികളുടെ സ്നാനം ഒരുവന്റെ ക്രിസ്തുവിനോടൊത്തുള്ള മരണത്തെ ചിത്രീകരിക്കുന്നു.

▣ **"മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ"** ഇത് ഭൂതകാല കർമ്മണി അപൂർണ്ണക്രിയയാണ് (6:4 കാണുക, ഭൂതകാല കർമ്മണി സൂചകം).

ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളും യേശുവിന്റെ ഉയിർത്തെഴുന്നേല്പിൽ പ്രവർത്തിച്ചിരുന്നതായി പുതിയ നിയമം സ്ഥിരീകരിക്കുന്നു.

1. ആത്മാവ് (ഒ.നോ. റോമ. 8:11)
2. പുത്രൻ (ഒ.നോ. യോഹ. 2:19–22; 10:17–18)
3. പിതാവ് (ഒ.നോ. പ്രവൃ. 2:24,32; 3:15,26; 4:10; 5:30; 10:40; 13:30,33,34,37; 17:31; റോമ. 6:4,9).

പിതാവിന്റെ പ്രവൃത്തികൾ, അവൻ യേശുവിന്റെ ജീവിതം, മരണം, ഉപദേശങ്ങൾ എന്നിവയെ അംഗീകരിച്ചു എന്നതിന്റെ തെളിവാണ്. ഇത് അപ്പൊസ്തലന്മാരുടെ പ്രാരംഭ പഠിപ്പിക്കലുകളിലെ ഒരു മുഖ്യ വിഷയമായിരുന്നു. 1:2 ലെ പ്രത്യേകപഠനവിഷയം: *കെറിഗ്മാ* കാണുക.

▣ **"അവനോടു കൂടെ ജീവിക്കും"** സന്ദർഭം ആവശ്യപ്പെടുന്നത് "ഇവിടെ ഇപ്പോൾ" എന്നാണ് (ഒ.നോ. 1 യോഹ. 1:7), അല്ലാതെ ഭാവിയിലല്ല. വാ. 5 നമ്മുടെ ക്രിസ്തുവിന്റെ മരണത്തിലെ പങ്കാളിത്തത്തെ സൂചിപ്പിക്കുന്നു, വാ. 8 അവന്റെ ജീവിതത്തിന്റെ പങ്കാളിത്തത്തെയും സൂചിപ്പിക്കുന്നു. ദൈവരാജ്യത്തെ സംബന്ധിച്ച് വേദപുസ്തക ആശയത്തിൽ കാണുന്ന അതേ സംഘർഷമാണിത്. അത് ഇപ്പോൾ ഇവിടെ, അതോടൊപ്പം ഭാവികാല സംബന്ധിയുമാണ്. സൗജന്യ കൃപ സ്വയ-നിയന്ത്രണം ഉളവാക്കണം, അല്ലാതെ ലൈസൻസല്ല.

▣

| | |
|---|---|
| **NASB,** | **"മരണം ഇനിമേൽ അവന്റെ കർത്താവല്ല"** |
| **NKJV, NRSV** | **"മരണത്തിന്നു അവന്റെ മേൽ ഇനി കർത്തൃത്വമില്ല"** |
| **TEV** | **"മരണം ഇനിമേൽ അവന്റെമേൽ ഭരണം നടത്തുകയില്ല"** |
| **NJB** | **"മരണത്തിന്നു അവന്റെ മേൽ ഒരു അധികാരവുമില്ല"** |

*കൂറിയെയുഓ* (**κυριευω**) എന്ന പദം *കൂറിയോസ്* (കർത്താവ്) എന്ന പദത്തിൽനിന്നും വന്നതാണ്. അതിനർത്ഥം "യജമാനൻ," "ഉടമസ്ഥൻ," "ഭർത്താവ്" അല്ലെങ്കിൽ "കർത്താവ്" എന്നാണ്. യേശു ഇപ്പോൾ മരണത്തിന്റെമേൽ കർത്താവാണ് (ഒ.നോ. വെളി. 1:18). യേശു പുനരുത്ഥാനത്തിൽ ആദ്യഫലമാണ്. ചില ആളുകൾ

1. ജീവനോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു (അതാ. ഹാനോക്ക്, ഏലീയാവ്)
2. ഭൗതിക ജീവിതത്തിലേക്കു തിരികെ വന്നു (അതാ. പുനർജ്ജീവിപ്പിക്കപ്പെട്ടു)

പുതിയ യുഗ ശരീരത്തോടെ ഉയിർത്തെഴുന്നേറ്റത് യേശു മാത്രമാണ്. ആദ്യമായി മരണത്തിന്റെ ശക്തിയെ തകർത്തത് യേശു മാത്രമാണ് (ഒ.നോ. 1 കൊരിന്ത്യർ 15)!

**6:10 "അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു"** യേശു പാപലോകത്തിൽ ജീവിച്ചു, അവൻ

ഒരിക്കലും പാപം ചെയ്തില്ല എങ്കിലും പാപലോകം അവനെ ക്രൂശിച്ചു (ഒ.നോ. എബ്രാ. 10:10). മനുഷ്യവർഗ്ഗ ത്തിനുവേണ്ടിയുള്ള യേശുവിന്റെ പാപപരിഹാര മരണം, ന്യായപ്രമാണത്തിന്റെ ആവശ്യങ്ങളെയും അവരുടെ മേലുള്ള പരിണിത ഫലങ്ങളെയും അസാധുവാക്കി (ഒ.നോ. ഗലാ. 3:13; കൊലൊ. 2:13–14).

▣ **"ഒരിക്കലായിട്ടു"** ഈ സന്ദർഭത്തിൽ പൗലൊസ് യേശുവിന്റെ ക്രൂശീകരണത്തെയാണ് സൂചിപ്പിക്കുന്നത്. പാപത്തിനുവേണ്ടി അവന്റെ ഒരിക്കലായുള്ള മരണം അവന്റെ അനുയായികളുടെ പാപത്തോടുള്ള മരണത്തെ സ്വാധീനിച്ചു.

എബ്രായലേഖനം യേശുവിന്റെ ഒരിക്കലായുള്ള ആത്യന്തിക പാപപരിഹാര മരണത്തെ ഊന്നിപ്പറയുന്നു. ഈ ഒരിക്കൽ നിവർത്തിച്ച രക്ഷയും പാപമോചനവും എന്നെന്നേയ്ക്കുമായി പൂർത്തീകരിച്ചിരിക്കുന്നു (ഒ.നോ. "ഒരിക്കൽ" [*ἐφάπαξ*], 7:27; 9:12; 10:10, "ഒരിക്കലായി" [*ἅπαξ*], 6:4; 9:7,26,27,28; 10:2; 12:26,27). ഇത് ആവർത്തിച്ചുവരുന്ന പൂർത്തീകരിക്കപ്പെട്ട, യാഗത്തിന്റെ സ്ഥിരീകരണമാണ്.

▣ **"അവൻ ജീവിക്കുന്നതോ ദൈവത്തിന്നു ജീവിക്കുന്നു"** വാ. 10a യിലെ രണ്ട് ഭൂതകാലം വാ. 10b യിലെ രണ്ട് വർത്തമാനകാല കർത്തരി സൂചകങ്ങൾക്ക് വിരുദ്ധമായതാണ്. വിശ്വാസകൾ ക്രിസ്തുവിനോടുകൂടെ മരിച്ചു; വിശ്വാസികൾ ക്രിസ്തുവിലൂടെ ദൈവത്തിനുവേണ്ടി ജീവിക്കുന്നു (ഒ.നോ. ഗലാ. 2:19–20). സുവിശേഷത്തിന്റെ ലക്ഷ്യം പാപക്ഷമ (നീതീകരണം) മാത്രമല്ല, ദൈവിക ശുശ്രൂഷയും (വിശുദ്ധീകരണം) കൂടിയാണ്. വിശ്വാസികൾ സേവിക്കുവാൻ രക്ഷിക്കപ്പെട്ടവരാണ്!

**6:11 "പാപസംബന്ധമായി മരിച്ചവർ എന്നും ... നിങ്ങളെത്തന്നേ എണ്ണുവിൻ"** ഇതൊരു വർത്തമാനകാല മധ്യ (ഡിപ്പോണന്റ്) വിധിരൂപമാണ്. ഇത് വിശ്വാസികൾക്കുള്ള തുടരുന്നതും ശീലമായതുമായ കല്പനയാണ്. തങ്ങൾക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ പ്രവൃത്തിയെക്കുറിച്ചുള്ള വിശ്വാസിയുടെ ജ്ഞാനം ദൈനംദിന ജീവിതത്തിൽ നിർണ്ണായകമാണ്. "എണ്ണുക" എന്ന പദം (ഒ.നോ. 4:4,9) "ശ്രദ്ധാപൂർവ്വം കൂട്ടുക" യും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്ന അർത്ഥം വരുന്ന അക്കൗണ്ടിംഗ് പദമാണ്. വാ. 1–11 ഒരുവന്റെ ക്രിസ്തുവിലുള്ള സ്ഥാനത്തെ അംഗീകരിക്കുമ്പോൾ (സ്ഥാനീയ വിശുദ്ധീകരണം), വാ. 12–13 അവനിലുള്ള നടപ്പിനെ ഊന്നിപ്പറയുന്നു (പുരോഗമന വിശുദ്ധീകരണം). വാ. 4 ലെ പ്രത്യേക പഠനവിഷയം കാണുക.

▣

**NASB, NRSV,**
**TEV, NJB** **"ക്രിസ്തുയേശു"**
**NKJV** **"നമ്മുടെ കർത്താവായ ക്രിസ്തുയേശു"**

ഹ്രസ്വമായ പ്രയോഗം കയ്യെഴുത്തു പ്രതികൾ P[46], A, B, D, F, G എന്നിവയിൽ കാണാം. ഇതിന് UBS[4] "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു. ദീർഘമായ പ്രയോഗം കുറെക്കൂടി പ്രാചീനമാണ് (കയ്യെഴുത്തു പ്രതികൾ P[94], א, C) അതൊരു പക്ഷേ വാ. 23 ൽ നിന്നും പകർപ്പെഴുത്തുകാരൻ ചേർത്തതാകാം. മിക്ക പാഠ വ്യതിയാനങ്ങൾ പോലെ, ഇതും പാഠഭാഗത്തിന്മേൽ കാര്യമായ മാറ്റം വരുത്തുന്നില്ല.

## റോമർ 6:12–14

**[12]ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുതു, [13]നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന്നു സമർപ്പിക്കയും അരുതു. നിങ്ങളെത്തന്നേ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധ ങ്ങളായും ദൈവത്തിന്നു സമർപ്പിച്ചുകൊൾവിൻ. [14]നിങ്ങൾ ന്യായപ്രമാണത്തിന്നല്ല, കൃപെക്കത്രേ അധീന രാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ.**

**6:12 "ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ ... ഇനി വാഴരുതു"** ഇത് നിഷേധാത്മക ഘടകം ചേർന്ന വർത്തമാനകാല കർത്തരി വിധിരൂപമാണ്. നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയ അവസാനിപ്പിക്കുക എന്നാണിതിനർത്ഥം. "വാഴുക" എന്ന പദം 5:17–21; 6:23 നോടു ബന്ധപ്പെട്ടതാണ്. അനേക ദൈവശാസ്ത്ര ആശയങ്ങളെ പൗലൊസ് ആളത്തപരമാക്കിയിട്ടുണ്ട്.

1. മരണം രാജാവായി വാഴുന്നു (ഒ.നോ. 5:14,17; 6:23)
2. കൃപ രാജാവായി വാഴുന്നു (ഒ.നോ. 5:21)
3. പാപം രാജാവായി വാഴുന്നു (ഒ.നോ. 6:12,14)

നിങ്ങളുടെ ജീവിതത്തിൽ ആരാണ് വാഴുന്നതെന്നുള്ളതാണ് യഥാർത്ഥ ചോദ്യം. വിശ്വാസിക്ക് തിരഞ്ഞെടുക്കുവാ നുള്ള അധികാരം ക്രിസ്തുവിലൂടെ ലഭ്യമായിരിക്കുന്നു. വ്യക്തികളെയും പ്രാദേശിക സഭയെയും ദൈവരാജ്യ ത്തെയും സംബന്ധിച്ചുള്ള ദുരന്തം എന്നു പറയുന്നത്, വിശ്വാസികൾ കൃപ അവകാശപ്പെടുമ്പോൾ തന്നെ സ്വയ ത്തെയും പാപത്തെയും തിരഞ്ഞെടുക്കുന്നു എന്നതാണ്!

5:17 ലെ പ്രത്യേക പഠനവിഷയം: ദൈവരാജ്യത്തിൽ വാഴുക, കാണുക.

**6:13 "നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന്നു സമർപ്പിക്കയും അരുതു"** ഇത് നിഷേധാത്മക ഘടകം ചേർന്ന വർത്തമാനകാല കർത്തരി വിധിരൂപമാണ്. നടന്നുകൊണ്ടിരിക്കുന്ന ഒരു

പ്രക്രിയ അവസാനിപ്പിക്കുക എന്നാണിതിനർത്ഥം. വിശ്വാസികളുടെ ജീവിതത്തിൽ പാപത്തിൽ തുടരുവാനുള്ള കഴിവിനെ ഇതു ചൂണ്ടിക്കാണിക്കുന്നു (ഒ.നോ. 7:1 മുതൽ; 1 യോഹ. 1:8–2:1). എന്നാൽ പാപത്തിന്റെ അനിവാര്യത ക്രിസ്തുവുമായുള്ള പുതിയ ബന്ധത്തിലൂടെ വിശ്വാസിയിൽ നിന്നും നീക്കിയിരിക്കുന്നു, വാ. 1–11.

▣ **"ആയുധങ്ങളായി"** ഈ പദം (***ὅπλον***) സൂചിപ്പിക്കുന്നത് "ഒരു പടയാളിയുടെ ആയുധം" (ഒ.നോ. 13:12; യോഹ. 18:3; 2 കൊരി. 6:7; 10:4). നമ്മുടെ ഭൗതിക ശരീരം പരീക്ഷയുടെ യുദ്ധഭൂമിയാണ് (ഒ.നോ. വാ. 12–13;12:1–2; 1 കൊരി. 6:20; ഫിലി. 1:20). നമ്മുടെ ജീവിതങ്ങൾ സുവിശേഷത്തെ പരസ്യമായി വെളിപ്പെടുത്തുന്നു.

▣ **"ദൈവത്തിന്നു സമർപ്പിച്ചുകൊൾവിൻ"** മനപ്പൂർവ്വമായ പ്രവൃത്തിക്ക് ആഹ്വാനം ചെയ്യുന്ന ഭൂതകാല കർത്തരി വിധിരൂപമാണിത് (ഒ.നോ. 12:1). വിശ്വാസികൾ ഇത് വിശ്വാസത്താലുള്ള രക്ഷയിൽ ചെയ്യുന്നതാണ് എങ്കിലും അവർ തങ്ങളുടെ ജീവിതകാലം മുഴുവനും ഇതു ചെയ്യേണ്ടതാണ്.

ഈ വാക്യത്തിലെ സമാന്തരത്വം ശ്രദ്ധിക്കുക.

1. ഒരേ ക്രിയ, രണ്ടും വിധിരൂപങ്ങൾ
2. യുദ്ധ സാദൃശ്യങ്ങൾ
   a. അനീതിയുടെ ആയുധങ്ങൾ
   b. നീതിയുടെ ആയുധങ്ങൾ
3. വിശ്വാസികൾക്ക് തങ്ങളുടെ ശരീരങ്ങളെ പാപത്തിനോ അല്ലെങ്കിൽ തങ്ങളെത്തന്നേ ദൈവത്തിനോ സമർപ്പിക്കാൻ കഴിയും.

ഓർക്കുക, ഈ വാക്യം വിശ്വാസികളോടുള്ളതാണ് – തിരഞ്ഞെടുപ്പ് തുടരുകയാണ്; യുദ്ധം തുടരുകയാണ് (ഒ.നോ. 6:12,19; 1 കൊരി. 6:18–19; എഫെ. 6:10–18)!

**6:14 "പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ"** ഇത് വിധിരൂപമായി പ്രവർത്തിക്കുന്ന ഭാവികാല കർത്തരി സൂചകമാണ് (ഒ.നോ. സങ്കീ. 19:13). "പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ല." പാപം വിശ്വാസിയുടെ മേൽ യജമാനനല്ല, കാരണം അത് യേശുവിന്റെ മേൽ യജമാനനല്ല (ഒ.നോ. വാ. 9; യോഹ. 16:33).

**റോമർ 6:15–19**

**[15]എന്നാൽ എന്തു? ന്യായപ്രമാണത്തിന്നല്ല കൃപെക്കത്രേ അധീനരാകയാൽ നാം പാപം ചെയ്ക എന്നോ? ഒരുനാളും അരുതു. [16]നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നേ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചുപോരികയും ചെയ്യുന്നവന്നു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിന്നായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നേ. [17]എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു [18]പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായി ത്തീർന്നതുകൊണ്ടു ദൈവത്തിന്നു സ്തോത്രം. [19]നിങ്ങളുടെ ജഡത്തിന്റെ ബലഹീനതനിമിത്തം ഞാൻ മാനുഷരീതിയിൽ പറയുന്നു. നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിന്നായി അശുദ്ധിക്കും അധർമ്മത്തിന്നും അടിമകളാക്കി സമർപ്പിച്ചതുപോലെ ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിന്നായി നീതിക്കു അടിമകളാക്കി സമർപ്പിപ്പിൻ.**

**6:15** ഈ രണ്ടാമത്തെ അനുമാന ചോദ്യം (ഡയാട്രൈബ്) 6:1 നു തുല്യമാണ്. രണ്ടും ക്രിസ്തുവിനു പാപത്തോടുള്ള ബന്ധത്തെക്കുറിച്ചുള്ള വ്യത്യസ്ത ചോദ്യങ്ങൾക്ക് ഉത്തരം നല്കുന്നു. വാ. 1, കൃപ പാപത്തിനുള്ള അനുവാദമായി ഉപയോഗിക്കരുത് എന്ന വിഷയത്തെ പ്രതിപാദിക്കുമ്പോൾ, വാ. 15 പാപത്തിന്റെ വ്യക്തിപരമായ പ്രവൃത്തിയോട് വിശ്വാസി പോരാടുകയോ എതിർത്തുനില്ക്കുകയോ ചെയ്യുന്നതിനെ പ്രതിപാദിക്കുന്നു. അതേസമയം വിശ്വാസി മുമ്പ് പാപത്തെ സേവിച്ച അതേ ഉത്സാഹത്തോടെ ദൈവത്തെ സേവിക്കേണ്ടതാണ് (ഒ.നോ. 6:14).

▣
**NASB**
**NKJV, TEV "നാം പാപം ചെയ്ക എന്നോ"**
**NRSV "നാം പാപം ചെയ്യണമോ"**
**NJB "നാം പാപം ചെയ്യാൻ സ്വാതന്ത്ര്യമുള്ളവരെന്നോ"**

വില്യംസിന്റെയും ഫിലിപ്സിന്റെയും പരിഭാഷകൾ ഈ ഭൂതകാല കർത്തരി അനുബന്ധത്തെ വാ. 1 ലെപ്പോലെ വർത്തമാനകാല കർത്തരി അനുബന്ധമായി പരിഭാഷപ്പെടുത്തുന്നു. ഇതു ശരിയായ ശ്രദ്ധയൂന്നലല്ല. പകരം പരിഭാഷകൾ കാണുക.

1. KJV, ASV, NIV - "നാം പാപം ചെയ്യണമോ?"
2. ദ സെന്റിനറി ട്രാൻസ്ലേഷൻ – "നാം ഒരു പാപപ്രവൃത്തി ചെയ്യണമോ?"
3. RSV - "നാം പാപം ചെയ്യാനുള്ളവരോ?"

ഈ ചോദ്യം ഗ്രീക്കിൽ ശക്തവും "അതേ" എന്ന ഉത്തരം പ്രതീക്ഷിക്കുന്നതുമാണ്. ഇത് സത്യം വിനിമയം

ചെയ്യുന്നതിന് പൗലൊസ് ഉപയോഗിക്കുന്ന ഡയാട്രൈബ് രീതിയാണ്. ഈ വാക്യം തെറ്റായ ദൈവശാസ്ത്രത്തെ വെളിപ്പെടുത്തുന്നു. പൗലൊസ് ഇതിന് തന്റെ പ്രത്യേകമായ "ഒരുനാളും അരുത്" എന്ന ശൈലിയിലൂടെ ഉത്തരം പറയുന്നു. പൗലൊസ് പ്രസംഗിക്കുന്ന ദൈവത്തിന്റെ സൗജന്യ കൃപയുടെ സുവിശേഷം, അനേക ദുരുപദേഷ്ടാക്കൾ തെറ്റിദ്ധരിക്കുകയും ദുരുപയോഗപ്പെടുത്തുകയും ചെയ്തു.

**6:16** ഈ ചോദ്യം "അതേ" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു. മനുഷ്യർ ഒന്നിനെ അല്ലെങ്കിൽ ഒരുവനെ സേവിക്കുന്നു. ആരാണ് നിങ്ങളുടെ ജീവിതത്തിൽ വാഴുന്നത്, പാപമോ ദൈവമോ? മനുഷ്യർ ആരെ അനുസരിക്കുന്നു എന്നത് ആരെ സേവിക്കുന്നു എന്നു വെളിപ്പെടുത്തുന്നു (ഒ.നോ. ഗലാ. 6:7–8).

**6:17 "നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു"** ഈ സന്ദർഭത്തിൽ ഇതു സൂചിപ്പിക്കുന്നത് വിശ്വാസം മൂലം കൃപയാലുള്ള രക്ഷയെയാണ്. അത് ദൈനംദിന ക്രിസ്തുസാദൃശ്യത്തിലേക്കു നയിക്കണം.

"ഉപദേശരൂപം" എന്ന പദം സൂചിപ്പിക്കുന്നത് അപ്പൊസ്തലിക ഉപദേശത്തെയോ സുവിശേഷത്തെയോ ആണ്.

▣ **"ആയിരുന്നുവെങ്കിലും .... ആയിത്തീർന്നതുകൊണ്ടു"** ഇത് "ആകുക" എന്ന ക്രിയയുടെ അപൂർണ്ണകാലമാണ്. അത് അവരുടെ ഭൂതകാല അവസ്ഥയെയും (പാപത്തിന്റെ ദാസന്മാർ) തുടർന്ന് അവരുടെ മത്സര അവസ്ഥ അവസാനിച്ചതിനെയും സൂചിപ്പിക്കുന്ന ഭൂതകാല ക്രിയയാണ്.

▣

**NASB** **"നിങ്ങളെ ഭരമേല്പിച്ച ഉപദേശരൂപത്തെ"**
**NKJV** **"നിങ്ങൾക്കു കൈമാറിയ ഉപദേശരൂപത്തെ"**
**NRSV, NIV** **"നിങ്ങളെ ഭരമേല്പിച്ച ഉപദേശരൂപത്തെ"**
**TEV** **"നിങ്ങൾ സ്വീകരിച്ച ഉപദേശത്തിൽ കണ്ടെത്തിയ സത്യം"**
**NJB** **"നിങ്ങൾക്കു പരിചയപ്പെടുത്തിയ ഉപദേശമാതൃക"**

ഈ ചിന്ത 1 കൊരി. 15:1 നു സമാന്തരവും ഈ വിശ്വാസികൾ കേൾക്കുകയും സ്വീകരിക്കുകയും ചെയ്ത സുവിശേഷ സത്യങ്ങളെ സൂചിപ്പിക്കുന്നതും ആകുന്നു. സുവിശേഷം എന്നത്

1. സ്വാഗതം ചെയ്യേണ്ട ഒരു വ്യക്തി
2. വിശ്വസിക്കേണ്ട ഒരു വ്യക്തിയെ സംബന്ധിച്ച സത്യം
3. ആ വ്യക്തിയുടേതുപോലെ ജീവിക്കേണ്ട ഒരു ജീവിതം!

▣ **"ദൈവത്തിനു സ്തോത്രം"** പൗലൊസ് പലപ്പോഴും ദൈവസ്തുതിയിലേക്ക് വഴുതിപ്പോകാറുണ്ട്. അവന്റെ എഴുത്തുകൾ അവന്റെ പ്രാർത്ഥനയിൽനിന്നും ഒഴുകുകയും അവന്റെ പ്രാർത്ഥന അവന്റെ സുവിശേഷ ജ്ഞാനത്തിൽനിന്നും ഒഴുകുകയും ചെയ്യുന്നു. 7:25 ലെ പ്രത്യേക പഠനവിഷയം: ദൈവത്തോടുള്ള പൗലൊസിന്റെ പ്രാർത്ഥന, സ്തുതി, നന്ദികരേറ്റൽ കാണുക.

▣ **"രൂപം"** താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: മുദ്ര (*τυπος*)

വൈവിധ്യങ്ങളായ ഉപയോഗങ്ങളുള്ള ***τυπος*** എന്ന പദമാണ് ഇവിടുത്തെ പ്രശ്നം.

1. മോൾട്ടൺ, മില്ലിഗൺ; *ദ വൊക്കാബുലറി ഓഫ് ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്*, പേജ്. 645
   a. മാതൃക
   b. പദ്ധതി
   c. എഴുത്തിന്റെ രീതി അല്ലെങ്കിൽ രൂപം
   d. തീർപ്പ് അല്ലെങ്കിൽ രേഖ
   e. വാചകം അല്ലെങ്കിൽ തീരുമാനം
   f. സൗഖ്യമാക്കുന്ന ദൈവത്തിനുള്ള നിവേദ്യമായി കൊടുക്കുന്ന മനുഷ്യശരീരത്തിന്റെ മാതൃക
   g. നിയമത്തിന്റെ പ്രമാണങ്ങൾ നടപ്പിലാക്കുക എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള ക്രിയ
2. ലൂവ്, നിഡ, *ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൺ* വാല്യം 2, പേജ് 249
   a. ആണിപ്പഴുത് (ഒ.നോ. യോഹ. 20:29)
   b. സ്വരൂപം (ഒ.നോ. അപ്പൊ. 7:43)
   c. മാതൃക (ഒ.നോ. എബ്രാ. 8:5)
   d. അനുകരിക്കുക (ഒ.നോ. 1 കൊരി. 10:6; ഫിലി. 3:17).
   e. പ്രതിരൂപം (ഒ.നോ. റോമ. 5:14)
   f. വിധത്തിൽ (ഒ.നോ. 23:25)
   g. താഴെ പറയുന്ന (ഉള്ളടക്കം) (ഒ.നോ. 23:25)
3. ഹരോൾഡ് കെ. മോൾട്ടൺ, *ദ അനലറ്റിൽ ഗ്രീക്ക് ലെക്സിക്കൺ റിവൈസ്ഡ്, പേജ്* 411
   a. ഒരു അച്ച്, ഒരു മുദ്ര, ഒരു അടയാളം (ഒ.നോ. യോഹ. 20:25)

b. ആലേഖ്യം
c. ഒരു സ്വരൂപം (ഒ.നോ. അപ്പൊ. 7:43)
d. ഒരു ഉപദേശ രൂപം, വ്യവസ്ഥ (ഒ.നോ. റോമ. 6:17)
e. ഒരു വിധം, പൊരുൾ (ഒ.നോ. അപ്പൊ. 23:25)
g. ഒരു രൂപം ഒരു പ്രതിരൂപം (ഒ.നോ. റോമ. 5:14; 1 കൊരി. 10:11).
h. ഒരു അനുകരണീയ മാതൃക (ഒ.നോ. അപ്പൊ. 7:44; എബ്രാ. 8:5)
i. ഒരു ധാർമ്മിക മാതൃക (ഒ.നോ. ഫിലി. 3:17; 1 തെസ്സ. 1:7; 2 തെസ്സ. 3:9; 1 തിമൊ. 4:12; 1 പത്രൊ. 5:3).

ഈ പശ്ചാത്തലത്തിൽ മുകളിലത്തെ #1 അനുയോജ്യമെന്ന് തോന്നുന്നു. സുവിശേഷത്തിൽ പ്രമാണവും ജീവിതശൈലീ വിവക്ഷകളും ഉണ്ട്. ക്രിസ്തുവിലുള്ള സൗജന്യ രക്ഷാദാനം ക്രിസ്ത്യാനുരൂപമായ ഒരു ജീവിതവും ആവശ്യപ്പെടുന്നു.

6:18 **"പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു"** ഇത് ഭൂതകാല കർമ്മണി അപൂർണ്ണക്രിയയാണ്. സുവിശേഷം വിശ്വാസികളെ ക്രിസ്തുവിന്റെ പ്രവൃത്തിയിലൂടെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ വിടുവിച്ചു. വിശ്വാസികൾ പാപത്തിന്റെ ശിക്ഷയിൽനിന്നും (നീതീകരണം) പാപത്തിന്റെ ഭീകരവാഴ്ചയിൽനിന്നും (വിശുദ്ധീകരണം, ഒ.നോ. വാ. 7, 22) വിടുവിക്കപ്പെട്ടു. ഒരു ദിവസം അവർ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും വിടുവിക്കപ്പെടും (മഹത്വീകരണം, ഒ.നോ. 8:29–30).

▣ **"നീതിക്കു ദാസന്മാരായിത്തീർന്നതുകൊണ്ടു"** ഇത് ഭൂതകാല കർമ്മണി സൂചകമായ "നിങ്ങൾ നീതിക്ക് അടിമകളായിത്തീർന്നു" എന്നാണ്. 1:17 ലെ പ്രത്യേക പഠനവിഷയം കാണുക. വിശ്വാസികൾ ദൈവത്തെ സേവിക്കുന്നതിനായി പാപത്തിൽനിന്നും സ്വതന്ത്രരായി (ഒ.നോ. വാ. 14,19,22; 7:4; 8:2)! സൗജന്യ രക്ഷയുടെ ലക്ഷ്യം ഭക്തിനിർഭര ജീവിതമാണ്. നീതീകരണം ഒരു നിയമപരമായ പ്രഖ്യാപനവും വ്യക്തിപരമായ നീതിയുടെ കണക്കിടലുമാണ്. നാം മറ്റുള്ളവരെയും നേടുന്നതിനായി നമ്മെ രക്ഷിക്കുവാനും രൂപാന്തരപ്പെടുത്തുവാനും ദൈവം ആഗ്രഹിക്കുന്നു. വ്യക്തികളായ വിശ്വാസികളുടെ രക്ഷകൊണ്ട് ദൈവം അവസാനിപ്പിക്കുന്നില്ല (ഒ.നോ. മത്താ. 28:18–20; ലൂക്കൊ. 24:47; പ്രവൃ. 1:8).

6:18 **"നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷരീതിയിൽ പറയുന്നു"** റോമിലെ വിശ്വാസികളെയാണ് പൗലൊസ് അഭിസംബോധന ചെയ്യുന്നത്. താൻ കേട്ട ഒരു പ്രാദേശിക പ്രശ്നത്തെ അവൻ കൈകാര്യം ചെയ്യുകയാണോ (യെഹൂദ വിശ്വാസകൾക്കും ജാതീയ വിശ്വാസികൾക്കും ഇടയിലുള്ള അസൂയ) അതോ സകല വിശ്വാസികളെയും ബാധിക്കുന്ന ഒരു സത്യം പറയുകയാണോ? പൗലൊസ് ഇതേ പ്രയോഗം ഗലാ. 3:15 ലെപ്പോലെ ആരംഭത്തിൽ റോമ. 3:5 ലും പറയുന്നുണ്ട്.

വാ. 19, വാ. 16 നു സമാന്തരമാണ്. പൗലൊസ് ഊന്നലിനുവേണ്ടി തന്റെ ദൈവശാസ്ത്ര വാദമുഖം ആവർത്തിക്കുന്നു.

ചിലർ പറയുന്നത് ഈ പ്രയോഗത്തിനർത്ഥം ഒരു അടിമ സാദൃശ്യം ഉപയോഗിച്ചതിന് പൗലൊസ് ക്ഷമാപണം നടത്തുകയാണെന്നാണ്. എങ്കിലും "ജഡത്തിന്റെ ബലഹീനത നിമിത്തം" എന്ന പ്രയോഗം ഈ വ്യഖ്യാനത്തിനു യോജിക്കുന്നതല്ല. ഒന്നാം നൂറ്റാണ്ടിലെ സമൂഹത്തിൽ, പ്രത്യേകിച്ചും റോമിൽ അടിമത്വം ഒരു തിന്മയായി കണക്കാക്കിയിരുന്നില്ല. അത് അന്നത്തെ സംസ്കാരമായിരുന്നു. റോമാ സാമ്രാജ്യത്തിലെ മൂന്നിൽ രണ്ടു ഭാഗം ജനങ്ങളും അടിമകളായിരുന്നു.

▣ **"ജഡം"** 1:3 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"വിശുദ്ധീകരണത്തിന്നായി"** ഇതാണ് നീതീകരണത്തിന്റെ ലക്ഷ്യം (ഒ.നോ. വാ. 22). പുതിയ നിയമം ഈ പദം രക്ഷയോടു ബന്ധപ്പെട്ട രണ്ട് ദൈവശാസ്ത്ര അർത്ഥത്തിൽ ഉപയോഗിക്കുന്നു.

1. സ്ഥാനീയ വിശുദ്ധീകരണം, അതു ക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന നീതീകരണത്തോടൊപ്പം രക്ഷയുടെ സമയത്തു ലഭിക്കുന്ന ദൈവത്തിന്റെ ദാനമാണ് (ലക്ഷ്യാധിഷ്ഠിതം, ഒ.നോ. പ്രവൃ. 26:28; 1 കൊരി. 1:2; 6:11; എഫെ. 5:26–27; 1 തെസ്സ. 5:23; 2 തെസ്സ. 2:13; എബ്രാ. 10:10; 13:12; 1 പത്രൊ. 1:2)

2. പുരോഗമന വിശുദ്ധീകരണം, അതും വിശ്വാസിയുടെ ജീവിതം ക്രിസ്തുവിന്റെ സ്വരൂപത്തിലേക്കും പക്വതയിലേക്കും രൂപാന്തരപ്പെടുന്നതിനായി പരിശുദ്ധാത്മാവു മുഖേനയുള്ള ദൈവത്തിന്റെ പ്രവൃത്തിയാണ് (വിഷയാധിഷ്ഠിതം, ഒ.നോ. 2 കൊരി. 7:1; 1 തെസ്സ. 4:3,7; 1 തിമൊ. 2:15; 2 തിമൊ. 2:21; എബ്രാ. 12:10,14)

6:4 ലെ പ്രത്യേക പഠനവിഷയം: വിശുദ്ധീകരണം കാണുക.

വിശുദ്ധീകരണം ഒരേസമയം ഒരു ദാനവും ഒരു കല്പനയുമാണ്. അതൊരു സ്ഥാനവും (നില്പ്) ഒരു പ്രവൃത്തിയുമാണ് (ജീവിതശൈലി)! അതൊരു സൂചകവും (ഒരു പ്രസ്താവന) ഒരു വിധിരൂപവുമാണ് (ഒരു കല്പന). അത് ആരംഭത്തിൽ വരുന്നു എങ്കിലും അവസാനം വരാതെ പൂർണ്ണമാകുന്നില്ല (ഒ.നോ. ഫിലി. 1:6; 2:12–13).

**റോമർ 6:20-23**

[20]**നിങ്ങൾ പാപത്തിന്നു ദാസന്മാരായിരുന്നപ്പോൾ നീതിയെ സംബന്ധിച്ചു സ്വതന്ത്രരായിരുന്നുവല്ലോ.** [21]**നിങ്ങൾക്കു അന്നു എന്തൊരു ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്കു ലജ്ജ തോന്നുന്നതു തന്നേ. അതിന്റെ അവസാനം മരണമല്ലോ.** [22]**എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന്നു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു.** [23]**പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ.**

**6:20-21** ഇത് വാ. 18 ന്റെയും 19 ന്റെയും എതിരായിട്ടുള്ളത് പറയുകയാണ്. വിശ്വാസികൾക്ക് ഒരു യജമാനനെ മാത്രമേ സേവിക്കാൻ കഴികയുള്ളു (ഒ.നോ. ലൂക്കൊ. 16:13).

**6:22-23** ഒരുവൻ സേവിക്കുന്ന വ്യക്തിയിൽനിന്നും ലഭിക്കുന്ന ശമ്പളത്തെക്കുറിച്ചുള്ള യുക്തിപരമായ മുന്നേറ്റത്തെയാണ് ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നത്. ഈ പാപത്തിന്റെ ചർച്ചയിൽ വിശ്വാസി അവസാനിക്കുന്നത് കൃപയുടെ ഊന്നലിൽ ആണെന്നതിൽ ദൈവത്തിനു സ്തോത്രം. ഒന്നാമത്തേത് നമ്മുടെ സഹകരണത്തിലൂടെയുള്ള രക്ഷാദാനവും തുടർന്ന് നമ്മുടെ സഹകരണത്തിലൂടെ തന്നെയുള്ള ക്രിസ്തീയ ജീവിതം എന്ന ദാനവും. രണ്ടും വിശ്വാസത്താലും മാനസാന്തരത്താലും ലഭിക്കുന്ന ദാനങ്ങളാണ്.

**6:22 "നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു"** ഫലം എന്നത് വാ. 21ൽ പാപത്തിന്റെ പരിണിതഫലത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിട്ടുണ്ട്, എങ്കിലും വാ. 22 ൽ അത് ദൈവത്തെ സേവിക്കുന്നതിന്റെ ഫലത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നു. സത്വര ഫലം വിശ്വാസിയുടെ ക്രിസ്തുസാദൃശ്യമാണ്. ആത്യന്തിക ഫലം അവനോടുകൂടെ ഇരിക്കുന്നതും നിത്യമായി അവനെപ്പോലെയാകുന്നതുമാണ് (ഒ.നോ. 1 യോഹ. 3:2). സത്വര ഫലം ഇല്ലായെങ്കിൽ (രൂപാന്തരപ്പെട്ട ജീവിതം, ഒ.നോ. യാക്കോ. 2) ആത്യന്തിക ഫലം (നിത്യജീവൻ, ഒ.നോ. മത്താ. 7) സ്വാഭാവികമായും ചോദ്യം ചെയ്യപ്പെടും. "ഫലമില്ലെങ്കിൽ വേരില്ല."

**6:23** മുഴു അധ്യായത്തിന്റെയും സംക്ഷിപ്തമാണിത്. പൗലൊസ് തിരഞ്ഞെടുപ്പിനെ കറുപ്പും വെള്ളയുമായി ചിത്രീകരിക്കുന്നു. തിരഞ്ഞെടുപ്പ് നമ്മുടേതാണ് - പാപവും മരണവും അല്ലെങ്കിൽ ക്രിസ്തുവിലൂടെയുള്ള സൗജന്യ രക്ഷയും നിത്യജീവനും. ഇത് പഴയ നിയമ ജ്ഞാന സാഹിത്യത്തിലെ "രണ്ടു വഴികൾ" എന്നതിനു തുല്യമാണ് (ആവ. 30:1,17; സങ്കീ. 1; സദൃ. 4:10-19; മത്താ. 7:13-14).

▣ **"പാപത്തിന്റെ ശമ്പളം"** പാപത്തിന് (1) അടിമയുടെ ഉടമ, അല്ലെങ്കിൽ (2) പട്ടാള മേധാവി, അല്ലെങ്കിൽ (3) കൂലി കൊടുക്കുന്ന രാജാവ് എന്നീ നിലയിൽ ആളത്തം കല്പിച്ചിരിക്കുന്നു (ഒ.നോ. 3:9; 5:21; 6:9,14,17).

▣ **"ദൈവത്തിന്റെ കൃപാവരമോ ... നിത്യജീവൻ തന്നേ"** "കൃപാവരം" എന്നു തർജ്ജമ ചെയ്തിരിക്കുന്ന ഈ പദം (*ഖാറിസ്മാ-**χαρισμα***) കൃപ എന്നതിനുള്ള മൂലപദത്തിൽനിന്നും വന്നതാണ് (*ഖാറിസ്*, ഒ.നോ. 3:24; 5:15,16,17; എഫെ. 2:8-9). 3:24 ന്റെ കുറിപ്പ് കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. സൽപ്രവൃത്തികൾ എങ്ങനെയാണ് രക്ഷയോടു ബന്ധപ്പെട്ടിരിക്കുന്നത് (ഒ.നോ. എഫെ. 2:8-9,10)?
2. വിശ്വാസിയുടെ ജീവിതത്തിലെ തുടർമാനമായ പാപം എങ്ങനെയാണ് രക്ഷയോടു ബന്ധപ്പെട്ടിരിക്കുന്നത് (ഒ.നോ. 1 യോഹ. 3:6,9)?
3. ഈ അധ്യായം "പാപരഹിത പൂർണ്ണത" പഠിപ്പിക്കുന്നുണ്ടോ?
4. അധ്യായം 6, എങ്ങനെയാണ് 5, 7 അധ്യായങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നത്?
5. എന്തുകൊണ്ടാണ് ഇവിടെ സ്നാനം ചർച്ചചെയ്യപ്പെട്ടിരിക്കുന്നത്?
6. വിശ്വാസികൾക്ക് തങ്ങളുടെ പഴയ പ്രകൃതി നിലനിർത്താമോ? എന്തുകൊണ്ട്?
7. വാ. 1-14 ൽ വർത്തമാനകാല ക്രിയകൾക്കും വാ. 15-23 ൽ ഭൂതകാല ക്രിയകൾക്കും മുൻതൂക്കം കാണുന്നതിന്റെ പ്രാധാന്യമെന്താണ്?

# റോമർ 7

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ഒരു വിവാഹ സാദൃശ്യം | ന്യായപ്രമാണത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു | ഒരു വിവാഹ സാദൃശ്യം | വിവാഹത്തിൽ നിന്നുള്ള ചിത്രീകരണം | വിശ്വാസി ന്യായ പ്രമാണത്തിന്റെ അടിമത്വത്തിൽ നിന്നു സ്വതന്ത്രനായി |
| 7:1-6 | 7:1-6 | 7:1-3 | 7:1-6 | 7:1-6 |
| | | 7:4-6 | | |
| ഉള്ളിൽ വസിക്കുന്ന പാപ പ്രശ്നം | ന്യായപ്രമാണത്തിൽ പാപത്തിന്റെ സാധ്യത | ന്യായപ്രമാണവും പാപവും | പ്രമാണവും പാപവും | ന്യായപ്രമാണ പ്രമാണത്തിന്റെ പ്രവർത്തനം |
| 7:7-12 | 7:7-12 | 7:7-12 | 7:7-8 | 7:7-8 |
| | | | | 7:9-11 |
| | ന്യായപ്രമാണത്തിന് പാപത്തിൽനിന്നും രക്ഷിക്കാൻ കഴികയില്ല | | 7:12-13 | 7:12-13 |
| 7:13-25 | 7:13-25 | 7:13 | | |
| | | ആന്തരിക സംഘർഷം | മനുഷ്യനിലെ സംഘർഷം | ആന്തരിക പോരാട്ടം |
| | | 7:14-20 | 7:14-20 | 7:14-20 |
| | | 7:21-25a | 7:21-25a | 7:21-23 |
| | | | | 7:24-25a |
| | | 7:25b | 7:25b | 7:25b |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## വാ. 1–6 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. അധ്യായം 7 വ്യാഖ്യാനിക്കപ്പെടേണ്ടത്

1. വാ. 6 ന്റെ വെളിച്ചത്തിൽ, വിശേഷാൽ വാ. 12–14 ന്റെ അടിസ്ഥാനത്തിലായിരിക്കണം (3:20, 21–31; 4:13–16; 5:20 ന്റെയും അടിസ്ഥാനത്തിൽ)
2. അധ്യായം 9–11 ൽ കാണുന്ന റോമാസഭായിലെ വിശ്വസിക്കുന്ന യെഹൂദന്മാരും വിശ്വസിക്കുന്ന ജാതികളും തമ്മിൽ നിലനിന്ന സംഘർഷത്തോടും അതിനെ ബന്ധിപ്പിക്കേണ്ടതാണ്.

പ്രശ്നത്തിന്റെ യഥാർത്ഥ അവസ്ഥ അജ്ഞാതമാണ്; അത്

a. മോശൈക ന്യാപ്രമാണത്തിന്റെ അടിസ്ഥാനത്തിലുള്ള നിയമവാദമാകാം
b. യെഹൂദ മതവാദികൾ മോശെയ്ക്ക് ഒന്നാം സ്ഥാനവും ക്രിസ്തുവിനു രണ്ടാം സ്ഥാനവും കൊടുത്തതാകാം
c. സുവിശേഷം യെഹൂദന്മാർക്ക് എങ്ങനെ ബാധകമായിരിക്കുന്നു എന്നതിനെക്കുറിച്ചുള്ള തെറ്റിദ്ധാരണയാകാം
d. പഴയതും പുതിയതുമായ ഉടമ്പടികൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണയാകാം
e. ചക്രവർത്തിയുടെ ഉത്തരവിനെത്തുടർന്ന് യെഹൂദന്മാർ റോമാനഗരം വിട്ടുപോയപ്പോൾ അവർക്കു പകരം ജാതീയ വിശ്വാസികൾ സഭാ നേതൃത്വത്തിൽ വന്നു. അവർ പിന്നീട് തിരികെ വന്നപ്പോൾ ഇരു നേതൃത്വവും തമ്മിൽ ഭിന്നത ഉടലെടുത്തു. ഇതൊരു കാരണമാകാം.

B. റോമർ 7:1–6 ൽ, പഴയ ജീവിതത്തോടുള്ള വിശ്വാസിയുടെ ബന്ധത്തെക്കുറിച്ച് അധ്യായം 6 ൽ കാണുന്ന ആലങ്കാരിക വർണ്ണന തുടരുന്നു. ഉപയോഗിച്ചിരിക്കുന്ന സാദൃശ്യങ്ങൾ

1. അടിമത്തത്തിൽ നിന്ന് മരണത്തോടെ വിടുവിക്കപ്പെട്ട് മറ്റൊരു യജമാനന് ആയിത്തീരുന്നു (അ. 6)
2. വിവാഹ ബാധ്യതകളിൽനിന്ന് മരണത്തോടെയുള്ള സ്വാതന്ത്ര്യം (അ. 7)

C. 6, 7 അധ്യായങ്ങൾ സാഹിത്യപരമായി സമാന്തരമാണ്; അ. 6 വിശ്വാസിക്ക് "പാപ"ത്തോടുള്ള ബന്ധത്തെ ചർച്ച ചെയ്യുമ്പോൾ, അ. 7 വിശ്വാസിക്ക് "ന്യായപ്രമാണ"ത്തോടുള്ള ബന്ധത്തെ ചർച്ച ചെയ്യുന്നു. മരണം ഒരു അടിമയെ സ്വതന്ത്രനാക്കുന്ന സാദൃശ്യം (6:12–23), മരണം ഒരു വിവാഹ ഉടമ്പടിയെ അസാധുവാക്കുന്ന സാദൃശ്യത്തിന് (7:1–6) സമാന്തരമാണ്.

| അധ്യായം 6 | അധ്യായം 7 |
|---|---|
| 6:1 "പാപം" | 7:1 "ന്യായപ്രമാണം" |
| 6:2 "പാപത്തിനു മരിച്ചു" | 7:4 "ന്യായപ്രമാണത്തിനു മരിച്ചു" |
| 6:4 "നാം ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്" | 7:6 "നാം ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കേണ്ടതിന്" |
| 6:7 "മരിച്ചവൻ പാപത്തിൽനിന്നു മോചനം പ്രാപിച്ചിരിക്കുന്നു" | 7:6 "നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണം സംബന്ധിച്ച് മരിച്ചിരിക്കകൊണ്ട്" |
| 6:18 "പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു" | 7:3 "ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രയായിരിക്കുന്നു" |

Taken from Anders Nygren's *Commentary on Romans*, translated by Carl C. Rassmussen, p. 268).

D. ന്യായപ്രമാണം അതിന്റെ തീർപ്പോടുകൂടിയ മരണവിധിയാണ്. എല്ലാ മനുഷ്യരും ന്യായപ്രമാണത്തിൻ കീഴിൽ ശിക്ഷായോഗ്യരാണ് (ഒ.നോ. റോമ. 6:14; 7:4; ഗലാ. 3:13; എഫെ. 2:15; കൊലൊ. 2:14). മോശൈക ന്യായപ്രമാണം ഒരു ശാപമായിത്തീർന്നു!

E. അധ്യായം 7 എങ്ങനെ വ്യാഖ്യാനിക്കണമെന്നതു സംബന്ധിച്ച് പ്രധാനമായും നാലും സിദ്ധാന്തങ്ങളുണ്ട്.

1. പൗലൊസ് തന്നെക്കുറിച്ചു സംസാരിക്കുന്നു (ആത്മകഥാപരം)
2. പൗലൊസ് സകല മനുഷ്യരുടെയും പ്രതിനിധി എന്ന നിലയിൽ സംസാരിക്കുന്നു (പ്രാതിനിധ്യം, ക്രിസോസ്റ്റം)
3. പൗലൊസ് ആദാമിന്റെ അനുഭവത്തെക്കുറിച്ചു സംസാരിക്കുന്നു (മൊപ്സ്യൂഷ്യയിലെ തിയോഡർ)
3. പൗലൊസ് യിസ്രായേലിന്റെ അനുഭവത്തെക്കുറിച്ചു സംസാരിക്കുന്നു

F. അനേക നിലകളിൽ അധ്യായം 7, ഉല്പത്തി 3 നു തുല്യമായി പ്രവർത്തിക്കുന്നു. മറുതലിപ്പ് മനുഷ്യനെ താഴേക്ക് വലിക്കുന്നതിനെ – ദൈവത്തെ അറിഞ്ഞവരെപ്പോലും – അതു കാണിക്കുന്നു. അറിവ് വീണുപോയ മനുഷ്യവർഗ്ഗത്തെ വിടുവിക്കുകയില്ല.; ദൈവകൃപയ്ക്ക്, ഒരു പുതിയ ഹൃദയത്തിന്, ഒരു പുതിയ മനസ്സിന്,

ഒരു പുതിയ ആത്മാവിനു മാത്രമേ അതു ചെയ്യാനാകൂ (പുതിയ ഉടമ്പടി, ഒ.നോ. യിരെ. 31:31–34; യെഹെ. 36:26–27). അപ്പോൾ പോലും അതു തുടരുന്ന ഒരു പോരാട്ടമാണ് (ഒ.നോ. 6:12–19; 1 കൊരി. 6:10–19; എഫെ. 6:10–18)!

# പദ, ശൈലീ പഠനം

**റോമർ 7:1–3**

**[1]സഹോദരന്മാരേ, ന്യായപ്രമാണം അറിയുന്നവരോടല്ലോ ഞാൻ സംസാരിക്കുന്നതു: മനുഷ്യൻ ജീവനോടിരിക്കുംകാലത്തോളക്കെയും ന്യായപ്രമാണത്തിന്നു അവന്റെ മേൽ അധികാരം ഉണ്ടു എന്നു നിങ്ങൾ അറിയുന്നില്ലയോ? [2]ഭർത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന ഭർത്താവിനോടു ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭർത്താവു മരിച്ചാൽ അവൾ ഭർത്തൃന്യായപ്രമാണത്തിൽനിന്നു ഒഴിവുള്ളവളായി. [3]ഭർത്താവു ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു പേർ വരും; ഭർത്താവു മരിച്ചു എങ്കിലോ അവൾ വേറെപുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു വരാതവണ്ണം ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രയാകുന്നു.**

**7:1 "ന്യായപ്രമാണം അറിയുന്നവരോടല്ലോ ഞാൻ സംസാരിക്കുന്നതു"** ഇതു സൂചിപ്പിക്കുന്നത്

1. വിശ്വസിക്കുന്ന യെഹൂദന്മാരെ മാത്രം
2. റോമാ സഭിലെ വിശ്വസിക്കുന്ന യെഹൂദന്മാരും വിശ്വസിക്കുന്ന ജാതികളും തമ്മിലുള്ള സംഘർഷത്തെ
3. മനുഷ്യനോടു ബന്ധപ്പെട്ട നിലയിൽ ന്യായപ്രമാണത്തെക്കുറിച്ചു പൊതുവായി (ഒ.നോ. 2:14–15)
4. പഴയ നിയമത്തിൽനിന്നും തങ്ങളുടെ പുതിയ വിശ്വാസത്തെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന (കാറ്റക്കിസം, 6:17) പുതിയ വിശ്വാസികളെക്കുറിച്ച്

▣ **"ന്യായപ്രമാണം"** ഈ അധ്യായത്തിന്റെ പ്രധാന ഊന്നൽ ഇതാണ് (ഒ.നോ. വാ. 1,2,4,5,6 ആദി.). എങ്കിലും പൗലൊസ് ഈ പദം വ്യത്യസ്ത അർത്ഥങ്ങളിൽ ഉപയോഗിക്കുന്നുണ്ട് (പ്രകൃതി നിയമം, മോശൈക ന്യായപ്രമാണം, സാമൂഹിക നിയമങ്ങൾ). പൗലൊസിന്റെ വാദങ്ങൾക്ക് പ്രേരണ 6:14 ആണെന്നു തോന്നുന്നു. അവന്റെ അവതരണം അധ്യായം 6 ന്റെ ഘടനയ്ക്കു സമാന്തരമാണ്. പശ്ചാത്തല ഉൾക്കാഴ്ചകൾ C കാണുക. മോശൈക ന്യായപ്രമാണവും ക്രിസ്തുവിലുള്ള പുതിയ നിയമത്തോടുള്ള അതിന്റെ ബന്ധവും 3:21–31 ലും 4:13–16 ലും ചർച്ച ചെയ്യുന്നുണ്ട്.

▣

| | |
|---|---|
| **NASB** | **"മനുഷ്യൻ ജീവനോടിരിക്കുംകാലത്തോളക്കെയും ന്യായപ്രമാണത്തിന്നു അവന്റെമേൽ അധികാരപരിധി ഉണ്ടു"** |
| **NKJV** | **"മനുഷ്യൻ ജീവനോടിരിക്കുംകാലത്തോളക്കെയും ന്യായപ്രമാണത്തിന്നു അവന്റെമേൽ അധികാരം ഉണ്ടു"** |
| **NRSV** | **"മനുഷ്യന്റെ ജീവിതകാലത്തു മാത്രമേ ന്യായപ്രമാണം ബാധകമാകുന്നുള്ളു"** |
| **TEV** | **"മനുഷ്യൻ ജീവനോടിരിക്കുംകാലത്തു മാത്രമേ ന്യായപ്രമാണം അവനെ ഭരിക്കുന്നുള്ളു"** |
| **NJB** | **"വ്യക്തിയുടെ ജീവിതകാലത്തു മാത്രമേ ന്യായപ്രമാണം അവനെ ബാധിക്കുന്നുള്ളു"** |

ഇത് ആക്ഷരികമായി "കർത്തൃത്വം നടത്തുക" (*കൂറിയെയുഓ*-**κυριευω**, ഒ.നോ. 6:9,14) എന്നാണ്. മോശൈക ന്യായപ്രമാണം ഒരു വലിയ അനുഗ്രഹവും (ഒ.നോ. സങ്കീ. 19; 119) ഒരു ഭീകര ശാപവുമാണ് (ഒ.നോ. ഗലാ. 3:13; എഫെ. 2:15; കൊലൊ. 2:14). ശാരീരിക മരണത്തോടെ ന്യായപ്രമാണത്തോടുള്ള ബാധ്യത അവസാനിക്കുന്നു. ഇതേ സാദൃശ്യമാണ് അധ്യായം 6 ൽ വിശ്വാസി പാപത്തിനു മരിക്കുന്നതു സംബന്ധിച്ച് ഉപയോഗിച്ചിരിക്കുന്നത്.

**7:2 "ഭർത്താവുള്ള സ്ത്രീ"** വാ. 1–6 ൽ പൗലൊസിന്റെ മുഖ്യ ഉദാഹരണമാണിത്. അധ്യായം 6 ൽ മരണത്തോടെ ഒരു മനുഷ്യന്റെ അടിമയെന്ന നിലയിലുള്ള ബാധ്യത അവസാനിക്കുന്നതായി അവൻ പറയുന്നു. ഉദാഹരണം ഇവിടെ നേരെ തിരിക്കുന്നു, കാരണം സ്ത്രീക്ക് പുനർവിവാഹത്തിനു സാധ്യതയുണ്ടാകുന്നതിന് പുരുഷൻ മരിക്കുന്നു. അതേസമയം പൗലൊസിന്റെ ഉപമയിൽ വിശ്വാസി മരിക്കുകയും ദൈവത്തിനു ജീവിക്കുകയും ചെയ്യുന്നു.

▣ **"ഒഴിവുള്ളവളായി"** 6:6 ലെ അതേ ക്രിയയാണിത്. അർത്ഥം "നീക്കം വന്നു," "നിഷ്ഫലമായി," അഥവാ "അസാധുവായി." 6:6 ൽ അത് ഭൂതകാല കർമ്മണി പ്രയോഗമാണെങ്കിൽ, ഇവിടെ പൂർണ്ണ കർമ്മണി പ്രയോഗമാണ്, അർത്ഥം "ഒഴിവുള്ളവളായി, ഒഴിവുള്ളവളായി തുടരുകയും ചെയ്യുന്നു." 3:3 ലെ പ്രത്യേക പഠനവിഷയം കാണുക.

**7:3 "വ്യഭിചാരിണി എന്നു പേർ വരും"** ഈ അഭിപ്രായം, ആവ. 24:1–4 ആസ്പദമാക്കി – പ്രത്യേകിച്ച് "ദൂഷ്യമായത്" എന്നതിനെച്ചൊല്ലി – യെഹൂദ സ്കൂളുകളായ ഷമ്മായിയും ഹില്ലേലും തമ്മിലുള്ള വാദത്തോടു ബന്ധപ്പെട്ടതാണ്. ഹില്ലേൽ സ്കൂൾ ഏതു കാരണം ചൊല്ലിയും വിവാഹമോചനം അനുവദിക്കാം എന്നു വാദിച്ച ഉത്പതിഷ്ണു മനോഭാവക്കാരായിരുന്നു. ഷമ്മായി സ്കൂളാകട്ടെ, വ്യഭിചാരമോ മറ്റ് ലൈംഗിക മര്യാദകേടുകളോ മൂലം മാത്രമേ

വിവാഹമോചനം പാടുള്ളു എന്നു വാദിച്ചിരുന്ന യാഥാസ്ഥിതികരായിരുന്നു (ഒ.നോ. മത്താ. 5:32; 19:9).

**റോമർ 7:4-6**

**[4]അതുകൊണ്ടു സഹോദരന്മാരേ, നാം ദൈവത്തിന്നു ഫലം കായ്ക്കുമാറു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റ വനായ വേറൊരുവന്നു ആകേണ്ടതിന്നു നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു. [5]നാം ജഡത്തിലായിരുന്നപ്പോൾ ന്യായപ്രമാണത്താൽ ഉളവായ പാപ രാഗങ്ങൾ, മരണത്തിന്നു ഫലം കായ്ക്കത്തക്കവണ്ണം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചു പോന്നു. [6]ഇപ്പോഴോ, നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണം സംബന്ധിച്ചു മരിച്ചിരിക്കകൊണ്ടു, അക്ഷരത്തി ന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ തന്നെ സേവിക്കേണ്ടതിന്നു നാം ന്യായപ്രമാണത്തിൽ നിന്നു ഒഴിവുള്ളവരായിരിക്കുന്നു.**

**7:4 "നാം ദൈവത്തിന്നു ഫലം കായ്ക്കുമാറു"** ഇതും അധ്യായം 6 ന്, പ്രത്യേകാൽ 6:22 നു സമാന്തരമാണ്. വിശ്വാസികൾ ഇപ്പോൾ ക്രിസ്തുവിനോടു ബന്ധിക്കപ്പെടുവാൻ തക്കവണ്ണം ക്രിസ്തുവിൽ സ്വതന്ത്രരായിരിക്കുന്നു. ഇതാണ് തുടരുന്ന വിവാഹ സാദൃശ്യം. ക്രിസ്തു വിശ്വാസികൾക്കുവേണ്ടി മരിച്ചതുപോലെ അവരും ഇപ്പോൾ മരിക്കേണം (ഒ.നോ. 2 കൊരി. 5:13-14; ഗലാ. 2:20). ക്രിസ്തു ഉയിർത്തെഴുന്നേറ്റതുപോലെ, അവരും ദൈവത്തെയും (ഒ.നോ. റോമ. 6:22; എഫെ. 2:5-6) പരസ്പരവും (ഒ.നോ. 1 യോഹ. 3:16) സേവിക്കുന്നതിനുള്ള പുതിയ ആത്മീയ ജീവനിലേക്ക് ഉയിർത്തെഴുന്നേറ്റിരിക്കുന്നു

■ **"ക്രിസ്തുവിന്റെ ശരീരം മുഖാന്തരം"** ഇത് സഭ ക്രിസ്തുവിന്റെ ശരീരം എന്ന ദൈവശാസ്ത്ര ആശയത്തെ ക്കുറിച്ചല്ല (ഒ.നോ. 1 കൊരി. 12:12,27), മറിച്ച് ക്രിസ്തു മരിച്ചപ്പോൾ വിശ്വാസികളും സ്നാനത്തിലൂടെ അവനോടൊപ്പം മരിച്ചു എന്നു പറയുന്ന 6:3-11 ലെപ്പോലെ, ഭൗതിക ശരീരത്തെക്കുറിച്ചാണ്. അവന്റെ മരണം അവരുടെ മരണമാ യിരുന്നു (ഒ.നോ. 2 കൊരി. 5:14-15; ഗലാ. 2:20). അവന്റെ പുനരുത്ഥാന ജീവൻ അവരെ ദൈവത്തെയും മറ്റുള്ളവരെയും സേവിക്കുന്നതിനു തക്കവണ്ണം സ്വതന്ത്രരാക്കി.

■ **"നിങ്ങളും ... മരിച്ചിരിക്കുന്നു"** ഇതാണ് ഈ ഖണ്ഡികയുടെ പ്രധാന ഊന്നൽ (അധ്യായം 6 ന്റെയും). വിശ്വാസി ക്രിസ്തുവിനോടുകൂടെ (ഒ.നോ. 2 കൊരി. 5:14-15; ഗലാ. 2:20) "കുഴിച്ചിടപ്പെടുകയും" (6:4) "ക്രൂശി ക്കപ്പെടുകയും" (6:6) ചെയ്തതു നിമിത്തം പാപത്തിനു മരിച്ചിരിക്കുന്നു എന്ന അധ്യായം 6 ലെ സാദൃശ്യത്തോടു ബന്ധപ്പെട്ടതാണിതും. ആത്മാവിന്റെ ഈ പുതിയ യുഗത്തിൽ (ഒ.നോ. 2 കൊരി. 5:17) വിശ്വാസികൾ ക്രിസ്തുവിൽ പുതിയ സൃഷ്ടികളാകുന്നു (6:4 ന്റെ പൂർണ്ണ കുറിപ്പുകൾ കാണുക). സ്നാനം പഴയ യുഗം, പഴയ മനുഷ്യൻ എന്നിവയും പുതിയ യുഗം, പുതിയ മനുഷ്യൻ എന്നിവയും തമ്മിലുള്ള അതിർത്തി നിശ്ചയിക്കുന്നു.

**7:5**

| | |
|---|---|
| **NASB** | **"നാം ജഡത്തിലായിരുന്നപ്പോൾ"** |
| **NKJV** | **"നാം ജഡത്തിലായിരുന്നപ്പോൾ"** |
| **NRSV** | **"നാം ജഡത്തിൽ ജീവിച്ചിരുന്നപ്പോൾ"** |
| **TEV** | **"നാം മാനുഷിക പ്രകൃതിക്കനുസരിച്ച് ജീവിച്ചിരുന്നപ്പോൾ"** |
| **NJB** | **"നമ്മുടെ മാനസാന്തരത്തിനു മുമ്പ്"** |

ഈ വാക്യം വാ. 4 നു വിപരീതമാണ്. വാ. 4, വാ. 6 നെപ്പോലെ ഒരു വിശ്വാസിയുടെ അനുഭവത്തോടു ബന്ധപ്പെട്ടതാണ്. വാ. 5, ദൈവിക ശക്തികൂടാതെയുള്ള (ഒ.നോ. ഗലാ. 5:18-24) ജീവിതത്തിന്റെ "ഫല"ത്തെ വിവരിക്കുന്നു. ന്യായപ്രമാണം വിശ്വാസികൾക്ക് അവരുടെ പാപത്തെ വെളിപ്പെടുത്തുന്നു (നാ. 7-9; ഗലാ. 3:23-25) എങ്കിലും അതിനെ ജയിക്കാനുള്ള ശക്തി നൽകാനുള്ള കഴിവില്ല.

സന്ദർഭത്തിനനുസരിച്ച്, ഈ പ്രയോഗം വിശ്വാസികളുടെ ആദാമിൽനിന്നും വീണുപോയ പ്രകൃതത്തെ സൂചിപ്പിക്കുന്നു (ഒ.നോ. 6:19). പൗലൊസ് സാർക്സ് (***σαρξ***) എന്ന പദം രണ്ടു വ്യത്യസ്ത രീതിയിൽ ഉപയോഗി ക്കുന്നു, (1) പാപ പ്രകൃതി (പഴയ മനുഷ്യൻ), (2) ഭൗതിക ശരീരം (ഒ.നോ. 1:3; 4:1; 9:3,5). ഇവിടെ ഇത് നിഷേധാ ത്മകം ആണ്, എങ്കിലും റോമ. 1:3; 4:1; 9:3,5; ഗലാ. 2:20 കാണുക. ജഡം/ശരീരം (***σαρξ/σομα***) അതിൽ തന്നെ തിന്മയല്ല, എങ്കിലും മനസ്സിലെപ്പോലെ (***νους***) അതും ഈ യുഗത്തിലെ തിന്മയുടെ ശക്തിയും പരിശുദ്ധാത്മാവും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ യുദ്ധഭൂമിയാണ്. പൗലൊസ് ഈ പദം ഒരു വിധത്തിൽ, ഗ്രീക്കിനു സമാനമായിട്ടല്ല, മറിച്ച് സെപ്റ്റ്വജിന്റിനു സമാനമായിട്ടാണ് ഉപയോഗിക്കുന്നത്. 1:3 ലെ പ്രത്യേക പഠനവിഷയം: ജഡം (*സാർക്സ് - σαρξ*) കാണുക.

■ **"ന്യായപ്രമാണത്താൽ ഉളവായ"** മറുതലിക്കുന്ന - ഏതൊരു വിലക്കുകളെയും ഇഷ്ടപ്പെടാത്ത - മാനുഷിക പ്രകൃതിയെ സംബന്ധിച്ച ഈ വിഷയം ഉല്പത്തി 3 ലും സകല മനുഷ്യരിലും വ്യക്തമായി കാണാവുന്നതാണ്. ന്യായപ്രമാണം അതിരുകൾ നിശ്ചയിക്കുന്നു (ഒ.നോ. വാ. 7-8). ഈ അതിരുകൾ മനുഷ്യവർഗ്ഗത്തിന്റെ സംരക്ഷ ണത്തിനുവേണ്ടിയാണ്, എങ്കിലും മനുഷ്യർ അവയെ ചങ്ങലകളായും പരിമിതികളായുമാണ് കാണുന്നത്. പാപ പങ്കിലവും സ്വതന്ത്രവുമായ ആത്മാവ് ദൈവിക പ്രമാണത്താൽ ഉത്തേജിതമാകുന്നു. പരിമിതികളല്ല പ്രശ്നം (ന്യായപ്രമാണം, ഒ.നോ. വാ. 12-13) മറിച്ച് മനുഷ്യന്റെ അധീശത്വവും സ്വയ-ഇച്ഛയുമാണ്.

■ **"മരണത്തിന്നു ഫലം കായ്ക്കത്തക്കവണ്ണം"**

1. വാ. 5 - ദൈവത്തിനു ഫലം കായിക്കുക
2. വാ. 6 - മരണത്തിനു ഫലം കായിക്കുക

എന്നിവ തമ്മിലുള്ള വൈരുദ്ധ്യം എത്ര വലിയതാണ്.

വിശ്വാസികൾ മരണത്തിനും പാപത്തിനും ന്യായപ്രമാണത്തിനും മരിക്കുകയും ഇപ്പോൾ ദൈവരാജ്യത്തിനു ഫലം കായ്ക്കുമാറ് ജീവിക്കുകയും ചെയ്യുന്നു. പൗലൊസ് കറുപ്പും വെള്ളയുമായി വരച്ചുകാട്ടുന്നു (അല്ലെങ്കിൽ മികച്ച വൈരുദ്ധ്യ വിഭാഗങ്ങളായി, 8:2 ന്റെ കുറിപ്പ് കാണുക). ഒരു വ്യക്തി രണ്ടിൽ ഒരു വിഭാഗത്തിലായിരിക്കും - ആദാം അല്ലെങ്കിൽ യേശു (ഒ.നോ. 5:12-21). യേശുവിലുള്ളവർ സ്വതന്ത്രരും ബന്ധനമില്ലാത്തവരും പുതുക്കം പ്രാപിച്ചവരുമാണ് (ഒ.നോ. ഗലാ. 2:19-20)! അതിൽ നടക്കുക! അതിൽ ആഹ്ലാദിക്കുക!

**7:6 "ഇപ്പോഴോ"** *എ ട്രാൻസ്‌ലേറ്റേഴ്സ് ഹാൻഡ്ബുക്ക് ഓൺ പോൾസ് ലെറ്റർ ടു ദ റോമൻസ്* എന്ന ഗ്രന്ഥത്തിൽ ന്യൂമാനും നിഡായും രസകരമായ ഒരു കമന്റ് നൽകുന്നുണ്ട്.

> വാ. 5 ഉം 6 ഉം തമ്മിലുള്ള സമാന്തരത്വവും അതോടൊപ്പം അതിന് തുടർന്നുവരുന്ന വാക്യങ്ങളോടുള്ള ബന്ധവും ശ്രദ്ധിക്കുന്നത് താല്പര്യജനകമാണ്. വാ. 5, വിശ്വാസിയാകുന്നതിനു മുമ്പുള്ള അനുഭവം, അതിന് 7:-25 ൽ സമാന്തരം കാണുന്നുണ്ട്; വാ. 6, ദൈവത്തിന്റെ ആത്മാവിന്റെ കീഴിൽ ഇപ്പോഴുള്ള വിശ്വാസ ജീവിതത്തെ വിവരിക്കുന്നു, അതിനു സമാന്തര ഭാഗമാണ് 8:1-11" (പേജ് 130).

■ **"നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണം സംബന്ധിച്ചു മരിച്ചിരിക്കകൊണ്ടു"** ഇത് ഭൂതകാല കർത്തരി അപൂർണ്ണക്രിയയും അതിനെത്തുടർന്നു വരുന്ന അപൂർണ്ണ കർമ്മണി സൂചകവുമാണ്. ദൈവം വിശ്വാസികളെ ക്രിസ്തുവിന്റെ മരണം മുഖാന്തരം

1. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും
2. അവരുടെ ആന്തരിക പാപ പ്രകൃതിയിൽനിന്നും

വിടുവിച്ചിരിക്കുന്നു. ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട ഹിതത്തോടുള്ള മത്സരം, വീണുപോയ പ്രകൃതി, വ്യക്തിപര മായ പാപം, പ്രകൃത്യാതീതമായ പരീക്ഷ എന്നിവയിലൂടെ അവർ തുടർമാനമായി ബന്ധിക്കപ്പെട്ടിരിക്കുന്നു (ഒ.നോ. എഫെ. 2:2-3)!

■ **"പഴക്കത്തിലല്ല .... പുതുക്കത്തിൽ"** ഈ പുതിയ ആത്മീയ വഴി പുതിയ നിയമത്തെ സൂചിപ്പിക്കുന്നതായി തോന്നുന്നു (ഒ.നോ. യിരെ. 31:31-34; യെഹെ. 36:22-32). "പുതിയത്" എന്നതിനുള്ള ഗ്രീക്ക് പദം (***καινος***, ***καινοτης***) പൗലൊസ് ഉപയോഗിക്കുന്നത്

1. ജീവന്റെ പുതുക്കം, റോമ. 6:4 (6:4 ന്റെ കുറിപ്പ് കാണുക)
2. ആത്മാവിന്റെ പുതുക്കം, റോമ. 7:6
3. പുതിയ നിയമം, 1 കൊരി. 11:2; 2 കൊരി. 3:6
4. പുതിയ സൃഷ്ടി, 2 കൊരി. 5:17; ഗലാ. 6:15
5. പുതിയ മനുഷ്യൻ, എഫെ. 2:15; 4:24

എന്നിവയെ സൂചിപ്പിക്കുവാനാണ്.

"പഴയ" എന്ന പദം മോശൈക ന്യായപ്രമാണത്തിന് ഉപയോഗിക്കുന്നതും "പൂർണ്ണമായി നീങ്ങിപ്പോയത്" എന്നു സൂചിപ്പിക്കുന്നതുമാണ്. പൗലൊസ് എബ്രായ ലേഖനകാരനെപ്പോലെ പഴയ നിയമത്തെ പുതിയതുമായി താരത മ്യപ്പെടുത്തുന്നു (ഒ.നോ. എബ്രാ. 8:7, 13).

■

**NASB, NKJV** **"ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കേണ്ടതിന്നു"**
**NRSV** **"നാം പഴയ എഴുതപ്പെട്ട പ്രമാണത്തിൻകീഴല്ല ആത്മാവിന്റെ പുതുജീവിതത്തിൽ ദാസന്മാ രായിരിക്കേണ്ടതിന്"**
**TEV** **"ആത്മാവിന്റെ പുതു വഴിയിൽ ആയിരിക്കേണ്ടതിന്നു"**
**NJB** **"പുതിയ ആത്മീയ വഴിയിൽ സേവിക്കുവാൻ സ്വതന്ത്രരാകേണ്ടതിന്ന്"**

ഇത് ആക്ഷരികമായി "ആത്മാവിന്റെ പുതുക്കം" ആണ്. ഇത് പുതുക്കം പ്രാപിച്ച മനുഷ്യാത്മാവിനെയാണോ അതോ പരിശുദ്ധാത്മാവിനെയാണോ - അവനെക്കുറിച്ച് റോമർ 8ൽ ദുർഗ്രഹമായ രീതിയിൽ സൂചിപ്പിച്ചിരിക്കുന്നു (15 പ്രാവശ്യം) - സൂചിപ്പിക്കുന്നതെന്നു നിശ്ചയമില്ല. "ആത്മാവ്" എന്ന പദം റോമ. 1:4,9; 2:29; 7:6; 8:15; 11:8; 12:11; 1 കൊരി. 2:11; 4:21; 5:3,4,5; 7:34; 14:15,16,32; 16:18 ൽ സുവിശേഷത്താലും ആത്മാവിനാലും പുതുക്കപ്പെടുകയും ഊർജ്ജസ്വലമാക്കപ്പെടുകയും ചെയ്ത മനുഷ്യാത്മാവിനെ സൂചിപ്പിക്കുന്നു.

പൗലൊസിന്റെ എഴുത്തുകളിൽ, "ജഡം" "ആത്മാവ്" എന്നിവ പലപ്പോഴും രണ്ടുവിധത്തിലുള്ള ചിന്താ ഗതികളും ജീവിത രീതിയും എന്ന നിലയിൽ വൈരുധ്യാത്മകമായി ചിത്രീകരിച്ചിട്ടുണ്ട് (ഒ.നോ. 7:14; 8:4; ഗലാ. 3:3; 5:16,17,25; 6:8). ദൈവത്തെക്കൂടാതെയുള്ള ഭൗതിക ജീവിതം "ജഡം" ആണ് (1:3 ലെ പ്രത്യേക പഠനവിഷയം കാണുക), എന്നാൽ ദൈവത്തോടൊപ്പമുള്ള ജീവിതം "ആത്മാവ്" ആകുന്നു. അധിവസിക്കുന്ന പരിശുദ്ധാത്മാവ് (ഒ.നോ. 8:9,11) വിശ്വാസിയെ ക്രിസ്തുവിൽ പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുത്തുന്നു (സ്ഥാനീയമായും അനുഭവപരമായും).

▣ **"ഒഴിവുള്ളവരായിരിക്കുന്നു"** ഇത് ഭൂതകാല കർമ്മണി സൂചകമാണ്. ഇത് വാ. 5 ലെ അപൂർണ്ണ മധ്യ സൂചകത്തിനു വിപരീതമാണ്. വിശ്വാസികൾ ന്യായപ്രമാണത്തിൽ വെളിപ്പെടുത്തപ്പെട്ട പാപത്താൽ നിരന്തരമായി ബന്ധിതരായിരുന്നു, എന്നാൽ അവർ ഇപ്പോൾ സുവിശേഷത്തിലൂടെ പരിശുദ്ധാത്മാവിനാൽ സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു. ഇതേ പദം വാ. 2ൽ ഭർത്താവു മരിച്ച സ്ത്രീയെക്കുറിച്ചും പറഞ്ഞിരിക്കുന്നു.

## റോമർ 7:7–25 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. റോമർ 7:7–25 ഒരു മാനുഷിക യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നു. സകല മനുഷ്യരും, രക്ഷിക്കപ്പെട്ടവരും അല്ലാത്തവരും തങ്ങളുടെ ലോകത്തിലും സ്വന്തം ഹൃദയങ്ങളിലും മനസ്സുകളിലും നന്മയും തിന്മയും തമ്മിലുള്ള സംഘർഷം അനുഭവിക്കുന്നു. വ്യാഖ്യാനപരമായ ചോദ്യം, "ഈ വേദഭാഗം നാം എങ്ങനെ മനസ്സിലാക്കണമെന്നാണ് പൗലൊസ് ആഗ്രഹിച്ചത്?" ഇത് 1:18–6:23; 8:1–39 ഭാഗങ്ങളുമായി പശ്ചാത്തല പരമായി ബന്ധപ്പെട്ടിരിക്കുന്നുണ്ടാകാം. ചിലർ ഇതിനെ കാണുന്നത് സകല മനുഷ്യരോടും ബന്ധപ്പെട്ടിരിക്കുന്ന നിലയിലും അതിനാൽ, പൗലൊസിന്റെ അനുഭവത്തെ ഒരു മാതൃകയായിട്ടുമാണ്. ഈ വ്യാഖ്യാനത്തെ "ആത്മകഥാപരമായ സിദ്ധാന്തം" എന്നു വിളിക്കുന്നു.

പൗലൊസ് "ഞാൻ" എന്ന പദം വ്യക്തിപരമല്ലാത്ത നിലയിൽ 1 കൊരി. 13:1–3 ൽ ഉപയോഗിച്ചിട്ടുണ്ട്. വ്യക്തിപരമല്ലാത്ത നിലയിലുള്ള "ഞാൻ" എന്ന പദത്തിന്റെ ഉപയോഗം യെഹൂദ റബ്ബിമാരുടെ എഴുത്തുകളിലും കാണാം. ഇവിടെ ഇതാണ് യാഥാർത്ഥ്യമെങ്കിൽ, ഈ വേദഭാഗം മനുഷ്യവർഗ്ഗത്തിന്റെ നിഷ്പാപാവസ്ഥയിൽനിന്നും പാപബോധത്തിലേക്കും തുടർന്ന് രക്ഷയിലേക്കുമുള്ള മാറ്റത്തെയാണ് ചിത്രീകരിക്കുന്നത് (അധ്യായം 8). ഇതിനെ "പ്രാതിനിധ്യ സിദ്ധാന്തം" എന്നു വിളിക്കുന്നു (*ജെറോം ബിബ്ലിക്കൽ കമന്ററി*, പേജ് 312).

എന്നിരുന്നാലും, മറ്റുള്ളവർ ഈ വാക്യങ്ങളെ, വിശ്വാസിക്ക് വീഴ്ച സംഭവിച്ച മനുഷ്യപ്രകൃതിയോടുള്ള തുടർമാനമായ പോരാട്ടത്തോട് ബന്ധപ്പെട്ടതായിട്ടാണ് കാണുന്നത് (അതാ. അഗസ്റ്റിൻ, തോമസ് അകിനാസ്, മാർട്ടിൻ ലൂഥർ, കാൽവിൻ, കാൾ ബാർത്ത്). വാ. 24 ലെ ഹൃദയഭേദകമായ നിലവിളി ഈ ആന്തരിക സംഘർഷത്തെ വെളിപ്പെടുത്തുന്നു. വാ. 7–13 ൽ അധികമായി ഭൂതകാല ക്രിയകളും അപൂർണ്ണ ക്രിയകളും കാണുമ്പോൾ, വാ. 14–25 ൽ വർത്തമാന കാല ക്രിയകളും പൂർണ്ണ ക്രിയകളുമാണ് കാണുന്നത്. ഇത് പൗലൊസ് നിഷ്പാപാവസ്ഥയിൽനിന്നും പാപബോധത്തിലേക്കും തുടർന്ന് രക്ഷയിലേക്കുമുള്ള തന്റെ മാറ്റത്തിന്റെയും തുടർന്ന് സംഘർഷഭരിതമായ പുരോഗമന വിശുദ്ധീകരണത്തിന്റെയും അനുഭവം പങ്കുവെയ്ക്കുന്ന "ആത്മകഥാപരമായ സിദ്ധാന്ത" ത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു (ഒ.നോ. *ഓട്ടോസ് എഗോ,* "ഞാൻ തന്നേ", വാ. 25).

രണ്ടു സിദ്ധാന്തങ്ങളും ശരിയായിരിക്കാനുള്ള സാദ്ധതയും കാണുന്നുണ്ട്. വാ. 1–13 ലും 25b യിലും പൗലൊസ് ആത്മകഥാപരമായി സംസാരിക്കുമ്പോൾ, വാ. 14–25a യിൽ അവൻ വീണ്ടെടുക്കപ്പെട്ട സകല മനുഷ്യവർഗ്ഗത്തിന്റെയും പ്രതിനിധിയായി പാപത്തോടുള്ള തന്റെ ആന്തരിക സംഘർഷത്തെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. എങ്കിലും ഈ മുഴുവൻ വേദഭാഗവും, മാനസാന്തരത്തിനു മുമ്പ് ഒരു സമർപ്പിത യെഹൂദ മതവാദി എന്ന നിലയിൽ പൗലൊസിന്റെ പരാജയത്തിനെതിരായിട്ടുവേണം കാണുവാൻ. പൗലൊസിന്റെ അനുഭവം അവന്റെ മാത്രം പ്രത്യേക അനുഭവമാണ്.

B. ന്യായപ്രമാണം നല്ലതാണ്. അതു ദൈവത്തിൽനിന്നുള്ളതാണ്. അത് ദൈവിക ഉദ്ദേശ്യങ്ങളെ നിവർത്തിച്ചു, നിവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു (ഒ.നോ. 7:7,12,14,22,25; മത്താ. 5:17–19). അതിന് സമാധാനമോ രക്ഷയോ വരുത്തുവാൻ <u>കഴികയില്ല</u> (ഒ.നോ. ഗലാത്യർ 3). ജെയിംസ് സ്റ്റുവാർട്ട് തന്റെ *എ മാൻ ഇൻ ക്രൈസ്റ്റ്* എന്ന ഗ്രന്ഥത്തിൽ പൗലൊസിന്റെ വൈരിദ്ധ്യാത്മക ചിന്തകളെയും എഴുത്തുകളെയും കുറിച്ച് പരാമർശിക്കുന്നു:

> "ഒരു ചിന്താസരണിയും ഉപദേശവും കെട്ടിപ്പടുക്കാൻ തന്നെത്താൻ ഒരുക്കുന്ന ഒരു വ്യക്തിയെപ്പറ്റി നിങ്ങൾ സാധാരണമായ പ്രതീക്ഷിക്കുന്നത് താൻ ഉപയോഗിക്കുന്ന പദപ്രയോഗങ്ങളുടെ അർത്ഥങ്ങൾ കഴിയുന്നിടത്തോളം സ്ഥിരപ്പെടുത്തുക എന്നതാണ്. തന്റെ പ്രധാന ആശയങ്ങളുടെ വാചകശൈലിയുടെ കൃത്യതയിൽ താൻ ലക്ഷ്യം വയ്ക്കണമെന്ന് നിങ്ങൾ പ്രതീക്ഷിക്കും. എഴുത്തുകാരൻ ഒരു പ്രത്യേക അർത്ഥത്തിൽ ഒരിക്കൽ ഉപയോഗിച്ച ഒരു വാക്ക് ആ ഗ്രന്ഥത്തിലുടനീളം ആ അർത്ഥം തന്നെ വഹിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെടും. എന്നാൽ പൗലൊസിൽ നിന്നും ഇത് പ്രതീക്ഷിക്കുന്നവർ നിരാശപ്പെടും. തന്റെ വാചകശൈലി മിക്കവാറും അയഞ്ഞതും ദൃഢതയില്ലാത്തതുമാണ് ... "കല്പന വിശുദ്ധമാണ്" താൻ എഴുതുന്നു, "ഉള്ളംകൊണ്ടു ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു" (ഒ. നോ. റോമ. 7:12, 22). എന്നാൽ ഇത് വ്യക്തമായും "ക്രിസ്തു നമ്മെ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും വിലെക്കു വാങ്ങി" എന്ന് മറ്റൊരിടത്ത് തന്നെക്കൊണ്ടു പറയിപ്പിക്കുന്ന *നോമോസ് ന്റെ* മറ്റൊരു വശമാണ് (ഒ. നോ. ഗലാ. 3:13)" (പേജ് 26).

C. "പൗലൊസ് വാ. 14–25 ൽ രക്ഷിക്കപ്പെട്ട വ്യക്തിയെയാണോ രക്ഷിക്കപ്പെടാത്ത വ്യക്തിയെയാണോ

പരാമർശിക്കുന്നത്?" എന്ന ചോദ്യത്തിനുത്തരം നല്കുന്ന വേദപുസ്തക തെളിവുകൾ താഴെപ്പറയുന്നു.

1. രക്ഷിക്കപ്പെടാത്ത വ്യക്തി
   a. ആദിമ ഗ്രീക്ക് സഭാപിതാക്കന്മാരുടെ വ്യാഖ്യാനം ഇങ്ങനെയായിരുന്നു
   b. താഴെപ്പറയുന്ന പ്രയോഗങ്ങൾ ഈ വീക്ഷണത്തെ പിന്തുണയ്ക്കുന്നു
      (1) "ഞാനോ ജഡമയൻ," വാ. 14
      (2) "പാപത്തിനു ദാസനായി വില്ക്കപ്പെട്ടവൻ," വാ. 14
      (3) "എന്നിൽ നന്മ വസിക്കുന്നില്ല," വാ. 18
      (4) "എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു," വാ. 23
      (5) "ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിനു അധീനമായ ശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും?" വാ. 24
   c. അധ്യായം 6 ന്റെ സത്വര സന്ദർഭം, നാം പാപത്തിന്റെ അധീനത്തിൽനിന്നും സ്വതന്ത്രരാണ് എന്നതാണ്. അധ്യായം 8 ന്റെ സന്ദർഭം ആരംഭിക്കുന്നത് "അതുകൊണ്ട്" എന്നതാണ്.
   d. ഈ സന്ദർഭത്തിന്റെ അവസാനം വരെ പരിശുദ്ധാത്മാവിനെക്കുറിച്ചോ ക്രിസ്തുവിനെക്കുറിച്ചോ ഉള്ള പരാമർശത്തിന്റെ അഭാവം (വാ. 25).
2. രക്ഷിക്കപ്പെട്ട വ്യക്തി
   a. അഗസ്റ്റിൻ, കാൽവിൻ, നവീകരണ പാരമ്പര്യം എന്നിവയുടെ വ്യാഖ്യാനം ഇങ്ങനെയായിരുന്നു
   b. താഴെപ്പറയുന്ന പ്രയോഗങ്ങൾ ഈ വീക്ഷണത്തെ പിന്തുണയ്ക്കുന്നു
      (1) "ന്യായപ്രമാണം ആത്മികം എന്നു നാം അറിയുന്നുവല്ലോ," വാ. 14
      (2) "ന്യായപ്രമാണം നല്ലതു എന്നു ഞാൻ സമ്മതിക്കുന്നു," വാ. 16
      (3) "ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ," വാ. 19
      (4) "ഉള്ളംകൊണ്ടു ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു," വാ. 22
   c. റോമാലേഖനത്തിന്റെ വിശാല സന്ദർഭം, 7-ാം അധ്യായത്തെ വിശുദ്ധീകരണത്തോടു ബന്ധപ്പെട്ട ഭാഗത്ത് നിർത്തുന്നു.
   d. വാ. 7-13 ൽ കാണുന്ന ഭൂതകാല ക്രിയകളിൽനിന്നും അപൂർണ്ണ ക്രിയകളിൽനിന്നും വാ. 14-25 ലെ വർത്തമാന കാല ക്രിയകളിലേക്കും പൂർണ്ണ ക്രിയകളിലേക്കുമുള്ള മാറ്റം, പൗലൊസിന്റെ ജീവിതത്തിലെ ഒരു വ്യത്യസ്തവും പുതിയതുമായ ഭാഗം ആരംഭിക്കുന്നു എന്നു വ്യക്തമാക്കുന്നു (അതായത് മാനസാന്തരം).

D. ഒരു വിശ്വാസി എത്രയധികം ക്രിസ്തു സാദൃശ്യത്തിലേക്കു മുന്നേറുമോ അത്രയുമധികം അവൻ തന്റെ പാപാവസ്ഥയെക്കുറിച്ച് ബോധ്യമുള്ളവനാകും. ഈ വൈരുദ്ധ്യം ഈ സന്ദർഭത്തോടും പൗലൊസിന്റെ വ്യക്തിത്വത്തോടും യോജിച്ചു പോകുന്നു (ആ വിഷയത്തിൽ മിക്ക വിശ്വാസികളും അങ്ങനെ തന്നേ; വിപരീതമായ വീക്ഷണത്തിന് ഗോർഡൻ ഫീ എഴുതിയ, *പോൾ, ദ സ്പിരിറ്റ് ആൻഡ് ദ പീപ്പിൾ ഓഫ് ഗോഡ്* കാണുക).

ലൂഥറൻ ഗാനസമാഹാരത്തിൽ നിന്നും ഹെന്റി റ്റൈൽസ് എഴുതിയ വരികൾ:

"ആർക്കും കർത്താവേ പൂർണ്ണ വിശ്രാന്തിയില്ല
ആരും പൂർണ്ണമായി പാപത്തിൽനിന്നും മോചിതരല്ല;
ക്ഷീണിതർ നിന്നെ നന്നായി സേവിക്കും
ഉള്ളിലെ തെറ്റിനെ നന്നായി ഗ്രഹിക്കും."

പൗലൊസ് തനിക്ക് "ന്യായപ്രമാണം," "പാപം/മരണം" എന്നിവയെ നന്നായി അവതരിപ്പിക്കുന്നതിനുള്ള ഘടന നല്കിയ പരീശമതത്തിന്റെ മുൻകാല അനുഭവത്തോട് പോരാടുകയാണെന്നാണ് ഞാൻ ചിന്തിക്കുന്നത്. എങ്കിലും രക്ഷയ്ക്കുശേഷം പാപത്തോടും പരീക്ഷയോടുമുള്ള എന്റെ തന്നെ പോരാട്ടം എന്നെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. അതെന്റെ വ്യാഖ്യാനത്തിന് നിറം പകരുന്നു. ഗോർഡൻ ഫീ, *പോൾ, ദ സ്പിരിറ്റ് ആൻഡ് ദ പീപ്പിൾ ഓഫ് ഗോഡ്* എന്ന ഗ്രന്ഥത്തിൽ മറ്റൊരു വിലപ്പെട്ട ക്രിസ്തീയ അനുഭവവും കാഴ്ചപ്പാടും അവതരിപ്പിക്കുന്നുണ്ട്. എനിക്കറിയാവുന്ന ഒരു കാര്യം,

1. പഴയ യുഗം - പുതിയ യുഗം
2. പഴയ മനുഷ്യൻ - പുതിയ മനുഷ്യൻ
3. ന്യായപ്രമാണം - ആത്മാവ്

എന്നിവ തമ്മിലുള്ള സംഘർഷം അഥവാ ഭിന്നത ക്രിസ്തുവിൽ പരിഹരിക്കപ്പെട്ടിരിക്കുന്നു! വിജയം നമ്മുടേതാണ്! 6, 8 അധ്യായങ്ങൾ കാണാതെ അധ്യായം 7 ൽ ശ്രദ്ധ കേന്ദ്രീകരിക്കരുത്. അവനിൽ നമുക്കു വിജയമുണ്ട്.

E. അധ്യായം 8 ൽ *സുൻ* (***συν***, 8:32 ലെ ഗതി) ഗതിയുടെ സംയുക്തങ്ങൾ കാണാം.

1. വാ. 16 - *സുൻ* + സാക്ഷ്യം പറയുന്നു
2. വാ. 17 - *സുൻ* + അവകാശികൾ
3. വാ. 17 - *സുൻ* + കഷ്ടമനുഭവിക്കുക
4. വാ. 17 - *സുൻ* + തേജസ്കരിക്കപ്പെടുക
5. വാ. 22 - *സുൻ* + ഞരങ്ങുക

6. വാ. 22 – *സുൻ* + ഈറ്റുനോവോടിരിക്കുക
7. വാ. 26 – *സുൻ* + തുണനില്ക്കുക
8. വാ. 28 – *സുൻ* + കൂടി വ്യാപരിക്കുക
9. വാ. 29 – *സുൻ* + അനുരൂപരാകുക

ഈ സംയുക്തങ്ങൾ "പങ്കാളികളാകുക" അല്ലെങ്കിൽ "സഹകരിക്കുക" എന്നതിനെ സൂചിപ്പിക്കുന്നു.

**റോമർ 7:7–12**

**7 ആകയാൽ നാം എന്തു പറയേണ്ടു? ന്യായപ്രമാണം പാപം എന്നോ? ഒരുനാളും അരുതു. എങ്കിലും ന്യായപ്രമാണത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല; മോഹിക്കരുതു എന്നു ന്യായപ്രമാണം പറയാതിരുന്നെങ്കിൽ ഞാൻ മോഹത്തെ അറി കയില്ലായിരുന്നു. 8 പാപമോ അവസരം ലഭിച്ചിട്ടു കല്പന യാൽ എന്നിൽ സകലവിധ മോഹത്തെയും ജനിപ്പിച്ചു; ന്യായപ്രമാണം കൂടാതെ പാപം നിർജ്ജീ വമാകുന്നു. 9 ഞാൻ ഒരു കാലത്തു ന്യായപ്രമാണം കൂടാതെ ജീവിച്ചിരുന്നു; എന്നാൽ കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കയും ഞാൻ മരിക്കയും ചെയ്തു. 10 ഇങ്ങനെ ജീവനായി ലഭിച്ചിരുന്ന കല്പന എനിക്കു മരണഹേതുവായിത്തീർന്നു എന്നു ഞാൻ കണ്ടു. 11 പാപം അവസരം ലഭിച്ചിട്ടു കല്പനയാൽ എന്നെ ചതിക്കയും കൊല്ലുകയും ചെയ്തു. 12 ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നേ.**

**7:7 "ആകയാൽ നാം എന്തു പറയേണ്ടു"** പൗലൊസ് തന്റെ ഡയാട്രൈബിന്റെ ഉപയോഗത്തെ പരാമർശിക്കുന്നു (ഒ.നോ. 6:1,15; 7:1,13).

▣ **"ന്യായപ്രമാണം പാപം എന്നോ"** വെളിപ്പാടിന്റെ വൈരുദ്ധ്യങ്ങളിലൊന്ന് ദൈവം ന്യായപ്രമാണത്തിന്റെ വിശുദ്ധിയെയും നന്മയെയും പാപത്തെ വെളിപ്പെടുത്തുന്നതിനുള്ള ഒരു കണ്ണാടിയായി ഉപയോഗിച്ചു എന്നതാണ്. അങ്ങനെ വീണുപോയ മനുഷ്യവർഗ്ഗത്തെ മാനസാന്തരത്തിന്റെയും വിശ്വാസത്തിന്റെയും സ്ഥാനത്തേക്കു കൊണ്ടുവന്നു (ഒ.നോ. വാ. 12–13; ഗലാത്യർ 3). ന്യായപ്രമാണം നീതീകരണത്തിലല്ല, വിശുദ്ധീകരണത്തിൽ തുടർന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നത് അതിശയകരമാണ്! (13:9 ലെ പ്രത്യേക പഠനവിഷയം: മോശെയുടെ ന്യായപ്രമാണം സംബന്ധിച്ച് പൗലൊസിന്റെ കാഴ്ചപ്പാട്, കാണുക).

▣ **"ഒരുനാളും അരുതു"** തെറ്റായ കാര്യത്തെ നിരസിക്കുന്നതിനുള്ള പൗലൊസിന്റെ സവിശേഷ പ്രയോഗം (ഒ.നോ. വാ. 13; 3:4,6,31; 6:12,15; 9:14; 11:1,11; ഗലാ. 2:17; 3:21).

▣ **"എങ്കിലും/നേരെ മറിച്ച്"** റോമാലേഖനത്തിലെ പൗലൊസിന്റെ രചനാശൈലിയിൽ തന്റെ ആശയം വ്യക്ത മാക്കാൻ ശക്തമായ വൈരുദ്ധ്യങ്ങൾ അവതരിപ്പിക്കുന്നു (ഒ.നോ. 3:4,6,31; 6:2,15; 7:13; 9:14; 11:1,11)

▣ **"ഞാൻ"** വാ. 7–25 ൽ വ്യക്തിപരമായ "ഞാൻ," "എനിക്ക്," "എന്നെ" എന്നീ പ്രയോഗങ്ങൾ എത്രപ്രാവശ്യം വരുന്നു എന്ന് നിങ്ങളുടെ ബൈബിളിൽ അടയാളപ്പെടുത്തുക. അതു നിങ്ങളെ അത്ഭുതപ്പെടുത്തും. 40–ലധികം പ്രാവശ്യം അതു കാണാം.

▣ **"ന്യായപ്രമാണത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല"** മോശൈക ന്യായപ്രമാണം വ്യക്തിപരമായ പാപത്തെ വെളിപ്പെടുത്തുന്ന ഒരു കണ്ണാടി പോലെ പ്രവർത്തിക്കുന്നു എന്ന ആശയത്തെ വെളിപ്പെടുത്തുന്ന താക്കോൽ വാക്യങ്ങളിൽ ഒന്നാണിത് (ഒ.നോ. 3:20; 4:65; 5:20; ഗലാ. 3:14–29 പ്രത്യേകിച്ച് വാ. 24). ഒരു പ്രാവശ്യം ന്യായപ്രമാണം ലംഘിക്കുന്നത് ഉടമ്പടി ലംഘിക്കുന്നതിനു തുല്യവും അതിനാൽ അതിന്റെ പരിണിത ഫലം അനുഭവിക്കേണ്ടതുമാണ് (ഒ.നോ. വാ. 10; യാക്കോബ് 2:10)!

▣ **"ന്യായപ്രമാണത്താൽ അല്ലാതെ"** "വസ്തുതാ വിരുദ്ധം" എന്നു വിളിക്കുന്ന രണ്ടാം തരം സോപാധിക വാചകമാണിത്. പൗലൊസിന് പാപബോധമുണ്ടായി. റോമാലേഖനത്തിൽ ഈ വ്യാകരണ രൂപത്തിന്റെ ഏക ഉപയോഗമാണിത്. പൗലൊസ് ഇത് ഗലാ. 1:10; 3:21 ലും 1 കൊരി. 2:8; 5:10; 11:31; 2 കൊരി. 12:11 ലും ഉപയോഗിക്കുന്നുണ്ട്.

▣ **"മോഹിക്കരുത്"** പത്തു കല്പനകളിലെ അവസാന കല്പനയാണിത് (ഒ.നോ. പുറ. 20:17; ആവ. 5:21). ഈ അവസാന കല്പന ശരിയായ മനോഭാവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ അവയുടെ എല്ലാറ്റിന്റെയും ആകെത്തുകയാണ് (ഒ.നോ. മത്തായി 5–7). ന്യായപ്രമാണത്തെ പലപ്പോഴും "കല്പന" എന്നു വിശേഷിപ്പിച്ചിട്ടുണ്ട് (ഒ.നോ. വാ. 8,9,11,12,13).

"മോഹിക്കുക" എന്ന പദത്തിനർത്ഥം "ഒരുവന്റെ ഹൃദയം പതിപ്പിക്കുക" അല്ലെങ്കിൽ "ശക്തമായി ആഗ്രഹി ക്കുക" എന്നാണ്. ദൈവം സൃഷ്ടിപ്പിലൂടെ മനുഷ്യന് (നഷ്ടപ്പെട്ടവർക്കും രക്ഷിക്കപ്പെട്ടവർക്കും) അനേക നല്ല കാര്യങ്ങൾ നല്കിയിട്ടുണ്ടെങ്കിലും മനുഷ്യന് ദൈവദത്തമായ അതിരുകൾക്കപ്പുറത്തുനിന്നും ദൈവിക ദാനങ്ങൾ കവർന്നെടുക്കുവാനുള്ള പ്രേരണയാണുള്ളത്. "എന്തുവില കൊടുത്തും എനിക്ക് കൂടുതൽ-കൂടുതൽ" എന്നതാണ് മുദ്രാവാക്യം. സ്വയം എന്നത് ഭീകരനായ ഏകാധിപതിയാണ്. 13:8–9 ലെ പ്രത്യേക പഠനവിഷയം: പുറപ്പാട് 20:17 നെക്കുറിച്ചുള്ള കുറിപ്പുകൾ, കാണുക.

**7:8**

**NASB, NKJV "അവസരം ലഭിച്ചിട്ടു "**
**NRSV "അവസരം കവർന്നെടുത്ത്"**
**TEV "അതിന്റെ അവസരം കണ്ടെത്തി"**
**NJB "മുതലെടുത്ത്"**

പ്രവർത്തന കേന്ദ്രത്തെ സൂചിപ്പിക്കുന്നതിനുള്ള ഒരു സൈനിക പദമാണിത് (ഒ.നോ. വാ. 8,11). ഇതിവിടെ ആളത്തപരമാക്കിയിരിക്കുന്നു (ഒ.നോ. വാ. 9,11). ഒരു സൈനിക നേതാവിനാൽ നയിക്കപ്പെടുന്ന (ഒ.നോ. വാ. 11,17; 6:12,14,16) സൈനിക നീക്കത്തോടാണ് പാപത്തെ ഉപമിച്ചിരിക്കുന്നത് (ഒ.നോ. വാ. 11).

▣ **"ന്യായപ്രമാണം കൂടാതെ പാപം നിർജ്ജീവമാകുന്നു"** ദൈവഹിതത്തിനെതിരായ മത്സരമാണ് പാപം (ഒ.നോ. റോമ. 4:15; 5:13; 1 കൊരി. 15:56). ഈ പ്രയോഗത്തിൽ ക്രിയ ഇല്ല; ഒരെണ്ണം നൽകേണ്ടതുണ്ട്. ഒരുവൻ വർത്തമാനകാലം നൽകിയാൽ, ഇതൊരു സാർവ്വലൗകിക തത്വമാണെന്നു വരും. ഭൂതകാലം നൽകിയാൽ ഇത് പൗലൊസിന്റെ ജീവിതത്തെ മാത്രം ബാധിക്കുന്നതാണെന്നു വരും.

**7:9 "ഞാൻ ... ജീവിച്ചിരുന്നു"** ഇതു സൂചിപ്പിക്കുന്നത് പൗലൊസ് (1) നിഷ്പാപ കാലത്തിൽ (അതായത് *ബർ-മിറ്റ്സ്വാഹ്*) ഒരു ശിശുവായിരുന്നു അല്ലെങ്കിൽ (2) സുവിശേഷം അവന്റെ ഹൃദയത്തിൽ പ്രവേശിക്കുംമുമ്പ് ഒരു സമർപ്പിത പരീശനായിരുന്നു (ഒ.നോ. പ്രവൃ. 23:1; ഫിലി. 3:6; 2 തിമൊ. 1:3). ഒന്നാമത്തേത് പ്രതിനിധീകരിക്കുന്നത് അധ്യായം 7 ന്റെ "ആത്മകഥാപരമായ സിദ്ധാന്ത"ത്തെയും രണ്ടാമത്തേത് അധ്യായം 7 ന്റെ "പ്രാതിനിധ്യ സിദ്ധാന്തത്തെ"യുമാണ്.

▣ **"കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കയും ഞാൻ മരിക്കയും ചെയ്തു"** മനുഷ്യവർഗ്ഗത്തിന്റെ മത്സര ആത്മാവ് വിലക്കുകളാൽ ഊർജ്ജസ്വലമായി. ദൈവിക പ്രമാണത്തിന്റെ "അരുതു"കൾ വീണുപോയ മനുഷ്യന്റെ സ്വയ-കേന്ദ്രീകൃത ഗർവ്വത്തെ ശക്തിപ്പെടുത്തു (ഒ.നോ. ഉല്പ. 2:16-17; 3:1-6). 5:21 ലെയും 7:8,11,17,20 ലെയും പോലെ പാപത്തെ തുടർന്നും ആളത്തപരമാക്കിയിരിക്കുന്നത് ശ്രദ്ധിക്കുക.

**7:10 "ജീവനായി ലഭിച്ചിരുന്ന കല്പന എനിക്കു മരണഹേതുവായിത്തീർന്നു എന്നു ഞാൻ കണ്ടു"** ഇതു ലേവ്യ. 18:5; ആവ. 4:1 അല്ലെങ്കിൽ റോമ. 2:13 ലെ വാഗ്ദത്തത്തെക്കുറിച്ചുള്ള പരാമർശമായിരിക്കാം. ന്യായപ്രമാണം അതിനു നിവർത്തിക്കാൻ സാധിക്കാത്ത വാഗ്ദത്തമാണു നല്കിയത്; അത് ന്യായപ്രമാണം പാപപങ്കിലമായതു കൊണ്ടല്ല, മറിച്ച് മനുഷ്യൻ ബലഹീനനും മത്സരിയും ആയതുകൊണ്ടാണ്. ന്യായപ്രമാണം മരണവിധി ആയിത്തീർന്നു (ഒ.നോ. ഗലാ. 3:13; എഫെ. 2:15; കൊലൊ. 2:14).

**7:10 "എന്നെ ചതിക്കയും കൊല്ലുകയും ചെയ്തു"** ഇതു രണ്ടും ഭൂതകാല കർത്തരി സൂചക ക്രിയകളാണ്. "ചതിക്കുക" എന്ന ഈ പദം സെപ്റ്റജിന്റിൽ ഉല്പ. 3:13 ൽ സർപ്പം ഹവ്വായെ ചതിച്ചതിന് ഉപയോഗിച്ചിരിക്കുന്നു. പൗലൊസ് ഈ ക്രിയാപദം നിരവധി പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. റോമ. 16:18; 1 കൊരി. 3:18; 2 കൊരി. 11:3; 2 തെസ്സ. 2:3; 1 തിമൊ. 2:14). ആദാമും ഹവ്വായും ദൈവിക കല്പനയോട് (ഇപ്പോൾ ന്യായപ്രമാണത്തിൽ വെളിപ്പെടുത്തപ്പെട്ട, ഒ.നോ. 1 കൊരി. 15:56) അനുസരണക്കേട് കാണിച്ചതിനാൽ ആത്മികമായി മരിച്ചു. അതുപോലെ പൗലൊസും സകല മനുഷ്യരും (1:18-3:20).

**7:12** ന്യായപ്രമാണം നല്ലതാണെന്നുള്ള പൗലൊസിന്റെ സ്ഥിരീകരണമാണിത്. അതല്ല പ്രശ്നം. എന്നിരുന്നാലും അധ്യായം 6ൽ "പാപം", അധ്യായം 7 ൽ "ന്യായപ്രമാണം" എന്നിങ്ങനെ ഉപയോഗിച്ചിരിക്കുന്ന പൗലൊസിന്റെ സമാന്തര ഘടന, മതവാദികളായ റോമാ സഭയിലെ യെഹൂദ വിശ്വാസികളെ (14:1-15:13 ലെ ബലഹീന വിശ്വാസികൾ) ഞെട്ടിച്ചിരിക്കാം.

**റോമർ 7:13**

[13]**എന്നാൽ നന്മയായുള്ളതു എനിക്കു മരണകാരണമായിത്തീർന്നു എന്നോ? ഒരുനാളും അരുതു, പാപമത്രേ മരണമായിത്തീർന്നതു; അതു നന്മയായുള്ളതിനെക്കൊണ്ടു എനിക്കു മരണം ഉളവാക്കുന്നതിനാൽ പാപം എന്നു തെളിയേണ്ടതിന്നും കല്പനയാൽ അത്യന്തം പാപമായിത്തീരേണ്ടതിന്നും തന്നേ.**

**7:13**

**NASB "അതു ... പാപം എന്നു തെളിയേണ്ടതിന്നും ... അത്യന്തം പാപമായിത്തീരേണ്ടതിന്നും തന്നേ"**
**NKJV "അതു ... പാപം എന്നു വെളിപ്പെടേണ്ടതിന്നും ... അത്യന്തം പാപമായിത്തീരേണ്ടതിന്നും തന്നേ"**
**NRSV "അതു ... പാപം എന്നു കാണിക്കേണ്ടതിന്നും ... അളവില്ലാത്തവിധം പാപമാകേണ്ടതിന്നും തന്നേ"**
**TEV "പാപം എന്ന നിലയിലുള്ള അതിന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടേണ്ടതിന്ന്"**
**NJB "പാപം അതിന്റെ ശരിയായ നിറം കാണിക്കേണ്ടതിനും ... അതിന്റെ മുഴുവൻ പാപശക്തിയും പ്രകടിപ്പിക്കേണ്ടതിന്നും"**

പാപത്തിന്റെ ദുഷ്ട സ്വഭാവം വെളിപ്പെടുന്നത്, അത് നല്ലതും പൂർണ്ണവും ദൈവികവുമായ ന്യായപ്രമാണം പോലെയുള്ള ഒന്നിനെ (ഒ.നോ. സങ്കീ. 19, 119) എടുത്ത് അതിനെ ന്യായവിധിയുടെയും മരണത്തിന്റെയും

ഉപകരണമാക്കി വളച്ചൊടിക്കുന്നു (എഫെ. 2:15; കൊലൊ. 2:14) എന്ന വസ്തുതയിലാണ്. വീണുപോയ മനുഷ്യവർഗ്ഗം ദൈവം നല്കിയ സകല ദാനങ്ങളെയും അതിന്റെ ദൈവനിയുക്ത അതിരുകൾക്കപ്പുറത്തേക്ക് എടുത്തു!

"അതിന്നും" "വേണ്ടി" എന്നു തർജ്ജമ ചെയ്യാവുന്ന രണ്ട് *ഹിനാ* (ഉദ്ദേശ്യം) ക്രിയാബന്ധങ്ങൾ കാണുക. ഗതികൾ എഴുത്തുകാരന്റെ ഉദ്ദേശ്യത്തെ നിവർത്തിക്കുന്നു.

▣ **"അത്യന്തം പാപമായിത്തീരേണ്ടതിന്നും"** 1:30 ലെ പ്രത്യേക പഠനവിഷയം: *"ഹൂപെർ"* സംയുക്തത്തിന്റെ ഉപയോഗം പൗലൊസിന്റെ രചനകളിൽ, കാണുക. 16:20 ലെ പ്രത്യേക പഠനവിഷയം: ആളത്തപരമായ ദുഷ്ടത, കാണുക.

## റോമർ 7:14–20

**[14]ന്യായപ്രമാണം ആത്മികം എന്നു നാം അറിയുന്നുവല്ലോ; ഞാനോ ജഡമയൻ, പാപത്തിന്നു ദാസ
നായി വില്ക്കപ്പെട്ടവൻ തന്നേ. [15]ഞാൻ പ്രവർത്തിക്കുന്നതു ഞാൻ അറിയുന്നില്ല; ഞാൻ ഇച്ഛിക്കുന്ന
തിനെയല്ല, പകെക്കുന്നതിനെ അത്രേ ചെയ്യുന്നതു. [16]ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ
ന്യായപ്രമാണം നല്ലതു എന്നു ഞാൻ സമ്മതിക്കുന്നു. [17]ആകയാൽ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല
എന്നിൽ വസിക്കുന്ന പാപമത്രേ. [18]എന്നിൽ എന്നുവെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു
ഞാൻ അറിയുന്നു; നന്മ ചെയ്‌വാനുള്ള താല്പര്യം എനിക്കുണ്ടു; പ്രവർത്തിക്കുന്നതോ ഇല്ല. [19]ഞാൻ
ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നതു. [20]ഞാൻ
ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന
പാപമത്രേ.**

**7:14 "ന്യായപ്രമാണം ആത്മികം"** ദൈവത്തിന്റെ പ്രമാണം നല്ലതാണ്. അതല്ല പ്രശ്നം (ഒ.നോ. വാ. 12& 15a).

▣ **"ഞാനോ ജഡമയൻ"** പൗലൊസ് ഈ പദം ഉപയോഗിക്കുന്നത്, (1) ഭൗതിക ശരീരം എന്ന അർത്ഥത്തിൽ നിഷ്പക്ഷമായി (ഒ.നോ. 1:3; 2:28; 4:1; 9:3,5); (2) മനുഷ്യവർഗ്ഗത്തിന് ആദാമിലൂടെ ലഭിച്ച വീണുപോയ പ്രകൃതിയെക്കുറിച്ചുള്ള നെഗറ്റീവ് സൂചന (ഒ.നോ. വാ. 5). ഇവിടെ ഏതാണ് സൂചിപ്പിക്കുന്നത് എന്നു നിശ്ചയമില്ല.

▣ **"പാപത്തിന്നു ദാസനായി വില്ക്കപ്പെട്ടവൻ"** ഇത് "ഞാൻ പാപത്തിനു ദാസനായി വില്ക്കപ്പെടുകയും തുടർമാനമായി വില്ക്കപ്പെട്ടുകൊണ്ടിരിക്കയും ചെയ്യുന്നു" എന്നർത്ഥം വരുന്ന പൂർണ്ണ കർമ്മണി അപൂർണ്ണക്രിയയാണ്. ഇവിടെ പാപത്തിന് വീണ്ടും അടിമയുടെ യജമാനൻ എന്ന നിലയിൽ ആളത്വം കല്പിച്ചിരിക്കുന്നു. കർമ്മണി പ്രയോഗത്തിന്റെ മധ്യവർത്തി ആരെന്ന് നിശ്ചയമില്ല. അത് സാത്താനോ പാപമോ പൗലൊസോ ദൈവമോ ആകാം.

പഴയനിയമത്തിൽ ദൈവം മനുഷ്യനെ തങ്കലേക്ക് അടുപ്പിക്കുന്നു എന്നതിനുള്ള മുഖ്യ പ്രയോഗം "വീണ്ടെടുക്കുക" (അതിന്റെ പര്യായങ്ങളും) ആണ്. അതിന്റെ യഥാർത്ഥ അർത്ഥം "മടക്കി വാങ്ങുക" എന്നാണ് (അതിന്റെ പര്യായങ്ങളും, 3:24 ലെ പ്രത്യേക പഠനവിഷയം കാണുക.). ഇവിടെ ഉപയോഗിച്ചിരിക്കുന്ന പ്രയോഗം വിപരീത ആശയമാണ് "...കയ്യിലേക്ക് വില്ക്കപ്പെട്ടിരിക്കുന്നു" (ഒ.നോ. ന്യായാ. 4:2; 10:7; 1 ശമൂ. 12:9).

**7:15–24** ദൈവപൈതലിന് ദൈവിക സ്വഭാവവും (ഒ.നോ. 2 പത്രൊ. 1:4) വീഴ്ച സംഭവിച്ച സ്വഭാവവുമുണ്ട് (ഒ.നോ. ഗലാ. 5:17). സാധ്യതാപരമായി പാപം നിഷ്ക്രിയമാക്കപ്പെട്ടിരിക്കുന്നു (ഒ.നോ. റോമ. 6:6), എങ്കിലും മനുഷ്യന്റെ അനുഭവം അധ്യായം 7 ൽ കാണുന്നതാണ്. സകല മനുഷ്യരുടെയും ഉള്ളിൽ ഒരു കറുത്ത നായും വെളുത്ത നായും ഉണ്ടെന്ന് യെഹൂദന്മാർ പറയുന്നു. നാം ഏതിന് കൂടുതൽ തീറ്റ കൊടുക്കുന്നുവോ അത് വലുതായിത്തീരും.

ഞാൻ ഈ ഭാഗം വായിക്കുമ്പോൾ ഞാൻ എന്റെ വ്യക്തിപരമായ അനുഭവത്തിൽ, പൗലൊസ് വിവരിക്കുന്ന രണ്ടു വ്യത്യസ്ത സ്വഭാവത്തിന്റെ സംഘർഷം ഉളവാക്കുന്ന വേദന അനുഭവിക്കാറുണ്ട്. വിശ്വാസികൾ തങ്ങളുടെ വീഴ്ച സംഭവിച്ച പ്രകൃതത്തിൽനിന്നും വിടുവിക്കപ്പെട്ടു, എങ്കിലും നാം അതിന്റെ ആകർഷണത്തിന് തുടർമാനമായി വിധേയപ്പെട്ടുപോകുന്നു. ശക്തമായ ആത്മിക പോരാട്ടം ആരംഭിക്കുന്നത് രക്ഷിക്കപ്പെട്ടതിനുശേഷമാണ് എന്നത് അതിശയകരമാംവിധം സത്യമാണ്. പക്വത എന്നത് ത്രിയേക ദൈവവുമായുള്ള സംഘർഷഭരിതമായ ദൈനംദിന കൂട്ടായ്മയും ദുഷ്ടതയുമായുള്ള ദൈനംദിന പോരാട്ടവുമാണ് (ഒ.നോ. 8:12–25,25; ഗലാ. 5:16–18; എഫെ. 6:10–18; കൊലൊ. 3:5–10; ജെ. ഡി. ഡൺ എഴുതിയ *ജീസസ് ആൻഡ് ദ സ്പിരിറ്റ്* കാണുക).

**7:16,20 "എങ്കിലോ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്.

**7:18 "എന്നിൽ എന്നുവെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു"** ഭൗതിക ശരീരം തിന്മയാണെന്നല്ല പൗലൊസ് പറയുന്നത്, മറിച്ച് വീണുപോയ പ്രകൃതവും ദൈവാത്മാവും തമ്മിലുള്ള പോരാട്ടത്തിന്റെ വേദിയാണത് എന്നാണ്. ശരീരം, മറ്റു സകല വസ്തുക്കളോടുമൊപ്പം തിന്മയാണെന്ന് ഗ്രീക്കുകാർ വിശ്വസിച്ചു. ഇത് ജ്ഞാനവാദം എന്ന ദ്വൈത ദുരുപദേശത്തിലേക്കു നയിച്ചു (ഒ.നോ. എഫെസ്യർ, കൊലൊസ്യർ, 1 യോഹന്നാൻ). ആത്മീയ പ്രശ്നങ്ങൾക്ക് ഗ്രീക്കുകാർ "ഭൗതിക"ത്തെ പഴി ചാരി. പൗലൊസ് ആത്മിക സംഘർഷത്തെ ഈ നിലയിൽ അല്ല കാണുന്നത്. അവൻ പാപത്തെ ആളത്വപരമാക്കുകയും ദൈവിക ന്യായപ്രമാണ

ത്തിനെതിരായ മനുഷ്യന്റെ മത്സരത്തെ ഉപയോഗിക്കുകയും ചെയ്ത് മനുഷ്യപ്രകൃതിയിലേക്കുള്ള ദുഷ്ടതയുടെ കടന്നുകയറ്റത്തെക്കുറിച്ച് വിവരിക്കാനാണ്. പൗലൊസിന്റെ എഴുത്തുകളിൽ "ജഡം" എന്നത് അർത്ഥമാക്കുന്നത് (1) സാധാരണയായി നിഷ്പക്ഷമായ ഭൗതിക ശരീരം (ഒ.നോ. 1:3; 2:28; 4:1; 9:3,5), (2) ആദാമിൽനിന്നും ലഭിച്ച വീണുപോയ മനുഷ്യപ്രകൃതി (ഒ.നോ. വാ. 5). 1:5 ലെ പ്രതേക പഠനവിഷയം: ജഡം (*സാർക്സ് - σαρξ*), കാണുക.

**5:8 "എന്നിൽ വസിക്കുന്ന പാപമത്രേ"** റോമാലേഖനം മനുഷ്യവർഗ്ഗത്തിന്റെ പാപപ്രകൃതിയെ വ്യക്തമായി വെളിപ്പെടുത്തുന്നു എങ്കിലും 16:20 വരെ സാത്താനെക്കുറിച്ച് പരാമർശമില്ല എന്നത് താല്പര്യജനകമാണ്. മനുഷ്യനെ തങ്ങളുടെ പാപ പ്രശ്നത്തിന് സാത്താനെ പഴിചാരാനാവില്ല. നമുക്കു തിരഞ്ഞെടുപ്പിന് അവസരമുണ്ട്. പാപത്തെ ഒരു രാജാവും ഭീകര യജമാനനും അടിമയുടെ ഉടമസ്ഥനുമായി ആളത്വം കല്പിച്ചിരിക്കുന്നു. അത് എന്തു വിലകൊടുത്തും ദൈവത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കാൻ നമ്മെ പരീക്ഷിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു. പൗലൊസ് പാപത്തിന് ആളത്വം കല്പിച്ചിരിക്കുന്നത് ഉല്പ. 4:7 ലെ മനുഷ്യന്റെ തിരഞ്ഞെടുപ്പുമായി ബന്ധിപ്പിച്ചിരിക്കുന്നു.

"വസിക്കുക" എന്ന പദം പൗലൊസ് പലപ്രാവശ്യം ഈ അധ്യായത്തിൽ ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. വാ. 17,18,20). രക്ഷയിൽ പാപപ്രകൃതി നശിപ്പിക്കപ്പെടുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്യുന്നില്ല, മറിച്ച് സാധ്യതാപരമായി നിഷ്ക്രിയമാക്കപ്പെടുകയാണ്. അതിന്റെ തുടർമാനമായ ശക്തിഹീനത സാധ്യമാകുന്നത് അധിവസിക്കുന്ന പരിശുദ്ധാത്മാവുമായുള്ള നമ്മുടെ സഹകരണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും (ഒ.നോ. 8:9,11). ആളത്തപരമായതും (ആക്ഷരികം) വ്യക്തിയുമായ (സാത്താനും പൈശാചിക ശക്തികളും) ദുഷ്ടതയോട് പോരാടുവാൻ ആവശ്യമായതെല്ലാം ദൈവം വിശ്വാസികൾക്കു നല്കിയിട്ടുണ്ട്. അത് പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും ശക്തിയുമാണ്. നാം ദൈവത്തിന്റെ സൗജന്യ ദാനമായ രക്ഷ സ്വീകരിക്കുമ്പോൾ, നാം ദൈവത്തിന്റെ സൗജന്യ ദാനമായ പരിശുദ്ധാത്മാവിന്റെ ശക്തിയും സ്വീകരിക്കുകയാണ് ചെയ്യുന്നത്. രക്ഷയും ക്രിസ്തീയ ജീവിതവും വിശ്വാസിയുടെ ദൈനംദിന തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന ദൈനംദിന പ്രക്രിയയാണ്. നമുക്കാവശ്യമായതെല്ലാം ദൈവം പ്രദാനം ചെയ്തിട്ടുണ്ട് - ആത്മാവ് (റോമർ 8), ആത്മിക ആയുധവർഗ്ഗം (എഫെ. 6:11), വെളിപ്പാട് (എഫെ. 6:17), പ്രാർത്ഥന (എഫെ. 6:18).

യുദ്ധം കഠിനമാണ് (റോമർ 7) എങ്കിലും യുദ്ധം ജയിച്ചുകഴിഞ്ഞു (റോമർ 8).

### റോമർ 7:21-25

**[21]അങ്ങനെ നന്മ ചെയ്‌വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ടു എന്നൊരു പ്രമാണം കാണുന്നു. [22]ഉള്ളം കൊണ്ടു ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു. [23]എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അതു എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന്നു എന്നെ ബദ്ധനാക്കിക്കളയുന്നു. [24]അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന്നു അധീനമായ ശരീരത്തിൽനിന്നു എന്നെ ആർ വിടുവിക്കും? [25]നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു. ഇങ്ങനെ ഞാൻ തന്നേ ബുദ്ധികൊണ്ടു ദൈവത്തിന്റെ പ്രമാണത്തെയും ജഡംകൊണ്ടു പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു.**

**7:22 "ദൈവത്തിന്റെ ന്യായപ്രമാണത്തിൽ"** യെഹൂദനെ സംബന്ധിച്ച് ഇതു മോശെയുടെ ന്യായപ്രമാണമാണ്. യെഹൂദരല്ലാത്തവർക്ക് ഇത്

1. പ്രകൃതിയുടെ സാക്ഷ്യം (ഒ.നോ. റോമ. 1:19-20; സങ്കീ. 19:1-6)
2. ആന്തരിക ധാർമ്മിക മനസ്സാക്ഷി (ഒ.നോ. റോമ. 2:14-15)
3. സാമൂഹിക നിയമങ്ങൾ, ചട്ടങ്ങൾ

▣

**NASB** **"ആന്തരിക മനുഷ്യൻ"**
**NKJV** **"ആന്തരിക മനുഷ്യനനുസരിച്ച്"**
**NRSV, NJB** **"എന്റെ അകത്തെ മനുഷ്യൻ"**
**TEV** **"എന്റെ ഉള്ളം"**

2 കൊരി. 4:16 ൽ പൗലൊസ് ബാഹ്യമനുഷ്യനെയും (ഭൗതികം) ആന്തരിക മനുഷ്യനെയും (ആത്മികം) താരതമ്യപ്പെടുത്തുന്നു. ഈ സന്ദർഭത്തിൽ ഇത് പൗലൊസിന്റെ ഒരു ഭാഗത്തെയോ അല്ലെങ്കിൽ ദൈവിക ഹിതത്തെയും പ്രമാണത്തെയും അംഗീകരിക്കുന്ന രക്ഷിക്കപ്പെട്ട മനുഷ്യവർഗ്ഗത്തെയോ സൂചിപ്പിക്കുന്നു.

1. "ന്യായപ്രമാണം ആത്മികം," 7:14
2. "ഞാൻ ഇച്ഛിക്കുന്നതിനെ അല്ല," 7:15
3. "ന്യായപ്രമാണം നല്ലത് എന്നു ഞാൻ സമ്മതിക്കുന്നു," 7:16
4. "നന്മ ചെയ്‌വാനുള്ള താല്പര്യം എനിക്കുണ്ട്," 7:18
5. "ഇച്ഛിക്കുന്ന നന്മ," 7:19

6. “ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത്,” 7:19
7. “ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ,” 7:20
8. “നന്മ ചെയ്‌വാൻ ഇച്ഛിക്കുന്ന,” 7:21
9. “ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു,” 7:22
10. “എന്റെ ബുദ്ധിയുടെ പ്രമാണം,” 7:23
11. “ബുദ്ധികൊണ്ട് ദൈവത്തിന്റെ പ്രമാണത്തെ .. സേവിക്കുന്നു,” 7:25

ദൈവത്തെക്കുറിച്ചും അവന്റെ വചനത്തെക്കുറിച്ചുമുള്ള അറിവു മാത്രം മതിയാകയില്ല എന്ന് അധ്യായം 7 വെളിപ്പെടുത്തുന്നു. വിശ്വാസികൾക്ക് ആത്മാവ് വേണം (അധ്യായം 8)!

**7:23** 6:2; 8:2 ഉം 7:23 ളും തമ്മിൽ കൃത്യമായ വൈരുധ്യമുണ്ട്. ഈ വാക്യം വ്യക്തമായി സൂചിപ്പിക്കുന്നത് പ്രമാണം (*നോമോസ്*) എന്ന പദത്തെ പൗലൊസ് ഉപയോഗിക്കുന്നത് (1) പാപത്തിന്റെ പ്രമാണം (ഒ.നോ. വാ. 21,25), (2) ദൈവത്തിന്റെ പ്രമാണം (ഒ.നോ. വാ. 22,25) എന്നിവയെ സൂചിപ്പിക്കുന്നതിനാണ്. മുമ്പ് വാ. 4,5,6,7,9,12 ൽ പൗലൊസ് ഈ പദം പഴയനിയമത്തെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചു. പൗലൊസ് വ്യവസ്ഥിത ദൈവശാസ്ത്രജ്ഞനല്ല. അവൻ “ന്യായപ്രമാണം” എന്ന ആശയത്തിൽ പോരാടുകയാണ്. ഒരർത്ഥത്തിൽ അതു ദൈവത്തിന്റെ വെളിപ്പാടും മനുഷ്യവർഗ്ഗത്തിന്നുള്ള അതിശയകരമായ ദാനവുമാണ്, എങ്കിലും മറ്റൊരർത്ഥത്തിൽ അത് പാപത്തെ നിർവചിക്കുന്നതും വീണുപോയ മനുഷ്യവർഗ്ഗത്തിന് പാലിക്കാൻ കഴിയാത്ത വിലക്കുകൾ വെയ്ക്കുന്നതുമാണ്. ഈ അതിരുകൾ പഴയ നിയമ വെളിപ്പാടുകളും (ഒ.നോ. സങ്കീ. 19:7–14; 119) സകല ധാർമ്മിക നിയമങ്ങളും, പ്രകൃതിയിലെ വെളിപ്പാടും (ഒ.നോ. സങ്കീ. 19:1–6; റോമ. 1:18–3:31) സാമൂഹിക നിയമങ്ങളും ആണ്. സ്വന്ത ജീവിതങ്ങൾക്കു നിയന്ത്രണമാവശ്യമുള്ള മത്സരികളാണ് മനുഷ്യർ.

**7:24** ഇത് രക്ഷിക്കപ്പെട്ട ഒരു വ്യക്തിയിൽ നിന്നുള്ള പ്രസ്താവന ആയിരിക്കാൻ കഴിയുമോ? ചിലർ പറയും അല്ല എന്ന്. അതിനാൽ ഈ അധ്യായം വീണ്ടെടുക്കപ്പെടാത്തതും എന്നാൽ ധാർമ്മികവും മതപരവുമായ അനുഭാവമുള്ള മനുഷ്യനെക്കുറിച്ചുള്ളതാണെന്നാണ്. മറ്റുള്ളവർ അതേ എന്നു പറയുകയും ഇത് വിശ്വാസികളുടെ ജീവിതത്തിൽ കാണുന്ന “വന്നുകഴിഞ്ഞു പക്ഷേ ആയിട്ടില്ല” എന്ന സുവിശേഷത്തിന്റെ സംഘർഷത്തെ സൂചിപ്പിക്കുന്നുവെന്നും പറയുന്നു. അന്ത്യകാല നിവൃത്തി ഇനിയും ആയിട്ടില്ല. പക്വത പ്രാപിച്ച വിശ്വാസികൾ ഈ വിടവ് വ്യക്തമായി മനസ്സിലാക്കുന്നു.

▣

**NASB** **“ഈ മരണത്തിന്റെ ഈ ശരീരം”**
**NKJV, NRSV** **“മരണത്തിന്റെ ഈ ശരീരം”**
**TEV** **“എന്നെ മരണത്തിലേക്കു നയിക്കുന്ന ഈ ശരീരം”**
**NJB** **“മരണത്തിനു അധീനമായ ഈ ശരീരം”**

ഭൗതിക ശരീരവും മനസ്സും അതിൽതന്നെ തിന്മയല്ല. ഈ ഭൂമിയിൽ ജീവിക്കുവാനും അവനോടു കൂട്ടായ്മ ആചരിക്കുവാനുംവേണ്ടി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണത്. അവ “എത്രയും നല്ലത്” ആയി സൃഷ്ടിക്കപ്പെട്ടതാണ് (ഒ.നോ. ഉല്പ. 1:31). എന്നാൽ ഉല്പത്തി 3 മനുഷ്യകുലത്തെയും ഈ ഗ്രഹത്തെയും മാറ്റിമറിച്ചു. ഇതല്ല ദൈവം ആഗ്രഹിച്ച ലോകവും മനുഷ്യൻ എപ്രകാരമായിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചുവോ അപ്രകാരമല്ല മനുഷ്യരും. പാപം നല്ലതിനെ എടുത്ത് അതിനെ വളച്ചൊടിച്ച് സ്വയ–കേന്ദ്രീകൃത ദുഷ്ടതയാക്കി. ശരീരവും മനസ്സും പരീക്ഷയുടെയും പാപത്തിന്റെയും യുദ്ധഭൂമിയായി മാറി. പൗലൊസ് യുദ്ധം കൃത്യമായി അനുഭവിച്ചറിഞ്ഞു. അവൻ പുതിയ യുഗത്തിനും പുതിയ ശരീരത്തിനും ദൈവവുമായി കൂട്ടായ്മയ്ക്കും വേണ്ടി ആഗ്രഹിച്ചു (ഒ.നോ. 8:23).

**7:25** ഇത് ഒരു സംഗ്രഹവും റോമർ 8 ലെ ഉന്നത സ്ഥാനത്തേക്കുള്ള മാറ്റവുമാണ്. എങ്കിലും അധ്യായം 8 ൽപോലും വാ. 5–11 ൽ കുറച്ചു സംഘർഷം കാണാം.

വ്യാഖ്യാതാക്കളുടെ ചോദ്യം ആരെക്കുറിച്ചാണ് പൗലൊസ് സംസാരിക്കുന്നത് എന്നതിനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുകയാണ്.

1. തന്നെക്കുറിച്ചും യെഹൂദമതത്തിലെ തന്റെ അനുഭവങ്ങളെക്കുറിച്ചും
2. സകല വിശ്വാസികളെയുംകുറിച്ച്
3. മനുഷ്യവർഗ്ഗത്തിന്റെ മാതൃകയായ ആദാമിനെക്കുറിച്ച്
4. യിസ്രായേലും ന്യായപ്രമാണത്തെക്കുറിച്ചുള്ള അവളുടെ അറിവും എന്നാൽ അത് അനുസരിക്കുന്നതിനുള്ള പരാജയവും

വ്യക്തിപരമായി ഞാൻ #1 നെയും (ഒ.നോ. വാ. 7–13, 25b) #2 നെയും (വാ. 14–25a) ഒരുമിച്ചു ചേർക്കുന്നു. റോമ. 7:7–25 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ കാണുക. അധ്യായം 7 ന്റെ വേദനയും തീവ്രമായ ഞരക്കവും അധ്യായം 8 നാൽ സന്തുലിതമാക്കപ്പെടുകയും അതിജീവിക്കപ്പെടുകയും ചെയ്യുന്നു!

▣ **“ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു”** താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: ദൈവത്തോടുള്ള പൗലൊസിന്റെ സ്തുതി, പ്രാർത്ഥന, നന്ദികരേറ്റൽ

പൗലൊസ് സ്തുതിയുടെ മനുഷ്യനായിരുന്നു. അവന് പഴയനിയമം അറിയാമായിരുന്നു. സങ്കീർത്തനത്തിന്റെ നാലു പുസ്തകങ്ങളുടെയും അവസാന ഭാഗം മഹത്വീകരമത്തോടെയാണ് അവസാനിച്ചിരുന്നത് (ഒ. നോ. സങ്കീ. 41:13; 72;19; 89:52; 106:48). അവൻ ദൈവത്തെ വ്യത്യസ്ത നിലകളിൽ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

1. അവന്റെ ലേഖനങ്ങളുടെ പ്രാരംഭ ഖണ്ഡികകൾ
   a. പ്രാരംഭ ആശിർവാദം അല്ലെങ്കിൽ അഭിവാദനം (ഒ.നോ. റോമ. 1:7; 1 കൊരി. 1:3; 2 കൊരി. 1:2)
   b. പ്രാരംഭ അനുഗ്രഹം (*യൂലോഗെറ്റോസ്* -***ευλογετος***, ഒ.നോ. 2 കൊരി. 1:3–4; എഫെ. 1:3–14)
2. ഹ്രസ്വ സ്തുതി കരേറ്റൽ
   a. റോമ. 1:25; 9:5
   b. 2 കൊരി. 11:31
3. മഹത്വീകരണം ([1] *ഡോക്സാ*-***δοξα*** {അതായത് മഹത്വം} [2] "എന്നെന്നേക്കും" എന്നീ പദങ്ങളുടെ സവിശേഷ ഉപയോഗം)
   a. റോമ. 11:36; 16:25–27
   b. എഫെ. 3:20–21
   c. ഫിലി. 4:20
   d. 1 തിമൊ. 1:17
   e. 2 തിമൊ. 4:18
4. നന്ദികരേറ്റൽ (അതാ. *യുക്കാറിസ്റ്റെയോ*-***ευχαριστεω***)
   a. ലേഖനാരംഭം (ഒ.നോ. റോമ. 1:8; 1 കൊരി. 1:4; 2 കൊരി. 1:11; എഫെ. 1:16; ഫിലി. 1:3; കൊലൊ. 1:3,12; 1 തെസ്സ. 1:2; 2 തെസ്സ. 1:3; ഫിലേമൊൻ വാ. 5; 1 തിമൊ. 1:12; 2 തിമൊ. 1:3)
   b. നന്ദികരേറ്റാനുള്ള ആഹ്വാനം (എഫെ. 5:4,20; ഫിലി. 4:6; കൊലൊ. 3:15,17; 4:2; 1 തെസ്സ. 5:18)
5. നന്ദികരേറ്റലിന്റെ ചെറിയ പൊട്ടിത്തെറികൾ
   a. റോമ. 6:17; 7:25
   b. 1 കൊരി. 15:57
   c. 2 കൊരി. 2:14; 8:16; 9:15
   d. 1 തെസ്സ. 2:13
   e. 2 തെസ്സ. 2:13
6. ഉപസംഹാര ആശംസകൾ
   a. റോമ. 16:20,24(?)
   b. 1 കൊരി. 16:23–24
   c. 2 കൊരി. 13:14
   d. ഗലാ. 6:18
   e. എഫെ. 6:24

പൗലൊസ് ത്രിയേക ദൈവത്തെ ദൈവശാസ്ത്രപരമായും അനുഭവത്തിലൂടെയും അറിഞ്ഞിരുന്നു. തന്റെ എഴുത്തുകൾ അവൻ പ്രാർത്ഥനയോടെയും സ്തുതിയോടെയും ആരംഭിച്ചിരുന്നു. തന്റെ അവതരണത്തിന്റെ മധ്യത്തിൽ അവൻ സ്തുതിയിലേക്കും നന്ദികരേറ്റലിലേക്കും വഴിമാറി. തന്റെ ലേഖനങ്ങളുടെ ഉപസംഹാരത്തിൽ അവൻ എല്ലായ്പോഴും പ്രാർത്ഥിക്കുവാനും സ്തുതിക്കുവാനും ദൈവത്തിനു നന്ദികരേറ്റുവാനും ഓർമ്മിച്ചിരുന്നു. പൗലൊസിന്റെ ലേഖനങ്ങൾ പ്രാർത്ഥനയും സ്തുതിയും നന്ദികരേറ്റലും നിശ്വസിച്ചിരുന്നു. അവൻ ദൈവത്തെ അറിഞ്ഞിരുന്നു, അവൻ തന്നെ അറിഞ്ഞിരുന്നു, അവൻ സുവിശേഷത്തെ അറിഞ്ഞിരുന്നു.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. അധ്യായം 6 എങ്ങനെയാണ് അധ്യായം 7 നോടു ബന്ധപ്പെട്ടിരിക്കുന്നത്?
2. പഴയ നിയമ ന്യായപ്രമാണത്തിന് പുതിയനിയമ വിശ്വാസികളോടുള്ള ബന്ധം എന്താണ് (ഒ.നോ. 2 കൊരി. 3:1–11)?
3. നമുക്ക് നമ്മുടെ പഴയ മനുഷ്യനോടുള്ള ബന്ധം സൂചിപ്പിക്കുവാൻ പൗലൊസ് 6, 7 അധ്യായങ്ങളിൽ ഉപ യോഗിക്കുന്ന രണ്ട് സാദൃശ്യങ്ങൾ ഏതെല്ലാം?
4. വിശ്വാസി എങ്ങനെയാണ് മോശൈക ന്യായപ്രമാണത്തോട് ബന്ധപ്പെട്ടിരിക്കുന്നത്?
5. റോമർ 7:7–25 വ്യാഖ്യാനിക്കുന്നതിനുള്ള ആത്മകഥാപരമായ സിദ്ധാന്തവും പ്രാതിനിധ്യപരമായ സിദ്ധാ ന്തവും തമ്മിലുള്ള വ്യത്യാസം നിങ്ങളുടെ വാക്കുകളിൽ വിശദീകരിക്കുക.
6. അധ്യായം 7 നഷ്ടപ്പെട്ട ഒരു മനുഷ്യനെക്കുറിച്ചുള്ള വിവരണമാണോ, അപക്വതയുള്ള ഒരു വിശ്വാസിയെ ക്കുറിച്ചുള്ള വിവരണമാണോ, അതോ സകല വിശ്വാസികളെക്കുറിച്ചുമുള്ള വിവരണമാണോ?

# റോമർ 8

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ്[4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ആത്മാവിലുള്ള ജീവിതം | ആന്തരിക പാപ ത്തിൽ നിന്നുള്ള വിടുതൽ | ദൈവത്തിന്റെ രക്ഷാ കര പ്രവൃത്തി | ആത്മാവിലുള്ള ജീവിതം | ആത്മാവിന്റെ ജീവിതം |
| 8:1-11 | 8:1-11 | 8:1-4 | 8:1-8 | 8:1-11 |
| | | ജഡത്തിലെയും ആത്മാവിലെയും ജീവിതം | | |
| | | 8:5-8 | | |
| | | 8:9-11 | 8:9-11 | |
| | | ആത്മാവും ദത്തെ ടുക്കലും | | |
| 8:12-17 | 8:12-17 | 8:12-17 | 8:12-17 | 8:12-13 |
| | | | | ദൈവമക്കൾ |
| | | | | 8:14-17 |
| വരുവാനുള്ള മഹത്വം | കഷ്ടതയിൽ നിന്നു മഹത്വത്തിലേക്ക് | പൂർത്തീകരണ ത്തിന്റെ പ്രത്യാശ | ഭാവി മഹത്വം | നമ്മുടെ അന്ത്യ മായ മഹത്വം |
| 8:18-25 | 8:18-30 | 8:18-25 | 8:18-25 | 8:18-25 |
| | | മാനുഷിക ബലഹീ നത നിലനില്ക്കുന്നു | | |
| 8:26-30 | | 8:26-27 | 8:26-27 | 8:26-27 |
| | | | | ദൈവം തന്റെ പങ്കിടുവാൻ നമ്മെ വിളിച്ചിരിക്കുന്നു |
| | | 8:28-30 | 8:28-30 | 8:28-30 |
| ദൈവത്തിന്റെ സ്നേഹം | ദൈവത്തിന്റെ നിത്യസ്നേഹം | ദൈവസ്നേഹത്തി ലുള്ള നമ്മുടെ ഉറപ്പ് | ക്രിസ്തുയേശുവി ലുള്ള ദൈവസ്നേഹം | ദൈവസ്നേഹത്തി ന്റെ പാട്ട് |
| 8:31-39 | 8:31-39 | 8:31-39 | 8:31-39 | 8:31-39 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ഈ അധ്യായം, 1:18 ൽ ആരംഭിച്ച പൗലൊസിന്റെ വാദത്തിന്റെ മൂർദ്ധന്യമാണ്. ഇത് "ശിക്ഷാവിധിയില്ല" (നിയമപരമായ നില്പ്) എന്നതിൽ ആരംഭിച്ച് "വേർപിരിക്കാനാവില്ല" (വ്യക്തിപരമായ കൂട്ടായ്മ) എന്നതിൽ അവസാനിക്കുന്നു. ദൈവശാസ്ത്രപരമായി, അത് നീതീകരണത്തിലാരംഭിച്ച് വിശുദ്ധീകരണത്തിലൂടെ മഹത്വീകരണത്തിലെത്തുന്നു (ഒ.നോ. വാ. 29–30).

B. ദൈവം തന്റെ ആത്മാവിനെ വിശ്വാസികൾക്കു നല്കിയതിനെക്കുറിച്ചുള്ള പൗലൊസിന്റെ ദൈവശാസ്ത്രപരമായ വിശദീകരണമാണിത് (ഒ.നോ. യോഹ. 14:12–31; 16:7–16 ൽ യോഹന്നാന്റെ അവതരണം). വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ ജീവിതത്തിൽ സുവിശേഷം സജീവമായി പ്രവർത്തിക്കുന്നതിനോടു ബന്ധപ്പെട്ട വാ. 14 ലെ കർമ്മണി പ്രയോഗത്തിലെ മധ്യവർത്തി ആത്മാവാണ്. ആത്മാവ് അവരോടു കൂടെ വസിക്കുകയും അവരിൽ വസിക്കുകയും അവരിൽ ക്രിസ്തുവിന്റെ സാദൃശ്യം ഉളവാക്കുവാൻ ആരംഭിക്കുകയും ചെയ്യുന്നു.

C. ജീവിതത്തിൽ മനുഷ്യനു പിന്തുടരുവാൻ രണ്ട് കാഴ്ചപ്പാടുകളും (വ്യക്തിപരമായ ലോകവീക്ഷണം), രണ്ടു ജീവിതശൈലികളും, രണ്ടു മുൻഗണനകളും, രണ്ടു വഴികളും (വിശാല വഴിയും ഇടുങ്ങിയ വഴിയും) ഉണ്ട്; ഇവിടെ ജഡവും ആത്മാവും. ഒന്നു മരണത്തിലേക്കു നയിക്കുന്നു; മറ്റേതു ജീവനിലേക്കും. ഇതിനെ പരമ്പരാഗതമായി പഴയനിയമ ജ്ഞാനസാഹിത്യത്തിൽ "രണ്ടു വഴികൾ" എന്നു വിളിക്കുന്നു (ഒ.നോ. സങ്കീ. 1; സദൃ. 4:10–19). നിത്യജീവന്, ആത്മിക ജീവന് ദർശിക്കാവുന്ന സവിശേഷതകളുണ്ട് (അതാ. ജഡത്തെ അനുസരിച്ച് x ആത്മാവിനെ അനുസരിച്ച്).

ഈ സമ്പൂർണ്ണ ദൈവശാസ്ത്ര സന്ദർഭത്തിൽ (ഒ.നോ. റോമർ 1–8) സാത്താനെ പൂർണ്ണായി ഒഴിവാക്കിയിരിക്കുന്നതു ശ്രദ്ധിക്കുക. റോമാലേഖനത്തിൽ വാ. 16:20 വരെ അവനെ പരാമർശിക്കുന്നതേയില്ല. മനുഷ്യവർഗ്ഗത്തിന്റെ വീഴ്ച സംഭവിച്ച പ്രകൃതിയാണ് ശ്രദ്ധാകേന്ദ്രം. ദൈവത്തിനെതിരായ മാനവരാശിയുടെ മത്സരത്തിന് പ്രകൃത്യാതീത പരീക്ഷയെ പഴിചാരുന്നതിനെ (അതായത് "പിശാച് എന്നെക്കൊണ്ട് അതു ചെയ്യിച്ചു") നീക്കം ചെയ്യുന്നതിനുള്ള പൗലൊസിന്റെ വഴിയാണിത്. <u>മനുഷ്യവർഗ്ഗമാണ്</u> ഉത്തരവാദികൾ.

D. ഈ അധ്യായത്തിന് രൂപരേഖ തയ്യാറാക്കുക വളരെ ശ്രമകരമാണ്, കാരണം സാന്ദർഭിക ഘടകങ്ങൾ കൂടാതെ ആവർത്തിച്ചുവരുന്ന പാറ്റേണുകളുള്ള ചിന്തകളുടെ വ്യത്യസ്ത നൂലുകൾ കോർത്തിണക്കിയാണ് ഇതു നെയ്തിട്ടുള്ളത്.

E. വാ. 12–17, നിശ്ചയമുള്ള വിശ്വാസ ഉറപ്പിനെക്കുറിച്ച് വിശ്വാസിക്ക് അറിവു നല്കുന്നു.

1. ആദ്യത്തേത്, ആത്മാവിനാൽ നിവർത്തിക്കപ്പെട്ട രൂപാന്തരപ്പെട്ട ലോകവീക്ഷണവും ജീവിതശൈലിയുമാണ്.
2. രണ്ടാമത്തേത്, ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ഭയത്തിന്റെ സ്ഥാനത്ത് ആത്മാവിനാൽ ഒരു കുടുംബസ്നേഹം കൈവന്നു.
3. മൂന്നാമത്തേത്, ഉള്ളിൽ വസിക്കുന്ന ആത്മാവിനാൽ നമ്മുടെ പുത്രത്വത്തെക്കുറിച്ചുള്ള ആന്തരിക ഉറപ്പു ലഭിച്ചു.
4. നാലാമത്തേത്, ഈ സ്ഥിരീകരണം, വീണുപോയ ലോകത്തിന്റെ പ്രശ്നങ്ങൾക്കും പോരാട്ടങ്ങൾക്കും നടുവിലും ഉറപ്പുള്ളതാണ്.

F. വാ. 31–39 ഒരു കോടതി ദൃശ്യമാണ്, അത് പഴയ നിയമ പ്രവാചകന്മാരുടെ പൊതുവായ രചനാ സങ്കേതമായിരുന്നു. ദൈവമാണ് ന്യായാധിപതി; സാത്താനാണ് പ്രതിയോഗി; യേശു പ്രതിഭാഗം വക്കീൽ (കാര്യസ്ഥൻ); മാലാഖമാരാണ് കാഴ്ചക്കാർ; വിശ്വസിക്കുന്ന മനുഷ്യവർഗ്ഗം സാത്താന്യ ആരോപണങ്ങൾക്കു വിധേയരാണ് (അതാ. ഇയ്യോബ് 1–2; സെഖര്യാവ് 3).

1. നിയമ പദങ്ങൾ
   a. നമുക്കെതിരായി (വാ. 31)
   b. കുറ്റം വിധിക്കുക (വാ. 33)
   c. നീതീകരിക്കുക (വാ. 33)
   d. ശിക്ഷ വിധിക്കുക (വാ. 34)
   e. മധ്യസ്ഥത ചെയ്യുക (വാ. 34)
2. പ്രോസിക്യൂഷൻ, "ആര്" (വാ. 31, 33, 34[2 പ്രാവശ്യം], 35)
3. ക്രിസ്തുവിൽ ദൈവത്തിന്റെ ദാനം (വാ. 32, 34b)
4. ദൈവത്തിൽനിന്നും വേർപാടില്ല
   a. ഭൗമിക സാഹചര്യങ്ങൾ (വാ. 35)
   b. സങ്കീ. 44:22 ൽനിന്നുള്ള പഴയനിയമ ഉദ്ധരണി (വാ. 36)
   c. വിജയം (വാ. 37,39)
   d. പ്രകൃത്യാതീത സാഹചര്യങ്ങൾ അഥവാ മധ്യവർത്തികൾ (വാ. 37–39)

# പദ, ശൈലീ പഠനം

**റോമർ 8:1–8**

**[1]അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല. [2]ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. [3]ജഡത്താലുള്ള ബലഹീനതനിമിത്തം ന്യായപ്രമാണത്തിന്നു കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപംനിമിത്തവും അയച്ചു, പാപത്തിന്നു ജഡത്തിൽ ശിക്ഷ വിധിച്ചു. [4]ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിന്നു തന്നേ. [5]ജഡസ്വഭാവമുള്ളവർ ജഡത്തിന്നുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിന്നുള്ളതും ചിന്തിക്കുന്നു. [6]ജഡത്തിന്റെ ചിന്ത മരണം; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ. [7]ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു; അതു ദൈവത്തിന്റെ ന്യായപ്രമാണത്തിന്നു കീഴ്പ്പെടുന്നില്ല, കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല. [8]ജഡസ്വഭാവമുള്ളവർക്കു ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല.**

**8:1**

**NASB** “അതുകൊണ്ടു ഇപ്പോൾ”
**NKJV, NRSV** “ഇപ്പോൾ അതുകൊണ്ട്”
**TEV** “ഇപ്പോൾ”
**NJB** “കാരണത്താൽ അതുകൊണ്ട്”

ഇത് മുൻവേദഭാഗത്തോടു ബന്ധിപ്പിക്കുന്നു. ചിലർ ഇതിനെ 7:24–25 നോടു ബന്ധിപ്പിക്കുന്നതായി കാണുന്നു, എങ്കിലും ഇത് 3:21–7:25 നോടാണ് നന്നായി ബന്ധിപ്പിക്കാനാവുന്നത്.

▣ **“ഇല്ല”** “ഇല്ല” എന്നതാണ് ഗ്രീക്കിലെ ആദ്യ വാക്ക്. അത് ഊന്നൽ നല്കുന്നതാണ്, ക്രിസ്തുവിലുള്ളവർക്ക്, ആത്മാവിനെ അനുസരിച്ച് നടക്കുന്നവർക്ക് “ശിക്ഷാവിധിയില്ല” (ഒ.നോ. വാ. 1–3). പുതിയ ഉടമ്പടിയുടെ രണ്ടുവശങ്ങളും ഇവിടെ കാണാം.

1. അത് ക്രിസ്തുവിൽ സൗജന്യ ദാനമാണ്
2. ഒരു ജീവിതശൈലി, ഉടമ്പടി പ്രതികരണം ആവശ്യമാണ്

നീതീകരണം (ഒ.നോ. 5:1–11) ലക്ഷ്യാധിഷ്ഠിതവും (സൂചകം) വിഷയാധിഷ്ഠിതവുമാണ് (വിധിരൂപം). അത് ഒരേസമയം അവസ്ഥയും ജീവിതശൈലിയുമാണ്.

▣ **“ഒരു ശിക്ഷാവിധിയും”** *കറ്റാക്രിമാ* (***κατακριμα***) എന്ന പദം സെപ്റ്റ്വജിന്റിൽ അധികമായി ഉപയോഗിച്ചു കാണുന്നില്ല. എങ്കിലും അത് ആവ. 27:26 ലെ അനുസരണക്കേടിന്റെ ശാപത്തെ പ്രതിഫലിപ്പിക്കുന്നു (ഒ.നോ. ഗലാ. 3:10 ൽ ആവ. 27:26 “ശാപം” എന്നതിനു തുല്യമായി ഉദ്ധരിച്ചിരിക്കുന്നു). ഇതിനർത്ഥം “ന്യായാധിപന്റെ ശിക്ഷാവിധിയെത്തുടർന്നുള്ള ശിക്ഷ” എന്നാണ്. ഇത് നീതീകരണത്തിനു വിപരീതമായി നിയമപരമായതാണ്. പൗലൊസിന്റെ എഴുത്തുകളിൽ ഇത് അപൂർവ്വ പദവും (ഒ.നോ. 5:16,18) പുതിയ നിയമത്തിൽ മറ്റൊരിടത്തും ഉപയോഗിക്കാത്തതുമാണ്.

ശിക്ഷാവിധിയുടെ ആശയം ആദ്യമായി കാണുന്നത് സാത്താൻ ദൈവജനത്തെയും പിന്നീട് ഇയ്യോബിനെപ്പോലെ യിസ്രായേല്യരല്ലാത്തവരെയും (ഒ.നോ. ഇയ്യോബ് 1–2) ന്യായപ്രമാണലംഘനത്തിന്റെ പേരിൽ കുറ്റം ചുമത്തുന്നിടത്താണ്. എന്നാൽ ഇപ്പോൾ വിശ്വാസികൾ ക്രിസ്തുവിനോടുകൂടെ ന്യായപ്രമാണത്തിനു മരിച്ചിരിക്കയാൽ (ഒ.നോ. റോമർ 6) ന്യായപ്രമാണത്തിനോ സാത്താനോ ആരോപണമുന്നയിക്കാൻ അടിസ്ഥാനമില്ല.

കിംഗ് ജെയിംസ് ബൈബിൾ വാ. 1 നോടുകൂടെ “ജഡത്തെ അനുസരിച്ചു നടക്കാതെ ആത്മാവിനെ അനുസരിച്ചു നടക്കുന്നവർക്ക്” എന്നുകൂടെ ചേർത്തിരിക്കുന്നു. ഈ പ്രയോഗം പല പുരാതന ഗ്രീക്ക് കയ്യെഴുത്തു പ്രതികളിലും കാണുന്നില്ല. ഇതിന്റെ ഒഴിവാക്കലിന് UBS[4] “A”റേറ്റിംഗ് (ഉറപ്പുള്ളത്) നല്കുന്നു. വാ. 4 ൽ ഇതു കാണുന്നുണ്ട്. വാ. 1ൽ ഇതു വരുന്നത് ദൈവശാസ്ത്രപരമായി തികച്ചും അനുചിതമാണ്. എന്നാൽ വാ. 4 ൽ ഇത് കൃത്യമായും യോജിക്കുന്നുമുണ്ട്. വാ. 1–3 സ്ഥാനീയ വിശുദ്ധീകരണത്തെയാണ് (സൂചകം) പ്രതിപാദിക്കുന്നത്. അതേസമയം വാ. 4–11 അനുഭവ വിശുദ്ധീകരണത്തെ (6:4 ലെ പ്രത്യേക പഠനവിഷയം കാണുക) അല്ലെങ്കിൽ ക്രിസ്തുസാദൃശ്യത്തെയാണ് (വിധിരൂപം, 8:29 ലെ കുറിപ്പു കാണുക) വിവരിക്കുന്നത്. വില്യം ആർ. നെവെല്ലിന്റെ *റോമൻസ് വേഴ്സ് ബൈ വേഴ്സ്* പേജ് 289 ലെ ഫുട്ട്നോട്ട് ശ്രദ്ധിക്കുക.

> റിവൈസ്ഡ് വേർഷൻ “ജഡത്തെ അനുസരിച്ചു നടക്കാതെ ആത്മാവിനെ അനുസരിച്ചു നടക്കുന്നവർക്ക്” എന്നത് ശരിയായ രീതിയിൽ ഒഴിവാക്കി. 300 വർഷങ്ങൾക്കു മുമ്പ് പ്രസിദ്ധീകരിച്ച കിംഗ് ജെയിംസ് വേർഷനുശേഷം മികച്ചതും കൂടുതൽ കൃത്യതയുള്ളതും ആയ അനേകം കയ്യെഴുത്തു പ്രതികൾ കണ്ടെടുക്കുകയുണ്ടായി; കൂടാതെ തീക്ഷ്ണതയുള്ള ദൈവഭക്തരായ ആളുകൾ പകർത്തിയെഴുത്തിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്തുന്ന കഠിനവും എന്നാൽ ഫലപ്രദവുമായ വേല ഏറ്റെടുക്കുകയുമുണ്ടായി. നാമെല്ലാം അറിയുന്നതുപോലെ നമുക്ക് തിരുവെഴുത്തിന്റെ മൂലകൃതികൾ ലഭ്യമല്ല; ദൈവത്തിന്റെ

പുത്രന്മാരെപ്പോലെ വിഗ്രഹാരാധനയ്ക്ക് വശംവദരാകാൻ സാധ്യതയുള്ള സൃഷ്ടികളിൽനിന്നും ഇത് മറച്ചുവെയ്ക്കുവാൻ ദൈവത്തിനു തിരുഹിതമായി

നാം നാലു കാരണങ്ങളാൽ വാ. 1 "ക്രിസ്തുയേശുവിൽ" എന്നതുകൊണ്ട് അവസാനിപ്പിക്കണം: (1) വാ. 4 ൽ "ജഡത്തെ അനുസരിച്ചു നടക്കാതെ ആത്മാവിനെ അനുസരിച്ചു നടക്കുന്നവർക്ക്" എന്ന വാചകം ഉൾപ്പെടുത്തുന്നതിനുള്ള തെളിവുകൾ ധാരാളം ഉള്ളതുപോലെതന്നെ വാ. 1 ൽ നിന്നും അത് ഒഴിവാക്കുന്നതിന് ഉപോദ്ബലകമായ ഗ്രീക്കു കയ്യെഴുത്തുപ്രതികളുടെ തെളിവുകൾ വളരെയധികമാണ്. (2) ആത്മിക വിവേചനത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാലും, ഈ ഭാഗം വാ. 1 ൽ ഉൾപ്പെടുത്തുന്നത് നമ്മുടെ സുരക്ഷിതത്വം ദൈവാത്മാവിൽ ആശ്രയിക്കുന്നതില്ല, നമ്മുടെ നടപ്പിന്റെ അടിസ്ഥാനത്തിലാണെന്നു സമ്മതിക്കുന്നതിനു തുല്യമാകും. എന്നാൽ ലേഖനങ്ങളിലുടനീളം പഠിപ്പിച്ചിരിക്കുന്നതുപോലെ ക്രിസ്തുയേശുവിലുള്ള എല്ലാവരും ശിക്ഷാവിധിയിൽനിന്നും സുരക്ഷിതരാണ്. അല്ലെങ്കിൽ നമ്മുടെ സുരക്ഷിതത്വം ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനത്തിലല്ല, നമ്മുടെ നടപ്പിൽ ആണെന്നുവരും. (3) ഈ വാക്യഭാഗം ശിക്ഷാവിധിയിൽനിന്നുള്ള സുരക്ഷിതത്വമല്ല, വിശ്വാസിയുടെ നടപ്പ് വിവരിക്കുന്ന വാ. 4 ന്റെ അന്ത്യത്തിൽ വരുന്നത് കൃത്യമായ സ്ഥാനത്താണ്. (4) കിംഗ് ജെയിംസ് ബൈബിൾ ഈ വാക്യഭാഗത്തെ വാ. 1 ൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഒരു ഗ്ലോസ്സ് (ചില പകർപ്പെഴുത്തുകാർ ചേർക്കുന്ന മാർജിനൽ നോട്ട്) ആയിട്ടാണ്; ചില പ്രധാന വലിയക്ഷര കയ്യെഴുത്തുപ്രതികളായ א, A, B, C, D, F, G എന്നിവയും ചില ചരിച്ചെഴുത്തു കയ്യെഴുത്തുപ്രതികളും പുരാതന പരിഭാഷകളും അത് ഒഴിവാക്കിയിട്ടുണ്ട് (ഇതു സംബന്ധിച്ച കൂടുതൽ ചർച്ചകൾക്ക് ഒൾഷാവുൻ, മെയർ, ആൽഫോർഡ്, ഡാർബി തന്റെ *സിനോപ്സിസി*ൽ നടത്തുന്ന മികച്ച ചർച്ച എന്നിവ കാണുക).

ദൈവം തന്റെ വചനത്തെ പരിഭാഷപ്പെടുത്താനും അവയ്ക്ക് തുടർന്നും ആധികാരികത നല്കാനും അനുവദിച്ചു എന്നത് പഴയ നിയമത്തിന്റെ ഗ്രീക്ക് പരിഭാഷയായ സെപ്റ്റുജിന്റിൽനിന്നും നമുക്കു മനസ്സിലാക്കാം.

ദൈവം നമുക്കു നല്കിയ കയ്യെഴുത്തുപ്രതികളുടെ പഠനത്തിനായി തങ്ങളുടെ ജീവിതകാലം മുഴുവനും വേർതിരിക്കുകയും മികച്ച പരിഭാഷകൾ നമുക്കു നല്കുകയും ചെയ്ത ഭക്തരായ പണ്ഡിതന്മാരെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. അത്തരം പണ്ഡിതന്മാരെ നാം, ദൈവം എന്താണ് പറഞ്ഞതെന്നറിയാൻ താഴ്മയോടെ അന്വേഷിക്കുന്നതിനു പകരം ബൈബിളിൽ ദൈവം എന്താണ് *പറഞ്ഞിരിക്കാൻ സാധ്യത* എന്നു നമ്മോടു പറയുന്ന ഇന്നത്തെ അഹങ്കാരികളായ "ആധുനികന്മാരിൽ" നിന്നും (അല്ലെങ്കിൽ മുൻകാല "ഹയർ ക്രിട്ടിക്സ്") വേർതിരിച്ചു കാണണം" (പേജ് 289).

▣ **"ക്രിസ്തുയേശുവിലുള്ളവർക്കു"** ഈ സവിശേഷ പ്രയോഗം (അതായത് സ്ഥാനീയ ആധികാരിക പ്രയോഗം) ആധുനിക "വ്യക്തിപരമായ ബന്ധം" എന്ന പ്രയോഗത്തിനു തുല്യമാണ്. പൗലൊസ് യേശുവിനെ അറിയുകയും സ്നേഹിക്കുകയും സേവിക്കുകയും അവനിൽ സന്തോഷിക്കുകയും ചെയ്തു. സുവിശേഷം ഒരേസമയം വിശ്വസിക്കേണ്ട ഒരു സന്ദേശവും സ്വീകരിക്കേണ്ട ഒരു വ്യക്തിയുമാണ്. ദമസ്ക്കൊസിലേക്കുള്ള വഴിയിൽ വെച്ചു താൻ കണ്ടുമുട്ടിയ ഉയിർത്തെഴുന്നേറ്റ കർത്താവുമായുള്ള വ്യക്തിപരമായ ബന്ധത്തിലൂടെയാണ് അവനു ജീവിക്കാനുള്ള ശക്തി ലഭിക്കുന്നത് (ഒ.നോ. പ്രവൃ. 9). യേശുവുമായുള്ള അവന്റെ അനുഭവത്തിൽനിന്നുമാണ് അവന്റെ ദൈവശാസ്ത്രം രൂപംകൊണ്ടത്. അവന്റെ അനുഭവം അവനെ അടച്ചുകെട്ടിയ സന്യാസത്തിലേക്കല്ല തീക്ഷ്ണമായ മിഷനറി പ്രവർത്തനത്തിലേക്കാണു നയിച്ചത് (ഒ.നോ. മത്താ. 28:18–20; ലൂക്കൊ. 24:47; പ്രവൃ. 1:8). അവനെ അറിയുന്നത് അവനെ സേവിക്കുന്നതാണ്. പക്വത പ്രാപിച്ച ക്രിസ്ത്യാനിത്വം ഒരു സന്ദേശവും ഒരു വ്യക്തിയും ഒരു ജീവിതശൈലിയുമാണ്! (1:5 ന്റെ കുറിപ്പ് കാണുക).

**8:2 "ജീവന്റെ ആത്മാവിന്റെ പ്രമാണം ... പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം"** ഇതു സൂചിപ്പിക്കുന്നത്

1. പാപത്തിന്റെ പ്രമാണവും (ഒ.നോ. റോമ. 7:10,23,25) ദൈവത്തിന്റെ പുതിയ പ്രമാണവും (ഒ.നോ. റോമ. 7:6,22,25) തമ്മിലുള്ള വ്യത്യാസം
2. "സ്നേഹത്തിന്റെ പ്രമാണവും" (ഒ.നോ. യാക്കോ. 1:25; 2:8,12) X "മോശൈക ന്യായപ്രമാണവും" (ഒ.നോ. 7:6–12)
3. പഴയ യുഗം X പുതിയ യുഗം
4. പഴയ നിയമം X പുതിയ നിയമം (ഒ.നോ. യിരെ. 31:31–34; എബ്രായ ലേഖനം)

ഈ വൈരുധ്യ ശൈലി കാണുന്നത്

1. വാ. 2 ൽ കാണുന്ന ക്രിസ്തുവിലുള്ള ജീവന്റെ ആത്മാവിന്റെ പ്രമാണം X പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം
2. വാ. 4,5 ലെ ജഡത്തെ അനുസരിച്ച് X ആത്മാവിനെ അനുസരിച്ച്
3. വാ. 5 ലെ ജഡത്തിനുള്ളത് X ആത്മാവിനുള്ളത്
4. വാ. 5 ലെ ജഡത്തിന്റെ ചിന്ത X ആത്മാവിന്റെ ചിന്ത
5. വാ. 6 ലെ ജഡത്തിന്റെ ചിന്ത X ആത്മാവിന്റെ ചിന്ത
6. വാ. 9 ലെ ജഡത്തിൽ X ആത്മാവിൽ
7. വാ. 10 ലെ ശരീരം മരിക്കേണ്ടത് X ആത്മാവു ജീവിക്കേണ്ടത്

8. വാ. 13 ലെ നിങ്ങൾ മരിക്കും x നിങ്ങൾ ജീവിക്കും
9. വാ. 15 ലെ ദാസ്യത്വത്തിന്റെ ആത്മാവ് x പുത്രത്വത്തിന്റെ ആത്മാവ്

NASB സ്റ്റഡി ബൈബിളിൽ (പേജ് 1645) റോമാലേഖനത്തിൽ "ന്യായപ്രമാണം" എന്ന പദത്തെ പൗലൊസ് ഉപയോഗിക്കുന്നതു സംബന്ധിച്ച് താല്പര്യജനകമായ ഒരു പട്ടിക നല്കിയിട്ടുണ്ട്.

1. ഒരു നിയന്ത്രിക്കുന്ന ശക്തി, 8:2
2. ദൈവിക ന്യായപ്രമാണം, 2:17-20; 9:31; 10:3-5
3. പഞ്ചഗ്രന്ഥം, 3:21b
4. പഴയ നിയമം മുഴുവനും, 3:19
5. ഒരു പ്രമാണം, 3:27

▣

**NASB, NRSV,**
**NJB** **"അവൻ നിങ്ങളെ സ്വതന്ത്രരാക്കിയിരിക്കുന്നു"**
**NKJV, TEV** **"അവൻ എന്നെ സ്വതന്ത്രനാക്കി"**

വാ. 2-3, അധ്യായം 6 ന്റെ ദൈവശാസ്ത്ര സന്ദേശമാണ്. പുരാതന ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ കാണുന്ന അനേക വ്യത്യസ്ത സർവ്വനാമങ്ങളുണ്ട്.

1. "എന്നെ" - കയ്യെഴുത്തു പ്രതികൾ A, D, K, P.
2. "നിങ്ങളെ" - കയ്യെഴുത്തു പ്രതികൾ ℵ, B, F, G.
3. "ഞങ്ങളെ" - വലിയക്ഷര കയ്യെഴുത്തു പ്രതി *Ψ*

"നിങ്ങളെ" (ഏകവചനം) എന്നതിന് UBS[4] "B"റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു. UBS[3] അതിന് "D"റേറ്റിംഗ് (വളരെ പ്രയാസമുള്ളത്) നൽകുന്നു. "ഞങ്ങളെ," "നിങ്ങളെ," "എന്നെ/നമ്മളെ" എന്നിങ്ങനെ സർവ്വനാമങ്ങളുമായി ബന്ധപ്പെട്ട വ്യത്യാസങ്ങൾ പൗലൊസിന്റെ രചനകളിൽ ധാരാളം കാണാം.

**8:3 "ജഡത്താലുള്ള ബലഹീനതനിമിത്തം"** ഇത് അധ്യായം 7 ലെ പൗലൊസിന്റെ അടിസ്ഥാന വാദമാണ്. ന്യായപ്രമാണം നല്ലതും വിശുദ്ധവും ആണ് എങ്കിലും പാപിയും വീഴ്ച സംഭവിച്ചവനും മത്സരിയുമായ മനുഷ്യന് അതിന്റെ വ്യവസ്ഥകൾ പാലിക്കുവാൻ കഴിയുന്നില്ല. റബ്ബിമാരിൽനിന്നു വ്യത്യസ്തമായി പൗലൊസ് ഉല്പത്തി 3 ന്റെ പരിണിത ഫലത്തിന് ഊന്നൽ നല്കുന്നു. മിക്ക റബ്ബിമാരും ദുഷ്ടത ലോകത്തിൽ പ്രവേശിച്ചത് ഉല്പത്തി 6 ൽ എന്നാണ് പഠിപ്പിക്കുന്നത്.

▣ **"ന്യായപ്രമാണത്തിന്നു കഴിയാഞ്ഞതിനെ"** മോശൈക ന്യായപ്രമാണം നല്ലതും വിശുദ്ധവും ആണ്, എങ്കിലും മനുഷ്യൻ ബലഹീനനും പാപിയുമാണ് (ഒ.നോ. 7:12,16). ഇവിടെ കാണുന്ന ക്രിയ "അസാദ്ധ്യമായത്" എന്നർത്ഥം വരുന്ന നാമവിശേഷണമായ *അഡുനാറ്റോൻ* (***αδυνατον***) ആണ് (ഒ.നോ. മത്തായി 19:26; എബ്രാ. 6:4,18; 10:4; 11:6). എങ്കിലും അതിന് "ശക്തിഹീനമായത്" എന്ന അർത്ഥവുമുണ്ട് (ഒ.നോ. പ്രവൃ. 14:8; റോമ. 15:1). ന്യായപ്രമാണം വിടുതൽ നൽകുവാൻ ശക്തിയില്ലാത്തതാണ് (ഒ.നോ. ഗലാ. 3:21). നേരെ മറിച്ച്, അത് ശിക്ഷാവിധിയും മരണവും ശാപവും മാത്രം പ്രദാനം ചെയ്യുന്നു (ഒ.നോ. ഗലാത്യർ 3)!

▣ **"(സാധിപ്പാൻ) ദൈവം തന്റെ പുത്രനെ ... അയച്ചു,"** പഴയ ഉടമ്പടിക്കു കീഴിൽ, വീണുപോയ മനുഷ്യനു സാധിക്കാഞ്ഞത് പുതിയ ഉടമ്പടിയുടെ കീഴിൽ (ഒ.നോ. യിരെ. 31:31-34; യെഹെ. 36:22-36) ദൈവം യേശുക്രിസ്തുവിലൂടെ നിവർത്തിച്ചു (ഒ.നോ. യെശ. 53; യോഹ. 3:16). ബാഹ്യമായ വ്യവസ്ഥകൾക്കു പകരമായി ദൈവം ഒരു ആന്തരിക ആത്മാവിനെയും പുതിയ ഹൃദയത്തെയും പുതിയ മനസ്സിനെയും ദാനം ചെയ്തു. ഈ പുതിയ ഉടമ്പടി മനുഷ്യന്റെ പ്രവൃത്തിയിലല്ല, ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയിലുള്ള വിശ്വാസത്തിലും മാനസാന്തരത്തിലും അടിസ്ഥാനപ്പെട്ടതാണ് (ഒ.നോ. എഫെ. 2:8-9). എങ്കിലും രണ്ട് ഉടമ്പടികളും ഭക്തിനിർഭരമായ പുതിയ ജീവിത ശൈലി ആവശ്യപ്പെടുന്നു (ഒ.നോ. എഫെ. 1:4; 2:10).

▣ **"പാപജഡത്തിന്റെ സാദൃശ്യത്തിലും പാപംനിമിത്തവും"** ഇതേ സത്യം ഫിലി. 2:7-8 ൽ വിവരിച്ചിരിക്കുന്നു. യേശുവിന് യഥാർത്ഥ മനുഷ്യശരീരം ഉണ്ടായിരുന്നു (എങ്കിലും പാപപ്രകൃതിയില്ലായിരുന്നു, ഒ.നോ. ഫിലി. 2:7-8; എബ്രാ. 7:26). അവൻ യഥാർത്ഥമായി നമുക്കു തുല്യനായിരുന്നു. നമുക്കു തുല്യമായി സകലവിധത്തിലും അവൻ പരീക്ഷിക്കപ്പെട്ടു, എങ്കിലും പാപം ചെയ്തില്ല (ഒ.നോ. എബ്രാ. 4:15). അവൻ നമ്മെ മനസ്സിലാക്കുന്നു. അവൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു (ഒ.നോ. 8:34; എബ്രാ. 7:25; 9:24).

▣ **"പാപം *നിമിത്തവും*"** ഇതേ ആശയം 2 കൊരി. 5:21 ലും 1 പത്രൊ. 2:24; ലും കാണാം. യേശു മരിക്കുന്നതിനായിട്ടു വന്നു (ഒ.നോ. യെശ. 53:4-6,10-12; മർക്കൊ. 10:45). യേശുവിന്റെ നിഷ്കളങ്ക ജീവിതം (ഊനമില്ലായ്മ) സകലമനുഷ്യർക്കും വേണ്ടിയുള്ള (ഒ.നോ. എബ്രാ. 10:6,8; 13:11) പാപയാഗമായിത്തീർന്നു (ഒ.നോ. യോഹ. 1:29).

▣ **"പാപത്തിന്നു ജഡത്തിൽ ശിക്ഷ വിധിച്ചു"** യേശുവിന്റെ ശാരീരിക മരണം വ്യക്തിപരമായ പാപപ്രവൃത്തികൾക്കു മാത്രമല്ല (മോശൈക ന്യായപ്രമാണം ചെയ്തിരുന്നതുപോലെ) മറിച്ച് മുഴുമനുഷ്യവർഗ്ഗത്തിന്റെയും പാപസ്വഭാവത്തെ തെളിയിച്ചു കാണിക്കുകയും പരിഹാരം വരുത്തുകയും ചെയ്തു. അവന്റെ ജീവിതവും മരണവും ഉയിർത്തെഴുന്നേല്പും സ്വർഗ്ഗാരോഹണവും ആണ് ദൈവത്തിന്റെ നിത്യമായ വീണ്ടെടുപ്പിൻ പദ്ധതി പൂർത്തീകരിച്ചത് (ഒ.നോ. പ്രവൃ. 2:23; 3:18; 4:28; 13:29). മനുഷ്യന് എങ്ങനെ ആയിരിക്കാൻ കഴിയുമെന്നും എങ്ങനെ ആയി

രിക്കണമെന്നും അവൻ നമുക്കു കാണിച്ചുതന്നു (ഒ.നോ. യോഹ. 13:15; 1 പത്രൊ. 2:21).

**8:4** ഈ വാക്യം പുതിയ ഉടമ്പടിയെ ആയിരിക്കാം പരാമർശിക്കുന്നത് (ഒ.നോ. യിരെ. 31:31–34; യെഹെ. 36:22–36). അത് നമ്മുടെ രക്ഷയുടെ രണ്ടു വശങ്ങളെ പരാമർശിക്കുന്നു.

1. യേശു പഴയ ഉടമ്പടിയുടെ വ്യവസ്ഥകളെ പാലിക്കുകയും അവനിലുള്ള വിശ്വാസത്താൽ ഈ നീതി വിശ്വാസികളുടെമേൽ പ്രവൃത്തിയാലല്ല, സൗജന്യ ദാനമായി പകരപ്പെടുകയും ചെയ്യുന്നു. നാമിതിനെ നീതീകരണം അഥവാ സ്ഥാനീയ വിശുദ്ധീകരണം എന്നു വിളിക്കുന്നു.
2. ദൈവം വിശ്വാസികൾക്ക് ഒരു പുതിയ ഹൃദയവും പുതിയ മനസ്സും പുതിയ ആത്മാവും നൽകുന്നു. നാമിപ്പോൾ ജഡത്തിലല്ല, ആത്മാവിലാണ് നടക്കുന്നത്. ഇതിനെ പുരോഗമന വിശുദ്ധീകരണം എന്നു വിളിക്കുന്നു.

ക്രിസ്ത്യാനിത്വം അവകാശങ്ങളും (രക്ഷയുടെ ദാനം) അപ്പോൾതന്നെ ഉത്തരവാദിത്വങ്ങളും (ക്രിസ്തുസാദൃശ്യം, ഒ.നോ. 6:13) ഉള്ള ഒരു പുതിയ ഉടമ്പടിയാണ്.

*ജെറോം ബൈബിൾ കമന്ററി* (പേജ് 315), രസകരമായ ഒരു അഭിപ്രായം രേഖപ്പെടുത്തുന്നത്, വർത്തമാന കാല അപൂർണ്ണക്രിയയും *മി* അപൂർണ്ണക്രിയയും സൂചിപ്പിക്കുന്നത്, ഫലപ്രദമായ ക്രിസ്തീയ ജീവിതം സ്നാനത്തിൽനിന്നും യാന്ത്രികമായി ഒഴുകുന്നതല്ല എന്ന സോപാധിക വാചകത്തെയാണ് എന്നാണ്. മനുഷ്യരെന്ന നിലയിൽ നമുക്ക് രക്ഷയുടെ ഒരു തിരഞ്ഞെടുപ്പും ക്രിസ്തുസാദൃശ്യത്തിന്റെ ഒരു തിരഞ്ഞെടുപ്പും ഉണ്ട്. ആത്മാവ് നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെങ്കിലും ബലംപ്രയോഗിക്കുന്നില്ല.

▣ **"ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ"** ഇതേ വൈരുധ്യം ഗലാ. 5:16–25 ൽ കാണാം. നിയമപരമായ നീതിയെ തുടർന്ന് ജീവിതശൈലീപരമായ നീതി ഉണ്ടാകണം. പുതിയ ഉടമ്പടിയുടെ പുതിയ ഹൃദയവും മനസ്സും നമ്മുടെ രക്ഷയുടെ അടിസ്ഥാനമല്ല, മറിച്ച് അതിന്റെ ഫലമാണ്. നിത്യജീവന് ദൃശ്യമായ സവിശേഷതകളുണ്ട് (മത്തായി 7)!

**8:5** പൗലൊസ് വാ. 5–8 ൽ "ജഡത്തിലെ" ജീവിതവും "ആത്മാവിലെ" ജീവിതവും തമ്മിൽ താരതമ്യപ്പെടുത്തുന്നു (ഗലാ. 5:19–21 ലെ "ജഡത്തിന്റെ പ്രവൃത്തികളെ" 5:22–25 ലെ "ആത്മാവിന്റെ ഫലവുമായി" ഒത്തു നോക്കുക). 8:2 ലെ കുറിപ്പുകൾ കാണുക.

▣ **"ചിന്ത"** കണ്ണുകളും കാതുകളുമാണ് ദേഹിയുടെ വാതായനങ്ങൾ എന്ന് യെഹൂദന്മാർ മനസ്സിലാക്കിയിരുന്നു. പാപം ആരംഭിക്കുന്നത് ചിന്തയിലാണ്. നാം എന്തിൽ മനസ്സുവെയ്ക്കുന്നോ അതാണു നാം (ഒ.നോ. റോമ. 12:1–2; ഫിലി. 4:8).

മനുഷ്യനിലെ രണ്ട് "ഇച്ഛകൾ" (*യെറ്റ്സെർ*) എന്ന പരമ്പരാഗത റബ്ബി ഉപദേശത്തെ പൗലൊസ് അപ്പാടെ വിശ്വസിക്കുന്നില്ല. പൗലൊസിനെ സംബന്ധിച്ച് നല്ല ഇച്ഛ വീഴ്ച സംഭവിച്ച മനുഷ്യനിൽ കാണുന്നില്ല, മറിച്ച് മാനസാന്തരത്തിലാണതു സംഭവിക്കുന്നത്. പൗലൊസിനെ സംബന്ധിച്ച് അധിവസിക്കുന്ന പരിശുദ്ധാത്മാവാണ് ആന്തരിക ആത്മിക സംഘർഷം ആരംഭിക്കുന്നത് (ഒ.നോ. യോഹ. 16:7–14).

▣ **"ജീവൻ"** ഇത് നിത്യജീവനെ, പുതിയ യുഗ ജീവിതത്തെ (*സോയി-ζοη*) പരാമർശിക്കുന്നു.

▣ **"സമാധാനം"** ഈ പദത്തിന്റെ മൂല അർത്ഥം "തകർന്നതിനെ ഒരുമിച്ച് കെട്ടുക" എന്നാണ് (ഒ.നോ. യോഹ. 14:27; 16:33; ഫിലി. 4:7). 5:1 ലെ പ്രത്യേക പഠനവിഷയം: സമാധാനം കാണുക. മൂന്നു വിധത്തിൽ പുതിയ നിയമം സമാധാനത്തെക്കുറിച്ചു സംസാരിക്കുന്നുണ്ട്.

1. ക്രിസ്തുവിലൂടെ നമുക്കു ദൈവവുമായുള്ള സമാധാനത്തെ സൂചിപ്പിക്കുന്ന ലക്ഷ്യാധിഷ്ഠിത സത്യം (ഒ.നോ. കൊലൊ. 1:20)
2. ദൈവവുമായി നിരപ്പായതിനെക്കുറിച്ച് നമുക്കുള്ള വിഷയാധിഷ്ഠിത വികാരം (ഒ.നോ. യോഹ. 14:27; 16:33; ഫിലി. 4:7).
3. ദൈവം ക്രിസ്തുവിലൂടെ യെഹൂദനെയും ജാതിയെയും ഒരു ശരീരമായി ഒന്നിച്ചു ചേർത്തു (ഒ.നോ. എഫെ. 2:14–17; കൊലൊ. 3:15)

**8:7–11** ദൈവത്തിൽ നിന്നും അകന്ന മനുഷ്യവർഗ്ഗത്തെ പൗലൊസ് വിവിധ നിലകളിൽ വിവരിക്കുന്നു

1. ദൈവത്തോടു ശത്രുത്വം, വാ. 7
2. ദൈവത്തിനു കീഴടങ്ങുന്നില്ല, വാ. 7
3. ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല, വാ. 8
4. ആത്മീയമായി മരിച്ചതും അതിന്റെ അന്ത്യം നിത്യമരണവും, വാ. 10–11

സമാന്തര പ്രയോഗങ്ങൾ റോമ. 5:6,8,10 ലും കാണുക.

**8:7**

**NASB, NRSV** **"ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു"**
**NKJV** **"ജഡിക മനസ്സ് ദൈവത്തിന്റെ ശത്രുവാകുന്നു"**
**TEV** **"ആളുകൾ ദൈവത്തിന്റെ ശത്രുക്കൾ ആയി മാറി"**
**NJB** **"ക്രമംകെട്ട മനുഷ്യപ്രകൃതിയുടെ കാഴ്ചപ്പാട് ദൈവത്തിന് എതിരാണ്"**

ഈ പ്രയോഗം വാ. 6 ലെ "ജഡത്തിന്റെ ചിന്ത മരണം" വാ. 4 ലെ "ജഡത്തെ അനുസരിച്ചു നടക്കുന്നവർ" എന്നിവയ്ക്കു സമാന്തരമാണ്. വീണുപോയ മനുഷ്യന്റെ പ്രകൃതി ഒരു ചിന്താഗതിയും (ലോകവീക്ഷണം) ഒരു ജീവിതശൈലിയുമാണ് (ഒ.നോ. 7:5). 1:3 ലെ പ്രത്യേക പഠനവിഷയം: ജഡം (*സാർക്സ് - σαρξ*) കാണുക.

▣ **"കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല"** വീണുപോയ മനുഷ്യവർഗ്ഗം ദൈവത്തെ അനുസരിക്കുന്നത് തിരഞ്ഞെടുക്കുന്നില്ലെന്നു മാത്രമല്ല, ദൈവത്തെ അനുസരിക്കുവാൻ അവർക്കു കഴിയുന്നതുമല്ല. വീണുപോയ മനുഷ്യവർഗ്ഗത്തിന് പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ ആത്മീയ കാര്യങ്ങളോടു പ്രതികരിക്കാൻ കഴികയില്ല (ഒ.നോ. യെശ. 53:6; 1 പത്രൊ. 2:24–25). ദൈവം എല്ലായ്പോഴും മുൻകൈയെടുക്കേണ്ടിയിരിക്കുന്നു (ഒ.നോ. യോഹ. 6:44,65). ഇത് ഉടമ്പടി തിരഞ്ഞെടുപ്പിനെ ഇല്ലാതാക്കുന്നില്ല, മറിച്ച് മനുഷ്യർ പ്രതികരിക്കുന്നവരാണ് അല്ലാതെ മുൻകൈയെടുക്കുന്നവരല്ല എന്നു ഉറപ്പിക്കുകയാണു ചെയ്യുന്നത്.

**8:8 "ജഡസ്വഭാവമുള്ളവർക്ക്"** പൗലൊസ് ഈ പ്രയോഗം രണ്ടു വിധത്തിൽ ഉപയോഗിക്കുന്നു.

1. ഭൗതിക ശരീരം (ഒ.നോ. റോമ. 1:3; 2:28; 4:1; 9:3,5)
2. ദൈവത്തെക്കൂടാതെയുള്ള മനുഷ്യ പ്രയത്നങ്ങൾ (ഒ.നോ. റോമ. 7:5; 8:4–5)

ഇവിടെ #2 ആണു ശരി. അത് മത്സരികളും അവിശ്വാസികളുമായ മനുഷ്യവർഗ്ഗത്തെ സൂചിപ്പിക്കുന്നു. 1:3 ലെ പ്രത്യേക പഠനവിഷയം: ജഡം (*സാർക്സ് - σαρξ*) കാണുക.

**റോമർ 8:9–11**

**9 നിങ്ങളോ, ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നുവരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രേ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല. 10 ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപംനിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവു നീതിനിമിത്തം ജീവനാകുന്നു. 11 യേശുവിനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നു ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും.**

**8:9 "എന്നുവരികിൽ"** വാ. 9,10,11,13[2 പ്രാവശ്യം],17[2 പ്രാവശ്യം] എന്നിവിടങ്ങളിൽ സോപാധിക വാചകങ്ങളുടെ ഒരു പരമ്പര കാണാം. അവയെല്ലാം എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകങ്ങളാണ്. റോമാ സഭയിലെ തന്റെ വായനക്കാർ എല്ലാവരും വിശ്വാസികളാണെന്ന് പൗലൊസ് അനുമാനിക്കുന്നു. (ഒ.നോ. വാ. 9a).

▣ **" ക്രിസ്തുവിന്റെ ആത്മാവ്"** ആത്മാവ് ഉള്ള വ്യക്തികൾ വിശ്വാസികളും ആത്മാവ് ഇല്ലാത്തവർ ആത്മികമായി നഷ്ടപ്പെട്ടവരും ആണ്. നാം രക്ഷാനിർണ്ണയ സമയത്ത് ആത്മാവിനെ പ്രാപിച്ചു.

9a യിലെ "ദൈവത്തിന്റെ ആത്മാവ്" 9b യിലെ "ക്രിസ്തുവിന്റെ ആത്മാവ്" എന്നിവയെല്ലാം പര്യായങ്ങളാണ്.

# പ്രത്യേക പഠനവിഷയം: യേശുവും ആത്മാവും

ആത്മാവിന്റെ പ്രവർത്തനവും പുത്രന്റെ പ്രവർത്തനവും തമ്മിൽ വേർതിരിക്കാനാവാത്ത ഒരവസ്ഥയുണ്ട്. ആത്മാവിനുള്ള ഏറ്റവും നല്ല പേര് "മറ്റെ യേശു" എന്നാണെന്ന് ജി. കാംപ്ബെൽ മോർഗൻ പറഞ്ഞിട്ടുണ്ട് (എങ്കിലും അവർ വ്യത്യസ്തരായ നിത്യ വ്യക്തികളാണ്). താഴെക്കാണുന്നത് പുത്രന്റെയും ആത്മാവിന്റെയും പ്രവർത്തനത്തിന്റെയും പേരുകളുടെയും രൂപരേഖാ താരതമ്യമാണ്.

1. ആത്മാവ് "യേശുവിന്റെ ആത്മാവ്" അല്ലെങ്കിൽ സമാനമായ പേരുകളാൽ വിളിക്കപ്പെടുന്നു (ഒ.നോ. റോമ. 8:9; 2 കൊരി. 3:17; ഗലാ. 4:6; 1 പത്രൊ. 1:11)
2. ഇരുവരും ഒരേ പദങ്ങളാൽ വിളിക്കപ്പെടുന്നു
   a. "സത്യം"
      1) യേശു (യോഹ. 14:6)
      2) ആത്മാവ് (യോഹ. 14:17; 16:13)
   b. "കാര്യസ്ഥൻ"
      1) യേശു (1 യോഹ. 2:1)
      2) ആത്മാവ് (യോഹ. 14:16,26; 15:26; 16:7)
   c. "പരിശുദ്ധ"
      1) യേശു (ലൂക്കൊ. 1:35; 14:26)
      2) ആത്മാവ് (ലൂക്കൊ. 1:35; 4:34)
3. ഇരുവരും വിശ്വാസിയിൽ വസിക്കുന്നു
   a. യേശു (മത്താ. 28:20; യോഹ. 14:20,23; 15:4–5; റോമ. 8:10; 2 കൊരി. 13:5; ഗലാ. 2:20; എഫെ. 3:17;

കൊലൊ. 1:27).
b. ആത്മാവ് (യോഹ. 14:16–17; റോമ. 8:9,11; 1 കൊരി. 3:16; 6:19; 2 തിമൊ. 1:14)
c. പിതാവ് (യോഹ 14:23; 2 കൊരി. 6:16)

**8:10 "ക്രിസ്തു നിങ്ങളിൽ"** "നിങ്ങൾ" ബഹുവചനമാണ്. "ക്രിസ്തു" എന്ന പദം അധിവസിക്കുന്ന പുത്രനെ/ആത്മാവിനെ സൂചിപ്പിക്കുന്നു (ഒ.നോ. യോഹ. 14:16–17; കൊലൊ. 1:27). ആളുകൾക്ക് പുത്രൻ/ആത്മാവ് ഉണ്ട് അല്ലെങ്കിൽ അവർ വിശ്വാസികളല്ല (ഒ.നോ. 1 യോഹ. 5:12). പൗലൊസിനെ സംബന്ധിച്ച് "ക്രിസ്തുവിൽ" എന്നത് ദൈവശാസ്ത്രപരമായി "ആത്മാവിൽ" എന്നതിനു തുല്യമാണ്.

▣ **"ഉണ്ടെങ്കിലോ"** ഇതൊരു ഒന്നാംതരം സോപാധിക വാചകമാണ് (*എയ്* ഓടൊപ്പം "ആയിരിക്കുക" എന്ന സൂചക ക്രിയയുടെ അനുമാനം). തന്റെ വായനക്കാർ (അതായത് റോമാ സഭയിലെ വിശ്വാസികൾ)

1. ക്രിസ്തു വസിക്കുന്നവർ
2. ക്രിസ്തു അവരുടെ മധ്യത്തിലുള്ളവർ

ആണെന്ന് പൗലൊസ് അനുമാനിക്കുന്നു.

▣ **"ശരീരം പാപംനിമിത്തം മരിക്കേണ്ടതെങ്കിലും"** വിശ്വാസികൾ ആദാമിന്റെ പാപവും, ലോകത്തിന്റെ വീഴ്ചയും വ്യക്തിപരമായ പാപവും നിമിത്തം ശാരീരികമായി മരിക്കും (ഒ.നോ. 5:12–21). പാപം എപ്പോഴും അതിന്റെ ലക്ഷ്യം പൂർത്തിയാക്കുന്നു. ആത്മിക മരണം (ഒ.നോ. ഉല്പത്തി 3; എഫെ. 2:1) ശാരീരിക മരണത്തിൽ കലാശിക്കുന്നു (ഒ.നോ. ഉല്പത്തി 5; എബ്രാ. 9:27; 8:13 ന്റെ കുറിപ്പ് കാണുക). വിശ്വാസികൾ ഒരേസമയം ആത്മാവിന്റെ പുതിയ യുഗത്തിലും (ഒ.നോ. യോവേൽ 2:28–29; പ്രവൃ. 2:16) പാപത്തിന്റെയും മത്സരത്തിന്റെയും പഴയയുഗത്തിലും (ഒ.നോ. വാ. 21,35) ആണു ജീവിക്കുന്നത്.

▣ **"ആത്മാവു നീതിനിമിത്തം ജീവനാകുന്നു"** "ആത്മാവ്" സൂചിപ്പിക്കുന്നത് മനുഷ്യാത്മാവിനെയാണോ (ഒ.നോ. NASB, ASV, NIV, Williams, Jerusalem Bible) അതോ പരിശുദ്ധാത്മാവിനെയാണോ (ഒ.നോ. KJV, TEV, REB, Karl Barth, C. K. Barrett, John Murray, and Everett Harrison) എന്നതു സംബന്ധിച്ച് പരിഭാഷകളും വ്യാഖ്യാതാക്കളും തമ്മിൽ അഭിപ്രായ ഐക്യമില്ല.

വിശാല സന്ദർഭം ആ ഹ്രസ്വ പ്രയോഗം സംബന്ധിച്ച നമ്മുടെ ഗ്രാഹ്യത്തെ വിപുലമാക്കുന്നു. ക്രിസ്തുവിൽ ആശ്രയിച്ചവർ പോലും അവർ വീണുപോയ ലോകത്തിൽ ജീവിക്കുന്നതിനാൽ മരിക്കുന്നു. എങ്കിലും, യേശുവിലുള്ള വിശ്വാസത്താൽ ലഭ്യമായ നീതി നിമിത്തം അവർക്ക് നിത്യജീവൻ ലഭിച്ചുകഴിഞ്ഞു (ഒ.നോ. എഫെ. 2:4–6). ഇത് "ലഭിച്ചുകഴിഞ്ഞു എന്നാൽ ആയിട്ടില്ല" എന്ന ദൈവരാജ്യത്തിന്റെ സംഘർഷമാണ്. പഴയ യുഗവും പുതിയ യുഗവും സമയത്തിന്റെ കാര്യത്തിൽ അന്യോന്യം കവിഞ്ഞുകിടക്കുന്നു.

▣ **"നീതി"** ഈ സന്ദർഭത്തിൽ ഇതു സൂചിപ്പിക്കുന്നത്

1. ക്രിസ്തുവിലെ വിശ്വാസത്താൽ (ഒ.നോ. റോമർ 4) ലഭിക്കുന്ന കണക്കിടപ്പെട്ട നീതി (നീതീകരണവും സ്ഥാനീയ വിശുദ്ധീകരണവും)
2. വീണ്ടെടുപ്പു പ്രാപിച്ച ജീവിതത്തിന്റെ തെളിവായ ആത്മാവിലുള്ള പുതിയ ജീവിതം (പുരോഗമന വിശുദ്ധീകരണം). 1:17 ലെ പ്രത്യേക പഠനവിഷയം കാണുക.

**8:11 "എങ്കിൽ"** വാ. 9 ന്റെ കുറിപ്പു കാണുക.

▣ **"യേശുവിനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ"** ത്രിത്വത്തിലെ ഏതു വ്യക്തിയാണ് വിശ്വാസികളിൽ വസിക്കുന്നത്? മിക്ക ക്രിസ്ത്യാനികളും "ആത്മാവ്" എന്നുത്തരം പറയും. ഇത് തീർച്ചയായും ശരിയാണ്, എങ്കിലും യഥാർത്ഥത്തിൽ ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളും വിശ്വാസികളിൽ വസിക്കുന്നു.

1. ആത്മാവ്, യോഹ. 14:16–17; റോമ. 8:11; 1 കൊരി. 3:16; 6:19; 2 തിമൊ. 1:14
2. പുത്രൻ, മത്താ. 28:20; യോഹ. 14:20,23; 15:4–5; റോമ. 8:10; 2 കൊരി. 13:5; 6:19; ഗലാ. 2:20; എഫെ. 3:17; കൊലൊ. 1:27
3. പിതാവ്, യോഹ. 14:23; 2 കൊരി. 6:16

പുതിയ നിയമം വീണ്ടടുപ്പിൻ പ്രവൃത്തിയുടെ ഉത്തരവാദിത്വം ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങൾക്കും നൽകുന്നു എന്നതു തെളിയിക്കുന്നതിനുള്ള മികച്ച ഉദാഹരണമാണ് ഈ പ്രയോഗം.

1. പിതാവാം ദൈവം യേശുവിനെ ഉയിർപ്പിച്ചു (ഒ.നോ. പ്രവൃ. 2:24; 3:15; 4:10; 5:30; 10:40; 13:30,33,34,37; 17:31; റോമ. 6:4,9; 10:9; 1 കൊരി. 6:14; 2 കൊരി. 4:14; ഗലാ. 1:1; എഫെ. 1:20; കൊലൊ. 2:12; 1 തെസ്സ. 1:10)
2. പുത്രനാം ദൈവം ഉയിർത്തെഴുന്നേറ്റു (ഒ.നോ. യോഹ. 2:19–22; 10:17–18)
3. ആത്മാവാം ദൈവം യേശുവിനെ ഉയിർപ്പിച്ചു (ഒ.നോ. റോമ. 8:11)

ഇതേ ത്രിത്വ ഊന്നൽ വാ. 9–11 ലും കാണാൻ കഴിയും.

# പ്രത്യേക പഠനവിഷയം: ത്രിത്വം

ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളും ഒരേ സന്ദർഭത്തിൽ പ്രവർത്തനനിരതരാകുന്നതു ശ്രദ്ധിക്കുക. "ത്രിത്വം" എന്ന പദം തെർത്തുല്യൻ ആണ് ആദ്യം ഉപയോഗിച്ചത്, എങ്കിലും ഇതൊരു വേദപുസ്തക വാക്കല്ല, ആശയം തെറ്റായി ഉപയോഗിക്കപ്പെടാറുമുണ്ട്.

A. സുവിശേഷങ്ങൾ
   1. മത്താ. 3:16-17; 28:19 (സമാന്തര ഭാഗങ്ങളും)
   2. യോഹ. 14:26

B. അപ്പൊസ്തല പ്രവൃത്തികൾ - 2:32-33, 38-39

C. പൗലൊസ്
   1. റോമ. 1:4-5; 5:1,5; 8:1-4, 8-10
   2. 1 കൊരി. 2:8-10; 12:4-6
   3. 2 കൊരി. 1:21; 13:14
   4. ഗലാ. 4:4-6
   5. എഫെ. 1:3-14,17; 2:18; 3:14-17; 4:4-6
   6. 1 തെസ്സ. 1:2-5
   7. 2 തെസ്സ. 2:13
   8. തീത്തൊ. 3:4-6

D. പത്രൊസ് - 1 പത്രൊ. 1:2

E. യൂദാ - വാ. 20-21

പഴയ നിയമത്തിൽ ദൈവത്തിന്റെ ബഹുത്വം സൂചിപ്പിച്ചിരിക്കുന്നു.

A. ദൈവത്തിനുള്ള ബഹുവചനങ്ങൾ
   1. *എലോഹിം* എന്ന പേര് ബഹുവചനമാണ്, എങ്കിലും ദൈവത്തിനുപയോഗിക്കുമ്പോൾ എപ്പോഴും ഏകവചന ക്രിയയാണു ചേർക്കുന്നത്
   2. ഉല്പ. 1:26-27; 3:22; 11:7 ൽ "നാം"

B. യഹോവയുടെ ദൂതൻ ദൈവത്തിന്റെ ദൃശ്യ പ്രതിനിധിയാണ്
   1. ഉല്പ. 16:7-13; 22:11-15; 31:11,13; 48:15-16
   2. പുറ. 3:2,4; 13:21; 14:19
   3. ന്യായാ. 2:1; 6:22-23; 13:3-22
   4. സെഖ. 3:1-2

C. ദൈവവും അവന്റെ ആത്മാവും വെവ്വേറെ വ്യക്തികളാണ്, ഉല്പ. 1:1-2; സങ്കീ. 104:30; യെശ. 63:9-11; യെഹെ. 37:13-14

D. ദൈവവും (യഹോവ) മശിഹയും (*അഡോൺ*) വെവ്വേറെ വ്യക്തികളാണ്, സങ്കീ. 45:6-7; 110:1; സെഖ. 2:8-11; 10:9-12

E. മശിഹായും ആത്മാവും വെവ്വേറെ വ്യക്തികളാണ്, സെഖ. 12:10

F. മൂന്നുപേരെയും യെശ. 48:16; 61:1 ൽ പരാമർശിച്ചിരിക്കുന്നു

യേശുവിന്റെ ദൈവത്വവും ആത്മാവിന്റെ ആളത്വവും കർശ ഏകദൈവവിശ്വാസികളായ ആദിമ ക്രിസ്തീയ വിശ്വാസികൾക്ക് പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു.

1. തെർത്തുല്യൻ - പിതാവിനു താഴെയായിരിക്കുന്ന പുത്രൻ
2. ഒരിഗൻ - പുത്രന്റെയും ആത്മാവിന്റെയും ദൈവികാംശങ്ങൾ ദൈവത്തിനു താഴെയാണ്
3. അറിയൂസ് - പുത്രനും ആത്മാവിനും ദൈവത്വം നിഷേധിച്ചു
4. മൊണാർക്കിയനിസം - ഒരു ദൈവം തന്നെ പിതാവ്, പുത്രൻ, തുടർന്ന് ആത്മാവ് എന്നിങ്ങനെ വെളിപ്പെട്ടതായി വിശ്വസിച്ചു

ത്രിത്വം എന്നത് വേദപുസ്തക വിവരണങ്ങളിൽ നിന്നും ചരിത്രപരമായി വികാസം പ്രാപിച്ചതാണ്.

1. പിതാവിനു സമനായ യേശുവിന്റെ പൂർണ്ണ ദൈവത്വം എ.ഡി. 325 ലെ നിഖ്യാ സുന്നഹദോസ് അംഗീകരിച്ചു
2. പിതാവിനും പുത്രനും സമനായി പരിശുദ്ധാത്മാവിന്റെ പൂർണ്ണ ആളത്വവും ദൈവത്വവും എ.ഡി. 381 ലെ കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസ് അംഗീകരിച്ചു.
3. ത്രിത്വ ഉപദേശം പൂർണ്ണ രൂപത്തിൽ അഗസ്റ്റിന്റെ *De Trinitate* എന്ന ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു

ഇത് യഥാർത്ഥമായും മർമ്മമാണ്. എന്നിരുന്നാലും പുതിയനിയമം മൂന്നു നിത്യവ്യക്തിത്വ വെളിപ്പാടിലുള്ള ഏക ദൈവിക സാരാംശത്തെ ഊന്നിപ്പറയുന്നുണ്ട്.

◘
**NASB, NKJV, NRSV,**
**NJB, REB, NET** **"അവന്റെ ആത്മാവിനെക്കൊണ്ടു"**
**NRSV Footnote** **"അവന്റെ ആത്മാവുനിമിത്തം"**
**TEV** **"അവന്റെ ആത്മാവിന്റെ സാന്നിധ്യത്താൽ"**

ഈ പ്രയോഗത്തിന്റെ വ്യാകരണരൂപത്തോടനുബന്ധിച്ച് കയ്യെഴുത്തുപ്രതികളിൽ വ്യത്യാസമുണ്ട്.

1. സംബന്ധിക, കയ്യെഴുത്തു പ്രതികൾ ℵ, A, C, P[c] എന്നിവ
2. കർമ്മാധിഷ്ഠിതം, കയ്യെഴുത്തു പ്രതികൾ B, D, F, G എന്നിവ

UBS[4] സംബന്ധികയ്ക്ക് "B"റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു.

◘ **"നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും"** ഇവിടത്തെ ക്രിയ പുനരുത്ഥാന ദിവസത്തെ സൂചിപ്പിക്കുന്ന ഭാവികാല കർത്തരി സൂചകമാണ്. യേശുവിന്റെയും അവന്റെ അനുയായികളുടെയും പുനരുത്ഥാനം ഒരു നിർണ്ണായക ഉപദേശമാണ് (ഒ.നോ. 1 കൊരി. 15:1 മുതൽ; 2 കൊരി. 4:14). വിശ്വാസികൾക്ക് നിത്യതയിൽ ശാരീരികമായ നിലനില്പുണ്ടെന്ന് ക്രിസ്ത്യാനിത്വം ഊന്നിപ്പറയുന്നു (ഒ.നോ. 1 യോഹ. 3:2). ക്രിസ്തു ആത്മാവിനാൽ ഉയിർപ്പിക്കപ്പെട്ടെങ്കിൽ (ഒ.നോ. 1 കൊരി. 15:12-21) അവന്റെ അനുയായികളും ഉയിർപ്പിക്കപ്പെടും (ഒ.നോ. വാ. 23).

## റോമർ 8:12-17

**[12]ആകയാൽ സഹോദരന്മാരേ, നാം ജഡത്തെ അനുസരിച്ചു ജീവിക്കേണ്ടതിന്നു ജഡത്തിന്നല്ല കടക്കാരാകുന്നതു. [13]നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും. [14]ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. [15]നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചതു.**
**[16]നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു.**
**[17]നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്നു അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ.**

**8:12 "ആകയാൽ"** വാ. 1-11 ലെ തന്റെ അവതരണത്തിന്റെ പ്രസക്തിയെക്കുറിച്ച് പൗലൊസ് വിണ്ടും പറയുകയാണ്.

◘ **"കടക്കാരാകുന്നത്"** ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ മറുവശമാണിത് (ഒ.നോ. 14:1-15:13). വാ. 1-11 ലെ വിശുദ്ധീകരണത്തെ സംബന്ധിച്ച (സ്ഥാനീയവും [സൂചകം] പുരോഗമനപരവുമായ [വിധിരൂപം, 6:4 ലെ പ്രത്യേക പഠനവിഷയം കാണുക]) ചർച്ചയിൽനിന്നും ഉരുത്തിരിഞ്ഞ നിഗമനമാണിവിടെ രേഖപ്പെടുത്തുന്നത്. സകല വിശ്വാസികളും ഇപ്പോഴും തങ്ങളുടെ പഴയ മനുഷ്യനുമായി പോരാടേണ്ടതുണ്ട് എന്നത് വ്യക്തമായി കാണിക്കുന്നു (അതാ. 6:12,19; 7:7-24; 1 കൊരി. 6:18-19; എഫെ. 6:10-19). ഒരു തിരഞ്ഞെടുപ്പു നടത്തേണ്ടതും (പ്രാരംഭ വിശ്വാസം) തുടർമാനമായി തിരഞ്ഞെടുപ്പു നടത്തിക്കൊണ്ടിരിക്കേണ്ടതും (ജീവിതശൈലി വിശ്വാസം) ആണ്!

**8:13 "എങ്കിൽ"** വാ. 9,10,11,13[2 പ്രാവശ്യം],17[2 പ്രാവശ്യം] എന്നിവിടങ്ങളിൽ സോപാധിക വാചകങ്ങളുടെ ഒരു പരമ്പര കാണാം. അവയെല്ലാം എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകങ്ങളാണ്. റോമാ സഭയിലെ തന്റെ വായനക്കാർ എല്ലാവരും ആത്മാവിനാൽ ജീവിക്കുന്ന വിശ്വാസികളാണെന്ന് പൗലൊസ് അനുമാനിക്കുന്നു. എങ്കിലും അതിൽ നിലനില്ക്കേണ്ട ആവശ്യമുണ്ട് (അതാ. മാനുഷിക സഹകരണം).

◘ **"നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം"** വാ. 13 ലെ രണ്ട് ക്രിയകളും വർത്തമാന കാലത്തിലാണ്, അത് തുടർമാന പ്രക്രിയയെ കാണിക്കുന്നു. മൂന്നു ഘട്ടങ്ങളിലുള്ള മരണത്തെക്കുറിച്ച് വേദപുസ്തകം പ്രതിപാദിക്കുന്നു.

1. ആത്മിക മരണം (ഒ.നോ. ഉല്പ. 2:17; 3:1-7; എഫെ. 2:1)
2. ശാരീരിക മരണം (ഒ.നോ. ഉല്പ. 5)
3. നിത്യമരണം (ഒ.നോ. വെളി. 2:11; 20:6,14; 21:8)

ഈ വേദഭാഗത്തു പറയുന്ന മരണം മാനവരാശിയുടെ ശാരീരിക മരണത്തിൽ (ഒ.നോ. ഉല്പ. 3:14-19) കലാശിച്ച ആദാമിന്റെ ആത്മിക മരണമാണ് (ഒ.നോ. റോമർ 6).

ആദാമിന്റെ പാപം മനുഷ്യനിൽ മരണം കൊണ്ടുവന്നു (ഒ.നോ. 5:12-21). നാമോരോരുത്തരും പാപത്തിൽ പങ്കാളികളാകുന്നത് തിരഞ്ഞെടുത്തു. നാം അതിൽ തുടരുന്നതു തിരഞ്ഞെടുത്താൽ അതു നമ്മെ "നിത്യമായി" കൊല്ലും (ഒ.നോ. വെളി. 20:6,14, "രണ്ടാം മരണം"). ക്രിസ്ത്യാനികൾ എന്ന നിലയിൽ ക്രിസ്തുവിനോട് അനുരൂപപ്പെട്ട് പാപത്തിനും സ്വയത്തിനും മരിക്കുകയും ദൈവത്തിനു ജീവിക്കുകയും വേണം (ഒ.നോ. റോമർ 6).

◘ **"ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും"** വിശ്വാസി

കളുടെ രക്ഷയുടെ ഉറപ്പ് ക്രിസ്തീയ ജീവിതശൈലിയാൽ തെളിയിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും വേണം (ഒ.നോ. യാക്കോബ്, 1 യോഹന്നാൻ). വിശ്വാസികൾ ഈ പുതിയ ജീവിതം സ്വന്ത പ്രയത്നത്താൽ അല്ല ജീവിക്കേണ്ടത്, മറിച്ച് പരിശുദ്ധാത്മാവിന്റെ സഹായത്താലായിരിക്കണം (ഒ.നോ. വാ. 14). എങ്കിലും അവർ ദിനംതോറും തങ്ങളെത്തന്നെ അവന്റെ നിയന്ത്രണത്തിനു കീഴ്പ്പെടുത്തിക്കൊടുക്കണം (ഒ.നോ. എഫെ. 5:17–18; 6:10–18).

ഈ സന്ദർഭത്തിൽ "ജഡത്തിന്റെ പ്രവൃത്തികൾ" പാപയുഗത്തിന്റെ ജീവിതമായിട്ടാണ് കാണുന്നത് (ഒ.നോ. ഗലാ. 5:19–21). നിത്യമായ ശാരീരിക നിലനില്പിന്റെ നിരാകരണം അല്ല ഇത് (ഒ.നോ. 8:23), മറിച്ച് അധിവസിക്കുന്ന ആത്മാവും (പുതിയ യുഗം) പാപത്തോടുള്ള (പഴയ യുഗം) നിരന്തരമായ ആത്മിക പോരാട്ടവും തമ്മിലുള്ള താരതമ്യപ്പെടുത്തലാണ്.

**8:14 "ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു"** പരിശുദ്ധാത്മാവിന്റെ നിരന്തര നടത്തിപ്പിനെ സൂചിപ്പിക്കുന്ന വർത്തമാനകാല കർമ്മണി അപൂർണ്ണക്രിയയാണിത്. ആത്മാവ് നമ്മെ ക്രിസ്തുവിങ്കലേക്കു നടത്തുന്നു (ഒ.നോ. യോഹ. 6:44,65) എന്നിട്ട് നമ്മിൽ ക്രിസ്തുവിനെ ഉരുവാക്കുന്നു (ഒ.നോ. വാ. 29,30). ക്രിസ്ത്യാനിത്വം എന്നത് ഒരു തീരുമാനത്തിലും അപ്പുറമായതാണ്. അത് യഥാർത്ഥത്തിൽ ഒരു തീരുമാനത്തിൽ ആരംഭിക്കുന്ന (ഒ.നോ. 10:9–13; യോഹ. 1:12; 3:16) തുടർമാനമായ ശിഷ്യത്വമാണ് (ഒ.നോ. മത്താ. 28:19). ഇത് പ്രത്യേക സംഭവങ്ങൾ, സമയങ്ങൾ, ശുശ്രൂഷകൾ എന്നിവയെ അല്ല സൂചിപ്പിക്കുന്നത് മറിച്ച് ദൈനംദിന പ്രവൃത്തികളെയാണ്.

▣ **"ദൈവത്തിന്റെ മക്കൾ"** ബഹുവചന രൂപം പഴയ നിയമത്തിൽ ദൂതന്മാരെ സൂചിപ്പിക്കുവാനും അപൂർവ്വമായി മനുഷ്യരെ സൂചിപ്പിക്കുവാനും ഉപയോഗിച്ചിട്ടുണ്ട് (പ്രത്യേക പഠനവിഷയം ഓൺലൈനിൽ കാണുക: www.freebiblecommentary.org). ഏകവചനം ആദാം, യിസ്രായേൽ, അവളുടെ രാജാവ്, മശിഹാ എന്നിവർക്ക് ഉപയോഗിച്ചിട്ടുണ്ട്. ഇവിടെയിത് എല്ലാ വിശ്വാസികളെയുമാണ് സൂചിപ്പിക്കുന്നത് (ഒ.നോ. ഗലാ. 4:6–7). വാ. 14 ൽ ഗ്രീക്കിൽ *ഹുയിയോയി* (***ὑιοι***–പുത്രന്മാർ) എന്ന പദവും വാ. 16 ൽ *ടെക്നാ* (***τεχνα***–മക്കൾ) എന്ന പദവും ഉപയോഗിച്ചിരിക്കുന്നു. ഈ സന്ദർഭത്തിൽ അവ പര്യായങ്ങളായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. വിശ്വാസികൾ ഇനിമേൽ അടിമകളല്ല മറിച്ച് കുടുംബാംഗങ്ങളാണ് (ഒ.നോ. വാ. 15–17; ഗലാ. 4:7).

**8:15 "ആത്മാവിനെ"** വാ. 10 നെപ്പോലെ ഇതും ദുർഗ്രഹമാണ്. ഇത് വീണ്ടെടുക്കപ്പെട്ട മനുഷ്യരുടെ ക്രിസ്തുവിലുള്ള പുതിയ ആത്മാവിനെ അല്ലെങ്കിൽ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. രണ്ടും വാ. 16 ൽ കാണാം.

പൗലൊസിന്റെ എഴുത്തുകളിൽ പല സ്ഥലത്തും പരിശുദ്ധാത്മാവ് വിശ്വാസിയിൽ ഉളവാക്കുന്ന കാര്യത്തെ വിവരിക്കുന്നതിന് ഈ വ്യാകരണ ഘടന ഉപയോഗിക്കുന്നതു കാണാം.

1. ഇവിടെ "ദാസ്യത്തിന്റെ ആത്മാവിനെ അല്ല" "പുത്രത്വത്തിന്റെ ആത്മാവിനെ," വാ. 15
2. "സൗമ്യാത്മാവ്," 1 കൊരി. 4:21
3. "വിശ്വാസത്തിന്റെ ആത്മാവ്," 2 കൊരി. 4:13
4. "ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവ്," എഫെ. 1:17
5. "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല," 2 തിമൊ. 1:7

അനേക ഇടങ്ങളിൽ, പ്രത്യേകിച്ച് 1 കൊരിന്ത്യരിൽ പൗലൊസ് തന്നെത്തന്നെ സൂചിപ്പിക്കുവാൻ *പ്ന്യൂമാ* (***πνευμα***) എന്ന പദം ഉപയോഗിക്കുന്നുണ്ട് (ഒ.നോ. 1 കൊരി. 2:11; 5:3,14; 7:34; 16:8; കൊലൊ. 2:5). ഈ സന്ദർഭത്തിൽ തീർച്ചയായും വാ. 10, 15 ഈ വിഭാഗത്തിൽ പെടും.

▣ **"പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ"** പഴയ പ്രകൃതിയുടെ പ്രത്യേകത ഭയമാണ് (ഒ,നോ. എബ്രാ. 2:15). പുതിയ പ്രകൃതിയുടെ സവിശേഷത വാ. 14–17 ൽ വിവരിച്ചിരിക്കുന്നു.

▣ **"അബ്ബാ"** കുട്ടികൾ അവരുടെ പിതാവിനെ വീട്ടിൽ വിളിക്കുന്ന അരാമ്യ പദമാണ് ഇത് ("ഡാഡി," "പപ്പാ"). യേശുവും അപ്പൊസ്തലന്മാരും അരാമ്യയാണ് സംസാരിച്ചിരുന്നത് (ഒ.നോ. മർക്കൊ. 5:41; 14:36; 1 കൊരി. 16:22). വിശ്വാസികൾക്ക് ഇപ്പോൾ, യേശുവിന്റെ രക്തത്താലും ഉള്ളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹായത്താലും ഉറച്ച വിശ്വാസത്തോടെയും കുടുംബബന്ധത്തിന്റെ ആത്മവിശ്വാസത്തോടെയും വിശുദ്ധനായ ദൈവത്തിന്റെ അടുത്തേക്കു വരാൻ കഴിയും (ഒ.നോ. മർക്കൊ. 14:36; ഗലാ. 4:6). വീണുപോയ മനുഷ്യവർഗ്ഗത്തിന് ദൈവത്തെ പിതാവേ എന്നു വിളിക്കാൻ കഴിയുന്നത് എത്ര അതിശയകരമാണ്, നിത്യനായ പരിശുദ്ധൻ അത് ആഗ്രഹിക്കുകയും ചെയ്യുന്നു. 1:7 ലെ പ്രത്യേക പഠനവിഷയം: പിതാവ് കാണുക.

▣ **"പുത്രത്വത്തിൻ ആത്മാവിനെ"** റോമൻ നിയമപ്രകാരം ദത്തെടുക്കുന്നത് വളരെ പ്രയാസകരമായിരുന്നു, എങ്കിലും ഒരിക്കൽ എടുത്തുകഴിഞ്ഞാൽ അത് സ്ഥിരമായിരുന്നു (ഒ.നോ. ഗലാ. 4:4–6). ഈ സാദൃശ്യം വിശ്വാസിയുടെ രക്ഷാഭദ്രത എന്ന ദൈവശാസ്ത്ര സത്യത്തെ പിന്തുണയ്ക്കുന്നു (5: ലെ പ്രത്യേക പഠനവിഷയം കാണുക). ഒരു സ്വാഭാവിക മകന് അവകാശം നൽകാതിരിക്കുകയോ അവനെ കൊല്ലുകയോ ചെയ്യാം, പക്ഷേ ദത്തെടുത്തവനെ പാടില്ല. ഇതാണ് രക്ഷയെ വിവരിക്കുന്നതിനുള്ള പൗലൊസിന്റെ ഇഷ്ട സാദൃശ്യമായി ഇതു തീരാനുള്ള കാരണം (ഒ.നോ. വാ. 15,23). യോഹന്നാനും പത്രൊസും "വീണ്ടുംജനിക്കുക" എന്ന മറ്റൊരു കുടുംബസംബന്ധ സാദൃശ്യം ഉപയോഗിക്കുന്നു (ഒ.നോ. യോഹ. 3:3; 1 പത്രൊ. 1:3,23). പൂർണ്ണ വിശദീകരണത്തിന് ഗലാത്യർ 4:5 ന്റെ കുറിപ്പ് ഓൺലൈനിൽ കാണുക: www.freebiblecommentary.org.

▣ **"ആത്മാവിനെ"** ആത്മാവ് എന്നതിനുള്ള ഗ്രീക്കുപദം നപുംസകമാണ്, അതിനാൽ KJV ഇതിനെ "the Spirit,

itself" എന്നു തർജ്ജമ ചെയ്തു. എന്നാൽ ആത്മാവ് വ്യക്തിയാണ്; അവനെ ദുഃഖിപ്പിക്കുവാൻ കഴിയും (ഒ.നോ. എഫെ. 4:30; 1 തെസ്സ. 5:19), അതിനാൽ "the Spirit, himself" എന്നതാണ് ശരി തർജ്ജമ. 8:27 ലെ പ്രത്യേക പഠനവിഷയം: ആത്മാവിന്റെ ആളത്വം കാണുക.

◘ **"നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു"** വാ. 13 ൽ ശ്രദ്ധിച്ചതുപോലെ, വിശ്വാസ ഉറപ്പിന്റെ ഒരു വശം വിശ്വാസികളുടെ രൂപാന്തരപ്പെട്ടതും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ജീവിതമാണ് (ഒ.നോ. യാക്കോബ്, 1 യോഹന്നാൻ). ഉറപ്പിന്റെ മറ്റെ വശം നമ്മിൽ വസിക്കുന്ന ആത്മാവ് ദൈവത്തെക്കുറിച്ചുള്ള ഭയം മാറ്റി പകരം കുടുംബ സ്നേഹം നൽകി എന്നതാണ് (ഒ.നോ. 1 യോഹ. 4:17–18).

RSV, NRSV എന്നിവ ഈ വാചകത്തെ തർജ്ജമ ചെയ്തിരിക്കുന്നതു ശ്രദ്ധിക്കുക: "നാം അബ്ബാ, പിതാവേ എന്നു വിളിക്കുമ്പോൾ! നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നു" (ഒ.നോ. ഗലാ. 4:6). വിശ്വാസികൾക്ക് ആത്മാവിനാൽ ദൈവത്തെ പിതാവേ എന്നു വിളിക്കാൻ കഴിയുമ്പോഴാണ് ഉറപ്പു ലഭിക്കുന്നത് എന്നാണിതു സൂചിപ്പിക്കുന്നത്.

ആത്മാവിന്റെ ആന്തരിക സാക്ഷ്യം കേൾക്കാവുന്നതല്ല, മറിച്ച് പ്രായോഗികമാണ്.

1. പാപത്തെക്കുറിച്ചുള്ള കുറ്റബോധം
2. ക്രിസ്തുവിനെപ്പോലെയാകാനുള്ള ആഗ്രഹം
3. ദൈവഭവനക്കാരോടുകൂടെ ആയിരിക്കാനുള്ള ആഗ്രഹം
4. ദൈവവചനത്തിനായുള്ള വിശപ്പ്
5. സുവിശേഷീകരണത്തിന്റെ ആവശ്യം മനസ്സിലാക്കൽ
6. ത്യാഗപരമായ ക്രിസ്തീയ ദാനം ചെയ്യലിന്റെ ആവശ്യം തിരിച്ചറിയൽ

ഇത്തരത്തിലുള്ള ആന്തരിക ആഗ്രഹങ്ങളാണ് മാനസാന്തരത്തിന്റെ വിശ്വാസ തെളിവുകൾ നൽകുന്നത്.

രക്ഷയുടെ ഉറപ്പ് ഒരു സഭാവിഭാഗ വിഷയമായി മാറിയിട്ടുണ്ട്.

1. റോമൻ കത്തോലിക്കാ സഭ ഇഹലോക ജീവിതത്തിൽ ഇത്തരം ഉറപ്പു ലഭിക്കുന്നതിനുള്ള സാധ്യത തള്ളിക്കളയുന്നു, മറിച്ച് ഒരുവൻ "സത്യ" സഭയുടെ അംഗമായിരിക്കുന്നതാണ് ഉറപ്പിന്റെ അടിസ്ഥാനം.
2. ജോൺ കാൽവിൻ (നവീകരണ പാരമ്പര്യം) ഉറപ്പ് തിരഞ്ഞെടുപ്പിന്റെ (മുൻനിർണ്ണയം) അടിസ്ഥാനത്തിലാണെന്നു വാദിച്ചു, എങ്കിലും ഈ ജീവിതം കഴിഞ്ഞ് ന്യായവിധി ദിനം വരെ ഒരുവന് അതിനെക്കുറിച്ച് ഉറപ്പാക്കാൻ കഴികയില്ലെന്നു അദ്ദേഹം വിശ്വസിച്ചു.
3. ജോൺ വെസ്ലി (മെതഡിസ്റ്റ് പാരമ്പര്യം) ഉറപ്പിനെ സമ്പൂർണ്ണ സ്നേഹത്തിൽ അടിസ്ഥാനപ്പെടുത്തി (അറിയപ്പെടുന്ന പാപത്തിന് അതീതമായി ജീവിക്കുക).
4. മിക്ക ബാപ്റ്റിസ്റ്റുകളും ഉറപ്പിനെ സൗജന്യ കൃപയെക്കുറിച്ചുള്ള വേദപുസ്തക വാഗ്ദത്തങ്ങളിൽ ഉറപ്പിക്കാൻ ശ്രമിക്കുന്നു (എങ്കിലും സകല മുന്നറിയിപ്പുകളെയും ആഹ്വാനങ്ങളെയും അവഗണിക്കുന്നു).

ക്രിസ്തീയ ഉറപ്പിനെക്കുറിച്ചുള്ള പുതിയ നിയമത്തിന്റെ വൈരുദ്ധ്യ അവതരണത്തിന് രണ്ട് അപകടങ്ങളാണുള്ളത്.

1. "ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എന്നെന്നേക്കും രക്ഷിക്കപ്പെട്ടു" എന്ന അമിത ഊന്നൽ
2. രക്ഷ നിലനിർത്തുന്നതിന് മാനുഷിക പ്രകടനത്തിനു നൽകുന്ന അമിത ഊന്നൽ

എബ്രാ. 6 വ്യക്തമായി പഠിപ്പിക്കുന്നത് "ഒരിക്കൽ പുറത്തായാൽ എന്നെന്നേയ്ക്കും പുറത്താണ്" എന്നാണ്. മാനുഷിക പ്രയത്നം (സൽപ്രവൃത്തികൾ) വിശ്വാസികളെ രക്ഷയിൽ നിലനിർത്തുകയില്ല (ഒ.നോ. ഗലാ. 3:1–4). എന്നാൽ സൽപ്രവൃത്തികൾ ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യമാണ് (ഒ.നോ. എഫെ. 2:10). ദൈവത്തെ കണ്ടുമുട്ടുകയും ആത്മാവ് ഉള്ളിൽ വസിക്കുകയും ചെയ്യുന്നതിന്റെ സ്വാഭാവിക ഫലമാണ് അവ. ഒരുവന്റെ യഥാർത്ഥ മാനസാന്തരത്തിന്റെ തെളിവാണ് അവ.

ഭദ്രത എന്നത് വിശുദ്ധിക്കുവേണ്ടിയുള്ള വേദപുസ്തക ആഹ്വാനത്തെ അതിജീവിക്കാനുള്ളതല്ല. ദൈവശാസ്ത്രപരമായി പറഞ്ഞാൽ, ഭദ്രത എന്നത് ത്രിയേക ദൈവത്തിന്റെ സ്വഭാവത്തിലും പ്രവൃത്തികളിലും അടിസ്ഥാനപ്പെട്ടതാണ്.

1. പിതാവിന്റെ സ്നേഹവും കരുണയും
2. പുത്രന്റെ പൂർത്തീകരിക്കപ്പെട്ട യാഗ പ്രവൃത്തി
3. ആത്മാവ് ക്രിസ്തുവിങ്കലേക്കു നയിക്കുന്നതും തുടർന്ന് ഹൃദയത്തിൽ ക്രിസ്തുവിനെ ഉരുവാക്കുന്നതും

ഈ രക്ഷയുടെ തെളിവ് എന്നു പറയുന്നത് രൂപാന്തരം സംഭവിച്ച ലോകവീക്ഷണം, രൂപാന്തരപ്പെട്ട ഹൃദയം, രൂപാന്തരപ്പെട്ട ജീവിതശൈലി, രൂപാന്തപ്പെട്ട പ്രത്യാശ എന്നിവയാണ് (അതാ. ഫലം, ഒ.നോ. മത്താ. 7:15–23; 13 20–23; യോഹ. 15). രക്ഷയെപ്പോലെയും ക്രിസ്തീയ ജീവിതത്തെപ്പോലെയും ഭദ്രതയും ദൈവത്തിന്റെ കരുണയോടുള്ള ഒരു പ്രതികരണത്തിൽ ആരംഭിക്കുകയും ആ പ്രതികരണം ആജീവനാന്തം തുടർന്നുകൊണ്ടിരിക്കയും ചെയ്യുന്നു. അത് രൂപാന്തരം സംഭവിച്ചതും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നതുമായ വിശ്വാസ ജീവിതമാണ്.

◘ **"സാക്ഷ്യം പറയുന്നു"** ഇത് മറ്റൊരു *സുൻ* സംയുക്തമാണ്. ആത്മാവ് വിശ്വാസിയുടെ ആത്മാവോടു ചേർന്ന് സഹ–സാക്ഷ്യം വഹിക്കുന്നു. പൗലൊസ് ഈ പദം 2:15; 8:16; 9:1 ലും ഉപയോഗിക്കുന്നു.

**8:17 "എങ്കിലോ"** വാ. 9,10,11,13[2 പ്രാവശ്യം],17[2 പ്രാവശ്യം] എന്നിവിടങ്ങളിൽ സോപാധിക വാചകങ്ങളുടെ ഒരു പരമ്പര കാണാം. അവയെല്ലാം എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകങ്ങളാണ്. റോമാ സഭയിലെ തന്റെ വായന

ക്കാർ എല്ലാവരും വിശ്വാസികളാണെന്ന് പൗലൊസ് അനുമാനിക്കുന്നു.

■ ഈ വാക്യത്തിൽ *സുൻ* ഉപയോഗിക്കുന്ന സംയുക്തപദങ്ങളുണ്ട്. അതിനർത്ഥം, "സഹ പങ്കാളിത്തം" എന്നാണ്.

1. വിശ്വാസികൾ ക്രിസ്തുവുമായി അവകാശം പങ്കിടുന്നു
2. വിശ്വാസികൾ ക്രിസ്തുവുമായി കഷ്ടത പങ്കിടുന്നു
3. വിശ്വാസികൾ ക്രിസ്തുവുമായി തേജസ്സ് പങ്കിടുന്നു

വാ. 22 [2 പ്രാവശ്യം], 26, 28ൽ കൂടുതൽ *സുൻ* സംയുക്തങ്ങളുണ്ട്. എഫെ. 2:5-6 ൽ ക്രിസ്തുവിൽ വിശ്വാസിയുടെ ജീവിതത്തെ സൂചിപ്പിക്കുന്ന മൂന്ന് *സുൻ* സംയുക്തങ്ങളുണ്ട്.

■ **"അവകാശികൾ"** വിശ്വാസികളെ വിവരിക്കുന്ന മറ്റൊരു കുടുംബ സാദൃശ്യമാണിത് (ഒ.നോ. 4:13-14; 9:8; ഗലാ. 3:29). താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: വിശ്വാസികളുടെ അവകാശം

വിശ്വാസികൾക്ക് സകലത്തിന്റെയും അവകാശിയായ (ഒ.നോ. എബ്രാ. 1:2) യേശുവുമായുള്ള കുടുംബബന്ധം നിമിത്തം കൂട്ടവകാശമായി കിട്ടിയ അനേക അവകാശങ്ങളെക്കുറിച്ച് വേദപുസ്തകം പറയുന്നുണ്ട് (ഒ.നോ. പ്രവൃ. 20:32; 26:18; എഫെ. 1:4; കൊലൊ. 1:12; 3:24). അവർ താഴെപ്പറയുന്നവയ്ക്കു കൂട്ടവകാശികളാണ് (ഒ.നോ. റോമ. 8:17; ഗലാ. 4:7)

1. രാജ്യത്തിന് (ഒ.നോ. മത്താ. 25:34; 1 കൊരി. 6:9-10; 15:50; എഫെ. 5:5)
2. നിത്യജീവന് (ഒ.നോ. മത്താ. 19:29; എബ്രാ. 9:15)
3. ദൈവിക വാഗ്ദത്തങ്ങൾക്ക് (ഒ.നോ. എബ്രാ. 6:12)
4. ദൈവിക വാഗ്ദത്തങ്ങളെ അവൻ കാത്തുകൊള്ളുന്നതു സംബന്ധിച്ച് (ഒ.നോ. 1 പത്രൊ. 1:4-5)

■ **"കൂട്ടവകാശികൾ"** ഇത് മറ്റൊരു *സുൻ* സംയുക്തമാണ്. ക്രിസ്തുവിന്റെയും വിശ്വാസകളുടെയും പങ്കിടപ്പെട്ട മരണത്തെയും ജീവനെയും പ്രതിപാദിക്കുവാൻ അധ്യായം 8 ൽ പൗലൊസ് അനേക പുതിയ പദങ്ങൾ നിർമ്മിക്കുന്നുണ്ട്.

1. കൂട്ടവകാശികൾ, വാ. 17
2. കൂടെ കഷ്ടമനുഭവിക്കുക, വാ. 17
3. കൂടെ തേജസ്സ് പ്രാപിക്കുക, നാ. 17

■ **"അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്നു"** യോഹന്നാന്റെ സുവിശേഷത്തിൽ യേശു എപ്പോഴൊക്കെ തന്റെ മരണത്തെക്കുറിച്ചു സംസാരിക്കുന്നുണ്ടോ അപ്പോഴൊക്കെ അവൻ അതിനെ "തേജസ്കരിപ്പെടുക" എന്നാണ് വിളിക്കുന്നത്. യേശു തന്റെ കഷ്ടാനുഭവങ്ങളിലൂടെ തേജസ്കരിക്കപ്പെട്ടു. വിശ്വാസികൾ സ്ഥാനീയമായും മിക്കപ്പോഴും അനുഭവപരമായും യേശുവിന്റെ ജീവിതാനുഭവങ്ങളെ പങ്കിടുന്നു (ഒ.നോ. റോമർ 6). 5:17-18 ലെ പ്രത്യേക പഠനവിഷയം: ദൈവരാജ്യത്തിൽ വാഴുക, കാണുക.

■

**NASB, NKJV** **"അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ"**
**NRSV** **"വാസ്തവമായി നാം അവനോടുകൂടെ കഷ്ടമനുഭവിച്ചാൽ"**
**TEV** **"നാം ക്രിസ്തുവിന്റെ കഷ്ടങ്ങൾ പങ്കവെച്ചാൽ"**
**NJB** **"അവന്റെ കഷ്ടങ്ങൾ പങ്കുവെയ്ക്കുന്നതിലൂടെ"**

വീണുപോയ ലോകത്തിൽ വിശ്വാസികൾക്കുള്ളതാണ് കഷ്ടത (ഒ.നോ. മത്താ. 5:10-12; യോഹ. 15:18-21; 16:1-2; 17:14; പ്രവൃ. 14:22; റോമ. 5:3-4; 8:17; 2 കൊരി. 4:16-18; ഫിലി. 1:29; 1 തെസ്സ. 3:3; 2 തിമൊ. 3:12; യാക്കോ. 1:2-4; 1 പത്രൊ. 4:12-19). യേശു മാതൃക കാണിച്ചു (ഒ.നോ. എബ്രാ. 5:8). ഈ അധ്യായത്തിന്റെ തുടർന്നുള്ള ഭാഗം ഈ ആശയത്തെ വിപുലീകരിക്കുന്നു. 5:3 ലെ പ്രത്യേക പഠനവിഷയം: വിശ്വാസികൾ കഷ്ടതയനുഭവിക്കുന്നതെന്തുകൊണ്ട്?, കാണുക.

### റോമർ 8:18-25

**[18]നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു
ഞാൻ എണ്ണുന്നു. [19]സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു.
[20]സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും
പ്രാപിക്കും എന്നുള്ള ആശയോടെ മായെക്കു കീഴ്പെട്ടിരിക്കുന്നു. [21]മനഃപൂർവ്വമായിട്ടല്ല, അതിനെ കീഴ്പെ
ടുത്തിയവന്റെ കല്പന നിമിത്തമത്രേ. [22]സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റു
നോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ. [23]ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും**

**നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന്നു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു. [24]പ്രത്യാശ യാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നതു. കാണുന്ന പ്രത്യാശയോ പ്രത്യാശയല്ല; ഒരുത്തൻ കാണുന്നതി ന്നായി ഇനി പ്രത്യാശിക്കുന്നതു എന്തിന്നു? [25]നാം കാണാത്തതിന്നായി പ്രത്യാശിക്കുന്നു എങ്കിലോ അതിന്നായി ക്ഷമയോടെ കാത്തിരിക്കുന്നു.**

**8:18 "നമ്മിൽ വെളിപ്പെടുവാനുള്ള"** ഈ കർമ്മണി പ്രയോഗം (ഡിപ്പോണന്റ്) ദൈവത്തിന്റെ അല്ലെങ്കിൽ പരി ശുദ്ധാത്മാവിന്റെ മധ്യസ്ഥതയെ സൂചിപ്പിക്കുന്നു (ഒ.നോ. വാ. 20). വിശ്വാസികൾ ഈ കാലത്തിൽ കാഴ്ചയാലല്ല വിശ്വാസത്താലാണ് ജീവിക്കുന്നത് (ഒ.നോ. വാ. 14; 1 കൊരി. 2:9; 13:12; 2 കൊരി. 5:7; എബ്രാ. 11:1)

ഈ പദം റോമാലേഖനത്തിൽ പല പ്രാവശ്യം ഉപയോഗിക്കുന്നതും ആ സത്യം മനുഷ്യരിൽനിന്നും ഉള്ള തല്ല ദൈവത്തിൽനിന്നും ഉള്ളതാണെന്നു സൂചിപ്പിക്കുന്നതുമാണ്.

1. ക്രിയ
   a. 1:17 – ദൈവത്തിന്റെ നീതി വെളിപ്പെടുന്നു (വർത്തമാനകാല കർമ്മണി സൂചകം)
   b. 1:18 – ദൈവത്തിന്റെ കോപം വെളിപ്പെടുന്നു (വർത്തമാനകാല കർമ്മണി സൂചകം)
   c. 8:18 – നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് (ഭൂതകാല കർമ്മണി കേവലക്രിയ)
2. നാമം
   a. 2:5 – ദൈവത്തിന്റെ നീതിയുള്ള ന്യായവിധി വെളിപ്പെടുന്ന കോപദിവസം
   b. 8:19 – സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു
   c. 16:25 – മർമ്മത്തിന്റെ വെളിപ്പാടിന് അനുസരണമായുള്ള

▣ **"തേജസ്സു ... സാരമില്ല"** ഈ രണ്ടു പദങ്ങളും തൂക്കത്തെ സൂചിപ്പിക്കുന്ന പഴയനിയമ ആശയത്തോടു ബന്ധ പ്പെട്ടതാണ് – ഭാരമുള്ളത് വിലയുള്ളതാണ്. "ഉള്ളിടത്തോളം തൂക്കമുള്ള" എന്നർത്ഥം വരുന്ന വാണിജ്യ പദമാ ണ് "സാരമുള്ളത്." "തേജസ്സ്" എന്ന എബ്രായപദവും "കനമുള്ളത്" എന്ന മൂലപദത്തിൽനിന്നും വന്നിട്ടുള്ളതാ ണ്. സ്വർണ്ണംപോലെ മൂല്യമുള്ളത് എന്ന ആശയമാണിതിനുള്ളത്. 3:23 ലെ പൂർണ്ണ വിശദീകരണം കാണുക.

പൗലൊസിന്റെ എഴുത്തുകളിൽ "തേജസ്സ്" എന്നുള്ളതിന് ഒരു അന്ത്യകാലശാസ്ത്ര സംബന്ധിയായ അർത്ഥ മുണ്ട് (ഒ.നോ. 2 കൊരി. 4:16-18). തേജസ്കരിക്കപ്പെട്ട, ഉയർത്തപ്പെട്ട ക്രിസ്തുവിന്റെ വരവിന്റെ പ്രൗഢിയെയും ശക്തിയെയുമാണത് സൂചിപ്പിക്കുന്നത് (ഒ.നോ. കൊലൊ. 3:4). 3:23 ലെ പ്രത്യേക പഠനവിഷയം: തേജസ്സ്, കാണുക.

▣ **"ഈ കാലത്തിലെ"** ലോകത്തിന്റെ ചരിത്രത്തെ രണ്ടായി വിഭജിച്ചിട്ടുള്ളതായി യെഹൂദന്മാർ വിശ്വസിച്ചിരു ന്നു. ഇപ്പോഴത്തെ ദുഷ്ട യുഗവും വരാനിരിക്കുന്ന നീതിയുടെ പുതിയ യുഗവും (ഒ.നോ. മത്താ. 12:32; മർക്കൊ. 10:30). നീതിയുടെ പുതിയ യുഗത്തെ സ്ഥാപിക്കുവാൻ മശിഹാ വരുന്നത് പഴയ നിയമം പ്രതീക്ഷിച്ചു. എങ്കിലും ഒന്നാമത് നമ്മുടെ രക്ഷകനായും (ജഡധാരണം) രണ്ടാമത് നമ്മുടെ കർത്താവായും (രണ്ടാം വരവ്) ഉള്ള ക്രിസ്തു വിന്റെ രണ്ടു വരവുകൾ, ഈ രണ്ടു യുഗങ്ങൾ പരസ്പരം കവിഞ്ഞുകിടക്കുന്നതിനു കാരണമായി. വിശ്വാസികൾ ദൈവരാജ്യത്തിന്റെ "വന്നുകഴിഞ്ഞു" "എന്നാൽ ആയിട്ടില്ല" എന്നിവ തമ്മിലുള്ള സംഘർഷത്തിലാണ് ജീവിക്കു ന്നത്. 12:2 ലെ പ്രത്യേക പഠനവിഷയം: ഈ യുഗവും വരാനുള്ള യുഗവും കാണുക.

▣ **"കഷ്ടങ്ങൾ"** ക്രിസ്തുവിനെ സേവിക്കുന്നതിനോടുള്ള ബന്ധത്തിൽ നമുക്കുണ്ടാകുന്ന കഷ്ടങ്ങളുടെ ചില സൂചനകൾ ഈ വാക്യങ്ങളിൽ നിന്നും നമുക്കു ലഭിക്കുന്നു: 1 കൊരി. 4:9-12; 1 കൊരി. 4:7-12; 6:4-10; 11:24-27; എബ്രാ. 11:35-38.

▣ **"എണ്ണുന്നു"** ഇത് ആക്ഷരികമായി "കണക്കുകൂട്ടുക" എന്നാണ്. ഇതൊരു വർത്തമാനകാല മധ്യ സൂചകമാണ്. ക്രിസ്തീയ കഷ്ടതയുടെ പ്രായോഗികതകളെക്കുറിച്ച് പൗലൊസ് പിന്നെയും പ്രസ്താവിക്കുകയാണ്. ഒരു നിഗ മനത്തിൽ ശ്രദ്ധാപൂർവ്വം എത്തിച്ചേരുന്നതിനെക്കുറിച്ചു പറയുന്ന അക്കൗണ്ടിംഗ് പദമാണിത്. റോമാലേഖനത്തിൽ ആവർത്തിച്ചു വരുന്ന വിഷയമാണിത് (2:3 ലെ കുറിപ്പു കാണുക). വിശ്വാസികൾ അവർ ഗ്രഹിച്ച ആത്മിക സത്യ ങ്ങൾക്കനുസരിച്ചു ജീവിക്കണം.

**8:18 "സൃഷ്ടി ... ആകാംക്ഷയോടെ കാത്തിരിക്കുന്നു"** ഭൗതിക സൃഷ്ടിയെ തല ഉയർത്തി ചക്രവാളത്തിലേക്ക് ആകാംക്ഷയോടെ നോക്കിക്കൊണ്ടിരിക്കുന്ന ഒരു വ്യക്തിയായി ചിത്രീകരിച്ചിരിക്കുന്നു. ആദാമും ഹവ്വായും മത്സ രികളായപ്പോൾ സൃഷ്ടി തെറ്റായ നിലയിൽ സ്വാധീനക്കപ്പെട്ടു (ഒ.നോ. ഉല്പ. 3:17-19). സകല സൃഷ്ടിയും ആത്യ ന്തികമായി വീണ്ടെടുക്കപ്പെടും (മത്സരികളായ ദൂതന്മാരും, അവിശ്വാസികളായ മനുഷ്യരും, അവർക്കുവേണ്ടി ഒരു ക്കിയിട്ടുള്ള സ്ഥലവും ഒഴികെ, ഒ.നോ. ബ്രൂസ് കോർലി & കർട്ടിസ് വോഗൻ, *റോമർസ്,* പേജ് 95, ഫുട്ട്നോട്ട് 46).

"ആകാംക്ഷയോടെ കാത്തിരിക്കുന്നു" എന്ന ക്രിയ (വർത്തമാനകാല മധ്യ [ഡിപ്പോണന്റ്] സൂചകം) ഈ സന്ദർഭത്തിൽ മൂന്നു പ്രാവശ്യം വരുന്നുണ്ട്.

1. നാ. 19 – സൃഷ്ടി പുതിയ യുഗത്തിനായി ആകാംക്ഷയോടെ കാത്തിരിക്കുന്നു
2. വാ. 23 – വിശ്വാസികൾ പുതിയ ശരീരത്തിനായി ആകാംക്ഷയോടെ കാത്തിരിക്കുന്നു
3. വാ. 25 – വിശ്വാസികൾ പുതിയ യുഗത്തിന്റെ പ്രത്യാശയിൽ ആകാംക്ഷയോടെ കാത്തിരിക്കുന്നു

പൗലൊസ് ഇതേ ക്രിയ ഇതേ അർത്ഥത്തിൽ 1 കൊരി. 1:7; ഗലാ. 5:5; ഫിലി. 3:20 ലും ഉപയോഗിക്കുന്നുണ്ട്. രണ്ടാംവരവ് വിശ്വാസികളെ സംബന്ധിച്ച് ഒരു ഭയാനക സംഭവമല്ല, മറിച്ച് ഒരു കുടുംബ സംഗമമാണ്!

# പ്രത്യേക പഠനവിഷയം: പ്രകൃതി വിഭവങ്ങൾ

I. മുഖവുര
   A. സകല സൃഷ്ടിയും മനുഷ്യനുമായുള്ള ദൈവത്തിന്റെ സ്നേഹബന്ധത്തിനുള്ള പശ്ചാത്തലം അല്ലെങ്കിൽ വേദിയാണ്
   B. അതു വീഴ്ച പങ്കിട്ടു (ഒ.നോ. ഉല്പ. 3:17; 6:1 മുതൽ; യെശ. 24:3–8; റോമ. 8:18–20). ഒപ്പം അത് അന്ത്യകാല വീണ്ടെടുപ്പും പങ്കിടും (യെശ. 11:6–9; റോമ. 8:20–22; വെളി. 21–22)
   C. പാപിയും വീഴ്ച സംഭവിച്ചതുമായ മനുഷ്യവർഗ്ഗം സ്വാർത്ഥ ലാക്കോടെ പ്രകൃതിയെ ബലാല്ക്കാരം ചെയ്തു. എഡ്വേർഡ് കാർപ്പെന്ററിന്റെ *ദ കാനോൻ ഓഫ് വെസ്റ്റ്മിൻസ്റ്ററിൽ* നിന്നുള്ള ഉദ്ധരണിയാണിത്.

      "മനുഷ്യന്റെ നിരങ്കുശമായ അതിക്രമം, ആഗോളതലത്തിൽ, അവനു ചുറ്റുമുള്ള പ്രപഞ്ചത്തിലാണ് അരങ്ങേറുന്നത് – അവൻ മലിനപ്പെടുത്തുന്ന അന്തരീക്ഷത്തിന്മേലുള്ള ആക്രമണം, അവൻ ചീത്തയാക്കുന്ന പ്രകൃതിയുടെ ജലസ്രോതസ്സിന്മേലുള്ള, അവൻ വിഷലിപ്തമാക്കുന്ന മണ്ണിന്മേലുള്ള, അവൻ അരിഞ്ഞുവീഴ്ത്തുന്ന വനത്തിന്മേലുള്ള ആക്രമണം ദൂരവ്യാപക നാശത്തിനു കാരണമാകുന്നു. ഈ ആക്രമണം ഭാഗംഭാഗമായും അസംഘടിതമായും ആണ് സംഭവിക്കുന്നത്. അവശേഷിക്കുന്ന പ്രകൃതിക്ക് ആരും ശ്രദ്ധ കൊടുക്കാത്തതിനാൽ ഒരു തലമുറ അടുത്ത തലമുറയുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാതെ പോകുന്നു."
   D. നമ്മുടെ ഗ്രഹത്തിന്മേലുള്ള നമ്മുടെ ചൂഷണത്തിന്റെയും മലിനീകരണത്തിന്റെയും ദുരന്തഫലങ്ങൾ നാം കൊയ്യുന്നുവെന്നു മാത്രമല്ല നമ്മുടെ വരുംതലമുറകൾ കൂടുതൽ കഠിനമായ ദുരന്തഫലങ്ങൾ അനുഭവിക്കാൻ ഇടവരികയും ചെയ്യുന്നു.

II. വേദപുസ്തകം എന്തുപറയുന്നു
   A. പഴയ നിയമം
      1. ഉല്പത്തി 1–3
         a. മനുഷ്യനുമായി കൂട്ടായ്മ ആചരിക്കുന്നതിനായി ദൈവം സൃഷ്ടിച്ച പ്രത്യേക സ്ഥലമാണ് സൃഷ്ടി (ഒ.നോ. ഉല്പ. 1:1–25).
         b. സൃഷ്ടി നല്ലതാണ് (ഒ.നോ. ഉല്പ. 1:4,10,12,18,21,25), എത്രയും നല്ലതാണ് (ഒ.നോ. ഉല്പ. 1:31). അത് ദൈവത്തിന്റെ സാക്ഷിയായിരിക്കാൻ സൃഷ്ടിക്കപ്പെട്ടതാണ് (ഒ.നോ. സങ്കീ. 19:1–16).
         c. സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ (ഒ.നോ. ഉല്പ. 1:26–27).
         d. മനുഷ്യൻ ദൈവത്തിന്റെ കാര്യവിചാരകനായി (ഒ.നോ. ഉല്പ. 2:28–30; സങ്കീ. 8:3–8; എബ്രാ. 2:6–8) വാഴുവാൻ (എബ്രായ "ചവിട്ടുക") ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവനാണ്. ദൈവം സൃഷ്ടിയുടെ സ്രഷ്ടാവ്/പരിപാലകൻ/വീണ്ടെടുപ്പുകാരൻ/കർത്താവ് ആണ് എന്നും ആയിരിക്കുകയും ചെയ്യും (ഒ.നോ. പുറ. 19:5; ഇയ്യോ. 37–41; സങ്കീ. 24:1–2; 95:3–5; 102:25; 115:15; 121:2; 124:8; 134:3; 146:6; യെശ. 37:16).
         d. സൃഷ്ടിയുടെ മേലുള്ള മനുഷ്യന്റെ കാര്യവിചാരകത്വം ഉല്പ. 2:15 ൽ കാണാം, "വേലചെയ്‌വാനും അതിനെ കാപ്പാനും" (ഒ.നോ. ലേവ്യ. 25:13; 1 ദിന. 29:14).
      2. ദൈവം സൃഷ്ടിയെ സ്നേഹിക്കുന്നു, പ്രത്യേകാൽ മൃഗങ്ങളെ.
         a. ശരിയായ മൃഗസംരക്ഷണത്തിനുള്ള മോശൈക നിയമങ്ങൾ
         b. യഹോവ ലിവ്യാഥാനോടൊത്ത് കളിക്കുന്നു (ഒ.നോ. സങ്കീ. 104:26)
         c. ദൈവം മൃഗങ്ങൾക്കുവേണ്ടി കരുതുന്നു (ഒ.നോ. യോനാ 4:11)
         d. പ്രകൃതിയുടെ അന്ത്യകാല സാന്നിധ്യം (ഒ.നോ. യെശ. 11:6–9; വെളിപ്പാട് 21–22).
      3. പ്രകൃതി ഒരു പരിധിവരെ ദൈവത്തെ മഹത്വപ്പെടുത്തുന്നു
         a. സങ്കീ. 19:1–6
         b. സങ്കീ. 29:1–9
         c. ഇയ്യോബ് 37–41
      4. ദൈവം ഉടമ്പടിയോടുള്ള തന്റെ സ്നേഹവും വിശ്വസ്തതയും വെളിപ്പെടുത്തുന്ന ഒരു മാർഗ്ഗമാണ് പ്രകൃതി
         a. ആവ. 27–28; 1 രാജാ. 17
         b. പ്രവചനങ്ങളിലുടനീളം
   A. പുതിയ നിയമം
      1. ദൈവത്തെ സ്രഷ്ടാവായി കാണുന്നു. ഒരു സ്രഷ്ടാവേ ഉള്ളു, ത്രിയേക ദൈവം (എലോഹിം, ഉല്പ. 1:1; ആത്മാവ്, ഉല്പ. 1:2; യേശു, പുതിയനിയമം). ബാക്കിയെല്ലാം സൃഷ്ടിക്കപ്പെട്ടവയാണ്.

a. പ്രവൃത്തി 17:24
b. എബ്രായർ 11:3
c. വെളിപ്പാട് 4:11
2. യേശു സൃഷ്ടിയുടെ മധ്യസ്ഥനാണ്
a. യോഹ. 1:3,10
b. 1 കൊരി. 8:6
c. കൊലൊ. 1:16
d. എബ്രാ. 1:2
3. യേശു തന്റെ പ്രഭാഷണങ്ങളിൽ നേരിട്ട് പ്രകൃതിയോടുള്ള ദൈവിക കരുതലിനെക്കുറിച്ച് സംസാരിച്ചു
a. മത്താ. 6:26,28–30, ആകാശത്തിലെ പറവകളും വയലിലെ താമരയും
b. മത്താ. 10:29, കുരികിൽ
c. കൊലൊ. 1:16
4. സകല മനുഷ്യർക്കും സൃഷ്ടിയിലൂടെ ദൈവത്തെ അറിയാനുള്ള ഉത്തരവാദിത്വമുണ്ടെന്ന് പൗലൊസ് പ്രസ്താവിച്ചു, (ഒ.നോ. റോമ. 1:19–20; വെളി. 21–22)

III. ഉപസംഹാരം
A. നാം ഈ പ്രകൃതിയുടെ ക്രമത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നു!
B. പാപിയായ മനുഷ്യൻ ദൈവത്തിന്റെ എല്ലാ നല്ല ദാനങ്ങളോടും ചെയ്തതുപോലെ ദൈവത്തിന്റെ ദാനമായ പ്രകൃതിയെയും കളങ്കപ്പെടുത്തി.
C. ഈ പ്രകൃതിയുടെ ക്രമം താല്ക്കാലികമാണ്. ഇതു നീങ്ങിപ്പോകാനുള്ളതാണ് (2 പത്രൊ. 3:7). ദൈവം നമ്മുടെ ലോകത്തിന്റെ ചരിത്രത്തിന്റെ ചങ്ങലയിലേക്കു പിന്തള്ളും. പാപം അതിന്റെ മുന്നേറ്റം തുടരുമെങ്കിലും ദൈവം അതിന്റെ അതിരുകളെ നിശ്ചയിച്ചിട്ടുണ്ട്. സൃഷ്ടി വീണ്ടെടുക്കപ്പെടും (ഒ.നോ. റോമ. 8:18–25).

◘ **"ദൈവപുത്രന്മാരുടെ"** വിശ്വാസികളെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന സാധാരണ കുടുംബ സംബന്ധിയായ സാദൃശ്യമാണിത് (ഒ.നോ. 8:14,16). ദൈവം പിതാവായും യേശു അതുല്യനായ പുത്രനായും ഇതു ചിത്രീകരിക്കുന്നു (ഒ.നോ. യോഹ. 1:18; 3:16,18; എബ്രാ. 1:2; 3:6; 5:8; 7:28; 1 യോഹ. 4:9).

പഴയ നിയമത്തിൽ യിസ്രായേൽ ദൈവത്തിന്റെ പുത്രനാണ് (ഒ.നോ. ഹോശേ. 11:1), അതുപോലെ രാജാവും ദൈവപുത്രനാണ് (ഒ.നോ. 2 ശമൂ. 7). ഈ ആശയം പുതിയനിയമത്തിൽ ആദ്യം കാണുന്നത് മത്താ. 5:9 ലാണ് (കൂടാതെ യോഹ. 1:12; 2 കൊരി. 6:18; ഗലാ. 3:26; 1 യോഹ. 3:1,10; വെളി. 21:7).

◘ **"വെളിപ്പാടിനെ"** ഈ പദത്തിനർത്ഥം വെളിപ്പെടുത്തുവാനോ വിവരം ആറിയിക്കുവാനോ "മറനീക്കുക" എന്നാണ്. പുതിയ നിയമത്തിലെ അവസാന പുസ്തകത്തിന്റെ പേരും ഇതാണ്. രണ്ടാം വരവിനെ പലപ്പോഴും വെളിപ്പാട് അല്ലെങ്കിൽ വരവ് എന്നു പറയാറുണ്ട് (ഒ.നോ. 1 കൊരി. 1:7–8; 1 പത്രൊ. 17,23).

**8:20 "സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുതലും"** പ്രകൃതി നിത്യതയുടെ ഭാഗമായിത്തീരും (ഒ.നോ. യെശ. 11:6–10). സ്വർഗ്ഗം പുനഃസൃഷ്ടിക്കപ്പെട്ട ഭൂമിയിലേക്ക് മടങ്ങിവരും (ഒ.നോ. മത്താ. 5:18; 24:35; 2 പത്രൊ. 3:10; വെളി. 21:1). ഭാവി തീർച്ചയായും ഏദെന്റെ സന്തോഷത്തിന്റെ യഥാസ്ഥാപനമായിരിക്കും; മനുഷ്യനും ദൈവവുമായും മനുഷ്യനും മനുഷ്യനുമായും മനുഷ്യനും മൃഗങ്ങളുമായും മനുഷ്യനും ഭൂമിയുമായും ഉള്ള കൂട്ടായ്മയാണത്. വേദപുസ്തകം ആരംഭിക്കുന്നത് ദൈവവും മനുഷ്യനും മൃഗങ്ങളും ഏദെന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മയിലും ഐക്യതയിലും കഴിയുന്നതായിട്ടാണ് (ഒ.നോ. ഉല്പ. 1–2), ബൈബിൾ അവസാനിക്കുന്നതും അതേ രീതിയിലാണ് (ഒ.നോ. വെളിപ്പാട് 21–22).

◘ **"ദ്രവത്വം"** 1:23 ലെ പ്രത്യേക പഠനവിഷയം കാണുക.

◘ **"ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും"** വാ. 14 ൽ വിശ്വാസികളെ "ദൈവമക്കൾ" (ദൈവത്തിന്റെ പുത്രന്മാർ) എന്നു വിളിച്ചിരിക്കുന്നു. വാ. 16 ൽ "ദൈവത്തിന്റെ മക്കൾ" എന്നും വാ. 17ൽ "ദൈവത്തിന്റെ അവകാശികൾ" എന്നും വിളിച്ചിരിക്കുന്നു. വാ. 19 ൽ സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു എന്നു കാണുന്നു. കാരണം അത് അവരുടെ അന്ത്യകാല തേജസ്സ് പങ്കിടുവാനുള്ളതാണ് (ഒ.നോ. വാ. 21). സൃഷ്ടിയുടെ ഈ യഥാസ്ഥാപനം, പ്രത്യേകിച്ച മനുഷ്യരുടെ, സൃഷ്ടിയുടെ യഥാർത്ഥ ഉദ്ദേശ്യം സാക്ഷാത്കരിക്കുവാൻ സഹായിക്കും – അതായത് ദൈവവും (അവന്റെ സ്വരൂപത്തിൽ നിർമ്മിക്കപ്പെട്ട) മനുഷ്യനും തമ്മിൽ ആഴമായ കൂട്ടായ്മയിൽ വസിക്കുക എന്ന ലക്ഷ്യം.

■
**NASB, NKJV,**
**NRSV** **"സൃഷ്ടി മായെക്കു കീഴ്പെട്ടിരിക്കുന്നു"**
**TEV** **"സൃഷ്ടി പ്രയോജനരഹിതമായിരിക്കാൻ ശിക്ഷവിധിക്കപ്പെട്ടിരിക്കുന്നു"**
**NJB** **"സൃഷ്ടിയുടെ ഭാഗത്തെ വീഴ്ചകൊണ്ടല്ല അതിന് അതിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയാതിരിക്കുന്നത്"**

ഇതിനെ മായ എന്നു തർജ്ജമ ചെയ്യാൻ കഴിയും. സെപ്റ്റ്വജിന്റിൽ ഇത് വിവിധ അർത്ഥങ്ങളിൽ തർജ്ജമ ചെയ്തിട്ടുണ്ട് - അർത്ഥശൂന്യം, വിലയില്ലാത്തത്, ഉപയോഗശൂന്യം, വ്യാജദൈവങ്ങൾ (വിഗ്രഹങ്ങൾ), ശൂന്യത. സകല സൃഷ്ടിയും ദൈവത്തിന്റെ ഉദ്ദേശ്യത്തിൽ ഉപയോഗശൂന്യമായി (ഒ.നോ. ഉല്പ. 3:17-19; യെശ. 24:3-8), എങ്കിലും ഒരുനാൾ ദൈവം വീഴ്ചയുടെ ശാപം മാറ്റും (ഒ.നോ. വെളി. 22:3). ഇതല്ല ദൈവത്തിന്റെ മനസ്സിൽ ഉണ്ടായിരുന്ന ലോകം!

**8:21 "മനഃപൂർവ്വമായിട്ടല്ല, അതിനെ കീഴ്പെടുത്തിയവന്റെ കല്പന നിമിത്തമത്രേ"** ഈ ക്രിയ ഭൂതകാല കർമ്മണി പ്രയോഗവും ദൈവത്തെ പരാമർശിക്കുന്നതുമാണ് (ഒ.നോ. NASB, NKJV, TEV). അവൻ ഭൗതിക സൃഷ്ടിയെ മായയ്ക്കു കീഴ്പെടുത്തിയിരിക്കുന്നു

1. മനുഷ്യന്റെ മത്സരം നിമിത്തം
2. മനുഷ്യനെ തന്നിലേക്കു തിരിക്കാനുള്ള ഒരു ശ്രമമെന്ന നിലയിൽ (ഒ.നോ. ആവർത്തനം 27-29)

ഈ മനപ്പൂർവ്വമായ നിഷ്പ്രയോജനം ഒരു സമയത്തേക്കു മാത്രമാണ് (ഒ.നോ. റോമ. 11:11-32). വീണ്ടെടുക്കപ്പെട്ട മനുഷ്യന് ഭൗതിക ഭാവി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു (ശരീരവും ലോകവും).

ആദാമിന്റെ മത്സരം ദൈവം മുന്നറിഞ്ഞിരുന്നു. അവൻ അതു സംഭവിക്കുവാൻ അനുവദിക്കുകയും വീഴ്ച സംഭവിച്ച ലോകത്തിൽ വീഴ്ച സംഭവിച്ച മനുഷ്യനോടൊപ്പം പ്രവർത്തിക്കുന്നതു തിരഞ്ഞെടുക്കുകയും ചെയ്തു. ഈ ലോകമായിരിക്കുകയില്ല ഇനി ഒരു നാൾ കാണാൻ പോകുന്നത് (ഒ.നോ. 2 പത്രൊ. 3:10; വെളി. 21:1-3). 5:2 ൽ "പ്രത്യാശ" യെക്കുറിച്ചുള്ള കുറിപ്പുകൾ കാണുക.

**8:22 "സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി"** ഇത് പൗലൊസിന്റെ മറ്റൊരു *സുൻ* സംയുക്തമാണ്, "ഒരുമിച്ചു ഞരങ്ങി." അവൻ യിരെമ്യാവ് 12:4,11 (ഒ.നോ. ആവ. 27-29) ഉദ്ധരിക്കുകയായിരിക്കാം - അവിടെ മനുഷ്യന്റെ പാപം നിമിത്തം സംഭവിച്ച നാശം നിമിത്തം യിസ്രായേൽ വിലപിക്കുന്നതു കാണാം.

ഈ സന്ദർഭത്തിൽ "ഞരങ്ങുക" എന്നത് മൂന്നു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക.

1. സൃഷ്ടി പുതിയ യുഗത്തിന്റെ വരവിനായി ഞരങ്ങുന്നു (വർത്തമാനകാല കർത്തരി സൂചകം), വാ. 22 (ഒ.നോ. വാ. 19-21)
2. വിശ്വാസികൾ അവരുടെ പൂർണ്ണമായ രക്ഷയ്ക്കുവേണ്ടി ഞരങ്ങുന്നു (അതായത് പുതിയ ശരീരം, ഒ.നോ. 2 കൊരി. 5:2,4), വാ. 23
3. പുതിയ യുഗത്തിന്റെ ആദ്യദാനമായി നല്കപ്പെട്ട പരിശുദ്ധാത്മാവും ഞരങ്ങുന്നു (വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു (വർത്തമാനകാല കർത്തരി സൂചകം), വാ. 26

■ **"ഈറ്റുനോവോടിരിക്കുന്നു"** യെഹൂദ പശ്ചാത്തലത്തിൽ ഈ ആശയത്തെ പലപ്പോഴും "പുതിയ യുഗത്തിന്റെ പ്രസവവേദന" എന്നാണു വിളിച്ചിരുന്നത് (ഒ.നോ. മർക്കൊ. 13:8). നീതിയുടെ പുതിയ യുഗത്തിന്റെ ഉദയം പ്രശ്നങ്ങൾ കൂടാതെയുള്ളതല്ല. ഈ വീഴ്ച സംഭവിച്ച ഗ്രഹത്തിന്റെ ധാർമ്മികവും ആത്മികവുമായ അവസ്ഥകൾ കൂടുതൽ കൂടുതൽ മോശമായിക്കൊണ്ടിരിക്കും (ഒ.നോ. മത്തായി 24; മർക്കൊസ് 13; ലൂക്കൊസ് 21; 2 തെസ്സ. 2:1-2; വെളിപ്പാട് 5-18 ലെ ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴു കലശങ്ങൾ). എങ്കിലും പ്രസവ വേദന, വരാൻ പോകുന്ന ജനനത്തെക്കുറിച്ചുള്ള പ്രത്യാശയുടെയും സന്തോഷത്തിന്റെയും വേദന ആയിരിക്കുന്നതുപോലെയാണ് പുതിയ യുഗത്തിനുവേണ്ടിയുള്ള വേദനയും!

**8:23 "ആത്മാവെന്ന ആദ്യദാനം"** ഈ പദം (*അപ്പാർഖീ-**απαρχη***) 2 കൊരി. 1:22 ലെ "ആത്മാവിന്റെ മുദ്ര" 2 കൊരി. 5:5; എഫെ. 1:14 ലെ "ആത്മാവിന്റെ അച്ചാരം" എന്നിവയുടെ ദൈവശാസ്ത്രപരമായ പര്യായമാണ്.

പഴയ നിയമത്തിലെ ആദ്യഫലം വരാനിരിക്കുന്ന കൊയ്ത്തിന്റെ വാഗ്ദത്തമായിരുന്നു. ദൈവം സകല കൊയ്ത്തിന്റെയും ഉടമസ്ഥനാണെന്നതിന്റെ പ്രതീകമായിരുന്നു അത് (ഒനോ. ആവ. 26:1-11). യേശു പുനരുത്ഥാനത്തിന്റെ ആദ്യഫലമായിരിക്കുന്നതുപോലെ (ഒ.നോ. 1 കൊരി. 15:20) ആത്മാവ് പുതിയ യുഗത്തിന്റെ ആദ്യഫലമാണ്. വിശ്വാസികൾ ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ അവരിൽ വസിക്കുന്ന പരിശുദ്ധാത്മാവിലൂടെ സ്വർഗ്ഗത്തിലെ സന്തോഷത്തിന്റെ ഒരു ഭാഗം അനുഭവിക്കുന്നു. ഇത് യെഹൂദ യുഗങ്ങളുടെ പരസ്പരം കവിഞ്ഞുകിടക്കുന്നതും "വന്നുകഴിഞ്ഞു" എന്നാൽ "ആയിട്ടില്ല" എന്നതുമായ സംഘർഷമാണ്.

■ **"നാമും ... ഉള്ളിൽ ഞരങ്ങുന്നു"** ഇത് യെഹൂദ യുഗങ്ങളുടെ പരസ്പരം കവിഞ്ഞുകിടക്കുന്നതും "വന്നുകഴിഞ്ഞു" എന്നാൽ "ആയിട്ടില്ല" എന്നതുമായ ദ്വന്ദസംഘർഷത്തെ സൂചിപ്പിക്കുന്നതാകാം (See Gordon Fee and Douglas Stuart, *How to Read the Bible For All Its Worth*, pp. 145-148). ദൈവരാജ്യം ഇപ്പോൾ ഇവിടെയുണ്ട് എന്നാൽ പൂർണ്ണമായും വന്നിട്ടില്ല. വിശ്വാസികൾക്ക് ഉയിർപ്പിൻ ജീവനുണ്ട്, എങ്കിലും അവർ ഇപ്പോഴും ശാരീരികമായി മരിക്കുന്നു (ഒ.നോ. 2 കൊരി. 5:2-4). നാം പാപത്തിൽനിന്നും രക്ഷിക്കപ്പെട്ടു എങ്കിലും ഇപ്പോഴും പാപത്തോടു

പോരാടിക്കൊണ്ടിരിക്കുന്നു (ഒ.നോ. റോമർ 7; എഫെ. 6:10–18).

▣ **"നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ"** ഈ പദത്തിനർത്ഥം "തിരികെ വാങ്ങുക" എന്നാണ്. പഴയ നിയമത്തിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നത് ഒരുവന്റെ ചാർച്ചക്കാർ (*ഗോ'എൽ*) അവനെ അടിമത്തത്തിൽ നിന്നും മടക്കിവാങ്ങുന്നതിനെയാണ് (വീണ്ടെടുക്കുക). ഇത് ദൈവം വീണുപോയ മനുഷ്യനെ പാപത്തിന്റെ അടിമത്തത്തിൽനിന്നും വിടുവിക്കുന്നതിന് ആലങ്കാരികമായി പറഞ്ഞുവന്നു. അതിനു കൊടുത്ത വില ജഡമെടുത്ത പുത്രന്റെ പാപമില്ലാത്ത ജീവനായിരുന്നു.

▣ **"പുത്രത്വത്തിന്നു കാത്തുകൊണ്ടു"** പുത്രത്വം (ദത്തെടുപ്പ്) എന്നത് രക്ഷയെ സൂചിപ്പിക്കാനുള്ള പൗലൊസിന്റെ ഇഷ്ട കുടുംബ സാദൃശ്യമാണ് (ഒ.നോ. വാ.15). വിശ്വാസികളുടെ രക്ഷ എന്നത് മാനസാന്തരത്തോടും വിശ്വാസത്തോടും കൂടിയ ഒരു പ്രാരംഭ തീരുമാനത്തിൽ ആരംഭിച്ച് വർദ്ധിക്കുന്ന ക്രിസ്തുസാദൃശ്യത്തിലേക്ക് വികസിക്കുന്ന ഒരു പ്രക്രിയയാണ്. പുനരുത്ഥാന ദിനം വരെ വിശ്വാസികൾ പൂർണ്ണമായി രക്ഷിക്കപ്പെടുകയില്ല (ഒ.നോ. വാ. 30; 1 യോഹ. 3:2).

"ദത്തെടുപ്പ് (പുത്രത്വം)" എന്ന പദം ചില ഗ്രീക്കു കയ്യെഴുത്തുപ്രതികളിൽ ഒഴിവാക്കിയിട്ടുണ്ട് (കയ്യെഴുത്തു പ്രതികൾ $P^{46}$, D, F, G എന്നിവയും ചില പുരാതന ലത്തീൻ പകർപ്പുകളും). എങ്കിലും അത് കയ്യെഴുത്തു പ്രതികൾ א, A, B, C, ചില പുരാതന ലത്തീൻ, വൾഗേറ്റ്, സിറിയക്, കോപ്റ്റിക്, അർമ്മീനിയൻ പരിഭാഷകളിൽ കാണാം. അത് ഉൾപ്പെടുത്തിയിരിക്കുന്നതിന് $UBS^4$ "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു. 3:24 ലെ പ്രത്യേക പഠനവിഷയം കാണുക.

യെഹൂദ മതംപോലെ (ഒ.നോ. ഇയ്യോ. 14:14–15; 19:25–26; ദാനീ. 12:2) ക്രിസ്ത്യാനിത്വവും വിശ്വാസികൾക്ക് നിത്യതയിൽ ഭൗതിക ശരീരമുണ്ടെന്നു പഠിപ്പിക്കുന്നു (എങ്കിലും അത് മനുഷ്യശരീരം പോലെയാകണമെന്നില്ല, ഒ.നോ. 1 കൊരി. 15:35–49). വിശ്വാസികളുടെ ആത്മിക ശരീരങ്ങൾ പുതിയ യുഗത്തിലെ ജീവിതത്തിനും ദൈവവുമായി അടുത്ത ബന്ധം പുലർത്തുന്നതിനും അനുയോജ്യമായവ ആയിരിക്കും.

**8:24 "പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നതു"** ഇതൊരു ഭൂതകാല കർമ്മണി സൂചകമാണ്. വാ. 23 നമ്മുടെ ഭാവി രക്ഷയെ സൂചിപ്പിക്കുമ്പോൾ, വാ. 24 ആത്മാവിന്റെ പ്രവൃത്തിയിലൂടെയുള്ള നമ്മുടെ ഭൂതകാല രക്ഷയെ സൂചിപ്പിക്കുന്നു. പുതിയ നിയമത്തിൽ രക്ഷയെ സൂചിപ്പിക്കാൻ നിരവധി ക്രിയാകാലങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

1. ഭൂതകാലം, പ്രവൃ. 15:11 (റോമ. 8:24; 2 തിമൊ. 1:9; തീത്തൊ. 3:5; റോമ. 13:11 ൽ ഭൂതകാലം ഭാവികാല അർത്ഥത്തിൽ ഉപയോഗിക്കുന്നു)
2. പൂർണ്ണകാലം, എഫെ. 2:5,8
3. വർത്തമാനകാലം, 1 കൊരി. 1:18; 15:2; 2 കൊരി. 2:15; 1 പത്രൊ. 3:21; 4:18
4. ഭാവികാലം (ക്രിയാകാലത്തിൽ അല്ലെങ്കിൽ സൂചനയിൽ), റോമ. 5:9,10; 10:9; 1 കൊരി. 3:15; ഫിലി. 1:28; 1 തെസ്സ. 5:8–9; എബ്രാ. 1:14; 928.

രക്ഷ ഒരു പ്രാഥമിക തീരുമാനത്തിലാണാരംഭിക്കുന്നതെങ്കിലും, നിമിഷം തോറുമുള്ള ബന്ധത്തിൽ മുന്നേറി ഒരു ദിവസം പൂർത്തീകരണത്തിലെത്തുന്നതാണ് (1 യോഹ. 3:2)

**8:25 "പ്രത്യാശ"** താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: പ്രത്യാശ

പൗലൊസ് ഈ പദം പലപ്പോഴും വ്യത്യസ്തവും എന്ന പരസ്പര ബന്ധിതവുമായ ആർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ട്. പലപ്പോഴും ഇത് വിശ്വാസിയുടെ വിശ്വാസത്തിന്റെ പൂർത്തീകരണത്തോടു ബന്ധപ്പെട്ടാണ് ഉപയോഗിക്കുന്നത് (ഒ.നോ. 1 തിമൊ. 1:1). ഇതിനെ തേജസ്സ്, നിത്യജീവൻ, ആത്യന്തിക രക്ഷ, രണ്ടാം വരവ് എന്നിങ്ങനെ വിവരിക്കാം. പൂർത്തീകരണം ഉറപ്പുള്ളതാണ്, സമയം ഭാവികാലമാണെങ്കിലും അനിശ്ചിതമാണ്. അത് പലപ്പോഴും വിശ്വാസവും സ്നേഹവുമായി ചേർത്തു പറഞ്ഞിരിക്കുന്നു (ഒ.നോ. 1 കൊരി. 13:13; 1 തെസ്സ. 1:3; 2 തെസ്സ. 2:16). പൗലൊസിന്റെ ഉപയോഗത്തിന്റെ ഒരു ഭാഗിക പട്ടിക ഇവിടെ കൊടുക്കുന്നു.

1. രണ്ടാംവരവ്, ഗലാ. 5:5; എഫെ. 1:18; 4:4; തീത്തൊ. 2:23
2. യേശു നമ്മുടെ പ്രത്യാശ, 1 തിമൊ. 1:1
3. വിശ്വാസിയെ ദൈവമുമ്പാകെ നിർത്തും, കൊലൊ. 1:22–23; 1 തെസ്സ. 2:19
4. പ്രത്യാശ സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നു, കൊലൊ. 1:5
5. സുവിശേഷത്തിൽ ആശ്രയിക്കുക, കൊലൊ. 1:23; 1 തെസ്സ. 2:19
6. ആത്യന്തിക രക്ഷ, കൊലൊ. 1:5; 1 തെസ്സ. 4:13; 5:8
7. ദൈവത്തിന്റെ തേജസ്സ്, റോമ. 5:2; 2 കൊരി. 3:12; കൊലൊ. 1:27
8. ക്രിസ്തുവിനാൽ ജാതികളുടെ രക്ഷ, കൊലൊ. 1:27
9. രക്ഷയുടെ ഉറപ്പ്, 1 തെസ്സ. 5:8

10. നിത്യജീവൻ, തീത്തൊ. 1:2,7
11. ക്രിസ്തീയ വളർച്ചയുടെ ഫലം, റോമ. 5:2-5
12. സകല സൃഷ്ടിയുടെയും വീണ്ടെടുപ്പ്, റോമ. 8:20-22
13. പുത്രത്വത്തിന്റെ പൂർത്തീകരണം, റോമ. 8:23-25
14. ദൈവത്തിന്റെ നാമം, റോമ. 15:13
15. വിശ്വാസികളെക്കുറിച്ചുള്ള പൗലൊസിന്റെ ആഗ്രഹം, 2 കൊരി. 1:7
16. പുതിയ നിയമ വിശ്വാസികൾക്ക് പഴയനിയമം ഒരു വഴികാട്ടിയെന്ന നിലയിൽ, റോമ. 15:4

▣ **"ക്ഷമയോടെ"** *ഹുപൊമോണി* (*ὑπομονη*) എന്ന ഈ പദം 5:3 ലും 15:4-5 ലും ഉപയോഗിച്ചിട്ടുണ്ട്. വിശ്വാസിയുടെ രക്ഷ പക്വതയിലേക്കു വളരുന്ന പ്രക്രിയയും ഒരുനാൾ പൂർണ്ണതയിലെത്തുന്നതുമാണ്. സഹിഷ്ണുത (ഒ.നോ. വെളി. 2:8,11,17,26; 3:5,12,21; 21:7) എന്നത് "പ്രാരംഭ രക്ഷ" എന്നതിനു നൽകുന്ന അമിത പ്രാധാന്യം ഒഴിവാക്കാനുള്ള വേദപുസ്തക സന്തുലനമാണ്. മിക്ക വേദപുസ്തക സത്യങ്ങളും (അതാ. പൗരസ്ത്യ സാഹിത്യം, 3:27 ലെ പഠനവിഷയം കാണുക) ദ്വന്ദ്വങ്ങളായി, സംഘർഷഭരിതമായ ജോഡികളായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്.

# പ്രത്യേക പഠനവിഷയം: സ്ഥിരോത്സാഹത്തിന്റെ ആവശ്യകത

ക്രിസ്തീയ ജീവിതത്തോടു ബന്ധപ്പെട്ടിരിക്കുന്ന വേദപുസ്തക ഉപദേശങ്ങൾ വിശദീകരിക്കുവാൻ പ്രയാസമാണ്, കാരണം അവ അവതരിപ്പിക്കുന്നത് പൗരസ്ത്യ നാടുകളിലെ ദേശഭാഷാപരമായ ദ്വന്ദത്തിന്റെ വർഗ്ഗങ്ങളായിട്ടാണ്. ഈ ദ്വന്ദങ്ങൾ വിരുദ്ധമായി തോന്നാമെങ്കിലും, അവ രണ്ടും വേദാനുസാരമാണ്. ഒരു സത്യത്തെ തിരഞ്ഞെടുക്കുകയും വിപരീതമായ സത്യത്തെ അവഗണിക്കുകയും അല്ലെങ്കിൽ അപലപിക്കുകയും ചെയ്യുന്നതിനാണ് പാശ്ചാത്യ ക്രിസ്ത്യാനികളുടെ പ്രവണത. ഞാൻ വിശദീകരിക്കാം.

A. രക്ഷ, ക്രിസ്തുവിൽ ആശ്രയിക്കുന്നതിനുള്ള ഒരു പ്രാരംഭ തീരുമാനമാണോ അതോ ശിഷ്യത്വത്തിനുള്ള ഒരു ആജീവനാന്ത സമർപ്പണമാണോ?
B. രക്ഷ, പരാധികാരമുള്ള ഒരു ദൈവത്തിന്റെ കൃപപ്രകാരമുള്ള തിരഞ്ഞെടുപ്പാണോ അതോ ദൈവിക ദാനത്തോടുള്ള മനുഷ്യകുലത്തിന്റെ പശ്ചാത്താപപരവും വിശ്വാസപരവുമായ പ്രതികരണം ആണോ?
C. രക്ഷ, ഒരിക്കൽ ലഭിച്ചശേഷം നഷ്ടപ്പെടാൻ അസാധ്യമായതാണോ അതോ നഷ്ടപ്പെടാതിരിക്കാൻ നിരന്തരം ജാഗ്രത ആവശ്യമുള്ളതാണോ?

സഭാ ചരിത്രത്തിൽ തുടർമാനമായി സ്ഥിരോത്സാഹം എന്ന വിഷയം വിവാദപരമാണ്. പുതിയ നിയമത്തിലെ പൊരുത്തപ്പെടാത്ത വേദഭാഗങ്ങളിലാണ് ഈ പ്രശ്നം പ്രത്യക്ഷത്തിൽ ആരംഭിക്കുന്നത്.

A. ഉറപ്പ് നൽകുന്ന വേദഭാഗങ്ങൾ
   1. യേശുവിന്റെ പ്രസ്താവനകൾ (യോഹ. 6:37; 10:28-29).
   2. പൗലൊസിന്റെ പ്രസ്താവനകൾ (റോമ. 8:35-39; എഫെ. 1:13; 2:5,8-9; ഫിലി. 1:6; 2:13; 2 തെസ്സ. 3:3; 2 തിമൊ. 1:12; 4:18).
   3. പത്രൊസിന്റെ പ്രസ്താവനകൾ (1 പത്രൊ. 1:4-5).
B. സ്ഥിരോത്സാഹത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള വേദഭാഗങ്ങൾ
   1. യേശുവിന്റെ പ്രസ്താവനകൾ (മത്താ. 10:22; 13:1-9,24-30; 24-13; മർക്കൊ. 13:13; യോഹ. 8:31; 15:4-10; വെളി. 2:7,17,20; 3:5,12,21).
   2. പൗലൊസിന്റെ പ്രസ്താവനകൾ (റോമ. 11:22; 1 കൊരി. 15:2; 2 കൊരി. 13:5; ഗലാ. 1:6; 3:4; 5:4; 6:9; ഫിലി. 2:1-12; 3:18-20; 2:12, 3:18-20; കൊലൊ. 1:23).
   3. എബ്രായ ലേഖനകാരന്റെ പ്രസ്താവനകൾ (2:1; 3:6,14; 4:14; 6:11)
   4. യോഹന്നാന്റെ പ്രസ്താവനകൾ (1 യോഹ. 2:6; 2 യോഹ. 9)
   5. പിതാവിന്റെ പ്രസ്താവന (വെളി. 21:7)

പരമാധികാര ദൈവിക ത്രിത്വത്തിന്റെ കൃപ, ദയ, സ്നേഹം എന്നിവയിൽ നിന്നാണ് ബൈബിളിലെ രക്ഷ സാധ്യമാകുന്നത്. പരിശുദ്ധാത്മാവിന്റെ മുൻകൈ എടുക്കൽ ഇല്ലാതെ ഒരു മനുഷ്യനും രക്ഷിക്കപ്പെടുവാൻ സാധ്യമല്ല (ഒ.നോ. യോഹ. 6:44,65). ദൈവം ആദ്യം വരികയും കാര്യപരിപാടി സ്ഥാപിക്കുകയും ചെയ്യുന്നു, പക്ഷേ മനുഷ്യർ വിശ്വാസത്തോടും പശ്ചാത്താപത്തോടും കൂടെ, പ്രാരംഭമായിട്ടും നിരന്തരമായിട്ടും പ്രതികരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ഒരു ഉടമ്പടി പ്രകാരമുള്ള ബന്ധത്തിലൂടെയാണ് ദൈവം മനുഷ്യനോട് കൂടെ പ്രവർത്തിക്കുന്നത്. അതിൽ അനുഗ്രഹങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ട്.

എല്ലാ മനുഷ്യർക്കും രക്ഷ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. വീണുപോയ സൃഷ്ടിയുടെ പാപത്തിന്റെ പ്രശ്നങ്ങളെയാണ് യേശുവിന്റെ മരണം കൈകാര്യം ചെയ്യുന്നത്. ദൈവം ഒരു വഴി നൽകുകയും തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട എല്ലാവരും അവന്റെ സ്നേഹത്തോടും ക്രിസ്തുവിലൂടെ ലഭിക്കുന്ന അനുഗ്രഹത്തോടും പ്രതികരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

കാൽവനിസ്റ്റിക്ക് കാഴ്ചപ്പാടിൽ നിന്നു വ്യത്യസ്തമായി ഈ വിഷയത്തെക്കുറിച്ച് നിങ്ങൾ കൂടുതൽ വായിച്ചറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ കാണുക:

1. ഡെയ്ൽ മൂഡി, *ദ വേർഡ് ഓഫ് ട്രൂത്ത്,* എർഡ്മാൻസ്, 1981 (പേജുകൾ 348–365)
2. ഹോവാർഡ് മാർഷൽ, *കെപ്റ്റ് ബൈ ദ പവ്വർ ഓഫ് ഗോഡ്,* ബഥനി ഫെലോഷിപ്പ്, 1969
3. റോബർട്ട് ഷാങ്ക്, *ലൈഫ് ഇൻ ദ സൺ,* വെസ്റ്റ്കോട്ട്, 1961

ഈ ഭാഗത്ത് രണ്ട് പ്രധാന പ്രശ്നങ്ങളെക്കുറിച്ചാണ് ബൈബിൾ സംസാരിക്കുന്നത്: (1) ഫലപ്രദമല്ലാത്തതും സ്വാർത്ഥതയുള്ളതുമായ ജീവിതം നയിക്കുവാൻ ഉള്ള ഒരു അനുമതിയായി ഉറപ്പിനെ എടുത്തുപയോഗിക്കുന്നു. (2) വ്യക്തിപരമായ പാപത്താലും ശുശ്രൂഷയിലും പ്രശ്നങ്ങൾ ഉള്ളവർക്ക് ഇത് പ്രചോദനമായി മാറുന്നു. തെറ്റായ സംഘങ്ങൾ തെറ്റായ സന്ദേശങ്ങൾ എടുത്ത് പരിമിതപ്പെടുത്തിയ ബൈബിൾ വേദഭാഗങ്ങളിൽ നിന്ന് ദൈവശാസ്ത്ര സമ്പ്രദായങ്ങൾ ഉണ്ടാക്കുന്നു എന്നതാണ് പ്രശ്നമായിരിക്കുന്നത്. ചില ക്രിസ്ത്യാനികൾക്ക് ഉറപ്പിന്റെ സന്ദേശം അടിയന്തിരാവശ്യമായിരിക്കുമ്പോൾ മറ്റു ചിലർക്ക് ആവശ്യമായിരിക്കുന്നത് വിട്ടുവീഴ്ചയില്ലാത്ത മുന്നറിയിപ്പുകളാണ്! നിങ്ങൾ ഏത് കൂട്ടത്തിലാണ്?

**റോമർ 8:26–27**

**[26]അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണനില്ക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. [27]എന്നാൽ ആത്മാവു വിശുദ്ധർക്കുവേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതു കൊണ്ടു ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു.**

**8:26 "അവ്വണ്ണം തന്നേ"** ഇത് വാ. 18–25 ൽ പറയുന്ന "ഞരങ്ങിക്കൊണ്ടും പ്രത്യാശിച്ചുകൊണ്ടും" ആത്മാവു ചെയ്യുന്ന മധ്യസ്ഥ ശുശ്രൂഷയോട് ഇത് ബന്ധിപ്പിക്കുന്നു.

▣ **"ആത്മാവു ... തുണനില്ക്കുന്നു"** ഇത് വർത്തമാനകാല മധ്യ (ഡിപ്പോണന്റ്) സൂചകമാണ്. ക്രിയയ്ക്ക് *സുൻ* (ഒ.നോ. വാ. 28), **ആന്റി** എന്നിവ ചേർന്ന ഇരട്ട സംയുക്തമാണുള്ളത്. "എറ്റെടുക്കുന്നു" എന്നാണ് ശരിയായ തർജ്ജമ. ഈ പദം ഇവിടെയും ലൂക്കൊ. 10:40 ലും മാത്രമേ കാണുന്നുള്ളു. ത്രിയേക ദൈവം മുഴുവനായും വിശ്വാസികളുടെ പക്ഷത്താണ്. മനുഷ്യവർഗ്ഗത്തിനു പകരം മരിക്കുവാൻ പിതാവു പുത്രനെ അയച്ചു (ഒ.നോ. യോഹ. 3:16). അവൻ ഇപ്പോൾ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു (ഒ.നോ. വാ. 34; എബ്രാ. 7:25; 9:24; 1 യോഹ. 2:1). പരിശുദ്ധാത്മാവ് വീണുപോയ മനുഷ്യവർഗ്ഗത്തെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരികയും അവരിൽ ക്രിസ്തുവിനെ ഉരുവാക്കുകയും ചെയ്യുന്നു (ഒ.നോ. യോഹ. 16:8–15). എങ്കിലും "തുണനില്ക്കുന്നു" എന്ന ക്രിയയ്ക്ക് "ഒരുവനോടുകൂടെ ഏറ്റെടുക്കുന്നു" എന്നും അർത്ഥം ഉള്ളതിനാൽ വിശ്വാസികൾക്കും പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയോട് (മധ്യസ്ഥത) സഹകരിക്കുവാനുള്ള ഉത്തരവാദിത്വമുണ്ട് എന്നു സൂചിപ്പിക്കുന്നു.

▣ **"ബലഹീനതെക്കു"** ഈ നാമരൂപം പൗലൊസ് വിവിധ അർത്ഥങ്ങളിൽ ഉപയോഗിക്കുന്നുണ്ട് (BAGD, പേജ് 115).

1. ശാരീരിക ബലഹീനത അഥവാ രോഗം, 2 കൊരി. 11:30; 12:5,9,10; ഗലാ. 4:13; 1 തിമൊ. 5:23
2. മാനുഷിക സാഹചര്യം, 1 കൊരി. 15:43; 2 കൊരി. 13:4
3. സാദൃശ്യം
   a. ഭയം, 1 കൊരി. 2:3
   b. ന്യായവിധി, റോമ. 6:19
   c. ആത്മിക കാഴ്ചപ്പാട് ഇല്ലാത്ത അവസ്ഥ, റോമ. 8:26

ക്രിയാരൂപവും സമാന രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്

1. ശാരീരിക ബലഹീനത അഥവാ രോഗം, ഫിലി. 2:26; 2 തിമൊ. 4:20
2. മാനുഷിക സാഹചര്യം, റോമ. 8:3; 2 കൊരി. 11:21 (മത്താ. 8:17; യെശ. 53:4 ഉദ്ധരിച്ചിരിക്കുന്നു)
3. സാദൃശ്യം
   a. ആത്മികവും ധാർമ്മികവുമായ ബലഹീനത, റോമ. 14:2; 1 കൊരി. 8:11–12
   b. വിശ്വാസത്തിൽ ബലഹീനത, റോമ. 4:19; 14:1
   c. ക്ഷീണഹൃദയം അല്ലെങ്കിൽ ഭയം, 2 കൊരി. 11:9

ഓർക്കുക, സന്ദർഭമാണ് അർത്ഥം നിശ്ചയിക്കുന്നത്, നിഘണ്ടു സാധ്യമായ അർത്ഥതലങ്ങളുടെ പട്ടിക നൽകുക മാത്രമാണു ചെയ്യുന്നത്.

▣ **"ആത്മാവു തന്നേ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു"** വിശ്വാസികൾ തങ്ങളുടെ താഴ്ച സംഭവിച്ച അവസ്ഥയിൽ ഞരങ്ങുകയും ആത്മാവ് ഞരക്കത്തിലൂടെ അവർക്കുവേണ്ടി പക്ഷവാദം ചെയ്യുകയും ചെയ്യുന്നു. വീണ്ടെടുക്കപ്പെട്ടവരുടെ ഉള്ളിലുള്ള ആത്മാവ് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു, ഒപ്പം പിതാവിന്റെ വലതുഭാഗത്തുള്ള യേശുവും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു (ഒ.നോ. വാ. 27,34; എബ്രാ. 7:25; 9:24; 1 യോഹ. 2:1). ഈ മധ്യസ്ഥത പ്രാർത്ഥിക്കാൻ വിശ്വാസിയെ ശക്തീകരിക്കുന്നു (ഒ.നോ. വാ. 15; ഗലാ. 4:6). ഈ വാക്യം അന്യഭാഷയിൽ പ്രാർത്ഥിക്കുന്നതിനെക്കുറിച്ചല്ല പറയുന്നത്, മറിച്ച് വിശ്വാസികൾക്കുവേണ്ടി പരിശുദ്ധാത്മാവ് പിതാവിനോടു മധ്യസ്ഥത ചെയ്യുന്നതിനെക്കുറിച്ചാണ്.

▣

| | |
|---|---|
| **NASB, NRSV** | **"വാക്കുകൾക്കു കഴിയാത്തത്ര ആഴമായി"** |
| **NKJV** | **"ഉച്ചരിച്ചുകൂടാത്ത"** |
| **TEV** | **"ആ വാക്കുകൾ ഉച്ചരിക്കാനാവാത്തതാണ്"** |
| **NJB** | **"അവ വാക്കുകളിൽ പറയാൻ കഴിയാത്തവയാണ്"** |

ഇത് "സംസാരിക്കുക," "ഭാഷ" (ഒ.നോ. 1 കൊരി. 13:1) എന്നിവയ്ക്കുള്ള സാധാരണ വാക്കിനോടു നിഷേധാത്മക അർത്ഥം സൂചിപ്പിക്കുവാൻ ആൽഫാ (*α*) ചേർത്തിട്ടുള്ളത്. പുതിയ നിയമത്തിൽ ഇവിടെ മാത്രമേ ഇതു കാണുന്നുള്ളൂ. ഇതിന്റെ മറ്റൊരു രൂപം മർക്കൊസിന്റെ സുവിശേഷത്തിൽ ബധിരരായ/മൂകരായ ആളുകളെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 7:37; 9:17,25).

▣ **"പക്ഷവാദം (മധ്യസ്ഥത)"** 1:30 ലെ പ്രത്യേക പഠനവിഷയം: *"ഹൂപെർ"* സംയുക്തത്തിന്റെ ഉപയോഗം പൗലൊസിന്റെ എഴുത്തുകളിൽ കാണുക.

**8:27 "വിശുദ്ധർക്കുവേണ്ടി ... പക്ഷവാദം ചെയ്യുന്നതുകൊണ്ടു"** ആത്മാവിന്റെ ദൗത്യത്തെക്കുറിച്ച് യോഹ. 16:2–15 ൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. അവയിലൊന്ന് പക്ഷവാദമാണ്.

"വിശുദ്ധർ" എന്ന പദം, ഫിലി. 4:21 ൽ ഒഴികെ എല്ലായിടത്തും ബഹുവചനമാണ്, അവിടെയും അത് വിശ്വാസികളെയാണ് സൂചിപ്പിക്കുന്നത്. വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരമായ, വ്യക്തിഗത വിശ്വാസികളാൽ പണിയപ്പെട്ട പുതിയ മന്ദിരമായ, ദൈവകുടുംബത്തിലെ അംഗങ്ങളാണ്. പാശ്ചാത്യ (അമേരിക്കൻ) വ്യക്തിവാദത്തെ സന്തുലനപ്പെടുത്തേണ്ട അനിവാര്യമായ ദൈവശാസ്ത്ര സത്യമാണിത്. 1:3 ലെ പ്രത്യേക പഠനവിഷയം: വിശുദ്ധന്മാർ കാണുക.

▣ **"ഹൃദയങ്ങളെ പരിശോധിക്കുന്നവൻ"** പഴയ നിയമത്തിൽ ആവർത്തിച്ചുവരുന്ന വിഷയമാണിത് (ഒ.നോ. 1 ശമൂ. 2:7; 16:7; 1 രാജാ. 8:39; 1 ദിന. 28:9; 2 ദിന. 6:30; സങ്കീ. 7:9; 44:21; സദൃ. 15:11; 20:27; 21:2; യിരെ. 11:20; 17:9–01; 20:12; ലൂക്കൊ. 16:15; പ്രവൃ. 1:24; 15:8). ദൈവം നമ്മെ യഥാർത്ഥമായി അറിയുകയും നമ്മെ സ്നേഹിക്കുകയും ചെയ്യുന്നു (ഒ.നോ. സങ്കീ. 139).

## പ്രത്യേക പഠനവിഷയം: ആത്മാവിന്റെ ആളത്വം

പഴയനിയമത്തിൽ "യഹോവയുടെ ആത്മാവ്" (*റുവാഹ്*) യഹോവയുടെ ഉദ്ദേശ്യങ്ങൾ നടപ്പിൽ വരുത്തുന്ന ഒരു ശക്തിയായിരുന്നു, എങ്കിലും അതൊരു വ്യക്തിയാണെന്ന സൂചന (അതാ. പഴയനിയമ ഏകദൈവ വിശ്വാസം) എങ്ങുമില്ലായിരുന്നു. എന്നാൽ പുതിയ നിയമത്തിൽ ആത്മാവിന്റെ പൂർണ്ണ ആളത്വവും വ്യക്തിത്വവും രേഖപ്പെടുത്തിയിരിക്കുന്നു.

1. അവനെതിരെ ദൂഷണം പറയാനാവും (ഒ.നോ. മത്താ. 12:31; മർക്കൊ. 3:29)
2. അവൻ ഉപദേശിക്കുന്നു (ഒ.നോ. ലൂക്കൊ. 12:12; യോഹ. 14:26)
3. അവൻ സാക്ഷ്യം വഹിക്കുന്നു (ഒ.നോ. യോഹ. 15:26)
4. അവൻ ബോധം വരുത്തുന്നു, നടത്തുന്നു (ഒ.നോ. യോഹ. 16:7–15)
5. "അവൻ" എന്നു വിളിക്കപ്പെടുന്നു (അതാ. *ഹോസ്*, ഒ.നോ. എഫെ. 1:14)
6. അവനു ദുഃഖിക്കാൻ കഴിയും (ഒ.നോ. എഫെ. 4:30)
7. അവനെ കെടുത്തുവാൻ കഴിയും (ഒ.നോ. 1 തെസ്സ. 5:19)

ത്രിത്വഭാഗങ്ങൾ മൂന്നു ആളത്വങ്ങളെക്കുറിച്ചു പറയുന്നു.

1. മത്താ. 28:19
2. 2 കൊരി. 13:14
3. 1 പത്രൊ. 1:2

ആത്മാവ് മാനുഷിക പ്രവൃത്തികളോടു ബന്ധപ്പെട്ടിരിക്കുന്നു.

1. പ്രവൃ. 15:28
2. റോമ. 8:26
3. 1 കൊരി. 12:11

4. എഫെ. 4:30

അപ്പൊസ്തല പ്രവൃത്തികളുടെ ആരംഭത്തിൽ തന്നെ ആത്മാവിന്റെ പങ്ക് എടുത്തു കാണിച്ചിരിക്കുന്നു. പെന്തെക്കോസ്ത് ആത്മാവിന്റെ പ്രവർത്തനത്തിന്റെ ആരംഭമല്ല, മറിച്ച് പുതിയൊരു അദ്ധ്യായമാണ്. യേശുവിന് എപ്പോഴും ആത്മാവുണ്ടായിരുന്നു. അവന്റെ സ്നാനം ആത്മാവിന്റെ പ്രവൃത്തിയുടെ ആരംഭമല്ല, മറിച്ച് പുതിയൊരു അധ്യായമാണ്. ലൂക്കൊസ് സഭയെ ഫലകരമായ സുവിശേഷത്തിന്റെ പുതിയൊരു അദ്ധ്യായത്തിനുവേണ്ടി ഒരുക്കുന്നു. യേശുവാണ് ഇപ്പോഴും ശ്രദ്ധാകേന്ദ്രം. ആത്മാവാണ് ഇപ്പോഴും ഫലകരമായ മാർഗ്ഗം. തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട സകല മനുഷ്യരോടുമുള്ള പിതാവിന്റെ സ്നേഹം, പാപക്ഷമ, യഥാസ്ഥാപനം എന്നിവയാണ് ലക്ഷ്യം.

**റോമർ 8:28-30**

**28എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. 29അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു. 30മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു.**

**8:28 "ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു"** ഇത് രണ്ട് വർത്തമാനകാല കർത്തരി അപൂർണ്ണക്രിയകളാണ്. സാഹചര്യങ്ങളെ നോക്കാതെ തന്നെ ജീവിതത്തെ സാധകാത്മകമായി കാണുന്നതിന് വിശ്വാസികളെ അനുവദിക്കുന്ന രണ്ട് വ്യവസ്ഥകളാണിവിടെ കാണുന്നത് (ഒ.നോ. വാ. 15). വീണ്ടും മനുഷ്യന്റെ സ്വാതന്ത്ര്യത്തിന്റെയും ("സ്നേഹം") ദൈവത്തിന്റെ പരമാധികാരത്തിന്റെയും ("വിളിക്കപ്പെട്ട") രണ്ട് ഉടമ്പടി വശങ്ങളും കാണുക.

ദൈവത്തിന്റെ നിത്യപദ്ധതിയോടു ബന്ധപ്പെട്ടുള്ള "നിർണ്ണയപ്രകാരം" (ഉദ്ദേശ്യത്തോടെ) എന്ന പദം റോമ. 9:11; എഫെ. 1:11; 3:11; 2 തിമൊ. 1:9 ലും കാണാം. വീണുപോയ മനുഷ്യവർഗ്ഗത്തെക്കുറിച്ച് ദൈവത്തിന് നിത്യമായ വീണ്ടെടുപ്പിൻ പദ്ധതിയുണ്ട്. 1:5 ലെ പ്രത്യേക പഠനവിഷയം: ബോബിന്റെ സുവിശേഷവിഹിത മുൻവിധികൾ കാണുക.

▣

| | |
|---|---|
| **NASB, TCNT** | **"ദൈവം സകലവും .. വ്യാപരിപ്പിക്കുന്നു"** |
| **NKJV, NRSV,** | |
| **NET** | **"സകലവും"** |
| **TEV, NIV** | **"സകലത്തിലും ദൈവം പ്രവർത്തിക്കുന്നു"** |

ഈ വാക്യത്തിൽ എത്ര പ്രാവശ്യം *"തിയോസ്"* (അല്ലെങ്കിൽ *"തിയോൻ"*) എന്ന പദം വരുന്നുണ്ട് എന്നാണ് പാഠനിരൂപകന്റെ ചോദ്യം.

"ദൈവത്തെ സ്നേഹിക്കുന്നവർക്ക്" എന്നതു സംബന്ധിച്ച് കയ്യെഴുത്തുപ്രതികളിൽ വ്യത്യാസമില്ല, എന്നാൽ "സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു" എന്നതിന് കയ്യെഴുത്തുപ്രതികളിൽ വ്യത്യാസം കാണാം.

1. ചില കയ്യെഴുത്തു പ്രതികൾ ക്രിയയ്ക്കുശേഷം *"ഹോ തിയോസ്"* എന്നു ചേർക്കുന്നു - $P^{46}$, A, B, 81 എന്നിവയും, ചില കോപ്റ്റിക്, എത്യോപ്യൻ പരിഭാഷകളും.
2. മിക്ക കയ്യെഴുത്തു പ്രതികളും അത് ഒഴിവാക്കുന്നു - א, C, D, F, G എന്നിവയും, വൾഗേറ്റ്, പെഷിത്താ, അർമ്മീനിയൻ പതിപ്പുകൾ. $UBS^4$ ഇതിന് "B"റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു.

NASB ദൈവിക പ്രവൃത്തിക്ക് ഊന്നൽ നൽകുന്നതിനായി ഇത് ഉൾപ്പെടുത്തിയിരിക്കുന്നു. സന്ദർഭത്തിൽനിന്നും ആത്മാവിന്റെ മധ്യസ്ഥതയാണ് സൂചിപ്പിച്ചിരിക്കുന്നത് എന്നു വ്യക്തമാണ് (ഒ.നോ. വാ. 27; NEB, REB).

▣ **"നന്മെക്കായി കൂടി വ്യാപരിക്കുന്നു"** ഇതു വർത്തമാനകാല കർത്തരി സൂചകമാണ്. ഇത് മറ്റൊരു *സുൻ* സംയുക്തമാണ് (ഒ.നോ. വാ. 26). അതിനാൽ ഇതിന്റെ ആക്ഷരികാർത്ഥം "സകലവും നന്മയ്ക്കായി അന്യോന്യം സഹകരിച്ച് പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു" എന്നാണ്. തിന്മയുടെയും കഷ്ടതയുടെയും ലോകത്തിൽ ഇത് മനസ്സിലാക്കാൻ പ്രയാസമുള്ള ആശയമാണ് (ഈ വിഷയത്തിൽ സഹായകരമായ രണ്ടു ഗ്രന്ഥങ്ങളാണ്, *The Goodness of God* by Wenham and *The Christian's Secret of a Happy Life by* Hannah Whithall Smith). ഇവിടെ കാണുന്ന നന്മ, വാ. 29 ൽ "അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ" എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. ഭൗതിക ഉയർച്ചയോ, പ്രശസ്തിയോ ആരോഗ്യമോ അല്ല ക്രിസ്തുവിനോട് അനുരൂപരാകുന്നതാണ് ഓരോ വിശ്വാസിയെക്കുറിച്ചുമുള്ള ദൈവത്തിന്റെ ആത്യന്തിക ഉദ്ദേശ്യം.

▣ **"എന്നു നാം അറിയുന്നു"** ഈ ക്രിയ (***οιδα***) ഈ സന്ദർഭത്തിൽ നാലു പ്രാവശ്യം വരുന്നുണ്ട്.

1. സകല സൃഷ്ടിയും ഞരങ്ങുന്നുവെന്ന് വിശ്വാസികൾ അറിയുന്നു (വാ. 22)

2. പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് വിശ്വാസികൾ അറിയുന്നില്ല (വാ. 26)
3. പിതാവ് മനുഷ്യരുടെ ഹൃദയങ്ങളും ആത്മാവിന്റെ മനസ്സും അറിയുന്നു (വാ. 27)
4. സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നുവെന്ന് വിശ്വാസികൾ അറിയുന്നു (വാ. 28)

8:29-30 ഈ വാക്യങ്ങളിലെ ക്രിയാപദങ്ങളെല്ലാം തന്നെ ഭൂതകാല കർത്തരി സൂചകങ്ങളാണ്. അവ അനാദികാലം മുതൽ അനന്ത നിത്യതവരെ എത്തിനില്ക്കുന്ന ഒരു ചങ്ങല തീർക്കുന്നു. ദൈവം നമ്മെ അറിയുകയും ഇപ്പോഴും നമുക്കുവേണ്ടി നില്ക്കുകയും നാം അവനോടൊപ്പമായിരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഇത് വ്യക്തിപരമല്ല, സമൂഹപരമായ സന്ദർഭമാണ്. മഹത്വീകരണത്തിന്റെ അന്ത്യപ്രവൃത്തി ഇനിയും ഭാവിയിൽ സംഭവിക്കേണ്ടതാണ്, എങ്കിലും ഈ സന്ദർഭത്തിൽ അത് പൂർത്തീകരിക്കപ്പെട്ട സംഭവമായി പ്രസ്താവിച്ചിരിക്കുന്നു.

**8:29 "മുന്നറിഞ്ഞവരെ"** പൗലൊസ് ഈ പദം രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്, ഇവിടെയും 11:2 ലും. 11:2 ൽ അതു പരാമർശിക്കുന്നത് അനാദികാലം മുതൽ ദൈവത്തിന് യിസ്രായേലിനോടുള്ള ഉടമ്പടി സ്നേഹത്തെയാണ്. എബ്രായയിൽ "അറിയുക" എന്ന പദം ഒരുവനെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതല്ല ആഴമായതും വ്യക്തിപരമായതുമായ ബന്ധത്തെ സൂചിപ്പിക്കുന്നതാണെന്ന് ഓർക്കുക (ഒ.നോ. ഉല്പ. 4:1; യിരെ. 1:5). ഇവിടെ ഇതിൽ സംഭവങ്ങളുടെ ഒരു ശൃംഖല തന്നെ ഉൾപ്പെട്ടിരിക്കുന്നു (ഒ.നോ. വാ. 29-30). ഈ പദം മുൻനിയമനത്തോടു ബന്ധപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും ദൈവത്തിന്റെ മുന്നറിവ് തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമല്ല എന്നു പറയേണ്ടിയിരിക്കുന്നു, കാരണം അങ്ങനെയായിരുന്നുവെങ്കിൽ തിരഞ്ഞെടുപ്പ് വീഴ്ച സംഭവിച്ച മനുഷ്യവർഗ്ഗത്തിന്റെ ഭാവി പ്രതികരണത്തിന്റെ, അതായത് മാനുഷിക പ്രകടനത്തിന്റെ, അടിസ്ഥാനത്തിലാകുമായിരുന്നു. ഈ പദം പ്രവൃ. 26:5; 1 പത്രൊ. 1:2,20; 2 പത്രൊ. 3:17 എന്നിവിടങ്ങളിലും കാണാം.

**▣ "തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു"** സങ്കീ. 89:27 ൽ "ആദ്യജാതൻ" എന്ന പദം മശിഹായുടെ പേരാണ്. പഴയ നിയമത്തിൽ ആദ്യജാതന്മാർക്ക് പ്രഥമ പരിഗണനയും പദവികളും ഉണ്ടായിരുന്നു. ഈ പദം കൊലൊ. 1:15 ൽ, സൃഷ്ടിപ്പിൽ ക്രിസ്തുവിന്റെ പ്രഥമസ്ഥാനത്തെ സൂചിപ്പിക്കുവാനും കൊലൊ. 1:18 ലും വെളി. 1:5 ലും പുനരുത്ഥാനത്തിൽ യേശുവിന്റെ പ്രഥമസ്ഥാനത്തെ സൂചിപ്പിക്കുവാനും ഉപയോഗിച്ചിരിക്കുന്നു. ഈ വേദഭാഗത്ത്, വിശ്വാസികൾ അവനിലൂടെ പ്രഥമസ്ഥാനത്തേക്കു വന്നിരിക്കുന്നു!

ഈ പദം യേശുവിന്റെ ജഡധാരണത്തെയല്ല, മറിച്ച് യേശുവിനെ ഒരു പുതിയ വംശത്തിന്റെ തലവനായിട്ടും ഒരു പരമ്പരയിലെ ആദ്യവ്യക്തി, നമ്മുടെ വിശ്വാസത്തിന്റെ നായകൻ, വിശ്വാസ കുടുംബത്തിന് പിതാവിന്റെ അനുഗ്രഹങ്ങൾ കൊണ്ടുവരുന്ന വഴി എന്നീ നിലകളിൽ ആണു ചിത്രീകരിക്കുന്നത് (ഒ.നോ. 5:12-21).

## പ്രത്യേക പഠനവിഷയം: ആദ്യജാതൻ

"ആദ്യജാതൻ" (*പ്രോട്ടോടോക്കോസ്*-***πρωτοτοκος***) എന്ന പദം ബൈബിളിൽ വിവിധ അർത്ഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്.

1. അതിന്റെ പഴയ നിയമ പശ്ചാത്തലം സൂചിപ്പിക്കുന്നത് കുടുംബത്തിലെ ആദ്യജാതന്റെ മുൻസ്ഥാനത്തെ സൂചിപ്പിക്കുന്നു (ഒ.നോ. സങ്കീ. 89:27; ലൂക്കൊ. 2:7; റോമ. 8:29; എബ്രാ. 11:28)
2. കൊലൊ. 1:15 ലെ ഉപയോഗം യേശുവിനെ സൃഷ്ടിയുടെ ആദ്യവ്യക്തിയെന്ന നിലയിൽ - സദൃ. 8:22-31 ലെ സൂചന അല്ലെങ്കിൽ സൃഷ്ടിയുടെ മാധ്യമമെന്ന നിലയിൽ (ഒ.നോ. യോഹ. 1:3; 1 കൊരി. 8:6; കൊലൊ. 1:15-16; എബ്രാ. 1:2)
3. കൊലൊ. 1:18; 1 കൊരി. 15:20 ലും (ഇവിടെയും) സൂചിപ്പിക്കുന്നത് യേശു മരിച്ചവരിൽനിന്നുള്ള ആദ്യജാതനാണെന്നാണ്
4. മശിഹായെക്കുറിച്ചുള്ള പഴയ നിയമ നാമം (ഒ.നോ. സങ്കീ. 89:27; എബ്രാ. 1:6; 12:23). യേശുവിന്റെ പ്രഥമസ്ഥാനത്തിന്റെയും കേന്ദ്രസ്ഥാനത്തിന്റെയും നിരവധി വശങ്ങൾ ഒന്നിപ്പിക്കുന്ന പേരാണത്. ഈ സന്ദർഭത്തിൽ #3 ആണ് അല്ലെങ്കിൽ #4 ആണ് ഏറ്റവും അനുയോജ്യം.

**▣ "മുന്നിയമിച്ചുമിരിക്കുന്നു"** "മുന്നറിയുക" (*പ്രോഗിനോസ്കോ*-***προγινοσκω***), "മുൻനിയമിക്കുക" (***προοριζω***-*പ്രൂറിഡ്സോ*) എന്നീ പദങ്ങൾ "മുൻ" എന്ന ഗതി ചേർത്തുള്ള സമസ്ത പദങ്ങളാണ്. അതിനാലവയെ "മുമ്പെ അറിയുക," "മുമ്പെ അടയാളപ്പെടുത്തി വയ്ക്കുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താവുന്നതാണ്. മുൻനിയമനം സംബന്ധിച്ച് പുതിയ നിയമത്തിലുള്ള വ്യക്തമായ ഭാഗങ്ങൾ റോമ. 8:28-30; എഫെ. 1:40; 13:14; റോമ. 9 എന്നിവയാണ്. ഈ ഭാഗങ്ങൾ ദൈവം, മനുഷ്യനുൾപ്പെടെ സകലത്തിന്റെയും പരമാധികാരിയാണെന്ന് ഊന്നിപ്പറയുന്നു. അവൻ സകലത്തിന്റെയും പൂർണ്ണ നിയന്ത്രിതാവാണ്. സമയത്തിനുള്ളിൽ തീർക്കേണ്ട ഒരു വർത്തമാനകാല ദൈവിക പദ്ധതിയുണ്ട്. എന്നിരുന്നാലും ഈ പദ്ധതി അടിച്ചേൽപ്പിക്കപ്പെടുന്നതോ ചിലരെ മാത്രം ഏൽപ്പിക്കുന്നതോ അല്ല. അത് ദൈവത്തിന്റെ പരമാധികാരത്തിലും മുന്നറിവിലും മാത്രമല്ല, അവന്റെ മാറ്റമില്ലാത്ത സ്വഭാവങ്ങളായ സ്നേഹം, കരുണ, അർഹതയില്ലാത്തവരുടെമേൽ പകരുന്ന കൃപ എന്നിവയിലും അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ്.

നമ്മുടെ ആധുനിക വൈയക്തിക വാദം അല്ലെങ്കിൽ നമ്മുടെ സുവിശേഷീകരണ തീക്ഷ്ണത എന്നിവ ഈ അത്ഭുതകരമായ സത്യത്തിന്റെ നിറം കെടുത്താതിരിക്കുവാൻ നാം സൂക്ഷിക്കേണ്ടതാണ്. അഗസ്റ്റിനും

പെലേജിയസും അല്ലെങ്കിൽ കാൽവിനസവും അർമ്മീനിയനിസവും തമ്മിലുള്ള ചരിത്ര പരവുമായ പോരാട്ടത്തിൽ ധ്രുവീകരിക്കപ്പെടാതിരിക്കാൻ നാം നമ്മെത്തന്നെ സൂക്ഷിക്കേണ്ടതാണ്.

മുൻനിയമനമെന്നത് ദൈവത്തിന്റെ സ്നേഹം, കൃപ, കരുണ എന്നിവയെ പരിമിതപ്പെടുത്തു ന്നതിനോ, അല്ലെങ്കിൽ ചിലരെ സുവിശേഷത്തിൽ നിന്നും പുറന്തള്ളുന്നതിനോ ഉദ്ദേശിച്ചുള്ള ഉപദേശമല്ല. വിശ്വാസികളുടെ ലോകവീക്ഷണത്തെ രൂപപ്പെടുത്തി അവരെ ശക്തീകരിക്കുന്നതിനുള്ള ഉപദേശമാണിത്. ദൈവം സകലർക്കും വേണ്ടി ഉള്ളവനാണ് (ഒ.നോ. 1 തിമൊ. 2:4; 2 പത്രൊ. 3:9). ദൈവം സകലത്തിന്റെയും നിയന്ത്രിതാവാണ്. അവനിൽ നിന്നും നമ്മെ വേർപിരിക്കുവാൻ ആർക്ക് അല്ലെങ്കിൽ എന്തിനു കഴിയും (ഒ.നോ. റോമ. 8:31-39)? മനുഷ്യൻ സമയ ബന്ധിതനാണ്; ദൈവമാകട്ടെ സകല ചരിത്രത്തെയും വർത്തമാനകാലമായി കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ വീക്ഷണവും മാനസിക കഴിവുകളും പരിമിതിയുള്ളതാണ്. ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും തമ്മിൽ യാതൊരു വൈരുധ്യവുമില്ല. ഉടമ്പടിയിലധിഷ്ഠിതമായ ഘടനയാണത്. സത്യം വിരുദ്ധ ദ്വന്ദങ്ങളിൽ പറഞ്ഞിരിക്കുന്നതിന്റെ മറ്റൊരു ഉദാഹരണമാണിത് (3:27 ലെ പ്രത്യേക പഠനവിഷയം: പൗരസ്ത്യ സാഹിത്യം കാണുക). വേദപുസ്തക ഉപദേശങ്ങൾ വ്യത്യസ്ത വീക്ഷണങ്ങളിൽ നൽകപ്പെട്ടിരിക്കുന്നു. അവ പലപ്പോഴും വൈരുദ്ധ്യമുള്ളതായി തോന്നാം. വിരുദ്ധ ദ്വന്ദ ജോഡികളുടെ സന്തുലനമാണ് സത്യം. സത്യങ്ങളിൽ ഒന്നിനെ സ്വീകരിച്ചുകൊണ്ട് വൈരുദ്ധ്യം ഇല്ലാതാക്കാൻ നാം ശ്രമിക്കരുത്. ഏതെങ്കിലും വേദപുസ്തക സത്യത്തെ വേറിട്ടു നിർത്തുവാനും പാടില്ല.

തിരഞ്ഞടുപ്പിന്റെ ലക്ഷ്യം നാം മരിക്കുമ്പോൾ സ്വർഗ്ഗത്തിലെത്തുന്നതു മാത്രമല്ല, ഇവിടെവെച്ചു ക്രിസ്ത്യാനുരൂപരാകുക എന്നതുമാണ് എന്ന കാര്യം പരമപ്രധാനമാണ് (ഒ. നോ. റോമ. 8:29; എഫെ. 1:4; 2:10). നാം "വിശുദ്ധരും നിഷ്കളങ്കരും" ആകേണ്ടതിന് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ദൈവം നമ്മെ രൂപാന്തരപ്പെടുത്തുന്നത്, മറ്റുള്ളവർ ആ രൂപാന്തരം കണ്ട് ക്രിസ്തുവിലൂടെ ദൈവത്തിൽ വിശ്വസിക്കുന്നതിനു വേണ്ടിയാണ്. മുൻനിയമനം വ്യക്തിപരമായ ഒരു പദവിയല്ല, മറിച്ച് ഉടമ്പടി പ്രകാരമുള്ള ഉത്തരവാദിത്തമാണ്!

**8:30 "തേജസ്കരിച്ചുമിരിക്കുന്നു"** ദൈവത്തെ പലപ്പോഴും ബൈബിളിൽ "തേജസ്" എന്ന പദം ഉപയോഗിച്ചാണ് വിവരിച്ചിരിക്കുന്നത്. തൂക്കത്തെ സൂചിപ്പിക്കുന്ന "ഭാരമുള്ളത്" എന്ന പഴയനിയമ ആശയത്തോടു ബന്ധപ്പെട്ടതാണിത്. സ്വർണ്ണംപോലെ മുല്യമുള്ളത് എന്ന ആശയമാണിതിനുള്ളത്. 3:23 ലെ പ്രത്യേക പഠനവിഷയം കാണുക. ദൈവശാസ്ത്രപരമായി വാ. 29-30 ൽ പറഞ്ഞിരിക്കുന്ന പടികളുടെ പരമ്പരയിലൂടെ ദൈവം വീണുപോയ മനുഷ്യനെ വീണ്ടെടുക്കുന്നു. അവസാന പടിയാണ് "തേജസ്കരണം." ഇത് വിശ്വാസികളുടെ രക്ഷയുടെ പൂർത്തീകരണമാണ്. അവർക്ക് പുതിയ ആത്മീയ ശരീരം ലഭിക്കുകയും (ഒ.നോ. 1 കൊരി. 15:50-58) ത്രിയേക ദൈവവുമായും അന്യോന്യവും അവർ പൂർണ്ണമായി ഐക്യപ്പെടുകയും (ഒ.നോ. 1 തെസ്സ. 4:13-18; 1 യോഹ. 3:2) ചെയ്യുന്ന പുനരുത്ഥാന ദിനത്തിൽ അതു സംഭവിക്കും.

പലപ്പോഴും വാ. 29-30 ൽ പരാമർശിച്ചിരിക്കുന്ന പ്രക്രിയയെ ഒരു ദൈവശാസ്ത്ര വിഭാഗത്തിൽ ഉൾപ്പെടുത്താറുണ്ട്.

1. നീതീകരണം, വാ. 30 - പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള വിടുതൽ (പുത്രത്വം, അവകാശി, വാ. 16-17)
2. വിശുദ്ധീകരണം, (അതായത് "അവന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുക''), വാ. 29 - പാപത്തിന്റെ ശക്തിയിൽ നിന്നു വിടുവിക്കപ്പെടുക (ക്രിസ്തുതുല്യ ജീവിതം)
3. മഹത്വീകരണം, വാ. 30 - പാപത്തിന്റെ സാന്നിധ്യത്തിൽ നിന്നുള്ള വിടുതൽ (അതാ. സ്വർഗ്ഗം)

**റോമർ 8:31-39**

**[31]ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? ദൈവം നമുക്കു അനുകൂലം എങ്കിൽ നമുക്കു പ്രതികൂലം ആർ? [32]സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്കു നല്കാതിരിക്കുമോ? [33]ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ? [34]ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു. [35]ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? [36]"നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലോ. [37]നാമോ നമ്മെ സ്നേഹിച്ചവൻമുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. [38]മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ [39]ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു.**

**8:31 "ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു?"** ഇതു പൗലൊസിന്റെ അവതരണ രീതിയായ ഡയാട്രൈബിനെ പ്രതിഫലിപ്പിക്കുന്ന ഇഷ്ട പ്രയോഗമാണ് (ഒ.നോ. 3:5; 4:1; 6:1; 7:7; 9:14,30). ഈ ചോദ്യം മുമ്പ് നല്കിയ സത്യങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്. ഏതു മുതലാണ് അത് സൂചിപ്പിക്കുന്നതെന്നേ സംശയമുള്ളു. അത് 3:21-31 മുതലോ 8:1 മുതലോ 8:18 മുതലോ ആയിരിക്കാം ആരംഭിക്കുന്നത്. 8:1 ലെ "അതുകൊണ്ട്" എന്ന പ്രയോ

ഗവും സന്ദർഭവും കണക്കിലെടുത്താൽ 8:18 മുതലുള്ളതാകാം പ്രസക്തം.

▣ **"എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. പാപത്തോടുള്ള നമ്മുടെ സകല പോരാട്ടങ്ങ ളുടെ മധ്യത്തിലും ദൈവം നമുക്ക് അനുകൂലം എന്നത് എത്രയോ അതിശയകരമാണ്!

▣ **"നമുക്കു പ്രതികൂലം ആർ?"** "ആർ" എന്ന സർവ്വനാമം വാ. 33,34,35 ൽ ആവർത്തിച്ചിരിക്കുന്നു. അത് സാത്താനെ സൂചിപ്പിക്കുന്നു (16:20 വരെ അവനെ പേരെടുത്തു പറഞ്ഞിട്ടില്ല). ഈ ഖണ്ഡിക, വാ. 31–39 വരെ, പഴയ നിയമ പ്രവാചകന്മാർ ഉപയോഗിക്കുന്ന ഒരു സാഹിത്യ സങ്കേതം – കോടതി മുറിയുടെ രംഗം – ഉപയോഗ പ്പെടുത്തിയിരിക്കുന്നു (ഒ.നോ. മീഖാ 1, 6). ദൈവം തന്റെ ജനത്തെ ആത്മിക വ്യഭിചാരത്തിന്റെ പേരിൽ കോടതി യിലെത്തിച്ചിരിക്കുന്നു. യെശ. 50:8–9 ന്റെ സൂചനയാണിത്.

നിയമ പദങ്ങൾ ശ്രദ്ധിക്കുക: "പ്രതികൂലം," വാ. 31; "നീതീകരിക്കുക," വാ. 33; "കുറ്റംവിധിക്കുക," വാ. 34; "പക്ഷവാദം ചെയ്യുക," വാ. 34. ദൈവമാണ് ന്യായാധിപതി. ക്രിസ്തുവാണ് പ്രതിഭാഗം വക്കീൽ. സാത്താനാണ് കുറ്റംചുമത്തുന്നവൻ (എങ്കിലും അവൻ നിശബ്ദനാണ്). ദൂതന്മാർ കാണികളായി കോടതിമുറിയിൽ തിങ്ങിനിറ ഞ്ഞിരിക്കുന്നു (ഒ.നോ. 1 കൊരി. 4:9; എഫെ. 2:7; 3:10).

**8:32 "സ്വന്തപുത്രനെ ആദരിക്കാതെ"** പിതാവായ ദൈവം വീണുപോയ മനുഷ്യവർഗ്ഗത്തിന് തന്റെ ഏറ്റവും മിക ച്ചതു നല്കി. അവൻ ഇപ്പോൾ വിശ്വാസികളെ കൈവിടുകയോ അവർക്ക് താണതൊന്നു കൊടുക്കുകയോ ചെയ്യു കയില്ല (ഒ.നോ. യോഹ. 3:16; റോമ. 5:8). പ്രതികാരകനായ പഴയനിയമ ദൈവവും സ്നേഹമുള്ള യേശുവും എന്ന ആശയം എത്ര തെറ്റായതാണ്. ഈ ആത്യന്തിക ദാനത്തെക്കുറിച്ചുള്ള പരാമർശം ഉല്പ. 21:12,16 ൽ അബ്രാ ഹാമിനോടുള്ള ദൈവത്തിന്റെ പ്രസ്താവനയിൽ ധ്വനിക്കുന്നുണ്ട്. അബ്രാഹാമിന്റെ സന്തതിക്കുവേണ്ടിയുള്ള പ്രായ ശ്ചിത്തയാഗം എന്ന ഉപദേശം സ്ഥാപിക്കുവാൻ യെഹൂദ റബ്ബിമാർ ഈ പഴയനിയമ ഭാഗം ഉപയോഗിക്കുന്നുണ്ട്.

▣ **"നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ"** ഈ വേദഭാഗത്തിലെ "എല്ലാവർക്കും" എന്ന പദം സുപ്രധാനമാണ്. യേശു ലോകത്തിന്റെ പാപത്തിനുവേണ്ടി മരിച്ചു (ഒ.നോ. ലൂക്കൊ. 2:10–11; യോഹ. 3:16; 4:42; 11:51; 1 തിമൊ. 4:10; 1 യോഹ. 2:2; 4:14). ഇത് 5:12–21 ല ആദാം-ക്രിസ്തു നിഴൽ പൊരുൾ പഠനത്തെ പ്രതിഫലിപ്പി ക്കുന്നു. യേശുവിന്റെ മരണം പാപപ്രശ്നത്തിനു പരിഹാരം വരുത്തി. ഇപ്പോഴത് "വിശ്വസിക്കുകയും സ്വീകരിക്കു കയും" ചെയ്യുന്നതിന്റെ പ്രശ്നമാണ്.

▣ **"സകലവും നമുക്കു നല്കാതിരിക്കുമോ"** കൃപ എന്നതിനുള്ള ഗ്രീക്കു മൂലപദത്തിൽനിന്നു വന്നതാണ് ഈ വാക്ക്. "സകലവും" എന്നത് വാ. 17 നെ പരാമർശിക്കുന്നു. 3:24 ന്റെ കുറിപ്പു കാണുക.

**8:33–34 "കുറ്റംവിധിക്കുക ... നീതീകരിക്കുക ... ശിക്ഷവിധിക്കുക ... പക്ഷവാദം ചെയ്യുക"** ഇവയെല്ലാം നിയമ പദങ്ങളാണ്. വാ. 31–39 സ്വർഗ്ഗത്തിലെ കോടതി രംഗമാണ്. ഇത് യെശ. 50:8–9 ന്റെ സൂചനയാണ്.

**8:33 "ദൈവം തിരഞ്ഞെടുത്തവരെ"** സകല മനുഷ്യർക്കുംവേണ്ടിയുള്ള ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട മനു ഷ്യനാണ് യേശു (ബാർത്ത്). പുതിയ നിയമത്തിൽ ഇതിനെക്കുറിച്ചുള്ള പൂർണ്ണവും വ്യക്തവുമായ ഭാഗം എഫെ. 1:3–4; റോമ. 9:14–26 ആണ്. യേശു സകലമനുഷ്യരെയും തിരഞ്ഞെടുക്കുന്നതിനായി ദൈവം അവനെ തിരഞ്ഞെ ടുത്തു. വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ "ഇല്ല" എന്നതിനുള്ള ദൈവത്തിന്റെ "അതേ" ആണ് യേശു!

## പ്രത്യേക പഠനവിഷയം: തിരഞ്ഞെടുപ്പും/മുൻനിയമനവും ദൈവശാസ്ത്രപരമായ സന്തുലനത്തിന്റെ ആവശ്യകതയും

തിരഞ്ഞെടുപ്പ് അതിശയകരമായ ഒരു ഉപദേശമാണ് എങ്കിലും അത് മുഖപക്ഷം കാണിക്കുന്നതിനുള്ള ആഹ്വാനമല്ല, മറിച്ച് മറ്റുള്ളവരുടെ വീണ്ടെടുപ്പിനുള്ള മാധ്യമം, ഉപകരണം, അഥവാ ഉപാധി ആകുന്നതിനുള്ള ആഹ്വാനമാണ്. പഴയനിയമത്തിൽ ഈ പദം പ്രാഥമികമായി ശുശ്രൂഷയ്ക്കാണ് ഉപയോഗിച്ചിരുന്നത്. പുതിയ നിയമത്തിലാകട്ടെ ഇതു പ്രാഥമികമായി രക്ഷയ്ക്കാണ് ഉപയോഗിക്കുന്നത്. രക്ഷയെ തുടർന്നാണ് ശുശ്രൂഷ. ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും തമ്മിലുള്ള വൈരുധ്യത്തെ ബൈബിൾ നിരപ്പിക്കുന്നില്ല. മറിച്ച് രണ്ടിനെയും സ്ഥിരീകരിക്കുകയാണ് ചെയ്യുന്നത്. വേദപുസ്തക സംഘർഷത്തിന്റെ മികച്ച ഉദാഹരണം ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പു സംബന്ധിച്ച റോമർ 9 ഉം മനുഷ്യന്റെ അനിവാര്യ പ്രതികരണം സംബന്ധിച്ച റോമർ 10 ഉം ആണ് (ഒ.നോ. 10:11,13).

ഈ ദൈവശാസ്ത്രപരമായ സംഘത്തിന്റെ താക്കോൽ എഫ. 1:14 ൽ കാണാം. യേശു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട മനുഷ്യനും സകലരും അവനിൽ തിരഞ്ഞെടുക്കപ്പെട്ടവരും ആകുന്നു (കാൾബാർത്ത്). വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ ആവശ്യത്തോടുള്ള ദൈവത്തിന്റെ അനുകൂല പ്രതികരണമാണ് യേശു

(കാൾബാത്ത്). മുൻനിയമനത്തിന്റെ ലക്ഷ്യം സ്വർഗ്ഗമല്ല, വിശുദ്ധിയാണ് (ക്രിസ്ത്യാനുരൂപ്യം) എന്ന് ഊന്നിപ്പറയുന്നതിലൂടെ എഫെ. 1:4 ഈ വിഷയം വ്യക്തമാക്കാൻ സഹായിക്കുന്നു. നാം പലപ്പോഴും സുവിശേഷത്തിന്റെ നേട്ടങ്ങളിലേക്ക് ആകർഷിക്കപ്പെടുകയും ഉത്തരവാദിത്വങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ വിളി (തെരെഞ്ഞെടുപ്പ്) ഒരു സമയത്തേക്കും നിത്യതയ്ക്കും വേണ്ടിയാണ്.

ഉപദേശങ്ങൾ നിൽക്കുന്നത് ഏകമായി ബന്ധമില്ലാത്ത സത്യങ്ങളായിട്ടല്ല, മറിച്ച് മറ്റ് സത്യങ്ങളുമായി ബന്ധപ്പെട്ടാണ്. ഒരു നക്ഷത്ര രാശിയും ഒറ്റ നക്ഷത്രവും എന്നത് ഇതിനുദാഹരണമാണ്. ദൈവം സത്യത്തെ വെളിപ്പെടുത്തിയിട്ടുള്ളത് പൗരസ്ത്യ ചിന്താരീതിയിലാണ്, പാശ്ചാത്യ രീതിയിലല്ല. ഉപദേശ സത്യങ്ങളുടെ ദ്വന്ദ (വിശുദ്ധ) ജോഡികൾ ഉളവാക്കുന്ന സംഘർഷത്തെ നാം നീക്കരുത്.

1. മുൻനിയമനം X മാനുഷിക സ്വതന്ത്ര ഇച്ഛ
2. വിശ്വാസികളുടെ ഭദ്രത X സ്ഥിരോത്സാഹത്തിന്റെ ആവശ്യകത
3. മൂലപാപം X മനപ്പൂർവ്വമായ പാപം
4. പാപരാഹിത്യം (പൂർണ്ണത) X പാപം ചെയ്യാതിരിക്കൽ
5. പ്രാരംഭ സത്വര നീതീകരണവും വിശുദ്ധീകരണവും X ക്രമാനുഗത വിശുദ്ധീകരണം
6. ക്രിസ്തീയ സ്വാതന്ത്ര്യം X ക്രിസ്തീയ ഉത്തരവാദിത്വം
7. ദൈവത്തിന്റെ അതീന്ദ്രിയത്വം X ദൈവത്തിന്റെ അന്തർയാമിത്വം
8. ദൈവം ആത്യന്തികമായി അറിയാനാവാത്തവൻ X ദൈവം തിരുവെഴുത്തിലൂടെ ഗ്രഹിക്കാവുന്നവൻ
9. ദൈവരാജ്യം വന്നുകഴിഞ്ഞു X ഭാവിയിലെ പൂർത്തീകരണം
10. മാനസാന്തരം ദൈവിക ദാനമെന്ന നിലയിൽ X മാനസാന്തരം അത്യാവശ്യമായ മാനുഷിക ഉടമ്പടി പ്രതികരണമെന്ന നിലയിൽ
11. യേശു ദൈവം X യേശു മനുഷ്യൻ
12. യേശു പിതാവിനു സമൻ X യേശു പിതാവിനോട് അനുസരണയുള്ളവൻ

"ഉടമ്പടി" എന്ന ദൈവശാസ്ത്ര ആശയം, ദൈവത്തിന്റെ പരമാധികാരത്തെയും (അവൻ എല്ലായ്പോഴും മുൻകയ്യെടുക്കുകയും അജണ്ട നിശ്ചയിക്കുകയും ചെയ്യുന്നു) മനുഷ്യന്റെ ഭാഗത്തുനിന്നും അനിവാര്യമായ പ്രാഥമികവും തുടരുന്നതുമായ മാനസാന്തരത്തെയും ഒരുമിപ്പിക്കുന്നു. വൈരുധ്യത്തിന്റെ ഒരു വശം സ്വീകരിച്ച് മറുവശം നിരാകരിക്കാതിരിക്കുവാൻ ശ്രദ്ധിക്കുക. നിങ്ങളുടെ ഇഷ്ട ഉപദേശത്തെയോ ദൈവശാസ്ത്ര സംവിധാനത്തെയോ മാത്രം ഉയർത്തിക്കാട്ടാതിരിക്കുവാൻ ശ്രദ്ധിക്കുക.

**8:34** ഈ വാക്യം നമുക്ക് എന്തുകൊണ്ട് "ശിക്ഷാവിധിയില്ല" എന്നതിനുള്ള ധാരാളം കാരണങ്ങൾ നിരത്തുന്നു (ഒ.നോ. വാ. 1).

1. അവൻ മരിച്ചു
2. അവൻ ഉയിർത്തെഴുന്നേറ്റു
3. അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു
4. അവൻ വിശ്വാസികൾക്കുവേണ്ടി പക്ഷവാദം കഴിക്കുന്നു

യേശുവിന്റെ മരണം നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ വഹിച്ചിരിക്കുന്നു (ഒ.നോ. യെശ. 53; മർക്കൊ. 10:45; 2 കൊരി. 5:21). യേശുവിന്റെ പുനരുത്ഥാനം കാണിക്കുന്നത്, പിതാവ് പുത്രന്റെ ശുശ്രൂഷ അംഗീകരിച്ചു എന്നും പീഡനത്തിന്റെയും മരണത്തിന്റെയും മുഖത്ത് പ്രത്യാശ നൽകുന്നു (നിദ്രകൊണ്ടവരിൽ ആദ്യഫലമായി) എന്നുമാണ്. പിതാവിന്റെ വലത്തുഭാഗത്ത് യേശു മഹത്വം പ്രാപിച്ചതും വിശ്വാസികൾക്കുവേണ്ടിയുള്ള പക്ഷവാദവും വിശ്വാസത്തിന്റെ നല്ലപോർ പൊരുതുവാൻ അവരെ ശക്തരാക്കുന്നു.

▣ **"ദൈവത്തിന്റെ വലത്തുഭാഗത്ത്"** ഇതൊരു മനുഷ്യരൂപാരോപണപരമായ സാദൃശ്യമാണ് (1:18 ലെ പ്രത്യേക പഠനവിഷയം കാണുക). ദൈവത്തിന് ഒരു ഭൗതിക ശരീരം ഇല്ല. അവൻ "ആത്മാവ്" ആകുന്നു. ഈ സാദൃശ്യം സൂചിപ്പിക്കുന്നത്, ഒരു ശക്തിയുടെ സ്ഥലം, അധികാരം, ഔന്നത്യം എന്നിവയെയാണ്. പൗലൊസ് ഈ സാദൃശ്യം അധികം ഉപയോഗിക്കുന്നില്ല (ഒ.നോ. എഫെ. 1:20; കൊലൊ. 3:1). വാ. 34 ൽ പൗലൊസ് ഒരു ആദിമ ക്രിസ്തീയ വിശ്വാസ പ്രമാണം ഉദ്ധരിക്കുകയായിരിക്കാം (ഒ.നോ. ഫിലി. 2:6 മുതൽ; 1 തിമൊ. 3:16).

▣ **"പക്ഷവാദം കഴിക്കയും ചെയ്യുന്നു"** യേശുവിന്റെ ശുശ്രൂഷ തുടരുന്നു. യേശുവും (ഒ.നോ. എബ്രാ. 4:4-16; 7:25; 9:24; 1 യോഹ. 2:1) പരിശുദ്ധാത്മാവും (വാ. 26-27) നമുക്കുവേണ്ടി പക്ഷവാദം കഴിക്കുന്നു. *പാരാക്ലീറ്റെ* എന്ന പദത്തിൽനിന്നുമാണ് അതു വന്നത്; യോഹ. 14:16 ൽ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുവാനും 1 യോഹ. 2:1 ൽ പുത്രനെ സൂചിപ്പിക്കുവാനും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. കഷ്ടപ്പെടുന്ന ദാസന്റെ ഗീതത്തെക്കുറിച്ചുള്ള മറ്റൊരു സൂചനയാണിത് (ഒ.നോ. യെശ. 53:12).

**8:35 "ക്രിസ്തുവിന്റെ സ്നേഹം"** ഇതു മറ്റൊരു അനുബന്ധ അഥവാ കർമ്മാധിഷ്ഠിത സംബന്ധികാ രൂപമാണ്. ഇത് ഒന്നുകിൽ (1) വിശ്വാസികളോടുള്ള ക്രിസ്തുവിന്റെ സ്നേഹം അല്ലെങ്കിൽ (2) വിശ്വാസികൾക്ക് ക്രിസ്തുവി

നോടുള്ള സ്നേഹം ആകാം. ഒന്നാമത്തേതാണ് ഈ സന്ദർഭത്തിന് അനുയോജ്യം (ഒ.നോ. 2 കൊരി. 5:14). കാരണം ക്രിസ്തുവിനോടുള്ള വിശ്വാസികളുടെ സ്നേഹം വരികയും പോകുകയും ചെയ്യും, എന്നാൽ നമ്മോടുള്ള ക്രിസ്തുവിന്റെ സ്നേഹം ഉറപ്പും സ്ഥിരതയും ഉള്ളതാണ്.

ആ പ്രയോഗവുമായി ബന്ധപ്പെട്ട് കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്.

1. ഒരു പുരാതന കയ്യെഴുത്തു പ്രതിയിൽ "ദൈവത്തിന്റെ സ്നേഹം" എന്നാണ് (ഒ.നോ. കയ്യെഴുത്തു പ്രതി ℵ
2. ഒരു പുരാതന കയ്യെഴുത്തു പ്രതി അവയെ സംയോജിപ്പിക്കുന്നു "ക്രിസ്തുവിലുള്ള ദൈവസ്നേഹം" (ഒ.നോ. കയ്യെഴുത്തു പ്രതി B )
3. UBS[4] "ക്രിസ്തുവിന്റെ സ്നേഹം" എന്നതിന് "A" റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു. കയ്യെഴുത്തു പ്രതികൾ C, D, F, G എന്നിവയിലും പുരാതന ലാറ്റിൻ, വൾഗേറ്റ്, പെഷീത്താ എന്നിവയിലും ഇങ്ങനെയാണ്.

▣ **"കഷ്ടതയോ സങ്കടമോ ഉപദ്രവമോ"** വിശ്വാസികൾ ലോകത്തിൽ പ്രശ്നങ്ങളുണ്ട്, എന്നാൽ ഈ പ്രശ്നങ്ങൾക്കോ ദുഷ്ടശക്തികൾക്കോ അവരെ ദൈവത്തിൽ നിന്നും വേർപിരിക്കുവാൻ കഴികയില്ല. 5:3 ലെ പ്രത്യേക പഠന വിഷയം: കഷ്ടത (Tribulation) കാണുക.

**8:36** ഇത് സങ്കീ. 44:22 ൽ നിന്നുള്ള ഉദ്ധരണിയാണ്. ഈ സങ്കീർത്തനത്തിൽ കഷ്ടതയനുഭവിക്കുന്ന തന്റെ ജനത്തെ വിടുവിക്കാൻ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നു.

▣ **"നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം"** സർവ്വനാമം പിതാവിനെയോ പുത്രനെയോ സൂചിപ്പിക്കുന്നു.

**8:37**
**NASB** **"ഇതിൽ ഒക്കെയും അത്യധികമായി ജയം പ്രാപിക്കുന്നു"**
**NKJV** **"ഇതിൽ ഒക്കെയും ഞങ്ങൾ പൂർണ്ണജയാളികളാകുന്നു"**
**NRSV** **"ഇല്ല, ഇതിൽ ഒക്കെയും ഞങ്ങൾ പൂർണ്ണജയാളികളാകുന്നു"**
**TEV** **"ഇല്ല, ഇതിൽ ഒക്കെയും ഞങ്ങൾക്ക് അവൻമൂലം പൂർണ്ണജയമുണ്ട്"**
**NJB** **"ഞങ്ങൾ ജയം ഘോഷിക്കുന്ന പരീക്ഷകളാണിവ"**

"ജയിക്കുക" എന്നതിന്റെ അതിശക്തമായ രൂപമാണിത്. പൗലൊസ് ഈ പദം നിർമ്മിച്ചതാകാനാണു സാധ്യത (*ഹൂപെർ + നിക്കാഓ*). "ജയാളിയായ ആട്" എന്നർത്ഥമുള്ള അതിശയകരമായ സാദൃശ്യമാണിത്. വിശ്വാസികൾ ക്രിസ്തുവിലൂടെ ജയാളികളാണ് (ഒ.നോ. യോഹ. 16:33; 1 യോഹ. 2:13-14; 4:4; 5:4). 1:30 ലെ പ്രത്യേക പഠനവിഷയം: *"ഹൂപെർ"* സംയുക്തത്തിന്റെ ഉപയോഗം പൗലൊസിന്റെ എഴുത്തുകളിൽ, കാണുക.

**8:38 "ദൂതന്മാർക്കോ"** ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹത്തിലും കരുതലിലും ദൂതന്മാർ അസൂയാലുക്കളാണെന്നും അതിനാൽ അവർ മനുഷ്യരോടു ശത്രുത്വം പുലർത്തുന്നുവെന്നും റബ്ബിമാർ വിശ്വസിച്ചിരുന്നു. ശത്രുക്കളായ ദൂതന്മാരുടെ മണ്ഡലത്തിലൂടെ (അഥവാ *എയിയോണുകൾ*) കടന്നുപോകാനുള്ള രഹസ്യകോഡ് ലഭിക്കുന്നതിലൂടെ മാത്രമേ രക്ഷ സാധ്യമാകയുള്ളുവെന്ന് ജ്ഞാനവാദ ദുരുപദേഷ്ടാക്കൾ പഠിപ്പിച്ചു (കൊലൊസ്യലേഖനവും എഫെസ്യലേഖനവും). ദൂതന്മാരെ സൂചിപ്പിക്കുവാൻ പൗലൊസ് ഉപയോഗിച്ചിരിക്കുന്ന പദങ്ങളുടെ പട്ടിക ജോർജ്ജ് എൽഡൺ ലാഡ് തന്റെ *എ തിയോളജി ഓഫ് ദ ന്യൂടെസ്റ്റമെന്റ്* എന്ന ഗ്രന്ഥത്തിൽ നൽകിയിട്ടുണ്ട്.

"പൗലൊസ് നല്ല ദൂതന്മാരെക്കുറിച്ചും ദുഷ്ട ദൂതന്മാരെക്കുറിച്ചും, സാത്താനെക്കുറിച്ചും പിശചുക്കളെക്കുറിച്ചും പറയുക മാത്രമല്ല, ദൂത ആത്മാക്കളുടെ റാങ്ക് വിവരിക്കുന്നതിനായി മറ്റൊരു പദസഞ്ചയവും അവൻ ഉപയോഗിക്കുന്നുണ്ട്:

"വാഴ്ച" [*ആർക്കെ*-***αρχε***], 1 കൊരി. 15:24; എഫെ. 1:21; കൊലൊ. 2:10
"വാഴ്ചകൾ" [*ആർക്കായി*-***αρχαι***], എഫെ. 3:10; 6:12; കൊലൊ. 1:16; 2:15; റോമ. 8:38
"അധികാരം" [*എക്സൂസിയ*-***εξουσια***], 1 കൊരി. 15:24; എഫെ. 1:21; കൊലൊ. 2:10
"അധികാരങ്ങൾ" [*എക്സൂസിയായി*-***εξουσιαι***], എഫെ. 3:10; 6:12; കൊലൊ. 1:16; 2:15
"ശക്തി" [*ഡുനാമിസ്*-***δυναμις***], 1 കൊരി. 15:24; എഫെ. 1:21
"ശക്തികൾ/അധികാരങ്ങൾ" [*ഡുനാമെയിസ്*-***δυναμεις***], റോമ. 8:38
"സിംഹാസനങ്ങൾ" [*ത്രോണോയി*-***θρονοι***], കൊലൊ. 1:16
"കർത്തൃത്വം" [*കൂറിയോട്ടെസ്*-***κυριοτες***], എഫെ. 1:21
"കർത്തൃത്വങ്ങൾ" [*കൂറിയോട്ടെറ്റെസ്*-***κυριοτετες***], കൊലൊ. 1:16
"ഈ അന്ധകാരത്തിന്റെ ലോകാധിപതി," എഫെ. 6:12
"സകല നാമവും," എഫെ. 1:21
"സ്വർലോകരും ഭൂലോകരും അധോലോകരും," ഫിലി. 2:10" (പേജ് 401).

പഴയ നിയമത്തിലെ വീണുപോയ ദൂതന്മാർ എപ്രകാരമാണ് പുതിയനിയമത്തിലെ പൈശാചിക ശക്തികളോടു ബന്ധപ്പെട്ടിരിക്കുന്നത് എന്നതു സംബന്ധിച്ച് നേരിട്ടുള്ള പരാമർശങ്ങൾ ഒന്നും തന്നെയില്ല. അവയെ ഒന്നുതന്നെയായിട്ടാണ് പലരും കാണുന്നത്. യെഹൂദ വെളിപ്പാടു സാഹിത്യത്തിൽ പിശാചുക്കൾ ഉല്പത്തി 6 ലെ പാതി മനുഷ്യരും പാതി ദൂതന്മാരുമായ മല്ലന്മാരുടെ (*നെഫിലിം*) ആത്മാക്കളാണ്. അവരുടെ ശരീരങ്ങൾ ജലപ്രളയത്തിൽ നശിപ്പിക്കപ്പെട്ടതിനാൽ അവർ അധിവാസത്തിനു ശരീരം അന്വേഷിക്കുന്നു! ഇത് ഊഹാപോഹം മാത്രമാണ്. അവയുടെ ഉത്ഭവത്തെ സംബന്ധിച്ചുള്ള നമ്മുടെ ചോദ്യങ്ങൾക്ക് ബൈബിൾ ഉത്തരം നൽകുന്നില്ല. ബൈബിളിന്റെ

ലക്ഷ്യം മാനവരാശിയുടെ വീണ്ടെടുപ്പാണ് അല്ലാതെ അവരുടെ ജിജ്ഞാസയെ ശമിപ്പിക്കലല്ല!

▣ **"വാഴ്ചകൾക്കോ അധികാരങ്ങൾക്കോ"** ഇതു സൂചിപ്പിക്കുന്നത് (1) ഈ യുഗത്തിലെ ദുഷ്ട ദൂതന്മാർ അഥവാ പൈശാചിക ശക്തികൾ (ഒ.നോ. എഫെ. 2:2; 6:12; 1 കൊരി. 15:24; കൊലൊ. 1:16) അല്ലെങ്കിൽ (2) മനുഷ്യനെ ദൈവത്തിൽ നിന്നു അകറ്റി സ്വയം പര്യാപ്തതയ്ക്കു സഹായിക്കുന്ന വീഴ്ച സംഭവിച്ച ലോകത്തിന്റെ അടിസ്ഥാന ഭൗതിക ഘടന (മതം, ഭരണസംവിധാനം, വിദ്യാഭ്യാസം, ചികിത്സ ആദി.) (Hendrickus Berkhoff, *Principalities and Powers*) 13:1 ന്റെ കുറിപ്പു കാണുക.

## പ്രത്യേക പഠനവിഷയം: *ആർക്കെ* (*αρχη*)

"ആധിപത്യം" എന്നത് "തുടക്കം" അല്ലെങ്കിൽ ഒന്നിന്റെ "ഉത്ഭവം" എന്നർത്ഥം വരുന്ന *ആർക്കെ* എന്ന ഗ്രീക്ക് പദമാണ്

1. സൃഷ്ടിയുടെ ക്രമത്തിന്റെ ആരംഭം (ഒ. നോ. യോഹ. 1:1; 1 യോഹ. 1:1; എബ്രാ. 1:10)
2. സുവിശേഷത്തിന്റെ ആരംഭം (ഒ. നോ. മർക്കൊ. 1:1; ഫിലി. 4:15; 2 തെസ്സ. 2:13; എബ്രാ. 2:3)
3. ഒന്നാമത്തെ ദൃക്സാക്ഷികൾ (ഒ. നോ. ലൂക്കൊസ് 1:2)
4. അടയാളങ്ങളുടെ ആരംഭം (അത്ഭുതങ്ങൾ, ഒ. നോ. യോഹ. 2:11)
5. ആരംഭ തത്വങ്ങൾ (ഒ. നോ. എബ്രാ. 5:12)
6. സുവിശേഷ സത്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ആരംഭ ഉറപ്പ് (ഒ. നോ. എബ്രാ. 3:14)
7. ആരംഭം (ഒ. നോ. കൊലൊ. 1:18; വെളി. 3:14)

ഇത് താഴെപ്പറയുന്നവരുടെ "ഭരണത്തെയോ" "അധികാരത്തെയോ" സൂചിപ്പിക്കുന്നതിന് ഉപയോഗിക്കപ്പെട്ടു

1. മാനുഷിക ഭരണാധികാരികൾ
   a. ലൂക്കൊസ് 12:11
   b. ലൂക്കൊസ് 20:20
   c. റോമർ 13:3; തീത്തൊസ് 3:1
2. ദൂത വൃന്ദങ്ങൾ
   a. റോമർ 8:38
   b. 1 കൊരി. 15:24
   c. എഫെ. 1:21; 3:10; 6:12
   d. കൊലൊ. 1:16; 2:10,15
   e. യൂദാ വാ. 6

ഈ ദുരുപദേശക്കാർ ഭൗതികവും സ്വർഗ്ഗീയവുമായ എല്ലാ അധികാരങ്ങളെയും നിന്ദിക്കുന്നു. അവർ പ്രമാണ വിരുദ്ധരായ ദുർമാർഗ്ഗികളാണ്. അവർ തങ്ങൾക്കും തങ്ങളുടെ ആഗ്രഹങ്ങൾക്കും ദൈവം, ദൂതന്മാർ, ഭരണാധികാരികൾ, സഭാ നേതാക്കൾ എന്നിവരെക്കാൾ പ്രഥമ സ്ഥാനം നൽകുന്നു.

**8:39 "ഉയരത്തിന്നോ ആഴത്തിന്നോ"** നക്ഷത്രമണ്ഡലത്തിന്റെ വ്യാപ്തിയെ സൂചിപ്പിക്കുവാനാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത് - അവ മനുഷ്യനെ സ്വാധീനിക്കുന്ന ദേവന്മാരായി സങ്കല്പിക്കപ്പെട്ടിരിക്കുന്നു (ജ്യോതിഷം). പില്ക്കാലത്ത് അവ ജ്ഞാനവാദ ദുരുപദേശത്തിൽ, പരിശുദ്ധ ദൈവത്തിനും പാപപങ്കിലമായ വസ്തുവിനെ നിർമ്മിച്ച താണദൈവത്തിനും ഇടയിലുള്ള ദൂതമണ്ഡലത്തെ (എയിയോണുകൾ) സൂചിപ്പിക്കുന്നതിനുള്ള സാങ്കേതിക പദങ്ങളായി മാറി.

▣ **"മറ്റു യാതൊരു സൃഷ്ടിക്കോ"** ഇത് "മറ്റൊരു ഇനത്തിൽ പെടുന്ന സൃഷ്ടി" (*ഹെറ്ററോസ്*-***ἑτερος***) ആണ്. ഇത് ദൂതഗണത്തെ സൂചിപ്പിക്കുന്ന മറ്റൊരു പ്രയോഗമാകാം എന്നാണ് സന്ദർഭം സൂചിപ്പിക്കുന്നത്. മറ്റൊരു ഇനത്തിൽ പെടുന്ന ഒന്ന് എന്നർത്ഥമുള്ള ഗ്രീക്ക് പദം *ഹെറ്ററോസും* (***ἑτερος***), അതേ ഇനത്തിൽ പെടുന്ന മറ്റൊന്ന് എന്നർത്ഥമുള്ള ഗ്രീക്ക് പദം *അല്ലോസും* (***αλλος***) കൊയ്നേ ഗ്രീക്കിൽ പ്രചാരത്തിലില്ലാത്തതായി മാറിയിരുന്നുവെങ്കിലും ഈ സന്ദർഭം ഒരു വ്യത്യാസം സൂചിപ്പിക്കുന്നുണ്ട്.

▣ **"ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല"** ഉറപ്പിന്റെ എത്ര അതിശയകരമായ ഒരു പ്രസ്താവനയാണിത്! ഈ അധ്യായം ശിക്ഷാവിധിയില്ല എന്നു പ്രസ്താവിച്ചുകൊണ്ട് ആരംഭിക്കുകയും വേർപാട് ഇല്ല എന്നു പ്രസ്താവിച്ചുകൊണ്ട് അവസാനിക്കുകയും ചെയ്യുന്നു. വിശ്വാസിയുടെ രക്ഷയെ എടുത്തുകളയാൻ ആർക്കും സാധ്യമല്ല. എന്നിരുന്നാലും പ്രാരംഭമായും (ഒ.നോ. 3:21-32) തുടർമാനമായും (അധ്യായങ്ങൾ 4-8) പ്രതികരിക്കുവാനുള്ള ഉത്തരവാദിത്വം ഒരുവനുണ്ട്. ആത്മാവാണ് താക്കോൽ, എങ്കിലും ഉടമ്പടി പ്രതികരണത്തിനുള്ള വ്യവസ്ഥ അതിലുണ്ട്. അനുസരണവും സ്ഥിരോത്സാഹവും പോലെ മാനസാന്തരവും വിശ്വാസവും ആവശ്യമാണ് (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 3:16,19; 20:21)!

▣ **"എന്നു ഞാൻ ഉറെച്ചിരിക്കുന്നു"** ഇതൊരു പൂർണ്ണ കർമ്മണി സൂചകമാണ്, അർത്ഥം "ഞാൻ ഉറച്ചിരിക്കുകയും തുടർന്നും ഉറച്ചു മുന്നോട്ടുപോകയും ചെയ്യുന്നു."

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. അധ്യായം 8 എങ്ങനെയാണ് അധ്യായം 7 നോടു ബന്ധപ്പെട്ടിരിക്കുന്നത്?
2. ശിക്ഷാവിധി ഇല്ലെങ്കിൽ എങ്ങനെയാണ് പാപം വിശ്വാസിയുടെ ജീവിതത്തെ ബാധിക്കുന്നത്?
3. വിശ്വാസിയിൽ ആത്മാവാണോ യേശുവാണോ വസിക്കുന്നത് (വാ. 9)?
4. പ്രകൃതി എങ്ങനെയാണ് മനുഷ്യന്റെ പാപത്താൽ ബാധിക്കപ്പെട്ടത് (വാ. 19–22)? പ്രകൃതി സ്വർഗ്ഗത്തിന്റെ ഭാഗമായിരിക്കുമോ (ഒ.നോ. യെശ. 11:6–10)?
5. ആത്മാവ് നമുക്കുവേണ്ടി എങ്ങനെയാണു പ്രാർത്ഥിക്കുന്നത് (വാ. 26–27)? ഇത് "അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കുറിച്ച്" ആണോ?
6. ഈ ദുഷ്ടലോകത്തിൽ സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു എന്ന് എങ്ങനെയാണ് ബൈബിളിനു പറയാൻ കഴിയുന്നത് (വാ. 28)? "നന്മ" നിർവചിക്കുക (വാ. 29).
7. വാ. 30 ലെ ദൈവശാസ്ത്ര സംഭവങ്ങളിൽനിന്നും വിശുദ്ധീകരണത്തെ ഒഴിവാക്കിയത് എന്തുകൊണ്ട്?
8. വാ. 31–39 ഒരു കോടതി രംഗമാണെന്നു പറയുന്നത് എന്തുകൊണ്ട്?
9. വാ. 34 യേശുവിനെക്കുറിച്ചു പറയുന്ന നാലു കാര്യങ്ങൾ എഴുതുക.

# റോമർ 9

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ദൈവിക തിരഞ്ഞെടുപ്പ് | യിസ്രായേൽ ക്രിസ്തുവിനെ നിരസിക്കുന്നത് | യിസ്രായേലിന്റെ അവിശ്വാസം എന്ന പ്രശ്നം | ദൈവവും തന്റെ ജനവും | യിസ്രായേലിന്റെ ഭാഗ്യപദവി |
| 9:1-5 | 9:1-5 | 9:1-5 | 9:1-5 | 9:1-5 |
| | യിസ്രായേലിനെ തള്ളിക്കളയുന്നതും ദൈവിക പദ്ധതിയും | യിസ്രായേലിനോടുള്ള ദൈവിക വാഗ്ദത്തം ഇല്ലാതാകുന്നില്ല | | ദൈവം തന്റെ വാഗ്ദത്തം പാലിച്ചു |
| 9:6-13 | 9:6-13 | 9:6-13 | 9:6-9 | 9:6-13 |
| | | | 9:10-13 | |
| | യിസ്രായേലിനെ തള്ളിക്കളയുന്നതും ദൈവിക നീതിയും | തിരഞ്ഞെടുപ്പിനുള്ള ദൈവിക അവകാശം | | ദൈവം അനീതിയുള്ളവനല്ല |
| 9:14-18 | 9:14-29 | 9:14-18 | 9:14-18 | 9:14-18 |
| ദൈവത്തിന്റെ കോപവും കരുണയും | | | ദൈവത്തിന്റെ കോപവും കരുണയും | |
| 9:19-29 | | 9:19-26 | 9:19-21 | 9:19-21 |
| | | | 9:22-29 | 9:22-24 |
| | | | | സകലവും പ.നി.ൽ മുന്നറിയിച്ചിരുന്നു |
| | | | | 9:25-29 |
| | | 9:27-29 | | |
| യിസ്രായേലും സുവിശേഷവും | യിസ്രായേലിന്റെ വർത്തമാനകാല | യഥാർത്ഥ നീതി വിശ്വാസത്താലാണ് | യിസ്രായേലും സുവിശേഷവും | |
| 9:30-10:4 | 9:30-33 | 9:30-10:4 | 9:30-10:4 | 9:30-33 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# അധ്യായങ്ങൾ 9–10 ന് അധ്യായങ്ങൾ 1–8 നോടുള്ള ബന്ധം

A. അധ്യായം 1–8 നോട് ഈ സാഹിത്യ ഘടകത്തിനുള്ള ബന്ധം മനസ്സിലാക്കാൻ രണ്ടു വഴികളാണുള്ളത്.

1. അത് തികച്ചും വ്യത്യസ്തമായ ഒരു ഭാഗമാണ്, ദൈവശാസ്ത്ര സംബന്ധമായി ഇടയ്ക്കുചേർത്ത ഒരു ഭാഗം
   a. 8:39 ഉം 9:1 ഉമായി ഗൗരവമായ വൈരുദ്ധ്യവും യുക്തിപരമായ ബന്ധമില്ലായ്മയും കാണാം.
   b. അത് റോമിലെ സഭയിൽ വിശ്വാസികളായ യെഹൂദന്മാരും വിശ്വാസികളായ ജാതികളും തമ്മിൽ നിലനിന്നിരുന്ന ചരിത്രപരമായ സംഘർഷത്തോടു നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. സഭയിൽ വർദ്ധിച്ചുവരുന്ന ജാതീയ നേതൃത്വത്തോട് അതു ബന്ധപ്പെട്ടിരിക്കാൻ സാധ്യതയുണ്ട്.
   c. യിസ്രായേലിനെ സംബന്ധിച്ചുള്ള (ന്യായപ്രമാണത്തെയും) പൗലൊസിന്റെ പ്രസംഗത്തെയും അവന്റെ ജാതികളുടെ അപ്പൊസ്തലൻ എന്ന പദവിയെയും (സൗജന്യകൃപയുടെ വാഗ്ദാനം) കുറിച്ച് തെറ്റിദ്ധാരണയുണ്ടായിരുന്നു; അതിനാൽ അവൻ ഈ വിഷയത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുന്നു.
2. പൗലൊസിന്റെ സുവിശേഷ അവതരണത്തിന്റെ മൂർദ്ധന്യാവസ്ഥയും യുക്തിപരമായ ഉപസംഹാരവുമാണിത്.
   a. പൗലൊസ് 8–ാം അധ്യായം അവസാനിപ്പിക്കുന്നത് “ദൈവസ്നേഹത്തിൽനിന്നും വേർപിരിക്കാൻ കഴികയില്ല” എന്നു പറഞ്ഞുകൊണ്ടാണ്. ഉടമ്പടി ജനതയുടെ അവിശ്വാസത്തെപ്പറ്റി എന്താണു പറയാനുള്ളത്?
   b. യിസ്രായേലിന്റെ അവിശ്വാസത്തെ സംബന്ധിച്ച് സുവിശേഷത്തിന്റെ വൈരുദ്ധ്യത്തിന് അ. 9–11 മറുപടി പറയുന്നു.
   c. പൗലൊസ് ഈ വിഷയം ഈ ലേഖനത്തിലുടനീളം കൈകാര്യം ചെയ്യുന്നു (ഒ.നോ. 1:3,16; 3:21,31 & 4:1 മുതൽ)
   d. ദൈവം തന്റെ വചനത്തോടു വിശ്വസ്തനാണെന്ന് പൗലൊസ് അവകാശപ്പെടുന്നു. യിസ്രായേലിനോടുള്ള അവന്റെ പഴയ നിയമ വചനങ്ങളുടെ കാര്യം എപ്രകാരമാണ്? ആ വാഗ്ദത്തങ്ങൾ എല്ലാം വൃഥാവായിപ്പോയോ?

B. ഈ സാഹിത്യ ഘടകത്തിനു രൂപരേഖ തയ്യാറാക്കാൻ സാധ്യമായ ധാരാളം വഴികളുണ്ട്

1. പൗലൊസ് സാങ്കല്പിക പ്രതിവാദിയെ ഉപയോഗിക്കുന്നതിന്റെ അടിസ്ഥാനത്തിൽ
   a. 9:6
   b. 9:14
   c. 9:19
   d. 9:30
   e. 11:1
   f. 11:11
2. റോമ. 9–11 ഒരു സാഹിത്യ ഘടകമാണ് (അധ്യായവും വാക്യങ്ങളും ദൈവനിശ്വാസീയമല്ല, പിന്നീട് ചേർത്തതാണ്). അത് ഒന്നായിട്ടുവേണം വ്യാഖ്യാനിക്കുവാൻ. എങ്കിലും കുറഞ്ഞത് മൂന്നു പ്രധാന വിഷയ വിഭജനങ്ങളുണ്ട്.
   a. 9:1–29 (ദൈവത്തിന്റെ പരമാധികാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു)
   b. 9:30–10:21 (മനുഷ്യന്റെ ഉത്തരവാദിത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു)
   c. 11:1–32 (ദൈവത്തിന്റെ എല്ലാവരെയും ഉൾക്കൊള്ളിക്കുന്ന, നിത്യമായ, വീണ്ടെടുപ്പിൻ ഉദ്ദേശ്യം)
3. പ്രധാന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ: റോമാലേഖനത്തിന്റെ ഈ ഭാഗത്തിന്റെ ഒരു നല്ല രൂപരേഖ തോമസ് നെൽസൺ പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച NKJV യുടെ ഖണ്ഡിക വിഭജനത്തിൽ കാണാൻ കഴിയും.
   a. യിസ്രായേൽ ക്രിസ്തുവിനെ തള്ളിക്കളയുന്നത്, 9:1–5
   b. യിസ്രായേൽ ദൈവികോദ്ദേശ്യത്തെ തള്ളിക്കളയുന്നത്, 9:6–13
   c. യിസ്രായേൽ ദൈവിക നീതിയെ തള്ളിക്കളയുന്നത്, 9:14–29
   d. യിസ്രായേലിന്റെ വർത്തമാനകാല അവസ്ഥ, 9:30–33
   e. യിസ്രായേലും സുവിശേഷവും, 10:1–13
   f. യിസ്രായേൽ സുവിശേഷത്തെ തള്ളിക്കളയുന്നത്, 10:14–21
   g. യിസ്രായേലിന്റെ തള്ളിക്കളയൽ പൂർണ്ണമല്ല, 11:1–10
   h. യിസ്രായേലിന്റെ തള്ളിക്കളയൽ അന്തിമമല്ല, 11:11–36

C. ഈ ഭാഗം മനസ്സിൽനിന്നുള്ള ഒരു അവതരണം (യുക്തിപരമായ രൂപരേഖ) പോലെ തന്നെ ഹൃദയത്തിൽനിന്നുള്ള ഒരു നിലവിളിയുംകൂടെയാണ്. അതിന്റെ തീക്ഷ്ണത നമ്മെ ഓർമ്മിപ്പിക്കുന്നത് ഹോശേയ 11:1–4,8–9 ൽ യിസ്രായേലിന്റ മത്സരം നിമിത്തമുള്ള ദൈവത്തിന്റെ ഹൃദയത്തിന്റെ തകർച്ചയെയാണ്.

അനേക വിധത്തിൽ അധ്യായം 7 ൽ കാണുന്ന ന്യായപ്രമാണത്തിന്റെ വേദനയുടെയും നന്മയുടെയും സമാന്തരം അധ്യായം 9–10 ൽ കാണാം. രണ്ടിടത്തും ജീവനു പകരം മരണം കൊണ്ടുവരുന്ന ദൈവിക നിയമത്തിന്റെ വൈരുദ്ധ്യത്തിൽ പൗലൊസിന്റെ ഹൃദയം തകരുന്നതായി കാണാം!

D. അധ്യായം 9–11 ൽ പൗലൊസ് ഉപയോഗിക്കുന്ന 25 ലധികം പഴയ നിയമ ഉദ്ധരണികൾ കാണിക്കുന്നത്, അധ്യായം 4 ൽ അവൻ ചെയ്തതുപോലെ യിസ്രായേലിന്റെ വൈരുദ്ധ്യത്തെ വർത്തമാനകാല വിഷയങ്ങളുടെ അടിസ്ഥാനത്തിലല്ല, പഴയ നിയമ തിരുവെഴുത്തിലൂടെ ചിത്രീകരിക്കാനുള്ള അവന്റെ ആഗ്രഹത്തെയാണ്. പഴയ കാലത്തുപോലും അബ്രാഹാമിന്റെ സന്തതിയിൽ ഭൂരിഭാഗവും ദൈവത്തെ ഉപേക്ഷിച്ചു (ഒ. നോ. പ്രവൃ. 7; നെഹെ. 9).

E. ഈ വേദഭാഗം, എഫെ. 1:3–14 പോലെ സകല മനുഷ്യവർഗ്ഗത്തിന്റെയും വീണ്ടെടുപ്പിലുള്ള ദൈവത്തിന്റെ നിത്യമായ ഉദ്ദേശ്യത്തെ പ്രതിപാദിക്കുന്നു. ആദ്യം അത്, ദൈവം ചില വ്യക്തികളെ തിരഞ്ഞെടുക്കുകയും മറ്റു വ്യക്തികളെ തള്ളിക്കളയുകയും ചെയ്യുന്നതിനെ വിവരിക്കുകയാണെന്നു തോന്നും (സുപ്രാലാപ്സേറിയൻ കാൽവിനിസം), എങ്കിലും ശ്രദ്ധാകേന്ദ്രം വ്യക്തികളല്ല, വീണ്ടെടുപ്പു സംബന്ധിച്ച ദൈവത്തിന്റെ നിത്യപദ്ധതിയിലാണെന്നാണു ഞാൻ ചിന്തിക്കുന്നത് (ഒ.നോ. ഉല്പ. 3:15; 12:3; പ്രവൃ. 2:23;3:18; 4:28; 13:29, 8:28 ലെ പ്രത്യേക പഠനവിഷയം കാണുക.

ജോസഫ് എ. ഫിറ്റ്സ്മെയർ & റെയ്മണ്ട് ഈ ബ്രൗൺ എഡിറ്റുചെയ്ത *ജെറോം ബൈബിൾ കമന്ററി*, വാല്യം 2, "പുതിയ നിയമം" ഇപ്രകാരം പറയുന്നു:

> "പൗലൊസിന്റെ കാഴ്ചപ്പാട് സാമൂഹികം ആണെന്ന് പശ്ചാത്തലത്തിൽ നിന്നും ഗ്രഹിക്കേണ്ടത് സുപ്രധാനമാണ്; വ്യക്തികളുടെ ഉത്തരവാദിത്വത്തെക്കുറിച്ചല്ല അവൻ ചർച്ച ചെയ്യുന്നത്. ദൈവിക മുൻനിയമനം സംബന്ധിച്ച ചോദ്യം അവൻ ഉയർത്തിക്കൊണ്ടുവരുന്നുവെങ്കിൽ, മഹത്വത്തിലേക്കുള്ള വ്യക്തികളുടെ മുൻനിയമനവുമായി അതിനൊരിക്കലും ബന്ധമില്ല" (പേജ് 318).

# അധ്യായം 9 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. എത്ര വലിയ വ്യത്യാസമാണ് അധ്യായം 8 നും 9 നും തമ്മിലുള്ളത്.

B. ഈ സാഹിത്യഘടകം (9–11) ദൈവശാസ്ത്രപരമായി പ്രതിപാദിക്കുന്നത്
1. രക്ഷയുടെ അടിസ്ഥാനം
2. ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ ഉദ്ദേശ്യം
3. അവിശ്വാസ യിസ്രായേലിന്റെ അവിശ്വസ്തതയും യഹോവയുടെ വിശ്വസ്തതയും
4. യേശുവിന്റെ വീണ്ടെടുപ്പിൽ സകല മാനവരാശിയും ഉൾപ്പെടുന്നത്

C. അധ്യായം 9, ദൈവത്തിന്റെ പരമാധികാരം സംബന്ധിച്ച് പുതിയനിയമത്തിലെ ഏറ്റവും ശക്തമായ വേദഭാഗങ്ങളിൽ ഒന്നായിരിക്കുമ്പോൾ (അതാ. മറ്റേത് എഫെ. 1:3–14), അധ്യായം 10, മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയെ വ്യക്തമായും ആവർത്തിച്ചും പ്രതിപാദിക്കുന്നു (ഒ.നോ. "ഏവനും" വാ. 4,13; "ഒരുത്തനും," വാ. 11; "എല്ലാവർക്കും," വാ. 12[2 പ്രാവശ്യം]. പൗലൊസ് ഒരിക്കലും ഈ ദൈവശാസ്ത്രപരമായ സംഘർഷത്തെ നിരപ്പിക്കാൻ ശ്രമിക്കുന്നില്ല. അവ രണ്ടും സത്യമാണ്! മിക്ക വേദപുസ്തക ഉപദേശങ്ങളും വൈരുദ്ധ്യാത്മകമായതോ ദ്വന്ദ്വമായതോ ആയ ജോഡികളായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ദൈവശാസ്ത്രത്തിന്റെ മിക്ക സംവിധാനങ്ങളും യുക്തിപരമാണെങ്കിലും വാക്യത്തെളിവ് എടുക്കുന്നത് ഒരു സത്യത്തെ മാത്രമേ വെളിപ്പെടുത്തുകയുള്ളു. അഗസ്റ്റീനിയനിസത്തിലും കാൽവിനിസത്തിലും സെമി-പെലേജിയനിസത്തിലും അർമ്മീനിയനിസത്തിലും യാഥാർത്ഥ്യവും തെറ്റും അടങ്ങിയിട്ടുണ്ട്. മുൻതീരുമാനിച്ച വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലേക്ക് ബൈബിളിനെ വലിച്ചിഴയ്ക്കുന്ന വാക്യത്തെളിവിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിലുള്ള ദൈവശാസ്ത്ര സംവിധാനത്തിലും നല്ലത് ഉപദേശങ്ങൾ തമ്മിലുള്ള വേദപുസ്തക വൈരുദ്ധ്യമാണ്. 3:27 ലെ പ്രത്യേക പഠനവിഷയം: പൗരസ്ത്യ സാഹിത്യം കാണുക.

D. 9:30–33, അധ്യായം 9 ന്റെ സംഗ്രഹവും അധ്യായം 10 ന്റെ വിഷയവുമാണ്.

E. പൗലൊസ് തന്റെ വാദം ഉറപ്പിക്കാൻ പഴയ നിയമ ഭാഗങ്ങൾ എത്രമാത്രം ഉപയോഗിക്കുന്നുവെന്നു നോക്കുക. ഇത് റോമിലെ വായനക്കാരിൽ യെഹൂദന്മാരുണ്ടെന്നു ഉറപ്പിക്കുന്നു.
1. വാ. 7 – ഉല്പ. 21:12
2. വാ. 9 – ഉല്പ. 18:10,14
3. വാ. 12 – ഉല്പ. 25:32
4. വാ. 13 – മലാ. 1:2–3
5. വാ. 15 – പുറ. 33:19
6. വാ. 17 – പുറ. 9:16
7. വാ. 25 – ഹോശേ. 2:23
8. വാ. 26 – ഹോശേ. 1:10
9. വാ. 27 – യെശ. 10:22
10. വാ. 28 – യെശ. 10:23
11. വാ. 29 – യെശ. 1:9

12. വാ. 33 – യെശ. 28:16 & 8:14
അധ്യായങ്ങൾ 9, 11 ൽ ഇതിലധികവും പഴയ നിയമ ഉദ്ധരണികൾ ഉണ്ട്.

# പദ, ശൈലീ പഠനം

**റോമർ 9:1–5**

**[1]ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ പറയുന്നതു ഭോഷ്കല്ല; [2]എനിക്കു വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ടു എന്നു എന്റെ മനസ്സാക്ഷി എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു. [3]ജഡപ്രകാരം എന്റെ ചാർച്ചക്കാരായ എന്റെ സഹോദരന്മാർക്കു വേണ്ടി ഞാൻ തന്നേ ക്രിസ്തുവിനോടു വേറുവിട്ടു ശാപഗ്രസ്തനാവാൻ ഞാൻ ആഗ്രഹിക്കാമായിരുന്നു. [4]അവർ യിസ്രായേല്യർ; പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുള്ളവ; [5]പിതാക്കന്മാരും അവർക്കുള്ളവർ തന്നേ; ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചതു; അവൻ സർവ്വത്തിന്നും മീതെ ദൈവമായി എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ. ആമേൻ.**

**9:1–2** വാ. 1–2 ഗ്രീക്കിൽ ഒറ്റ വാചകമാണ്. താൻ പറയുന്നത് സത്യമാണെന്ന് അവർക്ക് (റോമിലെ സഭ) മനസ്സിലാക്കാൻ നിരവധി കാരണങ്ങൾ പൗലൊസ് പറയുന്നു.

1. ക്രിസ്തുവിനോടുള്ള തന്റെ കൂട്ടായ്മ, വാ. 1
2. ആത്മാവിനാൽ നടത്തപ്പെടുന്ന തന്റെ മനസ്സാക്ഷി, വാ. 1
3. യിസ്രായേലിനുവേണ്ടിയുള്ള തന്റെ എരിവ്, വാ. 2

**9:1 "ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ പറയുന്നതു ഭോഷ്കല്ല"** തന്റെ സത്യാവസ്ഥയെ ബോധ്യപ്പെടുത്തുവാൻ പൗലൊസ് പലപ്പോഴും ഇത്തരത്തിലുള്ള പ്രസ്താവനയോ (ഒ.നോ. 2 കൊരി. 11:10; ഗലാ. 1:20; 1 തിമൊ. 2:7) ദൈവത്തെ തന്റെ സാക്ഷിയായി വിളിക്കുന്ന സമാനമായ ഒരു പ്രസ്താവനയോ (ഒ.നോ. റോമ. 1:9; 2 കൊരി. 1:23; 11:31; ഫിലി. 1:8; 1 തെസ്സ. 2:5,10) ഉപയോഗിക്കുന്നു. തന്റെ പഠിപ്പിക്കലിന്റെയും പ്രസംഗത്തിന്റെയും സത്യാവസ്ഥ ഇപ്രകാരം അവൻ ഉറപ്പിക്കുന്നു. ദമസ്കോസ് റോഡിൽവെച്ചുണ്ടായ അനുഭവം എല്ലാറ്റിനെയും മാറ്റിമറിച്ചു.

▣ **"എന്റെ മനസ്സാക്ഷി"** വിശ്വാസിയുടെ ദൈവദത്തവും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമായ സാന്മാർഗ്ഗിക ബോധമാണിത്. ഒരർത്ഥത്തിൽ വിശ്വാസികളുടെ അധികാരത്തിന്റെ പ്രധാന താക്കോലാണിത്. നമ്മുടെ മനസ്സിൽ പരിശുദ്ധാത്മാവിനാൽ മനസ്സിലാക്കപ്പെട്ട് പ്രായോഗികമാക്കപ്പെടുന്ന ദൈവവചനമാണത് (ഒ.നോ. 1 തിമൊ. 1:5,19). വിശ്വാസികൾ – ആ വിഷയത്തിൽ അവിശ്വാസികൾ – ദൈവവചനത്തെയും പരിശുദ്ധാത്മാവിനെയും നിരന്തരമായി നിരസിക്കുമ്പോഴാണ് പ്രശ്നം ഉളവാകുന്നത്; അപ്പോൾ പാപത്തെ യുക്തിസഹമാക്കുന്നത് എളുപ്പമാകും (ഒ.നോ. 1 തിമൊ. 4:2). നമ്മുടെ മനസ്സാക്ഷി സാംസ്കാരികമായും അനുഭവപരമായും രൂപപ്പെടുച്ചപ്പെടാറുണ്ട്.

## പ്രത്യേക പഠനവിഷയം: മനസ്സാക്ഷി

പൗലൊസ് കൊരിന്ത്യർക്കെഴുതിയ ലേഖനങ്ങളിൽ "മനസ്സാക്ഷി" എന്ന പദം പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 4:4; 8:7,10,12; 10:25,27,28,29; 2 കൊരി. 1:12; 4:2; 5:11). ശരിയും തെറ്റും എന്തെന്നു വ്യക്തമാക്കുന്ന ആന്തരിക സാന്മാർഗ്ഗിക അവബോധമാണത് (ഒ.നോ. പ്രവൃ. 23:1). നമ്മുടെ പഴയ ജീവിതം, തെറ്റായ തിരഞ്ഞെടുപ്പുകൾ അല്ലെങ്കിൽ ദൈവത്തിന്റെ ആത്മാവ് എന്നിവയാൽ മനസ്സാക്ഷി സ്വാധീനിക്കപ്പെടാം. അത് തെറ്റില്ലാത്ത വഴികാട്ടിയല്ല, എങ്കിലും അത് വ്യക്തിപരമായ വിശ്വാസത്തിന്റെ അതിർത്തി നിശ്ചയിക്കുന്നു. അതിനാൽ നമ്മുടെ മനസ്സാക്ഷി തെറ്റോ ബലഹീനമോ ആയിരുന്നാൽ പോലും അതിനെ ലംഘിക്കുന്നത്, ഗൗരവമായ വിശ്വാസ പ്രശ്നമാണ്.

വിശ്വാസിയുടെ മനസ്സാക്ഷി ദൈവവചനത്താലും ദൈവാത്മാവിനാലും കൂടുതൽ കൂടുതൽ രൂപപ്പെടുത്തപ്പെടേണ്ടതാണ് (ഒ.നോ. 1 തിമൊ. 3:9). ദൈവം വിശ്വാസികളെ അവർക്കു ലഭിച്ച വെളിച്ചത്തിനനുസരിച്ചാണ് വിധിക്കുന്നത് (അതാ. ബലഹീനമോ ശക്തമോ) എന്നിരുന്നാലും നാമോരോരുത്തരും കൂടുതൽ വെളിച്ചത്തിനും കർത്താവായ യേശുക്രിസ്തുവിൽ വളരുന്നതിനുംവേണ്ടി ബൈബിളിന്റെയും പരിശുദ്ധാത്മാവിന്റെയും ആലോചനകൾക്ക് കൂടുതൽ തുറന്ന മനസ്സുള്ളവരായിരിക്കേണ്ടതാണ്. "മനസ്സാക്ഷി" സംബന്ധിച്ച കൂടുതൽ വിശദീകരണത്തിന് 2 കൊരി. 10:25 കാണുക. പ്രത്യേക പഠനവിഷയം: ബലഹീനത കാണുക.

▣

**NASB, NKJV** **"എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു"**
**NRSV** **"പരിശുദ്ധാത്മാവിനാൽ അതിനെ ഉറപ്പിക്കുന്നു"**
**TEV** **"പരിശുദ്ധാത്മാവിനാൽ ഭരിക്കപ്പെന്നു"**
**NJB** **"പരിശുദ്ധാത്മാവിനോടുള്ള ഐക്യതയിൽ ഞാൻ ഊഹിക്കുന്നു"**

തനിക്കു ക്രിസ്തുവിൽനിന്നും ഒരു പ്രത്യേക വിളിയും നിയോഗവുമുണ്ടെന്ന് പൗലൊസ് വിശ്വസിച്ചു (ഒ. നോ. പ്രവൃ. 9:1–22; ഗലാ. 1:1).

ക്രിയ (വർത്തമാനകാല കർത്തരി അപൂർണ്ണക്രിയ, ഒ.നോ. 2:15) *സുൻ* ന്റെ സംയുക്തമാണ് (പൗലൊസിന്റെ രചനകളിൽ സാധാരണം).

1. ക്രിസ്തുവിന്റെ വെളിപ്പാട്
   a. ദമസ്കോസ് റോഡ്
   b. അറേബ്യയിലെ പഠന (നെബാത്യ)
2. ആത്മാവിന്റെ ആന്തരിക സാക്ഷ്യം

അവൻ ഒരു അപ്പൊസ്തലനാകയാൽ അധികാരത്തോടെ സംസാരിക്കുന്നു (ഒ.നോ. 1 കൊരി. 7:25,40). യിസ്രായേൽ ജനതയുടെ അവിശ്വാസത്തിലും ധാർഷ്ട്യത്തിലുമുള്ള ദൈവത്തിന്റെ ദുഃഖം അവൻ പങ്കിടുന്നു (ഒ.നോ. വാ. 2). അവർക്ക് വളരെയധികം ഭാഗ്യപദവികളുണ്ട് (ഒ.നോ. വാ. 4–5).

**9:3**

**NASB, NKJV,**
**NRSV** **"ഞാൻ ആഗ്രഹിക്കാമായിരുന്നു"**
**TEV** **"അവർക്കുവേണ്ടി ഞാൻ ആഗ്രഹിക്കാമായിരുന്നു"**
**NJB** **"ഞാൻ ഒരുക്കമുള്ളവനായിരുന്നു"**

തന്റെ ജനമായ യിസ്രായേലിനെക്കുറിച്ച് പൗലൊസ് വളരെ വികാരഭരിതനായിരുന്നു, അവന്റെ വേർപാട് അവരുടെ ഉൾപ്പെടുത്തലിനു കാരമമാകുമെങ്കിൽ അവനതിനു തയ്യാറായിരുന്നു, വാ. 3. ഈ വാകൃത്തിന് വളരെ ശക്തമായ, ഊന്നലുള്ള വ്യാകരണ ഘടനയാണുള്ളത് (ഓട്ടോസ്, എഗോ എന്നിവയും വർത്തമാനകാല കേവല ക്രിയയും ചേർന്ന അപൂർണ്ണ മധ്യ സൂചകം). ഈ പ്രാർത്ഥനയുടെ തീവ്രതയും ഭാരവും പുറ. 32:30–35 ൽ കാണുന്ന പാപം ചെയ്ത യിസ്രായേലിനുവേണ്ടിയുള്ള മോശെയുടെ പ്രാർത്ഥനയ്ക്കു സമാനമായാണ്. ഇതൊരു വസ്തുത എന്നതിനേക്കാൾ ഒരു അഭിലാഷ പ്രസ്താവന ആയിട്ടുവേണം മനസ്സിലാക്കാൻ. ഗലാ. 4:20 ലെ അപൂർണ്ണ കാലത്തിന്റെ ഉപയോഗത്തിനു സമാനമാണിത്. താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠന വിഷയം കാണുക.

# പ്രത്യേക പഠനവിഷയം: മദ്ധ്യസ്ഥ പ്രാർത്ഥന

I. മുഖവുര
   A. യേശുവിന്റെ മാതൃക നിമിത്തം പ്രാർത്ഥന പ്രാധാന്യമുള്ളതാണ്
      1. വ്യക്തിപരമായ പ്രാർത്ഥന, മർക്കൊ. 1:35; ലൂക്കൊ. 3:21; 6:12; 9:29; 22:24–46
      2. ദൈവാലയ ശുദ്ധീകരണം, മത്താ. 21:13; മർക്കൊ. 11:17; ലൂക്കൊ. 19:46
      3. മാതൃകാ പ്രാർത്ഥന, മത്താ. 6:5–13; ലൂക്കൊ. 11:2–4
   B. പ്രാർത്ഥന എന്നത് ആളത്തമുള്ളവനും കരുതുന്നവനും നമുക്കും മറ്റുള്ളവർക്കും വേണ്ടി നമ്മുടെ പ്രാർത്ഥനയിലൂടെ പ്രവർത്തിക്കുവാൻ സന്നിഹിതനും മനസ്സുള്ളവനും പ്രാപ്തനുമായ ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തെ പ്രവൃത്തി പഥത്തിലെത്തിക്കുന്നതാണ്.
   C. അനേക മേഖലകളിൽ തന്റെ മക്കളുടെ പ്രാർത്ഥനയ്ക്കനുസരിച്ച് പ്രവർത്തിക്കുന്നതിൽ ദൈവം വ്യക്തിപരമായി പരിമിതി വച്ചിരിക്കുന്നു (ഒ.നോ. യാക്കോ. 4:2)
   D. പ്രാർത്ഥനയുടെ മുഖ്യ ഉദ്ദേശ്യം ത്രിയേക ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയും സമയം ചിലവഴിക്കലുമാണ്
   E. പ്രാർത്ഥനയുടെ വ്യാപ്തി വിശ്വാസിയെ അലട്ടുന്ന എന്തും ആരും ആകാം. വിശ്വസിച്ചുകൊണ്ട് ഒരിക്കൽ മാത്രം പ്രാർത്ഥിക്കുകയോ അല്ലെങ്കിൽ ആ ചിന്ത അഥവാ ഭാരം കടന്നുവരുമ്പോൾ വീണ്ടും വീണ്ടും പ്രാർത്ഥിക്കുകയോ ആകാം.
   F. പ്രാർത്ഥനയിൽ അനേക കാര്യങ്ങൾ ഉൾപ്പെട്ടിരിക്കും
      1. ത്രിയേക ദൈവത്തോടുള്ള സ്തുതിയും ആരാധനയും
      2. ദൈവത്തിന്റെ സാന്നിധ്യം, കൂട്ടായ്മ, ദാനങ്ങൾ എന്നിവയ്ക്കുള്ള നന്ദി കരേറ്റൽ
      3. കഴിഞ്ഞ കാലത്തെയും ഇപ്പോഴത്തെയും നമ്മുടെ പാപാവസ്ഥയുടെ ഏറ്റു പറച്ചിൽ
      4. നമ്മുടെ ആവശ്യങ്ങൾ, ആഗ്രഹങ്ങൾ എന്നിവയ്ക്കായുള്ള അപേക്ഷ
      5. മറ്റുള്ളവരുടെ ആവശ്യങ്ങൾ പിതാവിന്റെ മുമ്പാകെ കൊണ്ടുവരുന്ന മധ്യസ്ഥത
   G. മദ്ധ്യസ്ഥ പ്രാർത്ഥന ഒരു മർമ്മമാണ്. നാം പ്രാർത്ഥിക്കുന്ന വ്യക്തികളെ നാം സ്നേഹിക്കുന്നതിനെക്കാളധികമായി ദൈവം സ്നേഹിക്കുന്നു എങ്കിലും നമ്മുടെ പ്രാർത്ഥന പലപ്പോഴും നമ്മിൽ മാത്രമല്ല

അവരിലും മാറ്റവും പ്രതികരണവും ആവശ്യബോധവും ഉളവാക്കും.

II. വേദപുസ്തക ഭാഗങ്ങൾ

A. പഴയ നിയമം

1. മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ചില ഉദാഹരണങ്ങൾ:

a. അബ്രാഹാം സൊദോമിനുവേണ്ടി അപേക്ഷിക്കുന്നത്, ഉല്പ. 18:22 മുതൽ

b. യിസ്രായേലിനുവേണ്ടിയുള്ള മോശെയുടെ പ്രാർത്ഥന

(1) പുറപ്പാട് 5:22-23

(2) പുറപ്പാട് 32:31 മുതൽ

(3) ആവർത്തനം 5:5

(4) ആവർത്തനം 9:18,25 മുതൽ

c. യിസ്രായേലിനുവേണ്ടിയുള്ള ശമൂവേലിന്റെ പ്രാർത്ഥന

(1) 1 ശമൂവേൽ 7:5-6,8-9

(2) 1 ശമൂവേൽ 12:16-23

(3) 1 ശമൂവേൽ 15:11

d. മകനുവേണ്ടിയുള്ള ദാവീദിന്റെ പ്രാർത്ഥന, 2 ശമൂവേൽ 12:16-18

2. ദൈവം മദ്ധ്യസ്ഥന്മാരെ അന്വേഷിക്കുന്നു, യെശ. 59:16

3. അറിവുള്ളതും ഏറ്റുപറയാത്തതുമായ പാപം അഥവാ മാനസാന്തരപ്പെടാത്ത മനോഭാവം നമ്മുടെ പ്രാർത്ഥനകളെ സ്വാധീനിക്കും

a. സങ്കീ. 66:18

b. സദൃ. 28:9

c. യെശ. 59:1-2; 64:7

B. പുതിയ നിയമം

1. പുത്രന്റെയും ആത്മാവിന്റെയും മദ്ധ്യസ്ഥ ശുശ്രൂഷ

a. യേശു

(1) റോമർ 8:34

(2) എബ്രായർ 7:25

(3) 1 യോഹന്നാൻ 2:1

b. പരിശുദ്ധാത്മാവ്, റോമർ 8:26-27

2. പൗലൊസിന്റെ മദ്ധ്യസ്ഥ ശുശ്രൂഷ

a. യെഹൂദന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥന

(1) റോമർ 9:1 മുതൽ

(2) റോമർ 10:1

b. സഭകൾക്കുവേണ്ടിയുള്ള പ്രാർത്ഥന

(1) റോമർ 1:9

(2) എഫെ. 1:16

(3) ഫിലി. 1:3-4,9

(4) കൊലൊ. 1:3,9

(5) 1 തെസ്സ. 1:2-3

(6) 2 തെസ്സ. 1:11

(7) 2 തിമൊ. 1:3

(8) ഫിലേ. വാ. 4

c. സഭകളുടെ പ്രാർത്ഥന പൗലൊസ് ആവശ്യപ്പെട്ടു

(1) റോമർ 15:30

(2) 2 കൊരി. 1:11

(3) എഫെ. 6:19

(4) കൊലൊ. 4:3

(5) 1 തെസ്സ. 3:1

3. സഭയുടെ മദ്ധ്യസ്ഥ ശുശ്രൂഷ

a. അന്യോന്യം പ്രാർത്ഥിക്കുക

(1) എഫെ. 6:18

(2) 1 തിമൊ. 2:1

(3) യാക്കോ. 5:16

b. പ്രത്യേക സമൂഹത്തിനുവേണ്ടി പ്രാർത്ഥന ആവശ്യപ്പെട്ടിരിക്കുന്നു

(1) നമ്മുടെ ശത്രുക്കൾ, മത്താ. 5:44
(2) ക്രിസ്തീയ പ്രവർത്തകർ, എബ്രാ. 13:18
(3) ഭരണാധികാരികൾ, 1 തിമൊ. 2:2
(4) രോഗകൾ, യാക്കോ. 5:13-16
(5) പിന്മാറ്റക്കാർ, 1 യോഹ. 5:16

III. മറുപടി ലഭിക്കുന്ന പ്രാർത്ഥനയുടെ വ്യവസ്ഥകൾ
A. ക്രിസ്തുവിനോടും അവന്റെ ആത്മാവിനോടുമുള്ള നമ്മുടെ ബന്ധം
1. അവനിൽ വസിക്കുക, യോഹ. 15:7
2. അവന്റെ നാമത്തിൽ, യോഹ. 14:13,14; 15:16; 16:23-24
3. ആത്മാവിൽ, എഫെ. 6:18; യൂദാ 20
4. ദൈവഹിതപ്രകാരം, മത്താ. 6:10; 1 യോഹ. 3:22; 5:14-15

B. പ്രേരകങ്ങൾ
1. സംശയിക്കാതെ, മത്താ. 21:22; യാക്കോ. 1:6-7
2. താഴ്മയും മാനസാന്തരവും, ലൂക്കൊ. 18:9-14
3. വല്ലാതെ യാചിക്കാതിരിക്കുക, യാക്കോ. 4:3
4. സ്വാർത്ഥത, യാക്കോ. 4:2-3

C. മറ്റു ഘടകങ്ങൾ
1. സ്ഥിരോത്സാഹം
a. ലൂക്കൊ. 18:1-8
b. കൊലൊ. 4:2
2. ചോദിച്ചുകൊണ്ടേയിരിക്കുക
a. മത്താ. 7:7-8
b. ലൂക്കൊ. 11:5-13
c. യാക്കോ. 1:5
3. ഭവനത്തിലെ ചേർച്ചയില്ലായ്മ, 1 പത്രൊ. 3:7
4. അറിവുള്ള പാപത്തിൽ നിന്നുള്ള മോചനം
a. സങ്കീ. 66:18
b. സദൃ. 28:9
c. യെശ. 59:1-2
d. യെശ. 64:7

IV. ദൈവശാസ്ത്രപരമായ ഉപസംഹാരം
A. എന്തൊരു നല്ല പദവി. എന്തൊരു അവസരം. എന്തൊരു കടമയും ഉത്തരവാദിത്വവും
B. യേശുവാണ് നമ്മുടെ മാതൃക. ആത്മാവാണ് നമ്മുടെ വഴികാട്ടി. പിതാവ് ആകാംക്ഷയോടെ കാത്തിരിക്കുന്നു.
C. അതിന് നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും നിങ്ങളുടെ സ്നേഹിതരെയും ലോകത്തെത്തന്നെയും രൂപാന്തരപ്പെടുത്താൻ കഴിയും.

▣

**NASB** **"ക്രിസ്തുവിനോടു വേറുവിട്ടു ശാപഗ്രസ്തനാവാൻ"**
**NKJV** **"ക്രിസ്തുവിൽനിന്നു ശാപഗ്രസ്തനാവാൻ"**
**NRSV** **"ശാപഗ്രസ്തനായി ക്രിസ്തുവിനോടു വേറുവിട്ടുപോകാൻ"**
**TEV** **"ദൈവശാപത്തിൻ കീഴിലായി ക്രിസ്തുവിനോടു വേറുവിട്ടുപോകാൻ"**
**NJB** **"മനസ്സോടെ ശിക്ഷിക്കപ്പെട്ട് ക്രിസ്തുവിനോടു വേറുവിട്ടുപോകാൻ"**

"വിശുദ്ധം" എന്നതിന്റെ അർത്ഥം ദൈവത്തിന്റെ ഉപയോഗത്തിനായി അവനുവേണ്ടി വേർതിരിക്കപ്പെടുക എന്നതാണ്. അതേ ആശയം "ശാപം" (അനാതെമ - ***ανάθεμα***, ഒ.നോ. 1 കൊരി. 12:3; 16:22; ഗലാ. 1:8,9) എന്ന പദത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഒരു വസ്തു അല്ലെങ്കിൽ ഒരുവൻ ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെടുന്നു. അത് സന്ദർഭത്തിനടിസ്ഥാനമായി രു സാധകാത്മക അനുഭവമോ (ഒ.നോ. ലേവ്യ. 27:28; ലൂക്കൊ. 21:5) നിഷേധാത്മക അനുഭവമോ (ഒ.നോ. യോശു. 6-7; റോമ. 9:3) ആകാം.

## പ്രത്യേക പഠനവിഷയം: ശാപം (അനാതെമ-*ανάθεμα*)

"ശാപം" എന്നതിന് എബ്രായഭാഷയിൽ ധാരാളം വാക്കുകളുണ്ട്. *ഹേരെം* എന്ന പദം (BDB 356) നശിപ്പിച്ചുകളയുന്നതിനായി (ഒ.നോ. ആവ. 7:26; യോശു. 6:17-18; 17:12) ദൈവത്തിനു നൽകുന്നതിനെ സൂചിപ്പി

ക്കുന്നു (ഒ.നോ. സെപ്റ്റ്വജിന്റിൽ അനാതെമാ (BAGD 54) ലേവ്യ. 27:58). "വിശുദ്ധ യുദ്ധം" എന്ന ആശയത്തിൽ ഉപയോഗിക്കുന്ന പദമാണത്. കനാന്യരെ നശിപ്പിച്ചു കളയണമെന്ന് ദൈവം കല്പിച്ചു, യെരിഹോ ആയിരുന്നു "ആദ്യഫലമായി" ആദ്യം നശിപ്പിക്കേണ്ടിയിരുന്നത്.

പുതിയ നിയമത്തിൽ *അനാതെമാ* എന്ന പദവും അതിനോടു ബന്ധപ്പെട്ട പദങ്ങളും നിരവധി വ്യത്യസ്ത അർത്ഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്.

1. ദൈവത്തിനു നല്കുന്ന ദാനം അല്ലെങ്കിൽ വഴിപാട് (ഒ.നോ. ലൂക്കൊ. 21:5)
2. മരണശാപം (ഒ.നോ. പ്രവൃ. 23:14)
3. ശപിക്കുകയും ആണയിടുകയും (ഒ.നോ. മർക്കൊ. 14:71)
4. യേശുവിനോടു ബന്ധപ്പെട്ട ഒരു ശാപവാക്യം (ഒ.നോ. 1 കൊരി. 12:3)
5. ഒരുവനെ അല്ലെങ്കിൽ ഒരു വസ്തുവിനെ ദൈവിക ന്യായവിധിക്കോ നാശത്തിനോ ഏല്പിച്ചുകൊടുക്കുക (ഒ.നോ. റോമ. 9:3; 1 കൊരി. 16:22; ഗലാ. 1:8-9).

▣ **"ജഡപ്രകാരം എന്റെ ചാർച്ചക്കാരായ"** 1:3 ലെ പ്രത്യേക പഠനവിഷയം കാണുക.

**9:4-5** നാമ പ്രയോഗങ്ങളുടെ ഈ പരമ്പര യിസ്രായേലിന്റെ സൗഭാഗ്യങ്ങളോടുള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. ഈ സൗഭാഗ്യങ്ങളുടെ വെളിച്ചത്തിൽ അവരുടെ അവിശ്വാസം കൂടുതൽ ശിക്ഷാർഹമായി മാറി. അധികം ലഭിച്ചവരോട് അധികം ചോദിക്കും (ഒ.നോ. ലൂക്കൊ. 12:48)!

**9:4 "അവർ യിസ്രായേല്യർ"** അബ്രാഹാമിന്റെ സന്തതിയുടെ പഴയ നിയമ ഉടമ്പടി നാമമാണിത്. ദൈവവുമായി നിർണ്ണായകമായ ഒരു അഭിമുഖത്തിനുശേഷം യാക്കോബിന്റെ പേര് യിസ്രായേൽ എന്നു മാറി (ഒ.നോ. ഉല്പ. 32:28). അത് പിന്നീട് യിസ്രായേലിന്റെ സാമൂഹിക നാമമായി മാറി. അതിന്റെ വ്യുല്പത്തി "*ഏൽ* (ദൈവം) സൂക്ഷിക്കട്ടെ" എന്നാണ്, അല്ലാതെ യാക്കോബിന്റെ വഞ്ചനയല്ല.

## പ്രത്യേക പഠനവിഷയം: യിസ്രായേൽ (നാമം)

I. നാമത്തിന്റെ അർത്ഥം നിശ്ചയമില്ല (BDB 975)
   A. *ഏൽ* നിർബന്ധം പിടിക്കുന്നു
   B. *ഏൽ* നിർബന്ധം പിടിക്കട്ടെ
   C. *ഏൽ* സംരക്ഷിക്കുന്നു
   D. *ഏൽ* പോരാടട്ടെ
   E. *ഏൽ* ഉദ്യമിക്കട്ടെ
   F. ദൈവത്തോടു മല്ലുപിടിക്കുന്നവൻ (ഒ.നോ. ഉല്പ. 32:28)

II. പഴയ നിയമ ഉപയോഗം
   A. യാബോക്ക് നദിക്കരയിൽ വെച്ച് ഒരു ആത്മികജീവിയുമായി മൽപിടുത്തം നടത്തിയതിനെത്തുടർന്ന് യാക്കോബിന്റെ പേര് (ഉപായി, കുതികാൽ പിടിക്കുന്നവൻ, BDB 784, ഒ.നോ. ഉല്പ. 25:26) മാറി. എബ്രായ പേരുകളുടെ അർത്ഥം പലപ്പോഴും വ്യുത്പത്തിപരമല്ല മറിച്ച് നാനാർത്ഥ പ്രയോഗങ്ങളാണ് (ഒ.നോ. 32:28). യിസ്രായേൽ എന്നത് അവന്റെ പേരായി (ഉല്പ. 35:10).
   B. അത് അവന്റെ പന്ത്രണ്ടു പുത്രന്മാരെ ഒരുമിച്ച് പറയുന്ന പേരായിത്തീർന്നു (ഒ.നോ. ഉല്പ. 32:42; 49:16; പുറ. 1:7; 4:22; 28:11; ആവ. 3:18; 10:6)
   C. പുറപ്പാടിനുമുമ്പും (ഒ.നോ. ഉല്പ. 47:27; പുറ. 4:22; 5:2) അതിനു ശേഷവും (ഒ.നോ. ആവ. 1:1; 18:6; 33:10) പന്ത്രണ്ടു ഗോത്രങ്ങൾ ചേർന്ന ജാതിയെ സൂചിപ്പിക്കുന്ന പേരായി മാറി.
   D. ശൗൽ, ദാവീദ്, ശലോമോൻ എന്നിവരുടെ അവിഭക്ത രാജ്യത്തിനുശേഷം രെഹോബെയാമിന്റെ കീഴിൽ ഗോത്രങ്ങൾ വിഭജിക്കപ്പെട്ടു (ഒ.നോ. 1 രാജാ. 12)
      1. ഔദ്യോഗിക വിഭജനത്തിനു മുമ്പുതന്നെ ഭിന്നത ആരംഭിച്ചിരുന്നു (ഉദാ. 2 ശമൂ. 3:10; 5:5; 20:1; 24:9; 1 രാജാ. 1:35; 4:20)
      2. ബി.സി. 722 ൽ അശ്ശൂരിന്റെ ആക്രമണത്തിൽ ശമര്യ വീഴുന്നതുവരെ വടക്കെ ഗോത്രങ്ങൾ ഈ പേരിൽ അറിയപ്പെട്ടു (ഒ.നോ. 2 രാജാ. 17)
   E. ചില സ്ഥലങ്ങളിൽ യെഹൂദായെ സൂചിപ്പിക്കുന്നു (ഒ.നോ. യെശ. 1; മീഖാ 1:15-16)
   F. അശ്ശൂര്യ, ബാബിലോന്യ പ്രവാസത്തിനുശേഷം അതു വീണ്ടും യാക്കോബിന്റെ സന്തതികളുടെ കൂട്ടായ പേരായിത്തീർന്നു (ഒ.നോ. യെശ. 17:7,9; യിരെ. 2:4; 50:17,19).
   D. പുരോഹിതന്മാരിൽ നിന്നും വേറിട്ട് ജനങ്ങളെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചു (ഒ.നോ. 1 ദിന. 9:2; എസ്രാ 10:25; നെഹെ. 11:3).

■ **"പുത്രത്വവും"** പഴയ നിയമത്തിൽ "പുത്രന്മാർ" എന്ന ബഹുവചനം ദൂതന്മാരെ സൂചിപ്പിക്കുവാനാണ് ഉപയോഗിച്ചിട്ടുള്ളത് (ഒ.നോ. ഇയ്യോ. 1:6; 2:1; 38:7; ദാനീ. 3:25; സങ്കീ. 29:1; 89:6-7). ഏകവചനം ഉപയോഗിക്കുന്നത്

1. യിസ്രായേൽ രാജാവ് (ഒ.നോ. 2 ശമൂ. 7:14)
2. രാജ്യം (ഒ.നോ. പുറ. 4:22,23; ആവ. 14:1; ഹോശേ. 11:1)
3. മശിഹാ (ഒ.നോ. സങ്കീ. 2:7)
4. മനുഷ്യർ (ഒ.നോ. ആവ. 32:5; സങ്കീ. 73:15; യെഹെ. 2:1; ഹോശേ. 1:10. ഉല്പ. 6:2 ദുർഗ്രഹമാണ്; രണ്ടിലേതെങ്കിലും ഒന്നാകാം). പുതിയ നിയമത്തിൽ ഇത് ദൈവഭവനത്തിൽ ഉൾപ്പെട്ടവരെ സൂചിപ്പിക്കുന്നു.

രക്ഷയ്ക്കുള്ള പൗലൊസിന്റെ പ്രധാന സാദൃശ്യം ദത്തെടുക്കലാണ് (പുത്രത്വം, ഒ.നോ. റോമ. 8:15,23; ഗലാ. 4:5; എഫെ. 1:5). അതേസമയം പത്രൊസും യോഹന്നാനും "വീണ്ടുംജനനം" ഉപയോഗിക്കുന്നു. ഇതു രണ്ടും കുടുംബസാദൃശ്യമാണ്. ഇതൊരു യെഹൂദ സാദൃശ്യമല്ല, റോമൻ സാദൃശ്യമാണ്. ദത്തെടുപ്പ് റോമൻ നിയമത്തിൻകീഴിൽ ചെലവേറിയതും സമയമെടുക്കുന്നതുമായ നിയമ നടപടിയായിരുന്നു. ദത്തെടുക്കപ്പെടുന്ന വ്യക്തിയെ ഒരു പുതിയ വ്യക്തിയായി അംഗീകരിക്കുമായിരുന്നു. ദത്തെടുത്ത പിതാവിനെ അവനെ ഉപേക്ഷിക്കുവാനോ കൊല്ലുവാനോ അനുവാദമില്ലായിരുന്നു.

■ **"തേജസ്സും"** എബ്രായ മൂലപദത്തിനർത്ഥം "ഭാരമുള്ളത്" എന്നാണ്, വിലയേറിയ ഒന്നിനുള്ള സാദൃശ്യമായിരുന്നു അത്. ഇവിടെ ഇതു സൂചിപ്പിക്കുന്നത്:

1. ദൈവം സീനായി പർവ്വതത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തിയതും (ഒ.നോ. പുറ. 19:18-19)
2. മരുഭൂപ്രയാണ കാലഘട്ടത്തിൽ യിസ്രായേൽ ജനത്തെ നടത്തിയ *ഷെഖേന* മേഘം (ഒ.നോ. പുറ. 40:34-38).

യഹോവ അതുല്യമായ വിധത്തിൽ തന്നെത്തന്നെ യിസ്രായേലിനു വെളിപ്പെടുത്തി. യഹോവയുടെ സാന്നിധ്യത്തെ അവന്റെ തേജസ്സായി പരാമർശിച്ചിരിക്കുന്നു (ഒ.നോ. 1 രാജാ. 8:10-11; യെഹെ. 1:28).

■ **"നിയമങ്ങളും"** പുരാതന ഗ്രീക്കു കയ്യെഴുത്തു പ്രതികളായ $P^{46}$, B, F, G എന്നിവയിൽ "നിയമം" എന്ന ഏകവചനമാണ് ഉപയോഗിച്ചിരിക്കുന്നത്. അതേസമയം കയ്യെഴുത്തു പ്രതികളായ א, C പുരാതല ലത്തീൻ, വൾഗേറ്റ്, കോപ്റ്റിക് എന്നിവയിൽ ബഹുവചനമാണ് കാണുന്നത്. $UBS^4$ ബഹുവചനത്തിന് "B"റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു. എന്നിരുന്നാലും ബഹുവചനം പഴയ നിയമത്തിൽ ഒരിടത്തും ഉപയോഗിച്ചിട്ടില്ല. പഴയ നിയമത്തിൽ ധാരാളം പ്രത്യേക നിയമങ്ങൾ കാണാം: ആദാം, നോഹ, അബ്രാഹാം, മോശെ, ദാവീദ്. ന്യായപ്രമാണം കൊടുക്കുന്നതിനെ അടുത്തതായി പരാമർശിച്ചിട്ടുള്ളതിനാൽ ഇത് അബ്രാഹാമ്യ നിയമം ആയിരിക്കാനാണു സാധ്യത. ഇതിനെയാണ് പൗലൊസ് അടിസ്ഥാനമായി കാണുന്നതും (ഒ.നോ. 4:1-25; ഗലാ. 3:16-17) അനേക പ്രാവശ്യം ഗോത്രപിതാക്കന്മാരോട് ആവർത്തിച്ചിട്ടുള്ളതും (അതാ. ഉല്പ. 12, 15, 17).

## പ്രത്യേക പഠനവിഷയം: നിയമം

പഴയ നിയമ പദമായ *ബെരീത്ത്* (BDB 136), നിയമം/ഉടമ്പടി, നിർവചിക്കുക എളുപ്പമല്ല. എബ്രായയിൽ അതിനു സമാനമായ ക്രിയാപദമില്ല. വ്യുത്പത്തിപരമായ നിർവചനം കണ്ടെത്താനുള്ള സകലശ്രമങ്ങളും പരാജയത്തിലാണ് കലാശിച്ചത്. എന്നിരുന്നാലും ആശയത്തിന്റെ കേന്ദ്രസ്ഥാനം, അതിന്റെ ക്രിയാപരമായ അർത്ഥം കണ്ടെത്താനുള്ള ശ്രമമെന്ന നിലയിൽ അതിന്റെ ഉപയോഗരീതി പഠിക്കാൻ പണ്ഡിതന്മാരെ പ്രേരിപ്പിച്ചു.

സത്യ ദൈവം തന്റെ മനുഷ്യസൃഷ്ടിയോട് ഇടപെടുന്ന മാർഗ്ഗമാണ് നിയമം/ഉടമ്പടി. നിയമം/ഉടമ്പടി, സഖ്യത അല്ലെങ്കിൽ ധാരണ എന്നത് വേദപുസ്തക വെളിപ്പാടിനെ സംബന്ധിച്ചുള്ള നിർണ്ണായക അറിവാണ്. ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വയ-ഇച്ഛയും തമ്മിലുള്ള വേദപുസ്തക സംഘർഷം നിയമം/ഉടമ്പടി എന്ന ആശയത്തിൽ വ്യക്തമായി കാണുവാൻ കഴിയും. ചില നിയമം/ഉടമ്പടികൾ ദൈവത്തിന്റെ സ്വഭാവത്തിലും പ്രവൃത്തികളിലും മാത്രം അടിസ്ഥാനപ്പെട്ടവയാണ്.

1. സൃഷ്ടിപ്പിൻ പ്രവൃത്തി (ഒ.നോ. ഉല്പത്തി 1-2)
2. അബ്രാഹാമിന്റെ വിളി (ഒ.നോ. ഉല്പത്തി 12)
3. അബ്രാഹാമുമായുള്ള ഉടമ്പടി (ഒ.നോ. ഉല്പത്തി 15)
4. നോഹയെ സംരക്ഷിച്ചതും അവനുമായി ഉടമ്പടി ചെയ്തതും (ഒ.നോ. ഉല്പത്തി 6-9)

എന്നിരുന്നാലും ഉടമ്പടിയുടെ പ്രത്യേക സ്വഭാവം ഒരു പ്രതികരണം ആവശ്യപ്പെടുന്നു.

1. ആദാം വിശ്വാസത്താൽ ദൈവത്തെ അനുസരിക്കുകയും തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നാതിരിക്കുകയും വേണം
2. വിശ്വാസത്താൽ അബ്രാഹാം തന്റെ കുടുംബത്തെ വിട്ട് ദൈവത്തെ അനുഗമിക്കുകയും ഭാവി തലമുറയ്ക്കുവേണ്ടി ദൈവത്തെ വിശ്വസിക്കുകയും വേണം
3. വിശ്വാസത്താൽ നോഹ ഒരു പെട്ടകം പണിയുകയും മൃഗങ്ങളെ തന്റെയടുക്കൽ കൂട്ടിവരുത്തുകയും വേണം

4. വിശ്വാസത്താൽ മോശെ യിസ്രായേൽ ജനത്തെ മിസ്രയീമിൽനിന്നും പുറപ്പെടുവിച്ച് സീനായി പർവ്വതത്തിൽ കൊണ്ടുവരികയും അനുഗ്രഹങ്ങളും ശാപങ്ങളും അടങ്ങിയ മതപരവും സാമൂഹികവുമായ ജീവിതത്തിനുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുകയും വേണം (ഒ.നോ. ആവർത്തനം 27–28).

മനുഷ്യനോടുള്ള ദൈവത്തിന്റെ ബന്ധത്തിൽ ഉൾപ്പെടുന്ന ഇതേ സംഘർഷം "പുതിയ നിയമ'മത്തിലും കൈകാര്യം ചെയ്തിട്ടുണ്ട്. യെഹെ. 18 നെ യെഹെ. 36:27–37 മായി (യഹോവയുടെ പ്രവൃത്തി) താരതമ്യപ്പെടുത്തുന്നതിലൂടെ ഈ സംഘർഷം വ്യക്തമായി കാണുവാൻ കഴിയും. നിയമം/ഉടമ്പടി അടിസ്ഥാനപ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ കൃപാകര പ്രവൃത്തിയിലാണോ അഥോ മനുഷ്യന്റെ പ്രതികരമത്തിലാണോ? പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും നിർണ്ണായക വിഷയമാണിത്. രണ്ടിന്റെയും രക്ഷ്യം ഒന്നുതന്നെയാണ്: (1) ഉല്പത്തി 3 ൽ നഷ്ടപ്പെട്ട യഹോവയുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കുക, (2) ദൈവത്തിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്ന നീതിയുള്ള ഒരു ജനത്തെ സ്ഥാപിക്കുക.

യിരെ. 31:31–34 ലെ പുതിയ നിയമം, അംഗീകാരം നേടുന്നതിനുള്ള മാർഗ്ഗമെന്ന നിലയിൽ മാനുഷിക പ്രകടനത്തെ ഒഴിവാക്കിക്കൊണ്ട് ഈ സംഘർഷം പരിഹരിക്കുന്നു. ദൈവത്തിന്റെ നിയമം ഒരു ബാഹ്യമായ ചട്ടമെന്നതിനു പകരം ആന്തരിക ആഗ്രഹമായി മാറുന്നു. ഒരു ദൈവഭക്തരായ, നീതിയുള്ള ജനത്തിന്റെ ലക്ഷ്യം പഴയപടി തുടരുന്നു എങ്കിലും അതിനുള്ള മാർഗ്ഗം വ്യത്യാസപ്പെടുന്നു. വീണുപോയ മനുഷ്യവർഗ്ഗം സ്വയം ദൈവത്തിന്റെ പ്രതിബിംബമാകുന്നതിന് കഴിവുള്ളവരല്ല എന്നു തെളിയിച്ചുകഴിഞ്ഞു. പ്രശ്നം ദൈവത്തിന്റെ നിയമമല്ല, മറിച്ച് മനുഷ്യന്റെ പാപവസ്ഥയും ബലഹീനതയുമാണ് (ഒ.നോ. റോമർ 7; ഗലാത്യർ 3).

പഴയ നിയമത്തിലെ നിരുപാധികവും സോപാധികവുമായ നിയമങ്ങൾ തമ്മിലുള്ള അതേ സംഘർഷം പുതിയ നിയമത്തിലും തുടരുന്നു. രക്ഷ യേശുക്രിസ്തു നിവർത്തിച്ച പ്രവൃത്തിയിലൂടെ സമ്പൂർണ്ണമായും സൗജന്യമായിരിക്കുമ്പോൾ തന്നേ അത് മാനസാന്തരവും വിശ്വാസവും ആവശ്യപ്പെടുന്നു (പ്രാരംഭമായും തുടർമാനമായും). അത് ഒരേ സമയം നിയമപരമായ പ്രഖ്യാപനവും ക്രിസ്തുതുല്യരാകുന്നതിനുള്ള ആഹ്വാനവും, അംഗീകാരത്തിന്റെ സൂചക പ്രസ്താവനയും വിശുദ്ധിക്കുവേണ്ടിയുള്ള ഒരു കല്പനയുമാണ്! വിശ്വാസികൾ അവരുടെ പ്രവൃത്തിയാലല്ല രക്ഷിക്കപ്പെടുന്നത്, മറിച്ച് അനുസരണത്തിനുവേണ്ടിയാണ് (ഒ.നോ. എഫെ. 2:8–10). ഭക്തിനിർഭര ജീവിതം രക്ഷയുടെ തെളിവാണ്, രക്ഷയ്ക്കുള്ള മാർഗ്ഗമല്ല. എങ്കിലും നിത്യ ജീവന് ദൃശ്യമായ സവിശേഷതകളുണ്ട്! ഈ സംഘർഷം എബ്രായലേഖനത്തിൽ വ്യക്തമായി കാണുവാൻ കഴിയും.

▣ **"ന്യായപ്രമാണവും ആരാധനയും"** ഇതു സൂചിപ്പിക്കുന്നത്

1. മോശെ സീനായി പർവ്വതത്തിൽവെച്ച് ന്യായപ്രമാണം സ്വീകരിക്കുന്നത് (ഒ.നോ. പുറപ്പാട് 19–20)
2. മരുഭൂമിയാത്രാവേളയിലെ സമാഗമനകൂടാരം (ഒ.നോ. പുറപ്പാട് 25–40, ലേവ്യാപുസ്തകം)

▣ **"വാഗ്ദത്തങ്ങളും"** പഴയ നിയമത്തിലൂടെ ദൈവം തന്റെ ഭാവി പ്ദ്ധതികൾ വെളിപ്പെടുത്തി (ഒ.നോ. 1:2; പ്രവൃ. 13:32; തീത്തൊ. 1:2; എബ്രാ. 1:1)

"നിയമങ്ങൾ" എന്ന് ആദ്യം പരാമർശിച്ചിരിക്കുന്നതിനാൽ "വാഗ്ദത്തങ്ങൾ" മശിഹായെ സൂചിപ്പിക്കുന്നതായിരിക്കാം (ഒ.നോ. വാ. 5; ഉല്പ. 3:15; 49:10; ആവ. 18:15,18–19; 2 ശമൂ. 7; സങ്കീ. 16:10; 118:22; യെശ. 7:14; 9:6; 11:1–5; ദാനീ. 7:13,27; മീഖാ 5:2–5a; സെഖ. 6:12–13; 9:9; 11:12).

ഈ വാഗ്ദത്തങ്ങൾ (നിയമങ്ങൾ) ഒരേസമയം സോപാധികവും നിരുപാധികവുമാണ്. ദൈവത്തിന്റെ പ്രവൃത്തിയോടുള്ള ബന്ധത്തിൽ അവ നിരുപാധികമാണ് (ഒ.നോ. ഉല്പ. 15:12–21), എന്നാൽ മനുഷ്യന്റെ വിശ്വാസത്തിലും അനുസരണത്തിലും സോപാധികമാണ് (ഒ.നോ. ഉല്പത്തി 15:6; റോമർ 4). ക്രിസ്തുവിന്റെ വരവിനു മുമ്പ് യിസ്രായേലിനുമാത്രമേ ദൈവത്തിന്റെ സ്വയ വെളിപ്പാട് ലഭിച്ചിട്ടുള്ളു (ഇയ്യോബ്, യിത്രോ എന്നിങ്ങനെ ചിലരൊഴികെ).

**9:5 "പിതാക്കന്മാരും"** ഇത് അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിങ്ങനെ ഉല്പത്തി 12–50 ൽ കാണുന്ന ഗോത്രപിതാക്കന്മാരെ സൂചിപ്പിക്കുന്നു (ഒ.നോ. റോമ. 11:28; ആവ. 7:8; 10:15).

▣ **"ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചതു"** ഇത് ദൈവത്തിന്റെ അഭിഷിക്തനും, ദൈവത്തിന്റെ വാഗ്ദത്തങ്ങളും പദ്ധതികളും (ഒ.നോ. 10:6) നിവർത്തിക്കുന്നതിനുള്ള ദൈവത്തിന്റെ പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട പാത്രവുമായ മശിഹായുടെ മാനുഷിക വംശാവലിയെ പരാമിർശിക്കുന്നു (ഒ.നോ. 1:3, 1:4 ലെ പ്രത്യേക പഠനവിഷയം: മശിഹാ കാണുക).

"ക്രിസ്തു" എന്ന പദം "അഭിഷിക്തൻ" എന്ന എബ്രായപദത്തിന്റെ ഗ്രീക്കു പരിഭാഷയാണ്. പഴയ നിയമത്തിൽ മൂന്നു വിഭാഗം നേതാക്കൾ പ്രത്യേക അഭിഷേക തൈലത്താൽ അഭിഷേകം ചെയ്യപ്പെട്ടിരുന്നു.

1. യിസ്രായേലിന്റെ രാജാക്കന്മാർ
2. യിസ്രായേലിന്റെ മഹാപുരോഹിതന്മാർ
3. യിസ്രായേലിന്റെ പ്രവാചകന്മാർ

അത് ദൈവം അവരെ തിരഞ്ഞെടുത്ത് ശുശ്രൂഷയ്ക്കായി സജ്ജീകരിക്കുന്നതിന്റെ അടയാളമായിരുന്നു. ഈ മൂന്ന് അഭിഷിക്ത ശുശ്രൂഷയും യേശു നിവർത്തിച്ചു (ഒ.നോ. എബ്രാ. 1:2–3). അവൻ ദൈവത്തിന്റെ സമ്പൂർണ്ണ

വെളിപ്പാടായിരുന്നു കാരണം അവൻ ജഡമെടുത്ത ദൈവമായിരുന്നു (ഒ.നോ. യെശ. 7:14; 9:6; മീഖാ 5:2-5a; കൊലൊ. 1:13-20). 1:3 ലെ പ്രത്യേക പഠനവിഷയം: "ജഡം" കാണുക

▣

**NASB** **"ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചതു; അവൻ സർവ്വത്തിന്നും മീതെ, ദൈവം എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ"**

**NKJV** **"ക്രിസ്തു വന്നത്, അവൻ സർവ്വത്തിന്നും മീതെ, എന്നെന്നേക്കും വാഴ്ത്തപ്പെട്ട ദൈവം"**

**NRSV** **"മശിഹാ വന്നത്, അവൻ സർവ്വത്തിന്നും മീതെ, ദൈവം എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ"**

**TEV** **"ക്രിസ്തു മനുഷ്യനെന്ന നിലയിൽ അവരുടെ വംശത്തിൽ ഉൾപ്പെടുന്നു. സകലത്തിനുംമീതെ വാഴുന്ന ദൈവം എന്നെന്നേക്കും സ്തുതിക്കപ്പെടുമാറാകട്ടെ"**

**NJB** **"സർവ്വത്തിന്നും മീതെയുള്ള ക്രിസ്തു വന്നത്, ദൈവം എന്നെന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ"**

വ്യാകരണപരമായി ഇത് പിതാവാം ദൈവത്തെ വാഴ്ത്തുന്നതാണ് (TEV യെഹൂദ പാരമ്പര്യം പിന്തുടരുന്നു) എങ്കിലും സന്ദർഭം സൂചിപ്പിക്കുന്നത് പൗലൊസ് യേശുവിന്റെ ദൈവത്വത്തെ ഊന്നിപ്പറയുന്നതായിട്ടാണ് (ഇത് സെപ്റ്റ്വജിന്റിലെ യഹോവയ്ക്കുള്ള യെഹൂദ സ്തുതികളുടെ മാതൃക പിന്തുടരുന്നില്ല; കാണുക, ജെ. മുറേ, II പേജ് 245-248). പൗലൊസ് *തെയോസ്* എന്ന വാക്ക് യേശുവിന് അധികം ഉപയോഗിക്കുന്നില്ല, െങ്കിലും ഉപയോഗിക്കുന്നുണ്ട് (ഒ.നോ. പ്രവൃ. 20:28; 2 തെസ്സ. 1:12; തീത്തൊ. 2:13; ഫിലി. 2:6). എല്ലാ ആദിമ സഭാപിതാക്കന്മാരും ഈ വേദഭാഗം യേശുവിനെ സൂചിപ്പിക്കുന്നതായിട്ടാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. Bruce Metzger, *A Textual Commentary on the Greek New Testament*, pp.520-522 സൂചിപ്പിക്കുന്നത് വ്യത്യസ്ത അഭിപ്രായങ്ങൾ രൂപപ്പെട്ടിട്ടുള്ളത് ചിഹ്നങ്ങൾ എവിടെ ഉപയോഗിച്ചിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണെന്നാണ്. പുരാതന വലിയക്ഷര കയ്യെഴുത്തു പ്രതികളിൽ

1. വലിയക്ഷരം ഉപയോഗിക്കുന്നില്ല
2. ചിഹ്നങ്ങളില്ല
3. ഖണ്ഡിക വിഭജനം ഇല്ല
4. വാക്കുകൾക്കിടയിൽ അകലവുമില്ല.

▣ **"അവൻ സർവ്വത്തിന്നും മീതെ"** ഇത് പിതാവാം ദൈവത്തിനോ അല്ലെങ്കിൽ പുത്രനായ യേശുവിനോ ഉള്ള വിവരണാത്മകമായ പ്രയോഗമാണ്. ഇത് മത്താ. 28:19 യെ യേശുവിന്റെ പ്രസ്താവനയെയും കൊലൊ. 1:15-20 ലെ പൗലൊസിന്റെ പ്രസ്താവനയെയും സൂചിപ്പിക്കുന്നു. ഈ ശക്തമായ പ്രയോഗം, നസറായനായ യേശുവിനെ തള്ളിക്കളഞ്ഞതിൽ യിസ്രായേലിന്റെ ഭോഷത്വത്തെ സൂചിപ്പിക്കുന്നു.

▣ **"എന്നെന്നേക്കും"** ഇത് ആക്ഷരികമായി "എന്നേക്കും" എന്ന ഗ്രീക്ക് ശൈലിയാണ് (ഒ.നോ. ലൂക്കൊ. 1:33, 54; യോഹ. 6:58; 8:35; 12:34; 14:16; റോമ. 1:25; 11:36; 2 കൊരി. 9:9; ഗലാ. 1:5; 1 തിമൊ. 1:17). ഇത് അതിനോടു ബന്ധപ്പെട്ട നിരവധി പ്രയോഗങ്ങളിൽ ഒന്നാണ് (1) "ഒരുനാളും" (ഒ.നോ. മത്താ. 21:19 [മർക്കൊ. 11:14]; യോഹ. 13:8 (2) "എന്നേക്കും തലമുറതലമുറയായി" (ഒ.നോ. എഫെ. 3:21). ഇവയ്ക്ക് "എന്നേക്കും" എന്ന പ്രയോഗത്തിൽനിന്നും വ്യത്യാസം ഒന്നുമില്ല. എന്നേക്കും എന്നത് റബ്ബിമാർ "പൂജക ബഹുവചനം" എന്നു വിളിക്കുന്ന വ്യാകരണ നിയമമനുസരിച്ചുള്ള ബഹുവചനരൂപമാണ്. അല്ലെങ്കിൽ അത് "നിഷ്പാപ യുഗം" അല്ലെങ്കിൽ "തിന്മയുടെ യുഗം" അല്ലെങ്കിൽ "വരുവാനുള്ള യുഗം" അല്ലെങ്കിൽ "നീതിയുടെ യുഗം" എന്നിങ്ങനെയുള്ള യെഹൂദ ആശയം അനുസരിച്ചുള്ള അനേക യുഗങ്ങൾ ചേർന്നത് എന്ന ആശയമാകാം.

▣ **"ആമേൻ"** 1:25 ലെ പ്രത്യേക പഠനവിഷയം കാണുക.

**റോമർ 9:6-13**

**6ദൈവവചനം വൃഥാവായിപ്പോയി എന്നല്ല; യിസ്രായേലിൽനിന്നു ഉത്ഭവിച്ചവർ എല്ലാം യിസ്രായേ
ല്യർ എന്നും 7അബ്രാഹാമിന്റെ സന്തതിയാകയാൽ എല്ലാവരും മക്കൾ എന്നും വരികയില്ല: "യിസ്ഹാ
ക്കിൽനിന്നു ജനിക്കുന്നവർ നിന്റെ സന്തതി എന്നു വിളിക്കപ്പെടും" എന്നേയുള്ളു. 8അതിന്റെ അർത്ഥമോ:
ജഡപ്രകാരം ജനിച്ച മക്കൾ അല്ല ദൈവത്തിന്റെ മക്കൾ; വാഗ്ദത്തപ്രകാരം ജനിച്ച മക്കളെയത്രേ സന്തതി
എന്നു എണ്ണുന്നു. 9"ഈ സമയത്തേക്കു ഞാൻ വരും; അപ്പോൾ സാറെക്കു ഒരു മകൻ ഉണ്ടാകും" എന്നല്ലോ
വാഗ്ദത്തവചനം. 10അത്രയുമല്ല, റിബെക്കയും നമ്മുടെ പിതാവായ യിസ്ഹാക്ക് എന്ന ഏകനാൽ ഗർഭം
ധരിച്ചു, 11കുട്ടികൾ ജനിക്കയോ ഗുണമാകട്ടെ ദോഷമാകട്ടെ ഒന്നും പ്രവർത്തിക്കയോ ചെയ്യുംമുമ്പെ
തിരഞ്ഞെടുപ്പിൻപ്രകാരമുള്ള ദൈവനിർണ്ണയം പ്രവൃത്തികൾ നിമിത്തമല്ല വിളിച്ചവന്റെ ഇഷ്ടം നിമിത്തം
തന്നേ വരേണ്ടതിന്നു: 12"മൂത്തവൻ ഇളയവനെ സേവിക്കും" എന്നു അവളോടു അരുളിച്ചെയ്തു. 13"ഞാൻ
യാക്കോബിനെ സ്നേഹിച്ചു ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലോ.**

**9:6 "ദൈവവചനം"** ഈ സന്ദർഭത്തിൽ ഇത് പഴയ നിയമ ഉടമ്പടി വാഗ്ദത്തങ്ങളെ േസൂചിപ്പിക്കുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഉറപ്പുള്ളതാണ് (ഒ.നോ. സംഖ്യ. 23:19; യോശു. 21:45; 23:24; 2 രാജാ. 10:10; യെശ. 40:8; 55:11; 59:21).

▣

**NASB, NRSV,**
**TEV, NJB** **"പരാജയപ്പെട്ടുവോ"**
**NKJV** **"നിഷ്ഫലമായിത്തീർന്നുവോ"**

ഈ പദം (*എക്പിപ്റ്റോ - ekπιπτω*) ഒരുവൻ (ഒ.നോ. യെശ. 14:12) അല്ലെങ്കിൽ ഒരു വസ്തു (ഒ.നോ. യെശ. 6:13) വീഴുന്നതിനെ സൂചിപ്പിക്കാൻ നിരവധി പ്രാവശ്യം സെപ്റ്റ്വജിന്റിൽ ഉപയോഗിച്ചിട്ടുണ്ട്. നിലനില്ക്കുന്ന പളതോതടുകൂടിയ ഒരു അവസ്ഥയെ സൂചിപ്പിക്കുന്ന (എന്നാൽ നിഷേധാത്മകമായി) പൂർണ്ണ കർത്തരി സൂചകമാണിത്. ദൈവവചനത്തിന്റെ ഉറപ്പിനെക്കുറിച്ചുള്ള പരാമർശം മുകളിൽ കാണുക.

▣

**NASB** **"യിസ്രായേലിൽനിന്നു ഉത്ഭവിച്ചവർ എല്ലാം യിസ്രായേല്യർ എന്നും ... വരികയില്ല"**
**NKJV** **"യിസ്രായേലിൽനിന്നുള്ളവർ എല്ലാം യിസ്രായേല്യർ എന്നും ... വരികയില്ല"**
**NRSV** **"എല്ലാ യിസ്രായേല്യരും യഥാർത്ഥ യിസ്രായേല്യരല്ല"**
**TEV** **"യിസ്രായേൽ ജനത്തിൽപെട്ട ദൈവത്തിന്റെ ജനമല്ല"**
**NJB** **"യിസ്രായേലിൽനിന്നു ഉത്ഭവിച്ചവർ എല്ലാം യിസ്രായേൽ അല്ല"**

ഈ വൈരുദ്ധ്യ പ്രസ്താവനയുടെ അർത്ഥം "യിസ്രായേൽ" എന്ന വേദപുസ്തക പദത്തിന്റെ അർത്ഥത്തിന്റെ അടിസ്ഥാനത്തിലാണ് നിലകൊള്ളുന്നത്.

1. യിസ്രായേൽ, യാക്കോബിന്റെ സന്തതികൾ എന്ന അർത്ഥത്തിൽ (ഒ.നോ. ഉല്പ. 32:22-32)
2. യിസ്രായേൽ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന അർത്ഥത്തിൽ (ഒ.നോ. TEV)
3. ആത്മിക യിസ്രായേൽ, സഭ എന്ന അർത്ഥത്തിൽ (ഒ.നോ. ഗലാ. 6:16; 1 പത്രൊ. 2:8,9; വെളി. 1:6) എതിരായി സ്വാഭാവിക യിസ്രായേൽ (ഒ.നോ. വാ. 3-6).

അബ്രാഹാമിന്റെ സന്തതികളിൽ ചിലർ മാത്രമേ വാഗ്ദത്തത്തിന്റെ മക്കൾ ആകുന്നുള്ളു (ഒ.നോ. വാ. 7). യെഹൂദന്മാർപോലും അവരുടെ വംശാവലിയുടെ അടിസ്ഥാനത്തിൽ അല്ല (ഒ.നോ. വാ. 7) മറിച്ച് വിശ്വാസത്താലാണ് (ഒ.നോ. 2:28-29; 4:1 മുതൽ; യോഹ. 8:31-59; ഗലാ. 3:7-9; 4:23) ദൈവവുമായി നിരപ്പുപ്രാപിച്ചത്. വിശ്വസിക്കുന്ന ശേഷിപ്പാണ് (9:27-28 ലെ പ്രത്യേക പഠന വിഷയം കാണുക) ദൈവിക വാഗ്ദത്തങ്ങൾ പ്രാപിച്ചതും വിശ്വാസത്താൽ അവയിൽ നടന്നതും (ഒ.നോ. 9:27; 11:5).

വാ. ൽ സാങ്കല്പിക പ്രതിവാദങ്ങളുടെ ഒരു പരമ്പര ആരംഭിക്കുന്നു (ഒ.നോ. 9:14,19,30; 11:1). ഇവിടെ പൗലൊസിന്റെ ഡയാട്രൈബ് രീതി തുടരുന്നു. ഒരു സാങ്കല്പിക പ്രതിവാദിയിലൂടെ (ഒ.നോ. മലാ. 1:2,6,7 [2 പ്രാവശ്യം],12,13; 2:14,17 [2 പ്രാവശ്യം]; 3:7,13,14).

**9:7** ഈ വാക്യത്തിന്റെ രണ്ടാം പകുതി, ഉല്പ. 21:12d ൽ നിന്നുള്ള ഉദ്ധരണിയാണ്. അബ്രാഹാമിന്റെ സന്തതികൾ എല്ലാവരും ദൈവത്തിന്റെ ഉടമ്പടി വാഗ്ദത്തിന്റെ മക്കൾ അല്ല (ഒ.നോ. ഉല്പ. 12:1-3; 15:1-11; 17:1-21; 18:1-15; ഗലാ. 4:23). ഇത് വാ. 8-9 ൽ യിശ്മായേലും യിസ്ഹാക്കും തമ്മിലും, വാ. 10-11 ൽ യാക്കോബും ഏശാവും തമ്മിലും ഉള്ള വ്യത്യാസത്തെ കാണിക്കുന്നു.

**9:8** ഇവിടെ പൗലൊസ് ദേശീയ പൈതൃകത്തെ സൂചിപ്പിക്കുവാൻ "ജഡം" എന്ന പദം ഉപയോഗിക്കുന്നു (ഒ.നോ. 1:3; 4:1; 9:3,5, 1:3 ലെ പ്രത്യേക പഠനവിഷയം കാണുക). അവൻ അബ്രാഹാമിന്റെ സ്വാഭാവിക സന്തതികളെ (9:3 ലെ യെഹൂദന്മാർ) അബ്രാഹാമിന്റെ (വാഗ്ദത്ത സന്തതി) ആത്മിക സന്തതികളുമായി (ദൈവത്തിന്റെ വാഗ്ദത്ത മശിഹായിൽ വിശ്വാസത്താൽ ആശ്രയിക്കുന്നവർ, ഒ.നോ. 2:28-29) താരതമ്യപ്പെടുത്തുന്നു. ഇത് 8:4-11 ലെ വീണുപോയ മനുഷ്യവർഗ്ഗവും വീണ്ടെടുക്കപ്പെട്ട മനുഷ്യവർഗ്ഗവും എന്ന താരതമ്യം <u>അല്ല</u>.

**9:9** ഉല്പ. 18:10,14 ൽ നിന്നുള്ള ഉദ്ധരണിയാണിത്. വാഗ്ദത്ത ശിശു ("സന്തതി) ദൈവം മുൻകയ്യെടുത്തതനുസരിച്ച് സാറായിൽ നിന്നും ജനിക്കും. ഇത് ആത്യന്തികമായി മശിഹയുടെ ജനത്തിൽ പൂർത്തീകരിക്കും. 13 വർഷങ്ങൾക്കു മുമ്പ് ഉല്പ. 12:1-3 ൽ ദൈവം അബ്രാഹാമിനു നല്കിയ വാഗ്ദത്തത്തിന്റെ പ്രത്യേക നിവൃത്തിയായിരുന്നു യിസ്ഹാക്കിന്റെ ജനനം.

**9:10** അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ഭാര്യമാർ വന്ധ്യകളായിരുന്നു; അവർക്ക് ഗർഭം ധരിക്കാൻ കഴിയുമായിരുന്നില്ല. മക്കളെ പ്രസവിക്കുന്നതിനുള്ള അവരുടെ കഴിവില്ലായ്മ, മശിഹൈക വംശത്തിന്റെ ഉടമ്പടി വാഗ്ദത്തങ്ങളുടെ നിയന്ത്രണം തന്റെ പക്കലാണെന്ന് കാണിക്കുന്നതിനുള്ള ദൈവത്തിന്റെ വഴികളിൽ ഒന്നായിരുന്നു.

മറ്റൊരു വഴി, യഥാർത്ഥ മശിഹൈക വംശാവലി ഒരിക്കലും ഗോത്രപിതാവിന്റെ മൂത്തപുത്രനിൽ നിന്നും അല്ല പുറപ്പെടുന്നത് എന്നു കാണിക്കുകയായിരുന്നു (അതായിരുന്നു സാംസ്കാരികമായി പ്രതീക്ഷിക്കപ്പെട്ടിരുന്നത്). ദൈവത്തിന്റെ തിരഞ്ഞെടുപ്പാണ് താക്കോൽ (ഒ.നോ. വാ. 11-12).

**9:11-12** വാ. 11-12, ഗ്രീക്കിൽ ഒരു വാചകമാണ്. ഈ വിവരണം ഉല്പ. 25:19-34 ൽനിന്നും എടുത്തതാണ്. ഈ ഉദാഹരണം ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെ തിരഞ്ഞെടുപ്പ് (ഒ.നോ. വാ. 16) (1) മാനുഷിക വംശാവലിപ്രകാരമോ, (2) മാനുഷിക പ്രവൃത്തികളുടെയോ നേട്ടത്തിന്റെയോ അടിസ്ഥാനത്തിലോ (ഒ.നോ. വാ.16) അല്ല എന്നു തെളിയിക്കുന്നതിനാണ്. ഇതാണ് സുവിശേഷത്തിന്റെ, പുതിയ നിയമത്തിന്റെ പ്രവർത്തനരീതി (ഒ.നോ. യിരെ. 31:31-34; യെഹെ. 36:22-36). എങ്കിലും, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് ഒഴിവാക്കാനല്ല, ഉൾപ്പെടുത്താനാണ് എന്ന

കാര്യം ഓർക്കേണ്ടതാണ്! മശിഹാ തിരഞ്ഞെടുക്കപ്പെട്ട സന്തതിയിൽ നിന്നാണു വരുന്നത്, പക്ഷേ അവൻ എല്ലാവർക്കും വേണ്ടിയാണ് വരുന്നത് (വിശ്വസിക്കുന്നവർക്കുവേണ്ടി, ഒ.നോ. 2:28–29; 4:3,22–25; അധ്യായം 10).

**9:11 "ഇഷ്ടം"** ഇത് *പ്രോ* യുടെ കൂടെ *റ്റിതെമി* (***προτιτημι***) ചേർന്നുണ്ടായ സംയുക്ത പദമാണ്. ഇതിന് നിരവധി അർത്ഥങ്ങളുണ്ട്.

1. റോമ. 3:25 ൽ
   a. പരസ്യമായി മുന്നോട്ടുവെയ്ക്കുക
   b. പകരമായ ദാനം
2. മുമ്പെ പദ്ധതി തയ്യാറാക്കുക
   a. പൗലൊസ്, റോമ. 1:3
   b. ദൈവം, എഫെ. 1:9

ഇവിടെ ഉപയോഗിച്ചിരിക്കുന്ന ക്രിയാരൂപത്തിന് (*പ്രോതെസിസ്*) "മുൻകൂട്ടി ക്രമീകരിക്കുക" എന്നർത്ഥം

1. ആലയത്തിലെ കാഴ്ചയപ്പത്തിന് ഉപയോഗിച്ചിരിക്കുന്നു, മത്താ. 12:4; മർക്കൊ. 2:26; ലൂക്കൊ. 6:4
2. ദൈവത്തിന്റെ മുൻ നിർണ്ണയിച്ച വീണ്ടെടുപ്പിൻ പദ്ധതിക്ക് ഉപയോഗിച്ചിരിക്കുന്നു, റോമ. 8:28; 9:11; എഫെ. 1:5,11; 3:10; 2 തിമൊ. 1:9; 3:10

പൗലൊസ് റോമർ 8, 9 അധ്യായങ്ങളിലും എഫെസ്യർ 1 ലും *പ്രോ* എന്ന ഗതിയുടെ നിരവധി സംയുക്തപദങ്ങൾ ഉപയോഗിച്ചിട്ടുണ്ട് (ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരമുള്ള പ്രവൃത്തിയെയാണ് അവ സൂചിപ്പിക്കുന്നത്).

1. *പ്രോഗിനോസ്കോ* (***προγινωσκω***) മുന്നറിഞ്ഞു, റോമ. 8:29
2. *പ്രൂറിഡ്സോ* (***προοριζω***) മുന്നമേ രൂപപ്പെടുത്തുക, റോമ. 8:29 (എഫെ. 1:5,11), 30 (എഫെ. 1:9)
3. *പ്രോതെസിസ്* (***προθεσις***) മുൻനിർണ്ണയപ്രകാരമുള്ള ഉദ്ദേശ്യം, റോമ. 9:11
4. *പ്രോഎറ്റോയിമാഡ്സോ* (***προετοιμαζω***) മുന്നൊരുക്കുക, റോമ. 9:23
5. *പ്രോലൈഗോ* (***προλεγω***) മുന്നമേ പറഞ്ഞത്, റോമ. 9:29
6. *പ്രോഎൽപിഡ്സോ* (***προελπιζω***) മുന്നമേ പ്രത്യാശിക്കുക, എഫെ. 1:12

9:12 ഏശാവിനോടും യാക്കോബിനോടും ബന്ധപ്പെട്ട് ഉല്പ. 25:23 ൽ കാണുന്ന പ്രവചനത്തിന്റെ ഉദ്ധരണിയാണിത്. ഇതു സൂചിപ്പിക്കുന്നത് റെബേക്കയും യാക്കോബും അനുഗ്രഹം നേടാൻ ഏശാവിനെ വഞ്ചിച്ചപ്പോൾ വ്യക്തിപരമായ നേട്ടത്തിനുവേണ്ടിയല്ല, പ്രവചനത്തിനടിസ്ഥാനത്തിലാണ് അങ്ങനെ പ്രവർത്തിച്ചത് എന്നാണ്!

**9:13 "ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു"** മലാ. 1:2–3 ൽ നിന്നുള്ള ഉദ്ധരണിയാണിത്. "ദ്വേഷിക്കുക" എന്നത് താരതമ്യത്തിനുള്ള എബ്രായ ശൈലിയാണ്. മലയാളത്തിൽ അത് കഠിനമായി തോന്നും, എന്നാൽ ഉല്പ. 29:31–33; ആവ. 21:15; മത്താ. 10:37–38; ലൂക്കൊ. 14:26; യോഹ. 12:25 താരതമ്യപ്പെടുത്തുക. "സ്നേഹം," "ദ്വേഷം" എന്നീ മനുഷ്യരൂപാരോപണ പദങ്ങൾ ദൈവത്തിന് ഈ വ്യക്തികളോടുള്ള വികാരത്തെയല്ല സൂചിപ്പിക്കുന്നത്, മറിച്ച് മശിഹൈക പരമ്പരയോടും വാഗ്ദത്തങ്ങളോടുമുള്ള തന്റെ പ്രതിബദ്ധതയെയാണ്. ഉല്പ. 25:23 ലെ പ്രവചനം അനുസരിച്ച് യാക്കോബ് വാഗ്ദത്ത സന്തതിയാണ്. മലാ. 1:2–3 ൽ ഏശാവിനെ ഏദോം വംശമായിട്ടാണ് (ഏശാവിന്റെ സന്തതികൾ) പറഞ്ഞിരിക്കുന്നത്.

## പ്രത്യേക പഠനവിഷയം:
## ദൈവം മനുഷ്യനെന്ന നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു
### (മനുഷ്യരൂപാരോപണ ഭാഷ)

I ഇത്തരത്തിലുള്ള ഭാഷ പഴയ നിയമത്തിൽ സാധാരണയായിരുന്നു (ചില ഉദാഹരണങ്ങൾ)

A. ഭൗതിക ശരീരഭാഗങ്ങൾ

1. കണ്ണുകൾ – ഉല്പ. 1:4, 31; 6:8; പുറ. 33:17; സംഖ്യ. 14:14; ആവ. 11:12; സെഖ. 4:10
2. കൈകൾ – പുറ. 15:17; സംഖ്യ. 11:23; ആവ. 2:15
3. ഭുജം – പുറ. 6:6; 15:16; സംഖ്യ. 11:23; ആവ. 4:34; 5:15
4. ചെവികൾ – സംഖ്യ. 11:18; 1 ശമൂ. 8:21; 2 രാജാ. 19:16; സങ്കീ. 5:1; 10:17; 18:6
5. മുഖം – പുറ. 32:30; 33:11; സംഖ്യ. 6:25; ആവ. 34:10; സങ്കീ. 114:7;
6. വിരൽ – പുറ. 8:19; 31:18; ആവ. 9:10; സങ്കീ. 8:3
7. ശബ്ദം – ഉല്പ. 3:8,10; പുറ. 15:26; 19:19; ആവ. 26:17; 27:10
8. കാൽ – പുറ. 24:10; യെഹെ. 43:7
9. മനുഷ്യരൂപം – പുറ. 24:9–11; സങ്കീ. 47; യെശ. 6:1; യെഹെ. 1:26
10. യഹോവയുടെ ദൂതൻ – ഉല്പ. 16:7–13; 22:11–15; 31:11,13; 48:15–16; പുറ. 3:4,13–21; 14:19; ന്യായാ. 2:1; 6:22–23; 13:3–22

B. ശാരീരിക പ്രവർത്തനങ്ങൾ

1. സൃഷ്ടിപ്പിന്റെ മുഖാന്തരമായി സംസാരിക്കുന്നു – ഉല്പ. 1:3,6,9,11,14,20,24,26

2. ഏദെനിൽ നടക്കുന്നു (അതാ. നടക്കുന്ന ഒച്ച) - ഉല്പ. 3:8; 18:33; ഹബ. 3:15
3. നോഹയുടെ പെട്ടകത്തിന്റെ വാതിൽ അടെച്ചു - ഉല്പ. 7:16
4. യാഗം മണക്കുന്നു - ഉല്പ. 8:21; ലേവ്യ. 26:31; ആമോ. 5:21
5. ഇറങ്ങി വരുന്നു - ഉല്പ. 11:5; 18:21; പുറ. 3:8; 19:11,18,20
6. മോശെയെ അടക്കുന്നു - ആവ. 34:6

C. മാനുഷിക വികാരങ്ങൾ (ചില ഉദാഹരണങ്ങൾ)
1. അനുതാപം/ദുഃഖം - ഉല്പ. 6:6,7; പുറ. 32:14; ന്യായാ. 2:18; 1 ശമൂ. 15:29,35; ആമോ. 7:3,6
2. കോപം - പുറ. 4:14; 15:7; സംഖ്യ. 11:10; 12:9; 22:22; 25:3,4; 32:10,13,14; ആവ. 6:5; 7:4; 29:20
3. തീക്ഷ്ണത - പുറ. 20:5; 34:14; ആവ. 4:24; 5:9; 6:15; 32:16,21; യോശു. 24:19
4. അറപ്പ്/വെറുപ്പ് - ലേവ്യ. 20:23; 26:30; ആവ. 32:19

D. കുടുംബ പദങ്ങൾ (ചില ഉദാഹരണങ്ങൾ)
1. പിതാവ്
   a. യിസ്രായേലിന്റെ - പുറ. 4:22; ആവ. 14:1; 39:5
   b. രാജാവിന്റെ - 2 ശമൂ. 7:11-16; സങ്കീ. 2:7
   c. പിതാവിന്റെ പ്രവൃത്തികളുടെ സാദൃശ്യങ്ങൾ - ആവ. 1:31; 8:5; 32:1; സങ്കീ. 27:10; സദൃ. 3:12; യിരെ. 3:4,22; 31:20; ഹോശേ. 11:1-4; മലാ. 3:17
2. പിതാവ്/ മാതാവ് - ഹോശേ. 11:1-4
3. മാതാവ് - സങ്കീ. 27:10 (മുലകൊടുക്കുന്ന മാതാവിന്റെ സാദൃശ്യം); യെശ. 49:15; 66:9-13
4. വിശ്വസ്ത യൗവന കാന്തൻ - ഹോശേയ 1-3

II. ഇത്തരം ഭാഷാ പ്രയോഗത്തിന്റെ കാരണങ്ങൾ

A. ദൈവത്തിന് തന്നെത്തന്നെ മനുഷ്യർക്കു വെളിപ്പെടുത്താൻ ആവശ്യമായി വന്നു. ദൈവത്തെ പുരുഷനായി ചിത്രീകരിക്കുന്നത് കേവലം മനുഷ്യരൂപാരോപണം മാത്രമാണ്; കാരണം ദൈവം ആത്മാവാകുന്നു.

B. ദൈവം മനുഷ്യജീവിതത്തിലെ ഏറ്റവും അർത്ഥവത്തായ വസ്തുതകൾ മാത്രമെടുത്ത്, വീണുപോയ മനുഷ്യവർഗ്ഗത്തിന് തന്നെത്തന്നെ വെളിപ്പെടുത്തുന്നതിനായി അവയെ ഉപയോഗിച്ചു (പിതാവ്, മാതാവ്, രക്ഷകർത്താവ്, കാന്തൻ).

C. ആവശ്യമായിരുന്നെങ്കിലും ദൈവം തന്നെത്തന്നെ ഏതെങ്കിലും ഭൗതിക രൂപത്തിൽ പരിമിതപ്പെടുത്താനാഗ്രഹിച്ചില്ല (ഒ. നോ. പുറ. 20; ആവ. 5).

D. ആത്യന്തിക മനുഷ്യരൂപാരോപണം യേശുവിന്റെ ജഡധാരണമാണ്! ദൈവം ശാരീരികവും, സ്പർശിക്കാവുന്നതുമായ രൂപമെടുത്തു (ഒ. നോ. 1 യോഹ. 1:1-3). ദൈവത്തിന്റെ സന്ദേശം ദൈവത്തിന്റെ വചനം ആയി മാറി (ഒ. നോ. യോഹ. 1:1-18).

## റോമർ 9:14-18

**[14]ആകയാൽ നാം എന്തു പറയേണ്ടു? ദൈവത്തിന്റെ പക്കൽ അനീതി ഉണ്ടോ? ഒരുനാളും ഇല്ല.
[15]"എനിക്കു കരുണ തോന്നേണം എന്നുള്ളവനോടു കരുണ തോന്നുകയും എനിക്കു കനിവു തോന്നേണം എന്നുള്ളവനോടു കനിവു തോന്നുകയും ചെയ്യും" എന്നു അവൻ മോശെയോടു അരുളിച്ചെയ്യുന്നു. [16]അതു
കൊണ്ടു ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രേ സകലവും സാധിക്കുന്നതു. [17]"ഇതിന്നായിട്ടു തന്നേ ഞാൻ നിന്നെ നിർത്തിയിരിക്കുന്നതു; നിന്നിൽ എന്റെ ശക്തി കാണിക്കേണ്ടതിന്നും എന്റെ നാമം സർവ്വഭൂമിയിലും പ്രസ്താവിക്കപ്പെടേണ്ടതിന്നും തന്നേ" എന്നു തിരുവെഴുത്തിൽ ഫറവോനോടു അരുളിച്ചെയ്യുന്നു. [18]അങ്ങനെ
തനിക്കു മനസ്സുള്ളവനോടു അവന്നു കരുണ തോന്നുന്നു; തനിക്കു മനസ്സുള്ളവനെ അവൻ കഠിനനാക്കുന്നു.**

**9:14 "ആകയാൽ നാം എന്തു പറയേണ്ടു"** പൗലൊസ് കൂടെക്കൂടെ ഈ ഡയാട്രൈബ് രൂപം ഉപയോഗിക്കുന്നുണ്ട് (ഒ.നോ. 3:5; 4:1; 6:1; 7:7; 8:31; 9:14,19,30).

▣ **"ദൈവത്തിന്റെ പക്കൽ അനീതി ഉണ്ടോ?"** വ്യാകരണരൂപം "ഇല്ല" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു. ദൈവത്തിന്റെ പരമാധികാരമാണ് തീരുമാനങ്ങൾ എടുക്കുന്നതെങ്കിൽ ദൈവത്തിനെങ്ങനെ മനുഷ്യനെ ഉത്തരവാദിയാക്കാൻ സാധിക്കും? (ഒ.നോ. വാ. 19). ഇതാണ് തിരഞ്ഞെടുപ്പിന്റെ മർമ്മം. ഈ സന്ദർഭത്തിലെ മുഖ്യ ഊന്നൽ മനുഷ്യനോട് (മത്സരികളായ മനുഷ്യരോട്) തനിക്കിഷ്ടമുള്ള വിധത്തിൽ ഇടപെടുവാൻ ദൈവത്തിനു സ്വാതന്ത്ര്യമുണ്ട് എന്നുള്ളതാണ്; എന്നിരുന്നാലും ദൈവത്തിന്റെ പരമാധികാരം വെളിപ്പെടുന്നത് ശക്തിയുപയോഗിക്കുന്നതില്ല, മറിച്ച് കരുണ പ്രദർശിപ്പിക്കുന്നതിലാണ് (വാ. 15 ന്റെ കുറിപ്പ് കാണുക).

ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പുകൾ മനുഷ്യന്റെ ഭാവി പ്രവൃത്തികളുടെയും തിരഞ്ഞെടുപ്പുകളുടെയും അടിസ്ഥാനത്തിലല്ല എന്ന കാര്യവും ഓർമ്മിക്കേണ്ടതാണ്. അതങ്ങനെയായിരുന്നുവെങ്കിൽ ദൈവിക തിര

ഞ്ഞെടുപ്പിന്റെ അടിസ്ഥാനം മനുഷ്യന്റെ തിരഞ്ഞെടുപ്പുകളും പ്രവൃത്തികളും നന്മകളും ആകുമായിരുന്നു (ഒ. നോ. വാ. 16; 1 പത്രൊ. 1:2). ഇതിനു പിന്നിൽ നീതിമാന്റെ അഭിവൃദ്ധി എന്ന യെഹൂദ വീക്ഷണം കാണുവാൻ കഴിയും (ഒ.നോ. ആവർത്തനം 27-28; ഇയ്യോബ്; സങ്കീർത്തനം 73). എന്നാൽ ദൈവം അർഹതയില്ലാത്തവരെ വിശ്വാസം മൂലം അനുഗ്രഹിക്കുകയാണു ചെയ്യുന്നത് (പ്രവൃത്തിയുടെ അടിസ്ഥാനത്തിലല്ല, ഒ.നോ. 5:8). ദൈവം എല്ലാം അറിയുന്നുവെങ്കിലും അവൻ തന്റെ തിരഞ്ഞെടുപ്പുകളെ (1) കരുണയിലും, (2) വാഗ്ദത്തത്തിലും പരിമി തപ്പെടുത്തുന്നത് തിരഞ്ഞെടുക്കുന്നു. മനുഷ്യന്റെ പ്രതികരണം ആവശ്യമാണ്, എങ്കിലും അത് ദൈവത്തിന്റെ ജീവിത രൂപാന്തരിയായ തെരഞ്ഞെടുപ്പിനെത്തുടർന്ന് വരികയും അതിനെ ആത്യന്തികമായി സ്ഥിരീകരിക്കുകയും വേണം.

▣ **"ഒരുനാളും ഇല്ല"** തന്റെ ഡയാട്രൈബിലെ എതിരാളിയുടെ ചോദ്യങ്ങളെ നിഷേധിക്കുന്നതിന് പൗലൊസ് കൂടെക്കൂടെ ഉപയോഗിക്കുന്നതും അപൂർവ്വവുമായ അനുവാദക ക്രിയാരൂപമാണിത് (ഒ.നോ. 3:4,6,31; 6:2,15; 7:7,13; 11:1,11 കൂടാതെ 1 കൊരി. 6:15; ഗലാ. 2:17; 3:21; 6:14). ഇതൊരു എബ്രായ ശൈലിയാണ്.

**9:15** പുറ. 33:19 ൽ നിന്നുള്ള ഉദ്ധരണിയാണിത്. തന്റെ വീണ്ടെടുപ്പിൻ പദ്ധതിക്കനുസരണമായി പ്രവർത്തിക്കാൻ ദൈവത്തിനു സ്വാതന്ത്ര്യമുണ്ട്. മോശെ പോലും ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് അർഹനല്ലായിരുന്നു (പുറ. 33:20). അവൻ കൊലപാതകിയായിരുന്നു (ഒ.നോ. പുറ. 2:11-15). അവന്റെ തിരഞ്ഞെടുപ്പുകൾ കരുമയിലാണ് എന്നതാണ് താക്കോൽ (ഒ.നോ. വാ. 16,18-23; 11:30,31,32).

**9:15-16 "കരുണ"** ഗ്രീക്കുപദം (*ἐλεος*, ഒ.നോ. വാ. 15,16,18,23; 11:30,31.32) സെപ്റ്റ്വജിന്റിൽ *ഹേസെദ്* എന്ന എബ്രാ യപദത്തെ തരർജ്ജമ ചെയ്യാനാണ് ഉപയോഗിച്ചിരിക്കുന്നത് (ഓർക്കുക, പുതിയ നിയമത്തിന്റെ എഴുത്തുകാർ നാടൻ ഗ്രീക്കുഭാഷയിൽ എഴുതിയ എബ്രായ ചിന്തകരായിരുന്നു). *ഹേസെദ്* എന്ന പദത്തിനർത്ഥം "മാറ്റംവ രാത്ത, ഉടമ്പടി സ്നേഹം" എന്നാണ്. ദൈവത്തിന്റെ കരുണയും തിരഞ്ഞെടുപ്പും ബഹുവചനവും സമൂഹപ രവും (യെഹൂദന്മാർ [യിസ്ഹാക്ക്], അറബികൾ [യിശ്മായേൽ] അല്ല; യിസ്രായേൽ [യാക്കോബ്], എദോം [ഏശാവ്] അല്ല; വിശ്വസിക്കുന്ന യെഹൂദന്മാരും വിശ്വസിക്കുന്ന ജാതികളും, ഒ.നോ. വാ. 24), ഒപ്പം വ്യക്തിപരവു മാണ്. ഈ സത്യം മുൻനിയമനം (സാർവ്വലൗകിക വീണ്ടെടുപ്പ്) എന്ന മർമ്മത്തിന്റെ ചുരുളഴിക്കുന്ന താക്കോലു കളിൽ ഒന്നാണ്. മറ്റെ താക്കോൽ അധ്യായങ്ങൾ 9-11 ന്റെ പശ്ചാത്തലമായ ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവ മാണ് - കരുണ (ഒ.നോ. 9:15,16,18,23; 11:30,31,32) മനുഷ്യന്റെ പ്രവൃത്തികളല്ല. തിരഞ്ഞെടുപ്പിലൂടെയുള്ള കരുണ ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരിലും എത്തുന്നു. അത് വിശ്വാസത്തിന്റെ വാതിലുകൾ എല്ലാവർക്കുംവേണ്ടി തുറക്കുന്നു. (ഒ.നോ. 5:18-19).

## പ്രത്യേക പഠനവിഷയം: ആർദ്രസ്നേഹം (*ഹേസെദ്*)

ഈ പദത്തിന് വിശാലമായ അർത്ഥ മണ്ഡലം ഉണ്ട്. ബി.ഡി.ബി ഇതിനെ ഇപ്രകാരം വിശദീകരിക്കുന്നു (338 -339)

A. മനുഷ്യരോടുള്ള ബന്ധത്തിൽ
   1. സഹമനുഷ്യരോടുള്ള ദയ (ഉദാ. 1 ശമൂ. 20:14; 2 ദിന. 24:22)
   2. ദരിദ്രരോടും അഗതികളോടുമുള്ള ദയ (ഉദാ. മീഖാ 6:8)
   3. വാത്സല്യം (ഒ. നോ. യിരെ. 2:2; ഹോശേ. 6:4)
   4. ഭാവപ്രകടനം (ഒ. നോ. യെശ. 40:6)

B. ദൈവത്തോടുള്ള ബന്ധത്തിൽ
   1. ഉടമ്പടി കൂറും സ്നേഹവും
      a. "ശത്രുക്കളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നുമുള്ള മോചനത്തിൽ" (ഉദാ. യിരെ. 31:3; എസ്രാ 27:28; 9:9)
      b. "മരണത്തിൽ നിന്നുള്ള ജീവന്റെ സംരക്ഷണത്തിൽ" (ഉദാ. ഇയ്യോ. 10:12; സങ്കീ. 86:13)
      c. "ആത്മീയ ജീവൻ ജ്വലിപ്പിക്കുന്നതിൽ" (ഉദാ. സങ്കീ. 119:41,76,88,124,149,150)
      d. "പാപത്തിൽ നിന്നുള്ള വീണ്ടെടുപ്പിൽ" (ഒ. നോ. സങ്കീ. 25:7; 51:3)
      e. "ഉടമ്പടികൾ പാലിക്കുന്നതിൽ" (ഉദാ. 2 ദിന. 6:14; നെഹെ. 1:5; 9:32)
   2. ഒരു ദൈവിക ഗുണവിശേഷത്തെ വിവരിക്കുന്നു (ഉദാ. പുറ. 34:6; മീഖാ 7:20)
   3. ദൈവത്തിന്റെ ദയ
      a. "സമൃദ്ധി" (ഉദാ. നെഹ. 9:17; സങ്കീ 103:8)
      b. "വിശാലമായ വ്യാപ്തി" (ഉദാ. പുറ 20:6, ആവ. 5:10; 7:9)
      c. "നിത്യമായത്" (ഉദാ. 1 ദിന:16:34,41; 2 ദിന. 5:13; 7:3,6; 20:21; എസ്രാ 3:11)
   4. ദയാപ്രവൃർത്തികൾ (ഉദാ. 2 ദിന. 6:42; സങ്കീ. 89:2; സങ്കീ. 89:2; യെശ. 55:3; 63:7; വിലാ. 3:22)

**9:17-18** വാ. 17, പുറ. 9:16 ൽ നിന്നുള്ള അതിശക്തമായ ഒരു സാർവ്വലൗകിക ഉദ്ധരണിയാണ്; വാ. 18 ആ ഉദ്ധരണി

യിൽ നിന്നും എത്തുന്ന നിഗമനമാണ്. ഫറവോൻ തന്റെ ഹൃദയത്തെ കഠിനമാക്കി എന്ന് പുറ. 8:15,19,32; 9:34 ൽ കാണുന്നു. യഹോവ അവന്റെ ഹൃദയത്തെ കഠിനമാക്കി എന്ന് പുറ. 4:21; 7:3; 9:12; 10:20,27; 11:10 ലും കാണാം. ഈ ഉദാഹരണം ദൈവത്തിന്റെ പരമാധികാരത്തെ കാണിക്കുവാൻ ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. വാ. 18). ഫറവോൻ തന്റെ തിരഞ്ഞെടുപ്പുകൾക്ക് ഉത്തരവാദിയാണ്. ദൈവം യിസ്രായേലിനുവേണ്ടിയുള്ള തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഫറവോന്റെ കാർക്കശ്യവും ശാഠ്യവും ഉള്ള വ്യക്തിത്വത്തെ ഉപയോഗിക്കുന്നു (ഒ.നോ. വാ. 18).

ഫറവോനോടുള്ള ദൈവത്തിന്റെ പ്രവൃത്തികളുടെ ഉദ്ദേശ്യം വീണ്ടെടുപ്പിൻ ലക്ഷ്യത്തോടുകൂടിയുള്ളതാണ്; അവയുടെ ഉദ്ദേശ്യം:

1. ദൈവത്തിന്റെ ശക്തി വെളിപ്പെടുത്തുക (ഉല്പത്തി 1 ബാബിലോന്യ ദേവന്മാർക്കെതിരെയുള്ളതായിരിക്കുന്നതുപോലെ, ഇത് മിസ്രയീമ്യ പ്രകൃതി, മൃഗ ദേവന്മാർക്കെതിരായിട്ടുള്ളതാണ്)
2. ദൈവത്തെ മിസ്രയീമിനും തദ്വാരാ സകല ലോകത്തിനും വെളിപ്പെടുത്തുക (ഒ.നോ. വാ. 17).

പാശ്ചാത്യ ചിന്തകൾ (അമേരിക്കൻ) വ്യക്തിയെ ഉയർത്തിക്കാട്ടുമ്പോൾ പൗരസ്ത്യ ചിന്ത സമൂഹത്തിന്റെ ആവശ്യങ്ങൾക്കു മുൻഗണന നല്കുന്നു. ആവശ്യത്തിലിരിക്കുന്ന ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തുന്നതിനായി ദൈവം ഫറവോനെ ഉപയോഗിച്ചു. അവിശ്വാസികളായി യിസ്രായേലിനോടുള്ള ബന്ധത്തിലും അതേകാര്യം ദൈവം ചെയ്യുന്നു (ഒ.നോ. അ. 11). ഈ സന്ദർഭത്തിൽ മുഴുമനുഷ്യരുടെയും ആവശ്യത്തിന്റെ വെളിച്ചത്തിൽ ഒരുവന്റെ ആവശ്യം മങ്ങിപ്പോകുന്നു. പഴയ നിയമത്തിലെ സമൂഹപരമായ ഉദാഹരണങ്ങൾ കാണുക.

1. സാത്താനുമായുള്ള ദൈവത്തിന്റെ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇയ്യോബിന്റെ ആദ്യമക്കൾ മരിക്കുന്നു (ഒ.നോ. ഇയ്യോ. 1–2)
2. ആഖാന്റെ പാപം മൂലം യിസ്രായേൽ പടയാളികൾ മരിക്കുന്നു (ഒ.നോ. യോശുവ 7)
3. ദാവീദിന്റെ പാപം മൂലം അവന് ബത്ത്ശേബയിൽ ജനിച്ച കുഞ്ഞു മരിക്കുന്നു (ഒ.നോ. 2 ശമൂ. 12:15)

നാമെല്ലാം മറ്റുള്ളവരുടെ തിരഞ്ഞെടുപ്പുകളാൽ സ്വാധീനിക്കപ്പെടുന്നുണ്ട്. ഈ സമൂഹപരമായ അവസ്ഥ പുതിയ നിയമത്തിൽ റോമർ 5:12–21 ൽ കാണാം.

▣ **"തിരുവെഴുത്തിൽ .... അരുളിച്ചെയ്യുന്നു"** തിരുവെഴുത്തിന് ആളത്വം കല്പിക്കുന്നത് അത് ജീവനുള്ളതും സംഗതവുമാണെന്ന് കാണിക്കുന്നതിനാണ് (ഒ.നോ. 10:6–8). റോമർ 6–7 ൽ പൗലൊസ് "പാപം," "മരണം" എന്നിവയ്ക്കും ആളത്വം കല്പിക്കുന്നുണ്ട്!

### റോമർ 9:19–26

**19ആകയാൽ അവൻ പിന്നെ കുറ്റം പറയുന്നതു എന്തു? ആർ അവന്റെ ഇഷ്ടത്തോടു എതിർത്തു
നില്ക്കുന്നു എന്നു നീ എന്നോടു ചോദിക്കും. 20അയ്യോ, മനുഷ്യാ, ദൈവത്തോടു പ്രത്യുത്തരം പറയുന്ന
നീ ആർ? മനഞ്ഞിരിക്കുന്നതു മനഞ്ഞവനോടു: നീ എന്നെ ഇങ്ങനെ ചമെച്ചതു എന്തു എന്നു ചോദിക്കുമോ?
21അല്ല, കുശവന്നു അതേ പിണ്ഡത്തിൽ നിന്നു ഒരു പാത്രം മാനത്തിന്നും മറ്റൊരു പാത്രം അപമാനത്തിന്നും
ഉണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരം ഇല്ലയോ? 22എന്നാൽ ദൈവം തന്റെ കോപം കാണിപ്പാനും ശക്തി
വെളിപ്പെടുത്തുവാനും 23യെഹൂദന്മാരിൽ നിന്നു മാത്രമല്ല, ജാതികളിൽനിന്നും വിളിച്ചു തേജസ്സിന്നായി
മുന്നൊരുക്കിയ കരുണാപാത്രങ്ങളായ നമ്മിൽ 24തന്റെ തേജസ്സിന്റെ ധനം വെളിപ്പെടുത്തുവാനും ഇച്ഛിച്ചിട്ടു
നാശയോഗ്യമായ കോപപാത്രങ്ങളെ വളരെ ദീർഘക്ഷമയോടെ സഹിച്ചു എങ്കിൽ എന്തു? 25"എന്റെ
ജനമല്ലാത്തവരെ എന്റെ ജനം എന്നും പ്രിയയല്ലാത്തവളെ പ്രിയ എന്നും ഞാൻ വിളിക്കും. 26നിങ്ങൾ
എന്റെ ജനമല്ല എന്നു അവരോടു പറഞ്ഞ ഇടത്തിൽ അവർ ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്നു
വിളിക്കപ്പെടും" എന്നു ഹോശേയാപുസ്തകത്തിലും അരുളിച്ചെയ്യുന്നുവല്ലോ.**

**9:19 "ആർ അവന്റെ ഇഷ്ടത്തോടു എതിർത്തുനില്ക്കുന്നു"** തുടരുന്ന ഫലത്തോടുകൂടിയ പൂർത്തിയായ വസ്തുതയെ സൂചിപ്പിക്കുന്ന പൂർണ്ണ കർത്തരി സൂചകമാണിത് (ഒ.നോ. 2 ദിന. 20:6; ഇയ്യോ. 9:12; സങ്കീ. 135:6; ദാനീ. 4:35). ഡയാട്രൈബ് തുടരുന്നു. യുക്തിപരമായി, പൗലൊസിന്റെ ഡയാട്രൈബിനെ പിന്തുടരുന്നത് അവന്റെ ചിന്തകളെ മനസ്സിലാക്കാനുള്ള നല്ല മാർഗ്ഗമാണ്. അധ്യായത്തിന്റെ മുഖവുര B, 1 കാണുക. ദൈവത്തിന്റെ ഹിതത്തെ രണ്ട് പടികളിലായിട്ടാണ് കാണുന്നത്. ഒന്നാമത്തേത് വീണുപോയ മുഴു മനുഷ്യവർഗ്ഗത്തിനുംവേണ്ടിയുള്ള അവന്റെ വീണ്ടെടുപ്പിൻ പദ്ധതി (ഒ.നോ. ഉല്പ. 3:15). ഈ പദ്ധതികൾ മനുഷ്യന്റെ വ്യക്തിപരമായ തിരഞ്ഞെടുപ്പുകളാൽ ബാധിക്കപ്പെടുന്നില്ല. എന്നാൽ രണ്ടാമത്തെ പടി, ദൈവം മനുഷ്യനെ ഉപകരണമായി ഉപയോഗിക്കുന്നു (ഒ.നോ. പുറ. 3:7–9 & 10). തന്റെ പദ്ധതി നടപ്പാക്കുന്നതിനായി മനുഷ്യരെ തിരഞ്ഞെടുക്കുന്നു (സാധകാത്മകമായി, മോശെ, നിഷേധാത്മകമായി ഫറവോൻ).

**9:20–21** ഈ സാദൃശ്യം യെശ. 29:16; 49:9–13; 64:8; യിരെ. 18:1–2 ൽ നിന്നും എടുത്തതാണ്. യഹോവയെ കുശവനായി ചിത്രീകരിക്കുന്നതിലൂടെ ദൈവത്തെ സ്രഷ്ടാവായി ചിത്രീകരിക്കുകയാണ്, കാരണം മനുഷ്യനെ മണ്ണുകൊണ്ടാണ് മനഞ്ഞിരിക്കുന്നത് (ഒ.നോ. ഉല്പ. 2:7). മൂന്നു പ്രധാന ചോദ്യങ്ങളിലൂടെ സ്രഷ്ടാവിന്റെ പരമാധികാരത്തെ വായനക്കാരിലേക്ക് പൗലൊസ് ആഴത്തിൽ പകരുന്നു – ആദ്യത്തെ രണ്ടെണ്ണം വാ. 20 ലും മൂന്നാമത്തേത് വാ. 21 ലും. അവസാനത്തെ ചോദ്യം ദൈവം മോശെയെ സാധകാത്മകമായും ഫറവോനെ നിഷേധാത്മകമായും

തിരഞ്ഞെടുക്കുന്ന സാദൃശ്യത്തിലേക്ക് മടങ്ങിപ്പോകുന്നു. ഇതേ വൈരുദ്ധ്യം ഈ ഭാഗങ്ങളിലും കാണാം:

1. യിസ്ഹാക്ക് – യിശ്മായേൽ, വാ. 8–9
2. യാക്കോബ് – ഏശാവ്, വാ. 10–12
3. യിസ്രായേൽ രാജ്യവും ഏദോം രാജ്യവും, വാ. 13

വിശ്വസിക്കുന്നവരും അവിശ്വസിക്കുന്നവരുമായ യെഹൂദന്മാരുൾപ്പെട്ട പൗലൊസിന്റെ സമകാലിക സാഹചര്യത്തെ പ്രതിഫലിപ്പിക്കാൻ ഇതേ സാദൃശ്യം തന്നെ വികസിപ്പിച്ചിരിക്കുന്നു. ദൈവത്തിന്റെ സാധകാത്മക തിരഞ്ഞെടുപ്പ്, വിശ്വസിക്കുന്ന ജാതികളെ ഉൾപ്പെടുത്തിയതിലൂടെ ആത്യന്തികമായി വെളിപ്പെടുത്തിയിരിക്കുന്നു (വാ. 24–29, 30–33)!

**9:22 "എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായ ഒന്നാംതരം സോപാധിക വാചകമാണ്, എങ്കിലും അത് വ്യാകരണപരമായ നിഗമനത്തിലെത്തുന്നില്ല. വാ. 22–24, ഗ്രീക്കിൽ ഒറ്റ വാചകമാണ്. വാ. 22 ദൈവത്തിന്റെ വീണ്ടെടുപ്പിൻ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. ദൈവം നീതിമാനായ ദൈവമാണ്. അവൻ മനുഷ്യരെ അവരുടെ പ്രവൃത്തികൾക്ക് ഉത്തരവാദികളാക്കിയിരിക്കുന്നു. അതേസമയം അവൻ കരുണയുള്ള ദൈവവുമാണ്. സകല മനുഷ്യരും മരണത്തിനു വിധിക്കപ്പെട്ടവരാണ്. (ഒ.നോ. 1:18–3:21). നീതി എന്നത് സുവാർത്തയല്ല! ദൈവത്തിന്റെ സ്വാഭാവം പ്രാഥമികമായി ക്രോധമല്ല, കരുണയാണ് (ഒ.നോ. ആവ. 5:9–10; 7:9; ഹോശേ. 11:8–9). അവന്റെ തിരഞ്ഞെടുപ്പുകൾ വീണ്ടെടുപ്പുപരമായതാണ് (ഒ.നോ. യെഹെ. 36:22–33). അവൻ പാപിയായ മനുഷ്യവർഗ്ഗത്തോട് ക്ഷമയുള്ളവനാണ് (ഒ.നോ. യെഹെ. 18). തന്റെ വീണ്ടുപ്പിൻ ഉദ്ദേശ്യത്തിനായി അവൻ ദുഷ്ടതയെയും ഉപയോഗിക്കുന്നു (ഉദാ. സാത്താൻ, ഫറവോൻ, എൻദോരിലെ വെളിച്ചപ്പാടത്തി, അശ്ശൂർ, നെബൂഖദ്നേസ്സർ, കോരെശ്, അധ്യായം 11 ൽ അവിശ്വാസിയായ യിസ്രായേൽ).

▣

| | |
|---|---|
| **NASB** | **"തന്റെ കോപം പ്രദർശിപ്പിക്കാൻ മനസ്സായി"** |
| **NKJV** | **"തന്റെ കോപം വെളിപ്പെടുത്താൻ"** |
| **NRSV** | **"തന്റെ കോപം വെളിപ്പെടുത്താൻ ആഗ്രഹിച്ചുകൊണ്ട്"** |
| **TEV** | **"തന്റെ കോപം കാണിപ്പാൻ ആഗ്രഹിച്ചു"** |
| **NJB** | **"തന്റെ കോപം വെളിപ്പെടുത്താൻ തയ്യാറായി"** |

ദൈവം തന്റെ ശക്തിയും (ഒ.നോ. വാ. 22) തന്റെ മഹത്വത്തിന്റെ ധനവും (ഒ.നോ. വാ. 23) പ്രദർശിപ്പിക്കുന്നതിനാണ് തന്റെ കോപം വെളിപ്പെടുത്തുന്നത്. ദൈവത്തിന്റെ പ്രവൃത്തികൾക്ക് എല്ലായ്പോഴും വീണ്ടെടുപ്പിൻ ഉദ്ദേശ്യമുണ്ട് (*ഗെഹെന്ന* ഒഴിച്ച്, അത് പരിഹാരമില്ലായ്മ അവിശ്വാസത്തിന്റെയും പാപത്തിന്റെയും അന്തിമ ഒറ്റപ്പെടുത്തലാണ്).

**9:23**

| | |
|---|---|
| **NASB, NKJV** | **"മുന്നൊരുക്കിയ"** |
| **NRSV** | **"നിർമ്മിച്ച"** |
| **TEV** | **"നാശയോഗ്യമായ"** |
| **NJB** | **"രൂപപ്പെടുത്തിയ"** |

ഇതൊരു പൂർണ്ണ കർമ്മിണി അപൂർണ്ണക്രിയയാണ്. അതിന്റെ പൂർണ്ണ വിധിക്കുവേണ്ടി ഒരുക്കപ്പെട്ട ഒന്നിനെ സൂചിപ്പിക്കുന്നതിനുവേണ്ടി പാപ്പിറസിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു. മത്സര അവിശ്വാസത്തിന് അതിന്റെ ന്യായവിധിയുടെയും ശിക്ഷയുടെയും കാലമുണ്ട്. എങ്കിലും ദൈവം തന്റെ വിശാലവും സകലവും ഉൾപ്പെട്ടതുമായ വീണ്ടെടുപ്പിൻ ഉദ്ദേശ്യനിവൃത്തിക്കായി അവിശ്വാസികളെയും ഉപയോഗിക്കുന്നു.

*വേഡ് സ്റ്റഡീസ്,* വാല്യം 2 ൽ എം. ആർ. വിൻസെന്റ് പറയുന്നു, "നാശത്തിനുവേണ്ടി ദൈവത്താൽ ഒരുക്കപ്പെട്ടതല്ലെങ്കിലും നാമവിശേഷണ അർത്ഥത്തിൽ നാശത്തിന് ഒരുങ്ങിയതും പാകമായതുമാണ്. അപൂർണ്ണക്രിയ സൂചിപ്പിക്കുന്നത് മുമ്പ് തയ്യാറാക്കിയ വർത്തമാനകാല അവസ്ഥയെയാണ് എങ്കിലും എങ്ങനെയാണതു രൂപപ്പെടുത്തിയതെന്നു പറയുന്നുമില്ല" (പേജ് 716).

**9:23 "തേജസ്സിനായി മുന്നൊരുക്കിയ"** ഇതേ സത്യം റോമർ 8:29–30 ലും എഫെസ്യർ 1:4.11 ലും പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ പരമാധികാരത്തെപ്പറ്റിയുള്ള പുതിയ നിയമത്തിലെ ശക്തമായ വെളിപ്പെടുത്തലാണ് ഈ അധ്യായം. സൃഷ്ടിപ്പിന്റെയും വീണ്ടെടുപ്പിന്റെയും സമ്പൂർണ്ണ നിയന്ത്രണം ദൈവത്തിനാണെന്നത് തർക്കമറ്റ സംഗതിയാണ്! ഈ മഹാസത്യത്തെ ഒരിക്കലും ലഘൂകരിക്കാനോ മാറ്റാനോ കഴികയില്ല. എന്നിരുന്നാലും തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരോടു ബന്ധപ്പെടാനുള്ള മാർഗ്ഗമെന്ന നിലയിലുള്ള ദൈവിക ഉടമ്പടികളുമായി അതിനെ സന്തുലനപ്പെടുത്തേണ്ടതാണ്. ഉല്പ. 9:8–17; 15:12–21 പോലെയുള്ള ചില ഉടമ്പടികൾ നിരുപാധികവും മാനുഷിക പ്രതികരണവുമായി ബന്ധമില്ലാത്തതും ആണെങ്കിലും മറ്റ് ഉടമ്പടികൾ സോപാധികമാണ് (അതായത്, ഏദെൻ, നോഹ, മോശെ, ദാവീദ്). തന്റെ സൃഷ്ടിയുടെ വീണ്ടെടുപ്പിനുവേണ്ടി ഒരു പദ്ധതി ദൈവത്തിനുണ്ട്, ഒരു മനുഷ്യനും ആ പദ്ധതിയെ തകിടംമറിക്കാൻ കഴികയില്ല. തന്റെ പദ്ധതിയിൽ പങ്കാളികളാകാൻ വ്യക്തികളെ അനുവദിക്കുന്നതു ദൈവം തിരഞ്ഞെടുത്തു. പങ്കാളിത്തത്തിനുവേണ്ടിയുള്ള ഈ അവസരം, പരമാധികാരത്തിനും (റോമർ 9), മാനുഷിക സ്വതന്ത്ര ഇച്ഛയ്ക്കും (റോമർ 10) ഇടയിലുള്ള ഒരു ദൈവശാസ്ത്ര സംഘർഷമാണ്.

ഒരു വേദപുസ്തക ഊന്നലിനെ സ്വീകരിച്ച് മറ്റൊന്നിനെ അവഗണിക്കുന്നതു ശരിയല്ല. ഉപദേശങ്ങൾ തമ്മിൽ

സംഘർഷമുണ്ട് കാരണം പൗരസ്ത്യ ജനത സത്യത്തെ അതരിപ്പിക്കുന്നത് ദ്വന്ദ്വങ്ങളായി അല്ലെങ്കിൽ സംഘർഷ ഭരിത ജോഡികളായിട്ടാണ്. മറ്റു ഉപദേശങ്ങളോടുള്ള ബന്ധത്തിൽ വേണം ഉപദേശങ്ങളെ സ്വീകരിക്കാൻ. സത്യം എന്നത് സത്യങ്ങളുടെ സങ്കലനമാണ്.

ഇവിടെ തീർച്ചയായും മർമ്മമുണ്ട്. അവിശ്വാസികൾ കോപത്തിന് ഒരുക്കപ്പെട്ടിരിക്കുന്നുവെന്നും (*കറ്റാപ്റ്റിഡ്സോ*-***καταπτιζω***, വാ. 22) വിശ്വാസികൾ തേജസ്സിനായി ഒരുക്കപ്പെട്ടിരിക്കുന്നുവെന്നും (*പ്രോയിറ്റോയിമാഡ്സോ*-***προετοιμαζω***, വാ. 23) എന്ന യുക്തിപരമായ നിഗമനത്തിൽ പൗലൊസ് എത്തുന്നില്ല. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് ആണോ ഏക മാനദണ്ഡം അതോ ദൈവിക തിരഞ്ഞെടുപ്പ് കരുണയുടെ അടിസ്ഥാനത്തിലായിട്ടും ചിലർ അതിനെ നിരസിക്കുന്നതാണോ? മനുഷ്യവർഗ്ഗത്തിന് തങ്ങളുടെ ഭാവി തീരുമാനിക്കുന്നതിൽ എന്തെങ്കിലും പങ്കുണ്ടോ (ഒ.നോ. 9:30–10:21)? രണ്ടു ഭാഗത്തും സാധൂകരിക്കുന്ന പ്രസ്താവനകളുണ്ട് (അഗസ്റ്റിൻ – പെലേജിയസ്). എന്നെ സംബന്ധിച്ച് ഉടമ്പടിയുടെ ആശയം രണ്ടിനെയും ദൈവത്തിലുള്ള ഊന്നലിനാൽ ബന്ധിപ്പിക്കുന്നു. ദൈവത്തിന്റെ മുൻകയ്യെടുക്കലുകളോടു പ്രതികരിക്കാൻ മാത്രമേ മനുഷ്യനു കഴികയുള്ളു (ഉദാ. യോഹ. 6:44,65). എന്നെ സംന്ധിച്ച് ദൈവത്തിന്റെ സ്വഭാവം ചഞ്ചല പ്രകൃതിയല്ല മറിച്ച് കരുണാർദ്രമാണ്. തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ അടുത്തേക്ക് അവൻ ചെല്ലുന്നു (ഒ.നോ. ഉല്പ. 1:26,27). ഈ സന്ദർഭം എന്നെ കുഴയ്ക്കുന്നതാണ്. അതു വളരെ ശക്തമാണ്, എങ്കിലും അത് കറുപ്പും വെളുപ്പുമായി ചിത്രീകരിച്ചിരിക്കുന്നു. യെഹൂദന്റെ അവിശ്വാസമാണ് അതിന്റെ ശ്രദ്ധാകേന്ദ്രം, അതാകട്ടെ ജാതികളുടെ ഉൾപ്പെടുത്തലിനു കാരണമായി (അധ്യായം 11)! എങ്കിലും ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള വേദഭാഗം ഇതു മാത്രമല്ല!

▣ **"തേജസ്സ്"** 3:23 ലെ കുറിപ്പ് കാണുക.

**9:24 "കരുണാപാത്രങ്ങളായ നമ്മിൽ തേജസ്സിന്റെ ധനം വെളിപ്പെടുത്തുവാനും"** ദൈവത്തിന്റെ നിത്യമായ ഉദ്ദേശ്യത്തെ ഇതു സൂചിപ്പിക്കുന്നു (അതായത്, കരുണ). ക്രിയാരൂപം ഭൂതകാല കർത്തരി അനുബന്ധമാണ്. യേശുവിനെ അയച്ചതിലൂടെ ദൈവം തന്റെ ധനം വെളിപ്പെടുത്തി!

പൗലൊസ് വെളിപ്പെടുത്തുന്ന ധനം:
1. അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ധനം, റോമ. 2:4
2. കരുണാപാത്രങ്ങളിൽ തേജസ്സിന്റെ ധനം, റോമ. 9:24
3. അവന്റെ കൃപയുടെ ധനം, എഫെ. 1:7
4. അവന്റെ അവകാശത്തിന്റെ മഹിമാധനം, എഫെ. 1:18
5. ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ അവന്റെ കൃപയുടെ അത്യന്തധനം, എഫെ. 2:6
6. ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയധനം, എഫെ. 3:8
7. അവന്റെ മഹത്വത്തിന്റെ ധനം, എഫെ. 3:16
8. ജാതികളുടെ ഇടയിൽ പ്രസംഗിക്കുന്ന മർമ്മത്തിന്റെ മഹിമാധനം-അതായത്, ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു, കൊലൊ. 1:27

▣ **"നാശം"** 3:3 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"കോപപാത്രങ്ങൾ"** വാ. 20–24 ലെ കളിമണ്ണിനെക്കുറിച്ചുള്ള പൗലൊസിന്റെ സാദൃശ്യം ഈ പദം ഇവിടെ തുടരുകയാണ്.

**9:24** ദൈവിക വാഗ്ദത്തിന്റെ ലക്ഷ്യം ജാതീയ യിസ്രായേലിനെക്കാളും വിശാലമാണെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. ദൈവം തന്റെ തിരഞ്ഞെടുപ്പിനനുസരിച്ച് മനുഷ്യരോടു കരുണകാണിക്കുന്നു. ഉല്പ. 3:15 ലെ വാഗ്ദത്തം സകല മനുഷ്യരോടും ബന്ധപ്പെട്ടതാണ് (കാരണം അധ്യായം 12 വരെ യെഹൂദന്മാർ ഉണ്ടായിരുന്നില്ല). അബ്രാഹാമിന്റെ വിളി സകല മനുഷ്യരോടും ബന്ധപ്പെട്ടതാണ്, ഉല്പ. 12:3. രാജകീയ പുരോഹിത വർഗ്ഗം എന്ന നിലയിൽ യിസ്രായേലിന്റെ വിളി സകല മനുഷ്യരോടും ബന്ധപ്പെട്ടതാണ് (ഒ.നോ. പുറ. 19:5–6)! ഇതാണ് മറഞ്ഞിരുന്നതും ഇപ്പോൾ വെളിപ്പെട്ടുവന്നതുമായ ദൈവത്തിന്റെ മർമ്മം (ഒ.നോ. എഫെ. 2:11–3:13; ഗലാ. 3:28; കൊലൊ. 3:11).

വാ. 24 ലെ പൗലൊസിന്റെ പ്രസ്താവന ഒരു കൂട്ടം പഴയ നിയമ ഉദ്ധരണികളാൽ ചിത്രീകരിച്ചിരിക്കുന്നു (വാ. 25–29).

1. വാ. 25, ഹോശേ. 2:23
2. വാ. 26, ഹോശേ. 1:10b
3. വാ. 27, യെശ. 10:22 അഥവാ ഹോശേ. 1:10a
4. വാ. 28, യെശ. 10:23
5. വാ. 29, യെശ. 1:9

**9:25–26** ഈ സന്ദർഭത്തിൽ ഈ വേദഭാഗം (ചില പരിഷ്കരണങ്ങളോടുകൂടി) ഹോശേ. 2:23; 1:10 ന്റെ സെപ്റ്റ്വജിന്റിൽനിന്നുള്ളതാണ്. അവിടെയത് വടക്കെ പത്തു ഗോത്രങ്ങളെയാണ് പരാമർശിക്കുന്നതെങ്കിലും ഇവിടെ പൗലൊസ് ജാതികളെയാണു സൂചിപ്പിക്കുന്നത്. ഇത് പുതിയ നിയമ എഴുത്തുകാർ പഴയ നിയമ ഭാഗങ്ങൾ ഉപയോഗിക്കുന്ന സാധാരണ രീതിയാണ്. സഭ യിസ്രായേലിനുള്ള വാഗ്ദത്തങ്ങളുടെ നിവൃത്തിയായിട്ടാണ് അവർ

സഭയെ കാണുന്നത് (ഒ.നോ. 2 കൊരി. 6:16; തീത്തൊ. 2:14; 1 പത്രൊ. 2:5-9). സന്ദർഭാനുസരണം ഹോശേയയിലെ വേദഭാഗം അവിശ്വസ്ത യിസ്രായേലിനെ സൂചിപ്പിക്കുന്നു. ദൈവത്തിന് വിഗ്രഹാരാധികളായ വടക്കെ പത്തു ഗോത്രങ്ങളെ യഥാസ്ഥാനപ്പെടുത്തുവാൻ കഴിയുമെങ്കിൽ, അതിനെ ഒരു ദിവസം വിഗ്രഹാരാധികളായ ജാതികളെ കൂടി ഉൾപക്കൊള്ളുവാൻ കഴിയുന്ന ദൈവിക സ്നേഹത്തിന്റെയും ക്ഷമയുടെയും തെളിവായിട്ടാണ് പൗലൊസ് കാണുന്നത്.

**റോമർ 9:27-29**

**[27]യെശയ്യാവോ യിസ്രായേലിനെക്കുറിച്ചു: "യിസ്രായേൽമക്കളുടെ എണ്ണം കടല്ക്കരയിലെ മണൽപോലെ ആയിരുന്നാലും ശേഷിപ്പത്രേ രക്ഷിക്കപ്പെടു; [28]കർത്താവു ഭൂമിയിൽ തന്റെ വചനം നിവർത്തിച്ചു ക്ഷണത്തിൽ തീർക്കും" എന്നു വിളിച്ചുപറയുന്നു. [29]"സൈന്യങ്ങളുടെ കർത്താവു നമുക്കു സന്തതിയെ ശേഷിപ്പിച്ചില്ലെങ്കിൽ നാം സൊദോമെപ്പോലെ ആകുമായിരുന്നു, ഗൊമോറെക്കു സദൃശമാകുമായിരുന്നു" എന്നു യെശയ്യാവു മുമ്പുകൂട്ടി പറഞ്ഞിരിക്കുന്നുവല്ലോ.**

**9:27**
**NASB, NKJV**
**NRSV, NJB "ആയിരുന്നാലും"**
**TEV "ആണെങ്കിൽപോലും"**

ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന മൂന്നാംതരം സോപാധിക വാചകമാണിത് (*ഇയാൻ* + അനുബന്ധ ക്രിയാരൂപം).

**9:27-28** യെശ. 10:22-23 ന്റെ സെപ്റ്റ്വജിന്റിൽനിന്നുള്ള ഉദ്ധരണിയാണിത്. ടെക്റ്റസ് റിസപ്റ്റസ് യെശ. 10:23 ന്റെ സെപ്റ്റ്വജിന്റിനോട് ഒരു ഉപസംഹാര പ്രസ്താവന കൂട്ടിച്ചേർക്കുന്നുണ്ട്. എങ്കിലും അത് പുരാതല ഗ്രീക്കു കയ്യെഴുത്തു പ്രതികളായ $P^{46}$, א, A, B എന്നിവയിൽ കാണുന്നില്ല. അതിൽ നിന്നും അതു പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് അനുമാനിക്കാം. അതിന്റെ ഒഴിവാക്കലിന് $UBS^4$ "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു.

**9:27 "കടല്ക്കരയിലെ മണൽപോലെ"** ദൈവം അബ്രാഹാമിനു നൽകിയ വാഗ്ദത്തത്തിന്റെ സാദൃശ്യപരമായ ഭാഗമാണിത് (ഒ.നോ. ഉല്പ. 15:5; 22:27; 26:4).

▣ **"ശേഷിപ്പത്രേ രക്ഷിക്കപ്പെടൂ"** പ്രവാസത്തിലേക്കു കൊണ്ടുപോകപ്പെടുകയും പിന്നീട് വാഗ്ദത്തനാട്ടിലേക്കു മടങ്ങിവരികയും ചെയ്ത യിസ്രായേല്യരെ സൂചിപ്പിക്കുവാൻ പഴയ നിയമ പ്രവാചകന്മാർ ഉപോഗിച്ചിരുന്ന പദമാണ് "ശേഷിപ്പ്." പൗലൊസിന്റെ ഉപയോഗത്തിൽ ദൈവവുമായി വിശ്വാസ ബന്ധം പുലർത്തിയ/സുവിശേഷം കേട്ട് ക്രിസ്തുവിനോട് വിശ്വാസം മുഖേന പ്രതികരിച്ച യെഹൂദനെയാണതു സൂചിപ്പിക്കുന്നത്.

ഉടമ്പടി യിസ്രായേലിന്റെ ഉള്ളിൽ പോലും ഒരു ആത്മീയ വേർപാട് നിലനിന്നിരുന്നു, കാരണം ചിലർ മാത്രമേ ദൈവത്തിനായി വേർതിരിക്കപ്പെട്ടിരുന്നുള്ളു. യിസ്രായേലിന്റെ തിരഞ്ഞെടുപ്പ് അവരെ വ്യക്തിപരമായ വിശ്വാസ പ്രതികരണത്തിൽനിന്നും ഒഴിവാക്കിയിരുന്നില്ല (ഒ.നോ. യെശ. 1:16-20).

പ്രാഥമികമായി യെഹൂദ പ്രവാസികളെ സൂചിപ്പിക്കുന്ന - അവരിൽ ചുരുക്കം പേർ മാത്രമേ പലസ്തീനിലേക്കു മടങ്ങിവന്നുള്ളു - പഴയ നിയമ പ്രയോഗം പൗലൊസ് ഇവിടെ സുവിശേഷം കേട്ടവരെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നു. എങ്കിലും അവരിൽ വലിയൊരു കൂട്ടം വിശ്വസിച്ച് യേശുവിനെ കൈക്കൊണ്ടില്ല. ഒന്നാം നൂറ്റാണ്ടിലെ കേഴ്വിക്കാരിൽ (യെഹൂദന്മാരും ജാതികളും) ഒരു ചെറിയ ശതമാനം മാത്രമേ സുവിശേഷ സന്ദേശത്തോടു പ്രതികരിച്ചുള്ളു. അങ്ങനെ ചെയ്തവരെ പൗലൊസ് ശേഷിപ്പ് എന്നു വിളിക്കുന്നു.

## പ്രത്യേക പഠനവിഷയം: ശേഷിപ്പ്, മൂന്ന് അർത്ഥത്തിൽ

"വിശ്വസ്ത ശേഷിപ്പ്" എന്ന പഴയ നിയമ ആശയം പ്രവാചക പുസ്തകങ്ങളിലെ ആവർത്തിക്കുന്ന ഒരു വിഷയമായിരുന്നു (വിശേഷാൽ എട്ടാം നൂറ്റാണ്ടിലെ പ്രവാചകന്മാരുടെയും യിരെമ്യാവിന്റെയും). മൂന്ന് അർത്ഥത്തിൽ അതുപയോഗിച്ചു:

1. പ്രവാസത്തെ അതിജീവിച്ചവർ (ഉദാ. യെശ. 10:20-23; 17:4-6; 37:31-32; യിരെ. 42:15,19; 44:12,14,28; ആമോ. 1:8)
2. യഹോവയോടു വിശ്വസ്തത പുലർത്തിയവർ (ഉദാ. യെശ. 4:1-5; 11:11-16; 28:5; യോവേ. 2:32; ആമോ. 5:14-15; മീഖാ 2:12-13; 4:6-7; 5:7-9; 7:18-20)
3. അന്ത്യകാല പുതുക്കത്തിലും പുനഃസൃഷ്ടിയിലും പങ്കാളികളായവർ (ഉദാ. ആമോ. 9:11-15)

ഈ സന്ദർഭമനുസരിച്ച് ദൈവം ശേഷിപ്പിൽ (പ്രവാസത്തെ അതിജീവിച്ചവരിൽ) ചിലരെ മാത്രമേ (വിശ്വസ്ത തീക്ഷ്ണത പുലർത്തുന്നവരെ) യെഹൂദയിലേക്കു മടങ്ങുവാൻ തിരഞ്ഞെടുക്കുന്നുള്ളു. ഈ അധ്യായത്തിൽ മുമ്പു നാം കണ്ടതുപോലെ, യിസ്രായേലിന്റെ പൂർവ്വകാലം ആവർത്തിക്കുന്നു (വാ. 6). ദൈവം തന്റെ ശക്തിയും കരുതലും സംരക്ഷണവും വെളിപ്പെടുത്തുന്നതിനായി എണ്ണം കുറയ്ക്കുന്നു (ഉദാ. ഗിദെയോൻ, ന്യായാ. 6-7).

**9:28**

| | |
|---|---|
| **NASB** | **"പൂർണ്ണമായും വേഗത്തിലും"** |
| **NKJV** | **"തീർക്കും ... ചുരുക്കമാക്കും"** |
| **NRSV** | **"ക്ഷണത്തിലും തീരുമാനത്തോടെയും"** |
| **TEV** | **"വേഗത്തിൽ തന്റെ കണക്കുതീർക്കും"** |
| **NJB** | **"മടിയോ താമസമോ ഇല്ലാതെ"** |
| **REB** | **"അന്തിമവും അവസാനവുമായി"** |
| **NIV** | **"വേഗതയോടെയും അന്തിമമായും"** |
| **NET** | **"പൂർണ്ണമായും വേഗത്തിലും"** |

രണ്ടു ഗ്രീക്കു പദങ്ങൾ നാനാർത്ഥ രീതിയിൽ ഉപയോഗിച്ചിരിക്കുന്നു (*സുൻ* സംയുക്തം പൗലൊസിന്റെ എഴുത്തുകളിൽ സാധാരണമാണ്)

1. *സുൻറ്റെലോൺ* (**συντελων**), വർത്തമാനകാല കർത്തരി സൂചക അപൂർണ്ണക്രിയ
   a. *സുൻ* (**συν**)
   b. *ടെലെയോ* (**τελεω**)

അടിസ്ഥാന അർത്ഥം "പൂർത്തീകരണത്തിലെത്തിക്കുക," "പൂർണ്ണായി നിവർത്തിക്കുക" എന്നാണ് (ഇവിടെ മാത്രം കാണുന്ന പദം, എങ്കിലും അതിന്റെ വകഭേദം പ്രവൃ. 24:4 ൽ കാണുന്നു).

ഇത്തരം നാനാർത്ഥ പ്രയോഗങ്ങൾ ഉപയോഗിക്കുന്നിടത്ത് പദത്തിന്റെ അർത്ഥമോ വ്യുത്പത്തിയോ അല്ല, സന്ദർഭമാണ് അർത്ഥം നിശ്ചയിക്കുന്നത്. ഈ വാക്യം വ്യാഖ്യാനിക്കാൻ പ്രയാസമായിരുന്നതിനാൽ പില്ക്കാല പകർപ്പെഴുത്തുകാരൻ അർത്ഥം മനസ്സിലാക്കുന്നതിനായി വാക്കുകൾ കൂട്ടിച്ചേർക്കുകയുണ്ടായി. ഹ്രസ്വമായ പാഠത്തിന് UBS[4] "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു.

**9:29** യെശ. 1:9 ന്റെ സെപ്റ്റജിന്റിൽനിന്നുള്ള ഉദ്ധരണിയാണിത്. ദേശീയ യിസ്രായേലിന്റെ പാപാവസ്ഥയെ കുറ്റപ്പെടുത്തുന്ന വേദഭാഗമാണിത്.

▣ **"സൈന്യങ്ങളുടെ കർത്താവ്"** ഇത് "സൈന്യങ്ങളുടെ യഹോവ" എന്നു സാധാരണയായി തർജ്ജമ ചെയ്യുന്ന യഹോവയുടെ പഴയ നിയമ നാമമാണ് (ഒ.നോ. യാക്കോ. 5:4). സന്ദർഭമനുസരിച്ച് ഇത് "സ്വർഗ്ഗീയ സൈന്യത്തിന്റെ സൈന്യാധിപതി" എന്ന സൈനിക അർത്ഥത്തിലോ (ഒ.നോ. യോശു. 5:13–15) അല്ലെങ്കിൽ "സ്വർഗ്ഗീയ ജീവികളുടെ കർത്താവ്" എന്ന ബാബിലോണിയൻ വാനദേവഗണങ്ങളുടെ പശ്ചാത്തലത്തിൽ ഭരണപരമായ അർത്ഥത്തിലോ ദൈവത്തെ വിവക്ഷിച്ചിരിക്കുന്നു (ഒ.നോ. ഉല്പ. 1:16; സങ്കീ. 8:3; 147:4; യെശ. 40:26).

## പ്രത്യേക പഠന വിഷയം: ദൈവിക നാമങ്ങൾ

A. *ഏൽ* (BDB 42, KB 48)

1. ദൈവത്തിനുള്ള പൊതുവായ പുരാതന നാമത്തിന്റെ യഥാർത്ഥ അർത്ഥം നിശ്ചയമില്ല, എങ്കിലും അനേക പണ്ഡിതന്മാർ വിശ്വസിക്കുന്നത് അത് "ബലവാനായിരിക്കുക" അഥവാ "ശക്തനായിരിക്കുക" എന്നർത്ഥമുള്ള അക്കോഡിയൻ മൂലത്തിൽ നിന്നും ഉണ്ടായതാണെന്നാണ് (ഒ.നോ. ഉല്പ. 17:1; സംഖ്യ 23:19; ആവ. 7:21; സങ്കീ. 50:1)
2. കനാന്യ ദേവഗണത്തിൽ ഉന്നതദേവൻ *ഏൽ* ആണ് (റാഷ് ശമ്രാ പാഠങ്ങൾ)
3. ബൈബിളിൽ *ഏൽ* സാധാരണയായി മറ്റു പദങ്ങളുമായി സംയോജിപ്പിച്ചാണ് പറയാറുള്ളത്. ഈ സംയുക്തങ്ങൾ ദൈവത്തിന്റെ സ്വഭാവത്തെ വിശേഷിപ്പിക്കുന്ന മാർഗ്ഗമായി മാറി.
   a. *ഏൽ-എല്യോൻ* (അത്യുന്നത ദൈവം, BDB 42 & 909), ഉല്പ. 14:18–22; ആവ. 32:8; യെശ. 14:14
   b. *ഏൽ-രോയി* ("കാണുന്ന ദൈവം," അഥവാ "സ്വയം വെളിപ്പെടുത്തുന്ന ദൈവം" BDB 42 & 909), ഉല്പ. 16:13
   c. *ഏൽ-ഷദ്ദായി* ("സർവ്വശക്തനായ ദൈവം," "സർവ്വാശ്വാസങ്ങളുടെയും ദൈവം" അഥവാ "പർവതങ്ങളുടെ ദൈവം" BDB 42 & 994), ഉല്പ. 17:1; 35:11; 43:14; 49:25; പുറ. 6:3
   d. *ഏൽ-ഒലാം* (നിത്യനായ ദൈവം, BDB 42 & 761), ഉല്പ. 21:33. ഈ നാമം ദാവീദിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തവുമായി ദൈവശാസ്ത്രപരമായി ബന്ധപ്പെട്ടിരിക്കുന്നു, 2 ശമൂ. 7:13,16
   e. *ഏൽ-ബെരീത്ത്* ("ഉടമ്പടിയുടെ ദൈവം", BDB 42 & 136), ന്യായാ. 9:46
4. *ഏൽ* നെ തുല്യനായി ചിത്രീകരിച്ചിരിക്കുന്നു:
   a. യഹോവ, സങ്കീ. 85:8; യെശ. 42:5 ൽ
   b. *എലോഹീം*, ഉല്പ. 46:3; ഇയ്യോ. 5:8 ൽ "ഞാൻ *ഏൽ* ആകുന്നു; നിന്റെ പിതാവിന്റെ *ഏൽ* തന്നേ"
   c. *ഷദ്ദായി*, ഉല്പ. 49:25 ൽ
   d. "തീക്ഷ്ണത" പുറ. 34:14; ആവ. 4:24; 5:9; 6:15 ൽ
   e. "കരുണ" ആവ. 4:31; നെഹെ. 9:31 ൽ

f. “വലിയവനും ഭയങ്കരനും” ആവ. 7:21; 10:17; നെഹെ. 1:5; 9:32; ദാനീ. 9:4 ൽ
g. “ജ്ഞാനം” 1 ശമൂ. 2:3 ൽ
h. “എന്റെ ബലമുള്ള സങ്കേതം” 2 ശമൂ. 22:33 ൽ
i. “എന്റെ പ്രതികാരകൻ” 2 ശമൂ. 22:48 ൽ
j. “പരിശുദ്ധൻ” യെശ. 5:16 ൽ
k. “ശക്തി” യെശ. 10:21 ൽ
l. “എന്റെ രക്ഷ” യെശ. 12:2 ൽ
m. “മഹത്വവും വല്ലഭത്വും” യിരെ. 32:18 ൽ
n. “പ്രതികാരകൻ” യിരെ. 51:56 ൽ

5. ദൈവത്തിനു പഴയ നിയമത്തിൽ കാണുന്ന എല്ലാ പ്രധാന പേരുകളുടെയും സംയുക്തം യോശുവ 22:22 കാണാം (*ഏൽ, എലോഹീം, യഹോവ,* ആവർത്തിച്ചിരിക്കുന്നു)

B. *എല്യോൻ* (BDB 751, KB 832)

1. ഇതിന്റെ അടിസ്ഥാന അർത്ഥം “ഉയർന്നത്,” “ഉന്നതമായത്” അഥവാ “ഉയർത്തപ്പെട്ടവൻ” (ഒ.നോ. ഉല്പ. 40:17; 1 രാജാ. 9:8; 2 രാജാ. 18:17; നെഹെ. 3:25; യിരെ. 20:2; 36:10; സങ്കീ. 18:13).
2. ഇത് ദൈവത്തിന്റെ മറ്റനേക നാമങ്ങൾക്ക് സമാന്തരമായി ഉപയോഗിച്ചിരിക്കുന്നു
   a. *എലോഹീം* – സങ്കീ. 47:1–2; 73:11; 107:11
   b. *യഹോവ* – ഉല്പ. 14:22; 2 ശമൂ. 22:14
   c. *ഏൽ-ഷദ്ദായി* – സങ്കീ. 91:1,9
   d. *ഏൽ* – സംഖ്യ. 24:16
   e. *ഏലാ* – ദാനീയേൽ 2–6, എസ്രാ 4–7 ലും മിക്കപ്പോഴും ഉപയോഗിച്ചിരിക്കുന്നു, ദാനീ. 3:26; 4:2; 5:18,21 ൽ *ഇല്ലായിർ* (“ഉന്നത ദൈവം” എന്നതിനുള്ള അരാമ്യ പദം) എന്നതിനോടു ചേർത്ത്.
3. യിസ്രായേല്യരല്ലാത്തവരും ഈ പദം പലപ്പോഴും ഉപയഗിച്ചിട്ടുണ്ട്.
   a. മൽക്കീസേദെക്ക്, ഉല്പ. 14:18–22
   b. ബിലെയാം, സംഖ്യ. 24:16
   c. മോശെ, ജാതികളെക്കുറിച്ചു പറയുമ്പോൾ, ആവ. 32:8
   d. ജാതികൾക്കുവേണ്ടി എഴുതിയ ലൂക്കൊസിന്റെ സുവിശേഷം ഗ്രീക്കു സമാനപദമായ *ഹുപ്സിസ്റ്റോസ്* ഉപയോഗിക്കുന്നു (ഒ.നോ. 1:32,35,76; 6:35; 8:28; പ്രവൃ. 7:48; 16:17)

C. *എലോഹീം* (ബഹുവചനം), *എലോഹ്* (ഏകവചനം) പ്രധാനമായും കവിതയിൽ ഉപയോഗിക്കുന്നു (BDB 43, KB 52)

1. പഴയ നിയമത്തിനു വെളിയിൽ ഈ പദം കാണുന്നില്ല.
2. ഇത് യിസ്രായേലിന്റെ ദൈവത്തെയോ ജാതികളുടെ ദേവന്മാരെയോ സൂചിപ്പിക്കുന്നു (ഒ.നോ. പുറ. 12:12; 20:3). അബ്രാഹാമിന്റെ കുടുംബം ബഹുദൈവ വിശ്വാസികളായിരുന്നു (ഒ.നോ. യോശു. 24:2).
3. ഇത് യിസ്രായേല്യ ന്യായാധിപന്മാരെ സൂചിപ്പിക്കുന്നു (ഒ.നോ. പുറ. 21:6; സങ്കീ. 82:6).
4. *എലോഹീം* എന്ന പദം ഇതര ആത്മീയ ജീവികൾക്കും (ദൂതന്മാർ, പിശാചുക്കൾ) ആവർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട് (ആവ. 32:8; സങ്കീ. 8:5; ഇയ്യോ. 1:6; 38:7).
5. ബൈബിളിൽ ദൈവത്തിനുള്ള ആദ്യ നാമമാണിത് (ഒ.നോ. ഉല്പ. 1:1). ഉല്പ. 2:4 ൽ അത് യഹോവയോടു ചേർത്തു പറയുന്നു. അത് അടിസ്ഥാനപരമായി (ദൈവശാസ്ത്രപരമായി) ദൈവത്തെ സ്രഷ്ടാവ്, പരിപാലകൻ, ഈ ഗ്രഹത്തിലെ മുഴുവൻ ജീവന്റെയും ദാതാവ് എന്നീ നിലയിൽ അവതരിപ്പിക്കുന്നു (ഓ.നോ. സങ്കീ. 104).

   *ഏൽ* എന്നതിന്റെ പര്യായമായിട്ടും ഇതുപയോഗിക്കുന്നു (ഒ.നോ. ആവ. 32:15–19). യഹോവയ്ക്കു സമാന്തരമായിട്ടും ഉപയോഗിക്കുന്നു – സങ്കീർത്തനം 14 (*എലോഹിം*) സങ്കീ. 53 (യഹോവ) എന്നിവ ദൈവിക നാമങ്ങളിലെ വ്യത്യാസം ഒഴികെ ഒരുപോലെയാണ്.
6. ഇതു ബഹുവചനവും, ഇതര ദേവന്മാർക്കുവേണ്ടി ഉപയോഗിക്കുന്നതുമാണെങ്കിലും മിക്കപ്പോഴും യിസ്രായേലിന്റെ ദൈവത്തെയാണ് കുറിക്കുന്നത്. ഇതു ബഹുവചനമാണെങ്കിലും സാധാരണയായി ഏകദൈവ സൂചന നൽകുന്നതിനായി ഇതിനോടൊപ്പം ഏകവചന ക്രിയയാണുപയോഗിക്കാറുള്ളത്.
7. യിസ്രായേല്യർ അല്ലാത്തവരും ദൈവത്തിന്റെ പേരായി ഈ പദം ഉദ്ധരിച്ചിട്ടുണ്ട്.
   a. മൽക്കീസേദെക്ക്, ഉല്പ. 14:18–22
   b. ബിലെയാം, സംഖ്യ. 24:2
   c. മോശെ, ജാതികളെക്കുറിച്ചു പറയുമ്പോൾ, ആവ. 32:8
8. യിസ്രായേലിന്റെ ഏക ദൈവത്തിന്റെ നാമം ബഹുവചനമാണെന്നത് അസാധാരണമാണ്. ഉറപ്പായ നിഗമനത്തിലെത്താനാവില്ലെങ്കിലും അതു സംബന്ധിച്ച സിദ്ധാന്തങ്ങൾ ഇവയാണ്.
   a. എബ്രായ ഭാഷയിൽ ഊന്നലിനുവേണ്ടി ബഹുവചനം ഉപയോഗിക്കുന്നതു സാധാരണമാണ്. ഇതി

നോട് ഏറ്റവും അടുത്തു നിൽക്കുന്നത് എബ്രായയിലെ പിൽക്കാല വ്യാകരണ സവിശേഷത യായ "ഔന്നത്യത്തിന്റെ ബഹുവചനം" ആണ്. ഒരു സങ്കല്പത്തെ ഉയർത്തി കാണിക്കാൻ ബഹു വചനം ഉപയോഗിക്കുന്ന രീതിയാണിത്.

b. ദൈവം സ്വർഗ്ഗത്തിൽ തന്റെ ആജ്ഞയ്ക്കു കീഴ്പ്പെടുന്നവരോടൊപ്പം നടത്തുന്ന ദൂത ആലോചന സഭയെ ആകാം ഇതു സൂചിപ്പിക്കുന്നത് (ഓ. നോ. 1 രാജാ. 22:19-23; ഇയ്യോ. 1:6; സങ്കീ. 82:1; 89:5,7).

c. മൂന്നു ആളത്വങ്ങളിലുള്ള ഏകദൈവം എന്ന പുതിയനിയമ വെളിപ്പാടിനെയും ഇതു സൂചിപ്പിക്കാൻ സാധ്യതയുണ്ട്. ഉല്പ. 1:1 ൽ ദൈവം സൃഷ്ടിക്കുന്നു; ഉല്പ. 1:2 ൽ ആത്മാവ് പരിവർത്തിക്കുന്നു; പുതിയ നിയമത്തിൽനിന്നും യേശുവാണ് സൃഷ്ടിയിൽ ദൈവത്തിന്റെ മധ്യവർത്തി (ഒ.നോ. യോഹ. 1:3,10; റോമ. 11:36; 1 കൊരി. 8:6; കൊലൊ. 1:15; എബ്രാ. 1:2; 2:10).

D. യഹോവ (BDB 217, KB 394)

1. ദൈവത്തെ ഉടമ്പടി-നിർമ്മാതായ ദൈവം എന്ന നിലയിൽ പരാമർശിക്കുന്ന നാമമാണിത്; ദൈവം രക്ഷകനും വീണ്ടെടുപ്പുകാരനും! മനുഷ്യൻ ഉടമ്പടി ലംഘിക്കുന്നു, എന്നാൽ ദൈവം തന്റെ വചനം, വാഗ്ദത്തം, ഉടമ്പടി എന്നിവയോടു വിശ്വസ്തത പുലർത്തുന്നു (ഒ.നോ. സങ്കീ. 103).

ഈ നാമം ആദ്യമായി ഉപയോഗിക്കുന്നത് ഉല്പ. 2:4 ൽ എലോഹീമിനോടു ചേർത്താണ്. ഉല്പത്തി 1-2 ൽ രണ്ട് സൃഷ്ടിപ്പിൻ വിവരണങ്ങളില്ല, മറിച്ച് രണ്ട് ഊന്നലുകളാണുള്ളത്: (1) ദൈവം പ്രപഞ്ച സ്രഷ്ടാവ് (ഭൗതികം) എന്ന നിലയിൽ; (2) ദൈവം മനുഷ്യന്റെ സ്രഷ്ടാവ് എന്ന നിലയിൽ. മനു ഷ്യന്റെ ഉന്നതപദവിയും ഉദ്ദേശ്യവും സംബന്ധിച്ച പ്രത്യേക വെളിപ്പാടും ആ അതുല്യ പദവിയോടു ചേർന്നു വന്ന പാപ പ്രശ്നവും മത്സരവും ഉല്പത്തി 2:4-3:24 ൽ ആരംഭിക്കുന്നു.

2. ഉല്പത്തി 4:26 ൽ "ആ കാലത്ത് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി" എന്നു രേഖപ്പെ ടുത്തിയിരിക്കുന്നു. എങ്കിലും, പുറ. 6:3 സൂചിപ്പിക്കുന്നത് ആദിമ ഉടമ്പടി ജനത (ഗോത്രപിതാക്കന്മാ രും അവരുടെ കുടുംബങ്ങളും) ദൈവത്തെ *എൽ-ഷദ്ദായി* എന്നു മാത്രമേ അറിഞ്ഞിരുന്നുള്ളു എന്നാ ണ്. യഹോവ എന്ന നാമം ഒരു പ്രാവശ്യം മാത്രമേ വിശദീകരിച്ചിട്ടുള്ളു. അത് പുറ. 3:13-16 ൽ, പ്രത്യേ കിച്ച് വാ. 14 ൽ ആണ്. എങ്കിലും മോശെയുടെ എഴുത്തുകൾ മിക്കപ്പോഴും വാക്കുകളെ വ്യാഖ്യാനി ക്കുന്നത് സർവസാധാരണമായ പദവിന്യാസമുപയോഗിച്ചാണ് അല്ലാതെ പദവ്യുത്പത്തി അനുസരി ച്ചല്ല (ഒ.നോ. ഉല്പ. 17:5; 27:36; 29:13-35). ഈ നാമത്തിന്റെ അർത്ഥം സംബന്ധിച്ച് ധാരാളം സിദ്ധാന്ത ങ്ങളുണ്ട് (1DB, vol 2, pp. 409 - 11 ൽ നിന്നെടുത്തത്).

a. "ആഴമായ സ്നേഹം കാണിക്കുക" എന്നർത്ഥമുള്ള ഒരു അറബി മൂലപദത്തിൽ നിന്നും.

b. "ഊതുക" എന്നർത്ഥമുള്ള അറബി മൂലപദത്തിൽ നിന്നും (യഹോവ കൊടുങ്കാറ്റിന്റെ ദേവ നായി)

c. "സംസാരിക്കുക" എന്നർത്ഥമുള്ള ഉഗാറിറ്റ് (കനാന്യ) മൂലപദത്തിൽ നിന്നും

d. "നിലനിർത്തുന്നവൻ" അല്ലെങ്കിൽ "സ്ഥാപിക്കുന്നവൻ" എന്നർത്ഥമുള്ള ഒരു ഫൊയ്നീഷ്യൻ പ്രയോഗത്തിൽനിന്നും

e. "ആയിരിക്കുന്നവൻ," അല്ലെങ്കിൽ "സന്നിഹിതനായിരിക്കുന്നവൻ" എന്നർത്ഥമുള്ള എബ്രായ *ഖാൽ* ൽ നിന്നും

f. "ഹേതുവായിരിക്കുന്നവൻ" എന്നർത്ഥമുള്ള എബ്രായ *ഹിഫിൽ* ൽനിന്നും

g. "ജീവിക്കുക" എന്നർത്ഥമുള്ള ഒരു എബ്രായ മൂലത്തിൽനിന്നും (ഉദാ. ഉല്പ. 3:20), അർത്ഥം "എന്നേക്കും-ജീവിക്കുന്ന, ജീവനുള്ള-ഏകൻ"

h. പുറ. 3:13-16 ലെ സന്ദർഭത്തിൽ നിന്നും ഒരു അപൂർണ്ണ രൂപം പൂർണ്ണ അർത്ഥത്തിൽ ഉപയോഗി ക്കുന്നത്, "ഞാൻ ആയിരിക്കുന്നതുപോലെ എന്നെന്നേക്കും ആയിരിക്കും" അല്ലെങ്കിൽ "ഞാൻ എക്കാലവും ആയിരുന്നതുപോലെ തുടർന്നും ആയിരിക്കും" (cf. J. Wash Watts, *A Survey of Syntax in the Old Testament*, p. 67). യഹോവ എന്ന പൂർണ്ണനാമം മിക്കപ്പോഴും ചുരുക്കെഴു ത്തായിട്ടോ അല്ലെങ്കിൽ മൂലരൂപത്തിലോ ഉപയോഗിച്ചിരിക്കാനാണു സാധ്യത.

(1) *യാഹ്* (ഉദാ. ഹല്ലേലു-യാഹ്, BDB 219, ഒ.നോ. പുറ. 15:2; 17:16; സങ്കീ. 89:9; 104:35)

(2) *യാഹു* (പേരിന്റെ അവസാനം "യാവ്", ഉദാ. യെശയ്യാവ്)

(3) യോ (പേരിന്റെ ആരംഭത്തിൽ "യോ", ഉദാ. യോശുവ, യോവേൽ)

3. പിൽക്കാല യെഹൂദ മതത്തിൽ ഈ ഉടമ്പടി നാമം അതിപരിശുദ്ധമായിത്തീർന്നതിനാൽ (നാലക്ഷര നാമം) നാം പുറ. 20:7; ആവ. 5:11; 6:13 ലെ കല്പന ലംഘിക്കപ്പെട്ടാലോ എന്നു ഭയന്ന് യിസ്രായേല്യർ ഇത് ഉച്ചരിക്കുവാൻ മടിച്ചു. അതുകൊണ്ട് അതിനു പകരമായി "ഉടമസ്ഥൻ", "യജമാനൻ," "ഭർത്താവ് വ്," "കർത്താവ്" എന്നീ അർത്ഥങ്ങളുള്ള *അഡോൺ*, അഥവാ *അഡോണായി* (എന്റെ കർത്താവ്) എന്ന പദം ഉപയോഗിച്ചു. പഴയ നിയമം വായിച്ചുവരുമ്പോൾ യഹോവ എന്ന നാമം വരുന്നിടത്ത് അവർ "കർത്താവ്" എന്നു വായിച്ചു. ഇക്കാരണത്താലാണ് ഇംഗ്ലീഷ് പരിഭാഷകളിൽ യഹോവ എന്ന തിനു പകരം LORD എന്നുപയോഗിച്ചിരിക്കുന്നത്.

4. *ഏൽ* എന്ന നാമത്തിന്റെ കാര്യത്തിലെന്നപോലെ, യഹോവ എന്ന നാമത്തിനും യിസ്രായേലിന്റെ ഉടമ്പടി ദൈവത്തിന്റെ ചില സ്വഭാവസവിശേഷതകൾ ഉയർത്തിക്കാണിക്കുന്നതിനായി മറ്റു പദങ്ങൾ ചേർത്ത് സംയുക്ത നാമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അനേക സംയുക്തനാമങ്ങൾ പറയാവുന്നതാണെങ്കിലും, ചിലത് ഇവിടെ ചേർക്കുന്നു.
   a. *യഹോവ-യിരേ* (യഹോവ കരുതിക്കൊള്ളും, BDB 217 & 906), ഉല്പ. 22:14
   b. *യഹോവ-റോഫേക്കാ* (യഹോവ നിന്റെ സൗഖ്യദായകൻ, BDB 217 & 950, *ഖാൽ* ഘടകം), പുറ. 15:26
   c. *യഹോവ-നിസ്സി* (യഹോവ എന്റെ കൊടി, BDB 217 & 651), പുറ. 17:15
   d. *യഹോവ-മെക്കാദിഷ്ക്കേം* (യഹോവ നിന്നെ വിശുദ്ധീകരിക്കുന്നവൻ, BDB 217 & 872, *പിയേൽ* ഘടകം), പുറ. 31:13
   e. *യഹോവ-ശാലോം* (യഹോവ സമാധാനം, BDB 217 & 1022), ന്യായാ. 6:24
   f. *യഹോവ-സബാവോത്ത്* (സൈന്യങ്ങളുടെ യഹോവ, BDB 217 & 878), 1 ശമൂ. 1:3,11; 4:4; 15:2; മിക്കപ്പോഴും പ്രവാചക പുസ്തകങ്ങളിൽ
   g. *യഹോവ-രോ'യി* (യഹോവ എന്റെ ഇടയൻ, BDB 217 & 944, *ഖാൽ* ഘടകം), സങ്കീ. 23:1
   h. *യഹോവ-സിദ്ക്കെനു* (യഹോവ നമ്മുടെ നീതി, BDB 217 & 841), യിരെ. 23:6
   i. *യഹോവ-ശമ്മാ* (യഹോവ അവിടെ, BDB 217 & 1027), യെഹെ. 48:35

▣

**NASB** **"നമുക്കു തലമുറയെ ശേഷിപ്പിച്ചില്ലെങ്കിൽ"**
**NKJV** **"നമുക്കു സന്തതിയെ ശേഷിപ്പിച്ചില്ലെങ്കിൽ"**
**NRSV** **"നമുക്കു അതിജീവിച്ചവരെ ശേഷിപ്പിച്ചില്ലെങ്കിൽ"**
**TEV** **"നമുക്കു ചില അനന്തരാവകാശികളെ ശേഷിപ്പിച്ചിരുന്നില്ലെങ്കിൽ"**
**NJB** **"നമുക്കു അതിജീവിച്ച കുറെയാളുകളെ ശേഷിപ്പിച്ചിരുന്നില്ലെങ്കിൽ"**

യെശ. 1:9 ലെ എബ്രായ പാഠത്തിൽ "ശേഷിപ്പ്" എന്നാണ് എങ്കിലും സെപ്റ്റജിന്റ് അതിനെ "സന്തതി" എന്നു തർജ്ജമ ചെയ്തു (NKJV). യിസ്രായേലിന്മേലുള്ള ദൈവിക ന്യായവിധിയിൽ എപ്പോഴും (1) ഒരു വിശ്വാസ ശേഷിപ്പിനെയും (2) മശിഹൈക പിന്തുടർച്ചയെയും സംരക്ഷിച്ചിരുന്നു. അനേകരെ നേടുന്നതിനായി ദൈവം എപ്പോഴും ഒരു ചെറിയ കൂട്ടത്തെ ബാക്കിവച്ചു.

▣ **"സൊദോം ... ഗൊമോറ"** വാ. 28 ദൈവിക ന്യായവിധിയോടു ബന്ധപ്പെട്ടിരിക്കുന്നു. ഉല്പ. 19:24–26 ൽ പരാമർശിച്ചിരിക്കുന്ന ദൈവിക ന്യായവിധിക്കിരയായ രണ്ടു ജാതീയ പട്ടണങ്ങളെ ഈ വാക്യം പ്രത്യേകമായി പരാമർശിച്ചിരിക്കുന്നു, എങ്കിലും അവ ദൈവിക ന്യായവിധിയെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ലായിത്തീർന്നു (ഒ.നോ. ആവ. 29:34; യെശ. 13:19; യിരെ. 20:16; 49:18; 50:40; ആമോ. 4:11).

### റോമർ 9:30–33

**30ആകയാൽ നാം എന്തു പറയേണ്ടു? നീതിയെ പിന്തുടരാത്ത ജാതികൾ നീതി പ്രാപിച്ചു,**
**വിശ്വാസത്താലുള്ള നീതി തന്നേ. 31നീതിയുടെ പ്രമാണം പിന്തുടർന്ന യിസ്രായേലോ ആ പ്രമാണത്തിങ്കൽ**
**എത്തിയില്ല. 32അതെന്തുകൊണ്ടു? വിശ്വാസത്താലല്ല, പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ടു തന്നേ**
**അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി: 33"ഇതാ, ഞാൻ സീയോനിൽ ഇടർച്ചക്കല്ലും തടങ്ങൽപാറയും**
**വെക്കുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല" എന്നു എഴുതിയിരിക്കുന്നുവല്ലോ.**

**9:30–31** ദൈവത്തിന്റെ തിരഞ്ഞെടുപ്പിൻ ഉദ്ദേശ്യത്തെക്കുറിച്ചുള്ള വിസ്മയാവഹമായ നിഗമനമാണിത്. വാ. 30–33, അധ്യായം 9 ന്റെ സംഗ്രഹവും അധ്യായം 10 ന്റെ മുഖവുരയുമാണ്. വിശ്വസിക്കുന്ന ജാതികൾ ദൈവവുമായി നിരപ്പു പ്രാപിച്ചു, പക്ഷേ എല്ലാം യെഹൂദനും അതു സാധിച്ചില്ല (ഒ.നോ. വാ. 6)!

ദൈവം സകല മനുഷ്യരുമായി ഉടമ്പടി മാർഗ്ഗത്തിലാണു ബന്ധപ്പെടുന്നത്. ദൈവം എല്ലായ്പോഴും മുൻകയ്യെടുക്കുകയും വ്യവസ്ഥ നിശ്ചയിക്കുകയും ചെയ്യുന്നു. വ്യക്തികൾ മാനസാന്തരം, വിശ്വാസം, അനുസരണം, സ്ഥിരോത്സാഹം എന്നിവയാൽ പ്രതികരിക്കണം. മനുഷ്യർ രക്ഷിക്കപ്പെടുന്നത്

1. ദൈവത്തിന്റെ പരമാധികാരത്താലാണോ
2. മശിഹായുടെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയിലുള്ള വിശ്വാസം മൂലം ദൈവത്തിന്റെ കരുണയാലാണോ അതോ
3. വ്യക്തിപരമായ വിശ്വാസത്താലാണോ?

"പിന്തുടരുക" എന്നതിന് 14:19 ന്റെ കുറിപ്പു കാണുക.

**9:30 "നീതി"** ഈ വാക്കിന് 1:17 ലെ പ്രത്യേക പഠനവിഷയം കാണുക. നാമരൂപം വാ. 30 ൽ 3 പ്രാവശ്യവും വാ. 31 ൽ ഒരു പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നു. വിശ്വാസത്തിന്റെ "നീതി"യെ ന്യായപ്രമാണത്തിന്റെ "നീതി"യുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. വീണ്ടും പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മിലുള്ള താരതമ്യം കാണാം. പഴയ ഉടമ്പടിയുടെ പ്രശ്നം അധ്യായം 11 ൽ സകല ലോകത്തിനുംവേണ്ടി സുവിശേഷത്തിനു വാതിൽ തുറന്നു.

**9:32 "പ്രവൃത്തികളാൽ"** ടെക്സ്റ്റസ് റിസെപ്റ്റസ് "ന്യായപ്രമാണത്തിന്റെ" എന്നുകൂടി കൂട്ടിച്ചേർക്കുന്നു. ഇത് പില്ക്കാല പകർപ്പെഴുത്തുകാർ കൂട്ടിച്ചേർത്തതാണ്. പൗലൊസ് പലപ്പോഴും "ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ" എന്നു പറയുന്നുണ്ട് (ഒ.നോ. 3:20,28; ഗലാ. 2:16; 3:2,5,10). എന്നിരുന്നാലും പുരാതന കയ്യെഴുത്തു പ്രതികൾ P46, ℵ*, A, B, F, G എന്നിവ വാക്യത്തിൽ ഈ പദം വിട്ടുകളഞ്ഞിട്ടുണ്ട്. ചുരുക്കമായ പാഠത്തിന് UBS4 "B"റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) കൊടുക്കുന്നു.

ദൈവിക നീതിയുടെ താക്കോൽ മാനുഷിക പ്രവൃത്തിയല്ല, മറിച്ച് ദൈവത്തിന്റെ സ്വഭാവവും ക്രിസ്തുവിലൂടെയുള്ള ദാനവുമാണ്. നീതി വീണുപോയ മനുഷ്യനാൽ നേടുക അസാധ്യമായതിനാൽ അത് ക്രിസ്തുവിലുള്ള വിശ്വാസത്താൽ സൗജന്യമായി നൽകുന്ന ദാനമാണ് (ഒ.നോ. 3:21-31). എന്നിരുന്നാലും അതു സ്വീകരിക്കേണ്ടതാണ് (ഒ.നോ. വാ. 33; യോഹ. 1:12; 3:16; റോമ. 4:1 മുതൽ; 10:9-13; എഫെ. 2:8-9). ഈ സത്യമാണ് ആത്മാർത്ഥതയുള്ള, മതവിശ്വാസിയായ, ധാർമ്മിക യെഹൂദൻ (സകല നിയമവാദികളും) മനസ്സിലാക്കാതെ പോയത്!

ജോർജ്ജ് എൽഡൻ ലാഡ്, *എ തിയോളജി ഓഫ് ദ ന്യൂടെസ്റ്റമെന്റ്* എന്ന തന്റെ ഗ്രന്ഥത്തിൽ ഒരു നല്ല പോയിന്റ് പറയുന്നുണ്ട്:

> "ന്യായപ്രമാണത്തെ സംബന്ധിച്ച പൗലൊസിന്റെ പഠിപ്പിക്കലിനെ പലപ്പോഴും ഒരു റബ്ബി എന്ന നിലയിലോ അല്ലെങ്കിൽ ന്യായപ്രമാണത്തിൻ കീഴിലുള്ള ഒന്നാം നൂറ്റാണ്ടിലെ ഒരു യെഹൂദൻ എന്ന നിലയിലോ ഉള്ള പൗലൊസിന്റെ ചരിത്രപരമായ അനുഭവത്തിന്റെ കാഴ്ചപ്പാടിലാണിത് സമീപിക്കാറുള്ളത്. എന്നിരുന്നാലും പൗലൊസിന്റെ ചിന്തകളെ അവന്റെ ആത്മീയ ആത്മകഥയുടെ ഏറ്റുപറച്ചിൽ എന്ന നിലയിലോ ഒന്നാം നൂറ്റാണ്ടിലെ പരീശമതത്തിന്റെ നിയമവാദത്തിന്റെ വിവരണമെന്ന നിലയിലോ അല്ല, മറിച്ച് നിയമവാദം, വിശ്വാസം എന്ന നീതിയുടെ രണ്ടു വഴികളെക്കുറിച്ചുള്ള ഒരു ക്രിസ്തീയ ചിന്തകന്റെ ദൈവശാസ്ത്രപരമായ വ്യാഖ്യാനമായിട്ടാണ് കാണേണ്ടത്" (പേജ് 495).

**9:33** ഇത് യെശ. 28:16 നോട് 8:16 ചേർത്തുള്ള ഉദ്ധരണിയാണ്..

"ഇതാ, ഞാൻ സിയോനിൽ ഉറപ്പുള്ള കല്ലും ... ഇട്ടിരിക്കുന്നു," 28:16a
"അവൻ ഒരു ഇടർച്ചക്കല്ലും തടങ്ങൽ പാറയും ... ആയിരിക്കും," 8:14
"വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല/ലജ്ജിച്ചുപോകയില്ല," 28:16b

ഈ വിധത്തിൽ (റബിമാരുടെ സാഹിത്യ സങ്കേതം) ഈ വാക്യങ്ങൾ സംയോജിപ്പിക്കുന്നതിലൂടെ അവൻ യെശ. 28:16 ന്റെ സാധകാത്മക അർത്ഥത്തെ നിഷേധാത്മകമാക്കുന്നു. പൗലൊസ് തന്റെ ഉദ്ദേശ്യനിവൃത്തിക്കായി പഴയ നിയമത്തെ വളച്ചൊടിക്കുന്നു.

1. അവൻ ഏതു പരിഭാഷയാണ് ഉപയോഗിക്കുന്നത് (സെപ്റ്റ്വജിന്റ്, മസോറെറ്റിക്, അതോ തന്റെ സ്വന്തമോ)
2. അവൻ പരാമർശങ്ങൾ മാറ്റുന്നു (പ്രവാസികളിൽ നിന്നും ജാതികളിലേക്ക്)
3. അവൻ വേദഭാഗങ്ങളെ സംയോജിപ്പിക്കുന്നു
4. അവൻ യഹോവയെ സൂചിപ്പിക്കുന്ന പേരുകളും സർവ്വനാമങ്ങളും യേശുവിന്റേതാക്കി മാറ്റുന്നു

▣ **"അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോകയില്ല"** ഇത് യെശ. 28:16bയിൽ നിന്നുള്ള ഉദ്ധരണിയാണ്. ഇത് റോമ. 10:11 ലും ഉദ്ധരിച്ചിട്ടുണ്ട്. ഇത് റോമ. 10:13 ൽ ഉദ്ധരിച്ചിട്ടുള്ള യോവേ. 2:32 നു സമാനമാണ്. രക്ഷയ്ക്കുള്ള താക്കോൽ (1) വസ്തുവും (മൂലക്കല്ല്) (2) വ്യക്തിയുടെ വ്യക്തിപരമായ സ്വീകരണവും (അവനിലുള്ള വിശ്വാസം) ആണ്. 4:5 ലെ പ്രത്യേക പഠനവിഷയം: വിശ്വസിക്കുക കാണുക.

▣ **"ഒരു കല്ല്"** ഇത് യഥാർത്ഥമായി ദൈവത്തിനുള്ള പേരാണ് (ഒ.നോ. സങ്കീ. 18:1-2,31,46; ആവ. 32:18; 1 ശമൂ. 2:2; സങ്കീ. 28:1; 31:3; 42:9; 71:3; 78:35), എങ്കിലും അത് മശിഹൈക പേരായി മാറി (ഒ.നോ. ഉല്പ. 39:24; സങ്കീ. 118:22; യെശ. 8:14; 28:16; ദാനീ. 2:34-35, 44-45; മത്താ. 21:42-44). ദൈവത്തിന്റെ ഉടമ്പടി വാഗ്ദത്തത്തിന്റെ (മശിഹാ) മുഖ്യഘടകം തെറ്റിദ്ധാരണയും നിരാസവുമാണ് (ഒ.നോ. 1 കൊരി. 1:23). യെഹൂദന്മാർ മശിഹായുടെ ഉദ്ദേശ്യത്തെ മാത്രമല്ല, ദൈവിക ഉടമ്പടിയുടെ അടിസ്ഥാന വ്യവസ്ഥകളെയും തെറ്റിദ്ധരിച്ചു. ക്രിസ്തു യെഹൂദന്മാർക്ക് ഇടർച്ചയ്ക്കു ഹേതുവായി (ഒ.നോ. യെശ. 8:14; ലൂക്കൊ. 2:34) എങ്കിലും വിശ്വാസികൾക്ക് - യെഹൂദനും ജാതികൾക്കും - അവൻ മൂലക്കല്ലായിത്തീർന്നു (ഒ.നോ. യെശ. 28:16; 1 പത്രൊ. 2:6-10).

## പ്രത്യേക പഠന വിഷയം: മൂലക്കല്ല്

I. പഴയ നിയമ ഉപയോഗം

A. നല്ല അടിസ്ഥാനമായി ഉപയോഗിക്കാൻ കഴിയുന്ന ഉറപ്പുള്ള കല്ല് എന്ന ആശയം യഹോവയെ സൂചിപ്പിക്കാൻ ഉപയോഗിച്ചുവന്നു (ഒ.നോ. സങ്കീ. 18:2).

B. അതു പിന്നീട് മശിഹൈക പേരായി മാറി (ഒ.നോ. ഉല്പ. 49:24; സങ്കീ. 118:22; യെശ. 28:16).

C. മശിഹാ മുഖാന്തരം യഹോവ നടത്തുന്ന ന്യായവിധിയെ അതു സൂചിപ്പിച്ചു (ഒ.നോ. യെശ. 8:14; ദാനീ. 2:34–35,44–45).

D. അത് കെട്ടിട നിർമ്മാണ സാദൃശ്യമായി വികസിപ്പിക്കപ്പെട്ടു.

1. കെട്ടിടത്തിന്റെ ബാക്കി ഭാഗങ്ങളുടെ ചരിവും മൂലകളും നിർണ്ണയിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്ന നിലയിൽ ആദ്യം ഇടുന്ന "മൂലക്കല്ല്" എന്നു വിളിക്കപ്പെടുന്ന അടിസ്ഥാനക്കല്ല്
2. ഭിത്തികളെ ഉറപ്പിച്ചു നിർത്തുന്നതിനായി അവസാനമിടുന്ന കല്ലിനെയും ഈ പേരിൽ പരാമർശിക്കാറുണ്ട് (ഒ.നോ. സെഖ. 4:7; എഫെ. 2:20,21). *റുഷ്* (അതായത് തല) എന്ന എബ്രായ പദത്തിൽ നിന്ന് ഇതിന് "തൊപ്പിക്കല്ല്" എന്ന പേരുണ്ടായി.
3. ഇത് "താക്കോൽ കല്ല്" എന്നു വിളിക്കപ്പെടുന്ന കല്ലിനെയും സൂചിപ്പിക്കാൻ സാധ്യതയുണ്ട്. മുഴു ഭിത്തികളുടെയും ഭാരം താങ്ങുന്ന മധ്യവാതിലിനു കീഴിൽ വെയ്ക്കുന്ന കല്ലാണിത്.

II. പുതിയ നിയമ ഉപയോഗം

A. യേശു തന്നെക്കുറിച്ചുള്ള പരാമർശമായി സങ്കീ. 118 നിരവധി പ്രാവശ്യം ഉദ്ധരിച്ചിട്ടുണ്ട് (ഒ.നോ. മത്താ. 21:41–46; മർക്കൊ. 12:10–11; ലൂക്കൊ. 20:17).

B. യഹോവ അവിശ്വാസികളും മത്സരികളുമായ യിസ്രായേലിനെ തള്ളിയതിനെക്കുറിച്ച് പൗലൊസ് സങ്കീ. 118 ഉദ്ധരിക്കുന്നു (ഒ.നോ. റോമ. 9:33).

C. പൗലൊസ് ക്രിസ്തുവിനെ പരാമർശിച്ച് "മൂലക്കല്ല്" എന്ന ആശയം എഫെ. 2:20–22 ൽ ഉപയോഗിക്കുന്നു.

D. പത്രൊസ് ഈ ആശയം യേശുവിനെക്കുറിച്ച് 1 പത്രൊ. 2:1-10 ൽ ഉപയോഗിച്ചു. യേശു മൂലക്കല്ലും വിശ്വാസികൾ അവനിൽ പണിയപ്പെടുന്ന (അതാ. യേശു പുതിയ ആലയമാണ്, ഒ.നോ. മർക്കൊ. 14:58; മത്താ. 12:6; യോഹ. 2:19–20) ജീവനുള്ള കല്ലുകളുമാണ് (അതാ. വിശ്വാസികൾ ദൈവാലയങ്ങളെന്ന നിലയിൽ, 1 കൊരി. 6:19). യെഹൂദന്മാർ യേശുവിനെ മശിഹായെന്ന നിലയിൽ നിരസിച്ചപ്പോൾ അവർ തങ്ങളുടെ പ്രത്യാശയുടെ അടിസ്ഥാനമാണ് തള്ളിക്കളഞ്ഞത്.

III. ദൈവശാസ്ത്ര പ്രസ്താവനകൾ

A. യഹോവ ദാവീദിനെ/ശലോമോനെ ആലയം പണിവാൻ അനുവദിച്ചു. അവർ ഉടമ്പടി പാലിച്ചാൽ അവൻ അവരെ അനുഗ്രഹിക്കുമെന്നും അവരോടു കൂടെയിരിക്കുമെന്നും അരുളിച്ചെയ്തു (ഒ.നോ. 2 ശമൂ. 7), എന്നാൽ അവർ അതു ചെയ്യാതിരുന്നാൽ ആലയം നശിച്ചുപോകും (ഒ.നോ. 1 രാജാ. 9:1–9)!

B. റബി യെഹൂദമതം ആചാരങ്ങളിലും ബാഹ്യരൂപത്തിലും ശ്രദ്ധിക്കുകയും വ്യക്തിപരമായ വിശ്വാസത്തിന്റെ പ്രാധാന്യത്തെ അവഗണിക്കുകയും ചെയ്തു (ഒ.നോ. യിരെ. 31:31–34; യെഹെ. 36:22–38). ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരുമായി ദൈനംദിന, വ്യക്തിപരമായ, ഭക്തിനിർഭരമായ ബന്ധം പ്രതീക്ഷിക്കുന്നു (ഒ.നോ. ഉല്പ. 1:26–27). മത്താ. 5:20 ൽ കാണുന്നതുപോലെ യെഹൂദമതത്തിനെതിരായി ന്യായവിധിയുടെ ഭയാനകമായ വാക്കുകൾ ലൂക്കൊ. 20:17–18 ലും കാണാം.

C. തന്റെ ഭൗതിക ശരീരത്തെ സൂചിപ്പിക്കുന്നതിനായി യേശു ആലയം എന്ന സങ്കല്പം ഉപയോഗിച്ചു (ഒ.നോ. യോഹ. 2:19–22). യഹോവയുമായുള്ള ബന്ധത്തിന്റെ താക്കോൽ മശിഹായാണ് എന്ന അടിസ്ഥാനത്തിൽ ഈ ആശയം യേശുവിലുള്ള വ്യക്തിപരമായ വിശ്വാസം എന്ന നിലയിലേക്കു വികസിപ്പിക്കപ്പെട്ടു (അതാ. യോഹ. 14:6; 1 യോഹ. 5:10–12).

D. രക്ഷയുടെ ഉദ്ദേശ്യം ദൈവവുമായുള്ള കൂട്ടായ്മ സാധ്യമാകത്തക്കവിധം മനുഷ്യനിലുള്ള ദൈവിക സ്വരൂപത്തിന്റെ (ഒ.നോ. ഉല്പ. 1:26–27; അധ്യായം 3) തകർച്ചയെ നന്നാക്കുക എന്നതാണ്. ക്രിസ്ത്യാനിത്വത്തിന്റെ ലക്ഷ്യം ഇവിടെ ക്രിസ്തുസാദൃശ്യം സാധ്യമാക്കുക എന്നതാണ്. വിശ്വാസികൾ ജീവനുള്ള കല്ലുകളായി മാറണം (അതാ. ക്രിസ്തുവിന്റെ മാതൃകപ്രകാരം നിർമ്മിക്കപ്പെട്ട ചെറിയ ആലയങ്ങൾ).

E. യേശുവാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനവും വിശ്വാസത്തിന്റെ തൊപ്പിക്കല്ലും (അതായത് അൽഫയും ഒമേഗയും). അപ്പോൾ തന്നേ അവൻ ഇടർച്ചക്കല്ലും തടങ്ങൽപാറയുമാണ്. അവനെ നഷ്ടപ്പെടുകയെന്നത് സകലവും നഷ്ടപ്പെടുന്നതിനു തുല്യമാണ്. ഇവിടെ മധ്യമേഖലയില്ല.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. അധ്യായം 9 (മുൻനിയമനം) ഏതു നിലയിലാണ് അധ്യായം 10 നോടു (മനുഷ്യവർഗ്ഗത്തിന്റെ സ്വതന്ത്ര ഇച്ഛ) ബന്ധപ്പെട്ടിരിക്കുന്നത്?
2. 9:1–29 ന്റെ പ്രധാന ചിന്താവിഷയം എന്താണ്?
3. യിസ്രായേലിനോടുള്ള തന്റെ വാഗ്ദത്തം ദൈവം ലംഘിച്ചുവോ?
4. ദേശീയ യിസ്രായേലിനു ലഭിച്ച പദവികളുടെ പട്ടിക തയ്യാറാക്കുക (9:4–5)
5. എല്ലാ യെഹൂദനും ദൈവവുമായി നിരപ്പിലാണോ? എന്തുകൊണ്ട് അല്ലെങ്കിൽ എന്തുകൊണ്ടില്ല (9:6)?
6. ദൈവയിഷ്ടം ചെയ്യാൻ മനുഷ്യൻ നിർബന്ധിക്കപ്പെടുന്നുവെങ്കിൽ അവൻ ധാർമ്മികമായി ഉത്തരവാദിയാണോ?
7. എങ്ങനെയാണ് “കരുണ” മുൻനിയമനത്തിന്റെ താക്കോൽ ആയിരിക്കുന്നത് (ഒ.നോ. 15,16,18,23; 11:30–32)?

# റോമർ 10

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ്[4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യിസ്രായേലും സുവിശേഷവും | യിസ്രായേലിന് സുവിശേഷം ആവശ്യം | വിശ്വാസത്താലുള്ള ശരിയായ നീതി | യിസ്രായേലും സുവിശേഷവും | ദൈവമാണു നമ്മെ വിശുദ്ധരാക്കുന്നത് എന്നു കാണുന്നതിൽ യിസ്രായേൽ പരാജയപ്പെടുന്നു |
| 9:30–10:4 | | 9:30–10:4 | 9:30–10:4 | |
| | 10:1–13 | | | 10:1–4 |
| സകലർക്കും രക്ഷ | | | സകലർക്കും രക്ഷ | മോശെയുടെ സാക്ഷ്യം |
| 10:5–13 | | 10:5–13 | 10:5–13 | 10:5–13 |
| | യിസ്രായേൽ സുവിശേഷം നിരസിക്കുന്നു | യിസ്രായേൽ അവളുടെ പരാജയങ്ങൾക്ക് ഉത്തരവാദി | | യിസ്രായേലിന് ഒഴികഴിവില്ല |
| 10:14–21 | 10:14–21 | 10:14–17 | 10:14–17 | 10:14–15 |
| | | | | 10:16–17 |
| | | 10:18–21 | 10:18–21 | 10:18–21 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## പശ്ചാത്തല ഉൾക്കാഴ്ചകൾ

A. അധ്യായം 10, ക്രിസ്തുവിലുള്ള യഹോവയുടെ കൃപാകരമായ രക്ഷാവാഗ്ദാനത്തോടു പ്രതികരിക്കാൻ യിസ്രായേലിനു ലഭിച്ച അവസരത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. അധ്യായം 9, ലോകത്തെ തിരഞ്ഞെടുക്കുക എന്ന ഉദ്ദേശ്യത്തോടെ ദൈവം യിസ്രായേലിനെ തിരഞ്ഞെടുത്തതിനെക്കുറിച്ചു ചർച്ച ചെയ്തു (ഒ. നോ. ഉല്പ. 3:15; 12:3; പുറ. 19:5–6) എങ്കിലും അവന്റെ തിരഞ്ഞെടുപ്പിനെ ഏറ്റെടുക്കുന്നത് യെഹൂദൻ നിരസിച്ചു (അതാ. ഉടമ്പടി അനുസരണം, ഒ.നോ. ആവർത്തനം 27–29).

B. സുവിശേഷത്തെക്കുറിച്ചുള്ള തന്റെ വാദഗതി ഉറപ്പിക്കുന്നതിനായി പൗലൊസ് പഴയനിയമത്തെ ഉപയോഗിക്കുന്നതു തുടരുന്നു (അധ്യായം 9ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ, B കാണുക). ഇത് *കെറിഗ്മാ* (അതാ. പ്രഖ്യാപിക്കപ്പെട്ടത്) എന്നറിയപ്പെടുന്ന പ്രവൃത്തികളിലെ അപ്പൊസ്തലിക പ്രസംഗങ്ങളുടെ സവി

ശേഷതയാണ്. 1:2 ലെ പ്രത്യേക പഠനവിഷയം: *കെറിഗ്മാ* കാണുക.

C. 9:30-10:4 ന്റെ കേന്ദ്ര സത്യം ഇവയാണ്:
1. ജാതികൾക്ക് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവിക നീതി പ്രാപിക്കാം
2. യെഹൂദൻ ക്രിസ്തുവിൽ വിശ്വസിക്കാത്ത കാരണത്താൽ ദൈവിക നീതി പ്രാപിച്ചില്ല
3. ന്യായപ്രമ്ണത്തിന് നീതി നൽകുവാൻ സാധ്യമല്ല. അത് ക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന ദൈവിക ദാനമാണ്, മാനുഷിക പ്രവൃത്തികളാൽ ലഭിക്കുന്നതല്ല (ഒ.നോ. 3:21-31)

D. സോണ്ടർവാൻ പ്രസിദ്ധീകരിച്ച, *റോമാലേഖനത്തിന്റെ* *സ്റ്റഡിഗൈഡ് ബൈബിൾ കമന്ററിയിൽ* ബ്രൂസ് കോർലിയും കർട്ടിസ് വോഗനും യെഹൂദന്മാരുടെ പാപങ്ങളുടെ ഒരു പട്ടിക നൽകിയിട്ടുണ്ട്:
1. മതപരമായ അഹന്ത, 10:2a
2. ആത്മീയ അന്ധത, 10:2b ,3a
3. സ്വയ-നീതി, 10:3b
4. കീഴ്പ്പെടാത്ത ശാഠ്യം, 10:4a

അധ്യായം 9 ന്റെ അവസാനം അധ്യായം 10 നെക്കുറിച്ച് അവർ നൽകിയിട്ടുള്ള ഉപസംഹാര പ്രസ്താവന എനിക്കിഷ്ടമാണ്: "ദൈവിക പരമാധികാരത്തെ പരമ്പരാഗതമായി പ്രതിരോധിക്കുന്ന വേദഭാഗത്തെ (9:6-9) തുടർന്ന് പൗലൊസിന്റെ ലേഖനങ്ങളിൽ വെച്ചേറ്റവും വലിയ മിഷനറി വേദഭാഗമായിരിക്കും വരുന്നത് (10:1-21) എന്നു വിശദീകരിക്കുന്ന ക്രൂശിന്റെ പ്രസംഗത്തിലാണ് തിരഞ്ഞെടുപ്പ് സംഭവിക്കുന്നത് (ഒ. നോ. 1 തെസ്സ. 1:4-10). സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ഏറ്റവും ഉന്നതമായ പ്രേരണ, അങ്ങനെ ചെയ്യുന്നതിലൂടെ ദൈവം ക്രിസ്തുവിലൂടെയുള്ള തന്റെ തിരഞ്ഞെടുപ്പിൻ ഉദ്ദേശ്യത്തെ നടപ്പാക്കുകയാണ് എന്ന അറിവാണ്" (പേജ് 114).

E. അധ്യായം 9 നു തുല്യമായി അധ്യായം 10 ലും ധാരാളം പഴയ നിയമ ഉദ്ധരണികളുണ്ട്.
1. വാ. 5 - ലേവ്യ. 18:5
2. വാ. 6 - ആവ. 30:12 ഒപ്പം ആവ. 9:4 നെക്കുറിച്ചുള്ള ആമുഖ സൂചനകളും
3. വാ. 7 - ആവ. 30:13 ഒപ്പം സങ്കീ. 107:26 നെക്കുറിച്ചുള്ള സൂചനകളും
4. വാ. 8 - ആവ. 30:14
5. വാ. 11 - യെശ. 28:16
6. വാ. 13 - യോവേ. 2:32
7. വാ. 15 - യെശ. 52:7 അഥവാ നഹൂം 1:15
8. വാ. 16 - യെശ. 53:1
9. വാ. 18 - സങ്കീ. 19:4
10. വാ. 19 - ആവ. 32:21
11. വാ. 20 - യെശ. 65:1
12. വാ. 21 - യെശ. 65:2

# പദ, ശൈലീ പഠനം

**റോമർ 10:1-4**

**[1]സഹോദരന്മാരേ, അവർ രക്ഷിക്കപ്പെടേണം എന്നു തന്നേ എന്റെ ഹൃദയവാഞ്ഛയും അവർക്കു വേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു. [2]അവർ പരിജ്ഞാനപ്രകാരമല്ലെങ്കിലും ദൈവത്തെ സംബന്ധിച്ചു എരിവുള്ളവർ എന്നു ഞാൻ അവർക്കു സാക്ഷ്യം പറയുന്നു. [3]അവർ ദൈവത്തിന്റെ നീതി അറിയാതെ സ്വന്ത നീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ടു ദൈവത്തിന്റെ നീതിക്കു കീഴ്പെട്ടില്ല. [4]വിശ്വസിക്കുന്ന ഏവന്നും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു.**

**10:1 "സഹോദരന്മാരേ"** ഒരു പുതിയ വിഷയം അവതരിപ്പിക്കുന്നതിനായി ഈ പദം പൗലൊസ് പലപ്പോഴും ഉപയോഗിക്കുന്നുണ്ട് (ഒ.നോ. 1:13; 7:1,4; 8:12).

▣ **"അവർ രക്ഷിക്കപ്പെടേണം എന്നു തന്നേ എന്റെ ഹൃദയവാഞ്ഛയും *അവർക്കുവേണ്ടി* ദൈവത്തോടുള്ള യാചനയും ആകുന്നു"** യെഹൂദന്മാർക്കു രക്ഷിക്കപ്പെടാൻ കഴിയുമെന്നും അവർക്കുവേണ്ടിയുള്ള തന്റെ പ്രാർത്ഥനയ്ക്കു ഫലമുണ്ടാകുമെന്നും പൗലൊസ് വിശ്വസിച്ചു. മുന്നിയമനത്തിനെതിരായ അത്ഭുതാവഹമായ പോയിന്റാണിത്! 9:3 ലെ പ്രത്യേക പഠന വിഷയം: മധ്യസ്ഥപ്രാർത്ഥന കാണുക.

"അവർക്കുവേണ്ടി" എന്നതിന് ഗ്രീക്കു കയ്യെഴുത്തുപ്രതികളിൽ വ്യത്യാസമുണ്ട്. ടെക്റ്റസ് റിസപ്റ്റസ് "യിസ്രായേലിനുവേണ്ടി" എന്നാണ് ചേർത്തിരിക്കുന്നത്. എന്നിരുന്നാലും കയ്യെഴുത്തുപ്രതികളുടെ തെളിവുകൾ "അവർക്കു വേണ്ടി" എന്നതിനെ പിന്തുണയ്ക്കുന്നു (കയ്യെഴുത്തു പ്രതികൾ $P^{46}$, ℵ*, B, C, D*, F, G എന്നിവ). $UBS^4$ "A"റേറ്റിംഗ് (ഉറപ്പുള്ളത്).

**10:2 "ദൈവത്തെ സംബന്ധിച്ചു എരിവുള്ളവർ"** ആത്മാർത്ഥതയും ഉത്സാഹവും മാത്രം പോരാ (ഒ.നോ. പ്രവൃ. 9:1; ഗലാ. 1:14; ഫിലി.3:6)!

**10:2-3 "അവർ പരിജ്ഞാനപ്രകാരമല്ലെങ്കിലും ... ദൈവത്തിന്റെ നീതി അറിയാതെ"** "അറിയുക" എന്ന പദം (വാ. 2, *എപിഗിനോസ്കോ* - **ϵπιϕινωσκω**) രണ്ടു വിധത്തിലാണ് പ്രവർത്തിക്കുന്നത്.

1. യെഹൂദന്മാർക്ക് സൗജന്യ സുവിശേഷം മനസ്സിലായില്ല ("അറിയുക" എന്നത് ഗ്രീക്ക് അർത്ഥത്തിൽ)
2. യെഹൂദന്മാർക്ക് ദൈവവുമായി വിശ്വാസ ബന്ധമില്ല ("അറിയുക" എന്നത് എബ്രായ അർത്ഥത്തിൽ, ഒ. നോ. ഉല്പ. 4:1; യിരെ. 1:5)

ദൈവത്തോടുള്ള പ്രതികരണത്തിന്റെ ആവശ്യകതയെപ്പറ്റി യെഹൂദർ അജ്ഞരായിരുന്നില്ല (ഒ.നോ. വാ. 16,18,19) എങ്കിലും അവർ വിശ്വാസത്തിന്റെ സ്ഥാനത്ത് മാനുഷിക പ്രകടനത്തിന് പ്രാധാന്യം കൊടുക്കുകയും അത് അവരെ നിഗളം, അഹന്ത, തങ്ങൾമാത്രം എന്ന ചിന്താഗതി എന്നിവയിലേക്കു നയിക്കുകയും ചെയ്തു (വാ. 3a)!

## പ്രത്യേക പഠനവിഷയം: അറിയുക

**(ആവർത്തനപുസ്തകം മാതൃകയാക്കിക്കൊണ്ട്)**

"അറിയുക" എന്നതിനുള്ള എബ്രായ പദം (ബി.ഡി.ബി 393) *ധാൽ* ന് അനവധി അർത്ഥങ്ങളുണ്ട്.

1. നന്മതിന്മകളെ അറിയുക - ഉല്പ. 3:22; ആവ. 1:39; യെശ. 7:14-15; യോനാ 4:11
2. അറിവിലൂടെ അറിയുക - ആവ. 9:2, 3, 6; 18:2
3. അനുഭവത്തിലൂടെ അറിയുക - ആവ. 3:19; 4:35; 8:2, 3, 5; 11:2; 20:20; 31:13; യോശു. 23:14
4. പരിഗണിക്കുക - ആവ. 4:39; 11:2; 29:16
5. വ്യക്തിപരമായി അറിയുക
   a. ഒരു വ്യക്തി - ഉല്പ. 29:5; പുറ. 1:8; ആവ. 22:2; 33:9
   b. ഒരു ദേവൻ - ആവ. 11:28; 13:2, 6, 13; 28:64; 29:26; 32:17
   c. യഹോവ - ആവ. 4:35, 39; 7:9; 29:6; യെശ. 1:3; 56:10-11
   d. ലൈംഗികമായി - ഉല്പ. 4:1, 17, 25; 24:16; 38:26
6. ഒരു തൊഴിൽ വൈദഗ്ധ്യം അല്ലെങ്കിൽ ജ്ഞാനം - യെശ. 29:11, 12; ആമോ. 5:16
7. ജ്ഞാനികളായിരിക്കുക - ആവ. 29:4; സദൃ. 1:2; 4:1; യെശ. 29:24
8. ദൈവിക ജ്ഞാനം
   a. മോശെയുടെ - ആവ. 34:10
   b. യിസ്രായേലിന്റെ - ആവ. 31:21, 27, 29

**10:3 "ദൈവത്തിന്റെ നീതി"** അധ്യായം 9-11 ന്റെ സന്ദർഭത്തിൽ ഈ പ്രയോഗം സൂചിപ്പിക്കുന്നത് ദൈവത്തിന്റെ

1. കരുണ
2. ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട വേല
3. ആത്മാവിന്റെ ഉണർത്തൽ
4. പാപിയായ മനുഷ്യന്റെ മാനസാന്തരം, വിശ്വാസ പ്രതികരണം, തുടർമാനമായ അനുസരണവും സ്ഥിരോത്സാഹവും

എന്നിവയുടെ അടിസ്ഥാനത്തിൽ ദൈവം മനുഷ്യരുടെമേൽ കണക്കിടുന്ന താനുമായുള്ള നിരപ്പ് ആണിത് (റോമർ 4).

യെഹൂദൻ എപ്രകാരമാണ് ദൈവത്തിന്റെ നീതിയെ തെറ്റിദ്ധരിച്ചതെന്ന് ഒരുവനു വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. ന്യായപ്രമാണത്തിന്റെ അനുസരണത്തെ പഴയ നിയമം ഊന്നിപ്പറഞ്ഞിരിക്കുന്നു (ഒ.നോ. ആവ. 4:28-6:3,17,24-25). അവർക്ക് തിരിച്ചറിയാൻ കഴിയാതിരുന്ന കാര്യം വിശ്വാസവും മാനസാന്തരവും തമ്മിൽ ആവശ്യമായിരിക്കുന്ന സന്തുലനമായിരുന്നു (ഒ.നോ. ആവ. 5:29-30; 6:5). ദൈവം യിസ്രായേലിനുവേണ്ടി പ്രവർത്തിച്ചത് അവരുടെ നീതിയുടെ അടിസ്ഥാനത്തിലല്ല, മറിച്ച് തന്റെ സ്വഭാവം നിമിത്തമാണെന്ന് ദൈവം ആവർത്തനപുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (ഒ.നോ. 9:6,7,13,24,27; 10:12-22; യെഹെ. 36:22-38). കനാന്യർ പോലും നശിപ്പിക്കപ്പെട്ടത് യിസ്രായേലിന്റെ നീതി നിമിത്തമല്ല, മറിച്ച് അവരുടെ പാപം നിമിത്തമാണ് (ഒ.നോ. 9:4-6; ഉല്പ. 15:16). 1:17 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ദൈവത്തിന്റെ നീതിക്കു കീഴ്പെട്ടില്ല"** ഈ ക്രിയ ഭൂതകാല കർമ്മണി സൂചകമാണ് എങ്കിലും അത് മധ്യപ്രയോഗമായിട്ടാണ് തർജ്ജമ ചെയ്തിരിക്കുന്നത്. കൊയ്നേ ഗ്രീക്കിൽ മധ്യപ്രയോഗത്തിന്റെ ധർമ്മം കർമ്മണി പ്രയോഗം ഏറ്റെടുത്തിരിക്കുന്നു. സന്ദർഭമാണ് ഏതാണെന്നു തീരുമാനിക്കുന്നത്.

ഇത് അക്ഷരാർത്ഥത്തിൽ "കീഴ്പ്പെടുക" എന്നതാണ്. ഒരു കൂട്ടം കല്പനയ്ക്കുള്ള സൈനിക പദമാണിത്. യെഹൂദന്മാർ ദൈവത്തിന്റെ നീതി സമ്പാദിക്കാൻ ശ്രമിച്ചു, എന്നാൽ അതു ദാനമാണ് (ഒ.നോ. 3:24; 5:15; 6:23; എഫെ. 2:8-9). പൗലൊസ് ദമസ്ക്കൊസിലേക്കുള്ള യാത്രയിൽ ഈ സത്യം വ്യക്തമായി മനസ്സിലാക്കി.

## പ്രത്യേക പാഠവിഷയം: കീഴ്പ്പെടൽ (ὑποτάσσω)

പത്തു വ്യത്യസ്ത എബ്രായ പദങ്ങളെ തർജ്ജമ ചെയ്യുന്നതിനായി സെപ്റ്റജിന്റ് ഈ പദം ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാന പഴയ നിയമ അർത്ഥം "ക്രമീകരിക്കുക" അഥവാ "കല്പിക്കാനുള്ള അവകാശം" എന്നാണ്. ഇത് സെപ്റ്റജിന്റിൽ നിന്നും എടുത്തിട്ടുള്ളതാണ്.

1. ദൈവം കല്പിക്കുന്നു (ഒ.നോ. ലേവ്യ. 10:1; യോനാ 2:1; 4:6-8)
2. ദൈവം കല്പിക്കുന്നു (ഒ.നോ. പുറ. 36:6; ആവ. 27:1)
3. രാജാക്കന്മാർ കല്പിക്കുന്നു (ഒ.നോ. 2 ദിന. 31:11)
4. പരിഗണിക്കുക - ആവ. 4:39; 11:2; 29:16
5. വ്യക്തിപരമായി അറിയുക

പുതിയ നിയമത്തിൽ ഈ അർത്ഥം തന്നെ തുടരുന്നതായി കാണാം, പ്രവൃ. 10:48 ൽ അപ്പൊസ്തലൻ കല്പിക്കുന്നു. എങ്കിലും പുതിയ നിയമത്തിൽ പുതിയ അർത്ഥങ്ങൾ വികസിക്കുന്നുണ്ട്.

1. ഒരു സ്വമേധനാ വശം വികസിക്കുന്നു (മിക്കപ്പോഴും മധ്യപ്രയോഗം)
2. ഈ സ്വയ-പരിമിതപ്പെടുത്തൽ പ്രവൃത്തി യേശു പിതാവിനു കീഴ്പ്പെടുന്നതിൽ കാണാം (ഒ.നോ. ലൂക്കൊ. 2:51)
3. സുവിശേഷം തെറ്റായ നിലയിൽ സ്വാധീനിക്കാതിരിക്കാൻ വിശ്വാസികൾ സംസ്കാരത്തിന് കീഴ്പ്പെടുന്നു
   a. മറ്റു വിശ്വാസികൾ (ഒ.നോ. എഫെ. 5:21)
   b. വിശ്വസിക്കുന്ന ഭാര്യമാർ (ഒ.നോ. കൊലൊ. 3:18; എഫെ. 5:22; തീത്തൊ. 2:5; 1 പത്രൊ. 3:1)
   c. വിശ്വാസികൾ ജാതീയ ഗവൺമെന്റിന് (ഒ.നോ. റോമ. 13:1-7; 1 പത്രൊ. 2:13)

വിശ്വാസികൾ ദൈവത്തോടും ക്രിസ്തുവിനോടും അവന്റെ രാജ്യത്തോടും ഉള്ള സ്നേഹം നിമിത്തവും മറ്റുള്ളവരുടെ നന്മയെ കരുതിയും വേണം പ്രവർത്തിക്കുവാൻ.

*അഗാപ്പാവോ* (**ἀγαπάω**) വിനു തുല്യമായി വിശ്വാസികൾ ഈ പദത്തെ, രാജ്യത്തിന്റെ ആവശ്യങ്ങളുടെയും മറ്റുള്ളവരുടെ ആവശ്യങ്ങളുടെയം അടിസ്ഥാനത്തിൽ പുതിയ അർത്ഥങ്ങൾ കൊണ്ടു നിറച്ചു. കല്പനയുടെ അടിസ്ഥാനത്തിൽ അല്ല, മറിച്ച് സ്വയം-നല്കുന്ന ദൈവത്തോടും അവന്റെ മശിഹായോടുമുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള നിസ്വാർത്ഥതയുടെ പുതിയ കുലീനത്വം അതിനു കൈവന്നു. സകല മനുഷ്യരുടെയും നന്മയെ കരുതിയും ദൈവിക കുടുംബത്തിന്റെ അനുഗ്രഹത്തിനായും വിശ്വാസികൾ അനുസരിക്കുകയും കീഴ്പ്പെടുകയും ചെയ്യുന്നു.

**10:4**

**NASB, NKJV "വിശ്വസിക്കുന്ന ഏവന്നും നീതി ലഭിപ്പാൻ"**
**NRSV "വിശ്വസിക്കുന്ന ഏവന്നും നീതി ഉണ്ടാകേണ്ടതിനുവേണ്ടി"**
**TEV "വിശ്വസിക്കുന്ന ഏവന്നും ദൈവവുമായി നിരപ്പാകേണ്ടതിന്"**
**NJB "വിശ്വാസം ഉള്ള എല്ലാവരും നീതീകരിക്കപ്പെടേണ്ടതിന്"**

അധ്യായം 9-11 ഒരുമിച്ച് വ്യാഖ്യാനിക്കണം. അധ്യായം 9 ൽ ദൈവത്തിന്റെ പരമാധികാരത്തെക്കുറിച്ചുള്ള അതിശക്തമായി കാണുന്ന ഊന്നൽ അധ്യായം 10 ൽ കാണുന്ന സകലരും വിശ്വസിക്കാവാനുള്ള വിളിയുമായി സംഘർഷത്തിൽ വേണം എടുക്കാൻ (ഒ.നോ. വാ. 4,9,11,13; 3:22; 4:11,16).

ദൈവസ്നേഹത്തിന്റെയും വീണ്ടെടുപ്പിൻ ഉദ്ദേശ്യത്തിന്റെയും സാർവ്വലൗകികത്വം ഉല്പ. 3:15 ൽ പ്രസ്താവിക്കുകയും ഉല്പ. 12:3 ലും പുറ. 19:5-6 ലും ശക്തിയായി സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു. ദൈവത്തിന്റെ സാർവ്വലൗകിക സ്നേഹത്തെയും സകല മനുഷ്യരെയും കൂട്ടിച്ചേർക്കുവാനുള്ള പദ്ധതിയെയും കുറിച്ച് പ്രവാചകന്മാർ കൂടെക്കൂടെ സംസാരിച്ചിരുന്നു. ഒരു ദൈവമേ ഉള്ളുവെന്നും അവൻ തന്റെ സാദൃശ്യത്തിൽ സകല മനുഷ്യരെയും സൃഷ്ടിച്ചു എന്നുമുള്ള വസ്തുത, എല്ലാവരും രക്ഷിക്കപ്പെടാനുള്ള ഒരു സാർവ്വലൗകിക ക്ഷണത്തിന് വേദിയൊരുക്കുന്നു. എങ്കിലും, പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ ഒരുവനും പ്രതികരിക്കാൻ കഴികയില്ല എന്നതാണ് മർമ്മം (ഒ.നോ. യോഹ. 6:44,65). അപ്പോൾ ചോദ്യം, "ദൈവം എല്ലാ മനുഷ്യരെയും രക്ഷയിലേക്ക് ആകർഷിക്കുമോ?" എന്നായി മാറുന്നു. "അതേ" എന്നായിരിക്കും ഉത്തരം (ഒ.നോ. യോഹ. 3:16; 4:42; 1 യോഹ. 2:2; 4:14; 1 തിമൊ. 2:4; 2 പത്രൊ. 3:9). പാപത്തിന്റെ വിടാതെ പിന്തുടരുന്ന വൈരുദ്ധ്യവും വീഴ്ചയും സാത്താനും നിമിത്തം ചിലർ പറയും "ഇല്ല" എന്ന്. പൗലൊസ് പ്രസംഗിച്ചപ്പോൾ ചില യെഹൂദന്മാർ പ്രതികരിച്ചു, ചിലർ പ്രതികരിച്ചില്ല; ചില ജാതികൾ പ്രതികരിച്ചു, ചിലർ പ്രതികരിച്ചില്ല!

"വിശ്വസിക്കുക" (**πιστεύω**) എന്ന പദം "വിശ്വസിക്കുക," "ആശ്രയിക്കുക" എന്നിങ്ങനെ തർജ്ജമ ചെയ്യുവാൻ കഴിയും. അത് തുടരുന്ന വിശ്വാസത്തെ സൂചിപ്പിക്കുന്ന വർത്തമാന കാലമാണ്. ക്രിസ്തുവിലൂടെയുള്ള ദൈവകൃപയുടെ ദാനം സ്വീകരിക്കുന്ന കേവലം വസ്തുതകളുടെ (ദൈവശാസ്ത്രം, ചരിത്ര വിശദാംശങ്ങൾ, അംഗീകരണമല്ല അത്. പുതിയ നിയമം ഒരു ഉടമ്പടിയാണ്; ദൈവം അജണ്ട ഉണ്ടാക്കുകയും ആവശ്യമായ പ്രതി

കരണങ്ങൾക്ക് മുൻകൈയെടുക്കുകയും ചെയ്യുന്നു എങ്കിലും വ്യക്തികൾ പ്രരംഭ വിശ്വാസവും മാനസാന്തരവും തുടർമാനമായ വിശ്വാസവും മാനസാന്തരവും കൊണ്ട് പ്രതികരിക്കുകയും വേണം. അനുസരണവും സ്ഥിരോത്സാഹവും നിർണ്ണായകമാണ്. ക്രിസ്തുസാദൃശ്യവും ശുശ്രൂഷയുമാണ് ലക്ഷ്യം!

▣

**NASB, NKJV**
**NRSV** **"ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു"**
**TEV** **"ക്രിസ്തു ന്യായപ്രമാണത്തിന് അവസാനം വരുത്തി"**
**NJB** **"എന്നാൽ ക്രിസ്തുവിലൂടെ ന്യായപ്രമാണത്തിന് അവസാനം വന്നിരിക്കുന്നു"**

ഈ പ്രസ്താവന മത്താ. 5:17–48 നോടു നിരക്കുന്നതാണ്. ന്യാപ്രമാണത്തിന്റെ ഉദ്ദേശ്യം, ലക്ഷ്യം അഥവാ അന്ത്യം (*റ്റെലോസ്-τελος*) രക്ഷയില്ല മറിച്ച് ബോധം വരുത്തലാണ്, ആ ഉദ്ദേശ്യം തുടർന്നും സംഭവിച്ചുകൊണ്ടിരിക്കുന്നു (ഒ.നോ. ഗലാ. 3:24–25). ഈ വിഷയത്തെ സംബന്ധിച്ച ആധികാരിക പുതിയ നിയമ ഭാഗങ്ങൾ ഗലാ. 3:1–29 ഉം എബ്രായ ലേഖനവുമാണ്.

ഈ വിഷയം ചർച്ച ചെയ്യുമ്പോൾ സന്ദർഭമാണ് നിർണ്ണായകം. പൗലൊസ് പഴയ നിയമത്തെ നിരവധി വ്യത്യസ്ത അർത്ഥങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. ക്രിസ്തീയ ജീവിതത്തെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ, പഴയ നിയമം ദൈവത്തിന്റെ വെളിപ്പാടാണ് (ഒ.നോ. റോമ. 15:4; 1 കൊരി. 10:6,11) എന്നാൽ രക്ഷയെക്കുറിച്ചു പറയുമ്പോൾ അത് അസാധുവും നീങ്ങിപ്പോയതുമാണ് (ഒ.നോ. എബ്രാ. 8:13). ഇതിനു കാരണം അത് പവയതിന്റെ സാദൃശ്യം ആയതിനാലാണ്. യേശുവിലുള്ള വിശ്വാസത്തിന്റെ സുവിശേഷം ആത്മാവിന്റെ പുതിയ യുഗമാണ്. ന്യായപ്രമാണത്തിന്റെ കാലം കഴിഞ്ഞു! 13:9 ലെ പ്രത്യേക പഠന വിഷയം: മോശെയുടെ ന്യായപ്രമാണം സംബന്ധിച്ച് പൗലൊസിന്റെ കാഴ്ചപ്പാട് കാണുക.

## പ്രത്യേക പഠനവിഷയം: രക്ഷയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് ക്രിയാകാലങ്ങൾ

രക്ഷ ഒരു ഉത്പന്നമല്ല, ഒരു ബന്ധമാണ്. ഒരാൾ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അതു പൂർണ്ണമാകുന്നില്ല. മറിച്ച് ആരംഭിക്കുന്നതേയുള്ളൂ! ഇത് അഗ്നിസുരക്ഷാ പോളിസിയോ, സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനാനുമതിയോ അല്ല, മറിച്ച് ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്കു വളരുന്ന ഒരു ജീവിതം ആകുന്നു. ഒരു അമേരിക്കൻ പഴഞ്ചൊല്ല് പറയുന്നതുപോലെ, ദമ്പതികൾ ഒരുമിച്ച് എത്രകാലം ജീവിക്കുമോ അത്രത്തോളം അവർ ഒരുപോലെ ആയിത്തീരാൻ ആരംഭിക്കും. രക്ഷയുടെ ലക്ഷ്യം ഇതാണ്!

**രക്ഷ പൂർത്തീകരിച്ച ഒരു പ്രവൃത്തി എന്ന നിലയിൽ (ഭൂതകാലം)**

- പ്രവൃ. 15:11
- റോമ. 8:24
- 2 തിമൊ. 1:9
- തീത്തൊ. 3:5
- റോമ. 13:11 (ഭൂതകാലത്തോടൊപ്പം ഭാവികാല സൂചനയും)

**രക്ഷ ഒരു അവസ്ഥ എന്ന നിലയിൽ (പൂർത്തിയായത്)**

- എഫെ. 2:5,8

**രക്ഷ ഒരു തുടർ പ്രക്രിയ എന്ന നിലയിൽ**

- 1 കൊരി. 1:18; 15:2
- 2 കൊരി. 2:15
- 1 പത്രൊ. 3:21

**രക്ഷ ഒരു ഭാവികാല പൂർത്തീകരണം എന്ന നിലയിൽ** (ഭാവികാലം ക്രിയാകാലത്തിൽ അല്ലെങ്കിൽ സന്ദർഭത്തിൽ)

- റോമ. 5:9,10; 10:9,13
- 1 കൊരി. 3:15; 5:5
- ഫിലി. 1:28
- 1 തെസ്സ. 5:8–9
- എബ്രാ. 1:14; 9:28
- 1 പത്രൊ. 1:5,9

അതുകൊണ്ട്, ഒരു പ്രഥമിക വിശ്വാസ തീരുമാനത്തോടുകൂടെയാണ് രക്ഷ ആരംഭിക്കുന്നത് (ഒ.നോ. യോഹ. 1:12; 3:16; റോമ. 10:9–13), എന്നാൽ ഒരു വിശ്വാസ ജീവിതശൈലിയുടെ ഒരു പ്രക്രിയയിൽ ഇത് പ്രാവർത്തികമാക്കണം (ഒ.നോ. റോമ. 8:29; ഗലാ. 3:19; എഫെ. 1:4; 2:10). അത് ഒരു ദിവസം ദൃശ്യമായ പൂർത്തീകരണത്തിൽ എത്തിച്ചേരും (ഒ.നോ. 1 യോഹ. 3:2). ഈ അവസാന അവസ്ഥയെ മഹത്വീകരണം എന്നു വിളിക്കു

ന്നു. ഇതിനെ ഇപ്രകാരം ചിത്രീകരിക്കാം

1. പ്രാഥമിക മഹത്വീകരണം – നീതീകരണം (പാപത്തിന്റെ ശിക്ഷയിൽ നിന്നും രക്ഷിക്കപ്പെടുന്നു)
2. പുരോഗമിക്കുന്ന രക്ഷ – വിശുദ്ധീകരണം (പാപത്തിന്റെ ശക്തിയിൽ നിന്നും രക്ഷിക്കപ്പെടുന്നു)
3. അന്തിമ രക്ഷ – മഹത്വീകരണം (പാപത്തിന്റെ സാന്നിധ്യത്തിൽ നിന്നും രക്ഷിക്കപ്പെടുന്നു)

**റോമർ 10:5–13**

**[5]ന്യായപ്രമാണത്താലുള്ള നീതി സംബന്ധിച്ചു: "അതു ചെയ്ത മനുഷ്യൻ അതിനാൽ ജീവിക്കും"**
**എന്നു മോശെ എഴുതിയിരിക്കുന്നുവല്ലോ. [6]വിശ്വാസത്താലുള്ള നീതിയോ ഇവ്വണ്ണം പറയുന്നു:**
**"ക്രിസ്തുവിനെ ഇറക്കേണം എന്നു വിചാരിച്ചു ആർ സ്വർഗ്ഗത്തിൽ കയറും എന്നോ, [7]ക്രിസ്തുവിനെ**
**മരിച്ചവരുടെ ഇടയിൽനിന്നു കയറ്റേണം എന്നു വിചാരിച്ചു ആർ പാതാളത്തിൽ ഇറങ്ങും എന്നോ നിന്റെ**
**ഹൃദയത്തിൽ പറയരുതു." [8]എന്നാൽ അതു എന്തു പറയുന്നു? "വചനം നിനക്കു സമീപമായി നിന്റെ**
**വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു;" അതു ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസ വചനം തന്നേ.**
**[9]യേശുവിനെ കർത്താവു എന്നു വായ്കൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നു**
**ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും.**
**[10]ഹൃദയംകൊണ്ടു നീതിക്കായി വിശ്വസിക്കയും; വായ്കൊണ്ടു രക്ഷെക്കായി ഏറ്റുപറകയും ചെയ്യുന്നു.**
**[11]''അവനിൽ വിശ്വസിക്കുന്നവൻ ഒരുത്തനും ലജ്ജിച്ചുപോകയില്ല'' എന്നു തിരുവെഴുത്തിൽ**
**അരുളിച്ചെയ്യുന്നുവല്ലോ. [12]യെഹൂദൻ എന്നും യവനൻ എന്നും വ്യത്യാസമില്ല; എല്ലാവർക്കും കർത്താവു**
**ഒരുവൻ തന്നേ; അവൻ തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നല്കുവാന്തക്കവണ്ണം സമ്പന്നൻ**
**ആകുന്നു. [13]"കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും" എന്നുണ്ടല്ലോ.**

**10:5** ഈ വാക്യം ലേവ്യ. 18:5 ന്റെ സൂചനയാണ്. അതിന്റെ വാഗ്ദത്തം സത്യമാണ്. ഒരുവൻ ന്യായപ്രമാണം പാലിച്ചാൽ അവൻ ദൈവത്തിനു സ്വീകാര്യനാകുമായിരുന്നു (ഒ.നോ. ലൂക്കൊ. 10:28; ഗലാ. 3:12). റോമ. 3:9,10–18,19,23; 5:18; 11:32 എന്നിവ യാഥാർത്ഥ്യം വ്യക്തമാക്കുന്നു എന്നതാണ് സത്യം. എല്ലാവരും പാപം ചെയ്തു. പാപം ചെയ്യുന്ന ദേഹി മരിക്കും (ഒ.നോ. ഉല്പ. 2:17; ആവ. 30:18; യെഹെ. 18:4,20). ഈ പഴയ ഉടമ്പടിയുടെ പാത അടഞ്ഞു. അതൊരു മരണവിധി, ശാപം ആയി മാറി (ഒ.നോ. 7:10; ഗലാ. 3:13; കൊലൊ. 2:14).

**10:6–8** ഈ വാക്യം ആവ. 30:11–14 ന്റെ സെപ്റ്റ്വജിന്റിന്റെ സൂചനയാണ്. അതു പൗലൊസ് തന്റെ ലക്ഷ്യപ്രാപ്തിക്കായി രൂപമാറ്റം വരുത്തിയതാണ്. ഇത് യഥാർത്ഥത്തിൽ ന്യായപ്രമാണത്തെക്കുറിച്ച് മോശെ സംസാരിച്ചതാണ് (പ്രത്യേകിച്ച് സന്ദർഭത്തിന്റെ ഊന്നൽ സ്നേഹം പരിച്ഛേദന ചെയ്യപ്പെട്ട ഹൃദയം എന്നിവയാണ്, ഒ.നോ. ആവ. 30:6,16,20) എങ്കിലും ഇവിടെയിത് സൂചിപ്പിക്കുന്നത് യേശുവിന്റെ ജഡധാരണം, മരണം, പുനരുത്ഥാനം എന്നിവയെയാണ് (ഒ.നോ. വാ. 9; എഫെ. 4:9–10). രക്ഷ യേശു മശിഹായിലുള്ള വിശ്വാസത്താൽ ഉടനടി ലഭ്യമാണ് എന്നതാണ് പൗലൊസിന്റെ പോയിന്റ് (ഒ.നോ. ആവ. 30:15–20). അത് വളരെ എളുപ്പമാണ്; അതു സകലർക്കും ഉള്ളതാണ്, അത് മോശൈക ന്യായപ്രമാണത്തിൽ നിന്നും വളരെ വ്യത്യസ്തമാണ്.

**10:6 "വിശ്വാസത്താലുള്ള നീതിയോ ഇവ്വണ്ണം പറയുന്നു"** പൗലൊസ് മുമ്പെ "പാപം," "കൃപ,""തിരുവെഴുത്ത്" എന്നിവയെ ആളത്തപരമാക്കിയിരുന്നു, ഇപ്പോഴവൻ "വിശ്വാസത്താലുള്ള നീതി"യെയും ആലത്തപരമാക്കുന്നു.. വാ. 6,7,8 ലെ പഴയ നിയമ ഉദ്ധരണിയിലൂടെ അതു സംസാരിക്കുന്നു.

▣ **"ഹൃദയം"** വ്യക്തിത്വത്തിന്റെ പ്രതിഫലനമായി ഹൃദയം നില്ക്കുന്നു. 1:24 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"കയറും ... ഇറങ്ങും"** ക്രിസ്തുവിനെ അന്വേഷിച്ച് മനിഷ്യൻ പോകേണ്ട കാര്യമില്ല; അവനെ സകലർക്കുമായി ദൈവം അയച്ചിരിക്കുന്നു. മാനുഷിക അന്വേഷണങ്ങൾ ആവശ്യമില്ല.

**10:8 "വചനം നിനക്കു സമീപമായി"** ഇത് ആവ. 30:14 ൽ നിന്നുള്ള ഉദ്ധരണിയാണ്. ആവ. 30:11 ന്റെ ഊന്നൽ തന്റെ ജനമായ യിസ്രായേലിനെക്കുറിച്ചുള്ള യഹോവയുടെ ഹിതം ഗ്രഹിക്കാൻ കഴിയുന്നതാണ് എന്നാണ് (അതാ. വാ. 12–13). സുവിശേഷത്തിന്റെ സത്വര ലഭ്യതയെക്കുറിച്ചു വിവരിക്കുവാൻ പൗലൊസ് ഖണ്ഡിക (വാ. 11–14) ഉപയോഗിക്കുന്നു!

**10:9 "ചെയ്താൽ"** "വസ്തുതാ വിരുദ്ധം" ഭാവികാല ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന മൂന്നാം തരം സോപാധിക വാചകമാണിത്. വിശ്വാസ സന്ദേശത്തിന്റെ ഉള്ളടക്കമാണ് (*ഹോട്ടി*) വാ. 9.

▣ **"ഏറ്റുപറയുക"** *ഹോമോലോഗെയോ* (**ὁμολογεω**) എന്ന ഈ സംയുക്ത പദത്തിന് "അതേകാര്യം," "പറയുക" എന്ന അർത്ഥമാണുള്ളത്. ിതിനർത്ഥം "പരസ്യമായി സമ്മതിക്കുക" എന്നാണ് (മറ്റുള്ളവർ കേൾക്കുന്നതിനായി ഉച്ചത്തിൽ പറയുക). ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പരസ്യമായ ഏറ്റുപറച്ചിൽ വളരെ പ്രധാനമാണ് (ഒ.നോ. മത്താ. 10:32; ലൂക്കൊ. 12:8; യോഹ. 9:22; 12:42; 1 തിമൊ. 6:12; 1 യോഹ. 2:23; 4:15). ആദിമ സഭ

യുടെ പരസ്യ പ്രഖ്യാപനം സ്നാനമായിരുന്നു. "യേശു കർത്താവാണെന്നു ഞാൻ വിശ്വസിക്കുന്നു" എന്ന സൂത്ര വാക്യത്തിലൂടെ സ്നാനാർത്ഥി ക്രിസ്തുവിലുള്ള തന്റെ വിശ്വാസം പ്രഖ്യാപിക്കുന്നു. താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: ഏറ്റുപറച്ചിൽ

A. ഏറ്റുപറച്ചിൽ അല്ലെങ്കിൽ സ്വീകാര്യം എന്നീ പദങ്ങളെ സൂചിപ്പിക്കുന്നത് ഒരേ ഗ്രീക്ക് മൂലപദങ്ങളുടെ രണ്ട് രൂപങ്ങളാണ്: ഹോമോലെഗെയോ, എക്സോമോലോഗെ (**ὁμολεγεω**, **ἐξομολογε**). *ഹോമോ*, അതുതന്നെ *ലെഗോ* സംസാരിക്കുക; *എക്സ്*, അതിൽനിന്ന് എന്നിവയുടെ സംയുക്തപദമാണ് യാക്കോബ് ഉപയോഗിക്കുന്നത്. അടിസ്ഥാന അർത്ഥം, അതുതന്നെ സംസാരിക്കുക, അതിനോടു യോജിക്കുക എന്നതാണ്. ഒരു പരസ്യപ്രഖ്യാപന ആശയത്തോടാണ് *എക്സ്* കൂട്ടിച്ചേർത്തിരിക്കുന്നത്.

B. ഈ പദസഞ്ചയത്തിന്റെ പരിഭാഷകൾ
1. സ്തുതിക്കുക
2. ഏകാഭിപ്രായത്തിലെത്തുക
3. പ്രഖ്യാപിക്കുക
4. പരസ്യമായി പ്രസ്താവിക്കുക
5. ഏറ്റുപറയുക

C. ഈ പദത്തിന വിപരീതമെന്നു തോന്നുന്ന രണ്ട് ഉപയോഗങ്ങളുണ്ട്
1. സ്തുതിക്കുക (ദൈവത്തെ)
2. പാപം ഏറ്റുപറയുക
   ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചും തന്റെ പാപത്തെക്കുറിച്ചുമുള്ള മനുഷ്യന്റെ ബോധ്യത്തിൽ നിന്നും ആയിരിക്കാം ഇവ വികസിച്ചത്. ഒരു സത്യത്തെ അംഗീകരിക്കുക എന്നതിന്റെ അർത്ഥം രണ്ടിനെയും അംഗീകരിക്കുക എന്നാണ്.

D. പദസഞ്ചയത്തിന്റെ പുതിയനിയമ ഉപയോഗങ്ങൾ
1. വാഗ്ദത്തം ചെയ്യുക (ഒ.നോ. മത്താ. 14:7; പ്രവൃ. 7:17)
2. ഒരു കാര്യത്തോട് യോജിക്കുക അല്ലെങ്കിൽ അതു സമ്മതിക്കുക (ഒ.നോ. യോഹ. 1:20; ലൂക്കൊ. 22:6; പ്രവൃ. 24:14; എബ്രാ. 11:13).
3. വാഴ്ത്തുക (ഒ.നോ. മത്താ. 11:25; ലൂക്കൊ. 10:21; റോമ. 14:11; 15:9).
4. സമ്മതിക്കുക
   a. ഒരു വ്യക്തിയോട് (ഒ.നോ. മത്താ. 10:32; ലൂക്കൊ. 12:8; യോഹ. 9:22; 12:42; റോമ. 10:9; ഫിലി. 2:11; 1 യോഹ. 2:23; വെളി. 3:5).
   b. ഒരു സത്യത്തോട് (ഒ.നോ. പ്രവൃ. 23:8; 2 കൊരി. 11:13; 1 യോഹ. 4:2).
5. ഒരു പൊതു പ്രഖ്യാപനം നടത്തുക (മതപരമായ സ്ഥിരീകരണമായി വികസിച്ച നിയമപരമായ അർത്ഥത്തിൽ, ഒ.നോ. പ്രവൃ. 24:14; 1 തിമൊ. 6:13).
   a. പാപത്തിന്റെ ഏറ്റുപറച്ചിൽ ഇല്ലാതെ (ഒ.നോ. 1 തിമൊ. 6:12; എബ്രാ. 10:23).
   b. പാപത്തിന്റെ ഏറ്റു പറച്ചിലോടുകൂടെ (ഒ.നോ. മത്താ. 3:6; പ്രവൃ. 19:18; എബ്രാ. 4:14; യാക്കോ. 5:16; 1 യോഹ. 1:9).

▣

**NASB** **"യേശുവിനെ കർത്താവായി"**
**NKJV** **"കർത്താവായ യേശു"**
**NRSV**
**TEV, NJB** **"യേശു കർത്താവാണ്"**

ആദിമ സഭയുടെ വിശ്വാസ പ്രഖ്യാപനത്തിന്റെയും സ്നാന ഏറ്റുപറച്ചിലിന്റെയും ദൈവശാസ്ത്രപരമായ ഉള്ളടക്കമാണിത്. "കർത്താവ്" എന്ന ഉപയോഗം യേശുവിന്റെ ദൈവത്വത്തെ ഉറപ്പിക്കുന്നു (ഒ.നോ. യോവേൽ 2:32; പ്രവൃ. 2:32–33,36; 10:36; 1 കൊരി. 12:3; 2 കൊരി. 4:5; ഫിലി. 2:11; കൊലൊ. 2:6) അതേസമയം അവനു നല്കപ്പെട്ട "യേശു" എന്ന നാമം അവന്റെ ചരിത്രപരമായ മനുഷ്യത്വത്തെ സൂചിപ്പിക്കുന്നു (ഒ.നോ. 1 യോഹ. 4:1–3). ഈ ഊന്നൽ ശിഷ്യത്വത്തിന്/ക്രിസ്തുതുല്യ ജീവിതത്തിന് ആഹ്വാനം ചെയ്യുന്നു.

"കർത്താവ്" എന്ന ഉപയോഗം, തിരുവെഴുത്ത് വായിക്കുന്ന സമയത്ത് റബിമാർ യഹോവ എന്നതിനു പകരം *അഡോണായി* എന്ന പദം ഉപയോഗിക്കുന്നതിനെ സൂചിപ്പിക്കുന്നതാണ്. 9:29 ലെ പ്രത്യേക പഠനവിഷയം: ദൈവിക നാമങ്ങൾ കാണുക. വാ. 13 ൽ കാണുന്ന യോവേൽ 2:32 ൽ നിന്നുള്ള ഉദ്ധരണി ഇതു സൂചിപ്പിക്കുന്നു. യേശുവിന് നിരവധി ശക്തമായ നാമങ്ങൾ നൽകിയിട്ടുണ്ട്.

1. യേശു മശിഹായാണ്/ക്രിസ്തു – പ്രവൃ. 5:42; 9:22; 17:3; 18:5,28; 1 കൊരി. 1:23
2. യേശു ദൈവപുത്രനാണ് – മത്താ. 4:3,6; പ്രവൃ. 9:20; 13:33; റോമ. 1:4
3. യേശു കർത്താവാണ് – മുകളിൽ കാണുക.

## പ്രത്യേക പഠനവിഷയം: കർത്താവിന്റെ നാമം

സഭയിൽ ത്രിയേക ദൈവത്തിന്റെ വ്യക്തിപരമായ സാന്നിധ്യത്തെയും സജീവ ശക്തിയെയും കുറിക്കുന്ന പുതിയ നിയമത്തിലെ സാധാരണ പ്രയോഗമാണിത്. ഇതൊരു മാജിക് ഫോർമുലയല്ല, ദൈവികസ്വഭാവത്തോടുള്ള അഭയം ചൊല്ലലാണ്.

ഈ പ്രയോഗം പലപ്പോഴും യേശുവിനെ കർത്താവായി പരാമർശിക്കുന്നു (ഒ.നോ. ഫിലി. 2:11)

1. സ്നാനസമയത്ത് ഒരുവൻ യേശുവിലുള്ള വിശ്വാസം ഏറ്റുപറയുന്നത് (ഒ.നോ. റോമ. 10:9–13; പ്രവൃ. 2:38; 8:12,16; 10:48; 19:5; 22:16; 1 കൊരി. 1:13,15; യാക്കോ. 2:7)
2. ഭൂതങ്ങളെ പുറത്താക്കുന്നതിൽ (ഒ.നോ. മത്താ. 7:22; മർക്കൊ. 9:38; ലൂക്കൊ. 9:49; 10:17; പ്രവൃ. 19:13)
3. രോഗ സൗഖ്യത്തിൽ (ഒ.നോ. പ്രവൃ. 3:6, 16; 4:10; 9:34; യാക്കോ. 5:14)
4. ശുശ്രൂഷാ പ്രവർത്തനങ്ങളിൽ (ഒ.നോ. മത്താ. 10:42; 18:5; ലൂക്കൊ. 9:48)
5. സഭാ ശിക്ഷണ നടപടികളിൽ (ഒ.നോ. മത്താ. 18:15–20)
6. ജാതികളോടു സുവിശേഷം പ്രസംഗിക്കുമ്പോൾ (ഒ.നോ. ലൂക്കൊ. 24:47; പ്രവൃ. 9:15; 15:17; റോമ. 1:5)
7. പ്രാർത്ഥനയിൽ (ഒ.നോ. യോഹ. 14:13–14; 15:2,16; 16:23; 1 കൊരി. 1:2)
8. ക്രിസ്ത്യാനിത്വത്തെ പരാമർശിക്കുന്നതിനുള്ള ഒരു മാർഗ്ഗം (ഒ.നോ. പ്രവൃ. 26:9; 1 കൊരി. 1:10; 2 തിമൊ. 2:19; യാക്കോ. 2:7; 1 പത്രൊ. 4:14).

പ്രസംഗകർ, ശുശ്രൂഷകന്മാർ, സഹായികൾ, സൗഖ്യദായകർ, ഭൂതത്തെ പുറത്താക്കുന്നവർ, തുടങ്ങി ഏതെല്ലാം നിലകളിൽ നാം പ്രവർത്തിച്ചാലും നാം അതു ചെയ്യുന്നത് അവന്റെ സ്വഭാവം, ശക്തി, ദാനങ്ങൾ എന്നിവയിലാണ് – അഥവാ അവന്റെ നാമത്തിൽ.

▣ **“ഹൃദയംകൊണ്ടു വിശ്വസിക്കുകയും”** ഈ പ്രയോഗം ഏറ്റുപറയുന്നതിന് സമാന്തരമാണ്, അതിനാൽ വിശ്വാസത്തിന്റെ ഇരട്ട വശങ്ങളെ സൂചിപ്പിക്കുന്നു. “വിശ്വസിക്കുക” എന്ന വേദപുസ്തക പദത്തിൽ (*പിസ്റ്റിസ്*, 4:3 ലെയും 4:5 ലെയും പ്രത്യേക പഠനവിഷയങ്ങൾ കാണുക)

1. വ്യക്തിപരമായ ആശ്രയം (എബ്രായ)
2. ബുദ്ധിപരമായ ഉള്ളടക്കം (ഗ്രീക്ക്)
3. തുടർമാനമായ സ്വമേധയാ സമർപ്പണം (ഒ.നോ. ആവ. 30:20)

എന്നിവ അടങ്ങിയിരിക്കുന്നു.

“ഹൃദയം” എന്ന പദം മുഴു വ്യക്തിയെയും സൂചിപ്പിക്കുന്ന പഴയ നിയമ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ സന്ദർഭത്തിൽ പൗലൊസ് “വായ്,” “ഹൃദയം” എന്നിവ ഉപയോഗിക്കാൻ കാരണം ആവ. 30:14 ൽ നിന്നുള്ള ഉദ്ധരണി വാ. 8 ൽ കൊടുത്തിരിക്കുന്നു എന്നതാണ്. രക്ഷിക്കപ്പെടുവാൻ ഒരുവൻ വായ്തുറന്ന് ഉച്ചത്തിൽ നിലവിളിക്കണം എന്ന വളരെ കർക്കശമായ ഒരു നിയമം വെയ്ക്കുവാനല്ല അവൻ ഇതിവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

▣ **“ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു”** ഒഴിഞ്ഞ കല്ലറ എന്ന യാഥാർത്ഥ്യത്തിന്മേലാണ് ക്രിസ്ത്യാനിത്വം നില്ക്കുന്നതോ വീഴുന്നതോ ചെയ്യുന്നത് (ഒ.നോ. 4:24; 8:11; 1 കൊരി. 15). പ്രവൃത്തിയിലെ അപ്പൊസ്തലിക പ്രസംഗങ്ങളിലെ കേന്ദ്ര സത്യമതായിരുന്നു (*കെറിഗ്മാ*, 1:2 ലെ പ്രത്യേക പഠനവിഷയം കാണുക) (അതാ. 2 31–32; 3:15; 4:10; 5:30; 10:40; 13:30,37).

പിതാവ് പുത്രനെ ഉയിർപ്പിച്ചു എന്നത് യേശുവിന്റെ ജീവിതം, ഉപദേശം, ബലി എന്നിവയെ പിതാവ് അംഗീകരിച്ചു എന്നതിന്റെ തെളിവാണ്. ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളും യേശുവിന്റെ ഉയിർത്തെഴുന്നേല്പിൽ പങ്കാളികളായിരുന്നു എന്ന് പുതിയനിയമം പ്രസ്താവിക്കുന്നു.

1. പിതാവ് – പ്രവൃ. 2:24; 3:15; 4:10; 5:30; 10:40; 13:30,33,34,37; 17:31; റോമ. 6:4,9; 8:11; 10:9; 1 കൊരി. 6:14; 2 കൊരി. 4:14; ഗലാ. 1:1; എഫെ. 1:20; കൊലൊ. 2:12; 1 തെസ്സ. 1:10.
2. ആത്മാവ് – റോമ. 8:11
3. പുത്രൻ – യോഹ. 2:19–22; 10:17–18

**10:10 “നീതിക്കായി വിശ്വസിക്കയും”** ഓരോ വിശ്വാസിയെ സംബന്ധിച്ചും ദൈവത്തിനുള്ള ലക്ഷ്യം ഒരിക്കൽ സ്വർഗ്ഗം എന്നതു മാത്രമല്ല, ഇപ്പോൾ ക്രിസ്തുസാദൃശ്യം എന്നതും കൂടിയാണ്! മുൻനിയമനം സംബന്ധിച്ചുള്ള മറ്റൊരു ശക്തമായ വേദഭാഗം, എഫെ. 1:3–14, ഈ സത്യത്തെ വാ. 4 ൽ ശക്തമായി പ്രസ്താവിച്ചിരിക്കുന്നു. വിശ്വാസികൾ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. തിരഞ്ഞെടുപ്പ് ഒരു ഉപദേശം മാത്രമല്ല, അതൊരു ജീവിതശൈലികൂടെയാണ് (ഒ.നോ. ആവ. 30:15–20).

വാ. 10, മഹാനിയോഗത്തിന്റെ (മത്താ. 28:19-20) രണ്ടുവിധ ഊന്നലിനെക്കുറിച്ചു പറയുന്നു: രക്ഷയും (ശിഷ്യരാക്കുക) നീതിയും (ഞാൻ കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ ഉപദേശിക്കുക). ഇതേ സന്തുലനം എഫെ. 2:8-9 ലും (ക്രിസ്തുവിലെ വിശ്വാസത്താലുള്ള സൗജന്യ രക്ഷ) എഫെ. 2:10 ലെ "സൽപ്രവൃത്തികൾ" ക്കായുള്ള ആഹ്വാനവും. തന്റെ സ്വന്ത സാദൃശ്യത്തിലുള്ള ജനമാണ് എല്ലായ്പോഴും ദൈവത്തിന്റെ ഹൃദയ വാഞ്ഛ.

**10:11** ഇത് യെശ. 28:16 ൽനിന്നുള്ള ഉദ്ധരണിയാണ്. അതിനോടുകൂടെ പൗലൊസ് "ഒരുത്തനും" എന്നു ചേർക്കുന്നു. യെശയ്യാവിൽ ഇത് ദൈവത്തിന്റെ മൂലക്കല്ലായ മശിഹായിലുള്ള വിശ്വാസത്തെയാണു പരാമർശിക്കുന്നത് (ഒ.നോ. 9:32-33). റോമർ 9 ദൈവത്തിന്റെ പരമാധികാരത്തെ വലുതാക്കി കാണിക്കുന്നതുപോലെ, അധ്യായം 10, വ്യക്തികൾ, ഏതു വ്യക്തിയും എല്ലാ വ്യക്തികളും ക്രിസ്തുവിനോട് പ്രതികരിക്കേണ്ടതിന്റെ ആവശ്യത്തെ വലുതാക്കി കാണിക്കുന്നു. വാ. 4,13 ലെ "എവന്നും," വാ. 11,13 "എല്ലാവരും" എന്നീ പ്രയോഗങ്ങളിൽ ഈ സാർവ്വലൗകിക വാഗ്ദാനം കാണുവാൻ കഴിയും! അധ്യായം 9 ലെ തിരഞ്ഞെടുക്കപ്പെട്ടവർ എന്ന ഊന്നലിന്റെ ദൈവശാസ്ത്രപരമായ സന്തുലനമാണിത്.

▣ **"അവനിൽ വിശ്വസിക്കുന്നവൻ"** ഇത് *എപി* (*ἐπι*) എന്ന ഗതിയോടുകൂടിയ വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ് (ഒ.നോ. 4:24; 9:33; 1 തിമൊ. 1:16). വിശ്വസിക്കുക എന്നത് ഒരു പ്രാരംഭ പ്രവൃത്തി മാത്രമല്ല, രക്ഷയ്ക്ക് ആവശ്യമായ തുടർമാനമായ ഒരു വ്യവസ്ഥകൂടിയാണ്! അത് ശരിയായ ദൈവശാസ്ത്രം (സുവിശേഷ സത്യങ്ങൾ) ആണെന്നു മാത്രമല്ല ഭക്തിനിർഭര ജീവിതത്തിനു (സുവിശേഷ ജീവിതം) കാരണമാകുന്ന വ്യക്തിപരമായ ബന്ധം (സുവിശേഷ വ്യക്തി) കൂടിയാണ്. സത്യത്തെ ജീവിതത്തിൽ നിന്നും നീതീകരണത്തെ വിശുദ്ധീകരണത്തിൽനിന്നും മാറ്റി നിർത്തുന്ന എളുപ്പത്തിലുള്ള വിശ്വാസത്തെ സൂക്ഷിക്കുക. രക്ഷിക്കുന്ന ഒരു വിശ്വാസം സ്ഥിരോത്സാഹമുള്ളതും രൂപാന്തരപ്പെടുത്തുന്നതുമായ വിശ്വാസമാണ്! നിത്യജീവന് നിരീക്ഷിക്കാവുന്ന സവിശേഷതകളുണ്ട്! 4:5 ലെ പ്രത്യേക പഠനവിഷയം: വിശ്വസിക്കുക കാണുക.

▣

**NASB, TEV** **"നിരാശപ്പെടുകയില്ല"**
**NKJV, NRSV** **"ലജ്ജിച്ചുപോകയില്ല"**
**NJB** **"ലജ്ജയ്ക്കു കാരണമില്ല"**

ക്രിസ്തുവിൽ ആശ്രയിക്കുന്നവരെ ("വിശ്വസിക്കുക") അവൻ തള്ളിക്കലയുകയില്ല. ഇത് യെശ. 28:16 ൽ നിന്നുള്ള ഉദ്ധരണിയാണ്. 9:33 ലെ പൗലൊസിന്റെ അവതരണത്തിന്റെ താക്കോൽ വാക്യമാണിത്.

**10:12 "യെഹൂദൻ എന്നും യവനൻ എന്നും വ്യത്യാസമില്ല"** പുതിയ നിയമത്തിന്റെ മുഖ്യ ഊന്നൽ ഇതാണ് (ഒ.നോ. റോമ. 3:22,29; ഗലാ. 3:28; എഫെ. 2:11-3:13; കൊലൊ. 3:11). ഏക ദൈവം തന്റെ സ്വന്ത പ്രവൃത്തികളിലൂടെ തന്റെ നഷ്ടപ്പെട്ട സൃഷ്ടിയെ വീണ്ടെടുത്തു. തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട സകല മനുഷ്യരും തന്റെ അടുക്കൽ വന്ന് തന്നെപ്പോലെ ആയിത്തീരണമെന്ന് അവൻ ആഗ്രഹിക്കുന്നു. സകലരും അവന്റെ അടുക്കൽ വരട്ടെ!

സുവിശേഷത്തിന്റെ സാർവ്വലൗകിക സ്വഭാവം (വാ. 12 ൽ "എല്ലാവർക്കും" എന്നു രണ്ടു പ്രാവശ്യം) രണ്ടു വശത്തേക്കും മുറിക്കുന്നു

1. യെഹൂദനും ജാതിയും തമ്മിൽ വ്യത്യാസമില്ല; എല്ലാവരും നഷ്ടപ്പെട്ടവരാണ് (ഒ.നോ. 3:9,12,22-23; 11:32)
2. യെഹൂദനും ജാതിയും തമ്മിൽ വ്യത്യാസമില്ല; എല്ലാവർക്കും രക്ഷിക്കപ്പെടുവാൻ കഴിയും

സുവിശേഷം സകല മാനുഷിക അതിരുകളെയും നീക്കുന്നു (ഒ.നോ. യോവേ. 2:28-29; 1 കൊരി. 12:13; ഗലാ. 3:28; കൊലൊ. 3:11), കുറഞ്ഞപക്ഷം രക്ഷയുടെ മേഖലയിലെങ്കിലും.

▣ **"സമ്പന്നൻ ആകുന്നു"** ക്രിസ്തുവിലുള്ള ദൈവകൃപയെക്കുറിച്ച് പൗലൊസ് ചിന്തിക്കുമ്പോഴൊക്കെ അവൻ "ധനം" എന്ന പദം കൂടെക്കൂടെ ഉപയോഗിക്കുന്നുണ്ട് (ഒ.നോ. 2:4; 9:23; 11:12 [2 പ്രാവശ്യം],33; 1 കൊരി. 1:5; 2 കൊരി. 8:9; എഫെ. 1:7,18; 2:7; 3:8,16; ഫിലി. 4:19; കൊലൊ. 1:27; 2:2).

**10:13** യോവേ. 2:32 ൽ നിന്നുള്ള ഈ സുപ്രസിദ്ധ ഉദ്ധരണിക്ക് പൗലൊസിന്റെ ഉപയോഗത്തിൽ രണ്ടു പുതിയ ഊന്നലുകൾ ഉണ്ട്

1. യോവേലിൽ യഹോവയുടെ നാമമാണ് ഉപോഗിച്ചിരിക്കുന്നത്. റോമാലേഖനത്തിൽ പൗലൊസും പ്രവൃത്തികളിൽ പത്രൊസും യേശുവിന്റെ നാമം ഉപയോഗിച്ചിരിക്കുന്നു (യോഹ. 12:41 ഉം യെശ. 6:9-10; ഫിലി. 2:9 ഉം യെശ. 45:22-25; റോമ. 9:33 ഉം യെശ. 8:13-14 എന്നിവ കാണുക).
2. യോവേലിൽ "രക്ഷിക്കപ്പെടുക" എന്നത് ശാരീരിക വിടുതലിനെ സൂചിപ്പിക്കുമ്പോൾ, റോമറിൽ അത് ആത്മീയ പാപക്ഷമയെയും നിത്യജീവനെയും ആണ് സൂചിപ്പിക്കുന്നത്.

"യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുക" എന്ന പഴയ നിയമ ആശയം, ആരാധനാ മധ്യത്തിൽ പരസ്യമായി ഏറ്റുപറയുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഈ ആശയം പ്രവൃ. 7:59; 9:14,21; 22:16; 1 കൊരി. 1:2; 2 തെമാ. 2:22 എന്നിവിടങ്ങളിൽ കാണാവുന്നതാണ്. 1:6 ലെ പ്രത്യേക പഠനവിഷയം: വിളിക്കപ്പെട്ട കാണുക.

**റോമർ 10:14–15**

**[14]എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? [15]ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും? "നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം" എന്നു എഴുതിയിരിക്കുന്നുവല്ലോ.**

**10:14–15** യിസ്രായേൽ ഒരിക്കലും ദൈവത്തിന്റെ സന്ദേശങ്ങളോടോ സന്ദേശവാഹകരോടോ പ്രതികരിച്ചില്ല (ഒ. നോ. നെഹെമ്യാവ് 9; പ്രവൃത്തി 7) എന്നു വ്യക്തിമാക്കുന്നതിനായി പഴയ നിയമ ഉദ്ധരണികളെ തുടർന്ന് ഒരു കൂട്ടം ചോദ്യങ്ങളാണിത്. ദൈവം സന്ദേശവാഹകരെ അയച്ചു (പ്രവാചകന്മാർ, അപ്പൊസ്തലന്മാർ, പ്രസംഗകർ, ഉപദേഷ്ടാക്കൾ, സുവിശേഷകന്മാർ). ആവശ്യത്തിലിരിക്കുന്ന ലോകത്തിന് ദൈവം നൽകിയ അനുഗ്രഹമായിരുന്നു ഈ ദൂതുവാഹികൾ. ദൈവം കൃപാപുരസ്സരം സുവിശേഷ സന്ദേശകരെ അയക്കുമ്പോൾ കേഴ്വിക്കാർ അവരുടെ ദൂതുകളോട് ഹൃദയംഗമമായി പ്രതികരിക്കണം. യെശ. 52:7 ൽ നിന്നുള്ള ഉദ്ധരണിയുപയോഗിച്ച് ഈ ചിന്ത പൗലൊസ് വ്യക്തമാക്കുന്നു. സുവിശേഷ പ്രസംഗകരെ സൂചിപ്പിക്കുവാൻ പഴയ നിയമ വാക്യത്തെ പൗലൊസ് വ്യാഖ്യാനിക്കുന്നു.

രക്ഷിക്കുന്ന വിശ്വാസത്തിന് നിരവധി ഘടകങ്ങളുണ്ട്: (1) വിശ്വസിക്കേണ്ട ഒരു സന്ദേശം; (2) സ്വീകരിക്കേണ്ട ഒരു വ്യക്തി; (3) പ്രാരംഭമായുള്ളതും തുടരുന്നതുമായ മാനസാന്തരവും വിശ്വാസ പ്രതികരണവും; (4) അനുസരണത്തിന്റെ ജീവിതം; (5) സ്ഥിരോത്സാഹം (1:5 ലെ കുറിപ്പു കാണുക).

**10:15** യെശ. 52:70 ൽനിന്നുള്ള ഉദ്ധരണിയാണ് ഈ വാക്യം. റോമറിലെ ശ്രേഷ്ഠനിയോഗമാണിത്. സുവിശേഷത്തിന്റെ കേഴ്വിയാലും അംഗീകരണത്താലുമാണ് രക്ഷ വരുന്നത്. "എല്ലാവരും" രക്ഷിക്കപ്പെടുന്നതിനുവേണ്ടിയാണ് സുവിശേഷകർ അയക്കപ്പെടുന്നത്!

ചില പുരാതന കയ്യെഴുത്തുപ്രതികൾ ($\aleph^2$, D, F, G എന്നിവയും മറ്റനേക പരിഭാഷകളും) യെശ. 52:7 ന്റെ സെപ്റ്റ്വജിന്റിൽനിന്നുള്ള ഉദ്ധരണി കൂട്ടിച്ചേർക്കുന്നുണ്ട്. ഹ്രസ്വപാഠത്തിന് UBS[4] "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു.

▣

**NASB, NKJV**
**NRSV, NJB "കാലുകൾ എത്ര മനോഹരം"**
**TEV "അവരുടെ വരവ് എത്ര അത്ഭുതകരം"**
**NET "അവരുടെ ആഗമനം എത്ര കൃത്യസമയം"**
**NET footnote "കൃത്യസമയത്ത് അഥവാ തക്കസമയത്ത് എത്തിച്ചേരുക"**

"മനോഹരം" എന്ന പദം ആലങ്കാരികഭാഷയിൽ ഉപയോഗിച്ചിരിക്കുന്നു. ഇവിടെ കാഴ്ചയ്ക്ക് എങ്ങനെയുണ്ട് എന്നതിനെക്കാൾ "സമയ"യത്തെയാണു സൂചിപ്പിക്കുന്നത്.

**റോമർ 10:16–17**

**[16]എങ്കിലും എല്ലാവരും സുവിശേഷം അനുസരിച്ചിട്ടില്ല: "കർത്താവേ, ഞങ്ങൾ കേൾപ്പിച്ചതു ആർ വിശ്വസിച്ചു" എന്നു യെശയ്യാവു പറയുന്നുവല്ലോ. [17]ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.**

**10:16** പൗലൊസ് വീണ്ടും പഴയ നിയമ പ്രാവചനിക പ്രസ്താവന ഉപയോഗിക്കുന്നു; യഥാർത്ഥത്തിൽ യിസ്രായേലിനോടുള്ള യഹോവയുടെ ദൂതിനെ സൂചിപ്പിക്കുന്ന പ്രസ്താവനയെ യേശു മശിഹായുടെ സുവിശേഷ ദൂജിനെ പരാമർശിക്കുന്നതായി വ്യാഖ്യാനിക്കുന്നു. പഴയ നിയമ യെഹൂദന്മാർ ദൈവിക ദൂതിനെ തള്ളിക്കളഞ്ഞതുപോലെ പൗലൊസിന്റെ കാലത്തെ യെഹൂദന്മാർ സുവിശേഷത്തെ നിരസിച്ചു. യെശ. 53:1 ൽനിന്നുള്ള ഉദ്ധരണിയാണ് ഈ വാക്യം. അതോടൊപ്പം യെശ. 6:9–13 ലെദൈവിക സന്ദേശത്തെ യിസ്രായേൽ തള്ളിക്കളഞ്ഞതിനോട് ദൈവശാസ്ത്രപരമായും ഇതു ബന്ധപ്പെട്ടിരിക്കുന്നു.

**10:17** സുവിശേഷം ഒന്നാമത് ഒരു ദൂതാണ് (ഒ.നോ. ഗലാ. 3:2). എന്നാൽ പ്രഖ്യാപിക്കപ്പെട്ട ദൂത് ഒരു വ്യക്തിപരമായ വചനം, "സ്വീകരിക്കപ്പെട്ട ക്രിസ്തുവിന്റെ വചനം" ആയിത്തീരുന്നു (ഒ.നോ. കൊലൊ. 3:15–16).

▣ **"ക്രിസ്തുവിന്റെ വചനം"** സന്ദർഭം നോക്കിയാൽ ഇത് പ്രസംഗിക്കപ്പെടുന്ന ക്രിസ്തുവിനെക്കുറിച്ചുള്ള വചനമാണ്. ലോകത്തിനുവേണ്ടി ക്രിസ്തുവിലുള്ള തന്റെ സൗജന്യദാനത്തെ പ്രഖ്യാപിക്കുന്നതിനുള്ള ദൈവത്തിന്റെ വഴിയാണ് സുവിശേഷ പ്രസംഗം.

ഈ ഭാഗത്ത് പുരാതന കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്.

1. കയ്യെഴുത്തു പ്രതികൾ $P^{46}$, $\aleph^*$, B, C, $D^*$ എന്നിവയിൽ "ക്രിസ്തുവിന്റെ വചനം" എന്നാണ്
2. കയ്യെഴുത്തു പ്രതികൾ $\aleph^c$, A, $D^c$, K, P എന്നിവയിൽ "ദൈവത്തിന്റെ വചനം" എന്നാണ്

ഒന്നാമത്തേതാണ് ഏറ്റവും അസാധാരണമായത് (ഒ.നോ. കൊലൊ. 3:16) അതിനാൽ അതായിരിക്കാം മൂലകൃതി

യിലുള്ളത് (പാഠനിരൂപണത്തിന്റെ അടിസ്ഥാന നിയമങ്ങളിലൊന്നാണിത്). ഇതിന് UBS[4] "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു. പുതിയ നിയമത്തിൽ ഇതു കാണുന്ന രണ്ടാമത്തെ സ്ഥലം ഇതാണ്. രണ്ടാമത്തെ, "ദൈവത്തിന്റെ വചനം" എന്നത് അനേക പ്രാവശ്യം കാണുന്നുണ്ട് (ഒ.നോ. ലൂക്കൊ. 3:2; യോഹ. 3:34; എഫെ. 6:17; എബ്രാ. 6:5; 11:3).

**റോമർ 9:18–21**

**18എന്നാൽ അവർ കേട്ടില്ലയോ എന്നു ഞാൻ ചോദിക്കുന്നു. കേട്ടിരിക്കുന്നു നിശ്ചയം: "അവരുടെ നാദം സർവ്വഭൂമിയിലും അവരുടെ വചനം ഭൂതലത്തിന്റെ അറ്റത്തോളവും പരന്നു." 19എന്നാൽ യിസ്രായേൽ ഗ്രഹിച്ചില്ലയോ എന്നു ഞാൻ ചോദിക്കുന്നു. "ജനമല്ലാത്തവരെക്കൊണ്ടു ഞാൻ നിങ്ങൾക്കു എരിവു വരുത്തും; മൂഢജാതിയെക്കൊണ്ടു നിങ്ങൾക്കു കോപം ജനിപ്പിക്കും" എന്നു ഒന്നാമതു മോശെ പറയുന്നു.**
**20യെശയ്യാവോ: "എന്നെ അന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി; എന്നെ ചോദിക്കാത്തവർക്കു ഞാൻ പ്രത്യക്ഷനായി" എന്നു ധൈര്യത്തോടെ പറയുന്നു. 21യിസ്രായേലിനെക്കുറിച്ചോ: "അനുസരിക്കാത്തതും മറുത്തുപറയുന്നതുമായ ജനത്തിങ്കലേക്കു ഞാൻ ഇടവിടാതെ കൈനീട്ടി" എന്നു അവൻ പറയുന്നു.**

**10:18** മിക്ക യെഹൂദന്മാരും ദൂതു കേട്ടതാകയാൽ അതു തിരസ്കരിച്ചതിനുള്ള ഉത്തരവാദിത്വം അവർക്കുതന്നെയാണെന്നാണ് ഈ വാക്യം പ്രസ്താവിക്കുന്നത് (ഊന്നിലനായി ഗ്രീക്കിൽ ഇരട്ട നിഷേധമാണ് കൊടുത്തിട്ടുള്ളത്; ചോദ്യം "ഇല്ല" എന്ന ഉത്തരമാണ് പ്രതീക്ഷിക്കുന്നത്). പ്രശ്നം അജ്ഞതയല്ല, മനപ്പൂർവ്വമായ അവിശ്വാസമാണ്!

പൗലൊസ് സങ്കീ. 19:4 ഉദ്ധരിക്കുന്നു. ഈ സങ്കീർത്തനത്തിൽ 1–6 വാക്യങ്ങൾ, സൃഷ്ടിയിൽ വെളിപ്പെടുത്തപ്പെട്ട പ്രകൃതിയിലെ വെളിപ്പാടിനെ സൂചിപ്പിക്കുന്നു (ഒ.നോ. റോമർ 1–2). പൗലൊസ് വരുത്തുന്ന മാറ്റങ്ങൾ

1. സാർവ്വലൗകിക സാക്ഷി ("സർവ്വഭൂമിയിലും," "ഭൂതലത്തിന്റെ അറ്റത്തോളവും")
2. ദൂത് അറിയിക്കുന്നതിനുള്ള മാർഗ്ഗം സൃഷ്ടിയുടെ നിശബ്ദ ശബ്ദം മുതൽ സുവിശേഷ പ്രസംഗകർ വരെയാണ് (അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, പാസ്റ്റർ, ഉപദേഷ്ടാക്കന്മാർ, ഒ.നോ. എഫെ. 4:11). അത് പ്രത്യേക വെളിപ്പാടിൽ ഉൾപ്പെട്ടിരിക്കുന്നു (ഒ.നോ. സങ്കീ. 19:8–14)

പ്രധാന ചിന്ത, സുവിശേഷ സന്ദേശം പൗലൊസിന്റെ കാലത്തുള്ള അറിയപ്പെടുന്ന ദേശങ്ങളിലെല്ലാം എത്തി എന്നതാണ് (ഗ്രീക്ക്-റോമാ പ്രദേശം). റബ്ബിമാരുടെ വ്യാഖ്യാനരീതി പൗലൊസ് ഉപയോഗിക്കുന്നു; തന്റെ ദൈവശാസ്ത്രപരമായ ഉദ്ദേശ്യത്തിനുവേണ്ടി അവൻ യഥാർത്ഥ പഴയ നിയമ സന്ദർഭത്തിനു മാറ്റം വരുത്തുന്നു. മറ്റ് അപ്പൊസ്തലന്മാരെപ്പോലെ, പൗലൊസിന്റെ പഴയ നിയമ ഉപയോഗവും അതുല്യമാംവിധം പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടിരുന്നുവെന്ന് വ്യക്തമായി പറുവാൻ കഴിയും (ഒ.നോ. 2 പത്രൊ. 1:20–21). പരിശുദ്ധാത്മാവിന്റെ പ്രകാശനത്തിൻകീഴിലുള്ള ഇന്നത്തെ വിശ്വാസികൾക്ക് പുതിയ നിയമ എഴുത്തുകാരുടെ വ്യാഖ്യാന രീതികളെ പുനഃസൃഷ്ടിക്കാൻ കഴികയില്ല.

# പ്രത്യേക പഠനവിഷയം: പ്രകാശനം

"ദൈവം പൂർവ്വകാലത്ത് മനുഷ്യന് തന്നെത്തന്നെ വ്യക്തമായി വെളിപ്പെടുത്തുവാൻ പ്രവർത്തിച്ചു. ദൈവശാസ്ത്രത്തിൽ ഇതിനെ വെളിപ്പാട് എന്നു വിളിക്കുന്നു. ഈ സ്വയ-വെളിപ്പാടിനെ രേഖപ്പെടുത്തുവാനും വിശദീകരിക്കുവാനും അവൻ ചില മനുഷ്യരെ തിരഞ്ഞെടുത്തു. ദൈവശാസ്ത്രത്തിൽ ഇതിനെ ദൈവനിശ്വാസീയത എന്നു വിളിക്കുന്നു. തന്റെ വചനം മനസ്സിലാക്കുന്നതിന് വായനക്കാരെ സഹായിക്കുന്നതിനായി അവന്റെ ആത്മാവിനെ അയച്ചു. ദൈവശാസ്ത്രത്തിൽ ഇതിനെ പ്രകാശനം എന്നു വിളിക്കുന്നു. ദൈവവചനം മനസ്സിലാക്കുന്ന വിഷയത്തിൽ ആത്മാവ് ഇടപെടുന്നു എന്നു നാം പറയുമ്പോൾ ഉയരുന്ന പ്രശ്നം – പിന്നെ എന്തുകൊണ്ട് ഇത്രയധികം വ്യാഖ്യാനങ്ങൾ ഉണ്ടാകുന്നു?

പ്രശ്നത്തിന്റെ ഒരു ഭാഗം, വായനക്കാരന്റെ മുൻ-ധാരണകളിലോ വ്യക്തിപരമായ അനുഭവങ്ങളിലോ അടിസ്ഥാനപ്പെട്ടിരിക്കുന്നു. മിക്കപ്പോഴും ചില ബൈബിൾ വാക്യങ്ങൾ മാത്രമെടുത്ത് വ്യക്തിപരമായ ഒരു വിഷയത്തിനു മറുപടി കണ്ടെത്തുന്നു. ദൈവശാസ്ത്രപരമായ പ്രത്യേക ചിന്താഗതിയുള്ളവർ ചില പ്രത്യേക രീതിയിൽ മാത്രം ആ വിഷയത്തിൽ ബൈബിൾ സംസാരിക്കുവാൻ അനുവദിക്കുന്നു. പ്രകാശനത്തിലും ദൈവനിശ്വാസീയതയിലും പരിശുദ്ധാത്മാവ് ഇടപെട്ടിരിക്കുന്നുവെങ്കിലും പ്രകാശനത്തെ ഒരിക്കലും ദൈവനിശ്വാസീയതയോടു തുലനപ്പെടുത്താൻ കഴികയില്ല.

ഏറ്റവും നല്ല സമീപനം, പാഠത്തിന്റെ ഓരോ വിശദാംശവും വ്യാഖ്യാനിക്കാതെ, ഒരു ഖണ്ഡികയുടെ കേന്ദ്ര ആശയം കണ്ടെത്തുവാൻ ശ്രമിക്കുക എന്നതാണ്. അതായിരിക്കും യഥാർത്ഥ എഴുത്തുകാരന്റെ കേന്ദ്ര സത്യത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്നത്. പുസ്തകത്തിന്റെയോ സാഹിത്യരൂപത്തിന്റെയോ രൂപരേഖ തയ്യാറാക്കുന്നത് യഥാർത്ഥ എഴുത്തുകാരന്റെ രചനോദ്ദേശ്യം മനസ്സിലാക്കുവാൻ സഹായകരമാണ്. ഒരു വ്യാഖ്യാതാവിനും ദൈവനിശ്വാസീയതയില്ല. വേദപുസ്തക എഴുത്തുകാരന്റെ വ്യാഖ്യാന മാതൃക പുനരാവിഷ്കരിക്കാൻ നമുക്കാവില്ല. അവരുടെ കാലത്ത് അവർ എന്താണ് പറഞ്ഞതെന്നു മനസ്സിലാക്കാൻ ശ്രമിക്കു

കയും ആ സത്യത്തിന് നമ്മുടെ കാലഘട്ടത്തിലുള്ള പ്രസക്തി എന്തെന്ന് കണ്ടെത്തുകയും ചെയ്യാൻ നമുക്കു കഴിയും, അതാണു ചെയ്യേണ്ടതും. ദുർഗ്രഹവും മറഞ്ഞിരിക്കുന്നതുമായ ഭാഗങ്ങൾ ബൈബിളിലുണ്ട് (ഒരു പ്രത്യേക സമയം അഥവാ കാലഘട്ടം വരെ). ചില പാഠങ്ങളെയും വിഷയങ്ങളെയും സംബന്ധിച്ച് എപ്പോഴും വിയോജിപ്പുകളും ഉണ്ടാകാം. എന്നിരുന്നാലും കേന്ദ്രസത്യങ്ങളെ നാം വ്യക്തമായി പ്രസ്താവിക്കുകയും യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തിന്റെ അതിർത്തിക്കുള്ളിൽ നിന്നുകൊണ്ടു വ്യക്തിപരമായ വ്യാഖ്യാനങ്ങൾക്കും സ്വാതന്ത്ര്യം നൽകുകയും വേണം. വ്യാഖ്യാതാക്കൾ തങ്ങൾക്കു ലഭിച്ച വെളിച്ചത്തിൽ നടക്കുകയും ബൈബിളിൽ നിന്നും ആത്മാവിൽ നിന്നും കൂടുതൽ വെളിച്ചത്തിനായി തുറന്ന മനസ്സുള്ളവരായിരിക്കയും വേണം. ദൈവം നമ്മെ വിധിക്കുന്നത് നമ്മുടെ അറിവിന്റെ നിലവാരത്തിനും ആ അറിവിനനുസരിച്ച് നാം ജീവിക്കുന്നുണ്ടോ എന്നതിനും അനുസരിച്ചായിരിക്കും.

**10:19–20** യെഹൂദന്മാർ മോശെയിൽനിന്നു പോലും ദൂതു കേട്ടിട്ടുണ്ട് (വാ. 18 ഉം 19 ഉം "ഇല്ല" എന്ന ഉത്തരം പ്രതീക്ഷിക്കുന്ന ചോദ്യങ്ങളാണ്). എല്ലാവരും ദൈവത്തോടു നിരപ്പാകേണം എന്ന വിശ്വാസ സന്ദേശം യെഹൂദന്മാർ കേട്ടിട്ടുണ്ടെന്നു മാത്രമല്ല അവർക്കതും മനസ്സിലാക്കാൻ കഴിവുമുണ്ടായിരുന്നു.

ഈ വാക്യങ്ങളിൽ, ദൈവം തന്റെ ഉടമ്പടി ജനത്തോട് ജാതികളെ ഉൾപ്പെടുത്തുന്ന കാര്യം സംസാരിക്കുന്നു. വാ. 19 ൽ ആവ. 32:21 ലെയും വാ. 20–21 ൽ യെശ. 65:1–2 ലെയും വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് ഇതു ചെയ്യുന്നത്. ജാതികളെ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ഞെട്ടിക്കുന്ന സത്യം പ്രസ്താവിച്ചത് യെഹൂദന്മാരിൽ അസൂയ ജനിപ്പിച്ച് അവരെ വിശ്വാസത്തിലേക്കു നയിക്കുന്നതിനു വേണ്ടിയായിരുന്നു (ഒ.നോ. 11:11,14).

**10:21** യെശ. 65:2 ന്റെ സെപ്റ്റ്വജിന്റിൽനിന്നുള്ള ഉദ്ധരണിയാണ് ഈ വാക്യം. ഉടമ്പടി ജനം യഹോവയെ തള്ളിക്കളഞ്ഞതിനെക്കുറിച്ചാണിത് (ഒ.നോ. യെശ. 65:1–7). ദൈവം വിശ്വസ്തനായിരുന്നു; യിസ്രായേലാകട്ടെ അവിശ്വസ്തരും. അവരുടെ അവിശ്വസ്തത കഴിഞ്ഞ കാലങ്ങളിൽ ദേശത്തിന്മേലും വ്യക്തികളുടെമേലും ന്യായവിധിക്കു കാരണമായി എങ്കിലും ക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന ദൈവിക നീതിയെ അവർ തള്ളിക്കളഞ്ഞത് നിത്യന്യായവിധിക്കു കാരണമായി!

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് അത്ര നിർണ്ണായകമാണെങ്കിൽ പൗലൊസ് എന്തുകൊണ്ടാണ് 10:1 ൽ യിസ്രായേലിനുവേണ്ടി പ്രാർത്ഥിക്കുന്നത്? എന്തുകൊണ്ടാണ് 10:9–13 മാനുഷിക പ്രതികരണത്തെ സംബന്ധിച്ച് ഇത്രയധികം ഊന്നൽ നൽകുന്നത്?
2. വാ. 4 എന്താണ് അർത്ഥമാക്കുന്നത്? "ക്രിസ്തു ന്യായപ്രമാണത്തിന് അന്ത്യം വരുത്തിയോ?"
3. 10:9–10 ലെ വിശ്വാസത്തിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്?
4. പൗലൊസ് പഴയ നിയമത്തിൽനിന്നും കൂടെക്കൂടെ ഉദ്ധരിക്കുന്നതെന്തുകൊണ്ടാണ്? പ്രധാനമായും ജാതികൾ ഉൾപ്പെട്ട റോമിലെ സഭയോട് ഇതെങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നത്?
5. വാ. 11–13 എങ്ങനെയാണ് അധ്യായം 9 നോടു ബന്ധപ്പെട്ടിരിക്കുന്നത്?
6. വാ. 14–15 എങ്ങനെയാണ് ലോകസുവിശേഷീകരണത്തോടു ബന്ധപ്പെട്ടിരിക്കുന്നത്?
7. അധ്യായം 10 ൽ, മനുഷ്യന്റെ സ്വതന്ത്ര ഇച്ഛ മനുഷ്യന്റെ രക്ഷയുടെ ഭാഗമാണെന്ന് എങ്ങനെയാണു വെളിപ്പെടുത്തിയിരിക്കുന്നത്?

# റോമർ 11

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യിസ്രായേലിലെ ശേഷിപ്പ് | യിസ്രായേലിന്റെ തിരസ്കരണം പൂർണ്ണമല്ല | യിസ്രായേലിന്റെ തിരസ്കരണം അന്തിമമല്ല | യിസ്രായേലിന്മേൽ ദൈവത്തിന്റെ കരുണ | യിസ്രായേലിലെ ശേഷിപ്പ് |
| 11:1-10 | 11:1-10 | 11:1-10 | 11:1-6 | 11:1-6 |
| | | | 11:7-10 | 11:7-10 |
| ജാതികളുടെ രക്ഷ | യിസ്രായേലിന്റെ തിരസ്കരണം അന്തിമമല്ല | | | യെഹൂദന്മാർ ഭാവിയിൽ യഥാസ്ഥാനപ്പെടും |
| 11:11-12 | 11:13-36 | 11:11-12 | 11:11-12 | 11:11-12 |
| | | | ജാതികളുടെ രക്ഷ | |
| 11:13-16 | | 11:13-16 | 11:13-15 | 11:13-15 |
| | | | | യെഹൂദൻ ഇപ്പോഴും തിരഞ്ഞെടുക്കപ്പെട്ട ജനം തന്നേ |
| | | ഒലിവുമരത്തിന്റെ സാദൃശ്യം | 11:16-18 | 11:16-24 |
| 11:17-24 | | 11:17-24 | | |
| | | | 11:19-24 | |
| യിസ്രായേലിന്റെ യഥാസ്ഥാപനം | | യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും | എല്ലാവരോടുമുള്ള ദൈവത്തിന്റെ കരുണ | യെഹൂദന്റെ മാനസാന്തരം |
| 11:25-32 | | 11:25-32 | 11:25-32 | 11:25-29 |
| | | | | 11:30-32 |
| | | | ദൈവത്തിനു സ്തുതി | ദൈവത്തിന്റെ കരുണയ്ക്കും ജ്ഞാനത്തിനുമുള്ള ഗീതം |
| 11:33-36 | | 11:33-36 | 11:33-36 | 11:33-36 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# പശ്ചാത്തല ഉൾക്കാഴ്ചകൾ

A. തിരഞ്ഞെടുപ്പും സുവിശേഷവും തമ്മിലുള്ള വൈരുദ്ധ്യാത്മക ബന്ധം അധ്യായം 11 ൽ തുടരുന്നു. പഴയ നിയമ തിരഞ്ഞെടുപ്പ് ശുശ്രൂഷയ്ക്കുവേണ്ടിയായിരുന്നുവെങ്കിൽ, പുതിയ നിയം തിരഞ്ഞെടുപ്പ് രക്ഷയ്ക്കു വേണ്ടിയാണ് (നിങ്ങളുടെ കൺകോർഡൻസ് പരിശോധിക്കുക). ഒരർത്ഥത്തിൽ വിശ്വാസികൾ ഒരേസ മയം ദൈവിക കുടുംബമായും (പുതിയ നിയമം) ശുശ്രൂഷയ്ക്കായും വിളിക്കപ്പെടുന്നു (പഴയ നിയമം). തിരഞ്ഞെടുപ്പ് സമൂഹമായും വ്യക്തിപരമായും, സാധകാത്മകവും നിഷേധാത്മകവും (യാക്കോബ്/യിസ്രാ യേൽ-ഏശാവ്/എദോം; മോശെ/ഫറവോൻ) ആണ്. ആത്യന്തികമായി സംഘർഷം, ദൈവത്തിന്റെ പരമാ ധികാരവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും തമ്മിൽ മാത്രമല്ല, ദൈവത്തിന്റെ സ്വഭാവത്തിൽ തന്നെയുണ്ട്. അധ്യായം 9–11 വീണ്ടും വീണ്ടും ദൈവത്തിന്റെ കരുണയെയും മനുഷ്യന്റെയ മത്സരത്തെയും ഊന്നിപ്പറ യുന്നു. ദൈവം വിശ്വസ്തൻ, മനുഷ്യർ അവിശ്വസ്തർ.

തിരഞ്ഞെടുപ്പ് ചിലരെ ഒഴിവാക്കുന്നതിനുള്ള ഒരു ഉപദേശമല്ല മറിച്ച്, (1) വാഗ്ദത്തങ്ങളോടും (2) ഉടമ്പ ടിയുടെ ഉപജ്ഞാതാവായ ദൈവത്തിന്റെ പുത്രനോടും പ്രതികരിക്കുന്നവരുടെ പ്രത്യാശ, സുരക്ഷിതത്വം, ഉറപ്പ് എന്നിവയുടെ അടിസ്ഥാനമാണ്.

B. അധ്യായം 9 ൽ പൗലൊസ് ദൈവത്തിന്റെ പരമാധികാരത്തെയും സ്വാതന്ത്ര്യത്തെയും പ്രസ്താവിച്ചു. ഉട മ്പടി ബന്ധത്തിൽ പോലും ദൈവം സ്വതന്ത്രനാണ്. അധ്യായം 10 ൽ, ദൈവിക വാഗ്ദത്തങ്ങളെയും ഉടമ്പ ടിയെയും സ്വീകരിക്കുവാനോ തള്ളുവാനോ ഉള്ള സ്വാതന്ത്ര്യം യെഹൂദനുണ്ടെന്ന് പൗലൊസ് പ്രസ്താവി ച്ചു. അവർ അവിശ്വസ്തരാണെന്നു തെളിയിക്കുകയും ദൈവിക വാഗ്ദത്തങ്ങളെയും ഉടമ്പടിയെയും തള്ളി ക്കളയുകയും ചെയ്തതിനാൽ, ഒരർത്ഥത്തിൽ ദൈവത്താൽ തിരസ്കരിക്കപ്പെടുകയാണു ചെയ്തത്. എങ്കി ലും, അധ്യായം 11 ൽ പൗലൊസ് യിസ്രായേലിന്റെ അവിശ്വസ്തതയുടെ മധ്യത്തിലും ഉള്ള ദൈവത്തിന്റെ വിശ്വസ്തതയെ ഊന്നിപ്പറയുന്നു (ഒ.നോ. ആവർത്തനം 8).

C. വർത്തമാനകാലത്തിലെന്നപോലെ ഭൂതകാലത്തിലും, ഒരു യെഹൂദാ ശേഷിപ്പ് ദൈവത്തിന്റെ മശിഹായിൽ വിശ്വസിക്കുകയും അവനിലുള്ള വിശ്വാസത്തെ നിലനിർത്തുകയും ചെയ്തു. പൗലൊസ് തന്നെ ഇതിനു ദാഹരണമായിരുന്നു. ചില അവിശ്വാസികളായ യെഹൂദന്മാരുടെ തിരസ്കരണം വിശ്വസിക്കുന്ന ജാതിക ളുടെ ഉൾപ്പെടുത്തലിനു കാരണമായിത്തീർന്നു. ജാതികളുടെ ഉൾപ്പെടുത്തൽ (1) ദൈവജനത്തിന്റെ പൂർത്തീ കരണത്തിനും (2) യെഹൂദനും ജാതിയും ഉൾപ്പെട്ട ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ പൂർണ്ണസംഖ്യ ചേരുവാനും കാരണമായിത്തീർന്നു. ജാതികളുടെ ഉൾപ്പെടുത്തൽ, ദൈവത്തിന്റെ മശിഹാ ആയ യേശു വിൽ വിശ്വസിക്കുന്നതിന് യെഹൂദനെ പ്രേരിപ്പിച്ചു.

D. അധ്യായം 9, 10 ൽ എന്നപോലെ അധ്യായം 11 ലും നിരവധി പഴയ നിയമ ഉദ്ധരണികൾ പൗലൊസ് ഉപ യോഗിക്കുന്നു.

1. വാ. 3 – 1 രാജാ. 19:14
2. വാ. 4 – 1 രാജാ. 19:18
3. വാ. 8 – യെശ. 29:10; ആവ. 29:4
4. വാ. 9 – സങ്കീ. 69:22
5. വാ. 10 – സങ്കീ. 69:23
6. വാ. 26 – യെശ. 59:20–21
7. വാ. 27 – യെശ. 27:9
8. വാ. 34 – യെശ. 40:13–14
9. വാ. 35 – ഇയ്യോ. 35:7; 41:11

# പദ, ശൈലീ പഠനം

**റോമർ 11:1–6**

**1എന്നാൽ ദൈവം സ്വജനത്തെ തള്ളിക്കളഞ്ഞുവോ എന്നു ഞാൻ ചോദിക്കുന്നു. ഒരുനാളും ഇല്ല;
ഞാനും യിസ്രായേല്യനല്ലോ; അബ്രാഹാമിന്റെ സന്തതിയിൽ ബെന്യാമീൻഗോത്രത്തിൽ ജനിച്ചവൻ
തന്നേ. 2ദൈവം മുന്നറിഞ്ഞിട്ടുള്ള തന്റെ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല. ഏലീയാവിന്റെ ചരിത്രത്തിൽ
തിരുവെഴുത്തു പറയുന്നതു അറിയുന്നില്ലയോ? 3അവൻ യിസ്രായേലിന്നു വിരോധമായി: "കർത്താവേ,
അവർ നിന്റെ പ്രവാചകന്മാരെ കൊന്നു നിന്റെ യാഗപീഠങ്ങളെ ഇടിച്ചുകളഞ്ഞു; ഞാൻ ഒരുത്തൻ മാത്രം
ശേഷിച്ചിരിക്കുന്നു; അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു" എന്നു ദൈവത്തോടു വാദി
ക്കുമ്പോൾ 4അവന്നു അരുളപ്പാടു ഉണ്ടായതു എന്തു? "ബാലിന്നു മുട്ടുകുത്താത്ത ഏഴായിരം പേരെ
ഞാൻ എനിക്കായി ശേഷിപ്പിച്ചിരിക്കുന്നു" എന്നു തന്നേ. 5അങ്ങനെ ഈ കാലത്തിലും കൃപയാലുള്ള
തിരഞ്ഞെടുപ്പിൻപ്രകാരം ഒരു ശേഷിപ്പുണ്ടു. 6കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ
കൃപയല്ല.**

**11:1 "ദൈവം സ്വജനത്തെ തള്ളിക്കളഞ്ഞുവോ"** ഈ ചോദ്യം "ഇല്ല" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു. വാ. 1-10 ൽ ഈ ചോദ്യത്തിനുള്ള ഉത്തരം പൗലൊസ് നൽകുന്നു. ഈ ഭാഗം പൗലൊസിന്റെ മുൻ വാദഗതിയോടു ബന്ധപ്പെട്ടതാണ്. അ. 9-11 ഒരു സാഹിത്യഘടകത്തെ, നിലവിലുള്ള വാദത്തെ പ്രതിനിധാനം ചെയ്യുന്നു.

"തള്ളിക്കളയുക" (ഭൂതകാല മധ്യ[2 പ്രാവശ്യം] സൂചകം) എന്നു തർജ്ജമ ചെയ്തിരിക്കുന്ന പദത്തിന്റെ അടിസ്ഥാന അർത്ഥം "നിരസിക്കുക" അഥവാ "എറിഞ്ഞുകളയുക" എന്നാണ്. അത് ഉപയോഗിച്ചിരിക്കുന്ന സ്ഥലങ്ങൾ

1. പ്രവൃ. 7:39 – മരുഭൂമിയിൽ യിസ്രായേൽ മോശെയുടെ നേതൃത്വത്തെ നിരസിച്ചത്
2. പ്രവൃ. 13:46 – അന്ത്യോക്യയിലെ പിസിദ്യയിലുള്ള പള്ളിയിൽവെച്ച് യെഹൂദന്മാർ പൗലൊസിന്റെ പ്രസംഗത്തെ നിരസിച്ചത്
3. 1 തിമൊ. 1:19 – എഫെസൊസിലെ സഭയിലുള്ള ചില അംഗങ്ങൾ അവരുടെ വിശ്വാസം തള്ളിക്കളഞ്ഞ് വിശ്വാസക്കപ്പൽ തകർത്തത് (ഉദാ. ഹുമനയോസും അലെക്സന്തരും)

യഹോവ യിസ്രായേലിനെ തള്ളിക്കളഞ്ഞില്ല. യിസ്രായേലാണ് അവരുടെ തുടർമാനമായ അനുസരണക്കേട്, വിഗ്രഹാരാധന, ഇപ്പോൾ സ്വയനീതിയുടെ നിയമവാദം എന്നിവയിലൂടെ യഹോവയെ തള്ളിക്കളഞ്ഞത്.

പുരാതന ഗ്രീക്ക് പാപ്പിറസ് കയ്യെഴുത്തുപ്രതിയായ $P^{46}$ വലിയക്ഷര കയ്യെഴുത്തു പ്രതികളായ F, G എന്നിവയിൽ "ജനം" എന്നതിനുപകരം "അവകാശം" എന്നാണു കാണുന്നത് എന്നത് താല്പര്യജനകമാണ്. അത് സങ്കീ. 94:14 ന്റെ സെപ്റ്റ്വജിന്റിൽനിന്നുള്ളതാണ്. "ജനം" എന്നതിന് $UBS^4$ "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു.

■ **"ഒരുനാളും ഇല്ല"** സാങ്കല്പിക എതിരാളിയുടെ ചോദ്യങ്ങളെ തള്ളിക്കളയുന്നതിനുള്ള പൗലൊസിന്റെ പതിവ് ശൈലിയാണിത് (ഡയാട്രൈബ്, ഒ.നോ. 3:4,6,31; 6:2,15; 7:7,13; 9:14; 11:1,11).

■ **"ഞാനും യിസ്രായേല്യനല്ലോ"** വിശ്വസിക്കുന്ന ഒരു യെഹൂദ ശേഷിപ്പുണ്ടെന്നു തെളിയിക്കുന്നതിന് പൗലൊസ് തന്നെത്തന്നെ ഉപയോഗിക്കുന്നു. പൗലൊസിന്റെ യെഹൂദ പശ്ചാത്തലം സംബന്ധിച്ച് കൂടുതൽ സൂചനകൾക്ക് ഫിലി. 3:5 കാണുക.

**11:2 "ദൈവം മുന്നറിഞ്ഞിട്ടുള്ള"** ദൈവം യിസ്രായേലിനെ തിരഞ്ഞെടുത്തിരിക്കുന്നുവെന്നതിനെക്കുറിച്ചുള്ള വ്യക്തമായ സൂചനയാണിത്. 8:29 ലെ കുറിപ്പു കാണുക. വാ. 4-6 ലെപ്പോലെ ഇത് വാദത്തെ അധ്യായം 9 ലേക്കു തിരിച്ചു കൊണ്ടുപോകുന്നു. യിസ്രായേലിന്റെ പ്രവൃത്തിയല്ല താക്കോൽ, മറിച്ച് ദൈവത്തിന്റെ തിരഞ്ഞെടുപ്പാണ്. ദൈവം തന്റെ വാഗ്ദത്തങ്ങളോടു വിശ്വസ്തനായിരിക്കുന്നത് യിസ്രായേലിന്റെ പ്രവൃത്തികൾ നിമിത്തമല്ല, താൻ ആരാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് (ഒ.നോ. യെഹെ. 36:22-32).

■ **"തന്റെ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല"** ഇത് സങ്കീ. 94:14ന്റെ സൂചനയാകാം (ഒ.നോ. ആവ. 31:6; 1 ശമൂ. 12:22; 1 രാജാ. 6:13; വിലാ. 3:31-32). വാ. 1 ലെ ചോദ്യത്തിനുള്ള വ്യക്തമായ ഉത്തരമാണിത്.

■ **"തിരുവെഴുത്തു പറയുന്നത്"** ഇത് 1 രാജാ. 19:10 ൽ കാണുന്ന, ഈസബേലിന്റെ ഭീഷണിയെ തുടർന്ന് ഏലീയാവ് ഓടിപ്പോകുന്നതിനെക്കുറിച്ചുള്ള പരാമർശമാണ്.

**11:4 "ബാലിന്നു"** ഇത് പുല്ലിംഗ നാമത്തോടുകൂടിയ സ്ത്രീലിംഗ വിവേചകഭേദകമാണ്. ഇതിനു കാരണം യെഹൂദന്മാർ പരിഹാസദ്യോതകമായി ജാതീയ ദേവന്മാരുടെ നാമങ്ങളുടെ വ്യഞ്ജനാക്ഷരങ്ങളോടുകൂടെ "ലജ്ജ" (ബോശെത്ത്) എന്ന സ്ത്രീലിംഗ പദത്തിന്റെ സ്വരാക്ഷരങ്ങൾ ചേർത്ത് ഉച്ചരിച്ചിരുന്നു എന്നതാണ്.

■ **"ഏഴായിരം പേരെ ഞാൻ എനിക്കായി ശേഷിപ്പിച്ചിരിക്കുന്നു"** "എനിക്കായി" എന്നത്, 1 രാജാ. 19:18 ന്റെ മസോറിറ്റിക് എബ്രായ പാഠത്തിൽ കാണുന്നില്ല (പൗലൊസ് മസോറെറ്റിക് പാഠമോ സെപ്റ്റ്വജിന്റോ ഉദ്ധരിക്കുന്നില്ല), മറിച്ച് ദൈവത്തിന്റെ തിരഞ്ഞെടുപ്പിന് ഊന്നൽ നൽകുവാൻ പൗലൊസ് കൂട്ടിച്ചേർക്കുന്നതാണ്. 1 രാജാ. 19:18 ലെ വിശ്വസ്ത ശേഷിപ്പിനെ അവരുടെ ബാൽ ആരാധനയുടെ തിരസ്കരണത്തിന്റെ അടിസ്ഥാനത്തിലല്ല ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലാണു വീക്ഷിക്കുന്നത്.

പൗലൊസ് മുന്നോട്ടുവയ്ക്കുന്ന വാദഗതി, ഏലിയാവിന്റെ കാലത്തെ അവിശ്വസ്ത, വിഗ്രഹാരാധികളായ യിസ്രായേലിന്റെയിടയിലും ഒരു ചെറിയ കൂട്ടം വിശ്വാസികൾ ഉണ്ടായിരുന്നു. പൗലൊസിന്റെ കാലത്തും ചെയഹൂദജനത്തിൽ ഒരു വിശ്വാസ ശേഷിപ്പ് ഉണ്ട് (9:27-28 ലെ പ്രത്യേക പഠനവിഷയം കാണുക). ഓരോ കാലഘട്ടത്തിലും ചില യെഹൂദന്മാർ വിശ്വാസത്താൽ പ്രതികരിച്ചിട്ടുണ്ട്. വിശ്വസിക്കുന്ന ഈ യെഹൂദന്മാർ ദൈവത്തിന്റെ കരുണയാലും കൃപയാലും ശക്തി പ്രാപിച്ചവരായിരുന്നു എന്ന് പൗലൊസ് പ്രസ്താവിക്കുന്നു (ഒ.നോ. വാ. 5-6).

**11:5-6** ഇവ താക്കോൽ വാക്യങ്ങളാണ്. ഇവ പഴയ നിയമത്തിൽ ദൈവത്തിന്റെ മുൻകാല പ്രവൃത്തികളെ ഇപ്പോഴത്തെ സാഹചര്യങ്ങളോട് ബന്ധിപ്പിക്കുന്നു. ബന്ധിപ്പിക്കുന്ന കണ്ണി എന്നത്, കരുണ പ്രകാരമുള്ള ദൈവിക തിരഞ്ഞെടുപ്പാണ് (ഒ.നോ. 9:15,16,18; 11:30,31,32). ദൈവത്തിന്റെ കൃപയ്ക്കാണ് മുൻഗണന, എങ്കിലും മനുഷ്യന്റെ വിശ്വാസം അനിവാര്യമാണ് (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 3:16,19; 20:21), എന്നിരുന്നാലും മാനുഷിക പ്രകടനങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതേയില്ല (ഒ.നോ. എഫെ. 2:8-9; 2 തിമൊ. 1:9; തീത്തൊ. 3:5). അധ്യായം 9-11 ഉടനീളമുള്ള പൗലൊസിന്റെ വാദങ്ങളിൽ ഈ സത്യങ്ങൾ നിർണ്ണായകമാണ്.

**11:6 "എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു

വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. രക്ഷ ദൈവത്തിന്റെ കൃപയാൽ ലഭിക്കുന്നതാണ് (3:24 ലെ കുറിപ്പ് കാണുക, ഒ.നോ. 6:23; എഫെ. 2:8,9).

▣ കെ.ജെ.വി. വാ. 6 നോടൊപ്പം ഒരു ഉപസംഹാര വാചകം കൂടെ ചേർക്കുന്നുണ്ട്: "കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല." ഏറ്റവും പുരാതന കയ്യെഴുത്തു പ്രതികളായ $P^{46}$, ℵ*, A, C, D, G, P എന്നിവയിലും പുരാതന ലത്തീൻ പതിപ്പുകളിലും ഈ വാക്യം കാണുന്നില്ല. എന്നാൽ ഈ വാചകത്തിന്റെ മറ്റൊരു രൂപം $ℵ^c$, B എന്നിവയിൽ കാണാം. അവ ഒഴിവാക്കിയതിന് $UBS^4$ "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു

**റോമർ 11:7-10**

**[7]ആകയാൽ എന്തു? യിസ്രായേൽ താൻ തിരഞ്ഞതു പ്രാപിച്ചില്ല; തിരഞ്ഞെടുക്കപ്പെട്ടവർ അതു പ്രാപിച്ചു; ശേഷമുള്ളവരോ കഠിനപ്പെട്ടിരിക്കുന്നു. [8]"ദൈവം അവർക്കു ഇന്നുവരെ ഗാഢനിദ്രയും കാണാത്ത കണ്ണും കേൾക്കാത്ത ചെവിയും കൊടുത്തു" എന്നു എഴുതിയിരിക്കുന്നുവല്ലോ. [9]"അവരുടെ മേശ അവർക്കു കണിയും കുടുക്കും ഇടർച്ചയും പ്രതികാരവുമായിത്തീരട്ടെ; [10]അവരുടെ കണ്ണു കാണാത വണ്ണം ഇരുണ്ടുപോകട്ടെ; അവരുടെ മുതുകു എല്ലായ്പോഴും കുനിയിക്കേണമേ" എന്നു ദാവീദും പറയുന്നു.**

**11:22 "യിസ്രായേൽ താൻ തിരഞ്ഞതു പ്രാപിച്ചില്ല"** പൗലൊസിന്റെ ചിന്തയ്ക്ക് ഊന്നൽ നൽകുന്നതിനായി ഇത് ഗ്രീക്കുപാഠത്തിൽ ആദ്യമാണു കൊടുത്തിരിക്കുന്നത്. അനേക യെഹൂദന്മാർ ദൈവവുമായി നിരപ്പു പ്രാപിക്കാൻ ആഗ്രഹിച്ചു; അവരത് മതപരമായ ആചാരങ്ങൾ, വംശീയ ശ്രേഷ്ഠത, സ്വയ-പ്രയത്നം എന്നിവയിലൂടെ നേടുവാനാണ് ശ്രമിച്ചത്. അവർ ലക്ഷ്യത്തിലെത്തിയില്ല! ഒരു ജഡത്തിനും ദൈവസന്നിധിയിൽ പ്രശംസിക്കാൻ കഴികയില്ല (ഒ.നോ. 1 കൊരി. 1:29; എഫെ. 2:9).

▣

| | |
|---|---|
| **NASB** | **"തിരഞ്ഞെടുക്കപ്പെട്ടവർ അതു പ്രാപിച്ചു"** |
| **NKJV** | **"തിരഞ്ഞെടുക്കപ്പെട്ടവർ അതു നേടി"** |
| **NRSV** | **"തിരഞ്ഞെടുക്കപ്പെട്ടവർ അതു നേടി"** |
| **TEV** | **"ദൈവം തിരഞ്ഞെടുത്ത ചെറിയ സംഘമാണ് അതു കണ്ടെത്തിയത്"** |
| **NJB** | **"തിരഞ്ഞെടുക്കപ്പെട്ട കുറച്ചുപേർ"** |

ഇത് "ശേഷിപ്പ്" എന്ന പഴയ നിയമ ആശയമാണ് (9:27-28 ലെ പ്രത്യേക പഠനവിഷയം കാണുക). 1 രാജാ. 19:18 ലെ 7,000 പേരെയാണ് ഇവിടെ പരാമർശിക്കുന്നത്. മാനുഷിക പ്രകടനമോ, വംശമോ, മതപരമായ തീവ്രതയോ അല്ല താക്കോൽ (വാ. 6) മറിച്ച്, തിരഞ്ഞെടുപ്പിലുള്ള ദൈവകൃപയാണ് (ഒ.നോ. എഫെ. 1:3-14).

▣ **"ശേഷമുള്ളവരോ കഠിനപ്പെട്ടിരിക്കുന്നു"** ഇത് ഭൂതകാല കർമ്മണി സൂചകമാണ് (ഒ.നോ. 2 കൊരി. 3:14). ദൈവം അവരെ കഠിനമാക്കി എന്നാണ് സൂചന (ഒ.നോ. വാ. 8-10). കഠിനമാക്കലിന്റെ മധ്യവർത്തി ദുഷ്ടനാണ് (ഒ.നോ. 2 കൊരി. 4:4). "കഠിനപ്പെടുക" (പോറോഓ-***πωροω***) എന്ന പദം കല്ലിക്കുക അല്ലെങ്കിൽ അന്ധത എന്നതിനുള്ള വൈദ്യശാസ്ത്ര പദമാണ് (ഒ.നോ. റോമ. 11:25; 2 കൊരി. 3:14; എഫെ. 4:18). ഇതേ പദം അപ്പൊസ്തലന്മാരെക്കുറിച്ച് മർക്കൊസ് 6:52 ൽ പറഞ്ഞിട്ടുണ്ട്. കരുണ എന്നതിനു വിപരീതമായി 9:18 ൽ ഉപയോഗിച്ചിരിക്കുന്ന (*സ്ക്ലീറുനോ*-***σκληρυνω***) പദത്തിൽ നിന്നും വ്യത്യസ്തമാണിത് (ഒ.നോ. എബ്രാ. 3:8,15; 4:7).

ആ വാക്യം വളരെ വ്യക്തമാണ്, 11:1-6 ന്റെ സംഗ്രഹമാണിത്. തിരഞ്ഞെടുക്കപ്പെട്ട ചിലർ വിശ്വസിച്ചു, തിരഞ്ഞെടുക്കപ്പെടാത്ത ചിലർ കഠിനപ്പെട്ടു. എങ്കിലും, ഈ വാക്യം, ദൈവശാസ്ത്രപരമായ ഒരു മുദ്രാവാക്യമായി, ഒറ്റപ്പെട്ട ഒന്നായി എഴുതിയതല്ല. ഇത് തുടർന്നു വരുന്ന വാദഗതിയുടെ ഭാഗമാണ്. ഈ വാക്യത്തിൽ വ്യക്തമായി പ്രതിപാദിക്കുന്ന സത്യവും അധ്യായം 10 ലെ സാർവ്വലൗകിക ക്ഷണവും തമ്മിൽ ഒരു സംഘർഷം നിലനില്ക്കുന്നുണ്ട്. ഇവിടെ മർമ്മമുണ്ട്. അതിനുള്ള പരിഹാരം ഒന്നിനെ ഇല്ലാതാക്കുകയോ വിലകുറച്ചു കാണുകയോ അല്ല.

**11:8-10** യെശ. 29:10 (വാ. 8a), ആവ. 29:4 (വാ. 8a, എന്നാൽ സെപ്റ്റ്വജിന്റിൽനിന്നോ മസോറെറ്റിക്കിൽ നിന്നോ അല്ല), സങ്കീ. 69:22-23 (വാ. 9-10) എന്നിവയിൽനിന്നുള്ള ഉദ്ധരണിയാണ് ഈ വാക്യങ്ങൾ. യെശ. 6:9-13 ൽ മത്സരികളായ യിസ്രായേലിനോടു പ്രവചിക്കാനുള്ള യെശയ്യാവിന്റെ വിളിയെയും ദൗത്യത്തെയും അവ വ്യക്തമായി പ്രതിഫലിപ്പിക്കുന്നു. യെശയ്യാവ് ദൈവത്തിന്റെ വചനം പ്രസംഗിക്കണം എങ്കിലും ജനം പ്രതികരിക്കുകയില്ല. 9:13,15,17 ൽ ചെയ്യുന്നതുപോലെ തന്നെ ദൈവം ചിലരെ കഠിപ്പെടുത്തുന്നു എന്ന തന്റെ വാദത്തിന് പൗലൊസ് പഴയ നിയമ തെളിവു നിരത്തുന്നു.

**11:8**

| | |
|---|---|
| **NASB, NKJV** | **"ദൈവം അവർക്ക് മന്ദതയുടെ ആത്മാവിനെ കൊടുത്തു"** |
| **NRSV, TEV** | **"ദൈവം അവർക്ക് അലസതയുടെ ആത്മാവിനെ കൊടുത്തു"** |
| **NJB** | **"ദൈവം അവരുടെ മനസ്സിനെയും ഹൃദയത്തെയും മന്ദമാക്കി"** |

ഈ ഗ്രീക്കു പദം (*കറ്റാനുക്സിസ്*-***κατανυξις***) പുതിയ നിയമത്തിൽ ഇവിടെ മാത്രമേ ഉപയോഗിച്ചിട്ടുള്ളു. ബുദ്ധിയെ അബലമാക്കിക്കളയുന്ന ഒരു പ്രാണിയുടെ കുത്തിനെയാണ് ഇതു സൂചിപ്പിക്കുന്നത്.

**11:10 "അവരുടെ കണ്ണു കാണാത വണ്ണം ഇരുണ്ടുപോകട്ടെ; അവരുടെ മുതുകു എല്ലായ്പോഴും കുനിയിക്കേണമേ"** ഇത് ഒരു ഭൂതകാല കർമ്മണി വിധിരൂപവും അതിനെത്തുടർന്ന് ഭൂതകാല കർത്തരി വിധിരൂപവുമാണ്. ഇത് ദൈവത്തിന്റെ പരമാധികാരത്തെയും മനുഷ്യന്റെ അനിവാര്യമായ പ്രതികരണത്തെയും സംബന്ധിച്ച മർമ്മമാണ്. ദൈവം സകല കാര്യങ്ങളുടെയും ഉറവിടവും സകലത്തിന്റെ ആരംഭകനും ആണെങ്കിലും തന്റെ പരമാധികാര ഇഷ്ടത്തിൽ തന്റെ പരമോന്നത സൃഷ്ടിയായ മനുഷ്യൻ സ്വതന്ത്രമായി തന്നോടു പ്രതികരിക്കണമെന്നു കല്പിച്ചിരിക്കുന്നു. വിശ്വാസത്താൽ പ്രതികരിക്കാത്തവർ അവരുടെ അവിശ്വാസത്തിൽ കഠിനപ്പെടുന്നു (അതായത് അവരുടെ തിരഞ്ഞെടുപ്പ് അന്തിമമാണ്).

ഈ പശ്ചാത്തലത്തിലാണ്, ആദാമിന്റെ സകല സന്തതികളെയും വീണ്ടെടുക്കാനുള്ള ദൈവിക പദ്ധതി പൗലൊസ് പ്രസ്താവിക്കുന്നത്. യെഹൂദന്റെ അവിശ്വാസം ജാതികൾക്ക് വിശ്വാസത്തിന്റെ വാതിൽ തുറന്നുകൊടുക്കുകയും അസൂയയിലൂടെ ദേശീയ യിസ്രായേലിനെ യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു. അത് ഉൾപ്പെടുത്തലിന്റെ പദ്ധതിയായിരുന്നു (ഒ.നോ. എഫെ. 2:11–3:13) അല്ലാതെ ഒഴിവാക്കാനുള്ളതായിരുന്നില്ല! കഠിനമാക്കൽ ഒരു വലിയ വിളവിനു സഹായിച്ചു (ഉദാ. ഫറവോൻ)!

**റോമർ 11:11–16**

**[11]എന്നാൽ അവർ വീഴേണ്ടതിന്നോ ഇടറിയതു എന്നു ഞാൻ ചോദിക്കുന്നു. ഒരുനാളും അല്ല; അവർക്കു എരിവു വരുത്തുവാൻ അവരുടെ ലംഘനം ഹേതുവായി ജാതികൾക്കു രക്ഷ വന്നു എന്നേയുള്ളു. [12]എന്നാൽ അവരുടെ ലംഘനം ലോകത്തിന്നു ധനവും അവരുടെ നഷ്ടം ജാതികൾക്കു സമ്പത്തും വരുവാൻ കാരണമായി എങ്കിൽ അവരുടെ യഥാസ്ഥാനം എത്ര അധികം? [13]എന്നാൽ ജാതികളായ നിങ്ങളോടു ഞാൻ പറയുന്നതു: ജാതികളുടെ അപ്പൊസ്തലനായിരിക്കയാൽ [14]ഞാൻ എന്റെ സ്വജാതിക്കാർക്കു വല്ലവിധേനയും സ്പർദ്ധ ജനിപ്പിച്ചു, അവരിൽ ചിലരെ രക്ഷിക്കാമെങ്കിലോ എന്നുവെച്ചു തന്നേ ഞാൻ എന്റെ ശുശ്രൂഷയെ പുകഴ്ത്തുന്നു. [15]അവരുടെ ഭ്രംശം ലോകത്തിന്റെ നിരപ്പിന്നു ഹേതുവായി എങ്കിൽ അവരുടെ അംഗീകരണം മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെ എന്താകും? [16]ആദ്യഭാഗം വിശുദ്ധം എങ്കിൽ പിണ്ഡം മുഴുവനും അങ്ങനെ തന്നേ; വേർ വിശുദ്ധം എങ്കിൽ കൊമ്പുകളും അങ്ങനെ തന്നേ.**

**11:11 "എന്നു ഞാൻ ചോദിക്കുന്നു"** 11:1 നു സമാനമായി അതേ ആവർത്തിച്ചുള്ള പ്രയോഗമാണിത്. ഇത് പൗലൊസിന്റെ ദൈവശാസ്ത്രപരമായ വാദത്തെ മറ്റൊരു രീതിയിൽ അവതരിപ്പിക്കുന്നു. വാ. 1–11 ൽ എല്ലാ യിസ്രായേലും ദൈവത്താൽ തള്ളപ്പെട്ടില്ല; വാ. 11–24 ൽ യിസ്രായേലിന്റെ തിരസ്കരണം എന്നേക്കുമുള്ളതല്ല; അതു സോദ്ദേശ്യപരമാണ്. അതിലൂടെ ജാതികളെ ഉൾപ്പെടുത്തി.

▣

| | |
|---|---|
| **NASB** | **"അവർ വീഴേണ്ടതിന്നോ ഇടറിയത്"** |
| **NKJV, NRSV** | **"അവർ വീഴേണ്ടതിനാണോ ഇടർച്ച സംഭവിച്ചത്"** |
| **TEV** | **"യെഹൂദൻ ഇടറിയപ്പോൾ അവർ അവർ വീണു നശിച്ചോ"** |
| **NJB** | **"യെഹൂദൻ എന്നേക്കുമായി വീണോ, അതോ അവർ ഇടറിയതേയുള്ളോ"** |

"ഇല്ല" എന്ന ഉത്തരമാണ് ഈ ചോദ്യം പ്രതീക്ഷിക്കുന്നത്. യിസ്രായേലിന്റെ അവിശ്വാസം ഒരു സ്ഥിരമായ അവസ്ഥയല്ല.

▣

| | |
|---|---|
| **NASB** | **"അവരുടെ ലംഘനത്താൽ"** |
| **NKJV** | **"അവരുടെ വീഴ്ചയിലൂടെ"** |
| **NRSV** | **"അവരുടെ ഇടർച്ചയിലൂടെ"** |
| **TEV** | **"അവർ പാപം ചെയ്തതിനാൽ"** |
| **NJB** | **"അവരുടെ വീഴ്ച"** |

സന്ദർഭവശാൽ, ഇത് യിസ്രായേൽ മശിഹായെന്ന നിലയിൽ യേശുവിനെ തള്ളിക്കളഞ്ഞതിനെ സൂചിപ്പിക്കുന്നു (ഒ.നോ. വാ. 12).

▣ **"ജാതികൾക്കു രക്ഷ വന്നു"** ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാരെ സംബന്ധിച്ച് ഇത് എത്രമാത്രം ഞെട്ടലുളവാക്കുന്ന പ്രസ്താവനയാണ് (ഒ.നോ. വാ. 12; പ്രവൃ. 13:46; 22:21; 28:28).

▣ **"സ്പർദ്ധ ജനിപ്പിച്ചു"** "സ്പർദ്ധ" എന്ന പദം 10:19ലും 11:14ലും കാണാം. (വാ. 11 ൽ മലയാളം ബൈബിളിൽ ഈ പദം കാണുന്നില്ല, ഇംഗ്ലീഷിൽ കാണാം.) ജാതികളെ ഉൾപ്പെടുത്താനുള്ള ദൈവിക പദ്ധതിക്ക് രണ്ടു ലക്ഷ്യങ്ങളാണുള്ളത്.

1. സകല മനുഷ്യർക്കുമുള്ള ദൈവിക വീണ്ടെടുപ്പ്
2. മാനസാന്തരപ്പെടുന്ന ഒരു യെഹൂദ ശേഷിപ്പിന്റെ വ്യക്തിപരമായ വിശ്വാസത്തിലേക്കുള്ള ദൈവിക യഥാസ്ഥാപനം

#2 ൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നുവോ എന്നു ഞാൻ വ്യക്തിപരമായി അതിശയിക്കുന്നു

1. ഒരു അന്ത്യകാല യെഹൂദ ഉണർവ്വ് (ഒ.നോ. സെഖ. 12:10)

2. ഒന്നാം നൂറ്റാണ്ടിലെയും എല്ലാ നൂറ്റാണ്ടുകളിലെയുമുള്ള യെഹൂദ വിശ്വാസികൾ
3. ആധുനിക മശിഹൈക സിനഗോഗുകൾ വാഗ്ദത്തപ്രകാരമുള്ള നിവൃത്തിയായിരിക്കാം

**11:12-14** ഈ വാക്യങ്ങളിൽ, ജാതികളുടെ വിശ്വാസത്തോടു ബന്ധപ്പെട്ട യെഹൂദന്റെ അവിശ്വാസത്തോടു ബന്ധപ്പെട്ടുള്ള പത്തു സോപാധിക വാചകങ്ങളുടെ പരമ്പര കാണാം. വാ. 12,14,15,16,17,18,21,24 എന്നിവ എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകങ്ങളാണ്. അതേസമയം വാ. 22,23 എന്നിവ ക്രിയാത്മക ഭാവികാല പ്രവൃത്തികളെ സൂചിപ്പിക്കുന്ന മൂന്നാംതരം സോപാധിക വാചകങ്ങളാണ്.

**11:12**

**NASB** **"അവരുടെ പൂർത്തീകരണം എത്ര അധികം"**
**NKJV** **"അവരുടെ പൂർണ്ണത എത്ര അധികം"**
**NRSV** **"അവരുടെ പൂർണ്ണ ഉൾപ്പെടുത്തൽ എത്ര അധികമായിരിക്കും"**
**TEV** **"യെഹൂദന്റെ പൂർണ്ണസംഖ്യ ചേർന്നുകഴിയുമ്പോൾ അനുഗ്രഹം എത്ര വലുതായിരിക്കും"**
**NJB** **"അവരുടെ എല്ലാവരുടെയും മാനസാന്തരത്തെത്തുടർന്ന് നേട്ടം എത്ര വലുതായിരിക്കുമെന്ന് ചിന്തിക്കുക"**

വ്യാഖ്യാനത്തിന്റെ താക്കോൽ "അവരുടെ പൂർണ്ണത" എന്ന പദത്തിന്റെ അർത്ഥമാണ്. അതു ബന്ധപ്പെട്ടിരിക്കുന്നത് (1) യെഹൂദന്മാർ രക്ഷിക്കപ്പെടുന്നത്, വാ, 14b, 26a അഥവാ (2) തിരഞ്ഞെടുക്കപ്പെട്ട വിശ്വസിക്കുന്ന യെഹൂദന്മാരും വിശ്വസിക്കുന്ന ജാതികളും ഉൾപ്പെട്ട സംഖ്യ?

**11:13 "എന്നാൽ ജാതികളായ നിങ്ങളോടു ഞാൻ പറയുന്നതു"** അ. 9-11, "എന്തുകൊണ്ടാണ് യെഹൂദ മശിഹാ യെഹൂദന്മാരാൽ തരസ്കരിക്കപ്പെട്ടത് എന്ന ചോദ്യത്തിന് മറുപടി പറയുന്ന സാഹിത്യയൂണിറ്റ് ഉൾപ്പെട്ടതാണ്. എങ്കിലും, എന്തുകൊണ്ടാണ് ഈ ചോദ്യം ചോദിക്കാൻ പൗലൊസിനു തോന്നിയത് എന്ന ചോദ്യം അവശേഷിക്കുന്നു.

വാ. 13-24,25C എന്നിവ റോമിലെ സഭയിൽ വംശീയ യെഹൂദന്മാരും ജാതികളും തമ്മിലുണ്ടായ ഒരു പ്രശ്നത്തെ സൂചിപ്പിക്കുന്നു. അത് വിശ്വസിക്കുന്ന യെഹൂദന്മാരും വിശ്വസിക്കുന്ന ജാതികളും തമ്മിലാണോ അതോ വിശ്വസിക്കുന്ന ജാതികളും അവിശ്വാസികളായ യെഹൂദന്മാരും (സിനഗോഗ്) തമ്മിലാണോ എന്നു നിശ്ചയമില്ല.

▣ **"ജാതികളുടെ അപ്പൊസ്തലനായിരിക്കയാൽ"** ജാതീയ ലോകത്തോടു സുവിശേഷം അറിയിക്കുവാൻ താൻ പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് പൗലൊസിനു ബോധ്യമുണ്ടായിരുന്നു (ഒ.നോ. പ്രവൃ. 9:15; 22:21; 26:17; റോമ. 1:5; 15:16; ഗലാ. 1:16; 2:7,9; 1 തിമൊ. 2:7; 2 തിമൊ. 4:17).

**11:14 "ചിലരെ രക്ഷിക്കാമെങ്കിലോ എന്നുവെച്ചു "** ഇതാണ് പൗലൊസിന്റെ സുവിശേഷ വിളി. ചിലർ സുവിശേഷത്തോടു പ്രതികരിക്കുമെന്നും (ഒ.നോ. 1 കൊരി. 1:21) ചിലർ നിരസിക്കുമെന്നും (ഒ.നോ. 1 കൊരി. 9:22) അവൻ അറിഞ്ഞിരുന്നു. ഇതാണ് തിരഞ്ഞെടുപ്പിന്റെ മർമ്മം (പ.നി., പു.നി.)!

▣

**NASB, NKJV** **"ഞാൻ എന്റെ ശുശ്രൂഷയെ പുകഴ്ത്തുന്നു"**
**NRSV** **"ഞാൻ എന്റെ ശുശ്രൂഷയെ മഹത്വീകരിക്കുന്നു"**
**TEV** **"ഞാൻ എന്റെ വേലയിൽ പ്രശംസിക്കുന്നു"**
**NJB** **"ഞാൻ അയയ്ക്കപ്പെട്ടതിൽ അഭിമാനിക്കുന്നു"**

"പുകഴ്ത്തുക" എന്ന പദത്തിന് (1) നന്ദിയുള്ളവനായിരിക്കുക, (2) അഭിമാനിക്കുക (3) ഒരു കാര്യത്തെ പരമാവധി പ്രയോജനപ്പെടുത്തുക എന്നീ അർത്ഥങ്ങളുണ്ട്. റോമിലെ സഭയിൽ നിലനിന്ന പ്രശ്നത്തെ ഇതു സൂചിപ്പിക്കുന്നു. പൗലൊസ് (1) ജാതികളെ സേവിക്കുന്നതിൽ സന്തുഷ്ടനായിരുന്നു, (2) തന്റെ ശുശ്രൂഷ അവിശ്വാസികളായ യെഹൂദന്മാരെ അസൂയാലുക്കളാക്കുകയും തന്മൂലം അവർ രക്ഷിക്കപ്പെടുകയും ചെയ്യുന്നു എന്നു മനസ്സിലാക്കി (ഒ.നോ. വാ. 11,14; 9:1-3).

11:15 പഴയ നിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ട യിസ്രായേലിന്റെ ഭ്രംശം എന്നത് (വാ. 1 ലെ "തള്ളിക്കളയുക" എന്നതിൽനിന്നും വ്യത്യസ്തമായ പദം) സകല മാനവരാശിയുടെയും (*കോസ്മോസ്-**κοσμος***) വീണ്ടെടുപ്പിനുള്ള ദൈവിക പദ്ധതിയുടെ ഭാഗമായിരുന്നു. യെഹൂദന്റെ സ്വയ-നീതിയും വംശീയ ധാർഷ്ട്യവും നിയമവാദവും വിശ്വാസത്തിന്റെ ആവശ്യകതയെ ഊന്നിപ്പറയുന്നു (ഒ.നോ. 9:30-33). മാനുഷിക പ്രകടനമല്ല, യഹോവയിലും അവന്റെ മശിഹായിലുമുള്ള വിശ്വാസമാണ് ശരിയായ നില്പിന്റെ താക്കോൽ. എങ്കിലും ഓർക്കുക, യിസ്രായേലിനെ തള്ളിക്കളഞ്ഞത് സകല മാനവരാശിയുടെയും വീണ്ടെടുപ്പ് സാധ്യമാക്കുന്നതിനായിരുന്നു. യെഹൂദന്റെയായാലും ജാതികളുടെയായാലും മാനുഷിക ശ്രേഷ്ഠതയ്ക്ക് ഒരു സ്ഥാനവുമില്ല. റോമിലെ സഭ അത്യാവശ്യം കേട്ടിരിക്കേണ്ട ദൂതായിരുന്നു ഇത് എന്നു വ്യക്തമാണ്.

▣ **"ലോകത്തിന്റെ നിരപ്പിന്നു"** ഇത് "ദൈവത്തിന്റെ നീതി" എന്നതിന് ദൈവശാസ്തരപരമായി സമാന്തരമാണ്. സംയുക്തപദം *കാറ്റാ* അധികം *അലാസ്സോ* (മാറുക, പകരംവെയ്ക്കുക, രൂപാന്തരപ്പെടുക) എന്നിങ്ങനെയാണു വന്നത്. പകയുടെ സ്ഥാനത്ത് സമാധാനം സ്ഥാപിക്കുക അഥവാ പ്രീതി പുനഃസ്ഥാപിക്കുക എന്ന അർത്ഥമാണിതിനുള്ളത് (ഒ.നോ. റോമ. 5:11; 11:15; 2 കൊരി. 5:18,19). ഏദെനിലെ കൂട്ടായ്മ പുനഃസ്ഥാപിക്കാൻ ദൈവം

ആഗ്രഹിക്കുന്നു. പാപം ആ കൂട്ടായ്മയെ തകർത്തു, എന്നാൽ വിശ്വസിക്കുന്നവരിൽ ക്രിസ്തു ദൈവത്തിന്റെ സാദൃശ്യം പുനഃസ്ഥാപിക്കുന്നു. അവർ നിരപ്പിലേക്കു വരികയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നു (വാ. 15 ലെ സമാന്തരത്വം). മനുഷ്യവർഗ്ഗത്തിന് ഈ അടുപ്പം സ്ഥാപിക്കുവാൻ കഴികയില്ല, പക്ഷേ ദൈവത്തിനു കഴിയും, മാത്രമല്ല അവനതു ചെയ്തു!

▣ **"മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെ"** സന്ദർഭം സൂചിപ്പിക്കുന്നത് ദേശീയ യിസ്രായേലിനെയാണ്, അതുകൊണ്ട്

1. ഈ പ്രയോഗം ദേശീയ യിസ്രായേലിന്റെ യഥാസ്ഥാപനത്തെയാണോ സൂചിപ്പിക്കുന്നത്
2. ഈ പ്രയോഗം യെഹൂദന്റെയും ജാതികളുടെയും "പൂർണ്ണ സംഖ്യ"യെയാണോ സൂചിപ്പിക്കുന്നത് (ഒ. നോ. ആത്മീയ യിസ്രായേൽ, ഒ.നോ. 9:6; 11:25–26)
3. ഈ പ്രയോഗം (ഒ.നോ. 6:13) പുതുയുഗ ജീവൻ, പുനരുത്ഥാന ജീവനെയാണോ സൂചിപ്പിക്കുന്നത്?

എനിക്കിഷ്ടം #3 ആണ്. എന്റെ കാരണങ്ങൾക്ക് വെളിപ്പാടുപുസ്തക വ്യാഖ്യാനത്തിലെ "നിർണ്ണായക ആമുഖ പ്രസ്താവനകൾ" കാണുക. www.freebiblecommentary.org.

**11:16 "ആദ്യഭാഗം വിശുദ്ധം എങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. സംഖ്യ. 15:17–21 ന്റെ സൂചനയാണിത്. വിളവു മുഴുവനും ദൈവത്തിന്റെ വകയാണെന്നു കാണിക്കുന്നതിനായി ദൈവത്തിനു നൽകുന്ന ആദ്യഫലം (അഥവാ ദശാംശം) എന്ന പഴയ നിയമ ആശയത്തിനു തുല്യമായ സാദൃശ്യമാണിത്.

വിശ്വസിക്കുന്ന പുരാതന യെഹൂദ ശേഷിപ്പിന് ഇപ്പോഴും മുഴുജനതയുടെമേലും സ്വാധീനമുണ്ട് (ഒ.നോ. ഉല്പ. 18:27–33; 2 ദിന. 7:14). "ആദ്യഭാഗം" എന്ന സാദൃശ്യം "വേര്" (ഒ.നോ. യിരെ. 11:16–17) എന്ന സാദൃശ്യത്തിനു സമാന്തരമാണ്. രണ്ടും പഴയ നിയമ യിസ്രായേലിലെ (ഒ.നോ. വാ. 28) വിശ്വസ്തഗണത്തെ അർത്ഥാൽ ഗോത്രപിതാക്കളെ സൂചിപ്പിക്കുന്നു (അതാ. വാ. 16–17 ലെ "വേര്").

### റോമർ 11:17–24

**17കൊമ്പുകളിൽ ചിലതു ഒടിച്ചിട്ടു കാട്ടൊലീവായ നിന്നെ അവയുടെ ഇടയിൽ ഒട്ടിച്ചുചേർത്തു
ഒലീവുമരത്തിന്റെ ഫലപ്രദമായ വേരിന്നു പങ്കാളിയായിത്തീർന്നു എങ്കിലോ, കൊമ്പുകളുടെ നേരെ
പ്രശംസിക്കരുതു. 18പ്രശംസിക്കുന്നുവെങ്കിൽ നീ വേരിനെ അല്ല വേർ നിന്നെയത്രേ ചുമക്കുന്നു എന്നു
ഓർക്ക. 19എന്നാൽ എന്നെ ഒട്ടിക്കേണ്ടതിന്നു കൊമ്പുകളെ ഒടിച്ചുകളഞ്ഞു എന്നു നീ പറയും. 20ശരി;
അവിശ്വാസത്താൽ അവ ഒടിഞ്ഞുപോയി; വിശ്വാസത്താൽ നീ നില്ക്കുന്നു; ഞെളിയാതെ ഭയപ്പെടുക.
21സ്വാഭാവിക കൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കും.
22ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാൺക; വീണവരിൽ ദൈവത്തിന്റെ ഖണ്ഡിതവും;
നിന്നിലോ നീ ദയയിൽ നിലനിന്നാൽ ദയയും തന്നേ; അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും. 23അവിശ്വാസ
ത്തിൽ നില നില്ക്കാഞ്ഞാൽ അവരെയുംകൂടെ ഒട്ടിക്കും; അവരെ വീണ്ടും ഒട്ടിപ്പാൻ ദൈവം ശക്തനല്ലോ.
24സ്വഭാവത്താൽ കാട്ടുമരമായതിൽനിന്നു നിന്നെ മുറിച്ചെടുത്തു സ്വഭാവത്തിന്നു വിരോധമായി നല്ല
ഒലീവുമരത്തിൽ ഒട്ടിച്ചു എങ്കിൽ, സ്വാഭാവികകൊമ്പുകളായവരെ സ്വന്തമായ ഒലീവുമരത്തിൽ എത്ര
അധികമായി ഒട്ടിക്കും.**

**11:17–24** ഈ ഖണ്ഡികയിലെ "നീ" എന്നത് അതിശയകരമാംവിധം ഏകവചനമാണ് (വാ. 25 ൽ ബഹുവചനം വീണ്ടും പ്രത്യക്ഷപ്പെടുന്നു). എന്താണിതിനർത്ഥം?

1. സകല ജാതികളുടെയും പ്രതീകമായി ഒരു ജാതീയൻ
2. റോമിലെ സഭയിൽ നിലനിന്ന യെഹൂദ, ജാതീയ നേതാക്കൾ തമ്മിലുള്ള കലഹം, തൽഫലമായി ഇപ്പോഴുള്ള ജാതീയ നേതൃത്വത്തെ സൂചിപ്പിക്കുന്നത് (ഒ.നോ. വാ. 18–20)

**11:17 "കൊമ്പുകളിൽ ചിലതു ഒടിച്ചിട്ടു"** അവിശ്വാസികളായ യിസ്രായേലിനെ സൂചിപ്പിക്കുന്നു (ഒ.നോ. വാ. 18,19, "സ്വാഭാവിക കൊമ്പുകൾ", വാ. 21).

▣ **"കാട്ടൊലിവായ"** സുവിശേഷ പ്രസംഗത്തോടു പ്രതികരിച്ച വിശ്വസിച്ച ജാതികളെ സൂചിപ്പിക്കുന്നു.

▣ **"ഒട്ടിച്ചുചേർത്തു"** വാ. 16 ൽ തുടങ്ങിയ കാർഷിക സാദൃശ്യം പൗലൊസ് തുടരുന്നു. കാട്ടൊലിവിനെ നല്ല വൃക്ഷത്തോട് ഒട്ടിക്കുന്നത് വിളവ് വർദ്ധിപ്പിക്കാൻ ഉതകും (ഒ.നോ. വാ. 24).

▣ **"ഒലിവുമരത്തിന്റെ"** ദേശീയ യിസ്രായേലിന്റെ പ്രതീകമാണിത് (ഒ.നോ. വാ. 24; സങ്കീ. 52:8; 128:3; യിരെ. 11:16; ഹോശേ. 14:6). യെഹൂദനും ജാതിയും തമ്മിലുള്ള ബന്ധം ചിത്രീകരിക്കാൻ പൗലൊസ് ഉപയോഗിക്കുന്ന രണ്ടാമത്തെ സാദൃശ്യമാണിത്.

▣ **"ഫലപ്രദമായ വേരിനു"** ആക്ഷരികമായ മൂലപ്രയോഗം "സമൃദ്ധിയുടെ വേര്" - UBS[4] ഇതിന് "B"റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത് - നൽകുന്നു) എന്നത് കയ്യെഴുത്തു പ്രതികളായ א*, B, C എന്നിവയിൽ കാണുന്നു. എന്നാൽ

ഇതിനെ കുറെക്കൂടി ഗ്രാഹ്യമായ രീതിയിൽ വ്യഖ്യാനിക്കുന്ന വാക്യങ്ങൾ നിരവധി കയ്യെഴുത്തു പ്രതികളിൽ കാണാം.

▣ **"എങ്കിലോ"** 11:12-24 ന്റെ കുറിപ്പ് കാണുക.

**11:18 "കൊമ്പുകളുടെ നേരെ പ്രശംസിക്കരുതു"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്ന അർത്ഥ ത്തിൽ നിഷേധാത്മക ഘടകം ചേർന്ന വർത്തമാനകാല വിധിരൂപമാണിത്. ഈ വാക്യവും വാ. 13,20,25 ഉം റോമിലെ സഭയിൽ വിശ്വാസികളായ യെഹൂദരും വിശ്വാസികളായ ജാതികളും തമ്മിൽ പ്രശ്നമുണ്ടെന്നു സൂചി പ്പിക്കുന്നു.

**11:19-20** വാ. മറ്റൊരു ഡയാട്രൈബ് (സാങ്കല്പിക പ്രതിവാദി) ആണ്. യെഹൂദൻ തിരസ്കരിക്കപ്പെട്ടത് എന്തു കൊണ്ടാണെന്നു പൗലൊസ് വിശദീകരിക്കുന്നു. ജാതികൾ കൂടുതൽ സ്നേഹിക്കപ്പെട്ടതിനാലല്ല, മറിച്ച് യെഹൂ ദൻ അവിശ്വസിച്ചതിനാലത്രേ. ദൈവത്തിന്റെ സ്നേഹംകൊണ്ടും അവരുടെ വിശ്വാസംകൊണ്ടും മാത്രമാണ് ജാതി കൾ ഉൾപ്പെടുത്തപ്പെട്ടത് (ഒ.നോ. ഉല്പ. 3:15). അസൂയ ഉളവാക്കിയതിലൂടെ യെഹൂദൻ ദൈവത്തിങ്കലേക്കു മട ങ്ങിവരുവാൻ അവർ കാരണവുമായി (ഒ.നോ. വാ. 11,14).

**11:20**
**NASB** **"എന്നാൽ നിന്റെ വിശ്വാസത്താൽ നീ നില്ക്കുന്നു"**
**NKJV** **"നീ വിശ്വാസത്താൽ നില്ക്കുന്നു"**
**NRSV** **"വിശ്വാസത്താൽ മാത്രം നീ നില്ക്കുന്നു"**
**TEV** **"നീ വിശ്വസിക്കുന്നതുകൊണ്ട് നിന്റെ സ്ഥാനത്തു നീ നില്ക്കുന്നു"**
**NJB** **"ഈ ഇപ്പോഴും നില്ക്കുന്നുവെങ്കിൽ അതിനു നിന്റെ വിശ്വാസത്തിനാണു നന്ദി പറയേണ്ടത്"**

ഇതൊരു പൂർണ്ണ കർത്തരി സൂചകമാണ്. എങ്കിലും പത്ത് സോപാധിക വാചകങ്ങളുടെ സന്ദർഭത്തിലാ ണതു വരുന്നത്. ദൈവത്തിന്റെ മുമ്പിലുള്ള നമ്മുടെ നില്പ് വിശ്വാസത്താലാണ് ആയിരിക്കുന്നതും തുടരുന്നതും. വിശ്വാസം നിന്നാൽ നമ്മുടെ നില്പും നില്ക്കും. രക്ഷ എന്നത് (1) ഒരു പ്രാരംഭ വിശ്വാസ പ്രതികരണവും (2) വിശ്വാസത്തിൽ തുടരുന്ന അവസ്ഥയും (3) വിശ്വാസത്തിന്റെ തുടരുന്ന പ്രക്രിയയും (4) വിശ്വാസത്തിന്റെ അന്തിമ പൂർത്തീകരണവുമാണ്. ഈ വേദപുസ്തക സത്യങ്ങളിൽ ഒന്നിൽ മാത്രം ഊന്നൽ നൽകുന്ന ഏതു ദൈവ ശാസ്ത്ര സംവിധാനത്തെയും സൂക്ഷിക്കേണ്ടതാണ്. 10:4 ലെ പ്രത്യേക പഠനവിഷയം: രക്ഷയ്ക്ക് ഉപയോഗിച്ചിരി ക്കുന്ന ഗ്രീക്കു ക്രിയാ കാലങ്ങൾ കാണുക.

ദൈവമാണ് രക്ഷയുടെ നായകനും തുടക്കമിടുന്നവനും നിലനിർത്തുന്നവനും പൂർത്തിവരുത്തുന്നവനും എങ്കിലും അത് ഉടമ്പടിക്കനുസരണമായിട്ടായിരിക്കും. ആ പ്രക്രിയയുടെ ഓരോ ചുവടിലും പാപികളായ മനുഷ്യ വർഗ്ഗം മാനസാന്തരത്താലും വിശ്വാസത്താലും പ്രതികരിക്കുകയും പ്രതികരിച്ചുകൊണ്ടിരിക്കയും വേണം എന്ന് ദൈവം ആവശ്യപ്പെടുന്നു. അവൻ അനുസരണവും ക്രിസ്തുസാദൃശ്യവും സ്ഥിരോത്സാഹവും ആവശ്യപ്പെടുന്നു!

▣
**NASB** **"വഞ്ചിക്കപ്പെടാതെ ഭയപ്പെടുക"**
**NKJV** **"ഞെളിയാതെ ഭയപ്പെടുക"**
**NRSV** **"അഹങ്കരിക്കരുത്, ഭയത്തോടെ നില്ക്കുക"**
**TEV** **"അതിനെക്കുറിച്ച് അഹങ്കരിക്കരുത്; മറിച്ച് ഭയപ്പെടുക"**
**NJB** **"നീ നിഗളിക്കുന്നതിനുപകരം, നിന്നെത്തന്നെ ഭയമുള്ളവനാക്കുക"**

ഈ രണ്ടു പ്രസ്താവനകളും വർത്തമാനകാല വിധിരൂപമാണ്. ആദ്യഭാഗത്ത് നിഷേധാത്മക ഘടകമുണ്ട്. അതിനർത്ഥം തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്നാണ്. റോമിലെ സഭയിലെ ഒരു പ്രശ്ന ത്തെയാണതു സൂചിപ്പിക്കുന്നത്. ഭയത്തിന്റെ കാരണം വാ. 21 ൽ സൂചിപ്പിച്ചിരിക്കുന്നു.

**11:21 "നിന്നെയും ആദരിക്കാതെ വന്നേക്കും"** യിസ്രായേൽ പിന്മാറി നിഗളത്താലും അവിശ്വാസത്താലും യഹോ വയിങ്കൽനിന്ന് അകന്നുപോയതുപോലെ സഭ നിഗളത്താലും സ്വയ-നീതിയാലും ക്രിസ്തുവിലുള്ള വിശ്വാസം ത്യജിച്ചാൽ അവരെയും നീക്കിക്കളയും. പ്രാരംഭ വിശ്വാസത്തെ തുടർന്ന് ജീവിതശൈലീ വിശ്വാസം ഉണ്ടാകണം (ഒ.നോ. മത്താ. 13:1-23; മർക്കൊ. 4:1-12; ലൂക്കൊ. 8:4-10). നിഗളത്തോട് നിരന്തരം എതിർത്തുനില്ക്കണം. നാം ആകുന്നതു ദൈവകൃപയാലാകുന്നു. ക്രിസ്തുവിൽ ആശ്രയിക്കുന്ന സകലരും നമ്മുടെ സഹോദരീസഹോദര ന്മാരാകുന്നു.

## പ്രത്യേക പഠനവിഷയം: പിന്മാറ്റം (*അഫിസ്റ്റീമി* - *αφιστημι*)

(*അഫിസ്റ്റീമി* - ***αφιστημι***) എന്ന ഗ്രീക്കു പദത്തിന് വളരം വിശാലമായ ഭാഷാപരമായ തലമുണ്ട്. ഇംഗ്ലീ ഷിലെ *അപ്പോസ്റ്റസി* ഇതിൽനിന്നുണ്ടായതാണ്. ആധുനിക വായനക്കാരിൽ മുൻവിധി നിറയ്ക്കാൻ പര്യാ

പ്തമാണ് ആ പദം. വർത്തമാനകാല നിർവ്വചനമല്ല, സന്ദർഭമാണ് അർത്ഥം മനസ്സിലാക്കാനുള്ള താക്കോൽ.

"...ൽനിന്ന്" എന്നർത്ഥമുള്ള *അപ്പോ*, "ഇരിക്കുക," "നിൽക്കുക," "ഉറപ്പിക്കുക" എന്നർത്ഥമുള്ള *ഹിസ്റ്റെമി* എന്നീ പദങ്ങളുടെ സംയുക്തമാണിത്. താഴെക്കൊടുത്തിരിക്കുന്ന (വേദശാസ്ത്രപരമല്ലാത്ത) ഉപയോഗങ്ങൾ ശ്രദ്ധിക്കുക:

1. ഭൗതികമായി നീക്കം ചെയ്യുക
    a. ദൈവാലയത്തിൽനിന്നും, ലൂക്കൊ. 2:37
    b. ഒരു വീട്ടിൽനിന്നും, മർക്കൊ. 13:34
    c. ഒരു വ്യക്തിയിൽനിന്നും, മർക്കൊ. 12:12; 14:50; പ്രവൃ. 5:38
    d. സകല കാര്യത്തിൽനിന്നും, മത്താ. 19:27,29
2. രാഷ്ട്രീയമായി നീക്കം ചെയ്യുക, പ്രവൃ. 5:37
3. ആപേക്ഷികമായി നീക്കം ചെയ്യുക, പ്രവൃ. 5:38; 15:38; 19:9; 22:29
4. നിയമപരമായി നീക്കം ചെയ്യുക (വിവാഹമോചനം), ആവ. 24:1,3 (LXX), മത്താ. 5:31; 19:7; മർക്കൊ. 10:4; 1 കൊരി. 7:11
5. ഒരു കടം നീക്കം ചെയ്യുക, മത്താ. 18:24
6. വിട്ടുപോകുന്നതിലൂടെ കരുതലില്ലായ്മ വെളിപ്പെടുത്തുക, മത്താ. 4:20; 22:27; യോഹ. 4:28; 16:32
7. വിട്ടുപോകാതിരിക്കുന്നതിലൂടെ കരുതൽ വെളിപ്പെടുത്തുക, യോഹ. 8:29; 14:18
8. അനുവദിക്കുക, സമ്മതിക്കുക, മത്താ. 13:30; 19:14; മർക്കൊ. 14:6; ലൂക്കൊ. 13:8

ദൈവശാസ്ത്രപരമായ അർത്ഥത്തിൽ ക്രിയയ്ക്ക് വിശാലമായ ഉപയോഗമാണുള്ളത്:

1. അസാധുവാക്കുക, ക്ഷമിക്കുക, പാപത്തിന്റെ കുറ്റം ക്ഷമിക്കുക, പുറ. 32:32 (LXX); സംഖ്യ. 14:19; ഇയ്യോ. 42:10; പുതിയ നിയമം, മത്താ. 6:12,14–15; മർക്കൊ. 11:25–26
2. പാപത്തിൽനിന്ന് ഒഴിഞ്ഞിരിക്കുക, 2 തിമൊ. 2:19
3. അകന്നു നിൽക്കുന്നതിലൂടെ അവഗണിക്കുക:
    a. ന്യായപ്രമാണം, മത്താ. 23:23; പ്രവൃ. 21:21
    b. വിശ്വാസം, യെഹെ. 20:8 (LXX); ലൂക്കൊ. 8:13; 2 തെസ്സ. 2:3; 1 തിമൊ. 4:1; എബ്രാ. 2:13

പുതിയ നിയമ എഴുത്തുകാർ ഒരിക്കലും ചിന്തിച്ചിട്ടുപോലുമില്ലാത്ത അനേക ദൈവശാസ്ത്ര ചോദ്യങ്ങൾ ആധുനിക വിശ്വാസികൾ ചോദിക്കും. ഇതിലൊന്ന് വിശ്വാസത്തെ വിശ്വസ്തതയിൽനിന്നും അകറ്റി നിർത്തുവാനുള്ള പ്രവണതയിൽനിന്നും വന്നതാണ്.

ദൈവജനത്തിൽ ഉൾപ്പെട്ടവരായ ചില ആളുകളെക്കുറിച്ചു ബൈബിളിൽ പറയുന്നുണ്ട്. അവർക്കു ചിലതു സംഭവിച്ചു.

I. പഴയ നിയമം
    A. ഒറ്റുനോക്കാൻ പോയ 12 (10) പേരുടെ റിപ്പോർട്ടു കേട്ടവർ, സംഖ്യ. 14 (ഒ.നോ. എബ്രാ. 3:16–19)
    B. കോരഹ്, സംഖ്യാ. 16
    C. ഏലിയുടെ പുത്രന്മാർ, 1 ശമൂ. 2, 4
    D. ശൗൽ, 1 ശമൂ. 11–31
    E. കള്ളപ്രവാചകന്മാർ (ഉദാഹരണങ്ങൾ)
        1. ആവ. 13:1–15; 18:19–22 (കള്ളപ്രവാചകനെ തിരിച്ചറിയാനുള്ള വഴികൾ)
        2. യിരെമ്യാവ് 28
        3. യെഹെസ്കേൽ 13:1–7
    F. കള്ളപ്രവാചകിമാർ
        1. യെഹെസ്കേൽ 13:17
        2. നെഹെമ്യാവ് 6:14
    G. യിസ്രായേലിന്റെ ദുഷ്ട പ്രമാണിമാർ (ഉദാഹരണങ്ങൾ)
        1. യിരെമ്യാവ് 5:30–31; 8:1–2; 23:1–4
        2. യെഹെസ്കേൽ 22:23–31
        3. മീഖാ 3:5–12
II. പുതിയ നിയമം
    A. ഈ ഗ്രീക്കു പദം അക്ഷരാർത്ഥത്തിൽ *പിന്മാറ്റുക* എന്നാണ്. രണ്ടാം വരവിനുമുമ്പ് ദുഷ്ടവും വ്യാജവുമായ ഉപദേശങ്ങളുടെ തീവ്രത വർദ്ധിക്കുമെന്ന് പഴയ നിയമവും പുതിയ നിയമവും ഒരുപോലെ മുന്നറിയിപ്പു തരുന്നു (ഒ.നോ. മത്താ. 24:24; മർക്കൊ. 13:22; പ്രവൃ. 20:29,30; 2 തെസ്സ. 2:9–12; 2 തിമൊ. 4:4). ഈ ഗ്രീക്കുപദം, മത്താ. 13; മർക്കൊ. 4; ലൂക്കൊസ് 8 എന്നിവിടങ്ങളിൽ കാണുന്ന വിതകാരന്റെ ഉപമയിൽ യേശു പറഞ്ഞ വാക്കുകളെ പ്രതിഫലിപ്പിക്കുന്നു. ഈ കള്ള ഉപദേഷ്ടാക്കൾ വിശ്വാസികളല്ലെന്നു വ്യക്തമാണ്, എങ്കിലും അവർ ഉള്ളിൽനിന്നും വന്നവരാണ് (ഒ.നോ. പ്രവൃ. 20:29–30; 1 യോഹ.

2:19).; എങ്കിലും അപക്വ വിശ്വാസികളെ നശിപ്പിക്കുവാനും പിടിച്ചെടുക്കുവാനും അവർക്കു കഴിയും (ഒ.നോ. എബ്രാ. 3:12).

കള്ള ഉപദേഷ്ടാക്കൾ എപ്പോഴെങ്കിലും വിശ്വാസികളായിരുന്നുവോ? എന്നതാണ് ദൈവശാസ്ത്ര ചോദ്യം. ഉത്തരം പറയാൻ പ്രയാസമുള്ള ചോദ്യമാണിത്, കാരണം അവർ പ്രാദേശിക സഭകളിലെ ദുരുപദേഷ്ടാക്കളായിരുന്നു (ഒ.നോ. 1 യോഹ. 2:18-19). പലപ്പോഴും നമ്മുടെ ദൈവശാസ്ത്ര അല്ലെങ്കിൽ സഭാവിഭാഗ പാരമ്പര്യങ്ങൾ ഇതിനുത്തരം നൽകുന്നത് കൃത്യമായ വേദപുസ്തക ഭാഗങ്ങൾ പഠിക്കാതെയാണ് (ഒരുവന്റെ വാദം സ്ഥാപിക്കുന്നതിനായി സന്ദർഭത്തിൽനിന്നും അടർത്തിയെടുത്ത് ഉദ്ധരിക്കുന്ന രീതിയാണു കാണാൻ കഴിയുന്നത്).

B. വിശ്വാസത്തിന്റെ വ്യക്തത

1. യൂദാ, യോഹ. 17:12
2. ശിമോൻ മാഗസ്, പ്രവൃ. 8
3. മത്താ. 7:13-23 ൽ പറഞ്ഞിരിക്കുന്നവർ
4. മത്താ. 13; മർക്കൊസ് 4; ലൂക്കൊസ് 8 എന്നിവിടങ്ങളിൽ പറഞ്ഞിരിക്കുന്നവർ
5. യോഹന്നാൻ 8:31-39 ലെ യെഹൂദന്മാർ
6. അലക്സന്തരും ഹുമനയൊസും, 1 തിമൊ. 1:19-20
7. 1 തിമൊ. 6:21 ലെ ആളുകൾ
8. ഹുമനയൊസും ഫിലെത്തോസും, 2 തിമൊ. 2:16-18
9. ദേമാസ്, 2 തിമൊ. 4:10
10. കള്ള ഉപദേഷ്ടാക്കൾ, 1 പത്രൊ. 2:19-22; യൂദാ വാ. 12-19
11. എതിർക്രിസ്തു, 1 യോഹ. 2:18-19

C. ഫലമില്ലാത്ത വിശ്വാസം

1. 1 കൊരി. 3:10-15
2. 2 പത്രൊസ് 1:8-11

ഇന്ന രീതിയിൽ പ്രതികരിക്കണമെന്ന് നിർദ്ദേശിക്കുന്ന നമ്മുടെ വ്യവസ്ഥിത ദൈവശാസ്ത്രം നിമിത്തം (കാൽവിനിസം, അർമ്മീനിയനിസം ആദി.) ഈ വേദഭാഗങ്ങളെക്കുറിച്ച് നാം അപൂർവ്വമായി മാത്രമേ ചിന്തിക്കാറുള്ളു. ഞാൻ ഈ വിഷയം എടുത്തിട്ടതിനാൽ എന്നെ മുൻവിധിയോടെ കാണരുത്. എന്റെ വിഷയം ശരിയായ വേദപുസ്തക വ്യാഖ്യാനമാണ്. ബൈബിൾ നമ്മോടു സംസാരിക്കുവാൻ അനുവദിക്കുക, മുൻകൂട്ടി തീരുമാനിച്ച ദൈവശാസ്ത്രത്തിലൂടെ അതിനെ രൂപപ്പെടുത്തുവാൻ ശ്രമിക്കരുത്. നമ്മുടെ ദൈവശാസ്ത്രത്തിലധികവും സഭാവിഭാഗപരവും സാംസ്കാരികപരവും അല്ലെങ്കിൽ ബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ളതും (പിതാവ്, മാതാവ്, പാസ്റ്റർ) ആണ് അല്ലാതെ വേദപുസ്തകാടിസ്ഥാനത്തിലുള്ളതല്ല എന്നത് വേദനാജനകവും ഞെട്ടിപ്പിക്കുന്നതുമാണ്. ദൈവജനത്തിലുൾപ്പെട്ട ചിലർ ദൈവജനമല്ലാതായിത്തീരുന്നു (റോമർ 9:6).

**11:22 "ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാൺക"** വീണുപോയ മനുഷ്യൻ ദൈവത്തിന്റെ വഴികൾ എപ്പോഴും വിരോധാഭാസമായി തോന്നാറുണ്ട് (ഒ.നോ. യെശ. 55:8-11). നമ്മുടെ തിരഞ്ഞെടുപ്പുകൾക്ക് പരിണിതഫലങ്ങളുണ്ട്. ദൈവിക തിരഞ്ഞെടുപ്പ് മനുഷ്യന്റെ ഉത്തരവാദിത്വങ്ങളെ അസാധുവാക്കുന്നില്ല. ദേശീയ യിസ്രായേലിന്റെ തിരഞ്ഞെടുപ്പ് ഓരോ വ്യക്തിയുടെയും രക്ഷ ഉറപ്പാക്കുന്നില്ല.

▣ **"നീ ദയയിൽ നിലനിന്നാൽ"** ഇത് വർത്തമാനകാല അനുബന്ധത്തോടുകൂടിയ മൂന്നാംതരം സോപാധിക വാചകമാണ്. ഇത് സൂചിപ്പിക്കുന്നത് വിശ്വസിക്കുന്ന ജാതികളുടെ സ്ഥിരത വ്യവസ്ഥാപിതമാണെന്നാണ്. നമ്മുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിൽ നാം ഉത്സുകരായിരിക്കണം (ഒ.നോ. ഫിലി. 2:12-13). ഒറ്റയ്ക്കും കൂട്ടായുമുള്ള സ്ഥിരോത്സാഹം ആവശ്യമായിരിക്കുന്നു (ഒ.നോ. ഗലാ. 6:9; വെളി. 2:7,17; 3:6,13,22). ബൈബിളിലെ സമൂഹപരമായതും വ്യക്തിപരമായതുമായ അനുഭവങ്ങളുടെ മർമ്മവും സംഘർഷവുമാണിത്. ബൈബിളിൽ വാഗ്ദത്തങ്ങളും (ദൈവിക സ്വഭാവത്തിനടിസ്ഥാനത്തിൽ) സോപാധിക ഉടമ്പടികളും (മാനുഷിക പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ) ഉണ്ട്. 8:25 ലെ പ്രത്യേക പഠനവിഷയം: സ്ഥിരോത്സാഹത്തിന്റെ ആവശ്യകത കാണുക.

**11:23** ഈ വാക്യം വാ. 22 ന്റെ വ്യാകരണപരവും ദൈവശാസ്ത്രപരവുമായ മാതൃക പിന്തുടരുന്നു. യെഹൂദന്മാർ മാനസാന്തരപ്പെട്ട് വിശ്വസിച്ചാൽ അവരെയും ഉൾപ്പെടുത്തും. ജാതികൾ വിശ്വസിക്കുന്നതു നിർത്തിയാൽ അവരെ തള്ളിക്കളയും (ഒ.നോ. വാ. 20). ക്രിസ്തുവിലുള്ള പ്രാരംഭ വിശ്വാസവും അവനിലുള്ള തുടർമാന വിശ്വാസവും രണ്ടുപേരുടെ കാര്യത്തിലും നിർണ്ണായകമാണ്.

### റോമർ 11:25-32

**[25]സഹോദരന്മാരേ, നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങൾക്കു തന്നേ തോന്നാതിരിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു; ജാതികളുടെ പൂർണ്ണ സംഖ്യ ചേരുവോളം യിസ്രായേലിന്നു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു. [26]ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്ക**

**പ്പെടും. "വിടുവിക്കുന്നവൻ സീയോനിൽനിന്നു വരും; അവൻ യാക്കോബിൽനിന്നു അഭക്തിയെ മാറ്റും. [27]ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം" എന്നു എഴുതിയിരിക്കുന്നുവല്ലോ. [28]സുവിശേഷം സംബന്ധിച്ചു അവർ നിങ്ങൾ നിമിത്തം ശത്രുക്കൾ; തിരഞ്ഞെടുപ്പു സംബന്ധിച്ചോ പിതാക്കന്മാർ നിമിത്തം പ്രിയന്മാർ. [29]ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ചു അനുതപിക്കുന്നില്ലല്ലോ. [30]നിങ്ങൾ മുമ്പെ ദൈവത്തെ അനുസരിക്കാതിരുന്നിട്ടു അവരുടെ അനുസരണക്കേടിനാൽ ഇപ്പോൾ കരുണ ലഭിച്ചതുപോലെ, [31]നിങ്ങൾക്കു ലഭിച്ച കരുണയാൽ അവർക്കു കരുണ ലഭിക്കേണ്ടതിന്നു അവരും ഇപ്പോൾ അനുസരിക്കാതിരിക്കുന്നു. [32]ദൈവം എല്ലാവരോടും കരുണ ചെയ്യേണ്ടതിന്നു എല്ലാവരെയും അനുസരണക്കേടിൽ അടെച്ചുകളഞ്ഞു.**

**11:25 "സഹോദരന്മാരേ, ... ഈ രഹസ്യം അറിയാതിരിക്കരുതു"** ഇതു പൗലൊസിന്റെ സവിശേഷ പ്രയോഗ മാണ് (ഒ.നോ. 1:13; 1 കൊരി. 10:1; 12:1; 2 കൊരി. 1:8; 1 തെസ്സ. 4:13). ശ്രദ്ധേയമായ ചർച്ച ആരംഭിക്കുകയാണിതി ലൂടെ ചെയ്യുന്നത്. യേശുവിന്റെ "ആമേൻ, ആമേൻ" എന്നതിനു സമാനമായ നിലയിൽ ഇതു പ്രവർത്തിക്കുന്നു. ഒരു പുതിയ വിഷയം ആരംഭിക്കുന്നു എന്നു കാണിക്കാനാണ് പൗലൊസ് പലപ്പോഴും ഇതുപയോഗിക്കുന്നത്.

▣

| | |
|---|---|
| **NASB, NKJV** | |
| **NRSV** | **"മർമ്മം"** |
| **TEV** | **"ഒരു രഹസ്യ സത്യം"** |
| **NJB** | **"ഇതിനെല്ലാറ്റിനുമുള്ള രഹസ്യ കാരണം"** |

## പ്രത്യേക പഠനവിഷയം: മർമ്മം

മനുഷ്യന്റെ വീണ്ടെടുപ്പിനുവേണ്ടി, വീഴ്ചയ്ക്കു മുമ്പുതന്നെ ആവിഷ്കരിക്കപ്പെട്ട ഒരു പദ്ധതി ദൈവ ത്തിനുണ്ടായിരുന്നു (ഒ.നോ. ഉല്പ. 3). ഈ പദ്ധതിയുടെ സൂചന പഴയ നിയമത്തിൽ കാണാം (ഒ.നോ. ഉല്പ. 3:15; 12:3; പുറ. 19:5-6; പ്രവാചക പുസ്തകങ്ങളിലെ സാർവ്വലൗകിക വേദഭാഗങ്ങൾ). എങ്കിലും പൂർണ്ണ പദ്ധതി വ്യക്തമല്ലായിരുന്നു (ഒ.നോ. 1 കൊരി. 2:6-8). യേശുക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും വര വോടുകൂടി അതു കൂടുതൽ വ്യക്തമാകുവാൻ തുടങ്ങി. ഈ സമ്പൂർണ്ണ വീണ്ടെടുപ്പിൻ പദ്ധതിയെ വിവരിക്കു ന്നതിനായി "മർമ്മം" എന്ന പദം പൗലൊസ് ഉപയോഗിക്കുന്നു (ഒ.നോ. 1 കൊരി. 4:1; എഫെ. 6:19; കൊലൊ. 4:3; 1 തിമൊ. 1:9). എങ്കിലും അവൻ അതിനെ വിവിധ അർത്ഥങ്ങളിൽ ഉപയോഗിക്കുന്നു:

1. ജാതികളെ ഉൾപ്പെടുത്തുന്നതിനായി യിസ്രായേലിനുണ്ടായ ഭാഗിക കഠിനപ്പെടൽ. ജാതികൾക്കുണ്ടായ ഈ അംഗീകാരം, യേശുവിനെ പ്രവചനത്തിലെ ക്രിസ്തുവായി അംഗീകരിക്കുന്നതിന് യിസ്രായേലിനെ പ്രേരിപ്പിക്കുന്ന മെക്കാനിസമായി പരിണമിച്ചു (ഒ.നോ. റോമ. 11:25-32).
2. ക്രിസ്തുവിലും ക്രിസ്തുവിലൂടെയും സകലരെയും ഉൾപ്പെടുത്തുന്ന സുവിശേഷം സകല ജാതിക ളിലും പ്രസംഗിക്കുന്നു (ഒ.നോ. റോമ. 16:25-27; കൊലൊ. 2:2).
3. ക്രിസ്തുവിന്റെ രണ്ടാംവരവിങ്കൽ വിശ്വാസികൾക്ക് പുതിയ ശരീരം ലഭിക്കുന്നത് (ഒ.നോ. 1 കൊരി. 15:5-57; 1 തെസ്സ. 4:13-18).
4. ക്രിസ്തുവിൽ സകലവും കൂട്ടിച്ചേർക്കുന്നത് (ഒ.നോ. എഫെ. 1:8-11)
5. ജാതികളും യെഹൂദന്മാരും കൂട്ടവകാശികളാകുന്നത് (ഒ.നോ. എഫെ. 2:11-3:13).
6. ക്രിസ്തുവും സഭയുമായുള്ള ബന്ധത്തിന്റെ അടുപ്പം വിവാഹ സംബന്ധ പദങ്ങളാൽ വിവരിക്കുന്നത് (ഒ.നോ. എഫെ. 5:22-33).
7. ജാതികൾ ഉടമ്പടി ജനതയിൽ ഉൾപ്പെടുന്നതും അവരിൽ ക്രിസ്തുസാദൃശ്യം രൂപപ്പെടുത്തുന്നതിനായി പരിശുദ്ധാത്മാവിനാൽ അധിവസിക്കപ്പെടുന്നതും - അതായത് വീണുപോയ മനുഷ്യനിലെ (ഒ.നോ. ഉല്പ. 6:5,11-13; 8:21) തകർന്ന ദൈവിക സ്വരൂപത്തെ യഥാസ്ഥാനപ്പെടുത്തുക (ഒ.നോ. ഉല്പ. 1:26-27; 5:1; 9:6; കൊലൊ. 1:26-28).
8. അന്ത്യകാല എതിർക്രിസ്തു (ഒ.നോ. 2 തെസ്സ. 2:1-11)
9. മർമ്മത്തെക്കുറിച്ചുള്ള ആദിമ സഭാ സംഗ്രഹം 1 തിമൊ. 3:16ൽ കാണാം.

▣ **"ബുദ്ധിമാന്മാരെന്നു നിങ്ങൾക്കു തന്നേ തോന്നാതിരിപ്പാൻ"** റോമാ സഭയിലെ സംഘർഷത്തെക്കുറിച്ചുള്ള മറ്റൊരു സൂചന (ഒ.നോ. വാ. 18).

▣ **"ജാതികളുടെ പൂർണ്ണ സംഖ്യ ചേരുവോളം"** ഇതേ പദം (പ്ലീറോമ-) വാ. 12 ൽ യെഹൂദനെക്കുറിച്ച് ഉപയോ ഗിച്ചിരിക്കുന്നു. രണ്ടു വാക്യങ്ങളും ദൈവത്തിന്റെ മുന്നറിവിനെയും തിരഞ്ഞെടുപ്പിനെയും കുറിച്ചു പ്രസ്താവി ക്കുന്നു. "ചേരുവോളം" എന്നത് ഈ ജാതീയ കാലഘട്ടത്തെക്കുറിക്കുന്ന സമയ പരിധിയെ സൂചിപ്പിക്കുന്നു (ഒ. നോ. ലൂക്കൊ. 21:24).

▣

| | |
|---|---|
| **NASB** | **"യിസ്രായേലിന്നു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു"** |
| **NKJV** | **"യിസ്രായേലിന്നു ഭാഗികമായി ഒരു കാഠിന്യം ഭവിച്ചിരിക്കുന്നു"** |
| **NRSV** | **"യിസ്രായേലിന്റെ ഒരു ഭാഗത്തിനു കാഠിന്യം ഭവിച്ചിരിക്കുന്നു"** |
| **TEV** | **"യിസ്രായേൽ ജനത്തിന്റെ ശാഠ്യം സ്ഥിരമായതല്ല"** |
| **NJB** | **"യിസ്രായേലിന്റെ ഒരു ഭാഗം അന്ധരായിത്തീർന്നു"** |

ഈ പ്രസ്താവന അ. 11 മുഴുവനോടും ബന്ധപ്പെട്ടിരിക്കുന്നു. എല്ലാക്കാലത്തും വിശ്വസിക്കുന്ന യെഹൂദന്മാരുണ്ടായിരുന്നു, ഉണ്ടായിരിക്കുകയും ചെയ്യും. ഈ ഭാഗികമായ അന്ധത ദൈവത്താൽ സംഭവിച്ചതാണ് (വാ. 8–10) കാരണം യെഹൂദൻ യേശുവിനെ നിരസിച്ചതിലൂടെ സകല മാനവരാശിയുടെയും വീണ്ടെടുപ്പു സാധ്യമായി. ദൈവം സകലജനത്തിനും രക്ഷ വാഗ്ദത്തം ചെയ്തു (ഒ.നോ. ഉല്പ. 3:15). സകലരെയും രക്ഷിക്കുവാൻ അവൻ അബ്രാഹാമിനെ തിരഞ്ഞെടുത്തു (ഒ.നോ. പുറ. 19:5–6, 8:28 ലെ പ്രത്യേക പഠനവിഷയം കാണുക). നിഗളം, അവിശ്വസ്തത, അവിശ്വാസം എന്നിവയിലൂടെ യിസ്രായേൽ അവളുടെ ദൈത്യത്തിൽ പരാജയപ്പെട്ടു. യിസ്രായേലിനെ അനുഗ്രഹിക്കുന്നതിലൂടെ ജാതീയ ലോകത്തെ സന്ധിക്കുവാൻ ദൈവം ആഗ്രഹിച്ചു (ഒ.നോ. ആവ. 27–29). ഉടമ്പടി പാലിക്കുന്നതിന് യിസ്രായേലിനു കഴിഞ്ഞില്ല, അതിനാൽ താല്ക്കാലികമായ ന്യായവിധി അവളുടെമേൽ വന്നു. ഇപ്പോൾ ദൈവം ഈ ന്യായവിധിയെ എടുത്ത് വിശ്വാസം മൂലം മനുഷ്യരാശിയെ വീണ്ടെടുക്കുക എന്ന തന്റെ യഥാർത്ഥ പദ്ധതി നിവർത്തിക്കുന്നതിനുള്ള മുഖാന്തരമാക്കിത്തീർത്തു (ഒ.നോ. വാ. 30–31; യെഹെ. 36:22–38).

**11:26 "ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും"** സാധ്യമായ രണ്ടു വ്യാഖ്യാനങ്ങളുണ്ട്.

1. ഇത് ദേശീയ യിസ്രായേലിനെ സൂചിപ്പിക്കുന്നു – ഓരോ യെഹൂദ വ്യക്തിയുമല്ല മറിച്ച് ചരിത്രത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിലെ ഭൂരിപക്ഷം.
2. ഇത് ഒരർത്ഥത്തിൽ ആത്മീയ യിസ്രായേലായ സഭയെ സൂചിപ്പിക്കുന്നു.

പൗലൊസ് ഈ ആശയം റോമ. 2:28–29 (ഗലാ. 6:16; 1 പത്രൊ. 2:5–9; വെളി. 1:6) ൽ ഉപയോഗിച്ചിട്ടുണ്ട്. വാ. 12 ലെ "യെഹൂദന്റെ പൂർണ്ണസംഖ്യ" വാ. 25 ലെ "ജാതികളുടെ പൂർണ്ണസംഖ്യ" എന്നിവ സമാന്തര ബന്ധത്തിലുള്ളതാണ്. അത് ദൈവിക തിരഞ്ഞെടുപ്പിനോടുള്ള ബന്ധത്തിലുള്ള "മുഴുവനും" ആണ്, അല്ലാതെ ഓരോ വ്യക്തിയും എന്ന അർത്ഥത്തിലുള്ള "മുഴുവനും" അല്ല. വാഗ്ദത്തത്തിന്റെ ഒലിവു വൃക്ഷം ഒരു ദിനം പൂർത്തിയാകും.

**10:30–32** ഈ വാക്യങ്ങൾ ദൈവിക പദ്ധതിയുടെയും ഉദ്ദേശ്യങ്ങളുടെയും സംഗ്രഹമാണ്.

1. അവ എല്ലായ്പോഴും ദൈവിക കരുണയിൽ അടിസ്ഥാനപ്പെട്ടതാണ് (9:15–16 ന്റെ കുറിപ്പു കാണുക) അല്ലാതെ നിരങ്കുശമായ തീരുമാനമല്ല. "കരുണ" എന്ന പദം ഈ വിശാല സന്ദർഭത്തിൽ നാലു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.
2. ദൈവം സകല മനുഷ്യരെയും ന്യായം വിധിക്കുന്നു. യെഹൂദനും ജാതികളും പാപികളാണ് (ഒ.നോ. 3:9,19,23; 5:11).
3. ദൈവം മനുഷ്യന്റെ അവശ്യകതയും കഴിവില്ലായ്മയും <u>സകല</u> മനുഷ്യരോടും തന്റെ കരുണ പ്രദർശിപ്പിക്കുന്നതിനുള്ള അവസരമായി ഉപയോഗിക്കുന്നു (ഒ.നോ. വാ. 22). വീണ്ടും സന്ദർഭമനുസരിച്ച് "മുഴുവനും" എന്ന പദം വാ. 12 ന്റെയും 25–26 ന്റെയും വെളിച്ചത്തിൽ വേണം കാണുവാൻ. മുഴുവൻ വ്യക്തികളും ദൈവത്തിന്റെ വാഗ്ദാനത്തോടു പ്രതികരിക്കുന്നില്ല, എങ്കിലും എല്ലാവരും വീണ്ടെടുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു (ഒ.നോ. 5:12–21; യോഹ. 3:16). ഓ! ദൈവമേ, അതങ്ങനെയായിരിക്കട്ടെ!

**11:30–31 "അവരും ഇപ്പോൾ"** ഇത് യേശുവിലുള്ള വിശ്വാസത്താൽ ദേശീയ യിസ്രായേലിന് സംഭവിക്കുന്ന ആത്മീയ രൂപാന്തരത്തെ സൂചിപ്പിക്കുന്നു (ഒ.നോ. സെഖ. 12:10). ജാതികളുടെ "അവിശ്വാസ"ത്തെ ദൈവത്തിന്റെ കരുണയാൽ അതിജീവിച്ചതുപോലെ യെഹൂദന്റെ "അവിശ്വാസ"ത്തെയും അതിജീവിക്കും.

## റോമർ 11:33–36

**[33]ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. [34]കർത്താവിന്റെ മനസ്സു അറിഞ്ഞവൻ ആർ? [35]അവന്നു മന്ത്രിയായിരുന്നവൻ ആർ? അവന്നു വല്ലതും മുമ്പെ കൊടുത്തിട്ടു പ്രതിഫലം വാങ്ങുന്നവൻ ആർ? [36]സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന്നു എന്നേക്കും മഹത്വം, ആമേൻ.**

**11:33–36** ഇതു പൗലൊസിന്റെ അതിസയകരമായ മഹത്വീകരണ പ്രസ്താവനകളിലൊന്നാണ്. ദൈവത്തിന്റെ വഴികളെക്കുറിച്ച് പൗലൊസ് അത്ഭുതാധീനനാകുന്നു: ഉടമ്പടി വിശ്വസ്തത, ഉടമ്പടിയിലെ ഉൾപ്പെടുത്തൽ, ഉടമ്പടി പൂർത്തീകരണം.

**11:33 "ധനം"** പൗലൊസിന്റെ ഇഷ്ട പ്രയോഗമാണിത് (ഒ.നോ. 2:4; 9:23; 10:12; 11:12,33; എഫെ. 1:7,8; 2:7; 3:8,16; ഫിലി. 4:19; കൊലൊ. 1:27). സുവിശേഷത്തിന്റെ ഊന്നലും മനുഷ്യന്റെ പ്രത്യാശയും ദൈവത്തിന്റെ സ്വഭാവത്തി

ന്റെയും പദ്ധതിയുടെയും കരുണാപരമായ സമൃദ്ധിയാണ് (ഒ.നോ. യെശ. 55:1–7).

▣ **"അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു"** അധ്യായങ്ങൾ 9–11 ലെ വൈരുദ്ധ്യാത്മക സത്യങ്ങളുടെ വെളിച്ചത്തിൽ ഇത് അനുയോജ്യമായ മഹത്വ പ്രസ്താവന തന്നെയാണ് (ഒ.നോ. യെശ. 55:8–11).

**11:34** യെശ. 40:13–14 ന്റെ സെപ്റ്റ്വജിന്റിൽ നിന്നുള്ള ഉദ്ധരണിയാണ് ഇത്. അവിടെ ദൈവം തന്റെ ജനത്തെ പ്രവാസത്തിൽ നിന്നും മടക്കികൊണ്ടുവന്നു രക്ഷിക്കുന്നു. 1 കൊരി. 2:16 ൽ പൗലൊസ് ഇതേ വാക്യം ഉദ്ധരിക്കുന്നുവെങ്കിലും അവിടെ യേശുവിനെ "കർത്താവ്" എന്നു നാമകരണം ചെയ്യുന്നു.

**11:35** ഇയ്യോ. 35:7 അല്ലെങ്കിൽ 41:11 ന്റെ ഉദ്ധരണിയാണ് ഇത്.

**11:36 "സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ"** ഈ സന്ദർഭത്തിൽ ഇതു പിതാവാം ദൈവത്തെക്കുറിച്ച് ആണ് (ഒ.നോ. 1 കൊരി. 11:12) എങ്കിലും പുത്രനാം ദൈവത്തെ പരാമർശിക്കുന്ന പുതിയ നിയമ ഭാഗങ്ങളോടു സമാനത പുലർത്തുന്നതാണ് (ഒ.നോ. 1 കൊരി. 8:6; കൊലൊ. 1:16; എബ്രാ. 2:16). സകലവും ദൈവത്തിൽനിന്നും പുറപ്പെട്ട് ദൈവത്തിങ്കലേക്കു മടങ്ങിച്ചെല്ലുന്നതായി പൗലൊസ് പ്രസ്താവിക്കുന്നു.

▣ **"അവന്നു എന്നേക്കും മഹത്വം"** ദൈവത്തിനു മഹത്വം കരേറ്റുന്ന പുതിയ നിയമത്തിന്റെ തനതു പ്രസ്താവനയാണിത്. ഇതു സൂചിപ്പിക്കുന്നത്

1. ചിലപ്പോൾ പിതാവിന്ന് (ഒ.നോ. 16:27; എഫെ. 3:21; ഫിലി. 4:20; 1 പത്രൊ. 4:11; 5:11; യൂദാ 25; വെളി. 5:13; 7:12)
2. ചിലപ്പോൾ പുത്രന് (ഒ.നോ. 1 തിമൊ. 1:17; 2 തിമൊ. 4:18; 2 പത്രൊ. 3:18; വെളി. 1:16)

▣ **"ആമേൻ"** 1:25 ലെ പ്രത്യേക പഠനവിഷയം കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. എങ്ങനെയാണ് യിസ്രായേൽ ദൈവത്തിന്റെ രക്ഷാവഴിയെ നഷ്ടമാക്കിയത്?
2. ദൈവം യിസ്രായേലിനെ തള്ളിക്കളഞ്ഞിട്ടില്ല എന്നു തെളിയിക്കാൻ പൗലൊസ് നൽകുന്ന രണ്ടു കാരണങ്ങൾ എന്തെല്ലാം?
3. എന്തുകൊണ്ടാണ് ദൈവം യെഹൂദന്മാരുടെ ഹൃദയം കഠിനപ്പെടുത്തിയത്? എങ്ങനെ?
4. യെഹൂദ "ശേഷിപ്പ്" എന്ന ആശയം കൊണ്ട് അർത്ഥമാക്കുന്നതെന്താണ് (വാ. 2–5)?
5. പുതിയ നിയമത്തിലെ "മർമ്മം" എന്ന പദം നിർവ്വചിക്കുക.
6. 11:26 ന്റെ അർത്ഥമെന്താണ്? എന്തുകൊണ്ട്? അത് 9:6 മായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
7. ജാതീയ വിശ്വാസികൾക്ക് പൗലൊസ് നൽകുന്ന മുന്നറിയിപ്പ് എന്താണ് (വാ. 17–24)?

# റോമർ 12

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ക്രിസ്തുവിലുള്ള പുതിയ ജീവിതം | ദൈവത്തിനു ജീവ നുള്ള യാഗം | വേർതിരിക്കപ്പെട്ട ജീവിതം | ദൈവിക ശുശ്രൂഷ യുടെ ജീവിതം | ആത്മീയ ആരാധന |
| 12:1-2 | 12:1-8 | 12:1-2 | 12:1-2 | 12:1-2 |
| | | | | താഴ്മയും സ്നേഹവും |
| 12:3-8 | | 12:3-8 | 12:3-8 | 12:3-13 |
| ക്രിസ്തീയ ജീവിത ത്തിന്റെ നിയമങ്ങൾ | ക്രിസ്ത്യാനിയെ പ്പോലെ പെരുമാ റുക | ആഹ്വാനങ്ങൾ | | |
| 12:9-21 | 12:9-21 | 12:9-13 | 12:9-21 | ശത്രുക്കളുൾപ്പെടെ എല്ലാവരെയും സ്നേഹിക്കുക |
| | | 12:14-21 | 12:14-16<br>12:17-21 | 12:14-21 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## വാ. 1-8 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ഇതു റോമാലേഖനത്തിന്റെ ഒരു പ്രായോഗിക ഭാഗത്തിനു തുടക്കം കുറിക്കുന്ന (12:1-15:13). പൗലൊസിന്റെ ലേഖനങ്ങൾ അവസരാനുസൃത രേഖകൾ ആയിരുന്നു. അതുകൊണ്ട് അവയ്ക്ക് ഉപദേശപരവും പ്രായോ ഗികവുമായ ഭാഗങ്ങൾ ഉണ്ടായിരുന്നു. ഒരു പ്രാദേശിക പ്രശ്നത്തെയോ പ്രതിസന്ധിയെയോ അഭിസം ബോധന ചെയ്യുന്നതിനായിരുന്നു പൗലൊസ് എഴുതിയത്. റോമർ 1-8 ഒരു മനോഹരമായ ഉപദേശ സംഗ്ര ഹമായതുകൊണ്ട് അതിന്റെ നൈതികവും പ്രായോഗികവുമായ ഭാഗം തുല്യമായിത്തന്നെ ശക്തമാണ്.

B. ജീവിത ശൈലിയുടെ പ്രായോഗികത കൂടാതെയുള്ള ദൈവശാസ്ത്രം ദൈവത്തിൽ നിന്നുള്ളതല്ല (ഒ.നോ. മത്താ. 7:24-27; യോഹ. 13:17; റോമ. 2:13; യാക്കോ. 1:22,25; 2:14-26). പൗലൊസ് യേശുവിലുള്ള വിശ്വാസ ത്തിലൂടെ വിശ്വാസത്താൽ സൗജന്യമായി ലഭിക്കുന്ന ഒരു രക്ഷയാണ് ഉപദേശിക്കുന്നത്. എന്നാൽ ഈ സൗജന്യദാനത്തിന്റെ ഉദ്ദേശ്യം നമ്മുടെ ജീവിതത്തെ മൗലികമായി മാറ്റുക എന്നതാണ്. രക്ഷ സൗജന്യമാ ണ്, എന്നാൽ അത് മൗലികമായ ഒരു ക്രിസ്തീയതയാൽ അത് അനുവർത്തിക്കപ്പെടേണ്ടതാണ്. വിശുദ്ധീ കരണത്തിൽനിന്നും നീതീകരണത്തെ വേർപെടുത്തുവാൻ നാം ധൈര്യപ്പെടുന്നില്ല!

C. വാ. 1-2, മുഴുവൻ പ്രായോഗിക ഭാഗത്തിന്റെയും ഒരു ആമുഖമാണ്. ആത്മാവിനാൽ നയിക്കപ്പെടുന്ന ജീവി

തത്തിന്റെ അടിസ്ഥാനമാണിത് (അതാ. അധ്യായം 8).

D. വാ. 3–8, ആത്മീയ വരത്തെപ്പറ്റി ചർച്ച ചെയ്യുന്നു. നമ്മുടെ ക്രിസ്തുവിലേക്കുള്ള മുഴുവൻ നേട്ടവും ദൈവിക ശുശ്രൂഷയ്ക്കായും (ഒ.നോ. ആവ. 6:4–5; മത്താ. 22:37). മറ്റുള്ളവരുടെ ശുശ്രൂഷയ്ക്കായും നൽകപ്പെടണം (ഒ.നോ. ലേവ്യ. 19:18; മത്താ. 19:19). ഈ വരങ്ങൾ ഊന്നിപ്പറയുന്നത് ക്രിസ്തുവിലുള്ള നമ്മുടെ ഐക്യതയെയും നമ്മുടെ വ്യത്യസ്തങ്ങളായ വരങ്ങളെയുമാണ് (ഒ.നോ. എഫെ. 4:1–10). വിശ്വാസികൾ ഐക്യതയ്ക്കായും ഏകോപനത്തിനായും പരിശ്രമിക്കണം. പരസ്പരം ശുശ്രൂഷിക്കുന്നതിന് ദൈവത്താൽ പ്രാപ്തരാക്കപ്പെടുന്നു (ഒ.നോ. 1 കൊരി. 12:7,11; എഫെ. 4:11–13)!

# പദ, ശൈലീ പഠനം

**റോമർ 12:1–2**

**[1]സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. [2]ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.**

▣ **"അതുകൊണ്ട്"** (മലയാളം ബൈബിളിൽ ഈ പദം ഇല്ല). പൗലൊസ് ഈ പദം തന്റെ സുവിശേഷ അവതരണത്തിലെ സുപ്രധാന വഴിത്തിരിവുകളിൽ ഉപയോഗിച്ചു.

1. 5:1 മുതൽ "വിശ്വാസത്താലുള്ള നീതീകരണ" ത്തെ അതു സംഗ്രഹിച്ചു
2. 8:1 മുതൽ വിശ്വാസികൾക്കു പാപത്തോടുള്ള ബന്ധത്തെ സംഗ്രഹിക്കുന്നു. ഇതിനെ വിശുദ്ധീകരണം എന്നു വിളിക്കുന്നു.
3. 12:1 മുതൽ വിശ്വാസികളുടെ ദൈനംദിന ജീവിതത്തിലെ നീതീകരണത്തിന്റെയും വിശുദ്ധീകരമത്തിന്റെയും പ്രായോഗിക പ്രവർത്തനത്തോട് ബന്ധപ്പെട്ടിരിക്കുന്നു.

12:1 **"സഹോദരന്മാരേ"** ഒരു പുതിയ വിഷയം ആരംഭിക്കാൻ വേണ്ടി പൗലൊസ് ഈ പദം ഉപയോഗിക്കാറുണ്ട്.

▣ **"ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു"** സെപ്റ്റ്വജിന്റിൽ ഇതു ദൈവത്തിന്റെ മനസ്സലിവിനെ സൂചിപ്പിക്കുന്നു (ഒ.നോ. പുറ. 34:6). ഇവിടെ ഇതു സൂചിപ്പിക്കുന്നത് 1–11 അധ്യായങ്ങളുടെ ഉപദേശപരമായ പുരോഗതിയെയാണ്. വീണുപോയ മനുഷ്യവർഗ്ഗത്തോടുള്ള ഇടപാടിൽ റോമാലേഖനത്തിൽ ദൈവത്തിന്റെ "കരുണ"യിന്മേൽ (ഒയിക്കിയെയിറോ, എലീയോ - *οικιειρω*, *ελεεω*) ഒരു വ്യക്തമായ ഊന്നൽ കൊടുക്കലുണ്ട് (ഒ.നോ. 9:15,16,18,23; 11:30,31,32; 12:8; 15:9). ദൈവത്തിന്റെ കൃപയും കരുണയും സൗജന്യമായി വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ വിശ്വാസികൾ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല, നന്ദിനിമിത്തം ഭക്തിനിർഭര ജീവിതം നയിക്കേണ്ടതാണ് (ഒ. നോ. എഫെ. 1:4; 2:8,910). പുതിയ ജീവിതം (ഒ.നോ. കൊലൊ. 3:9,10,12) കൊണ്ടർത്ഥമാകുന്നത് മറ്റുള്ളവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു നയിക്കുക എന്നതാണ്.

▣

| | |
|---|---|
| **NASB** | **"ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു"** |
| **NKJV** | **"ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു"** |
| **NRSV, TEV** | **"ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു"** |
| **NJB** | **"ഞാൻ നിങ്ങളോടു യാചിക്കുന്നു"** |

ഈ ശൈലി മൃദുവും കഠിനവുമാണ്. ശരിയായ ജീവിതത്തിനുവേണ്ടിയുള്ള ഒരു ആഹ്വാനമാണിത്. പൗലൊസ് ഈ പദപ്രയോഗം മിക്കപ്പോഴും ഉപയോഗിക്കുന്നു (ഒ.നോ. 12:1; 15:30; 16:17; 1 കൊരി. 1:10; 4:16; 16:15; 2 കൊരി. 2:8; 5:20; 6:1; 10:1; 12:8; എഫെ. 4:1; ഫിലി. 4:2; 1 തെസ്സ. 4:16; 1 തിമൊ. 1:3; ഫിലേ. 9–10).

▣

| | |
|---|---|
| **NASB** | **"നിങ്ങളുടെ ആത്മീയ ആരാധനയായി"** |
| **NKJV** | **"നിങ്ങളുടെ ബുദ്ധിയുള്ള ആരാധനയായി"** |
| **NRSV** | **"നിങ്ങളുടെ ആത്മീയ ആരാധനയായി"** |
| **TEV** | **"ശരിയായ ആരാധനയാണ് നിങ്ങൾ അർപ്പിക്കേണ്ടത്"** |
| **NJB** | **"നിങ്ങളുടെ അസ്ഥിത്വത്തെക്കുറിച്ച് ചിന്തിക്കുവാൻ യോഗ്യമായ നിലയിൽ"** |

ഈ പദം (*ലോഗിക്കോസ്-λογικος*) "കണക്കിടുക, ചിന്തിക്കുക" എന്നർത്ഥം വരുന്ന ലോഗിഡ്സോമായി (*λογιζομαι*) എന്ന പദത്തിൽനിന്നും വന്നിട്ടുള്ളതാണ് (ഒ.നോ. മർക്കൊ. 11:31; 1 കൊരി. 13:11; ഫിലി. 4:8). 1 പത്രൊ. 2:2 ൽ "ആത്മീയം" എന്ന അർത്ഥത്തിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ചത്ത യാഗമൃഗങ്ങളെ ഉപയോഗിച്ചു നടത്തുന്ന ചടങ്ങായ ആരാധനയ്ക്കു പകരം ഒരുവൻ തന്നെത്താൻ ജീവനുള്ള ആരാധനയായി സമർപ്പിക്കുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്. ദൈവം ആഗ്രഹിക്കുന്നത് ദൈനംദിന ജീവിതത്തെ സ്വാധീനിക്കാത്ത

ഔപചാരിക ചടങ്ങുകളല്ല, സ്നേഹത്തിലും സേവനത്തിലുമുള്ള നമ്മുടെ ജീവിതത്തെയാണ്.

▣ **"നിങ്ങളുടെ ശരീരങ്ങളെ"** ഭൗതിക ശരീരം തിന്മയാണെന്നു വിചാരിച്ചിരുന്ന ഗ്രീക്കു തത്വശാസ്ത്രത്തിൽനിന്നും ക്രിസ്ത്യാനിത്വം വളരെ വ്യത്യസ്തമാണ്. ഇത് പ്രലോഭനത്തിന്റെ പോർക്കളത്തിലാണ് എന്നാൽ നിഷ്പക്ഷ മാണ് (വാ. 2 ൽ "ശരീരം" എന്ന പദം "മനസ്സ്" എന്ന പദത്തിന് സമാന്തരമാണ്). വിശ്വാസികൾ മുമ്പ് പാപ ത്തിനു സമർപ്പിച്ചിരുന്നതുപോലെ (ഒ.നോ. റോമ. 6) തങ്ങളെത്തന്നെ മുഴുവനും ദൈവത്തിനു സമർപ്പിക്കേണ്ട താണ് (ഒ.നോ. ആവ. 6:5; 1 കൊരി. 6:20).

▣ **"ജീവനും"** ഇത് യെഹൂദ്യ അല്ലങ്കിൽ ജാതീയ ദൈവാലയങ്ങളിൽ അർപ്പിച്ചിരുന്ന ജീവനില്ലാത്ത യാഗങ്ങ ളിൽനിന്നും വ്യത്യസ്തമാണ് (ഒ.നോ. 6:13; ഗലാ. 2:20).

▣ **"വിശുദ്ധിയും"** "വിശുദ്ധം" എന്നതിനർത്ഥം "ദൈവിക ശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെട്ടത്" എന്നാണ്. ഈ പശ്ചാത്തലത്തിൽ ഈ പദപ്രയോഗത്തിന്റെ ലക്ഷ്യം വിശ്വാസികളുടെ വിശുദ്ധീകരണവും ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്കുവേണ്ടി അവനാൽ ഉപയോഗിക്കപ്പെടുന്നതിനുള്ള ലഭ്യതയുമാണ്.

## പ്രത്യേക പഠനവിഷയം: വിശുദ്ധം

I. പഴയനിയമം

A. *കാദോഷ്* (BDB 872) എന്ന പദത്തിന്റെ വ്യുല്പത്തി നിശ്ചയമില്ല, കനാന്യ പദമായിരിക്കാം. മൂലപദ ത്തിന്റെ ഭാഗത്തിന് (അതാ. *ക്ദ്*) "വിഭജിക്കുക" എന്ന അർത്ഥമുണ്ടായിരിക്കാൻ സാധ്യതയുണ്ട്. "ദൈവിക ഉപയോഗത്തിനായി വേർതിരിക്കപ്പെട്ടത്" (കനാന്യ സംസ്കാരത്തിൽ നിന്നും, ഒ.നോ. ആവ. 7:6; 14:2,21; 26:19) എന്ന സാധാരണ നിർവചനം ഉണ്ടായത് ഇതിൽ നിന്നാകാം.

B. വസ്തുക്കൾ സ്ഥലങ്ങൾ, സമയങ്ങൾ, വ്യക്തികൾ എന്നിവയിലുള്ള ദൈവിക സാന്നിധ്യത്തോട് ഇതു ബന്ധപ്പെട്ടിരിക്കുന്നു. ഉല്പത്തിയിൽ ഇതുപയോഗിച്ചിട്ടില്ല, എങ്കിലും പുറപ്പാട്, ലേവ്യ, സംഖ്യാ പുസ്തകങ്ങളിൽ സാധാരണമായിത്തീർന്നു.

C. പ്രവാചക സാഹിത്യത്തിൽ (പ്രത്യേകാൽ യെശയ്യാവ്, ഹോശേയ) വ്യക്തിപരമായ ഘടകങ്ങൾ അവത രിപ്പിക്കുന്നുവെങ്കിലും മുൻനിരയിൽ ഊന്നിപ്പറയുന്നില്ല. അത് ദൈവിക സാരാംശത്തെ സൂചിപ്പിക്കുന്ന തിനുള്ള ഒരു മാർഗ്ഗമായിത്തീരുന്നു (ഒ.നോ. യെശ. 6:3). ദൈവം വിശുദ്ധനാണ്. അവന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്ന അവന്റെ ജനം വിശുദ്ധരാണ് (അവർ വിശ്വാസത്തോടെ ഉടമ്പടി അനുസരിക്കു മെങ്കിൽ).

D. ദൈവത്തിന്റെ കരുണയെയും സ്നേഹത്തെയും ഉടമ്പടികൾ, നീതി, അനിവാര്യ സ്വഭാവങ്ങൾ എന്നീ ദൈവശാസ്ത്ര ആശയങ്ങളിൽ നിന്നും വേർപെടുത്താൻ കഴിയുകയില്ല. ഇവിടെയാണ് അശുദ്ധവും വീഴ്ച സംഭവിച്ചതും മത്സരികളുമായ മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ സംഘർഷം കാണുന്നത്. "കരുണയുള്ള" ദൈവവും "വിശുദ്ധനായ" ദൈവവും തമ്മിലുള്ള ബന്ധത്തെപ്പറ്റി നല്ലൊരു ലേഖനം റോബർട്ട് ബി. ഗിർഡിൽസ്റ്റോണിന്റെ *സിനോനിംസ് ഓഫ് ദ ഓൾഡ് ടെസ്റ്റ്മെന്റ്* (പേ. 112–113) എന്ന ഗ്രന്ഥത്തിൽ കാണാം.

II. പുതിയ നിയമം

A. പുതിയനിയമ എഴുത്തുകാർ (ലൂക്കൊസ് ഒഴികെ) എബ്രായ ചിന്തകരും എന്നാൽ കൊയ്നേ ഗ്രീക്കി നാൽ സ്വാധീനിക്കപ്പെട്ടവരും (അതാ. സെപ്റ്റ്വജിന്റ്) ആയിരുന്നു. പഴയനിയമത്തിന്റെ ഗ്രീക്കുപരിഭാഷ യാണ് അവരുടെ പദസമ്പത്തിനെ സ്വാധീനിച്ചത്, അല്ലാതെ ഗ്രീക്കു സാഹിത്യമോ ചിന്തകളോ മതമോ അല്ലായിരുന്നു.

B. യേശു വിശുദ്ധനാണ്, കാരണം അവൻ ദൈവത്തിൽ നിന്നുള്ളവനും ദൈവതുല്യനുമായിരുന്നു (ഒ.നോ. ലൂക്കൊ. 1:35; 4:34; പ്രവൃ. 3:14; 4:27,30). അവൻ വിശുദ്ധനും നീതിമാനുമാണ് (പ്രവൃ. 3:14; 22:14). യേശു പാപരഹിതനാകയാൽ വിശുദ്ധമാണ് (ഒ.നോ. യോഹ. 8:46; 2 കൊരി. 5:21; എബ്രാ. 4:15; 7:26; 1 പത്രൊ. 1:19; 2:22; 1 യോഹ. 3:5).

C. ദൈവം വിശുദ്ധനാകയാൽ അവന്റെ മക്കളും വിശുദ്ധരായിരിക്കേണം (ഒ.നോ. ലേവ്യ. 11:44–45; 19:2; 20:7,26; മത്തായി 5:48; 1 പത്രൊ. 1:16). യേശു വിശുദ്ധനാകയാൽ അവന്റെ അനുയായികളും വിശുദ്ധരായിരിക്കേണം (ഒ.നോ. റോമ. 8:28–29; 2 കൊരി. 3:18; ഗലാ. 4:19; എഫെ. 1:4; 1 തെസ്സ. 3:13; 4:3; 1 പത്രൊ. 1:15). ക്രിസ്തു തുല്യരായി (വിശുദ്ധിയിൽ) ശുശ്രൂഷിക്കുന്നതിനാണ് ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടത്.

▣ **"ദൈവത്തിന്നു പ്രസാദവുമുള്ള"** പഴയ നിയമത്തിലെ അനുയോജ്യമായ യാഗത്തെയാണ് ഇതു സൂചിപ്പി ക്കുന്നത് (ഒ.നോ. വാ. 2). ആളുകളെക്കുറിച്ചു സൂചിപ്പിക്കുമ്പോൾ "നിഷ്കളങ്കമായ" എന്ന അർത്ഥമാണിതിനു ള്ളത് (ഒ.നോ. ഉല്പ. 6:9; 17:1; ആവ. 18:13; ഇയ്യോ. 1:1).

**12:2 "ഈ ലോകത്തിന്"** ഇത് അക്ഷരീകമായി "യുഗം" ആണ്. യെഹൂദന്മാർക്ക് രണ്ട് യുഗങ്ങൾ ഉണ്ടായിരുന്നു ( ഒ.നോ. മത്താ. 12:32; മർക്കൊ. 10:30; ലൂക്കൊ. 20:34-35), ഇപ്പോഴത്തെ ദുഷ്ട യുഗവും (ഒ.നോ. ഗലാ. 4:14; 2 കൊരി. 4:4; എഫെ. 2:2), വരുവാനുള്ള യുഗവും (ഒ.നോ. മത്താ. 28:20; എബ്രാ. 1:3; 1 യോഹ. 2:15-17). വിശ്വാസികൾ ജീവിക്കുന്നത് ഈ രണ്ടു യുഗവും കവിഞ്ഞു കിടക്കുന്ന സംഘർഷം നിറഞ്ഞ കാലഘട്ടത്തിലാണ്. ക്രിസ്തുവിന്റെ രണ്ടു വരവുകൾ നിമിത്തം വിശ്വാസികൾ ജീവിക്കുന്നത് ഇപ്പോൾ ഉള്ളതും ഇനി വരാനുള്ളതുമായ ദൈവരാജ്യത്തിന്റെ "വന്നു കഴിഞ്ഞു, എന്നാൽ ആയിട്ടില്ല" എന്ന സംഘർഷത്തിലാണ്.

■ **"അനുരൂപമാകാതെ"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ ഒരു വർത്തമാനകാല കർമ്മണി വിധിരൂപമാണിത്. ഫിലി. 2:6-8 ൽ കാണുന്ന, ബാഹ്യമായ മാറ്റത്തിന്റെ മാതൃകയുടെയും (*സ്ഖീമാ*, 2:8) ആന്തരിക മാറ്റത്തിന്റെ അന്തസത്തയുടെയും (*മോർഫെ*, 2:6-7) ഇടയിലുള്ള വൈരുദ്ധ്യം ഇവിടെ വാ. 2 ലും കാണാം. വിശ്വാസികൾ അവർ ഇപ്പോഴും ഒരു ഭാഗമായിരിക്കുന്ന വീഴ്ച സംഭവിച്ച ലോക സംവിധാനത്തിന്റെ (മത്സരത്തിന്റെ പഴയ യുഗം) മാറ്റത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുകയല്ല, മറിച്ച് ക്രിസ്തുസാദൃശ്യത്തിലേക്കുള്ള (ആത്മാവിന്റെ പുതിയ യുഗം) ആന്തരിക മാറ്റത്തിനു വിധേയമായിരിക്കയാണു വേണ്ടതെന്നാണ് ഇവിടെ പ്രബോധിപ്പിക്കുന്നത്.

## പ്രത്യേക പഠനവിഷയം:
## ഇപ്പോഴുള്ള യുഗവും വരുവാനുള്ള യുഗവും

പഴയനിയമ പ്രവാചകന്മാർ ഭാവിയെ വർത്തമാന കാലത്തിന്റെ വിപുലീകരണമായിട്ടാണ് വീക്ഷിച്ചിരിക്കുന്നത്. അവരെ സംബന്ധിച്ച് ഭാവി, ഭൂമി ശാസ്ത്രപരമായ യിസ്രായേലിന്റെ യഥാസ്ഥാപനമായിരുന്നു. എങ്കിലും അവരും അതിനെ പുതിയ ദിനമായി കണ്ടു (ഒ.നോ. യെശ. 65:17; 66:22). അബ്രഹാമിന്റെ സന്തതി യഹോവയെ മനപ്പൂർവ്വം നിരസിക്കുന്നതു തുടർന്നപ്പോൾ (പ്രവാസത്തിനു ശേഷവും) യെഹൂദന്റെ ഇടക്കാല വെളിപ്പാടു സാഹിത്യത്തിൽ ഒരു പുതിയ മാതൃക രൂപം കൊണ്ടു (അതാ. 1 ഹാനോക്ക്, 4 എസ്രാ, 2 ബാരൂക്ക്). ഈ എഴുത്തുകൾ രണ്ടു കാലങ്ങളെ തമ്മിൽ വേർതിരിച്ചു: സാത്താന്റെ ആധിപത്യമുള്ള ഇപ്പോഴത്തെ ദുഷ്ട യുഗവും പരിശുദ്ധാത്മാവിന്റെ ആധിപത്യമുള്ളതും മശിഹായാൽ (മിക്കപ്പോഴും ഒരു പോരാളി) സ്ഥാപിതമാകുന്നതുമായ വരാനിരിക്കുന്ന നീതിയുടെ യുഗവും.

ഈ ദൈവശാസ്ത്ര മേഖലയിൽ (അന്ത്യകാല ശാസ്ത്രം) വ്യക്തമായ വളർച്ച ഉണ്ടായിട്ടുണ്ട്. ദൈവശാസ്ത്രജ്ഞന്മാർ ഇതിനെ "ക്രമാനുഗത വെളിപ്പാട്" എന്നു വിളിക്കുന്നു. ഈ പുതിയ ആഗോള യാഥാർത്ഥ്യമായ രണ്ടു യുഗങ്ങളെ (അതായത് ഭൗമിക ദ്വന്ദം) പുതിയ നിയമം സ്ഥിരീകരിക്കുന്നുണ്ട്.

| യേശു | പൗലൊസ് | എബ്രായർ |
|---|---|---|
| മത്താ. 12:32 | റോമ. 12:2 | 1:2 |
| മത്താ. 13:22 & 29 | 1 കൊരി. 1:20; 2:6,8; 3:18 | 6:5 |
| മർക്കൊ. 10:30 | 2 കൊരി. 4:4 | 11:3 |
| ലൂക്കൊ. 16:8 | ഗലാ. 1:4 | |
| ലൂക്കൊ. 18:30 | എഫെ. 1:21; 2:1,7; 6:12 | |
| ലൂക്കൊ. 20:34-35 | 1 തിമൊ. 6:17 | |
| | 2 തിമൊ. 4:10 | |
| | തീത്തൊ. 2:12 | |

പുതിയ നിയമ ദൈവശാസ്ത്രത്തിൽ, മശിഹായുടെ രണ്ടു വരവിനെ സംബന്ധിച്ചുള്ള അപ്രതീക്ഷിതവും അവഗണിക്കപ്പെട്ടതുമായ പ്രവചനങ്ങൾ നിമിത്തം ഈ രണ്ടു യെഹൂദ യുഗങ്ങൾ പരസ്പരം വ്യാപിച്ചു കിടക്കുന്നു. യേശുവിന്റെ ജഡാവതാരം, പുതിയ യുഗത്തിന്റെ തുടക്കം സംബന്ധിച്ച പഴയനിയമ പ്രവചനങ്ങളെ നിവർത്തിയാക്കി (ദാനീ. 2:44-45). പഴയനിയമം അവൻ ന്യായാധിപനും ജയാളിയുമായി വരുന്നത് പ്രവചിച്ചിട്ടുണ്ടെങ്കിലും അവൻ ആദ്യം കഷ്ടപ്പെടുന്ന ദാസനായിട്ടും (ഒ.നോ. യെശ. 53; സെഖ. 12:10), താഴ്മയും സൗമ്യതയും ഉള്ളവനുമായിട്ടാണ് (ഒ.നോ. സെഖ. 99) വന്നത്. പഴയ നിയമം പ്രവചിച്ചതുപോലെ (ഒ.നോ. വെളി. 19) അവൻ ശക്തിയോടെ മടങ്ങിവരും. ഈ രണ്ടു ഘട്ടത്തിലുള്ള നിവൃത്തി, ദൈവരാജ്യം സന്നിഹിതമായി (ഉദ്ഘാടനം ചെയ്യപ്പെട്ടു) എന്നാൽ ഭാവിയിൽ വരാനുള്ളതാണ് (പൂർണ്ണമായി നിവൃത്തിയായിട്ടില്ല) എന്നതിനും കാരണമായി. വന്നു കഴിഞ്ഞു എന്നാൽ ആയിട്ടില്ല എന്ന പുതിയനിയമ സംഘർഷം ഇതാണ്.

■ **"നന്മയും പ്രസാദവും പൂർണ്ണതയുമുള്ള"** രക്ഷയ്ക്കുശേഷം വിശ്വാസികളെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടത്തെ ഇതു പ്രതിനിധീകരിക്കുന്നു (ഒ.നോ. ഫിലി. 4:4-9). ഓരോ വിശ്വാസിയെക്കുറിച്ചുമുള്ള ദൈവത്തിന്റെ ഉദ്ദേശ്യം ഇപ്പോൾ ക്രിസ്തുസാദൃശ്യം പ്രാപിക്കുക എന്നതാണ് (ഒ.നോ. മത്താ. 5:48).

▣ **"പൂർണ്ണതയുമുള്ള"** ഈ പദത്തിനർത്ഥം "പക്വതയുള്ള, നിശ്ചയിക്കപ്പെട്ട ഒരു കടമ നിർവഹിക്കുന്നതിനു പ്രാപ്തിയുള്ള, പക്വമായ, അഥവാ പൂർണ്ണതയുള്ള" എന്നെല്ലാമാണ്. "പാപമില്ലാത്ത" എന്ന് ഇതിനർത്ഥമില്ല. താഴെപ്പറയുന്ന കാര്യങ്ങൾക്കായി ഇതുപയോഗിച്ചിരിക്കുന്നു

1. ഒടിഞ്ഞ കൈകാലുകൾ വീണ്ടും സൗഖ്യം പ്രാപിച്ച് പൂർവ്വ സ്ഥിതിയിലാകുന്നത്
2. കീറിയ വല തയ്ച്ച് വീണ്ടും മീൻപിടുത്തത്തിനും യോഗ്യമാക്കിയത്
3. ഭക്ഷണയോഗ്യമായ നിലയിൽ വളർച്ച പ്രാപിച്ച കോഴിക്കുഞ്ഞുങ്ങൾ
4. കടൽ യാത്രയ്ക്കു സജ്ജമായ കപ്പലുകൾ

▣ **"ദൈവഹിതം"** താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠന വിഷയം കാണുക.

## പ്രത്യേക പഠനവിഷയം:
## ദൈവത്തിന്റെ ഇഷ്ടം (*തെലിമാ-θελημα*)

**യോഹന്നാന്റെ സുവിശേഷം**

- യേശു പിതാവിന്റെ ഇഷ്ടം ചെയ്‌വാൻ വന്നു (ഒ.നോ. 4:34; 5:30; 6:35).
- പിതാവു പുത്രനു നൽകിയവരെ എല്ലാം ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കണമെന്നത് (ഒ.നോ. 6:39).
- എല്ലാവരും പുത്രനിൽ വിശ്വസിക്കേണമെന്നത് (ഒ.നോ. 6:29,40)
- ദൈവേഷ്ടം ചെയ്യുന്നതിനോടു ബന്ധപ്പെട്ട് മറുപടി ലഭിച്ച പ്രാർത്ഥന (ഒ.നോ. 9:31; 1 യോഹ. 5:14).

**സമവീക്ഷണ സുവിശേഷങ്ങൾ**

- ദൈവേഷ്ടം ചെയ്യുന്നത് നിർണ്ണായകമാണ് (ഒ.നോ. മത്താ. 7:21).
- ദൈവേഷ്ടം ചെയ്യുന്നത് ഒരുവനെ യേശുവിന്റെ സഹോദരനോ സഹോദരിയോ ആക്കും (ഒ.നോ. മത്താ. 12:50; മർക്കൊ. 3:35).
- ആരും നശിച്ചുപോകുന്നത് ദൈവത്തിന്റെ ഇഷ്ടമല്ല (ഒ.നോ. മത്താ. 18:14; 1 തിമൊ. 2:4; 2 പത്രൊ. 3:9).
- കാൽവറി യേശുവിനെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടമായിരുന്നു (ഒ.നോ. മത്താ. 26:42; ലൂക്കൊ. 22:42).

**പൗലൊസിന്റെ ലേഖനത്തിൽ**

- സകല വിശ്വാസികളുടെയും പക്വതയും ശുശ്രൂഷയും (ഒ.നോ. റോമ. 12:1-2).
- വിശ്വാസികൾ ഈ ദുഷ്ടലോകത്തിൽ നിന്നു വിടുവിക്കപ്പെടുന്നത് (ഒ.നോ. ഗലാ. 1:4).
- ദൈവത്തിന്റെ ഇഷ്ടം അവന്റെ വീണ്ടെടുപ്പിൻ പദ്ധതിയാണ് (ഒ.നോ. എഫെ. 1:5,9,11).
- വിശ്വാസികൾ ആത്മനിറവിൻ ജീവിതം അനുഭവമാക്കുന്നതും ജീവിക്കുന്നതും (ഒ. നോ. എഫെ. 5:17-18)
- വിശ്വാസികൾ ദൈവിക പരിജ്ഞാനത്താൽ നിറയപ്പെടുന്നത് (ഒ.നോ. കൊലൊ. 1:9).
- വിശ്വാസികൾ തികഞ്ഞവരും പൂർണ്ണതയുള്ളവരാകുന്നത് (ഒ.നോ. കൊലൊ. 4:12).
- വിശ്വാസികൾ വിശുദ്ധീകരിക്കപ്പെടുന്നത് (ഒ.നോ. 1 തെസ്സ. 4:3).
- വിശ്വാസികൾ സകലത്തിനും നന്ദികരേറ്റുന്നത് (ഒ.നോ. 1 തെസ്സ. 5:18).

**പത്രൊസിന്റെ ലേഖനങ്ങൾ**

- വിശ്വാസികൾ നന്മ ചെയ്തുകൊണ്ട് (അതായത്, ദുഷ്ട യജമാനന്മാർക്കു കീഴടങ്ങിയിരുന്നുകൊണ്ട്) ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്തം മിണ്ടാതാക്കേണമെന്നും അങ്ങനെ സുവിശേഷീകരണത്തിന് അവസരം ഉണ്ടാക്കേണമെന്നതും (ഒ.നോ. 1 പത്രൊ. 2:15).
- വിശ്വാസികൾ കഷ്ടത സഹിക്കുന്നത് (ഒ.നോ. 1 പത്രൊ. 3:17; 4:19).
- വിശ്വാസികൾ സ്വയ-കേന്ദ്രീകൃത ജീവിതം നയിക്കാതിരിക്കുന്നത് (ഒ.നോ. 1 പത്രൊ. 4:2).

**യോഹന്നാന്റെ ലേഖനങ്ങൾ**

- വിശ്വാസികൾ എന്നേക്കും വസിക്കുന്നത് (ഒ.നോ. 1 യോഹ. 2:17)
- ഉത്തരം ലഭിക്കുന്ന പ്രാർത്ഥനയ്ക്കുള്ള വിശ്വാസിയുടെ താക്കോൽ (ഒ.നോ. 1 യോഹ. 5:14).

▣ **"ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു"** ഇതൊരു വർത്തമാനകാല കേവലക്രിയയാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദം (*ഡോക്കിമാഡ്സോ - δοκιμαζω*) ത്തിന്റെ ആക്ഷരീകാർത്ഥം "അംഗീകരിക്കുന്നതിനു വേണ്ടിയുള്ള പരീക്ഷ" എന്നാണ്. 2:18 ലെ പ്രത്യേക പഠനവിഷയം കാണുക.

സകലരും ക്രിസ്തുവിലൂടെ രക്ഷിക്കപ്പെടണമെന്നും (ഒ..നോ. യോഹ. 6:39-40) തുടർന്ന ക്രിസ്തുവിനെപ്പോലെ ജീവിക്കണമെന്നുമാണ് ദൈവത്തിന്റെ ഹിതം (ഒ.നോ. റോമ. 8:28-29; ഗലാ. 4:19; എഫെ. 1:4; 4:13,15; 5:17-18). ക്രിസ്തീയ ഭദ്രത അടിസ്ഥാനപ്പെട്ടിരിക്കുന്നത്

1. വിശ്വസ്തനായ ദൈവത്തിന്റെ വാഗ്ദത്തങ്ങളിലും

2. അധിവാസം ചെയ്യുന്ന പരിശുദ്ധാത്മാവിലും (ഒ.നോ. റോമ. 8:14–16)

3. വിശ്വാസികളുടെ രൂപാന്തരം സംഭവിച്ചതും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ജീവിതത്തിലും ആണ് (ഒ.നോ. യാക്കോബ് & 1 യോഹന്നാൻ). "ഫലമില്ലെങ്കിൽ വേരുമില്ല" (മത്താ. 13:1–9, 19–23).

▣ **"മനസ്സു പുതുക്കി"** ഇത് പുതിയ സമയത്തെയല്ല (*ക്രോണോസ്*) പുതിയ ഗുണത്തെയാണ് (*കായിനോസ്*) കാണിക്കുന്നത്. യെഹൂദന്മാർക്കും കാഴ്ചയുടെയും കേഴ്വിയുടെയും ഇന്ദ്രിയങ്ങൾ ദേഹിയുടെ ജാലകങ്ങളാണ്. ഒരുവൻ എന്തിനെക്കുറിച്ചു ചിന്തിക്കുന്നുവോ അവൻ അത് ആകുന്നു. രക്ഷിക്കപ്പെട്ടതിനുശേഷം ആത്മാവിന്റെ അധിവാസം നിമിത്തം വിശ്വാസികൾക്ക് ഒരു പുതിയ വീക്ഷണമുണ്ട് (ഒ.നോ. എഫെ. 4:13,23; തീത്തൊ. 3:5). ആത്മാവിന്റെ അധിവാസത്തോടൊപ്പം ഈ പുതിയ ലോകവീക്ഷണമാണ് പുതിയ വിശ്വാസികളുടെ മനസ്സിനെയും ജീവിത ശൈലിയെയും രൂപാന്തരപ്പെടുത്തുന്നത്. അവരുടെ മനസ്സുകൾ പരിശുദ്ധാത്മാവിനാൽ ഊർജ്ജസ്വലമാക്കപ്പെടുന്നതിനാൽ അവർ യാഥാർത്ഥ്യങ്ങളെ വ്യത്യസ്തമായ നിലയിൽ നോക്കിക്കാണുന്നു. ഒരു പുതിയ വീണ്ടെടുക്കപ്പെട്ട, ആത്മ-നിയന്ത്രിതമായ മനസ്സ് പുതിയ ജീവിതശൈലിക്കു കാരണമാകുന്നു. ഇതാണ് പുതിയ ഉടമ്പടി വാഗ്ദത്തം ചെയ്തിരിക്കുന്നത് (ഒ.നോ. യിരെ. 31:31–34).

## പ്രത്യേക പഠനവിഷയം: പുതുക്കുക (*ανακαινωσις*)

ഈ ഗ്രീക്കു പദത്തിന് അതിന്റെ വ്യത്യസ്ത രൂപങ്ങളിൽ രണ്ട് അർത്ഥമാണുള്ളത്

1. "ഒന്നിനെ പുതിയതും വ്യത്യസ്തവുമാകാൻ കാരണമാക്കുക (മികച്ചത്)" – റോമ. 12:2; കൊലൊ. 3:10
2. "മുമ്പിലത്തെ മികച്ച അവസ്ഥയിലേക്ക് മാറ്റുവാൻ ഇടയാക്കുക" – 2 കൊരി. 4:16; എബ്രാ. 6:4–6

(ലൂവ് & നിഡാ, ഗ്രീക്ക്-ഇംഗ്ലീഷ് ലക്സിക്കൺ, വാല്യം 1, പേജ് 157, 594).

മോൾട്ടൺ, മില്ലിഗൺ എന്നിവരുടെ *ദ വൊക്കാബുലറി ഓഫ് ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്* പറയുന്നത്, ഈ പദം (***ανακκαινοσις***) പൗലൊസിനു മുമ്പുള്ള ഗ്രീക്കു സാഹിത്യത്തിൽ ഇല്ലായിരുന്നുവെന്നാണ്. ഈ പദം പൗലൊസ് രൂപപ്പെടുത്തിയതായിരിക്കാം.

ഫ്രാങ്ക് സ്റ്റാഗിന്റെ ന്യൂ ടെസ്റ്റമെന്റ് തിയോളജിയിൽ താല്പര്യജനകമായ ഒരു അഭിപ്രായമുണ്ട്.

"പുതുജനനവും പുതുക്കലും ദൈവത്തിന്റേതു മാത്രമാണ്. പുതുക്കുക എന്നതിനുള്ള പദമായ *അനാക്കായിനോസിസ്* ഒരു പ്രവൃത്തി നാമമാണ്, അത് ക്രിയാ രൂപങ്ങളോടൊപ്പം പുതിയ നിയമത്തിൽ ഉപയോഗിക്കുന്നത് റോമ. 12:2 ലെ 'മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ,' 2 കൊരി. 4:16 ലെ 'ഞങ്ങളുടെ അകത്തെ മനുഷ്യൻ നാൾതോറും പുതുക്കം പ്രാപിക്കുന്നു,' എന്നതുപോലെ ഒരു ആവർത്തിച്ചുള്ള പുതുക്കലിനെ സൂചിപ്പിക്കാനാണ്. കൊലൊ. 3:10 ഒരു 'പുതുമനുഷ്യനെ' 'തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരി ജ്ഞാനത്തിന്നായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യൻ' എന്ന നിലയിലും വിവരിച്ചിരിക്കുന്നു. അങ്ങനെ ഈ 'പുതിയ മനുഷ്യൻ,' 'ഈ ജീവന്റെ പുതുക്കം,' 'പുതുജനനം,' അഥവാ 'പുതുക്കം' എങ്ങനെ വിളിച്ചാലും നിത്യജീവന്റെ ദാതാവും നിലനിർത്തുന്നവനുമായ ദൈവത്തിന്റെ പ്രാരംഭവും തുടരുന്നതുമായ പ്രവൃത്തിയാണെന്നു കാണാം" (പേജ് 118).

▣ **"രൂപാന്തരപ്പെടുവിൻ"** വിശ്വാസികൾ കേവലം അറിവു നേടുകയല്ല, തീർച്ചയായും രൂപാന്തരപ്പെടണം (ഒ. നോ. 6:4; 7:6; 2 കൊരി. 5:17; ഗലാ. 6:15; എഫെ. 4:22–24; കൊലൊ. 3:10). ഈ പദത്തിന്റെ വ്യാകരണരൂപം വർത്തമാനകാല മധ്യ വിധിരൂപമോ, "നിങ്ങളെത്തന്നെ തുടർമാനമായി രൂപാന്തരപ്പെടുത്തുവിൻ" അല്ലെങ്കിൽ വർത്തമാനകാല കർമ്മണി വിധിരൂപമോ, "തുടർമാനമായി രൂപാന്തരപ്പെടുത്തപ്പെടുവിൻ" ആണ്. സമാന്തരമായ ഒരു താരതമ്യത്തിന് യെഹെ. 18:31 (മാനുഷിക സമർപ്പണവും പ്രവൃത്തിയും), 36:26–27 (ദൈവിക ദാനം) കാണുക. രണ്ടും ആവശ്യമാണ്.

"രൂപാന്തരപ്പെടുക" എന്ന ഈ പദത്തിന്റെ ഒരു രൂപം യേശുവിന്റെ മറുരൂപപ്പെടലിന് ഉപയോഗിച്ചിട്ടുണ്ട് (ഒ. നോ. മത്താ. 17:). അവിടെ അവന്റെ യഥാർത്ഥ സാരാംശം വെളിപ്പെടുന്നു. ഈ യഥാർത്ഥ ദൈവിക സാരാംശം (ഒ.നോ. 2 പത്രൊ. 1:3–4) ഓരോ വിശ്വാസിയിലും രൂപപ്പെടണം (ഒ.നോ. 2 കൊരി. 3:18; എഫെ. 4:13).

### റോമർ 12:3–8

**[3]ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു. [4]ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ടല്ലോ; എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും; [5]അതുപോലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു. [6]ആകയാൽ നമുക്കു ലഭിച്ച കൃപെക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ടു പ്രവചനം എങ്കിൽ വിശ്വാസത്തിന്നു ഒത്തവണ്ണം, [7]ശുശ്രൂഷ എങ്കിൽ ശുശ്രൂഷയിൽ, ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ, [8]പ്രബോധിപ്പിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ ഉത്സാഹത്തോടെ, കരുണ ചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ.**

**12:3** വാ. 1–3 "പുതുമനസ്സിന്റെ" ആവശ്യകതയെ ഊന്നിപ്പറയുന്നു. വാ. 3 "ചിന്തിക്കുക" എന്ന വാക്കിന് നാലു വിധ വാക്പ്രയോഗങ്ങളുണ്ട്. സോണ്ടർവാൻ സ്റ്റഡി ഗൈഡ് കമന്ററി: റോമൻസിൽ ബ്രൂസ് കോർലിയും കർട്ടിസ് വോഗനും ഈ നിരീക്ഷണം നടത്തുന്നു:

"അതിശയോക്തിപരമായ ചിന്ത ...ശരിയായ ചിന്ത ....സോദ്ദേശ്യപരമായ ചിന്ത ... സുബോധമായ ചിന്ത" (പേജ് 138).

11:13–24 നെപ്പോലെ ഈ വാക്യം പ്രതിഫലിപ്പിക്കുന്നത്

1. റോമിലെ സഭയിൽ നിലനില്ക്കുന്ന വിശ്വസിക്കുന്ന യെഹൂദന്മാരും വിശ്വസിക്കുന്ന ജാതികളും തമ്മിലുള്ള സംഘർഷം
2. പൗലൊസ്, ശാഠ്യക്കാരും സ്വയ–പുകഴ്ചക്കാരുമായ വിശ്വാസികളിൽ നിന്ന് പ്രശ്നം നേരിട്ട കൊരിന്തിൽ നിന്നാണ് റോമാലേഖനം എഴുതിയത് എന്ന വസ്തുത (അവന്റെ മൂന്നാം മിഷനറി യാത്രയുടെ അന്ത്യത്തിൽ).

■ **"ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ"** 1:30 ലെ പ്രത്യേക പഠനവിഷയം: പൗലൊസിന്റെ *ഹുപെർ"* സംയുക്തത്തിന്റെ ഉപയോഗം കാണുക.

■ **"വിശ്വാസത്തിന്റെ അളവു"** ആത്മിക വരത്തിന്റെ ശരിയായ ഫലദായകത്വത്തിനുള്ള ഓരോരുത്തന്റെ കഴിവാണിത് (ഒ.നോ. വാ. 6). ആരോഗ്യമുള്ളവരായിരിക്കുന്നതിന്, ആത്മിക വരങ്ങൾ ആത്മാവിന്റെ ഫലത്തിന്റെയടിസ്ഥാനത്തിൽ ഉപയോഗിക്കണം (ഒ.നോ. വാ. 9–12; ഗലാ. 5:22–23). വരങ്ങൾ എന്നത് യേശു തന്റെ ശിഷ്യന്മാർക്ക് വിഭജിച്ചു നൽകിയിട്ടുള്ള ശുശ്രൂഷയാണ്, എന്നാൽ ഫലം ക്രിസ്തുവിന്റെ മനസ്സാണ്. ഫലപ്രദമായ ശുശ്രൂഷയ്ക്ക് രണ്ടും ആവശ്യമാണ്.

■ **"ദൈവം അവനവന്നു ... പങ്കിട്ടതുപോലെ"** ഇതൊരു ഭൂതകാല കർത്തരി സൂചകമാണ്. വിശ്വാസികളല്ല അവരുടെ ആത്മിക വരങ്ങൾ തിരഞ്ഞെടുക്കുന്നത് (ഒ.നോ. 1 കൊരി. 7:17; 12:11; എഫെ. 4:7). അവർക്ക് ്തു പൊതുപ്രയോജനത്തിനായി നൽകപ്പെടുന്നു (ഒ.നോ. 1 കൊരി. 12:7). ആത്മാവിന്റെ ഫലങ്ങൾ വ്യക്തിയെ ഉയർത്തുന്ന യോഗ്യതയുടെ ചിഹ്നങ്ങളല്ല, മറിച്ച് ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ ശരീരമായ സഭയെ സേവിക്കുന്നതിനായി ധരിക്കുന്ന ദാസന്റെ തോർത്താണ്!

■ **"ഞാൻ എനിക്കു ലഭിച്ച കൃപയാൽ"** ഇതൊരു ഭൂതകാല കർമ്മണി അപൂർണ്ണക്രിയയാണ്. കൃപ ദൈവത്തിൽനിന്ന് പൂർണ്ണമായി വന്ന ഭൂതകാല പ്രവൃത്തിയാണ് (അതായത് ദമസ്കൊസ് റോഡിലെ സംഭവം). ഇവിടെയിത് ആത്മി വരപ്രാപ്തിയാണ് (ഒ.നോ. 15:15; 1 കൊരി. 3:10; 15:10; ഗലാ. 2:9; എഫെ. 3:7–8), അല്ലാതെ നീതീകരണം എന്ന ദാനമല്ല (ഒ.നോ. റോമർ 4). അതു സൂചിപ്പിക്കുന്നത് പൗലൊസിന്റെ മാനസാന്തരവും ജാതികളുടെ അപ്പൊസ്തലൻ എന്ന വിളിയുമാണ് (ഒ.നോ. പ്രവൃ. 9:15; റോമ. 1:1,5; ഗലാ. 1:15–16; 2:7–8; എഫെ. 3:1–2,8; 1 തിമൊ. 2:7; 2 തിമൊ. 4:17).

■ **"നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു"** വാ. 3 ലെ മുന്നറിയിപ്പ് നേതാക്കന്മാർക്കു മാത്രമുള്ളതല്ല, സകല ക്രിസ്ത്യാനികൾക്കും ഉള്ളതാണ്.

**12:4** ഇത് പൗലൊസിന്റെ എഴുത്തുകളിലെ ഒരു പൊതു സാദൃശ്യമാണ്. മനുഷ്യ ശരീരത്തിന്റെ അന്യോന്യമുള്ള ആശ്രയം സഭയുടെ വിവിധ വരങ്ങളെ സൂചിപ്പിക്കുന്നു (ഒ.നോ. 1 കൊരി. 12:12–17; എഫെ. 1:23; 4:4,12,16; 5:30; കൊലൊ. 1:18,24; 2:19). ക്രിസ്ത്യാനിത്വം സാമൂഹ്യപരവും വ്യക്തിപരവുമാണ്.

**12:5 "പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും ... ആകുന്നു"** ഈ വാക്യം ഊന്നിപ്പറയുന്നത് വിശ്വാസികളുടെ ഏകത്വവും നാനാത്വവുമാണ്. ഇതാണ് സഭയ്ക്കുള്ളിലെ കൃപാവരദാനത്തിന്റെ സംഘർഷം. സ്നേഹ അധ്യായമായ 1 കൊരി. 13, കൃപാവരദാനത്തിന്റെ വൈവിധ്യത്തിന്റെ സംഘർഷം ചർച്ച ചെയ്യുന്നു (ഒ.നോ. 1 കൊരി. 12 & 14). ക്രിസ്ത്യാനികൾ മത്സരത്തിലല്ല, മറിച്ച് മഹാനിയോഗ സഹകരണത്തിലാണ്!

**12:6–8** ഈ വാക്യങ്ങൾ, ഗ്രീക്കിൽ രണ്ട് അപൂർണ്ണക്രിയകൾ ഉള്ളതും പ്രധാന ക്രിയ ഇല്ലാത്തതുമായ ഒറ്റ വാചകമാണ്. അത് സാധാരണയായി പ്രഥമ പുരുഷ വിധിരൂപമാണ്, "നമുക്ക് ഉപയോഗിക്കാം."

**12:6–8 "കൃപെക്കു ... വരം"** "വരം" (*ഖാരിസമാറ്റാ–χαρισματα*), "കൃപ" (*ഖാറിസ്–χαρις*) എന്നിവയ്ക്ക് ഒരേ മൂലപദമാണുള്ളത്. അതിനർത്ഥം "സൗജന്യമായി നൽകപ്പെട്ടത്" എന്നാണ്. 3:24 ന്റെ കുറിപ്പ് കാണുക. ആത്മീയ വരങ്ങളുടെ പട്ടിക 1 കൊരി. 12, റോമ. 12, എഫെ. 4, 1 പത്രൊ. 4 എന്നിവിടങ്ങളിൽ കൊടുത്തിട്ടുണ്ട്. പട്ടികകളും അവയുടെ ക്രമവും ഒരുപോലെയല്ല, അതിനാൽ അവ പ്രാതിനിധ്യ നിലയിലുള്ളവയാണ്, അന്തിമമല്ല. തങ്ങളുടെ വരങ്ങളെ എങ്ങനെ തിരിച്ചറിയാമെന്ന് ബൈബിൾ ഒരിക്കലും വിശ്വാസികളോടു പറഞ്ഞിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഏറ്റവും മികച്ച വേദപുസ്തകേതര അറിവ് ലഭിക്കുന്നത് പോൾ ലിറ്റിൽ എഴുതി ഇന്റർവാഴ്സിറ്റി പ്രസ്സ് പ്രസിദ്ധീകരിച്ച *അഫേമിംഗ് ദ വിൽ ഓഫ് ഗോഡ്* എന്ന ലഘുഗ്രന്ഥത്തിൽ നിന്നാണ്. ദൈവത്തിന്റെ ഹിതം മനസ്സിലാക്കുന്നതിനുള്ള ഈ മാർഗ്ഗനിർദ്ദേശങ്ങൾ തന്നേ ഒരുവന്റെ ഫലപ്രദമായ ശുശ്രൂഷാ മേഖല കണ്ടെത്താനും ഉപയോഗിക്കാം. വിശ്വാസികൾ വരപ്രാപ്തരാണ് എന്നറിയുന്നത്, അവർ എങ്ങനെ വരപ്രാപ്തരായിരിക്കുന്നു എന്നോ അവർക്ക് എന്തു വരമാണ് ലഭിച്ചിരിക്കുന്നത് എന്നോ അറിയുന്നതിനെക്കാൾ പ്രധാനപ്പെട്ടതാണ്.

■ **"എങ്കിൽ"** "ഉണ്ട് എങ്കിൽ" അഥവാ "അതോ ഇതോ" എന്നർത്ഥം വരുന്ന *എയ്റ്റെ* (*ειτε*) (വാ. 6,7[2

പ്രാവശ്യം],8) ആണിത്. ഈ വാക്യത്തിൽ ഇതിനെത്തുടർന്ന് ക്രിയകളൊന്നുമില്ല (ഒ.നോ. 1 കൊരി. 3:22; 8:5; 2 കൊരി. 5:10) എങ്കിലും സാധാരണയായി തുടർന്ന് വർത്തമാനകാല സൂചകം കാണാം (ഒ.നോ. 1 കൊരി. 12:26; 8:5; 2 കൊരി. 1:6). അതിനാൽ ആത്മീയ വരങ്ങളുടെ സാന്നിധ്യത്തെ സൂചിപ്പിക്കുന്ന ഒന്നാംതരം സോപാധിക വാചകമാണ്.

▣ **"പ്രവചനം"** ദൈവിക സന്ദേശത്തെ വെളിപ്പെടുത്തുന്ന പഴയ നിയമ പ്രവചനത്തോടു ബന്ധപ്പെട്ടതല്ല ഇത്. പഴയ നിയമത്തിൽ പ്രവാചകന്മാർ തിരുവെഴുത്ത് (ദൈവശ്വാസീയ) എഴുതി. പുതിയ നിയമത്തിൽ അത് ദൈവിക സത്യങ്ങളുടെ പ്രഘോഷണമാണ്. മുൻകൂട്ടി പറയുന്നതും അതിൽ ഉൾപ്പെടും (ഒ.നോ. പ്രവൃ. 11:27-28; 21:10-11). ശ്രദ്ധാകേന്ദ്രം പുതിയ നിയമമല്ല മറിച്ച് സുവിശേഷ സന്ദേശത്തിന്റെ വിശദീകരണവും അതെങ്ങനെ ഇന്ന് പ്രസക്തമായിരിക്കുന്നു എന്നുമാണ്. പദത്തിന്റെ ഒരു അസ്ഥിര സ്വഭാവമുണ്ട്. വിശ്വാസികൾ ചെയ്യുന്ന പ്രവൃത്തികളെ അതു സൂചിപ്പിക്കുന്നതോടൊപ്പം (ഒ.നോ. 1 കൊരി. 14:1,39), ഒരു പ്രത്യേക കൃപാവരത്തെയും (ഒ.നോ. 1 കൊരി. 12:28; 14:29; എഫെ. 4:11) അതു സൂചിപ്പിക്കുന്നു. ഇത് അർത്ഥ വ്യതിയാനം ഇതേ കാലയളവിൽ പൗലൊസ് എഴുതിയ കൊരിന്ത്യലേഖനത്തിലും കാണാം (ഒ.നോ. 1 കൊരി. 12:10,12; 13:8; 14:1,5,29,39).

## പ്രത്യേക പഠനവിഷയം: പുതിയ നിയമ പ്രവചനം

I. ഇത് പഴയ നിയമ പ്രവചനത്തിനു സമാനമല്ല (BDB 611). പഴയനിയമ പ്രവചനത്തിൽ യഹോവയിൽ നിന്നുള്ള ദൈവനിശ്വാസീയ വെളിപ്പാടുകൾക്ക് റബ്ബിമാരുടെ ഭാഷ്യംകൂടി അടങ്ങിയിരുന്നു (പ്രവൃ. 3:18,21; റോമ. 16:26). പ്രവാചകന്മാർക്കു മാത്രമേ തിരുവെഴുത്തുകൾ എഴുതാൻ കഴിഞ്ഞിരുന്നുള്ളൂ.
   A. മോശെയെ പ്രവാചകൻ എന്നു വിളിച്ചിരുന്നു (ഒ.നോ. ആവ. 18:15-21)
   B. ചരിത്ര പുസ്തകങ്ങളെ (യോശുവ - രാജാക്കന്മാർ - [രൂത്ത് ഒഴികെ]) "മുൻകാല പ്രവാചകന്മാർ" എന്നു വിളിച്ചിരുന്നു (ഒ.നോ. പ്രവൃ. 3:24).
   C. ദൈവത്തിൽ നിന്നുള്ള വിവരങ്ങളുടെ ഉറവിടമെന്ന നിലയിൽ പ്രവാചകന്മാർ മഹാപുരോഹിത ദൗത്യത്തിന്മേൽ കടന്നുകയറ്റം നടത്തിയിരുന്നു (ഒ.നോ. യെശ-മലാഖി)
   D. എബ്രായ കാനോന്റെ രണ്ടാമത്തെ വിഭാഗം "പ്രവാചകന്മാർ" ആയിരുന്നു (ഒ.നോ. മത്താ. 5:17; 22:40; ലൂക്കൊ. 16:16; 24:25,27; റോമ. 3:21).

II. പുതിയ നിയമത്തിൽ പ്രവാചക സങ്കല്പം നിരവധി വ്യത്യസ്തനിലകളിൽ ഉപയോഗിച്ചിരിക്കുന്നു.
   A. പഴയ നിയമ പ്രവാചകന്മാരെയും അവരുടെ ദൈവനിശ്വാസീയ സന്ദേശത്തെയും സൂചിപ്പിക്കുവാൻ (ഒ.നോ. മത്താ. 2:23; 5:12; 11:13; 13:14; റോമ. 1:2).
   B. ഒരു സമൂഹത്തോടെന്നതിനുപകരം ഒരു വ്യക്തിയോടുള്ള ദൂതിനെ പരാമർശിക്കുന്നു (അതാ. പഴയ നിയമ പ്രവാചകന്മാർ പ്രാഥമികമായി യിസ്രായേലിനോടാണു സംസാരിച്ചത്).
   C. ദൈവരാജ്യം പ്രസംഗിച്ച (ഒ.നോ. മത്താ. 13:57; 21:11,46; ലൂക്കൊ. 4:24; 7:16; 13:33) യേശുവിനെയും യോഹന്നാൻ സ്നാപകനെയും പരാമർശിക്കുന്നു (ഒത്തു. മത്താ. 11:9; 14:5; 21:26; ലൂക്കൊ. 1:76). യേശു താൻ തന്നെ പ്രവാചകന്മാരെക്കാൾ വലിയവനെന്നവകാശപ്പെട്ടു (ഒ.നോ. മത്തായി. 11:9; 12:41; ലൂക്കൊ. 7:26).
   D. പുതിയ നിയമത്തിലെ മറ്റു പ്രവാചകന്മാർ
      1. യേശുവിന്റെ ബാല്യകാലം ലൂക്കൊസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതായത് മറിയയുടെ സ്മരണകൾ.
         a. എലീശബേത്ത് (ഒ.നോ. ലൂക്കൊ. 1:41-42).
         b. സെഖര്യാവ് (ഒ.നോ. ലൂക്കൊ. 1:67-79).
         c. ശിമ്യോൻ (ഒ.നോ. ലൂക്കൊ. 2:25-35).
         d. ഹന്ന (ഒ.നോ. ലൂക്കൊ. 2:25-35).
      2. വിരോധാഭാസ ദീർഘദർശനം (ഒ.നോ. കയ്യഫാവ്, യോഹ. 11:51).
   E. സുവിശേഷം പ്രഖ്യാപിക്കുന്നവനെ പരാമർശിക്കുന്നു (പ്രസംഗവരങ്ങളുടെ പട്ടിക 1 കൊരി. 12:28-29; എഫെ. 4:11 ൽ കൊടുത്തിരിക്കുന്നു).
   F. സഭയിൽ തുടർന്നുവരുന്ന ഒരു വരത്തെ സൂചിപ്പിക്കുന്നു (ഒ.നോ. മത്താ. 23:34; പ്രവൃ. 13:1; 15:32; റോമ. 12:6; 1കൊരി. 12:10, 28-29; 13:2; എഫെ. 4:11). ചിലപ്പോൾ ഇതു സ്ത്രീകളെക്കുറിച്ചുമാകാം (ഒ.നോ. ലൂക്കൊ. 2:36; പ്രവൃ. 2:17; 21:9; 1 കൊരി. 11:4-5).
   G. പ്രവചനഗ്രന്ഥമായ വെളിപ്പാടു പുസ്തകത്തെ പരാമർശിക്കുന്നു (ഒ.നോ. വെളി. 1:3; 22:7,10,18,19).

III. പുതിയ നിയമ പ്രവാചകൻ
   A. പഴയ നിയമപ്രവാചകന്മാർ നൽകിയ അതേ അർത്ഥത്തിൽ അവർ ദൈവനിശ്വാസീയ വെളിപ്പാട് (തിരുവെഴുത്ത്) നൽകുന്നില്ല. പ്രവൃ. 6:7; 13:8; 14:22; ഗലാ. 1:23; 3:23; 6:10; ഫിലി. 1:27; യൂദാ 3,20

എന്നിവിടങ്ങളിൽ “വിശ്വാസം” (അതാ. പൂർത്തീകരിക്കപ്പെട്ട സുവിശേഷം എന്നയർത്ഥത്തിൽ) എന്ന പദം ഉപയോഗിക്കുന്നതുകൊണ്ടാണ് ഈ പ്രസ്താവന സാധ്യമായിരിക്കുന്നത്.

യൂദാ 3 ൽ ഉപയോഗിച്ചിരിക്കുന്ന പൂർണ്ണപ്രയോഗത്തിൽ നിന്നും ഈ ആശയം വ്യക്തമാണ്: “വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി.” “ഒരിക്കലായി” എന്നത് ക്രിസ്ത്യാനിത്വത്തിന്റെ സത്യങ്ങൾ, ഉപദേശങ്ങൾ, ആശയങ്ങൾ, ലോക-വീക്ഷണ പഠിപ്പിക്കലുകൾ എന്നിവയെ പരാമർശിക്കുന്നു. ഒരിക്കലായി ഭരമേല്പിക്കപ്പെട്ട എന്ന ഊന്നൽ, പുതിയ നിയമ എഴുത്തുകളുടെ ദൈവനിശ്വാസീയതയെ ദൈവശാസ്ത്രപരമായി പരിമിതപ്പെടുത്തുന്നതിനും പിന്നീടുണ്ടാകുന്ന അഥവാ ഇതര എഴുത്തുകളെ വെളിപ്പാടായി പരിഗണിക്കാതിരിക്കുന്നതിനുമുള്ള വേദപുസ്തക അടിസ്ഥാനമാണ്. പുതിയ നിയമത്തിൽ ദുർഗ്രഹവും വ്യക്തമല്ലാത്തതും മങ്ങിയതുമായ അനേക മേഖലകളുണ്ട്. എങ്കിലും വിശ്വാസത്തിനും ജീവിതത്തിനും “മതിയായ” തെല്ലാം മതിയായ വ്യക്തതയോടെ ലഭിച്ചിരിക്കുന്നുവെന്ന് വിശ്വാസികൾ വിശ്വാസത്താൽ ഉറപ്പിക്കുന്നു. ഈ ആശയം “വെളിപ്പാട് ത്രികോണം” എന്ന പേരിൽ സാംശീകരിച്ചിട്ടുണ്ട്.

1. സമയ-സ്ഥല ചരിത്രത്തിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തി (വെളിപ്പാട്)
2. തന്റെ പ്രവൃത്തികളെ രേഖപ്പെടുത്തുവാനും വിശദീകരിക്കുവാനും അവൻ ചില മാനുഷിക എഴുത്തുകാരെ തിരഞ്ഞെടുത്തു (ദൈവനിശ്വാസീയത)
3. ഈ എഴുത്തുകളെ ഏറ്റവും കൃത്യതയാർന്ന നിലയിലല്ല, എന്നാൽ രക്ഷയ്ക്കും ഫലപ്രദമായ ക്രിസ്തീയ ജീവിതത്തിനും മതിയായ നിലയിൽ ഗ്രഹിക്കുന്നതിനുവേണ്ടി മനുഷ്യന്റെ മനസ്സുകളെയും ഹൃദയങ്ങളെയും തുറക്കുന്നതിനായി അവൻ തന്റെ ആത്മാവിനെ നൽകി (പ്രകാശനം). ഇതിനർത്ഥം ദൈവനിശ്വാസീയത തിരുവെഴുത്തുകളുടെ രചയിതാക്കളിൽ പരിമിതപ്പെട്ടിരിക്കുന്നു എന്നാണ്. അതിലുപരിയായ ആധികാരിക രചനകളോ ദർശനങ്ങളോ വെളിപ്പാടുകളോ ഇല്ല. കാനോൻ അടയ്ക്കപ്പെട്ടിരിക്കുന്നു. ദൈവത്തോടു ശരിയായ നിലയിൽ പ്രതികരിക്കാനാവശ്യമായ മുഴുവൻ സത്യവും നമുക്കു ലഭിച്ചിരിക്കുന്നു. ആത്മാർത്ഥതയുള്ളവരും ഭക്തരുമായ വിശ്വാസികൾക്കിടയിൽ നിലനിൽക്കുന്ന ചേർച്ചയില്ലായ്മയ്ക്കു വിപരീതമായി വേദപുസ്തക എഴുത്തുകാർ തമ്മിലുള്ള ഐക്യതയിൽ ഈ സത്യം നന്നായി കാണുവാൻ കഴിയും. തിരുവെഴുത്തിന്റെ എഴുത്തുകാർക്കുണ്ടായിരുന്ന ദൈവിക നേതൃത്വത്തിന്റെ നിലവാരം ഒരു ആധുനിക എഴുത്തുകാരനോ പ്രസംഗകനോ ഇല്ല.

B. ചില കാര്യങ്ങളിൽ പുതിയ നിയമ പ്രവാചകന്മാർ പഴയനിയമപ്രവാചകന്മാർക്കു തുല്യമാണ്.

1. ഭാവി സംഭവങ്ങളുടെ പ്രവചനം (ഒ.നോ. പൗലൊസ്, പ്രവൃ. 27:22; അഗബൊസ്, പ്രവൃ. 11:27-28; 21:10-11; പേരു പറയാത്ത മറ്റു പ്രവാചകന്മാർ, പ്രവൃ. 20:33).
2. ന്യായവിധി പ്രഖ്യാപനം (ഒ.നോ. പൗലൊസ്, പ്രവൃ. 13:11; 28:25-28).
3. ഒരു സംഭവത്തെ ചിത്രീകരിക്കുന്നതിനുപയോഗിക്കുന്ന പ്രതീകാത്മക പ്രവൃത്തി (ഒ.നോ. അഗബോസ്, പ്രവൃ. 21:11).

C. അവർ ചില സമയങ്ങളിൽ സുവിശേഷ സന്ദേശം പ്രവചനരൂപേണ പ്രഖ്യാപിക്കുന്നു (ഒ.നോ. പ്രവൃ. 11:27-28; 20:23; 21:10-11). എങ്കിലും ഇതല്ല പ്രാഥമിക ശ്രദ്ധാകേന്ദ്രം. 1 കൊരിന്ത്യരിലെ പ്രവചനം അടിസ്ഥാനപരമായി സുവിശേഷം അറിയിക്കലാണ് (ഒ.നോ. 14:24,39).

D. ഓരോ പുതിയ സാഹചര്യത്തിലും സംസ്കാരത്തിലും അല്ലെങ്കിൽ കാലഘട്ടത്തിലും ദൈവിക സത്യത്തിന്റെ സമകാലികവും പ്രായോഗികവുമായ വശങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള ആത്മാവിന്റെ ആനുകാലിക മാർഗ്ഗങ്ങളാണ് അവർ (ഒ.നോ. 1 കൊരി. 14:3).

E. പൗലൊസ് സ്ഥാപിച്ച ആരംഭകാല സഭകളിൽ അവർ സജീവമായിരുന്നു (1 കൊരി. 11:4-5; 12:28,29; 13:29; 14:1,3,4,5,6,22,24,29,31,32,37,39; എഫെ. 2:20; 3:5; 4:11; 1 തെസ്സ. 5:20). *സിഡാക്കേ* യിൽ (ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ രണ്ടാം നൂറ്റാണ്ടിലോ എഴുതപ്പെട്ടവ, തീയതി നിശ്ചയമില്ല) അവരെക്കുറിച്ചു പരാമർശമുണ്ട്. ഉത്തരാഫ്രിക്കയിൽ രണ്ട്, മൂന്ന് നൂറ്റാണ്ടുകളിലുണ്ടായിരുന്ന മൊണ്ടാനിസത്തിലും അവരെ കാണാം.

IV. പുതിയനിയമ വരങ്ങൾ നിന്നുപോയോ?

A. ഉത്തരം പറയാൻ ബുദ്ധിമുട്ടുള്ള ചോദ്യമാണിത്. വരങ്ങളുടെ ഉദ്ദേശ്യം നിർവചിക്കുന്നത് ഈ പ്രശ്നം പരിഹരിക്കാൻ സഹായിക്കും. സുവിശേഷത്തിന്റെ പ്രാരംഭ പ്രസംഗത്തെ ഉറപ്പിക്കാനുദ്ദേശിച്ചുള്ളതാണോ അതു അതോ സഭയ്ക്ക് സഭയ്ക്കുള്ളതിലും നഷ്ടപ്പെട്ട ലോകത്തിലും ശുശ്രൂഷ ചെയ്യുന്നതിനുള്ള തുടർന്നുകൊണ്ടിരിക്കുന്ന മാർഗ്ഗങ്ങളിലൊന്നാണോ അവ?

B. ചോദ്യത്തിനുത്തരം നൽകാൻ ഒരുവൻ സഭാചരിത്രത്തിലേക്കു നോക്കേണമോ അതോ പുതിയനിയമത്തിൽ നോക്കണമോ? ആത്മീയവരങ്ങൾ താൽക്കാലികമാണെന്ന യാതൊരു സൂചനയും പുതിയ നിയമത്തിലില്ല. ഈ വിഷയത്തെ വിശദീകരിക്കുവാൻ 1 കൊരി. 13:8-13 ഉപയോഗിക്കുന്നവർ സ്നേഹമൊഴികെ സകലവും നീങ്ങിപ്പോകുമെന്ന വേദഭാഗത്തുള്ള എഴുത്തുകാരന്റെ ഉദ്ദേശ്യത്തെ വികലമാ

ക്കുകയാണ് ചെയ്യുന്നത്.

C. സഭാ ചരിത്രമല്ല, പുതിയനിയമമാണ് ആധികാരികമെന്നതിനാൽ വരങ്ങൾ തുടരുന്നു എന്ന കാര്യത്തിൽ വിശ്വാസികൾക്ക് ഉറപ്പുണ്ടായിരിക്കണമെന്നു പറയാനാണ് ഞാൻ പരീക്ഷിക്കപ്പെടുന്നത്. എന്നിരുന്നാലും സംസ്കാരം വ്യാഖ്യാനത്തെ സ്വാധീനിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. വളരെ വ്യക്തമായ ചില വേദഭാഗങ്ങൾ ഇപ്പോൾ പ്രസക്തമല്ലാതായിട്ടുണ്ട് (അതാ. വിശുദ്ധ ചുംബനം, സ്ത്രീകൾ മൂടുപടം ധരിക്കുന്നത്, ഭവന സഭകൾ ആദിയായവ). സംസ്കാരം വേദഭാഗത്തെ സ്വാധീനിക്കുന്നുണ്ടെങ്കിൽ, സഭാചരിത്രത്തിന് എന്തുകൊണ്ടായിക്കൂടാ?

D. കൃത്യമായി ഉത്തരം നൽകാനാവാത്ത ഒരു ചോദ്യമാണിത്. ചിലർ വിശ്വാസികൾ "നിന്നുപോയി" എന്നു വാദിക്കുമ്പോൾ മറ്റുള്ളവർ "നിന്നുപോയിട്ടില്ല" എന്നു വാദിക്കുന്നു. ഈ മേഖലയിൽ, അനേക വ്യാഖ്യാന വിഷയങ്ങളിലെന്നപോലെ, വിശ്വാസിയുടെ ഹൃദയമാണു താക്കോൽ. പുതിയ നിയമം ദ്വയാർത്ഥമുള്ളതും സാംസ്കാരികവുമാണ്. ഏതു ഭാഗമാണ് സംസ്കാര/ചരിത്രത്താൽ സ്വാധീനിക്കപ്പെടുന്നതും ഏതു ഭാഗമാണ് എല്ലാക്കാലത്തേക്കും എല്ലാ സംസ്കാരങ്ങൾക്കും അനുയോജ്യം എന്നു തീരുമാനിക്കുന്നതാണ് ബുദ്ധിമുട്ട്. (ഒ.നോ. Fee and Stuart, *How to Read the Bible For All Its Worth*, pp. 14-19; 69-77). ഇവിടെയാണ് റോമർ 14:1–15:13; 1 കൊരി. 8–10 എന്നിവിടങ്ങളിൽ ചർച്ച ചെയ്യപ്പെടുന്ന സ്വാതന്ത്ര്യവും ഉത്തരവാദിത്തവും നിർണ്ണായകമാകുന്നത്. നാമെങ്ങനെ ചോദ്യത്തിനുത്തരം നൽകുന്നുവെന്നത് രണ്ടു വിധത്തിൽ പ്രാധാന്യമർഹിക്കുന്നു.

1. ഓരോ വിശ്വാസിയും തനിക്കു ലഭിച്ച വെളിച്ചത്തിനനുസരണമായി വിശ്വാസത്തിൽ നടക്കേണം. ദൈവം നമ്മുടെ ഹൃദയത്തെയും പ്രേരണകളെയും നോക്കുന്നു.
2. ഓരോ വിശ്വാസിയും മറ്റു വിശ്വാസികളെ അവരുടെ വിശ്വാസത്തിന്റെ അളവനുസരിച്ചു നടക്കാനനുവദിക്കണം. വേദപുസ്തക അതിർത്തിക്കുള്ളിൽ സഹിഷ്ണുത പാലിക്കേണം. ദൈവം നമ്മെ സ്നേഹിക്കുന്നതുപോലെ നാം അന്യോന്യം സ്നേഹിക്കുവാൻ അവനാഗ്രഹിക്കുന്നു.

E. ചുരുക്കത്തിൽ, ക്രിസ്ത്യാനിത്വമെന്നത് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ജീവിതമാണ്. പൂർണതയുള്ള ദൈവശാസ്ത്രമല്ല, മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധത്തെ സ്വാധീനിക്കുന്ന തരത്തിൽ അവനുമായുള്ള ഒരു ബന്ധം, കൃത്യമായ വിവരങ്ങളെക്കാളും ഉപദേശ പൂർണതയെക്കാളും കൂടുതൽ പ്രാധാന്യമുള്ളതാണ്.

▣ **"വിശ്വാസത്തിന്നു ഒത്തവണ്ണം"** ഇത് 3-ാം വാക്യത്തോട് നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു: "വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ" (ഒ.നോ. എഫെ. 4:7). എങ്ങനെയാണ് വിശ്വാസികൾ തങ്ങളുടെ ആത്മീയ വരങ്ങൾ ഉപയോഗിക്കുന്നത് എന്ന വിശാല പശ്ചാത്തലത്തോടു ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഇത് വിശ്വാസികളുടെ മനോഭാവങ്ങൾ, പ്രേരണകൾ, അവരുടെ വ്യക്തിപരമായ ദൈവദത്ത ശുശ്രൂഷകൾ നിർവഹിക്കുന്നതിനുള്ള ഊർജ്ജം – ഇവ ഗലാ. 5:22–23 ൽ പറഞ്ഞിരിക്കുന്ന ആത്മാവിന്റെ ഫലത്തിൽ ഉൾപ്പെട്ടതാണ് – എന്നിവയോടു ബന്ധപ്പെട്ടിരിക്കുന്നു.

**12:7**

| | |
|---|---|
| **NASB** | **"സേവനമെങ്കിൽ"** |
| **NKJV, NRSV** | **"അഥവാ ശുശ്രൂഷ, അതു നമ്മുടെ ശുശ്രൂഷയിൽ ഉപയോഗിക്കാം"** |
| **TEV** | **"സേവിക്കാനാണെങ്കിൽ നാം സേവിക്കണം"** |
| **NJB** | **"ഭരണമാണെങ്കിൽ അതു ഭരിക്കുവാൻ ഉപയോഗിക്കുക"** |

ഗ്രീക്കു പദമായ *ഡിയാക്കോണിയ (διακονια)* എന്നതിന് തത്തുല്യമായ ഇംഗ്ലീഷ് പദമില്ലാത്തതിനാൽ ാധുനിക ഭാഷാന്തരങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ഇതിനർത്ഥം (1) പ്രായോഗിക സേവനം അല്ലെങ്കിൽ (2) ഭരണം (ഒ.നോ. പ്രവൃ. 6:1; 1 കൊരി. 12:5,28). ഹാരോൾഡ് കെ. മോൾട്ടന്റെ *ദ അനലിറ്റിക്കൽ ഗ്രീക്ക് ലക്സിക്കൺ റിവൈസ്ഡ്* ഇതിനെ ഇപ്രകാരം നിർവചിച്ചിരിക്കുന്നു: 'ഒരു ജോലി, ശുശ്രൂഷ, പദവി' റോമ. 12:7; 1 കൊരി. 12:5; കൊലൊ. 4:17; 2 തിമൊ. 4:5).സാന്ദർഭിക ശ്രദ്ധ മറ്റു വിശ്വാസികളെ സഹായിക്കുന്നതിനെക്കുറിച്ചാണ്.

▣ **"ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ"** ഈ വരം (*ഡിഡാസ്കോ-διδασκω*) 1 കൊരി. 12:28 ലും 14:26 ലും പറഞ്ഞിരിക്കുന്നു. പ്രവൃ. 13:1 ലെ പ്രവാചകന്മാരോടും എഫെ. 4:11 ലെ ഇടയന്മാരോടും ഇതു ബന്ധപ്പെട്ടിരിക്കുന്നു. ആദിമ സഭയിൽ ഈ വരം ലഭിച്ചവർ വ്യത്യസ്ത ശുശ്രൂഷകൾ നിർവഹിച്ചിരുന്നു. പ്രസംഗം, പ്രവചനം, സുവിശേഷീകരണം, ഉപദേശം എന്നിവയെല്ലാം സുവിശേഷ പ്രഖ്യാപനമായിരുന്നു എങ്കിലും വ്യത്യസ്ത ഊന്നലുകളും രീതികളും ആണെന്നു മാത്രം.

**12:8** **"പ്രബോധിപ്പിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ"** ഈ പദം (*പാരാകാലെയോ-παρακαλεω*) അധ്യാപനത്തോടു ബന്ധപ്പെട്ടിരിക്കുന്നു (ഒ.നോ. 1 തിമൊ. 4:13). സത്യം ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനുള്ള നൈപുണ്യമാണിത്. അത് പിന്നീട് എഫെ. 4:15,16 ലെ "സനേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ...ശരീരം മുഴുവനും .. അവനിൽനിന്നു വളർച്ച പ്രാപിക്കുന്നുന്നുഎന്നതിനോടു ബന്ധപ്പെട്ടിരിക്കുന്നു.

▣ **"ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ"** താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: ഔദാര്യം/ആത്മാർത്ഥമായ (ἁπλοτες)

ഈ ഗ്രീക്കു പദത്തിന് (**ἁπλοτες**) രണ്ട് അർത്ഥങ്ങളുണ്ട്, "ഔദാര്യമായ" അഥവാ "ആത്മാർത്ഥമായ." കാഴ്ചയോടു ബന്ധപ്പെട്ട സാദൃശ്യമാണത്. പഴയ നിയമത്തിൽ കണ്ണിനെ പ്രേരണയുടെ സാദൃശ്യമായി രണ്ടു വിധത്തിൽ ഉപയോഗിച്ചിരുന്നു.

1. ദുഷ്ട കണ്ണ് (പിശുക്ക്, ഒ.നോ. ആവ. 15:9; സദൃ. 23:6; 28:22)
2. നല്ല കണ്ണ് (ഔദാര്യമായ, ഒ.നോ. സദൃ. 22:9)

യേശു ഇത് ഉപയോഗിച്ചു (ഒ.നോ. മത്താ. 6:22–23; 20:15). പൗലൊസ് രണ്ടർത്ഥത്തിൽ ഇതുപയോഗിച്ചു.

1. "ലാളിത്യം, ആത്മാർത്ഥത, നിർമ്മലത" (ഒ.നോ. 2 കൊരി. 1:12; 11:3; എഫെ. 6:5; കൊലൊ. 3:22)
2. "ഔദാര്യമായി" (ഒ.നോ. റോമ. 12:8; 2 കൊരി. 8:2; 9:11,13)

▣ **"ഭരിക്കുന്നവൻ ഉത്സാഹത്തോടെ"** ഇത് സഞ്ചാരിയായാലും പ്രാദേശികമായാലും ക്രിസ്തീയ നേതൃത്വത്തെ സൂചിപ്പിക്കുന്നു.

▣ **"കരുണ ചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ"** രോഗികളെയും ആവശ്യത്തിലിരിക്കുന്നവരെയും സഹായിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഉപദേശപരമായ പ്രസംഗവും വിശ്വസിക്കുന്ന സമൂഹത്തിന്റെ സാമൂഹിക ആവശ്യങ്ങളിൽ സഹായിക്കുന്നതും തമ്മിൽ ഒരു വ്യത്യാസവും പാടില്ല. അവ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. "സാമൂഹിക സുവിശേഷം" എന്നൊന്നില്ല, സുവിശേഷം മാത്രമേയുള്ളു!

### വാ. 1-8 ലെ ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ള യാഗമായി സമർപ്പിക്കുന്നതിൽ അടങ്ങിയിരിക്കുന്നതെന്താണ് (വാ. 1)?
2. ഓരോ വിശ്വസിക്കും ആത്മീയ വരങ്ങളുണ്ടോ (വാ. 3–8; 1 കൊരി. 12:7)? എങ്കിൽ അവൻ/അവൾ തനിക്കിഷ്ടമുള്ളത് തിരഞ്ഞെടുക്കുകയാണോ?
3. ആത്മീയ വരങ്ങളുടെ ഉദ്ദേശ്യമെന്താണ്?
4. ബൈബിളിൽ വരങ്ങളുടെ സമ്പൂർണ്ണ പട്ടിക ലഭ്യമാണോ?
5. ഒരുവൻ എങ്ങനെ തന്റെ വരത്തെ തിരിച്ചറിയും?

## വാ. 9–21 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ഈ ഭാഗത്തിനു കൊടുക്കാവുന്ന ഏറ്റവും നല്ല തലക്കെട്ട് "വ്യക്ത്യന്തര ബന്ധങ്ങൾക്കായുള്ള ക്രിസ്തീയ മാർഗ്ഗനിർദ്ദേശങ്ങൾ" എന്നാണ്. ഇതു സ്നേഹത്തിന്റെ ഒരു പ്രായോഗിക ചർച്ചയാണ് (ഒ.നോ. മത്താ. 5–7; 1 കൊരി. 13; 1 യോഹ. 3:18; 4:7–21).

B. റോമർ 12 ഉള്ളടക്കത്തിലും ഘടനയിലും 1 കൊരി. 12–13 നോട് സമാനമായിരിക്കുന്നു. ആത്മീയ വരങ്ങളെപ്പറ്റിയുള്ള ചർച്ചയ്ക്കുശേഷം ഉടൻതന്നെ നിഗളത്തെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പും പ്രായോഗിക ജീവിതശൈലിയായ സ്നേഹത്തിന്മേലുള്ള ഊന്നൽ കൊടുക്കലും വരുന്നു.

C. പശ്ചാത്തലം താഴെപ്പറയുന്നവയെ കൈകാര്യം ചെയ്യുന്നു.

1. മറ്റു വിശ്വാസികളുമായുള്ള നമ്മുടെ ബന്ധം (ഒ.നോ. 12:9–13). 14:1–15:3 ലും 1 കൊരി. 8:11 മുതലും 10:23–33 ലും ഇതു വിശദമായി ചർച്ച ചെയ്തിരിക്കുന്നു.
2. അവിശ്വാസികളുമായി അല്ലെങ്കിൽ ഭിന്നതയുള്ള മറ്റു ക്രിസ്ത്യാനികളുമായി നമ്മുടെ ബന്ധങ്ങൾ (ഒ.നോ. 12:14–21). ഈ ഭാഗം യേശുവിന്റെ ഗിരിപ്രഭാഷണത്തെ പ്രതിഫലിപ്പിക്കുന്നു (ഒ.നോ. മത്താ. 5–7).
3. ഈ വിഭജനം കൃത്രിമമാണ്, കാരണം ഈ മേഖലകൾ (ബന്ധങ്ങൾ) അന്യോന്യം കവിഞ്ഞുകിടക്കുന്നവയാണ്

D. ഈ വേദഭാഗത്തിൽ അധികം കാണുന്നത് തുടർമാന ജീവിതശൈലീ കല്പനകളാണ് (വർത്തമാനകാല കർത്തരി വിധിരൂപങ്ങളും, ഒ.നോ. വാ. 4[2 പ്രാവശ്യം], 16, 20[2 പ്രാവശ്യം], 21[2 പ്രാവശ്യം], വിധിരൂപ ത്തിന്റെ നിലയിൽ 17 പ്രാവശ്യം ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരീ അപൂർണ്ണക്രിയകളും). രക്ഷയെന്നത് ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയിലൂടെയും പരിശുദ്ധാത്മാവിന്റെ ഉണർത്ത ലിനാലും ദൈവകൃപയാൽ നൽകപ്പെടുന്ന സൗജന്യ ദാനമാണ്. എങ്കിലും ഒരിക്കൽ ലഭിച്ചുകഴിഞ്ഞാൽ അതിന് വില കൊടുക്കണം- സമർപ്പണവും ജീവിതശൈലിയും! യേശുവിനെ “കർത്താവേ” എന്നു വിളി ക്കുന്നത് ഒരു ഉപമയല്ല (ഒ.നോ. ലൂക്കൊ. 6:46)!

E. നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ വിധിരൂപങ്ങളുടെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള ധാരാളം ഒരു വർത്തമാനകാല അപൂർണ്ണക്രിയകൾ ഈ ഭാഗത്തുണ്ട് (വാ. 14, 16[2 പ്രാവശ്യം], 17, 19, 21). ക്രിസ്ത്യാനികൾ അതിരുകളില്ലാതെ ജീവിക്കുന്നവ രാണ്. ഒരർത്ഥത്തിൽ, ദൈവിക ദാനങ്ങളെ ദൈവദത്തമായ അതിരുകൾക്ക് വെളിയിൽ കൊണ്ടുപോകുന്ന താണ് പാപം എന്നു നിർവചിക്കാൻ കഴിയും.

F. ക്രിസ്ത്യാനിത്വം തുറന്ന അവസ്ഥയാണ്-തുറന്ന-മനസ്ഥിതി, തുറന്ന കരങ്ങൾ, തുറന്ന ഹൃദയം, തുറന്ന വാതിലുകൾ (ഒ.നോ. യാക്കോബ് 2).

# പദ, ശൈലീ പഠനം

> **റോമർ 12:9-13**
> **[9]സ്നേഹം നിർവ്യാജം ആയിരിക്കട്ടെ; തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊൾവിൻ. [10]സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ. [11]ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ. [12]ആശയിൽ സന്തോഷിപ്പിൻ; [13]കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ; പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കയും അതിഥിസല്ക്കാരം ആചരിക്കയും ചെയ്‌വിൻ.**

**12:9 “സ്നേഹം നിർവ്യാജം ആയിരിക്കട്ടെ”** ഈ സന്ദർഭത്തിൽ ഗ്രീക്കു പാഠത്തിൽ ബന്ധിപ്പിക്കുന്ന പദങ്ങൾ (*അസിൻഡെറ്റോൺ*) ഇല്ല, കൊയ്നേ ഗ്രീക്കിൽ ഇത് അസാധാരണമാണ്. മത്തായി 5 ലെ ഭാഗ്യാവസ്ഥയ്ക്കു പിന്നിലുള്ള എബ്രായ വ്യാകരണ രൂപത്തെയാണിതു പ്രതിഫലിപ്പിക്കുന്നത്. ഈ വ്യകരമ രൂപം വെളിപ്പെടുത്തു ന്നത് പ്രയോഗത്തിലെ ഓരോന്നും ഒറ്റയായ സത്യങ്ങളാണെന്നാണ്.

“കപടഭക്തി” (വ്യാജം) എന്നത് “മുഖംമൂടിക്കു പിന്നിൽ സംസാരിക്കുക” എന്ന തിയേറ്റർ ഭാഷയാണ്. സ്നേഹം എന്നത് കേവലം അഭിനയമോ കൃത്രിമമോ അല്ല (ഒ.നോ. 2 കൊരി. 6:6). സ്നേഹം വിശ്വാസികളുടെ സ്വഭാവമാണ് (ഒ.നോ. യോഹ. 13:34-35; 15:12-17; 1 യോഹ. 3:11,18; 4:7-21). കാരണം അതു ദൈവത്തിന്റെ സ്വഭാവ മാണ്.

▣ **“തീയതിനെ വെറുത്തു”** ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ്. തിന്മ വിശ്വാസികളെ അത്ഭുതപ്പെടുത്തുകയും വെറുപ്പുളവാക്കുകയും വേണം (ഒ.നോ. 1 തെസ്സ. 5:21-22). എന്നാൽ മിക്കപ്പോഴും നമ്മിലുളവാക്കുന്ന അതിന്റെ ഫലത്തെയാണു നാം വെറുക്കാറുള്ളത്.

▣

| | |
|---|---|
| **NASB, NKJV** | **“നല്ലതിനോടു പറ്റിക്കൊൾവിൻ”** |
| **NRSV** | **“നല്ലതിനെ മുറുകെപ്പിടിക്കുവിൻ”** |
| **TEV** | **“നല്ലതിനോടു ചേർന്നിരിക്കുവിൻ”** |
| **NJB** | **“നല്ലതിനോടു പറ്റിയിരിക്കുവിൻ”** |

ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർമ്മണി (എങ്കിലും മധ്യ അർത്ഥ ത്തിൽ) അപൂർണ്ണക്രിയയാണ് - “പറ്റിച്ചേരുക” (ഒ.നോ. ഉല്പ. 2:24; പ്രവൃ. 8:29; ഫിലി. 4:8; 1 തെസ്സ. 5:21-22). ജാഗ്രതയുടെയും സ്ഥിരോത്സാഹത്തിന്റെയും ആവശ്യകത ശ്രദ്ധിക്കുക.

**12:10**

| | |
|---|---|
| **NASB** | **“സഹോദരപ്രീതിയിൽ അന്യോന്യം മുൻഗണന നൽകുക”** |
| **NKJV** | **“സഹോദരപ്രീതിയിൽ അന്യോന്യം ദയയോടെ സ്നേഹിക്കുക”** |
| **NRSV** | **“പരസ്പര പ്രീതിയിൽ അന്യോന്യം സ്നേഹിക്കുക”** |
| **TEV** | **“ക്രിസ്ത്യാനികൾ എന്ന നിലയിൽ അന്യോന്യം സ്നേഹിക്കുക”** |
| **NJB** | **“സഹോദരന്മാർ എന്നപോലെ അന്യോന്യം സ്നേഹിക്കുക”** |

ഇത് “സഹോദര സ്നേഹ”വും “കുടുംബസ്നേഹ” വും ചേർന്നുള്ള ഗ്രീക്കു പദമാണ് (*ഫലെയോ+സ്റ്റോർഗെ*).

പുതിയ നിയമത്തിൽ ഇവിടെ മാത്രമേ ഇതുപയോഗിച്ചിട്ടുള്ളു. വിശ്വാസികൾ ഒരു കുടുംബമാണ്. അന്യോന്യം സ്നേഹിക്കുവാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നു (ഒ.നോ. 1 തെസ്സ. 4:9).
ഗ്രീക്കിൽ ഊന്നലിനുവേണ്ടി ഉദ്ദേശികാ വിഭക്തി ആദ്യം വരുന്ന വാചക പരമ്പരകളിൽ ആദ്യത്തേതാണിത്.

▣

| | |
|---|---|
| **NASB** | **"ബഹുമാനത്തോടെ മറ്റുള്ളവർക്ക് മുൻസ്ഥാനം നൽകുക"** |
| **NKJV** | **"ബഹുമാനിക്കുന്നതിൽ മറ്റുള്ളവർക്ക് മുൻസ്ഥാനം നൽകുക"** |
| **NRSV** | **"ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ"** |
| **TEV** | **"അന്യോന്യം ബഹുമാനം കാണിക്കുന്നതിൽ മുപന്തിയിലായിരിക്കുക"** |
| **NJB** | **"അന്യോന്യം മറ്റുള്ളവർക്ക് ബഹുമാനം കൊടുക്കുക"** |

ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല മധ്യ (ഡിപോണന്റ്) അപൂർണ്ണ ക്രിയയാണ്. വിശ്വസികൾ ഉടമ്പടിയുടെ മറ്റു പങ്കാളികളെ തങ്ങളെക്കാൾ ശ്രേഷ്ഠരായി എണ്ണേണ്ടതാണ് (ഒ.നോ. എഫെ. 4:2; ഫിലി. 2:3).

**12:11**

| | |
|---|---|
| **NASB** | **"ഉത്സാഹത്തിൽ പിന്നിലാകാതെ"** |
| **NKJV** | **"ഉത്സാഹത്തിൽ മടുപ്പില്ലാതെ"** |
| **NRSV** | **"തീക്ഷ്ണതയിൽ പിന്നിലാകാതെ"** |
| **TEV** | **"കഠിനാധ്വാനം ചെയ്യുകയും അലസരാകാതിരിക്കയും ചെയ്യുക"** |
| **NJB** | **"തളരാത്ത ശ്രമത്തിലൂടെ കർത്താവിനുവേണ്ടി പ്രവർത്തിക്കുക"** |

യഥാർത്ഥ സ്നേഹം വലിയ ഊർജ്ജം ഉല്പാദിപ്പിക്കുന്നു (ഒ.നോ. ഗലാ. 6:9).

▣

| | |
|---|---|
| **NASB, NKJV** | **"ആത്മാവിൽ എരിവുള്ളവരായി"** |
| **NRSV** | **"ആത്മാവിൽ ജാഗ്രതയുള്ളവരായി"** |
| **TEV** | **"ഭക്തിനിറഞ്ഞ ഹൃദയത്തോടെ"** |
| **NJB** | **"ആത്മാവിന്റെ അതീവ തീക്ഷ്ണതയോടെ"** |

ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ്. അക്ഷ രാർത്ഥം "തിളയ്ക്കുക" എന്നാണ്. പുതുക്കം പ്പാപിച്ച മനുഷ്യാത്മാവിനെയോ പരിശുദ്ധാത്മാവിനെയോ ആണിതു സൂചിപ്പിക്കുന്നത് (RSV, ഒ.നോ. പ്രവൃ. 18:25; വെളി. 3:15-16).

▣ **"കർത്താവിനെ സേവിപ്പിൻ"** ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ്. ഇവിടെ കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്. ചില പാശ്ചാത്യ കയ്യെഴുത്തു പ്രതി കുടുംബങ്ങളിൽ (കയ്യെഴുത്തു പ്രതികൾ D*,3, F, G എന്നിവ) "കർത്താവിനെ" (*കൂറിയോസ് - κυριος*) എന്നതിനു പകരം "സമയത്ത്" (*കായിറോസ് - καιρος*) എന്നാണ്. ഈ ഊന്നൽ വ്യക്തമാക്കുന്നത് അവസരം ക്കിട്ടുമ്പോലെ കർത്താവിനെയും അവന്റെ സഭയെയും സേവിക്കുക എന്നാണ് (ഒ.നോ. യോഹ. 9:4; എഫെ. 5:16).

എന്നിരുന്നാലും കൂറിയോസ് എന്നത് തെറ്റിദ്ധരിക്കുകയോ തെറ്റായി വായിക്കുകയോ ചെയ്തതു നിമിത്ത മാണ് ഇതു സംഭവിച്ചത്. മികച്ച പഴയ കയ്യെഴുത്തു പ്രതികളായ P46, א, A, B എന്നിവയിൽ "കർത്താവിനെ സേവിപ്പിൻ" എന്നാണ്. "കർത്താവിനെ" എന്നതിന് UBS4 "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു.

**12:12 "ആശയിൽ സന്തോഷിപ്പിൻ"** ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ്.

"ആശ" (പ്രത്യാശ) എന്ന പദം പലപ്പോഴും ഉപയോഗിക്കുന്നത് രണ്ടാം വരവിനോടുള്ള ബന്ധത്തിലാണ് (ഒ. നോ. 5:2; 8:24; 15:13; 1 തെസ്സ. 5:2). ഇത് ആഗ്രഹം എന്ന അർത്ഥത്തിലുള്ള ആശയല്ല, മറിച്ച് ഉറപ്പുള്ള സംഭവം എങ്കിലും സമയം നിശ്ചയമില്ല എന്ന പുതിയ നിയമ അർത്ഥത്തിലുള്ള ആശയാണ്. 4:18 ലെയും 5:2 ലെയും പൂർണ്ണമായ കുറിപ്പ് കാണുക.

▣ **"കഷ്ടതയിൽ"** 5:3,5 ലെപ്പോലെ "ആശ" കഷ്ടതയുമായി (*ത്‌ലിപ്സിസ് - θλιπσις*) ബന്ധിപ്പിച്ചിരിക്കുന്നു. വീഴ്ച സംഭവിച്ച ലോകത്തിൽ ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് സംഭവ്യമായ കാര്യമാണിത് (ഒ.നോ. മത്താ. 5:10 -12; യോഹ. 16:1-3; 17:14; പ്രവൃ. 14:12; റോമ. 5:3-4; 8:17; 2 കൊരി. 4:16-18; 6:3-10; 11:23-30; ഫിലി. 1:29; 1 തെസ്സ. 3:3; 2 തിമൊ. 3:12; യാക്കോ. 1:2-4; 1 പത്രൊ. 4:12-16). നാം അതിനെ അന്വേഷിക്കുകയോ വിലക്കുകയോ ചെയ്യേണ്ട തില്ല! 5:3 ലെ പ്രത്യേക പഠനവിഷയം: കഷ്ടത കാണുക.

▣ **"സഹിഷ്ണുത കാണിപ്പിൻ"** ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ്. ഇതിനർത്ഥം "ക്രിയാത്മകത, സ്വമേധയാ, സ്ഥിരതയുള്ള സഹിഷ്ണുത" എന്നാ ണർത്ഥം.

▣ **"പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ"** ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല

കർത്തരി അപൂർണ്ണക്രിയയാണ്. പ്രാർത്ഥന ഒരു ആത്മീയ ശിക്ഷണവും ചരിത്രത്തിൽ സജീവമായ ദൈവത്തിന്റെ കരം തിരിച്ചറിയുന്ന വരവുമാണ്. വിശ്വാസികൾക്ക് സ്നേഹധനനായ സ്വർഗ്ഗീയ പിതാവിനെ സ്വാധീനിക്കുവാൻ കഴിയും. തന്റെ മക്കളുടെ പ്രാർത്ഥനകൾക്ക് മുമ്പിൽ തന്നെത്തന്നെ പരിമിതപ്പെടുത്താൻ ദൈവം തയ്യാറാകുന്നു (ഒ.നോ. പ്രവൃ. 1:14; 2:42; 6:4; എഫെ. 6:18–19; കൊലൊ. 4:2). ഇതു പ്രാർത്ഥനയെ ഒരു ബൃഹത്തായ ഉത്തരവാദിത്വമാക്കുന്നു. ക്ലിന്റൺ അർനോൾഡിന്റെ *ത്രീ ക്രൂഷ്യൽ ക്വസ്റ്റ്യൻസ് എബൗട്ട് സ്പിരിച്വൽ വാർഫെയർ*, പേജ് 43 –44, 187–188 കാണുക.

**12:13**

**NASB, NRSV** **"വിശുദ്ധന്മാരുടെ ആവശ്യങ്ങൾക്ക് സംഭാവന ചെയ്യുകയും"**
**NKJV** **"വിശുദ്ധന്മാരുടെ ആവശ്യങ്ങൾക്ക് വിതരണം ചെയ്യുകയും"**
**TEV** **"ആവശ്യത്തിലിരിക്കുന്ന നിങ്ങളുടെ സഹവിശ്വാസികൾക്ക് നിങ്ങളുടെ വസ്തുവകകൾ പങ്കിടുക"**
**NJB** **"ദൈവത്തിന്റെ വിശുദ്ധ ജനങ്ങളിൽ ആവശ്യത്തിലിരിക്കുന്നവരുമായി പങ്കിടുക"**

*കൊയിനോനെയോ* (***κοινωνεω***) എന്ന ഗ്രീക്കു പദത്തിനർത്ഥം "കൂട്ടായ്മ ആചരിക്കുക" എന്നാണ്. പൗലൊസിനെ സംബന്ധിച്ച് ഈ പദത്തിന് വളരെ വിശാലമായ അർത്ഥമാണുള്ളത്. അതിൽ സുവിശേഷത്തിലെ പങ്കാളിത്തവും ഭൗതിക ആവശ്യങ്ങളിലെ പങ്കാളത്തവും അടങ്ങിയിരിക്കുന്നു (ഒ.നോ. ഗലാ. 6:6). ക്രിസ്തുവിന്റെ കഷ്ടതയെയും (ഒ.നോ. ഫിലി. 3:8–10; 1 പത്രൊ. 4:13) പൗലൊസിന്റെ കഷ്ടതയെയും (ഒ.നോ. ഫിലി. 4:14) പങ്കിടുന്നതിനും ഇതുപയോഗിക്കുന്നു. ക്രിസ്തുവിനോട് ചേരുക എന്നതിനർത്ഥം എല്ലാ നിലയിലും അവന്റെ ജനത്തോടും ചേരുക എന്നാണ്. 1:7 ലെ പ്രത്യേക പഠനവിഷയം: വിശുദ്ധന്മാർ കാണുക.

ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ് (ഒ.നോ. സദൃ. 3:27; ഗലാ. 6:10). യേശുവിന്റെ നാമത്തിൽ മറ്റുള്ളവർക്കും നൽകുവാൻ അധികം ലഭിക്കേണ്ടതിന് വിശ്വാസികൾ കഠിനാധ്വാനം ചെയ്യേണ്ടതാകുന്നു (ഒ.നോ. 2 കൊരി. 8:11–12; എഫെ. 4:28).

## പ്രത്യേക പഠനവിഷയം: *കൊയ്നോനിയ* (*κοινωνια*)

"കൂട്ടായ്മ" (കൊയ്നോനിയ-***κοινωνια***) എന്ന പദത്തിനർത്ഥം

1. ഒരു വ്യക്തിയുമായുള്ള അടുത്ത സഹവർത്തിത്വം
   a. പുത്രനുമായി (ഒ.നോ. 1 യോഹ. 1:6; 1 കൊരി. 1:9)
   b. ആത്മാവുമായി (ഒ.നോ. 2 കൊരി. 13:13; ഫിലി. 2:1)
   c. പിതാവിനോടും പുത്രനോടും (ഒ.നോ. 1 യോഹ. 1:3)
   d. മറ്റ് ഉടമ്പടി സഹോദരന്മാർ/സഹോദരിമാരുമായി (ഒ.നോ. 1 യോഹ. 1:7; പ്രവൃ. 2:42; ഗലാ. 2:9; ഫിലേ. 17)
2. വസ്തുക്കളും അഥവാ സമൂഹങ്ങളുമായുള്ള അടുത്ത സഹവർത്തിത്വം
   a. സുവിശേഷത്തോട് (ഒ.നോ. ഫിലി. 1:5; ഫിലേ. 6)
   b. ക്രിസ്തുവിന്റെ രക്തത്തോട് (ഒ.നോ. 1 കൊരി. 10:16)
   c. ഇരുളിനോടില്ല (ഒ.നോ. 2 കൊരി. 6:14)
   d. കഷ്ടതയുമായി (ഒ.നോ. ഫിലി. 3:10; 4:14; 1 പത്രൊ. 4:13)
3. ദാനമോ സംഭാവനയോ ഔദാര്യമായി നൽകുന്നത് (ഒ.നോ. റോമ. 12:13; 15:26; 2 കൊരി. 8:4; 9:13; ഫിലി. 4:15; എബ്രാ. 13:16).
4. ദൈവത്തോടും തന്റെ സഹോദരി സഹോദരന്മാരോടുമുള്ള മനുഷ്യന്റെ കൂട്ടായ്മയെ യഥാസ്ഥാനപ്പെടുത്തുന്ന ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ കൃപാദാനം.

ലംബബന്ധത്തിലൂടെ (മനുഷ്യനു സ്രഷ്ടാവിനോടുള്ള) സാധ്യമാകുന്ന തിരശ്ചീന ബന്ധത്തെ (മനുഷ്യനു മനുഷ്യനോടുള്ള) കുറിച്ചാണു പറയുന്നത്. ക്രിസ്തീയ സമൂഹത്തിന്റെ ആവശ്യകതയെയും സന്തോഷത്തെയും കുറിച്ചും ഇത് ഊന്നിപ്പറയുന്നു. സമൂഹത്തിന്റെ ഈ അനുഭവത്തിന്റെ ആരംഭത്തെയും തുടർച്ചയെയും ഈ ക്രിയാകാലം ഊന്നിപ്പറയുന്നു (ഒ.നോ. 1:3 [2 പ്രാവശ്യം], 6,7). ക്രിസ്ത്യാനിത്വം സമൂഹപരമാണ്.

▣ **"അതിഥിസല്ക്കാരം ആചരിക്കയും"** ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ്. "അതിഥി സല്ക്കാരത്തെ പിന്തുടരുക" എന്നാണ് ആക്ഷരികാർത്ഥം (14:9 ന്റെ കുറിപ്പ് കാണുക; ഒ.നോ. 1 തിമൊ. 3:2; തീത്തൊ. 1:8; എബ്രാ. 13:2; 1 പത്രൊ. 4:9). സത്രങ്ങളുടെ കുപ്രസിദ്ധി നിമിത്തം ആദിമ സഭയിൽ ഈ ശുശ്രൂഷ അത്യധികം പ്രാധാന്യമുള്ളതായിരുന്നു. ക്രിസ്തീയ സഞ്ചാര സുവിശേഷകരെ പാർപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നതിനെയാണ് ഇതു പ്രാഥമികമായി സൂചിപ്പിക്കുന്നത്.

**റോമർ 12:14–21**

**[14]നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ; ശപിക്കാതെ അനുഗ്രഹിപ്പിൻ. [15]സന്തോഷിക്കുന്ന വരോടുകൂടെ സന്തോഷിക്കയും കരയുന്നവരോടുകൂടെ കരകയും ചെയ്‌വിൻ. [16]തമ്മിൽ ഐകമത്യ മുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നുകൊൾവിൻ; നിങ്ങളെത്തന്നേ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുതു. [17]ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യാതെ സകലമനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി, [18]കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാന മായിരിപ്പിൻ. [19]പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടംകൊടു പ്പിൻ; പ്രതികാരം എനിക്കുള്ളതു; ഞാൻ പകരം ചെയ്യും എന്നു കർത്താവു അരുളിച്ചെയ്യുന്നു, എന്നാൽ [20]"നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവനു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും" എന്നു എഴുതിയിരിക്കു ന്നുവല്ലോ. [21]തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക.**

**12:14 "നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ"** ഇത് ഈ വാകൃത്തിൽ രണ്ടു പ്രാവശ്യം ഉപയോഗിച്ചിരി ക്കുന്നു വർത്തമാനകാല കർത്തരി വിധിരൂപമാണ്. ഈ വാകൃത്തിലെ "അനുഗ്രഹിക്കുക" എന്ന പദത്തിൽ നിന്നാണ് ഇംഗ്ലീഷിനെ "യുലോഗി" എന്ന പദമുണ്ടായത് (ഒ.നോ. മത്താ. 5:44; ലൂക്കൊ. 6:28; 1 കൊരി. 4:12; യാക്കോ. 3:9–12; 1 പത്രൊ. 3:9). കയ്യെഴുത്തു പ്രതികൾ $P^{46}$ ലും (ചെസ്റ്റർ ബീറ്റി പാപ്പിറസ്) B യിലും (വത്തി ക്കാനസ്) "നിങ്ങളെ" എന്നത് ഒഴിവാക്കി പ്രസ്താവനയെ കൂടുതൽ പൊതുവാക്കിയിരിക്കുന്നു. "ഉപദ്രവിക്കുക" എന്നതിന് 14:9 ന്റെ കുറിപ്പ് കാണുക.

▣ **"ശപിക്കാതെ"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കി ളോടുകൂടിയ ഒരു വർത്തമാനകാല മധ്യ (ഡിപ്പോണന്റ്) വിധിരൂപമാണിത്. പ്രതികാരത്തിനായി ദൈവത്തിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുക എന്ന അർത്ഥമാണിതിന് (1 കൊരി. 12:3 ലെ ശാപത്തിനു തുല്യം). ഇത് മോശം പദത്തെ സൂചിപ്പിക്കുന്നില്ല (ഒ.നോ. എഫെ. 4:29; 1 പത്രൊ. 3:9).

**12:15 "സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കയും കരയുന്നവരോടുകൂടെ കരകയും ചെയ്‌വിൻ"** ഈ രണ്ടു വർത്തമാനകാല കേവല ക്രിയകൾ വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. വിശ്വാസികൾ ഒരു കുടുംബമാണ്. വിശ്വാസികൾ മത്സരത്തിലല്ല, മറിച്ച് പരസ്പരം കുടുംബസ്നേഹത്തിൽ കരുതണം. വാ. 14 –21 ന്റെ പശ്ചാത്തലത്തിൽ, ഇത് അവിശ്വാസികളുടെ സമൂഹത്തോടേ സുവിശേഷം പങ്കുവെയ്ക്കുന്നതിനുള്ള അവസരമായി കണ്ട് അവരോടുള്ള വിശ്വാസികളുടെ ഉത്തരവാദിത്വമായും എടുക്കേണ്ടതാണ്.

**12:16**

| | |
|---|---|
| **NASB, NKJV** | **"അന്യോന്യം ഒരേ മനസ്സുള്ളവരായിരിപ്പിൻ"** |
| **NRSV** | **"തമ്മിൽ ഐകമത്യമുള്ളവരായി"** |
| **TEV** | **"ഓരോരുത്തരെക്കുറിച്ചും ഒരേ കരുതലുള്ളവരായി"** |
| **NJB** | **"എല്ലാവരോടും സമാന ദയയോടെ പെരുമാറുക"** |

ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ് (ഒ.നോ. 15:5; 2 കൊരി. 13:11; ഫിലി. 2:2). വാ. 16 താഴെപ്പറയുന്നവർ തമ്മിലുള്ള ഭിന്നതയുടെ അടിസ്ഥാനത്തിൽ വീക്ഷിക്കാവുന്നതാണ്

1. റോമിലെ സഭയിലെ വിശ്വസിക്കുന്ന യെഹൂദന്മാരും വിശ്വസിക്കുന്ന ജാതികളും
2. സാമ്പത്തിക സമൂഹങ്ങൾ തമ്മിൽ കാലങ്ങളായുള്ള ഭിന്നത
3. വ്യത്യസ്ത ആത്മീയ വരങ്ങൾ
4. തലമുറാനന്തര പാരമ്പര്യങ്ങളും വ്യക്തിപരമായ മുൻഗണനകളും

▣ **"വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നുകൊൾവിൻ"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തു ന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ ഒരു വർത്തമാനകാല കർത്തരി വിധിരൂപമാണിത്.

"എളിയവർ" എന്ന പദം പുല്ലിംഗമോ നപുംസകലിംഗമോ ആകാം. നപുംസകമെങ്കിൽ തർജ്ജമ, "ഹീന മായ ജോലികൾ സ്വീകരിക്കുക" എന്നാണ്. പുല്ലിംഗമെങ്കിൽ "ദരിദ്രരായ അല്ലെങ്കിൽ താഴ്മയുള്ള ആളുകളോട് സഹകരിക്കുക" എന്നാണ്.

▣ **"നിങ്ങളെത്തന്നേ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുത്"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തു ന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ ഒരു വർത്തമാനകാല മധ്യ (ഡിപ്പോണന്റ്) വിധിരൂപ മാണിത് (ഒ.നോ. സദൃ. 3:7; യെശ. 5:21; 1 കൊരി. 10:12; ഗലാ. 6:3). വിശ്വാസികൾ അന്യോന്യം മറ്റവന്റെ മുമ്പിൽ വലിയവനെന്നു ഭാവിക്കയോ അക്രൈസ്തവ സമൂഹത്തിനു മുമ്പിൽ ധിക്കാരത്തോടെ ഇടപെടുകയോ അരുത്.

**12:17 "ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യാതെ"** ഇത് നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്ന തിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ്. കാര്യങ്ങളെ നേരെയാക്കുന്നതിന്റെ ഉത്തരവാദിത്വം വിശ്വാസിക

ളുടേതല്ല ദൈവത്തിന്റേതാണ് (ഒ.നോ. സദൃ. 20:22; 24:29; മത്താ. 5:38-48; ലൂക്കൊ. 6:27; 1 തെസ്സ. 5:15; 1 പത്രൊ. 3:9).

▣ **"സകലമനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി"** ഇത് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല മധ്യ അപൂർണ്ണക്രിയയാണ് (ഒ.നോ. 2 കൊരി. 8:21; 1 തെസ്സ. 5:22; 1 തിമൊ. 3:7). ഇത് സദൃ. 3:4 ന്റെ സെപ്റ്റ്വജിന്റിന്റെ സൂചനയാണ്. അക്രൈസ്തവരെ സുവിശേഷീകരിക്കുക എന്ന ലക്ഷ്യത്തോടെ വേണം വിശ്വാസികൾ ജീവിക്കുവാൻ. അവിശ്വാസിയെ പ്രകോപിപ്പിക്കുകയോ അകറ്റിക്കളയുകയോ ചെയ്യുന്ന യാതൊന്നും നാം ചെയ്യരുത് (ഒ.നോ. 1 കൊരി. 9:19-23). നമ്മുടെ ആഴമായ ബോധ്യങ്ങൾ പോലും സ്നേഹമസൃണമായിട്ടുവേണം പ്രകടിപ്പിക്കുവാൻ.

**12:18 "കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. ഇതിനെത്തുടർന്ന് വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയ വരുന്നു. ഇത് എല്ലായ്പോഴും വിശ്വാസിയുടെ തിരഞ്ഞെടുപ്പല്ല, എങ്കിലും വ്യാകരണം സൂചിപ്പിക്കുന്നത് അത് പലപ്പോഴും സാധ്യമാണെന്നാണ് (ഒ.നോ. മർക്കൊ. 9:50; 2 കൊരി. 13:11; 1 തെസ്സ. 5:13).

**12:19 "നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ"** ഇത് നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ വിധിരൂപത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ്. ദൈവം ഒരു നാൾ എല്ലാം ക്രമപ്പെടുത്തും (ഒ.നോ ലേവ്യ. 19:18; ആവ. 32:35; എബ്രാ. 10:30).

▣ **"എന്നു എഴുതിയിരിക്കുന്നുവല്ലോ"** ഇത് ദൈവശ്വാസീയ തിരുവെഴുത്തിനെപ്പറ്റി പരാമർശിക്കുന്നതിനുള്ള ഒരു എബ്രായ ഭാഷാ ശൈലിയാണിത്. ദൈവശ്വാസീയതയുടെ ഈ ശൈലി "കർത്താവ് അരുളിച്ചെയ്യുന്നു" എന്നതിന് സമാന്തരമാണ് (1 കൊരി. 14:21; 2 കൊരി. 6:17). ഇത് ആവ. 32:35 ൽ നിന്നുള്ള ഉദ്ധരണിയാണ്.

**12:20 "എന്നാൽ നിന്റെ ശത്രുവിന്"** ഇത് സംഭവ്യമായ ഭാവികാല പ്രവൃത്തി എന്നർത്ഥം വരുന്ന ഒരു മൂന്നാംതര സോപാധിക വാചകമാണ്.

▣ **"അവന്റെ തലമേൽ തീക്കനൽ കുന്നിക്കും"** ഇത് സദൃ. 25:21-22 നെപ്പറ്റിയുള്ള ഒരു പരാമർശമാണ്. വ്യാഖ്യാന തത്വങ്ങൾ താഴെപ്പറയുന്നവയാണ്:-

1. ശത്രുവിനെ മിത്രമാക്കി മാറ്റുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം ദയയാണ് എന്നർത്ഥമാക്കുന്ന ഒരു മിസ്രയീമ്യ സാംസ്കാരിക ശൈലി ആയിരിക്കാനാണ് സാധ്യത. ഇത് എപ്പോഴും തിന്മയ്ക്കെതിരെയുള്ള ക്രിസ്തീയ പ്രതികരണമാണ് (ഒ.നോ. മത്താ. 5:44).
2. "തീക്കനൽ" ഒരുവന്റെ അനുചിതമായ പ്രവൃത്തികളിലെ അപമാനത്തെ പ്രതിനിധീകരിക്കുന്നതായി കാണപ്പെടുന്നു. ഇവ മറ്റൊരുവന്റെ സ്നേഹത്തിന്റെയും ക്ഷമയുടെയും വെളിച്ചത്തിൽ വളരെ വ്യക്തമായി പ്രകടമാകുന്നു (അംബ്രോസിയാസ്റ്റർ, അഗസ്റ്റിൻ, ജെറോം).
3. അനുതപിക്കാത്തവരെ ദൈവം വളരെ തീവ്രമായി ന്യായം വിധിക്കുന്നതിനിടയാക്കുന്ന ക്രിസ്തീയ അനുകമ്പയെപ്പറ്റിയാണ് ഇത് പരാമർശിക്കുന്നതെന്ന് ഒറിഗണും ക്രിസോസ്റ്റവും പറയുന്നു (*ജെറോം ബിബ്ലിക്കൽ കമന്ററി,* വാല്യം 2, പേജ് 326).

മേൽപ്പറഞ്ഞ തത്വങ്ങളെല്ലാം അതുമാത്രമാണ്. 21-ാം വാക്യത്തിലെ പൗലൊസിന്റെ സംഗ്രഹ പ്രസ്താവനയാണ്ഇതിന്റെ താക്കോൽ.

**12:21 "തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക"** ഇത് വർത്തമാനകാല കർമ്മണി വിധിരൂപവും വർത്തമാനകാല കർത്തരി വിധിരൂപവുമാണ്. ന്യായരഹിതമായ പെരുമാറ്റത്തോടുള്ള നമ്മുടെ പ്രതികരണം നമ്മുടെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും നിലവാരത്തെ നിർണ്ണയിക്കും. വിദ്വേഷം ഒരു ആത്മീയ അർബുദമാണ്. വിശ്വാസികൾ ഇത് ദൈവത്തിനേല്പിക്കണം.

▣ **"തിന്മ"** ഇത് ഒന്നുകിൽ പുല്ലിംഗമാകാം, അതുകൊണ്ട് ഇത് ദുഷ്ടനായവനെപ്പറ്റിയുള്ള ഒരു പരാമർശമാക്കാം. അല്ലെങ്കിൽ നപുംസകമാകാം. അങ്ങനെയെങ്കിൽ സാർവ്വജനീകമായി തിന്മയെപ്പറ്റി പരാമർശിക്കുന്നതാകാം (ഒ.നോ. 12:9; 1 തെസ്സ. 5:21-22). ഇത് പുതിയ നിയമത്തിലെ സാധാരണമായ ഒരു ദുർഗ്രഹതയാണ് (ഒ.നോ. മത്താ. 5:37; 6:13; 13:19,28; യോഹ. 17:15; 2 തെസ്സ. 3:3; 1 യോഹ. 2:13-14; 3:12; 5: 18-19). ഈ പുതിയ മനോഭാവങ്ങളുടെയും പ്രവൃത്തികളുടെയും ലക്ഷ്യം സുവിശേഷീകരണമാണെന്നത് തീർച്ചയായും ഓർത്തിരിക്കേണ്ടതാണ്.

## വാ. 9-21 ലെ ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ

നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. എന്തുകൊണ്ടാണ് വാ. 9–21 ലെ നെഗറ്റീവ് പാർട്ടിക്കിളിനോടൊപ്പം അനവധി വർത്തമാനകാല വിധിരൂപങ്ങൾ ഉള്ളത്.
2. ഈ വാക്യങ്ങളിലെ എല്ലാ ആജ്ഞകളുടെയും പട്ടിക ഒരു കോളത്തിൽ എഴുതുക. പ്രായോഗികമായ ദൈനംദിന ക്രിസ്തുസാദൃശ്യത്തിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളുടെ ബാഹുല്യം നിങ്ങളെ അമ്പരപ്പിക്കും.
3. ഏതു വാക്യങ്ങളാണ് മറ്റു വിശ്വാസികളോടുള്ള ക്രിസ്ത്യാനികളുടെ പെരുമാറ്റത്തെ പറ്റി പരാമർശിക്കുന്നതെന്നും ഏതു വാക്യങ്ങളാണ് അവിശ്വാസികളോടുള്ള അവരുടെ പെരുമാറ്റത്തെപ്പറ്റി പരാമർശിക്കുന്നതെന്നും നിർണ്ണയിക്കുന്നത് വളരെ പ്രയാസകരമായിരിക്കുന്നത് എന്തുകൊണ്ട്?

# റോമർ 13

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| നിയമങ്ങളോടുള്ള അനുസരണം | ഗവണ്മെന്റിനു കീഴ്പ്പെടുക | ക്രിസ്ത്യാനിയും രാഷ്ട്രവും | രാഷ്ട്ര അധികാരികളോടുള്ള ഉത്തരവാദിത്തങ്ങൾ | ഭരണാധികാരികൾക്കു കീഴ്പ്പെടുക |
| 13:1-7 | 13:1-7 | 13:1-7 | 13:1-5<br>13:6-7 | 13:1-7 |
| സഹോദര സ്നേഹം | നിങ്ങളുടെ അയല്ക്കാരെ സ്നേഹിക്കുക | സ്നേഹം ന്യായപ്രമാണം നിവർത്തിക്കുന്നു | അന്യോന്യമുള്ള ഉത്തരവാദിത്തങ്ങൾ | സ്നേഹവും യുദ്ധവും |
| 13:8-10 | 13:8-10 | 13:8-10 | 13:8-10 | 13:8-10 |
| ക്രിസ്തുവിന്റെ നാൾ സമീപം | ക്രിസ്തുവിനെ ധരിക്കുക | ക്രിസ്തുവിന്റെ രണ്ടാംവരവിന്റെ ആസന്നത | | വെളിച്ചത്തിന്റെ മക്കൾ |
| 13:11-14 | 13:11-14 | 13:11-14 | 13:11-13<br>13:14 | 13:11-14 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## വാ. 1-7 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. 12-ാം അധ്യായം പ്രാഥമികമായും ക്രിസ്ത്യാനിയെയും അവന്റെ കൂട്ടു വിശ്വാസികളെയും പറ്റിയും പരാമർശിക്കുന്നതുപോലെ (വാ. 9-13) അദ്ധ്യായം 13:1-7 പ്രാഥമികമായും പരാമർശിക്കുന്നത് ക്രിസ്ത്യാനിയെയും ഭരണകൂടത്തെയും പറ്റിയാണ്. എന്നിരുന്നാലും ഈ വിഷയങ്ങൾക്കിടയിൽ പശ്ചാത്തല വിഭജനമില്ല. പൗലൊസ് അവയെ ഒന്നായി കണ്ടു. ആത്മികമെന്നോ ലൗകികമെന്നോ ആയ ഒരു വേർതിരിക്കലുമില്ല. എല്ലാ ജീവിതവും ദൈവത്തിനുള്ളതാണ്. ഓരോ മേഖലയിലെയും കാര്യസ്ഥരാണ് വിശ്വാസികൾ. ഈ രണ്ട് അധ്യായങ്ങളും തമ്മിലുള്ള ബന്ധം 12:18 ൽ കാണാം.

B. ഭരണകൂടത്തിന്റെ സ്ഥാനത്തെപ്പറ്റിയുള്ള വിശ്വാസികളുടെ ധാരണ വ്യത്യസ്തമാണ്. പഴയ നിയമത്തിൽ കയീന്റെ ശ്രേണിയിലാണ് ഭരണകൂടം ആവിർഭവിക്കുന്നത് (ഉല്പ. 4:6-22). ദൈവത്തിൽ നിന്നും വേർപെട്ട് സ്വന്തമായുള്ള ഭരണത്തിനുവേണ്ടിയുള്ള മനുഷ്യവർഗ്ഗത്തിന്റെ ശ്രമത്തോട് ബാബേൽഗോപുരം ബന്ധപ്പെട്ടിരിക്കുന്നു (ഉല്പ. 11). യിസ്രായേലിലെ രാജത്വംകൊണ്ട് അർത്ഥമാക്കിയിരുന്നത് ദൈവിക നിയോഗത്തിലൂടെ നിയോഗിക്കപ്പെട്ട ഇടയന്റെ കീഴിലുള്ള (രാജാവ്) ദൈവിക ഭരണമായിരുന്നു. എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ പാപം നിമിത്തം ഇത് വിജയകരമായിരുന്നില്ല. മത്താ. 22:21 ലെയും മർക്കൊ. 12:17 ലെയും ഉചിതമായ ഭരണകൂടത്തെപ്പറ്റിയുള്ള യേശുവിന്റെ ചർച്ച പരമപ്രധാനമാണ്. ഈ പശ്ചാത്തലത്തിലുള്ള

യേശുവിന്റെ വാക്കുകളെപ്പറ്റി പൗലൊസ് സൂചന നൽകാതിരിക്കുന്നത് അതിശയകരമാണ് (1-7,11 വാക്യങ്ങൾ മത്താ. 22:15-22, 39 സമാന്തരമായി കാണപ്പെടുന്നുവെങ്കിലും ഒരു വീഴ്ച ഭവിച്ച ലോകത്തിൽ ഭരണകൂടത്തിന് ദൈവത്താൽ നൽകപ്പെട്ട ഉചിതമായ ഒരു ധർമ്മമുണ്ട്. മിക്കപ്പോഴും അപ്പൊസ്തലന്മാർ രാഷ്ട്രീയവും മതപരവുമായ അധികാരത്തോട് എങ്ങനെ ബന്ധപ്പെടുമെന്ന വിഷയത്തിൽ ബുദ്ധിമുട്ടനുഭവിക്കുവാൻ നിർബന്ധിതരായിട്ടുണ്ട്. അത് സാധകാത്മകമായോ നിഷേധാത്മകമായോ മാനുഷിക ആവിഷ്കാരത്തിന്റെ പ്രവൃത്തികളെ ആശ്രയിച്ചായിരിക്കുന്നുവെന്ന് തെളിഞ്ഞിരിക്കുന്നു. പൗലൊസ് ഭരണകൂടത്താൽ സംരക്ഷിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും വെളിപ്പാടിൽ യോഹന്നാൻ ഭരണകൂടത്തെപ്പറ്റി മഹാവേശ്യ എന്നു പറഞ്ഞിരിക്കുന്നു (വെളി. 17)!

ആത്മാവിനാൽ നയിക്കപ്പെടുന്ന മനസ്സാക്ഷിയെ അതിലംഘിക്കുകയോ പരമമായ കൂറ് ആവശ്യപ്പെടുകയോ ചെയ്യുന്നില്ലായെങ്കിൽ നാം തീർച്ചയായും ഭരണകൂടത്തെ പിൻതാങ്ങണം. ഭരണകൂടത്തിന്റെ രീതികൾ ആശയക്കുഴപ്പമുളവാക്കുന്നതാണ് (2 തെസ്സ. 2:6-7).

C. ഇതേ വിഷയം തന്നെ തീത്തൊ. 3:4 ലും 1 പത്രൊ. 2:13-17 ഭാഗത്തും കൈകാര്യം ചെയ്തിരിക്കുന്നു.

D. ഒന്നാം നൂറ്റാണ്ടിലെ റോമാ ഭരണകൂടത്തിനുകീഴിലെ ഒരു നിയമാനുസൃത മതമായിരുന്നു യെഹൂദാമതം. അനവധി വർഷങ്ങളോളം ഇതിനുള്ളിലെ ഒരു ഘടകമായാണ് ക്രിസ്ത്യാനിത്വം കരുതപ്പെട്ടിരുന്നത് (അപ്പൊ. 18:12-16). അത് ഈ കാലയളവിൽ മിഷനറി പ്രസ്ഥാനത്തിന് നിയമപരമായ സംരക്ഷണം നേടിക്കൊടുത്തു. ക്രിസ്ത്യാനിത്വം റോമിന് ഒരു രാഷ്ട്രീയ ഭീഷണിയല്ല എന്നു കാണിക്കുകയായിരുന്നു അപ്പൊസ്തലപ്രവൃത്തികളുടെ ഒരു ലക്ഷ്യം. റോം ഒരു അന്താരാഷ്ട്ര സമാധാനവും സന്തുലിതാവസ്ഥയും (പാക്സ് റൊമാന) ലഭ്യമാക്കുകയും അങ്ങനെ സുവിശേഷം പ്രചരിക്കുകയും ചെയ്തു (1 തിമൊ. 2:1-2).

E. അധികാരികളോടുള്ള ബന്ധത്തിലെ പൗലൊസിന്റെ അനുഭവങ്ങൾ ഈ വേദഭാഗത്തിന്റെ തീവ്രത വർദ്ധിപ്പിച്ചിരിക്കുന്നു. ഈ ഭാഗം ഉൾപ്പെടുത്തിയത് താഴെപ്പറയുന്ന കാരണങ്ങളായിരിക്കാൻ സാധ്യതയുണ്ട്.

1. ഭരണകൂടത്തിന്റെ തീർപ്പുളോടു ബന്ധപ്പെട്ട് റോമിലെ സഭയ്ക്കുള്ളിലുണ്ടായ സംഘർഷങ്ങൾ (ഉദാ. യെഹൂദ മതാനുഷ്ഠാനങ്ങളെ നിയന്ത്രിക്കുക). ഇത് വിശ്വസിക്കുന്നവരായ ചില യെഹൂദന്മാരെ തലസ്ഥാനം വിടുന്നതിനിടയാക്കിയിരിക്കാം (ഉദാ. അക്വിലാസും പ്രിസ്കില്ലയും. അപ്പൊ. 18:2). അവരുടെ അസാന്നിധ്യത്തിൽ ജാതീയ നേതൃത്വം ആവിർഭവിച്ചു.
2. റോമിലെ വിശാല യെഹൂദ സമുദായത്തോട് സുവിശേഷം പ്രസംഗിച്ചതു നിമിത്തമുണ്ടായ സംഘർഷങ്ങൾ. ചരിത്രകാരനായ സ്യൂട്ടോണിയസ്, *ലൈഫ് ഓഫ് ക്ലോഡിയസ്* ൽ രേഖപ്പെടുത്തുന്നത്, "ക്രെസ്റ്റസ്" നിമിത്തമുണ്ടായ ലഹള കാരണം ചക്രവർത്തി തലസ്ഥാനത്തു നിന്നും എ.ഡി. 49 ൽ യെഹൂദന്മാരെ നാടുകടത്തി എന്നാണ്. ക്രിസ്തു എന്നതിന്റെ ലത്തീൻ രൂപമായിരിക്കാം ക്രെസ്റ്റസ്.

# പദ, ശൈലീ പഠനം

**റോമർ 13:1-7**

**[1]ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. [2]ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. [3]വാഴുന്നവർ സൽപ്രവൃത്തിക്കല്ല ദുഷ്പ്രവൃത്തിക്കത്രേ ഭയങ്കരം. അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ? നന്മ ചെയ്ക; എന്നാൽ അവനോടു പുകഴ്ച ലഭിക്കും. [4]നിന്റെ നന്മെക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷക്കാരനായിരിക്കുന്നതു. നീ തിന്മ ചെയ്താലോ ഭയപ്പെടുക; വെറുതെ അല്ല അവൻ വാൾ വഹിക്കുന്നതു; അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷെക്കായി പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നേ. [5]അതുകൊണ്ടു ശിക്ഷയെ മാത്രമല്ല മനസ്സാക്ഷിയെയും വിചാരിച്ചു കീഴടങ്ങുക ആവശ്യം. [6]അതുകൊണ്ടു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവശുശ്രൂഷകന്മാരും ആ കാര്യം തന്നേ നോക്കുന്നവരുമാകുന്നു. [7]എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ; നികുതി കൊടുക്കേണ്ടവന്നു നികുതി; ചുങ്കം കൊടുക്കേണ്ടവന്നു ചുങ്കം; ഭയം കാണിക്കേണ്ടവന്നു ഭയം; മാനം കാണിക്കേണ്ടവന്നു മാനം.**

**13:1 "ഏതു മനുഷ്യനും കീഴടങ്ങട്ടെ"** ഇത് കീഴടങ്ങിക്കൊണ്ടിരിക്കുക എന്നർത്ഥമുള്ള ഒരു വർത്തമാനകാല കർമ്മണി വിധിരൂപം അഥവാ "അവനെയോ/ അവളെയോ തന്നെത്താൻ സമർപ്പിക്കുക എന്നർത്ഥമുള്ള വർത്തമാനകാല മധ്യ വിധിരൂപം ആണ് (തീത്തൊ. 3:1; 1 പത്രൊ. 2:13). "കീഴടങ്ങുക" എന്നത് ഒരു ആജ്ഞാ ശൃംഖലയെപ്പറ്റി വിവരിക്കുന്നതിനുപയോഗിച്ചിരുന്ന ഒരു സൈനിക ശൈലിയായിരുന്നു. പൗലൊസ് അഭിസംബോധന ചെയ്യുന്നത് എല്ലാ വിശ്വാസികളെയുമാണ്. വിശ്വാസികൾ അന്യോന്യം കീഴടങ്ങിയിരിക്കണമെന്ന് പൗലൊസ് പ്രഖ്യാപിക്കുന്നു (എഫെ. 5:21).

നമ്മുടെ കാലത്ത് കീഴടങ്ങിയിരിക്കുക എന്നത് ഒരു നിഷേധാത്മക ശൈലിയാണ്. താഴ്മയെയും ദൈവവചനത്തിന്റെ അഗാധമായ അറിവിനെയും ചിത്രീകരിക്കുന്ന ഒരു പദമാണിത്. യേശു തന്റെ (1) ഭൗമിക മാതാപിതാ

ക്കൾക്കും (2) അവന്റെ സ്വർഗ്ഗീയ പിതാവിനും (1 കൊരി. 15:28) കീഴടങ്ങിയിരുന്നു എന്ന് പറഞ്ഞിരിക്കുന്നു. ഈ മേഖലയിൽ നമ്മുടെ വഴി കാട്ടി അവനാണ്.

10:3 ലെ പ്രത്യേക വിഷയം: കീഴ്പ്പെടൽ കാണുക

■ **"ശ്രേഷ്ഠാധികാരങ്ങൾക്ക്"** മറ്റു പശ്ചാത്തലങ്ങളിൽ ഈ പദം പൗലൊസ് ഉപയോഗിക്കുന്നത് ദൂത ശക്തികളെപ്പറ്റി, പ്രാഥമികമായി സാത്താന്യ ശക്തികളെപ്പറ്റി പരാമർശിക്കുന്നതിനാണെങ്കിലും (8:38; കൊലൊ. 1:6; 20:10,15; എഫെ. 1:21; 3:10; 6:12) ഇവിടെ പറയുന്നത് രാഷ്ട്രീയ അധികാരങ്ങളെക്കുറിച്ചാണ് (1 കൊരി. 2:6,8; തീത്തൊ. 3:1; 1 പത്രൊ. 2:13). മാനുഷിക ഭരണകൂടങ്ങൾക്കു പിന്നിൽ ദൂതന്മാരുടെ അധികാരങ്ങൾ ഉണ്ടെന്ന് ബൈബിൾ സൂചിപ്പിക്കുന്നു (ദാനീ. 10; ആവ. 32:8 ൽ "മഹോന്നതൻ ജാതികൾക്കു അവകാശം വിഭാഗിക്കയും മനുഷ്യപുത്രന്മാരെ വേർപിരിക്കയും ചെയ്തപ്പോൾ അവൻ (ദൈവത്തിന്റെ ദൂതന്മാരുടെ എണ്ണത്തിനു) തക്കവണ്ണം ജാതികളുടെ അതിർത്തികളെ നിയമിച്ചു" എന്നു കാണുന്നു). ഓസ്കാർ കൗൾമാന്റെ *ക്രൈസ്റ്റ് ആന്റ് ടൈം,* ഹെൻട്രിക്കസ് ബെർക്കോഫിന്റെ *ക്രൈസ്റ്റ് ആന്റ് ദി പവേഴ്സ്* എന്നീ ഗ്രന്ഥങ്ങൾ കാണുക. എന്നാൽ ഇപ്പോൾ ഭരണാധികാരികൾ പ്രവർത്തിക്കുന്നത് ദൈവത്തിന്റെ അധീനതയിലാണ് (വാ. 1b, 4a, 6). താഴെകൊടുത്തിരിക്കുന്ന പ്രത്യേക പഠന വിഷയം കാണുക.

# പ്രത്യേക പഠനവിഷയം: അധികാരം (എക്സൂസിയാ-ἐξουσια)

*എക്സൂസിയ* (അധികാരം, ശക്തി അഥവാ നിയമപരമായ അധികാരം) എന്ന പദത്തിന്റെ ലൂക്കൊസിന്റെ ഉപയോഗം നിരീക്ഷിക്കുക രസകരമാണ്

1. 4:6 ൽ യേശുവിന് അധികാരം കൊടുക്കാൻ കഴിവുള്ളവനാണു താനെന്ന് സാത്താൻ അവകാശപ്പെടുന്നു.
2. 4:32, 36 ൽ എങ്ങനെ യേശു തന്റെ പഠിപ്പിക്കലിൽ വ്യക്തിപരമായ അധികാരം ഉപയോഗിക്കുന്നു എന്നതിൽ യെഹൂദന്മാർ അത്ഭുതപ്പെടുന്നു.
3. 9:1 ൽ അവൻ തന്റെ അധികാരവും ശക്തിയും തന്റെ അപ്പൊസ്തലന്മാർക്കും കൊടുത്തു.
4. 10:19 ൽ അവൻ തന്റെ അധികാരം എഴുപത് മിഷനറിമാർക്ക് കൊടുത്തു.
5. 20:2,8 ൽ യേശുവിന്റെ അധികാരത്തെപ്പറ്റി കേന്ദ്രമായ ചോദ്യം ചോദിക്കപ്പെട്ടു.
6. 22:53 ൽ യേശുവിനെ കുറ്റം വിധിക്കുവാനും കൊല്ലുവാനും തിന്മയ്ക്ക് അധികാരം അനുവദിക്കപ്പെട്ടു.

ലൂക്കൊസിൽ ഇല്ലെങ്കിലും മത്തായിയിലെ ശ്രേഷ്ഠനിയോഗത്തിന്റെ ആമുഖമായ "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു" എന്നത് ഒരു മഹത്തായ പ്രസ്താവനയാണ് (മത്താ. 28:18).

അവരുടെ ചോദ്യത്തിനുള്ള യേശുവിന്റെ ഉത്തരം ഇതായിരുന്നിരിക്കാം.

1. പ്രത്യേക ഘട്ടങ്ങളിൽ ദൈവത്തിന്റെ ഉച്ചരിക്കപ്പെട്ട വചനം
   a. സ്നാനത്തിങ്കൽ (ലൂക്കൊ. 3:21-22)
   b. മറുരൂപമലയിൽ (ലൂക്കൊ. 9:35)
2. നിവർത്തിയായ പഴയനിയമ പ്രവചനം
   a. യെഹൂദാ ഗോത്രം (ഉല്പ. 49:10)
   b. യിശ്ശായിയുടെ കുടുംബം (2 ശമൂ. 17)
   c. ബേത്ലഹേമിലെ ജനനം (മീഖാ 5:2)
   d. ദാനിയേൽ 2 ലെ നാലാം സാമ്രാജ്യ കാലത്തെ (റോമ) ജനനം
   e. ദരിദ്രരെയും കുരുടരെയും അഗതികളെയും (യെശയ്യാവ്) സഹായിച്ചു
3. അവൻ ഭൂതത്തെ പുറത്താക്കിയത് സാത്താന്റെയും അവന്റെ രാജ്യത്തിന്റെയും മേലുള്ള അവന്റെ അധികാരത്തെയും ശക്തിയെയും വെളിപ്പെടുത്തി.
4. അവൻ മരിച്ചവരെ ഉയിർപ്പിച്ചത് ശാരീരിക ജീവന്റെയും മരണത്തിന്റെയും മേലുള്ള അവന്റെ അധികാരത്തെ വെളിപ്പെടുത്തി.
5. അവന്റെ എല്ലാ അത്ഭുതങ്ങളും വൈകാരികവും സ്ഥാനീയവും ഭൗതികവുമായവയുടെ മേലുള്ള അവന്റെ ശക്തിയെയും അധികാരത്തെയും വെളിപ്പെടുത്തി
   a. പ്രകൃതി
   b. പോഷിപ്പിക്കലുകൾ
   c. സൗഖ്യമാക്കലുകൾ
   d. നിരൂപണം ഗ്രഹിച്ചത്
   e. മീൻ പിടുത്തം

# പ്രത്യേക പഠനവിഷയം: മാനുഷിക ഭരണകൂടം

I. മുഖവുര

A. നിർവചനം - മനുഷ്യന്റെ ബോധ്യമായ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി മനുഷ്യവർഗ്ഗത്തിന്റെ സ്വയം സംഘടിത സംവിധാനത്തെയാണ് ഭരണകൂടം എന്നു പറയുന്നത് (അതാ. ഉല്പ. 4,11). മനുഷ്യർ സാമൂഹിക ജീവികളാണ് (വീഴ്ചയ്ക്കു മുമ്പും, ഒ.നോ. ഉല്പ. 2:18). കുടുംബങ്ങളും ഗോത്രങ്ങളും ജാതികളും സമൂഹത്തിലുൾപ്പെടുന്നു.

B. ഉദ്ദേശ്യം - അരാജകത്വത്തെക്കാൾ നല്ലത് ക്രമീകൃതമായ അവസ്ഥ എന്നതാണ് ദൈവഹിതം.

1. മോശെയുടെ പ്രമാണം, പ്രത്യേകിച്ച് പത്ത് കല്പന, സമൂഹപരമായി മനുഷ്യനു വേണ്ടിയുള്ള ദൈവത്തിന്റെ ഹിതമാണ്.
2. തിരുവെഴുത്തിൽ ഭരണകൂടത്തിന്റെ രൂപം അഥവാ ഘടന നിഷ്കർഷിച്ചിട്ടില്ല. പുരാതന യിസ്രായേലിന്റെ ദൈവിക ഭരണമായിരുന്നു സ്വർഗ്ഗം പ്രതീക്ഷിച്ച രൂപം. ജനാധിപത്യമോ മുതലാളിത്ത ഭരണമോ വേദപുസ്തകപരമല്ല. ക്രിസ്ത്യാനികൾ തങ്ങൾ ഉൾപ്പെട്ടിരിക്കുന്ന രാജ്യത്ത് നിലവിലുള്ള ഭരണസംവിധാനത്തിനു വിധേയപ്പെട്ടു പ്രവർത്തിക്കണം. ക്രിസ്ത്യാനിയുടെ ഉദ്ദേശ്യം സുവിശേഷീകരണവും ശുശ്രൂഷയുമാണ്, വിപ്ലവമല്ല. സകല ഭരണകൂടങ്ങളും മാറ്റത്തിനു വിധേയമാണ്.

C. മാനുഷിക ഭരണകൂടത്തിന്റെ ഉത്ഭവം

1. വീഴ്ചയ്ക്കു മുമ്പു തന്നെ മാനുഷിക ഭരണകൂടത്തിന്റെ സഹജ ആവശ്യം ഉണ്ടായിരുന്നതായി റോമൻ കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. ഇക്കാര്യം ആദ്യം പറഞ്ഞത് അരിസ്റ്റോട്ടിലാണ്. "മനുഷ്യൻ ഒരു രാഷ്ട്രീയ മൃഗമാണ്" എന്നദ്ദേഹം പറഞ്ഞതിലൂടെ ഭരണകൂടം "നല്ല ജീവിതത്തിന്റെ വിജയത്തിന് വേണ്ടി നിലനിൽക്കുന്നു" എന്നാണർത്ഥമാക്കിയത്.
2. വീഴ്ചയോടുകൂടി മാനുഷിക ഭരണകൂടം ജന്മസിദ്ധമായി എന്ന് പ്രൊട്ടസ്റ്റന്റിസം, പ്രത്യേകാൽ മാർട്ടിൻ ലൂഥർ പ്രസ്താവിച്ചു. അവനതിനെ "ദൈവ രാജ്യത്തിന്റെ ഇടങ്കൈ" എന്നു വിളിച്ചു. "ദുഷ്ട മനുഷ്യനെ നിയന്ത്രിക്കുന്നതിനുള്ള ദൈവിക വഴി നിയന്ത്രണം ദുഷ്ടമനുഷ്യനെ ഏല്പിക്കു എന്നതാണ്" എന്നദ്ദേഹം പറഞ്ഞു.
3. ഉന്നതകുല ജാതരായ കുറെപ്പേർ ജനത്തെ നിയന്ത്രിക്കുന്ന മാർഗ്ഗമാണ് ഭരണകൂടം എന്ന് കാറൽ മാർക്സ് പ്രസ്താവിച്ചു. അദ്ദേഹത്തിന്റെ ചിന്തയിൽ ഭരണകൂടവും മതവും ഒരേ കാര്യമാണു ചെയ്യുന്നത്.

II. വേദപുസ്തക വസ്തുതകൾ

A. പഴയ നിയമം

1. സ്വർഗ്ഗത്തിൽ നടപ്പിലായിരുന്നതിന്റെ മാതൃകയായിരുന്ന ഭരണത്തിന്റെ യിസ്രായേൽ. പുരാതന യിസ്രായേലിൽ യഹോവ ആയിരുന്നു രാജാവ്. ദൈവത്തിന്റെ നേരിട്ടുള്ള ഭരണത്തെ വിവരിക്കാനുപയോഗിക്കുന്ന പദമാണ് ദൈവിക ഭരണം (ഒ.നോ. 1 ശമൂ. 8:4-9).
2. മാനുഷിക ഭരണകൂടത്തിന്മേലുള്ള ദൈവിക പരമാധികാരം അവന്റെ നിയമനത്തിൽ കാണുവാൻ കഴിയും
   a. സകല രാജാക്കന്മാരും, ദാനീ. 2:21; 4:17, 24-25
   b. മശിഹൈക ഭരണം, ദാനീ. 2:44-45
   c. നെബൂഖദ്നേസർ (നിയോ-ബാബിലോൺ), യിരെ. 27:6; ദാനീ. 5:28
   d. കോരശ് II (പാർസി), 2 ദിന. 36:22; എസ്രാ 1:1; യെശ. 44:28; 45:1
3. അതിക്രമിച്ച് കൈവശപ്പെടുത്തി ഭരണം നടത്തുന്ന ഗവൺമെന്റുകളെ പോലും ദൈവജനം കീഴടങ്ങി ബഹുമാനിക്കണം
   a. ദാനീ. 1-4, നെബൂദ്ഖനേസർ (നിയോ-ബാബിലോൺ)
   b. ദാനീ. 5, ബേൽശസ്സർ (നിയോ-ബാബിലോൺ)
   c. ദാനീ. 6, ദാര്യാവേശ് (പാർസി)
   d. എസ്രാ, നെഹെമ്യാവ് (പാർസി)
4. മടങ്ങിവന്ന യെഹൂദാ കോരശിന്റെയും അവന്റെ പിൻഗാമികളുടെയും ഭരണത്തിനുവേണ്ടി പ്രാർത്ഥിക്കണം
   a. എസ്രാ 6:10; 7:23
   b. യെഹൂദൻ രാഷ്ട്രീയ അധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കണം, മിഷ്നാ, അവോറ്റ് 3:2

B. പുതിയ നിയമം

1. യേശു മാനുഷിക ഭരണകൂടത്തെ ബഹുമാനിച്ചു
   a. മത്താ. 17:24-27; അവൻ കരം കൊടുത്തു (മതപരവും രാഷ്ട്രീയവുമായ അധികാരികൾ ഒന്നുതന്നെയായിരിക്കണം, ഒ.നോ. 1 പത്രൊ. 2:17)

b. മത്താ. 22:15–22; മർക്കൊ. 12:13–17; ലൂക്കൊ. 20:20–26, റോമൻ നികുതിക്ക് സ്ഥാനമുണ്ടെന്ന് പ്രസ്താവിച്ചതിലൂടെ റോമൻ ഭരണകൂടത്തിനും സ്ഥാനമുള്ളതായി അംഗീകരിച്ചു
c. യോഹ. 19:11, ദൈവം രാഷ്ട്രീയ അധികാരത്തെ അനുവദിക്കുന്നു

2. മാനുഷിക ഭരണകൂടത്തോടു ബന്ധപ്പെട്ട പൗലൊസിന്റെ വാക്കുകൾ
a. റോമ. 13:1–5, മാനുഷിക ഭരണകൂടങ്ങൾ ദൈവത്താൽ സ്ഥാപിതമാകയാൽ വിശ്വാസികൾ അവയ്ക്കു കീഴടങ്ങിയിരിക്കേണം
b. റോമ. 13:6–7, വിശ്വാസികൾ നികുതി കൊടുക്കുകയും ഭരണാധികാരികളെ ബഹുമാനിക്കുകയും വേണം
c. 1 തിമൊ. 2:1–3, വിശ്വാസികൾ ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കണം
d. തീത്തൊ. 3:1, വിശ്വാസികൾ ഭരണാധികാരികൾക്കു കീഴടങ്ങിയിരിക്കേണം

3. മാനുഷിക ഭരണകൂടത്തോടു ബന്ധപ്പെട്ട പത്രൊസിന്റെ വാക്കുകൾ
a. പ്രവൃ. 4:31; 5:29, പത്രൊസും യോഹന്നാനും സൻഹദ്രീം സംഘത്തിനു മുമ്പിൽ (ഭരണകൂടത്തെക്കാൾ ദൈവത്തെ അനുസരിക്കുന്നതിനുള്ള മുൻഗണന ഇവിടെ കാണാം)
b. 1 പത്രൊ. 2:13–17, സമൂഹ നന്മയ്ക്കും സുവിശേഷീകരണത്തിനും വേണ്ടി വിശ്വാസികൾ രാഷ്ട്രീയ ഭരണകൂടത്തിനും കീഴടങ്ങിയിരിക്കണം

4. മാനുഷിക ഭരണകൂടത്തോടു ബന്ധപ്പെട്ട യോഹന്നാന്റെ വാക്കുകൾ
a. വെളി. 17, വേശ്യയായ ബാബിലോൺ, ദൈവത്തെ കൂടാതെ സംഘടിപ്പിക്കപ്പെട്ടു പ്രവർത്തിക്കുന്ന മാനുഷിക ഭരണകൂടത്തെ പ്രതിനിധീകരിക്കുന്നു
b. വെളി. 18, വേശ്യയായ ബാബിലോൺ നശിപ്പിക്കപ്പെട്ടു

III. ഉപസംഹാരം

A. മാനുഷിക ഭരണകൂടം (വീണുപോയ ലോകത്തിലെ) ദൈവത്താൽ നിയമിക്കപ്പെട്ടതാണ്. ഇത് "രാജാക്കന്മാരുടെ ദൈവികാധികാരം" അല്ല, മറിച്ച് ഭരണകൂടത്തിന്റെ ദൈവിക ദൗത്യമാണ്. ഒരു രൂപവും മറ്റൊന്നിനു മീതെയല്ല.

B. ഭരണകൂടത്തെ അനുസരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് വിശ്വാസികളുടെ മതപരമായ കടമയാണ്.

C. നികുതി കൊടുത്തും ശരിയായി ബഹുമാനിച്ചും മാനുഷിക ഭരണകൂടത്തെ പിന്തുണയ്ക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.

D. ക്രമസമാധാന പാലനത്തിനുവേണ്ടിയുള്ളതാണ് മാനുഷിക ഭരണകൂടം. ഈ ദൗത്യത്തിനായുള്ള ദൈവിക സേവകരാണവർ.

E. മാനുഷിക ഭരണകൂടം പരമോന്നതമല്ല. അധികാരത്തിൽ അതിനു പരിമിതിയുണ്ട്. മാനുഷിക ഭരണം അതിന്റെ ദൈവനിയുക്തമായ അതിരുകൾ ലംഘിക്കുമ്പോൾ അവരെ നിരസിക്കുന്ന കാര്യത്തിൽ വിശ്വാസികൾ മനസ്സാക്ഷിക്കനുസരിച്ചു പ്രവർത്തിക്കണം. *സിറ്റി ഓഫ് ഗോഡ്* എന്ന കൃതിയിൽ അഗസ്റ്റിൻ പറഞ്ഞിരിക്കുന്നത് നാം രണ്ടു മണ്ഡലങ്ങളിലെ പൗരന്മാരാണെന്നാണ്, ഒന്ന് താൽക്കാലികവും മറ്റൊന്നു നിത്യവും (ഒ.നോ. ഫിലി. 3:20). രണ്ടിലും നമുക്ക് ഉത്തരവാദിത്വമുണ്ടെങ്കിലും ദൈവത്തിന്റെ രാജ്യമാണ് ആത്യന്തികം. ദൈവത്തോടുള്ള നമ്മുടെ ഉത്തരവാദിത്വത്തിൽ വ്യക്തിപരവും സമൂഹപരവുമായ ശ്രദ്ധയൂന്നൽ ആവശ്യമാണ്.

F. ജനാധിപത്യ സംവിധാനത്തിൽ ഭരണകൂടത്തിൽ പങ്കാളിയാകുവാനും സാധ്യമായ സന്ദർഭങ്ങളിൽ ദൈവവചനത്തിന്റെ ഉപദേശങ്ങൾ നടപ്പിലാക്കുവാനും നാം വിശ്വാസികളെ പ്രോത്സാഹിപ്പിക്കണം.

G. വ്യക്തികളുടെ മാനസാന്തരം സാമൂഹിക മാറ്റത്തിനു കാരണമാകും. ഭരണകൂടത്തിൽ യഥാർത്ഥവും നിലനിൽക്കുന്നതുമായ അന്ത്യകാല പ്രതീക്ഷകളില്ല. സകല മാനുഷിക ഭരണകൂടങ്ങളും ദൈവഹിതപ്രകാരമുള്ളതും ദൈവത്താൽ ഉപയോഗിക്കപ്പെടുന്നവയും ആണെങ്കിലും, ദൈവത്തിൽ നിന്നകന്നുള്ള മാനുഷിക സംഘടനകളുടെ പാപകരമായ വെളിപ്പെടുത്തലുകൾ മാത്രമാണവ. ഈ ആശയം "ലോകം" എന്ന യോഹന്നാന്റെ ഉപയോഗത്തിൽ പ്രകടമാക്കിയിരിക്കുന്നു (അതാ. 1 യോഹ. 2:15–17).

▣

**NASB** **"നിലനിൽക്കുന്നയോ ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു"**
**NJKV** **"നിലനിൽക്കുന്നവ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു"**
**NRSV** **"അത് ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നവയാണ്"**
**TEV** **"ദൈവത്താൽ വയ്ക്കപ്പെട്ടിരിക്കുന്നവ"**
**NJB** **"ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നവ"**

ഇത് ഒരു ബാഹ്യമായ പൂർണ്ണകാല കർമ്മണി അപൂർണ്ണക്രിയ ആണ്. എല്ലാ മാനുഷിക അധികാരങ്ങൾക്കും പിന്നിൽ ദൈവമുണ്ടെന്നാണ് ഈ വ്യാകരണരൂപം പ്രഖ്യാപിക്കുന്നത് (യോഹ. 19:11; ദാനീ. 2:21; 4:17). ഇത് പരാ

മർശിക്കുന്നത് 'രാജാക്കന്മാരുടെ ദൈവിക അവകാശ' ത്തെക്കുറിച്ചല്ല, പിന്നെയോ ക്രമത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഇഷ്ടത്തെയാണ്. ഇത് പ്രഖ്യാപിക്കുന്നത് ഒരു പ്രത്യേക വിധം ഭരണകൂടത്തെയല്ല. പിന്നെയോ ഭരണകൂടത്തെ തന്നെയാണ്. ആശയക്കുഴപ്പത്തെക്കാൾ നല്ലത് രാഷ്ട്രീയ ക്രമമാണ് (വാ. 6).

**13:2 "അധികാരത്തോടു മറുക്കുന്നവൻ"** ഇത് ഒരു വർത്തമാനകാല മധ്യ അപൂർണ്ണക്രിയ ആണ്. സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഒരു ക്രമത്തിനെതിരായുള്ള ഒരു വ്യക്തിപരവും സ്വാഭാവികവുമായ എതിർപ്പാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് ആക്ഷരികമായി "ഒരുത്തൻ തന്നെത്തന്നെ എതിരായി നിർത്തുക" എന്നതാണ് (അപ്പൊ. പ്രവൃ. 18:6; യാക്കോ. 5:6). മർക്കൊ. 12:17 ൽ ഭരണകൂടത്തിന്റെയും സഭയുടെയും തലങ്ങളെ യേശു വ്യക്തമായി സ്ഥാപിക്കുന്നു. അപ്പൊ. പ്രവൃ. 5:25-32 അധികാരികൾ അവരുടെ പരിധികൾ മറികടക്കുമ്പോൾ എന്തു സംഭവിക്കുന്നുവെന്ന് നാം കാണുന്നു.

▣ **"മറുക്കുന്നവൻ... മറുക്കുന്നു"** ഇത് ഒരു പൂർണ്ണകാല കർത്തരി സൂചകവും ഒരു പൂർണ്ണകാല കർത്തരി അപൂർണ്ണക്രിയയും ആണ്. ക്രമീകൃതവും സ്ഥാപിതവുമായ ഒരു എതിർപ്പിനെക്കുറിച്ചാണ് ഇത് സംസാരിക്കുന്നത്. ഈ വീണുപോയ ലോകത്തിൽ ദൈവം ക്രമം ഒരുക്കിയിരിക്കുന്നു (വാ. 4,6). രാഷ്ട്രീയ അധികാരികൾ അവരുടെ ദൈവത്താൽ നൽകപ്പെട്ട പരിധികളെ മറികടക്കുന്നില്ലെങ്കിൽ എതിർക്കുന്നവൻ ദൈവത്തോടാണ് എതിർക്കുന്നത്. യഥാർത്ഥ ആത്മീയ വിഷയം അധികാരിയോടുള്ള കീഴടങ്ങിയിരിക്കലാണ്. വീണുപോയ മനുഷ്യവർഗ്ഗം ഏകാധിപത്യം ആഗ്രഹിക്കുന്നു.

▣ **"മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും"** ശിക്ഷാവിധിയെ KJV തർജ്ജമ ചെയ്യുന്നത് "നിത്യനാശം" എന്നാണ്. തൽഫലമായി എ.ഡി. 1611 മുതൽ ഇംഗ്ലീഷിൽ ഇതിന്റെ അർത്ഥത്തിന് തീവ്രത വർദ്ധിപ്പിച്ചിരിക്കുന്നു. NJKV ഇതിനെ ന്യായവിധി എന്ന് തർജ്ജമ ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ ഇത് (1) ദൈവത്തിന്റെ ന്യായവിധിയെ അഥവാ (2) നിയമപരമായ ശിക്ഷണത്തെ സൂചിപ്പിക്കുന്നതായിരിക്കണം (വാ. 4). അധികാരികൾക്കെതിരെയുള്ള തങ്ങളുടെ മനോഭാവങ്ങളും പ്രവൃത്തികളും നിമിത്തം ഈ ജനം തങ്ങളുമേൽ തന്നെ ന്യായവിധി വരുത്തി വയ്ക്കുന്നു.

**13:3** 1 പത്രൊ. 2:14 ലെ സമാന്തര വിശദീകരണം കാണുക.

▣ **"വാഴുന്നവർ"** 8:38 ലെ പ്രത്യേക പഠന വിഷയം: ആർക്കി (*αρχη*) കാണുക.

▣ **"അധികാരം"** 13:1 ലെ പ്രത്യേക പഠനവിഷയം കാണുക.

**13:4 "നിന്റെ നന്മയ്ക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷകനായിരിക്കുന്നത്"** തിന്മ പ്രവർത്തിക്കുന്നവർക്കെതിരായി ഭരണാധികാരികൾ പ്രവർത്തിക്കുന്നു. അതേസമയം വിശ്വാസി തന്റെ വ്യക്തിപരമായ പ്രതികാരത്തിൽ നിന്നും നിയന്ത്രിക്കപ്പെട്ടിരിക്കുന്നു (ഒ.നോ. 12:17-19). മാർട്ടിൻ ലൂഥർ ഇപ്രകാരം പ്രസ്താവിച്ചു, "ദുഷ്ടമനുഷ്യരെ നിയന്ത്രിക്കുന്നതിനുള്ള ദൈവിക പദ്ധതി ദുഷ്ട മനുഷ്യരെ നിയന്ത്രണമേല്പിക്കുക എന്നതാണ്."

▣ **"ചെയ്താലോ"** "ഇത് സംഭവ്യ ഭാവികാല പ്രവൃത്തിയെ അർത്ഥമാക്കുന്ന ഒരു മൂന്നാംതര സോപാധിക വാചകമാണ്.

▣

**NASB** **"വെറുതെയല്ല അതു വാൾ വഹിക്കുന്നത്"**
**NKJV** **"വെറുതെയല്ല അവൻ വാൾ വഹിക്കുന്നത്"**
**NRSV** **"വെറുതെയല്ല അധികാരി വാൾ വഹിക്കുന്നത്"**
**TEV** **"ശിക്ഷിക്കുന്നതിനുള്ള അവരുടെ അധികാരം യഥാർത്ഥമാണ്"**
**NJB** **"വെറുതെയല്ല അവരുടെ അധികാരത്തിന്റെ അടയാളം വാളായിരിക്കുന്നത്"**

വധശിക്ഷയ്ക്കായി ഉപയോഗിച്ചിരുന്ന റോമയിലെ ചെറിയ വാളിനെയാണ് "വാൾ" (*മഖായിറ*) എന്ന പദം സൂചിപ്പിക്കുന്നത് (പ്രവൃ. 12:2; റോമ. 8:35). ഈ വേദഭാഗവും പ്രവൃ. 25:11 ഉം വധശിക്ഷയ്ക്കുള്ള പുതിയ നിയമ അടിസ്ഥാനങ്ങൾ നൽകുന്നു. അതേസമയം ഉല്പ. 9:6 പഴയ നിയമ വീക്ഷണത്തെ വ്യക്തമായി സ്ഥാപിക്കുന്നു. കുഴപ്പമുണ്ടാക്കുന്നതിനെ ഭയം ഫലപ്രദമായി തടയുന്നു.

▣ **"പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നെ"** പ്രതികാരി (*എക്ഡികോസ്*) എന്ന പദം പഴയ നിയമത്തിൽ നിരവധി തവണ ഉപയോഗിച്ചിട്ടുണ്ട്. ലേവ്യ. 19:18ന്റെ ഒന്നാം ഭാഗത്തിൽ പോലും ഇത് ഉപയോഗിച്ചിരിക്കുന്നു. പഴയനിയമത്തിൽ ഒരു വ്യക്തി മറ്റൊരുവനെ യാദൃശ്ചികമായി കൊന്നാൽ അവന്റെ കുടുംബത്തിന് "കണ്ണിന് പകരം കണ്ണ്" എന്ന വിധത്തിലുള്ള പ്രതികാരം നടത്തുന്നതിനുള്ള അവകാശം ഉണ്ടായിരുന്നു (രക്തപ്രതികാരി). പഴയനിയമ ആചാരത്തെ പൗലൊസ് രാഷ്ട്രീയ ഭരണകൂടത്തോട് ബന്ധപ്പെടുത്തുന്നതായി കാണപ്പെടുന്നു.

1 തെസ്സ. 4:6 ൽ ദൈവത്തെ പ്രതികാരകൻ എന്ന് പറഞ്ഞിരിക്കുന്നു. ഇത് റോമ. 12:9 ന്റെ തുടർച്ചയാണ്. ഇവ രണ്ടും ആവ. 32:35 നെയാണ് സൂചിപ്പിക്കുന്നത് (ഒ.നോ. എബ്രാ. 10:30).

**13:5 "കീഴടങ്ങുക ആവശ്യം"** പ്രസ്താവിക്കപ്പെട്ടിട്ടുള്ള രണ്ട് കാരണങ്ങൾ: (1) ദൈവത്തിന്റെയോ ഭരണാധികാരികളുടെയോ ശിക്ഷയിൽ നിന്നും രക്ഷപെടുവാനും (2) വിശ്വാസികളുടെ മനസ്സാക്ഷിയിൽ നിന്നും രക്ഷപെടുവാനും.

▣ **"മനസാക്ഷിയെയും വിചാരിച്ചു"** സ്വയബോധത്തെയും പ്രേരണകളെയും കുറിക്കുന്ന "മാറ്" എന്നർത്ഥമുള്ള എബ്രായ പദം ഒഴികെ പഴയനിയമത്തിൽ "മനസ്സാക്ഷി" എന്ന ഗ്രീക്കുപദത്തിന് ഒരു സമാനപദമില്ല. യഥാർത്ഥ ത്തിൽ ഗ്രീക്ക് പദം സൂചിപ്പിക്കുന്നത് പഞ്ചേന്ദ്രിയങ്ങളോടു ബന്ധപ്പെട്ട ബോധ്യങ്ങളാണ്. ഇത് അന്തർബോധത്തെ സൂചിപ്പിക്കുന്നതിനുപയോഗിച്ചു (റോമ. 2:15). തന്റെ പ്രതിവാദങ്ങളിൽ രണ്ടു തവണ പൗലൊസ് ഈ പദം ഉപ യോഗിക്കുന്നു (പ്രവൃ. 23:1; 24:16). താൻ അറിഞ്ഞുകൊണ്ട് ദൈവത്തോടുള്ള ഒരു മതപരമായ കടമകളും നിഷേ ധിച്ചിട്ടില്ല എന്ന തന്റെ അവബോധത്തെയാണ് ഇതു സൂചിപ്പിക്കുന്നത് (2 കൊരി. 4:4).

താഴെപ്പറയുന്ന കാര്യങ്ങളിൽ അടിസ്ഥാനപ്പെടുത്തിയുള്ള വിശ്വാസികളുടെ ലക്ഷ്യങ്ങളുടെയും പ്രവർത്തിക ളുടെയും പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഗ്രഹിപ്പിക്കലാണ് മനസ്സാക്ഷി.

1. വേദപുസ്തകാടിസ്ഥാനത്തിലുള്ള ഒരു ലോകവീക്ഷണം.
2. ഉള്ളിൽ വസിക്കുന്ന ആത്മാവ്
3. ദൈവവചനത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്ന ജീവിതശൈലിയെക്കുറിച്ചുള്ള ഒരറിവ്. ഇത് സാധ്യമാക്കി യത് സുവിശേഷത്തിന്റെ വ്യക്തിപരമായി സ്വീകരണത്തിലൂടെയാണ്.

**13:6 "അതുകൊണ്ട് നിങ്ങൾ നികുതിയും കൊടുക്കുന്നു"** ഇത് ഒരു വർത്തമാനകാല കർത്തരി വിധിരൂപമായി തോന്നുമെങ്കിലും ഇത് ഒരു വർത്തമാനകാല കർത്തരി സൂചകമാണ് (cf. JB). രാഷ്ട്രീയ അധികാരികളോടുള്ള ക്രിസ്തീയ ഉത്തരവാദിത്തത്തിന്റെ ഒരു ഉദാഹരണമാണിത്. എന്തുകൊണ്ടെന്നാൽ ഭരണാധികാരികൾ ദൈവ ത്തിന്റെ ദാസന്മാരാണ് (വാ. 1-2).

**13:7**

**NASB** **"എല്ലാവർക്കും കടമായതു കൊടുപ്പിൻ. നികുതി.., ചുങ്കം..., ഭയം..., മാനം..."**
**NKJV** **"എല്ലാവർക്കും അവർക്കു കടപ്പെട്ടത് കൊടുപ്പിൻ; നികുതികൾ, ചുങ്കങ്ങൾ, ഭയം, മാനം"**
**NRSV** **"എല്ലാവർക്കും കടപ്പെട്ടത് കൊടുപ്പിൻ; നികുതികൾ, ചുങ്കങ്ങൾ, ബഹുമാനം, മാനം"**
**TEV** **"നിങ്ങൾ അവർക്കു കടപ്പെട്ടിരിക്കുന്നതു കൊടുപ്പിൻ. അവർക്ക് നിങ്ങളുടെ വ്യക്തിപരവും സ്വത്തി ന്റേതുമായ നികുതി കൊടുപ്പിൻ; മാത്രമല്ല അവരോടെല്ലാം ആദരവും ബഹുമാനവും കാണിപ്പിൻ"**
**NJB** **"ഭരണകൂടത്തിന്റെ ഓരോ ഉദ്യോഗസ്ഥനും അവന് ചോദിപ്പാൻ അവകാശമുള്ളത് കൊടുപ്പിൻ – നേരിട്ടുള്ള നികുതിയായാലും പരോക്ഷമായ ഭയവും ബഹുമാനവുമായാലും"**

ഇത് വിഭിന്നമായ രണ്ട് വിഭാഗത്തിലുള്ള അധികാരികളെ സൂചിപ്പിച്ചിരുന്നതായിരിക്കാം (RSV). എന്നാൽ അർത്ഥമാക്കിയിരിക്കുന്നത് ക്രിസ്ത്യാനികൾ രാഷ്ട്രീയ അധികാരികൾക്ക് നികുതിയും ബഹുമാനവും കൊടു ക്കണമെന്നുള്ളതാണ്. കാരണം ദൈവത്തിന്റെ ശുശ്രൂഷകന്മാരായാണ് അവർ പ്രവർത്തിക്കുന്നത് (വാ. 1,4 [2 പ്രാവശ്യം], 6; മത്താ. 22:15-22).

"നികുതി," "ചുങ്കം" എന്നീ പദങ്ങൾ ഇവിടെ സമാനാർത്ഥ പദങ്ങളായി ഉപയോഗിച്ചിരിക്കുന്നു (TEV വ്യത്യാസം കാണിക്കുന്നുണ്ടെങ്കിലും). പദോത്പത്തി സംബന്ധിച്ച് വിശകലം ചെയ്താൽ (മൂല പദാർത്ഥം, ഒന്നാ മത്തേത് സൂചിപ്പിക്കുന്നത് കീഴടക്കപ്പെട്ട രാജ്യം നൽകേണ്ട നികുതിയും (ലൂക്കൊ. 20:22) രണ്ടാമത്തേത് വ്യക്തി പരമായ നികുതിയുമാണ് (മത്താ. 17:25; 22:17,19).

# റോമർ 13:8-14 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. വാ. 1-7 ന്റെ രചനാ പശ്ചാത്തലം അതിൽത്തന്നെ ഉൾക്കൊണ്ടിരിക്കുന്നതായി മനസ്സിലാക്കാം. എന്നിരുന്നാലും വാ. 7 ലെ "കടപ്പെട്ടിരിക്കുക" എന്നത് വാ. 8 ൽ നിന്നും വ്യത്യസ്തമായ ആശയത്തിൽ തുടർന്നിരിക്കുന്ന തായി കാണപ്പെടുന്നു. വിശ്വാസികൾക്ക് രാഷ്ട്രത്തോട് ഒരു കടപ്പാട് ഉണ്ട്. അതുപോലെ തന്നെ മറ്റ് മനുഷ്യ രോടും ഒരു കടപ്പാടുണ്ട്.

B. വാ. 11-14 പോലെതന്നെ വാ. 8-10 ഭാഗവും ഒരു ഏകീകൃത ചിന്തയാണ്. അവ അധ്യാ. 12 ലെ മറ്റുള്ളവരെ സ്നേഹിക്കുന്നതിനുള്ള ക്രിസ്തീയ ഉത്തരവാദിത്തത്തെക്കുറിച്ചുള്ള ചർച്ച തുടരുകയാണ്.

C. പുതിയനിയമ വിശ്വാസികൾക്കുള്ള ഒരു സാന്മാർഗ്ഗിക വഴികാട്ടിയായി പഴയനിയമ കല്പന (*ഡെക്കലോഗ്*) യുടെ പൗലൊസിന്റെ ഉപയോഗം ദൈവികമായ ജീവിതത്തിലുള്ള (വിശുദ്ധീകരണം) – രക്ഷയല്ല (നീതീകര ണം, ഗലാ. 3) – പഴയനിയമത്തിന്റെ തുടരുന്ന പ്രാധാന്യത്തെ കാണിക്കുന്നു. തന്റെ മാർഗ്ഗനിർദ്ദേശ രേഖകൾ നിർമ്മിക്കുന്നതിനായി പൗലൊസ് നിരവധി ഉറവിടങ്ങളെ സംയോജിപ്പിച്ചിരിക്കുന്നതായി കാണാം.

1. യേശുവിന്റെ വചനങ്ങൾ
2. ആത്മാവിന്റെ മാർഗ്ഗനിർദ്ദേശം
3. പഴയനിയമം
4. തന്റെ യെഹൂദമത റബ്ബിമാരുടെ പരിശീലനം
5. ഗ്രീക്ക് ചിന്തകന്മാരെക്കുറിച്ചുള്ള തന്റെ അറിവ് (പ്രത്യേകിച്ച് സ്റ്റോയിക്കുകൾ).

ഇത് "സ്നേഹത്തിന്റെ നിയമ'ത്തിന്റെ – ദൈവത്തോടുള്ള സ്നേഹം, മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹം, ദൈവ ത്തോടുള്ള സേവനം, മനുഷ്യവർഗ്ഗത്തോടുള്ള സേവനം – സവിശേഷതയാണ്.

D. 11-14 വാക്യങ്ങൾക്ക് ഒരു അന്ത്യകാല വിജ്ഞാനപരമായ അഭിവിന്യാസമുണ്ട്. ഇരുട്ടിന്റെയും വെളിച്ചത്തി

ന്റെയും വിപരീതത്വം ചാവുകടൽ ചുരുളുകൾ ഉൾപ്പെടെയുള്ള യെഹൂദ സാഹിത്യത്തിന്റെ സവിശേഷതയായിരുന്നു. യോഹന്നാന്റെയും പൗലൊസിന്റെയും എഴുത്തുകളിലും ഇത് സാധാരണമാണ്. ക്രിസ്തീയ ജീവിതത്തിലെ "വന്നുകഴിഞ്ഞു" "ആയിട്ടില്ല" എന്ന സമ്മർദ്ദം ദൈവികമായ ജീവിതത്തെ ത്വരിതപ്പെടുത്തുന്നതാണ്. "പുതിയ യുഗം" (ദൈവരാജ്യം) ആരംഭിച്ചിരിക്കുന്നു, അത് വളരെ വേഗം പൂർത്തീകരിക്കപ്പെടും. ഈ വേദഭാഗം 1 തെസ്സ. 5:11 നു സമാനമാണ്.

E. 13–14 വാക്യങ്ങൾ എ.ഡി. 386 ലെ വേനൽക്കാലത്ത് അഗസ്റ്റിന്റെ ജീവിതത്തെ മാറ്റി മറിക്കുന്ന സ്വാധീനമുളവാക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ *കൺഫഷൻസ്* 8:29 ൽ അദ്ദേഹം പറയുന്നു, "എനിക്ക് മുമ്പോട്ടു വായിക്കുവാൻ കഴിയുമായിരുന്നില്ല, എനിക്കതിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. ഈ വാചകത്തിന്റെ അവസാനം എത്തിയപ്പോൾ തൽക്ഷണം എന്റെ ഹൃദയത്തിൽ ഒരു വെളിച്ചം കുതിച്ചെത്തുകയും സംശയത്തിന്റെ എല്ലാ ഇരുളും മാഞ്ഞുപോവുകയും ചെയ്തു."

# പദ, ശൈലീ പഠനം

**റോമർ 13:8–10**

**8 അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരിക്കരുതു; അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ. 9 വ്യഭിചാരം ചെയ്യരുതു, കൊല ചെയ്യരുതു, മോഷ്ടിക്കരുതു, മോഹിക്കരുതു എന്നുള്ളതും മറ്റു ഏതു കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക എന്നീ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു. 10 സ്നേഹം കൂട്ടുകാരന്നു ദോഷം പ്രവർത്തിക്കുന്നില്ല; ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നേ.**

**13:8 "അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ"** 8–10 വാക്യങ്ങളുടെ താക്കോൽ ചിന്തയാണിത് (യോഹ. 13:34; 15:12; റോമ. 12:10; 1 കൊരി. 13; ഫിലി. 2:3–4; 1 തെസ്സ. 4:9; എബ്രാ. 13:1; 2 പത്രൊ. 1:7; 1 യോഹ. 3:11; 4:7, 11–12).

▣ **"ഒന്നും കടമ്പെട്ടിരിക്കരുത്"** ഇത് നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്ന് അർത്ഥം വരുന്ന ഒരു നിഷേധാത്മക ഘടകത്തോടൊപ്പമുള്ള ഒരു വർത്തമാനകാല കർത്തരി വിധിരൂപമാണ്. ഈ ഊന്നിപ്പറയൽ ശൈലിക്ക് രണ്ട് നെഗറ്റീവുകൾ ഉണ്ട്. ഇത് നികുതി സമ്പ്രദായ വിഷയങ്ങളോട് ബന്ധപ്പെട്ടിരിക്കാം (വാ. 6–7). സാമ്പത്തിക ബാധ്യത എപ്പോഴും ഒരു വൈകാരികവും പ്രബലവുമായ ആത്മീയച്യുതിയാണ്. ലൗകികതയെ സൂക്ഷിക്കുക. ഇത് വിശ്വാസികളുടെ ക്രിസ്തീയ സാധ്യതകളെയും വ്യക്തിപരമായ ദീനദയാലുത്വത്തെയും കൈത്താങ്ങുന്നതിനുള്ള പ്രാപ്തിയെ കവർന്നെടുക്കുന്നു. എന്നിരുന്നാലും "കടം പറയരുത്" എന്നു ശഠിക്കുന്നതിനുള്ള തെളിവായ ഒരു വചനഭാഗമായി ഈ വാക്യത്തെ ഉപയോഗിക്കാൻ കഴിയുകയില്ല. വേദപുസ്തകത്തെ അതിന്റെ കാലത്തിന്റെ വെളിച്ചത്തിൽ തന്നെ വ്യാഖ്യാനിക്കണം. ഇത് അമേരിക്കയിൽ രാവിലെ കിട്ടുന്ന ഒരു വർത്തമാനപ്പത്രമല്ല. വാ. 8–10 ഊന്നിപ്പറയുന്നത് (1) ഉടമ്പടിയുടെ സഹോദരന്മാരെന്ന നിലയിലും (മത്താ. 22:39–40; യോഹ. 13:34–35) (2) കൂട്ടുസഹോദരന്മാരെന്ന നിലയിലും അന്യോന്യമുള്ള സ്നേഹത്തിന്റെ മുൻഗണനയാണ് (മത്താ. 5:42; ഗലാ. 6:10).

NIDNTT, വാല്യം 1, പേജ് 668 ന്റെ വീക്ഷണപ്രകാരം "കടപ്പെട്ടിരിക്കുക" എന്ന ക്രിയയ്ക്ക് രണ്ട് ആശയങ്ങളുണ്ട്.

1. സുവിശേഷങ്ങളിൽ കടത്തെ സൂചിപ്പിക്കുന്നതിനാണ് ഇത് ഉപയോഗിച്ചിരിക്കുന്നത്.
2. പൗലൊസിന്റെ ലേഖനങ്ങളിൽ ഉത്തരവാദിത്വത്തെ സൂചിപ്പിക്കുന്നതിനാണ് ഇത് ഉപയോഗിച്ചിരിക്കുന്നത്.

ഈ വേദഭാഗത്തിൽ പൗലൊസ് ഈ ലക്ഷ്യാർത്ഥങ്ങളെ സമന്വയിപ്പിക്കുന്നതായി കാണുന്നു.

▣ **"അന്യനെ സ്നേഹിക്കുന്നവൻ"** ഈ ക്രിയ ഒരു വർത്തമാനകാല കർത്തരി അപൂർണ്ണക്രിയ ആണ്. ഒറ്റപ്പെട്ടതോ കാലാനുസൃതമോ ആയ സ്നേഹത്തെക്കുറിച്ചല്ല ഇത് പരാമർശിക്കുന്നത്. പിന്നെയോ ക്രിസ്തുവിനെപ്പോലെയുള്ള സ്നേഹത്തിന്റെ ഒരു ജീവിതശൈലിയാണ്.

അക്ഷരീകമായി "അന്യൻ" എന്ന പദം "വ്യത്യസ്തമായ ഒരിനത്തിന്റെ മറ്റൊന്ന്" എന്നർത്ഥമുള്ള പദമാണ് *(ഹെറ്റെറോസ്-ἕτερος)*. എന്നിരുന്നാലും കൊയ്നേ ഗ്രീക്കിൽ *ഹെറ്റെറോസ്* നും *അല്ലോസ്* നും (അതേ ഇനത്തിലുള്ള മറ്റൊന്ന്) വലിയ വ്യത്യാസം കാണുന്നില്ല. ഈ പശ്ചാത്തലത്തിൽ ഇത് സൂചിപ്പിക്കുന്നത് ഒരുവന്റെ വിശ്വാസിയോ അല്ലാത്തതോ ആയ അയൽക്കാരനെ തന്നെയാണ് (ലൂക്കൊ. 12:14–21; 10:25–37). എന്നിരുന്നാലും ഈ പശ്ചാത്തലത്തിലെ ലേവ്യ. 19:18 ൽ നിന്നുമുള്ള ഉദ്ധാരണി സൂചിപ്പിക്കുന്നത് ഉടമ്പടിയുടെ മറ്റൊരു പങ്കാളിയെയാണ് (ഒരു സഹ യിസ്രായേല്യൻ). ക്രിസ്ത്യാനികൾ മറ്റു ക്രിസ്ത്യാനികളെ സഹോദരന്മാരെപ്പോലെയും നഷ്ടപ്പെട്ടവരെ സഹവിശ്വാസികൾ ആകാൻ സാധ്യതയുള്ളവരെപ്പോലെയും സ്നേഹിക്കേണ്ടതാണ് (ഗലാ. 6:10). ക്രിസ്ത്യാനിത്വം ഒരു കുടുംബമാണ്. ഓരോ അംഗവും എല്ലാവരുടെയും ആരോഗ്യത്തിനും വളർച്ചയ്ക്കുമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു (1 കൊരി. 12:7).

▣

**NASB, NKJV, NRSV** **"ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നു"**
**TEV** **"ന്യായപ്രമാണം അനുസരിച്ചിരിക്കുന്നു"**
**NJB** **"നിന്റെ ബാധ്യതകളെ നിറവേറ്റിയിരിക്കുന്നു"**

ഈ സാധാരണമായ ഗ്രീക്ക് ക്രിയയെ *(പ്ലീറോഓ-πληροω)* നിരവധി വിധത്തിൽ പരിഭാഷപ്പെടുത്താം. ഒരു പൂർണ്ണ കർത്തരി സൂചകമായ ഇതിനെ "ഇത് പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. തുടർന്നും പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കും" എന്ന് പരിഭാഷപ്പെടുത്താം. റോബർട്ട് ഹന്നാ, *എ ഗ്രമാറ്റിക്കൽ എയ്ഡ് ടു ദി ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്* എന്ന ഗ്രന്ഥത്തിൽ എ. റ്റി. റോബിൻസനെ ഉദ്ധരിക്കയും അതിനെ "ഒരു സംക്ഷിപ്ത പൂർണ്ണത" (സ്വീകർത്താക്കൾക്ക് നന്നായി അറിയാവുന്ന ഒരു സത്യത്തെ പരാമർശിച്ചുകൊണ്ട്) എന്നു വിളിക്കുകയും ചെയ്തിരിക്കുന്നു (പേജ് 28). വാ. 10 ൽ ഇത് ആവർത്തിച്ചിരിക്കുന്നു (ഗലാ. 5:14; 6:2).

**13:9** പുതിയ വിശ്വാസികൾക്ക് ഉത്തേജനം നൽകുന്നതിനായി മോശെയുടെ ന്യായപ്രമാണം ഉപയോഗിക്കുന്നത് പൗലൊസിനെ സംബന്ധിച്ചിടത്തോളം അസാധാരണമായ കാര്യമല്ല (പുറ. 20:13–17 അഥവാ ആവ. 5:17–21; ലേവ്യ. 19:8). എഫെ. 6:2–23 ൽ പൗലൊസ് പത്തു കല്പനകളിലൊന്ന് ക്രിസ്ത്യാനികളുടെ ഉത്തേജനത്തിനായി ഉപയോഗിച്ചു (1 തിമൊ. 1:9–10). ഈ പഴയനിയമ വേദഭാഗം രക്ഷയ്ക്കുള്ള മുഖാന്തരമായിരുന്നില്ല. എന്നാൽ അപ്പോഴും ഇത് എങ്ങനെ മനുഷ്യർ ദൈവത്തെയും പരസ്പരവും കണക്കാക്കണമെന്നതിനെപ്പറ്റിയുള്ള വെളിപ്പെട്ട ദൈവത്തിന്റെ ഇഷ്ടമായിരുന്നു (റോമ. 5:4; 1 കൊരി. 10:6:11).

പഴയനിയമത്തിൽ നിന്നും ഉദ്ധരിക്കുന്നത് റോമാ സഭയിലെ യെഹൂദ വിശ്വാസികളെയും ജാതീയരായ വിശ്വാസികളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പൗലൊസിന്റെ രീതിയായിരിക്കാം. "നിവർത്തിച്ചിരിക്കുന്നു" എന്ന ഈ പ്രയോഗവും മത്താ. 5:17 ലെ യേശുവിന്റെ ന്യായപ്രമാണത്തെക്കുറിച്ചുള്ള ചർച്ചയോട് ബന്ധപ്പെട്ടിരിക്കുന്നു.

ഇത് പ്രത്യേകിച്ച് മോശെയുടെ ന്യായപ്രമാണത്തെയല്ല പിന്നെയോ നിയമത്തെ പൊതുവേ പരാമർശിക്കുന്നതാകാം (JB). എന്നിരുന്നാലും വാ. 9ൽ പൗലൊസ് പഴയനിയമത്തിൽ നിന്നും ഉദ്ധരിക്കുന്നുവെന്നത് മോശെയുടെ ന്യായപ്രമാണത്തെ സൂചിപ്പിക്കുന്നു. മാനുഷിക നിയമപാലനത്തിനല്ല പിന്നെയോ സ്നേഹത്തിനു മാത്രമാണ് ന്യായപ്രമാണത്തെ നിവർത്തിക്കുവാൻ കഴിയുന്നത്. പ്രത്യേക പഠന വിഷയങ്ങൾ താഴെ കാണുക.

രണ്ട് പ്രത്യേക രീതികളിൽ ലേവ്യ. 19:18 ഉപയോഗിച്ചിരിക്കുന്നു.

1. *ഷേമാ*യോട് (ഒ.നോ. ആവ. 6:4–6) ഒന്നിച്ചു ചേർത്താണ് മുഴുവൻ ന്യായപ്രമാണത്തിന്റെയും സംക്ഷിപ്തമായി യേശു ഇതിനെ ഉപയോഗിക്കുന്നത് (മത്താ. 22:37–40; മർക്കൊ. 12:29–31; ലൂക്കൊ. 10:27).
2. പൗലൊസിനെ സംബന്ധിച്ചിടത്തോളം ഇത് മത്താ. 7:12 ലെയും ലൂക്കൊ. 6:31 ലെയും യേശുവിന്റെ നിഗമനത്തിനു അനുസാരമായി പത്തുകല്പനകളുടെ രണ്ടാമത്തെ പകുതിയാണ് (അതായത് ഉടമ്പടിയുടെ പങ്കാളികളുമായുള്ള ഒരുവന്റെ ബന്ധം, ഒ.നോ. ഗലാ. 5:14)

## പ്രത്യേക പഠനവിഷയം: മോശെയുടെ ന്യായപ്രമാണം സംബന്ധിച്ച് പൗലൊസിന്റെ കാഴ്ചപ്പാട്

ഇത് നല്ലതും ദൈവത്തിൽ നിന്നുള്ളതുമാണ് (ഒ. നോ. റോമ. 7:12,16)

A. ഇത് നീതിയിലേക്കും ദൈവിക അംഗീകാരത്തിലേക്കുമുള്ള വഴിയല്ല (ഇത് ഒരു ശാപം പോലും ആയിത്തീരാം, ഒ. നോ. ഗലാ. 3).
B. ഇത് ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാകയാൽ ഇത് ഇപ്പോഴും വിശ്വാസികളെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതമാണ് (വിശ്വാസികൾക്ക് പാപബോധം വരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മിക്കപ്പോഴും പൗലൊസ് പ.നി. ഉദ്ധരിക്കാറുണ്ട്).
C. പഴയനിയമത്താൽ വിശ്വാസികൾക്ക് അറിവ് ലഭിക്കുന്നു (ഒ. നോ. റോമ. 4:23–24; 15:4; 1 കൊരി. 10:6–11) എങ്കിലും പഴയനിയമത്താൽ രക്ഷ പ്രാപിക്കുന്നില്ല (ഒ. നോ. പ്രവൃത്തികൾ 15; റോമർ 4; ഗലാത്യർ 3; എബ്രായർ)
D. പുതിയ ഉടമ്പടയിൽ ഇത് പ്രവർത്തിക്കുന്നു:
   1. പാപമയത്വത്തെ കാണിക്കുന്നതിന് (ഒ. നോ. ഗലാ. 3:15–29)
   2. വീണ്ടെടുക്കപ്പെട്ട മനുഷ്യനു സമൂഹത്തിൽ വഴികാട്ടുവാൻ
   3. ധാർമ്മിക തീരുമാനങ്ങളെപ്പറ്റി വിശ്വാസിയെ അറിയിക്കുവാൻ

ശാപത്തിൽ നിന്നും മരണത്തിൽ നിന്നും അനുഗ്രഹത്തിലേക്കും സ്ഥിരതയിലേക്കും കടക്കുന്നതു സംബന്ധിച്ച് ഈ ദൈവശാസ്ത്രപരമായ പ്രകാശചിത്രമാണ് മോശെയുടെ ന്യായപ്രമാണത്തെപ്പറ്റിയുള്ള പൗലൊസിന്റെ വീക്ഷണം മനസ്സിലാക്കുന്നതിനുള്ള ശ്രമത്തിൽ പ്രശ്നത്തിനു കാരണമാകുന്നത്. *ക്രിസ്തുവിലുള്ള ഒരു മനുഷ്യൻ* എന്ന ഗ്രന്ഥത്തിൽ ജെയിംസ് സ്റ്റുവാർട്ട് പൗലൊസിന്റെ പരസ്പര വിരുദ്ധമായ ചിന്തയും എഴുത്തും ചൂണ്ടിക്കാണിക്കുന്നു:

"ഒരു ചിന്താസരണിയും ഉപദേശവും കെട്ടിപ്പടുക്കാൻ തന്നെത്താൻ ഒരുക്കുന്ന ഒരു വ്യക്തിയെപ്പറ്റി നിങ്ങൾ

സാധാരണമായ പ്രതീക്ഷിക്കുന്നത് താൻ ഉപയോഗിക്കുന്ന പദപ്രയോഗങ്ങളുടെ അർത്ഥങ്ങൾ കഴിയുന്നിടത്തോളം സ്ഥിരപ്പെടുത്തുക എന്നതാണ്. തന്റെ പ്രധാന ആശയങ്ങളുടെ വാചകശൈലിയുടെ കൃത്യതയിൽ താൻ ലക്ഷ്യം വയ്ക്കണമെന്ന് നിങ്ങൾ പ്രതീക്ഷിക്കും. എഴുത്തുകാരൻ ഒരു പ്രത്യേക അർത്ഥത്തിൽ ഒരിക്കൽ ഉപയോഗിച്ച ഒരു വാക്ക് ആ ഗ്രന്ഥത്തിലുടനീളം ആ അർത്ഥം തന്നെ വഹിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെടും. എന്നാൽ പൗലൊസിൽ നിന്നും ഇത് പ്രതീക്ഷിക്കുന്നവർ നിരാശപ്പെടും. തന്റെ വാചകശൈലി മിക്കവാറും അയഞ്ഞതും ദൃഢതയില്ലാത്തതുമാണ് ... "കല്പന വിശുദ്ധമാണ്" താൻ എഴുതുന്നു, "ഉള്ളംകൊണ്ടു ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു" (ഒ. നോ. റോമ. 7:12, 22). എന്നാൽ ഇത് വ്യക്തമായും "ക്രിസ്തു നമ്മെ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും വിലെക്കു വാങ്ങി" എന്ന് മറ്റൊരിടത്ത് തന്നെക്കൊണ്ടു പറയിപ്പിക്കുന്ന *നോമോസ് ന്റെ* മറ്റൊരു വശമാണ് (ഒ. നോ. ഗലാ. 3:13)" (പേജ് 26).

# പ്രത്യേക പഠനവിഷയം: പുറപ്പാട് 20 ന്റെ കുറിപ്പുകൾ

## പുറ. 20:13, കൊലപാതകി

**I. പശ്ചാത്തലം**

A. സാമൂഹികമായ ഒരു സ്വഭാവത്തോടുകൂടിയ കല്പനകൾ പോലും വാസ്തവത്തിൽ മതവിശ്വാസപരമായതാണെന്ന് ഓർക്കേണ്ടത് അനിവാര്യമാണ്. സൃഷ്ടിയിന്മേലും വീണ്ടെടുപ്പിന്മേലുള്ള ദൈവത്തിന്റെ പരമാധികാരം ഈ കല്പനകളിൽ നിഴലിക്കപ്പെട്ടിരിക്കുന്നു. കൊല ചെയ്യരുത് എന്നുള്ള കല്പന ശരിയായ ലക്ഷ്യത്തിൽ, ഓരോ മനുഷ്യരിലുമുള്ള ദൈവത്തിന്റെ സ്വരൂപത്തെക്കുറിച്ചും മനുഷ്യജീവനെപ്പറ്റിയുള്ള ദൈവത്തിന്റെ പരിഗണനയെപ്പറ്റിയുമുള്ള ഒരു വാക്കാണ്.

B. ഓരോ കല്പനയും വിശ്വാസ സമൂഹത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് ഓർക്കേണ്ടതാണ്. നിയമവിരുദ്ധമായി ജീവനെടുക്കുന്നതിന്മേലുള്ള നിരോധനം പ്രാരംഭമായി ലക്ഷ്യമാക്കിയത് വിശ്വാസസമൂഹത്തെയാണ്.

**II. പ്രധാന പദങ്ങളുടെ പഠനം**

A. "കൊല"

1. ജീവനെടുക്കുന്നതിനെ സൂചിപ്പിക്കുന്ന വിരളമായ ഒരു പദപ്രയോഗമാണിത് *(റാസാഹ്)*. ഇത് പഴയനിയമത്തിൽ 46 തവണ ഉപയോഗിച്ചിരിക്കുന്നു. വളരെയേറെ സാധാരണമായ മറ്റ് രണ്ട് പദപ്രയോഗങ്ങളുണ്ട്.
   a. *ഹാരാഗ്,* 165 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു.
   b. *ഹെമിറ്റ്,* 201 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു.
2. ഈ പദത്തിന് *(റാസാഹ്)* പരിമിതമായ ഒരു മൂല അർത്ഥവും ഒരു വിശാലമായ അർത്ഥവുമുണ്ട്.
   a. യഥാർത്ഥത്തിൽ ഇത് നിയമപ്രകാരമുള്ള, മുൻകൂട്ടി നിയമിച്ച വിധത്തിൽ, ഉടമ്പടിയുടെ പങ്കാളിയുടെ ജീവൻ എടുക്കുന്നതിനോട് ബന്ധപ്പെട്ടിരുന്നു. ഇത് മിക്കപ്പോഴും "ചാർച്ചക്കാരനായ വീണ്ടെടുപ്പുകാരൻ" അഥവാ "*ഗോ'എൽ*" നോട് ബന്ധപ്പെട്ടതാണ്. ഇത് മുൻകൂട്ടി തീരുമാനിച്ച, നിയമപരമായ പകരം വീട്ടലിന്റെ ആശയത്തിലാണ് (സംഖ്യ. 35:30-34; ലേവ്യ. 24:13-23). വാസ്തവത്തിൽ പകരംവീട്ടലിനെ പരിമിതപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗമായിരുന്നു ലെക്സ് റ്റാലിയോനിസ് "കണ്ണിന് കണ്ണ്" (ഉല്പ. 9:5-6). അങ്ങനെ യാദൃശ്ചികമായി ഉടമ്പടി സമൂഹത്തിലെ ഒരംഗത്തെ കൊല്ലുന്നവന് ഇരയായവന്റെ കുടുംബത്തിന്റെ ക്രോധത്തിൽ നിന്നും പലായനം ചെയ്യുന്നതിന് സങ്കേത നഗരങ്ങൾ പണിയപ്പെട്ടു (ആവ. 4:41; യോശു. 20:3).
   b. പിന്നീട് ഈ പദം ജീവൻ എടുക്കുന്നതിനു പിന്നിലെ ലക്ഷ്യത്തെയും മനോഭാവത്തെയും സൂചിപ്പിക്കുന്നതായി. "കരുതിക്കൂട്ടി" എന്ന ആശയം അത്യുന്നതമാകുന്നു (പുറ. 21:12-14; സംഖ്യ. 35:11,22; ആവ. 28:24).
   c. ഈ കല്പനയിൽ ഈ വ്യത്യാസം വളരെ പ്രധാനപ്പെട്ടതാകുന്നു. ഈ പശ്ചാത്തലത്തിൽ ഇത് ഉടമ്പടിയുടെ സമുദായത്തിലുള്ള മറ്റുള്ളവരെ പരാമർശിക്കുന്നതു മാത്രമായി കാണപ്പെടുന്നു. ഇത് ബന്ധുവിന്റെ വീണ്ടെടുപ്പുകാരനോടോ രക്തപ്രതികാരത്തോടോ ബന്ധപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും പിന്നീടുള്ള വേദഭാഗങ്ങളിൽ ഈ പദപ്രയോഗം ഉപയോഗിച്ചിരിക്കുന്നത് പത്തുകല്പനയെ പ്രതിഫലിപ്പിക്കുന്നു. ഹോശേ. 4:2; യിരെ. 7:9. അതായത് ഒരു കൊലയാളിയെ സൂചിപ്പിക്കുന്നതിനായി ഈ പദം നിയമനത്തോടു മാത്രമല്ല പ്രേരണയോടും ബന്ധപ്പെട്ടിരിക്കുന്നു. ഇത് അയൽക്കാരനിൽ നിന്നും സഹജീവിയായ മനുഷ്യവർഗ്ഗത്തിലേക്ക് വിശാലമാകുന്നു.
3. നമ്മുടെ ആധുനിക ധാർമ്മിക വിഷയങ്ങളോടോ വധശിക്ഷയോടോ യുദ്ധത്തോടോ ഈ പദപ്രയോഗം ബന്ധപ്പെടുന്നില്ല. യെഹൂദന്മാർക്ക് ഒരിക്കലും സമുദായിക വധശിക്ഷ, വിശുദ്ധ യുദ്ധം (അഥവാ ആ കാര്യത്തിനു വേണ്ടി വിശുദ്ധമല്ലാത്ത യുദ്ധമോ) എന്നീ പ്രശ്നങ്ങൾ ഉണ്ടായിരു

ന്നില്ല.

4. ആധുനിക സംസ്കാരത്തിന് ഏറ്റവും ഉത്തമമായ തർജ്ജമ "കല്പിച്ചുകൂട്ടിയുള്ള കൊലപാതകം ആയിരിക്കും.

**III. പശ്ചാത്തല ഉൾക്കാഴ്ചകൾ**

A. ആറും ഏഴും എട്ടും കല്പനകൾ രൂപകല്പന ചെയ്തിരിക്കുന്നത് വെറും രണ്ട് എബ്രായപദങ്ങൾ കൊണ്ടാണ്. അവ ചെറുതും കാതലായതുമാണ്.

B. ജീവിതം, എല്ലാ ജീവിതത്തെയും പോലെ, ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു. നാം മറ്റുള്ളവരോട് എങ്ങനെ പെരുമാറുന്നു എന്നുള്ളത് ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തയെ പ്രതിഫലിപ്പിക്കുന്നു.

**IV. പുതിയ നിയമ സമാന്തരങ്ങൾ**

A. യേശു.

1. യേശുവിന്റെ ഈ കല്പനയുടെ വിശദീകരണം (മത്താ. 5:21–26) നമ്മുടെ കാലത്ത് ഇത് എങ്ങനെ പ്രാവർത്തികമാക്കാം എന്നതിനെപ്പറ്റിയുള്ള നമ്മുടെ ആധുനിക ചർച്ചയ്ക്ക് യുക്തമായ ഒരു അഭിവിന്യാസം നൽകും.
2. വ്യക്തമായും യേശു പത്തുകല്പനയെ പ്രവൃത്തികളുടെ മണ്ഡലത്തിൽ നിന്നും പ്രേരണകളുടെ മണ്ഡലത്തിലേക്ക് മാറ്റി. നാം ചിന്തിക്കുന്നതാണ് നാം. "ഒരു മനുഷ്യൻ ഹൃദയത്തിൽ ചിന്തിക്കുന്നതു പോലെ അവൻ ആകുന്നു." ചിന്താജീവിതം നാം അതിനെ കണക്കാക്കുന്നതിനെക്കാൾ വളരെയധികം പ്രധാനപ്പെട്ടതും പ്രത്യേകതയുള്ളതുമാണ്.

B. യോഹന്നാൻ

1. 1 യോഹന്നാൻ 3:15 ൽ പക കൊലപാതകമായി പരിഗണിക്കപ്പെട്ടിരിക്കുന്നു എന്ന ഇതേ ആശയം തന്നെ സ്ഥാപിച്ചിരിക്കുന്നു.
2. മത്താ. 5:21 മുതലും 1 യോഹ. 3:15 ലും ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദങ്ങൾ വ്യത്യസ്തമാണ്. എന്നാൽ അർത്ഥം പ്രധാനമായും ഒന്നാണ്.
3. 1 യോഹ. 4:19–21 ഭാഗത്തെ സാധകാത്മക സൂചന ശ്രദ്ധിക്കുക.

**V. പ്രായോഗിക സത്യങ്ങൾ**

A. മനഃപ്പൂർവ്വമല്ലാതെയുള്ള ഒരു കൊലപാതകിക്ക് ഒരു സങ്കേതനഗരത്തിലേക്ക് പലായനം ചെയ്ത് രക്തപ്രതികാരകനിൽ നിന്നും രക്ഷപ്രാപിക്കാമെങ്കിലും (സംഖ്യ 35; യോശു. 20), അവന് ആ നഗരത്തിൽ മഹാപുരോഹിതന്റെ മരണം വരെ തടവിൽ കിടക്കണമായിരുന്നു. അവന്റെ പ്രവൃത്തിയുടെ അനന്തരഫലം ഇപ്പോഴും ശേഷിക്കുന്നു.

B. ഈ വാക്യം നേരിട്ട് ആത്മഹത്യയോട് ബന്ധപ്പെടുന്നില്ലായെങ്കിലും – പൂർവ്വികന്മാർ ഈ സംഭവത്തെപ്പറ്റി ഒരിക്കലും ചിന്തിക്കാതിരുന്നതുപോലെ – ഈ വേദഭാഗം ഇന്നും മനുഷ്യജീവിതത്തിന്റെ വിശുദ്ധിയെ സംബന്ധിച്ചു അവന്റെ സ്വരൂപത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന മനുഷ്യജീവിതത്തിന്മേൽ ദൈവത്തിനുള്ള പരമാധികാരത്തെപ്പറ്റിയും ലക്ഷ്യത്തെപ്പറ്റിയും ഒരു ആത്മീയ നേതൃത്വം നൽകുന്നു. നമ്മുടെ കാലത്തെ ഈ മേഖലയോട് ഈ വചനം ശക്തമായ ഒരു വാക്ക് പറയുന്നു.

C. എന്നിരുന്നാലും ഈ വേദഭാഗം ആധുനിക ചോദ്യമായ (1) വധശിക്ഷ (2) യുദ്ധം എന്നിവയെപ്പറ്റി ഖണ്ഡിതമായ ഒരു വാക്ക് പറയുന്നില്ല. യിസ്രായേലിന് അവ അവയിൽതന്നെ തിന്മയായിരുന്നില്ല. ഈ രണ്ടു കാര്യങ്ങളിലും യിസ്രായേല്യർ ഏർപ്പെട്ടിരുന്നു. ഇപ്പോഴും ഈ മേഖലയിൽ ദൈവത്തിന്റെ സ്വരൂപത്തിൽ നിർമ്മിക്കപ്പെട്ടതും അവന്റെ നിയന്ത്രണത്തിൻകീഴിലുള്ളതുമായ ജീവന്റെ പ്രത്യേകതയുടെ തത്വം ഇന്നും ഒരു പ്രധാനപ്പെട്ട സത്യമാണ്.

D. ഈ വേദഭാഗം മനുഷ്യജീവിതത്തിന്റെ മഹത്വത്തെക്കുറിച്ചും പവിത്രതയെപ്പറ്റിയും ആവശ്യമായ ഒന്നും പറയുന്നില്ല; വിശ്വാസസമുദായത്തിൽ നാം കാര്യസ്ഥന്മാരാണ് – നമ്മുടെ പ്രവൃത്തികൾക്കു മാത്രമല്ല പിന്നെയോ നമ്മുടെ സമൂഹത്തിന്റെയും. ജീവിതം എന്ന ദാനം വ്യക്തിപരവും സമൂഹപരവുമാണ്.

## പുറ. 20:14, വ്യഭിചാരം

**I. പശ്ചാത്തലം**

A. ഈ കല്പന ഒരുവന്റെ ദൈവത്തോടുള്ള ബഹുമാനത്തോട് ബന്ധപ്പെട്ടിരിക്കുന്നുവെന്നത് വ്യക്തമാണ്. ഒരുവന്റെ അയൽക്കാരന്റെ ജീവിതത്തോടും ഭാര്യയോടും വസ്തുവകയോടും ഉള്ള ബഹുമാനത്തിൽ ഇത് കാണപ്പെടുന്നു (ഒ.നോ. യിരെ. 5:8). സെപ്റ്റജിന്റിലുള്ള ഈ കല്പനകളുടെ വ്യത്യസ്തക്രമത്തിലൂടെ ഇത് ശരിയാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

B. ആവർത്തനത്തിലെ സമാന്തരത ഈ പുരാതന സത്യത്തെ നമ്മുടെ സംസ്കാരത്തിലേക്ക് ദത്തെടുക്കുന്നതിന്റെ അനുയോജ്യതയെ കാണിക്കുന്നു.

C. നിലനിൽക്കുന്ന ഒരു സമൂഹത്തിന്റെ താക്കോൽ ആയി മാതാപിതാക്കളോടുള്ള ബഹുമാനത്തെ കണ്ടിരുന്നതുപോലെ തന്നെയാണ് ഈ കല്പനയും.

D. നമ്മുടെ ലൈംഗികവും കുടുംബപരവുമായ ജീവിതത്തിന്മേലുള്ള ദൈവത്തിന്റെ ഉടമസ്ഥതയും നിയന്ത്രണവും ഈ കല്പന സൂചിപ്പിക്കുന്നു.

E. നാലാമത്തെ കല്പന ഉല്പ. 2:1-3 ൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതുപോലെ ഈ കല്പന ഉല്പ. 2:24 ൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു.

## II. പദ പഠനം

A. ഈ വേദഭാഗത്തെ മുഖ്യമായ പദം "വ്യഭിചാരം" ആണ്. ഒരുവൻ ഈ പദം പുരാതന എബ്രായ സംസ്കാരത്തിൽ മനസിലാക്കുന്നു എന്നത് നിർണ്ണായകമാണ്.

1. പഴയ നിയമ പശ്ചാത്തലത്തിൽ ഈ പദം "ദുർന്നടപ്പി"ൽ നിന്നും വ്യത്യസ്തമാണ്. ലൈംഗികബന്ധത്തിലെ കക്ഷികളിൽ കുറഞ്ഞത് ഒരാളെങ്കിലും വിവാഹിതരായിരിക്കുക എന്നതിനോടാണ് വ്യഭിചാരം ബന്ധപ്പെട്ടിരിക്കുന്നത്. വിവാഹിതരാകാത്ത സ്ത്രീ പുരുഷന്മാർ തമ്മിലുള്ള ലൈംഗിക വേഴ്ചയെയാണ് "ദുർന്നടപ്പ്" എന്ന പദം സൂചിപ്പിക്കുന്നത് (സദൃ. 29:3; 31:3). ഈ വ്യത്യാസം പുതിയ നിയമ ഗ്രീക്ക് പ്രയോഗങ്ങളിൽ നഷ്ടപ്പെട്ടിരിക്കുന്നു.
2. ഈ സാധ്യത വിവാഹ സംബന്ധമായ നിലവാരത്തിന്മേലുള്ള ഊന്നിപ്പറയലിന്റെ കാരണം വിശദീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇത് "ഭൂമിയെ"ക്കുറിച്ചുള്ള ദൈവത്തിന്റെ വാഗ്ദത്തത്തെ ഉൾക്കൊള്ളുന്ന പിതൃസ്വത്തിന്റെ അവകാശത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഓരോ അമ്പതുവർഷം കഴിയുന്തോറും (ജൂബിലി) എല്ലാ ഭൂമിയും ആദിമഗോത്ര ഉടമസ്ഥന്മാർക്ക് തിരികെ നൽകപ്പെടണമായിരുന്നു
3. മോശെയുടെ നിയമനിർമ്മാണത്തിനു മുമ്പു തന്നെ വ്യഭിചാരം സാംസ്കാരികമായി കുറ്റകരമാരുന്നു (ഉല്പ. 12:1 മുതൽ; 26:7 മുതൽ; 39:9)
4. വ്യഭിചാരം താഴെപ്പറയുന്നവക്കെതിനെതിരെയുള്ള പാപമായിരുന്നു
   a. അയൽക്കാരൻ - പുറ. 20:14; ആവ. 5:8
   b. വിവാഹം - ലേവ്യ. 18:20
   c. ദൈവം - ഉല്പ. 20:1-13; 26:7-11
5. ഇത് ഇരു കക്ഷികൾക്കും മരണശിക്ഷയ്ക്കർഹമായ കുറ്റമാണ്
   a. ലേവ്യ. 20:10
   b. ആവ. 22:22-24
   c. യെഹെ. 16:40
   d. സദൃ. 1-9 ഭാഗത്ത് കർശനമായ മുന്നറിയിപ്പുകളുണ്ട്.

## III. പുതിയ നിയമത്തോടുള്ള ബന്ധം

A. പഴയ നിയമ വെളിപ്പാടിന്റെ ഒരു സംഗ്രഹമായി യേശു ലേവ്യ. 19:18 ഉപയോഗിച്ചു (ലൂക്കൊ. 10:27). മറ്റുള്ളവരോടുള്ള നമ്മുടെ പെരുമാറ്റത്തോട് പത്തു കല്പനകൾ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഇത് ഉറപ്പാക്കുന്നു.

B. മത്താ. 5:28 ൽ യേശു കല്പനകൾക്ക് തീവ്രത കൂട്ടുന്നു. പ്രവൃത്തിക്കു പകരം താൻ പ്രചോദനത്തിന് ഊന്നൽ നൽകുന്നു. മനസ്സിനെ ആത്മാവിന്റെ വിളനിലമായി യെഹൂദന്മാർ കണ്ടു. ഒരുവൻ യഥാർത്ഥത്തിൽ എന്തായിരുന്നുവോ അതാണ് ഒരുവൻ ചിന്തിച്ചത് (സദൃ. 23:7). ഇത് പത്ത് വചനങ്ങളെ മിക്കവാറും പ്രാവർത്തികമാക്കുന്നത് അസാധ്യമാക്കി - അതാണ് ഉദ്ദേശ്യം (ഗലാ. 2:15-3:29).

## IV. ആധുനിക ഉപയോഗം

A. ദൈവനാമത്തിലുള്ള ഒരു ആജീവനാന്ത വിശ്വാസ സമർപ്പണത്തിന്റെ സാധ്യമായ ഏറ്റവും നല്ല ആധുനിക സാദൃശ്യമാണ് വിവാഹം. പഴയനിയമ ഉടമ്പടിയുടെ ആശയങ്ങളുടെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള നമ്മുടെ ഏറ്റവും നല്ല അവസരമാണിത് (മലാഖി 2:14). മാനുഷിക ലൈംഗികതയുൾപ്പെടെ നമ്മുടെ കൂട്ടാളിയോടുള്ള എല്ലാ ഘടകങ്ങളിലുമുള്ള നമ്മുടെ ബഹുമാനം ഈ വചനത്തിന്റെ അന്തഃസത്ത മനസിലാക്കാൻ നമ്മെ സഹായിക്കും.

B. മാതാപിതാക്കളോടുള്ള ബഹുമാനം പോലെ വിവാഹത്തിന്റെ സ്ഥിരതയും ആത്മാർത്ഥതയും സമൂഹത്തിന്റെ ശക്തിയുടെയും ഈടിന്റെയും ഒരു മുഖ്യ തൂണാണ്.

C. മാനുഷിക ലൈംഗികത ദൈവത്തിന്റെ ദാനമാണെന്നതിന് ഊന്നൽ കൊടുക്കേണ്ടതാണ്. ഇതാണ് മനുഷ്യനെക്കുറിച്ചുള്ള അവന്റെ ആശയവും ഹിതവും. മാർഗ്ഗനിർദ്ദേശക രേഖകൾ മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും സന്തോഷത്തെയും തടസ്സപ്പെടുത്തുന്നതിനല്ല, പിന്നെയോ വീണുപോയ മനുഷ്യന് ചില ദൈവിക മാർഗ്ഗനിർദ്ദേങ്ങൾ നൽകുന്നതിനാണ്. പരിധികൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് നമ്മുടെ ദീർഘനാളത്തെ നേട്ടത്തിനും സന്തോഷത്തിനുമാണ്. ലൈംഗികതയെ മനുഷ്യൻ ദുർവിനിയോഗം ചെയ്തെങ്കിലും അവന് ദൈവത്തിന്റെ എല്ലാ ദാനങ്ങളും ഉള്ളതുകൊണ്ട് ഇത് എപ്പോഴും ദൈവത്തിന്റെ നിയന്ത്രണത്തിലും മാർഗ്ഗനിർദ്ദേശത്തിലും ആയിരിക്കേണ്ട ഒരു ശക്തമായ മുന്നേറ്റമാണ്.

D. ലൈംഗികത സംരക്ഷിക്കപ്പെടേണ്ടതും അങ്ങനെ മനുഷ്യ വ്യക്തി (ആണോ, പെണ്ണോ) ബഹുമാനി

ക്കപ്പെടേണ്ടതുമാണ്. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്. ഈ മേഖലയിൽ നമ്മുടെ വീഴ്ച സംഭവിച്ച "ഞാൻ" എന്ന ലക്ഷ്യം വളരെ വ്യക്തമാണ്.

## പുറ. 20:15, മോഷ്ടിക്കുക

### I. പൊതുവായ വിവരങ്ങൾ

A. പത്തുകല്പനകളിലെ മറ്റെല്ലാ നിയന്ത്രണത്തെയും പോലെ നമ്മുടെ വിശ്വാസം, സ്നേഹം, ദൈവത്തോടുള്ള സ്നേഹം എന്നിവ നമ്മുടെ ദൈനംദിന ജീവിതത്തിലെ ദൈവികവും പ്രാപഞ്ചികവുമായ ഘടകങ്ങളിൽ കാണപ്പെടണം (1 യോഹ. 4:20-21; 2:7-11).

B. ഉടമ്പടി സമൂഹത്തിന്റെ കൂട്ടായ്മ നിലനിർത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഈ ആത്മീയ കൂട്ടായ്മയുടെ സവിശേഷത ആശയക്കുഴപ്പത്തിലായിരിക്കുന്നതും അന്വേഷിച്ചുകൊണ്ടിരിക്കുന്നതുമായ ലോകത്തെ നമ്മുടെ ദൈവത്തിലേക്ക് ആകർഷിക്കും. അതാണ് തിരുവചനത്തിന്റെ ലക്ഷ്യം.

C. മറ്റെല്ലാ കല്പനകളെയും പോലെ ഇതും എല്ലാ ജീവന്റെയും മേലുള്ള ദൈവത്തിന്റെ ഉടമസ്ഥതയാണ് ലക്ഷ്യമാക്കിയിരിക്കുന്നത്. നാം കാര്യസ്ഥരാണ്, ഉടമസ്ഥരല്ല. വില കൊടുക്കാതെ കൈവശപ്പെടുത്താനുള്ള വീഴ്ച സംഭവിച്ച നമ്മുടെ താല്പര്യമാണ് ഈ നിരോധനത്തിനു പിന്നിലുള്ളത് (സങ്കീ. 50:10-12.).

### II. പദ, ശൈലീ പഠനം

A. ഇത് എബ്രായ ഭാഷയിലെ രണ്ട് പദങ്ങളാൽ മാത്രം വിവരിക്കപ്പെട്ടിരിക്കുന്ന പത്തുകല്പനയുടെ രണ്ടാം പകുതിയിലെ മൂന്നാമത്തെ കല്പനയാണ്.

B. നിരോധനത്തിന്റെ ഹേതു സന്നിഹിതമല്ല. ഇത് താഴെപ്പറയുന്നവയാൽ പിന്താങ്ങപ്പെട്ടിരിക്കുന്നു.
  1. മുമ്പുള്ള രണ്ട് കല്പനകളുടെ പശ്ചാത്തലം കൊലക്കുറ്റത്തോട് ബന്ധപ്പെട്ടിരിക്കുന്നു.
  2. അടുത്തുനില്ക്കുന്നതും (പുറ. 21:16) അകലെയുള്ളതുമായ (ആവ. 24:7) പ്രയോഗികമായ സമാന്തര വേദഭാഗങ്ങളുടെ സാന്നിധ്യം. ഉല്പ. 37 ഉം കാണുക.

C. എന്നിരുന്നാലും സംക്ഷിപ്തരൂപം സാധൂകരിക്കാവുന്നതാണ്.
  1. ഇത് ദൈവശ്വാസീയമായി നമുക്കുവേണ്ടി രേഖപ്പെടുത്തിയിരിക്കുന്നതാണ്
  2. ഇത് നിരോധന ഉത്തരവിന്റെ പരിധിയെ വിശാലമാക്കുന്നു
  3. തൊട്ടടുത്തുള്ള പശ്ചാത്തലത്തിൽ മോഷണത്തോട് ബന്ധപ്പെടുന്ന ഒരു സമാന്തര വേദഭാഗമുണ്ട്. പുറ. 22:1 മുതൽ
  4. മോഷണത്തെപ്പറ്റിയുള്ള പരാമർശത്തിൽ യേശു ഈ വേദഭാഗം വ്യക്തമായി ഉദ്ധരിക്കുന്നു (മത്താ. 19:18).

D. മറ്റ് പുരാതന നിയമ സംഹിതകളിലും മോഷണം കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ ശിക്ഷ മരണം, അംഗച്ഛേദനം, അല്ലെങ്കിൽ മുപ്പതിരട്ടി പ്രായശ്ചിത്തം എന്നിവയാണ്.

E. ചില സവിശേഷമായ സമാന്തര വേദഭാഗങ്ങൾ ഈ സത്യത്തെ നിർവചിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു.
  1. ലേവ്യ. 19:1-18 "നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ.
     a. നമ്മുടെ ജീവിതരീതി നമ്മുടെ പിതാവിന്റെയും നമ്മുടെ ദൈവത്തിന്റെയും കുടുംബസ്വഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നവയായിരിക്കണം (ഒ.നോ. വാ. 18)
     b. നമ്മുടെ വിശ്വാസം തീർച്ചയായും നമ്മുടെ ദൈനംദിന ജീവിതത്തെ - സാധകാത്മകമായ പ്രവൃത്തികളിലും നിഷേധാത്മകമായ നിരോധനത്തിലും - സ്വാധീനിക്കണം (വാ. 17).
     c. സമുദായ ഭ്രഷ്ടരാക്കപ്പെട്ടവരോടും ആവശ്യത്തിലിരിക്കുന്നവരോടുമുള്ള മനസ്സലിവ് (വാ. 9-10,13) അയൽക്കാരനെ കവർന്നെടുക്കുന്നത് നിരസിക്കുന്നതുപോലെ തന്നെ സവിശേഷമായ കാര്യമാണ് (വാ. 11)
  2. ആമോസ് 8:4-7 - ദൈവം ചൂഷണങ്ങളെ വെറുക്കുന്നു!
  3. മീഖാ 6:6-8 നമ്മുടെ എല്ലാ പ്രവൃത്തികളിലും ദൈവം ശരിയായ പ്രേരണകൾ ആഗ്രഹിക്കുന്നു. എന്തുകൊണ്ടു നാം മോഷ്ടിക്കുന്നില്ല എന്നതാണു വിഷയം!
  4. പുറ. 22:1 മുതൽ - മിക്കപ്പോഴും മോഷണത്തെ സംബന്ധിച്ചുള്ള നമ്മുടെ ആധുനിക ചർച്ചകളിൽ വിട്ടുപോകുന്ന സത്യം പ്രായശ്ചിത്തമാണ്. പാപത്തിന് എപ്പോഴും വില കൊടുക്കേണ്ടി വരും.

### III. പ്രായോഗിക സത്യങ്ങൾ

A. സി.എസ്. ലൂവിസിന്റെ ഭാര്യയായ ജോയി ഡേവിഡ്മാൻ പത്തുകല്പനകളെക്കുറിച്ച് രസകരമായ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അവൾ ഈ കല്പനയെ ഇങ്ങനെ തർജ്ജമ ചെയ്യുന്നു, "ഒന്നിനും വേണ്ടിയല്ലാതെ നിങ്ങൾ എന്തെങ്കിലും കിട്ടുവാൻ ശ്രമിക്കുകയില്ല." ഇത് ഉറപ്പായും പരിധിയെ ഉടമസ്ഥതകൾക്കപ്പുറമായി വിശാലമാക്കുന്നു. വീണ്ടും അവൾ ഇപ്രകാരം പറയുന്നു, "സമ്പത്ത് പാപമോ അന്യാ

ധീനപ്പെടുത്താൻ സാധ്യമല്ലാത്ത അവകാശമോ അല്ല പിന്നെയോ ദൈവത്തിൽ നിന്നുമുള്ള ഒരു വായ്പ അഥവാ നിക്ഷേപമാണ്."

B. വീഴ്ച ഭവിച്ച ഹൃദയത്തിന്റെ മറ്റെല്ലാ പാപങ്ങളെയും പോലെ മോഷണം ഒരു പുതിയ ഹൃദയത്താൽ കൈകാര്യം ചെയ്യപ്പെടുന്നു, എഫെ. 4:28. പഴയസ്വഭാവമായ "എടുക്കുക" എന്നത് പുതിയ സ്വഭാവമായ "പങ്കുവയ്ക്കുക" എന്നതായി മാറുന്നത് അതിശയകരമാണ്.

C. ഉടമ്പടിയുടെ മറ്റു പങ്കാളികളോടുള്ള നമ്മുടെ ബഹുമാനത്തിൽ നമുക്ക് ദൈവത്തോടുള്ള ബഹുമാനം വ്യക്തമായി കാണാം. ഈ സത്യം പത്തുകല്പനയെ നിഷ്പ്രഭമാക്കുന്നു.

D. ആധുനിക മനുഷ്യൻ അനവധി രീതിയിൽ മോഷ്ടിക്കുന്നു!

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. എങ്ങനെയാണ് ആധുനിക മനുഷ്യൻ മോഷണം നടത്തുന്നത്?
2. എങ്ങനെയാണ് പ്രായശ്ചിത്തം പശ്ചാത്താപത്തോട് ബന്ധപ്പെട്ടിരിക്കുന്നത്?
3. എങ്ങനെയാണ് ഈ വേദഭാഗം വസ്തുവകയെപ്പറ്റിയുള്ള മുതലാളിത്ത വീക്ഷണത്തോട് ബന്ധപ്പെടുന്നത്?

## പുറ. 20:17, മോഹിക്കുക

### I. ആമുഖം

A. താഴെക്കാണുന്ന വിധത്തിൽ അവസാനത്തെ അഞ്ച് കല്പനകൾ തമ്മിലുള്ള ബന്ധം കാണുവാൻ സാധിക്കുന്നു.

1. ആറ്, ഏഴ്, എട്ട് എന്നിവ പരസ്യമായ പ്രവൃത്തിയിലൂടെ ഉടമ്പടിയുടെ ഒരു പങ്കാളിയെ മുറിവേൽക്കുന്നത് നിരോധിക്കുന്നു.
2. ഒമ്പതാമത്തേത് സംസാരത്തിൽ ഉടമ്പടിയുടെ പങ്കാളിയെ മുറിവേൽപ്പിക്കുന്നത് നിരോധിക്കുന്നു.
3. പത്താമത്തേത് ചിന്തയിൽ ഉടമ്പടിയുടെ പങ്കാളിയെ മുറിവേൽപ്പിക്കുന്നത് നിരോധിക്കുന്നു.

B. മോഹം എന്ന പ്രവൃത്തി അലങ്കോലപ്പെടുത്തുന്നത് അയൽക്കാരനെയല്ല, മറിച്ച് മോഹിക്കുന്നവനെയാണ്. എന്നിരുന്നതാലും ചിന്ത പ്രവൃത്തിയിലേക്കു നയിക്കും എന്ന് ഈ കല്പന സൂചിപ്പിക്കുന്നു.

C. നിരവധി പേർ ഈ കല്പനയെ യിസ്രായേലിന്റെ പുരാതന നിയമസംഹിതയിൽ മാത്രം കാണപ്പെടുന്നതും പുരാതന പൗരസ്ത്യ നിയമസംഹിതകളിൽ കാണാത്തതുമായ അതുല്യമായ ഒരു ആശയമായി കാണുന്നു. ഈ പുതിയ ആശയം ചിന്തയുടെ നിരോധനമായിരുന്നിരിക്കാം. തിന്മപ്രവൃത്തികളുടെ ഉത്ഭവം ചിന്താജീവിതമാണെന്ന് യിസ്രായേൽ മനസ്സിലാക്കിയിരുന്നുവെന്നത് സത്യമാണ് (സദൃ. 23:7; യാക്കോ. 1:4-15). എന്നിരുന്നാലും ഈ വേദഭാഗം പ്രവൃത്തികളിലേക്ക് ബഹിർഗമിക്കുന്ന ചിന്തകളുമായി ബന്ധപ്പെടുന്നതായി കാണപ്പെടുന്നു. സഫലമാകുന്ന ഒരു പ്രവൃത്തിയോടുള്ള ബന്ധത്തിൽ "മോഹിക്കുക" എന്ന പദം നിരവധി വേദഭാഗങ്ങൾ ഉപയോഗിക്കുന്നു (ഒ.നോ. ആവ. 7:25; യോശു. 7:21; മീഖാ 2:2).

D. ഒന്നാമത്തേതും അവസാനത്തേതുമായ കല്പനകൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത് എന്നതു സത്യമാണെങ്കിൽ ഈ കല്പനയുടെ യഥാർത്ഥ സവിശേഷത കാണാൻ കഴിയും. അനന്യസാധാരണമായ ദൈവാരാധനയാണ് ഒന്നാമത്തേത്. എന്നാൽ ഈ ലോകത്തിലുള്ള കാര്യങ്ങളോടുള്ള നമ്മുടെ മനോഭാവങ്ങളും ലക്ഷ്യങ്ങളും ദൈവത്തോടുള്ള നമ്മുടെ യഥാർത്ഥ സമർപ്പണത്തെ സ്വാധീനിക്കുന്നു. ഈ ഇരട്ട ഊന്നൽ യേശുവിന്റെ ഗിരിപ്രഭാഷണത്തിലും കാണപ്പെടുന്നു. മത്താ. 6:33 – "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും."

### II. പദ, ശൈലീ പഠനം

A. പുറ. 20:17 ഉം ആവ. 5:21 ഉം അടിസ്ഥാനപരമായി ഒന്നാണെങ്കിലും നിരവധി സവിശേഷ വ്യത്യാസങ്ങൾ ഉണ്ട്.

1. മഹത്തായ ആശയമായ "വീട്" അഥവാ പുറപ്പാട് 20 ലെ പുരുഷന്റെ വസ്തുവകയിൽ ഭാര്യ ഉൾപ്പെട്ടിരിക്കുന്നു. അതേസമയം ആവ. 5 ൽ അവൾക്ക് പ്രത്യേകമായതും മുൻഗണനയുള്ളതുമായ ഒരു സ്ഥാനം നൽകിയിരിക്കുന്നു.
2. പുറ. 20 ലെ വേദഭാഗത്ത് "മോഹിക്കുക" എന്ന പദമുണ്ട്. ഇതിനർത്ഥം "നേടുവാനുള്ള ആഗ്രഹം" എന്നാണ്. എന്നാൽ ആവ. 5 ൽ "മോഹിക്കുക" എന്നതുപോലെ തന്നെ "ആഗ്രഹിക്കുക" എന്നൊരു രണ്ടാം പദമുണ്ട്. "മോഹിക്കുക" എന്നത് പറയുന്നത്. ആഗ്രഹിക്കുന്ന ലക്ഷ്യം നേടുന്നതിനുള്ള പ്രവൃത്തിയോട് ബന്ധപ്പെട്ടിരിക്കുന്ന ആഗ്രഹമാണ് മോഹം. എന്നാൽ "ആഗ്രഹം" ശ്രദ്ധകേന്ദ്രീകരിക്കുന്നത് മനോഭാവത്തെ മാത്രമാണെന്ന് കാണുന്നു.
3. അതുപോലെ തന്നെ യിസ്രായേൽ മക്കൾക്ക് അവരുടെ മരുഭൂമിയിലെ പ്രയാണ കാലഘട്ടത്തിൽ എഴുതിയ പുറ. 20 ൽ വസ്തുവകകളുടെ പട്ടികയിൽ "വിളഭൂമി" യെ പറ്റി ഒരു സൂചനയും ഇല്ല. അതേസമയം ആവർത്തനം 5 ൽ ഇതേ കല്പനകളെ വാഗ്ദത്തഭൂമിയിൽ സ്ഥിരവാസമാക്കിയ

ജനത്തിനുവേണ്ടി പുനരാവിഷ്കരിക്കുന്നു.

B. "മോഹിക്കുക" എന്ന പദം നിഷ്പക്ഷ പദമാണ്. നല്ല കാര്യങ്ങളെ മോഹിക്കുന്നതിനും അതുപയോഗിക്കാൻ കഴിയും (ഒ.നോ. സങ്കീ. 19:10; 1 കൊരി. 12:31).

C. ശരിയല്ലാത്ത ആഗ്രഹമാണ് സാത്താന്റെയും ആദാമിന്റെയും ഹവ്വായുടെയും നാം എല്ലാവരുടെയും വീഴ്ചയ്ക്ക് മൂലകാരണം. റോമ. 7:7-8 ൽ പൗലൊസ് മോഹത്തോടുള്ള തന്റെ വ്യക്തിപരമായ പോരാട്ടത്തെ ഊന്നിപ്പറയുന്നു. അടിസ്ഥാനപരമായും മോഹം ഒരു അസന്തുഷ്ടിയും ദൈവത്തിന്റെ സംരക്ഷണത്തിലും കരുതലിലും ഉള്ള വിശ്വാസമില്ലായ്മയുമാണ്.

D. മോഹത്തോട് ബന്ധപ്പെട്ടുള്ള നിരവധി പുതിയ നിയമ വേദഭാഗങ്ങളുണ്ട്.
   1. മനുഷ്യന്റെ പ്രശ്നം അസന്തുഷ്ടിയും അത്യാഗ്രഹവുമാണ് (ലൂക്കൊ. 12:15; 1 തിമൊ. 6:8-10).
   2. അശുദ്ധമാക്കുന്ന പാപങ്ങളുടെ പട്ടികയിൽ മോഹത്തെ യേശു ഉൾപ്പെടുത്തിയിരിക്കുന്നു (മർക്കൊ. 7:17-23; 1 കൊരി. 5:10; എഫെ. 5:5; കൊലൊ. 3:5).

## III. പ്രായോഗിക സത്യങ്ങൾ

A. ഭോഗേച്ഛ നിറഞ്ഞ അത്യാഗ്രഹത്തിനും അസന്തുഷ്ടിക്കുമുള്ള മറുപടി:
   1. സ്നേഹം - റോമ. 13:8-10
   2. സന്തോഷം - എബ്രാ. 13:5; ഫിലി. 4:11-13 (പങ്കുവയ്ക്കൽ, ഫിലി. 4:14)

B. "നിർത്തുക" എന്ന് കല്പന പറയുന്നു. എന്നാൽ ക്രിസ്തുമാത്രം നമുക്ക് നിർത്തുവാനുള്ള വഴി തന്നു. അവനിൽ നമുക്ക് നമ്മുടെ ചിന്താമണ്ഡലത്തെ ഒരു നിലവാരം വരെ നിയന്ത്രിക്കാം.

C. ദൈവം നമ്മുടെ ഹൃദയങ്ങളെയും മനസ്സുകളെയും അറിയുന്നു.
   1. 1 ദിന. 28:9
   2. സദൃ. 20:27
   3. സങ്കീ. 139:1,23
   4. യിരെ. 17:10
   5. റോമ. 8:27
   6. വെളി. 2:23

D. വസ്തുക്കൾ തിന്മയല്ല, എന്നാൽ അവ മുൻഗണനയാകുമ്പോൾ അവ പാപമാകുന്നു. വസ്തുക്കൾ ആത്യന്തമോ നിത്യമോ അല്ല, ദൈവത്തിന്റെ സ്വരൂപത്തിൽ നിർമ്മിക്കപ്പെട്ട മനുഷ്യൻ അങ്ങനെ ആകുന്നു - മോഹം ഉടമ്പടിയുടെ സമൂഹത്തെ ഗൂഢമായും നാശകരമായും ബാധിക്കും!

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. എന്താണ് മോഹം?
2. എങ്ങനെയാണ് ആധുനിക മനുഷ്യൻ മോഹിക്കുന്നത്?
3. നമ്മുടെ ചിന്തകൾ പാപമാണോ?
4. ക്രിസ്തീയ ജീവിതത്തിൽ ചിന്തകൾ വളരെ സവിശേഷമായിരിക്കുന്നത് എന്തുകൊണ്ട്?
5. എന്തുകൊണ്ടാണ് പുറ. 20:17 ലെ കല്പന ആവ. 5:21 ലേതിൽ നിന്നും അല്പം വ്യത്യാസപ്പെട്ടിരിക്കുന്നത്?

▣ **"എന്നുള്ളതും"** ഇത് പത്തുകല്പനകളെപ്പറ്റി അഥവാ ഡെക്കലോഗിനെപ്പറ്റിയുള്ള ഒരു പരാമർശമാണ്. പത്തു കല്പനകളുടെ ഈ രണ്ടാമത്തെ പട്ടികയുടെ ക്രമം വത്തിക്കാനസ് എന്ന് വിളിക്കപ്പെടുന്ന കയ്യെഴുത്തു പ്രതി B ആണ് അനുവർത്തിക്കുന്നത്. ഇത് പുറ. 20 ന്റെയും ആവ. 5 ന്റെയും മസോറെറ്റിക് ഹീബ്രു ടെസ്റ്റിൽ നിന്നും അല്പം വ്യത്യാസപ്പെട്ടിരിക്കുന്നു. പത്തു കല്പനയുടെ രണ്ടാം ഭാഗം യഹോവയോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ യിസ്രായേലിന്റെ അന്യോന്യമുള്ള ബന്ധത്തെ കൈകാര്യം ചെയ്യുന്നു.

▣ **"മറ്റു ഏതു കല്പനയും"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. മറ്റ് കല്പനകളും ഉണ്ട്. "പത്തുകല്പനകൾക്കു പുറത്ത് മറ്റു കല്പനകൾ ഉണ്ടെങ്കിൽ" എന്നാണ് പദപ്രയോഗം അർത്ഥമാക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇത് മോശെയുടെ എല്ലാ ന്യായപ്രമാണത്തെയും പൊതുവായ "നിയമത്തെയും" സംക്ഷേപിക്കുന്നു.

ഈ പത്തുകല്പനകൾ എത്ര എണ്ണമാണെന്നും ഏതുക്രമത്തിലാണ് ഇതിന്റെ പട്ടിക രൂപീകരിച്ചിട്ടുള്ളതെന്നും ഉള്ള ഒരു വ്യത്യസ്തത ഗ്രീക്ക് കൈയ്യെഴുത്തു പ്രതികളിൽ ഉണ്ട്. യെഹൂദന്മാർക്ക് ഒരു എണ്ണൽ ഉണ്ട്, കത്തോലിക്കർക്കും പ്രൊട്ടസ്റ്റന്റുകാർക്കും വ്യത്യസ്തമായ എണ്ണൽ ഉണ്ട്. ഈ വ്യത്യസ്തത വേദഭാഗത്തിന്റെ അർത്ഥത്തെ ബാധിക്കുന്നില്ല; വിശാലവും വ്യത്യസ്തവുമായ ഭൂരിഭാഗം കയ്യെഴുത്തു പ്രതികളെ സംബന്ധിച്ചും ഇത് ശരി തന്നെയാണ്.

▣ **"എന്നീ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു"** ലേവ്യ. 19:18 ൽ നിന്നുമുള്ള ഒരു ഉദ്ധരണിയാണിത്. ഇത് സുവിശേഷങ്ങളിൽ നിരവധി തവണ ഉദ്ധരിക്കപ്പെട്ടിരുന്നു (മത്താ. 5:43; 19:9; 22:39; മർക്കൊ. 12:31; ലൂക്കൊ. 10:27).

യേശു ഇതിനെ മഹത്തായ രണ്ടാമത്തേതും അല്ലെങ്കിൽ പ്രധാനപ്പെട്ടതുമായ കല്പന എന്നു വിളിക്കുന്നു. ഗലാ. 5:14 ലും യാക്കോ. 2:8 ലും ഇത് ഉദ്ധരിച്ചിരിക്കുന്നു. ഒരുവൻ ദൈവത്തെ സ്നേഹിക്കുമ്പോൾ അവൻ ദൈവം സ്നേഹിക്കുന്നതിനെ സ്നേഹിക്കുന്നു (അതായത് അവന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ, ഉല്പ. 1:26–27).

▣ **"കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക"** വിശ്വാസികൾ ആദ്യമേ ദൈവം അവരെ സ്നേഹിക്കുന്ന രീതിയൽ തങ്ങളെത്തന്നെ സ്നേഹിക്കണം. എങ്കിൽ മാത്രമേ അവർക്ക് മറ്റുള്ളവരെ സ്നേഹിക്കാനും സ്വീകരിക്കാനും കഴിയുകയുള്ളു. സമുചിതമായ സ്വസ്നേഹം തിന്മയല്ല. ഈ വേദഭാഗത്തിന്റെ പ്രധാന സത്യം വ്യക്തമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു – മറ്റുള്ളവരെ സ്നേഹിക്കുക (വാ. 10). ദൈവത്തിന്റെ സ്വയം തന്നുകൊണ്ടുള്ള ബലിദാന സ്നേഹത്താൽ സ്പർശിക്കപ്പെട്ടവർ അതേവിധത്തിൽ മറ്റുള്ളവരെ സ്നേഹിക്കും (1 യോഹ. 3:16). ക്രിസ്തുവിനോടുള്ള സാദൃശ്യത്തിന്റെ കാതൽ ഇതാണ് (ദൈവത്തിന്റെ സ്വരൂപത്തിന്റെ യഥാസ്ഥാപനം). ഇത്തരത്തിലുള്ള സ്നേഹത്തിന്റെ സാന്നിധ്യത്തിൽ "നിയമ''ത്തിന്റെ ആവശ്യമില്ല.

**റോമർ 13:11–14**

**[11]ഇതു ചെയ്യേണ്ടതു ഉറക്കത്തിൽനിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നി ങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. [12]രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. [13]പകൽസമയത്തു എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല. [14]കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി ചിന്തിക്കരുതു.**

**13:11**

| | |
|---|---|
| **NASB** | **"ഇത് *ചെയ്ക*"** |
| **NKJV** | **"ആകയാൽ ഇത് *ചെയ്ക*"** |
| **NRSV** | **"ഇതിനു പുറമെ"** |
| **TEV** | **"നിങ്ങൾ തീർച്ചയായും ഇത് *ചെയ്ക*"** |
| **NJB** | **"കൂടാതെ"** |

ഇതാണ് കീഴ്വഴക്കത്തോട് (വാ. 11–14) പിന്തുടർച്ചയെ (വാ. 9–10) ബന്ധിപ്പിക്കുന്ന വഴി. വചനം കേൾക്ക മാത്രമല്ല (യാക്കോ. 1:22, 23, 25) ചെയ്യുന്നവരായും ഇരിപ്പിൻ! സ്നേഹം പ്രവൃത്തിയിൽ കൊണ്ടുവരണം.

▣ **"സമയത്തെ അറികയാൽ"** ഇത് ഒരു പൂർണ്ണകാല കർത്തരി അപൂർണ്ണക്രിയ ആണ്. സമയത്തെ സൂചിപ്പിക്കുന്ന പദം (*കായിറോസ്-**καιρος***) പതിവായുള്ള കാലാനുക്രമ സമയത്തിന്റെ (*ക്രോണോസ്-**χρονος***) അർത്ഥത്തിലല്ല ഉപയോഗിച്ചിരുന്നത്. പിന്നെയോ പ്രത്യേക കാലഘട്ടത്തെ സൂചിപ്പിക്കുന്നതിനാണ്. വിശ്വാസികൾ (1) ഏതു നിമിഷവുമുള്ള ക്രിസ്തുവിന്റെ വരവിന്റെ വെളിച്ചത്തിലും (2) പുതിയ യുഗം ഉദിച്ചിരിക്കുന്നു എന്ന ചിന്തയിലും ജീവിക്കണം.

▣ **"ഉറക്കം"** സാന്മാർഗ്ഗികവും ആത്മീയവുമായ അശ്രദ്ധയെ സൂചിപ്പിക്കുന്നതിന് ദൃഷ്ടാന്തമായാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത് (എഫെ. 5:8–14; 1 തെസ്സ. 5:6). പ്രത്യേക പശ്ചാത്തലത്തിൽ മാത്രമേ പദങ്ങൾക്ക് അർത്ഥമുള്ളൂ. സ്ഥിരമായ ഒരു നിർവചനത്തെ സൂക്ഷിക്കുക. എല്ലാ വാക്കുകൾക്കും നിരവധി സാധ്യമായ അർത്ഥങ്ങൾ ഉണ്ട്.

▣ **"നാം വിശ്വസിച്ച സമയത്തെക്കാൾ"** ക്രിസ്ത്യാനിത്വം ഒരു തീരുമാനത്തോടുകൂടി ആരംഭിക്കണം (തൽക്ഷണമായി നീതീകരണവും വിശുദ്ധീകരണവും) എന്നാൽ അത് ഭക്തിനിർഭര ജീവിതരീതി (പുരോഗമനപരമായ വിശുദ്ധീകരണം, 6:4 ലെ പ്രത്യേക കഠനവിഷയം കാണുക) ഉളവാക്കുകയും ക്രിസ്തുസാദൃശ്യത്തിൽ (മഹത്വീകരണം) അവസാനിക്കുകയും വേണം. ഒരുവൻ ക്രിസ്തുവിലുള്ള ദൈവത്തിന്റെ വാഗ്ദത്തത്തെ സ്വീകരിക്കണം (യോഹ. 1:12; 3:16; റോമ. 10:9–13). പ്രാഥികമായ ഈ തീരുമാനം അവസാനമല്ല പിന്നെയോ തുടക്കമാണ്!

▣ **"രക്ഷ ... അധികം അടുത്തിരിക്കുന്നു"** രക്ഷ പ്രാഥമികമായ ഒരു തീരുമാനവും ഒരു പ്രക്രിയയുമാണ് (10:14 ലെ പ്രത്യേക പഠനവിഷയം കാണുക). വിശ്വാസികൾക്ക് പുതിയ ശരീരങ്ങൾ ലഭ്യമാകുമ്പോൾ മാത്രമേ രക്ഷ പൂർണ്ണമാവുകയുള്ളൂ (1 യോഹ. 3:2; 1 തെസ്സ. 4:13–18; എബ്രാ. 9:28; 1 പത്രൊ. 1:5). ദൈവശാസ്ത്രപരമായി ഇതിനെ "മഹത്വീകരണം" എന്ന് വിളിക്കുന്നു (റോമ. 8:30). ഓരോ തലമുറയിലെയും ക്രിസ്ത്യാനികളുടെ പ്രത്യാശ അവന്റെയോ അവളുടെയും ജീവകാലത്ത് കർത്താവിന്റെ മടങ്ങിവരവ് പ്രതീക്ഷിക്കുക എന്നതാണ് (ലൂക്കൊ. 21:28). പൗലൊസും അതിൽ നിന്നും ഒഴിവായിരുന്നില്ല (1 തെസ്സ. 4:15).

**13:2 "രാത്രി കഴിവാറായി"** ഇത് സൂചിപ്പിക്കുന്നത് ഇപ്പോൾ തന്നെ നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും മാറ്റിവയ്ക്കപ്പെടുന്നതുമായ വർത്തമാനകാല തിന്മയുടെ യുഗത്തെയാണ് (1 കൊരി. 7:29–31; 10:11; യാക്കോ. 5:8; എഫെ.

5:8,14; 1 യോഹ. 4:7; 2 യോഹ. 2:17-18; വെളി. 1:3; 22:10). 12:2 ലെ പ്രത്യേക പഠനവിഷയം കാണുക. പൗലൊസും പ്രത്യേകിച്ച് യോഹന്നാനും ചാവുകടൽ ചുരുളുകളിലെന്നപോലെ വെളിച്ചവും ഇരുട്ടും തമ്മിലുള്ള വൈരുദ്ധ്യം ഉപയോഗിക്കുന്നു.

▣ **"പകൽ അടുത്തിരിക്കുന്നു"** ഇത് ഒരു പൂർണ്ണ കർത്തരി സൂചകമാണ്. ഇത് അന്ത്യ ദിനങ്ങളാണ് (ഫിലി. 4:5; യാക്കോ. 5:9). യേശുവിന്റെ ജഡധാരണം മുതലേ നാം അന്ത്യദിനങ്ങളിലാണ്. അവന്റെ മഹത്വ പ്രത്യക്ഷത വരെ അത് തുടരും. ഒന്നാം നൂറ്റാണ്ടു മുതലുള്ള എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ മടങ്ങിവരവ് താമസിക്കുന്നതിൽ അത്ഭുതപ്പെട്ടിരുന്നു. എന്നിരുന്നാലും പുതിയ യുഗം ക്രിസ്തുവിൽ ഉദിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ മടങ്ങിവരവിന്റെ ആസന്നതയെപ്പറ്റിയുള്ള ഈ സൂചന എടുത്തിരിക്കുന്നത് വെളിപ്പാട് പുസ്തകത്തിന് ഞാനെഴുതിയ കമന്ററിയുടെ "നിർണ്ണായക ആമുഖ"ത്തിൽ നിന്നുമാണ്. ഇത് സൗജന്യമായി ഓൺലൈനിൽ www. freebiblecommentary.org ൽ ലഭ്യമാണ്.

**ആറാമത്തെ സംഘർഷം** (ആസന്നമായിരിക്കുന്ന ക്രിസ്തുവിന്റെ വരവും താമസിക്കുന്ന *പാറൂസിയ*യും)

മിക്കവിശ്വാസികളും പഠിച്ചിരിക്കുന്നത് യേശു അതിവേഗം, ഉടനെ തന്നെ, അപ്രതീക്ഷിതമായി വരുന്നു എന്നാണ് (മത്താ. 10:23; 24:27,34,44; മർക്കൊ. 9:1; 13:30). എന്നാൽ ഇതു പ്രതീക്ഷിച്ചുകൊണ്ടിരുന്ന എല്ലാ തലമുറയിലെയും വിശ്വാസികൾക്കു തെറ്റുപറ്റിയിരിക്കുന്നു. യേശുവിന്റെ അതിവേഗ (തൽക്ഷണമായുള്ള) മടങ്ങിവരവ് എല്ലാ തലമുറയ്ക്കും വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന ശക്തമായ പ്രത്യാശയാണ. എന്നാൽ ഒന്നിനു മാത്രം അതു യഥാർത്ഥ്യമാണ് (അത് പീഡയനുഭവിക്കുന്ന ഒന്നായിരിക്കും). നാളെ അവൻ വരുന്നു എന്ന വിധത്തിൽ വിശ്വാസികൾ ജീവിക്കണം. എന്നാൽ അവൻ താമസിക്കുന്നുവെങ്കിൽ മഹാനിയോഗത്തിനുള്ള പദ്ധതികളും നടപ്പാക്കലും ഉണ്ടാകണം (മത്താ. 28:19-20).

സുവിശേഷങ്ങളിലെയും 1, 2 തെസ്സലോനിക്ക ലേഖനങ്ങളിലെയും ചില വാക്യങ്ങൾ (മർക്കൊ. 13:10; ലൂക്കൊ. 17:2; 18:8) താമസിക്കുന്ന രണ്ടാംവരവിനെ *(പറൂസിയ)* അടിസ്ഥാനപ്പെടുത്തിയുള്ളവയാണ്. ഒന്നാമത് സംഭവിക്കേണ്ട ചില ചരിത്ര സംഭവങ്ങൾ ഉണ്ട്:

1. ലോകവ്യാപകമായ സുവിശേഷീകരണം (മത്താ. 24:15; മർക്കൊ. 13:10)
2. "അധർമ്മമൂർത്തി" വെളിപ്പാട് (മത്താ. 24:15; 2 തെസ്സ. 2; വെളി. 13)
3. മഹാ പീഡനം (മഹോപദ്രവം) (ഒ.നോ. മത്താ. 24:21,24; വെളി. 13)

ഇവിടെ മനപ്പൂർവ്വമായ ദുർഗ്രഹത ഉണ്ട് (മത്താ. 24:42-51; മർക്കൊ. 13:32-36). ഓരോ ദിവസവും നിങ്ങൾക്ക് അവസാനത്തേതാണ് എന്നു ചിന്തിച്ച് ജീവിക്കണം, എന്നാൽ ഭാവികാല ശുശ്രൂഷയ്ക്കായി പദ്ധതി തയ്യാറാക്കുകയും പരിശോധിക്കുകയും വേണം.

▣ **"വെച്ചുകളഞ്ഞു... ധരിച്ചുകൊൾക"** ഇവ അടിയന്തര സൂചന നൽകുന്ന ഭൂതകാല മധ്യ അനുബന്ധക്രിയയാണ്. "നിങ്ങൾത്തന്നെ വെച്ചുകളക ... ഒരിക്കൽ എന്നന്നേക്കുമായി അഥവാ മനപ്പൂർവ്വമായി ധരിക്കുക" എന്നതാണ് സൂചന. നീതീകരണത്തിലും (അനുതാപവും വിശ്വാസവും) വിശുദ്ധീകരണത്തിലും (ഭക്തിനിർഭര ജീവിതം) ദൈവവും മനുഷ്യനും പങ്കുണ്ട്. ഈ വസ്ത്രധാരണ ദൃഷ്ടാന്തം പൗലൊസിന്റെ ലേഖനങ്ങളിൽ സാധാരണമാണ്. വിശ്വാസികൾ തങ്ങളുടെ ഉറക്കത്തിന്റെ വസ്ത്രം ഊരുകയും യുദ്ധവസ്ത്രം ധരിക്കയും വേണം (എഫെ. 4:22-25; കൊലൊ. 3:10,12,14). ദൈനംദിന ആത്മീയ യുദ്ധത്തിനുവേണ്ടി ഒരുങ്ങുന്ന ക്രിസ്തീയ പടയാളികളാണ് നാം (എഫെ. 6:10-18). NIDNTT, വാല്യം 1, പേജ് 315-316 ലെ കുറിപ്പു കാണുക.

▣ **"വെളിച്ചത്തിന്റെ ആയുധവർഗ്ഗം"** ഇത് യെശ. 59:17 നുള്ള ഒരു സൂചന ആകാനാണു സാധ്യത. വിശ്വാസികൾ മനപ്പൂർവ്വമായി നീതിയുടെ കവചവും ആയുധങ്ങളും ധരിക്കണം (2 കൊരി. 6:7; 10:4; എഫെ. 6:11,13; 1 തെസ്സ. 5:8). ദൈവത്തിന്റെ വചനം വിശ്വാസികൾക്ക് ലഭ്യമാണ് എന്നാൽ അവർ തീർച്ചയായും

1. അവരുടെ ആവശ്യകത തിരിച്ചറിയണം.
2. ദൈവത്തിന്റെ കരുതൽ തിരിച്ചറിയണം
3. വ്യക്തിപരമായും മനഃപ്പൂർവ്വമായും ഇത് അവരുടെ ദൈനംദിന ചിന്തയിലും ജീവിതത്തിലും നടപ്പാക്കണം.

ഒരു ദൈനംദിന ആത്മീയ യുദ്ധമുണ്ട്. ക്ലിന്റൻ എഫ് ആർനോൾഡിന്റെ *ത്രീ ക്രൂഷ്യൽ ക്വസ്റ്റ്യൻസ് എബൗട്ട് സ്പിരിച്വൽ വാർഫെയർ* കാണുക.

**13:13 "നാം മര്യാദയായി നടക്ക"** ഇത് ഒരു ഭൂതകാല കർത്തരി അനുബന്ധക്രിയയാണ്. ആക്ഷരീകമായി "നടക്കുക" എന്നാണ്. ജീവിതരീതിയെ സൂചിപ്പിക്കുന്നതിനുള്ള ഒരു എബ്രായ പ്രയോഗമായിരുന്നു ഇത് (എഫെ. 4:1, 17; 5:2,15). പൗലൊസ് ഇത് 33 തവണയിലധികം ഉപയോഗിക്കുന്നു.

ഈ വാക്യത്തിലെ പാപങ്ങളുടെ പട്ടിക രണ്ട് പദങ്ങളിലൂടെ മൂന്ന് ജോഡികളാക്കിയിരിക്കുന്നു. ഈ പദങ്ങൾക്ക് പദങ്ങളുടെ അർത്ഥ വ്യാപ്തി സംബന്ധിച്ച് കവിഞ്ഞുകിടക്കലുണ്ട്. 1:28-32 ലെ പ്രത്യേക പഠനവിഷയം: പുതിയനിയമത്തിലെ ദുർഗുണങ്ങളും സത്ഗുണങ്ങളും കാണുക.

ഈ പദങ്ങൾ റോമാസഭയിലെ വിശ്വാസികളായ യെഹൂദരും വിശ്വാസികളായ ജാതികളും തമ്മിലുള്ള സംഘർഷത്തോട് ബന്ധപ്പെട്ടിരിക്കുന്നതാകാൻ സാധ്യതയുണ്ട്. ജാതികളായ പുതിയ വിശ്വാസികൾ ഒരു പക്ഷെ അവരുടെ അസാന്മാർഗ്ഗികമായ വിഗ്രഹാരാധനാ രീതികൾ തുടരുന്നുണ്ടായിരിക്കാം. അല്ലെങ്കിൽ (2) റോമിലെ യെഹൂദന്മാരുടെ എല്ലാ ആചാരങ്ങളും നിരോധിച്ചുകൊണ്ടുള്ള നീറോയുടെ ശാസനം നിമിത്തം വിട്ടുപോയവ

രായ വിശ്വാസികളായ യെഹൂദ നേതാക്കളുടെ മടങ്ങിവരവിൽ അവർക്കെതിരെ ജാതീയ വിശ്വാസികൾ ഗർവ്വത്തോടെ പ്രവർത്തിച്ചിരിക്കാം.

▣ **"വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല"** ഇത് പരാമർശിച്ചിരിക്കുന്നത് പ്രാകൃത വിഗ്രഹാരാധനാ മതാചാരങ്ങളോടും മദ്യപാനത്തോടും ബന്ധപ്പെട്ട ലൈംഗിക അസാന്മാർഗ്ഗികതയെപ്പറ്റിയാണ്. ഗലാ. 5:21 ലെ പാപങ്ങളുടെ പട്ടികയിൽ ഈ പദങ്ങളും അടുത്തടുത്ത് ചേർത്തിട്ടുണ്ട്.

▣ **"ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല"** ഈ ജോഡി ഒന്നാമത്തെ ജോഡിയോട് കവിഞ്ഞു കിടക്കുന്നതായി കാണപ്പെടുന്നു. രണ്ടാമത്തെ പദം പുതിയ നിയമത്തിൽ വ്യാപകമായി ഉപയോഗിച്ചിരിക്കുന്നു (മർക്കൊ. 7:22; 2 കൊരി. 12:21; ഗലാ. 5:19; എഫെ. 4:19; 1 പത്രൊ. 4:3; 2 പത്രൊ. 2:7). ആദ്യത്തെ ജോഡി മദ്യപാനത്തെ ലക്ഷ്യമാക്കുന്നുവെങ്കിൽ ഈ ജോഡി ലൈംഗിക അസാന്മാർഗ്ഗികതയെയും ഭോഗേച്ഛയോടുള്ള ഒരു അനിയന്ത്രിതമായ പരിത്യാഗത്തെപ്പോലും ലക്ഷ്യമാക്കുന്നു.

▣ **"പിണക്കത്തിലും അസൂയയിലുമല്ല"** ആളുകളുടെ മധ്യത്തിലുള്ള സ്പർദ്ധയെപ്പറ്റിയാണ് ഈ പദം പറയുന്നത് (ഗലാ. 5:20). ഇത് ഒരുപക്ഷെ ആദ്യത്തെ രണ്ട് ജോഡികളുടെ അനുയോജ്യമല്ലാത്ത ബന്ധത്തിലെ ഫലമാകാം. ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്തിരിക്കുന്നതാണെങ്കിൽ (1 കൊരി. 3:3; കൊലൊ. 3:8) അവ പ്രതിഫലിപ്പിക്കുന്നത് വിശ്വാസികളുടെ ജീവിതത്തിൽ അവർ ഉപേക്ഷിക്കേണ്ട ചില ജാതീയ മതാനുഷ്ഠാനങ്ങളെ അണ്. എന്നിരുന്നാലും ഈ പശ്ചാത്തലത്തിൽ ഇത് വിശ്വാസികൾക്ക് വിരുദ്ധമായതാണ്, അതുകൊണ്ട് ഇതൊരു മുന്നറിയിപ്പായിരുന്നിരിക്കണം.

13:14 **"കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊൾവിൻ"** ഈ ദൃഷ്ടാന്തം ഇപ്പോൾ വിശ്വാസികൾ ചുമലുകളിൽ ഇട്ടിരിക്കുന്ന രാജാവായ യേശുവിന്റെ (സ്ഥാനപരമായ വിശുദ്ധീകരണം) രാജകീയ സ്ഥാനവസ്ത്രത്തോട് ബന്ധപ്പെടുന്നു. സ്നാനത്തിലെ വേഷത്തോടുള്ള പരോക്ഷസൂചനയായി ചില പണ്ഡിതന്മാർ ഇതിനെ കാണുന്നു. ഈ വസ്ത്രധാരണ ദൃഷ്ടാന്തം വാ. 12 ൽ ആണ് ആദ്യമായി സൂചിപ്പിച്ചിരിക്കുന്നത്. വിശ്വാസികൾക്ക് ക്രിസ്തുവിലുള്ള പുതിയ സ്ഥാനത്തെ കാണിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണിത്. ക്രിസ്തുവിലുള്ള തങ്ങളുടെ പുതിയ സ്ഥാനം നിമിത്തം വിശ്വാസികൾ അവരുടെ പുതിയ ജീവിതരീതി തീർച്ചയായും നടപ്പാക്കണമെന്നും ഇത് ഊന്നിപ്പറഞ്ഞിരിക്കുന്നു (പുരോഗമനപരമായ വിശുദ്ധീകരണം, എഫെ. 4:22,24; കൊലൊ. 3:8); ഗലാ. 3:27 ൽ ഈ സത്യം ഒരു വാസ്തവിക പ്രസ്താവനയായി പ്രകടിപ്പിച്ചിരിക്കുന്നു. ഇവിടെ ഇത് ഒരു കല്പനയായി (വിധിരൂപം) പ്രകടിപ്പിച്ചിരിക്കുന്നു.

സൂചക പ്രസ്താവനയും വിധിരൂപവും തമ്മിലുള്ള സംഘർഷം ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനത്തിന്റെയും ആ സ്ഥാനം അവകാശമാക്കുവാനുള്ള നമ്മുടെ ശ്രമത്തിന്റെയും മധ്യത്തിലുള്ള സംഘർഷമാണ് (6:4 ലെ പ്രത്യേക പഠനവിഷയം കാണുക). രക്ഷയുടെ നിമിഷം തന്നെ നാം "വിശുദ്ധന്മാ"രാണ് (വിശുദ്ധർ). എന്നാൽ നാം "വിശുദ്ധരായിരിപ്പാൻ" ഉപദേശിക്കപ്പെട്ടവരാണ്. ഇത് വേദപുസ്തകം പറയുന്ന ഒരു പൂർണ്ണവും സൗജന്യവുമായ ക്രിസ്തുവിലെ രക്ഷയുടെ വിരോധാഭാസവും ക്രിസ്തു സാദൃശ്യത്തിനുവേണ്ടിയുള്ള ആവേശം പകരുന്ന വിളിയുമാണ്.

▣ **"ചിന്തിക്കരുത്"** ഇത് നെഗറ്റീവ് പാർട്ടിക്കിളിനോടൊപ്പമുള്ള ഒരു വർത്തമാനകാല മധ്യ വിധിരൂപമാണ്. ഈ വ്യാകരണ രൂപം സാധാരണയായി അർത്ഥമാക്കുന്നത് നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുവാനാണ്. റോമിലെ ചില ക്രിസ്ത്യാനികൾ ഉചിതമല്ലാത്ത അസാന്മാർഗ്ഗിക ജീവിതം നയിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നതായി കാണപ്പെടുന്നു. അവരുടെ പ്രാകൃത ആരാധനാ രീതിയിൽ നിന്നുമുള്ള ഒരു ഓർമ്മയായിരുന്നിരിക്കണം അത്.

ജഡിക ക്രൈസ്തവികതയെപ്പറ്റിയുള്ള പുതിയ നിയമ പഠിപ്പിക്കലുകൾ വിശദീകരിക്കുക ദുഷ്കരമാണ്. പുതിയ നിയമ ലേഖകർ മനുഷ്യവർഗ്ഗത്തിന്റെ അവസ്ഥയെ വെളുപ്പും കറുപ്പുമായ ശൈലികളിൽ പ്രദർശിപ്പിക്കുന്നു. ഇപ്പോഴും ഇത് നമ്മുടെ "ആയിക്കഴിഞ്ഞു" എന്നാൽ "വന്നിട്ടില്ല" എന്ന നിലയിലുള്ള ജീവിതത്തിന്റെ ഒരു വാസ്തവികതയാണ്. പൗലൊസ് മനുഷ്യവർഗ്ഗത്തെ മൂന്ന് വിഭാഗങ്ങളായി തിരിക്കുന്നു (1 കൊരി. 2:14–3:1):

1. പ്രാകൃത മനുഷ്യർ (നഷ്ടപ്പെട്ട മനുഷ്യവർഗ്ഗം), 2:14
2. ആത്മിക മനുഷ്യർ (രക്ഷിക്കപ്പെട്ട മനുഷ്യവർഗ്ഗം), 3:1
3. ജഡികന്മാർ (ശാരീരിക ക്രിസ്ത്യാനികൾ അഥവാ ശിശുക്കളായ ക്രിസ്ത്യാനികൾ), 3:1

▣ **"മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി"** വീണുപോയ നമ്മുടെ ആദാമ്യ സ്വഭാവത്തിന്റെ അപകടങ്ങളെ എല്ലാം പൗലൊസ് നന്നായി അറിഞ്ഞിരുന്നു (റോമ. 7; എഫെ. 2:3). എന്നാൽ യേശു നമുക്ക് ദൈവത്തിനായി ജീവിക്കുന്നതിനുള്ള ശക്തിയും ആഗ്രഹവും തരുന്നു (റോമ. 6). ഇത് തുടർന്ന് പോകുന്ന ഒരു പോരാട്ടമാണ് (8:5–7; 1 യോഹ. 3:6–9). 1:3 ലെ പ്രത്യേക പഠനവിഷയം: ജഡം *(സാർക്സ്)* കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു

വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. ഭരണകൂടത്തെപ്പറ്റിയുള്ള പൗലൊസിന്റെ പ്രസ്താവന ആദിമ ക്രൈസ്തവർക്ക് വളരെ മൗലികമായിരുന്നത് എന്തുകൊണ്ട്?
2. എല്ലാ വിധത്തിലുമുള്ള ഭരണകൂടങ്ങൾക്കും ക്രിസ്ത്യാനികൾ കീഴടങ്ങിയിരിക്കേണ്ടതുണ്ടോ?
3. ക്രിസ്ത്യാനികൾ ഭരണകൂടത്തിന്റെ എല്ലാ നിയമപരമായ ആവശ്യകതകൾക്കും കീഴടങ്ങിയിരിക്കേണ്ടതുണ്ടോ?
4. ഒന്നാം വാക്യം രാജാക്കന്മാരുടെ ദൈവിക അവകാശത്തെപ്പറ്റി പഠിപ്പിക്കുന്നുണ്ടോ?
5. പൗലൊസ് ദൈവശാസ്ത്രപരമായി പുതിയ പശ്ചാത്തലത്തിന് തുടക്കം കുറിക്കുകയാണോ അതോ മത്താ. 22:21 ലെ യേശുവിന്റെ വാക്കുകളിൽ ഇതിന്റെ സൂചനയുണ്ടോ?
6. ക്രൈസ്തവരുടെ രാഷ്ട്രീയ അനുസരണക്കേട് എപ്പോഴെങ്കിലും നീതീകരിക്കപ്പെട്ടിട്ടുണ്ടോ?
7. നാലാം വാക്യത്തിന് വധശിക്ഷയോട് എന്താണ് ബന്ധം?
8. ക്രിസ്ത്യാനികളുടെ മനസ്സാക്ഷി എപ്പോഴും ശരിയാണോ (ഒ.നോ. വാ. 5)?
9. 8-ാം വാക്യം മറ്റു ക്രിസ്ത്യാനികളോടുള്ള നമ്മുടെ സ്നേഹത്തെക്കുറിച്ചാണോ അതോ എല്ലാവരോടുമുള്ള നമ്മുടെ സ്നേഹത്തെക്കുറിച്ചാണോ സംസാരിക്കുന്നത്?
11. എന്തിനാണ് പൗലൊസ് പത്തു കല്പനകളെ പുതിയ നിയമ വിശ്വാസികളുടെ ഉത്തേജനമായി ഉപയോഗിക്കുന്നത്?
12. എന്തുകൊണ്ടായിരിക്കാം ഇത്തരം ഭീകരമായ പാപങ്ങളെ വിശ്വാസികളോടുള്ള ബന്ധത്തിൽ പൗലൊസ് നിരത്തുന്നത്?
13. എങ്ങനെയാണ് ഒരുവൻ യേശുക്രിസ്തുവിനെ ധരിക്കുന്നത്?

# റോമർ 14

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| നിങ്ങളുടെ സഹോദരനെ വിധിക്കരുത് | സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം | മറ്റുള്ളവരുടെ മനസ്സാക്ഷിയെ സ്നേഹം മാനിക്കുന്നു | മറ്റുള്ളവരെ വിധിക്കരുത് | ബലഹീനരോടുള്ള ഔദാര്യ മനോഭാവം |
| 14:1-12 | 14:1-13 | 14:1-4 | 14:1-4 | 14:1-12 |
| | | 14:5-6 | 14:5-12 | |
| | | 14:7-9 | | |
| | | 14:10-12 | | |
| നിങ്ങളുടെ സഹോദരന് ഇടർച്ചയുണ്ടാക്കരുത് | സ്നേഹത്തിന്റെ പ്രമാണം | | മറ്റുള്ളവർ വീഴാൻ ഇടയാക്കരുത് | |
| 14:13-23 | | 14:13-23 | 14:13-18 | 14:13-21 |
| | 14:13-23 | | | |
| | | | 14:19-23 | |
| | | | | (14:22-15:6) |
| | | | | 14:22-23 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## വാ. 1-12 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ഈ അധ്യായം ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെയും ഉത്തരവാദിത്തത്തിന്റെയും മധ്യേയുള്ള സംഘർഷത്തെ സമീകരിക്കാൻ ശ്രമിക്കുന്നു. സാഹിത്യഘടകം 15:13 വരെ നീളുന്നതാണ്.

B. ഈ അധ്യായത്തെ വല്ലാത്ത ബുദ്ധിമുട്ടിലാക്കുന്നത് റോമിലെ യെഹൂദന്മാരും ജാതികളുമായ വിശ്വാസികൾ തമ്മിലുള്ള സംഘർഷമായിരുന്നിരിക്കാൻ സാധ്യതയുണ്ട് (അഥവാ പൗലൊസിന്റെ കൊരിന്തിലെ സമകാലിക അനുഭവം). മാനസാന്തരത്തിനു മുമ്പ് യെഹൂദന്മാർ നിയമവാദികളായും പ്രാകൃതമതക്കാർ അസാന്മാർഗ്ഗികളുമായാണ് ജീവിച്ചിരുന്നത്. ഈ അധ്യായം അഭിസംബോധന ചെയ്യുന്നത് നിർവ്യാജരായ യേശുവിന്റെ അനുഗാമികളെയാണ്. ഈ അധ്യായം ജഡികരായ വിശ്വാസികളെ അഭിസംബോധന ചെയ്യുന്നില്ല (1 കൊരി. 3:1). പരമോന്നത ലക്ഷ്യം രണ്ടു വിഭാഗങ്ങളുമാണ്. രണ്ടു വശങ്ങളിലെയും തീവ്രതയിൽ അപകടമുണ്ട്. ഈ ചർച്ച വളരെ ഇടുങ്ങിയ നിയമവാദത്തിനോ അതിരുകടന്ന സ്വാതന്ത്ര്യത്തിനോ ഉള്ള ഒരു അനുമതിയല്ല.

കൊരിന്തിൽ നിന്നുമാണ് പൗലൊസ് റോമാ ലേഖനം എഴുതിയതെന്ന് ഓർക്കുക. അവിടുത്തെ പ്രശ്നം

കക്ഷി പിടുത്തമായിരുന്നു. എന്നാൽ ഇവിടെ വിവിധ തരത്തിലുള്ള വിശ്വാസികളാണുള്ളത്.

C. തങ്ങളുടെ ദൈവശാസ്ത്രമോ ധാർമ്മികതയോ മറ്റെല്ലാ വിശ്വാസിക്കും വേണ്ടിയുള്ള ഒരു നിലവാരമാക്കാതിരിക്കാൻ വിശ്വാസികൾ തീർച്ചയായും സൂക്ഷിക്കേണ്ടതാണ് (2 കൊരി. 10:12). എല്ലാ വിശ്വാസികളും തങ്ങൾക്കുള്ള വെളിച്ചത്തിൽ നടക്കേണ്ടതാണ്. എന്നാൽ അവരുടെ ദൈവശാസ്ത്രം സ്വയമേയ ദൈവത്തിന്റെ ദൈവശാസ്ത്രമാകുന്നില്ല എന്ന് മനസ്സിലാക്കേണ്ടതുമാണ്. എല്ലാ വിശ്വാസികളും ഇന്നും പാപത്താൽ ബാധിക്കപ്പെട്ടിരിക്കുന്നു. നാം തീർച്ചയായും അന്യോന്യം തിരുവചനത്തിൽ നിന്നും ബുദ്ധിയിൽ നിന്നും അനുഭവത്തിൽ നിന്നും പ്രബോധിപ്പിക്കയും പഠിപ്പിക്കയും വേണം. എന്നാൽ എപ്പോഴും സ്നേഹത്തിൽ മാത്രം. ഒരുവൻ അധികമായി അറിയുമ്പോൾ തനിക്ക് അറിവില്ല എന്ന് അധികം അറിയുകയാണ് ചെയ്യുന്നത് (1 കൊരി. 13:12).

D. ഒരുവന്റെ ദൈവമുമ്പാകെയുള്ള ലക്ഷ്യങ്ങളും മനോഭാവങ്ങളുമാണ് മറ്റ് വിശ്വാസികളുടെ പ്രവൃത്തികളെ വിലയിരുത്തുന്നതിനുള്ള വാസ്തവമായ താക്കോലുകൾ. തങ്ങൾ അന്യോന്യം എങ്ങനെ പെരുമാറി എന്നതിന്റെ അടിസ്ഥാനത്തിൽ ക്രിസ്ത്യാനികൾ ന്യായവിധിക്കായി ക്രിസ്തുവിന്റെ മുമ്പാകെ നിൽക്കേണ്ടി വരും (വാ.10; 2 കൊരി. 5:10).

E. “ഒരു ക്രിസ്തീയ പുരുഷൻ ആർക്കും വിധേയനല്ലാത്ത ഏറ്റവും സ്വതന്ത്രനായ ഒരു യജമാനനാണ്; ഒരു ക്രിസ്തീയപുരുഷൻ ഏറ്റവും ഉത്തരവാദിത്തമുള്ളവനും എല്ലാവർക്കും വിധേയനുമാണ്” എന്ന് മാർട്ടിൻ ലൂഥർ പറഞ്ഞു. വേദപുസ്തക സത്യം മിക്കപ്പോഴും സംഘർഷം നിറഞ്ഞ വൈരുദ്ധ്യമായാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്.

F. റോമ. 14:1–15:13 മുഴുവൻ സാഹിത്യഘടകവും 1 കൊരി. 8–10; കൊലൊ. 2:8–23 ഭാഗങ്ങളും ഈ വിഷമകരവും ഗൗരവകരവുമായ വിഷയം കൈകാര്യം ചെയ്തിരിക്കുന്നു. ഈ മേഖലയിൽ എനിക്ക് സഹായകരമായ ഗ്രന്ഥം ഗോർഡൻ ഫീയും ഡഗ്ലസ് സ്റ്റുവാർട്ടും ചേർന്നെഴുതിയ *ഹൗ ടു റീഡ് ദി ബൈബിൾ ഫോർ ഓൾ ഇറ്റ്സ് വർത്ത്* പേജ് 75–86 ആണ്.

G. എന്നിരുന്നാലും നിർവ്യാജ വിശ്വാസികളുടെ മധ്യത്തിലെ ബഹുലത ഒരു മോശമായ കാര്യമല്ലെന്നത് സ്ഥാപിക്കേണ്ടതാവശ്യമാണ്. ഓരോ വിശ്വാസിക്കും ബലങ്ങളും ബലഹീനതകളും ഉണ്ട്. ഓരോരുത്തരും അവനും/ അവൾക്കുമുള്ള വെളിച്ചത്തിൽ നടക്കുകയും എപ്പോഴും അധികം വെളിച്ചത്തിനായി ആത്മാവിനോടും വേദപുസ്തകത്തോടും തുറന്ന മനോഭാവമുള്ളവരും ആയിരിക്കണം. കണ്ണാടിയിൽ കടമൊഴിയായി കാണുന്ന ഈ കാലഘട്ടത്തിൽ (1 കൊരി. 13:8–13) ഒരുവൻ പരസ്പരബദ്ധതയ്ക്കായി തീർച്ചയായും സ്നേഹത്തിലും (വാ. 15) സമാധാനത്തിലും (വാ. 17, 19) നടക്കണം.

H. പൗലൊസ് ഈ വിഭാഗങ്ങൾക്കു നൽകുന്ന “ബലവാന്മാർ” “ബലഹീനർ” എന്നീ തലക്കെട്ടുകൾ നമുക്ക് അവരെക്കുറിച്ച് മുൻവിധികൾ നൽകുന്നു. നിശ്ചയമായും ഇതല്ലായിരുന്നു പൗലൊസിന്റെ ലക്ഷ്യം. ഇരു വിഭാഗങ്ങളും നിർവ്യാജരായ വിശ്വാസികൾ ആയിരുന്നു. നാം മറ്റു വിശ്വാസികളെ നമ്മെപ്പോലെ ആക്കി എടുക്കേണ്ടതില്ല. ക്രിസ്തുവിൽ നാം പരസ്പരം സ്വീകരിക്കുക.

I. മൊത്ത വാദഗതിക്ക് ഇപ്രകാരം രൂപരേഖ നൽകാം.
   1. അന്യോന്യം സ്വീകരിക്കുക. എന്തുകൊണ്ടെന്നാൽ ദൈവം ക്രിസ്തുവിൽ നമ്മെ സ്വീകരിക്കുന്നു (14:13; 15:7).
   2. അന്യോന്യം വിധിക്കരുത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവാണ് നമ്മുടെ ഒരേയൊരു യജമാനനും ന്യായാധിപനും (14:3–12)
   3. വ്യക്തിപരമായി സ്വാതന്ത്ര്യത്തെക്കാൾ വളരെ പ്രധാനപ്പെട്ടതാണ് സ്നേഹം (14:13–23)
   4. ക്രിസ്തുവിന്റെ മാതൃകയെ പിന്തുടരുകയും മറ്റുള്ളവരുടെ ഉത്ബുദ്ധതയ്ക്കും നന്മയ്ക്കുമായി നമ്മുടെ അവകാശങ്ങളെ വെച്ചുകളയുകയും ചെയ്ക (15:1–13).

# പദ, ശൈലീ പഠനം

**റോമർ 14:1–4**

**[1]സംശയവിചാരങ്ങളെ വിധിക്കാതെ വിശ്വാസത്തിൽ ബലഹീനനായവനെ ചേർത്തുകൊൾവിൻ. [2]ഒരുവൻ എല്ലാം തിന്നാ മെന്നു വിശ്വസിക്കുന്നു; ബലഹീനനോ സസ്യാദികളെ തിന്നുന്നു. [3]തിന്നുന്നവൻ തിന്നാത്തവനെ ധിക്കരിക്കരുതു; തിന്നാത്തവൻ തിന്നുന്നവനെ വിധിക്കരുതു; ദൈവം അവനെ കൈക്കൊണ്ടിരിക്കുന്നുവല്ലോ. [4]മറ്റൊരുത്തന്റെ ദാസനെ വിധിപ്പാൻ നീ ആർ? അവൻ നില്ക്കുന്നതോ വീഴുന്നതോ സ്വന്ത യജമാനന്നത്രേ; അവൻ നില്ക്കുംതാനും; അവനെ നില്ക്കുമാറാക്കുവാൻ കർത്താവിന്നു കഴിയുമല്ലോ.**

**14:1**

**NASB** **"എന്നാൽ അവന്റെ അഭിപ്രായങ്ങളിന്മേൽ വിധി കല്പിക്കുക *എന്ന ലക്ഷ്യമില്ലാതെ*"**
**NKJV** **"എന്നാൽ സംശയവിഷയങ്ങളിൽ തർക്കിക്കാതെ"**
**NRSV** **"എന്നാൽ അഭിപ്രായങ്ങളുടെ മേൽ ശണ്ഠയിടുക എന്ന ലക്ഷ്യമില്ലാതെ"**
**TEV** **"അവരുടെ വ്യക്തിപരമായ അഭിപ്രായങ്ങളെക്കുറിച്ചു തർക്കിക്കാതെ"**
**NJB** **"ഒരു വാദപ്രതിവാദം ആരംഭിക്കാതെ"**

വിശ്വാസികൾ തീർച്ചയായും തങ്ങൾ വിയോജിക്കുന്ന മറ്റ് വിശ്വാസികളെ മാറ്റുവാൻ ശ്രമിക്കാതെ അവരെ പൂർണ്ണമായും സ്വീകരിക്കണം! ഇത് ആവശ്യപ്പെടുന്നത് അടിച്ചേല്പിക്കുന്ന ഒരു ഐക്യമല്ല, പിന്നെയോ കൂട്ടായ്മയുടെ അടിസ്ഥാനമെന്നോണം മനസാക്ഷിയുടെ സ്വാതന്ത്ര്യമാണ്. എല്ലാ വിശ്വാസികളും വളർന്നുകൊണ്ടിരിക്കുകയാണ. അവർ തീർച്ചയായും ആത്മാവിന് പ്രവർത്തിക്കുവാനും ഓരോരുത്തരെയും പക്വതയിലേക്ക് രൂപപ്പെടുത്തുവാനും സമയം കൊടുക്കണം. എന്നാൽ പക്വതയിൽ പോലും അവർ എല്ലാവരും യോജിക്കുകയില്ല.

▣

**NASB, NKJV** **"വിശ്വാസത്തിൽ ബലഹീനനായവനെ"**
**NRSV, TEV** **"വിശ്വാസത്തിൽ ബലഹീനരായവരെ"**
**NJB** **"ഒരു വ്യക്തിയുടെ വിശ്വാസം വേണ്ടത്ര ശക്തമല്ലെങ്കിൽ"**

ഗ്രീക്കു പാഠത്തിൽ ഒന്നാമതു ചേർത്തിരിക്കുന്നതിലൂടെ ഈ ശൈലിക്ക് ഊന്നൽ കൊടുത്തിരിക്കുന്നു. ആക്ഷരികമായി ഇത് "വിശ്വാസത്തിൽ ബലഹീനം" എന്നാണ്. ഇത് ഒരു ജീവിതരീതിയുടെ സവിശേഷതയാണെന്ന സത്യത്തെയാണ് വർത്തമാനകാലം അർത്ഥമാക്കുന്നത്. നിയമവാദപരമായ ഒരു മാനസികാവസ്ഥയെയാണ് ഇത് അർത്ഥമാക്കുന്നത്. അധികം നിഷ്കർഷയുള്ള വിശ്വാസികളെ ഈ അധ്യായത്തിൽ മൂന്നു വിധത്തിലായാണ് വിവരിച്ചിരിക്കുന്നത്.

1. ഭക്ഷണത്തിന്റെ വിലക്കുകൾ (ഒ.നോ. 14:2,6,21).
2. പ്രത്യേക ദിവസങ്ങൾക്ക് ഊന്നൽകൊടുക്കൽ (ഒ.നോ. 14:5-6)
3. വീഞ്ഞിന്റെ വിലക്ക് (ഒ.നോ. 14:17,21).

ഇതേ വിധത്തിലുള്ള വ്യക്തിയെപ്പറ്റി റോമ. 15:1 ലും കൊരി. 8:9-13; 9:22ലും സൂചിപ്പിച്ചിട്ടുണ്ട്. നിങ്ങളെത്തന്നെ വളരെ വേഗത്തിൽ ശക്തരായ അല്ലെങ്കിൽ അശക്തരായ ക്രിസ്ത്യാനികൾ എന്ന് തരം തിരിക്കാതിരിക്കാൻ സൂക്ഷിക്കുക. മിക്കപ്പോഴും വിശ്വാസികൾ ഒരു മേഖലയിൽ ബലഹീനരും വേറൊരു മേഖലയിൽ ശക്തരുമാണ്.

ഈ കാര്യങ്ങളിലുള്ള പൗലൊസിന്റെ മനോഭാവം ഗലാ. 4:9-10 ലും കൊലൊ. 2:16-23 ഭാഗത്തും വളരെ വ്യത്യസ്തമാണ്. ഈ വേദഭാഗങ്ങൾ ദുരുപദേശകന്മാരുടെ മനോഭാവങ്ങളെയും പഠിപ്പിക്കലുകളെയും പ്രതിഫലിപ്പിക്കുന്നു. റോമാലേഖനത്തിൽ ഇവർ അധികം നിഷ്കർഷാ മനസ്സാക്ഷിയുള്ള നിർവ്യാജ വിശ്വാസികളാണ്.

നിരവധി വ്യാഖ്യാതാക്കളും ചിന്തിക്കുന്നത് "വിശ്വാസത്തിൽ ബലഹീനരായവർ" സൂചിപ്പിക്കുന്നത് യെഹൂദ വിശ്വാസികളെയും (യെഹൂദ മതവാദികൾ) യെഹൂദ റബ്ബി പാരമ്പര്യത്തിൽ നിന്നും അവർ മനസ്സിലാക്കിയിരുന്ന മോശെയുടെ ന്യായപ്രമാണത്തിന്റെ (അതാ. തൽമൂദ്) അനുസരണം തുടരണം എന്ന അവരുടെ നിർബന്ധത്തെയുമാണ്. ഇത് #1, #2, ന് അനുയോജ്യമായിരിക്കുന്നു, എന്നാൽ ഇത് #3 യോട് യോജിക്കുന്നില്ല. ഈ കാരണത്താൽ ഞാൻ ചിന്തിക്കുന്നത് ഒരു പ്രത്യേക ഇനം വ്യക്തിത്വം ഈ പശ്ചാത്തലത്തോട് കൂടുതൽ നന്നായി യോജിക്കുന്നു എന്നാണ്. ഇത് പഴയ ആചാരങ്ങൾ ശക്തമായ സ്വാധീനം ചെലുത്തുന്ന യെഹൂദരോ ജാതികളോ ആയ വിശ്വാസികളെപ്പറ്റിയാവാം പരാമർശിക്കുന്നത്.

▣

**NASB** **"ഇപ്പോൾ സ്വീകരിക്ക"**
**NKJV** **"സ്വീകരിക്ക"**
**NRSV, TEV** **"സ്വാഗതം ചെയ്യുക"**
**NJB** **"ഒരു സ്വാഗതം നൽകുക"**

ഇത് ഒരു വർത്തമാനകാല മധ്യ വിധിരൂപമാണ് ആണ് (5:1). വിഷയത്തിന്മേൽ ഊന്നൽ കൊടുത്തുകൊണ്ട് തുടർന്നുകൊണ്ടിരിക്കുന്ന ഒരു കല്പനയാണിത്. ഗ്രീക്ക് ക്രിയയിൽ സർവ്വനാമമായ 'നീ' ഉണ്ട്. എന്നാൽ ഇംഗ്ലീഷിൽ ആ ധ്വനി വരുന്നതും "ശക്തരായ" ക്രിസ്ത്യാനികളെപ്പറ്റി പരാമർശിക്കുന്നതുമാണ്. റോമിലെ സഭയിലുള്ള രണ്ട് വിഭാഗങ്ങളെ ഇത് സൂചിപ്പിക്കുന്നു. ഇത് (1) വിശ്വാസികളായ യെഹൂദന്മാരും ജാതികളും തമ്മിലുള്ള സംഘർഷത്തോടോ (ഒ.നോ. 15:7-21) (2) വ്യത്യസ്ത വ്യക്തിത്വങ്ങളുള്ള ജനങ്ങളോടോ ബന്ധപ്പെട്ടതാകാം. ഈ മുഴുവൻ പശ്ചാത്തലവും കാണിക്കുന്നത് ശക്തരായ ചിലരും വിശ്വാസത്തിൽ ബലഹീനരായ ചിലരുമുൾപ്പെടുന്ന നിർവ്യാജരായ സത്യ വിശ്വാസികളെയാണ്. ഇവിടെ വിശ്വാസം ഉപയോഗിക്കപ്പെട്ടിരിക്കുന്നത് സുവിശേഷത്തെയും അതിന്റെ മൗലികവും പുതിയതുമായ സ്വാതന്ത്ര്യ സൂചനകളെയും മനസ്സിലാക്കുക എന്ന അർത്ഥത്തിലാണ്.

## പ്രത്യേക പഠനവിഷയം: ബലഹീനത

ഇവിടെയാണ് വൈരുദ്ധ്യം. ദുരുപദേശകർ അവരുടെ യോഗ്യതകളിലും പ്രത്യുത്തരം പറയുന്ന രീതിയിലും പ്രശംസിക്കുന്നു. എന്നാൽ "ബലഹീനത"യുടെ മൂല്യം പൗലൊസിനറിയാം. (*അസ്തെനെയോ-ασθενεω*) ഈ പദപ്രയോഗങ്ങളും അഥവാ അവയുടെ രൂപങ്ങളും എത്രത്തോളം 1, 2 കൊരിന്ത്യലേഖനങ്ങളിൽ ഉപയോഗിച്ചിരിക്കുന്നുവെന്ന് ശ്രദ്ധിക്കുക.

| **പ്രശംസിക്കുക** | | **ബലഹീനത** | |
|---|---|---|---|
| 1 കൊരി. | 1:29, 31 | 1 കൊരി. | 1:25,27 |
| | 3:21 | | 2:3 |
| | 4:7 | | 4:10 |
| | 5:6 | | 8:7,9,10,11,12 |
| | 9:15,16 | | 9:22 |
| 2 കൊരി. | 1:12,14 | | 11:30 |
| | 5:12 (രണ്ടു തവണ) | | 12:22 |
| | 7:4,14 (രണ്ടു തവണ) | | 15:43 |
| | 8:24 | 2 കൊരി. | 10:10 |
| | 9:2,3 | | 11:21, 29, 30 |
| | 10:8,13,15,16,17 | | 12:5,9,10 (രണ്ടു തവണ) |
| | 11:12,16,17,18,30 | | 13:3,4(രണ്ടു തവണ), 9 |
| | 12:1,5,6,9 | | |

നിരവധി വ്യത്യസ്ത വിധങ്ങളിൽ പൗലൊസ് ബലഹീനത എന്ന ആശയത്തെ ഉപയോഗിക്കുന്നു.

1. ദൈവത്തെ ബലഹീനത, 1 കൊരി. 1:25
2. ലോകത്തിൻ ബലഹീനമായത്, 1 കൊരി. 1:27
3. പൗലൊസിന്റെ ബലഹീനതയും ഭയവും, 1 കൊരി. 2:3; 9:22; 2 കൊരി. 11:29, 30; 12:5
4. പൗലൊസും തന്റെ മിഷനറി ടീമും, 1 കൊരി. 4:10; 2 കൊരി. 11:21
5. ബലഹീന വിശ്വാസി (ഒ.നോ. റോമ. 14:1-15:13), 1 കൊരി. 8:7,9,10,11,12; 9:22
6. ശാരീരിക രോഗം,1 കൊരി. 11:30
7. മനുഷ്യശരീരത്തിന്റെ അവയവങ്ങൾ, 1 കൊരി. 12:22
8. ഭൗതിക ശരീരം 1 കൊരി. 15:43
9. പൗലൊസിന്റെ ശാരീരിക സാന്നിധ്യം അല്ലെങ്കിൽ പ്രഭാഷണ കഴിവുകൾ, 2 കൊരി. 10:10
10. പൗലൊസിന്റെ ബലഹീനത ദൈവത്തിന്റെ ശക്തിയെ വിപുലീകരിച്ചു, 2 കൊരി. 12:9,10; 13:4,9
11. പൗലൊസിലൂടെയുള്ള ക്രിസ്തുവിന്റെ സന്ദേശം, 2 കൊരി. 13:3
12. ക്രിസ്തുവിന്റെ ഭൗതിക ശരീരം, 2 കൊരി. 13:4

**14:2** ഈ വാക്യത്തിൽ പരാമർശിച്ചിരിക്കുന്ന ഭക്ഷണക്രമം മതപരമായ ലക്ഷ്യങ്ങൾക്കു വേണ്ടിയുള്ളതാണ്. അല്ലാതെ ആരോഗ്യത്തിന് വേണ്ടിയുള്ളതല്ല. ഈ ഭക്ഷണപ്രശ്നം ഉയർന്നിരുന്നത് സാധ്യമായ രണ്ട് ഉറവിടങ്ങളിൽ നിന്നുമാണ്. (1) യെഹൂദ്യ ഭക്ഷണനിയമങ്ങൾ (ലേവ്യ. 11) അഥവാ (2) ജാതീയമത വിഗ്രഹങ്ങൾക്ക് ബലി കഴിച്ചിരുന്ന മാംസം (1 കൊരി. 8-10). ഒരു വ്യക്തിയെ മലിനമാക്കുന്നത് ഭക്ഷണമല്ലെന്ന് യേശു വ്യക്തമായി പഠിപ്പിച്ചു (മത്താ. 15:10-20; മർക്കൊ. 7:14-23). അപ്പൊ. പ്രവൃ. 10 ലെ കൊർന്നല്യോസിനോടനുബന്ധിച്ചുള്ള പത്രൊസിന്റെ ദർശനത്തിന്റെ വിവരണത്തിൽ ഈ സത്യം വിവരിച്ചിട്ടുണ്ട്.

**14:3 "തിന്നുന്നവൻ തിന്നാത്തവനെ വിധിക്കരുത്"** "വിധിക്കരുത്" എന്നത് നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്ന് അർത്ഥമുള്ള നെഗറ്റീവ്പാർട്ടിക്കിളിനോടൊപ്പമുള്ള *എഡ്സുതെനെയോ* (***εζυθενεω***) യുടെ ഒരു വർത്തമാനകാല കർത്തരി വിധിരൂപമാണ്. "വിധിക്കുക" (കുറ്റം വിധിക്കുക) എന്നാൽ ആക്ഷരികമായി "വെളിച്ചത്താക്കുക," "വിധിക്കുക," അഥവാ "വിലകെട്ടതായി എണ്ണുക" എന്നാണ് (14:10; ലൂക്കൊ. 18:9; 1 കൊരി. 6:4; 16:11; 2 കൊരി. 10:10; ഗലാ. 4:14; 1 തെസ്സ. 5:20). വിശ്വാസികൾ തീർച്ചയായും സ്വയ-നീതിക്കെതിരായി തങ്ങളെ ത്തന്നെ സൂക്ഷിക്കണം. വിശ്വാസത്തിൽ ശക്തരായവർ വിശ്വാസത്തിൽ ബലഹീനരായവരെ വിധിക്കരുത്.

▣ **"വിധിക്കുക"** ഇത് നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്നർത്ഥം വരുന്ന നെഗറ്റീവ് ഘടക ത്തോടുകൂടിയ ഒരു വർത്തമാനകാല കർത്തരി വിധിരൂപമാണ്. വിശ്വാസത്തിൽ ബലഹീനരായവർ തീർച്ചയായും തങ്ങളോട് വിയോജിക്കുന്ന സഹോദരന്മാരുടെയോ സഹോദരിമാരുടെയോ പ്രവൃത്തികളെ വിധിക്കുന്നത് നിർത്തണം.

▣ **"ദൈവം അവനെ കൈക്കൊണ്ടിരിക്കുന്നുവല്ലോ"** ഇത് ഒരു ഭൂതകാല മധ്യ സൂചകമാണ്. വാക്യം 1 ൽ ഇതേ പദം "സ്വീകരിക്കുക" എന്ന് തർജ്ജമ ചെയ്തിരിക്കുന്നു. വിശ്വാസികൾ അന്യോന്യം സ്വീകരിക്കുന്നതിനുള്ള അടിസ്ഥാനം ദൈവം ക്രിസ്തുവിലൂടെ അവരെ സ്വീകരിച്ചിരിക്കുന്നുവെന്നുള്ളതാണ് (15:7). ഈ പശ്ചാത്തലത്തിൽ വാ. 3 നേരിട്ട് സംസാരിക്കുന്നത് വിശ്വാസത്തിൽ ബലഹീനരായ അധികം നിഷ്കർഷയുള്ള വിശ്വാസികളോടാണ്.

**14:4 "ദാസൻ"** ഇത് *ഓയിക്കോസ്* (**οικος**) എന്ന പദത്തിൽ നിന്നും രൂപപ്പെട്ട *ഓയിക്കെറ്റിസ്* (**οικετης**) എന്ന പദമാണ്. *ഓയിക്കോസ്* (**οικος**) എന്നതിനർത്ഥം "വീട്" എന്നാണ്. അതുകൊണ്ട് ഇത് ഒരു വീട്ടിലെ അടിമ അഥവാ ദാസനാണ് (ലൂക്കൊ. 16:13; പ്രവൃ. 10:7; റോമ. 14:14; 1 പത്രൊ. 2:18). സെപ്റ്റ്വജിന്റിൽ ഇത് ഈ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു (ഉല്പ. 9:25; 27:37; 44:16,33; 50:18). ഇത് പുതിയനിയമത്തിൽ അടിമകളെ സൂചിപ്പിക്കാൻ മുഖ്യമായി ഉപയോഗിക്കുന്ന *ഡ്യൂലോസ്* (**δυλος**) എന്ന പദമല്ല. ഇത് വീട്ടിലെ ദാസന്മാരെയും അടിമകളെയും സൂചിപ്പിക്കുന്നു.

പൗലൊസിന്റെ ഇവിടുത്തെ വാദം ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ ഒരു അടിമയോ ദാസനോ ആണെന്നാണ്. അവനാണ് അവരുടെ "കർത്താവ്" മാത്രമല്ല അവൻ, അവൻ മാത്രം, അവരെ ഉപദേശിക്കുകയും അവരെ അവരുടെ പ്രവൃത്തികൾക്കും ലക്ഷ്യങ്ങൾക്കും ഉത്തരവാദികളായി നിർത്തുകയും ചെയ്യും (ഒ.നോ. 2 കൊരി. 5:10).

▣ **"അവൻ നിൽക്കുന്നതോ വീഴുന്നതോ സ്വന്ത യജമാനനത്രെ"** ഈ പശ്ചാത്തലത്തിൽ പൗലൊസ് അഭിസംബോധന ചെയ്യുന്നത് അധികം നിഷ്കർഷയുള്ളവരെയാണ്. എന്നാൽ പ്രസ്താവന വ്യക്തമായും ഇരു ഭാഗങ്ങളെയും സൂചിപ്പിക്കുന്നു. വിശ്വാസികൾ അവരുടെ സ്വന്തകണ്ണുകളിൽ നിന്നു തന്നെ കോലെടുക്കുന്നതായിരിക്കും അധികം നല്ലത് (ഒ.നോ. മത്താ. 7:1-15).

▣ **"അവൻ നിൽക്കും താനും; അവനെ നിൽക്കുമാറാക്കുവാൻ കർത്താവിനു കഴിയുമല്ലോ"** ഇത് ആത്ഭുതകരമായ ഒരു വാഗ്ദത്തമായിരുന്നു (ഒ.നോ. 5:1-2; യൂദാ 24-25). ഇതിൽ ഓരോ വിശ്വാസിയുടെയും സഹകരണവും ഉൾപ്പെടുന്നു (ഒ.നോ. 1 കൊരി. 15:1-2). 5:2 ലെ പ്രത്യേക പഠനവിഷയം: നില്പ് കാണുക.

ഈ വിഷയത്തിൽ ഗ്രീക്ക് കൈയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്. NKJV ഉപയോഗിക്കുന്ന വലിയക്ഷര കയ്യെഴുത്തു പ്രതികളായ D, F, G, 048, 0150 അതുപോലെ തന്നെ വൾഗേറ്റിലും "ദൈവം" *(തെയോസ്)* ആണുള്ളത്, എന്നാൽ കയ്യെഴുത്തു പ്രതികളായ $P^{46}$, ℵ, B, C, D എന്നിവയിൽ "കർത്താവ്" *(കുറിയോസ്)* എന്നാണുള്ളത്. "കർത്താവ്" എന്നതിന് $UBS^4$ "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു

## റോമർ 14:5-9

**[5]ഒരുവൻ ഒരു ദിവസത്തെക്കാൾ മറ്റൊരു ദിവസത്തെ മാനിക്കുന്നു; വേറൊരുവൻ സകല ദിവസങ്ങളെയും മാനിക്കുന്നു; ഓരോരുത്തൻ താന്താന്റെ മനസ്സിൽ ഉറെച്ചിരിക്കട്ടെ. [6]ദിവസത്തെ ആദരിക്കുന്നവൻ കർത്താവിന്നായി ആദരിക്കുന്നു; തിന്നുന്നവൻ കർത്താവിന്നായി തിന്നുന്നു; അവൻ ദൈവത്തെ സ്തുതിക്കുന്നുവല്ലോ; തിന്നാത്തവൻ കർത്താവിന്നായി തിന്നാതിരിക്കുന്നു; അവനും ദൈവത്തെ സ്തുതിക്കുന്നു. [7]നമ്മിൽ ആരും തനിക്കായി തന്നേ ജീവിക്കുന്നില്ല; ആരും തനിക്കായി തന്നേ മരിക്കുന്നതുമില്ല. [8]ജീവിക്കുന്നു എങ്കിൽ നാം കർത്താവിന്നായി ജീവിക്കുന്നു; മരിക്കുന്നു എങ്കിൽ കർത്താവിന്നായി മരിക്കുന്നു; അതുകൊണ്ടു ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം കർത്താവിന്നുള്ളവർ തന്നേ.**

**14:5 "ഒരുവൻ ഒരു ദിവസത്തെക്കാൾ മറ്റൊരു ദിവസത്തെ മാനിക്കുന്നു."** ചില ആളുകൾ ഇന്നും മതവിശ്വാസത്തെ സംബന്ധിച്ച് കലണ്ടർ ബോധമുള്ളവരാണ് (അതായത് ചില ദിവസങ്ങൾ അഥവാ വാർഷിക സംഭവങ്ങൾ, ഗലാ. 4:10; കൊലൊ. 2:16-17). എല്ലാ ദിവസവും തുല്യമായി ദൈവത്തിനുള്ളതാണ്. ഒരു സവിശേഷ ദിവസങ്ങളും ഇല്ല. "മതനിരപേക്ഷമായതും" വിശുദ്ധമായതും" ഇല്ല. എല്ലാം വിശുദ്ധമാണ്.

▣ **"ഓരോരുത്തൻ താന്താന്റെ മനസ്സിൽ ഉറച്ചിരിക്കട്ടെ"** ഇത് ഒരു വർത്തമാനകാല കർമ്മണി വിധിരൂപമാണ്. ഈ മേഖലയിലെ സമാധാനത്തിന്റെ താക്കോൽ ഇതാണ്. വിശ്വാസികളുടെ വ്യക്തിപരമായ ബോധ്യങ്ങളാണ് അവരുടെ പ്രവൃത്തികളുടെ മുൻഗണന (വാ. 23). എന്നാൽ മറ്റെല്ലാ വിശ്വാസികൾക്കുമല്ല. ദൈവം ജീവിക്കുന്നത് ഒരു ദൈവശാസ്ത്ര പെട്ടിയിലുമല്ല, എന്റെ ദൈവശാസ്ത്രം ദൈവത്തിന്റേതായിരിക്കണമെന്നില്ല.

**14:6 "കർത്താവിനായി"** ഈ കർമ്മ വിഭക്തിയുടെ ശൈലി വാ. 6ൽ രണ്ടു തവണയും വാ. 8 ൽ രണ്ടു തവണയും ഉപയോഗിച്ചിരിക്കുന്നു. നിർവ്യാജ വിശ്വാസികളുടെ ജീവിതശൈലിയുടെ എല്ലാ തെരഞ്ഞെടുപ്പും "ദൈവത്തിനായി" ആയിരിക്കണം (എഫെ. 6:7; കൊലൊ. 3:23). അല്ലാതെ വെറും വ്യക്തിപരമായ താല്പര്യങ്ങളും സഭാവിഭാഗപരവും കുടുംബപരവുമായ പാരമ്പര്യങ്ങളും അല്ലെങ്കിൽ അഭിപ്രായങ്ങളും ആയിരിക്കരുത്!

**14:7 "നമ്മിൽ ആരും തനിക്കായി തന്നെ ജീവിക്കുന്നില്ല"** ഒരു ക്രിസ്ത്യാനിയും തീർത്തും വേറിട്ടു നിൽക്കുന്ന ഒരുവനല്ല. ക്രിസ്ത്യാനികൾ ഒന്നാമതായും പ്രധാനമായും ക്രിസ്തുവിനായി ജീവിക്കുന്നു (വാ. 8). വിശ്വാസികളുടെ പ്രവൃത്തികൾ മറ്റുള്ളവരെ ബാധിക്കുന്നു. അവർ മഹത്തായ ഒരു ആത്മീയ കുടുംബത്തിന്റെ ഭാഗമാണ്.

അതുകൊണ്ട് അവർ തീർച്ചയായും അവരുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തെ സ്നേഹത്തിൽ പരിമിതപ്പെടുത്തണം (1 കൊരി. 10:24,27-33). അവർ തീർച്ചയായും മറ്റുള്ളവരെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിലേക്ക് വളരുവാൻ അനുവദിക്കണം. നിയമവാദം ദൈവികമല്ലാത്ത സ്വയനീതിയിലേക്ക് നയിക്കുന്നു. യേശുവിന്റെ ഏറ്റവും പുരുഷമായ വാക്കുകളും കുറ്റപ്പെടുത്തലുകളും സ്വയനീതിക്കാരായ പരീശന്മാർക്കു നേരെയായിരുന്നു.

**14:8 "എങ്കിൽ... എങ്കിൽ"** സാധ്യമായ ഭാവികാല പ്രവൃത്തിയെ അർത്ഥമാക്കുന്ന രണ്ട് മൂന്നാംതര സോപാധിക വാചകങ്ങളാണ് ഇവ. വിശ്വാസികൾ സംഭവ്യമായ വരുവാനുള്ള എല്ലാറ്റിലും കർത്താവിനെ സേവിക്കുന്നു.

**14:9 "മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവ്"** ഇത് ഈ പദങ്ങളുടെ അസാധാരണമായ ക്രമീകരണമാണ്. അവയുടെ ക്രമം യേശുവിന്റെ മരണത്തെയും പുനരുത്ഥാനത്തെയും പ്രതിഫലിപ്പിക്കുന്നതാകാം. ഇപ്പോൾ അവൻ രണ്ടു മണ്ഡലങ്ങളുടെയും പരമാധികാരിയാണ്.

ഈ സത്യം, വിശ്വാസികൾ എന്തുകൊണ്ട് തങ്ങൾക്കു വേണ്ടി ജീവിക്കരുത് പിന്നെയോ മറ്റുള്ളവർക്കുവേണ്ടിയും ജീവിക്കണം എന്നതിന്റെ ദൈവശാസ്ത്ര കാരണത്തെ രൂപപ്പെടുത്തുന്നു. അവർ അവർക്കുള്ളവരല്ല, അവർ ഒരു വിലയാൽ വാങ്ങപ്പെട്ടിരിക്കുന്നു. അവർ തങ്ങളുടെ പാപങ്ങൾക്കായി മരിച്ച യേശുവിന്റെ ദാസന്മാരാണ്. ആകയാൽ അവർ ഇനി ദാസന്മാരായിരിക്കുന്നത് പാപത്തിനല്ല ദൈവത്തിനത്രെ (റോമ. 6). വിശ്വാസികൾ തങ്ങളുടെ സ്വയ-കേന്ദ്രീകൃത ആഗ്രഹങ്ങളെ മരിപ്പിച്ചുകൊണ്ട് യേശുവിന്റെ സ്നേഹസേവന ജീവിതത്തെ അനുകരിച്ച് ആജീവനാന്ത സേവനം നടത്തണം (2 കൊരി. 5:14-15; ഗലാ. 2:20; യോഹ. 3:16).

### റോമർ 14:10-12

**[10]എന്നാൽ നീ സഹോദരനെ വിധിക്കുന്നതു എന്തു? അല്ല, നീ സഹോദരനെ ധിക്കരിക്കുന്നതു എന്തു? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്നു മുമ്പാകെ നില്ക്കേണ്ടിവരും. [11]"എന്നാണ എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും, എല്ലാനാവും ദൈവത്തെ സ്തുതിക്കും എന്നു കർത്താവു അരുളിച്ചെയ്യുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലോ. [12]ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും.**

**14:10 "എന്നാൽ നീ"** ഇത് ഊന്നലിനായി ആദ്യം ചേർത്തിരിക്കുന്നു.

▣ വാ. 10 ലെ രണ്ടു ചോദ്യങ്ങൾ വാ. 1-12 ന്റെ ശ്രദ്ധാകേന്ദ്രമാണ്. വാ. 3 ൽ പരാമർശിച്ചിരിക്കുന്ന രണ്ടു കൂട്ടരെ വീണ്ടും വിരുദ്ധഗമത്തിൽ പെടുത്തിയിരിക്കുന്നു. ഒരു കൂട്ടർ "വിധിക്കുന്നു," മറ്റേ കൂട്ടർ "ധിക്കരിക്കുന്നു." രണ്ടു മനോഭാവങ്ങളും "ദാസന്മാർക്കു" യോജിച്ചതല്ല! അവരുടെ യജമാനനായ യേശുക്രിസ്തു മാത്രമാണ് "വിധിക്കുവാനും" "ധിക്കരിക്കുവാനും" യോഗ്യതയുള്ളവൻ. വിശ്വാസികൾ ന്യായംവിധിക്കുന്നവരാകുന്നത് (1) ദൈവത്തിന്റെ പദവിയെ കവർന്നെടുക്കുന്നതും (2) പ്രാഥമികമായതും അപൂർണ്ണവും ആണ്.

▣ **"നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടി വരും"** ഇതേ സത്യം തന്നെ 2 കൊരി. 5:10 ൽ പ്രകടിപ്പിച്ചിരിക്കുന്നു. തങ്ങൾ എങ്ങനെയാണ് പരസ്പരം പെരുമാറിയതെന്ന് വിശ്വാസികൾ കർത്താവിനോട് വിശദീകരിക്കേണ്ടിവരും. ദൈവിക ന്യായാധിപനായി യേശു പ്രവർത്തിക്കും (മത്താ. 25:31-46).

NKJV ൽ "ക്രിസ്തുവിന്റെ ന്യായാസനം" എന്നാണ്. KJV യെ പിൻതാങ്ങുന്ന ഗ്രീക്ക് കയ്യെഴുത്തു പ്രതികളാണ് പുരാതന ഗ്രീക്ക് വലിയക്ഷര കൈയ്യെഴുത്തു പ്രതികളായ $\aleph^2$, $C^2$. കയ്യെഴുത്തു പ്രതികൾ ℵ, B, C, D, F എന്നിവയിൽ *തെയോസ്* എന്നാണ്. 2 കൊരി. 5:10 നോട് യോജിച്ചുപോകുന്നതിനായി പകർപ്പെഴുത്തുകാർ ഗ്രീക്ക് മൂലവാക്യത്തെ മാറ്റിയതാകാൻ സാധ്യതയുണ്ട്. ക്രിസ്തുവിനെ സംബന്ധിച്ചുള്ള ആദിമ വീക്ഷണമായ "അഡോപ്ഷനിസ"ത്തെ എതിർക്കുന്നതായി പകർപ്പെഴുത്തുകാർ ഈ വാക്യത്തെ മാറ്റിയതായിരിക്കാനും സാധ്യതയുണ്ട്. മൂലവാക്യത്തെ കൂടുതൽ യാഥാസ്ഥിതികമാക്കി തീർക്കാൻ നിർമ്മിക്കപ്പെട്ടിരിക്കുന്നതായ നിരവധി മൂലഗ്രന്ഥാനുസാരമായ വ്യത്യസ്തകൾ കാണപ്പെടുന്നുണ്ട് (ബാർട്ട് ഡി. എഹ്ർമാന്റെ *ദി ഓർത്തഡോക്സ് കറപ്ഷൻ ഓഫ് സ്ക്രിപ്ച്ചർ, 1993 ൽ* ഓക്സ്ഫോർഡ് യുണിവേഴ്സിറ്റി പ്രസ്സ് പ്രസിദ്ധീകരിച്ചത്, പേജ് 90-91). തെയോസ്ന് $UBS^4$ "B"റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു.

**14:11 "എന്നു എഴുതിയിരിക്കുന്നുവല്ലോ"** ഇത് ഒരു വർത്തമാനകാല കർമ്മിണി സൂചകമാണ്. പഴയ നിയമത്തിലെ ദൈവശ്വാസീയ ഉദ്ധരണികളെ വിവരിക്കുന്നതിനുപയോഗിച്ചിരുന്ന ഒരു സവിശേഷമായ എബ്രായ ഭാഷാ ശൈലിയായിരുന്നു ഇത്. ഇത് ഫിലി. 2:10-11 ഭാഗത്തും ഉദ്ധരിച്ചിരിക്കുന്ന യെശ. 45:23 ന്റെ ഒരു പരോക്ഷ സൂചനയാണ്.

▣ **"എന്നാണ"** ഇത് ദൈവത്തിന്റെ ഉടമ്പടി നാമമായ യഹോവ എന്നതിന്മേലുള്ള ഒരു ആണയാണ്. യഹോവ എന്നത് "ആയിരിക്കുക" എന്ന എബ്രായ ക്രിയയുടെ ഒരു രൂപമാണ് (പുറ. 3:14). അവൻ എന്നെന്നേക്കും ജീവിക്കുന്ന ഒരേയൊരു ജീവനുള്ള ദൈവമാണ്. അതുകൊണ്ട് അവൻ അവന്റെ അസ്ഥിത്വത്തെ ചൊല്ലിത്തന്നെ ആണയിടുന്നു. 9:29 ലെ പ്രത്യേക പഠനവിഷയം: ദൈവത്തിനുള്ള പേരുകൾ കാണുക.

**14:12 "ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും"** ക്രിസ്ത്യാനികൾ ന്യായം വിധിക്കപ്പെടും (2 കൊരി. 5:10). വിമർശകരായ സഹോദരങ്ങൾ അതിന്റെ ഭാഗമായിരിക്കുകയും

ചെയ്യും. ചില പുരാതന ഗ്രീക്ക് കൈയ്യെഴുത്തു പ്രതികൾ "ദൈവത്തോടു" എന്നത് ഒഴിവാക്കുന്നു. പശ്ചാത്തല ത്താൽ ഇത് സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ വ്യത്യസ്തത, വാ. 10 ലെ വ്യത്യസ്തതകളുടെ സ്വാധീനത്താലാകാം. ഇതിന്റെ ഉൾപ്പെടുത്തലിന് (കയ്യെഴുത്തു പ്രതികൾ ℵ, A, C , D എന്നിവ) UBS[4] "C"റേറ്റിംഗ് (തീരുമാനിക്കാൻ പ്രയാസം) നൽകുന്നു.

# റോമർ 14:13–23 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ക്രിസ്ത്യാനികൾ അന്യോന്യം എങ്ങനെ പെരുമാറണം എന്ന വിഷയം വാ. 1–12 ൽ തുടങ്ങുന്നു. അവർക്ക് എല്ലാ തരത്തിലുമുള്ള ക്രിസ്ത്യാനികളെ സ്വീകരിക്കേണ്ടതുണ്ട് എന്ന സത്യത്തിൽ അധിഷ്ഠിതമാണിത്. എന്തുകൊണ്ടെന്നാൽ അവരുടെ ഒരേയൊരു യജമാനനായ ക്രിസ്തു ഇരുവിഭാഗങ്ങളെയും പൂർണ്ണമായി സ്വീകരിക്കുന്നു. മിക്കപ്പോഴും തങ്ങളുടെ ഭൂതകാലം, വ്യക്തിത്വ ഇനം, മാതാപിതാക്കൾ, വ്യക്തിപരമായ താല്പര്യങ്ങൾ, അനുഭവങ്ങൾ മുതലായവ നിമിത്തം ചില ആത്മീയ കാര്യങ്ങൾ ഒരു വിഭാഗത്തിന് സവി ശേഷതയുള്ളതായിരിക്കും, എന്നാൽ അവ ദൈവത്തിന് സവിശേഷതയുള്ളവയല്ല.

B. ക്രിസ്തീയ സ്വാതന്ത്ര്യത്തെയും ഉത്തരവാദിത്തത്തെയും സംബന്ധിക്കുന്ന ചർച്ചയുള്ള രണ്ടാമത്തെ ഭാഗം ഈ വിഷയത്തെ മറ്റൊരു വീക്ഷണകോണിൽ നിന്നും പുരോഗമിപ്പിക്കുന്നു. ഈ വാക്യങ്ങളിൽ വിശ്വാസി യുടെ ക്രിസ്തുവിൽ ദൈവത്തോടുള്ള സ്നേഹമാണ് അവനെയോ അവളെയോ സഹക്രിസ്ത്യാനികളെ സ്നേഹിക്കുന്നതിന് ഉത്തേജിപ്പിക്കുന്നത്. യേശു വിശ്വാസികൾക്കുവേണ്ടി ജീവൻ വച്ചുകളഞ്ഞതുപോലെ അവരും അവരുടെ സ്വാതന്ത്ര്യം ആർക്കുവേണ്ടി ക്രിസ്തു മരിച്ചോ അവർക്കു വേണ്ടി (മറ്റ് വിശ്വാസികൾക്ക് വേണ്ടി) വെച്ചു കളയണം (2 കൊരി. 5:13; 1 യോഹ. 3:16). ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന ലക്ഷ്യ മെന്ന നിലയിൽ സ്നേഹത്തിന്മേലുള്ള ഊന്നൽ കൊടുക്കൽ 13:8–10 ലെ അവിശ്വാസികളോടുള്ള ബന്ധ ങ്ങളിലും കാണപ്പെടുന്നു.

C. ഭൗതിക ലോകത്തിലുള്ള എല്ലാ കാര്യങ്ങളും ശുദ്ധമാണെന്ന സത്യം അംഗീകരിക്കുവാൻ ചില ക്രിസ്ത്യാ നികൾക്ക് വളരെ ബുദ്ധിമുട്ടാണ്. മിക്കപ്പോഴും വിശ്വാസികൾ പോലും പാപത്തിന്റെ കുറ്റം തങ്ങൾക്കു പകരം കാര്യങ്ങളിന്മേൽ വയ്ക്കുന്നു (അതായത് മദ്യ പിശാച്). സകലതും ശുദ്ധമാണെന്നാണ് പൗലൊസ് ആവർത്തിച്ച് സ്ഥാപിക്കുന്നത് (14:14,20; 1 കൊരി. 6:12; 10:25–26; 1 തിമൊ. 4:4; തീത്തൊ. 1:15). ഭക്ഷണത്തെ സംബന്ധിച്ചുള്ള മർക്കൊ. 7:18–23 ലെ യേശുവിന്റെ പഠിപ്പിക്കലുകളുടെ തുടർച്ചയാണ് തന്റെ പ്രസ്താ വനകൾ. പ്രവൃ. 10:15 ൽ ശുദ്ധവും അശുദ്ധവുമായ ഭക്ഷണത്തെ കൊർന്നല്യൊസിനെ ദൈവം സ്വീകരി ക്കുന്നതിന്റെ ഒരു വിവരണം പത്രൊസിനു നൽകുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത്.

D. ഈ ഭാഗം പ്രാഥമികമായും അഭിസംബോധന ചെയ്തിരിക്കുന്നത് ഒരു "ശക്തനായ സഹോദരനെ" യാണ്. "എല്ലാം ശുദ്ധമാണ്" എന്ന പ്രസ്താവനയുടെ പകുതി സത്യത്തെ പൗലൊസ് സമ്മതിച്ചുകൊടുക്കുന്നു, എന്നാൽ എല്ലാ കാര്യങ്ങളും ദൈവത്തിന്റെ കുടുംബത്തെ പണിയുകയോ ആത്മിയോന്നതി വരുത്തുകയോ ചെയ്യുന്നില്ല എന്ന് കൂട്ടിച്ചേർക്കുന്നു (1 കൊരി. 6:12; 10:23). ശക്തരായ സഹോദരന്മാരുടെ സ്വാതന്ത്ര്യം മറ്റ് വിശ്വാസികൾക്ക് നാശകാരണമാകാം. ക്രിസ്തുവിലൂടെയും ക്രിസ്തുവിന് വേണ്ടിയും തങ്ങളുടെ കൂട്ടുവി ശ്വാസികളുടെ സൂക്ഷിപ്പുകാരാണ് വിശ്വാസികൾ.

E. "ബലഹീനനായ സഹോദരൻ" ഒരു "ശക്തനായ സാഹോദര" നാകുന്നതിനുള്ള ഒരു ആത്മിയ പ്രക്രിയ യിലാണെന്ന് പൗലൊസ് സ്ഥാപിക്കുകയോ സൂചിപ്പിക്കുകയോ ചെയ്യുന്നില്ല എന്നതും വളരെ രസകരമാ ണ്. ഈ ചർച്ച മുഴുവനും അഭിസംബോധന ചെയ്യുന്നത് കൃപയിൽ വളരുന്നതിനെയല്ല, പിന്നെയോ വ്യത്യ സ്തങ്ങളായ ക്രിസ്തീയ ധാരണകളുടെ മധ്യത്തിലുള്ള സ്നേഹത്തിന്റെ മുൻഗണനയാണ്. "ശരിയോ" "തെറ്റോ" എന്നതിലുപരി ഈ ഗ്രൂപ്പുകളിലൊന്നിൽ ഉള്ള വിശ്വാസികളുടെ ഉൾപ്പെടൽ അടിസ്ഥാനപ്പെട്ടിരി ക്കുന്നത് അധികവും വ്യക്തിത്വ ഇനത്തിലും മതപരമായ പരിശീലനത്തിലും വ്യക്തിപരമായ അനുഭവങ്ങ ളിലുമാണ്. വിശ്വാസിയുടെ ജോലി മറ്റുള്ളവരെ വ്യത്യാസപ്പെടുത്തുക എന്നുള്ളതല്ല പിന്നെയോ മറ്റെ വി ഭാഗത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നതാണ്. ഇത് മനസ്സിന്റെയല്ല, ഹൃദയ ത്തിന്റെ ഒരു പ്രശ്നമാണ്. ദൈവം എല്ലാ മനുഷ്യവർഗ്ഗത്തെയും സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യുകയും തന്റെ പുത്രനെ ഇരുവിഭാഗങ്ങൾക്കും വേണ്ടി തരികയും ചെയ്തു.

# പദ, ശൈലീ പഠനം

**റോമർ 14:13–23**

**[13]അതുകൊണ്ടു നാം ഇനി അന്യോന്യം വിധിക്കരുതു; സഹോദരന്നു ഇടർച്ചയോ തടങ്ങലോ വെക്കാതിരിപ്പാൻ മാത്രം ഉറെച്ചുകൊൾവിൻ. [14]യാതൊന്നും സ്വതവെ മലിനമല്ല എന്നു ഞാൻ കർത്താ വായ യേശുവിൽ അറിഞ്ഞും ഉറെച്ചുമിരിക്കുന്നു. വല്ലതും മലിനം എന്നു എണ്ണുന്നവന്നു മാത്രം അതു മലിനം ആകുന്നു. [15]നിന്റെ ഭക്ഷണം നിമിത്തം സഹോദരനെ വ്യസനിപ്പിച്ചാൽ നീ സ്നേഹപ്രകാരം നടക്കുന്നില്ല. ആർക്കു വേണ്ടി ക്രിസ്തു മരിച്ചുവോ അവനെ നിന്റെ ഭക്ഷണംകൊണ്ടു നശിപ്പിക്കരുതു.**

**[16]നിങ്ങളുടെ നന്മെക്കു ദൂഷണം വരുത്തരുതു. [17]ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ. [18]അതിൽ ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനും മനുഷ്യർക്കു കൊള്ളാവുന്നവനും തന്നേ. [19]ആകയാൽ നാം സമാധാനത്തിന്നും അന്യോന്യം ആത്മിക വർദ്ധനെക്കും ഉള്ളതിന്നു ശ്രമിച്ചുകൊൾക. [20]ഭക്ഷണംനിമിത്തം ദൈവനിർമ്മാണത്തെ അഴിക്കരുതു. എല്ലാം ശുദ്ധം തന്നേ; എങ്കിലും ഇടർച്ച വരുത്തുമാറു തിന്നുന്ന മനുഷ്യന്നു അതു ദോഷമത്രേ. [21]മാംസം തിന്നാതെയും വീഞ്ഞു കുടിക്കാതെയും സഹോദരന്നു ഇടർച്ച വരുത്തുന്ന യാതൊന്നും ചെയ്യാതെയും ഇരിക്കുന്നതു നല്ലതു. [22]നിനക്കുള്ള വിശ്വാസം ദൈവസന്നിധിയിൽ നിനക്കു തന്നേ ഇരിക്കട്ടെ; താൻ സ്വീകരിക്കുന്നതിൽ തന്നെത്താൻ വിധിക്കാത്തവൻ ഭാഗ്യവാൻ. [23]എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അതു വിശ്വാസത്തിൽനിന്നു ഉത്ഭവിക്കായ്കകൊണ്ടു അവൻ കുറ്റക്കാരനായിരിക്കുന്നു. വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ.**

**14:13 "നാം ഇനി അന്യോന്യം വിധിക്കരുത്"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ ഒരു വർത്തമാനകാല കർത്തരി അനുബന്ധമാണിത്. ഇത് ഒരു മുന്നറിയിപ്പല്ല, പിന്നെയോ നിരോധനമാണ്. ഇതിന് വാ. 16 നോട് വളരെ സാമ്യമുണ്ട്. വാ. 1–12 ൽ "വിധിക്കുക" എന്ന പദം പൗലൊസ് 5 തവണ നേരത്തെ ഉപയോഗിച്ചിട്ടുണ്ട്. മാത്രമല്ല ഇപ്പോൾ വാ. 13–23 ൽ നാലുതവണ കൂടെ ഉപയോഗിച്ചിരിക്കുന്നു.

## പ്രത്യേക പഠനവിഷയം: വിശ്വാസികൾ അന്യോന്യം വിധിക്കണമോ?

രണ്ടു വിധത്തിൽ ഈ വിഷയം കൈകാര്യം ചെയ്യാം

1. വിശ്വാസികൾ അന്യോന്യം വിധിക്കരുത് എന്ന് ആഹ്വാനം ചെയ്തിരിക്കുന്നു (ഒ.നോ. മത്താ. 7:1–5; ലൂക്കൊ. 6:37,42; റോമ. 2:1–11; യാക്കോ. 4:11–12)
2. വിശ്വാസികൾ നേതൃത്വത്തെ വിലയിരുത്താൻ ആഹ്വാനം ചെയ്തിരിക്കുന്നു (ഒ.നോ. മത്താ. 7:6,15–16; 1 കൊരി. 14:29; 1 തെസ്സ. 5:21; 1 തിമൊ. 3:1–13; 1 യോഹ. 4:1–6)

ശരിയായ വിലയിരുത്തലിനുള്ള ചില മാനദണ്ഡങ്ങൾ സഹായകരമായിരിക്കും.

1. വിലയിരുത്തൽ സ്ഥിരീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ ആയിരിക്കണം (ഒ.നോ. 1 യോഹ. 4:1– അംഗീകരിക്കുക എന്ന വീക്ഷണത്തിലുള്ള "പരിശോധന")
2. വിലയിരുത്തൽ താഴ്മയോടെയും സൗമ്യതയോടെയും ആയിരിക്കണം (ഒ.നോ. ഗലാ. 6:1)
3. വിലയിരുത്തൽ വ്യക്തിത്വ മുൻഗണനാ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ആയിരിക്കരുത് (ഒ.നോ. റോമ. 14:1–23; 1 കൊരി. 8:1–13; 10:23–33)
4. വിലയിരുത്തൽ സഭയിൽ നിന്നോ സമൂഹത്തിൽ നിന്നോ ഉള്ള 'അപവാദത്തിനു കാരണമില്ലാത്ത' നേതാക്കളെ തിരിച്ചറിയുന്നതായിരിക്കേണം (ഒ.നോ. 1 തിമൊ. 3)

▣ **"സഹോദരനു ഇടർച്ചയോ തടങ്ങലോ വെയ്ക്കാതിരിപ്പാൻ"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ ഒരു വർത്തമാനകാല കർത്തരി കേവലക്രിയയാണിത്. വാ. 21 ലും 1 കൊരി. 8:9 ലും ഇതേ സത്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

വഴി മധ്യേയുള്ള ഇടറുവാനിടയാക്കുന്ന ഏതോ ഒന്നിനെയാണ് "തടങ്ങൽ" സൂചിപ്പിക്കുന്നത്. "ഇടർച്ചക്കല്ല്" ആക്ഷരികമായി സൂചിപ്പിക്കുന്നത് ചൂണ്ടൽ ഘടിപ്പിച്ചിട്ടുള്ള, ഒരു തോക്കിന്റെ കാഞ്ചിപോലുള്ള, മൃഗത്തെ കുടുക്കുന്നതിനുള്ള ഉപകരണത്തെയാണ്.

ക്രിസ്ത്യാനിത്വത്തിന് ഏകോപിപ്പിച്ചുള്ള ഒരു ഘടകമുണ്ട്. നാം നമ്മുടെ കൂട്ടുവിശ്വാസികളുടെ സംരക്ഷകരും പ്രോത്സാഹകരും സ്നേഹിതരുമാണ്. വിശ്വാസമാണ് കുടുംബം!

**14:14 "യാതൊന്നും സ്വതവേ മലിനമല്ല എന്നു"** ഇതേ സത്യം പ്രവൃ. 10:9–16 ൽ വിവരിച്ചിട്ടുണ്ട്. വസ്തുക്കൾ ഒന്നും തിന്മയല്ല, ആളുകളാണ് തിന്മ. സൃഷ്ടിയിൽ ഒന്നും അതിലും അതിൽതന്നെയും തിന്മയായിരുന്നില്ല (വാ. 20; മർക്കൊ. 7:18–23; 1 കൊരി. 10:25–26; 1 തിമൊ. 4:4; തീത്തൊ. 1:15).

▣

**NASB** **"ഞാൻ കർത്താവായ യേശുവിൽ അറിഞ്ഞും ഉറച്ചുമിരിക്കുന്നു"**
**NKJV** **"ഞാൻ കർത്താവായ യേശുവിനാൽ അറിഞ്ഞും ഉറച്ചുമിരിക്കുന്നു"**
**NRSV** **"ഞാൻ അറിയുകയും കർത്താവായ യേശുവിൽ പ്രേരിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു"**
**TEV** **"കർത്താവായ യേശുവിനോടുള്ള എന്റെ ഐക്യത എന്നെ ഉറപ്പുള്ളവനാക്കുന്നു"**
**NJB** **"ഞാൻ ഇപ്പോൾ പൂർണ്ണമായും നന്നായി അറിയുന്നു. മാത്രമല്ല തീർച്ചയായും ഞാൻ കർത്താവായ**

**യേശുവിനു വേണ്ടി സംസാരിക്കുന്നു"**

ഇത് പൂർണ്ണ കർമ്മിണി സൂചകത്തോടൊപ്പം ഒരു വർത്തമാന കാലത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന *ഓയിഡ* (*οιδα*) യുടെ ഒരു പൂർണ്ണ കർത്തരി രൂപമാണ്. ആക്ഷരികമായി ഇതിനർത്ഥം "ഞാൻ അറിഞ്ഞുകൊണ്ടേയിരിക്കുന്നു, ഉറപ്പുള്ളവനായിരുന്നു ഇപ്പോൾ തുടർന്നും ഉറപ്പുള്ളവനായിക്കൊണ്ടേയിരിക്കുന്നു" എന്നാണ്. വാ. 5b യിലെയും 22-23 ലെയും സത്യത്തിന്റെ ഒരു പുനഃപ്രസ്താവനയാണിത്. ആത്മീയ കാര്യങ്ങളെപ്പറ്റി വിശ്വാസികളുടെ ധാരണ വരുന്നത് അവർക്ക് പരിശുദ്ധാത്മാവിലൂടെ യേശുവിനോടുള്ള ബന്ധത്തിൽ നിന്നുമാണ്. അവർ തീർച്ചയായും അവർക്കു ലഭിച്ച വെളിച്ചത്തിൽ ജീവിക്കണം.

▣ **"വല്ലതും മലിനം എന്നു എണ്ണുന്നവനു മാത്രം അതു മലിനം ആകുന്നു"** മതപരമായ അർത്ഥത്തിലാണ് ഇത് മലിനമായിരിക്കുന്നത്. വിശ്വാസികൾ തങ്ങളുടെ പ്രവൃത്തികളെ അവരുടെ മനസ്സാക്ഷികൊണ്ട് വിലയിരുത്തണം (വാ. 5,22-23). ഒരു വിഷയത്തെക്കുറിച്ചോ, പ്രവൃത്തിയെക്കുറിച്ചോ അവർക്ക് തെറ്റായ ഒരറിവ് ലഭിച്ചാൽ പോലും ദൈവമുമ്പാകെ അവർക്കു ലഭിച്ച വെളിച്ചത്തിൽ തന്നെ അവർ തീർച്ചയായും നടക്കണം. അതോടൊപ്പം തന്നെ അവരുടെ പ്രകാശത്താൽ അവർ മറ്റു വിശ്വസികളെ വിധിക്കരുത്. പ്രത്യേകിച്ച് അർത്ഥം വ്യക്തമല്ലാത്ത മേഖലകളിൽ (14:1,3,4,10,13).

**14:15 "നിന്റെ ഭക്ഷണം നിമിത്തം സഹോദരനെ വ്യസനിപ്പിച്ചാൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. അവകാശങ്ങളോ ഉത്തരവാദിത്തങ്ങളോ സ്വാതന്ത്ര്യമോ അല്ല നമ്മുടെ ജീവിതരീതിയെ നിർണ്ണയിക്കേണ്ടത്, സ്നേഹമാണ്.

ഇത് ഒന്നുകിൽ (1) യെഹൂദ ഭക്ഷണ നിയമങ്ങളോടോ (ലേവ്യ. 11) അല്ലെങ്കിൽ (2) വിഗ്രഹങ്ങൾക്ക് ബലികഴിച്ച മാംസത്തോടോ ബന്ധപ്പെട്ടിരിക്കുന്നു (1 കൊരി. 8-10). വാ. 20 ഈ സത്യം വ്യക്തമായി പ്രകടമാക്കുന്നു.

▣ **"നീ സ്നേഹപ്രകാരം നടക്കുന്നില്ല"** ഇതിനെ മിക്കപ്പോഴും "സ്വാതന്ത്ര്യത്തിന്റെ നിയമം" (യാക്കോ. 1:25; 3:12), "രാജകീയ ന്യായപ്രമാണം" (യാക്കോ. 2:8), അല്ലെങ്കിൽ "ക്രിസ്തുവിന്റെ നിയമം" (ഗലാ. 6:2) എന്നു വിളിക്കുന്നു. പുതിയ ഉടമ്പടിക്ക് ഉത്തരവാദിത്തങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ട്.

▣

| | |
|---|---|
| **NASB, NKJV** | **"ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ അവനെ നിന്റെ ഭക്ഷണം കൊണ്ടു നശിപ്പിക്കരുത്"** |
| **NRSV** | **"ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ അവരിലൊരുവൻ നശിക്കുവാൻ നിങ്ങളുടെ ഭക്ഷണം ഇടവരുത്തരുത്"** |
| **TEV** | **"നിങ്ങൾ കഴിക്കുന്ന ഭക്ഷണം ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ ആ വ്യക്തിയെ നശിപ്പിക്കുവാൻ ഇടവരുത്തരുത്"** |
| **NJB** | **"ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ അവന്റെ വീഴ്ചയ്ക്ക് അത് ഇടയാക്കുന്നുവെങ്കിൽ നിശ്ചയമായും നിങ്ങൾക്ക് ഇഷ്ടമുള്ളത് തിന്നുവാൻ നിങ്ങൾക്ക് അധികാരം ഇല്ല"** |

നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ ഒരു വർത്തമാനകാല വിധിരൂപമാണിത്. ഇത് വളരെ ശക്തമായ ഒരു ശൈലിയാണ്. ചില ക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യം മറ്റ് ക്രിസ്ത്യാനികളുടെ നാശത്തിന് കാരണമാകരുത്. ഇത് പരാമർശിക്കുന്നത് രക്ഷയുടെ നഷ്ടത്തെയല്ല, പിന്നെയോ സമാധാനത്തിന്റെയും ഉറപ്പിന്റെയും ഗുണകരമായ ശുശ്രൂഷയുടെയും നഷ്ടത്തെയാണ്. എഫ്.എഫ് ബ്രൂസിന്റെ *ചോദ്യങ്ങളുടെ ഉത്തരങ്ങൾ* കാണുക, പേജ് 88-89.

"നശിപ്പിക്കുക" എന്ന പദം ഗ്രീക്കുപദമായ *ലൂപ്പെഓ* (*λυπεω*) ആണ്. ഇതിനർത്ഥം "കൊടിയ വിഷാദം, വ്യസനം, അഥവാ വേദനയ്ക്ക് ഇടയാക്കുക" എന്നാണ് (സെപ്റ്റജിന്റിലും ഇതേ അർത്ഥം തന്നെയാണ്). പൗലൊസ് ഈ പദം അധികവും 2 കൊരിന്ത്യരിലാണ് ഉപയോഗിക്കുന്നത് (2:2,4,5; 6:10; 7:8,9,11). നശിപ്പിക്കുക എന്നത് ശക്തമായ ഒരു തർജ്ജമയാണ്. ഇത് സൂചിപ്പിക്കുന്നത് രക്ഷയുടെ നഷ്ടത്തെയല്ല, പിന്നെയോ ഒരുവന്റെ വ്യക്തിപരമായ ബോധ്യത്തെ ലംഘിക്കുന്നതിന്മേലുള്ള പരിശുദ്ധാത്മാവിന്റെ ബോധ്യത്തെയാണ്. വിശ്വാസിയുടെ പ്രവൃത്തികൾ വിശ്വാസത്തിൽ നിന്നും വരുന്നില്ലായെങ്കിൽ അവ പാപമാണ് (വാ. 23).

**14:16**

| | |
|---|---|
| **NASB** | **"നിങ്ങൾക്ക് നന്മയായിരിക്കുന്ന ഒരു കാര്യത്തെക്കുറിച്ച് ദൂഷണം പറയാനിടയാകരുത്"** |
| **NKJV, NRSV** | **"നിങ്ങളുടെ നന്മയെ തിന്മയായി കരുതുവാൻ അനുവദിക്കരുത്"** |
| **TEV** | **"നിങ്ങൾ നന്മയെന്നു കരുതുന്ന ഒന്നിന് ദുഷ്പേര് കിട്ടുവാൻ അനുവദിക്കരുത്"** |
| **NJB** | **"നിങ്ങളുടെ പദവിയെ വിട്ടുവീഴ്ച ചെയ്യരുത്"** |

നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ ഒരു വർത്തമാനകാല കർമ്മണി വിധിരൂപമാണിത്. സ്വാതന്ത്ര്യം അനായാസമായി അനുവാദമായി മാറാൻ സാധ്യതയുണ്ട്. ഈ വാക്യത്തിലെ "നന്മ" പരാമർശിക്കുന്നത് വിശ്വാസത്തിൽ ശക്തനായവന്റെ പ്രവൃത്തികളെയാണ്. വിശ്വാസത്തിൽ ശക്തനായ ഒരുവനോ, ഒരുവളോ തങ്ങളുടെ സ്വാതന്ത്ര്യത്താൽ ഈ വിധത്തിൽ പ്രവർത്തിച്ചാൽ ബലഹീനരായ വിശ്വാസികൾ നിഷേധാത്മകമായി ബാധിക്കപ്പെടുകയും ആത്മീയമായി തകർക്കപ്പെടുകയും, നല്ല കാര്യം തിന്മയായതിന് അവസരമാകുകയും ചെയ്യും.

ഈ വാക്യം എങ്ങനെയാണ് ക്രിസ്ത്യാനികൾ പരസ്പരം പെരുമാറുന്നത് എന്നതിൽ നിന്നും ലക്ഷ്യത്തെ അവിശ്വാസികളുടെ പരിഗണനയിലേക്ക് മാറ്റുന്നതായി കാണപ്പെടുന്നു (വാ. 18ബി). ഈ ക്രിയ അവിശ്വാസികളെപ്പറ്റി പരാമർസിക്കുന്നതിനുപയോഗിക്കുന്ന "ദൈവദൂഷണം" (പറയപ്പെട്ട) എന്ന പദത്തിൽ നിന്നും വരുന്നതാണ്.

**14:17 'ദൈവരാജ്യം"** ഈ പദത്തിന്റെ റോമാലേഖനത്തിലെ ഒരേയൊരു ഉപയോഗമാണിത്. യേശുവിന്റെ തുടരെയുള്ള ഒരു ചിന്താവിഷയമാണിത്.ഇവിടെ ഇപ്പോൾ യാഥാർത്ഥ്യമായ ഇത് ഭാവിയിൽ പൂർത്തീകരണത്തിലെത്തുന്നതുമാണ്. ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐകരൂപ്യമായ ജീവൻ വ്യക്തിപരമായ സ്വാതന്ത്ര്യ പ്രകടനങ്ങളെക്കാൾ വിലയേറിയതാണ്. താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: ദൈവരാജ്യം

പഴയനിയമത്തിൽ യഹോവ യിസ്രായേലിന്റെ രാജാവായും (ഒ. നോ. 1 ശമൂ. 8:7; സങ്കീ. 10:16; 24:7–9; 9:10; 44:4; 89:18; 95:3; യെശ. 43:15; 44:4,6) മശിഹാ മാതൃകാ രാജാവായും (ഒ. നോ. സങ്കീ. 2:6; യെശ. 9:6–7; 11:1–5) കണക്കാക്കപ്പെട്ടിരുന്നു. ബേത്ത്ലേഹെമിൽ യേശു ജനിച്ചതോടെ (ബി. സി. 6–4) ദൈവരാജ്യം മാനവ ചരിത്രത്തിലേക്ക് പുതിയ ശക്തിയോടും വീണ്ടെടുപ്പോടുംകൂടി അതിക്രമിച്ചുകയറി (പുതിയ നിയമം ഒ. നോ. യിരെ. 31:31–34; യെഹെ. 36:27–36). യോഹന്നാൻ സ്നാപകൻ ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രഖ്യാപിച്ചു (ഒ. നോ. മത്താ. 3:2; മർക്കൊ. 1:15). ദൈവരാജ്യം തന്നിലും തന്റെ ഉപദേശങ്ങളിലും വെളിപ്പെട്ടിരിക്കുന്നുവെന്ന് യേശു വ്യക്തമായി പഠിപ്പിച്ചു (ഒ. നോ. മത്താ. 4:17,23; 9:35; 10:7; 11:11–12; 12:28; 16:19; മർക്കൊ. 12:34; ലൂക്കൊ. 10:9,11; 11:20; 12:31–32; 16:16; 17:21). എങ്കിലും രാജ്യം ഭാവയിൽ സംഭവിക്കേണ്ടതുണ്ട് (ഒ. നോ. മത്താ. 16:28; 24:14; 26:29; മർക്കൊ. 9:1; ലൂക്കൊ. 21:31; 22:16,18).

സമാന്തര സുവിശേഷങ്ങളായ മർക്കോസിലും ലൂക്കൊസിലും "ദൈവരാജ്യം" എന്ന പ്രയോഗം നാം കാണുന്നു. യേശുവിന്റെ ഉപദേശങ്ങളുടെ ഈ സാധാരണവിഷയത്തിൽ മനുഷ്യഹൃദയങ്ങളിലുള്ള ദൈവത്തിന്റെ ഇപ്പോഴത്തെ വാഴ്ചയും – അത് ഒരുനാൾ ഭൂമിയിലെല്ലാം വ്യാപിച്ച് പൂർത്തീകരണത്തിലെത്തും – ഉൾപ്പെട്ടിരിക്കുന്നു. ഇത് മത്തായി 6:10 ലെ യേശുവിന്റെ പ്രാർത്ഥനയിൽ പ്രതിഫലിപ്പിച്ചിട്ടുണ്ട്. യെഹൂദന്മാർക്കുവേണ്ടി എഴുതിയ മത്തായി ദൈവത്തിന്റെ നാമം ഉപയോഗിക്കാത്ത ഒരു പ്രയോഗം (സ്വർഗ്ഗരാജ്യം) തിരഞ്ഞെടുത്തു. എന്നാൽ ജാതികൾക്കുവേണ്ടി എഴുതിയ മർക്കൊസും ലൂക്കൊസും ദൈവിക നാമം ഉപയോഗിച്ച് സാധാരണ പേരുകൾ നൽകി. ഇതു സമവീക്ഷണ സുവിശേഷങ്ങളിലെ ഒരു താക്കോൽ പദപ്രയോഗമാണ്. യേശുവിന്റെ ആദ്യത്തെയും അവസാനത്തെയും പ്രഭാഷണങ്ങൾ, അവന്റെ മിക്കവാറും ഉപമകൾ എല്ലാം ഈ വിഷയത്തെ സംബന്ധിച്ചായിരുന്നു. ഇന്ന് മനുഷ്യഹൃദയങ്ങളിലുള്ള ദൈവിക ഭരണത്തെയാണിതു സൂചിപ്പിക്കുന്നത്! യോഹന്നാൻ ഈ പ്രയോഗം രണ്ടുപ്രാവശ്യം മാത്രമേ ഉപയോഗിക്കുന്നുള്ളൂ (യേശുവിന്റെ ഉപമകളിൽ ഉപയോഗിച്ചിട്ടുമില്ല) എന്നത് അതിശയകരമാണ്. "നിത്യജീവൻ" ആണ് യോഹന്നാന്റെ സുവിശേഷത്തിലെ താക്കോൽ സാദൃശ്യം.

ഈ പ്രയോഗത്തിലെ സംഘർഷത്തിന് കാരണം ക്രിസ്തുവിന്റെ രണ്ടു വരവുകളാണ്. പഴയനിയമം ദൈവത്തിന്റെ മശിഹായുടെ ഒരൊറ്റ വരവിനെ – സൈനികവും, ന്യായം വിധിക്കുന്ന, മഹത്വപൂർണ്ണവുമായ വരവ് – മാത്രമാണ് വെളിപ്പെടുത്തുന്നത്. എന്നാൽ പുതിയ നിയമം വെളിപ്പെടുത്തുന്നത് അവൻ ഒന്നാമത് യെശ. 53 ലെ കഷ്ടപ്പെടുന്ന ദാസനായും സെഖ. 9:9 ലെ താഴ്മയുള്ള രാജാവായും വന്നു എന്നാണ്. രണ്ട് യെഹൂദ യുഗങ്ങളായ ദുഷ്ടതയുടെ യുഗവും നീതിയുടെ യുഗവും പരസ്പരം അതിക്രമിച്ചു കയറിയിരിക്കുന്നു. യേശു ഇപ്പോൾ വിശ്വാസികളുടെ ഹൃദയങ്ങളിൽ വാഴുന്നു. എന്നാൽ ഒരു ദിനം അവൻ സർവ്വ സൃഷ്ടികളുടെമേലും വാഴും. പഴയ നിയമം പ്രവചിച്ചതുപോലെ അവൻ വരും! വിശ്വാസികൾ ഇന്ന് ദൈവരാജ്യത്തിന്റെ സംഭവിച്ചുകഴിഞ്ഞു" എന്നാൽ "ഇനിയും ആയിട്ടില്ല" എന്ന അവസ്ഥയിൽ ജീവിക്കുന്നു (ഒ. നോ. Gardon D. Fee and Douglas Stuart's *How to Read the Bible For All Its Worth* PP. 131-134).

◘ **"നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രെ"** ആത്മാവാണ് ഈ ഗുണങ്ങൾ ഓരോ വിശ്വാസിക്കും വിശ്വാസ സമൂഹത്തിനും നൽകുന്നത്. ഇതാണ് ബാഹ്യവും ആക്ഷരികവുമായ ദൈവകുടുംബത്തിന്റെ പ്രത്യേകത.

സവിശേഷമായ ഒരു അർത്ഥത്തിലാണ് "നീതി" എന്ന പദം ഇവിടെ പൗലൊസ് ഉപയോഗിച്ചിരിക്കുന്നത്. 1:17 ലെ പ്രത്യേക പഠനവിഷയം കാണുക. സാധാരണമായും തനിക്ക് ഇത് ചുമത്തപ്പെട്ട നീതിയാണ്, വിശ്വാസികളുടെ ക്ഷമയുടെയും ക്രിസ്തുവിലുള്ള നിലനിൽപ്പിന്റെയും ദൈവത്താലുള്ള ഒരു നിയമപരമായ (നിയമവുമായി ബന്ധപ്പെട്ട) പ്രഖ്യാപനമാണിത് (3:21–31; 4). പാപം നിറഞ്ഞ മനുഷ്യവർഗ്ഗം നീതിമാന്മാരായി എണ്ണപ്പെടുക മാത്രമല്ല അവർ നീതിയുള്ളവരായി മാറുകയും ചെയ്യുന്നു. ഇത് ഒരു ദാനവും ഒരു ലക്ഷ്യവുമാണ്. സൂചകവും വിധിരൂപവുമായി വിശ്വാസത്തിന്റെ ഒരു പ്രവൃത്തിയും വിശ്വാസത്തിന്റെ ഒരു ജീവിതവുമാണ്. 6:4 ലെ പ്രത്യേക പഠനവിഷയം കാണുക

**14:18** ബലഹീനരായ വിശ്വാസികൾക്കുവേണ്ടിയുള്ള വിശ്വാസികളുടെ സ്വയം പരിമിതപ്പെടുത്തൽ ക്രിസ്തുവിനോടു തന്നെയുള്ള ഒരു സേവനമാണ്. അവൻ ആർക്കുവേണ്ടി മരിച്ചുവോ അവരെ സ്നേഹിക്കുകയും കരുതുകയും

സംരക്ഷിക്കുകയും ചെയ്യുന്നതിനെക്കാൾ ശക്തമായ ഒരു വഴിയും ക്രിസ്തുവിനോടുള്ള നമ്മുടെ സ്നേഹത്തെ ഉറപ്പാക്കാൻ ഉതകുന്നതല്ല.

■ **"മനുഷ്യരെ പ്രസാദിപ്പിക്കുന്നവനും"** അന്യോന്യമുള്ള ക്രിസ്തുവിന്റെ സ്നേഹം അവിശ്വാസികളുടെയുട യിലുള്ള ശുശ്രൂഷയുടെയും സാക്ഷ്യം വഹിക്കലിന്റെയും വാതിൽ തുറക്കുമെന്ന് പ്രഖ്യാപിക്കുന്നതിനുള്ള ഒരു വഴിയായിരിക്കാം ഇത് (വാ. 16; 2 കൊരി. 8:21; 1 പത്രൊ. 2:12). വിശ്വാസ സമൂഹത്തിനകത്ത് നാം എങ്ങനെ പരസ്പരം പെരുമാറുന്നു എന്നുള്ള സാധകാത്മകമായോ നിഷേധാത്മകമായോ ഉള്ള ശക്തമായ ഒരു സാക്ഷ്യം വഹിക്കലാണ്.

**14:19 "നാം ശ്രമിച്ചുകൊൾക"** *ഡിയോക്കോ* (**διοκω**) എന്ന ഈ ഒരു പഴയ നിയമ ഭാഷാ ശൈലി സെപ്റ്റ്വജി ന്റിലും പൗലൊസിന്റെ ലേഖനങ്ങളിലും സാധാരണമാണ്. ഇതിനർത്ഥം 'ഉത്സുകരായി പിന്തുടരുക' 'നേടുന്നതിന് തീവ്രമായി ശ്രമിക്കുക" എന്നതാണ്. റോമ. 9:30,31; 12:13 വാക്യങ്ങളിലും ഇവിടെയും ഈ പദം "പിന്തുടരുക" എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. എന്നാൽ 12:14 ൽ വിശ്വാസികളെ പീഡിപ്പിക്കുന്നവരെ സൂചിപ്പിക്കു ന്നതിനുപയോഗിക്കുന്നു (ഒ.നോ. 1 കൊരി. 4:12, തന്നെ സൂചിപ്പിക്കുന്നതിനും; 2 കൊരി. 4:9; ഗലാ. 1:13,23; ഫിലി. 3:6).

ഇത് ഒന്നുകിൽ ഒരു വർത്തമാനകാല കർത്തരി സൂചകമോ (കയ്യെഴുത്തു പ്രതികൾ ℵ, A, B, F, G, L എന്നിവ) ഒരു വർത്തമാനകാല കർത്തരി അനുബന്ധമോ (കയ്യെഴുത്തു പ്രതികൾ C, D എന്നിവ) വിധിരൂപം എന്ന നില യിൽ ഉപയോഗിച്ചിട്ടുള്ളതാണ്. UBS[4] ഈ വചനത്തിൽ അനുബന്ധം ഉപയോഗിക്കുന്നു എങ്കിലും അതിന് "D"റേറ്റിംഗ് ആണ് (ഉറപ്പിക്കാൻ വളരെ ബുദ്ധിമുട്ടുള്ളത്) നൽകുന്നത്.

ക്രിസ്ത്യാനികൾ പിന്തുടരേണ്ട കാര്യങ്ങൾ ശ്രദ്ധിക്കുക.

1. അതിഥി സൽക്കാരം, 12:13
2. സമാധാനത്തിനും അന്യോന്യം ആത്മിക വർദ്ധനയ്ക്കും ഉള്ളതിന്, 14:19
3. സ്നേഹം, 1 കൊരി. 14:1
4. ക്രിസ്തു സാദൃശ്യം, ഫിലി. 3:12,14
5. തമ്മിലും എല്ലാവരോടും നന്മ, 1 തെസ്സ. 5:15
6. നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത, 1 തിമൊ. 6:11
7. നീതി, വിശ്വാസം, സ്നേഹം, ശുദ്ധ ഭയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനവും ആചരിക്ക, 2 തിമൊ. 2:22

■ **"സമാധാനത്തിനും അന്യോന്യം ആത്മിക വർദ്ധനയ്ക്കും"** എല്ലാറ്റിലും വിശ്വാസിയുടെ മനോഭാവം ഇതായിരിക്കണം (സങ്കീ. 34:14; എബ്രാ. 12:14). ഒരുവന്റെ വ്യക്തിസ്വാതന്ത്ര്യവും ദൈവശാസ്ത്ര ജ്ഞാനവും തീർച്ചയായും ക്രിസ്തുവിന്റെ ശരീരത്തിന്റെ സ്ഥിരതയിലേക്കും വളർച്ചയിലേക്കും നയിക്കപ്പെടണം (15:2; 1 കൊരി. 6:12; 14:26; എഫെ. 4:12). 15:2 ലെ പ്രത്യേക പഠനവിഷയം: ആത്മിക വർദ്ധന കാണുക

■ **"ദൈവനിർമ്മാണത്തെ അഴിക്കരുത്"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനെ സൂചിപ്പി ക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ ഒരു വർത്തമാനകാല കർത്തരി വിധിരൂപമാണിത്. ഇത് ശക്തമായ ഒരു ക്രിയാ സംയുക്തമാണ് (*കാറ്റാ + ലൂഒ).* ഇത് പൗലൊസിന്റെ ലേഖനങ്ങളിൽ മൂന്നു തവണ മാത്രമേ ഉപയോഗി ച്ചിട്ടുള്ളൂ (2 കൊരി. 5:1 ൽ മരണത്തെ സൂചിപ്പിക്കാനും ഗലാ. 2:18 ൽ നശിപ്പിക്കുക എന്ന അർത്ഥത്തിലും). വാ. 19 ലെ 'ആത്മിക വർദ്ധന'ക്കും ഈ വചനത്തിനും മധ്യത്തിൽ നാനാർത്ഥപ്രയോഗമുണ്ട്. ആക്ഷരികമായി ഇതിനർത്ഥം "പൊളിക്കുക"എന്നാണ്. രണ്ടും നിർമ്മാണ സംബന്ധമായ ദൃഷ്ടാന്തങ്ങളാണ്.

ഈ പശ്ചാത്തലത്തിൽ "ദൈവനിർമ്മാണം" എന്താണ്? ഇതിന് പക്വത ആയിരിക്കയില്ല. പിന്നെയോ "ബലഹീന" വിശ്വാസിയിലെ ആത്മപ്രവൃത്തിയാണ്. ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ സദൃശമാക്കുന്നതിനോ മാറ്റുന്നതിനോ സഹായിക്കണമെന്ന് ഈ പശ്ചാത്തലത്തിലൊരിടത്തുമോ 1 കൊരി. 8-10 ലോ പൗലൊസ് പറയുന്നില്ല.

■ **"എല്ലാം ശുദ്ധംതന്നെ"** വാ. 14 ലെ സൂചന കാണുക.

■

**NASB** **"എങ്കിലും ഇടർച്ച വരുത്തുമാറ് തിന്നുന്ന മനുഷ്യനു അതു ദോഷമത്രെ"**
**NKJV** **"എങ്കിലും പ്രകോപിപ്പിക്കുമാറ് തിന്നുന്ന മനുഷ്യനു അതു ദോഷമത്രെ"**
**NRSV** **"എങ്കിലും നിങ്ങൾ തിന്നുന്നതിനാൽ മറ്റുള്ളവരെ വീഴ്ത്തുന്നത് നിങ്ങൾക്ക് ദോഷമാണ്"**
**TEV** **"എങ്കിലും ഒരുവനെ പാപത്തിലേക്ക് വീഴുവാനിടയാക്കുന്ന എന്തും തിന്നുന്നത് തെറ്റാണ്"**
**NJB** **"എങ്കിലും ഇതു തിന്നുന്നതിലൂടെ നിങ്ങൾ മറ്റൊരുവനെ വീഴ്ത്തിക്കളയുന്നുവെങ്കിൽ അത് തിന്മയാകുന്നു"**

ഈ അധ്യായത്തിന്റെ കേന്ദ്രസത്യം ഈ വാക്യമാണ് (1 കൊരി. 10:25-26; തീത്തൊ. 1:15).

ഒരു വിഗ്രഹത്തിനർപ്പിച്ച മാംസത്തെയാണ് ഇത് സൂചിപ്പിക്കുന്നത് (1 കൊരി. 8-10). മാംസം നല്ലതോ ദോഷമായതോ അല്ല, എങ്കിലും ഇത് അനുയോജ്യമല്ല എന്ന് ചിന്തിക്കുന്ന ഒരു ബലഹീന വിശ്വാസി ഇതു കാണുകയും അവൻ ധൈര്യപ്പെട്ടു തിന്നുകയും ചെയ്താൽ സാന്മാർഗ്ഗികമായി നിഷ്ഫലമായിരിക്കുന്നത് ദോഷമായിത്തീരും. എന്തുകൊണ്ടെന്നാൽ ഇത് അവന്റെ അഥവാ അവളുടെ ദൈവഹിതത്തെക്കുറിച്ചുള്ള

മനസ്സാക്ഷിയെ ലംഘിക്കുന്നു.

മിക്ക ഇംഗ്ലീഷ് തർജ്ജമകളും ഈ ഉപവാക്യത്തെ "വിശ്വാസത്തിൽ ശക്തനായ സഹോദര"നോടു ബന്ധപ്പെടുത്തുന്നു. അതിൽ അവർ തിന്നുന്നതിനാൽ വിശ്വാസത്തിൽ ബലഹീനനായ ഒരു വിശ്വാസി സ്വാധീനിക്കപ്പെടുന്നു. ന്യൂ അമേരിക്കൻ ബൈബിളിന്റെ കത്തോലിക്കാ തർജ്ജമ ഈ ഉപവാക്യത്തെ "ബലഹീനനായ സഹോദരനോടു" ബന്ധപ്പെടുത്തി "എങ്കിലും ഭക്ഷണം ഒരുവന്റെ മനസ്സാക്ഷിയെ കുറ്റം വിധിക്കുമ്പോൾ ആ മനുഷ്യൻ തിന്നുന്നത് തെറ്റാണ്" എന്നു സൂചിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൽ ആദ്യത്തെ തിരഞ്ഞെടുപ്പ് ഏറ്റവും നല്ലതായി കാണപ്പെടുന്നു. എന്നാൽ പരോക്ഷ സൂചന ഉദ്ദേശ പൂർണ്ണതയുള്ളതും രണ്ടിനെയും വാ. 22-23 പോലെ സൂചിപ്പിക്കുന്നതുമാകാം.

**14:21** "ശക്തരായ സഹോദരങ്ങൾ" ക്കുള്ളതാണ് ഈ വാക്യം. ചില പ്രത്യേക ഭക്ഷണങ്ങളിൽ നിന്നും പാനീയങ്ങളിൽ നിന്നും "പൂർണ്ണമായി ഒഴിഞ്ഞിരിക്കുന്ന"തിനുള്ള ദൈവശാസ്ത്രപരമായ ആശയത്തിന്റെ വേദപുസ്തക അടിസ്ഥാനം ഇത് മാത്രമാണ്. വിശ്വാസത്തിൽ ശക്തരായവർ തീർച്ചയായും അവരുടെ സ്വാതന്ത്ര്യത്തെ സഹോദരീ സഹോദരന്മാർക്കു വേണ്ടി പരിമിതപ്പെടുത്തുകയും ആത്മാർത്ഥതയുള്ള അന്വേഷകരാവുകയും (നഷ്ടപ്പെട്ട ആളുകൾക്കുവേണ്ടി) വേണം. ഈ സ്വയം പരിമിതപ്പെടുത്തലിൽ മിക്കതും സംസ്കാരികവും പ്രാദേശികവും അഥവാ സഭാവിഭാഗപരവുമാണ്.

ഇത് "ഒരു പ്രവൃത്തി ഒരിക്കലും തുടങ്ങരുത്" എന്ന് സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളിനോടൊപ്പമുള്ള രണ്ട് ഭൂതകാല കർത്തരി കേവലക്രിയകൾ ആണ്. ചിലർ ഈ ഭൂതകാല ക്രിയകളെ വ്യാഖ്യാനിച്ചിരിക്കുന്നത് ചില പ്രത്യേക അവസരങ്ങളിൽ മാത്രം ഉപയോഗിക്കപ്പെടുന്നവയായിട്ടാണ് (1 കൊരി. 8-10). തീർച്ചയായും തിന്നുന്നതും കുടിക്കുന്നതും നിരോധിക്കാൻ കഴിയുകയില്ല.

**14:22**

**NASB** **"നിനക്കുള്ള വിശ്വാസം ദൈവസന്നിധിയിൽ നിനക്കുള്ള ഉറപ്പായിരിക്കട്ടെ; താൻ സ്വീകരിക്കുന്നതിൽ തന്നെത്താൻ വിധിക്കാത്തവൻ ഭാഗ്യവാൻ"**

**NKJV** **"നിനക്ക് വിശ്വാസം ഉണ്ടോ? അത് ദൈവമുമ്പാകെ നിനക്കുതന്നെ ഇരിക്കട്ടെ; താൻ സ്വീകരിക്കുന്നതിൽ തന്നെത്താൻ വിധിക്കാത്തവൻ ഭാഗ്യവാൻ"**

**NRSV** **"നിനക്കുള്ള വിശ്വാസം ദൈവമുമ്പാകെ നിന്റെ സ്വന്തം ബോധ്യമായിരിക്കട്ടെ. തങ്ങൾ അംഗീകരിക്കുന്നവനിമിത്തം തങ്ങളെത്തന്നെ വിധിക്കാൻ കാരണം കണ്ടെത്താത്തവർ ഭാഗ്യവാന്മാർ"**

**TEV** **"ഈ കാര്യത്തെ പറ്റി നീ വിശ്വസിക്കുന്നത് അങ്ങനെതന്നെ നിനക്കും ദൈവത്തിനും മധ്യേ ഇരിക്കട്ടെ. തങ്ങൾക്കു ശരിയെന്നു തോന്നുന്നത് ചെയ്യുമ്പോൾ കുറ്റബോധം തോന്നാത്തവർ ഭാഗ്യവാന്മാർ"**

**NJB** **"നിനക്കും ദൈവത്തിനും മധ്യേ നിന്റെ സ്വന്തം വിശ്വാസം മുറുകെ പിടിക്ക – തന്റെ മനസാക്ഷിക്കു വിരോധമായിപ്പോകാതെ തന്റെ തീരുമാനമെടുക്കാൻ കഴിയുന്ന മനുഷ്യനെ പരിഗണിക്കുക"**

വിശ്വാസികൾ അവരുടെ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും വേദപുസ്തകത്താൽ ഗ്രഹിപ്പിക്കപ്പെട്ടതുമായ മനസ്സാക്ഷിയുടെ വെളിച്ചത്തിൽ ജീവിക്കണമെന്നുള്ളതിന്റെ ഉറപ്പിക്കലാണിത് (വാ. 5). അവർ തീർച്ചയായും അവർക്കുള്ള പ്രകാശത്തിൽ നടക്കണം. എന്നാൽ അത് അവരുടെ കൂട്ടുവിശ്വാസികളുടെ വിശ്വാസത്തെ ദുർവിനിയോഗം ചെയ്യുന്നതിനായിരിക്കരുത്. വാ. 22, "വിശ്വാസത്തിൽ ശക്തനായ" സഹോദരനോട് ബന്ധപ്പെടുന്നു. അതേസമയം വാ. 23 "വിശ്വാസത്തിൽ ബലഹീനനായ" സഹോദരനോട് ബന്ധപ്പെടുന്നു.

വാ. 22 ആരംഭിക്കുന്നത് കയ്യെഴുത്തു പ്രതികളുടെ വ്യത്യസ്തതയിലാണ്. ഇത് ഒരു ചോദ്യമോ (NKJV) ഒരു പ്രസ്താവനയോ ആകാം (NASB, NRSV, TEV, JB).

▣ **"സ്വീകരിക്കുന്നതിൽ"** 2:18 ലെ പ്രത്യേക പഠന വിഷയംകാണുക.

**14:23** **"എന്നാൽ സംശയിക്കുന്നവൻ"** ഇത് ഒരു വർത്തമാനകാല മധ്യ അപൂർണ്ണക്രിയയാണ്. ഇതു പരാമർശിക്കുന്നത് വാ. 3 ലെ അധികം നിഷ്കർഷയുള്ള വിശ്വാസിയെയാണ്.

▣ **"കുറ്റക്കാരനായിരിക്കുന്നു"** ഇത് *കാറ്റാ* + *ക്രിനോ* യിൽ നിന്നുമുള്ള ഒരു പൂർണ്ണ കർമ്മണി സൂചകമാണ്. ഇതിനർത്ഥം.

1. "കുറ്റബോധത്തിന്റെ വെളിച്ചത്തിൽ വയ്ക്കപ്പെട്ടിരിക്കുന്ന വൈരുദ്ധ്യം" (ഹരോൾഡ് കെ. മോൾട്ടൻ, *ദി അനലെറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ റിവൈസ്ഡ്,* പേജ് 216).
2. "കുറ്റം വിധിക്കലല്ല, പിന്നെയോ പിന്നാലെ ശിക്ഷ വരുന്ന" വാചകം (ഒ.നോ. റോമ. 5:16,18; 8:1 (മോൾട്ടന്റെയും മിലിഗന്റെയും, *ദി വൊക്കാബുലറി ഓഫ് ദി ഗ്രീക്ക് ടെസ്റ്റമെന്റ്,* പേജ് 328).

ഇവിടെ ഇത് പരാമർശിക്കുന്നത് ഒരുവന്റെ മനസ്സാക്ഷിയുടെ ലംഘനത്തെയും പരിശുദ്ധാത്മാവ് പാപബോധമുളവാക്കുന്നതിന്റെ ഫലമായ വേദനയെയുമാണ്.

▣ **"സംശയിക്കുന്നവൻ തിന്നുന്നുവെങ്കിൽ"** ഇത് ഒരു മൂന്നാംതര സോപാധിക വാചകമാണ്.

▣ **"വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കാത്തതൊക്കെയും പാപമത്രെ"** ദുർഗ്രഹമായ വേദപുസ്തക ഭാഗങ്ങളിൽ പാപം ന്യായപ്രമാണത്തിന്റെ ലംഘനമല്ല, നമ്മുടെ മനസാക്ഷിയുടെ ലംഘനമാണ്. നാം തീർച്ചയായും നമുക്കുള്ള പ്രകാശത്തിൽ നടക്കുകയും എല്ലായ്പ്പോഴും വേദപുസ്തകത്തിൽ നിന്നും ആത്മാവിൽ നിന്നും അധികം

പ്രകാശനം ലഭിക്കുന്നതിന് തുറന്ന മനസ്സുള്ളവരായിരിക്കയും വേണം.

ദൈവഹിതത്തെക്കുറിച്ചുള്ള വിശ്വാസികളുടെ ധാരണ (ഈ പശ്ചാത്തലത്തിൽ വിശ്വാസം എന്ന അർത്ഥത്തിൽ) തീർച്ചയായും അവരുടെ പ്രവൃത്തികളെ നിർണ്ണയിക്കേണ്ടതാണ്. പക്വതയുള്ള വിശ്വാസികളെ സംബന്ധിച്ച് സന്ദിഗ്ധാർത്ഥമുള്ള വേദപുസ്തക വിഷയങ്ങളെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണം ഉൾക്കൊള്ളുവാനും അപ്പോൾതന്നെ ദൈവഹിതത്തിൽ ആയിരിക്കുവാനും കഴിയും.

■ ചില ഗ്രീക്ക് കയ്യെഴുത്തുപ്രതികളിൽ 16:25-27 ലെ ദൈവസ്തുതി 14-ാം അധ്യായത്തിൽ അവസാന ഭാഗത്താണ് ചേർത്തിരിക്കുന്നത്. ചിലതിൽ ഇത് രണ്ടു സ്ഥാനങ്ങളിലുമുണ്ട്. ഒരു പാപ്പിറസ് കൈയ്യെഴുത്തു പ്രതിയായ $P^{46}$ ൽ ഇത് 15-ാം അധ്യായത്തിന്റെ അവസാന ഭാഗത്താണുള്ളത്. റോമാലേഖനത്തിന്റെ ഗ്രീക്ക് കൈയ്യെഴുത്തു പ്രതി പാരമ്പര്യത്തിൽ ഈ ദൈവസ്തുതി ആറ് സ്ഥാനങ്ങളിൽ കാണാം. ഒരു പൂർണ്ണ ചർച്ചയ്ക്കായി യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ് പ്രസിദ്ധീകരിച്ച, ബ്രൂസ് എം. മെറ്റ്സർ രചിച്ച *എ ടെക്സ്ചൽ കമന്ററി ഓഫ് ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, പേജ് 533-536 കാണുക. ഈ സിദ്ധാന്തങ്ങളുടെ ഒരു ചുരുക്കമായ സംക്ഷിപ്ത രൂപം ഇവിടെ കൊടുത്തിരിക്കുന്നു.

1. ഒറിഗൺ പറയുന്നത് മാർസിയൻ എന്ന റോമിലെ ഒരു ആദികാല ദുരുപദേശകൻ റോമാലേഖനത്തിന്റെ അവസാനത്തെ രണ്ട് അധ്യായങ്ങൾ ഒഴിവാക്കി എന്നാണ്. ഇത് 14-ാം അധ്യായത്തിലെ ദൈവസ്തുതിയുടെ കാരണമായി വിശദീകരിക്കാവുന്നതാണ്.
2. മറ്റ് പണ്ഡിതന്മാർ ഊഹിക്കുന്നത് പൗലൊസ് റോമാലേഖനത്തിന്റെ ഒരു പതിപ്പ്, അ. 1-14, റോമിലേക്ക് അയയ്ക്കുവാൻ എഴുതിയതും പിന്നീട് അതേ ലേഖനം എഫെസൊസിലേക്ക് അയയ്ക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി അധ്യാ. 1-16 അയച്ചു എന്നുമാണ്. വ്യക്തിപരമായ വന്ദനങ്ങളുടെ ദീർഘമായ പട്ടിക പ്രതിഫലിപ്പിക്കുന്നത് റോമിനെയല്ല, എഫസൊസിനെയാണ് (അധ്യാ. 16).
3. അദ്ധ്യാ. 16 ലെ വന്ദനങ്ങൾ റോമിലേക്കു യാത്ര ചെയ്യുന്ന വിശ്വാസികൾക്കുവേണ്ടിയുള്ളതാണ്. കാരണം അക്വില്ലാസും പ്രസ്കില്ലയും എഫെസൊസിലാണ്. അവർ റോമിലേക്ക് മടങ്ങുന്നതായി ഒരിടത്തും രേഖപ്പെടുത്തിയിട്ടുമില്ല.
4. ദൈവസ്തുതി ആദ്യം ഉണ്ടായിരുന്നതല്ല, പിന്നീട് പൊതു ആരാധനാ ലക്ഷ്യങ്ങൾക്കായി പകർപ്പെഴുത്തുകാരാൽ ചേർക്കപ്പെട്ടതാണ്.

എം.ആർ. വിൻസെന്റിന്റെ *പദ പഠനങ്ങൾ* വാല്യം 2, താല്പര്യജനകമാണ്.

"ഈ സിദ്ധാന്തങ്ങൾക്കെല്ലാം എതിരായിരിക്കുന്നത്, ഇതുവരെ ലഭ്യമായിട്ടുള്ള പൗലൊസിന്റെ ലേഖനത്തിന്റെ കയ്യെഴുത്തു പ്രതികളിലെല്ലാം, ഏറ്റവും പഴക്കമുള്ളത് ഉൾപ്പെടെ, ഈ അധ്യായങ്ങളെല്ലാം, ദൈവസ്തുതികൾ ഒഴികെ, ഇന്നു നാം കാണുന്ന ബന്ധത്തിലും ക്രമത്തിലുമാണെന്ന ഉറച്ച സത്യമാണ്" (പേജ് 750).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. "ബലഹീന" സഹോദരനെപ്പറ്റി വിവരിക്കുക? അവർ പക്വതയില്ലാത്തവരാണെന്നു പൗലൊസ് സൂചിപ്പിക്കുന്നുണ്ടോ?
2. ക്രിസ്തീയ സ്വാതന്ത്ര്യം എങ്ങനെയാണ് ക്രിസ്തീയ ഉത്തരവാദിത്തത്തോട് ബന്ധപ്പെട്ടിരിക്കുന്നത്?
3. പ്രകൃതിയിലുള്ളതെല്ലാം "ശുദ്ധമോ" സാന്മാർഗ്ഗികമായി നിഷ്പക്ഷമോ ആണോ (വാ. 14, 20)?
4. കൊരിന്തിൽ ഭക്ഷണ വിഷയം വളരെ പ്രധാനപ്പെട്ടതായിരുന്നതെന്തുകൊണ്ട് (1 കൊരി. 8,10)? പൗലൊസ് റോമാലേഖനം എഴുതിയത് കൊരിന്തിൽ നിന്നാണെന്നോർക്കുക.
5. ഈ അദ്ധ്യായത്തിലെ അറിവും സ്വാതന്ത്ര്യവും സ്നേഹവും തമ്മിലുള്ള ബന്ധം വിശദീകരിക്കുക?
6. സഭയിലെ കൂട്ടായ്മയെ നാം എന്തിൽ അടിസ്ഥാനപ്പെടുത്തണം?
7. നമ്മുടെ വ്യക്തിപരമായ തെരഞ്ഞെടുപ്പുകളും പ്രവൃത്തികളും നാം എന്തിൽ അടിസ്ഥാനപ്പെടുത്തണം?
8. നമ്മുടെ പ്രവൃത്തികൾ മറ്റുള്ളവരെ ബാധിക്കുന്നതെങ്ങനെ? ഇത് നമ്മിൽ നിന്നും ആവശ്യപ്പെടുന്നതെന്ത്?
9. ശരിയായ ക്രിസ്തീയ ധാർമ്മികത നാം എങ്ങനെയാണ് തീരുമാനിക്കുന്നത്?
10. പക്വത പ്രാപിച്ച ക്രിസ്ത്യാനികൾക്ക് വിയോജിക്കുവാനും ദൈവത്തിന് സ്വീകാര്യതയുള്ളവരായിരിക്കുവാനും സാധിക്കുമോ?

# റോമർ 15

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| നിങ്ങളെ അല്ല നിങ്ങളുടെ സഹോദരനെ പ്രസാദിപ്പിക്കുക | മറ്റുള്ളവരുടെ ഭാരങ്ങൾ ചുമക്കുക | ശക്തൻ ബലഹീനനെ ചുമക്കണം | മറ്റുള്ളവരെ പ്രസാദിപ്പിക്കുക, നിങ്ങളെയല്ല | (14:22–15:6) |
| 15:1–6 | 15:1–6 | 15:1–6 | 15:1–6 | |
| സുവിശേഷം ജാതികൾക്കും യെഹൂദനും ഒരുപോലെ | ദൈവത്തെ ഒരുമിച്ചു മഹത്വപ്പെടുത്തുക | | ജാതികൾക്കു സുവിശേഷം | |
| 15:7–13 | 15:7–13 | 15:7–13 | 15:7–12 | 15:7–12 |
| | | | 15:13 | 15:13 |
| പൗലൊസിന്റെ മിഷനറി നിയോഗം | യെരൂശലേമിൽ നിന്ന് ഇല്ലൂര്യയിലേക്ക് | വ്യക്തിപരമായ കുറിപ്പുകൾ | എഴുതുന്നതിനുള്ള പൗലൊസിന്റെ കാരണങ്ങൾ | പൗലൊസിന്റെ ശുശ്രൂഷ |
| 15:14–21 | 15:14–21 | 15:14–21 | 15:14–21 | 15:14–16 |
| | | | | 15:17–21 |
| റോം സന്ദർശിക്കാനുള്ള പൗലൊസിന്റെ പദ്ധതി | റോം സന്ദർശിക്കാനുള്ള പദ്ധതി | | റോം സന്ദർശിക്കാനുള്ള പൗലൊസിന്റെ പദ്ധതി | പൗലൊസിന്റെ പദ്ധതികൾ |
| 15:22–29 | 15:22–33 | 15:22–29 | 15:22–29 | 15:22–26 |
| | | | | 15:27–29 |
| 15:30–33 | | 15:30–33 | 15:30–33 | 15:30–33 |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## വാ. 1–13 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ക്രിസ്തീയ സ്വാതന്ത്ര്യത്തെപ്പറ്റിയും ഉത്തരവാദിത്തത്തെപ്പറ്റിയുമുള്ള ചർച്ച 14-ാം അധ്യായത്തിൽ നിന്നും 15:1–13 ൽ തുടരുന്നു.

B. 14:1–15:13 ലെ മൊത്ത വാദഗതിയുടെ രൂപരേഖ ഇപ്രകാരം രേഖപ്പെടുത്താം
   1. അന്യോന്യം കൈക്കൊള്ളുക എന്തുകൊണ്ടെന്നാൽ ദൈവം ക്രിസ്തുവിൽ നമ്മെ കൈക്കൊണ്ടിരിക്കുന്നു (14:3–12).
   2. അന്യോന്യം വിധിക്കരുത് എന്തുകൊണ്ടെന്നാൽ നമ്മുടെ ഒരേയൊരു യജമാനനും ന്യായാധിപനും ക്രിസ്തുവാണ് (14:3–12).
   3. വ്യക്തിപരമായ സ്വാതന്ത്ര്യത്തെക്കാൾ വളരെ പ്രധാനപ്പെട്ടതാണ് സ്നേഹം (14:13–23).
   4. ക്രിസ്തുവിന്റെ മാതൃക പിന്തുടരുകയും മറ്റുള്ളവരുടെ ആത്മിക വർദ്ധനയ്ക്കും നന്മയ്ക്കുമായി നിങ്ങളുടെ അവകാശങ്ങളെ വെച്ചുകളയുകയും ചെയ്യുക (15:1–13).

C. 14:1–15:13 ന്റെ മുഴുവൻ പശ്ചാത്തലത്തിന്റെയും മൂന്നു മടങ്ങ് ഉദ്ദേശ്യം 15:5,6 പ്രതിഫലിപ്പിക്കുന്നു.
   1. അന്യോന്യം ഐക്യതയിൽ ജീവിക്കുക
   2. ക്രിസ്തുവിന്റെ മാതൃകയോട് പൊരുത്തപ്പെട്ട് ജീവിക്കുക
   3. ഏക ഹൃദയത്തോടും അധരങ്ങളോടും ദൈവത്തിന് ഐക്യതയോടെ സ്തുതി കരേറ്റുക.

D. ഇതേ വ്യക്തിപരമായ സ്വാതന്ത്ര്യത്തിനും ഏകോപിച്ചുള്ള ഉത്തരവാദിത്തത്തിനും മധ്യത്തിലുള്ള സംഘർഷം 1 കൊരി. 8–10 ൽ കൈകാര്യം ചെയ്തിരിക്കുന്നു.

## പദ, ശൈലീ പഠനം

**റോമർ 15:1–6**

**[1]എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നേ പ്രസാദിക്കാതിരിക്കയും വേണം. [2]നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ, നന്മക്കായി ആത്മിക വർദ്ധനെക്കു വേണ്ടി പ്രസാദിപ്പിക്കേണം. [3]"നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണു" എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തുവും തന്നിൽ തന്നേ പ്രസാദിച്ചില്ല. [4]എന്നാൽ മുൻ എഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ എഴുതിയിരിക്കുന്നു. [5]എന്നാൽ നിങ്ങൾ ഐകമത്യപ്പെട്ടു, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ ഏകമനസ്സോടെ ഒരു വായിനാൽ മഹത്വീകരിക്കേണ്ടതിന്നു, [6]സ്ഥിരതയും ആശ്വാസവും നല്കുന്ന ദൈവം നിങ്ങൾക്കു ക്രിസ്തുയേശുവിന്നു അനുരൂപമായി, തമ്മിൽ ഏകചിന്തയോടിരിപ്പാൻ കൃപ നല്കുമാറാകട്ടെ.**

**15:1**

**NASB** **"ഇനി ശക്തരായ നാം ശക്തരല്ലാത്തവരുടെ ബലഹീനതകളെ ചുമക്കേണ്ടതാകുന്നു"**
**NKJV** **"അപ്പോൾ ശക്തരായ നാം ബലഹീനരുടെ മനസ്സാക്ഷിയെ സഹിക്കേണ്ടതാകുന്നു"**
**NRSV** **"ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും"**
**TEV** **"വിശ്വാസത്തിൽ ശക്തരായ നാം ബലഹീനരായവരെ അവരുടെ ഭാരങ്ങൾ വഹിക്കുവാൻ സഹായിക്കേണ്ടതാകുന്നു"**
**NJB** **"ശക്തരായ നമുക്ക് ബലഹീനരുടെ പ്രയാസങ്ങൾ സഹിക്കുന്നതിനുള്ള ഉത്തരവാദിത്വമുണ്ട്."**

ഇവ രണ്ടും വർത്തമാനകാല കേവലക്രിയകൾ വിധിരൂപമായി ഉപയോഗിച്ചിരിക്കുന്നതാണ്. ശക്തരും ബലഹീനരും എന്ന 14:1 ലാരംഭിക്കുന്ന ചർച്ച 15-ാം അധ്യായത്തിൽ തുടരുന്നു. ക്രിസ്ത്യാനികൾ അവരുടെ ജീവിതം താഴെപ്പറയുന്ന നിലകളിൽ നയിക്കുന്നതിനു മധ്യേ റോമിലെ സഭയിലും എല്ലാ സഭകളിലും കാണുന്ന സംഘർഷത്തെ അതു പ്രതിഫലിപ്പിക്കുന്നു.

1. വേദപുസ്തക സംബന്ധമായി സന്ദിഗ്ദ്ധാർത്ഥമുള്ള മേഖലകൾ
2. പഴയ നിയമ വ്യവസ്ഥകൾ
3. അസാന്മാർഗ്ഗികവും സാംസ്കാരികവുമായ വിഷയങ്ങളോടുള്ള പ്രതികരണം

ഈ മേഖലയിൽ എനിക്ക് വളരെ സഹായകരമായിരുന്ന ഒരു നല്ല പുസ്തകമാണ് ഗോർഡൺ ഫീ യുടെ *ഗോസ്പൽ ആന്റ് സ്പിരിറ്റ്.*

ആധുനിക ഇംഗ്ലീഷ് വായനക്കാരെ സംബന്ധിച്ച് "ശക്തർ," "അശക്തർ"എന്നിങ്ങനെ മേലെഴുത്തു നൽകുന്നത് വിഭാഗങ്ങളെ മുൻവിധിക്കുന്നതിനു തുല്യമാണ്. പൗലൊസിന്റെ ഉദ്ദേശ്യം ഇതായിരുന്നില്ല. ശക്തരായ വിഭാഗം സൂചിപ്പിക്കുന്നത് ഒരു നിയമത്തിൽ നിന്നും മതപരമായി കെട്ടുപാടുകളിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചിട്ടുള്ളവരെയാണ്. അവരുടെ ദൈവത്തോടുള്ള ബന്ധം ചില കാര്യങ്ങൾ ചെയ്യുന്നതിലും ചില മതപരമായ ആചാരങ്ങൾ ഒഴിവാക്കുന്നതിലുമല്ല ആശ്രയിച്ചിരിക്കുന്നത്. മറ്റെ വിഭാഗവും ക്രിസ്ത്യാനികളായവരും പൂർണ്ണമായി

ദൈവത്താൽ അംഗീകരിക്കപ്പെട്ടവരും സമർപ്പിക്കപ്പെട്ടവരുമായ ഒരു വിഭാഗം വിശ്വാസികളാണ്. എന്നിരുന്നാലും അവർ അവരുടെ വിശ്വാസത്തെ വീക്ഷിച്ചത് അവരുടെ ഭൂതകാല അനുഭവങ്ങളുടെയും മതവിശ്വാസപരമായ ആശയങ്ങളുടെയും അടിസ്ഥാനത്തിലാണ്. യെഹൂദ വിശ്വാസികൾക്ക് യെഹൂദ മതത്തിന്റെ ഉടമ്പടിയുടെ ശീലങ്ങളെ മുറുകെ പിടിക്കുന്ന പ്രവണതയുണ്ട്. പരിവർത്തനം ചെയ്യപ്പെട്ടവരായ പ്രാകൃതമതക്കാർക്കും അവരുടെ പഴയ മതപരമായ ആശയങ്ങളും ശീലങ്ങളും നിലനിർത്തുന്ന പ്രവണതയുണ്ട്. എന്നാൽ വിശ്വാസികളുടെ ഇടയിലുള്ള ഈ മാനസിക അവസ്ഥയെ പൗലൊസ് "പാപം" എന്നു വിളിക്കാത്തത് ശ്രദ്ധിക്കുക. അവർ അവരുടെ മനസ്സാക്ഷിയെ ലംഘിച്ചപ്പോൾ മാത്രമാണ് അതു പാപമായത് (വാ. 23).

"ശക്തിയില്ലാത്ത" (അപ്പൊ. പ്രവൃ. 14:8) എന്നർത്ഥം വരുന്ന *അധുനാറ്റോസ്* (***αδυνατος***) എന്ന പദം "ബലഹീനമായ" എന്നർത്ഥമുള്ള *അസ്തെനെയോ* (***ασθενεω***) (14:1,21; 1 കൊരി. 8:7,10,11,12; 9:22) എന്ന പദത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഈ വേദഭാഗം സൂചിപ്പിക്കുന്നത് ക്രിസ്ത്യാനികൾ മറ്റു ക്രിസ്ത്യാനികളെ വെറുപ്പോടെ കാണരുത്, പിന്നെയോ സ്നേഹപൂർവ്വം "അവർക്കുവേണ്ടി" കരുതുകയും പരസ്പരം ചേർന്ന് പ്രവർത്തിക്കുകയും വേണം എന്നാണ്. "ചുമക്കുക" എന്ന പദം യോഹ. 19:17ലും ലൂക്കൊസ് 14:27 ലുമുള്ള യേശുവിന്റെ ക്രൂശ് ചുമക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നു. മതവിശ്വാസികളായ ആളുകളുടെ മധ്യത്തിൽ ഉണ്ടാകാവുന്ന സംഘർഷങ്ങൾ പൗലൊസ് അറിഞ്ഞിരുന്നു. അവൻ ഹില്ലേൽ നവീകരണ സ്കൂളിലെ യെഹൂദ ഗുരുവായ ഗമാലിയേലിന്റെ കീഴിൽ പരിശീലിപ്പിക്കപ്പെട്ടവനാണ്.

▣ **"നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കയും"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനെ സൂചിപ്പിക്കുന്ന നെഗറ്റീവ് പാർട്ടിക്കിളോടുകൂടിയ ഒരു വർത്തമാനകാല കർത്തരി വിധിരൂപമാണിത്. സ്വയം കേന്ദ്രീകരണം പക്വതയില്ലായ്മയുടെ ഉറപ്പായ ഒരു ലക്ഷണമാണ്. ക്രിസ്തുവിന്റെ മാതൃക പിന്തുടരുക എന്നത് (ഫിലി. 2:1—11) പക്വതയുടെ അടയാളമാണ്. വീണ്ടും അഭിസംബോധന ചെയ്യുന്നത് ശക്തരായവരെയാണ് (14:1,14,16,21,27). കൂട്ടായ്മ നിലനിർത്തുന്നതിനുള്ള എല്ലാ ഉത്തരവാദിത്തങ്ങളും അവർക്കാണെന്ന് സൂചിപ്പിക്കുന്നതിനല്ല ഇത്. ബലഹീനരെയും അഭിസംബോധന ചെയ്തിരിക്കുന്നു (1 കൊരി. 14:3,20,23; 15:5–6,7).

**15:2 "നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ പ്രസാദിപ്പിക്കേണം"** ഇവിടെ കൂട്ടുവിശ്വാസി എന്ന അർത്ഥത്തിലാണ് "കൂട്ടുകാരൻ" എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ഇത് ധാരണകളുടെ വ്യക്തിപരമായ അനുരഞ്ജനത്തെയല്ല സൂചിപ്പിക്കുന്നത്, പിന്നെയോ ഒരുവൻ തന്റെ വ്യക്തിപരമായ താൽപര്യങ്ങളോ ദുർഗ്രഹമായ വിഷയങ്ങളെ സംബന്ധിച്ച തന്റെ അഭിപ്രായങ്ങളോ നിർബന്ധിച്ചേൽപ്പിക്കരുത് എന്നാണ്. പരമപ്രധാനമായത് വ്യക്തിപരമായ സ്വാതന്ത്ര്യമല്ല, പിന്നെയോ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐക്യതയും വളർച്ചയുമാണ് (1 കൊരി. 9:19–23; 10:24–33; എഫെ. 4:1–16).

▣

**NASB** **"അവന്റെ ആത്മിക വർദ്ധനെക്കുവേണ്ടി"**
**NKJV** **"ആത്മികവർദ്ധനവിലേക്കു നയിക്കുവാൻ"**
**NRSV** **"കൂട്ടുകാരനെ പണിതുയർത്തുക എന്ന നല്ല ഉദ്ദേശ്യത്തിനുവേണ്ടി"**
**TEV** **"അവരെ വിശ്വാസത്തിൽ പണിതുയർത്തുവാൻ"**
**NJB** **"ശക്തരായ ക്രിസ്ത്യാനികളാകുവാൻ അവരെ സഹായിക്കാൻ"**

ഇതാണ് 14–ാം അദ്ധ്യായത്തിലെ പ്രധാന പ്രതിപാദ്യം (4:16,19). ഇതും 1 കൊരി. 10:23; 12:7; 14:26; എഫെ. 4:29 എന്നീ ഭാഗങ്ങളിൽ കാണുന്ന ആത്മീയ വരങ്ങളെ തിരിച്ചറിയുന്നതിനുള്ള പരീക്ഷകളിലൊന്നാണ്.

ഈ പശ്ചാത്തലത്തിൽ ഇത് സൂചിപ്പിക്കുന്നത് വിശ്വാസത്തിൽ ശക്തരായവർ അവന്റെ/അവളുടെ സ്വാതന്ത്ര്യത്തെ വിശ്വാസത്തിൽ വളരുന്ന കൂട്ടുവിശ്വാസികളെ സഹായിക്കുന്നതിനായി സ്നേഹത്തിൽ പരിമിതപ്പെടുത്തുന്നതിനെയാണ്. ജോസഫ് എ. ഫിറ്റ്സ്മേയറും റെയ്മണ്ട് ഇ. ബ്രൗണും എഡിറ്റു ചെയ്ത *ദി ജെറോം ബിബ്ലിക്കൽ കമന്ററിയിൽ* (വാല്യം 2) ഈ വചനത്തെപ്പറ്റി താല്പര്യജനകമായ ഒരു അഭിപ്രായമുണ്ട്.

> "ഈ ശൈലി മിക്കപ്പോഴും 'അവന് ആത്മികവർദ്ധന വരുത്തുവാൻ' (അയൽക്കാരൻ) എന്നർത്ഥമാക്കുന്നതിനാണ് ഉപയോഗിക്കാറുള്ളത്; ഒരുവന്റെ ക്രിസ്തീയ അയൽക്കാരന്റെ വ്യക്തിപരമായ പുരോഗതിയെ സൂചിപ്പിച്ചുകൊണ്ടാണ് ഇത്. എന്നാൽ പൗലൊസ് മിക്കപ്പോഴും പണിയുക എന്ന ദൃഷ്ടാന്തം സമൂഹപരമായ അർത്ഥത്തിലാണ് ഉപയോഗിക്കുന്നതെന്നു മനസ്സിലാക്കുമ്പോൾ, ഈ ശൈലിക്ക് ഇവിടെയും ഒരു സാമൂഹികവും ഏകോപിച്ചുള്ളതുമായ അർത്ഥമുണ്ട്" (ഒ.നോ. 1 കൊരി. 14:12; എഫെ. 4:12; റോമ. 14:19) (പേജ് 328).

## പ്രത്യേക പഠന വിഷയം: ആത്മികവർദ്ധന വരുത്തുക

*ഒയിക്കോഡോമെഒ* (*οικοδομεω*) എന്ന ഈ പദവും ഇതിന്റെ മറ്റു രൂപങ്ങളും മിക്കപ്പോഴും പൗലൊസ് ഉപയോഗിച്ചിട്ടുണ്ട്. ആക്ഷരീകമായി ഇതിനർത്ഥം 'ഒരു വീട് പണിയുക" എന്നാണ്. (മത്താ. 7:24). എന്നാൽ ദൃഷ്ടാന്തമായി ഇത് താഴെപ്പറയുന്ന രീതിയിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്:

1. ക്രിസ്തുവിന്റെ ശരീരമായ സഭ, 1 കൊരി. 3:9; എഫെ. 2:21; 4:16
2. പണിതുയർത്തുക

a. ബലഹീനരായ സഹോദരന്മാരെ, റോമ. 15:1
b. അയൽക്കാരെ, റോമ. 15:2
c. അന്യോന്യം, എഫെ. 4:29; 1 തെസ്സ. 5:11
d. ശുശ്രൂഷയ്ക്കുവേണ്ടി വിശുദ്ധന്മാരെ, എഫെ. 4:11
3. നാം താഴെപ്പറയുന്നവയാൽ പണിതുയർത്തുകയോ ആത്മീയ വർദ്ധന വരുത്തുകയോ ചെയ്യുന്നു
a. സ്നേഹം, 1 കൊരി. 8:1; എഫെ. 4:16
b. വ്യക്തിപരമായ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നതിലൂടെ, 1 കൊരി. 10:23-24
c. ശ്രദ്ധിക്കാതിരിക്കുക (1 തിമൊ. 1:4).
d. ആരാധനകളിൽ സംസാരിക്കുന്നത് പരിമിതപ്പെടുത്തുക (പാടുന്നവർ, ഉപദേഷ്ടാക്കന്മാർ, പ്രവാചകർ, അന്യഭാഷകളിൽ സംസാരിക്കുന്നവർ, വ്യാഖ്യാതാക്കൾ), 1 കൊരി. 14:3-4,12
4. എല്ലാ കാര്യങ്ങളും ആത്മികവർദ്ധന വരുത്തണം
a. പൗലൊസിന്റെ അധികാരം, 2 കൊരി. 10:8; 12:19; 13:10
b. റോമ. 14:9ലെയും 1 കൊരി. 14:26 ലെയും സംക്ഷിപ്ത പ്രസ്താവനകൾ

**15:3 "ക്രിസ്തുവും"** ക്രിസ്തുവാണ് നമ്മുടെ രീതിയും മാതൃകയും. വാ. 5; ഫിലി. 2:1-11; 1 പത്രൊ. 2:21; 1 യോഹ. 3:16 എന്നിവിടങ്ങളിലും ഈ സത്യം ഊന്നിപ്പറഞ്ഞിരിക്കുന്നു.

▣ **"എഴുതിയിരിക്കുന്നു"** ഇത് പഴയനിയമ തിരുവെഴുത്തുകളെ സൂചിപ്പിക്കുന്ന ഒരു വർത്തമാനകാല കർമ്മിണി സൂചകമാണ്. ഇത് സങ്കീ. 69:9 ൽ നിന്നുമുള്ള ഒരു ഉദ്ധരണിയാണ്. ഒരു പഴയനിയമ ഉദ്ധരണി കൂടാതെ ക്രിസ്തുവിന്റെ മാതൃകയെ പരാമർശിക്കുന്നതിലൂടെ (തന്നിൽത്തന്നെ പ്രസാദിക്കാതെ, ഫിലി. 2:5-80), പൗലൊസ് ആദിമസഭയിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് ഉറവിടങ്ങൾ ഉപയോഗിക്കുന്നു. (ന്യൂമാൻ & നിഡ, *എ ട്രാൻസ് ലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓൺ പോൾസ് ലെറ്റർ ടു റോമൻസ്,* പേജ് 271). മുഴു ലോകത്തിന്റെയും പാപത്തെ വഹിച്ചതു നിമിത്തമുള്ള ക്രിസ്തുവിന്റെ സ്വാർത്ഥതയില്ലായ്മയാണ് നമ്മുടെ മാതൃക (1 യോഹ. 3:16).

പൗലൊസ് താഴെപ്പറയുന്നവയെ ബന്ധിപ്പിക്കുന്നതായി കാണുന്നു.
1. മശിഹാ എന്ന നിലയിലുള്ള യേശുവിന്റെ കുറ്റം (നിന്ദ) വഹിക്കൽ
2. പൗലൊസ് സുവിശേഷത്തിന്റെ നിന്ദ വഹിക്കുന്നത്

വീണുപോയ ലോകത്തിൽ ദൈവത്തെ സേവിക്കുന്നതിന് ഒരു വില കൊടുക്കേണ്ടതുണ്ട്.
1. ത്യജിക്കപ്പെട്ടവനും ക്രൂശിക്കപ്പെട്ടവനുമായ യേശു
2. 2 കൊരി. 4:7-12; 6:3-10; 11:23-33 ഭാഗങ്ങളിൽ പൗലൊസ് തന്റെ ത്യാഗത്തെക്കുറിച്ചും പീഡനത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു. പൗലൊസും ഒടുവിൽ ശിരച്ഛേദം ചെയ്യപ്പെട്ടു

**15:4 ''എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ഉപദേശത്തിനായിട്ടു ... തന്നെ എഴുതിയിരിക്കുന്നു"** പഴയനിയമം പുതിയ നിയമ വിശ്വാസികൾക്കുവേണ്ടിയും കൂടെയാണ് എഴുതപ്പെട്ടിരുന്നത് (ഒ.നോ. റോമ. 4:23-24; 15:4; 1 കൊരി. 9:10; 10:6,11). പുതിയ ഉടമ്പടിയുടെ വിശ്വാസികൾക്കും ഇത് പ്രധാനപ്പെട്ടതാണ് (ഒ.നോ. 2 തിമൊ. 2:15; 3:16-17). പഴയനിയമത്തിന്റെയും പുതിയ നിയമത്തിന്റെയും മധ്യത്തിൽ ഒരു തുടർച്ചയും തുടർച്ചയില്ലായ്മയും ഉണ്ട്.

▣ **"തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും"** ദൈവവചനത്തിന്റെ സത്യവും വിശ്വാസികളുടെ ജീവിതരീതീ പ്രതികരണവും ഇതിനോട് കൂടിച്ചേർന്നിരിക്കുന്നുവെന്നതു ശ്രദ്ധിക്കുക. വിശ്വാസവും പ്രവൃത്തിയും ഒരുമിച്ച് ബന്ധിക്കപ്പെട്ടിരിക്കുന്നു (വാ. 5). അവയുടെ ഫലം ജീവിതത്തിലെയും മരണത്തിലെയും ആത്മവിശ്വാസവും ക്രിസ്തുവിന്റെ മടങ്ങിവരവിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന പ്രത്യാശയുമാണ്.

▣ **"നമുക്കു... പ്രത്യാശ ഉണ്ടാകേണ്ടതിനു"** ഇത് മുമ്പെ വാ. 4 ൽ സൂചിപ്പിച്ച പ്രവൃത്തികളുടെ മേലാണ് നമ്മുടെ പ്രത്യാശ ആശ്രയിച്ചിരിക്കുന്നത് എന്നു സൂചിപ്പിക്കുന്ന ഒരു വർത്തമാനകാല കർത്തരി അനുബന്ധമാണിത്. പുതിയനിയമത്തിൽ മിക്കപ്പോഴും "പ്രത്യാശ" സൂചിപ്പിച്ചത് നമ്മുടെ രക്ഷ പൂർണ്ണമാകുന്ന രണ്ടാം വരവിനെയാണ് (ഒ.നോ. റോമ. 8:30; 1 യോഹ. 3:2). ഈ ഗ്രീക്കു പദത്തിന് ഇംഗ്ലീഷ് പദത്തെപ്പോലെ ഉറപ്പില്ലായ്മയുടെ ലക്ഷ്യാർത്ഥമില്ല. രണ്ടാം വരവ്, സമയത്തിന്റെ ഒരു ഉറപ്പുമില്ലാത്ത ഘടകത്തോടുകൂടിയ ഒരു ഉറപ്പുള്ള സംഭവമാണ്.

പൗലൊസ് ഈ പദം മിക്കപ്പോഴും നിരവധി വിവിധങ്ങളായതും എന്നാൽ ബന്ധപ്പെട്ടിരിക്കുന്നതുമായി അർത്ഥങ്ങളിൽ ഉപയോഗിക്കുന്നു. മിക്കപ്പോഴും ഇത് വിശ്വാസിയുടെ വിശ്വാസത്തിന്റെ പൂർത്തീകരണത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഇതിനെ മഹത്വം, നിത്യജീവൻ, പരമമായ രക്ഷ, രണ്ടാം വരവ് മുതലായ വിധത്തിലൊക്കെ പ്രകടിപ്പിക്കാം. പൂർത്തീകരണം ഉറപ്പാണ് എന്നാൽ സമയഘടകം ഭാവികാലവും അറിയപ്പെടാത്തതുമാണ്. മിക്കപ്പോഴും ഇത് "വിശ്വാസ"വുമായും "സ്നേഹ" വുമായും ബന്ധപ്പെട്ടിരിക്കുന്നു (ഒ.നോ. 1 കൊരി. 13:13; 1 തെസ്സ. 1:3; 2 തെസ്സ. 2:16). പൗലൊസിന്റെ ഉപയോഗങ്ങളുടെ ഒരു ഭാഗീകമായ പട്ടിക ഇപ്രകാരം ആണ്.

1. രണ്ടാമത്തെ വരവ്, ഗലാ. 5:5; എഫെ. 1:18; 4:4; തീത്തൊ. 2:13
2. യേശുവാണ് നമ്മുടെ പ്രത്യാശ, 1 തിമൊ. 1:1
3. സുവിശേഷത്തിൽ ആശ്രയിക്കുക, കൊലൊ. 1:23
4. പരമമായ രക്ഷ, കൊലൊ. 1:5; 1 തെസ്സ. 4:13, 5:8
5. ദൈവമഹത്വം, റോമ. 5:2; 2 കൊരി. 3:12; കൊലൊ. 1:27
6. രക്ഷയുടെ ഭദ്രത, 1 തെസ്സ. 5:8
7. നിത്യജീവൻ, തീത്തൊ. 1:2; 3:7
8. സർവ്വ സൃഷ്ടിയുടെയും വീണ്ടെടുപ്പ്, റോമ. 8:20
9. വിശ്വാസം, റോമ. 8:23–25; 15:4
10. ദൈവത്തിന്റെ നാമം, റോമ. 15:13
11. വിശ്വാസികൾക്കായുള്ള പൗലൊസിന്റെ ആശ, 2 കൊരി. 1:7

**15:5 "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം"** ദൈവത്തിന്റെ പുതിയ നിയമത്തിലെ മുഴുവൻ പേര് ഇതാണ് (ഒ.നോ. 2 കൊരി. 1:3; എഫെ. 1:3; കൊലൊ. 1:3; 1 പത്രൊ. 1:3; 1:7 ൽ സമാന്തരമായ ഒരു പേര് ശ്രദ്ധിക്കുക. ദൈവം തത്വശാസ്ത്രപരമായ ഒരു ആവശ്യകതയല്ല, പിന്നെയോ അവൻ വെളിപ്പാടിന്റെ ദൈവമാണ്. വാ. 5–6 ലെ ദൈവത്തിന്റെ രണ്ടു പേരുകൾ ശ്രദ്ധിക്കുക.

1. സ്ഥിരതയുടെയും ആശ്വാസത്തിന്റെയും ദൈവം
2. ദൈവവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവുമായവൻ

8:25 ലെ പ്രത്യേക പഠനവിഷയം: സ്ഥിരോത്സാഹവും 1:7ലെ പ്രത്യേക പഠനവിഷയം: പിതാവും കാണുക.

**15:6 "ദൈവം ... തരുമാറാകട്ടെ"** ഇത് ഒരു ആഗ്രഹത്തെയോ പ്രാർത്ഥനയെയോ പ്രകടിപ്പിക്കുന്ന ഒരു വിരളമായ ഭൂതകാല കർത്തരി അനുവാദകക്രിയയാണ്. പൗലൊസിന്റെ വാ. 5–6 ലെ പ്രാർത്ഥനയിൽ രണ്ട് അപേക്ഷകൾ ഉണ്ടായിരുന്നു.

1. ഏക മനസ്സുള്ളവരായിരിക്കുവാൻ (12:16; 2 കൊരി.13:4; ഫിലി. 2:2).
2. സ്തുതിയിൽ ഏകസ്വരത്തിലായിരിപ്പാൻ (വാ. 6,7,9).

▣ **"സ്ഥിരതയും ആശ്വാസവും നൽകുന്ന ദൈവം"** ഇത് ദൈവത്തിന്റെ മിക്കവാറും വിവരണം നൽകുന്ന പേരാണ് (ഒ.നോ. 15:13; 1 കൊരി. 1:3). ദൈവത്തിന്റെ ഈ സവിശേഷതകൾ തിരുവചനത്തിലൂടെ വിശ്വാസികളിലേക്ക് വരുന്നു (വാ. 4). 8:25 ലെ പ്രത്യേക പഠനവിഷയം: സ്ഥിരോത്സാഹത്തിന്റെ ആവശ്യകത, കാണുക.

### റോമർ 14:7–13

**[7]അതുകൊണ്ടു ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി നിങ്ങളെ കൈക്കൊണ്ടതുപോലെ നിങ്ങളും
അന്യോന്യം കൈക്കൊൾവിൻ. [8]പിതാക്കന്മാർക്കു ലഭിച്ച വാഗ്ദത്തങ്ങളെ ഉറപ്പിക്കേണ്ടതിന്നു [9]ക്രിസ്തു
ദൈവത്തിന്റെ സത്യം നിമിത്തം പരിച്ഛേദനെക്കു ശുശ്രൂഷക്കാരനായിത്തീർന്നു എന്നും ജാതികൾ
ദൈവത്തെ അവന്റെ കരുണനിമിത്തം മഹത്വീകരിക്കേണം എന്നും ഞാൻ പറയുന്നു. [10]"അതുകൊണ്ടു
ഞാൻ ജാതികളുടെ ഇടയിൽ നിന്നെ വാഴ്ത്തി നിന്റെ നാമത്തിന്നു സ്തുതി പാടും" എന്നു
എഴുതിയിരിക്കുന്നുവല്ലോ. [11]മറ്റൊരേടത്തു: "ജാതികളേ, അവന്റെ ജനത്തോടു ഒന്നിച്ചു ആനന്ദിപ്പിൻ"
എന്നും പറയുന്നു. "സകല ജാതികളുമായുള്ളോരേ, കർത്താവിനെ സ്തുതിപ്പിൻ, സകല വംശങ്ങളും
അവനെ സ്തുതിക്കട്ടെ" എന്നും പറയുന്നു. [12]"യിശ്ശായിയുടെ വേരും ജാതികളെ ഭരിപ്പാൻ എഴുന്നേല്ക്കു
ന്നവനുമായവൻ ഉണ്ടാകും; അവനിൽ ജാതികൾ പ്രത്യാശവെക്കും" എന്നു യെശയ്യാവു പറയുന്നു.
[13]എന്നാൽ പ്രത്യാശ നല്കുന്ന ദൈവം, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ
സമൃദ്ധിയുള്ളവരായി, വിശ്വസിക്കുന്നതിലുള്ള സകലസന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ
നിറെക്കുമാറാകട്ടെ.**

**15:7**

| | |
|---|---|
| **NASB, TEV** | **"അന്യോന്യം കൈക്കൊൾവിൻ"** |
| **NKJV** | **"അന്യോന്യം സ്വീകരിപ്പിൻ"** |
| **NRSV** | **"അന്യോന്യം സ്വാഗതം ചെയ്വിൻ"** |
| **NJB** | **"ഒരേ സ്നേഹബന്ധത്തിൽ അന്യോന്യം പെരുമാറുവിൻ"** |

ഇത് ഒരു മർത്തമാനകാല മധ്യ വിധിരൂപം ആണ്. വിശ്വാസികൾ തുടർന്നും അന്യോന്യം കൈക്കൊള്ളേണം. എന്തുകൊണ്ടെന്നാൽ ക്രിസ്തു അവരെ കൈക്കൊണ്ടു. 14:1 ലും ഇതേ സത്യം കാണുന്നു. എന്നിരുന്നാലും ഇവിടെ ഇത് ദൈവം ജാതികളെ കൈക്കൊള്ളുന്നതിനെപ്പറ്റിയുള്ള ഒരുനിര പഴയനിയമ വാക്യങ്ങളെ പരിചയപ്പെടുത്തുന്നു (വാ. 9–12). ഇത് റോമാ സഭയിലെ സംഘർഷത്തെ പ്രതിഫലിപ്പിച്ചിരിക്കണം.

വിശ്വാസികൾ അന്യോന്യം ഏല്പിച്ചുകൊടുക്കുന്നത് ക്രിസ്ത്യാനിത്വത്തിന്റെ ഒരു സവിശേഷതയാണ് (ഒ. നോ. 1:12; 12:5,10,16; 13:8; 14:13,19; 15:5,7,14; 16:16).

▣ **"ക്രിസ്തു... നിങ്ങളെ കൈക്കൊണ്ടതുപോലെ"** ഇത് ഒരു ഭൂതകാല മധ്യ സൂചകമാണ്. ഇവിടെയാണ് വിശ്വാസിയുടെ മറ്റുള്ളവരോടുള്ള പ്രവൃത്തികളുടെ ലക്ഷ്യവും ഉത്തേജനവും (ഒ.നോ. 14:3). 14-ാം അധ്യായത്തിൽ ശ്രദ്ധയൂന്നുന്നത് താഴെപ്പറയുന്നവയിലാണ്.

1. ക്രിസ്തു യജമാനനും ന്യായാധിപനും, വാ. 1-12
2. ആത്മത്യാഗ സ്നേഹത്തിന്റെ മാതൃകയായ ക്രിസ്തു, വാ. 13-23

▣ **"ദൈവത്തിന്റെ മഹത്വത്തിനായി"** 3:23 ന്റെ കുറിപ്പു കാണുക.

**15:8 "ക്രിസ്തു... പരിച്ഛേദനയെക്കു ശുശ്രൂഷകനായിത്തീർന്നു"** പഴയനിയമ പ്രവചനത്തിന്റെ ദൈവിക നിവൃത്തിയാണ് യേശു (ഒ.നോ. മത്താ. 10:6; 15:24). ഇത് റോമാ സഭയിലെ വിശ്വാസികളായ യെഹൂദന്മാരും ജാതികളും തമ്മിലുള്ള സംഘർഷത്തെ ലക്ഷ്യമാക്കിയുള്ളതാകണം.

▣

**NASB** **"പിതാക്കന്മാർക്കു ലഭിച്ച വാഗ്ദത്തങ്ങളെ ഉറപ്പിക്കേണ്ടതിനു ദൈവത്തിന്റെ സത്യം നിമിത്തം"**
**NKJV** **"പിതാക്കന്മാർക്കു ലഭിച്ച വാഗ്ദത്തങ്ങളെ ഉറപ്പിക്കുവാൻ ദൈവത്തിന്റെ സത്യത്തിനുവേണ്ടി"**
**NRSV** **"അവൻ ഗോത്രപിതാക്കന്മാർക്കു നൽകിയിരുന്ന വാഗ്ദത്തങ്ങളെ ഉറപ്പിക്കുവാൻ ദൈവത്തിന്റെ സത്യം നിമിത്തം"**
**TEV** **"ദൈവം വിശ്വസ്തനെന്നു കാണിക്കേണ്ടതിന്, അവരുടെ പൂർവ്വികരോടുള്ള അവന്റെ വാഗ്ദത്തങ്ങൾ യാഥാർത്ഥ്യമാകുവാൻ യെഹൂദന്മാർ നിമിത്തം"**
**NJB** **"അങ്ങനെ ദൈവത്തിന് ഗോത്രപിതാക്കന്മാർക്കു നൽകിയിരുന്ന വാഗ്ദത്തങ്ങളെ നിവർത്തിക്കുവാൻ"**

മിക്കവാറും ഇത് യിസ്രായേലിനോടുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ വാഗ്ദത്തങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നു (ഒ.നോ. 4:16). എന്നിരുന്നാലും ഇതിന് എല്ലാ മാനവജാതിയെയും വീണ്ടെടുക്കുന്നതിനുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളെ സൂചിപ്പിക്കുവാൻ കഴിയും (ഒ.നോ. ഉല്പ. 3:15; 12:3; പുറ. 19:5-6; യെശ. 2:2-4; 56:7; 66:18-24). സുവിശേഷത്തിന്റെ മർമ്മമെന്നത് ദൈവത്തിന്റെ പദ്ധതി എല്ലായ്പ്പോഴും ക്രിസ്തുവിലൂടെ യെഹൂദനെയും ജാതിയെയും ഏകോപിപ്പിക്കുന്നുവെന്നതാണ് (ഒ.നോ. എഫെ. 2:11-13:13).

പുതിയ നിയമം മുഴുവനായി പുതിയ ഒന്നല്ല. പിന്നെയോ പഴയനിയമ പ്രത്യാശകളുടെ പൂർത്തീകരണമാണ്. ക്രിസ്തുവിന്റെ മഹത്തായ ദൗത്യം (1) യിസ്രായേലിന് അവളുടെ വാഗ്ദത്തം ചെയ്യപ്പെട്ട പ്രത്യാശയുടെ പൂർത്തീകരണവും (2) ജാതികൾക്ക് വാതിൽ തുറന്നുകൊടുക്കുക എന്നതുമായിരുന്നു (ഒ.നോ. റോമ. 3:29-30; 9:30; 10:11-12, 16-20; 11:25, 32; 16:25; എഫെ. 2:11- 3:21). ദൈവത്തെ വെളിപ്പെടുത്തുക, ജാതികളെ വിശ്വാസത്തിലേക്ക് ആകർഷിക്കുക എന്നിങ്ങനെയുള്ള അവളുടെ സുവിശേഷീകരണ ദൗത്യത്തിൽ പരാജയപ്പെട്ടിരുന്നതിനാൽ ഈ സാർവ്വത്രിക ദൗത്യത്തെ സാക്ഷാത്കരിക്കുവാൻ (ഒ.നോ. മത്താ. 28:19-20; ലൂക്കൊ. 24:47; യോഹ. 3:16; അപ്പൊ. 1:5) യേശു ഒരു പുതിയ ആത്മീയ യിസ്രായേലിനെ ശക്തീകരിക്കുകയാണ് (9:6; ഗലാ. 6:16).

▣ **"ഉറപ്പിക്കുക"** 4:16 ലെ പ്രത്യേക പഠനവിഷയം കാണുക.

**15:9-12** ജാതികൾ എല്ലായ്പ്പോഴും ദൈവത്തിന്റെ പദ്ധതിയുടെ ഒരു ഭാഗമാണെന്ന് തെളിയിക്കുന്നതിനുള്ള പഴയനിയമ ഉദ്ധരണികളുടെ ഒരു ശ്രേണിയാണിത്. (1:5 ലെ പ്രത്യേക പഠനവിഷയം: ബോബിന്റെ സുവിശേഷ വിഹിത മുൻവിധികൾ കാണുക; ഒ.നോ. 10:16-20). ഇത് താഴെപ്പറയുന്ന ഭാഗങ്ങളിൽ നിന്നുമുള്ള പഴയനിയമ ഉദ്ധരണികളുടെ ഒരു ശ്രേണിയാണ്.

1. വാ. 9 - സങ്കീ. 18:49 അഥവാ 2 ശമൂ. 22:50
2. വാ. 10 - ആവ. 32:43
3. വാ. 11 - സങ്കീ. 117:1
4. വാ. 12 - യെശ. 11:1,10

എബ്രായ കാനോന്റെ ഓരോ ഭാഗത്തു നിന്നും (ന്യായപ്രമാണം, പ്രവാചകന്മാർ, എഴുത്തുകൾ) ഒരു ഉദ്ധരണി വീതം ഉണ്ടെന്നുള്ളത് ശ്രദ്ധിക്കുക.

**15:9 "ദൈവത്തെ അവന്റെ കരുണ നിമിത്തം മഹത്വീകരിക്കേണം"** റോമാ ലേഖനത്തിലെ മുൻനിർണ്ണയത്തിനും (ഒ.നോ. 9:15,16,18,23) ജാതികളുടെ ഉൾപ്പെടുത്തലിനും (ഒ.നോ. 11:30,31,32; 15:9) ദൈവത്തിന്റെ കരുണ ഒരു ദൈവശാസ്ത്രപരമായ താക്കോലാണ്. യിസ്രായേലിനെ രക്ഷിച്ചത് ദൈവത്തിന്റെ കരുണയാണ്. വിശ്വസിക്കുന്ന ജാതികളെ രക്ഷിക്കുന്നത് ദൈവത്തിന്റെ കരുണയാണ്. പ്രവർത്തന രീതി മാനുഷിക പ്രവൃത്തിയല്ല (ഒ.നോ. റോമ. 9). പിന്നെയോ കൃപ നിറഞ്ഞതും മാറ്റമില്ലാത്തതുമായ ദൈവിക സ്വഭാവവും (ഒ.നോ. പുറ. 34:6; നെഹെ. 9:17; സങ്കീ. 103:8,4; യോവേ. 2:13) മശിഹായെക്കുറിച്ചുള്ള വാഗ്ദത്തവുമാണ് (ഒ.നോ. യെശ. 11:1,10). ജാതികൾ താഴെപ്പറയുന്നവയാൽ ദൈവത്തെ "മഹത്വപ്പെടുത്തുന്നു" എന്നത് താല്പര്യജനകമാണ്.

1. ഏറ്റു പറച്ചിൽ/സ്തുതി
2. പാട്ട്

ഒരു വിശ്വാസി ദൈവത്തിനു പാടുമ്പോൾ അവൻ ഏറ്റു പറയുകയും പരസ്യമായി പ്രസ്താവിക്കുകയുമാണ്. പ്രമാണങ്ങൾ പോലുള്ള സ്തുതിഗീതങ്ങൾ ഏറ്റുപറയലിന് മൂല്യവത്തായ ഒരു മാർഗ്ഗമാണ് (ഒ.നോ. 10:9-13).

**15:13 "പ്രത്യാശ നൽകുന്ന ദൈവം"** ഇത് 14:1 ൽ ആരംഭിച്ചിരിക്കുന്ന ഒരു പര്യവസാന ദൈവസ്തുതി ഗീതമാണ്. പ്രത്യാശ നൽകുന്ന ദൈവം-ഇത് ദൈവത്തിന്റെ മറ്റൊരു അതിശയകരമായ നാമമാണ്.

**15:13 "സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറക്കുമാറാകട്ടെ"** റോമയിലെ വിശ്വാസികൾക്കു വേണ്ടിയുള്ള പൗലൊസിന്റെ പ്രാർത്ഥനയെ സൂചിപ്പിക്കുന്ന ഒരു ഭൂതകാല കർത്തരി അനുവാദകക്രിയയാണ് ആണിത്. "സകല"ത്തിന്റെ സാന്നിധ്യം ശ്രദ്ധിക്കുക (ഒ.നോ. 5:1-2; 14: )

▣

| | |
|---|---|
| **NASB, NKJV, NRSV** | **"വിശ്വസിക്കുന്നതിലുള്ള"** |
| **TEV** | **"അവനിലുള്ള നിങ്ങളുടെ വിശ്വാസത്താൽ"** |
| **NJB** | **"നിങ്ങളുടെ വിശ്വാസത്തിൽ"** |

ഇത് ഒരു വർത്തമാനകാല കർത്തരി കേവലക്രിയ ആണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിലും പരിശുദ്ധാത്മാവിന്റെ ശക്തിയിലും വ്യക്തിപരമായ സന്തോഷത്തിലും സമാധാനത്തിലും ആയിരിക്കുന്നതിലൂടെയുള്ള നിലനിൽപ്പിന്റെ ആത്മവിശ്വാസത്തെയാണ് ഇത് പ്രകടിപ്പിക്കുന്നത്. ക്രിസ്തുവിലുള്ള വിശ്വാസം പ്രാഥമിക പ്രതികരണം മാത്രമല്ല പിന്നെയോ ജീവിതശൈലി പ്രതികരണം കൂടെയാണ്.

▣ **"നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി"** ഇത് *പെരിസ്സെയിഓ* (***περισσευω***) യുടെ ഒരു വർത്തമാന കാല കർത്തരി കേവലക്രിയ ആണ്. അടിസ്ഥാനപരമായി ഇതിനർത്ഥം "മീതെ ഉപരി" എന്നാണ്. "പ്രത്യാശ"യ്ക്ക് 15:4 ലെ കുറിപ്പ് കാണുന്നു.

## പ്രത്യേക പഠന വിഷയം: വർദ്ധിച്ചുവരുക - പെരിസ്സെയുഓ (*περισσευω*)

പൗലൊസ് ഈ ശൈലി മിക്കപ്പോഴും ഉപയോഗിക്കുന്നു.

1. ദൈവത്തിന്റെ സത്യം ... അവന്റെ മഹത്വത്തിനായി, റോമ. 3:7
2. ഏക മനുഷ്യനായ യേശുക്രിസ്തുവിന്റെ കൃപയാലുള്ള ദാനവും ... ഏറ്റവും അധികം, റോമ. 5:15
3. പ്രത്യാശയിൽ സമൃദ്ധിയുള്ള വിശ്വാസികൾ, റോമ. 15:13
4. ചില പ്രത്യേക ആഹാരങ്ങൾ കഴിക്കുന്നതുകൊണ്ടോ കഴിക്കാതിരിക്കുന്നതുകൊണ്ടോ വിശ്വാസികൾ ദൈവത്തോട് അടുപ്പിക്കപ്പെടുന്നില്ല, 1 കൊരി. 8:8
5. സഭയുടെ ആത്മിക വർദ്ധനയ്ക്കായി വിശ്വാസികൾ സഫലന്മാരായിരിക്കുക, 1 കൊരി. 14:12
6. വിശ്വാസികൾ കർത്താവിന്റെ വേലയിൽ വർദ്ധിച്ചുവരുന്നവരായിരിക്കുക, 1 കൊരി. 15:58
7. ക്രിസ്തുവിന്റെ കഷ്ടങ്ങൾ വിശ്വാസികളിൽ പെരുകുന്നതുപോലെ തന്നെ ക്രിസ്തുവിനാൽ വിശ്വാസികളുടെ ആശ്വാസവും പെരുകുന്നു, 2 കൊരി. 1:5
8. നീതിയുടെ ശുശ്രൂഷ തേജസ്സേറിയതായിരിക്കും, 2 കൊരി. 4:15
9. വിശ്വാസികളുടെ സ്തോത്രം ദൈവത്തിന്റെ മഹിമയ്ക്കായാണ്, 2 കൊരി. 4:5
10. വിശ്വാസികളുടെ സന്തോഷസമൃദ്ധി, 2 കൊരി. 8:2
11. എല്ലാറ്റിനും വിശ്വാസികൾ മുന്തിയിരിക്കുന്നതുപോലെ (വിശ്വാസം, വചനം, പരിജ്ഞാനം, പൂർണ്ണ ജാഗ്രത, സ്നേഹം) യെരുശലേം സഭയ്ക്കുവേണ്ടിയുള്ള ഈ ധർമ്മശേഖരണത്തിലും വർദ്ധിച്ചുവരണം, 2 കൊരി. 8:7
12. വിശ്വാസികളിൽ സകല കൃപയും പെരുകുവാൻ, 2 കൊരി. 9:8
13. ദൈവത്തിന് വിശ്വാസികളുടെ അനവധി സ്തോത്രം, 2 കൊരി. 9:12
14. വിശ്വാസികൾക്ക് ധാരാളമായി കാണിച്ച ദൈവത്തിന്റെ കൃപാധനം, എഫെ. 1:8
15. വിശ്വാസികളുടെ സ്നേഹം മേല്ക്കുമേൽ വർദ്ധിച്ചു, ഫിലി. 1:9
16. പൗലൊസിനെക്കുറിച്ചുള്ള വിശ്വാസികളുടെ പ്രശംസ ക്രിസ്തുയേശുവിൽ വർദ്ധിച്ചു, ഫിലി. 1:26
17. സമൃദ്ധിയിൽ ഇരിപ്പാൻ, ഫിലി. 4:12,18
18. സ്തോത്രത്തിൽ കവിഞ്ഞിരിക്കുന്ന വിശ്വാസികൾ, കൊലൊ. 2:7
19. വിശ്വാസികൾ തമ്മിൽ സ്നേഹം വർദ്ധിപ്പിച്ചു, 1 തെസ്സ. 3:12
20. ക്രിസ്തുവിന്റെ ജീവിതരീതിയിൽ വർദ്ധിച്ചുവരിക, 1 തെസ്സ. 4:1
21. കൂട്ടുവിശ്വാസികളോടുള്ള സ്നേഹത്തിൽ വർദ്ധിച്ചു വരിക, 1 തെസ്സ. 4:10

ക്രിസ്തുവിലുള്ള ദൈവത്തിന്റെ കൃപയെക്കുറിച്ചുള്ള പൗലൊസിന്റെ ധാരണ 'മീതെയും' 'ഉപരിയു' മായിരുന്നു. അതുകൊണ്ടും 'മീതെയും' 'ഉപരിയു' മായുള്ള സ്നേഹത്തിൽ നടക്കേണ്ടതും അവരുടെ ദൈനംദിന ജീവിതത്തിൽ സ്നേഹിക്കേണ്ടതും വിശ്വാസികളുടെ ആവശ്യമാണ്.

▣ **"പരിശുദ്ധാത്മാവിന്റെ ശക്തിയാൽ"** ഈ പുതുയുഗത്തിൽ ക്രിയാത്മകമായിരിക്കുന്ന ത്രിത്വത്തിലെ വ്യക്തി

യാണ് പരിശുദ്ധാത്മാവ്. മൂല്യത്തിന്റെയോ ഫലത്തിന്റെയോ നിലനിൽക്കുന്നതൊന്നും അവനെ കൂടാതെ സംഭവിക്കുന്നില്ല (ഒ.നോ. 15:19; 1 കൊരി. 2:4; 1 തെസ്സ. 1:5) 8:9 ലെയും 8:11 ലെയും പ്രത്യേക പഠനവിഷയം കാണുക.

### ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. റോമ. 14:1–15:13 ന്റെ കേന്ദ്ര സത്യം എന്താണ്?
2. വാ. 9–22 ൽ പൗലൊസ് പഴയനിയമ വേദഭാഗങ്ങൾ ഉദ്ധരിക്കുന്നതെന്തുകൊണ്ട്? എന്തു മഹത്തായ സത്യമാണ് അവ പഠിപ്പിക്കുന്നത്?

## വാ. 14–13 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. അനവധി വിധത്തിൽ ഈ ലേഖനത്തിന്റെ അവസാന ഭാഗം ആദ്യ ഭാഗമായ 1:8–15 നോട് സമാനമായിരിക്കുന്നു
   1. ഇത് അവരുടെ വിശ്വാസത്തെ പുകഴ്ത്തുന്നു (ഒ.നോ. 1:8)
   2. ഇത് പൗലൊസിന്റെ ജാതികളുടെ സുവിശേഷത്തിനായുള്ള അപ്പൊസ്തലത്വത്തെ പ്രതിരോധിക്കുന്നു (ഒ.നോ. 1:13,14).
   3. ഇത് അവരെ സന്ദർശിക്കുന്നതിനുള്ള പൗലൊസിന്റെ ആഗ്രഹത്തെ പ്രസ്താവിക്കുന്നു (ഒ.നോ. 1:10, 13).
   4. ഇതുവരെയും സുവിശേഷീകരിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിലേക്കുള്ള തന്റെ യാത്രകളിൽ അവർ സഹായിക്കണമെന്നുള്ള പൗലൊസിന്റെ ആഗ്രഹത്തെ ഇത് പ്രകടിപ്പിച്ചിരിക്കുന്നു (സ്പെയിൻ, ഒ.നോ. 1:13).

B. "വീണ്ടും റോമാ സഭയിലെ വിശ്വാസികളായ യെഹൂദന്മാരും ജാതികളും തമ്മിലുള്ള സംഘർഷത്തെപ്പറ്റിയുള്ള സൂചനയുണ്ട്. ഇത് ഈ ലേഖനത്തിലാകമാനം, പ്രത്യേകിച്ച് 9–11; 14:1–15:13 അധ്യായങ്ങളിൽ, പരോക്ഷമായോ നേരിട്ടോ സൂചിപ്പിച്ചിട്ടുണ്ട്.

C. അപ്പൊസ്തലനെന്ന നിലയിലുള്ള ആദിമസഭയിലെ പൗലൊസിന്റെ നിലയെ സംബന്ധിച്ച സംഘർഷത്തെപ്പറ്റിയും ഒരു സൂചനയുണ്ട്. വാ. 15–19; 1:2,5 ഭാഗത്ത് താൻ തന്നെത്താൻ പ്രതിരോധിക്കുന്നതായി കാണുന്നു.

D. ഈ സാഹിത്യഘടകം രണ്ട് വിഷയങ്ങൾ ഉൾക്കൊള്ളുന്നു.
   1. പൗലൊസിന്റെ സുവിശേഷീകരണപരവും ജാതികളെ ലക്ഷ്യമാക്കിയുമുള്ള ശുശ്രൂഷ (ഒ.നോ. വാ. 14–21).
   2. ഈ ലക്ഷ്യം സാധ്യമാക്കുന്നതിനുവേണ്ടിയുള്ള പൗലൊസിന്റെ യാത്രാ പദ്ധതികൾ തന്നെ റോമിലൂടെ കൊണ്ടുപോയേക്കാം (ഒ.നോ. വാ. 22–23).

## പദ, ശൈലീ പഠനം

**റോമർ 15:14–21**

**[14]സഹോദരന്മാരേ, നിങ്ങൾ തന്നേ ദയാപൂർണ്ണരും സകല ജ്ഞാനവും നിറഞ്ഞവരും അന്യോന്യം പ്രബോധിപ്പിപ്പാൻ പ്രാപ്തരും ആകുന്നു എന്നു ഞാൻ നിങ്ങളെക്കുറിച്ചു ഉറെച്ചിരിക്കുന്നു. [15]എങ്കിലും ജാതികൾ എന്ന വഴിപാടു പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു പ്രസാദകരമായിത്തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷ ഘോഷണം പുരോഹിതനായി അനുഷ്ഠിച്ചുകൊണ്ടു ജാതികളിൽ ക്രിസ്തുയേശുവിന്റെ ശുശ്രൂഷകനായിരിക്കേണ്ടതിന്നു, [16]ദൈവം എനിക്കു നല്കിയ കൃപ നിമിത്തം നിങ്ങളെ ഓർമ്മപ്പെടുത്തുംവണ്ണം ഞാൻ ചിലയിടത്തു അതിധൈര്യമായി നിങ്ങൾക്കു എഴുതിയിരിക്കുന്നു. [17]ക്രിസ്തുയേശുവിൽ എനിക്കു ദൈവസംബന്ധമായി പ്രശംസ ഉണ്ടു. [18]ക്രിസ്തു ഞാൻ മുഖാന്തരം**

ജാതികളുടെ അനുസരണത്തിനായിട്ടു വചനത്താലും പ്രവൃത്തിയാലും അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും ശക്തികൊണ്ടും പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടും പ്രവർത്തിച്ചതു അല്ലാതെ മറ്റൊന്നും മിണ്ടുവാൻ ഞാൻ തുനിയുകയില്ല. [19]അങ്ങനെ ഞാൻ യെരൂശലേംമുതൽ ഇല്ലുര്യദേശത്തോളം ചുറ്റിസഞ്ചരിച്ചു ക്രിസ്തുവിന്റെ സുവിശേഷഘോഷണം പൂരിപ്പിച്ചിരിക്കുന്നു. [20]ഞാൻ മറ്റൊരുവന്റെ അടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണ്ടതിന്നു ക്രിസ്തുവിന്റെ നാമം അറിഞ്ഞിട്ടുള്ള ഇടത്തിലല്ല, [21]"അവനെക്കുറിച്ചു അറിവു കിട്ടീട്ടില്ലാത്തവർ കാണും; കേട്ടിട്ടില്ലാത്തവർ ഗ്രഹിക്കും" എന്നു എഴുതിയിരിക്കുന്നതുപോലെ അത്രേ, സുവിശേഷം അറിയിപ്പാൻ അഭിമാനിക്കുന്നതു.

**15:14**

**NASB** **"എന്റെ സഹോദരന്മാരേ നിങ്ങളെക്കുറിച്ചു ... ഞാൻ ഉറച്ചിരിക്കുന്നു"**
**NKJV** **"എന്റെ സഹോദരന്മാരേ ഇപ്പോൾ ഞാൻ നിങ്ങളെക്കുറിച്ചു ആത്മവിശ്വാസമുള്ളവനാകുന്നു"**
**NRSV** **"എന്റെ സഹോദരീസഹോദരന്മാരെ നിങ്ങളെക്കുറിച്ച് എനിക്ക് ആത്മവിശ്വാസമുണ്ട്"**
**TEV** **"എന്റെ സഹോദരങ്ങളേ ഞാൻ നിങ്ങളെക്കുറിച്ച് ഉറപ്പുള്ളവനായിരിക്കുന്നു"**
**NJB** **"എന്റെ സഹോദരന്മാരേ എനിക്ക് നിങ്ങളെക്കുറിച്ച് എന്തെങ്കിലും സംശയമുള്ളതുകൊണ്ടല്ല, നേരെ മറിച്ച് എനിക്ക് നിങ്ങളെക്കുറിച്ച് നല്ല ഉറപ്പാണ്"**

"ഞാൻ" ഗ്രീക്കിൽ വളരെ ഊന്നിപ്പറയുന്നതാണ് *(ഓട്ടോ ഈഗോ).* പൗലൊസ് വാസ്തവമായും സഭയെ അഭിനന്ദിക്കുകയാണ് ("ബോദ്ധ്യപ്പെട്ടിരിക്കുന്നു", പൂർണ്ണ കർമ്മിണി സൂചകം).

വാ. 14 ൽ റോമയിലെ ഈ ക്രിസ്ത്യാനികളെക്കുറിച്ച് പൗലൊസ് മൂന്നു കാര്യങ്ങൾ പ്രഖ്യാപിക്കുന്നു.

1. അവർ ദയാപൂർണ്ണരാണ് (വർത്തമാനകാല കർത്തരി സൂചകം)
2. അവർ സകല ജ്ഞാനവും നിറഞ്ഞവരാണ് (വർത്തമാനകാല കർമ്മിണി അപൂർണ്ണക്രിയ)
3. അവർ അന്യോന്യം പ്രബോധിപ്പിപ്പാൻ പ്രാപ്തരാണ് (പൂർണ്ണ കർമ്മണി അപൂർണ്ണക്രിയ).

ഈ വാക്യം സൂചിപ്പിക്കുന്നത്, പൗലൊസ് ഒരു പുതിയ സന്ദേശം അവരിലേക്ക് കൊണ്ടുവരികയല്ല പിന്നെയോ അവർക്ക് നേരത്തെ തന്നെ ലഭിച്ചിരുന്ന സുവാർത്തയെ വിവരിക്കുകയും വ്യക്തമാക്കുകയും ചെയ്യുകയായിരുന്നു വെന്നാണ് (വാ. 15).

▣ **"നിങ്ങൾ തന്നെ ദയാപൂർണ്ണരും"** ഒന്നാമത്തെ ശൈലിയിൽ "ഞാൻ തന്നെ" എന്ന് ഊന്നിപ്പറഞ്ഞിരിക്കുന്നതു പോലെ ഇവിടെ "നിങ്ങൾ തന്നെ" എന്ന് ഊന്നിപ്പറഞ്ഞിരിക്കുകയാണ്. "നിറവ്" എന്ന പദത്തിനർത്ഥം (*മെസ്റ്റോസ്*) "നിറഞ്ഞ" അഥവാ "തിങ്ങിവിങ്ങിയ" എന്നാണ്. പൗലൊസ് ഈ പദം രണ്ടു തവണ ഉപയോഗിച്ചു, രണ്ടും റോമറിൽ തന്നെയാണ് (1:29; 15:14).

"നിറഞ്ഞ"എന്ന (*പ്ലീറോഓ*-**πληροω**) പദം ഒരു പൂർണ്ണ കർമ്മണി അപൂർണ്ണക്രിയ ആണ്. പൗലൊസ് ഈ പദം റോമറിൽ മിക്കപ്പോഴും ഉപയോഗിച്ചിരിക്കുന്നു (1:29; 8:4; 13:8; 15:13,14,19). *പ്ലീറോമാ* എന്ന നാമവും താൻ റോമറിൽ മിക്കപ്പോഴും ഉപയോഗിക്കുന്നു (11:12,25; 13:10; 15:29). എന്നാൽ നാമവിശേഷണം തന്റെ ലേഖനങ്ങളിൽ ഒരിടത്തുമില്ല.

സ്നേഹത്തിലും സേവനത്തിലും നിറഞ്ഞുകവിയുന്നതിനായി ഒരു പൂർണ്ണ സുവിശേഷം വിശ്വാസികളെ പരിപൂർണ്ണമായി നിറക്കണമെന്നുള്ളതായിരുന്നു പൗലൊസിന്റെ ആഗ്രഹം. വിശ്വാസികൾക്ക് ആവശ്യമായിരിക്കുന്ന തെല്ലാം അവർക്ക് ക്രിസ്തുവിൽ ഉണ്ട്. അവർ ഈ ഉറപ്പ് അംഗീകരിക്കുകയും സ്വീകരിക്കയും ചെയ്യേണ്ടതുണ്ട്.

▣ **"ദയാപൂർണ്ണരും സകല ജ്ഞാനവും നിറഞ്ഞവരും"** ഈ പദങ്ങൾ മനസ്സിലാക്കുവാൻ രണ്ട് മാർഗ്ഗങ്ങളുണ്ട് (1) തൊട്ടുമുമ്പുള്ള ലിഖിത വിഭാഗത്തോട് അവ പശ്ചാത്തല സംബന്ധമായി ബന്ധപ്പെട്ടിരിക്കുന്നു - 14:1–15:13– ദ്വയാർത്ഥം വരുന്ന വേദപുസ്തക മേഖലകളിൽ ഉള്ള അഭിപ്രായ വ്യത്യാസങ്ങളുടെ മദ്ധ്യത്തിലും വിശ്വാസികൾക്ക് അന്യോന്യമുള്ള സ്നേഹം. ഇത് 14:16; 15:2 എന്നിവിടങ്ങളിലെയും ഇവിടുത്തെയും "നന്മ" എന്ന പദത്തിന്റെ പൊതുവെയുള്ള വിശ്വാസം, പ്രവൃത്തി, യാഥാസ്ഥിതികത്വവും യാഥാസ്ഥിതിക പെരുമാറ്റം എന്നിവയുടെ മുഴുവൻ സുവിശേഷവുമായി ബന്ധപ്പെട്ടിരിക്കുന്നു.

▣ **"അന്യോന്യം പ്രബോധിപ്പിപ്പാൻ പ്രാപ്തരും"** പരസ്പരം പ്രോത്സാഹിപ്പിക്കുവാനും പ്രബോധിപ്പിക്കുവാനു മായാണ് സഭ ദൈവത്താൽ രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നത് (1 കൊരി. 12:7; കൊലൊ. 3:16; 1 തെസ്സ. 5:14; 2 തെസ്സ. 3:15). നാം രക്ഷിക്കപ്പെട്ടിരിക്കുന്നത് സേവിക്കുവാനാണ്, അതായത് അന്യോന്യം സേവിക്കുകവഴി ദൈവത്തെ സേവിക്കുവാൻ! നാം ശരീരത്തിന്റെ ആരോഗ്യത്തിനും വളർച്ചയ്ക്കുമായി ജീവിക്കേണ്ടതാണ്.

**15:16 "അതിധൈര്യമായി നിങ്ങൾക്കു എഴുതിയിരിക്കുന്നു"** പൗലൊസ് കൊരിന്തിൽ നിന്നുമാണ് റോമർക്കുള്ള തന്റെ ലേഖനം എഴുതിയത്. തന്റെ ലേഖനങ്ങളിൽ ധൈര്യമായിരിക്കുകയും എന്നാൽ നേരിൽ വരുമ്പോൾ ബലഹീനമായിരിക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച് വിരോധ പക്ഷങ്ങളിലൊന്നിനാൽ താൻ ആക്ഷേപി ക്കപ്പെട്ടിരുന്നു. "ധൈര്യമായി" എന്ന ഈ പദത്തിന്റെ ക്രിയാരൂപം 2 കൊരി. 10:2,12; 11:21 എന്നിവിടങ്ങളിൽ കാണപ്പെടുന്നുണ്ട്. പൗലൊസിന്റെ ധൈര്യം വന്നിട്ടുള്ളത് തന്റെ രക്ഷ, വിളി, സുവിശേഷത്തെക്കുറിച്ചുള്ള അറിവ് എന്നിവയിൽ നിന്നുമാണ്.

▣ **"ദൈവം എനിക്കു നൽകിയ കൃപ നിമിത്തം"** പൗലൊസ് തന്നെ വിളിച്ചതും, രക്ഷിച്ചതും, ദാനം നൽകിയതും ജാതികളുടെ ഇടയിലേക്ക് അയച്ചതുമായ ദൈവകൃപയെപ്പറ്റിയാണ് പരാമർശിക്കുന്നത് (1:5; 12:3; 1 കൊരി. 3:10;

15:10; ഗലാ. 2:9; എഫെ. 3:7-8). തന്റെ അപ്പൊസ്തലത്വത്തെയും അധികാരത്തെയും പ്രഖ്യാപിക്കുന്ന ഒരു രീതിയാണിത് (1:1,5).

**15:16 "വഴിപാടു ... പ്രസാദകരമായിത്തീരുവാൻ ... അനുഷ്ഠിച്ചുകൊണ്ടു... ശുശ്രൂഷകനായിരിക്കേണ്ടതിന്നു"** വാ. 15, 16 നിരവധി പൗരോഹിത്യ പദങ്ങളും ശൈലികളും അടങ്ങിയരിക്കുന്നു. "ശുശ്രൂഷകൻ" എന്ന പദം വാ. 27 ൽ പൗരോഹിത്യ ശുശ്രൂഷയെ സംബന്ധിച്ച് ഉപയോഗിച്ചിരിക്കുന്നു. എബ്രാ. 8:2 ൽ ഇത് ക്രിസ്തുവിന്റെ ശുശ്രൂഷയെക്കുറിച്ചു പറയുവാൻ ഉപയോഗിച്ചിരിക്കുന്നു. പൗലൊസ് തന്നെത്തന്നെ ജാതികളെ ദൈവത്തിനു സമർപ്പിക്കുന്ന ഒരു പുരോഹതനായി കണ്ടു (ഒ.നോ. 2:17). ഇതു യിസ്രായേലിന്റെ ഉത്തരവാദിത്വമായിരുന്നു (ഒ. നോ. പുറ. 19:5-6; യെശ. 66:20). സഭയ്ക്ക് ഈ സുവിശേഷീകരണ ഉത്തരവാദിത്വം നൽകപ്പെട്ടിരിക്കുന്നു (ഒ.നോ. മത്താ. 28:18-20; ലൂക്കൊ. 24:47; പ്രവൃ. 1:8). 1 പത്രൊ. 2:5,9 ലും വെളി. 1:6 ലും സഭ പഴയ നിയമ പൗരോഹിത്യ പദങ്ങളാൽ വിളിക്കപ്പെട്ടിരിക്കുന്നു.

▣ **"ദൈവത്തിന്റെ സുവിശേഷം"** ഇത് യേശുവിന്റെ സുവിശേഷം മാത്രമല്ല (ഒ.നോ. മർക്കൊ. 1:1; റോമ. 1:16; 15:19; 1 കൊരി. 9:12,18; 2 കൊരി. 2:12; 4:4; 9:13; 10:14; ഗലാ. 1:7 ആദി.) "ദൈവത്തിന്റെ സുവിശേഷം" എന്നും വിളിക്കപ്പെടുന്നു (ഒ.നോ. മർക്കൊ. 1:14; റെമ. 15:16; 2 കൊരി. 11:7; 1 തെസ്സ. 2:2,8,9; 1 പത്രൊ. 4:17). ഇത് ഉല്പ. 3:15; 12:3; പുറ. 19:5-6 ൽ വാഗ്ദത്തം ചെയ്യപ്പെട്ടതും യെശയ്യാവിൽ മിക്കപ്പോഴും പ്രവചിക്കപ്പെട്ടതുമായ (ഒ.നോ. യെശ. 2:2-4; 51:4,5) ദൈവഹൃദയത്തിന്റെ പൂർത്തീകരണമാണ്.

▣ **"പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു"** ഇത് ഒരു പൂർണ്ണ കർമ്മണി അപൂർണ്ണക്രിയയാണ്. ഇതിനർത്ഥം "പരിശുദ്ധാത്മാവിനാൽ തുടരെ വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു" എന്നാണ്. ഇതു വീണ്ടും യെഹൂദരും ജാതികളുമായ വിശ്വാസികളുടെ മധ്യത്തിലെ സംഘർഷത്തെ പ്രതിഫലിപ്പിക്കുന്നതാകാം. പൗലൊസ് വ്യക്തമായി സ്ഥാപിച്ചിരിക്കുന്നത് ജാതികൾ തുടരെ പൂർണ്ണമായി പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരുന്നുവെന്നാണ് (ഒ.നോ. 6:11).

**15:17-19** ത്രിയേക ദൈവത്തിന്റെ ഏകീഭവിച്ചുള്ള പ്രവൃത്തി ശ്രദ്ധിക്കുക: ദൈവത്തിന് (ഒ.നോ. വാ. 17), യേശുവിൽ (ഒ.നോ. വാ. 17), പരിശുദ്ധാത്മാവിന്റെ ശക്തിയാൽ (ഒ.നോ. വാ. 19). ദൈവത്വത്തിലെ മൂന്ന് ആളത്വങ്ങളെ ശ്രദ്ധിക്കുക. ത്രിത്വം എന്ന പദം വേദപുസ്തകത്തിലുള്ളതല്ലെങ്കിലും ആശയം വേദപുസ്തകത്തിലേതാണ് (ഒ. നോ. മത്താ. 3:16-17; 28:19; പ്രവൃ. 2:33-34; റോമ. 8:9-10; 1 കൊരി. 12:4-6; 2 കൊരി. 1:21; 13:14; എഫെ. 1:13-14; 4:4-6; തീത്തൊ. 3:4-6; 1 പത്രൊ. 1:17). 8:11 ലെ പ്രത്യേക പഠനവിഷയം: ത്രിത്വം കാണുക.

**15:18-19** ജാതികളുടെ ഇടയിലെ തന്റെ ശുശ്രൂഷ ഫലപ്രദമായതിന്റെ വ്യത്യസ്ത വഴികളുടെ പട്ടിക പൗലൊസ് നൽകിയിരിക്കുന്നു (1) വചനത്താൽ; (2) പ്രവൃത്തിയാൽ; (3) അടയാളങ്ങളാൽ; (4) അത്ഭുതങ്ങളാൽ; (5) ആത്മാവിന്റെ ശക്തിയാൽ.

#5 "ആത്മാവി"നോടുള്ള ബന്ധത്തിൽ കയ്യെഴുത്തു പ്രതികളിൽ വ്യത്യാസം കാണാം (അതാ. കയ്യെഴുത്തു പ്രതി B); ചില ഗ്രീക്കു പ്രതികളിൽ "പരിശുദ്ധാത്മാവ്" എന്നും (അതാ. കയ്യെഴുത്തു പ്രതി A, D*); ചിലതിൽ "ദൈവത്തിന്റെ ആത്മാവ്" എന്നും (അതാ. കയ്യെഴുത്തു പ്രതി $P^{46}$, ℵ, $D^1$) കാണാം. ഈ നിരവധി വ്യത്യസ്തതകളും ദൈവശ്വാസീയമല്ലാത്ത കൂട്ടിച്ചേർക്കലുകളും പാഠഭാഗത്തിന്റെ സത്യത്തെ ബാധിക്കുന്നില്ല. ഇതു പുതിയ നിയമത്തിന്റെ ശൈലിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പില്ക്കാലത്ത് പകർപ്പെഴുത്തുകാർ നടത്തിയ ഒരു സാധാരണ ശ്രമമാണ്. "ദൈവത്തിന്റെ ആത്മാവ്" എന്നതിന് $UBS^4$ "C"റേറ്റിംഗ് (തീരുമാനിക്കാൻ പ്രയാസമുള്ളത്) നൽകുന്നു.

**15:18 "ജാതികളുടെ അനുസരണത്തിനായിട്ടു"** എല്ലായ്പോഴും ദൈവത്തിന്റെ ലക്ഷ്യം തന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്ന ഒരു ജനമായിരുന്നു. യേശുവിന്റെ സുവിശേഷം ഉല്പ. 3 ൽ നഷ്ടപ്പെട്ടുപോയ ദൈവത്തിന്റെ സ്വരൂപത്തെ വീണ്ടെടുക്കുന്നു. ദൈവത്തോടുള്ള അടുത്ത കൂട്ടായ്മ തെളിയിക്കപ്പെടുന്നത് ദൈവിക സ്വഭാവത്താലാണ്. ക്രിസ്ത്യാനിത്വത്തിന്റെ ലക്ഷ്യം ഇപ്പോൾ ദൈവത്തോടുള്ള കൂട്ടായ്മയും ക്രിസ്തുസാദൃശ്യവുമാണ്!

▣ **"വചനത്താലും പ്രവൃത്തിയാലും"** ഇതു പരാമർശിക്കുന്നത് റോമിലെ വിശ്വാസികളുടെ അനുസരണത്തെയല്ല പൗലൊസിന്റെ ശുശ്രൂഷയെയാണ്. ഇതു വ്യക്തമായും ആത്മാവിന്റെ ശക്തിയുമായി വാ. 19 ൽ ബന്ധപ്പെട്ടിരിക്കുന്നു.

**15:19 "അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും ശക്തികൊണ്ടും"** സുവിശേഷത്തിലൂടെ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തിയെ വിശദീകരിച്ചുകൊണ്ട് ഈ രണ്ടു പദങ്ങൾ അനവധി പ്രാവശ്യം അപ്പൊ. പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 14:8-10; 16:16-18,25,26; 20:9-12; 28:8-9). ഇവ മാറിമാറി കാണപ്പെടുന്നു. കൃത്യമായും ഇത് എന്തിനെയാണു സൂചിപ്പിക്കുന്നത് - അത്ഭുതങ്ങളെയോ അതോ പരിവർത്തനങ്ങളെയോ - എന്നു വ്യക്തമല്ല. ഇവിടെ വീണ്ടും ഇതു പൗലൊസിന്റെ അപ്പൊസ്തലത്വത്തെ സംബന്ധിച്ചുള്ള സംഘർഷത്തിന്റെ ഒരു സൂചനയാകാം. ദൈവം യെരൂശലേമിൽ പന്തിരുവരുടെ പ്രവൃത്തി ഉറപ്പാക്കിയതുപോലെ അവൻ ജാതികളുടെ മധ്യത്തിൽ പൗലൊസിന്റെ പ്രവൃത്തിയും നിരീക്ഷിക്കാവുന്ന വിധത്തിലുള്ള അടയാളങ്ങളിലൂടെ ഉറപ്പിച്ചു.

▣ **"ക്രിസ്തുവിന്റെ സുവിശേഷഘോഷണം പൂരിപ്പിച്ചിരിക്കുന്നു"** ഇത് *പ്ലീറോഓ* (*πληροω*) എന്ന പദത്തിന്റെ (ഒ.നോ. വാ. 14) ഒരു പൂർണ്ണ കർത്തരി കേവലക്രിയയാണ്. ഇതു സൂചിപ്പിക്കുന്നത് പൗലൊസ് തന്റെ മെഡിറ്ററേ

നിയൻ പ്രദേശത്തെ പ്രസംഗശുശ്രൂഷ പൂർത്തിയായതായി വിശ്വസിച്ചു എന്നാണ് (ഒ.നോ. വാ. 23).

▣ **"ഇല്ലുര്യദേശത്തോളം"** ദൽമാത്യ എന്നു അറിയപ്പെട്ടിരുന്നു ഈ റോമൻ പ്രവിശ്യ ഗ്രീക്ക് ഉപദ്വീപിന്റെ വടക്കു പടിഞ്ഞാറ് (മാസിഡോണിയ) അഡ്രിയാറ്റിക് കടലിന്റെ കിഴക്കുവശത്ത് സ്ഥിതിചെയ്തിരുന്നു. പൗലൊസ് അവിടെ പ്രസംഗിച്ചതായി പ്രവൃത്തികളിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല, എങ്കിലും അവൻ അവിടെ ചെന്നതായി സൂചിപ്പിച്ചിട്ടുണ്ട് (ഒ.നോ. 20:1–2). "...ത്തോളം" എന്നതിനർത്ഥം "അതിരോളം" അഥവാ "പ്രദേശങ്ങളിൽ" എന്നാണ്.

**15:20 "ക്രിസ്തുവിന്റെ നാമം അറിഞ്ഞിട്ടുള്ള ഇടത്തിലല്ല ... സുവിശേഷം അറിയിപ്പാൻ അഭിമാനിക്കുന്നതു"** ഇതായിരുന്നു പൗലൊസ് പിന്തുടർന്നിരുന്ന മിഷനറി നയം (ഒ.നോ. 1 കൊരി. 3:10; 2 കൊരി. 10:15–16). സുവിശേഷം കേൾക്കുവാനോ സ്വീകരിക്കുവനോ ഒരിക്കലും അവസരം ലഭിച്ചിട്ടില്ലാത്ത ജാതികളോട് സുവിശേഷം പ്രസംഗിക്കാനാണ് പൗലൊസ് ആഗ്രഹിച്ചത്. അവൻ സാധാരണമായും തിരഞ്ഞെടുത്തത് റോമാസാമ്രാജ്യത്തിലെ തന്ത്രപരമായ നഗരങ്ങളെയാണ്. കാരണം അവിടെ സ്ഥാപിക്കപ്പെടുന്ന സഭകൾക്ക് ചുറ്റുമുള്ള പ്രദേശങ്ങളെ സുവിശേഷീകരിക്കുവാൻ കഴിയുമായിരുന്നു

**15:21** യെശ. 52:15 ന്റെ സെപ്റ്റ്വജിന്റിൽ നിന്നുള്ള ഉദ്ധരണിയാണ് ഈ വാക്യം. ജാതികൾ ദൈവത്തെക്കുറിച്ചു കേൾക്കുന്നതിനെക്കുറിച്ചാണ് ഈ വാക്യം പറയുന്നത്. പൗലൊസ് ഇതിനെ തന്റെ മിഷനറി നയമായി തിരഞ്ഞെടുത്തു.

**റോമർ 15:22–29**

**[22]അതുകൊണ്ടു തന്നേ ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നതിന്നു പലപ്പോഴും മുടക്കം വന്നു. [23]ഇപ്പോഴോ എനിക്കു ഈ ദിക്കുകളിൽ ഇനി സ്ഥലമില്ലായ്കയാലും അങ്ങോട്ടു വരുവാൻ അനേക സംവത്സരമായി വാഞ്ഛ ഉണ്ടാകകൊണ്ടും, [24]ഞാൻ സ്പാന്യയിലേക്കു യാത്ര ചെയ്യുമ്പോൾ പോകുന്ന വഴിക്കു നിങ്ങളെ കാണ്മാനും ആദ്യം നിങ്ങളെ കണ്ടു സന്തോഷിച്ചശേഷം നിങ്ങളാൽ യാത്ര അയക്കപ്പെടുവാനും ആശിക്കുന്നു. [25]ഇപ്പോഴോ ഞാൻ വിശുദ്ധന്മാർക്കു ശുശ്രൂഷ ചെയ്വാൻ യെരൂശലേമിലേക്കു യാത്രയാകുന്നു. [26]യെരൂശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്കു ഏതാനും ധർമ്മോപകാരം ചെയ്വാൻ മക്കെദോന്യയിലും അഖായയിലും ഉള്ളവർക്കു ഇഷ്ടം തോന്നി. [27]അവർക്ക് ഇഷ്ടം തോന്നി എന്നു മാത്രമല്ല, അതു അവർക്കു കടവും ആകുന്നു; ജാതികൾ അവരുടെ ആത്മികനന്മകളിൽ കൂട്ടാളികൾ ആയെങ്കിൽ ഐഹിക നന്മകളിൽ അവർക്കു ശുശ്രൂഷ ചെയ്വാൻ കടമ്പെട്ടിരിക്കുന്നുവല്ലോ. [28]ഞാൻ അതു നി വർത്തിച്ചു ഈ ഫലം അവർക്കു ഏല്പിച്ചു ബോദ്ധ്യം വരുത്തിയശേഷം നിങ്ങളുടെ വഴിയായി സ്പാന്യയിലേക്കു പോകും. [29]ഞാൻ നിങ്ങളുടെ അടുക്കൽ വരുമ്പോൾ ക്രിസ്തുവിന്റെ അനുഗ്രഹപൂർത്തിയോടെ വരും എന്നു ഞാൻ അറിയുന്നു.**

**15:22 "അതുകൊണ്ടു"** കാരണം വാ. 20 ൽ വിവരിച്ചിരിക്കുന്നു.

▣ **"ഞാൻ ... വരുന്നതിന്നു പലപ്പോഴും മുടക്കം വന്നു"** ഇതൊരു അപൂർണ്ണ കർമ്മണി സൂചകമാണ്. താൻ വീണ്ടും വീണ്ടും തടയപ്പെട്ടു (ഒ.നോ. വാ. 13). ആരാണതു ചെയ്തത് എന്നു പറഞ്ഞിട്ടില്ല. അതു ദൈവമോ, സാത്താനോ, ദുഷ്ടമനുഷ്യരോ അല്ലെങ്കിൽ മറ്റു സുവിശേഷ അവസരങ്ങളോ ആയിരിക്കാം.

കൊരിന്തിലായിരുന്നപ്പോഴാണ് പൗലൊസ് റോമാലേഖനം എഴുതിയതെന്നോർക്കുക. കൊരിന്ത്യ സഭയിൽനിന്നുള്ള ആക്രമണങ്ങൾ പൗലൊസിനെ വല്ലാതെ ബാധിച്ചതിനാൽ ആയിരിക്കാം അവന് യാത്ര വീണ്ടും വീണ്ടും മാറ്റിവെക്കേണ്ടി വന്നത്.

**15:23 "ഇപ്പോഴോ എനിക്കു ഈ ദിക്കുകളിൽ ഇനി സ്ഥലമില്ലായ്കയാലും"** ഈ വാക്യം ഏഷ്യാമൈനറിന്റെയോ മെഡിറ്ററേനിയൻ കടലിനു കിഴക്കുള്ള പ്രദേശത്തിന്റെയോ പരിമിതിയിൽ മനസ്സിലാക്കണം. ഈ പ്രദേശത്തെ എല്ലായിടത്തും എല്ലാവരോടും പൗലൊസ് പ്രസംഗിച്ചിട്ടില്ല, മറിച്ച് ചിലരോടു മാത്രം.

▣ **"അങ്ങോട്ടു വരുവാൻ അനേകസംവത്സരമായി വാഞ്ഛ ഉണ്ടാകകൊണ്ടും"** പൗലൊസ് മിക്കപ്പോഴും റോം സന്ദർശിക്കാനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു (ഒ.നോ. 1:10–15; പ്രവൃ. 19:21; 23:11).

ഈ വിഷയം സംബന്ധിച്ച് $UBS^4$ ന്റെ ഫുട്ട്നോട്ടിൽ ചേർത്തിട്ടില്ലാത്ത കയ്യെഴുത്തു പ്രതികളിലെ വ്യത്യാസം ഉണ്ട്. ആദിമ ഗ്രീക്കു കയ്യെഴുത്തു പ്രതികളായ $P^{46}$, א, A, D, F, G, L എന്നിവയിൽ വാ. 22ൽ ഉപയോഗിച്ചിട്ടുള്ള "പലപ്പോഴും" (*πολυς*) എന്ന വാക്ക് ചേർത്തിരിക്കുന്നു. എന്നാൽ കയ്യെഴുത്തു പ്രതികളായ B, C, P എന്നിവയിൽ "അനേക" (*ικανος*) എന്ന വാക്ക് ചേർത്തിരിക്കുന്നു. പില്ക്കാല പകർപ്പെഴുത്തുകാർക്ക് പൗലൊസിന്റെ അതിപ്രസ്താവന അംഗീകരിക്കാൻ ബുദ്ധിമുട്ടു തോന്നിയിരിക്കാം.

**15:24 "ഞാൻ സ്പാന്യയിലേക്കു യാത്ര ചെയ്യുമ്പോൾ"** റോമാസാമ്രാജ്യത്തിന്റെ പടിഞ്ഞാറു ഭാഗത്തേക്കു സഞ്ചരിക്കുവാൻ പൗലൊസ് ആഗ്രഹിച്ചു (ഒ.നോ. 2 കൊരി. 10:16). അപ്പൊ. പ്രവൃത്തികളുടെ അവസാനം അവൻ റോമൻ തടവിൽനിന്നും മോചിപ്പിക്കപ്പെടുകയും നാലാം മിഷനറി യാത്ര ആരംഭിക്കുകയും ചെയ്തു. ഈ നാലാം യാത്രയിലാണ് ഇടയ ലേഖനങ്ങൾ (1 തിമൊഥെയൊസ്, 2 തിമൊഥെയൊസ്, തീത്തൊസ്) എഴുതിയത്. ഇതിനെക്കുറിച്ച് ഒരു പരാമർശം 2 തിമൊ. 4:10 ൽ കാണാം. ഒന്നാം നൂറ്റാണ്ടിനു മുമ്പ് രചന നിർവഹിച്ച റോമിലെ ക്ലമന്റ്

"കൊരിന്ത്യർക്ക് എഴുതിയ ലേഖനം" 5:7 ൽ പൗലൊസ് "പടിഞ്ഞാറൻ പ്രദേശങ്ങളിലേക്ക്" യാത്ര ചെയ്ത തായി രേഖപ്പെടുത്തിയിരിക്കുന്നു.

▣ **"നിങ്ങളാൽ യാത്ര അയക്കപ്പെടുവാനും"** ഈ പ്രസ്താവന സഞ്ചാര സുവിശേഷകർക്ക് അവരുടെ അടുത്ത പ്രസംഗസ്ഥലത്തേക്ക് എത്തിച്ചേരുന്നതിനുള്ള സഹായത്തിനുള്ള സാങ്കേതിക ശൈലിയായിത്തീർന്നു (ഒ.നോ. പ്രവൃ. 15:3; 1 കൊരി. 16:6,11; 2 കൊരി. 1:16; തീത്തൊ. 3:13; 3 യോഹ. 6). യെരൂശലേമിലെ സഭയ്ക്ക് ആശ്വാസനിധി നൽകാൻ റോമിലെ സഭ പ്രാപ്തമായിരുന്നില്ല. എന്നാൽ പൗലൊസിന്റെ പടിഞ്ഞാറോട്ടുള്ള മിഷനറി യാത്ര കൾക്ക് സാമ്പത്തിക സഹായം നൽകാൻ അവർക്കു കഴിയുമായിരുന്നു.

**15:25 "വിശുദ്ധന്മാർക്കു ശുശ്രൂഷ ചെയ്‌വാൻ"** ധനശേഖരണത്തോടുള്ള ബന്ധത്തിലാണ് ഈ പ്രയോഗം ഉപ യോഗിക്കപ്പെട്ടിരിക്കുന്നത് (ഒ.നോ. വാ. 31; 1 കൊരി. 16:15; 2 കൊരി. 8:4; 9:1). 1:7 ലെ പ്രത്യേക പഠനവിഷയം: വിശുദ്ധന്മാർ കാണുക.

**15:26 "യെരൂശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്കു"** പൗലൊസ് നിരവധി വർഷങ്ങളായി (1) ഗലാത്യ യിൽ നിന്നും ഏഷ്യാമൈനറിൽനിന്നും (ഒ.നോ. 1 കൊരി. 16:1–4), (2) മക്കദോന്യയിൽനിന്നും അഖായയിൽനിന്നും (ഒ.നോ. 2 കൊരി. 8–9) ഈ ധനശേഖരണം നടത്തിക്കൊണ്ടിരുന്നു (12:13 ലെ പ്രത്യേക പഠനവിഷയം: കൂട്ടായ്മ (*കൊയ്നോനിയ*) കാണുക). അന്ത്യോക്യയിലെ സഭയിൽ നിന്നാണ് അവൻ ഈ ആശയം കിട്ടിയത് (ഒ.നോ. പ്രവൃ. 11:30; 12:25). ആദിമ സഭയുടെ രണ്ടു ചിറകുകളെ – യെഹൂദനും ജാതികളും – ഐക്യപ്പെടുത്തുന്നതിനു സഹായിക്കുവാനായിരുന്നു അത്. ജാതീയ സഭകൾ അതു ചെയ്യുന്നതിൽ "ഇഷ്ടം" ഉള്ളവരായിരുന്നു എന്നു പറ ഞ്ഞിരിക്കുന്നു (ഒ.നോ. വാ. 26,27). താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനം വിഷയം കാണുക.

# പ്രത്യേക പഠനം വിഷയം: വിശപ്പ്

I. മുഖവുര
   A. വീഴ്ച സംഭവിച്ച സൃഷ്ടിയെയും മനുഷ്യവർഗ്ഗത്തെയും എപ്പോഴും ഓർമ്മിപ്പിക്കുന്ന യാഥാർത്ഥ്യമാണ് വിശപ്പ്.
   B. തിന്മ, കഷ്ടത എന്നീ പ്രശ്നങ്ങളുടെ ഒരു വശമാണ് വിശപ്പ്. അതിന്റെ ഹേതു ദൈവമല്ല മനുഷ്യനാ ണ്. ദൈവം തന്റെ ഉടമ്പടി ജനതയെ അനുഗ്രഹിക്കുവാനോ ശിക്ഷിക്കുവാനോ കാർഷിക അനുഗ്രഹ ങ്ങളെയോ ശാപത്തെയോ ഉപയോഗിക്കുമെങ്കിലും (ആവ. 27–28) ഇത് അവിശ്വാസികളുടെ കാര്യ ത്തിൽ പൊതുവേ ശരിയായിരുന്നില്ല (മത്താ. 5:45). വിശപ്പ് അത്യാഗ്രഹത്തിന്റെയും സ്വാർത്ഥതയു ടെയും ഭൗതികവാദികളായ മനുഷ്യന്റെയും ഒരു ഉദാഹരണം കൂടിയാണ്. വിശപ്പ് എന്ന പ്രശ്നം കേവലം ഭക്ഷമത്തിന്റെ വിഷയം മാത്രമല്ല മറിച്ച് മാനുഷിക പ്രേരണയുടെയും മുൻഗണനകളുടെയും വിഷയം കൂടിയാണ്.
   C. വീണ്ടെടുക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന് ദൈവസ്നേഹം പ്രതിഫലിപ്പിക്കുന്നതിനുള്ള ഒരു അവസരമാമ് വിശപ്പ്.

II. വേദപുസ്തക വസ്തുതകൾ
   A. പഴയ നിയമം
      1. മോശെ
         a. പുരാതന യിസ്രായേലിലെ മൂന്നു ദശാംശങ്ങളിലൊന്ന് ദരിദ്രർക്കുവേണ്ടിയായിരുന്നു (ആവ. 14:28–29)
         b. ദരിദ്രർക്കു ഭക്ഷണത്തിനുള്ള പ്രത്യേക കരുതലുകൾ ന്യായപ്രമാണം ലഭ്യമാക്കിയിരുന്നു (പു റ. 23:11; ലേവ്യ. 19:10; 23:22; ആവ. 24:19–22).
         c. ന്യായപ്രമാണം ചെലവു കുറഞ്ഞ യാഗങ്ങൾ ദരിദ്രർക്കുവേണ്ടി ലഭ്യമാക്കിയിരുന്നു (ലേവ്യ. 14:21)
         d. യിസ്രായേൽ ദരിദ്രരോടും ആവശ്യത്തിലിരിക്കുന്നവരോടും മനസ്സലിവും ഔദാര്യവും കാണിക്ക ണമായിരുന്നു (ആവ. 15:7–11, ഒ.നോ. ഇയ്യോ. 29:16; 30:25; 31:16–23).
      2. ജ്ഞാന സാഹിത്യം
         a. ദരിദ്രരെ സഹായിച്ചവർക്ക് പ്രത്യേകം അനുഗ്രഹങ്ങൾ കരുതിവെച്ചിരുന്നു (സങ്കീ. 41:4)
         b. ദരിദ്രരെ സഹായിക്കുന്നത് ദൈവത്തെ സഹായിക്കുന്നതിനു തുല്യമായിരുന്നു (സദൃ. 14:31; 17:5; 19:17)
      3. പ്രവാചകന്മാർ
         a. സാമൂഹിക നീതിയുടെയും ദരിദ്രരെ സഹായിക്കുന്നതിന്റെയും രീതിയിലുള്ള ആരാധനയാണ് ആഗ്രഹിച്ചത് (യെശ. 58:6–7; മീഖാ 6:8)
         b. ദൈവിക സന്ദേശത്തിന്റെ ഒരു അടയാളം അത് ദരിദ്രരോടും ആവശ്യത്തിലിരിക്കുന്നവരോടും

പ്രസംഗിച്ചു എന്നതാണ് (യെശ. 61:1-2)

c. ദൈവത്തിന്റെ പ്രവാചകൻ സാഹൂഹിക ചൂഷണത്തിനെതിരെ വിരൽ ചൂണ്ടി (ആമോ. 2:6-8; 5:10-13; മീഖാ)

B. പുതിയ നിയമം

1. സുവിശേഷങ്ങൾ

a. ദരിദ്രരെ സഹായിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു (മർക്കൊ. 10:21; ലൂക്കൊ. 3:11)

b. യേശുവിന്റെ നാമത്തിൽ മറ്റുള്ളവരോടുള്ള നമ്മുടെ സാമൂഹിക സ്നേഹത്തിന്റെ ടിസ്ഥാനത്തിലാണു നാം വിധിക്കപ്പെടുന്നത്.

c. മർക്കൊ. 14:7 ദരിദ്രരോടുള്ള യേശുവിന്റെ കരുതലില്ലായ്മയെ സൂചിപ്പിക്കുന്നുവെന്ന മട്ടിൽ തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. ഈ വാക്യം അവന്റെ അതുല്യതയെ എടുത്തുകാട്ടുന്നതിനുള്ളതായിരുന്നു അല്ലാതെ ദരിദ്രരെ താഴ്ത്തിക്കളയുന്നതിനുള്ളതല്ലായിരുന്നു.

d. യെശ. 61:1-2 സൂചിപ്പിക്കുന്നത് ദൈവത്തിന്റെ സന്ദേശത്തിന്റെ സ്വീകർത്താക്കൾ സാങ്കേതികമായി ഒറ്റപ്പെടുത്തപ്പെട്ടവരാണെന്നാണ് (ലൂക്കൊ. 4:18; 7:22; 14:21).

2. പൗലൊസ്

a. യെരൂശലേം സഭയിലെ ദരിദ്രർക്കുവേണ്ടിയുള്ള ഒരു പ്രത്യേക സ്നേഹസംഭാവന എന്ന ആശയം പൗലൊസ് പഠിച്ചത് സിറിയയിലെ അന്ത്യോക്യയിൽനിന്നായിരുന്നു (റോമ. 15:26; 1 കൊരി. 16:1; 2 കൊരി. 8:4,19; ഗലാ. 2).

b. പൗലൊസ് കൃപയ്ക്കും വിശ്വാസത്തിനും പ്രവൃത്തികൾക്കും ഊന്നൽ നൽകുന്നു (എഫെ. 2:8-10)

3. യാക്കോബ് (പു.നി. ജ്ഞാന സാഹിത്യം)

a. സാമൂഹിക പ്രതിബദ്ധതയില്ലാത്ത ക്രിസ്തുവിലൂടെ ദൈവത്തിലുള്ള വിശ്വാസം രോഗഗ്രസ്തമായതാണ് (യാക്കോ. 2:14-17)

b. പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാണെന്ന് അവൻ പറയുന്നു!

4. യോഹന്നാൻ

a. ക്രിസ്തീയ ഭദ്രത അടിസ്ഥാനപ്പെട്ടിരിക്കുന്നത് വിശ്വാസത്തിന്റെയും സേവനത്തിന്റെയും രൂപാന്തരപ്പെട്ട ജീവിതത്തിലാണ് (1 യോഹ. 3:17-18)

III. ഉപസംഹാരം

A. മനുഷ്യന്റെ കഷ്ടതയും ആവശ്യകതയും മനുഷ്യവർഗ്ഗത്തിന്റെ പാപവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിശപ്പിനോടുള്ള ബന്ധത്തിൽ നിരവധി ഘടകങ്ങളുണ്ട്.

1. ഭോഷത്തമായ പെരുമാറ്റം (സദൃ. 19:15)
2. ദൈവിക ശിക്ഷ (ആവ. 27-28)
3. ആത്മിക ശുശ്രൂഷയോടു ബന്ധപ്പെട്ടത് (2 കൊരി. 11:27)
4. സാംസ്കാരിക സാഹചര്യങ്ങൾ (അത്യാഗ്രഹം, ഉപഭോഗം, ആദി.)
5. ഭൗതിക സാഹചര്യങ്ങൾ (ക്ഷാമം, പ്രലയം, കല്മഴ, ആദി)

B. ദൈവം യഥാർത്ഥമായി ജനത്തിനുവേണ്ടി കരുതുന്നു. ആവശ്യത്തിലിരിക്കുന്നവരെ പ്രത്യേകമായ രീതിയിൽ അവൻ സ്നേഹിക്കുന്നു!

C. മനുഷ്യന്റെ ആവശ്യങ്ങളോടുള്ള ദൈവത്തിന്റെ ഉത്തരമാണ് (ഭൗതികമായും ആത്മികമായും) പ്രവർത്തിക്കുന്ന സഭ

1. നേരിട്ട്, വ്യക്തിപരമായ പ്രവൃത്തി
2. സമൂഹമായി സഭാ/ഇടവക പ്രവർത്തനം
3. മാറ്റത്തിനുവേണ്ടിയുള്ള രാഷ്ട്രീയ സംഘടനകൾ

D. നാം തിരുവചനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ സംസ്കാരത്തെയും വ്യക്തിപരമായ മുൻഗണനകളെയും വിലയിരുത്തണം (2 കൊരി. 8-9)

E. ചുറ്റുപാടിലും പുറത്തും ഉള്ള മനുഷ്യരുടെ ആവശ്യങ്ങൾക്കു നേരെ നമ്മുടെ കണ്ണും ഹൃദയവും കൈകളും നാം തുറന്നുവെയ്ക്കണം - സഭയിലും ലോകത്തിലും.

F. സഹായം തീർച്ചയായും മഹാനിയോഗത്തിന്റെ വെളിച്ചത്തിൽ നാം ക്രിസ്തുവിൽ ആരാണെന്നതിനോടു ബന്ധപ്പെട്ടിരിക്കുന്നു (മത്താ. 28:18-20). സഹായം തീർച്ചയായും ഭൗതികവും ആത്മികവുമായിരിക്കണം.

**15:27 "ആയെങ്കിൽ"** ഇത് എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതരം സോപാധിക വാചകമാണ്. ജാതികൾ യെഹൂദന്മാരുടെ ആത്മിക നന്മകളിൽ പങ്കാളികളായെങ്കിൽ (ഒ.നോ. റോമ. 10-11) അവർ യെരൂശലേമിലെ മാതൃസഭയുടെ ഭൗതിക ആവശ്യങ്ങളിൽ സഹായിക്കേണ്ടതാകുന്നു.

**15:28**

**NASB** **"ഞാൻ ഇതു നിവർത്തിച്ച് അവരുടെ ഫലത്തിന്മേൽ എന്റെ മുദ്രവയ്ക്കുമ്പോൾ"**
**NKJV** **"ഞാൻ ഇതു നിവർത്തിച്ച് ഈ ഫലം അവരുടെമേൽ എന്റെ മുദ്രവയ്ക്കുമ്പോൾ"**
**NRSV** **"ഞാൻ ഇതു പൂർത്തീകരിക്കുകയും ശേഖരണം അവർക്ക് ഏല്പിക്കുകയും ചെയ്തശേഷം"**
**TEV** **"ഞാൻ ഈ ദൗത്യം പൂർത്തീകരിക്കുകയും അവർക്കുവേണ്ടി ശേഖരിച്ച പണം മുഴുവനും അവരെ ഏല്പിക്കുകയും ചെയ്തശേഷം"**
**NJB** **"ഞാൻ ഇതു ചെയ്തശേഷം ശേഖരണം അവർക്ക് ഔദ്യോഗികമായി കൈമാറിക്കഴിഞ്ഞ്"**

ഇത് ഭൂതകാല കർത്തരി അപൂർണ്ണക്രിയയും ഭൂതകാല മധ്യ അപൂർണ്ണക്രിയയും ആണ്. ഇതു സൂചിപ്പിക്കുന്നത് ഒരു പൊതിയിലെ ഉള്ളടക്കം സുരക്ഷിതമായിരിക്കുന്നതിന് മുദ്ര വെയ്ക്കുന്ന സാധാരണ രീതിയെയാണ്. നൽകപ്പെട്ട മുഴുൻ പണവും അയയ്ക്കുകയും ലക്ഷ്യസ്ഥാനത്തെത്തുകയും ചെയ്യും എന്ന് ഉറപ്പിക്കുന്ന പൗലൊസിന്റെ ഒലു സാധാരണ രീതിയാണിത്. ഇത് ഉറപ്പിക്കുന്നതിനായി സഹായം നൽകിയ സഭകളിൽനിന്ന് നിരവധി പ്രതിനിധികളെ അവൻ കൂടെ കൊണ്ടുപോയിരുന്നു (ഒ.നോ. പ്രവൃ. 20:4).

"മുദ്ര" എന്നതിന് 4:11 ലെ പ്രത്യേക പഠനവിഷയം കാണുക.

**15:29** *പ്ലീറോഓ* (*πληρόω*)/പ്ലീറോമാ (*πλήρωμα*) എന്ന പദം വീണ്ടും ഉപയോഗിച്ചിരിക്കുന്നതു കാണുക. വാ. 14 ന്റെ കുറിപ്പു കാണുക.

▣ **"ക്രിസ്തുവിന്റെ അനുഗ്രഹപൂർത്തിയോടെ"** സുവിശേഷ പ്രസംഗം കൊണ്ടുവരുന്ന അനുഗ്രഹത്തെയാണിതു സൂചിപ്പിക്കുന്നത്. ഒരു പ്രാർത്ഥനയെപ്പറ്റി ഇതു സൂചിപ്പിക്കുന്നില്ല.

ചില പുരാതല ഗ്രീക്കു പതിപ്പുകൾ തിനോടുകൂടെ "ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ അനുഗ്രഹം" എന്നു ചേർത്തുകൊണ്ട് ഇതു വ്യക്തമാക്കുവാൻ ശ്രമിക്കുന്നുണ്ട് (കയ്യെഴുത്തു പ്രതികൾ $A^2$, NKJV). ഹ്രസ്വ പാഠങ്ങൾ ℵ*, A, B, C, D, F, G, P എന്നിവയിൽ കാണാം. ഹ്രസ്വ പാഠത്തിന് UBS[4] "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു.

## റോമർ 15:30–33

**[30]എന്നാൽ സഹോദരന്മാരേ, യെഹൂദ്യയിലെ അവിശ്വാസികളുടെ കയ്യിൽനിന്നു എന്നെ രക്ഷിക്കേണ്ടതിന്നും യെരൂശലേമിലേക്കു ഞാൻ കൊണ്ടുപോകുന്ന സഹായം [31]വിശുദ്ധന്മാർക്കു പ്രസാദമായിത്തീരേണ്ടതിന്നും ഇങ്ങനെ ഞാൻ ദൈവേഷ്ടത്താൽ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളോടുകൂടെ മനം തണുക്കേണ്ടതിന്നു നിങ്ങൾ എനിക്കു വേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടേണം എന്നു [32]നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെയും ആത്മാവിന്റെ സ്നേഹത്തെയും ഓർമ്മിപ്പിച്ചു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. [33]സമാധാനത്തിന്റെ ദൈവം നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ. ആമേൻ.**

**15:30 "യെഹൂദ്യയിലെ അവിശ്വാസികളുടെ കയ്യിൽനിന്നു"** യെഹൂദന്മാരുടെ അഥവാ യെഹൂദമതവാദികളുടെ എതിർപ്പിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്, അല്ലാതെ സഭയുടെ എതിർപ്പല്ല (ഒ.നോ. 11:30,31).

**15:30–33** പൗലൊസിന്റെ പ്രാർത്ഥന മൂന്ന് ആഗ്രഹങ്ങളെ പ്രകടിപ്പിക്കുന്നു

1. യെഹൂദ്യയിലെ തന്റെ ശത്രുക്കളിൽനിന്നും താൻ വിടുവിക്കപ്പെടണം (ഒ.നോ. പ്രവൃ. 20:22–23)
2. ജാതീയ സഭകളിൽനിന്നുള്ള സംഭാവന യെരൂശലേമിലെ സഭ സന്തോഷത്തോടെ സ്വീകരിക്കണം (ഒ. നോ. പ്രവൃ. 15:1 മുതൽ; 27:1 മുതൽ)
3. സ്പെയിനിലേക്കുള്ള തന്റെ യാത്രാമധ്യേ റോം സന്ദർശിക്കുവാൻ തനിക്കു കഴിയേണം

**15:31 "എന്നോടുകൂടെ പോരാടേണം എന്നു ... ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു"** ഇതു ഗ്രീക്കിൽ ശക്തമായ പദങ്ങളാണ്. ഒന്നാമത്തേത് 12:1 ലും ഉപയോഗിച്ചിട്ടുണ്ട്. രണ്ടാമത്തേത് യേശുവിന്റെ ഗത്സമേനയിലെ പോരാട്ടത്തിൽ ഉപയോഗിച്ചിട്ടുണ്ട്. തനിക്കും തന്റെ സുവിശേഷ ശുശ്രൂഷയ്ക്കും വേണ്ടി ആഴമായ പ്രാർത്ഥനയുടെ ആവശ്യകത പൗലൊസ് തിരിച്ചറിഞ്ഞു (ഒ.നോ. 2 കൊരി. 1:11; എഫെ. 6:18–20; കൊലൊ. 4:3; 1 തെസ്സ. 5:25; 2 തെസ്സ. 3:1). തന്റെ യെരൂശലേമിലെ അനുഭവം പ്രയാസകരമായിരുന്നുവെന്ന് തെളിയിക്കപ്പെട്ടു (ഒ.നോ. വാ. 31). അവൻ റോമിൽ എത്തി, പക്ഷേ താൻ സ്വപ്നം കണ്ട വിധത്തിലായിരുന്നില്ല. 9:3 ലെ പ്രത്യേക പഠനവിഷയം: മധ്യസ്ഥ പ്രാർത്ഥന കാണുക.

**15:31 "എന്നോടുകൂടെ പോരാടേണം"** പുതിയ നിയമത്തിൽ ഇവിടെ മാത്രമേ ഈ പദം ഉപയോഗിച്ചിട്ടുള്ളു. ഇത് സുൻ (*συν* = ഒന്നിച്ച്) അഗോണിഡ്സോമായി (*ἀγωνίζομαι* = പോരാടുക, യുദ്ധം ചെയ്യുക, എതിർക്കുക, തീക്ഷ്ണമായി ആഗ്രഹിക്കുക, ഒ.നോ. 1 കൊരി. 9:25; കൊലൊ. 1:29; 4:12; 1 തിമൊ. 4:10; 6:12) എന്നീ പദങ്ങളുടെ സംയുക്തമാണ്. ഈ ശക്തമായ കേവലക്രിയ, ജാതീയ സഭകളിൽനിന്നുള്ള സംഭാവന യെരൂശലേമിലെ സഭ സന്തോഷത്തോടെ സ്വീകരിക്കുന്നതിനായി റോമിലെ സഭ ശക്തിയായി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

15:32 രണ്ടു അപേക്ഷകൾ കൂടി സമർപ്പിച്ചുകൊണ്ട് പൗലൊസ് പ്രാർത്ഥന അവസാനിപ്പിക്കുന്നു: (1) സന്തോഷത്തോടെ അവരുടെ മുമ്പിൽ വരേണം (2) അവരോടുകൂടെ മനം തണുക്കേണം (സ്വസ്ഥമായി സമയം ചിലവഴിക്കേണം). *സുനാനാപാവുഓമായി* (*συναναπαύομαι*) എന്ന പദത്തിന്റെ ഭൂതകാല മധ്യ [ഡിപോണന്റ്] അനുബ

ന്ധക്രിയയാണിത്. പുതിയ നിയമത്തിൽ ഇവിടെ മാത്രമാണിത് ഉപയോഗിച്ചിട്ടുള്ളത്. യെശ. 11:6 ലും കാണാം. പൗലൊസ് യെശ. 11:1,10 വാ. 12 ൽ ഉപയോഗിച്ചിരിക്കുന്നു. പക്വതയുള്ള വിശ്വാസികളോടൊപ്പം അല്പനാൾ സ്വസ്ഥമായി വിശ്രമിക്കുവാൻ പൗലൊസ് ആഗ്രഹിച്ചു (ഒ.നോ. 2 കൊരി. 4:7–12; 6:3–10; 11:23–33). എങ്കിലും അവ നതു ലഭിച്ചില്ല. പലസ്തീനിൽ അവനെ കാത്തിരുന്നത് അറസ്റ്റും വിചാരണയും വർഷങ്ങൾ നീണ്ട ജയിൽവാ സവുമായിരുന്നു!

ഈ വാക്യത്തിന് വിവിധ കയ്യെഴുത്തു പ്രതികളിൽ വ്യത്യസ്തമായ പാഠഭേദങ്ങളുണ്ട്.

**15:33 "സമാധാനത്തിന്റെ ദൈവം"** ദൈവത്തിനുള്ള അതിശയകരമായ ഒരു നാമമാണിത് (ഒ.നോ. 16:20; 2 കൊരി. 13:11; ഫിലി. 4:9; 1 തെസ്സ. 5:23; 2 തെസ്സ. 3:16; എബ്രാ. 13:20).

▣ **"ആമേൻ"** 1:25 ലെ പ്രത്യേക പഠനവിഷയം കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. പഴയ നിയമം എപ്രകാരമാണ് പുതിയ നിയമ വിശ്വാസികൾക്ക് പ്രയോജനകരമായിരിക്കുന്നത് (വാ. 4–5; 1 കൊരി. 10:6–11)?
2. പൗലൊസ് എന്തുകൊണ്ടാണ് വാ. 9–12 ൽ പഴയ നിയമം ഉദ്ധരിക്കുന്നത്?
3. റോമാ ലേഖനത്തിലെ ഈ ഭാഗത്തെവിടെയാണ് യെഹൂദന്മാരും ജാതികളും തമ്മിൽ സംഘർഷമുണ്ടായി രിക്കാൻ സാധ്യത?
4. റോമാ ലേഖനത്തിലെവിടെയാണ് പൗലൊസിന്റെ അപ്പൊസ്തലത്വത്തെപ്പറ്റി സംഘർഷം കാണപ്പെടുന്നത്?
5. യെരൂശലേമിലെ സഭയ്ക്കുവേണ്ടി ജാതീയ സഭകളിൽ നിന്നുള്ള ധനശേഖരണം നടത്തുവാനുള്ള പൗലൊ സിന്റെ കാരണം എന്തായിരുന്നു (വാ. 15–28)?
6. പൗലൊസിന്റെ മിഷനറി നയം എന്തായിരുന്നു? താൻ സ്പെയിനിൽ പോകാനാഗ്രഹിച്ചതെന്തുകൊണ്ട്?
7. എങ്ങനെയാണു പൗലൊസ് ഒരു പുരോഹിത രാജ്യമെന്ന നിലയിൽ യിസ്രായേലിനോടും (പുറ. 19:5–6) അല്ലെങ്കിൽ സഭയോടും (1 പത്രൊ. 2:5–9; വെളി. 1:6) ബന്ധപ്പെടുത്തി തന്റെ പ്രവർത്തനത്തെ ഒരു പുരോ ഹിതന്റേതെന്ന വിധത്തിൽ വിവരിക്കുന്നത് (വാ. 16)?
8. വാ. 30–33 ലെ പൗലൊസിന്റെ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നൽകിയോ?

# റോമർ 16

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| വ്യക്തിപരമായ വന്ദനങ്ങൾ | സഹോദരി ഫേബയെ ശുപാർശ ചെയ്യുന്നു | വന്ദനങ്ങൾ | വ്യക്തിപരമായ വന്ദനങ്ങൾ | വന്ദനങ്ങളും ആശംസകളും |
| 16:1–2 | 16:1–2 | 16:1–2 | 16:1–2 | 16:1–2 |
| | റോമിലെ വിശുദ്ധന്മാരെ വന്ദനം ചെയ്യുന്നു | | | |
| 16:3–16 | 16:3–16 | 16:3–16 | 16:3–5a | 16:3–5a |
| | | | 16:5b–7 | 16:5b–16 |
| | | | 16:8–11 | |
| | | | 16:12–15 | |
| | | | 16:16 | |
| | ഭിന്നതയുണ്ടാക്കുന്ന വ്യക്തിയെ ഒഴിവാക്കുക | | അന്തിക നിർദ്ദേശങ്ങൾ | ഒരു മുന്നറിയിപ്പും ആദ്യ പിൻകുറിപ്പും |
| 16:17–20 | 16:17–20 | 16:17–20 | 16:17–20a | 16:17–20 |
| | | | 16:20b–21 | |
| | പൗലൊസിന്റെ സ്നേഹിതരിൽ നിന്നുള്ള വന്ദനങ്ങൾ | | | അന്തിമ വന്ദനവും രണ്ടാം പിൻകുറിപ്പും |
| 16:21–23 | 16:21–24 | 16:21 | | 16:21–23 |
| | | 16:22 | 16:22 | |
| | | 16:23 | 16:23 | |
| ദൈവസ്തുതി | ആശിർവാദം | | സ്തുതി പ്രാർത്ഥന | ദൈവസ്തുതി |
| 16:25–27 | 16:25–27 | 16:25–27 | 16:25–26 | 16:25–27 |
| | | | 16:27 | |

## മൂന്നാം വായന (പേജ് 14 കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# വാ. 1–26 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ഈ ഉപസംഹാര ഭാഗത്തു കാണുന്ന എല്ലാ സ്ത്രീകളും സുവിശേഷ ഘോഷണത്തിലെ പൗലൊസിന്റെ സഹപ്രവർത്തകരാണെന്നതു ശ്രദ്ധിക്കുക (ഒ.നോ. ഫിലി. 4:3). ഫേബ, വാ. 1; പ്രിസ്ക, വാ. 3; മറിയ, വാ. 6; യൂനിയ (അഥവാ യൂനിയാവ് – എങ്കിൽ അതൊരു പുരുഷനാണ്), വാ. 7; ത്രുഫൈനയും ത്രുഫൊസയും, വാ. 12; പെർസിസ്, വാ. 12; "അവന്റെ അമ്മ", വാ. 13; യൂലിയ, വാ. 15; "അവന്റെ സഹോദരിരി, വാ. 15. സ്ത്രീകളുടെ ശുശ്രൂഷയെ സംബന്ധിച്ച കടുംപിടുത്തങ്ങൾ ഉപേക്ഷിക്കുക. സകല വിശ്വാസികളും വരപ്രാപ്തരായ (ഒ.നോ. 1 കൊരി. 12:7,11) പൂർണ്ണ സമയ വേലക്കാരാണ് (ഒ.നോ. എഫെ. 4:12).

ഈ പട്ടികയിൽ നമുക്കൊരു ശുശ്രൂഷക്കാരത്തി ഫേബയും ഒരു സ്ത്രീ അപ്പൊസ്തലയായ യൂനിയയും (സാധ്യത) ഉണ്ട് (ഒ.നോ. യോവേൽ 2:28; പ്രവൃ. 2:16–21). ഈ വിഷയം വേദപുസ്തകപരമായി എങ്ങനെ കൈകാര്യം ചെയ്യണം എന്നു മനസ്സിലാക്കുക ദുഷ്കരമാണ് കാരണം, 1 കൊരി. 11:4–5 പോലെ (ഒ.നോ. 1 കൊരി. 14:34) വൈരുദ്ധ്യമെന്നു തോന്നുന്ന പൗലൊസിന്റെ പ്രസ്താവനകൾ തന്നെ നമുക്കു ലഭിച്ചിട്ടുണ്ട്.

B. ഈ പേരുകളുടെ സാധ്യമായ വംശീയ പശ്ചാത്തലം ശ്രദ്ധിക്കുക
1. വിശ്വാസികളായ യെഹൂദന്മാർ: അക്വിലാവ്, പ്രിസ്ക, അന്ത്രോനിക്കോസ്, യൂനിയാവ്, മറിയ [ചില കയ്യെഴുത്തു പ്രതികളിൽ മറിയാം]
2. റോമാക്കാരായ കുലീന കുടുംബ നാമങ്ങൾ: പ്രിസ്ക, അംപ്ലിയാത്തൊസ്, അപ്പെല്ലേസ്, നാർക്കിസസ്സ്, യൂലിയാവ്, ഫിലോലോഗോസ്
3. യെഹൂദ കുലീന കുടുംബ നാമങ്ങൾ: അരിസ്റ്റോബുലോസ്, ഹെരോദിയോൻ

C. വാ. 1–16 പൗലൊസിന്റെ വ്യക്തിപരമായ വന്ദനങ്ങളാണ്, അതേസമയം വാ. 17–20 ദുരുപദേഷ്ടാക്കൾക്കെതിരെയുള്ള സമാപന മുന്നറിയിപ്പുകളാണ്. വാ. 21–23 ൽ മിഷനറി സംഘം കൊരിന്തിൽ നിന്നുള്ള വന്ദനം അറിയിക്കുന്നു.

D. അ. 16 ന്റെ ചർച്ചയിൽ എഫ്. എഫ്. ബ്രൂസിന്റെ *ടിന്റെയിൽ ന്യൂടെസ്റ്റമെന്റ് കമന്ററി* വളരെ സഹായകരമാണ്. ഈ അധ്യായത്തിൽ കാണുന്ന പേരുകളെ സംബന്ധിച്ചു വിശദമായി പഠിക്കുവാൻ നിങ്ങൾ താല്പര്യപ്പെടുന്നുവെങ്കിൽ,പേജ് 266–284 വായിക്കുക.

E. ലേഖനം അവസാനിക്കുന്നത് എവിടെയെന്നതിനെപ്പറ്റി ചില സംശയങ്ങളുണ്ട്. പുരാതന കയ്യെഴുത്തു പ്രതികളിൽ 14, 15 (കയ്യെഴുത്തു പ്രതി $P^{46}$), 16 അധ്യായങ്ങളുടെ അന്ത്യത്തിൽ നിരവധി തവണ അവസാനിപ്പിക്കൽ കാണുന്നുണ്ട്. എങ്കിലും പരമ്പരാഗത ഉപസംഹാരമായ 16:25–27 കയ്യെഴുത്തു പ്രതികളായ $P^{61}$, א, B, C, D എന്നിവയിലും റോമിലെ ക്ലെമന്റ് (എ.ഡി. 95) ഉപയോഗിച്ച ഗ്രീക്ക് പാഠത്തിലും കാണാം.

വാ. 24, ഗ്രീക്കു കയ്യെഴുത്തു പ്രതികളായ $P^{46}$, $P^{61}$, א, A, B, C എന്നിവയിലും ലത്തീൻ വൾഗേറ്റിലും അലക്സാണ്ട്രിയയിലെ ഓറിഗൺ ഉപയോഗിച്ച ഗ്രീക്ക് പാഠത്തിലും കാണാം. വ്യത്യാസങ്ങളെക്കുറിച്ചുള്ള പൂർണ്ണ ചർച്ചയ്ക്ക് ബ്രൂസ് എം. മെറ്റ്സ്ഗെർ എഴുതിയ *എ ടെക്സ്ചൽ കമന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, പേ. 533–536 കാണുക.

# പദ, ശൈലീ പഠനം

**റോമർ 16:1–2**

**[1]നമ്മുടെ സഹോദരിയും കെംക്രയ സഭയിലെ ശുശ്രൂഷക്കാരത്തിയുമായ ഫേബയെ, [2]നിങ്ങൾ വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം കർത്താവിന്റെ നാമത്തിൽ കൈക്കൊണ്ടു, അവൾക്കു നിങ്ങളുടെ സഹായം വേണ്ടുന്ന ഏതു കാര്യത്തിലും സഹായിക്കേണ്ടതിന്നു ഞാൻ നിങ്ങളെ ഭരമേല്പിക്കുന്നു. അവളും പലർക്കും വിശേഷാൽ എനിക്കും സഹായം ചെയ്തിരിക്കുന്നു.**

**16:1**

**NASB, NKJV** "സഭയുടെ ദാസനായ"
**NRSV** "സഭയുടെ ശുശ്രൂഷക്കാരിയായ"
**TEV** "സഭയെ സേവിക്കുന്ന"
**NJB** "സഭയുടെ ശുശ്രൂഷക്കാരത്തിയായ"

*ഡിയാക്കോണോസ്* (**διακονος**) എന്ന പദമാണിത്. ഇവിടെയിത് സ്ത്രീലിംഗ രൂപമാണ്. ദാസൻ/ശുശ്രൂഷകൻ എന്നതിനുള്ള പദമാണിത്. (1) ക്രിസ്തുവിനെക്കുറിച്ചും (റോമ. 15:8; മർക്കൊ. 10:45), (2) പൗലൊസിനെക്കുറിച്ചും (എഫെ. 3:7; കൊലൊ. 1:23,25; (3) ശുശ്രൂഷകരെക്കുറിച്ചും (ഫിലി. 1:1; 1 തിമൊ. 3:11) ഉപയോഗിച്ചിരിക്കുന്നു.

സഭയിൽ ശുശ്രൂഷകയുടെ സ്ഥാനമുണ്ടായിരുന്നു എന്നതിന് പുതിയ നിയമത്തിലും വേദപുസ്തക കാല

ത്തിനുശേഷമുള്ള എഴുത്തുകളിലും തെളിവുകളുണ്ട്. പുതിയ നിയമത്തിലെ പ്രാദേശിക സഭയിലെ സ്ത്രീകളുടെ ശുശ്രൂഷയ്ക്കുള്ള മറ്റൊരു ഉദാഹരണം "വിധവമാരുടെ ശുശ്രൂഷ" ആണ് (ഒ.നോ. 1 തിമൊ. 3:11; 5:3–6). ആർ. RSV ലും ആംപ്ലിഫൈഡ് വേർഷനിലും, PHILLIPS തർജ്ജമയിലും 16:1 ൽ ഡീക്കണെസ് എന്ന പദമാണുള്ളത്. NASB, NIV എന്നിവയിൽ ഫുട്ട്നോട്ടിൽ ആ പദം കാണുന്നു. NEB യിൽ "സ്ഥാനം വഹിക്കുന്ന" എന്നു മാത്രമേയുള്ളു. എല്ലാ വിശ്വാസികളും പൂർണ്ണസമയ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ട്, വരപ്രാപ്തി നേടിയവരാണ് (ഒ.നോ. എഫെ. 4:12). ചിലർ നേതൃത്വ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ പാരമ്പര്യങ്ങൾ തിരവചനത്തിന് വഴിമാറേണ്ടതാണ്. ആദിമ ശുശ്രൂഷകന്മാരും ശുശ്രൂഷകമാരും ദാസന്മാരായിരുന്നു, അല്ലാതെ ഭരണകർത്താക്കളായിരുന്നില്ല!

എം. ആർ. വിൻസെന്റ് (*വേർഡ് സ്റ്റഡീസ്*, വാല്യം 2, പേജ് 752, 1196) പറയുന്നത്, രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ നിർമ്മിച്ച *അപ്പോസ്റ്റോലിക് കോൺസ്റ്റിറ്റ്യൂഷൻസ്* സഭിലെ സ്ത്രീകളായ സഹായികളുടെ കടമകളും ഓർഡിനേഷനും തമ്മിൽ വ്യത്യാസം പ്രകടമാക്കിയിരുന്നുവെന്നാണ്.

1. ശുശ്രൂഷകമാർ
2. വിധവമാർ (ഒ.നോ. 1 തിമൊ. 3:11; 5:9–10)
3. കന്യകമാർ (ഒ.നോ. പ്രവൃ. 21:9; 1 കൊരി. 7:34 (സാധ്യത)

അവരുടെ ഉത്തരവാദിത്വങ്ങൾ

1. രോഗികളെ ശുശ്രൂഷിക്കുക
2. ശാരീരിക പീഡനം അനുഭവിച്ചവരെ ശുശ്രൂഷിക്കുക
3. വിശ്വാസം നിമിത്തം തടവിലായവരെ ശുശ്രൂഷിക്കുക
4. പുതിയ വിശ്വാസികളെ പഠിപ്പിക്കുക
5. സ്ത്രീകളുടെ സ്നാനത്തിൽ സഹായിക്കുക
6. സഭാവിശ്വാസികളായ സ്ത്രീകളുടെ മേൽനോട്ടം വഹിക്കുക

## പ്രത്യേക പഠനവിഷയം: ബൈബിളിലെ സ്ത്രീകൾ

I. പഴയ നിയമം
   A. സാംസ്കാരികമായി സ്ത്രീകളെ വസ്തുവകയായി കണക്കാക്കിയിരുന്നു.
      1. വസ്തുവകകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു (പുറ. 20:17).
      2. അടിമ സ്ത്രീകളോടുള്ള പെരുമാറ്റം (പുറ. 21:7–11)
      3. സ്ത്രീകളുടെ നേർച്ചകളെ ഉത്തരവാദിത്വപ്പെട്ട പുരുഷനു അസാധുവാക്കാം (സംഖ്യ. 30).
      4. സ്ത്രീകൾ യുദ്ധത്തിലെ കൊള്ള എന്ന നിലയിൽ (ആവ. 20:10–14; 21:10–14).
   B. പ്രായോഗികമായി തുല്യതയുണ്ട്
      1. പുരുഷനും സ്ത്രീയും ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടു (ഉല്പ. 1:26–27).
      2. അപ്പനെയും അമ്മയെയും ബഹുമാനിക്ക (പുറ. 20:12 [ആവ. 5:16]).
      3. അപ്പനെയും അമ്മയെയും ആദരിക്ക (ലേവ്യ. 19:3; 20:9).
      4. പുരുഷനും സ്ത്രീയും നാസീർവ്രതം അനുഷ്ഠിക്കാം (സംഖ്യ. 6:1–2)
      5. പെൺമക്കൾക്കും അവകാശമുണ്ട് (സംഖ്യ. 27:1–11)
      6. ഉടമ്പടി ജനതയുടെ ഭാഗം (ആവ. 29:10–12).
      7. അപ്പന്റെയും അമ്മയുടെയും ഉപദേശം അനുസരിക്കുക (സദൃ. 1:8; 6:20)
      8. ഹേമാന്റെ പുത്രന്മാരും പുത്രിമാരും (ലേവ്യകുടുംബം) ആലയത്തിൽ സംഗീത ശുശ്രൂഷയ്ക്കു നേതൃത്വം നൽകി (1 ദിന. 25:5–6)
      9. പുതുയുഗത്തിൽ പുത്രന്മാരും പുത്രിമാരും പ്രവചിക്കും (യോവേൽ 2:28–29)
   C. സ്ത്രീകൾ നേതൃത്വനിരയിൽ
      1. മോശെയുടെ സഹോദരി മിര്യാം പ്രവാചകി എന്നു വിളിക്കപ്പെട്ടു (പുറ. 15:20–21; കൂടാതെ മീഖാ 6:4 കാണുക).
      2. സമാഗമന കൂടാരശീല നെയ്യുവാൻ സ്ത്രീകൾക്കു ദൈവം സാമർത്ഥ്യം നൽകി (പുറ. 35:25–26).
      3. സ്ത്രീയും പ്രവാചകിയുമായ ദെബോര (ഒ.നോ. ന്യായാ. 4:4) ഗോത്രങ്ങൾക്കു ന്യായപാലനം ചെയ്തു (ന്യായാ. 4:4–5; 5:7).
      4. യോശീയാ രാജാവ് പുതുതായി കണ്ടെത്തിയ "ന്യായപ്രമാണ പുസ്തക"ത്തെക്കുറിച്ച് അരുളപ്പാടു ചോദിക്കാൻ ഉദ്യോഗസ്ഥരെ വിട്ടത് ഹുൽദാ എന്ന പ്രവാചകിയുടെ അടുത്തേക്കായിരുന്നു (2 രാജാ. 22:14; 2 ദിന. 34:22–27).
      5. ഭക്ത സ്ത്രീയായ എസ്ഥേർരാജ്ഞി പേർഷ്യയിലെ യെഹൂദന്മാരെ രക്ഷിച്ചു
II. പുതിയ നിയമം
   A. സാംസ്കാരികമായി യെഹൂദ്യയിലെയും ഗ്രീക്ക്, റോമൻ ലോകത്തെയും സ്ത്രീകൾ വളരെ കുറച്ച് അവകാശങ്ങളോ പദവികളോ മാത്രമുള്ള രണ്ടാംതരം പൗരന്മാരായിരുന്നു (മാസിഡോണിയയിൽ

മാത്രമെ ഇതിനു വ്യത്യാസമുണ്ടായിരുന്നുള്ളൂ)

B. സ്ത്രീകൾ നേതൃത്വപദവിയിൽ

1. എലിശബെത്തും മറിയയും ദൈവത്തിനു ലഭ്യമായ ഭക്ത സ്ത്രീകളായിരുന്നു (ലൂക്കൊ. 1–2)
2. ഭക്ത സ്ത്രീയായ ഹന്ന ആലയത്തിൽ ശുശ്രൂഷ ചെയ്തിരുന്നു (ലൂക്കൊ. 2:36)
3. ലുദിയ, ഒരു ഭവനസഭയിലെ വിശ്വാസിയും നേതൃത്വനിരയിലുള്ളവളുമായിരുന്നു (പ്രവൃ. 16:14,40)
4. ഫിലിപ്പൊസിന്റെ കന്യകകളായ നാലു പുത്രിമാർ പ്രവാചകികളായിരുന്നു (പ്രവൃ. 21:8–9)
5. ഫേബ, കെംക്രയ സഭയിലെ ശുശ്രൂഷക്കാരത്തിയായിരുന്നു (റോമ. 16:1)
6. പ്രിസ്ക (പ്രിസ്കില്ല) പൗലൊസിന്റെ കൂട്ടുവേലക്കാരത്തിയും അപ്പൊല്ലോസിന്റെ അദ്ധ്യാപികയുമായിരുന്നു (പ്രവൃ. 18:26; റോമ. 16:3)
7. മറിയ, ത്രുഫൈന, ത്രൂഫൊസ, പെർസിസ്, യൂലിയ, നെരെയുസിന്റെ സഹോദരി, മറ്റനേക സ്ത്രീകൾ പൗലൊസിന്റെ കൂട്ടുവേലക്കാരായിരുന്നു (റോമ. 16:6–16)
8. യൂനിയാവ് (യൂനിയ, KJV) ഒരു വനിതാ അപ്പൊസ്തലയായിരിക്കാം (റോമ. 16:7)
9. യുവോദ്യയും സുന്തുകയും പൗലൊസിന്റെ കൂട്ടുപ്രവർത്തകരായിരുന്നു (ഫിലി. 4:2–3)

III. വേദപുസ്തകത്തിലെ വ്യത്യസ്ത ഉദാഹരണങ്ങളെ എങ്ങനെയാണൊരു ആധുനിക വിശ്വാസി സന്തുലനപ്പെടുത്തുന്നത്?

A. മൂലസന്ദർഭത്തിൽ മാത്രം സാംഗത്യമുള്ള ചരിത്രപരമോ സാംസ്കാരികമോ ആയ സത്യങ്ങളെയും എല്ലാക്കാലത്തുമുള്ള സകലവിശ്വാസികളെയും സകലസഭകളെയും ബാധിക്കുന്ന നിത്യസത്യങ്ങളും തമ്മിൽ എങ്ങനെ വേർതിരിക്കും?

1. ദൈവനിശ്വാസീയരായ മൂല എഴുത്തുകാരുടെ ഉദ്ദേശ്യത്തെ നാം ഗൗരവമായി എടുക്കേണം. ബൈബിൾ ദൈവവചനവും വിശ്വാസത്തിനും പ്രായോഗിക ജീവിതത്തിനുമുള്ള ഏക സ്രോതസ്സുമാണ്.
2. ചരിത്രാടിസ്ഥാനത്തിലുള്ള ദൈവനിശ്വാസീയ വേദഭാഗങ്ങളെ നാം കണ്ടെത്തണം.
   a. യിസ്രായേലിന്റെ സംസ്കാരം (അതാ. ആചാരങ്ങൾ, ചടങ്ങുകൾ, ഒ.നോ. പ്രവൃ. 15; ഗലാ. 3)
   b. ഒന്നാം നൂറ്റാണ്ടിലെ യെഹൂദമതം
   c. 1 കൊരിന്ത്യരിൽ കാണുന്ന ചരിത്രാടിസ്ഥാനത്തിലുള്ള പൗലൊസിന്റെ പ്രസ്താവനകൾ
      (1) ജാതീയ റോമിന്റെ നിയമസംവിധാനം (1 കൊരി. 6)
      (2) ഒരു അടിമയായി തുടരുന്നത് (1 കൊരി. 7:20–24)
      (3) ബ്രഹ്മചര്യം (1 കൊരി. 7:1–35)
      (4) കന്യകമാർ (1 കൊരി. 7:36–38)
      (5) വിഗ്രഹാർപ്പിത ഭക്ഷണം (1 കൊരി. 8; 10:23–53)
      (6) കർത്തൃമേശയിലെ അയോഗ്യമായ പ്രവൃത്തികൾ (1 കൊരി. 11)
3. ദൈവം ഒരു പ്രത്യേക സംസ്കാരത്തിന് ഒരു പ്രത്യേക ദിവസം തന്നെത്തന്നെ പൂർണ്ണമായും വ്യക്തമായും വെളിപ്പെടുത്തി. വെളിപ്പാടിനെ നാം ഗൗരവമായി എടുക്കണം, എന്നാൽ അതിന്റെ ചരിത്ര പശ്ചാത്തലത്തിന്റെ എല്ലാ വിശദാംശങ്ങളും എടുക്കരുത്. ദൈവത്തിന്റെ വചനം, മാനുഷിക വാക്കുകളിൽ, ഒരു പ്രത്യേക സംസ്കാരത്തിനുവേണ്ടി ഒരു പ്രത്യേക സമയത്ത് എഴുതപ്പെട്ടതാണ്.

B. വേദപുസ്തക വ്യാഖ്യാനം യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യമാണ് അന്വേഷിക്കേണ്ടത്. തന്റെ കാലഘട്ടത്തോട് എന്താണദ്ദേഹം പറഞ്ഞത്? ഇതാണ് ശരിയായ വ്യാഖ്യാനത്തിന്റെ അടിസ്ഥാനവും നിർണ്ണായകഘടകവും. തുടർന്ന് നാം ഇതു നമ്മുടെ കാലഘട്ടത്തിൽ പ്രായോഗികമാക്കണം. ഇവിടെയാണ് സ്ത്രീകളുടെ നേതൃത്വവിഷയം വരുന്നത് (യഥാർത്ഥ വ്യാഖ്യാനപ്രശ്നം, പദത്തിന്റെ നിർവചനത്തിലാണുള്ളത്. നേതൃത്വം എന്നാൽ പാസ്റ്റർ എന്നത് മാത്രമാണോ? ശുശ്രൂഷക്കാരത്തികളും പ്രവാചകിമാരും നേതാക്കളായി പരിഗണിക്കപ്പെടിമോ?) 1 കൊരി. 14:34–35; 1 തിമൊ. 2:9–15 എന്നിവിടങ്ങളിൽ സ്ത്രീകൾ പരസ്യ ആരാധനയ്ക്കു നേതൃത്വം വഹിക്കരുതെന്ന നിലപാടാണ് പൗലൊസിനുണ്ടായിരുന്നതെന്നു വ്യക്തമാണ്! എന്നാൽ അതെങ്ങനെ ഇന്നു ബാധകമാകും? പൗലൊസിന്റെ സംസ്കാരവും എന്റെ സംസ്കാരവും ദൈവത്തിന്റെ വചനത്തെയും ഹിതത്തെയും നിശബ്ദമാക്കാൻ ഞാനാഗ്രഹിക്കുന്നില്ല. പൗലൊസിന്റെ കാലഘട്ടം കൂടുതൽ ഇടുങ്ങിയതും എന്റേത് കൂടുതൽ വിശാലവും ആയിരിക്കാം. പൗലൊസിന്റെ വാക്കുകളും ഉപദേശങ്ങളും സോപാധികവും ഒന്നാം നൂറ്റാണ്ടിലേതും പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ചുള്ളതുമായ സത്യമാണ് എന്നു പറയാൻ എനിക്കു ബുദ്ധിമുട്ടുണ്ട്. എന്റെ മനസ്സ് അഥവാ സംസ്കാരം, ദൈവനിശ്വാസീയ എഴുത്തുകാരനെ വിമർശിക്കുന്നതിനനുവദിക്കാൻ ഞാനാരാണ്?

എന്നിരുന്നാലും വനിതാ നേതാക്കളെക്കുറിച്ചുള്ള വേദപുസ്തക ഉദാഹരണങ്ങൾ (പൗലൊസിന്റെ ലേഖനങ്ങളിൽ പോലും, ഒ.നോ. റോമർ 16) ഉള്ളപ്പോൾ ഞാനെന്തു ചെയ്യും? ഇതിനു നല്ലൊരു ഉദാ

ഹരണം, 1 കൊരി. 11–14 ലെ പൊതു ആരാധനയെക്കുറിച്ചുള്ള പൗലൊസിന്റെ ചർച്ചയാണ്. 11:5 ൽ തല മുടിക്കൊണ്ട് അവർ പരസ്യ ആരാധനയിൽ പ്രസംഗിക്കുന്നതും പ്രാർത്ഥിക്കുന്നതും അവൻ അനുവദിക്കുന്നതായി തോന്നുമെങ്കിലും 14:34–35 ൽ അവർ മൗനമായിരിക്കാൻ അവനാവശ്യപ്പെടുന്നതായി കാണാം. അവിടെ ശുശ്രൂഷക്കാരത്തികളും (ഒ.നോ. റോമർ 16), പ്രവാചകിമാരും (ഒ.നോ. പ്രവൃ. 21:9) ഉണ്ടായിരുന്നു. ഈ വൈരുദ്ധ്യമാണ് പൗലൊസിന്റെ അഭിപ്രായം (സ്ത്രീകൾക്കുള്ള വിലക്കുകൾ) ഒന്നാം നൂറ്റാണ്ടിലെ കൊരിന്തിലും എഫെസൊസിലും മാത്രം ബാധകമായിരുന്ന കാര്യമാണെന്ന് ചിന്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകുന്നത്. രണ്ടു സഭകളിലും സ്ത്രീകൾ അവർക്കു പുതുതായി ലഭിച്ച സ്വാതന്ത്ര്യം ഉപയോഗിക്കുന്ന പ്രശ്നം ഉണ്ടായിരുന്നു. (ഒ.നോ. ബ്രൂസ് വിന്റർ, *ആഫ്റ്റർ പോൾ ലഫ്റ്റ് കൊരിന്ത്*). ഇത് ക്രിസ്തുവിനുവേണ്ടി സമൂഹത്തെ നേടുന്നതിൽ സഭയ്ക്ക് തടസ്സങ്ങൾ സൃഷ്ടിച്ചു. സുവിശേഷം കൂടുതൽ ഫലപ്രദമാകുന്നതിനുവേണ്ടി അവരുടെ സ്വാതന്ത്ര്യം കുറെക്കൂടെ പരിമിതപ്പെടുത്തണമായിരുന്നു.

എന്റെ കാലഘട്ടം പൗലൊസിന്റേതിനു നേരെ വിപരീതമാണ്. എന്റെ കാലഘട്ടത്തിൽ, പരിശീലനം നേടിയ സ്ത്രീകൾ സുവിശേഷം പങ്കുവയ്ക്കുവാനും നേതൃത്വം വഹിക്കുവാനും അനുവദിക്കപ്പെടാതിരുന്നാൽ സുവിശേഷം പതിമിതപ്പെട്ടുപോകും. പരസ്യ ആരാധനയുടെ ആത്യന്തിക ലക്ഷ്യം എന്താണ്? അത് സുവിശേഷീകരണവും ശിഷ്യത്വവുമല്ലയോ? വനിതാ നേതാക്കളിൽ ദൈവത്തിനു മഹത്വമെടുക്കുവാനും അവരിൽ പ്രസാദിക്കുവാനും കഴിയുകയില്ലയോ? ബൈബിൾ മുഴുവനും 'അതേ' എന്ന ഉത്തരമാണു നൽകുന്നത്.

പൗലൊസിനു കീഴ്പ്പെടുവാനാണെനിക്കാഗ്രഹം; എന്റെ ദൈവശാസ്ത്രം പൗലൊസിന്റേതാണ്. ആധുനിക സ്ത്രീപക്ഷവാദത്തിന്റെ അമിത സ്വാധീനവും ദുരുപയോഗവും ഞാനിഷ്ടപ്പെടുന്നില്ല! എങ്കിലും അടിമത്തം, ജാതീയത, ലൈംഗികത, മതഭ്രാന്ത് എന്നിവയ്ക്കെതിരായുള്ള വ്യക്തമായ വേദപുസ്തക പഠിപ്പിക്കലുകളോട് പ്രതികരിക്കുന്നതിൽ സഭ എപ്പോഴും സാവധാനത്തിലായിരുന്നു എന്നെനിക്കു തോന്നുന്നുണ്ട്. ദൈവം ക്രിസ്തുവിൽ അടിമകൾക്കും സ്ത്രീകൾക്കും വിമോചനം നൽകുന്നു. സംസ്കാര-ബന്ധിതമായ ഒരു വേദഭാഗം അവരെ വീണ്ടും ചങ്ങലയ്ക്കിടുവാൻ അനുവദിക്കുന്നതിനു ഞാൻ ധൈര്യപ്പെടുന്നില്ല.

ഒരു കാര്യം കൂടി: ഒരു വ്യാഖ്യാതാവെന്ന നിലയിൽ, കൊരിന്തു സഭ ഒരു അലങ്കോലപ്പെട്ട സഭയായിരുന്നു എന്നെനിക്കറിയാം. അവർ ആത്മീയ വരങ്ങൾക്കു വിലകല്പിക്കയും ദുരുപയോഗപ്പെടുത്തുകയും ചെയ്തു. സ്ത്രീകളും ഇതിൽ പെട്ടിട്ടുണ്ടാകാം. എഫെസൊസിലെ പ്രശ്നം, ദുരുപദേശക്കാർ ഭവന സഭകളിൽ സ്ത്രീകളെ ഉപയോഗിച്ച് പ്രസംഗകരുടെ ശ്രദ്ധ പതറിക്കുവാൻ ശ്രമിച്ചിരുന്നു എന്നതാകാം.

C. കൂടുതൽ വായനയ്ക്ക്

*How to Read the Bible For All Its Worth* by Gordon Fee and Doug Stuart (pp. 61-77)
*Gospel and Spirit: Issues in New Testament Hermeneutics* by Gordon Fee
*Hard Sayings of the Bible* by Walter C. Kaiser, Peter H. Davids, F. F. Bruce, and Manfred T. Branch (pp. 613-616; 665-667)

▣ **"കെംക്രയ"** കൊരിന്തിലെ രണ്ടു തുറമുഖങ്ങളിലൊന്നായിരുന്നു ഇത്. ഇത് കിഴക്കുഭാഗത്തുള്ളതായിരുന്നു (ഒ.നോ. പ്രവൃ. 18:18).

▣ **"സഭ"** താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

# പ്രത്യേക പഠനവിഷയം: സഭ (ἐκκλεσια)

*എക്ലേസിയ* (**ἐκκλεσια**) എന്ന ഗ്രീക്കു പദം "പുറത്തേക്ക്" "വിളിക്കുക" എന്നീ രണ്ടു പദങ്ങളുടെ സംയുക്തമാണ്. ദൈവത്താൽ വിളിച്ചിറക്കിയവർ എന്നാണർത്ഥം. മതേതര ഉപയോഗത്തിൽ നിന്നാണ് സഭ ഈ പദം എടുത്തത് (ഒ.നോ. പ്രവൃ. 19:32,39,41). യിസ്രായേൽ "സഭ"യെ വിളിക്കുന്നതിനായി സെപ്റ്റ്വജിന്റിൽ (*ഖഹാൽ*, BDB 874, ഒ.നോ. സംഖ്യ. 16:3; 20:4) ഈ പദമാണുപയോഗിച്ചിരുന്നത്. അവർ അത് പഴയനിയമത്തിലെ ദൈവത്തിന്റെ ജനത്തിന്റെ തുടർച്ചയാണ് തങ്ങളെന്നു കാണിക്കുന്നതിനായി സ്വയം ഉപയോഗിച്ചു. അവർ പുതിയ യിസ്രായേലും (ഒ.നോ. റോമർ 2:28–29; ഗലാത്യർ 6:16; 1 പത്രൊസ് 2:5,9; വെളിപ്പാട് 1:6) ദൈവത്തിന്റെ ആഗോള ദൗത്യത്തിന്റെ നിവൃത്തിയും ആണ് (ഒ.നോ. ഉല്പ. 3:15; 12:3; പുറപ്പാട് 19:5–6; മത്തായി 28:18–20; ലൂക്കൊസ് 24:47; പ്രവൃത്തി 1:8).

ഈ പദം സുവിശേഷങ്ങളിലും അപ്പോ. പ്രവൃത്തിയിലും വിവിധ അർത്ഥത്തിൽ ഉപയോഗിച്ചു.

1. മതേതര നഗര യോഗം, പ്രവൃ. 19:32,39,41
2. ക്രിസ്തുവിലുള്ള ആഗോള ദൈവജനം, മത്തായി 16:18; എഫെസ്യർ
3. ക്രിസ്തുവിലുള്ള പ്രാദേശിക ദൈവജനം, മത്തായി 18:17; പ്രവൃ. 5:11 (ഈ വാക്യങ്ങളിൽ യെരൂശലേമിലെ സഭ)
4. യിസ്രായേൽ ജനം സമൂഹമായി, പ്രവൃ. 7:38; സ്തെഫാനൊസിന്റെ പ്രസംഗത്തിൽ
5. ഒരു പ്രദേശത്തെ ദൈവജനം, പ്രവൃ. 8:3 (യെഹൂദ്യ അഥവാ പാലസ്തീൻ)

▣ **"ഫേബ"** പേരിനർത്ഥം "പ്രകാശിക്കുന്ന" അഥവാ "ശോഭിക്കുന്ന" എന്നാണ്.

**16:2 "നിങ്ങൾ വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം കർത്താവിന്റെ നാമത്തിൽ കൈക്കൊണ്ടു"** ഇത് *പ്രോസ്ഡെഖോമായി* (*προσδέχομαι*)എന്ന പദത്തിന്റെ ഭൂതകാല മധ്യ അനുബന്ധമാണ്. അർത്ഥം "ഒരു അതിഥിയെന്ന പോലെ ദയയോടെ കൈക്കൊള്ളുക" എന്നാണ് (ഒ.നോ. ഫിലി. 2:29). പൗലൊസ് ഈ സ്ത്രീയെ വിശ്വസിക്കുകയും തനിക്കുവേണ്ടി അവളെ സ്വീകരിക്കുവാനും സഹായിക്കുവാനും സഭയോട് ആവശ്യപ്പെടുകയും ചെയ്തു. താൻ ഇതു പറയേണ്ടിവന്നത് അന്നത്തെ സാംസ്കാരിക സാഹചര്യത്തെ കാണിക്കുന്നു.

▣ **"വിശുദ്ധന്മാർ"** ഈ പദത്തിനർത്ഥം വിശുദ്ധരായവർ എന്നാണ്. ഇതു വിശദീകരിക്കുന്നത് ഒരു വിശ്വാസിയുടെ ക്രിസ്തുവിലുള്ള സ്ഥാനത്തെ മാത്രമല്ല, അവരുടെ തുടർന്നുള്ള ജീവിതത്തെയും പുരോഗമനപരമായി ക്രിസ്തുവിലുള്ള അവരുടെ സ്ഥാനത്തെയുമാണ്. ഫിലിപ്പിയ ലേഖനത്തിൽ ഒരിക്കൽ ഒഴികെ "വിശുദ്ധൻ" എന്ന പദം (ഫിലി. 4:21) എല്ലായ്പോഴും ബഹുവചനത്തിലാണ്. മാത്രമല്ല അവിടെപ്പോലും അത് ഒരു കൂട്ടായുള്ള അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നത് ഒരു വിശ്വാസ സമൂഹത്തിന്റെ, ഒരു കുടുംബത്തിന്റെ, ഒരു ശരീരത്തിന്റെ ഭാഗമായിരിക്കുക എന്നാണ്. ആധുനിക പാശ്ചാത്യ സഭ വേദപുസ്തകാടിസ്ഥാന വിശ്വാസത്തിന്റെ ഈ കൂട്ടായ ഘടകത്തെ മൂല്യശോഷണം ചെയ്തു. 1:7 ലെ പ്രത്യേക പഠനവിഷയം: വിശുദ്ധന്മാർ കാണുക.

▣ **"അവൾക്കു നിങ്ങളുടെ സഹായം വേണ്ടുന്ന ഏതു കാര്യത്തിലും സഹായിക്കേണ്ടതിന്നു "** ഇവിടെ രണ്ട് അനുബന്ധങ്ങൾ ഉണ്ട്. ഒന്നാമത്തേത്, *പാരിസ്റ്റീമി* (***παριστημι***) (ഭൂതകാല കർത്തരി പ്രയോഗം) അർത്ഥം, "സഹായിക്കാൻ അടുത്തു നില്ക്കുക." രണ്ടാമത്തേത്, *ഖ്രീഡ്സോ* (***χρηζω***) (വർത്തമാനകാല കർത്തരി പ്രയോഗം) അർത്ഥം, "ആവശ്യമായിരിക്കുന്ന കാര്യത്തിൽ സഹായിക്കുക" (ഒ.നോ. 2 കൊരി. 3:1).

സഞ്ചാര ശുശ്രൂഷകർക്കു നല്കുന്ന ഭൗതിക സഹായത്തെയാണിതു സൂചിപ്പിക്കുന്നത്. ശുപാർശ കത്തുകളുടെ ഉദ്ദേശ്യം ഇതായിരുന്നു.

▣ **"ഞാൻ നിങ്ങളെ ഭരമേല്പിക്കുന്നു"** വാ. 1–2 ഫേബയ്ക്കുവേണ്ടിയുള്ള ഒരു ശുപാർശ കത്തായി പ്രവർത്തിക്കുന്നു. അവൾ പൗലൊസിന്റെ ലേഖനം റോമിലേക്കു കൊണ്ടുപോയിരിക്കാം. പുതിയ നിയമത്തിൽ ഇത്തരത്തിലുള്ള പരിചയപ്പെടുത്തലുകൾക്കും ശുപാർശകൾക്കും നിരവധി ഉദാഹരണങ്ങൾ ഉണ്ട് (ഒ.നോ. പ്രവൃ. 18:27; 1 കൊരി. 16:3; 2 കൊരി. 3:1; 8:18–24; ഫിലി. 2:19–30).

▣

| | |
|---|---|
| **NASB, NKJV** | **"പലർക്കും സഹായിയായിരുന്നു"** |
| **NRSV** | **"പലർക്കും ഉപകാരിയായിരുന്നു"** |
| **TEV** | **"അവൾ തന്നെ അനേക ആളുകൾക്ക് ഒരു നല്ല സ്നേഹിതയായിരുന്നു"** |
| **NJB** | **"അവൾ അനേക ആളുകളെ സംരക്ഷിച്ചിട്ടുണ്ട്"** |

ഈ പദം *പ്രോയിസ്റ്റാറ്റിസ്* (***προιστατις***) പുതിയ നിയമത്തിൽ ഇവിടെ മാത്രമേ കാണുന്നുള്ളു. ഇത് ഭൗതികമോ സാമ്പത്തികമോ ആയ സഹായം ആയിരിക്കാം. ധനാഢ്യയായ ഒരു സ്ത്രീയെയാണുതു സൂചിപ്പിക്കുന്നത്. ഫേബ റോമിലേക്കു യാത്ര ചെയ്യുന്നതിനാലും (ഒ.നോ. വാ. 1) അനേകരെ സഹായിച്ചിട്ടുള്ളതിനാലും ഇത് അവളെ സംബന്ധിച്ച് സത്യമായ വസ്തുതയാണ്.

## റോമർ 16:3–16

**3ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്‌വിൻ.
4അവർ എന്റെ പ്രാണന്നു വേണ്ടി തങ്ങളുടെ കഴുത്തു വെച്ചുകൊടുത്തവരാകുന്നു; അവർക്കു ഞാൻ
മാത്രമല്ല, ജാതികളുടെ സകലസഭകളുംകൂടെ നന്ദി പറയുന്നു. 5അവരുടെ വീട്ടിലെ സഭയെയും വന്ദനം
ചെയ്‌വിൻ; ആസ്യയിൽ ക്രിസ്തുവിന്നു ആദ്യഫലമായി എനിക്കു പ്രിയനായ എപ്പൈനത്തൊസിന്നു
വന്ദനം ചൊല്ലുവിൻ. 6നിങ്ങൾക്കായി വളരെ അദ്ധ്വാനിച്ചവളായ മറിയെക്കു വന്ദനം ചൊല്ലുവിൻ. 7എന്റെ
ചാർച്ചക്കാരും സഹബദ്ധന്മാരുമായ അന്ത്രൊനിക്കൊസിന്നും യൂനിയാവിന്നും വന്ദനം ചൊല്ലുവിൻ; അവർ
അപ്പൊസ്തലന്മാരുടെ ഇടയിൽ പേർകൊണ്ടവരും എനിക്കുമുമ്പെ ക്രിസ്തുവിൽ വിശ്വസിച്ചവരും
ആകുന്നു. 8കർത്താവിൽ എനിക്കു പ്രിയനായ അംപ്ലിയാത്തൊസിന്നു വന്ദനം ചൊല്ലുവിൻ. 9ക്രിസ്തുവിൽ
ഞങ്ങളുടെ കൂട്ടു വേലക്കാരനായ ഉർബ്ബാനൊസിന്നും എനിക്കു പ്രിയനായ സ്താക്കുവിന്നും വന്ദനം**

**ചൊല്ലുവിൻ. [10]ക്രിസ്തുവിൽ സമ്മതനായ അപ്പെലേസിന്നു വന്ദനം ചൊല്ലുവിൻ. അരിസ്തൊബൂലൊസിന്റെ ഭവനക്കാർക്കു വന്ദനം ചൊല്ലുവിൻ. [11]എന്റെ ചാർച്ചക്കാരനായ ഹെരോദിയോന്നു വന്ദനം ചൊല്ലുവിൻ; നർക്കിസ്സൊസിന്റെ ഭവനക്കാരിൽ കർത്താവിൽ വിശ്വസിച്ചവർക്കു വന്ദനം ചൊല്ലുവിൻ. [12]കർത്താവിൽ അദ്ധ്വാനിക്കുന്നവരായ ത്രുഫൈനെക്കും ത്രുഫോസെക്കും വന്ദനം ചൊല്ലുവിൻ. കർത്താവിൽ വളരെ അദ്ധ്വാനിച്ചവളായ പ്രിയ പെർസിസിന്നു വന്ദനം ചൊല്ലുവിൻ. [13]കർത്താവിൽ പ്രസിദ്ധനായ രൂഫൊസിനെയും എനിക്കും അമ്മയായ അവന്റെ അമ്മയെയും വന്ദനം ചെയ്വിൻ. [14]അസുംക്രിതൊസിന്നും പ്ലെഗോന്നും ഹെർമ്മോസിന്നും പത്രൊബാസിന്നും ഹെർമ്മാസിന്നും കൂടെയുള്ള സഹോദരന്മാർക്കും വന്ദനം ചൊല്ലുവിൻ. [15]ഫിലൊലൊഗൊസിന്നും യൂലിയെക്കും നെരെയുസിന്നും അവന്റെ സഹോദരിക്കും ഒലുമ്പാസിന്നും അവരോടുകൂടെയുള്ള സകല വിശുദ്ധന്മാർക്കും വന്ദനം ചൊല്ലുവിൻ. [16]വിശുദ്ധചുംബനം കൊണ്ടു അന്യോന്യം വന്ദനം ചെയ്വിൻ. ക്രിസ്തുവിന്റെ സകലസഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു.**

**16:2 "പ്രിസ്കയെയും അകിലാവെയും"** ലൂക്കൊസ് അവളെ പ്രിസ്കില്ല എന്നു വിളിക്കുന്നു. അവളുടെ പേരാണ് ആദ്യ പറഞ്ഞിരുന്നത്, അത് സാംസ്കാരികമായി അസാധാരണമായിരുന്നു (ഒ.നോ. പ്രവൃ. 18:18,26; 1 കൊരി. 16:19; 2 തിമൊ. 4:19). ഒരു പക്ഷേ അവൾ റോമൻ കുലീന കുടുംബാംഗമോ അല്ലെങ്കിൽ അവളുടെ ഭർത്താവിനെക്കാൾ മികച്ച വ്യക്തിത്വമുള്ളവളോ ആയിരിക്കാം. പൗലൊസും ഈ ദമ്പതികളും കൂടാരപ്പണി അഥവാ തോൽപ്പണി ചെയ്യുന്നവരായിരുന്നു. പൗലൊസ് അവരെ "ക്രിസ്തുയേശുവിൽ കൂട്ടുവേലക്കാർ" എന്നാണു വിളിച്ചിരുന്നത്. ഈ ദമ്പതികളിൽ നിന്നാകാം റോമാ സഭയുടെ ശക്തിയും ബലഹീനതയും അവൻ ഗ്രഹിച്ചത്.

**16:4 "തങ്ങളുടെ കഴുത്തു വെച്ചുകൊടുത്തവരാകുന്നു"** "ആരാച്ചാരുടെ മഴു" എന്നതിനുള്ള ഒരു പ്രയോഗമാണിത്. ഈ പ്രയോഗം കൊണ്ട് പൗലൊസ് എന്താണുദ്ദേശിക്കുന്നത് എന്ന കാര്യത്തിൽ ബൈബിൾ നിശബ്ദമാണ്.

▣ **"അവർക്കു ഞാൻ മാത്രമല്ല, ജാതികളുടെ സകലസഭകളുംകൂടെ നന്ദി പറയുന്നു"** ഈ ദമ്പതികളുടെ സൗഹൃദത്തിനും ക്രിയാത്മക സഹായത്തിനും പൗലൊസ് വലരെ നന്ദിയുള്ളവനായിരുന്നു. താൻ അവരുടെ സേവനത്തെ "ജാതികളുടെ സകലസഭ"കളിലേക്കും വ്യാപിപ്പിക്കുക കൂടി ചെയ്യുന്നു. അവരുടെ സേവനത്തിനുള്ള എന്തൊരു അംഗീകാരവും നന്ദിയർപ്പണവും. അപ്പൊല്ലോസിന് അവർ ചെയ്ത സഹായമായിരിക്കാം ഇവിടെ പരാമർസിക്കുന്നത് (ഒ.നോ. പ്രവൃ. 18:18–24).

**16:5 "അവരുടെ വീട്ടിലെ"** ആദിമ ക്രിസ്ത്യാനികൾ വീടുകളിലാണ് കൂടിവന്നിരുന്നത് (ഒ.നോ. 16:23; പ്രവൃ. 12:12; 1 കൊരി. 16:19; കൊലൊ. 4:15; ഫിലേ. 2). എ.ഡി. മൂന്നാം നൂറ്റാണ്ടുവരെ സഭാ കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടിരുന്നില്ല.

▣ **"സഭ"** ഇത് കെട്ടിയത്തെയല്ല ആളുകളെയാണു സൂചിപ്പിക്കുന്നത്. "വിളിച്ചിറക്കിയവർ" എന്നണർത്ഥം. ഗ്രീക്ക് പഴയ നിയമമായ സെപ്റ്റ്വജിന്റിൽ ഈ പദം *കാഹാൽ* എന്ന എബ്രായ പദത്തിന്റെ തർജ്ജമയാണ്. "കൂടിവരവ്" എന്നാണ് ആ തർജ്ജമ. ആദിമ സഭ തങ്ങളെത്തന്നെ, ഒരു പ്രത്യേക വിഭാഗമായിട്ടല്ല, പഴയ നിയമ യിസ്രായേൽ സഭയുടെ നിവൃത്തിയായിട്ടാണ് കണ്ടിരുന്നത്. 16:1 ലെ പ്രത്യേക പഠന വിഷയം കാണുക.

▣ **"ആസ്യ"** ആധുനിക തുർക്കിയുടെ പടിഞ്ഞാറേ മൂന്നിലൊന്നു ഭാഗം വരുന്ന റോമൻ പ്രവിശ്യയായിരുന്നു ആസ്യ.

▣ **"ആദ്യഫലമായ"** സ്തെഫാനാസിന്റെ കുടുംബത്തെക്കുറിച്ചും ഇതു പറഞ്ഞിരിക്കുന്നു (ഒ.നോ. 1 കൊരി. 16:15).

▣ **"എപ്പൈനത്തൊസ്"** "സ്തുതിക്കപ്പെട്ട" എന്നർത്ഥം.

**16:6 "നിങ്ങൾക്കായി വളരെ അദ്ധ്വാനിച്ചവളായ മറിയെക്കു"** ഈ വ്യക്തിയെക്കുറിച്ച് ഒരറിവും ഇല്ല. അവൾ റോമാ സഭയിൽ നിന്നുമുള്ള ഒരു മിഷനറി ആയിരിക്കാം. നിരവധി മികച്ചവരും ഭക്തരുമായ വ്യക്തികളെക്കുറിച്ച് നാം അജ്ഞരാണ്, എങ്കിലും ദൈവം അവരെ നല്ലവണ്ണം അറിയുന്നു.

**16:7 "സഹബദ്ധന്മാരുമായ"** തടവ് എന്തിനെയാണു സൂചിപ്പിക്കുന്നതെന്ന് ആധുനിക പണ്ഡിതന്മാർക്ക് ഉറപ്പില്ല. പൗലൊസ് വിശ്വാസത്തിനുവേണ്ടി വളരെയധികം സഹിക്കുകയുണ്ടായി (ഒ.നോ. 2 കൊരി. 4:8–11; 6:4–10; 11:25–28). അവൻ ഫിലിപ്പിയിലും കൈസര്യയിലും റോമിലും ഒരു പക്ഷേ മറ്റു സ്ഥലങ്ങളിലും ജയിലുകളിൽ കിടന്നിട്ടുണ്ട് (ഒ.നോ. എഫെസൊസ്, 1 കൊരി. 15:32; 2 കൊരി. 1:8).

▣ **"യൂനിയാവ്"** ഈ പേര് പുല്ലിംഗമോ സ്ത്രീലിംഗമോ ആകാം, ഉച്ചാരണ സൂചകം കൊണ്ടാമതു തീരുമാനിക്കേണ്ടത്. കയ്യെഴുത്തു പ്രതികളിൽ വ്യത്യാസം കാണാം. കയ്യെഴുത്തു പ്രതികളായ ℵ, A, B, C, D, F, G, P എന്നിവയിൽ *യൂനിയാൻ* എന്നാണ്. സ്ത്രീലിംഗ രൂപം കയ്യെഴുത്തു പ്രതികളായ $B^2$, $D^2$, 0150 എന്നിവയിൽ കാണാം. ആദിമ പാപ്പിറസ് പ്രതിയായ $P^{46}$ ലും ചില വൾഗേറ്റ്, കോപ്റ്റിക് പതിപ്പുകളിലും ജെറോം ഉപയോഗിച്ച ഗ്രീക്കു പതിപ്പിലും സ്ത്രീലിംഗമായ *യൂലിയാൻ* എന്നാണ്. ഇത് പകർപ്പെഴുത്തുകാർ വരുത്തിയ പിശകാണെന്ന്

ചില പണ്ഡിതന്മാർ വിശ്വസിക്കുന്നു. സ്ത്രീലിംഗ രൂപം 16:15 ൽ കാണുന്നില്ല. വാ. 7 ൽ കാണുന്ന രണ്ടു വ്യക്തികൾ

1. പൗലൊസിനോടൊപ്പം ജയിലിൽ അടയ്ക്കപ്പെട്ട രണ്ട് യെഹൂദ വിശ്വാസികൾ
2. ഒരു സഹോദരനും സഹോദരിയും
3. ഒരു ഭാര്യയും ഭർത്താവും

ആയിരിക്കാനാണ് സാധ്യത.

ഇത് സ്ത്രീലിംഗമായിരിക്കുകയും "അപ്പൊസ്തലന്മാർ" എന്ന പ്രയോഗം "പന്തിരുവർ" എന്നതിനേക്കാൾ വിശാലമായ ഒന്നിനെ സൂചിപ്പിക്കുകയും ചെയ്താൽ ഇത് ഒരു വനിതാ അപ്പൊസ്തലയായിരുന്നു.
"യൂനിയാസ്" എന്ന ലിഖിതം റോമാ സാഹിത്യത്തിലോ എഴുത്തുകളിലോ ഒരിടത്തും പ്രത്യക്ഷപ്പെടുന്നില്ല എന്നത് താല്പര്യജനകമാണ്. എന്നാൽ "യൂനിയാ" സാധാരണമായിരുന്നു. അതൊരു റോമൻ കുടുംബ നാമമായിരുന്നു. സ്ത്രീകളുടെ ശുശ്രൂഷയെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് ലിൻഡാ ബി. വെലെവില്ലെ എഴുതിയ *വിമൻ ലീഡേഴ്സ് ആൻഡ് ദ ചർച്ച്*, പേജ് 188 ഫുട്ട്നോട്ട് 42 കാണുക.

▣ **"അപ്പൊസ്തലന്മാരുടെ ഇടയിൽ പേർകൊണ്ടവരും"** ഇത് പന്തിരുവരെ സൂചിപ്പിക്കുന്നതാകാം, അങ്ങനെയെങ്കിൽ ഇവർ അവർക്ക് സുപരിചിതരാകാം അല്ലെങ്കിൽ ഇത് "അപ്പൊസ്തലന്മാർ" എന്നറിയപ്പെട്ട ശുശ്രൂഷക വൃന്ദമായിരിക്കാം (ഒ.നോ. പ്രവൃ. 14:4,14; 18:5; 1 കൊരി. 4:9; ഗലാ. 1:19; ഫിലി. 2:25; 1 തെസ്സ. 2:6). സന്ദർഭം സൂചിപ്പിക്കുന്നത് എഫെ. 4:11 ലെപ്പോലെയുള്ള വിശാല അർത്ഥമാണ്, എന്നാൽ വിവേചക ഭേദകം പന്തിരുവരെ സൂചിപ്പിക്കുന്നു. 1:2 ലെ പ്രത്യേക പഠനവിഷയം: അയയ്ക്കുക (*അപ്പോസ്റ്റെല്ലോ - ἀποστέλλω*) കാണുക.

▣ **"എനിക്കുമുമ്പെ ക്രിസ്തുവിൽ വിശ്വസിച്ചവരും"** പൗലൊസിന്റെ ദമസ്കോസ് റോഡിലെ അനുഭവത്തിനും മുമ്പെ രക്ഷിക്കപ്പെട്ട് ശുശ്രൂഷയിൽ ആയവരാണ് അവർ എന്നാണിതു സൂചിപ്പിക്കുന്നത്.

**16:8–16** ഈ ഭാഗത്തെ പേരുകൾ പണ്ഡിതർക്ക് അജ്ഞാതമാണ്. അവർ ദൈവത്തിനും പൗലൊസിനും പ്രിയപ്പെട്ടവരായിരുന്നു എങ്കിലും അവരുടെ പേരുകളും സേവനങ്ങളും പുതിയ നിയമത്തിലോ ആദിമ ക്രിസ്തീയ സാഹിത്യത്തിലോ രേഖപ്പെടുത്തിയിട്ടില്ല. ശ്രദ്ധേയമായ കാര്യം അവയിൽ (1) സാധാരണ അടിമകളുടെ പേരുകളും (2) റോമൻ മാന്യനാമങ്ങളും (3) യെഹൂദ കുടുംബ പേരുകളും ഉൾപ്പെട്ടിരിക്കുന്നു എന്നതാണ്. പുരുഷന്മാരും സ്ത്രീകളും ഉണ്ട്. സമ്പന്നരായ സ്വതന്ത്ര മനുഷ്യരും സഞ്ചാര സുവിശേഷകരും ഉണ്ട്. പേർഷ്യയിൽ നിന്നുള്ള വിദേശികൾ ഉണ്ട്. യേശുക്രിസ്തുവിന്റെ സഭയിൽ എല്ലാ മതിലുകളും ഇടിഞ്ഞിരിക്കുന്നു (ഒ.നോ. 3:22; 10:12; യോവേ. 2:28–32 [പ്രവൃ. 2:14–21]; 1 കൊരി. 12:11; ഗലാ. 3:28; കൊലൊ. 3:11).

**16:8 "കർത്താവിൽ എനിക്കു പ്രിയനായ"** പ്രിയൻ എന്ന പദം മത്താ. 3:17 ലും 17:5 ലും പിതാവാം ദൈവം പുത്രനായ യേശുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതാണ്. അത് യെശയ്യാവിന്റെ ദാസഗീതത്തിൽ നിന്നുള്ള ഒരു നാമമാണ് (ഒ.നോ. മത്താ. 12:18; യെശ. 42:1 ന്റെ ഉദ്ധരണി). എങ്കിലും വിശ്വാസികളെ അഭിസംബോധന ചെയ്യാനാണ് പൗലൊസ് ഇത് ഉപയോഗിക്കുന്നത് (ഒ.നോ. 1:7; 16:8,9; 1 കൊരി. 4:14,17; 15:58; എഫെ. 6:21; ഫിലി. 2:12; കൊലൊ. 4:7,9,14; 1 തിമൊ. 6:2; ഫിലേ. 16).

▣ **"അംപ്ലിയാത്തൊസ്"** പ്രിസ്കായും യൂനിയായും പോലെ ഇതും ഒരു സുപ്രസിദ്ധ റോമൻ കുടുംബ പേരാണ്.

**16:9 "ക്രിസ്തുവിൽ"** "കർത്താവിൽ" എന്നതുപോലെ ഇതും ഈ അധ്യായത്തിൽ ആവർത്തിക്കുന്ന പ്രയോഗമാണ്. ഈ ക്രിസ്തീയ പ്രവർത്തകർ ഒരു കുടുംബത്തിന്റെ, ഒരു രക്ഷകന്റെ ഭാഗമാണ്.

▣ **"ഉർബ്ബാനൊസ്"** "പട്ടണവാസി" അഥവാ "പട്ടണത്തിൽ ജനിച്ചവൻ" എന്നർത്ഥം.

▣ **"സ്താക്കു"** "കതിർ" (ധാന്യത്തിന്റെ) എന്നർത്ഥം വരുന്ന വിരളമായ ഒരു നാമമാണ്. ഈ നാമം കൈസറിന്റെ കുടുംബത്തോടു ബന്ധപ്പെട്ടതാണെന്ന് പുരാവസ്തു ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

**16:10 "ക്രിസ്തുവിൽ സമ്മതനായ"** പരീക്ഷകളിലൂടെ കടന്നുപോയിട്ടും വിശ്വസ്തനായി നിന്ന ഒരുവനെ ഭംഗ്യന്തരേണ സൂചിപ്പിക്കുകയാണിവിടെ. 2:18 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"അരിസ്തൊബൂലൊസ്"** ഇത് ഹെരോദ് അഗ്രിപ്പാ ഒന്നാമന്റെ (പ്രവൃ. 12 ൽ യാക്കോബിനെ വധിച്ച ഹെരോദാവ്) സഹോദരനാണെന്ന് ചില പണ്ഡിതന്മാർ (ലൈറ്റ്ഫുട്ട്) അഭിപ്രായപ്പെടുന്നു. അങ്ങനെയെങ്കിൽ ഇതു സൂചിപ്പിക്കുന്നത് സുവിശേഷം എദോമ്യ രാജകുടുംബത്തിലും പ്രവേശിച്ചു എന്നാണ്.

▣ **"ഭവനക്കാർക്ക്"** ഇത് അരിസ്റ്റോബുലൊസിന്റെ കുടുംബക്കാരെയല്ല അവരുടെ അടിമകളെയാണു സൂചിപ്പിക്കുന്നതെന്ന് ചില പണ്ഡിതന്മാർ ചിന്തിക്കുന്നു. ഇതു തന്നെയാണ് വാ. 11 ലെ "നർക്കിസ്സൊസിന്റെ ഭവനക്കാരിൽ" എന്നതിന്റെയും അർത്ഥം.

**16:11 "ഹെരോദിയോൻ"** ഹെരോദാവിന്റെ കുടുംബത്തിന്റെ ഒരു അടിമയായിരിക്കാം ഇത്.

▣ **"നർക്കിസ്സൊസിന്റെ ഭവനക്കാരിൽ"** ക്ലോഡിയസ് ചക്രവർത്തിയുടെ പ്രസിദ്ധനായ ഒരു സേവകനായിരിക്കാം ഇയാൾ. അങ്ങനെയെങ്കിൽ ഇതു സൂചിപ്പിക്കുന്നത് സുവിശേഷം റോമൻ രാജസദസ്സിലും പ്രവേശിച്ചു എന്നാണ്.

**16:12 "ത്രുഫൈന"** ഈ പേരിനർത്ഥം "മനോഹരമായ" എന്നാണ്.

■ **"ത്രുഫോസ"** ഈ പേരിനർത്ഥം "മൃദുലമായ" എന്നാണ്. അവർ സഹോദരിമാരായിരിക്കാം, മിക്കവാറും ഇരട്ടകൾ.

■ **"വളരെ അദ്ധ്വാനിച്ചവളായ"** "തളർന്നുവീഴുംവരെ" അധ്വാനിച്ച എന്ന സൂചനയാണിതിനുള്ളത്.

■ **"പെർസിസ"** ഈ പേരിനർത്ഥം "പേർഷ്യൻ വനിത" എന്നാണ്.

**16:13**
**NASB** **"കർത്താവിൽ തിരഞ്ഞെടുക്കപ്പെട്ട മനുഷ്യനായ"**
**NKJV, NRSV** **"കർത്താവിൽ തിരഞ്ഞെടുക്കപ്പെട്ട"**
**TEV** **"കർത്താവിന്റെ ശുശ്രൂഷയിൽ പ്രസിദ്ധ പ്രവർത്തകനായ"**
**NJB** **"കർത്താവിൽ തിരഞ്ഞെടുക്കപ്പെട്ട ദാസനായ"**

ഈ വാക്കിനർത്ഥം "തിരഞ്ഞെടുക്കപ്പെട്ടവൻ" എന്നാണ്. ഇവിടെ ഈ പദം ദൈവത്തിന്റെ വിളിയോടു മാത്രമല്ല, അവന്റെ ജീവിതശൈലിയോടും ബന്ധപ്പെട്ടിരിക്കുന്നു. അവന്റെ അമ്മ പൗലൊസിനെ വളരെ സ്നേഹത്തോടെ ശുശ്രൂഷിച്ചു.

■ **"രൂഫൊസ്"** ഈ പേരിനർത്ഥം "ചുവന്ന" അഥവാ "ചുവന്ന ശിരസ്സുള്ള" എന്നാണ്. റോമിൽ സുപ്രസിദ്ധനായ ഒരു രൂഫൊസ് ഉണ്ടായിരുന്നിരിക്കണം (ഒ.നോ. മർക്കൊ. 15:21). ഈ മനുഷ്യൻ തന്നെയാണോ അവൻ എന്നു നിശ്ചയമില്ല, എങ്കിലും സാധ്യതയുണ്ട്.

**16:14 "ഹെർമ്മാസ്"** സൗഭാഗ്യ ദേവന്റെ പേരാണിത്. ഒന്നാം നൂറ്റാണ്ടിലെ ഗ്രീക്ക്-റോമൻ ലോകത്തിലെ അടിമകൾക്കുള്ള സർവ്വസാധാരണമായ പേരായിരുന്നു ഇത്.

**16:15 "സകല വിശുദ്ധന്മാർക്കും"** 1:7 ലെ പ്രത്യേക പഠനവിഷയം: വിശുദ്ധന്മാർ കാണുക.

**16:16 "വിശുദ്ധചുംബനം"** ആര്, ആരെ, എപ്പോൾ, എവിടെവെച്ച് ചുംബിച്ചു എന്നതിന് ആദിമ കാല തെളിവുകൾ ഇല്ല. സിനഗോഗിൽ ഉപയോഗിച്ചിരുന്ന അഭിവാദന രീതി സഭയിലും തുടർന്നുവന്നു - പുരുഷന്മാർ പുരുഷന്മാരെയും സ്ത്രീകൾ സ്ത്രീകളെയും കവിളിൽ ചുംബിക്കുന്നതായിരുന്നു രീതി (ഒ.നോ. 1 കൊരി. 16:20; 2 കൊരി. 13:12; 1 തെസ്സ. 5:26; 1 പത്രൊ. 5:14). ഈ അഭിവാദന രീതി സഭയിൽ ഒരു പ്രശ്നമായിത്തീർന്നു, കാരണം അവിശ്വാസികൾ ഇതിനെ തെറ്റിദ്ധരിക്കുകയും ചില സഭകളിൽ ഇതു നിർത്തുകയും ചെയ്തു. എങ്കിലും രണ്ടാം നൂറ്റാണ്ടിലും ഇതു നിലനിന്നതായി ജസ്റ്റിൻ മാർട്ടിയർ പരാമർശിച്ചിട്ടുണ്ട്.

## റോമർ 16:17-20

**[17]സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന്നു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. [18]അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറിനെ അത്രേ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു. [19]നിങ്ങളുടെ അനുസരണം പരക്കെ എല്ലാവർക്കും പ്രസിദ്ധമായിരിക്കുന്നു; അതുകൊണ്ടു ഞാൻ നിങ്ങൾ നിമിത്തം സന്തോഷിക്കുന്നു; എങ്കിലും നിങ്ങൾ നന്മെക്കു ജ്ഞാനികളും തിന്മെക്കു അജ്ഞന്മാരും ആകേണം എന്നു ഞാൻ ഇച്ഛിക്കുന്നു. [20]സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാല്ക്കീഴെ ചതെച്ചു കളയും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.**

**16:17** ഈ മുന്നറിയിപ്പ് പശ്ചാത്തലത്തിലേക്ക് ഇടയ്ക്കു കയറുന്നതായി കാണുന്നു. എങ്കിലും പൗലൊസ് ഇത് ഭക്തരായ സഞ്ചാര സുവിശേഷകരോട് താരതമ്യപ്പെടുത്തി രേഖപ്പെടുത്തി എഴുതിയിരിക്കുന്നു. ഈ ദുരുപദേശകരരുടെ പ്രവൃത്തികളുടെ ഒരു പട്ടിക വാ. 17-18 ൽ കൊടുത്തിരിക്കുന്നു.

1. അവർ ഭിന്നതയുണ്ടാക്കുന്നു
2. അവർ വിശ്വാസികളുടെ മുമ്പില്ട ഇടർച്ച വെയ്ക്കുന്നു
3. സഭയുടെ ഉപദേശത്തിനു വിരുദ്ധമായവ പഠിപ്പിക്കുന്നു
4. അവർ സ്വന്തം വയറിനെ സേവിക്കുന്നു
5. ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയുന്നു

ഈ പട്ടിക 14:1-15:13 ലെ ബലഹീനരും ശക്തരുമായ വിശ്വാസികളുമായി ബന്ധപ്പെട്ടതല്ല.

■ **"അവരോടു അകന്നു മാറുവിൻ"** ഇതൊരു വർത്തമാനകാല കർത്തരി വിധിരൂപമാണ്. ഇത് ആവർത്തിക്കുന്ന വിഷയമാണ് (ഒ.നോ. ഗലാ. 1:8-9; 2 തെസ്സ. 3:6,14; 2 യോഹ. 10).

**16:18**

| | |
|---|---|
| **NASB, NRSV, TEV** | **"തങ്ങളുടെ സ്വന്തം വിശപ്പിനെ"** |
| **NKJV** | **"തങ്ങളുടെ സ്വന്തം വയറിനെ"** |
| **NJB** | **"തങ്ങളുടെ സ്വന്തം അത്യാഗ്രഹത്തെ"** |

അക്ഷരീകമായി ഇത് "വയറുകൾ" എന്നാണ് (ഒ.നോ. ഫിലി. 3:19; തീത്തൊ. 1:12). ദുരുപദേഷ്ടാക്കൾ സകലത്തെയും തങ്ങളുടെ വയറിന്റെ പ്രശ്നവുമായി കൂട്ടിമുട്ടിക്കുന്നു.

▣ **"ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു"** ദുരുപദേഷ്ടാക്കൾ മിക്കപ്പോഴും ശാരീരിക സൗന്ദര്യവും ആകർഷകമായ വ്യക്തിത്വമുള്ളവരും ആയിരിക്കും (ഒ.നോ. കൊലൊ. 2:4). അവർ തങ്ങളുടെ അവതരണത്തിൽ യുക്തിഭദ്രമായിരിക്കും. സൂക്ഷിക്കുക! ദുരുപദേഷ്ടാക്കളെ പരീക്ഷിച്ചറിയുന്നതിനുള്ള ചില മാർഗ്ഗങ്ങൾ തിരുവെഴുത്തിൽ നൽകിയിട്ടുണ്ട് (ആവ. 13:1-5; 18:22; മത്താ. 7; ഫിലി. 3:2-3,18-19; 1 യോഹ. 4:1-3).

▣ **''സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും''** തുടർമാനമായ വഞ്ചനയെ സൂചിപ്പിക്കുന്ന വർത്തമാനകാല കർത്തരി സൂചകമാണിത്. സാധുക്കളായ പുതിയ വിശ്വാസികളാണ് പലപ്പോഴും ഇവരുടെ ഇരയായിത്തീരുന്നത് ("ദുഷ്ടതയിൽ പരിചയമില്ലാത്തവർ").

**16:19 "നിങ്ങളുടെ അനുസരണം പരക്കെ എല്ലാവർക്കും പ്രസിദ്ധമായിരിക്കുന്നു"** ഇത് 1:8 നെ സൂചിപ്പിക്കുന്നു. ഇതു പൗലൊസിന്റെ അത്യുക്തിയുടെ ഒരു ഉദാഹരണമാണ്.

▣ **"നന്മെക്കു ജ്ഞാനികളും തിന്മെക്കു അജ്ഞന്മാരും ആകേണം"** ഇതു യേശുവിന്റെ ഉപദേശത്തെ പ്രതിഫലിപ്പിക്കുന്നു (ഒ.നോ. മത്താ. 10:16; ലൂക്കൊ. 10:3).

**16:20 "സമാധാനത്തിന്റെ ദൈവമോ"** ഇതു ദൈവത്തിന്റെ അതിശയകരമായ ഒരു നാമമാണ് (ഒ.നോ. 15:33; 2 കൊരി. 13:16; ഫിലി. 4:9; 1 തെസ്സ. 5:23; എബ്രാ. 13:20).

▣ **"വേഗത്തിൽ സാത്താനെ നിങ്ങളുടെ കാല്ക്കീഴെ ചതെച്ചുകളയും"** ഇത് ഉല്പ. 3:15 ന്റെ സൂചനയാണ്. മശിഹായുമായുള്ള വിശ്വാസികളുടെ ബന്ധം അവർക്കു വിജയം നൽകുന്നു (ഒ.നോ. 1 യോഹ. 5:18-20). ഇത് മഹത്തായ ഒരു വാഗ്ദത്തവും ഉത്തരവാദിത്വവുമാണ്. ഈ പശ്ചാത്തലത്തിൽ സാത്താൻ പ്രതിനിധീകരിക്കുന്നത് സഭ അതിന്റെ മഹാനിയോഗം സാക്ഷാത്കരിക്കുന്നതിനു തടസ്സമായി ഭിന്നതയും കലഹവും വിതച്ചുകൊണ്ട് എഴുന്നേല്ക്കുന്ന ദുരുപദേഷ്ടാക്കളെയാണ്. ദുരുപദേഷ്ടാക്കളുടെ പിന്നിൽ പൈശാചിക ശക്തിയാണുള്ളത്. എങ്കിലും സുവിശേഷം അതിനെ ആശ്ലേഷിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവർക്ക് അന്ധകാരത്തെയും ദുഷ്ടതയെയും പുറത്താക്കും. ഈ വിഷയത്തെ സംബന്ധിച്ചുള്ള മികച്ച ഗ്രന്ഥത്തിന് ക്ലിന്റൻ ഈ. അർനോൾഡിന്റെ *ത്രീ ക്രൂഷ്യൽ ക്വസ്റ്റ്യൻസ് എബൗട്ട് സ്പിരിചൽ വാർഫെയർ* കാണുക.

# പ്രത്യേക പഠനവിഷയം: ആളത്വമുള്ള ദുഷ്ടത

പല കാരണങ്ങളാൽ വളരെ പ്രയാസകരമായ ഒരു വിഷയമാണിത്.

1. നന്മയുടെ ഒരു മുഖ്യശത്രുവിനെ പഴയനിയമം വെളിപ്പെടുത്തുന്നില്ല, എന്നാൽ മനുഷ്യന് തെറ്റായ വഴി കാണിച്ചു കൊടുക്കുകയും മനുഷ്യനിൽ അനീതി ആരോപിക്കുകയും ചെയ്യുന്ന യഹോവയുടെ ഒരു ദാസനെക്കുറിച്ചു പറയുന്നുണ്ട് (A. B. Davidson, *Old Testament Theology*, p. 300-306).
2. ദൈവത്തിന്റെ ആളത്തമുള്ള മുഖ്യശത്രു എന്ന ആശയം, പേർഷ്യൻ മതത്തിന്റെ (സൊരാഷ്ട്രിയനിസം) സ്വാധീനത്തിൽ വേദപുസ്തക ഇടക്കാല സാഹിത്യത്തിലാണ് (അകാനോനിക) വികാസം പ്രാപിച്ചത്. തുടർന്ന് അത് റബ്ബി യെഹൂദ മതത്തെ വളരെയധികം സ്വാധീനിച്ചു.
3. പഴയനിയമ ആശയത്തെ പുതിയ നിയമം അതിശയകരമാം വിധം സമഗ്രമായ, എന്നാൽ ശ്രദ്ധപൂർവ്വം തിരഞ്ഞെടുക്കപ്പെട്ട വിധത്തിൽ വികസിപ്പിക്കുന്നു.

വേദപുസ്തക ദൈവശാസ്ത്രത്തിന്റെ (ഓരോ പുസ്തകത്തെ അല്ലെങ്കിൽ എഴുത്തുകാരനെ അല്ലെങ്കിൽ സാഹിത്യ രൂപത്തെ വെവ്വേറെ പഠിക്കുന്നത്) കാഴ്ചപ്പാടിൽ ദുഷ്ടതയെക്കുറിച്ചുള്ള പഠനത്തെ ഒരുവൻ സമീപിച്ചാൽ, ദുഷ്ടതയെക്കുറിച്ചു വളരെ വ്യത്യസ്തമായ വീക്ഷണങ്ങളായിരിക്കും ലഭിക്കുക.

എന്നാൽ ലോകമതങ്ങളുടെയോ പൗരസ്ത്യ മതങ്ങളുടെയോ വേദപുസ്തകേതര അല്ലെങ്കിൽ വേദപുസ്തകാതീത വീക്ഷണത്തിൽ ദുഷ്ടതയെക്കുറിച്ചുള്ള പഠനത്തെ ഒരുവൻ സമീപിച്ചാൽ, പുതിയ നിയമവീക്ഷണത്തിന്റെ നിഴൽ പേർഷ്യൻ ദ്വൈതവാദത്തിലും ഗ്രീക്ക്-റോമൻ ആത്മവാദത്തിലും കാണുവാൻ കഴിഞ്ഞേക്കും.

വേദപുസ്തകത്തിന്റെ ദൈവികാധികാരികതയിൽ വിശ്വസിച്ചുകൊണ്ട് ആ ധാരണയിൽ പഠിച്ചാൽ, പുതിയനിയമ വികാസത്തെ പുരോഗമന വെളിപ്പാടായി കാണാൻ കഴിയും. ഈ ആശയത്തെ വ്യക്തമാക്കുവാൻ യെഹൂദ നാടോടിക്കഥകളെയോ ഇംഗ്ലീഷ് സാഹിത്യത്തെയോ (അതാ. ഡാന്റേ, മിൽട്ടൺ) അനുവദിക്കുന്നതിൽ നിന്നും വിശ്വാസികൾ സ്വയം സൂക്ഷിക്കേണ്ടതാണ്. വെളിപ്പാടിന്റെ ഈ മേഖലയിൽ ചില മർമ്മങ്ങളും ദുർഗ്രഹതകളുമുണ്ട്. ദുഷ്ടത, അതിന്റെ ഉത്ഭവം, അതിന്റെ ഉദ്ദേശ്യം എന്നിവ സംബന്ധിച്ച എല്ലാ കാര്യങ്ങളും

വെളിപ്പെടുത്തുവാൻ ദൈവം ഉദ്ദേശിച്ചിട്ടില്ല, എങ്കിലും അതിന്റെ പരാജയം ദൈവം വെളിപ്പെടുത്തി!

പഴയനിയമത്തിൽ സാത്താൻ (BDB 966) അഥവാ കുറ്റാരോപകൻ എന്ന പദം മൂന്നു വ്യത്യസ്ത കൂട്ടരോടു ബന്ധപ്പെട്ടിരിക്കുന്നതായി കാണാം.

1. മാനുഷിക കുറ്റാരോപകൻ (1 ശമൂ. 29:4; 2 ശമൂ. 19:22; 1 രാജാ. 11:14,23,25; സങ്കീ. 109:6)
2. ദൂത കുറ്റാരോപകൻ (സംഖ്യ. 22:22–23; സെഖ. 3:1)
3. പൈശാചിക കുറ്റാരോപകൻ (1 ദിന. 21:1; 1 രാജാ. 22:21; സെഖ. 13:2)

ഇടക്കാല ഘട്ടത്തിന്റെ അവസാന ഘട്ടത്തിൽ മാത്രമാണ് ഉല്പ. 3 ലെ പാമ്പിനെ സാത്താനായി ചിത്രീകരിച്ചു തുടങ്ങിയത് (ഒ.നോ. ജ്ഞാനി. 2:23–24; 2 ഹാനോക്ക് 31:3), അതിനും വളരെക്കാലത്തിനുശേഷമാണ് റബ്ബിമാർ ഇതു സ്വീകരിച്ചത് (ഒ.നോ. *സോട്ട്* 9b; *സൻഹെദ്രിൻ* 29a). 1 ഹാനോക്ക് 54:6 ൽ ഉല്പ. 6 ലെ "ദൈവത്തിന്റെ പുത്രമാർ" ദുഷ്ടദൂതന്മാരായി മാറി. റബ്ബി ദൈവശാസ്ത്രത്തിൽ ദുഷ്ടതയുടെ ആരംഭം അവരാണ്. ഞാനിതു പറയുന്നത് ആ ആശയത്തിന്റെ ദൈവശാസ്ത്ര കൃത്യതയെ ഉറപ്പിക്കുന്നതിനല്ല, മറിച്ച് അതിന്റെ വളർച്ച കാണിക്കാനാണ്. പുതിയ നിയമത്തിൽ ഈ പ്രവൃത്തികളെല്ലാം ആളത്തമുള്ള ദുഷ്ടദൂതനിൽ ആരോപിക്കുന്നു (അതാ. സാത്താൻ, 2 കൊരി. 11:3; വെളി. 12:9).

പഴയനിമത്തിൽ നിന്നും ദുഷ്ടതയുടെ ഉല്പത്തി നിർണ്ണയിക്കുക പ്രയാസമോ അസാദ്ധ്യമോ ആണ് (നിങ്ങളുടെ വീക്ഷണത്തെ അടിസ്ഥാനമാക്കി). ഇതിന്റെ കാരണങ്ങളിലൊന്ന് യിസ്രായേലിന്റെ ശക്തമായ ഏകദൈവ വിശ്വാസമാണ് (ഒ.നോ. 1 രാജാ. 22:20–22; സഭാ. 7:14; യെശ. 45:7; ആമോ. 3:6). എല്ലാ ദുരന്തങ്ങളും യഹോവയാൽ സംഭവിക്കുന്നതും അതവന്റെ അതുല്യതയെയും പരമാധികാരത്തെയും വെളിപ്പെടുത്തുന്നതുമായിരുന്നു (ഒ.നോ. യെശ. 43:11; 44:6,8,24; 45:5–6,14,18,21,22).

വിവരങ്ങൾ ലഭിക്കൽ സാധ്യതയുള്ള ഉറവിടങ്ങൾ: (1) ഇയ്യോബ് 1–2, അവിടെ സാത്താൻ "ദൈവ പുത്രന്മാരിൽ" ഒരുവനാണ് (അതായത് ദൂതന്മാർ); (2) യെശയ്യാവ് 14; യെഹെസ്ക്കേൽ 28, അവിടെ സാത്താന്റെ ഗർവ്വത്തെ ചിത്രീകരിക്കുവാൻ ഗർവ്വികളായ പൗരസ്ത്യ രാജാക്കന്മാരെ (ബാബേൽ, സോർ) ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. 1 തിമൊ. 3:6). ഈ സമീപനത്തെക്കുറിച്ച് എനിക്കു സമ്മിശ്രവികാരങ്ങളാണുള്ളത്. ഏദെൻതോട്ട സാദൃശ്യം, സോർരാജാവിനു സാത്താനെന്ന നിലയിൽ മാത്രമല്ല യെഹെസ്കേൽ ഉപയോഗിച്ചിരിക്കുന്നത് (ഒ.നോ. യെഹെ. 28:12–16). നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം എന്ന നിലയിൽ മിസ്രയീം രാജാവിനും ഉപയോഗിച്ചിട്ടുണ്ട് (യെഹെ. 31). എന്നിരുന്നാലും യെശയ്യാവ് 14, വിശേഷാൽ വാ. 12–14, അഹങ്കാരം നിമിത്തമുള്ള ഒരു ദൂതന്റെ മറുതലിപ്പിനെക്കുറിച്ചു വിവരിക്കുന്നതായി തോന്നുന്നു. സാത്താന്റെ പ്രത്യേക സ്വഭാവവും ഉല്പത്തിയും സംബന്ധിച്ച് നമുക്കു വെളിപ്പെടുത്തിത്തരുവാൻ ദൈവം ആഗ്രഹിച്ചിരുന്നുവെങ്കിൽ ഇത് അതിനു പറ്റിയ പരോക്ഷമായ രീതിയും സ്ഥലവുമാണ്. വിവിധ നിയമങ്ങളിലെയും എഴുത്തുകാരുടെയും പുസ്തകങ്ങളുടെയും സാഹിത്യരൂപത്തിന്റെയും ചെറിയതും ദുർഗ്രഹവുമായ ഭാഗങ്ങളെ എടുത്ത് ദൈവിക പദപ്രശ്നത്തിന്റെ കഷണങ്ങൾ എന്ന നിലയിൽ കൂട്ടിച്ചേർക്കുന്ന വ്യവസ്ഥിത ദൈവശാസ്ത്രത്തിന്റെ പ്രവണതയ്ക്കെതിരെ നാം ജാഗ്രത പുലർത്തേണ്ടതാണ്.

ആൽഫ്രഡ് ഏദർഷെയിൻ (*The Life and Times of Jesus the Messiah,* Vol.2, appendices XIII [pp. 748 -763] and XVI [PP 770-776]) പറയുന്നത്, റബ്ബി യെഹൂദമതം പേർഷ്യൻ ദ്വൈതവാദത്താലും പൈശാചിക ഊഹാപോഹങ്ങളാലും അമിതമായി സ്വാധീനിക്കപ്പെട്ടുവെന്നാണ്. ഈ വിഷയത്തിൽ സത്യത്തിന്റെ ശരിയായ ഉറവിടങ്ങളല്ല റബ്ബിമാർ. യേശു സിനഗോഗിലെ പഠിപ്പിക്കൽ രീതിയിൽ നിന്നു മാറി സഞ്ചരിച്ചു. സീനായി പർവ്വതത്തിൽ വെച്ച് മോശെക്കു ന്യായപ്രമാണം നൽകുന്നതിനുള്ള ദൂതമാധ്യസ്ഥവും എതിർപ്പും സംബന്ധിച്ച റബ്ബിമാരുടെ ആശയവും യഹോവയുടെയും സകല മനുഷ്യരുടെയും മുഖ്യ ദൂത-ശത്രു എന്ന ആശയത്തിനു വിത്തുപാകി എന്നു ഞാൻ ചിന്തിക്കുന്നു. പേർഷ്യൻ ദ്വൈതവാദത്തിൽ രണ്ട് പ്രധാന ദേവന്മാരുണ്ട്, അഹ്റിമാനും ഓർമസയും – നല്ല ദേവനും ദുഷ്ട ദേവനും. ഈ ദ്വൈതവാദം യെഹൂദമതത്തിലെ യഹോവയും സാത്താനും എന്ന പരിമിത ദ്വൈതവാദമായി വികാസം പ്രാപിച്ചു.

ദുഷ്ടതയുടെ വികാസം സംബന്ധിച്ച് പുതിയ നിയമത്തിൽ പുരോഗമന വെളിപ്പാടുണ്ടെന്നതു ശരിയാണെങ്കിലും, റബ്ബിമാർ പ്രഖ്യാപിക്കുന്നത്രയും വിശാലമായിട്ടല്ല അതുള്ളത്. ഈ വ്യത്യാസത്തിന്റെ ഒരു മികച്ച ഉദാഹരണം "സ്വർഗ്ഗത്തിലെ യുദ്ധം" ആണ്. സാത്താന്റെ വീഴ്ച യുക്തിപരമായ ഒരാവശ്യമാണ്. എന്നാൽ വിശദാംശങ്ങൾ നൽകിയിട്ടില്ല. നല്കപ്പെട്ടിരിക്കുന്നതുപോലും വെളിപ്പാട് സാഹിത്യത്തിൽ മറയ്ക്കപ്പെട്ട നിലയിലാണു നല്കിയിരിക്കുന്നതും (ഒ.നോ. വെളി. 12:4,7,12–13). സാത്താൻ തോല്പിക്കപ്പെട്ട് ഭൂമിയിലേക്ക് നാടുകടത്തപ്പെട്ടെങ്കിലും അവനിപ്പോഴും യഹോവയുടെ ഒരു സേവകനായി പ്രവർത്തിക്കുന്നു (ഒ.നോ. മത്തായി 4:1; ലൂക്കൊസ് 22:31–32; 1 കൊരി. 5:5; 1 തിമൊ. 1:20).

ഈ വിഷയം സംബന്ധിച്ചുള്ള നമ്മുടെ ജിജ്ഞാസ നാം അടക്കിയേ മതിയാകൂ. പരീക്ഷയുടെയും ദുഷ്ടതയുടെയും ഒരു ആളത്വശക്തിയുണ്ട്. എങ്കിലും ഒരു ദൈവം മാത്രമേയുള്ളൂ, മനുഷ്യൻ അവന്റെ/അവളുടെ തെരഞ്ഞെടുപ്പുകൾക്ക് പൂർണ്ണ ഉത്തരവാദിയുമാണ്. രക്ഷയ്ക്ക് മുമ്പും പിമ്പും ആത്മീയ പോരാട്ടമുണ്ട്. ത്രിയേക ദൈവത്തിലും ദൈവത്തിലൂടെയും മാത്രമാണ് വിജയം ലഭിക്കുന്നതും നിലനിൽക്കുന്നതും. ദുഷ്ടത പരാജയപ്പെട്ടിരിക്കുന്നു, അതിനി നീക്കം ചെയ്യപ്പെടും!

■ **"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ"** ഇതു പൗലൊസിന്റെ ഒരു സാധാരമ ഉപസംഹാരമാണ് (ഒ.നോ. 1 കൊരി. 16:23; 2 കൊരി. 13:14; ഗലാ. 6:18; ഫിലി. 4:23; കൊലൊ. 4:18; 1 തെസ്സ. 5:28; 2 തെസ്സ. 3:18; വെളി. 22:21). അത് അവന്റെ സ്വന്ത കയ്യാൽ എഴുതിയിരിക്കാനാണ് സാധ്യത. തന്റെ എഴുത്തുകളെ വേർതിരിച്ചറിയുന്നതിനുള്ള മാർഗ്ഗമായിരുന്നു അത് (ഒ.നോ. 2 തെസ്സ. 3:17; 1 കൊരി. 16:21; കൊലൊ. 4:18).

**റോമർ 16:21**

**[21]എന്റെ കൂട്ടുവേലക്കാരനായ തിമൊഥെയൊസും എന്റെ ചാർച്ചക്കാരായ ലൂക്യൊസും യാസോനും സോസിപത്രൊസും നിങ്ങളെ വന്ദനം ചെയ്യുന്നു.**

**16:21-23** ഈ വാക്യങ്ങൾ ഒരു പിൻകുറിപ്പ് ആയിരിക്കാനാണു സാധ്യത. കൊരിന്തിലുള്ള പൗലൊസിന്റെ സഹ പ്രവർത്തകർ വന്ദനം അറിയിക്കുന്നു.

**16:21 "ലൂക്യൊസ്"** ഇത്

1. വൈദ്യനായ ലൂക്കൊസ് (ഒ.നോ. കൊലൊ. 4:14) അല്ലെങ്കിൽ "വിദ്യാസമ്പന്നനായ" എന്ന പ്രയോഗം
2. കുറേനക്കാരനായ ലൂക്കൊസ് (ഒ.നോ. പ്രവൃ. 13:1)
3. ഒരു അജ്ഞാത ക്രിസ്ത്യാനി

ആയിരിക്കാം.

■ **"യാസോൻ"** പൗലൊസ് തെസ്സലൊനീക്യയിൽവെച്ച് ഇവന്റെ ഭവനത്തിലായിരിക്കാം പാർത്തത് (ഒ.നോ. പ്രവൃ. 17:5-9).

■ **"സോസിപത്രൊസ്"** പ്രവൃ. 20:4 ൽ കാണുന്ന ബെരോവയിലെ സോപത്രൊസ് ആയിരിക്കാം.

**റോമർ 16:22**

**[22]ഈ ലേഖനം എഴുതിയ തെർതൊസ് എന്ന ഞാൻ നിങ്ങളെ കർത്താവിൽ വന്ദനം ചെയ്യുന്നു.**

**16:22 "ഈ ലേഖനം എഴുതിയ തെർതൊസ്"** തന്റെ ലേഖനങ്ങൾ എഴുതുവാൻ പൗലൊസ് എഴുത്തുകാരെ (*അമാന്യുഎൻസിസ് - αμανυενσις*) വെച്ചിരുന്നു (ഒ.നോ. 1 കൊരി. 16:23; ഗലാ. 6:11; കൊലൊ. 4:18; 2 തെസ്സ. 3:17). പൗലൊസിന് കാഴ്ചക്കുറവുണ്ടായിരുന്നതിനാൽ ചെറിയ അക്ഷരങ്ങൾ എഴുതുവാൻ കഴിവില്ലായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഒരു പാപ്പിറസ് ഷീറ്റിൽ അല്ലെങ്കിൽ തോൽ ചുരുളിൽ ലേഖനം ഒതുക്കുന്നതിനായി ചെറിയ അക്ഷരങ്ങൾ അടുപ്പിച്ചെഴുതണമായിരുന്നു (ഒ.നോ. ഗലാ. 6:18).

**റോമർ 16:23**

**[23]എനിക്കും സർവ്വസഭെക്കും അതിഥിസല്ക്കാരം ചെയ്യുന്ന ഗായൊസ് നിങ്ങളെ വന്ദനം ചെയ്യുന്നു. പട്ടണത്തിന്റെ ഭണ്ഡാരവിചാരകനായ എരസ്തൊസും സഹോദരനായ ക്വർത്തൊസും നിങ്ങളെ വന്ദനം ചെയ്യുന്നു.**

**16:23 "എനിക്കും സർവ്വസഭെക്കും അതിഥിസല്ക്കാരം ചെയ്യുന്ന"** സഭയിൽ അനിവാര്യമായിരുന്ന അതിഥിസല്ക്കാരമായിരുന്നു ഇത്. സാമ്പത്തികമുണ്ടായിരുന്ന ചില വിശ്വാസികൾ സഞ്ചാര സുവിശേഷകർക്ക് താമസവും ഭക്ഷണവും നൽകിയിരുന്നു. ചിലർ ഈ മനുഷ്യനെപ്പോലെ തങ്ങളുടെ ഭവനം കൂടിവരവുകൾക്കായി തുറന്നു കൊടുത്തു. നൂറു വർഷത്തോളം കുടുംബസഭകൾ ഈ രീതിയിലായിരുന്നു. 16:1 ലെ പ്രത്യേക പഠനവിഷയം: സഭ കാണുക.

■ **"ഗായൊസ് "** ഇത്

1. പ്രവൃ. 18:7 ലെ ഗായൊസ് തീത്തൊസ് യുസ്തൊസ്
2. ദർബ്ബെക്കാരനായ ഗായൊസ് (പ്രവൃ. 19:29; 20:2; 1 കൊരി. 1:14)
3. 3 യോഹ. വാ. 1 ലെ ഗായൊസ്

എന്നിവരിലൊരാളായിരിക്കാം.

■ **"പട്ടണത്തിന്റെ ഭണ്ഡാരവിചാരകനായ എരസ്തൊസും"** തന്നെക്കുറിച്ച് പ്രവൃ. 19:22; 2 തിമൊ. 4:20 ലും പറഞ്ഞിരിക്കുന്നു. അവന് പൗലൊസിനോടു ബന്ധപ്പെട്ട ഒരു സഞ്ചാര ശുശ്രൂഷയുണ്ടായിരുന്നു.

■ **"ക്വർത്തൊസ് "** ലത്തീനിൽ ഈ പേരിന്റെ അർത്ഥം "നാലാമത്തേത്" എന്നാണ്. അവൻ തെർത്തൊസിന്റെ

സഹോദരനായിരിക്കാം, അതിന് ലത്തീനിൽ "മൂന്നാമത്തേത്" എന്നാണർത്ഥം (ഒ.നോ. വാ. 22).

**16:24** ഇംഗ്ലീഷിൽ കാണുന്ന വാ. 24 **"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ"** എന്നതാണ്. ഈ വാക്യം പുരാതന കയ്യെഴുത്തു പ്രതികളായ P[46,61], ℵ, A, B, C, 0150 എന്നിവയിൽ ഇല്ല. ചില കയ്യെഴുത്തു പ്രതികളിൽ 16:23 നുശേഷവും ചിലതിൽ 16:27 നുശേഷവും ആണ് ഇതുള്ളത്. ഇത് പൗലൊസ് എഴുതിയതാകാൻ സാധ്യതയില്ല. NASB, NRSV, TEV, NJB എന്നിവയിൽ ഇതൊഴിവാക്കിയിരിക്കുന്നു. ഒഴിവാക്കലിന് UBS[4] "A"റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്നു.

ഇതുൾപ്പെടെ ഇംഗ്ലീഷ് ബൈബിളിൽ 27 വാക്യങ്ങളാണുള്ളത്. മലയാളത്തിൽ 26 വാക്യങ്ങളും.

**റോമർ 16:24–26**

**[24]പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ടു ഇപ്പോൾ വെളിപ്പെട്ടുവന്നതും നിത്യദൈവത്തിന്റെ നിയോഗപ്രകാരം സകലജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിന്നായി [25]പ്രവാചകന്മാരുടെ എഴുത്തുകളാൽ അറിയിച്ചിരിക്കുന്നതുമായ മർമ്മത്തിന്റെ വെളിപ്പാടിന്നു അനുസരണമായുള്ള എന്റെ സുവിശേഷത്തിന്നും യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിന്നും ഒത്തവണ്ണം നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിയുന്ന [26]ഏകജ്ഞാനിയായ ദൈവത്തിന്നു യേശുക്രിസ്തുമുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ. ആമേൻ.**

**16:24–26** ഗ്രീക്കിൽ ഇത് ഒരു വാചകമാണ്. ഈ ആശീർവാദം ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ അ. 14 ന്റെ അന്ത്യത്തിലും അ. 15 ന്റെ അന്ത്യത്തിലും കാണാം. പൗലൊസിന്റെ സ്വന്തം കയ്യാൽ എഴുതപ്പെട്ട ഗ്രന്ഥത്തിന്റെ പ്രധാന വിഷയങ്ങളുടെ ഒരു സംഗ്രഹമാണിത്.
ചിലർ വിശ്വസിക്കുന്നത് ഈ ദൈവസ്തുതി

1. എഫെസ്യർക്കുള്ള ചാക്രിക ലേഖനത്തിന്റെ കവറിംഗ് ലെറ്റർ
2. റോമിലേക്കു യാത്ര ചെയ്യുന്നവർക്ക്
   a. പൗലൊസ് ഒരിക്കലും റോം സന്ദർശിച്ചിട്ടില്ല, എങ്കിലും 26 പേരോട് താൻ ഹലോ പറയുന്നു
   b. ദുരുപദേശക്കാരെക്കുറിച്ചുള്ള ആദ്യസൂചനയാണ് അ. 16
   c. സ്തുതിയർപ്പണം ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ നിരവധി സ്ഥലങ്ങളിൽ കാണുന്നു

പൗലൊസ് രണ്ടു കോപ്പികൾ എഴുതിയിരക്കാൻ സാധ്യതയുണ്ട്, അ. 1–14 റോമിലേക്കും, അ. 1–16 എഫെസൊസിലേക്കും. സാധാരണയായി ഈ പ്രസ്താവനകൾക്കുള്ള ഉത്തരം

1. ഈ ആരംഭകാല ക്രിസ്തീയ പ്രവർത്തകരിൽ അധികവും യാത്ര ചെയ്തിരുന്നുവെന്ന വസ്തുത
2. ആരംഭകാല ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ ഒന്നിൽപോലും 16 അധ്യായത്തിൽ കുറവില്ലായിരുന്നു
3. ദുരുപദേശകരെ 14:1–15:13 ൽ സൂചിപ്പിച്ചിരിക്കുന്നു എന്ന വസ്തുത.

**16:25 "കഴിയുന്ന ദൈവത്തിന്നു"** പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന ദൈവത്തിന്റെ അത്ഭുതകരമായ പേരാണിത് (ഒ.നോ. എഫെ. 3:20; യൂദാ 24).
ദൈവം എങ്ങനെയാണ് വിശ്വാസികളെ ഉറപ്പിക്കുന്നതെന്ന് കാണുക.

1. പൗലൊസിന്റെ സുവിശേഷ അവതരണം
2. മറഞ്ഞിരുന്നതും ഇപ്പോൾ വെളിപ്പെട്ടുവന്നതുമായ ദൈവത്തിന്റെ നിത്യമായ രക്ഷാപദ്ധതി.

വിശ്വാസികൾ സുവിശേഷത്തിന്റെ അറിവിനാൽ ശക്തിപ്പെടുന്നു. ഈ സുവിശേഷം ഇപ്പോൾ സകലർക്കും ലഭ്യമായിരിക്കുന്നു.

▣ **"ഇപ്പോൾ വെളിപ്പെട്ടുവന്നതും"** ഈ മർമ്മം അഥവാ ദൈവത്തിന്റെ പദ്ധതി ഇപ്പോൾ സകല മനുഷ്യർക്കുമായി വെളിപ്പെട്ടിരിക്കുന്നു. അത് യേശുക്രിസ്തുവിന്റെ സുവിശേഷമാണ് (ഒ.നോ. എഫെ. 2:11–3:13).

▣ **"പ്രവാചകന്മാരുടെ എഴുത്തുകളാൽ"** ഈ മർമ്മം ദൈവം വെളിപ്പെടുത്തിയത് യേശുക്രിസ്തുവിന്റെ ആലത്വത്തിലും പ്രവൃത്തിയിലുമാണ്. ഇത് പഴയ നിയമ പ്രവാചകന്മാർ മുൻകൂട്ടി പ്രസ്താവിച്ചിരുന്നതാണ്. വിശ്വസിക്കുന്ന യെഹൂദന്മാരെയും ജാതികളെയും ഉൾപ്പെടുത്തി പുതിയ നിയമ സഭ സ്ഥാപിക്കുക എന്നത് എല്ലായ്പോഴും ദൈവത്തിന്റെ പദ്ധതിയായിരുന്നു (ഒ.നോ. ഉല്പ. 3:15; 12:3; പുറ. 19:5–6; യിരെ. 31:31–34).

▣ **"മർമ്മം"** മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി, വീഴ്ചയ്ക്കു മുമ്പേ രൂപപ്പെടുത്തിയ ഒരു പദ്ധതി ദൈവത്തിനുണ്ടായിരുന്നു (ഒ.നോ. ഉല്പ. 3). ഈ പദ്ധതിയെക്കുറിച്ചുള്ള സൂചന പഴയ നിയമം വെളിപ്പെടുത്തിയിട്ടുണ്ട് (ഒ.നോ. ഉല്പ. 3:15; 12:3; പുറ. 19:5–6; പ്രവാചക പുസ്തകങ്ങളിലെ സാർവ്വലൗകിക വാക്യങ്ങൾ). എന്നിരുന്നാലും പൂർണ്ണമായ പദ്ധതി വ്യക്തമായിരുന്നില്ല (ഒ.നോ. 1 കൊരി. 2:6–8). യേശുവിന്റെയും പരിശുദ്ധാത്മാവിന്റെയും വരവോടെ ഇത് അധികം വ്യക്തമായി തുടങ്ങി. പൗലൊസ് "മർമ്മം" എന്ന പദം ഉപയോഗിച്ചത് മുഴുവൻ മോചന പദ്ധതിയെയും വിശദീകരിക്കുന്നതിനാണ് (ഒ.നോ. 1 കൊരി. 4:1; എഫെ. 2:11–3:13; 6:19; കൊലൊ. 4:13; 1 തിമൊ. 1:9). എങ്കിലും അവൻ അതിനെ വിവിധ നിലകളിൽ ഉപയോഗിക്കുന്നുണ്ട്.

1. ജാതികളെ ഉൾപ്പെടുത്തുന്നതിനായി യിസ്രായേലിനു സംഭവിച്ച ഭാഗികമായ കഠിനപ്പെടൽ. ജാതികൾക്കു ലഭിച്ച ഈ അവസരം യേശുവിനെ ക്രിസ്തുവായി യെഹൂദൻ അംഗീകരിക്കുന്നതിനുള്ള അവസരമായി

(ഒ.നോ. റോമ. 11:25-32).

2. സുവിശേഷം ജാതികളിൽ പ്രസംഗിക്കുകയും അവരെ ക്രിസ്തുവിലൂടെയും ക്രിസ്തുവിലും ഉൾപ്പെടുത്തുകയും ചെയ്തു (ഒ.നോ. റോമ. 16:25-27; കൊലൊ. 2:2).
3. രണ്ടാം വരവിൽ വിശ്വാസികൾക്കു ലഭിക്കുന്ന പുതിയ ശരീരം (ഒ.നോ. 1 കൊരി. 15:55-57; 1 തെസ്സ. 4:13-18)
4. ക്രിസ്തുവിൽ എല്ലാം ഒന്നായിച്ചേരുന്നത് (ഒ.നോ. എഫെ. 1:8-11)
5. ജാതികളും യെഹൂദന്മാരും ക്രിസ്തുവിൽ കൂട്ടവകാശികൾ (ഒ.നോ. എഫെ. 2:11-3:13)
6. ക്രിസ്തുവും സഭയും തമ്മിലുള്ള അടുപ്പവും ബന്ധവും വിവാഹ സാദൃശ്യത്തിൽ വിവരിച്ചിരിക്കുന്നു (ഒ.നോ. എഫെ. 5:22-33)
7. ജാതികൾ ഉടമ്പടി ജനതയിൽ ഉൾപ്പെടുത്തപ്പെടുകയും ക്രിസ്തുവിന്റെ ആത്മാവിനാൽ അധിവസിക്കപ്പെടുകയും ചെയ്യുന്നതിലൂടെ അവരിൽ ക്രിസ്തുസാദൃശ്യം ഉല്പാദിപ്പിക്കുകയും വീഴ്ച സംഭവിച്ച മനുഷ്യവർഗ്ഗത്തിലെ വികൃതമാക്കപ്പെട്ട ദൈവിക സ്വരൂപം പുനഃസൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു (ഒ.നോ. ഉല്പ. 1:26-27; 5:1; 9:6; കൊലൊ. 1:26-28).
8. അന്ത്യകാല എതിർക്രിസ്തു (ഒ.നോ. 2 തെസ്സ. 2:1-11)
9. 1 തിമൊ. 1:16 ൽ കാണുന്ന മർമ്മത്തെ സംബന്ധിച്ച ഒരു ആദിമകാല സംഗ്രഹം.

▣ **"നിത്യദൈവത്തിന്റെ"** താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക

## പ്രത്യേക പഠനവിഷയം: നിത്യമായ

റോബർട്ട് ബി. ഗിർഡിൽസ്റ്റോണിന്റെ സിനോനിംസ് ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റിൽ 'നിത്യമായ' എന്ന പദത്തെക്കുറിച്ച് താല്പര്യജനകമായ ഒരു വിശദീകരണം നൽകിയിട്ടുണ്ട്:

നാമവിശേഷണമായ *എയിയോണിയോസ്* (***αιονιος***) *നിത്യജീവൻ* എന്ന അർത്ഥത്തിൽ പുതിയ നിയമത്തിൽ 40 ലധികം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. അത് ഭാഗികമായി വർത്തമാനകാല ദാനവും ഭാഗികമായി ഭാവികാല വാഗ്ദത്തവുമാണ്. റോമ. 16:26 ൽ ദൈവത്തിന്റെ അനന്തമായ ആസ്തിക്യത്തെക്കുറിച്ചും; എബ്രാ. 9:12; 13:20 ൽ ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗത്തിന്റെ നിത്യമായ ഫലത്തെക്കുറിച്ചും; റോമ. 16:25; 2 തിമൊ. 1:9; തീത്തൊ. 1:2 ൽ പൂർവ്വകാലത്തെക്കുറിച്ചും ഇതുപയോഗിച്ചിരിക്കുന്നു.

മത്താ. 18:8; 25:41; യൂദാ 7 ൽ നിത്യാഗ്നിയെക്കുറിച്ചും; മത്താ. 25:46 ൽ നിത്യശിക്ഷാവിധിയെക്കുറിച്ചും; മർക്കൊ. 3:29; എബ്രാ. 6:2 ൽ നിത്യ ന്യായവിധി അഥവാ നാശത്തെക്കുറിച്ചും; 2 തെസ്സ. 1:9 ൽ നിത്യനാശത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഈ വേദഭാഗങ്ങളിൽ ഇത് അന്തിമാവസ്ഥയെ സൂചിപ്പിക്കുന്നു. ഇതു സംഭവിക്കുമ്പോൾ മാറ്റത്തിനോ, മടങ്ങിവരവിനോ, ഒരുവന്റെ പദവിയിലേക്കു തിരിച്ചുവരുന്നതിനോ ഉള്ള അവസരം എന്നേക്കുമായി പൂർണ്ണമായി ഇല്ലാതാകുന്നു. ഭാവിയെക്കുറിച്ച്, ശേഷമുള്ള ജീവിതത്തോട് മനുഷ്യജീവിത്തിനുള്ള ബന്ധത്തെക്കുറിച്ച്, നിത്യതയോടുള്ള ബന്ധത്തിൽ അവിശ്വാസത്തിന്റെ ധാർമ്മിക ഭാരത്തെക്കുറിച്ച്, വളരെക്കുറച്ചു കാര്യങ്ങളേ നമുക്കറികയുള്ളു. ഒരുവശത്ത് ദൈവവചനത്തോടു കൂട്ടുചേർക്കുന്നത് തെറ്റായിരിക്കുമ്പോൾ തന്നേ, മറുഭാഗത്ത് അതിൽനിന്നും നീക്കിക്കളയാനും നമുക്കാവില്ല. തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന നിത്യതയെ സംബന്ധിച്ച കാര്യങ്ങൾ നമ്മെ പ്രയാസപ്പെടുത്തുന്നുവെങ്കിൽ, നമുക്കു മനസ്സിലാക്കാൻ കഴിയാത്ത ഒരു ഇരുണ്ട പശ്ചാത്തലം ഉണ്ടെന്ന് അംഗീകരിച്ചുകൊണ്ട്, നാം ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിന്റെ സുവിശേഷത്തോടു പറ്റിച്ചേർന്ന് കാത്തിരിക്കുക" (പേജ് 318-319).

▣ **"സകലജാതികൾക്കും"** ഇതൊരു ഭൂതകാല കർമ്മണി അപൂർണ്ണക്രിയയാണ്. ഊന്നലിനുവേണ്ടി ഗ്രീക്കുവാചകത്തിന്റെ അവസാനമാണിതു ചേർത്തിരിക്കുന്നത്. ദൈവം സുവിശേഷ വാഗ്ദാനം സകല ലോകത്തിനും നൽകിയിരിക്കുന്നു, അതായിരുന്നു എല്ലായ്പോഴും അവന്റെ ഉദ്ദേശ്യം (ഒ.നോ. ഉല്പ. 3:15).

▣

| | |
|---|---|
| **NASB** | **"വിശ്വാസത്തിന്റെ അനുസരണത്തിന്നായി"** |
| **NKJV** | **"വിശ്വാസത്തിലേക്കു അനുസരണം വരുത്തേണ്ടതിന്"** |
| **NRSV** | **"വിശ്വാസത്തിന്റെ അനുസരണം വരുത്തേണ്ടതിന്"** |
| **TEV** | **"വിശ്വാസത്തിന്റെ അനുസരണത്തിലേക്കു നയിക്കുവാൻ"** |
| **NJB** | **"അവരെ വിശ്വാസത്തിന്റെ അനുസരണത്തിലേക്കു നയിക്കുവാൻ"** |

ഈ പ്രയോഗം വ്യത്യസ്ത നിലകലിൽ മനസ്സിലാക്കുന്നതിന് സാധിക്കും; ഇതു സൂചിപ്പിക്കുന്നത്

1. ക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശം
2. ക്രിസ്തുവിലുള്ള ആശ്രയം
3. സുവിശേഷത്തോട് പ്രാരംഭമായും തുടർമാനമായുമുള്ള അനുസരണം

അനുസരണത്തെ (ഒ.നോ. 1:5) മാനസാന്തരവും വിശ്വാസവും എന്ന ആശയത്തോട് ദൈവശാസ്ത്രപരമായി ബന്ധിപ്പിക്കേണ്ടതാണ് (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 3:16,19; 20:21)

**16:26 "ഏകജ്ഞാനിയായ ദൈവത്തിന്നു"** ഏകദൈവ വിശ്വാസത്തെക്കുറിച്ചുള്ള ഒരു സൂചനയാണിത് (3:30 ലെ പ്രത്യേക പഠനവിഷയം കാണുക, ഒ.നോ. ആവ. 6:4-5). ക്രിസ്ത്യാനിത്വത്തിന് യെഹൂദമതത്തെപ്പോലെ ഏക ദൈവമേയുള്ളു, എങ്കിലും യേശുവിന്റെ പൂർണ്ണ ദൈവത്വവും ആത്മാവിന്റെ പൂർണ്ണ ആളത്വവും നമ്മെ 'ത്രിയേ കതത്വത്തിലേക്ക് ത്രിത്വത്തിലേക്ക് നയിക്കുന്നു (8:11 ലെ പ്രത്യേക പഠനവിഷയം കാണുക).

▣ **"എന്നെന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ"** 3:23 ലെ കുറിപ്പ് കാണുക.

▣ **"ആമേൻ"** 1:25 ലെ പ്രത്യേക പഠനവിഷയം കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. റോമിൽ ഒരിക്കലും പോയിട്ടില്ലാത്ത പൗലൊസ് റോമാ സഭയിലെ ആ ആളുകളെ എല്ലാം മനസ്സിലാക്കിയത്?
2. വനിതാ ശുശ്രൂഷകർ ഉണ്ടായിരുന്നു എന്നതിന് വേദപുസ്തക തെളിവുകൾ എന്താണ് (ഒ.നോ. 16:1; 1 തിമൊ. 3:11; 5:3-16)?
3. ഈ അധ്യായത്തിൽ ഇത്രയധികം സ്ത്രീകളെക്കുറിച്ചു പറഞ്ഞിരിക്കുന്നത് സൂചിപ്പിക്കുന്നതെന്താണ്?
4. ദുരുപദേഷ്ടാക്കളുടെ രീതികളും സന്ദേശവും വിവരിക്കുക (വാ. 17-18).

# അനുബന്ധം ഒന്ന്

## ഗ്രീക്ക് വ്യാകരണ പദങ്ങളുടെ ഹ്രസ്വ നിർവചനം

ഹെല്ലനിസ്റ്റിക് ഗ്രീക്ക് എന്നു സാമാന്യമായി പറയുന്ന കൊയ്നേ ഗ്രീക്ക് ആയിരുന്നു മഹാനായ അലക്സാണ്ടറുടെ (ബി.സി. 336–323) ആക്രമണം മുതൽ തുടർന്നുള്ള എണ്ണൂറു വർഷങ്ങളിൽ (ബി.സി. 300 – എ.ഡി. 500) മെഡിറ്ററേനിയൻ പ്രദേശത്തെ പൊതുഭാഷ. അത് കേവലം ലളിതമായ ക്ലാസ്സിക്കൽ ഗ്രീക്ക് മാത്രമായിരുന്നില്ല, മറിച്ച് അനേക നിലകളിൽ ഗ്രീക്കിന്റെ പുതിയൊരു രൂപവും പുരാതന സമീപ പൂർവ്വദേശങ്ങളിലെയും മെഡിറ്ററേനിയൻ പ്രദേശങ്ങളിലെയും രണ്ടാം ഭാഷയുമായിരുന്നു.

പുതിയ നിയമത്തിന്റെ ഗ്രീക്ക് ചില നിലകളിൽ അതുല്യമായിരുന്നു, കാരണം അതുപയോഗിച്ചിരുന്നവർ, ലൂക്കൊസും എബ്രായ ലേഖന രചയിതാവും ഒഴികെ അരാമ്യ പ്രഥമ ഭാഷയായി ഉപയോഗിച്ചവരായിരുന്നു. അതിനാൽ അവരുടെ എഴുത്തുകളെ അരാമ്യയുടെ ശൈലികളും ഘടനാ സവിശേഷതകളും സ്വാധീനിച്ചിരുന്നു. കൊയ്നേ ഗ്രീക്കിൽ എഴുതപ്പെട്ടിരിക്കുന്ന സെപ്റ്റ്വജിന്റ് (പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷ) അവർ വായിക്കുകയും അതിൽനിന്നു ഉദ്ധരിക്കുകയും ചെയ്തിരുന്നു. എങ്കിലും സെപ്റ്റ്വജിന്റും രചിക്കപ്പെട്ടത് ഗ്രീക്കു മാതൃഭാഷയല്ലാത്ത യെഹൂദ പണ്ഡിതന്മാരാൽ ആയിരുന്നു.

അതിനാൽ പുതിയനിയമത്തെ ഒരു കർശനമായ വ്യാകരണ ചട്ടക്കൂട്ടിൽ ഒതുക്കുവാൻ നമുക്കാവില്ല എന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. അത് അതുല്യമായിരിക്കുമ്പോൾ തന്നെ അത് (1) സെപ്റ്റ്വജിന്റ്; (2) ജൊസീഫസിന്റെ രചനകൾ പോലെയുള്ള യെഹൂദ രചനകൾ; (3) ഈജിപ്റ്റിൽ നിന്നും ലഭിച്ച പാപ്പിറസ് എന്നിവയുടെ പൊതുസ്വഭാവം ഉള്ളവയുമാണ്. എങ്കിൽ എങ്ങനെ നമുക്ക് പുതിയ നിയമത്തിന്റെ വ്യാകരണ വിശകലനത്തെ സമീപിക്കാൻ കഴിയും?

കൊയ്നേ ഗ്രീക്കിന്റെയും പുതിയനിയമ കൊയ്നേ ഗ്രീക്കിന്റെയും വ്യാകരണ സവിശേഷതകൾ വഴക്കമുള്ളതാണ്. പല നിലകളിലും അത് വ്യാകരണത്തിന്റെ ലളിതവത്കരണമാണ്. സന്ദർഭമാണ് നമ്മുടെ പ്രധാന വഴികാട്ടി. വിശാല സന്ദർഭത്തിൽ മാത്രമേ വാക്കുകൾക്ക് അർത്ഥമുള്ളൂ. അതിനാൽ വ്യാകരണഘടന മനസ്സിലാക്കാൻ കഴിയുന്നത് (1) ആ പ്രത്യേക എഴുത്തുകാരന്റെ ശൈലി; (2) ആ പ്രത്യേക സന്ദർഭം എന്നിവയുടെ വെളിച്ചത്തിൽ മാത്രമാണ്. ഗ്രീക്ക് രൂപങ്ങളും ഘടനയും സംബന്ധിച്ച് ഒരു അന്തിമ നിർവ്വചനം സാധ്യമല്ല.

കൊയ്നേ ഗ്രീക്ക് പ്രാഥമികമായി ഒരു വാമൊഴി ഭാഷയാണ്. മിക്കപ്പോഴും വ്യാഖ്യാനത്തിനുള്ള താക്കോൽ ഈ അക്ഷരരൂപങ്ങളുടെ ഇനവും രൂപവും ആണ്. മിക്ക പ്രധാന വാചകങ്ങളിലും ക്രിയാപദം, അതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നതിനായി ആദ്യമാണ് ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്ക് ക്രിയകളെ വിശകലനം ചെയ്യുമ്പോൾ മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കണം: (1) കാലം, പ്രയോഗം, ക്രിയാരൂപം എന്നിവയുടെ അടിസ്ഥാന ഊന്നൽ (ആക്സിഡൻസ് അഥവാ മോർഫോളജി); (2) ആ പ്രത്യേക ക്രിയയുടെ അടിസ്ഥാന അർത്ഥം (ലെക്സിക്കോഗ്രഫി); (3) സന്ദർഭത്തിന്റെ ഒഴുക്ക് (സിന്റാക്സ്).

I. കാലം

A. കാലം എന്നതിൽ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയോടോ അപൂർണ്ണ പ്രവൃത്തിയോടോ ഉള്ള ക്രിയകളുടെ ബന്ധം ഉൾപ്പെട്ടിരിക്കുന്നു. ഇത് മിക്കപ്പോഴും പൂർണ്ണം (പെർഫക്ടീവ്) അഥവാ അപൂർണ്ണം (ഇംപെർഫക്ടീവ്) എന്നു വിളിക്കപ്പെടുന്നു.

1. പൂർണ്ണകാലം (പെർഫക്ടീവ് ടെൻസ്) പ്രവൃത്തി നടക്കുന്നതിലാണ് ശ്രദ്ധയൂന്നുന്നത്. എന്തോ സംഭവിച്ചു എന്നതൊഴികെ കൂടുതൽ വിവരങ്ങൾ നൽകുന്നില്ല! അതിന്റെ തുടക്കവും തുടർച്ചയും പൂർത്തീകരണവും പരാമർശിക്കുന്നില്ല.
2. അപൂർണ്ണകാലം (ഇംപെർഫക്ടീവ് ടെൻസ്) ഒരു പ്രവൃത്തിയുടെ തുടർ പ്രക്രിയയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അത് നേർരേഖാ പ്രവൃത്തി, ക്രമാനുഗത പ്രവൃത്തി എന്നിങ്ങനെ വിവരിക്കാൻ കഴിയും.

B. പ്രവൃത്തിയുടെ മുന്നേറ്റത്തെ എഴുത്തുകാരൻ എങ്ങനെ കാണുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ കാലങ്ങളെ വിഭജിക്കാൻ കഴിയും.

1. അതു സംഭവിച്ചു = ഭൂതകാലം (Aorist)
2. അതു സംഭവിച്ചു ഫലം നിലനില്ക്കുന്നു = പൂർണ്ണകാലം (Perfect)
3. അതു ഭൂതകാലത്തിൽ സംഭവിച്ചുകൊണ്ടിരുന്നു, ഫലം നിലനിന്നുകൊണ്ടിരുന്നു, പക്ഷേ ഇപ്പോഴില്ല = പ്ലൂ പെർഫക്ട്
4. അതു സംഭവിച്ചുകൊണ്ടിരിക്കുന്നു = വർത്തമാനകാലം (Present)
5. അതു സംഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു = അപൂർണ്ണം (Imperfect)
6. അതു സംഭവിക്കും = ഭാവി (Future)

ഈ കാലങ്ങൾ വ്യാഖ്യാനത്തെ എങ്ങനെ സഹായിക്കും എന്നതിന്റെ ഉദാഹരണമാണ് “രക്ഷിക്കുക”

എന്ന പദം. അതിന്റെ പ്രക്രിയയെയും പൂർത്തീകരണത്തെയും കാണിക്കുവാൻ നിരവധി വ്യത്യസ്ത കാലങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

1. ഭൂതകാലം (aorist) = രക്ഷിക്കപ്പെട്ടു (ഒ.നോ. റോമർ 8:24)
2. പൂർണ്ണകാലം (Perfect) = "രക്ഷിക്കപ്പെട്ടു ഫലം തുടരുന്നു" (ഒ.നോ. എഫെ. 2:5,8)
3. വർത്തമാനകാലം (Present) = "രക്ഷിക്കപ്പെടുന്നു" (ഒ.നോ. 1 കൊരി. 1:18; 15:2)
4. ഭാവികാലം (Future) = രക്ഷിക്കപ്പെട്ടു (ഒ.നോ. റോമർ 5:9,10; 10:9)

C. ക്രിയാകാലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ യഥാർത്ഥ എഴുത്തുകാരൻ ആ പ്രത്യേക കാലത്തിൽ തന്നെത്താൻ വെളിപ്പെടുത്തുന്നത് തിരഞ്ഞെടുത്തതിന്റെ കാരണങ്ങളും വ്യാഖ്യാതാവ് അന്വേഷിക്കും. സാധാരണ ഗതിയിൽ യാതൊരു സംശയവുമില്ലാത്ത കാലം ഭൂതകാലമാണ്. അത് സാധാരണയായ "പ്രത്യേകമല്ലാത്ത", "പ്രത്യേക അടയാളമില്ലാത്ത" അഥവാ "വിശേഷതയില്ലാത്ത" ക്രിയാരൂപമാണ്. സന്ദർഭത്തിനനുസരിച്ച് ധാരാളം രീതിയിൽ അതുപയോഗിക്കാൻ കഴിയും. ഒരു കാര്യം സംഭവിച്ചു എന്നു ലളിതമായി സൂചിപ്പിക്കുകയാണത്. ഭൂതകാലത്തിലെ സമയവശം നിർദ്ദേശിക വിഭക്തിരൂപത്തിൽ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. മറ്റേതൊരു കാലം ഉപയോഗിച്ചാലും കൂടുതൽ എന്തെങ്കിലും ഊന്നൽ അതിൽ കാണും. പക്ഷേ എന്ത്?

1. പൂർണ്ണകാലം (Perfect Tense). നിലനില്ക്കുന്ന ഫലത്തോടുകൂടിയ പൂർത്തിയായ പ്രവൃത്തിയെക്കുറിച്ചാണിതു പറയുന്നത്. ചില കാര്യത്തിൽ ഇത് ഭൂതകാലത്തിന്റെയും വർത്തമാനകാലത്തിന്റെയും സംയുക്തമാണ്. സാധാരണയായി ഊന്നൽ, നിലനില്ക്കുന്ന ഫലത്തിലോ പ്രവൃത്തിയുടെ പൂർത്തീകരണത്തിലോ ആണ് (ഉദാ. എഫെ. 2:5,8, "നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു ... രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്).
2. പ്ലൂപെർഫെക്ട് (Pluperfect Tense). നിലനിൽക്കുന്ന ഫലം നിന്നിരിക്കുന്നു എന്നതൊഴിച്ചാൽ പൂർണ്ണകാലത്തിനു തുല്യമാണിത്. ഉദാ. യോഹന്നാൻ 18:16, "പത്രൊസ് വാതില്ക്കൽ പുറത്തു നില്ക്കുമ്പോൾ...".
3. വർത്തമാനകാലം (Present Tense). പൂർത്തിയാകാത്ത അഥവാ ഇംപെർഫെക്ട് പ്രവൃത്തിയാണിത്. ഊന്നൽ സാധാരണയായി സംഭവത്തിന്റെ തുടർച്ചയിലാണ്. ഉദാ. 1 യോഹന്നാൻ 3:6 & 9, "അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല."
4. അപൂർണ്ണകാലം (Imperfect Tense). ഈ കാലത്തിൽ വർത്തമാന കാലത്തോടുള്ള ബന്ധം പെർഫെക്ടും പ്ലൂപെർഫെക്ടും തമ്മിലുള്ള ബന്ധത്തിനു സമാനമാണ്. സംഭവിച്ചുകൊണ്ടിരിക്കുന്ന പൂർത്തീകരിക്കാത്ത ഒരു പ്രവൃത്തി ഇപ്പോൾ നിന്നിരിക്കുന്നു എന്നതിനെക്കുറിച്ചോ അല്ലെങ്കിൽ ഭൂതകാലത്തിലെ ഒരു പ്രവൃത്തിയുടെ ആരംഭത്തെക്കുറിച്ചോ ഇംപെർഫക്ട് പറയുന്നു. ഉദാ. മത്തായി 3:5 "യെഷശേലേമ്യരും ... അവന്റെ അടുക്കൽ ചെന്നു" അല്ലെങ്കിൽ "യെഷശേലേമ്യർ എല്ലാവരും അവന്റെ അടുക്കൽ ചെല്ലുവാൻ തുടങ്ങി."
5. ഭാവികാലം (Future Tense). ഭാവികാലത്തു സംഭവിക്കാനുള്ള ഒരു പ്രവൃത്തിയെക്കുറിച്ചാണിത് എപ്പോഴും പറയുന്നത്. ഒരു യഥാർത്ഥ സംഭവത്തെക്കാൾ ആ സംഭവം മുഖാന്തരമുള്ള സാധ്യതകളിലാണ് ഊന്നൽ. സംഭവത്തിന്റെ നിശ്ചയത്തെക്കുറിച്ചാണ് ഇതു മിക്കപ്പോഴും സംസാരിക്കുന്നത്. ഉദാ. മത്തായി 5:4–9, "ഭാഗ്യന്മാർ ... അവർ കാണും."

II. പ്രയോഗം (Voice)

A. ക്രിയയുടെ പ്രവൃത്തിയും അതിന്റെ കർത്താവും തമ്മിലുള്ള ബന്ധത്തെയാണ് പ്രയോഗം വിവരിക്കുന്നത്.

B. കർത്താവാണ് ക്രിയ ചെയ്യുന്നതെന്നു സൂചിപ്പിക്കുന്ന സാധാരണവും പ്രതീക്ഷിക്കുന്നതും, ഊന്നലില്ലാത്തതുമായ പ്രസ്താവനയാണ് കർത്തരി പ്രയോഗം.

C. പുറമെ നിന്നുള്ള ഒരു വ്യക്തി ഉളവാക്കുന്ന ക്രിയയുടെ പ്രവൃത്തി കർത്താവു സ്വീകരിക്കുന്നു എന്നർത്ഥമാക്കുന്നതാണ് കർമ്മണി പ്രയോഗം. പുറമെയുള്ള വ്യക്തി പ്രവൃത്തി ഉളവാക്കുന്നു എന്നതിനെ താഴെപ്പറയുന്ന ഗതികളും പ്രത്യയങ്ങളും ഉപയോഗിച്ചാണ് ഗ്രീക്കു പുതിയനിയമം രേഖപ്പെടുത്തുന്നത്:

1. *ഹുപ്പോ* (*ὑπο*) ഉപയോഗിച്ച് നേരിട്ടുള്ള ഒരു വ്യക്തി, സംയോജികാ വിഭക്തി (ഒ.നോ. മത്തായി 1:22; പ്രവൃത്തി 22:30)
2. *ഡിയാ* (*δια*) ഉപയോഗിച്ച് ഒരു ഇടനിലക്കാരനായ വ്യക്തി സംയോജികാ വിഭക്തി (ഒ.നോ. മത്തായി 1:22)
3. *എൻ* (*εν*) ഉപയോഗിച്ച് ഒരു ആളത്തമില്ലാത്ത മാധ്യമം പ്രയോജികാ വിഭക്തി
4. ചിലപ്പോൾ ആളത്തമുള്ളതോ ആളത്തമില്ലാത്തതോ ആയ ഒരു മാധ്യമം, പ്രയോജികാ വിഭക്തി മാത്രം

D. മാധ്യമ പ്രയോഗം അർത്ഥമാക്കുന്നത് കർത്താവു ക്രിയയുടെ പ്രവൃത്തി ഉളവാക്കുകയും ക്രിയയുടെ പ്രവൃത്തിയിൽ നേരിട്ട് പങ്കാളിയാകുകയും ചെയ്യുന്നു എന്നാണ്. ഉന്നതമായ വ്യക്തി താല്പര്യത്തിന്റെ

പ്രയോഗം എന്നിതിനെ വിളിക്കാറുണ്ട്. ഈ ഘടന, വാചകരൂപത്തിന്റെ അഥവാ വാചകത്തിന്റെ വിഷയത്തിന് ചില രീതിയിൽ ഊന്നൽ നൽകുന്നു. ഇംഗ്ലീഷിൽ ഈ ഘടന ഇല്ല. ഗ്രീക്കിൽ ഇതിന് വിശാല അർത്ഥ, പരിഭാഷാ സാധ്യതകളാണുള്ളത്. ഈ രൂപത്തിന്റെ ചില ഉദാഹരണങ്ങൾ:

1. റിഫ്ളക്സീവ് – കർത്താവിന്റെ തന്നോടുതന്നെ നേരിട്ടുള്ള പ്രവൃത്തി. ഉദാ. മത്തായി 27:5 "കെട്ടി ഞാന്നു"
2. ഇന്റൻസീവ് – കർത്താവ് അതിനായി തന്നെ പ്രവൃത്തി ഉളവാക്കുന്നു. ഉദാ. 2 കൊരി. 11:14, "സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു"
3. റസിപ്രോക്കൽ – രണ്ടു കർത്താക്കൾക്കിടയിലുള്ള പ്രവൃത്തി. ഉദാ. മത്തായി 26:4 "(അന്യോന്യം) ആലോചിച്ചു"

II. ക്രിയാരൂപം (Mood)

A. കൊയ്നേ ഗ്രീക്കിൽ നാലു ക്രിയാരൂപങ്ങളുണ്ട്. ക്രിയയ്ക്ക് യാഥാർത്ഥ്യവുമായുള്ള ബന്ധത്തെ, കുറഞ്ഞത് എഴുത്തുകാരന്റെ മനസ്സിലെങ്കിലും, അവ സൂചിപ്പിക്കുന്നു. ക്രിയാരൂപങ്ങളെ രണ്ടു വിശാല വിഭാഗങ്ങളായി തിരിക്കാം. യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നവയും (സൂചകം), സാധ്യതകളെ സൂചിപ്പിക്കുന്നവയും (ക്രിയാബന്ധം, വിധിരൂപം അഥവാ അനുവാദകമായ/ ആഗ്രഹം പ്രകടിപ്പിക്കുന്ന).

B. സൂചക ക്രിയാരൂപം (Indicative mood), സംഭവിച്ചതോ സംഭവിച്ചുകൊണ്ടിരിക്കുന്നതോ ആയ പ്രവൃത്തിയെ – കുറഞ്ഞത് എഴുത്തുകാരന്റെ മനസ്സിൽ – സൂചിപ്പിക്കുന്ന സാധാരണ ക്രിയാരൂപമാണ്. ഒരു കൃത്യമായ സമയത്തെ സൂചിപ്പിക്കുന്ന ഗ്രീക്കിലെ ഏക ക്രിയാരൂപമാണിത്. ഇവിടെപ്പോലും ഈ വിഷയം രണ്ടാം തരമാണ്.

C. അനുബന്ധ ക്രിയാരൂപം (Subjunctive mood) ഭാവിയിൽ സാധ്യതയുള്ള പ്രവൃത്തിയെ സൂചിപ്പിക്കുന്നു. ആ കാര്യം ഇതുവരെ സംഭവിച്ചിട്ടില്ല, പക്ഷേ അതു സംഭവിക്കാനുള്ള സാധ്യതയുണ്ട്. ഭാവിസൂചകത്തോട് സമാനതയുള്ളതാണത്. വ്യത്യാസം അനുബന്ധം ഒരളവുവരെ സംശയം പ്രകടിപ്പിക്കുന്നു എന്നതാണ്. ഇംഗ്ലീഷിൽ അത് "കഴിയും", "ആയിരിക്കും" (could, would, may, might) എന്നീ പദങ്ങളിൽ കൊണ്ടാണു വെളിപ്പെടുത്തുന്നത്.

D. അനുവാദക ക്രിയാരൂപം (Optative mood) സൈദ്ധാന്തികമായി സാധ്യമായ ഒരു ആഗ്രഹത്തെ വെളിപ്പെടുത്തുന്നു. അത് ക്രിയാബന്ധത്തെക്കാൾ യാഥാർത്ഥ്യത്തോട് ഒരുപടി കൂടി അടുത്തതാണ്. ചില പ്രത്യേക സാഹചര്യത്തിൽ അതിന്റെ സാധ്യത അനുവാദകക്രിയാരൂപം പ്രകടിപ്പിക്കുന്നു. പുതിയനിയമത്തിൽ ഇത് അപൂർവ്വമാണ്. അതിന്റെ കൂടെക്കൂടെയുള്ള ഉപയോഗം പൗലൊസിന്റെ പ്രസിദ്ധമായ ശൈലി, "ഒരുനാളും അരുത്" ("ദൈവം വിലക്കട്ടെ") ആണ്. ഇത് 15 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. റോമ. 3:4,6,31; 6:2,15; 7:7,13; 9:14; 11:1,11; 1 കൊരി. 6:15; ഗലാ. 2:17; 3:21; 6:14). മറ്റ് ഉദാഹരണങ്ങൾ ലൂക്കൊ. 1:38; 20:16; പ്രവൃ. 8:20; 1 തെസ്സ. 3:11 എന്നീ വാക്യങ്ങളിൽ കാണാം.

E. വിധിരൂപം (Imperative mood) സാധ്യമായ ഒരു കല്പന ഊന്നിപ്പറയുന്നു, എങ്കിലും സംസാരിക്കുന്നവന്റെ ഉദ്ദേശ്യത്തിനാണ് ഊന്നൽ. സ്വമേധയാ ഉള്ള സാധ്യതയെയാണതു പ്രസ്താവിക്കുന്നത്, അതിന്റെ വ്യവസ്ഥ മറ്റൊരുവന്റെ തെരഞ്ഞെടുപ്പുകളാണ്. പ്രാർത്ഥനകളിലും പ്രഥമപുരുഷ അപേക്ഷകളിലും വിധിരൂപത്തിന്റെ പ്രത്യേക ഉപയോഗമുണ്ട്. പുതിയ നിയമത്തിൽ ഈ കല്പനകൾ വർത്തമാന, ഭൂത കാലങ്ങളിൽ മാത്രമേ കാണുന്നുള്ളൂ.

F. ചില വ്യാകരണ ഗ്രന്ഥങ്ങൾ അപൂർണ്ണക്രിയകളെ (Participles) മറ്റൊരു ക്രിയാരൂപമായി പ്രസ്താവിക്കുന്നു. പുതിയനിയമത്തിൽ അതു സാധാരണമാണ്, അവയെ സാധാരണയായി അലിഖിത നാമവിശേഷണങ്ങൾ എന്നു വിളിക്കുന്നു. അവ ബന്ധപ്പെട്ടിരിക്കുന്ന പ്രധാന ക്രിയയോടു ബന്ധപ്പെടുത്തിയാണത് പരിഭാഷപ്പെടുത്താറുള്ളത്. അപൂർണ്ണ ക്രിയകൾ പരിഭാഷപ്പെടുത്തുമ്പോൾ വൈവിധ്യങ്ങൾക്ക് ഏറെ സാധ്യതയുണ്ട്. നിരവധി ഇംഗ്ലീഷ് പരിഭാഷകൾ പരിശോധിക്കുന്നത് ഉത്തമമാണ്. ബേക്കർ പ്രസിദ്ധീകരിച്ച *ദ ബൈബിൾ ഇൻ ടന്റി സിക്സ് ട്രാൻസലേഷൻസ്* മികച്ച സഹായക ഗ്രന്ഥമാണ്.

G. ഭൂതകാല കർത്തരി സൂചകം, ഒരു സംഭവത്തെ രേഖപ്പെടുത്തുന്നതിനുള്ള സാധാരണവും അല്ലെങ്കിൽ "പ്രത്യേക തോന്നാത്ത രീതിയിലുള്ളതുമായ" മാർഗ്ഗമാണ്. മറ്റേതൊരു കാലത്തിനും പ്രയോഗത്തിനും ക്രിയാരൂപത്തിനും മൂല എഴുത്തുകാരൻ വിനിമയം ചെയ്യാനാഗ്രഹിക്കുന്ന ഏതെങ്കിലും നിലയിലുള്ള വ്യാഖ്യാനിക്കുന്ന പ്രാധാന്യമുണ്ടായിരിക്കും.

IV. ഗ്രീക്ക് ഭാഷ പരിചയമില്ലാത്ത വ്യക്തിക്ക് താഴെപ്പറയുന്ന ഗ്രന്ഥങ്ങളിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കും.

A. Friberg, Barbara and Timothy. *Analytical Greek New Testament*. Grand Rapids: Baker, 1988.

B. Marshall, Alfred. *Interlinear Greek-English New Testament*. Grand Rapids: Zondervan, 1976.

C. Mounce, William D. *The Analytical Lexicon to the Greek New Testament*. Grand Rapids: Zondervan, 1993.

D. Summers, Ray. *Essentials of New Testament Greek*. Nashville: Broadman, 1950.

E. Academically accredited Koine Greek correspondence courses are available through Moody Bible Institute in Chicago, IL.

V. നാമങ്ങൾ

A. പദവിന്യാസ ക്രമ സംബന്ധമായി, നാമങ്ങൾ വിഭക്തിക്കനുസരിച്ചാണ് വിഭജിക്കാറുള്ളത്. നാമത്തിന് ക്രിയായോടോ വാചകത്തിലെ മറ്റു ഭാഗങ്ങളോടൊ ഉള്ള ബന്ധം വെളിപ്പെടുത്തുന്ന നാമരൂപത്തെയാണ് വിഭക്തി എന്നു പറയുന്നത്. കൊയ്നേ ഗ്രീക്കിൽ വിഭക്തിയുടെ ധർമ്മങ്ങളധികവും *ഗതി* ഉപയോഗിച്ചാണ് സൂചിപ്പിക്കുന്നത്. നിരവധി വ്യത്യസ്ത ബന്ധങ്ങളെ തിരിച്ചറിവാൻ വിഭക്തി രൂപങ്ങൾക്കു കഴിയുമെന്നതിനാൽ, സാധ്യമായ ധർമ്മത്തിന് വ്യക്തമായ വേർതിരിവു നൽകുന്ന വിധത്തിൽ ഗതികൾ വികസിപ്പിക്കപ്പെട്ടിരിക്കുന്നു.

B. ഗ്രീക്ക് വിഭക്തികൾ താഴെ പറയുന്ന എട്ടു രീതിയിൽ വിഭജിക്കപ്പെട്ടിരിക്കുന്നു

1. നിർദ്ദേശിക (Nominative) പേരു നല്കുന്നതിനുപയോഗിക്കുന്നു; സാധാരണയായി അതായിരിക്കും വാചകത്തിലെ അല്ലെങ്കിൽ ഉപവാചകത്തിലെ കർത്താവ്. സംയോജക ക്രിയകളായ "to be"അഥവാ "become" (ആയിരിക്കുക, ആയിത്തീരുക) എന്നിവ ഉപയോഗപ്പെടുത്തി ആഖ്യാത നാമമോ (Predicate noun) നാമവിശേഷണമോ നിർമ്മിക്കാനും അതുപയോഗിക്കുന്നു.
2. സംബന്ധിക (Genetive) വിവരണത്തിനുവേണ്ടി ഉപയോഗിക്കുന്നു; സാധാരണയായി അതു ബന്ധപ്പെടുന്ന വാക്കിന് ഒരു സവിശേഷത അഥവാ ഗുണം നൽകുന്നതിനായി ഉപയോഗിക്കുന്നു. "ഏതു തരം?" എന്ന ചോദ്യത്തിന് അതുത്തരം നല്കുന്നു. ഇംഗ്ലീഷ് ഗതിയായ 'to' (ഉടെ/ന്റെ) ഉപയോഗിച്ചാണ് പ്രകടിപ്പിക്കുന്നത്.
3. സംയോജിക (Ablative) സംബന്ധിക പോലെ പദങ്ങളുടെ അതേ രൂപഭേദം ഉപയോഗിക്കുന്നു എങ്കിലും അത് വേർതിരിവു കാണിക്കാനാണുപയോഗിക്കുന്നത്. സമയം, സ്ഥാനം, ഉറവിടം, മൂലം, അളവ് എന്നിവയിലെ ഒരു ഘട്ടത്തിൽ നിന്നുള്ള വേർതിരിവാണതു സാധാരണയായി ചെയ്യുന്നത്. ഇംഗ്ലീഷ് ഗതിയായ 'from' (ഓട്/ൽനിന്ന്) ഉപയോഗിച്ചാണ് പ്രയോഗിക്കുന്നത്.
4. ഉദ്ദേശിക (Dative) ഒരു വ്യക്തിപരമായ താല്പര്യത്തെ വിവരിക്കാനുപയോഗിക്കുന്നു. ഇത് സാധകാത്മകമോ നിഷേധാത്മാകമോ ആയ തലത്തെ സൂചിപ്പിക്കാം. മിക്കപ്പോഴും ഇത് പരോക്ഷ കർമ്മമാകാം. ഇംഗ്ലീഷ് ഗതിയായ 'to' (ക്ക്/ ന്) ഉപയോഗിച്ചാണിതു പ്രകടിപ്പിക്കുന്നത്.
5. ആധാരിക (Locative) വിഭക്തി ഉദ്ദേശികക്കു സമാനമായ വക്രരൂപമാണെങ്കിലും അത് സ്ഥാനം, സമയം അഥവാ യുക്തിപരമായ പരിധി എന്നിവയിലെ സ്ഥാനം അഥവാ സ്ഥലം വിവരിക്കാനാണുപയോഗിക്കുന്നത്. ഇംഗ്ലീഷ് ഗതികളായ "in, on, at, am, on, during, by" (ൽ/കൽ) എന്നിവ ഉപയോഗിച്ചാണിത് പ്രകടിപ്പിക്കുന്നത്.
6. പ്രായോജിക (Instrumental) വിഭക്തി ഉദ്ദേശികയും ആധാരികയും പോലെയുള്ള വക്രരൂപങ്ങളാണ്. അത് മാർഗ്ഗത്തെ അഥവാ ബന്ധത്തെ സൂചിപ്പിക്കുന്നു. "by" "with" (ആൽ/കൊണ്ട്) എന്നീ ഇംഗ്ലീഷ് ഗതികൾ കൊണ്ടാണിത് പ്രകടിപ്പിക്കുന്നത്.
7. കർമ്മ വിഭക്തി (Accusative) ഒരു പ്രവൃത്തിയുടെ സമാപനത്തെ സൂചിപ്പിക്കുന്നു. അത് പരിധിയെ വെളിപ്പെടുത്തുന്നു. പ്രത്യക്ഷ കർമ്മമാണ് അതിന്റെ പ്രധാന ഉപയോഗം. "എത്രത്തോളം," "ഏതളവു വരെ?" എന്നീ ചോദ്യങ്ങൾക്ക് അതുത്തരം നല്കുന്നു.
8. പ്രതിഗ്രാഹിക (Vocative) നേരിട്ടുള്ള അഭിസംബോധനയ്ക്ക് ഉപയോഗിക്കുന്നു.

VI. സമുച്ചയ പദങ്ങളും സംയോജകങ്ങളും

A. ഗ്രീക്ക് ഒരു കൃത്യതയുള്ള ഭാഷയാണ്, കാരണം അതിന് കൂട്ടിച്ചേർക്കുന്ന ധാരാളം പദങ്ങളുണ്ട്. അവ ചിന്തകളെ കൂട്ടിയോജിപ്പിക്കുന്നു (വാക്യശകലങ്ങൾ, വാചകങ്ങൾ, ഖണ്ഡികൾ). അവ സർവ്വസാധാരണമായതിനാൽ അതിന്റെ അഭാവം മിക്കപ്പോഴും വ്യാഖ്യാനപരമായി പ്രാധാന്യമുള്ളതായിരിക്കും. വാസ്തവത്തിൽ ഈ സമുച്ചയ പദങ്ങളും സംയോജകങ്ങളും എഴുത്തുകാരന്റെ ചിന്തയുടെ ദിശ വെളിപ്പെടുത്തുന്നവയാണ്. അവൻ വാസ്തവത്തിൽ എന്താണ് വിനിമയം ചെയ്യാനാഗ്രഹിക്കുന്നതെന്നു മനസ്സിലാക്കുന്നതിൽ അവയ്ക്കു നിർണ്ണായക പങ്കുണ്ട്.

B. ചില സമുച്ചയ പദങ്ങളുടെയും സംയോജകങ്ങളുടെയും പട്ടിക ഇവിടെ കൊടുക്കുന്നു (എച്ച്. ഇ. ഡാനാ, ജൂലിയസ് കെ. മാന്റി എന്നിവയെഴുതിയ *എ മാന്വൽ ഗ്രാമർ ഓഫ് ദ ന്യൂ ടെസ്റ്റ്മെന്റിൽ* നിന്നെടുത്ത വിവരങ്ങളാണിവ).

1. സമയ സംയോജകങ്ങൾ
   a. *എപെയി (επει), എപെയിഡി (επειδη), ഹൊപൊറ്റെ (ὁποτε), ഹോസ് (ὡς), ഹോട്ടെ (ὁτε), ഹോട്ടാൽ (ὁταν* കർത്താവ്) - "When" (എപ്പോളോ അപ്പോൾ)
   b. *ഹിയോസ് (ἑως),*- "while" (അന്നേരം)

c. *ഹോട്ടൻ (ὁταν), എപാൻ (επαν -കർത്താവ്)* - "Whenever" (അപ്പോഴൊക്കെ)
d. *ഹെയോസ് (εος), അഖ്റി (αχρι), മെഖ്റി (μεχρι* കർത്താവ്) - "until" (അതുവരെ)
e. പ്രിൻ *(πριν,* ഇൻഫി.) - "before" മുമ്പ്
f. *ഹോസ് (ὁς),*- "Since", "When", "as" (അതുമുതൽ, അപ്പോൾ, അതുപോലെ)

2. യുക്തിപരമായ സംയോജകങ്ങൾ
   a. ഉദ്ദേശ്യം
      (1) *ഹിനാ (ἱνα* കർത്താവ്), *ഹോപോസ് (ὁπος* കർത്താവ്), *ഹോസ് (ὁς)* - "in order that" "that" (അതിനായി, അതായത്).
      (2) *ഹോസ്ടെ (ὁστε* - Articilar Ascusative infinitive) "that" - "അതായത്"
      (3) *പ്രോസ് (προς* - Articilar Ascusative infinitive) അഥവാ *എയിസ് (εις* - Articilar Ascusative infinitive) - "that" "അത്"
   b. ഫലം (ഉദ്ദേശ്യം, ഫലം എന്നിവയുടെ വ്യാകരണ രൂപങ്ങൾ തമ്മിൽ വളരെ അടുപ്പമുണ്ട്)
      (1) *ഹോസ്ടെ (ὁστε* അപൂർണ്ണക്രിയ, ഇതാണ് സർവ്വ സാധാരണം) "in order that", "thus"
      (2) *ഹിനാ (ἱνα* കർ) - "so that" "അതിനാൽ"
      (3) *അറാ (αρα)* - "so" "അതുകൊണ്ട്/അങ്ങനെ"
   c. യാദൃശ്ചികം അഥവാ കാരണം
      (1) *ഗാർ (γαρ)* (ഹേതു/ഫലം അഥവാ കാരണം/സമാപനം) "for" "because" "അക്കാരണ ത്താൽ"
      (2) *ഡിയോട്ടി (διοτι), ഹോട്ടിയു (ὁτιυ)* - "because" "അതുകൊണ്ട്"
      (3) *എപെയി (επει), എപെയിഡി (επειδη), ഹോസ് (ὁς),* - "since" "അതിനാൽ"
      (4) *ഡിയാ (δια)* (കർമ്മ വിഭക്തിയോടൊപ്പം) - "because" "എന്തുകൊണ്ടെന്നാൽ"
   d. അനുമാനസിദ്ധം
      (1) *അറാ (αρα), പോയിനൂൻ (ποινυν), ഹോസ്ടെ (ὁστε)* - "therefore" "അതുകൊണ്ട്"
      (2) *ഡിയോ (διο)* (ശക്തമായ അനുമാന സമുച്ചയ പദം) "on which account" "whenfore" "therefore" "അക്കാരണത്താൽ" "അതുകൊണ്ട്"
      (3) ഔൻ *(ουν)* - "therefore", "so", "then", "consequently" "അക്കാരണത്താൽ" "അതുകൊ ണ്ട്" "തൽഫലമായി"
      (4) ടോയിനൗൻ *(τοινουν)* - "Accordingly" "അതിനനുസരണമായി"
   e. എതിരായ അഥവാ വൈരുദ്ധ്യം
      (1) *അല്ലാ (αλλα)* (ശക്തമായ എതിര്) - "but" "except" "എങ്കിലും" "ഒഴിച്ച്"
      (2) *ഡെ (δε)* - "but", "however", "yet", "on the other hand" "എന്നാൽ," "എന്നിരുന്നാലും," "എന്നിട്ടും," "നേരെ മറിച്ച്"
      (3) *കായി (και)* - "but" "എന്നാൽ"
      (4) *മെന്റോയി (μεντοι), ഔൻ (ουν)* - "however" "എന്നിരുന്നാലും"
      (5) *പ്ലീൻ (πλην)* - "never-the-less" "എന്നിരുന്നാലും" (അധികവും ലൂക്കൊസിൽ)
      (6) *ഔൻ (ουν)* - "however" "എന്നിരുന്നാലും"
   f. താരതമ്യം
      (1) *ഹോസ് (ὁς), കാത്തോസ് (καθος)* (താരതമ്യ വാക്യവിഭാഗത്തെ അവതരിപ്പിക്കുന്നു)
      (2) *കാറ്റാ (κατα),* (സംയുക്തങ്ങൾ *കാത്തോ (καθο), കാത്തോറ്റി (καθοτι), കാത്തോസ്പർ (καθοσπερ), കാത്താപെർ (καθαπερ)*
      (3) *ഹോസോസ് (ὁσος)* - എബ്രായ ലേഖനത്തിൽ
      (4) *ഈ (η)* - "than" "അതിനെക്കാളും"
   g. തുടരുന്നത് അഥവാ പരമ്പര
      (1) *ഡെ (δε)* - "and," "now" "ഉം," "ഇനി"
      (2) *കായി (και)* - "and" "ഉം"
      (3) *റ്റെയി (τει)* - "and" "ഉം"
      (4) *ഹിനാ (ἱνα), ഔൻ (ουν)* - "that" "അത്"
      (5) *ഔൻ (ουν)* - "then" "ഉടനെ" "അനന്തരം" - യോഹന്നാനിൽ

3. ഊന്നൽ പ്രയോഗങ്ങൾ
   a. *അല്ലാ (αλλα)* - "certainty," "yea," "in fact" "തീർച്ച," "അതേ," "വാസ്തവം"
   b. *അറാ (αρα)* - "indeed," "certainly," "really" "തീർച്ചയായും," "നിശ്ചയമായും" "വാസ്തവ ത്തിൽ"
   c. *ഗാർ (γαρ)* - "but really," "certainly," "indeed" "എന്നാൽ വാസ്തവമായി,""തീർച്ചയായും," "നിശ്ചയമായും"
   d. *ഡെ (δε)* - "indeed" "നിശ്ചയമായും"

e. *ഇയാൻ (εαν)* - "even" "പോലും"
f. *കായി (και)* - "even" "indeed," "really" "പോലും," "തീർച്ചയായും," "യഥാർത്ഥമായി"
g. *മെന്റോയി (μεντοι)* - "indeed" "തീർച്ചയായും"
h. *ഔൻ (ουν)* - "really," "by all means" "തീർച്ചയായും," "എല്ലാവിധത്തിലും"

VII. സോപാധിക വാചകങ്ങൾ

A. ഒന്നോ അധിലധികമോ ഉപാധികൾ അടങ്ങിയവയാണ് സോപാധിക വാചകം. ഈ വ്യാകരണ ഘടന വ്യാഖ്യാനത്തെ സഹായിക്കുന്നു, കാരണം അത് പ്രധാന ക്രിയ ചെയ്യുന്ന അഥവാ ചെയ്യാത്ത പ്രവൃത്തിയുടെ വ്യവസ്ഥകളും, കാരണങ്ങളും അഥവാ ഹേതുക്കളും നല്കുന്നു. നാലു തരത്തിലുള്ള സോപാധിക വാചകങ്ങളുണ്ട്. എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യം എന്നനുമാനിക്കുന്ന കാര്യം, അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തെ പിന്തുണയ്ക്കുന്നതു മുതൽ കേവലം ഒരു ആഗ്രഹം വരെയുള്ളവ അതിലുൾപ്പെടുന്നു.

B. ഒന്നാംതരം സോപാധിക വാചകം "എങ്കിൽ" എന്ന പദത്തോടുകൂടിയായാൽ പോലും വെളിപ്പെടുത്തപ്പെട്ട പ്രവൃത്തി അല്ലെങ്കിൽ എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമെന്നനുമാനിക്കുന്ന കാര്യം അല്ലെങ്കിൽ അവന്റെ രചനാപരമായ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളത് ഉൾപ്പെടുന്നു. നിരവധി സന്ദർഭങ്ങളിൽ അത് "അതിനാൽ," "എങ്കിൽ," "ആയതിനാൽ" എന്ന അർത്ഥത്തിൽ (ഒ.നോ. മത്താ. 4:3; റോമ. 8:31) എന്നു തർജ്ജമ ചെയ്യാൻ കഴിയും. എന്നിരുന്നാലും എല്ലാ ഒന്നാംതരം സോപാധിക വാചകങ്ങളും യാഥാർത്ഥ്യത്തിനു നിരക്കുന്നതാണെന്നു ഇത് അർത്ഥമാക്കുന്നില്ല. പലപ്പോഴും ഇത് ഒരു വാദപ്രതിവാദത്തിലെ വിഷയം ഉന്നയിക്കുന്നതിനോ അല്ലെങ്കിൽ ഒരു തെറ്റ് ചൂണ്ടിക്കാണിക്കുന്നതിനോ ഉപയോഗിക്കാറുണ്ട് (ഒ.നോ. മത്താ. 12:27).

C. രണ്ടാംതരം സോപാധിക വാചകത്തെ മിക്കപ്പോഴും "വസ്തുതാ വിരുദ്ധം" എന്നു വിളിക്കാറുണ്ട്. ഒരു വിഷയം സ്ഥാപിക്കുന്നതിനുവേണ്ടി യാഥാർത്ഥ്യത്തോടു പൊരുത്തപ്പെടാത്ത ഒന്നിനെ അതു പ്രസ്താവിക്കുന്നു. ഉദാഹരണങ്ങൾ:

1. ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ, അവൻ അതല്ല, തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും അറിയുമായിരുന്നു, അതവൻ അറിഞ്ഞില്ല" (ലൂക്കൊ. 7:39)
2. "നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ, അതു നിങ്ങൾ ചെയ്യുന്നില്ല, എന്നെയും വിശ്വസിക്കുമായിരുന്നു, അതു നിങ്ങൾ ചെയ്യുന്നില്ല" (യോഹ. 5:46)
3. "ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ, അതു ഞാൻ ചെയ്യുന്നില്ല, ഞാൻ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല, അതു ഞാൻ ആകുന്നു" (ഗലാ. 1:10)

D. മൂന്നാംതരം സോപാധിക വാചകം സാധ്യമായ ഭാവിപ്രവൃത്തിയെ സൂചിപ്പിക്കുന്നു. ആ പ്രവൃത്തിയുടെ സംഭവ്യതയാണ് അതനുമാനിക്കുന്നത്. സംഭവിക്കാനിടയുള്ള ഒന്നിനെ അതു സൂചിപ്പിക്കുന്നു. "എങ്കിൽ" വകുപ്പനുസരിച്ച് പ്രധാന ക്രിയയുടെ പ്രവൃത്തി സംഭവ്യതയുള്ളതാണ്. 1 യോഹന്നാനിൽ നിന്നുള്ള ഉദാഹരണങ്ങൾ: 1:6–10; 2:4,6,9,15,20,21,24,29; 3:21; 4:20; 5:14,16).

E. നാലാംതരം സോപാധിക വാചകം വിദൂര സാദ്ധ്യത മാത്രമുള്ളതാണ്. പുതിയനിയമത്തിൽ അത് അപൂർവ്വമാണ്. വാസ്തവത്തിൽ ഉപാധികളുടെ രണ്ടു ഭാഗങ്ങളും നിർവചനത്തിനു യോജിക്കുന്ന വിധത്തിലുള്ള പൂർണ്ണമായ ഒരു നാലാംതരം സോപാധിക വാചകം ഇല്ല എന്നു തന്നെ പറയാം. ഭാഗികമായ നാലാംതരത്തിന്റെ ഒരു ഉദാഹരണം 1 പത്രൊ. 3:14 ന്റെ പ്രാരംഭ ഭാഗമാണ്. സമാപനഭാഗത്തെ ഭാഗിക നാലാംതരം സോപാധിക വാചകം പ്രവൃ. 8:31 ലും കാണാം.

VIII. നിരോധനങ്ങൾ

A. *മി (μη)* ഘടകം ചേർന്ന വർത്തമാനകാല കല്പന പലപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്ന ഊന്നൽ നല്കുന്നവയാണ്. ചില ഉദാഹരണങ്ങൾ: "ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത് (സ്വരൂപിക്കുന്നതു നിർത്തുക)" (മത്താ. 6:19); "വിചാരപ്പെടരുത് (വിചാരപ്പെടുന്നത് നിർത്തുക)" (മത്താ. 6:25); "നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കരുത് (സമർപ്പിക്കുന്നത് നിർത്തുക)" (റോമ. 6:13); "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത് (ദുഃഖിപ്പിക്കുന്നത് നിർത്തുക)" (എഫെ. 4:30); "വീഞ്ഞു കുടിച്ചു മത്തരാകരുത് (മത്തരാകുന്നത് നിർത്തുക)" (എഫെ. 5:18).

B. *മി (μη)* ഘടകം ചേർന്ന ഭൂതകാല അനുബന്ധത്തിന് ഒരു പ്രവൃത്തി "തുടങ്ങുകപോലും അരുത് അഥവാ ആരംഭിക്കരുത്" എന്ന ഊന്നലാണുള്ളത്. ചില ഉദാഹരണങ്ങൾ: "എന്നു നിരൂപീകരിക്കരുത് (നിരൂപിക്കാൻ ആരംഭിക്കപോലും അരുത്)" (മത്താ. 5:17); "നിങ്ങൾ വിചാരപ്പെടരുത് (വിചാരപ്പെടാൻ ആരംഭിക്കപോലുമരുത്)" (മത്താ. 6:31); "ലജ്ജിക്കാതെ (നീ ഒരിക്കലും ലജ്ജിക്കരുത്)" (2 തിമൊ. 1:18).

C. അനുബന്ധ ക്രിയാരൂപം ചേർന്ന ഇരട്ട നിഷേധം, വളരെ ശക്തമായ നിഷേധമാണ്. "ഇല്ല ഒരിക്കലു

മില്ല" അല്ലെങ്കിൽ "ഒരു സാഹചര്യത്തിലും ഇല്ല." ചില ഉദാഹരണങ്ങൾ: "ഒരുനാളും മരണം കാൺക യില്ല (അവൻ ഒരുനാളും, ഒരുനാളും മരണം കാൺകയില്ല)" (യോഹ. 8:15); "ഞാൻ ഒരുനാളും (ഞാൻ ഒരുനാളും ഇല്ല, ഇല്ല ഒരുനാളുമില്ല)" (1 കൊരി. 8:13).

IX. വിവേചകഭേദകം (Article)

A. കൊയ്നേ ഗ്രീക്കിൽ "the" എന്ന definite article ന് ഇംഗ്ലീഷിലേതിനു സമാനമായ ഉപയോഗമാണുള്ള ത്. ഒരു കൈചൂണ്ടിയുടെ അടിസ്ഥാന ധർമ്മമാണിതിനുള്ളത്: ഒരു വാക്ക്, നാമം, അഥവാ പ്രയോഗം എന്നിവയിലേക്ക് ശ്രദ്ധ ക്ഷണിക്കുക. പുതിയനിയമത്തിൽ ഓരോ എഴുത്തുകാരനും വ്യത്യസ്ത നിലക ളിലാണിതുപയോഗിക്കുന്നത്. Definite article താഴെപ്പറയുന്ന രീതിയിലും പ്രവർത്തിക്കും.

1. സൂചക സർവ്വനാമം പോലെ താരതമ്യത്തിനുള്ള ഉപാധിയായി
2. മുമ്പ് പരിചയപ്പെടുത്തിയ കർത്താവ് അഥവാ വ്യക്തിയെ സൂചിപ്പിക്കുന്നതിനുള്ള അടയാളമായി
3. ബന്ധപ്പെടുത്തുന്ന ക്രിയ ഉപയോഗിച്ച് ഒരു വാചകത്തിലെ കർത്താവിനെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗമായി. ഉദാ. "ദൈവം ആത്മാവാകുന്നു" (യോഹ. 4:24); "ദൈവം വെളിച്ചമാകുന്നു" (1 യോഹ. 1:5); "ദൈവം സ്നേഹം തന്നെ" (4:18,16).

B. ഇംഗ്ലീഷിലെ "a" "an" എന്നതിനു സമാനമായി കൊയ്നേ ഗ്രീക്കിൽ indefinite article ഇല്ല. Definite article ന്റെ അഭാവം സൂചിപ്പിക്കുന്നത്

1. ഒന്നിന്റെ സവിശേഷത അഥവാ ഗുണത്തിൽ ശ്രദ്ധയൂന്നുന്നു
2. ഒന്നിന്റെ വിഭാഗത്തിൽ ശ്രദ്ധയൂന്നുന്നു

C. വിവേചക ഭേദകം ഉപയോഗിക്കുന്ന കാര്യത്തിൽ പുതിയ നിയമ എഴുത്തുകാർ വിഭിന്നരാണ്.

X. ഗ്രീക്കു പുതിയനിയമത്തിൽ ഊന്നൽ നല്കുന്നതിനുപയോഗിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ

A. പുതിയ നിയമത്തിൽ ഊന്നൽ നൽകുന്നതിനുപയോഗിച്ചിരിക്കുന്ന ടെക്നിക്കുകൾക്ക് എഴുത്തുകാർക്ക നുസരിച്ച് വ്യത്യാസമുണ്ട്. ഏറ്റവും സ്ഥിരതയുള്ളതും ഔപചാരികവുമായ എഴുത്തുകാർ ലൂക്കൊസും എബ്രായലേഖനകാരനുമാണ്.

B. ഭൂതകാല കർത്തരി സൂചകമാണ് ഊന്നലിനുള്ള സാധാരണം രീതിയെന്നും മറ്റേതൊരു കാലവും പ്രയോ ഗവും ക്രിയാരൂപവും വ്യാഖ്യാന പ്രാധാന്യമുള്ളതാണെന്നും നാം മുമ്പു പറഞ്ഞിരുന്നു. ഇതിനർത്ഥം ഭൂതകാല കർത്തരി സൂചകം സുപ്രധാന വ്യാകരണ അർത്ഥത്തിൽ കൂടെക്കൂടെ ഉപയോഗിച്ചിട്ടില്ല എന്ന ല്ല (ഉദാ. റോമ. 6:10 [2 പ്രാവശ്യം]).

C. കൊയ്നേ ഗ്രീക്കിലെ പദക്രമം

1. ഇംഗ്ലീഷിനെപ്പോലെ വാക്കുകളുടെ ക്രമത്തിൽ ആശ്രയിക്കാൻ കഴിയാത്ത ഒരു വക്രഭാഷയാണ് കൊയ്നേ ഗ്രീക്ക്. അതിനാൽ എഴുത്തുകാരന് പ്രതീക്ഷിക്കുന്ന സാധാരണ പദക്രമത്തെ മാറ്റാൻ കഴിയും. ഇത് ചെയ്യുന്നത്
   a. വായനക്കാരന്റെ മുമ്പിൽ താൻ ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നതെന്താണെന്നു എഴുത്തുകാ രന് വെളിപ്പെടുത്താൻ
   b. വായനക്കാരനെ വിസ്മയിപ്പിക്കുമെന്നു എഴുത്തുകാരൻ ചിന്തിക്കുന്നതെന്താണെന്നു വെളിപ്പെ ടുത്താൻ
   c. എഴുത്തുകാരനെ ആഴമായി സ്പർശിച്ചതെന്തെന്നു വെളിപ്പെടുത്താൻ
2. ഗ്രീക്കിലെ സാധാരണ പദക്രമം ഇപ്പോഴും പരിഹരിക്കാത്ത വിഷയമാണ്. എന്നിരുന്നാലും പ്രതീ ക്ഷിക്കാവുന്ന പദക്രമം:
   a. ബന്ധിപ്പിക്കുന്ന ക്രിയകൾക്ക്
      (1) ക്രിയ
      (2) കർത്താവ്
      (3) പൂരകം
   b. സകർമ്മക ക്രിയകൾക്ക്
      (1) ക്രിയ
      (2) കർത്താവ്
      (3) കർമ്മം
      (4) പരോക്ഷ കർമ്മം
      (5) ഉപസർഗക പ്രയോഗം
   c. നാമ പ്രയോഗങ്ങൾക്ക്
      (1) നാമം
      (2) അലങ്കാരം
      (3) ഉപസർഗക പ്രയോഗം

3. പദക്രമം അതിപ്രധാന വ്യാഖ്യാന വിഷയമാകാം. ഉദാഹരണത്തിന്
   a. "അവർ എനിക്കും ബർന്നബാസിനും കൂട്ടയ്മയുടെ വലംകരം തന്നു" (വലംകരം അവർ എനിക്കും ബർന്നബാസിനും തന്നു, കൂട്ടായ്മയുടെ – "കൂട്ടായ്മയുടെ വലങ്കരം" എന്ന പ്രയോഗം അതിന്റെ പ്രധാന്യം കാണിക്കുന്നതിനായി വിഭജിച്ചു (ഗലാ. 2:9).
   b. "ക്രിസ്തുവിനോടുകൂടെ" ആദ്യം കൊടുത്തിരിക്കുന്നു. അവന്റെ മരണം മധ്യത്തിലായി (ഗലാ. 2:20).
   c. "ഭാഗംഭാഗമായും വിവിധമായും" (എബ്രാ. 1:11) എന്നത് ആദ്യം കൊടുത്തിരിക്കുന്നു. അങ്ങനെയാണു ദൈവം തന്നെത്താൻ വെളിപ്പെടുത്തിയത്, അതു താരതമ്യപ്പെടുത്തിയിരിക്കുന്നു എന്നല്ലാതെ അതു വെളിപ്പാടിന്റെ വസ്തുതയല്ല.

D. സാധാരണയായി താഴെപ്പറയുന്ന രീതിയിൽ ഒരളവു വരെ ഊന്നൽ സാധ്യമാണ്:
   1. ക്രിയയുടെ വക്രരൂപത്തിൽ ഇതിനോടകം തന്നെ ഉൾപ്പെട്ടിട്ടുള്ള സർവ്വനാമത്തിന്റെ ആവർത്തനത്തിലൂടെ. ഉദാ. "ഞാൻ, ഞാൻ തന്നേ, ... നിങ്ങളോടുകൂടെ ഉണ്ട്" (മത്താ. 28:20)
   2. പ്രതീക്ഷിക്കുന്ന സമുച്ചയ പദത്തിന്റെ അല്ലെങ്കിൽ വാക്കുകൾ, പ്രയോഗങ്ങൾ, ഉപവാകൃങ്ങൾ അഥവാ വാചകങ്ങൾ എന്നിവയ്ക്കിടയിലുള്ള മറ്റു സംയോജകങ്ങളുടെ അഭാവത്തിലൂടെ. ഇതിനെ asyndeton ('അതിരില്ല') എന്നു വിളിക്കുന്നു. സംയോജക വസ്തു പ്രതീക്ഷിക്കുന്നിടത്ത് അതിന്റെ അഭാവം ശ്രദ്ധയാകർഷിക്കുന്നു. ഉദാഹരണങ്ങൾ:
      a. ഭാഗ്യവർണ്ണനകൾ, മത്താ. 5:3 ൽ (പട്ടികയ്ക്ക് ഊന്നൽ)
      b. യോഹ. 14:1 (പുതിയ വിഷയം)
      c. റോമർ 9:1 (പുതിയ ഭാഗം)
      d. 2 കൊരി. 12:20 (പട്ടികയ്ക്ക് ഊന്നൽ)
   3. നല്കപ്പെട്ട സന്ദർഭത്തിലൂടെ വാക്കുകളുടെയോ പ്രയോഗങ്ങളുടെയോ ആവർത്തനം. ഉദാ. "തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ചയ്ക്കായി" (എഫെ. 1:6, 12&14). ത്രിത്വത്തിലെ ഓരോ ആളത്വങ്ങളുടെയും പ്രവൃത്തി വെളിപ്പെടുത്തുന്നിനു ഈ പ്രയോഗം ഉപയോഗിച്ചിരിക്കുന്നു.
   4. പദങ്ങൾക്കിടയിലുള്ള ശൈലി അഥവാ ദ്വയാർത്ഥ പ്രയോഗം (ശബ്ദം)
      a. മൃദുക്തി (euphemisms) വിലക്കപ്പെട്ട വിഷയങ്ങൾക്ക് പകരം പദങ്ങൾ ഉദാ. മരണത്തിനു "നിദ്ര" (യോഹ. 11:11–14) അല്ലെങ്കിൽ പുരുഷന്റെ അരക്കെട്ടിന് "കാൽ" (രൂത്ത് 3:7–8; 1 ശമൂ. 24:3)
      b. വക്രോക്തി (circumlocutions) – ദൈവിക നാമത്തിന് പകരം പദങ്ങൾ, അതാ. "സ്വർഗ്ഗരാജ്യം" (മത്താ. 3:21) അല്ലെങ്കിൽ "സ്വർഗ്ഗത്തിൽ നിന്നൊരു ശബ്ദം" (മത്താ. 3:17).
      c. വാക്യാലങ്കാരം (fingurs of speech)
         (1) അസാദ്ധ്യ അതിശയോക്തി (മത്താ. 3:9; 5:29–39; 19:24)
         (2) ലഘുവായ അത്യുക്തി (മത്താ. 3:5; പ്രവൃ. 2:36)
         (3) മനുഷ്യരൂപാരോപണം (1 കൊരി. 15:55)
         (4) വൈരുദ്ധ്യം (ഗലാ. 5:12)
         (5) കാവ്യഭാഗങ്ങൾ (ഫിലി. 2:6–11)
         (6) വാക്കുകൾ തമ്മിലുള്ള ഉച്ചാരണ വ്യത്യാസം
            (a) "സഭ"
               (i) "സഭ" (എഫെ. 3:21)
               (ii) "വിളി" (എഫെ. 4:1,4)
               (iii) "വിളിക്കപ്പെട്ട" (എഫെ. 4:1,4)
            (b) "സ്വതന്ത്ര"
               (i) "സ്വതന്ത്ര സ്ത്രീ" (ഗലാ. 4:31)
               (ii) "സ്വാതന്ത്ര്യം" (ഗലാ. 5:1)
               (iii) "സ്വതന്ത്ര" (ഗലാ. 5:1)
      d. "ഭാഷാ ശൈലി – സംസ്ക്കാരത്തിനും ഭാഷയ്ക്കും തനതായുള്ളവ
         (1) "ഭക്ഷണ"ത്തിന്റെ ആലങ്കിരക പ്രയോഗം (യോഹ. 4:31–34)
         (2) "ആലയ"ത്തിന്റെ ആലങ്കാരിക പ്രയോഗം (യോഹ. 2:19; മത്താ. 26:61)
         (3) സഹാനുഭൂതിയുടെ എബ്രായശൈലി "അനിഷ്ടം" (ഉല്പ. 29:31; ആവ. 21:5; ലൂക്കൊ. 14:36; യോഹ. 12:25; റോമ. 9:31).
         (4) "എല്ലാവരും" വിപരീതം "പലർ." യെശ. 53:6 (എല്ലാവരും) 53:11 (പലർ) എന്നതുമായി താരതമ്യപ്പെടുത്തുക. റോമ. 5:18,19 കാണിക്കുന്നതുപോലെ ഇവ പര്യായപദങ്ങളാണ്.
   5. ഒരു പദത്തിനു പകരം ഒരു പൂർണ്ണ ഭാഷാപ്രയോഗത്തിന്റെ ഉപയോഗം. ഉദാ. "കർത്താവായ യേശു ക്രിസ്തു"
   6. *ഔട്ടോസ് (αυτος)* ന്റെ പ്രത്യേക ഉപയോഗം
      a. വിവേചകഭേദകം ഒപ്പം വരുമ്പോൾ അത് "same" എന്നു പരിഭാഷപ്പെടുത്താം

b. വിവേചക ഭേദകം ഇല്ലാതെ അത് Reflective pronoun ആകും. "himself" "herself"

D. ഗ്രീക്ക് വായിക്കാൻ കഴിയാത്ത ബൈബിൾ വിദ്യാർത്ഥികൾക്ക് ഊന്നൽ വിവിധ നിലകളിൽ ഗ്രഹിക്കാം

1. ഒരു *അനലറ്റിക്കൽ ലെക്സിക്കൺ* അല്ലെങ്കിൽ *ഇന്റർലീനിയർ ഗ്രീക്ക്/ഇംഗ്ലീഷ് ബൈബിൾ*
2. ഇംഗ്ലീഷ് പരിഭാഷകളുടെ താരതമ്യം. ഉദാ. പദാനുപദ തർജ്ജമകളെ (KJV, NKJV, ASV, NASB, RSV, NRSV) "ഡൈനാമിക് ഇക്വലന്റ്" (ആശയപരമായ തർജ്ജമ) മായി (Williams, NIV, NEB, REB, JB, NJB, TEV) താരതമ്യപ്പെടുത്തുക. ബേക്കർ പ്രസിദ്ധീകരിച്ച *ദ ബൈബിൾ ഇൻ ട്വന്റി സിക്സ് ട്രാൻസ്ലേഷൻസ്* സഹായകരമാണ്.
3. ജോസഫ് ബ്രയന്റ് റോഥർഹാമിന്റെ *ദ എംഫസൈസ്ഡ് ബൈബിൾ*
4. ആക്ഷരിക വ്യാഖ്യാനത്തിന്റെ ഉപയോഗം
   a. *The American Standard Version* of 1901
   b. *Young's Literal Translation of the Bible* by Robert Young (Guardian Press, 1976)

ഗ്രാമർ പഠനം മുഷിപ്പനും ശ്രമകരവുമാണെങ്കിലും ശരിയായ വ്യാഖ്യാനത്തിന് അനിവാര്യമാണ്. ഈ ഹ്രസ്വ നിർവ്വചനങ്ങളും അഭിപ്രായങ്ങളും ഉദാഹരണങ്ങളും ഗ്രീക്കു വായിക്കാത്ത വ്യക്തികൾക്ക് ഈ വാല്യത്തിൽ കൊടുത്തിരിക്കുന്ന വ്യാകരണക്കുറിപ്പുകൾ മനസ്സിലാക്കുന്നതിന് സഹായമെന്ന നിലയിലാണ് ചേർത്തിരിക്കുന്നത്. തീർച്ചയായും ഈ നിർവ്വചനങ്ങൾ അതീവ ലളിതമാണ്. അവയെ ഒരിക്കലും കടുംപിടുത്തമായ, വഴക്കമില്ലാത്ത നിലയിൽ ഉപയോഗിക്കരുത്, മറിച്ച് പുതിയനിയമ പദവ്യത്യാസങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിനുള്ള ഒരു ചവിട്ടുപടി മാത്രമാണത്. പുതിയ നിയമത്തിന്റെ സാങ്കേതിക വ്യാഖ്യാനങ്ങൾ പോലെയുള്ള പഠനസഹായികളിലെ വിശദീകരണങ്ങൾ മനസ്സിലാക്കുന്നതിനും ഈ നിർവ്വചനങ്ങൾ വായനക്കാരെ സഹായിക്കുമെന്നു ആശിക്കുന്നു.

വേദപുസ്തകത്തിൽ നല്കപ്പെട്ടിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണു നമ്മുടെ വ്യാഖ്യാനം എന്നു വിലയിരുത്താൻ നമുക്ക് കഴിയണം. ഇത്തരം കാര്യങ്ങളിൽ ഏറ്റവും സഹായകരമായതാണ് വ്യാകരണം. മറ്റു കാര്യങ്ങൾ ചരിത്ര പശ്ചാത്തലം, സാഹിത്യ സാഹചര്യം, സമകാലിക പദപ്രയോഗം, സമാന്തര വേദഭാഗങ്ങൾ എന്നിവയാണ്.

# അനുബന്ധം രണ്ട്

## പാഠ നിരൂപണം (Textual Criticism)

ഈ വാക്യത്തിൽ കാണുന്ന വേദഭാഗ വിശദീകരണങ്ങളെ വിശദീകരിക്കുന്ന നിലയിലാണ് ഈ വിഷയം ഇവിടെ കൈകാര്യം ചെയ്യുന്നത്. അതിനായി താഴെപ്പറയുന്ന രൂപരേഖ ഉപയോഗിക്കാം.

I. ഇംഗ്ലീഷ് ബൈബിളിന്റെ പാഠ സ്രോതസ്സുകൾ
   A. പഴയനിയമം
   B. പുതിയനിയമം

II. "പാഠനിരൂപണം" അഥവാ "lower criticism" ത്തിന്റെ പ്രശ്നങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ഹ്രസ്വ വിശദീകരണം

III. കൂടുതൽ വായനയ്ക്കുള്ള പഠനസഹായികൾ

I. ഇംഗ്ലീഷ് ബൈബിളിന്റെ സ്രോതസ്സുകൾ

A. പഴയനിയമം

1. മസോറെറ്റിക് പതിപ്പ് (MT) – എബ്രായ വ്യഞ്ജനാക്ഷര പതിപ്പ്. എ.ഡി. 100 ൽ റബ്ബി അകിബാ ആണ് ക്രമീകരിച്ചത്. സ്വരാക്ഷരങ്ങൾ, ഉച്ചാരണങ്ങൾ, മാർജിൻ കുറിപ്പുകൾ, ചിഹ്നങ്ങൾ എന്നിവ എ.ഡി. 6-ാം നൂറ്റാണ്ടിൽ കൂട്ടിച്ചേർക്കുവാനാരംഭിക്കുകയും ഒമ്പതാം നൂറ്റാണ്ടിൽ പൂർത്തിയാക്കുകയും ചെയ്തു. മസോറെറ്റുകൾ എന്നറിയപ്പെടുന്ന യെഹൂദ പണ്ഡിത കുടുംബമാണതു നിർവ്വഹിച്ചത്. അവർ ഉപയോഗിച്ച പാഠ രൂപം മിഷ്നാ, തൽമൂദ്, തർഗും, പെഷീത്ത, വൾഗേറ്റ് എന്നിവയിലുണ്ടായിരുന്നവ തന്നെയാണ്.
2. സെപ്റ്റ്വജിന്റ് (LXX) – ടോളമി രണ്ടാമൻ (285–246 ബി.സി.) രാജാവിന്റെ സഹായത്തോടെ അലക്സാണ്ട്രിയ ലൈബ്രറിക്കുവേണ്ടി എഴുപത് യെഹൂദ പണ്ഡിതന്മാർ 70 ദിവസം കൊണ്ടു തയ്യാറാക്കിയതാണ് സെപ്റ്റ്വജിന്റ് എന്ന് പാരമ്പര്യം പറയുന്നു. അലക്സാണ്ട്രിയയിൽ പാർത്തിരുന്ന ഒരു യെഹൂദാ നേതാവിന്റെ അപേക്ഷപ്രകാരമായിരുന്നു ഇത്. "അരിസ്റ്റിയാസിന്റെ ലേഖന"ത്തിൽ നിന്നാണ് ഈ പാരമ്പര്യം വന്നിട്ടുള്ളത്. "സെപ്റ്റ്വജിന്റ്" മിക്കപ്പോഴും റബ്ബി അകിബായുടെ (MT) പതിപ്പിൽ നിന്നും വ്യത്യസ്തമായ എബ്രായ പാഠം ഉപയോഗിക്കുന്നുണ്ട്.
3. ചാവുകടൽ ചുരുളുകൾ (DSS) – റോമൻ ബി.സി. കാലഘട്ടത്തിൽ (ബി.സി. 200–എ.ഡി. 70) "എസ്സേന്യർ" എന്നറിയപ്പെട്ടിരുന്ന യെഹൂദ വേർപാടു സമൂഹമാണ് ചാവുകടൽ ചുരുളുകൾ എഴുതിയത്. ചാവുകടലിനു ചുറ്റുമുള്ള നിരവധി സ്ഥലങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള എബ്രായ കയ്യെഴുത്തു പ്രതികൾ മസോറെറ്റിക് പതിപ്പിൽ നിന്നും സെപ്റ്റ്വജിന്റിൽ നിന്നും വ്യത്യസ്തമായ എബ്രായ പതിപ്പ് കുടുംബത്തിൽ പെട്ടവയാണ്.
4. ഈ പതിപ്പുകളുടെ താരതമ്യം എങ്ങനെയാണ് പഴയനിയമം മനസ്സിലാക്കാൻ വ്യാഖ്യാതാക്കളെ സഹായിക്കുന്നത് എന്നതിന് ചില ഉദാഹരണങ്ങൾ.
   a. MT മനസ്സിലാക്കാൻ പരിഭാഷകരെയും പണ്ഡിതന്മാരെയും LXX സഹായിച്ചിട്ടുണ്ട്.
      (1) യെശ. 52:14 LXX ൽ "അനേരും അവനെ കണ്ട് അത്ഭുതപ്പെടും"
      (2) യെശ. 52:14 MT ൽ "അനേകരും നിന്നിൽ അത്ഭുതപ്പെട്ടു"
      (3) യെശ. 52:15 ൽ LXX ലെ സർവ്വനാമ വ്യത്യാസം സ്ഥിരീകരിക്കുന്നു
         (a) LXX "അങ്ങനെ അനേകജാതികളും അവനെ കണ്ട് അത്ഭുതപ്പെട്ടു"
         (b) MT "അവൻ പല ജാതികളെയും കുതിച്ചു ചാടുമാറാക്കും"
   b. MT മനസ്സിലാക്കാൻ പരിഭാഷകരെയും പണ്ഡിതന്മാരെയും DSS സഹായിച്ചിട്ടുണ്ട്
      (1) യെശ. 21:8 DSS ൽ "ദർശകൻ നിലവിളിച്ചു, ഒരു കാവൽ ഗോപുരത്തിൽ ഞാൻ നില്ക്കുന്നു..."
      (2) യെശ. 21:8 MT ൽ "ഞാൻ സിംഹം പോലെ അലറി, കർത്താവേ, ഞാൻ പകൽ ഇടവിടാതെ കാവൽഗോപുരത്തിൽ നില്ക്കുന്നു"
   c. യെശ. 53:11 മനസ്സിലാക്കാൻ LXX ഉം DSS ഉം സഹായിച്ചിട്ടുണ്ട്
      (1) LXX & DSS "അവന്റെ ആത്മാവിന്റെ പ്രസവവേദനയ്ക്കു ശേഷം അവൻ വെളിച്ചം കാണും, അവൻ തൃപ്തനാകും"
      (2) MT "അവൻ കാണും... അവന്റെ ആത്മാവിന്റെ പ്രസവവേദനയിൽ നിന്നു അവൻ തൃപ്തനാകും"

B. പുതിയ നിയമം

1. പുതിയനിയമത്തിന്റെ 5300 ലധികം പൂർണ്ണമായോ ഭാഗികമായോ ഉള്ള കയ്യെഴുത്തു പ്രതികൾ ലഭ്യമാണ്. ഏതാണ്ട് 85 എണ്ണം പാപ്പിറസിൽ എഴുതപ്പെട്ടവയും 268 എണ്ണം വലിയക്ഷരത്തിൽ (uncials) എഴുതപ്പെട്ടവയുമാണ്. പില്ക്കാലത്ത് എ.ഡി. 9–ാം നൂറ്റാണ്ടോടുകൂടി ചെറിയക്ഷരം (minuscule) രൂപപ്പെട്ടു. വട്ടെഴുത്തുരൂപത്തിലുള്ള ഗ്രീക്കു കയ്യെഴുത്തു പ്രതികളുടെ എണ്ണം ഏതാണ്ട്

2700 വരും. ലക്ഷണറികൾ എന്നു നാം വിളിക്കുന്ന, ആരാധനയിൽ ഉപയോഗിക്കുന്ന വേദഭാഗങ്ങളുടെ പട്ടിക രേഖപ്പെടുത്തിയ 2100 കോപ്പികൾ ലഭ്യമാണ്.

2. പുതിയ നിയമത്തിന്റെ ഭാഗങ്ങളടങ്ങിയ പാപ്പിറസിൽ എഴുതിയ 85 ഗ്രീക്കു കയ്യെഴുത്തു പ്രതികൾ മ്യൂസിയങ്ങളിലുണ്ട്. ചിലത് എ.ഡി. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ടവയാണ്. എന്നാൽ കൂടുതൽ എണ്ണവും എ.ഡി. 3-4 നൂറ്റാണ്ടുകളിലേതാണ്. ഇവയിലൊന്നും പുതിയ നിയമം പൂർണ്ണമായിട്ടില്ല. ഇവ പുതിയ നിയമത്തിന്റെ ആരംഭകാല കയ്യെഴുത്തു പ്രതികളായതുകൊണ്ട് അവയിൽ വളരെ ക്കുറച്ച് വ്യത്യാസങ്ങളെ ഉള്ളൂ എന്നർത്ഥമില്ല. ഇവയിൽ പലതും പ്രാദേശിക ഉപയോഗത്തിനുവേണ്ടി തിരക്കിട്ടു പകർത്തിയവയാണ്. ഈ പ്രക്രിയയിൽ വേണ്ടത്ര മുൻകരുതലെടുത്തിട്ടില്ല. അതിനാൽ അവയിൽ ധാരാളം വ്യത്യാസങ്ങളുണ്ട്.
3. എബ്രായ അക്ഷരം א (*ആലേഫ്*) ഉപയോഗിച്ച് സൂചിപ്പിക്കുന്ന അഥവാ (01) കോഡക്സ് സൈനയിറ്റിക്കസ് സീനായി പർവ്വതത്തിലെ സെന്റ് കാതറിൻ ആശ്രമത്തിൽ നിന്നും റ്റിഷൻഡോർഫ് കണ്ടെടുക്കുകയുണ്ടായി. 4-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട അതിൽ പഴയനിയമത്തിന്റെ സെപ്റ്റ്വജിന്റ് പതിപ്പും ഗ്രീക്കു പുതിയനിയമവും അടങ്ങിയിട്ടുണ്ട്. അത് "അലക്സാണ്ട്രിയൻ പതിപ്പ്" ഇനത്തിൽ പെട്ടതാണ്.
4. കോഡക്സ് അലക്സാണ്ട്രിനസ് - "A" അഥവാ (02) എന്നറിയപ്പെടുന്നു - ഈജിപ്റ്റിലെ അലക്സാണ്ട്രിയയിൽ നിന്നു കണ്ടെടുക്കപ്പെട്ട അഞ്ചാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഗ്രീക്കു കയ്യെഴുത്തു പ്രതിയാണത്.
5. കോഡക്സ് വത്തിക്കാനസ് - "B" അഥവാ (03) എന്നറിയപ്പെടുന്നു - റോമിലെ വത്തിക്കാൻ ലൈബ്രറിയിൽ നിന്നു കണ്ടെടുക്കപ്പെട്ടതും എ.ഡി. 4-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ എഴുതപ്പെട്ടതുമാണ്. ഇതിൽ പഴയനിയമത്തിന്റെ സെപ്റ്റ്വജിന്റ് പതിപ്പും ഗ്രീക്ക് പുതിയനിയമവും അടങ്ങിയിരിക്കുന്നു. ഇതും "അലക്സാണ്ട്രിയൻ" ഇനത്തിൽ പെട്ടതാണ്.
6. കോഡക്സ് എഫ്രയെമി - "C" അഥവാ (04) എന്നറിയപ്പെടുന്നു - അഞ്ചാം നൂറ്റാണ്ടിലെ ഗ്രീക്കു കയ്യെഴുത്തു പ്രതിയാണ്. ഇതിന്റെ പാതി നശിച്ചുപോയി.
7. കോഡക്സ് ബെസെ - "D" അഥവാ (05) - അഞ്ച് അഥവാ ആറാം നൂറ്റാണ്ടിലെ ഗ്രീക്ക് കയ്യെഴുത്തു പ്രതിയാണ്. "പാശ്ചാത്യ പതിപ്പ്" എന്നു വിളിക്കപ്പെടുന്നവയുടെ മുഖ്യ പ്രതിനിധിയാണിത്. ഇതിൽ വളരെയധികം കൂട്ടിച്ചേർക്കലുകൾ ഉണ്ട്; കിംഗ് ജെയിംസ് പരിഭാഷയിൽ പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത് ഇതാണ്.
8. പു.നി. കയ്യെഴുത്തുപ്രതികളെ ചില പ്രത്യേക സവിശേഷതകളുടെ അടിസ്ഥാനത്തിൽ മൂന്ന് അല്ലെങ്കിൽ നാല് കുടുംബങ്ങളായി വിഭജിക്കാൻ കഴിയും.
   a. ഈജിപ്റ്റിൽ നിന്നുള്ള അലക്സാണ്ട്രിയൻ പതിപ്പ്
      (1) $P^{75}$, $P^{66}$ (ഏതാണ്ട് എ.ഡി. 200), സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു
      (2) $P^{46}$ (ഏതാണ്ട് എ.ഡി. 225), പൗലൊസിന്റെ ലേഖനങ്ങൾ
      (3) $P^{72}$ (ഏതാണ്ട് എ.ഡി. 225-250) പത്രൊസിന്റെയും യൂദായുടെയും ലേഖനങ്ങൾ
      (4) കോഡക്സ് B, - വത്തിക്കാനസ് - (ഏതാണ്ട് എ.ഡി. 325) പഴയനിയമവും പുതിയനിയമവും
      (5) ഈ പാഠരൂപത്തിൽ നിന്നു ഒറിഗൺ ഉദ്ധരിച്ചിരിക്കുന്നു.
      (6) ഈ ബന്ധത്തിൽ പെട്ട കയ്യെഴുത്തു പ്രതികൾ א, C, L, W, 33
   b. ഉത്തരാഫ്രിക്കയിൽ നിന്നുള്ള പാശ്ചാത്യ പതിപ്പ്
      (1) ഉത്തരാഫ്രിക്കൻ സഭാപിതാക്കന്മാർ, തെർത്തുല്യർ, സൈപ്രിയൻ എന്നിവരുടെ ഉദ്ധരണികൾ, പഴയ ലാറ്റിൻ പരിഭാഷ
      (2) ഐറേനിയസിന്റെ ഉദ്ധരണികൾ
      (3) റ്റാഷ്യന്റെ ഉദ്ധരണികൾ, പഴയ സിറിയക് പരിഭാഷ
      (4) കോഡക്സ് D "ബസെ" ഈ ഇനത്തിൽ പെട്ടതാണ്
   c. കോൺസ്റ്റാന്റിനോപ്പിളിൽ നിന്നുള്ള പൗരസ്ത്യ ബൈസാന്റിയൻ പതിപ്പ്
      (1) 5300 കയ്യെഴുത്തു പ്രതികളിൽ 80% ലും ഈ പാഠരൂപം പ്രതിഫലിക്കുന്നു
      (2) സിറിയയിലെ അന്ത്യോക്കൻ സഭാപിതാക്കന്മാർ, കപ്പദോക്യൻ പിതാക്കന്മാർ, ക്രിസോസ്റ്റം, തിയോഡോറ്റ് എന്നിവർ ഉദ്ധരിച്ചിരിക്കുന്നു.
      (3) കോഡക്സ് A, സുവിശേഷങ്ങളിൽ മാത്രം
      (4) കോഡക്സ് E (8-ാം നൂറ്റാണ്ട്) പുതിയ നിയമം മുഴുവനും
   d. സാദ്ധ്യതയുള്ള നാലാമത്തെ ഇനം പലസ്തീനിൽ നിന്നുള്ള "കൈസര്യൻ" ആണ്
      (1) ഇത് പ്രാഥമികമായി മർക്കൊസിൽ മാത്രം കാണുന്നു
      (2) ഇതിന്റെ ചില സാക്ഷ്യങ്ങൾ $P^{45}$,W എന്നിവയാണ്

II. "ലോവർ ക്രിട്ടിസിസം" അഥവാ പാഠ നിരൂപണത്തിന്റെ പ്രശ്നങ്ങളും സിദ്ധാന്തങ്ങളും

A. എങ്ങനെയാണ് വ്യത്യാസങ്ങൾ സംഭവിച്ചത്

1. മനപൂർവ്വമല്ലാത്ത അഥവാ യാദൃശ്ചികമായ (കൂടുതൽ വ്യത്യാസങ്ങളും ഇങ്ങനെ സംഭവിച്ചവയാണ്)
   a. കൈക്കൊണ്ടു പകർത്തുമ്പോൾ സമാന പദങ്ങൾ ആവർത്തിക്കുന്നിടത്ത് രണ്ടാമത്തെ പദത്തിൽ കണ്ണ് പതിച്ച് ഇടയിലുള്ള വാക്കുകൾ അറിയാതെ വിട്ടുപോകുന്നത് (homoioteleuton)
      (1) ഇരട്ട അക്ഷരമുള്ള പദം അല്ലെങ്കിൽ പ്രയോഗം ഒഴിവാക്കത്തക്കവണ്ണം കണ്ണു പിഴയ്ക്കുന്നത് (haplography)
      (2) ഗ്രീക്കു പാഠത്തിലെ ഒരു പ്രയോഗം അഥവാ വരി ആവർത്തിക്കും വിധം മനസ്സ് പിഴയ്ക്കുന്നത് (dittography)
   b. കേട്ടെഴുതുന്ന സമയത്ത് അക്ഷരം തെറ്റുന്ന വിധം ചെവി പിഴയ്ക്കുന്നത് (itacism). ഗ്രീക്കിൽ തെറ്റായ സ്പെല്ലിംഗ് സൂചിപ്പിക്കുന്നത് സമാന ഉച്ചരണമുള്ള മറ്റൊരു വാക്കാണ്
   c. പുരാതന ഗ്രീക്കു പഠനത്തിൽ അദ്ധ്യായ വാക്യ വിഭജനങ്ങളോ; ചിഹ്നങ്ങളോ, വാക്കുകൾ തന്നിൽ വിഭജനങ്ങളോ ഇല്ലായിരുന്നു. വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത പദങ്ങൾ ഉളവാരകുമാറ് അക്ഷരങ്ങൾ വിഭജിക്കാൻ സാധ്യയുണ്ടായിരുന്നു.
2. മനപ്പൂർവ്വമുള്ളവ
   a. പകർത്തുന്ന പാഠത്തിന്റെ വ്യാകരണ രൂപം മെച്ചപ്പെടുത്തുന്നനായി പാഠങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നത്
   b. മറ്റു വേദഭാഗങ്ങളുമായി പൊരുത്തപ്പെടുത്തുന്നതിനായി പാഠത്തിൽ മാറ്റങ്ങൾ വരുത്തുന്നത് (സമാന്തരങ്ങളുടെ പൊരുത്തപ്പെടുത്തൽ)
   c. രണ്ടോ അതിലധികമോ വ്യത്യസ്തഭാഗങ്ങളെ ഒരൊറ്റ ദൈർഘ്യമുള്ള സംയുക്ത പാഠമാക്കിക്കൊണ്ടു മാറ്റങ്ങൾ വരുത്തുന്നത് (conflation)
   d. പാഠത്തിലെ ഒരു പ്രശ്നം പരിഹരിക്കുന്നതിനായി മാറ്റങ്ങൾ വരുത്തുന്നത് (ഒ.നോ. 1 കൊരി. 11:27; 1 യോഹ. 5:7–8).
   e. പാഠത്തിന്റെ ചരിത്ര പശ്ചാത്തലം അഥവാ ശരിയായ വ്യാഖ്യാനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഒരെഴുത്തുകാരൻ മാർജ്ജിനിൽ രേഖപ്പെടുത്തുകയും രണ്ടാം പകർപ്പെഴുത്തുകാരൻ അവയെ പാഠഭാഗത്തുതന്നെ ചേർക്കുകയും ചെയ്യുന്നത് (ഒ.നോ. യോഹ. 5:4)

B. പാഠ നിരൂപണത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ (വ്യത്യാസങ്ങൾ നിലനില്ക്കുന്നിടത്ത് ഒരു ഭാഗത്തിന്റെ മൂലപാഠം നിർണ്ണയിക്കുന്നതിനുള്ള യുക്തിപരമായ മാർഗ്ഗരേഖകൾ)
1. ഏറ്റവും വിചിത്രവും അല്ലെങ്കിൽ വ്യാകരണപരമായി അസാധാരണവുമായ പാഠഭാഗമാണ് മൂലഗ്രന്ഥത്തിലേത്
2. ഏറ്റവും ഹ്യസ്വമായ പാഠഭാഗമാണ് മൂലകൃതി
3. പുരാതന പാഠഭാഗത്തിന്, അതിന്റെ മൂലഗ്രന്ഥത്തോടുള്ള ചരിത്രപരമായ അടുപ്പം നിമിത്തം കൂടുതൽ മുൻതൂക്കം കൊടുക്കുന്നു, ബാക്കിയുള്ളവയെല്ലാം തുല്യമായിരിക്കും
4. ഭൂമിശാസ്ത്രപരമായി വ്യത്യസ്തതകളുള്ള കയ്യെഴുത്തു പ്രതികളിലായിരിക്കും സാധാരണയായി മൂലപാഠങ്ങളുള്ളത്
5. ഉപദേശപരമായി ബലഹീനമായ പാഠഭാഗങ്ങൾ, പ്രത്യേകിച്ച് കയ്യെഴുത്തുപ്രതികളിലെ വ്യത്യാസത്തിന്റെ കാലഘട്ടത്തിൽ പ്രധാന ദൈവശാസ്ത്രപരമായ ചർച്ചാ വിഷയങ്ങളോടു ബന്ധപ്പെട്ടവ – 1 യോഹ. 5:7–8 ലെ ത്രിത്വം പോലെയുള്ളവ – തിരഞ്ഞെടുക്കുക
6. മറ്റു വ്യത്യാസങ്ങളുടെ ഉത്ഭവത്തെ നന്നായി വിശദീകരിക്കാൻ കഴിയുന്ന പാഠഭാഗം
7. ഈ പ്രശ്ന സങ്കീർണ്ണമായ വ്യത്യാസങ്ങളിലെ സന്തുലനം വെളിപ്പെടുത്താൻ സഹായിക്കുന്ന രണ്ട് ഉദ്ധരണികൾ
   a. ജെ. ഹാരോൾഡ് ഗ്രീൻലിയുടെ *Introduction to New Testment Texural Criticism*, p.68: "ഒരു ക്രിസ്തീയ ഉപദേശവും തർക്കവിഷയമായ പാഠഭാഗത്തിന്മേൽ നിലനില്ക്കയില്ല; തന്റെ പാഠഭാഗം ദൈവനിശ്വാസീയ മൂലത്തെക്കാൾ കൂടുതൽ യാഥാസ്ഥിതികമായിരിക്കണമെന്നോ ഉപദേശപരമായി ശക്തമായിരിക്കണമെന്നോ ഉള്ള ആഗ്രഹത്തിനെതിരെ പുതിയ നിയമ വിദ്യാർത്ഥി ശ്രദ്ധാലുവായിരിക്കണം"
   b. W. A. ക്രിസ്വെൽ, *ദ ബിർമിംഗാം ന്യൂസിലെ* ഗ്രെഗ് ഗാരിസണോട് ബൈബിളിലെ ഓരോ വാക്കും ദൈവനിശ്വാസീയമാണെന്നു താൻ വിശ്വസിക്കുന്നില്ലെന്നു പറയുകയുണ്ടായി, "കുറഞ്ഞത് നൂറ്റാണ്ടുകളിലെ പരിഭാഷക്കാരിലൂടെ ആധുനിക പൊതുജനത്തിനു നല്കപ്പെട്ട ഓരോ വാക്കുകൾ എങ്കിലും" ക്രിസ്വെൽ പറഞ്ഞു; "ഞാൻ പാഠനിരൂപണത്തിൽ വിശ്വസിക്കുന്നയാളാണ്. അതുപോലെ, ഞാൻ ചിന്തിക്കുന്നത്, മർക്കൊസ് സുവിശേഷത്തിന്റെ 16–ാം അദ്ധ്യായത്തിന്റെ അവസാന പകുതി ദുരുപദേശമാണെന്നാണ്. അതു ദൈവനിശ്വാസീയമല്ല, അതു കൂട്ടിച്ചേർത്തതാണ്. ആ പുരാതന കയ്യെഴുത്തുപ്രതികൾ നിങ്ങൾ പരിശോധിച്ചാൽ മർക്കൊസിന്റെ ഗ്രന്ഥത്തിന്റെ ആ ഉപസംഹാരെ പോലെയൊരു സാധനം കാണാൻ കഴികയില്ല. ആരോ അതു കൂട്ടിച്ചേർത്തതാണ്."

   SBC അപ്രമാദവാദികളുടെ ഈ തലവൻ അവകാശപ്പെടുന്നത് കൂട്ടിച്ചേർക്കലിന്റെ തെളിവ് യോഹ.

5 ലെ യേശു ബഥേസ്ദാ കുളക്കരയിലെത്തുന്നതിന്റെ വിവരണത്തിൽ ദൃശ്യമാണെന്നാണ്. കൂടാതെ യൂദായുടെ ആത്മഹത്യയെക്കുറിച്ചുള്ള രണ്ടു വ്യത്യസ്ത വിവരണങ്ങളും അദ്ദേഹം ചർച്ച ചെയ്യുന്നു (ഒ.നോ. മത്താ. 27; പ്രവൃ. 1). “അത് ആത്മഹത്യയുടെ വ്യത്യസ്ത വീക്ഷണങ്ങളാണ്” ക്രിസ്‌വെൽ പറഞ്ഞു; “അത് ബൈബിളിൽ ഉള്ളതാണെങ്കിൽ അതിനൊരു വിശദീകരണം ഉണ്ടായിരിക്കും. യൂദായുടെ ആത്മഹത്യ സംബന്ധിച്ച് രണ്ടു വിവരണങ്ങൾ ബൈബിളിലുണ്ട്.” “പാഠനിരൂപണം അതിൽ തന്നെ അതിശയകരമായ ശാസ്ത്രമാണ്. അത് അല്പായുസ്സുള്ളതല്ല; അത് അപ്രസക്തമല്ല. അത് ചലനാത്മക ശക്തിയുള്ളതും കേന്ദ്രവിഷയവുമാണ്...” ക്രിസ്‌വെൽ കൂട്ടിച്ചേർത്തു.

III. കയ്യെഴുത്തു പ്രതി സംബന്ധിച്ച പ്രശ്നങ്ങൾ (പാഠ നിരൂപണം)

A. കൂടുതൽ വായനയ്ക്ക്

1. *Biblical Criticism: Historical, Literary and Textual*, by R.H. Harrison
2. *The Text of the New Testament: Its Transmission, Corruption and Restoration* by Bruce M. Metzger
3. *Introduction to New Testament Textual Criticism*, by J. H Greenlee

# അനുബന്ധം മൂന്ന്

## പദസൂചിക

**അഡോപ്ഷനിസം (ദത്തെടുത്തൽ വാദം).** യേശുവിന്റെ ദൈവത്വത്തോടുള്ള ബന്ധം സംബന്ധിച്ചുള്ള ആരംഭകായ വീക്ഷണങ്ങളിൽ ഒന്നാണിത്. യേശു എല്ലാവിധത്തിലും ഒരു സാധാരണ മനുഷ്യനായിരുന്നുവെന്നും ദൈവം അവനെ സ്നാനസമയത്ത് (ഒ.നോ. മത്താ. 3:17; മർക്കൊ. 1:11) അല്ലെങ്കിൽ ഉയിർത്തെഴുന്നേല്പിന്റെ സമയത്ത് (ഒ.നോ. റോമ. 1:4) ദത്തെടുത്തുവെന്നും ഇത് വാദിക്കുന്നു. യേശു മാതൃകാപരമായ ജീവിതം നയിച്ചതിനാൽ ദൈവം ഒരു പ്രത്യേക ഘട്ടത്തിൽ (സ്നാനം, ഉയിർത്തെഴുന്നേല്പ്) അവനെ "പുത്രൻ" ആയി ദത്തെടുത്തു (ഒ.നോ. റോമ. 1:4; ഫിലി. 2:9). ഇത് ആദിമ സഭയിലെയും എട്ടാം നൂറ്റാണ്ടിൽ ഒരു ന്യൂനപക്ഷത്തിന്റെയും വീക്ഷണമായിരുന്നു. ദൈവം മനുഷ്യനാകുന്നതിനു പകരം (ജഡധാരണം) മനുഷ്യൻ ദൈവമാകുന്നു.

പുത്രനാം ദൈവവും, പൂർവ്വാസ്തിക്യമുള്ള ദൈവവുമായ യേശുവിന് എങ്ങനെ മാതൃകാ ജീവിതത്തിനു പ്രതിഫലം നല്കാൻ കഴിയും എന്നത് വിവരിക്കുക പ്രയാസമാണ്. അവൻ ആദ്യമേ ദൈവമാണെങ്കിൽ അവനെങ്ങനെ പ്രതിഫലം നല്കാനാവും? അവന് പൂർവ്വാസ്തിക്യ ദൈവിക മഹത്വം ഉണ്ടെങ്കിൽ അവനെ കൂടുതൽ മാനം അണിയിക്കാൻ കഴിയുമോ? നമുക്കതു മനസ്സിലാക്കുക പ്രയാസമാണെങ്കിലും യേശു പിതാവിന്റെ ഇഷ്ടം പൂർണ്ണമായി നിവർത്തിച്ചതിനാൽ പിതാവ് യേശുവിനെ ഒരു പ്രത്യക നിലയിൽ മാനിക്കുകയുണ്ടായി.

**അലക്സാണ്ട്രിയൻ സ്ക്കൂൾ.** ഈ വേദപുസ്തക വ്യാഖ്യാനരീതി ഈജിപ്റ്റിലെ അലക്സാണ്ട്രിയയിൽ എ.ഡി. രണ്ടാം നൂറ്റാണ്ടിലാണ് രൂപം പ്രാപിച്ചത്. പ്ലേറ്റോയുടെ അനുയായിരുന്ന ഫിലോയുടെ അടിസ്ഥാന വ്യാഖ്യാന തത്വങ്ങൾ ആണത് ഉപയോഗിക്കുന്നത്. അതിനെ ആലങ്കാരിക രീതി എന്നു വിളിക്കാറുണ്ട്. നവീകരണ കാലം വരെ അതിനു സഭയിൽ ശക്തമായ സ്ഥാനമുണ്ടായിരുന്നു. ഓറിഗണും അഗസ്റ്റിനുമായിരുന്നു അതിന്റെ ഏറ്റവും മികച്ച വക്താക്കൾ. മോയിസസ് സിൽവയുടെ *ഹാസ് ദ ചർച്ച് മിസ്റഡ് ദ ബൈബിൾ* (Academic, 1978) കാണുക.

**അലക്സാണ്ട്രിനസ്.** ഈജിപ്റ്റിലെ അലക്സാണ്ട്രിയയിൽ നിന്നുള്ള അഞ്ചാം നൂറ്റാണ്ടിലെ ഈ ഗ്രീക്കു കയ്യെഴുത്തു പ്രതിയിൽ പഴയനിയമവും അപ്പോക്രിഫയും പുതിയനിയമത്തിന്റെ ഏറിയഭാഗവും അടങ്ങിയിരിക്കുന്നു. സമ്പൂർണ്ണ ഗ്രീക്കു പുതിയനിയമത്തിന്റെ (മത്തായി, യോഹന്നാൻ, 2 കൊരിന്ത്യർ എന്നിവയുടെ ചിലഭാഗങ്ങൾ ഒഴികെ) മുഖ്യ സാക്ഷികളിൽ ഒന്നാണിത്. "A" എന്നു വിളിക്കുന്ന ഈ കയ്യെഴുത്തു പ്രതിയും "B" യും (വത്തിക്കാനസും) ഒരു ഭാഗത്തെ സംബന്ധിച്ച് ഐകമത്യപ്പെട്ടാൽ മിക്ക പണ്ഡിതന്മാരും മിക്ക സന്ദർഭങ്ങളിലും അതിനെ യഥാർത്ഥമായി അംഗീകരിക്കാറുണ്ട്.

**അനലറ്റിക്കൽ ലെക്സിക്കൺ.** പുതിയ നിയമത്തിലെ ഓരോ ഗ്രീക്കു രൂപവും തിരിച്ചറിയുന്നതിനു സഹായകമായ പഠന സഹായിയാണിത്. ഗ്രീക്ക് അക്ഷരക്രമമനുസരിച്ച് ചിട്ടപ്പെടുത്തിയ ഇതിൽ അടിസ്ഥാന നിർവ്വചനങ്ങളുമുണ്ട്. ഒരു ഇന്റർലീനിയർ പരിഭാഷയോടൊപ്പം ഉപയോഗിക്കുമ്പോൾ ഇത് ഗ്രീക്ക് അറിയാത്ത വിശ്വാസികൾക്കും പുതിയനിയമ ഗ്രീക്കിന്റെ വ്യാകരണ പദവിന്യാസരൂപങ്ങൾ ഗ്രഹിക്കാൻ സഹായകരമാണ്.

**അന്ത്യോക്യൻ സ്ക്കൂൾ.** ഈ വേദപുസ്തക വ്യാഖ്യാനമാതൃക എ.ഡി. മൂന്നാം നൂറ്റാണ്ടിൽ സിറിയയിലെ അന്ത്യോക്യയിലാണ് രൂപം കൊണ്ടത്. അലക്സാണ്ട്രിയൻ മാതൃകയായ ആലങ്കാരിക വ്യാഖ്യാനത്തോടുള്ള പ്രതികരണമെന്ന നിലയിലാണ് രൂപപ്പെട്ടത്. ബൈബിളിന്റെ ചരിത്രപരമായ അർത്ഥത്തിലുള്ള ഊന്നലാണിതിന്റെ അടിസ്ഥാന പ്രമാണമാണ്. അത് ബൈബിളിനെ സാധാരണ നിലയിൽ മാനുഷിക സാഹിത്യം പോലെ വ്യാഖ്യാനിക്കുന്നു. ക്രിസ്തുവിനു രണ്ടു പ്രകൃതികളുണ്ടോ (നെസ്റ്റോറിയനിസം) അതോ ഒരു പ്രകൃതിയെ ഉള്ളോ (പൂർണ്ണ ദൈവവും മനുഷ്യനും) എന്ന വിവാദത്തിൽ ഈ സ്ക്കൂളും ഉൾപ്പെട്ടിരുന്നു. റോമൻ കത്തോലിക്ക സഭ ഇതിനെ ദുരുപദേശമായി മുദ്രകുത്തുകയും തന്മൂലം പേർഷ്യയിലേക്ക് പറിച്ചു നടപ്പെടുകയും ചെയ്തു എങ്കിലും ഇതിന് ചെറിയ പ്രാധാന്യം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇതിന്റെ അടിസ്ഥാന വ്യാഖ്യാന പ്രമാണങ്ങൾ പില്ക്കാലത്ത് ക്ലാസ്സിക്കൽ പ്രൊട്ടസ്റ്റന്റ് നവീകരണക്കാരുടെ (ലൂഥർ, കാൽവിൻ) വ്യാഖ്യാന പ്രമാണങ്ങളായി മാറി.

**അരിസ്റ്റോട്ടിൽ.** പുരാതന ഗ്രീസിലെ തത്വചിന്തകന്മാരിൽ ഒരാളായ അരിസ്റ്റോട്ടിൽ, പ്ലേറ്റോയുടെ ശിഷ്യനും മഹാനായ അലക്സാണ്ടറിന്റെ ഗുരുവുമായിരുന്നു. അദ്ദേഹത്തിന്റെ സ്വാധീനം, ഇന്നും ആധുനിക വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ വ്യാപിച്ചിട്ടുണ്ട്. നിരീക്ഷണത്തിലൂടെയും വർഗ്ഗീകരണത്തിലൂടെയുമുള്ള അറിവിനെ അദ്ദേഹം സമർത്ഥിച്ചു എന്നതാണിതിനു കാരണം. ശാസ്ത്രീയ രീതിയുടെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണിത്.

**ആത്മീയവല്ക്കരണം.** ഒരു വേദഭാഗത്തിൽ നിന്ന് ചരിത്രപരവും സാഹിത്യപരവുമായ സന്ദർഭം എടുത്തു മാറ്റി മറ്റു മാനദണ്ഡങ്ങൾക്കനുസരിച്ച് അതിനെ വ്യാഖ്യാനിക്കുക എന്ന അർത്ഥത്തിൽ ആലങ്കാരിക വ്യാഖ്യാനത്തിനുള്ള പര്യായമാണ് ഈ പദം.

**ആലങ്കാരികം.** അലക്സാണ്ട്രിയൻ യെഹൂദമതത്തിൽ രൂപം കൊണ്ട ഒരു വേദപുസ്തക വ്യാഖ്യാനരീതിയാണിത്. അലക്സാണ്ട്രിയയിലെ ഫിലോ ആണിതിനെ ജനകീയമാക്കിയത്. വേദപുസ്തകം ഒരുവന്റെ സംസ്ക്കാരത്തിന് അല്ലെങ്കിൽ തത്വശാസ്ത്ര സംവിധാനത്തിനനുസരിച്ച് സംഗത്യമുള്ളതാക്കുക എന്ന ആഗ്രഹമാണിതിന്റെ പിന്നിലെ പ്രേരകശക്തി – ഇതിന് ബൈബിളിന്റെ ചരിത്ര സന്ദർഭവും സാഹിത്യസന്ദർഭവും അവഗണിക്കപ്പെടുന്നു. തിരുവെഴുത്തിലെ ഓരോ ഭാഗത്തിനും പിന്നിൽ മറഞ്ഞിരിക്കുന്ന അല്ലെങ്കിൽ ആത്മിക അർത്ഥം അതന്വേഷിക്കുന്നു. മത്താ. 13 ൽ യേശുവും ഗലാ. 4 ൽ പൗലൊസും സത്യം വിനിമയം ചെയ്യുന്നതിനായി അലങ്കാരം ഉപയോഗിച്ചതായി സമ്മതിക്കേണ്ടിയിരിക്കുന്നു. എങ്കിലും ഇത് നിഴൽ പൊരുൾ രൂപത്തിലാണ് അല്ലാതെ ആലങ്കാരികം മാത്രമായിട്ടല്ല.

**ആക്ഷരിക (literal).** അന്ത്യോക്യയിൽ രൂപം കൊണ്ട വേദഭാഗത്തിൽ ശ്രദ്ധയൂന്നുന്ന ചരിത്രപരമായ വ്യാഖ്യാനരീതിയുടെ മറ്റൊരു പേരാണിത്. വ്യാഖ്യാനത്തിൽ മാനുഷിക ഭാഷയുടെ സാധാരണവും വ്യക്തവുമായ അർത്ഥം ഉൾപ്പെടുന്നു എന്നത് അർത്ഥമാക്കുന്നു. അപ്പോൾ തന്നെ ആലങ്കാരിക ഭാഷയുടെ സാന്നിധ്യം അതംഗീകരിക്കുന്നു.

**എക്ലെക്റ്റിക്.** പാഠനിരൂപണത്തോടു ബന്ധപ്പെട്ടതാണിത്. മൂല ഗ്രന്ഥത്തോടു ഏറ്റവും അടുത്തു നിൽക്കുന്നതേതെന്ന് കണ്ടെത്തുന്നതിനായി വ്യത്യസ്ത ഗ്രീക്ക് കയ്യെഴുത്തുപ്രതികളിൽ നിന്നുള്ള ഒരു പ്രത്യേക ഭാഗം തിരഞ്ഞെടുക്കുന്നതിനെയാണിതു സൂചിപ്പിക്കുന്നത്. ഗ്രീക്ക് കയ്യെഴുത്തു പ്രതികളുടെ ഏതൊരു കുടുംബത്തിലും മൂല ഗ്രന്ഥത്തോടു അടുത്തു നില്ക്കുന്നവയുണ്ടാകും എന്ന സിദ്ധാന്തത്തെ ഇതു തള്ളിക്കളയുന്നു.

**എയെസിജീസിസ്.** എക്സിജീസിസിനു വിപരീതമാണിത്. എക്സിജീസിസ് യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തെ "പുറത്തേക്കു നയിക്കുന്നത്" ആണെങ്കിൽ, ഈ പദം ഒരു വിദേശ ആശയത്തെ അഥവാ അഭിപ്രായത്തെ "ഉള്ളിലേക്കു നയിക്കുന്നത്" ആണ്.

**എറ്റിമോളജി.** ഒരു പദത്തിന്റെ മൂല അർത്ഥം ഗ്രഹിക്കാനുദ്ദേശിച്ചുള്ള പഠനമാണിത്. ഈ മൂല അർത്ഥത്തിൽ നിന്നും പ്രത്യേക ഉപയോഗങ്ങൾ വളരെ എളുപ്പത്തിൽ തിരിച്ചറിയാം. വ്യാഖ്യാനത്തിൽ എറ്റിമോളജിയല്ല പ്രധാന ശ്രദ്ധാ കേന്ദ്രം. മറിച്ച് പദത്തിന്റെ സമകാലിക അർത്ഥവും ഉപയോഗവുമാണ്.

**എക്സിജീസിസ്.** ഒരു പ്രത്യേക വേദഭാഗത്തിന്റെ വ്യാഖ്യാനത്തെ പരമാർശിക്കുന്ന സാങ്കേതിക പദം "പുറത്തേക്കു നയിക്കുക" (പാഠത്തിൽ നിന്ന്) എന്നാണർത്ഥം. ചരിത്ര പശ്ചാത്തലം, സാഹിത്യ സന്ദർഭം, പദവ്യത്യാസം, സമകാലിക വാക്യാർത്ഥം എന്നിവയുടെ വെളിച്ചത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം മനസ്സിലാക്കുകയാണിവിടെ.

***എ പ്രിയോറി*** "മുൻനിഗമനം" എന്ന പദത്തിന്റെ പര്യായമാണിത്. സത്യമെന്ന നിലയിൽ മുൻപേ സ്വീകരിച്ച നിർവചനങ്ങൾ, തത്വങ്ങൾ, നിലപാടുകൾ എന്നിവയിൽ നിന്നുള്ള യുക്തിപരമായ വാദങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പരിശോധനയോ വിശകലനങ്ങളോ കൂടാതെ അംഗീകരിക്കപ്പെട്ടവയാണിവ.

**ഏരിയനിസം.** മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി ഈജിപ്റ്റിലെ അലക്സാണ്ട്രിയയിലെ സഭയിലെ പ്രസ്ബിറ്ററായിരുന്നു അറിയൂസ്. യേശു പൂർവ്വാസ്തിക്യമുള്ളവനായിരുന്നുവെങ്കിലും ദൈവത്വമുള്ളവനായിരുന്നില്ല (സാരാംശത്തിൽ പിതാവിനോടു സമനായിരുന്നില്ല) എന്നു വാദിച്ചു. സദൃ. 8:22–31 ആണ് ഇതിനാധാരമായി എടുത്തത്. അലക്സാണ്ട്രിയയിലെ ബിഷപ്പ് അവനോടേറ്റുമുട്ടുകയും അങ്ങനെ ആരംഭിച്ച (എ. ഡി. 318) വിവാദം അനേക വർഷങ്ങൾ തുടരുകയും ചെയ്തു. ഏരിയനിസം പൗരസ്ത്യസഭയുടെ ഔദ്യോഗിക വിശ്വാസപ്രമാണമായി തീർന്നു. എ.ഡി. 325 ലെ നിഖ്യാസുന്നഹദോസ് അറിയൂസിനെ വേദവിപരീതിയായി പ്രഖ്യാപിക്കുകയും പുത്രന്റെ ദൈവത്തിന്റെ പൂർണ്ണ സമത്വം പ്രഖ്യാപിക്കുകയും ചെയ്തു.

**ഓട്ടോഗ്രാഫ്.** ബൈബിളിന്റെ മൂലകൃതികൾക്കു നൽകിയിരിക്കുന്ന പേരാണിത്. ഈ യഥാർത്ഥ കയ്യെഴുത്തു പ്രതികൾ നഷ്ടപ്പെട്ടിരിക്കുന്നു. കോപ്പികളുടെ കോപ്പി മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇവയാണ് എബ്രായ, ഗ്രീക്ക് കയ്യെഴുത്തു പ്രതികളിലെയും പുരാതന പരിഭാഷകളിലെയും വ്യത്യാസത്തിനു കാരണമായിത്തീർന്നിട്ടുള്ളത്.

**കമന്ററി.** പ്രത്യേക തരത്തിലുള്ള ഗവേഷണ ഗ്രന്ഥം. ഒരു വേദപുസ്തക ഗ്രന്ഥത്തെക്കുറിച്ചുള്ള പൊതുവായ പശ്ചാത്തലം നല്കുന്നു. തുടർന്നത് പുസ്തകത്തിന്റെ ഓരോ ഭാഗത്തെക്കുറിച്ചും വിശദീകരിക്കുന്നു. ചിലത് പ്രയോഗികതയ്ക്ക് ഊന്നൽ നല്കുമ്പോൾ മറ്റു ചിലത് പാഠഭാഗത്തെ കൂടുതൽ സാങ്കേതിക രീതിയിൽ സമീപിക്കുന്നു. ഇവ സഹായകരമാണെങ്കിലും ഒരുവൻ തന്റെ പ്രഥമിക പഠനം നടത്തിയ ശേഷമേ ഇവയെ ആശ്രയിക്കാവൂ. വ്യാഖ്യാതാവിന്റെ അഭിപ്രായങ്ങളെ വിവേചനബുദ്ധിയോടെ അല്ലാതെ സ്വീകരിക്കരുത്. വ്യത്യസ്ത ശാസത്ര വീക്ഷണങ്ങൾ ഉള്ള നിരവധി കമന്ററികൾ തമ്മിൽ താരതമ്യപ്പെടുത്തുന്നതു സഹായകമാണ്.

**കൺകോർഡൻസ്.** വേദപുസ്തക പഠനത്തിനുള്ള ഗവേഷണോപാധികളിൽ ഒന്നാണിത്. പുതിയ നിയമത്തിലും പഴയ നിയമത്തിലും ഉള്ള ഓരോ വാക്കിന്റെ പട്ടികയും സ്ഥാനവും ഇത് രേഖപ്പെടുത്തുന്നു. നിരവധി നിലകളിൽ ഇതു സഹായകരമാണ്: (1) ഒരു പ്രത്യേക വാക്കിന്റെ പിന്നിലുള്ള എബ്രായ അഥവാ ഗ്രീക്കു

പദം നിർണ്ണയിക്കുന്നതിൽ; (2) ചില എബ്രായ അഥവാ ഗ്രീക്കു പദം ഉപയോഗിച്ചിട്ടുള്ള വേദഭാഗങ്ങൾ താരതമ്യപ്പെടുത്തുന്നതിൽ; (3) എവിടെ രണ്ടു വ്യത്യസ്ത എബ്രായ അഥവാ ഗ്രീക്കു പദം ഒരേ വാക്കിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നു എന്നു കണ്ടെത്തുന്നതിൽ; (4) പ്രത്യേക പുസ്തകത്തിൽ അഥവാ എഴുത്തുകാരനിൽ ഒരു പ്രത്യേക വാക്കിന്റെ ഉപയോഗം ആവർത്തിക്കുന്നത് കണ്ടെത്തുന്നതിൽ; (5) ബൈബിളിലെ ഒരു വേദഭാഗം കണ്ടെത്തുവാൻ (cf. Walter Clark's *How to Use New Testament Greek Study Aids*, pp. 54-55).

**കയ്യെഴുത്തുപ്രതി.** ഗ്രീക്കു പുതിയനിയമത്തിന്റെ വിവിധ പകർപ്പുകളെ സൂചിപ്പിക്കുന്ന പദം. സാധാരണയായി അവയെ വിവിധ ഇനങ്ങളായി തിരിക്കാറുണ്ട്: (1) എഴുതപ്പെട്ട വസ്തുവിന്റെ അടിസ്ഥാനത്തിൽ (പാപ്പിറസ്, തോൽ); (2) എഴുത്തു രീതിയുടെ അടിസ്ഥാനത്തിൽ (വലിയക്ഷരം അല്ലെങ്കിൽ ഒഴുക്കായ എഴുത്ത്) "MS" (ഏകവചനം) അല്ലെങ്കിൽ "MSS" (ബഹുവചനം) എന്നാണ് ചുരുക്കെഴുത്ത്.

**കാനോൻ.** സമാനതകളില്ലാത്തവിധം ദൈവനിശ്വാസിയമായ എഴുത്തുകളെ വിശദീകരിക്കാനുപയോഗിക്കുന്ന പദം. പഴയ, പുതിയ നിയമ തിരുവെഴുത്തുകൾക്ക് ഈ പദം ഉപയോഗിച്ചിട്ടുണ്ട്.

**ക്രിസ്തു കേന്ദ്രീകൃതം.** യേശുവിന്റെ കേന്ദ്രീകൃതത്വത്തെ സൂചിപ്പിക്കുന്ന പദം. യേശു മുഴു ബൈബിളിന്റെയും കർത്താവാണ് എന്ന ആശയത്തോടു ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമം അവനിലേക്കു വിരൽ ചൂണ്ടുന്നു. അവൻ അതിന്റെ പൂർത്തീകരണം ലക്ഷ്യവും ആണ് (ഒ.നോ. മത്താ. 5:17-48).

**ഗ്നോസ്റ്റിസിസം.** ഈ ദുരുപദേശത്തെ സംബന്ധിച്ചുള്ള നമ്മുടെ അറിവ്, രണ്ടാം നൂറ്റാണ്ടിലെ എഴുത്തുകളിൽ നിന്നാണ് ലഭിക്കുന്നത്. എങ്കിലും ഇൻസിപ്പിയന്റെ ആശയങ്ങൾ ഒന്നാം നൂറ്റാണ്ടിൽ തന്നെ (അതിനു മുമ്പും) പ്രകടമായിരുന്നു.

രണ്ടാം നൂറ്റാണ്ടിലെ വാലന്റെൻ, സെറിന്തിയൻ ഗ്നോസ്റ്റിസിസത്തിന്റെ ചില അടിസ്ഥാന ആശയങ്ങൾ: (1) വസ്തുവും ആത്മാവും സഹ-നിത്യമാണ് (ഓന്റോളജിക്കൽ ഡ്യുവലിസം). വസ്തു തിന്മയും ആത്മാവ് നല്ലതുമാണ്. ആത്മാവായാ ദൈവത്തിന് ദുഷ്ടമായ വസ്തുവിന്റെ രൂപപ്പെടുത്തലിൽ നേരിട്ട് ഇടപെടാനാവില്ല. (2) ദൈവത്തിനും വസ്തുവിനും ഇടയിൽ എമനേഷനുകൾ (എയോണുകൾ അഥവാ ഭൂതലങ്ങൾ) ഉണ്ട്. അതിൽ ഒടുവിലത്തെ അഥവാ ഏറ്റവും താണത് പഴയനിയമത്തിലെ യഹോവ ആണ്, അവനാണ് പ്രപഞ്ചം (കോസ്മോസ്), സൃഷ്ടിച്ചത് (3) യേശു യഹോവയെപ്പോലെ ഒരു എമനേഷനാണ്, എങ്കിലും ഉന്നത നിലയിലുള്ളവനും യഥാർത്ഥ ദൈവത്തോട് കൂടുതൽ അടുത്തിരിക്കുന്നവനും ആണ്. ചിലർ അവനെ ഏറ്റവും ഉയർന്നവനും എന്നാൽ ദൈവത്തെക്കാൾ കുറഞ്ഞവനും ആയി കാണുന്നു. അവൻ തീർച്ചയായും ജഡമെടുത്ത ദൈവമല്ല (ഒ.നോ യോഹ. 1:14). വസ്തു ദുഷ്ടമാകയാൽ, യേശുവിന് മനുഷ്യശരീരമുണ്ടായിരിക്കയും അപ്പോൾ തന്നെ ദൈവമായിരിക്കുകയും ചെയ്യാൻ സാധ്യമല്ല. അവനൊരു ആത്മീയ ഭൂതമാണ് (ഒ.നോ. 1 യോഹ. 1:1-3; 4:1-6; (4) യേശുവിലുള്ള വിശ്വാസത്തോടൊപ്പം പ്രത്യേക ജ്ഞാനവും വേണം രക്ഷ പ്രാപിക്കുവാൻ. അത് പ്രത്യേക വ്യക്തികൾക്കേ ലഭിക്കയുള്ളൂ. സ്വർഗ്ഗീയ മണ്ഡലങ്ങളിലൂടെ കടന്നുപോകാൻ ജ്ഞാനം (പാസ്‌വേർഡുകൾ) അനിവാര്യമാണ്. ദൈവത്തെ സമീപിക്കുവാൻ യെഹൂദ നിയമവാദവും ആവശ്യമാണ്.

ജ്ഞാനവാദ ദുരുപദേഷ്ടാക്കൾ രണ്ടു വ്യത്യസ്ത ധാർമ്മിക സംവിധാനങ്ങൾ പ്രചരിപ്പിച്ചു: (1) ചിലരെ സംബന്ധിച്ച് ജീവിത ശൈലിക്ക് രക്ഷയുമായി ഒരു ബന്ധവുമില്ല. അവരെ സംബന്ധിച്ച് രക്ഷയും ആത്മീയതയും ദൂതമണ്ഡലത്തിലൂടെ കടക്കുന്നതിനുള്ള രഹസ്യ ജ്ഞാനത്തിൽ (പാസ്‌വേർഡുകൾ) ഉള്ളടക്കം ചെയ്തിരിക്കുന്നു. (2) മറ്റുള്ളവർക്ക് ജീവിത ശൈലി രക്ഷയ്ക്ക് നിർണ്ണായകമാണ്. യഥാർത്ഥ ആത്മീയതയുടെ അടയാളമായി സന്യാസം അവർ ഊന്നിപ്പറയുന്നു.

**ഖണ്ഡിക.** ഇത് ഗദ്യത്തിലെ അടിസ്ഥാന വ്യാഖ്യാന യൂണിറ്റാണ്. അതിൽ ഒരു കേന്ദ്ര ചിന്തയും അതിന്റെ വികാസവുമുണ്ട്. അതിന്റെ മുഖ്യ ഊന്നലിൽ നാം ശ്രദ്ധിച്ചുകൊണ്ടിരുന്നാൽ ചെറിയ കാര്യങ്ങളിൽ നാം ശ്രദ്ധിക്കാതെ പോകയോ അല്ലെങ്കിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം വിട്ടുപോകയോ ചെയ്യും.

**ചാവുകടൽ ചുരുളുകൾ.** 1947 ൽ ചാവുകടൽ പ്രദേശത്തു നിന്നും കണ്ടെടുത്ത എബ്രായ, അരാമ്യ ഭാഷകളിൽ എഴുതപ്പെട്ട പുരാതന ലിഖിതങ്ങളാണിവ. ഒന്നാം നൂറ്റാണ്ടിലെ ഒരു പ്രത്യേക യെഹൂദ വിഭാഗത്തിന്റെ മത ഗ്രന്ഥശേഖരമായിരുന്നു അവ. റോമൻ അധിനിവേശത്തിന്റെ സമ്മർദ്ദവും 60-കളിലെ തീവ്രവാദ പോരാട്ടങ്ങളും, ഈ ചുരുളുകൾ മൺപാത്രങ്ങളിൽ അടച്ചു മുദ്രവെച്ച് ഗുഹകളിലും ഗഹ്വരങ്ങളിലും ഒളിപ്പിക്കാൻ അവരെ പ്രേരിപ്പിച്ചു. ഒന്നാം നൂറ്റാണ്ടിലെ പലസ്തീന്റെ ചരിത്രപശ്ചാത്തലം മനസ്സിലാക്കുവാനും മസോറിറ്റിക് പതിപ്പ് വളരെ കൃത്യതയുള്ളതാണെന്ന് - കുറഞ്ഞപക്ഷം ബി.സി. ആദ്യനൂറ്റാണ്ടിലെ രേഖയനുസരിച്ചെങ്കിലും - സ്ഥിരീകരിക്കുവാനും അവ നമ്മെ സഹായിച്ചിട്ടുണ്ട്. "DSS" എന്ന ചുരുക്കെഴുത്തിൽ അവ അറിയപ്പെടുന്നു.

**ജ്ഞാനസാഹിത്യം**. പുരാതന സമീപ പൂർവ്വദേശങ്ങളിൽ (ആധുനിക ലോകത്തിലും) സർവ്വസാധാരണമായ സാഹിത്യരൂപമാണിത്. കവിത, സദൃശവാക്യങ്ങൾ അല്ലെങ്കിൽ പ്രബന്ധങ്ങൾ എന്നിവയിലൂടെ പുതിയ തലമുറയ്ക്ക് വിജയകരമായ ജീവിതത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ശ്രമമാണ് അടിസ്ഥാനപരമായി ഇത്. ഒരു പൊതു സമൂഹത്തെ എന്നതിലുപരി വ്യക്തികളെയാണ് അഭിസംബോധന ചെയ്യുന്നത്. ഇത് ചരിത്രത്തിന്റെ സൂചന നൽകുന്നില്ല, മറിച്ച് ജീവിത അനുഭവങ്ങളിന്മേലും നിരീക്ഷണങ്ങളിന്മേലും അടി

സ്ഥാനപ്പെട്ടതാണ്. വേദപുസ്തകത്തിൽ ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള ഇവയിൽ യഹോവയുടെ സാന്നിധ്യവും ആരാധനയും നിറഞ്ഞു നില്ക്കുന്നു. എങ്കിലും ഈ മതപരമായ ലോകവീക്ഷണം എല്ലാക്കാലത്തുമുള്ള എല്ലാ മനുഷ്യർക്കും ഖണ്ഡിതമായി ബാധകമായതല്ല.

ഒരു സാഹിത്യരൂപമെന്ന നിലയിൽ പൊതുവായ സത്യങ്ങളെ അതുൾക്കൊള്ളുന്നു. എങ്കിലും ഇതിനെ പ്രത്യേക സാഹചര്യങ്ങളിൽ ഉപയോഗിക്കാൻ കഴിയുകയില്ല. എല്ലാ വ്യക്തിപരമായ സാഹചര്യങ്ങളിലും ഉപയോഗിക്കാൻ കഴിയാത്ത പൊതു പ്രസ്താവനകളാണവ.

ഈ വിശുദ്ധന്മാർ ജീവിതത്തിലെ കഠിനമായ ചോദ്യങ്ങൾ ചോദിക്കാൻ ധൈര്യപ്പെട്ടവരാണ്. മിക്കപ്പോഴും അവ പരമ്പരാഗത മതവീക്ഷണങ്ങളെ വെല്ലുവിളിക്കുന്നു (ഇയ്യോബ്, സഭാപ്രസംഗി). ജീവിത ദുരന്തങ്ങൾ സംബന്ധിച്ചുള്ള ലളിതമായ ഉത്തരങ്ങൾക്ക് അവ സന്തുലനവും സംഘർഷവും സൃഷ്ടിക്കുന്നു.

**ടൈപ്പോളജിക്കൽ (നിഴൽ, പൊരുൾ).** ഒരു പ്രത്യേക വ്യാഖ്യാനരീതിയാണിത്. സാധാരണയായി സാധർമ്മ്യമുള്ള പ്രതീകമുപയോഗിച്ച് പുതിയ നിയമ സത്യങ്ങൾ പഴയ നിയമ ഭാഗങ്ങളിൽ കണ്ടെത്തുന്ന രീതിയാണിത്. അലക്സാണ്ട്രിയൻ രീതിയിലെ ഒരു മുഖ്യഘടകമാണ് ഈ വ്യാഖ്യാന വിഭാഗം. ഇത്തരത്തിലുള്ള വ്യാഖ്യാനത്തിന്റെ ദുരുപയോഗം നിമിത്തം പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രത്യേകമായ ഉദാഹരണങ്ങളിലേക്കു മാത്രമായി ഇതു പരിമിതപ്പെടുത്തേണ്ടതാവശ്യമായിരിക്കുന്നു.

**ടെക്സ്ചൽ ക്രിട്ടിസിസം (പാഠനിരൂപണം).** വേദപുസ്തക കയ്യെഴുത്തു പ്രതികളുടെ പഠനമാണിത്. മൂലഗ്രന്ഥങ്ങൾ ഒന്നും ഇല്ലാതിരിക്കുകയും പകർപ്പുകൾ പരസ്പരം വ്യത്യസ്തമായിരിക്കുകയം ചെയ്യുന്ന സാഹചര്യത്തിൽ പാഠനിരൂപണം അത്യാവശ്യമാണ്. വ്യത്യാസങ്ങളെ വിശദീകരിക്കുവാനും കഴിയുന്നിടത്തോളം യഥാർത്ഥ്യത്തോടടുത്തു നിൽക്കുന്ന പഴയ നിയമ, പുതിയ നിയമ പകർപ്പുകൾ കണ്ടെടുത്തുവാനും ഇതു ശ്രമിക്കുന്നു. "ലോവർ ക്രിട്ടിസിസം" എന്നും ഇതിനെ വിളിക്കാറുണ്ട്.

**ടെക്സറ്റസ് റിസപ്റ്റസ്.** എൽസെവിറിന്റെ എ.ഡി. 1633 ലെ ഗ്രീക്ക് പുതിയ നിയമത്തെയാണ് ഈ പേരിൽ വിളിക്കുന്നത്. അടിസ്ഥാനപരമായി ഇത്, ചില പിൽക്കാല ഗ്രീക്ക് കയ്യെഴുത്തു പ്രതികൾ, എറാസ്മസ് (1510 –1535), സ്റ്റെഫാനസ് (1546–1559), എൽസെവിർ (1624–1678) എന്നിവരുടെ ലാറ്റിൻ പരിഭാഷകൾ എന്നിവയിൽ നിന്നും നിർമ്മിച്ചതാണ്. *An Introduction to the Textual Criticism of the New Testament*, p. 27ൽ എ.റ്റി. റോബർട്ട്സൺ പറയുന്നത് "ബൈസന്റയിൻ പതിപ്പാണ് പ്രായോഗികമായി ടെക്സ്റ്റസ് റിസപ്റ്റസ്" എന്നാണ്. പുരാതന ഗ്രീക്ക് കയ്യെഴുത്തുപ്രതി കുടുംബങ്ങളിലെ (പാശ്ചാത്യം, അലക്സാണ്ട്രിയൻ, ബൈസന്റയിൻ) ഏറ്റവും വിലകുറഞ്ഞതാണ് ബൈസന്റയിൻ പതിപ്പ്. നൂറ്റാണ്ടുകളിലെ കൈകൊണ്ടുള്ള പകർത്തിയെഴുത്തിലൂടെ സംഭവിച്ച തെറ്റുകളുടെ കൂമ്പാരം അതിലുണ്ട്. എന്നിരുന്നാലും എ. റ്റി. റോബർട്ട്സൺ പറയുന്നത്, 'ടെക്സ്റ്റസ് റിസപ്റ്റസ് നമുക്കുവേണ്ടി താരതമ്യേന കൃത്യമായ പാഠം കരുതിവെച്ചിരിക്കുന്നു" (പേ. 21) എന്നാണ്. ഈ ഗ്രീക്ക് കയ്യെഴുത്തു പാരമ്പര്യമാണ് (പ്രത്യേകിച്ചും എറാസ്മസിന്റെ 1522 ലെ പതിപ്പ്) എ.ഡി. 1611 ലെ കിംഗ് ജയിംസ് പരിഭാഷയുടെ അടിസ്ഥാനം.

**ഡിഡക്ടീവ്.** യുക്തിയുടെ ഈ രീതി, പൊതുതത്വങ്ങളിൽ നിന്നു യുക്തിയധിഷ്ഠിതമായ പ്രത്യേക പ്രായോഗികതയിലേക്കു നീങ്ങുന്നു. നിരീക്ഷിച്ചറിയുന്ന വിശദാംശങ്ങളിൽനിന്ന് പൊതുവായ നിഗമനങ്ങളിലേക്ക് (സിദ്ധാന്തങ്ങൾ) എത്തുന്ന ശാസ്ത്രീയ രീതിയായ ഇൻഡക്ടീവ് റീസണിംഗിന്റെ വിപരീതമാണിത്.

**ഡയാലക്ടിക്കൽ (വിരുദ്ധ ദ്വന്ദം).** പരസ്പര വിരുദ്ധമായ അഥവാ വൈരുദ്ധ്യമായ വസ്തുതകളെ ഒരു സംഘർഷമുളവാക്കുന്ന രീതിയിൽ ഒരുമിച്ചു നിർത്തി, വൈരുദ്ധ്യത്തിന്റെ ഇരുവശങ്ങളും ഉൾപ്പെടുന്ന ഐക്യമായ ഉത്തരം തേടുന്ന രീതിയാണിത്. നിരവധി വേദപുസ്തക ഉപദേശങ്ങൾക്കും വിരുദ്ധ ജോഡികൾ ഉണ്ട്; മുൻനിയമനം – സ്വതന്ത്ര ഇച്ഛ; ഭദ്രത – സ്ഥിരോത്സാഹം; വിശ്വാസം – പ്രവൃത്തികൾ; തീരുമാനം – ശിഷ്യത്വം; ക്രിസ്തീയ സ്വാതന്ത്ര്യം – ക്രിസ്തീയ ഉത്തരവാദിത്വം.

**ഡയാസ്പോറ.** വാഗ്ദത്ത നാടിന്റെ ഭൂമിശാസ്ത്ര അതിർത്തിക്കു വെളിയിൽ ജീവിക്കുന്ന യെഹൂദന്മാരെ സൂചിപ്പിക്കുന്നതിന് പലസ്തീനിലെ യെഹൂദന്മാർ ഉപയോഗിച്ചു വന്ന ഗ്രീക്ക് സാങ്കേതിക പദം.

**ഡൈനാമിക് ഇക്വലന്റ്.** വേദപുസ്തക പരിഭാഷയിലെ ഒരു സിദ്ധാന്തമാണിത്. വേദപുസ്തക പരിഭാഷയെ "പദാനുപദ" പരിഭാഷയായി കണക്കാക്കാം. അവിടെ ഓരോ എബ്രായ അഥവാ ഗ്രീക്ക് പദത്തിനും പകരം ഇംഗ്ലീഷ് പദം ഉപയോഗിക്കുന്നു. "സംഗ്രഹത്തിൽ" (paraphrase) യഥാർത്ഥ പദത്തിനും പ്രയോഗത്തിനും പകരം ആശയം മാത്രം പരിഭാഷപ്പെടുത്തി എഴുതുന്നു. ഈ രണ്ട് സിദ്ധാന്തങ്ങൾക്കും നടുവിൽ വരുന്നതാണ് "ഡൈനമിക് ഇക്വലന്റ്." ഇതിൽ മൂല പാഠം ഗൗരവത്തിൽ എടുക്കുന്നു. എങ്കിലും അവ ആധുനിക വ്യാകരണ രൂപത്തിലും ശൈലിയിലും പരിഭാഷപ്പെടുത്തുന്നു. പരിഭാഷയുടെ വ്യത്യസ്ത സിദ്ധാന്തങ്ങളെ സംബന്ധിച്ച് വളരെ നല്ല ഒരു ചർച്ചയ്ക്ക് ഫീ, സ്റ്റുവർട്ട് എന്നിവരെഴുതിയ *How to Read the Bible for All Its Worth*, p. 35) & Robert Bratcher's *Introduction to TEV.*

**തൽമൂദ്.** യെഹൂദ വാമൊഴി പാരമ്പര്യങ്ങൾ ക്രോഡീകരിച്ച ഗ്രന്ഥം. ദൈവം സീനായിൽവെച്ച് മോശെയ്ക്ക് ഇതു പറഞ്ഞുകൊടുത്തു എന്ന് യെഹൂദന്മാർ വിശ്വസിക്കുന്നു. യഥാർത്ഥത്തിൽ ഇത് യെഹൂദ റബ്ബിമാരുടെ വർഷങ്ങളായുള്ള ജ്ഞാനവചനങ്ങളുടെ ശേഖരമാണ്. തൽമൂദിന്റെ എഴുതപ്പെട്ട രണ്ട് വ്യത്യസ്ത പതിപ്പുക

ളുണ്ട്. ബാബിലോണിയൻ അഥവാ ചെറിയത്, പൂർത്തീകരിക്കാത്ത പലസ്തീനിയൻ.

**തോറ.** "പഠിപ്പിക്കൽ" എന്നതിനുള്ള എബ്രായ പദമാണിത്. ഇത് മോശെയുടെ എഴുത്തുകളുടെ (ഉല്പത്തി - ആവർത്തനം) ഔദ്യോഗിക നാമമായിത്തീർന്നു. യെഹൂദന്മാരെ സംബന്ധിച്ച് എബ്രായ കാനോനിലെ ഏറ്റവും ആധികാരിക ഭാഗമാണിത്.

**തിരുവെഴുത്തിന്റെ സാധർമ്മ്യം.** മുഴു ബൈബിളും ദൈവനിശ്വാസീയമാണെന്നും അതിനാൽ പരസ്പര വിരുദ്ധ മല്ല പരസ്പര പൂരകമാണെന്നും ഉള്ള വീക്ഷണത്തെ വിശദീകരിക്കുന്ന പ്രയോഗമാണിത്. ഇത് മുൻധാ രണാ ഉറപ്പാണ് വേദപുസ്തക വ്യാഖ്യാനത്തിന് സമാന്തര വേദഭാഗങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്റെ അടി സ്ഥാനം.

**ദുർഗ്രഹത.** ഒരു വേദഭാഗത്തിന് രണ്ടോ അതിലധികമോ സാധ്യമായ അർത്ഥം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ ഒരേ സമയം രണ്ടോ അതിലധികമോ കാര്യങ്ങളെ സൂചിപ്പിക്കുകയോ ചെയ്യുമ്പോൾ സംഭവിക്കുന്ന അനിശ്ചി താവസ്ഥയെ സൂചിപ്പിക്കുന്നു.

**നിയമവാദം (legalism).** നിയമങ്ങൾക്കും ആചാരങ്ങൾക്കും അമിത പ്രാധാന്യം നൽകുന്ന മനോഭാവം. ദൈവത്താൽ അംഗീകരിക്കപ്പെടുന്നതിനുള്ള മാർഗ്ഗമായി മനുഷ്യന്റെ ആചാരാനുഷ്ഠാനങ്ങളിലുള്ള ആശ്രയമാണത്. ബന്ധത്തെ നിഷപ്രഭമാക്കി പ്രകടനത്തെ ഉയർത്തിക്കാണിക്കുന്നതാണത്. വിശുദ്ധനായ ദൈവവും പാപിയായ മനുഷ്യനും തമ്മിലുള്ള ഉടമ്പടി ബന്ധത്തിലെ സുപ്രധാന ഘടകങ്ങളാണ് ഇവ രണ്ടും.

**നെസ്റ്റോറിയനിസം.** അഞ്ചാം നൂറ്റാണ്ടിൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായിരുന്നു നെസ്റ്റോറിയസ്. സിറിയയിലെ അന്തോക്യയിൽ നിന്നു പരിശീലനം നേടിയ നെസ്റ്റോറിയസ് യേശുവിന് രണ്ട് പ്രകൃതി ഉണ്ടായിരുന്നുവെന്നു വാദിച്ചു. ഒന്ന് പൂർണ്ണ ദൈവവും ഒന്ന് പൂർണ്ണമനുഷ്യനും. ഇത് അലക്സാണ്ട്രിയൻ വീക്ഷണമായ യാഥാസ്ഥിതിക ഏക പ്രകൃതി വീക്ഷണത്തിൽ നിന്നുമുള്ള വ്യതിചലനമായിരുന്നു. നെസ്റ്റോറിയസിന്റെ പ്രധാന ഉദ്ദേശ്യം മറിയയ്ക്ക് "ദൈവമാതാവ്" എന്ന പദവി നൽകുക എന്നതായിരുന്നു. അലക്സാണ്ട്രിയയിലെ സിറിൾ നെസ്റ്റോറിയസിനെതിരെ രംഗത്തു വന്നു - അർത്ഥാൽ നെസ്റ്റോറിയസിന്റെ പരിശീലനം തന്നെ അവന്റെ ആശയത്തിനെതിരായിരുന്നു. അന്ത്യോക്യ, വേദപുസ്തക വ്യാഖ്യാനം സംബന്ധിച്ച ചരിത്ര - വ്യാകരണ - പാഠഭാഗ സമീപനത്തിന്റെ തലസ്ഥാനവും, അലക്സാണ്ട്രിയ വ്യാഖ്യാനത്തിന്റെ നാലുവിധ (ആലങ്കാരിക) സ്കൂളിന്റെ തലസ്ഥാനവുമായിരുന്നു. നെസ്റ്റോറിയസിനെ ഒടു വിൽ പദവിയിൽ നിന്നു നീക്കുകയും നാടു കടത്തുകയും ചെയ്തു.

**പരോഖിയലിസം.** പ്രദേശിക ദൈവാശാസ്ത്ര/സാംസ്കാരിക പശ്ചാത്തലത്തിൽ കെട്ടപ്പെട്ടുപോകുന്ന പ്രവണത യാണിത്. അത് വേദപുസ്തക സത്യങ്ങളുടെ സംസ്കാരാന്തര സ്വഭാവത്തെയോ അതിന്റെ പ്രയോഗികത യെയോ തിരിച്ചറിയുകയില്ല.

**പര്യായം (Synonymous).** അതു തന്നെയോ സമാനമായതോ ആയ അർത്ഥമുള്ള പദങ്ങളെ സൂചിപ്പിക്കുന്നു (എന്നിരുന്നാലും രണ്ടു വാക്കുകൾ ഒരിക്കലും സമ്പൂർണ്ണ അർത്ഥതലങ്ങളിൽ പരസ്പരം അതിക്രമിക്കുന്നില്ല). അവ വളരെയെടുത്തു ബന്ധപ്പെട്ടിരിക്കുന്നതിനാൽ അർത്ഥം ചോർന്നുപോകാതെ തന്നെ ഒന്നിനു പകരം മറ്റൊന്ന് ഉപയോഗിക്കുവാൻ കഴിയും. എബ്രായ കവിതയിലെ സമാന്തരത്വത്തിന്റെ മൂന്നു രൂപങ്ങളിലൊന്നിനെ സൂചിപ്പിക്കുവാനും ഈ പദം ഉപയോഗിക്കുന്നു. ഈ അർത്ഥത്തിൽ കവിതയിൽ ഒരേ അർത്ഥം പ്രകടിപ്പിക്കുന്ന രണ്ടു വരികളെ സൂചിപ്പിക്കുന്നു (ഒ.നോ. സങ്കീ. 103:3).

**പാപ്പിറസ്.** ഈജിപ്തിൽ നിന്നുള്ള എഴുതാനുപയോഗിക്കുന്ന വസ്തു. നദീതീരത്തു വളരുന്ന ഓടയിൽ (ഞാങ്ങ ണ) നിന്നാണിതുണ്ടാക്കുന്നത്. പുതിയ നിയമത്തിന്റെ ഏറ്റവും പഴക്കമുള്ള കോപ്പികൾ ഇതിലാണ് എഴുത പ്പെട്ടിട്ടുള്ളത്.

**പ്ലേറ്റോ.** പുരാതന ഗ്രീസിലെ തത്വചിന്തകരിൽ ഒരുവൻ. അലക്സാണ്ട്രിയ, ഈജിപ്ത് എന്നിവിടങ്ങളിൽ നിന്നുള്ള പണ്ഡിതന്മാർ, പിൽക്കാലത്ത് അഗസ്റ്റിൻ എന്നിവരിലൂടെ അദ്ദേഹത്തിന്റെ തത്വചിന്തകൾ ആദിമ സഭയിൽ വളരെ സ്വാധീനം ചെലുത്തുകയുണ്ടായി. ഭൂമിയിലുള്ള സകലവും മായയാണെന്നും ആത്മിക പൊരുളാ യതിന്റെ കേവലം പകർപ്പു മാത്രമാണെന്നും അദ്ദേഹം വാദിച്ചു. ദൈവശാസ്ത്രജ്ഞന്മാർ പിൽക്കാലത്ത് പ്ലേറ്റോയുടെ 'രൂപങ്ങളെ/ ആശയങ്ങളെ" ആത്മിക മണ്ഡലങ്ങളോടു തുലനപ്പെടുത്തി.

**പ്രകാശനം (Illumination).** ദൈവം മനുഷ്യരോടു സംസാരിച്ചു എന്ന ആശയത്തിനു നൽകിയിരിക്കുന്ന പേര്. പൂർണ്ണ ആശയം മൂന്നു പദങ്ങൾ കൊണ്ടാണ് വെളിപ്പെടുത്തിയിരിക്കുന്നത്: (1) വെളിപ്പാട് - ദൈവം മനുഷ്യ ചരിത്രത്തിൽ പ്രവർത്തിച്ചു; (2) ദൈവനിശ്വാസീയത - അവൻ തന്റെ പ്രവൃത്തികളുടെ ശരിയായ വ്യാഖ്യാന ങ്ങളും അവയുടെ അർത്ഥങ്ങളും മനുഷ്യവർഗ്ഗത്തിനുവേണ്ടി രേഖപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ചില പ്രത്യേക മനുഷ്യർക്കു നൽകി; (3) പ്രകാശനം - തന്റെ സ്വയ-വെളിപ്പെടുത്തൽ മനസ്സിലാക്കുന്നതിനു മനുഷ്യരെ സഹായിക്കാൻ അവൻ തന്റെ ആത്മാവിനെ നൽകി.

**പ്രകൃതിയിലെ വെളിപ്പാട് (Natural Revelation).** മനുഷ്യനോടുള്ള ദൈവത്തിന്റെ സ്വയ-വെളിപ്പെടുത്തലിന്റെ ഒരു മാർഗ്ഗമാണിത്. അതിൽ പ്രകൃതിയിലെ ക്രമം (റോമ. 1:19-20), ധാർമ്മിക ബോധം (റോമ. 2:14-15) എന്നിവ

ഉൾപ്പെടുന്നു. സങ്കീ. 19:1–6 ലും റോമ. 1–2 ലും അതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ബൈബിളിലൂടെയും നസറേത്തിലെ യേശുവിലൂടെയും പരമമായും ഉള്ള ദൈവത്തിന്റെ സ്വയ-വെളിപ്പാടായ "പ്രത്യേക വെളിപ്പാടിൽ" നിന്നും വ്യത്യസ്തമാണിത്.

ഈ ദൈവശാസ്ത്ര വിഭാഗത്തിന്, ക്രിസ്തീയ ശാസ്ത്രജ്ഞന്മാരുടെ ഇടയിലുള്ള 'പഴയ ഭൂമി' പ്രസ്ഥാനം (ഉദാ. ഹഗ് റോസിന്റെ രചനകൾ) പുനർ ഊന്നൽ നൽകിയിട്ടുണ്ട്. സകല സത്യങ്ങളും ദൈവത്തിന്റെ സത്യ മാണെന്ന് സ്ഥാപിക്കാൻ ഈ വിഭാഗത്തെ അവർ ഉപയോഗിക്കുന്നു. പ്രകൃതി, ദൈവത്തെക്കുറിച്ചുള്ള അറിവി ലേക്കു തുറക്കപ്പെട്ട വാതിലാണ്. അത് പ്രത്യേക വെളിപ്പാടിൽ നിന്ന് (ബൈബിൾ) വ്യത്യസ്തമാണ്. അത് ആധുനിക ശാസ്ത്രത്തിന് പ്രകൃതിയിലെ ക്രമത്തെക്കുറിച്ച് ഗവേഷണം നടത്താനുള്ള സ്വാതന്ത്ര്യം നൽകുന്നു. എന്റെ അഭിപ്രായത്തിൽ ആധുനിക ശാസ്ത്രീയ പാശ്ചാത്യ ലോകത്തോട് സാക്ഷ്യം പറയുന്നതിനുള്ള അതിശയകരമായ പുതിയ അവസരമാണിത്.

**ബെസെ.** എ.ഡി. 6–ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഗ്രീക്ക്, ലാറ്റിൻ കയ്യെഴുത്തു പ്രതിയാണിത്. ഇതിനെ 'D' എന്നു നാമകരണം ചെയ്തിരിക്കുന്നു. സുവിശേഷങ്ങളും അപ്പൊസ്തലപ്രവൃത്തികളും ചില പൊതുലേഖനങ്ങളു മാണിതിലുള്ളത്. പകർപ്പെഴുത്തുകാരന്റെ അസംഖ്യം കൂട്ടിച്ചേർക്കലുകൾ ഇതിലുണ്ട്. കിംഗ് ജയിംസ് വേർഷൻ ഉപയോഗിച്ച മുഖ്യ ഗ്രീക്ക് കയ്യെഴുത്തു പാരമ്പര്യമായ "ടെക്സ്റ്റസ് റെസിപ്റ്റസ്" ന്റെ അടിസ്ഥാനം ബെസെ ആണ്.

**മനുഷ്യരൂപാരോപണം.** "മനുഷ്യരോടു ബന്ധപ്പെട്ട സവിശേഷതകൾ ഉണ്ടായിരിക്കുക" എന്നർത്ഥം. ദൈവത്തെ ക്കുറിച്ചുള്ള നമ്മുടെ മതപരമായ ഭാഷയെ വിശദീകരിക്കുന്നതിനാണ് ഈ പദം ഉപയോഗിക്കുന്നത്. മനുഷ്യ വർഗ്ഗം എന്നതിനുള്ള ഗ്രീക്കു പദത്തിൽ നിന്നാണിത് വന്നത്. അതിനർത്ഥം ദൈവം ഒരു മനുഷ്യനാണെന്ന നിലയിൽ നാം അവനെക്കുറിച്ച് സംസാരിക്കുന്നു എന്നാണ്. ദൈവത്തെ മനുഷ്യനോടു ബന്ധപ്പെട്ട ശാരീരി ക, സാമൂഹിക, മനഃശാസ്ത്ര പദങ്ങളുപയോഗിച്ച് വിവരിക്കുന്നു (ഒ.നോ. ഉല്പ. 3:8; 1 രാജാ. 22:19–23). ഇത് തീർച്ചയായും സാദൃശ്യം മാത്രമാണ്. എന്നിരുന്നാലും മനുഷ്യന്റേതല്ലാതെ നമുക്കുപയോഗിക്കാൻ മറ്റൊരു വിഭാഗമോ, പദങ്ങളോ ലഭ്യമല്ല. അതിനാൽ ദൈവത്തെക്കുറിച്ച് നമുക്കുള്ള അറിവ് സത്യമാണെങ്കിൽപോലും പരിമിതമാണ്.

**മസോറെറ്റിക് പതിപ്പ്.** എബ്രായ പണ്ഡിതന്മാർ തലമുറകളിലൂടെ രൂപപ്പെടുത്തിയതും സ്വരാക്ഷരങ്ങളും ചിഹ ്നങ്ങളും ഇതര പാഠവിശദീകരണങ്ങളും ഉൾപ്പെടുത്തിയതും എ.ഡി. 9–ാം നൂറ്റാണ്ടിൽ പൂർത്തിയാക്കിയതുമായ എബ്രായ കയ്യെഴുത്തു പ്രതികളാണിവ. ഇതാണ് നമ്മുടെ ഇംഗ്ലീഷ് പഴയ നിയമത്തിന്റെ അടിസ്ഥാനം. അതിന്റെ പാഠഭാഗത്തിന്റെ കൃത്യത, എബ്രായ കയ്യെഴുത്തു പ്രതികൾ, പ്രത്യേകിച്ച് ചാവുകടൽ ചുരുളുകളിൽ നിന്നും ലഭിച്ച യെശയ്യാവ് ഉപയോഗിച്ച് ചരിത്രപരമായി സ്ഥിരീകരിച്ചിട്ടുണ്ട്. 'MT' എന്നാണ് ചുരുക്കെഴുത്ത്.

**മുൻധാരണ.** ഒരു വിഷയത്തെ സംബന്ധിച്ച് മുന്നമേ എത്തിച്ചേരുന്ന അറിവാണിത്. പലപ്പോഴും നാം തിരുവെഴുത്ത് പരിശോധിക്കുന്നതിനു മുമ്പുതന്നെ ഒരു വിഷയത്തെക്കുറിച്ച് അഭിപ്രായം അഥവാ വിധി പ്രസ്താവം രൂപപ്പെടുത്താറുണ്ട്. ഈ മുൻധാരണയെ മുൻവിധി, എ പ്രിയോറി നിലപാട്, ഊഹാപോഹം എന്നിങ്ങനെയും വിളിക്കാറുണ്ട്.

**മുൻ വിധി.** ഒരു വസ്തുവിനോടോ വീക്ഷണത്തോടൊ ഉള്ള ശക്തമായ മുൻവിധിയെയാണിതു സൂചിപ്പിക്കുന്ന ത്. ഒരു പ്രത്യേക വസ്തുവിനോട് അല്ലെങ്കിൽ വീക്ഷണത്തോട് മുഖപക്ഷം കാണിക്കാതിരിക്കുക അസാ ദ്ധ്യമെന്ന നിലയിലുള്ള മാനസികാവസ്ഥയാണിത്. ഇതൊരു മുൻവിധി നിലപാടാണ്.

**മുറാറ്റോറിയൻ ശകലങ്ങൾ.** പുതിയ നിയമ കാനോനിക ഗ്രന്ഥങ്ങളുടെ പട്ടികയാണിത്. എ.ഡി. 200 ന് മുമ്പ് റോമിൽ വെച്ചെഴുതിയതാണിത്. പ്രൊട്ടസ്റ്റന്റ് പുതിയ നിയമത്തിലുള്ള 27 പുസ്തകങ്ങളുടെ പട്ടിക ഇതിലുണ്ട്. റോമാ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രാദേശിക സഭകൾ, നാലാം നൂറ്റാണ്ടിലെ മുഖ്യ സഭാ സുന്നഹദോസുകൾക്കു മുമ്പു തന്നെ "പ്രായോഗികമായി" കാനോൻ രൂപപ്പെടുത്തിയിരുന്നു എന്നാണ് ഇതു വ്യക്തമായി വെളിപ്പെടുത്തുന്നത്.

**മൂല എഴുത്തുകാരൻ (Original author).** ഇത് തിരുവെഴുത്തിന്റെ യഥാർത്ഥ കർത്താവ്, എഴുത്തുകാരനെ സൂചി പ്പിക്കുന്നു.

**മെറ്റോനിമി.** ഒരു വസ്തുവിന്റെ പേരുപയോഗിച്ച് അതിനോടു ബന്ധപ്പെട്ട മറ്റൊന്നിനെ സൂചിപ്പിക്കുന്ന പ്രയോഗ ത്തിനു പറയുന്ന പേരാണിത്. ഉദാ. "പാത്രം തിളയ്ക്കുന്നു" എന്നു പറഞ്ഞാൽ, "പാത്രത്തിനുള്ളിലെ വെള്ളം തിളയ്ക്കുന്നു" എന്നാണ്.

**യഹോവ** (YHWH). പഴയ നിയമത്തിലെ ദൈവത്തിന്റെ ഉടമ്പടി നാമമാണിത്. പുറ. 3:14ൽ ഇതിനെ നിർവചിച്ചിരി ക്കുന്നു. "ആയിരിക്കുക" (to be) എന്ന എബ്രായ പദത്തിന്റെ ഹേതുക രൂപമാണിത്. ഈ നാമം വൃഥാ എടുത്താലോ എന്നു ഭയപ്പെട്ട് യെഹൂദന്മാർ ഇത് ഉച്ചരിക്കുമായിരുന്നില്ല; അതിനാൽ അതിനു പകരം "കർത്താവ്" എന്നർത്ഥമുള്ള "അഡോണായി" എന്ന എബ്രായ പദം ഉപയോഗിച്ചു. ഇങ്ങനെയാണ് ഈ ഉടമ്പടി നാമം ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

**ലോകചിത്രവും ലോകവീക്ഷണവും.** സഹവർത്തിത്വ പദങ്ങളാണിവ. സൃഷ്ടിയോടു ബന്ധപ്പെട്ട തത്വശാസ്ത്ര വീക്ഷണങ്ങളാണവ. "ലോകചിത്രം" (world picture) സൂചിപ്പിക്കുന്നത് "സൃഷ്ടി എങ്ങനെ" എന്നാണെങ്കിൽ "ലോക വീക്ഷണം" (world veiw) "ആര്" എന്നാണ്. ഉല്പ. 1–2 പ്രാഥമികമായി സൃഷ്ടിപ്പിന്റെ 'എങ്ങനെ' എന്നതിനെക്കാൾ 'ആര്' എന്നതിനെ പ്രതിപാദിക്കുന്നു എന്ന നിലയിലുള്ള വ്യാഖ്യാനത്തിൽ ഈ രണ്ടു പദങ്ങൾ പ്രസക്തമാണ്.**ലോവർ ക്രിട്ടിസിസം.** "പാഠനിരൂപണം" കാണുക.**വത്തിക്കാനസ്**. എ.ഡി. നാലാം നൂറ്റാണ്ടിലെ ഗ്രീക്ക് കയ്യെഴുത്തു പ്രതിയാണിത്. വത്തിക്കാൻ ലൈബ്രറിയിൽ നിന്നാണിതു കണ്ടെടുത്തത്. ഇതിൽ യഥാർത്ഥത്തിൽ പഴയനിയമം മുഴുവനും അപ്പൊക്രിഫയും പുതിയ നിയമവും ഉൾപ്പെട്ടിരിക്കുന്നു. എങ്കിലും ചില ഭാഗങ്ങൾ നഷ്ടപ്പെട്ടു (ഉല്പത്തി, സങ്കീർത്തനങ്ങൾ, എബ്രായ ലേഖനം, ഇടയലേഖനങ്ങൾ, ഫിലേമോൻ, വെളിപ്പാട്). മൂല ഗ്രന്ഥത്തിലെ യഥാർത്ഥ പദപ്രയോഗങ്ങൾ നിർണ്ണയിക്കുന്നതിന് ഏറെ സഹായകരമായ കയ്യെഴുത്തു പ്രതിയാണിത്. "B" എന്നാണിതിനെ വിളിക്കുന്നത്.

**വൾഗേറ്റ്.** ജെറോമിന്റെ ലാറ്റിൻ ബൈബിൾ പരിഭാഷയാണിത്. ഇത് റോമൻ കത്തോലിക്കാ സഭയുടെ അടിസ്ഥാന അഥവാ "പൊതുവായ" പരിഭാഷയായിത്തീർന്നു. എ.ഡി. 380 കളിലാണ് ഇതുണ്ടാക്കിയത്.

**വാക്യത്തെളിവ് കണ്ടെത്തൽ.** ഒരു വാക്യത്തിന്റെ ആ ഭാഗത്തെ സന്ദർഭമോ ആ സാഹിത്യ യൂണിറ്റിന്റെ വിശാല സന്ദർഭമോ പരിഗണിക്കാതെ ഉദ്ധരിച്ച് തിരുവെഴുത്തിനെ വ്യാഖ്യാനിക്കുന്ന രീതിയാണിത്. ഇത് വാക്യത്തെ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തിൽ നിന്നും അടർത്തി മാറ്റുന്നു. വേദപുസ്തക അധികാരത്തെ കൂട്ടുപിടിച്ച് വ്യക്തിപരമായ അഭിപ്രായം തെളിയിക്കുന്നതിനാണ് ഇതു സാധാരണയായി ഉപയോഗിക്കാറുള്ളത്.

**വിരോധാലങ്കാരം (antithetical).** എബ്രായ കവിതയിലെ വരികൾ തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നതിനുപയോഗിക്കുന്ന മൂന്ന് വിശദീകരണം പദങ്ങളിലൊന്നാണിത്. കവിതയിലെ വിരുദ്ധ അർത്ഥങ്ങളുള്ള വരികളോട് ഇത് ബന്ധപ്പെട്ടിരിക്കുന്നു (ഒ.നോ. സദൃ. 10:1; 15:1).

**വിവരണാത്മക ഭാഷ.** പഴയ നിയമം എഴുതപ്പെട്ട ഭാഷാ ശൈലിയോടു ബന്ധപ്പെട്ടാണിതുപയോഗിക്കുന്നത്. അതു നമ്മുടെ ലോകത്തെ പഞ്ചേന്ദ്രിയങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ വിവരിക്കുന്നു. അതൊരു ശാസ്ത്രീയ വിവരണമല്ല, അങ്ങനെ ഉദ്ദേശിച്ചിട്ടുമില്ല.

**വിശ്വാസ സമർത്ഥകൻ (വിശ്വാസ സമർത്ഥനം) Apologist.** "നിയമപരമായ പ്രതിരോധം" എന്നർത്ഥമുള്ള ഗ്രീക്ക് മൂലപദത്തിൽ നിന്നാണ് ദൈവശാസ്ത്രത്തിലെ ഈ പ്രത്യേക ശാഖ ക്രിസ്തീയ വിശ്വാസത്തിനാധാരമായ തെളിവുകളും വാദഗതികളും നിരത്തുന്നു.

**വെളിപ്പാട് സാഹിത്യം.** ഇത് മുഖ്യമായും ഒരു പക്ഷേ, അതുല്യമായും യെഹൂദ സാഹിത്യരൂപമാണ്. വിദേശ ലോകശക്തികൾ യെഹൂദ്യ ആക്രമിച്ച് കീഴടക്കിയ കാലഘട്ടത്തിൽ ഉപയോഗിച്ച ശുദ്ധാർത്ഥ രീതിയിലുള്ള രചനാരീതിയാണിത്. ലോകസംഭവങ്ങളെ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ആളത്വമുള്ള വീണ്ടെടുപ്പിൻ ദൈവത്തെ അതു വിശദീകരിക്കുകയും യിസ്രായേൽ അവന് താല്പര്യമുള്ളവരും അവന്റെ സംരക്ഷണയിലുള്ളവരാണെന്നനുമാനിക്കയും ചെയ്യുന്നു. ദൈവത്തിന്റെ പ്രത്യേക പ്രവൃത്തിയാൽ ആത്യന്തിക വിജയം ഈ സാഹിത്യം വാഗ്ദാനം ചെയ്യുന്നു.

അനേക ശുദ്ധാർത്ഥ പദങ്ങളുള്ളതും ഉയർന്ന പ്രതീകാത്മക രീതിയിലുള്ളതുമാണിത്. അത് സത്യത്തെ വർണ്ണങ്ങൾ, സംഖ്യകൾ, ദർശനങ്ങൾ, സ്വപ്നങ്ങൾ, ദൂത മധ്യസ്ഥത, രഹസ്യ കോഡ്‌വാക്കുകൾ എന്നിവയിലൂടെയും പലപ്പോഴും നന്മയും തിന്മയും തമ്മിലുള്ള കഠിനമായ പോരാട്ടത്തിലൂടെയും വിവരിക്കുന്നു.

ഈ സാഹിത്യപൂപത്തിന്റെ ചില ഉദാഹരണങ്ങൾ (1) പഴയ നിയമത്തിൽ യെഹെസ്ക്കേൽ (അദ്ധ്യാ. 36–38), ദാനീയേൽ (അദ്ധ്യാ. 7–12), സെഖര്യാവ്; (2) പുതിയ നിയമത്തിൽ മത്താ. 24; മർക്കൊ. 13; 2 തെസ്സ. 2; വെളിപ്പാട്.

**വെളിപ്പാട്.** ദൈവം മനുഷ്യരോടു സംസാരിച്ചു എന്ന ആശയത്തിനു നൽകിയിട്ടുള്ള പേരാണിത്. (പ്രകാശനം കാണുക).

**വേദപുസ്തക അധികാരം.** ഒരു പ്രത്യേക അർത്ഥത്തിലാണിത് ഉപയോഗിച്ചിരിക്കുന്നത്. യാഥാർത്ഥ എഴുത്തുകാരൻ അവന്റെ കാലത്ത് അർത്ഥമാക്കിയതെന്തെന്നു മനസ്സിലാക്കി ഇന്നു പ്രയോഗത്തിലാക്കുന്നതിനാണ് ഇതുപയോഗിക്കുന്നത്. നമ്മുടെ ഏക ആധികാരിക മാർഗ്ഗദർശി എന്ന നിലയിൽ ബൈബിളിനെ വീക്ഷിക്കുന്നതാണ് വേദപുസ്തക അധികാരം എന്നു നിർവചിക്കാം. എങ്കിലും സമകാലിക തെറ്റായ വ്യാഖ്യാനങ്ങളുടെ വെളിച്ചത്തിൽ, ചരിത്ര–വ്യാകരണ രീതിയുടെ പ്രമാണങ്ങളനുസരിച്ച് വ്യാഖ്യാനിക്കപ്പെടുന്ന ബൈബിൾ എന്ന് ഈ ആശയത്തെ ഞാൻ പരിമിതപ്പെടുത്തുന്നു.

**വ്യവസ്ഥിത ദൈവശാസ്ത്രം.** വേദപുസ്തക സത്യങ്ങൾ പൊരുത്തമുള്ളതും യുക്തിസഹവുമായ രീതിയിൽ ബന്ധിപ്പിക്കുന്ന വ്യാഖ്യാന പടികളെയാണിതു സൂചിപ്പിക്കുന്നത്. കേവലം ചരിത്രപരമെന്നതിലുപരി യുക്തിസഹമായ രീതിയിൽ ക്രൈസ്തവ ദൈവശാസ്ത്ര വിഭാഗങ്ങളെ അവതരിപ്പിക്കുന്നതാണിത് (ദൈവം, മനുഷ്യൻ, പാപം, രക്ഷ, ആദി).

**വൈരുദ്ധ്യം (Paradox).** വൈരുദ്ധ്യമുള്ളതെന്നു തോന്നുന്നതും എന്നാൽ സത്യമായതും പരസ്പരം സംഘർഷം വെച്ചു പുലർത്തുന്നതുമായ സത്യങ്ങളെയാണിതു സൂചിപ്പിക്കുന്നത്. സത്യത്തെ എതിർവശങ്ങളിൽ നിന്നും

അവതരിപ്പിച്ചുകൊണ്ട് അവ സത്യത്തെ എടുത്തുകാണിക്കുന്നു. മിക്ക വേദപുസ്തക സത്യങ്ങളും വിരുദ്ധ ജോഡികളായിട്ടാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. വേദപുസ്തക സത്യങ്ങൾ ഒറ്റപ്പെട്ട നക്ഷത്രങ്ങളല്ല, മറിച്ച് നക്ഷത്രങ്ങൾ നെയ്തു ചേർത്ത നക്ഷത്ര രാശികളാണ്.

**ശൈലി പ്രയോഗങ്ങൾ.** വിവിധ സംസ്കാരങ്ങളിൽ കാണുന്ന പ്രയോഗങ്ങൾ. അവയിലെ ഒറ്റയൊറ്റ വാക്കുകളുടെ അർത്ഥങ്ങളോടു ബന്ധപ്പെടാതെ പ്രത്യേക അർത്ഥമായിരിക്കും അവയ്ക്കുള്ളത്. ചില ആധുനിക ഉദാഹരണങ്ങൾ: "വയറ് കത്തുന്നു" അല്ലെങ്കിൽ "ഞാൻ ഭൂമിയിലേക്കു താണുപോയി." വേദപുസ്തകത്തിലും ഇത്തരം പ്രയോഗങ്ങൾ ഉണ്ട്.

**സമാന്തര വേദഭാഗങ്ങൾ.** ബൈബിൾ മുഴുവനും ദൈവനിശ്വാസീയമാണെന്നും അതിനാൽ, അതു തന്നെയാണ് അതിന്റെ മികച്ച വ്യാഖ്യാതാവും വിരുദ്ധ സത്യങ്ങളെ സന്തുലനപ്പെടുത്തുന്നവനും എന്ന ആശയത്തിന്റെ ഭാഗമാണിത്. വ്യക്തമല്ലാത്തതും ദുർഗ്രഹമായതുമായ വേദഭാഗങ്ങൾ വ്യാഖ്യാനിക്കുന്നതിൽ ഇതു വളരെ സഹായകരമാണ്. ഒരു പ്രത്യേക വിഷയത്തിൽ ഏറ്റവും വ്യക്തമായ വേദഭാഗം കണ്ടെത്തുവാനും ആ വിഷയത്തെ സംബന്ധിച്ച തിരുവെഴുത്തിലെ മറ്റു വശങ്ങളും കണ്ടെത്തുവാൻ അതു സഹായിക്കും.

**സാഹിത്യരൂപം (Literary Genre).** മാനുഷിക ആശയ വിനിമയത്തിൽ ഉപയോഗിക്കുന്ന വ്യത്യസ്ത രൂപങ്ങളെ – കാവ്യം അല്ലെങ്കിൽ ചരിത്ര വിവരണം – സൂചിപ്പിക്കുന്നു. എഴുതപ്പെട്ട എല്ലാ സാഹിത്യ രൂപത്തിനും അതിന്റെ പൊതുവായ വ്യാഖാനതത്വങ്ങൾ ഉള്ളതു കൂടാതെ പ്രത്യേകമായ വ്യാഖ്യാന തത്വങ്ങളും ഉണ്ട്.

**സാഹിത്യ രൂപം (ജന്ർ).** വിവിധ സാഹിത്യ രൂപങ്ങളെ സൂചിപ്പിക്കാനുപയോഗിക്കുന്ന ഫ്രഞ്ചു പദം. സാഹിത്യ രൂപങ്ങളെ സമാന സവിശേഷതകൾ പുലർത്തുന്ന വിഭാഗങ്ങളായി തിരിക്കുക: ചരിത്ര വിവരണം, കാവ്യം, സദൃശവാക്യങ്ങൾ, വെളിപ്പാട്, ഭരണക്രമം.

**സാഹിത്യ ഘടകം (literary Unit).** വേദപുസ്തക ഗ്രന്ഥത്തിലെ പ്രധാന ആശയപരമായ വിഭജനത്തെ സൂചിപ്പി ക്കുന്നു. അത് ചില വാക്യങ്ങളോ, ഖണ്ഡികകളോ അല്ലെങ്കിൽ അധ്യായങ്ങളോ ചേർന്നതാകാം. ഒരു കേന്ദ്ര വിഷയം ഉള്ള സ്വയ-നിലനിൽപ്പുള്ള യൂണിറ്റാണിത്.

**സിന്റാക്സ് (പദവിന്യാസം).** ഒരു വാചകത്തിന്റെ ഘടനയെ സൂചിപ്പിക്കുന്ന ഗ്രീക്കു പദം. ഒരു സമ്പൂർണ്ണ ആശയം ഉളവാക്കുന്നതിനായി വാചക ഭാഗങ്ങൾ കൂട്ടിച്ചേർക്കുന്ന വിധത്തോട് ഇതു ബന്ധപ്പെട്ടിരിക്കുന്നു.

**സിന്തറ്റിക്കൽ.** എബ്രായ കവിതയിലെ വിവിധ രൂപങ്ങളിൽ ഒന്നിനോടു ബന്ധപ്പെട്ട പദം. ഒന്നിനു മുകളിൽ മറ്റൊന്നു വരുന്ന രീതിയിൽ കവിതാവരികൾ നിർമ്മിക്കുന്നതിനെയാണിതു സൂചിപ്പിക്കുന്നത്. "ക്ലൈമാറ്റിക്" (മൂർദ്ധന്യമാകുന്ന) എന്നും വിളിക്കാറുണ്ട് (ഒ.നോ. സങ്കീ. 19:7-9).

**സെമാന്റിക് ഫീൽഡ്.** ഒരു വാക്യത്തോടു ബന്ധപ്പെട്ടിട്ടുള്ള മുഴുവൻ അർത്ഥതലങ്ങളെയും ഇതു സൂചിപ്പിക്കുന്നു. അത് അടിസ്ഥാനപരമായി ഒരു വാക്കിന് വ്യത്യസ്ത സന്ദർഭങ്ങളിൽ ഉള്ള വ്യത്യസ്ത അർത്ഥതലങ്ങളാണ്.

**സെപ്റ്റ്വജിന്റ്.** എബ്രായ പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയ്ക്ക് നൽകപ്പെട്ട പേരാണിത്. ഈജിപ്തിലെ അലക്സാണ്ട്രിയയിലുള്ള എഴുപത് യെഹൂദ പണ്ഡിതന്മാർ ചേർന്ന് 70 ദിവസം കൊണ്ടാണിത് എഴുതിയതെന്ന് പാരമ്പര്യം പറയുന്നു. പരമ്പരാഗത തീയതി ഏതാണ്ട് ബി.സി. 250 ആണ് (യഥാർത്ഥത്തിൽ ഇതു പൂർത്തിയാക്കുവാൻ 100 ലധികം വർഷങ്ങളെടുത്തു). താഴെപ്പറയുന്ന കാരണങ്ങളാൽ ഈ പരിഭാഷ അതീവ പ്രാധാന്യമുള്ളതാണ്: (1) മസോറെറ്റിക് എബ്രായ പതിപ്പുമായി താരതമ്യപ്പെടുത്തുന്നതിന് ഒരു പുരാതന പതിപ്പ് ഇതിലൂടെ ലഭ്യമായി; (2) ബി.സി. രണ്ടും മൂന്നും നൂറ്റാണ്ടുകളിലെ യെഹൂദ വ്യാഖ്യാനത്തിന്റെ അവസ്ഥ ഇതു നമുക്കു കാണിച്ചു തരുന്നു; (3) യേശുവിനെ തള്ളിക്കളയുന്നതിനു മുമ്പുള്ള യെഹൂദന്മാരുടെ മശിഹൈക ധാരണ ഇതു നമുക്കു നൽകുന്നു. അതിന്റെ ചുരുക്കെഴുത്ത് "LXX" .

**സൈനയിറ്റിക്കസ്.** എ. ഡി. നാലാം നൂറ്റാണ്ടിലെ ഗ്രീക്ക് കയ്യെഴുത്തു പ്രതിയാണിത്. പരമ്പരാഗത സീനായി പർവ്വതസ്ഥാനമായ ജബൽ മൂസയിലെ സെന്റ് കാതറിൻ സന്യാസാശ്രമത്തിൽ നിന്ന് ജർമ്മൻ പണ്ഡിതനായ റ്റിഷൻഡോർഫ് ആണിതു കണ്ടെടുത്തത്. എബ്രായ ആദ്യ ആക്ഷരമായ "ആലേഫ്" (א) എന്ന പേരിലാണിത് അറിയപ്പെടുന്നത്. പഴയനിയമവും സമ്പൂർണ്ണ പുതിയ നിയമവും ഇതിലടങ്ങിയിരിക്കുന്നു. നമുക്കു ലഭിച്ചിട്ടുള്ള ഏറ്റവും പഴക്കമുള്ള വലിയക്ഷര കയ്യെഴുത്തു പ്രതിയാണിത്.

**സംഗ്രഹം (Paraphrase).** വേദപുസ്തക പരിഭാഷ സംബന്ധിച്ചുള്ള ഒരു സിദ്ധാന്തത്തിന്റെ പേരാണിത്. വേദപു സ്തക പരിഭാഷയെ "പദാനുപദ"ത്തോടു യോജിക്കുന്ന ഒരു തുടർച്ചയായി കാണാൻ കഴിയും. അതിൽ ഓരോ എബ്രായ അഥവാ ഗ്രീക്കു പദത്തിന് തത്തുല്യമായ ഇംഗ്ലീഷ് പദം നൽകുകയാണു ചെയ്യുന്നത്. എന്നാൽ സംഗ്രത്തിൽ ആശയം മാത്രമാണു പരിഭാഷപ്പെടുത്തുന്നത്, യഥാർത്ഥ വാക്കുകളോ പ്രയോഗങ്ങളോ പരിഭാഷപ്പെടുത്തുന്നില്ല. ഈ രണ്ടു സിദ്ധാന്തങ്ങൾക്കിടയിൽ, മൂല പതിപ്പിനെ ഗൗരവത്തിൽ എടുക്കുമ്പോൾ തന്നെ അതിനെ ആധുനിക വ്യാകരണരൂപങ്ങളിലേക്കും ശൈലികളിലേക്കും പരിഭാഷപ്പെടുത്തുന്ന "ഡൈനമിക് ഇക്വലന്റ്" എന്ന രീതിയുമുണ്ട്. ഈ വിധ സിദ്ധാന്തങ്ങളെ സംബന്ധിച്ച് ഒരു നല്ല ചർച്ചയ്ക്ക്, Fee and Stuart, *How to Read the Bible for All Its Worth*, p. 35 കാണുക.

**ഹയർ ക്രിട്ടിസിസം.** ഒരു പ്രത്യേക വേദപുസ്തക ഗ്രന്ഥത്തിന്റെ ചരിത്ര പശ്ചാത്തലം, സാഹിത്യ ഘടന

എന്നിവയിൽ ശ്രദ്ധയൂന്നുന്ന വ്യാഖ്യാന പ്രക്രിയയാണിത്.

**ഹെർമെന്യൂട്ടിക്സ് (വ്യാഖ്യാന ശാസ്ത്രം).** വ്യാഖ്യാനത്തിനു മാർഗ്ഗനിർദ്ദേശം നൽകുന്ന പ്രമാണങ്ങൾക്കു പറയുന്ന സങ്കേതിക പദം. ഇത് പ്രത്യേക മാർഗ്ഗരേഖകൾക്കൊപ്പം ഒരു കല/വരം കൂടിയാണ്. വേദപുസ്തക വ്യാഖ്യാനശാസ്ത്രം സാധാരണയായി രണ്ടായി വിഭജിക്കാം: പൊതു തത്വങ്ങളും പ്രത്യേക തത്വങ്ങളും. വേദപുസ്തകത്തിൽ കാണുന്ന വിവിധ തരത്തിലുള്ള സാഹിത്യ രൂപങ്ങളോട് ഇവ ബന്ധപ്പെട്ടിരിക്കുന്നു. ഓരോ വ്യത്യസ്ത രൂപത്തിനും (ജന്റ്) അതിന്റെ മാത്രമായ മാർഗ്ഗരേഖകളുള്ളപ്പോൾ തന്നെ അവയ്ക്കെല്ലാം പൊതുവേ ബാധമാകുന്ന വ്യാഖ്യാന രീതികളും പ്രക്രിയകളുമുണ്ട്.

**റബി യെഹൂദമതം** (Rabbinical Judaism). യെഹൂദ ജനത്തിന്റെ ജീവിതത്തിലെ ഈ ഘട്ടം ബാബേൽ പ്രവാസത്തോടെയാണ് ആരംഭിച്ചത് (ബി.സി. 586–538). പുരോഹിതന്മാരുടെയും ദൈവാലയത്തിന്റെയും സ്വാധീനം ഇല്ലാതായതോടുകൂടി, പ്രാദേശിക സിനഗോഗ് യെഹൂദ ജീവിതത്തിന്റെ കേന്ദ്രമായി മാറി. യെഹൂദ സംസ്കാരത്തിന്റെയും കൂട്ടായ്മയുടെയും ആരാധനയുടെയും വേദപുസ്തക പഠനത്തിന്റെയും ഈ കേന്ദ്രങ്ങൾ ദേശീയ മതജീവിതത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറി. യേശുവിന്റെ കാലത്ത് ഈ "ശാസ്ത്രിമാരുടെ മതം" പുരോഹിതന്മാർക്കു സമാന്തരമായിത്തീർന്നിരുന്നു. എ.ഡി. 70 ലെ യെരൂശലേമിന്റെ പതനത്തോടെ പരീശന്മാർക്ക് ആധിപത്യമുണ്ടായിരുന്ന ശാസ്ത്രിഗണം യെഹൂദ മതജീവിതത്തിന്റെ ദിശ നിർണ്ണയിക്കുന്നവരായിത്തീർന്നു. അതിന്റെ സവിശേഷത, വാമൊഴി പാരമ്പര്യത്തിൽ (തൽമൂദ്) വിശദീകരിച്ചിരിക്കുന്ന രീതിയിലുള്ള തോറയുടെ പ്രായോഗികവും നിയമവാദപരവുമായ വ്യാഖ്യാനമാണ്.

# അനുബന്ധം നാല്

## വിശ്വാസ പ്രമാണ പ്രഖ്യാപനം

വിശ്വസ പ്രഖ്യാപനങ്ങളോ പ്രമാണങ്ങളോ ഞാൻ ഗൗരവമായി കരുതാറില്ല. വേദപുസ്തകത്തെ ഉറപ്പിക്കുന്ന തിനാണു ഞാൻ മുൻഗണന നൽകുന്നത്. എങ്കിലും എന്നെ പരിചയമില്ലാത്തവർക്ക് എന്റെ ഉപദേശപരമായ കാഴ്ചപ്പാട് വിലയിരുത്തുന്നതിനുള്ള ഒരു മാർഗ്ഗമായി വിശ്വാസ പ്രഖ്യാപനം പരിണമിക്കുമെന്നു ഞാൻ മനസ്സി ലാക്കുന്നു. ധാരാളം ദൈവശാസ്ത്ര പ്രമാണങ്ങളും വഞ്ചനകളും ഉള്ള നമ്മുടെ ഈ കാലഘട്ടത്തിൽ എന്റെ തിയോളജിയുടെ ഈ ഹൃസ്വ സംഗ്രഹം ഞാനും മുന്നോട്ടു വയ്ക്കുന്നു.

1. പഴയ നിയമവും പുതിയ നിയമവും അടങ്ങിയ ബൈബിൾ, ദൈവനിശ്വാസീയവും, തെറ്റിക്കൂടാത്തതും, നിത്യവുമായ ദൈവവചനമാണ്. അമാനുഷിക നേതൃത്വത്തിൻ കീഴിൽ മനുഷ്യർ രേഖപ്പെടുത്തിയ ദൈവത്തിന്റെ സ്വയ വെളിപ്പാടാണത്. ദൈവത്തെയും അവന്റെ ഉദ്ദേശ്യങ്ങളെയും കുറിച്ചുള്ള വ്യക്തമായ സത്യത്തെക്കുറിച്ച് നമുക്കുള്ള ഏക വിവരസ്രോതസ്സാണത്. അവന്റെ സഭയുടെ വിശ്വാസത്തിനും ആചരണത്തിനും വേണ്ടിയുള്ള ഏക സ്രോതസ്സും അതുതന്നെ.

2. നിത്യനും സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമായ ഏക ദൈവമുണ്ട്. അവൻ ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവാണ്. അവൻ സൗമ്യനും നീതിമാനും ആയിരിക്കുമ്പോൾ തന്നെ സ്നേഹവാനും കരുണയുള്ളവനുമായി വെളിപ്പെട്ടു. മൂന്നു വ്യത്യസ്ത ആളത്വങ്ങളിൽ അവൻ തന്നെത്തന്നെ വെളിപ്പെടുത്തി: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, യഥാർത്ഥമായും വേറിട്ടവരും എന്നാൽ സാരംശത്തിൽ സമത്വമുള്ളവരും ആണ്.

3. ദൈവമാണ് ലോകത്തിന്റെ സജീവ നിയന്ത്രണം. അവന്റെ സൃഷ്ടികളെ സംബന്ധിച്ച് മാറ്റമില്ലാത്ത ഒരു നിത്യപദ്ധതിയും അപ്പോൾ തന്നെ ഓരോ വ്യക്തിയെക്കുറിച്ചുമുള്ള പ്രത്യേക പദ്ധതിയും അവനുണ്ട് – വ്യക്തികളെ ക്കുറിച്ചുള്ള പദ്ധതി മനുഷ്യന്റെ സ്വതന്ത്ര ഇഷ്ടം അനുവദിക്കുന്നതാണ്. ദൈവത്തിന്റെ അറിവും അനുവാദവും കൂടാതെ യാതൊന്നും സംഭവിക്കുന്നില്ല, എങ്കിലും അവൻ ദൂതന്മാർക്കും മനുഷ്യർക്കും വ്യക്തിപരമായ തിരഞ്ഞെ ടുപ്പ് അനുവദിക്കുന്നുണ്ട്. യേശു പിതാവിന്റെ തിരഞ്ഞെടുക്കപ്പെട്ട മനുഷ്യനും സകലവും അവനിൽ തിരഞ്ഞെ ടുക്കപ്പെട്ടുമിരിക്കുന്നു. സംഭവങ്ങളെ സംബന്ധിച്ചുള്ള ദൈവത്തിന്റെ മുന്നറിവ് മനുഷ്യനെ ഒരിക്കലും മുന്നമേ രേഖപ്പെടുത്തപ്പെട്ട ഒരു രേഖയിലേക്ക് തരംതാഴ്ത്തുന്നില്ല. നാമോരോരുത്തരും നമ്മുടെ ചിന്തകൾക്കും പ്രവൃത്തി കൾക്കും ഉത്തരവാദികളാണ്.

4. മനുഷ്യവർഗ്ഗം, ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരും പാപത്തിൽ നിന്നും സ്വതന്ത്രരും ആയിരുന്നു വെങ്കിലും ദൈവത്തിനെതിരെ മത്സരിക്കുന്നതു തിരഞ്ഞെടുത്തു. പ്രകൃത്യാതീതമായ ഒരു മദ്ധ്യവർത്തിയാൽ പരീക്ഷിക്കപ്പെട്ടുവെങ്കിലും ആദാമും ഹവ്വായും അവരുടെ സ്വയതീരുമാനപ്രകാരമുള്ള സ്വയകേന്ദ്രീകൃതത്വത്തിന് ഉത്തരവാദികളായിരുന്നു. അവരുടെ മറുതലിപ്പ് മനുഷ്യവർഗ്ഗത്തെയും സൃഷ്ടിയെയും ബാധിച്ചു. നാമെല്ലാവരും ആദാമിലൂടെ പങ്കിടപ്പെട്ട പാപാവസ്ഥയ്ക്കും നമ്മുടെ വ്യക്തിപരമായ മനപ്പൂർവ്വ മറുതലിപ്പിനും ദൈവത്തിന്റെ കരുണയും കൃപയും ആവശ്യമുള്ളവരായിരിക്കുന്നു.

5. വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ പാപക്ഷമയ്ക്കും യഥാസ്ഥാപനത്തിനുമായി ഒരു മാർഗ്ഗം ദൈവം ഒരുക്കിയിരിക്കുന്നു. ദൈവത്തിന്റെ അതുല്യപുത്രനായ യേശുക്രിസ്തു ഒരു മനുഷ്യനായിത്തീർന്നു, പാപരഹിത മായ ജീവിതം നയിച്ചു, അവന്റെ പ്രായശ്ചിത്ത മരണത്തിലൂടെ മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷ അനുഭ വിച്ചു. ദൈവവുമായുള്ള യഥാസ്ഥാപനത്തിനും കൂട്ടായ്മയ്ക്കുമുള്ള ഏകവഴി അവനാണ്. അവന്റെ പൂർത്തീകരി ക്കപ്പെട്ട പ്രവൃത്തിയിലുള്ള വിശ്വാസം കൂടാതെ രക്ഷയ്ക്ക് മറ്റൊരു മാർഗ്ഗവുമില്ല.

6. നാമോരുത്തരും വ്യക്തിപരമായി യേശുവിലൂടെ ദൈവം വാഗ്ദാനം ചെയ്യുന്ന പാപമോചനവും യഥാസ്ഥാ പനവും സ്വീകരിക്കണം. യേശുവിലൂടെയുള്ള ദൈവിക വാഗ്ദത്തങ്ങളിൽ മനപ്പൂർവ്വമായി ആശ്രയിക്കുകയും നമുക്കു ബോധ്യമുള്ള പാപങ്ങളിൽ നിന്നും മനപ്പൂർവ്വം പിന്തിരിയുകയും ചെയ്യുന്നതിലൂടെയാണിതു സാധിക്കുന്നത്.

7. ക്രിസ്തുവിലുള്ള നമ്മുടെ ആശ്രയത്തിന്റെയും പാപത്തിൽ നിന്നുള്ള മാനസാന്തരത്തിന്റെയും അടിസ്ഥാന ത്തിൽ നാമെല്ലാവരും പൂർണ്ണമായി പാപമോചനം പ്രാപിക്കുകയും യഥാസ്ഥാനപ്പെടുകയും ചെയ്യുന്നു. എങ്കിലും ഈ പുതിയ ബന്ധത്തിന്റെ തെളിവ് രൂപാന്തരപ്പെട്ടതും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഒരു ജീവിതമാണ്. നമ്മുടെ മാനുഷികാവസ്ഥ സംബന്ധിച്ചുള്ള ദൈവത്തിന്റെ ലക്ഷ്യം ഒരു ദിവസം സ്വർഗ്ഗത്തിൽ എത്തുക എന്നതു മാത്രമല്ല, ഇപ്പോൾ ക്രിസ്താനുരൂപരാകുക എന്നതും കൂടിയാണ്. യഥാർത്ഥമായി വീണ്ടെടുക്കപ്പെട്ടവർ, വല്ലപ്പോഴും പാപം ചെയ്താലും അവരുടെ ജീവിതകാലം മുഴുവനും വിശ്വാസത്തിലും മാനസാന്തരത്തിലും തുടർന്നുകൊണ്ടിരിക്കും.

8. പരിശുദ്ധാത്മാവ് "മറ്റേ യേശു" ആണ്. നഷ്ടപ്പെട്ടവരെ ക്രിസ്തുവിലേക്കു നയിക്കുവാനും രക്ഷിക്കപ്പെട്ട വരിൽ ക്രിസ്തു സാദൃശ്യം വികസിപ്പിക്കുന്നതിനുമായി അവൻ ലോകത്തിലുണ്ട്. ആത്മാവിന്റെ വരങ്ങൾ രക്ഷയുടെ സമയത്തു നൽകപ്പെടുന്നു. അവ യേശുവിന്റെ ജീവിതവും ശുശ്രൂഷയും അവന്റെ ശരീരമായ സഭയ്ക്കു പകുത്തു കൊടുക്കുന്നതാണ്. അടിസ്ഥാനപരമായി യേശുവിന്റെ മനോഭാവവും പ്രേരണകളുമായ വരങ്ങൾ ആത്മാവിന്റെ

ഫലത്താൽ പ്രചോദിപ്പിക്കപ്പെടേണ്ടതുണ്ട്. പരിശുദ്ധാത്മാവ് വേദപുസ്തക കാലഘട്ടത്തിലെന്നപോലെ നമ്മുടെ കാലത്തും സജീവപ്രവർത്തനത്തിലാണ്.

9. പിതാവ്, ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ സകല ജഡത്തിന്റെയും ന്യായാധിപതി ആക്കിവച്ചിരിക്കുന്നു. അവൻ സകല മനുഷ്യരെയും ന്യായം വിധിപ്പാൻ ഭൂമിയിലേക്കു മടങ്ങിവരും. യേശുവിൽ ആശ്രയം വെച്ചവരും കുഞ്ഞാടിന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടവരും അവന്റെ വരവിങ്കൽ നിത്യമായ മഹത്വീകരിക്കപ്പെട്ട ശരീരം പ്രാപിക്കും. അവർ അവനോടുകൂടെ എന്നേക്കും വസിക്കും. എന്നാൽ ദൈവിക സത്യത്തോടു പ്രതികരിക്കാൻ വിസമ്മതിച്ചവർ ത്രിയേക ദൈവവുമായുള്ള കൂട്ടായ്മയുടെ സന്തോഷത്തിൽ നിന്നും നിത്യമായി പുറന്തള്ളപ്പെടും. അവർ പിശാചിനോടും അവന്റെ ദൂതന്മാരോടുമൊപ്പം ശിക്ഷ വിധിക്കപ്പെടും.

ഇത് തീർച്ചയായും പൂർണ്ണമായതോ കൂലങ്കഷമായതോ അല്ല, എങ്കിലും ഇത് എന്റെ ഹൃദയത്തിന്റെ ദൈവശാസ്ത്ര ഇഷ്ടങ്ങളെക്കുറിച്ചുള്ള ഒരറിവു നിങ്ങൾക്കു നൽകുമെന്നാണെന്റെ പ്രതീക്ഷ. ഈ പ്രസ്താവന ഞാനിഷ്ടപ്പെടുന്നു.

'സാരാംശത്തിൽ – ഐകൃത, ബാഹ്യമായതിൽ – സ്വാതന്ത്ര്യം, സർവ്വത്തിലും – സ്നേഹം."

**മലയാളം പരിഭാഷ: മാത്യു പാലത്തുങ്കൽ**